# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**2024 ജൂൺ 19, ബുധൻ**

## ഔദ്യോഗിക റിപ്പോർട്ട്

വാല്യം 194 –നമ്പർ 4

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2024 ജൂൺ 19, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

*** പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ 18-06-2024 പ്രാബല്യത്തിൽ നിയമസഭാംഗത്വം രാജിവച്ചു.**

## ഉള്ളടക്കം


**പേജ്**

**I ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്)

**II ചരമോപചാരം**

കുവൈറ്റ് അഗ്നിബാധയിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് അനുശോചനം ....

- മി. സ്പീക്കർ

**III അറിയിപ്പ്**

അംഗത്തിന്റെ രാജി ....

- മി. സ്പീക്കർ

**IV അടിയന്തരപ്രമേയം**

തലശ്ശേരിയിൽ സ്റ്റീൽ ബോംബ് പൊട്ടിയുണ്ടായ മരണം

- ശ്രീ. സണ്ണി ജോസഫ് ....

(അവതരണാനുമതി നിഷേധിച്ചു.)

**V ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്രവിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും സമയബന്ധിതമായി ലഭ്യമാക്കൽ

- ശ്രീ. പി. നന്ദകുമാർ ....

(2) ക്രിമിനൽ പശ്ചാത്തലമുള്ള ഉദ്യോഗസ്ഥരെ പോലീസ് സേനയിൽനിന്നും നീക്കംചെയ്യൽ

- ശ്രീ. അൻവർ സാദത്ത് ....

**Vi സബ്മിഷൻ**

(1) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ആനുകൂല്യങ്ങൾ

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ....

(2) ഇരിക്കൂറിൽ പുതിയ അഗ്നിരക്ഷാനിലയം
- ശ്രീ. സജീവ് ജോസഫ് ....

(3) തൃശ്ശൂർ-പാലക്കാട് ജില്ലകളിലെ ഭൂചലനം
- ശ്രീ. എ. സി. മൊയ്തീൻ ....

(4) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ്
- ശ്രീ. വാഴൂർ സോമൻ ....

(5) ഒരങ്കോകുന്ന്, മണ്ടോപ്പാറ നഗർ നിവാസികൾക്ക് പട്ടയം
- ശ്രീ. കെ. എം. സച്ചിൻദേവ് ....

(6) ജൽജീവൻ പദ്ധതിക്കായി പൊളിച്ച റോഡുകൾ
പൂർവസ്ഥിതിയിലാക്കൽ
- ശ്രീ. അൻവർ സാദത്ത് ....

(7) വനത്തിനുള്ളിലെ കളസസ്യങ്ങളുടെ നിർമ്മാർജ്ജനം
- ശ്രീ. ലിന്റോ ജോസഫ് ....

(8) ദേശീയപാത നിർമ്മാണത്തിലെ അപാകതകൾ
- പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ....

(9) ഓട്ടുപാറ ഗവ. ജില്ലാശുപത്രിയുടെ പ്രവർത്തനം
- ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ....

(10) പി.ആർ.എസ്. വായ്പാ പദ്ധതി
- ശ്രീ. എ. പ്രഭാകരൻ ....

VII ധനകാര്യം ....

2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നം. XV – പൊതുമരാമത്ത്
ധനാഭ്യർത്ഥന നം. XXX - ഭക്ഷ്യം
ധനാഭ്യർത്ഥന നം. XLII - വിനോദസഞ്ചാരം

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### 2024 ജൂൺ 19, ബുധൻ

--------------------------------------------------------

വാല്യം 194}                    ഔദ്യോഗിക റിപ്പോർട്ട്                    {നമ്പർ 4

--------------------------------------------------------

നിയമസഭ 2024 ജൂൺ മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ (*91)

**പുതിയ മദ്യ നയം സംബന്ധിച്ച് ടൂറിസം വകുപ്പ് നൽകിയ ശിപാർശകൾ**

1 (*91) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ടൂറിസം വകുപ്പ് നടത്തിയ കൂടിയാലോചനകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതിയ മദ്യനയം ചർച്ച ചെയ്യാൻ ടൂറിസം ഡയറക്ടറുടെ അധ്യക്ഷതയിൽ ഓൺലൈൻ യോഗം കൂടിയിരുന്നോ; എങ്കിൽ പ്രസ്തുത യോഗത്തിൽ ഏതൊക്കെ വിഷയങ്ങളാണ് ചർച്ച ചെയ്തതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ പുതിയ മദ്യനയം സംബന്ധിച്ച് ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിന് ശിപാർശകൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ&ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള തുടങ്ങിയ സംഘടനകൾ സർക്കാരിൽ വ്യത്യസ്ത നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ഇതോടൊപ്പം വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ ടൂറിസം വ്യവസായ വികസനത്തെ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി കുറിപ്പ് സമർപ്പിക്കണമെന്ന് ടൂറിസം വകുപ്പ് സെക്രട്ടറിക്ക് ചീഫ് സെക്രട്ടറി നിർദേശം നൽകിയിരുന്നു. ഈ സാഹചര്യത്തിൽ 21-05-2024-ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കേരള ട്രാവൽ മാർട്ട് സൊസൈറ്റി,

ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള, കേരള ടൂറിസം ഡെവലപ്മെന്റ് അസോസിയേഷൻ, സൗത്ത് കേരള ഹോട്ടൽ അസോസിയേഷൻ, കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ തുടങ്ങിയ സംഘടനകളുടെ  പ്രതിനിധികളെ ഉൾപ്പെടുത്തി ഓൺലൈൻ യോഗം ചേരുകയുണ്ടായി.  പ്രസ്തുത യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട MICE (Meetings, Incentives, Convention & Exhibitions), വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ, ഹൗസ് ബോട്ട് മേഖല, ക്രൂയിസ് ടൂറിസം എന്നിവ സംബന്ധിച്ച പരാതികളും നിർദേശങ്ങളും ചർച്ച ചെയ്യുകയുണ്ടായി.

(സി) ഇല്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട MICE (Meetings, Incentives, Conferences & Exhibitions), വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ, ഹൗസ് ബോട്ട്

മേഖല, ക്രൂയിസ് ടൂറിസം എന്നിവ സംബന്ധിച്ച പരാതികളും നിർദേശങ്ങളും മീറ്റിംഗിൽ ചർച്ച ചെയ്യുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. പക്ഷേ ടൂറിസം ഡയറക്ടർ വിളിച്ച ഓൺലൈൻ മീറ്റിംഗിന്റെ അജണ്ടയിൽ പറഞ്ഞിരിക്കുന്നത് "Excise Policy Renewal meeting for Tourism Department" എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച മീറ്റിംഗിന്റെ അജണ്ടയും സർക്കുലേറ്റ് ചെയ്ത അജണ്ടയും പൊരുത്തപ്പെടുന്നതല്ല. ഇതിന്റെ കോപ്പി എല്ലാവർക്കും ലഭ്യമായതാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എക്സൈസ് പോളിസിയുമായി ബന്ധപ്പെട്ടാണോ അവിടെ മീറ്റിംഗ് വിളിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടർ വിശദമായ പത്രക്കുറിപ്പിറക്കുകയും മന്ത്രിയെന്ന നിലയിൽ ഞാൻ കാര്യങ്ങൾ വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ഒരു നിർദേശവും നൽകിയിട്ടില്ലെന്ന് നേരത്തെയും സൂചിപ്പിച്ചിട്ടുള്ളതാണ്. ടൂറിസം ഡയറക്ടർ വിളിച്ചുചേർത്ത യോഗം എന്റെ

നിർദേശത്തിന്റെ ഭാഗമായുള്ളതല്ലെന്ന് ഡയറക്ടർതന്നെ സൂചിപ്പിച്ചിട്ടുമുണ്ട്. ടൂറിസം ഡയറക്ടറുടെ പത്രക്കുറിപ്പ് വായിക്കാം.

"മന്ത്രിയുടെ നിർദേശപ്രകാരമല്ല യോഗം വിളിച്ചുചേർത്തത്. ടൂറിസം ഡയറക്ടർക്ക് മദ്യനയവുമായി ബന്ധമില്ല. കേരള ടൂറിസം ഡയറക്ടർ, ഇൻഡസ്ട്രി കണക്ടിന്റെ ഭാഗമായി നടത്തിയ യോഗത്തെക്കുറിച്ച് തെറ്റിദ്ധാരണാജനകമായ വാർത്തകളാണ് പരക്കുന്നതെന്ന് ടൂറിസം വകുപ്പ് വ്യക്തമാക്കി. ടൂറിസം മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരള ട്രാവൽ മാർട്ട് സൊസൈറ്റിയടക്കമുള്ള സംഘടനകളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനാണ് മേയ് 21-ന് യോഗം വിളിച്ചത്. ഇത് ടൂറിസം വകുപ്പുമന്ത്രിയുടെ നിർദേശപ്രകാരമല്ലെന്നും ടൂറിസം ഡയറക്ടർ വ്യക്തമാക്കി. ടൂറിസം മേഖലയുടെ വികസനത്തിൽ റിസോർട്ടുകൾ, ഹോട്ടലുകൾ, ഹൗസ് ബോട്ടുകൾ, ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ എന്നിവർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതിനാൽ ടൂറിസം മേഖലയിലെ സ്റ്റേക്ക്ഹോൾഡേഴ്സിന്റെ പ്രതിനിധികളുടെ യോഗം കൃത്യമായ ഇടവേളകളിൽ ടൂറിസം ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ വിളിച്ചുചേർക്കാറുണ്ട്. കേരള ട്രാവൽ മാർട്ട്

സൊസൈറ്റി, ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ, ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ, സൗത്ത് കേരള ഹോട്ടൽ ഫെഡറേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, കേരള ടൂറിസം ഡെവലപ്മെന്റ് അസോസിയേഷൻ എന്നീ ഏഴ് സംഘടനകളാണ് യോഗത്തിൽ പങ്കെടുത്തത്. യോഗത്തിൽ പങ്കെടുത്തവരുടെ വിശദാംശങ്ങളിൽനിന്നുതന്നെ ഇത് ബാറുടമകളുടെ മാത്രമായതോ ഇപ്പോൾ പ്രചരിപ്പിക്കുംപ്രകാരം സർക്കാരിന്റെ മദ്യനയവുമായി ബന്ധപ്പെട്ടതോ ആയ പ്രത്യേക യോഗമല്ലെന്നത് വ്യക്തമാണ്. വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി കേരളത്തെ ഉയർത്തുന്നതിന് നേരിടുന്ന തടസ്സങ്ങൾ, MICE (Meetings, Incentives, Conferences & Exhibitions) ടൂറിസവും ടൂറിസം വ്യവസായവും നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയവയാണ് യോഗത്തിൽ പങ്കെടുത്ത ടൂറിസം മേഖലയിലെ വിവിധ സംഘടനകളുടെയും കൂട്ടായ്മകളുടെയും നേതൃത്വത്തിലുള്ളവർ ഉന്നയിച്ചത്. ഈ വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ശിപാർശകളോ അഭിപ്രായങ്ങളോ

തീരുമാനങ്ങളോ ടൂറിസം ഡയറക്ടറേറ്റിൽനിന്നും സർക്കാരിലേയ്ക്ക് നൽകിയിട്ടില്ല. ടൂറിസം മേഖലയിലെ വിഷയങ്ങൾ പഠിക്കാൻ ഡയറക്ടർതലത്തിൽ യോഗങ്ങൾ ചേരുന്ന പതിവുണ്ട്. അപ്രകാരമുള്ള ഒരു സ്റ്റേക്ക്ഹോൾഡർ മീറ്റിംഗ് മാത്രമാണ് 21-05-2024-ന് കൂടിയിട്ടുള്ളത്. യോഗത്തിന്റെ നോട്ടീസിൽ വിഷയം ചുരുക്കി പരാമർശിക്കേണ്ടതിനാൽ വിവിധ സംഘടനകൾ ഉന്നയിച്ച വിഷയങ്ങളിൽ ഒന്ന് ഉൾപ്പെടുത്തിയിരുന്നു. ഇതിനെ ദുർവ്യാഖ്യാനം ചെയ്ത് മറ്റ് വകുപ്പുകളിൽ ടൂറിസം വകുപ്പ് കൈകടത്തുന്നുവെന്ന തരത്തിൽ ഉന്നയിച്ച ആരോപണത്തിന് അടിസ്ഥാനമില്ല. മീറ്റിംഗിൽ ഉയർന്നുവന്ന വിഷയങ്ങൾ ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട സംഘടനകൾ ദീർഘകാലമായി ഉന്നയിച്ചുവരുന്നതാണ്. എന്നാൽ ഇക്കാര്യങ്ങളിന്മേൽ ഒരു നിലപാടും ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ചിട്ടില്ല. കൂടാതെ മദ്യനയവുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന മറ്റ് വാർത്തകളുമായോ ചില വ്യക്തികൾ നടത്തിയ പരാമർശങ്ങളുമായോ ടൂറിസം ഡയറക്ടറേറ്റിന് യാതൊരുവിധ

ബന്ധവുമില്ലെന്നും ടൂറിസം ഡയറക്ടർ അറിയിച്ചു". ഇതിൽനിന്നും കാര്യങ്ങൾ വ്യക്തമാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഇനിമുതൽ വിളിക്കുന്ന യോഗങ്ങളിൽ അജണ്ട 'മദ്യനയം' എന്ന് വയ്ക്കരുതെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം നിർദ്ദേശം കൊടുക്കണം. അദ്ദേഹത്തിന്റെ മറുപടിയിൽനിന്ന് അതാണ് തോന്നുന്നത്. മദ്യനയവുമായി ബന്ധപ്പെട്ട് എവിഡൻസ് ആക്ടിന്റെ 65(ബി)-യും അഴിമതി നിരോധന നിയമത്തിന്റെ സെക്ഷൻ 8, 9, 12 എന്നിവയുമനുസരിച്ച് കേസെടുത്ത് അന്വേഷിക്കേണ്ട ഉപോദ്ബലകമായ ആരോപണങ്ങളാണ് ഉയർന്നുവന്നിരിക്കുന്നത്. ഇപ്പോഴത്തെ ക്രൈംബ്രാഞ്ച് അന്വേഷണം ഈ വിഷയങ്ങളിലേയ്ക്കൊന്നും കടക്കാൻ സാധിക്കില്ലെന്ന് വ്യക്തമായിരിക്കുന്നു. .....

<u>മി. സ്പീക്കർ</u>: പ്ലീസ്....പ്ലീസ്.... അതൊക്കെ ഇന്നത്തെ ഡിമാന്റിൽ ചർച്ച ചെയ്യണം. ചോദ്യോത്തരവേളയിൽ ചോദിച്ചാൽ എങ്ങനെയാണ് ശരിയാകുന്നത്?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഇതുസംബന്ധിച്ച് കൃത്യമായൊരു വിജിലൻസ് അന്വേഷണം നടത്താൻ ടൂറിസം വകുപ്പ് ആവശ്യപ്പെടുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിലും വിവിധ വകുപ്പുകളിൽ മന്ത്രിമാർ ചുമതല ഏറ്റെടുത്തതിലും പ്രതിപക്ഷത്തെ എല്ലാവരും തൃപ്തരാകണമെന്നില്ല. അതുകൊണ്ട് പല ആഗ്രഹങ്ങളും അതുമായി ബന്ധപ്പെട്ടുണ്ടാകും. മന്ത്രിമാർ ഇതിന്റെ ഭാഗമായി രാജിവച്ച് പോകണമെന്നോ അല്ലെങ്കിൽ മന്ത്രിമാരാകെ മോശമാണെന്നോ  പറയാനുള്ള അവകാശം തീർച്ചയായും നിങ്ങൾക്കുണ്ട്, അത് നിങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കും. ഇവിടെ വിഷയം വളരെ വ്യക്തമാണ്. ടൂറിസം വകുപ്പ് ഇതിനൊരു നിലപാട് പറഞ്ഞിട്ടില്ല, ഞാൻ അറിഞ്ഞിട്ടല്ല ഡയറക്ടർ യോഗം വിളിച്ചുചേർത്തത്.  ചിലർ ഇതുമായി ബന്ധപ്പെട്ട്  ചില പരാമർശങ്ങൾ നടത്തിയിട്ടുണ്ട്.  മന്ത്രി എന്തിനാണ് ഇങ്ങനെയിരിക്കുന്നതെന്ന് സഭയിൽത്തന്നെ ചിലർ ചോദിച്ചിട്ടുണ്ട്. ടൂറിസം ഡയറക്ടർ ഒരുമാസം നാല്പതിലധികം യോഗങ്ങൾ വിളിക്കാറുണ്ട്. എൽ.ഡി.എഫ്. ഭരിച്ചപ്പോഴും യു.ഡി.എഫ്. ഭരിച്ചപ്പോഴും അങ്ങനെ

ചെയ്തിട്ടുണ്ട്. യോഗങ്ങളൊക്കെ മന്ത്രി നിർദേശിച്ചിട്ടല്ല വിളിച്ചുചേർക്കുന്നത്, അതിലൊക്കെ മന്ത്രി പങ്കെടുക്കണമെന്നുമില്ല. ആ യോഗങ്ങളിലെ തീരുമാനം വേണമെങ്കിൽ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യാം, അല്ലെങ്കിൽ പലതും കൂട്ടിച്ചേർക്കാം. ഇത് സ്വാഭാവികമാണ്. മുൻ ടൂറിസം വകുപ്പുമന്ത്രി ഈ സഭയിലുണ്ട്. അന്ന് നടന്ന പ്രധാനപ്പെട്ട യോഗങ്ങളുടെ മിനിട്ട്സ് എന്റെ കൈവശമുണ്ട്. അത് പരിശോധിച്ചാൽ കാര്യങ്ങൾ വ്യക്തമാകും. ആ യോഗങ്ങളിൽ അന്നത്തെ ടൂറിസം വകുപ്പുമന്ത്രി പങ്കെടുത്തിട്ടില്ല. ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട അഭിപ്രായങ്ങളും നിർദേശങ്ങളും ആഗ്രഹങ്ങളുമൊന്നും പുതുതായി വന്നതല്ല. ഈ എൽ.ഡി.എഫ്. സർക്കാർ വന്നപ്പോഴോ അല്ലെങ്കിൽ നേരത്തെ എൽ.ഡി.എഫ്. സർക്കാർ ഭരിച്ചപ്പോഴോ വന്നതല്ല. യു.ഡി.എഫ്. 2001-ൽ ഭരിച്ചപ്പോഴും അതിനുമുമ്പുമായി പലഘട്ടങ്ങളിൽ വന്നതാണ്. അന്നും ഇതുപോലെ യോഗങ്ങൾ ചേർന്നിട്ടുണ്ട്. അതിന്റെയെല്ലാം രേഖ എന്റെ കൈവശമുണ്ട്, ആവശ്യമെങ്കിൽ അതും സഭയ്ക്കുമുമ്പാകെ അവതരിപ്പിക്കാം. പലർക്കും പല താൽപ്പര്യങ്ങളുണ്ട്, പല narratives സൃഷ്ടിക്കാനുള്ള

ശ്രമങ്ങളുണ്ടാകും. അത് ചെയ്യുന്നവരെ ഞാൻ തെറ്റ് പറയുന്നില്ല. പക്ഷേ ഒരാൾ വിചാരിച്ചാലേ ആ ഫ്രെയിമിൽപ്പെടൂ. തൽക്കാലം ആ ഫ്രെയിമിൽപ്പെടുന്ന തരത്തിലുള്ള ഒരു കർമ്മവും ചെയ്യുകയില്ലെന്ന് എനിക്ക് നല്ല ധാരണയുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളെ തെറ്റിദ്ധരിച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയോ മന്ത്രിയോ രാജിവയ്ക്കണമെന്ന് പറഞ്ഞത് ഞങ്ങളല്ല, സി.പി.ഐ.-യുടെ എറണാകുളം ജില്ലാ കമ്മിറ്റിയാണ്.

മി. സ്പീക്കർ: ചോദ്യത്തിലേക്ക് വരൂ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, മദ്യനയവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പാണോ കാര്യങ്ങൾ ചർച്ച ചെയ്യേണ്ടത്? ടൂറിസം ഡയറക്ടർ മീറ്റിംഗ് വിളിച്ചത് ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിൽ ഇടപെടുന്നുവെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. മദ്യനയംപോലെ സുപ്രധാനമായ മീറ്റിംഗുകൾ വിളിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റോ മന്ത്രിയോ അറിയണ്ടേ; മന്ത്രി ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ

മനസ്സിലാക്കിയിട്ടുണ്ടോ; ആരൊക്കെയാണ് ഈ മീറ്റിംഗിൽ പങ്കെടുത്തതെന്ന് പറയാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഏതെങ്കിലും പത്രങ്ങളിൽ എന്തെങ്കിലും വാർത്ത വന്നാൽ അത് സഭയിൽ ചർച്ച ചെയ്യുന്നത് ശരിയാണോ? സി.പി.ഐ.-യുടെ ജില്ലാ കമ്മിറ്റി യോഗത്തിൽ ഇങ്ങനെയൊരു വാർത്ത വന്നുവെന്നാണ് ഇവിടെ പറഞ്ഞത്. ഒന്നാമത്, ആ രാഷ്ട്രീയ പാർട്ടിയുടെ കമ്മിറ്റിയിൽ ബന്ധപ്പെട്ട വാർത്ത നല്കിയെന്ന് പറയുന്ന മാധ്യമ പ്രവർത്തകരില്ല. ഇവിടെ വിഷയം ഉന്നയിച്ച സഭാംഗവും ആ പാർട്ടിയുടെ ജില്ലാ കമ്മിറ്റിയിലില്ല. പല ദിനപത്രങ്ങളുള്ളതുകൊണ്ട് എന്ത് വാർത്തയും കൊടുക്കാം. അതിൽ മാനസിക സുഖം കിട്ടുന്നത് ഏതായാലും നല്ല കാര്യമാണ്. രണ്ടാമത്, ബഹുമാനപ്പെട്ട അംഗത്തിന് പ്രതിപക്ഷ ബഞ്ചിലിരിക്കുന്ന മുൻ മന്ത്രിമാരോട് എന്തെങ്കിലും വിരോധമുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. പഴയ കാര്യങ്ങൾ തൽക്കാലം ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ പ്രത്യേകം പറഞ്ഞു. പക്ഷേ അത് പറയിപ്പിച്ചേ അടങ്ങുവെന്ന് പറഞ്ഞാൽ അതിൽ പ്രയാസമുണ്ട്. ടൂറിസം മേഖലയിൽ

മദ്യനയം സൃഷ്ടിച്ച തിരിച്ചടികൾ എന്ന 17-03-2015-ലെ നക്ഷത്ര ചിഹ്നമിട്ട 152-ാംനമ്പർ ചോദ്യം ശ്രീ. പുരുഷൻ കടലുണ്ടി, ശ്രീ. കെ. കെ. നാരായണൻ തുടങ്ങിയ അംഗങ്ങളാണ് ചോദിച്ചിരിക്കുന്നത്. അതിന് മറുപടി നൽകിയിരിക്കുന്നത് അന്നത്തെ എക്സൈസ് വകുപ്പുമന്ത്രിയായ ശ്രീ. കെ. ബാബുവാണ്. ആ ചോദ്യം ഇപ്രകാരമാണ്;

" (എ) ടൂറിസം തൊഴിൽ മേഖലയിൽ മദ്യനയം സൃഷ്ടിച്ച തിരിച്ചടികൾ പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി) ടൂറിസം, തൊഴിൽ വകുപ്പ് സെക്രട്ടറിമാർ നല്കിയ റിപ്പോർട്ടിലെ എന്തെല്ലാം ശിപാർശകൾ മന്ത്രിസഭായോഗം പരിഗണിച്ചുവെന്ന് വിശദമാക്കാമോ; വകുപ്പ് സെക്രട്ടറിമാർ ശിപാർശകൾ തയ്യാറാക്കിയത് എന്തെല്ലാം പരിഗണനകളുടെ അടിസ്ഥാനത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ? " അതിനുള്ള ഉത്തരം, "മദ്യനയത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും നടപ്പിലാക്കുമ്പോൾ പ്രവർത്തിച്ചുവരുന്ന 5 സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യപ്പെടുമെന്നതിനാലും

സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിലും വിനോദസഞ്ചാര മേഖലയിലും ഹോട്ടൽ വ്യവസായത്തിലുമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ടൂറിസം, തൊഴിൽ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭയുടെ തീരുമാനമനുസരിച്ച്.......” ഞാൻ അത് മുഴുവൻ വായിക്കുന്നില്ല. അതേ സമ്മേളനത്തിൽ രണ്ട് ദിവസം കഴിഞ്ഞ് ടൂറിസം വകുപ്പിന് നക്ഷത്ര ചിഹ്നമിടാത്ത 2666-ാം നമ്പർ ചോദ്യം വന്നു. അതിൽ, ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയം ടൂറിസം മേഖലയെ ഏതൊക്കെ നിലയിൽ ബാധിച്ചിരുന്നുവെന്ന് വിനോദസഞ്ചാര വകുപ്പ് വിലയിരുത്തിയിരുന്നോ എന്നായിരുന്നു ചോദിച്ചത്. വിനോദ സഞ്ചാര വകുപ്പ് പ്രത്യേകമായി വിലയിരുത്തിയിട്ടില്ലെന്നാണ് അതിന് മറുപടിയായി പറഞ്ഞിരിക്കുന്നത്. പതിനാലാം സമ്മേളനത്തിൽ നക്ഷത്ര ചിഹ്നമിട്ട 225-ാം നമ്പർ ചോദ്യത്തിനും ഇതേ മറുപടിയാണ് നൽകിയിരിക്കുന്നത്. ടൂറിസം വകുപ്പ് സെക്രട്ടറി റിപ്പോർട്ട് നൽകിയെന്ന് എക്സൈസ് വകുപ്പുമന്ത്രി പറയുന്നു, ഞങ്ങൾ പരിശോധിച്ചിട്ടില്ലെന്ന് വിനോദസഞ്ചാര വകുപ്പുമന്ത്രി

പറയുന്നു. അന്ന് മന്ത്രി അറിയാതെ കാര്യങ്ങൾ നടന്നതാണോ അതോ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചതാണോ എന്നൊന്നും ഞാനിപ്പോൾ പറയുന്നില്ല. കാരണം, മാസത്തിൽ 40 യോഗങ്ങൾ ചേരാറുണ്ട്; അത് ടൂറിസം വകുപ്പുമന്ത്രി അറിഞ്ഞിട്ടല്ല. ടൂറിസം വകുപ്പുമന്ത്രി അറിഞ്ഞിട്ടാണോ ഒരു ഡെസ്റ്റിനേഷന്റെ ബാത്ത് റൂമിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്? ഈ ഗവൺമെന്റിലെ രണ്ട് മന്ത്രിമാരും ഒരേ അഭിപ്രായമാണ് പറഞ്ഞത്. എന്നാൽ അന്നത്തെ ഗവൺമെന്റിലെ രണ്ട് മന്ത്രിമാരും രണ്ട് അഭിപ്രായമാണ് ഇതുമായി ബന്ധപ്പെട്ട് പറഞ്ഞത്. ഡയറക്ടർ യോഗം വിളിച്ചുചേർത്തത് മന്ത്രി അറിഞ്ഞിട്ടില്ലെങ്കിൽ മന്ത്രി ഈ പണിക്ക് പറ്റുമോയെന്നാണ് ഇവിടെ ചിലർ ചോദിച്ചത്. അത് ഇൻസ്റ്റാഗ്രാമിൽ ബി.ജി.എം. ഒക്കെയിട്ട് കൊടുക്കാൻ നല്ലതാണ്. ആ ചോദ്യം തൊട്ടുപുറകിലുള്ള ആളോടുള്ള ചോദ്യമായിരുന്നുവെന്നുള്ളത് ഞാൻ അന്നും സഭയെ അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി എന്തുപറഞ്ഞാലും ടൂറിസം ഡയറക്ടർ വിളിച്ച മീറ്റിംഗിന്റെ അജണ്ടയിൽ Topic: 'Excise Policy

Renewal meeting for Tourism Department' എന്നാണ് പറഞ്ഞിട്ടുള്ളത്. ടൂറിസം ഡയറക്ടർ നാല്പതോ നാന്നൂറോ മീറ്റിംഗ് വിളിക്കട്ടെ. പക്ഷേ, മറ്റൊരു ഡിപ്പാർട്ടുമെന്റ് ഫോർമുലേറ്റ് ചെയ്യേണ്ട പോളിസിയെ സംബന്ധിച്ച് എങ്ങനെയാണ് ടൂറിസം ഡയറക്ടർ മീറ്റിംഗ് വിളിക്കുന്നത്; Excise Policy Renewal എന്ന അജണ്ട പറഞ്ഞുകൊണ്ട് മീറ്റിംഗ് വിളിക്കാൻ ടൂറിസം ഡയറക്ടർക്ക് അധികാരമുണ്ടോ? അങ്ങനെയാണെങ്കിൽ ഇല്ലാത്ത അധികാരം ഉപയോഗിച്ച ആ ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കാൻ അങ്ങ് മുന്നോട്ടുവരുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, നേരത്തെ യു.ഡി.എഫ്. ഭരിച്ചപ്പോഴുള്ള മിനിട്ട്സ് പരിശോധിക്കണം. അത് എന്റെ കയ്യിലുണ്ട്. ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട പല യോഗങ്ങളും വിളിച്ചുചേർക്കാറുണ്ട്. ഇത് ഇങ്ങനെ ഇംപ്ലിമെന്റ് ചെയ്യാൻ വിളിച്ച യോഗമാണെങ്കിൽ ആരെങ്കിലും ഓൺലൈനിൽ യോഗം വിളിക്കുമോ; ആരെങ്കിലും ഇവന്റ് മാനേജ്മെന്റ് അസോസിയേഷനെയും ഇതുമായി ഒരു ബന്ധവുമില്ലാത്ത കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷനെയും

വിളിക്കുമോ? ഇത് വളരെ വ്യക്തമായി അറിയാവുന്ന കാര്യമാണ്. ചോദിച്ചതുതന്നെ വീണ്ടും ചോദിക്കുകയും മറുപടി പറയുകയും ചെയ്യുന്ന രീതി ശരിയല്ല. ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. ഭരിക്കുന്ന കാലത്തും ഇതുപോലെയുള്ള വിഷയങ്ങളുണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ഇതുവരെയും ഒരു നിർദേശവും നിലപാടും പറഞ്ഞിട്ടില്ലെന്നത് ഒരിക്കൽക്കൂടി സഭയെ അറിയിക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഒന്നാം തീയതി ഡ്രൈ ഡേ ആചരിക്കുമ്പോൾ ദേശീയ-അന്തർദേശീയ കോൺഫറൻസുകളിൽനിന്ന് സംസ്ഥാനം ഒഴിവാക്കപ്പെടുന്നുവെന്നും ഇക്കാരണത്താൽ ഡ്രൈ ഡേ ഒഴിവാക്കണമെന്നും അഭിപ്രായമുണ്ടോ? വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മദ്യത്തിന്റെ ലഭ്യത ഉറപ്പാക്കുന്ന തരത്തിൽ ഉദാരനയം സ്വീകരിച്ച് മദ്യനയത്തിൽ മാറ്റം വരുത്തുന്നതിലൂടെ വിനോദ സഞ്ചാരികളുടെ എണ്ണം വർധിക്കുമെന്ന് കരുതുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഇപ്പോഴാണ് ഒരു യോഗം

വിളിച്ചുചേർത്തത്. അക്കാര്യവും അദ്ദേഹം സഭയെ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥരെ വിളിക്കുമ്പോൾ എന്തൊക്കെയാണ് പറയേണ്ടതെന്ന് ഞങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കും. അതിൽ ബഹുമാനപ്പെട്ട അംഗം പ്രയാസപ്പെടേണ്ട, സമയമാകുമ്പോൾ അത് പറഞ്ഞിരിക്കും.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, കേരളത്തിൽ മദ്യനയവുമായി ബന്ധപ്പെട്ട് അനാവശ്യമായ ചില വിവാദങ്ങളും ചർച്ചകളുമാണ് രൂപപ്പെട്ടിട്ടുള്ളത്. ഈ പ്രശ്നത്തിൽ ടൂറിസം വകുപ്പിന്റെ നിലപാട് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി ജനങ്ങൾക്കാകെ വ്യക്തത വരുംവിധം ഇവിടെ വിശദീകരിച്ചിട്ടുണ്ട്. ജനങ്ങൾക്കാകെ വ്യക്തത വന്നാലും ചിലർക്ക് വ്യക്തത വരണമെന്നില്ല. കേരളത്തിന്റെ മദ്യനയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ചർച്ച ആരംഭിച്ചിട്ടുണ്ട്. തൊഴിലാളി സംഘടനകളുടെ യോഗത്തിൽ പങ്കെടുക്കാൻ കേരളത്തിലെ ഒരു ട്രേഡ് യൂണിയൻ പ്രതിനിധിയെന്ന നിലയിൽ എനിക്കും അവസരം ലഭിച്ചിരുന്നു. ഇപ്പോഴും ഗവൺമെന്റ് ഇവിടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന മദ്യനയമെന്താണെന്ന്

പറഞ്ഞിട്ടില്ല. തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ കേൾക്കാനാണ് അദ്ദേഹം വിളിച്ചത്. അങ്ങനെ എല്ലാ വിഭാഗങ്ങളുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ടൂറിസം മേഖലയിൽ കള്ള് ഷാപ്പുകൾ തുറക്കുന്നതിനുള്ള അവസരമുണ്ട്. ഇക്കാര്യത്തിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് ഏതെങ്കിലും തരത്തിലുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രമിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതിനെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ഇടപെടലുകൾ നടത്താം. സംസ്ഥാനത്തെത്തുന്ന വിദേശ സഞ്ചാരികളുടെയും ആഭ്യന്തര സഞ്ചാരികളുടെയും എണ്ണം ഇനിയും വർധിക്കേണ്ടതുണ്ട്. ടൂറിസം രംഗത്തെ മുന്നേറ്റം സംസ്ഥാനത്തിന്റെ വരുമാനത്തിലും മറ്റും വലിയ കുതിപ്പിന് കാരണമാകുമെന്നതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് എല്ലാ മേഖലകളിലും ചർച്ചകൾ നടത്താൻ തയ്യാറാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിന്റെ വലിയൊരു വരുമാന സ്രോതസ്സായി ടൂറിസം മേഖല വളർന്നുകൊണ്ടിരിക്കുകയാണ്. ലോകമാകെ

അംഗീകരിക്കപ്പെടുന്ന ടൂറിസം ഡെസ്റ്റിനേഷനുകൾക്ക് രൂപം നൽകാനും ലോകത്ത് പരിചയപ്പെടുത്താനും ഇപ്പോൾ നല്ല രീതിയിലുള്ള പരിശ്രമമാണ് നടത്തിവരുന്നത്. ആഭ്യന്തര/വിദേശ സഞ്ചാരികൾ പ്രധാനമായും ടെന്റുകളിൽ താമസിക്കാനാണ് താല്പര്യപ്പെടുന്നത്. അതിനാൽ കാരവൻ ടൂറിസമുൾപ്പെടെ വളർത്തിയെടുക്കേണ്ടതുണ്ട്. മൊബൈൽ യൂണിറ്റുകൾപോലെ ബിയറിൽ കുറച്ചുകൂടി ലഹരി ചേർത്തുകൊണ്ടുള്ള മിനി ബ്രൂവറീസ് ആരംഭിക്കാനും കെ.ടി.ഡി.സി. ഹോട്ടലുകളിലും അത് ഉപയോഗപ്പെടുത്താവുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, മദ്യനയവുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാനുള്ള പരിപൂർണ്ണമായ ഉത്തരവാദിത്വം എക്സൈസ് വകുപ്പിനാണ്. എക്സൈസ് വകുപ്പ് ഇക്കാര്യങ്ങൾ എല്ലാ മേഖലകളിലുള്ളവരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ടൂറിസം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ എക്സൈസ്

വകുപ്പ് വിളിക്കുമ്പോൾ പോസിറ്റീവായ രീതിയിൽ മുന്നോട്ട് പോകാവുന്നതാണ്.

**വിദ്യാലയങ്ങളുടെ പശ്ചാത്തല വികസനം**

2 (*92) ശ്രീ. എം. മുകേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം വിദ്യാലയങ്ങളുടെ പശ്ചാത്തല വികസന രംഗത്തുണ്ടായ പുരോഗതി വിശദമാക്കുമോ;

(ബി) നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശം അറിയിക്കുമോ;

(സി) നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 2021-22 സാമ്പത്തിക വർഷം 202 സ്കൂളുകൾക്കും 2022-23-ൽ 211 സ്കൂളുകൾക്കും 2023-24-ൽ 222 സ്കൂളുകൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

സംസ്ഥാനത്തെ 68 ഹയർ സെക്കൻഡറി സ്കൂളുകളിൽ ലാബ് നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി 'ബാരിയർ ഫ്രീ' എന്ന പദ്ധതി ആരംഭിക്കുകയും 2022-23-ൽ 161-ഉം 2023-24-ൽ 117-ഉം സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

സർക്കാർ സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ നിലനിർത്തുന്നതിനും മെയിന്റനൻസ് പ്രവൃത്തികൾ നടത്തി സംരക്ഷിക്കുന്നതിനുമായി 'അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ആകസ്മിക

സഹായം' എന്ന പദ്ധതി ആരംഭിക്കുകയും 2022-23-ൽ 163-ഉം 2023-24-ൽ 110-ഉം സ്കൂളുകൾക്ക് ചുറ്റുമതിൽ, സംരക്ഷണ ഭിത്തി, ടോയ്‌ലറ്റ് സൗകര്യങ്ങൾ, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം ആരംഭിച്ച 'അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിരതയ്ക്കുവേണ്ടിയുള്ള അടിയന്തര സഹായം' എന്ന പദ്ധതി പ്രകാരം 64 സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾ, ഇലക്ട്രിഫിക്കേഷൻ, ഫർണിച്ചർ എന്നീ സൗകര്യങ്ങളൊരുക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളിലെ ഐ.ടി. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിനായി 16500 ലാപ്ടോപ്, 2174 ഹൈസ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബുകളിൽ 9000 റോബോട്ടിക് കിറ്റ് എന്നിവ നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 188 സ്കൂളുകളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നൽകിയിരുന്ന 5 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട 74 സ്കൂളുകളുടെയും 3 കോടി പദ്ധതിയിലെ 118 സ്കൂൾ കെട്ടിടങ്ങളുടെയും 1 കോടി പദ്ധതിയിലെ 176 സ്കൂൾ കെട്ടിടങ്ങളുടെയും നിർമ്മാണം ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ 226 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഹയർ സെക്കൻഡറി സ്കൂളുകളിലെ ലാബ് നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നൽകിയ 5 കോടി രൂപ കിഫ്ബി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിലുൾപ്പെട്ട 3 സ്കൂളുകളുടെയും 3 കോടി പദ്ധതിയിലെ 98 സ്കൂൾ കെട്ടിടങ്ങളുടെയും 1 കോടി പദ്ധതിയിലുൾപ്പെട്ട 119 സ്കൂൾ കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ശ്രീ. എം. മുകേഷ്: സർ, അക്കാദമിക് മികവ് വർധിപ്പിക്കുന്നതിനാണ് ഊന്നൽ നൽകേണ്ടതെന്ന് ബഹുമാനപ്പെട്ട മന്ത്രി ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഒരു കുട്ടിയുടെ അക്കാദമിക് തലം ശക്തമാക്കുന്നതിന്റെ ആണിക്കല്ല് പ്രീ-പ്രൈമറി മുതൽ ആരംഭിക്കുന്ന വിദ്യാഭ്യാസ പരിശീലനമാണ്. പ്രീ-പ്രൈമറി വിദ്യാഭ്യാസം മികവുറ്റതാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; ഈ രംഗത്ത് സ്ഥാപനങ്ങളുടെ ലൈസൻസിംഗും ഗുണനിലവാര പരിശോധനയും എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. വി. ശിവൻകുട്ടി: സർ, ആറ് വയസ്സുവരെയുള്ള കാലയളവിലാണ് ഓരോ കുട്ടിയുടെയും ബ്രെയിൻ 85% വളർച്ചയിലെത്തുന്നത്. അതിനാൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശൈശവകാല പരിചരണവും വിദ്യാഭ്യാസവും ഓരോ കുട്ടിക്കും നിർബന്ധമായും ലഭിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ആദ്യമായാണ് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി സംസ്ഥാനത്ത് ഒരു പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കുന്നത്. ഈ ചട്ടക്കൂടനുസരിച്ചുള്ള പുതിയ പാഠപുസ്തകങ്ങൾ അടുത്ത അധ്യയന വർഷത്തോടെ കുട്ടികൾക്ക് ലഭിക്കും. സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി 'വർണ്ണക്കൂടാരങ്ങൾ' എന്ന പേരിൽ നടപ്പിലാക്കുന്ന പദ്ധതി സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. ഇതുവരെ 1108 വർണ്ണക്കൂടാരങ്ങൾ സജ്ജമാക്കിക്കഴിഞ്ഞു. ഓരോ വർണ്ണക്കൂടാരത്തിനും 10 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. കൂടാതെ, ഓരോ ജില്ലയിലും മൂന്ന് വീതം മോഡൽ പ്രീ-പ്രൈമറി വിദ്യാലയങ്ങൾ സജ്ജമാക്കുന്ന പദ്ധതിയും പുരോഗമിച്ചുവരികയാണ്. ഇതുവരെ 42 എണ്ണം പൂർത്തിയായി. വർണ്ണക്കൂടാരം പദ്ധതിയിലുൾപ്പെടുത്തി 500 എണ്ണംകൂടി ഈ വർഷം

പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രീ-പ്രൈമറി അധ്യാപകർക്കായി 3 ദിവസത്തെ പരിശീലന പരിപാടി ഓരോ വർഷവും സംഘടിപ്പിക്കുന്നുണ്ട്. ഈ മേഖലയുടെ പ്രാധാന്യം ഉൾക്കൊണ്ടാണ് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പ്രീ-പ്രൈമറി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള മാർഗ്ഗരേഖ സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. എം. മുകേഷ്: സർ, ഹയർ സെക്കൻഡറി തലത്തിൽ രണ്ട് ദശാബ്ദങ്ങൾക്കുശേഷം പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കുകയാണെന്നും ഈ മാസം മുതൽ അതിനുള്ള പ്രവർത്തനം നടത്തുമെന്നും അങ്ങ് വ്യക്തമാക്കുകയുണ്ടായി. അടുത്ത അധ്യയന വർഷംതന്നെ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സംസ്ഥാനത്ത് പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിന്റെ ആദ്യഘട്ടമായി 1, 3, 5, 7,

9 ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകങ്ങൾ 2024 മേയ് മാസംതന്നെ അച്ചടി പൂർത്തിയാക്കി വിദ്യാർത്ഥികളുടെ കൈയിലെത്തിച്ചിരിക്കുകയാണ്. 2, 4, 6, 8, 10 ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകങ്ങൾ 2025 ജൂൺ മാസം കുട്ടികളുടെ കൈകളിലെത്തുമെന്ന കാര്യം സഭയെ അറിയിക്കുകയാണ്. പ്രീ-പ്രൈമറി, ഹയർ സെക്കൻഡറി മേഖലയിലെ പാഠപുസ്തകങ്ങൾ ഈ വർഷംതന്നെ പരിഷ്കരിക്കുന്നതാണ്. എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിൽ എൻ.സി.ഇ.ആർ.ടി.-യും എസ്.സി.ഇ.ആർ.ടി. കേരളയും തയ്യാറാക്കിയ പാഠപുസ്തകങ്ങളാണ് ഹയർ സെക്കൻഡറിയിൽ പഠനത്തിനായി ഉപയോഗിക്കുന്നത്. 2005-ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് അനുസരിച്ച് തയ്യാറാക്കിയ 44 പാഠപുസ്തകങ്ങളാണ് നമ്മൾ ഉപയോഗിക്കുന്നത്. പരിഷ്കരണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പാഠപുസ്തകങ്ങളുടെ പരിഷ്കരണ നടപടികൾ ആരംഭിക്കും. 2026-ഓടുകൂടി പരിഷ്കരിച്ച നടപടികൾ പൂർത്തീകരിക്കും. ജൂലൈ ആദ്യവാരംതന്നെ സംസ്ഥാനതല ശില്പശാല നടത്തും. അധ്യാപകരുടെയും

വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും അഭിപ്രായംകൂടി സ്വീകരിച്ചശേഷമാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, ഗുണമേന്മയുള്ള വിദ്യാഭ്യാസമെന്നതാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മുദ്രാവാക്യം. സമൂഹത്തിലെ പാർശ്വവത്കൃത വിഭാഗങ്ങളുടെ വിദ്യാഭ്യാസ മികവിന് ഈ അധ്യയന വർഷം നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിവരിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യമാണ് പൊതുവിദ്യാഭ്യാസ വകുപ്പിനുള്ളത്. അതിനുവേണ്ടിയുള്ള സജീവമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും ചേർത്തുനിർത്തി അവർക്കാവശ്യമായ പിന്തുണ നൽകി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ട്രൈബൽ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി വ്യത്യസ്തമായ നിരവധി പദ്ധതികൾ എസ്.എസ്.കെ.-യുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരികയാണ്.

ഇടമലക്കുടി, നിലമ്പൂർ, പാലക്കാട്, മലക്കപ്പാറ തുടങ്ങിയ മേഖലകളിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചുകൊണ്ട് 'പഠിപ്പുറസി' എന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേരള മഹിളാ സമഖ്യ സൊസൈറ്റിയുടെ നേതൃത്വത്തിൽ 'ഗോത്രയാനം' പദ്ധതിയും കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് കേരള കലാമണ്ഡലം കല്പിത സർവകലാശാലയുമായി സഹകരിച്ചുകൊണ്ട് കലാപരിശീലനവും ആരംഭിച്ചിട്ടുണ്ട്. ഈ വർഷം ഏപ്രിൽ മാസം 35 വിദ്യാർത്ഥികളുടെ പരിശീലനം പൂർത്തിയാക്കാൻ സാധിച്ചു. നിലമ്പൂർ അപ്ലൈഡ് ഡ്രാമയിലാണ് പരിശീലനം നൽകിയത്. അതിഥി തൊഴിലാളികളുടെ മക്കൾക്കായി സ്പെഷ്യൽ ട്രെയിനിംഗ് സെന്റർവഴി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരികയാണ്. വിദ്യാഭ്യാസ മേഖലയിൽ ട്രൈബൽ കുട്ടികൾക്കായി സർക്കാരിന്റെ വിവിധ വകുപ്പുകൾ ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയും ഈ വർഷംതന്നെ ആരംഭിക്കും. എല്ലാ കുട്ടികളും സ്കൂളിൽ ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി മേഖലയിൽ മികച്ച വിജയം നേടാൻ കുട്ടികളെ സഹായിക്കുക,

കൊഴിഞ്ഞുപോക്ക് പൂർണ്ണമായും അവസാനിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പട്ടികജാതി, ആരോഗ്യം, തദ്ദേശസ്വയംഭരണം, കായികം, സാംസ്കാരികം, വനം എന്നീ വകുപ്പുകൾ സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് തുല്യപരിഗണന നൽകേണ്ടതുണ്ട്. കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഒളിമ്പിക്സ് മാതൃകയിൽ എല്ലാ മത്സരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗെയിംസ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് കായിക വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി രൂപരേഖകൾ തയ്യാറാക്കിവരികയാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമാണ് കായിക വിദ്യാഭ്യാസം. വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ശാസ്ത്രീയമായ ആരോഗ്യശീലങ്ങൾ,

ജീവിതരീതി, ഭക്ഷണശീലങ്ങൾ എന്നിവയെക്കുറിച്ച് ശരിയായ ധാരണ കുട്ടികൾക്കിടയിൽ സൃഷ്ടിക്കുന്നതിന് കായിക വിദ്യാഭ്യാസത്തിന് നിർണ്ണായക പങ്കുവഹിക്കാൻ കഴിയും. കായിക വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമവും വിദ്യാർഥി കേന്ദ്രീകൃതവുമാക്കാനുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പുതുക്കിയ പാഠപുസ്തകങ്ങൾ ഇതിനോടകം വിദ്യാലയങ്ങളിൽ എത്തിച്ചിട്ടുണ്ട്. പ്രൈമറി തലത്തിൽ 'ഹെൽത്തി കിഡ്സ്' പദ്ധതി നടപ്പിലാക്കിവരികയാണ്. സ്പോർട്സ് വിദ്യാലയങ്ങൾക്ക് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കണമെന്ന ആവശ്യം നവകേരള സദസ്സിൽ ഉയർന്നുവന്നതിനെത്തുടർന്ന് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ അതിന്റെ സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തുകയും പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. തുടർന്ന് കായിക വകുപ്പുമായി ചേർന്ന് സ്പോർട്സ് വിദ്യാലയങ്ങൾക്കായി പ്രത്യേക പാഠ്യപദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ സ്കൂൾ വിദ്യാഭ്യാസത്തിനാകെ മാതൃകയാകുന്ന തരത്തിലാണ് സംസ്ഥാനത്ത് സ്കൂൾ കായികമേളകൾ സംഘടിപ്പിക്കുന്നത്. ഗെയിംസ്/അത്‌ലറ്റിക്സ്

ഇനങ്ങൾ വെവ്വേറെ സമയങ്ങളിൽ നടത്തുന്ന രീതി മാറ്റി സ്കൂൾ ഒളിമ്പിക്സ് നടത്തുന്നതിനുള്ള സാധ്യതകൾ തേടുന്നുണ്ട്. മുന്നൊരുക്കങ്ങൾ നടത്തി സ്കൂൾ ഒളിമ്പിക്സ് ഈ വർഷംതന്നെ നടത്താനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ചരിത്രത്തിലിടം പിടിക്കുന്ന മറ്റൊരു തീരുമാനത്തിനുകൂടി സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിരിക്കുകയാണ്. ഭിന്നശേഷി കുട്ടികൾക്കായുള്ള ഇൻക്ലൂസീവ് സ്പോർട്സ് മാന്വൽ പദ്ധതിയുടെ തുടർച്ചയായി അവർക്കുവേണ്ടി ഇൻക്ലൂസീവ് സ്പോർട്സ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സ്പെഷ്യൽ ഒളിമ്പിക്സ് മാതൃകയിൽ ആദ്യമായിട്ടായിരിക്കും ഒരു സംസ്ഥാനത്ത് ഭിന്നശേഷി കുട്ടികൾക്കായി ഇത്തരമൊരു പരിപാടി സംഘടിപ്പിക്കുന്നത്. ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ കുട്ടികൾക്ക് യോഗ പരിശീലനത്തിനായി പ്രത്യേകം പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. എല്ലാ വർഷവും കുട്ടികൾക്കായി സംസ്ഥാന യോഗ ഒളിമ്പ്യാഡും സംഘടിപ്പിച്ചുവരുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലനം ഡിസംബർ അവസാനത്തോടുകൂടി മുഴുവൻ അധ്യാപകർക്കും നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരിക്കുന്നതിനാൽ കേരളത്തിന്റെ മറ്റൊരു മാതൃകയാണ് അതിലൂടെ കാണാൻ സാധിക്കുന്നത്. എന്നാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഗുണപരമായ ഉപയോഗം മുൻനിർത്തി ഇക്കാര്യം വിദ്യാർത്ഥികളിലെത്തിക്കാൻ എന്തൊക്കെ കർമ്മപദ്ധതികളാണ് സർക്കാർ ആലോചിക്കുന്നത്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സാങ്കേതികവിദ്യ സൗഹൃദ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനുള്ള വിപുലമായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. 45000 ക്ലാസ് മുറികൾ സാങ്കേതികവിദ്യ സൗഹൃദമാക്കി. പല ഘട്ടങ്ങളിലായി അധ്യാപകർക്ക് പരിശീലനവും നൽകിക്കഴിഞ്ഞു. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ടെക്നോളജിയെ ക്ലാസ് മുറികളിൽ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താതെ മുന്നോട്ടുപോകാൻ കഴിയില്ല. ജീവിതത്തിന്റെ നാനാതുറകളിൽ നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്)

പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഈ സാധ്യതയെ വിദ്യാഭ്യാസ മേഖലയിൽ ഉപയോഗിക്കുകയെന്ന പ്രധാനപ്പെട്ട കാര്യമാണ് സംസ്ഥാന സർക്കാർ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസമേഖലയിൽ അവധിക്കാലത്ത് ആരംഭിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലന പരിപാടി ഇതിന്റെ തുടക്കമാണ്. ഈ വർഷം അവസാനത്തോടെ മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പരിശീലനത്തിൽനിന്നും ലഭിക്കുന്ന കാര്യങ്ങൾ അധ്യാപകർ ക്ലാസ് മുറികളിൽ ഉപയോഗപ്പെടുത്തിയാൽ ഓരോ പാഠഭാഗങ്ങളും ലളിതവും സമഗ്രവുമായി കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ കഴിയും. ഓരോ വിഷയത്തിലും എങ്ങനെ ഈ ടെക്നോളജിയെ ഉപയോഗപ്പെടുത്താമെന്ന കാര്യം കൂടുതൽ ആഴത്തിൽ മനസ്സിലാക്കി ഭാവി പരിപാടികൾ ആസൂത്രണം ചെയ്യും.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി അങ്ങ് കുറേയേറെ സ്കൂളുകൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. അതിൽ പലതും

പൂർത്തീകരിക്കാതെയും പണി ആരംഭിക്കാതെയുമിരിക്കുന്നത് പരിശോധിക്കണം. എസ്.എസ്.എൽ.സി. അടക്കമുള്ള പൊതുപരീക്ഷകളിൽ കുട്ടികൾ നിശ്ചിത മാർക്ക് കരസ്ഥമാക്കണമെന്ന തരത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതിലൂടെ കുട്ടികളുടെ പാഠ്യപ്രവർത്തനങ്ങളിൽ ഉന്നതിയുണ്ടാകുമെന്ന് കരുതുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞത് വളരെ ഗൗരവമുള്ളതും സഭയൊന്നാകെ ചർച്ച ചെയ്യേണ്ടതുമായ വിഷയമാണ്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് സംസാരിച്ചിരുന്നു. ഒന്ന് മുതൽ ഒമ്പതാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും പ്രൊമോഷൻ നൽകുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിന്റെ തീരുമാനപ്രകാരമാണ് അത്തരമൊരു രീതിയിലേയ്ക്ക് പോയത്. ഇപ്പോൾ കേന്ദ്ര സർക്കാർ ആ തീരുമാനം പിൻവലിച്ചെങ്കിലും വിദ്യാർത്ഥിപക്ഷത്തുനിന്നുകൊണ്ട് കേരള സർക്കാർ അത് പിൻവലിച്ചില്ല. എസ്.എസ്.എൽ.സി. പരീക്ഷയാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് നിലവിൽ ഒന്നര മണിക്കൂറും രണ്ടര മണിക്കൂറും ദൈർഘ്യമുള്ള രണ്ടുതരം പരീക്ഷകളാണ്

നടക്കുന്നത്. ഒന്നര മണിക്കൂർ ദൈർഘ്യമുള്ള 100 മാർക്കിന്റെ പരീക്ഷയിൽ 20 മാർക്ക് അധ്യാപകനുതന്നെ കൊടുക്കാൻ കഴിയുന്നതായതിനാൽ അതിനൊരു മാനദണ്ഡവുമില്ല. ഏത് അധ്യാപകനും ഏത് കുട്ടിക്കുവേണമെങ്കിലും 20 മാർക്ക് കൊടുക്കാം. അവശേഷിക്കുന്ന 80 മാർക്കിന് മാത്രമാണ് കുട്ടി ഉത്തരമെഴുതേണ്ടത്. അപ്പോൾ കുട്ടി 10 മാർക്കിനുള്ള ശരിയുത്തരം എഴുതുമ്പോൾ അധ്യാപകൻ കൊടുത്ത 20 മാർക്കും ചേർത്ത് 30 മാർക്കാകുകയും ആ കുട്ടി പാസ്സാകുകയും ചെയ്യും. 50 മാർക്കിന്റെ ചോദ്യത്തിലാണെങ്കിൽ 10 മാർക്ക് അധ്യാപകൻ സംഭാവന ചെയ്യുകയും ബാക്കി 5 മാർക്കിന് ഉത്തരമെഴുതിയാൽ ആ കുട്ടി വിജയിക്കുകയും ചെയ്യും. സഭ സംയുക്തമായി തീരുമാനിച്ച് ഈ രീതിയിലൊരു മാറ്റം വരുത്തുകയും സബ്ജക്റ്റിന് മിനിമം മാർക്ക് ഏർപ്പെടുത്തുകയും വേണം. സബ്ജക്റ്റിന് മിനിമം മാർക്ക് ഏർപ്പെടുത്തുമ്പോൾ അധ്യാപകരും പി.ടി.എ.-യും കുട്ടികളും രക്ഷകർത്താക്കളും സജീവമാകും. ഇപ്പോൾ ദേശീയാടിസ്ഥാനത്തിൽ പത്തോളം മത്സരപരീക്ഷകൾ നടക്കുകയാണ്. സെൻട്രൽ യൂണിവേഴ്സിറ്റികളിൽ എൻട്രൻസ്

പരീക്ഷകളിലൂടെയാണ് പ്രവേശനം നൽകുന്നത്. നമ്മുടെ കുട്ടികൾ ദേശീയാടിസ്ഥാനത്തിലുള്ള മത്സരപരീക്ഷകളിൽ മുന്തിയ സ്ഥാനത്തെത്തണമെങ്കിലോ സെൻട്രൽ യൂണിവേഴ്സിറ്റികളിലും മറ്റും പ്രവേശനം ഉറപ്പാക്കണമെങ്കിലോ സബ്ജക്ടിന് മിനിമം മാർക്ക് ആവശ്യമാണ്. വളരെയധികം പ്രയാസപ്പെട്ടാണ് ഓരോ എസ്.എസ്.എൽ.സി. പരീക്ഷയും നടത്തുന്നത്. റിസൾട്ട് വരുമ്പോൾ 99 ശതമാനത്തിൽ കൂടുതൽ വിജയമുണ്ടാകുന്നു. റിസൾട്ടിൽ 10% കുറവുണ്ടായാൽ അത് ഗവൺമെന്റിന്റെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും കുഴപ്പമാണെന്ന് പത്രക്കാർ എഴുതും. അതുകൊണ്ട് മിനിമം മാർക്ക് കുട്ടികൾക്ക് കിട്ടത്തക്ക രൂപത്തിലുള്ള സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഒരു വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചപ്പോൾ അതിൽ കരിക്കുലം കമ്മിറ്റി മെമ്പർമാരും വിദ്യാഭ്യാസ രംഗത്തെ പ്രമുഖരും അധ്യാപകരും അധ്യാപക-വിദ്യാർഥി സംഘടന നേതാക്കന്മാരും പങ്കെടുക്കുകയും തത്വത്തിൽ ഇതിനോട് യോജിക്കുന്ന സമീപനം സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഹയർ സെക്കൻഡറിയുടെ പാഠപുസ്തകം പരിഷ്കരിച്ചിട്ട്

പതിനഞ്ച് വർഷമായി. അത്രയും വർഷങ്ങൾക്ക് മുമ്പുള്ള കാര്യങ്ങളാണ് ഇപ്പോഴും കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇതിലൊക്കെ മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയും പ്രതിപക്ഷത്തിന്റെയും പിന്തുണയുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u> സർ, നമ്മുടെ വിദ്യാഭ്യാസ അന്തരീക്ഷത്തിന്റെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് ക്രിയാത്മകമായ പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കിവരുന്നത്. അതിൽ ഏറ്റവും പ്രധാനമാണ് ആയിരത്തിലും അഞ്ഞൂറിലും കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മൂന്ന് കോടിയുടെയും ഒരു കോടിയുടെയും കെട്ടിടനിർമ്മാണത്തിനുള്ള അനുമതി കിഫ്ബി പദ്ധതിയിലൂടെ നൽകിയത്. പക്ഷേ ചില സാങ്കേതിക പ്രശ്നങ്ങളിൽ കുടുങ്ങി മിക്ക സ്കൂളുകളിലെയും നിർമ്മാണ പ്രവൃത്തികൾ സ്തംഭനാവസ്ഥയിലാണ്. കിഫ്ബിയുടെ ഉന്നതോദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി ഒരു ഉന്നതതല

യോഗം വിളിച്ചുചേർത്ത് ഈ സ്തംഭനാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, വളരെ ഗൗരവമുള്ള ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഞാൻ ചുമതലയേറ്റശേഷം രണ്ടുപ്രാവശ്യം മണ്ഡലാടിസ്ഥാനത്തിൽ കെട്ടിടങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള യോഗം വിളിച്ചുചേർത്തിരുന്നു. അതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സഹായവുമുണ്ടായിരുന്നു. നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നത് ഏജൻസികളാണ്. ഏജൻസികൾ വർക്ക് ഏൽപ്പിച്ചിരിക്കുന്ന കരാറുകാർ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നില്ലെന്ന പ്രശ്നമുണ്ട്. 5 കോടി പദ്ധതിയിലുൾപ്പെട്ട 141 സ്കൂളുകളിൽ 138 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 3 കോടി പദ്ധതിയിലുൾപ്പെട്ട 386 സ്കൂളുകളിൽ 174 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്, ബാക്കിയുള്ളവയുടെ പ്രവൃത്തി പൂർത്തീകരിക്കാനിരിക്കുകയാണ്. ഒരു കോടി പദ്ധതിയിലുൾപ്പെട്ട 446 സ്കൂളുകളിൽ 176 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ

നിയമസഭാ സമ്മേളനം അവസാനിക്കുന്നതിന് മുമ്പുതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പരീക്ഷാ സമ്പ്രദായത്തിൽ വരുത്താൻ പോകുന്ന വിപ്ലവകരായ മാറ്റത്തിന് കേരളീയ സമൂഹം അങ്ങയോട് കടപ്പെട്ടിരിക്കും. പരീക്ഷാ സമ്പ്രദായത്തിൽ മാറ്റമുണ്ടായെങ്കിൽ മാത്രമേ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ. പ്ലസ് വൺ അഡ്മിഷൻ എന്ന് പൂർത്തീകരിക്കുമെന്നും ക്ലാസ് എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, മൂന്നാംഘട്ട അലോട്ട്മെന്റ് ഇന്നലെ രാത്രിയിൽ പ്രസിദ്ധീകരിച്ചു. മുഖ്യ അലോട്ട്മെന്റുപ്രകാരം പ്രവേശനം ജൂൺ മാസം 21-ാം തീയതി പൂർത്തിയാക്കാനും ജൂൺ 24-ന് ക്ലാസ്സുകൾ ആരംഭിക്കാനും കഴിയുന്ന തരത്തിൽ സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുകയാണ്.

**സാഹസിക വിനോദസഞ്ചാരം**

3 (*93) <u>ശ്രീ. ആന്റണി രാജു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക വിനോദസഞ്ചാര പരിപാടികൾ സംഘടിപ്പിക്കാൻ രജിസ്ട്രേഷൻ നിർബന്ധമാക്കിയ ആദ്യ സംസ്ഥാനം എന്ന നിലയിൽ ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) ഇത്തരം പരിപാടികളിൽ അപകടസാധ്യത ഒഴിവാക്കുന്നതിനും അപ്രതീക്ഷിത അപകടങ്ങൾ നേരിടുന്നതിനും എന്തെല്ലാം മുൻകരുതൽ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും യോജിച്ചുള്ള പ്രവർത്തനത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര മേഖലയിലൂടെ കൂടുതൽ വരുമാനമുണ്ടാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ&ബി) സാഹസിക വിനോദസഞ്ചാര പരിപാടികൾ സംഘടിപ്പിക്കാൻ രജിസ്ട്രേഷൻ നിർബന്ധമാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേനയാണ് ഇവിടെ സാഹസിക വിനോദസഞ്ചാര പരിപാടികൾ ആസൂത്രണം ചെയ്യാറുള്ളത്. കേരള അഡ്വഞ്ചർ & ആക്ടിവിറ്റി ബേസ്ഡ് ടൂറിസവുമായി ബന്ധപ്പെട്ട് യൂണിറ്റുകളുടെ രജിസ്ട്രേഷൻ, സുരക്ഷാ മാനദണ്ഡങ്ങളുടെ വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ചും ടെക്നിക്കൽ എക്സ്പേർട്ടുകളുടെ പാനലിന് അംഗീകാരം നൽകിയും ഉത്തരവായിട്ടുണ്ട്.

കേരള അഡ്വഞ്ചർ & ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി & സെക്യൂരിറ്റി റഗുലേഷൻസ് പ്രകാരം കേരളത്തിൽ 60 AAP (Adventure Activity Providers)-ക്ക് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ സാഹസിക ടൂറിസം മേഖലയിൽ പുതുതായി മൂവായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സാഹസിക ടൂറിസം പരിപോഷിപ്പിക്കുന്നതിനോടൊപ്പം പ്രഥമ പരിഗണന നൽകുന്നത് ആ മേഖലയിൽ മെച്ചപ്പെട്ട സൗകര്യവും ഗുണനിലവാരമുള്ള ഉപകരണങ്ങളും ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനാണ്.

സാഹസിക ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 'Adventure Tourism Safety and Security Guidelines' അംഗീകരിച്ചിട്ടുണ്ട്. കേരളത്തിൽ കൂടുതൽ പ്രചാരത്തിലുള്ള 30 സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾക്കൊള്ളിച്ചാണ് മേൽ റെഗുലേഷൻസ് പുറത്തിറക്കിയിട്ടുള്ളത്. ഇതിനുപുറമെയുള്ള മറ്റ് സാഹസിക ടൂറിസം ആക്റ്റിവിറ്റികൾക്കായി പൊതുവായ സുരക്ഷാ മാർഗനിർദേശങ്ങളും റെഗുലേഷനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ 26-07-2021-ലെ സ.ഉ(കൈ)നം.13/2021/ടൂറിസം നമ്പർ ഉത്തരവുപ്രകാരം കേരള അഡ്വഞ്ചർ & ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി

& സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട് ക്യാമ്പിംഗിന് പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങളും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സർക്കാർ ഉത്തരവുകളിലെ നിർദേശപ്രകാരം സാഹസിക വിനോദ പരിപാടികൾ ചിട്ടയായും അപകടരഹിതമായും നടപ്പിലാക്കുന്നതിനുള്ള നിർദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും ബന്ധപ്പെട്ട ഏജൻസികൾക്കും നൽകിയിട്ടുണ്ട്.

12-10-2023-ന് ചേർന്ന ടൂറിസം മിഷൻ മീറ്റിംഗിൽ ഗ്ലാസ് ബ്രിഡ്ജ്, ഫ്ലോട്ടിംഗ് ബ്രിഡ്ജ് എന്നിവയുടെ സാങ്കേതിക പരിശോധന എൻ.ഐ.ടി മുഖാന്തരം നടപ്പിലാക്കണമെന്നും പദ്ധതികളിലെ വീഴ്ച, ക്രമക്കേട് എന്നിവയ്ക്ക് ബന്ധപ്പെട്ട വ്യക്തികളുടെമേൽ ഉത്തരവാദിത്വം രേഖപ്പെടുത്തണമെന്നും നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ് എന്നിവ എൻ.ഐ.ടി-യുടെ വിദഗ്ധ സംഘം പരിശോധിച്ചുവരികയാണ്.

30-05-2024-ലെ DOT/7259/2023-P9 നമ്പർ നടപടിക്രമം പ്രകാരം, സാഹസിക ടൂറിസം ആക്ടിവിറ്റികളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ട ചുമതല

കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകി ടൂറിസം ഡയറക്ടർ ഉത്തരവായിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ അപ്രതീക്ഷിതമായുണ്ടാകുന്ന ശക്തമായ മഴയുടെയും മറ്റ് പ്രകൃതി ദുരന്തങ്ങളുടെയും വേളയിൽ വിനോദസഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി സാഹസിക ടൂറിസം പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനും നിർദേശം നൽകിവരുന്നു.

(സി) വിവിധ മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ മലബാർ റിവർ ഫെസ്റ്റിവൽ, MTB കേരള, പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ, അന്താരാഷ്ട്ര സർഫിംഗ് ഫെസ്റ്റിവൽ, ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിവൽ എന്നിവ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് സെമിനാറുകളും ബോധവൽക്കരണ ക്യാമ്പുകളും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ

സൊസൈറ്റിയുടെയും ഡി.റ്റി.പി.സി-കളുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു.

(ഡി) സാഹസിക ടൂറിസം രജിസ്ട്രേഷൻ വഴി നിരവധി സാഹസിക യൂണിറ്റുകൾ/സംരംഭങ്ങൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയിൽ രജിസ്ട്രേഷൻ നടത്തിവരുന്നു. സാഹസിക വിനോദസഞ്ചാര സുരക്ഷ ഉറപ്പാക്കിക്കൊണ്ട് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ മാർഗനിർദേശങ്ങളിലൂടെയും ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിക്കുന്ന പുതിയ സാഹസിക വിനോദ സംരംഭങ്ങളുടെ രജിസ്ട്രേഷനിലൂടെയും കേരള സാഹസിക വിനോദസഞ്ചാര മേഖല വികസിച്ചുവരികയാണ്. ഇത്തരം സുരക്ഷിതമായ സാഹസിക വിനോദസഞ്ചാര സംരംഭങ്ങൾ സ്ഥാപിക്കുന്നതുവഴി കേരളം അഡ്വഞ്ചർ ടൂറിസത്തിന് സാധ്യതയുള്ള ഭൂപ്രകൃതിയാണെന്ന് മനസ്സിലാക്കാനും അതുവഴി നിരവധി വിദേശ/ആഭ്യന്തര സാഹസിക വിനോദസഞ്ചാര പ്രേമികളെ ആകർഷിക്കാനും സാധിക്കും. ഹൈക്കിംഗ് ട്രെയിലുകളുടെയും ഗ്ലാമ്പിംഗിന്റെയും സാധ്യത പരിശോധിക്കുന്നുണ്ട്.

സ്വകാര്യ നിക്ഷേപത്തോടെ ഗ്ലാസ് ബ്രിഡ്ജ്, ഫ്ലോട്ടിംഗ് ബ്രിഡ്ജ് തുടങ്ങിയ പദ്ധതികൾ ഇതിനോടകം നടപ്പിലാക്കിക്കഴിഞ്ഞു.

ശ്രീ. ആന്റണി രാജു: സർ, ടൂറിസം രംഗത്ത് മികച്ച നേട്ടമാണ് കേരളം കൈവരിച്ചുകൊണ്ടിരിക്കുന്നത്. നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിച്ച ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സാഹസിക വിനോദസഞ്ചാരത്തിന് സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. വാട്ടർ സ്പോർട്സ് ഹബ്ബാകാൻ പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ബേപ്പൂരിൽ ആരംഭിച്ച സർഫിംഗ് സ്കൂൾ മികച്ച തുടക്കമാണ്. പ്രശസ്ത വിനോദസഞ്ചാര കേന്ദ്രമായ ശംഖുംമുഖത്ത് സർഫിംഗ് സ്കൂൾ ആരംഭിക്കുന്ന കാര്യവും അന്താരാഷ്ട്ര സർഫിംഗ് ഫെസ്റ്റിവൽ വേളി ടൂറിസ്റ്റ് വില്ലേജിൽ സംഘടിപ്പിക്കുന്ന കാര്യവും പരിഗണിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാലത്തെ ഒരു ട്രെൻഡുമായി ബന്ധപ്പെട്ട കാര്യമാണ് ശ്രീ. ആന്റണി രാജു മുന്നോട്ടുവച്ചത്. സർഫിംഗ് പൊതുവെ ടൂറിസം മേഖലയിൽ എല്ലാവരും ഓപ്റ്റ് ചെയ്യുന്ന കാര്യമാണ്. പ്രത്യേകിച്ച് ഐ.ടി. രംഗത്തുള്ളവർ വളരെ ദൂരെ പോയി താമസിച്ച്

സർഫിംഗ് പഠിക്കാനും സമയം ചെലവഴിക്കാനും തയ്യാറാകുന്നുണ്ട്. കേരളത്തിൽ അത് ഇനിയും ഡെവലപ് ചെയ്യാനുള്ള സാധ്യതകളുണ്ട്. തിരുവനന്തപുരം ജില്ലയിൽ രണ്ടിടങ്ങളിൽ അതുണ്ട്. മലബാറിൽ ഒരു സർഫിംഗ് സ്കൂൾ കൊണ്ടുവരുന്ന സ്ഥിതിയുണ്ടായിരുന്നു. മറ്റ് സാധ്യതകൾകൂടി ഫലപ്രദമായി പരിശോധിച്ച് ക്രിയാത്മകമായ, പോസിറ്റീവായ ഈ നിർദ്ദേശത്തെ എങ്ങനെ റിസൾട്ടിലേയ്ക്ക് എത്തിക്കാമെന്നുള്ളത് പരിശോധിക്കുന്നതാണ്.

ശ്രീ. ആന്റണി രാജു: സർ, ആവേശവും സാഹസികതയും ഇഷ്ടപ്പെടുന്ന വിനോദസഞ്ചാരികളുടെ എണ്ണം കൂടിക്കൂടി വരുന്നൊരു കാലഘട്ടമാണിത്. തിരുവനന്തപുരത്തെ ശാസ്താംപാറയിൽ നിർദിഷ്ട സാഹസിക വിനോദസഞ്ചാര അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചുവരുന്നുണ്ട്. മറ്റുകാര്യങ്ങൾ നമുക്ക് ചർച്ച ചെയ്യാം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അഡ്വഞ്ചർ ടൂറിസം അങ്ങ് ചുമതലയേറ്റ കാലം മുതൽ പറയുന്നൊരു വിഷയമാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൂരിമല, അരീക്കൽ വാട്ടർ ഫാൾസ് എന്നിവയുടെ അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യത സംബന്ധിച്ച് ഞാൻ അങ്ങേയ്ക്ക് റിക്വസ്റ്റ് നൽകിയപ്പോൾ പരിശോധിക്കാമെന്ന് പറയുകയും പദ്ധതി ഫീസിബിളാണെന്ന് കണക്കാക്കി അതിന്റെ പ്രോജക്ട് തയ്യാറാക്കുകയും ചെയ്തു. പക്ഷേ ഒന്നര വർഷമായിട്ടും അത് ഡിപ്പാർട്ടുമെന്റിലിരിക്കുന്നതല്ലാതെ നടപ്പിലാക്കുന്നില്ല. ഈ ടൂറിസം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി ഒരു കാരണമാകുന്നുണ്ട്. ഞാൻ നൽകിയിരിക്കുന്ന റിക്വസ്റ്റുകൾ പരിഗണിച്ച് പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കേന്ദ്രസർക്കാർ സ്വീകരിക്കുന്ന തെറ്റായ നിലപാട് നിമിത്തമാണ് സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരിക്കുന്നത്. പക്ഷേ അത് ടൂറിസം മേഖലയെ ഒരുതരത്തിലും ബാധിക്കുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി ടൂറിസം മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്

സംഘടിപ്പിച്ചതോടുകൂടി ഈ മേഖലയിൽ പി.പി.പി. മോഡലിൽ കാര്യങ്ങൾ നടത്താനുള്ള സാധ്യതയും മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇവിടെ ശ്രീ. അനൂപ് ജേക്കബ് പറഞ്ഞിട്ടുള്ള വിഷയങ്ങൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാമെന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സാഹസിക ടൂറിസം രംഗത്ത് കേരളത്തിന്റെ എല്ലാ സാധ്യതകളും വിനിയോഗിക്കാൻ വകുപ്പ് നടത്തുന്ന ഇടപെടലുകൾ അഭിനന്ദനാർഹമാണ്. മലബാർ റിവർ ഫെസ്റ്റിവൽ മാതൃകയിൽ കോന്നിയിൽ കയാക്കിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അക്കാര്യം പരിശോധിച്ച് മുന്നോട്ടുപോകാം. വളരെ പോസിറ്റീവായ നിലപാട് തന്നെയാണ് ടൂറിസം വകുപ്പിന് ഈ വിഷയത്തിലുള്ളതെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

**ഡിജിറ്റൽ സർവേയുടെ പുരോഗതി**

4(*94) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ഡിജിറ്റൽ സർവേ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി ആരംഭിച്ച് മൂന്നുവർഷം പിന്നിട്ടിട്ടും ഒന്നാംഘട്ടത്തിൽ പ്രഖ്യാപിച്ച ഇരുന്നൂറ് വില്ലേജുകളിലെ സർവേപോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട വസ്തുക്കൾ ഒഴിവാക്കി മറ്റുള്ളവയുടെ ഡിജിറ്റൽ സർവേ നടപടികൾ അതിവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) റീസർവേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിനും അത്യാധുനിക സർവേ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ഡി) റീസർവേ സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും അത് പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവേ പദ്ധതി ഉദ്ദേശിച്ച നിലയിൽത്തന്നെ മുന്നോട്ടുപോകുകയാണ്. ഒന്നാംഘട്ടത്തിൽ പ്രഖ്യാപിച്ച 200 വില്ലേജുകളിൽ 167-ഉം രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 8-ഉം ഉൾപ്പെടെ ആകെ 175 വില്ലേജുകളിൽ ഫീൽഡ് സർവേ പൂർത്തിയാക്കി സർവേ അതിരടയാള നിയമത്തിലെ 9(2) വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. ഈ മാസംതന്നെ ഒന്നാം ഘട്ടത്തിൽ ബാക്കിയുള്ള എല്ലാ വില്ലേജുകളുടെയും 9(2) പ്രസിദ്ധീകരിക്കും. ഇതിനോടൊപ്പം രണ്ടാം ഘട്ടത്തിലെ 200 വില്ലേജുകളുടെയും സർവേ പുരോഗമിച്ചുവരികയാണ്. ഇതിനകം നാല് ലക്ഷം ഹെക്ടർ ഭൂമിയാണ് സർവേ ചെയ്തിട്ടുള്ളത്. 01-11-2022-ൽ ഔപചാരികമായി ഡിജിറ്റൽ സർവേ നടപടികൾ ആരംഭിച്ചെങ്കിലും പൂർണ്ണതോതിൽ പ്രവർത്തനങ്ങൾ തുടങ്ങിയത്

02-08-2023-നശേഷമാണ്. 2022 നവംബർ മുതൽ 2023 ജൂലൈ വരെയുള്ള കാലഘട്ടത്തിൽ താരതമ്യേന കുറഞ്ഞ വിസ്തൃതിയിൽ മാത്രമാണ് സർവേ ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. ഇതിനുകാരണം ആധുനിക സർവേ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കുകയും സജ്ജമാക്കുകയും ചെയ്തത് 2023 ജൂലൈ മാസത്തിൽ മാത്രമാണ് എന്നതാണ്. കൂടാതെ ഡിജിറ്റൽ സർവേയ്ക്കാവശ്യമായ നിയമ ഭേദഗതികൾ, Standard Operating Procedure, മുൻ സർവേ റെക്കോർഡുകളുടെ ശേഖരണവും ഡിജിറ്റൈസേഷനും, ഭൂപടങ്ങളുടെ വെക്ടറൈസേഷൻ, റവന്യൂ റെക്കോർഡുകളുടെ പരിശോധനയും തിരുത്തലും (ReLIS Data purification), ക്യാമ്പ് ഓഫീസുകളുടെ സജ്ജീകരണം, സർവേക്കല്ലുകളുടെ സ്റ്റോക്കിംഗ്, വാഹനങ്ങളുടെ സജ്ജീകരണം തുടങ്ങിയ നടപടികളും പ്രാരംഭമായി സ്വീകരിക്കേണ്ടതുണ്ടായിരുന്നു. അതായത്, പ്രാരംഭ പ്രവർത്തനങ്ങൾക്ക് വേണ്ടിവന്ന കാലയളവിൽ സർവേ ചെയ്ത വിസ്തൃതിയിൽ കുറവായിട്ടുണ്ട്. 03-08-2023 മുതൽ 11-06-2024 വരെയുള്ള 10 മാസക്കാലംകൊണ്ട് 277591 ഹെക്ടർ ഭൂമിയുടെ സർവേ പൂർത്തീകരിക്കാനായിട്ടുണ്ട്. ഈ വിസ്തൃതി

കണക്കിലെടുത്താൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവേ പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് ഉറപ്പായും പറയാൻ കഴിയും.

(ബി) ഡിജിറ്റൽ സർവേയിൽ നടപടി സ്വീകരിക്കാൻ സാധിക്കാത്തവിധം കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട വസ്തുക്കൾ ഒഴിവാക്കി ഡിജിറ്റൽ സർവേ നടപടികൾ അതിവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോടതി വ്യവഹാരങ്ങളിലുൾപ്പെട്ട ഭൂമികളിൽ കോടതി വിധിയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഡിജിറ്റൽ റീസർവേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിലവിലുള്ള ജീവനക്കാരെ കൂടാതെ 1500 സർവേയർ, 3200 ഹെൽപ്പർ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം നടത്തുന്നതിന് സർവേ ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു.

തുടർന്ന് ഡിജിറ്റൽ സർവേയുടെ ഭാഗമായി ഫാറം 50 രേഖപ്പെടുത്തുന്ന ജോലികൾ ത്വരിതപ്പെടുത്തേണ്ട സാഹചര്യത്തിൽ 700 ഹെൽപ്പർമാരുടെ

എണ്ണം കുറച്ച് പകരം 525 കരാർ സർവേയർമാരെക്കൂടി നിയമിക്കുന്നതിന് അനുമതി നൽകുകയും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭ്യമായ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടികയിൽനിന്നും എഴുത്തുപരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ മാർഗനിർദേശപ്രകാരം 1317 കരാർ സർവേയർമാരെയും 1953 ഹെൽപ്പർമാരെയും ഡിജിറ്റൽ സർവേ ജോലികൾക്കുവേണ്ടി നിയോഗിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഡിജിറ്റൽ സർവേ പദ്ധതിക്കായി 1000 RTK മെഷീനുകളും 700 RETS മെഷീനുകളുമാണ് വിഭാവന ചെയ്തിരുന്നത്. ഫീൽഡ് ട്രയലുകൾക്കുശേഷം RTK ഉപകരണങ്ങളുടെ കാര്യക്ഷമതയും പ്രകടനവും പ്രതീക്ഷിച്ചതിലും മികച്ചതായി കണ്ടെത്തിയതിനെത്തുടർന്ന് 500 RETS മെഷീനുകളുടെ എണ്ണത്തിൽ കുറവുവരുത്തി പകരം 500 RTK മെഷീനുകൾ കൂടുതൽ വാങ്ങിയിട്ടുള്ളതുമാണ്. നിയമപ്രകാരം ടെൻഡർ നടപടികൾ സ്വീകരിച്ചാണ്

1500 RTK, 200 Robotic Total Station, 1700 Tablet PC മെഷീനുകൾ എന്നിവ വാങ്ങിയിട്ടുള്ളത്.

(ഡി) പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവേ നടത്തുന്നത്. സർവേ പൂർത്തിയായ പ്രദേശങ്ങളിലെ റെക്കാർഡുകൾ ഭൂവുടമകൾക്ക് പരിശോധിക്കുന്നതിനായി 'എന്റെ ഭൂമി' പോർട്ടലിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പോർട്ടൽ മുഖേനതന്നെ അറിയിക്കുന്നതിനുള്ള സംവിധാനമുള്ളതുമാണ്.

കൂടാതെ, ഡിജിറ്റൽ സർവേ പദ്ധതിയുടെ ഭാഗമായി വില്ലേജുകളുടെ ഫീൽഡ് സർവേ പൂർത്തിയാക്കുന്ന മുറയ്ക്ക് വാർഡ് തലത്തിൽ റെക്കാർഡുകൾ പ്രദർശിപ്പിച്ച് കൃത്യത ഉറപ്പാക്കുകയും ലഭ്യമായ പരാതികൾ പൂർണ്ണമായും പരിഹരിക്കുകയും ചെയ്തതിനുശേഷമാണ് സർവേ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നത്. ഇപ്രകാരം സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചതിനുശേഷം വീണ്ടും ഒരുമാസക്കാലം റെക്കാർഡുകൾ പ്രദർശിപ്പിച്ച് ടി കാലയളവിൽ ലഭിക്കുന്ന പരാതികൾകൂടി പരിഹരിച്ചതിനുശേഷമാണ് സർവേ അതിരടയാള

നിയമത്തിലെ സെക്ഷൻ 13 പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിച്ച് റെക്കാർഡുകൾ അന്തിമമാക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, കേരളത്തിലെ 1666 വില്ലേജുകളിൽ ആദ്യഘട്ടത്തിൽ പ്രഖ്യാപിച്ച 200 എണ്ണത്തിൽ പകുതിപോലും ഇപ്പോഴും സർവേ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറാൻ സാധിച്ചിട്ടില്ല. മാത്രമല്ല, ഭൂവുടമകളുടെ റെക്കാർഡുകൾ പരിശോധിക്കാനോ പരാതികൾ പരിഹരിച്ച് കുറ്റമറ്റ രീതിയിൽ സർവേ മാപ്പ് തയ്യാറാക്കാനോ ആവശ്യമായ സമയം അനുവദിക്കുന്നതിനുപകരം സർവേയർമാർക്ക് വില്ലേജുകൾ വിഹിതംവച്ച് ഒരുദിവസം ഇത്ര ഹെക്ടർ സർവേ ചെയ്യണമെന്ന ടാർജറ്റ് നൽകുകയാണ് ചെയ്യുന്നത്. ഇതുമൂലം സർവേയുടെ ഗുണനിലവാരം കുറയുകയാണ്. ഡിജിറ്റൽ സർവേയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. രാജൻ: സർ, 1966-ൽ ആരംഭിച്ച റീസർവേ നടപടികൾക്ക് പുതിയ മുഖം തീർത്തുകൊണ്ടാണ് ഈ ഗവൺമെന്റ് റീസർവേ നടപടികൾ ആരംഭിച്ചത്. 2022 നവംബർ 1-ന് മുഖ്യമന്ത്രി ഔപചാരികമായി ആ

പരിപാടി ഉദ്ഘാടനം ചെയ്തെങ്കിലും CORS (Continuously Operating Reference Stations) രൂപീകരിക്കൽ, ഐ.ടി.-യുടെ സൊല്യൂഷൻ, ബോധവൽക്കരണ പരിപാടികൾ, സ്റ്റാഫിനെ കൊണ്ടുവരൽ, ജീവനക്കാരുടെ പരിശീലനം, ഡിജിറ്റൽ സർവേയ്ക്കാവശ്യമായ നിയമ ഭേദഗതികൾ, SOP (Standard Operating Procedure), RTK റോവർ, RETS മെഷീൻ എത്തിക്കുക എന്നതുൾപ്പെടെയുള്ള ദീർഘകാല പരിപാടികൾ നടത്തേണ്ടതുണ്ടായിരുന്നു. 2023 ആഗസ്റ്റ് 2-ഓടുകൂടിയാണ് പൂർണ്ണമായി പ്രൊക്യൂർമെന്റും ഈ നടപടികളും ചേർന്ന് പൂർണ്ണ രൂപത്തിലെത്തിക്കാൻ കഴിഞ്ഞത്. 2022 നവംബർ 1 മുതൽ 2023 ആഗസ്റ്റ് 2 വരെ 124000 ഹെക്ടർ ഭൂമി അളന്നിട്ടുണ്ട്. 2023 ആഗസ്റ്റ് 2 മുതൽ ഇന്നുവരെയുള്ള കണക്കെടുത്താൽ 277591 ഹെക്ടർ ഭൂമിയും അളന്നുകഴിഞ്ഞു. ഇങ്ങനെ കേവലം ഒന്നര വർഷംകൊണ്ട് നാല് ലക്ഷം ഹെക്ടർ ഭൂമി കൃത്യതയോടെ അളന്ന് തിട്ടപ്പെടുത്താൻ കഴിഞ്ഞുവെന്നതാണ് ഈ ഗവൺമെന്റിന്റെ പ്രവർത്തന നേട്ടം. 1996-ലാണ് ടോട്ടൽ സ്റ്റേഷൻ ആരംഭിച്ചത്. എന്നിട്ട് ഇത്രയും കാലംകൊണ്ട് കേവലം 95000 ഹെക്ടർ ഭൂമി മാത്രമാണ് അളക്കാൻ കഴിഞ്ഞത്. എന്നാൽ ഈ

പദ്ധതിയുടെ ഭാഗമായി നാല് ലക്ഷം ഹെക്ടർ ഭൂമി അളന്നുതീർത്തുവെന്ന് മാത്രമല്ല 197 വില്ലേജുകളിൽ Kerala Survey and Boundaries Act പ്രകാരമുള്ള 9(2) പ്രസിദ്ധീകരിക്കാനും കഴിഞ്ഞു. വിദ്യാഭ്യാസ/ആരോഗ്യ/ഭൂപരിഷ്കരണ മേഖലയിലെ നേട്ടംപോലെ സർവേ രംഗത്തും ഒരു പുതിയ കേരള മോഡലുണ്ടാക്കിയിരിക്കുന്നു. ഇന്ത്യയിൽ ആസാം, ആന്ധ്രാപ്രദേശ്, പോണ്ടിച്ചേരി, തമിഴ്നാട് എന്നീ നാല് സംസ്ഥാനങ്ങൾ ഇതുമായി ബന്ധപ്പെട്ട് ആശയവിനിമയം നടത്തുകയും ആസാം ഗവൺമെന്റ് കേരള മോഡൽ അവിടെ പരീക്ഷിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കത്ത് നൽകുകയുമുണ്ടായി. അതുപ്രകാരം ആസാമിന് കേരള മോഡൽ അവതരിപ്പിക്കാൻ അനുവാദം കൊടുക്കണമെന്ന് അഭ്യർത്ഥിച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് ലാൻഡ് റിസോഴ്സസ് ഇപ്പോൾ കേരളത്തിലെ പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തയച്ചിരിക്കുകയാണ്. അതിൽ പറയുന്നത്, “It is therefore requested to provide the Software and Technology Service of ‘Ente Bhoomi Portal’ and ‘eMaps’ of your State to Government of Assam for customization and maintenance. Necessary technical assistance

be provided by NIC, Kerala Team to NIC, Assam Team 2", എന്നാണ്. എന്നുപറഞ്ഞാൽ കേന്ദ്രംപോലും കേരളത്തിന്റെ ഈ നടപടി അംഗീകരിച്ചുവെന്നാണ്. ഏറ്റവും ചുരുങ്ങിയ ALC (Appeal Land Complaints) ഉള്ള ഈ സർവേ നടപടികൾ 200 വില്ലേജിൽ നാല് ലക്ഷം ഹെക്ടർ പൂർത്തിയാക്കിയപ്പോൾ കേരളത്തിൽ ആകെയുള്ള എൽ.ആർ.എം. പരാതികൾ കേവലം 4558 മാത്രമാണ്. അതായത്, ആകെയുള്ള Land Parcel-കളുടെ 0.2%. അത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും നൽകിയ പിന്തുണയുടെ ഫലമാണ്. കേരളത്തിൽ ആകെയുള്ള 38 ലക്ഷം ഹെക്ടർ ഭൂമിയിൽ വനം കഴിഞ്ഞുള്ളത് 28 ലക്ഷം ഹെക്ടറാണ്. അതിൽ നാല് ലക്ഷം ഇപ്പോൾ റീസർവേ ചെയ്തുകഴിഞ്ഞു. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഡിജിറ്റൽ സർവേ വരുന്നതോടുകൂടി ഡ്രാഫ്റ്റ്സ്മാൻ, സർവേയർ തസ്തികകൾ വേണ്ടെന്ന നിലപാടാണ് ഇപ്പോൾ സർക്കാരിനുള്ളത്. മലപ്പുറം ജില്ലയിൽ പത്തും വയനാട് ജില്ലയിൽ എട്ടും

ഡ്രാഫ്റ്റ്സ്മാൻ തസ്തിക സർവേയർ തസ്തികയാക്കി കൺവെർട്ട് ചെയ്തു. സർവേ തുടങ്ങുമ്പോൾ പ്രാരംഭ ജോലികളായ റിക്കാർഡ് കളക്ഷൻ, ബ്ലോക്ക് മാപ് തയ്യാറാക്കൽ എന്നിവ ഡ്രാഫ്റ്റ്സ്മാനാണ് ചെയ്യേണ്ടത്. ഇപ്പോൾ ക്ലാർക്കിന്റെയും ഡ്രാഫ്റ്റ്സ്മാന്റെയും ജോലി സർവേയർമാർ ചെയ്യേണ്ടിവരികയാണ്. അതുകൊണ്ട് സർവേയർമാർക്ക് ഫീൽഡ് ജോലികൾ ഭംഗിയായി നിർവഹിക്കാൻ സാധിക്കുന്നില്ല. അതിനാൽ ആവശ്യമായ സർവേയർമാരെ നിയമിക്കാനും മലപ്പുറം, വയനാട് ജില്ലകളിലെ കൺവെർട്ട് ചെയ്ത 18 ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഡിജിറ്റൽ റീസർവേ വന്നതോടുകൂടി നേരത്തേയുണ്ടായിരുന്ന സിസ്റ്റത്തിൽ ചില മാറ്റങ്ങളുണ്ടായി. അതുകൊണ്ട് ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് പഠിച്ചവർക്ക് ഒരുതരത്തിലും ജോലി നഷ്ടപ്പെടാതെ സർവേയർ, ഡ്രാഫ്റ്റ്സ്മാൻ തസ്തികകളെ ഏകീകരിക്കാനും അവരുമായി ചർച്ച ചെയ്തും അവരെ വിശ്വാസത്തിലെടുത്തും

നടപടികൾ തുടരാനുമാണ് ഉദ്ദേശിക്കുന്നത്. അങ്ങ് പറഞ്ഞ മറ്റ് കാര്യങ്ങളും പരിശോധിക്കുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഡിജിറ്റൽ സർവേ നടപടികൾ പതുക്കെയാണ് പോകുന്നതെന്ന് ഇവിടെ പറഞ്ഞു. ഡിജിറ്റൽ സർവേക്ക് ചെലവാകുന്ന തൊള്ളായിരം കോടി രൂപ ഇപ്പോൾ സർക്കാരാണ് വഹിക്കുന്നത്. ഇതിനുവേണ്ടി ഇറങ്ങിയ 12-12-2022-ലെ 5036-ാം നമ്പർ ഉത്തരവിൽ സർവേ നടപടികൾ പൂർത്തിയായതിനുശേഷം പൊതുജനം കരമടയ്ക്കുമ്പോൾ സർവേ നടപടികൾക്കായി സർക്കാരിന് ചെലവായ തൊള്ളായിരം കോടി രൂപ പൊതുജനങ്ങളിൽനിന്നും ഈടാക്കുമെന്നാണ് പറയുന്നത്. ഒരിക്കലും നീതികരിക്കാൻ കഴിയാത്ത കാര്യമാണിത്. "സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവേ പദ്ധതിയുമായി ബന്ധപ്പെട്ട് വില്ലേജുകളുടെ സർവേ നടപടികൾ നിർവഹിക്കുന്നതിന് ചെലവാകുന്ന തുക മുൻകൂറായി വഹിക്കുന്നതിനും തുടർന്ന് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ ശേഷം വില്ലേജ് ഓഫീസുകൾ മുഖേന കരം അടയ്ക്കുന്നതോടൊപ്പം ടി തുക ഭൂവുടമകളിൽനിന്നും കുടിശ്ശിക തുകയായി

ഈടാക്കുന്നതിനും സർവേ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു'" എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ഉത്തരവിനോടുള്ള സർക്കാരിന്റെ ഇപ്പോഴത്തെ സമീപനമെന്താണ്?

ശ്രീ. കെ. രാജൻ: സർ, ഡിജിറ്റൽ റീസർവേ ഇന്ത്യയുടെ ചരിത്രത്തിൽത്തന്നെ ആദ്യത്തെ അനുഭവമാണ്. 858 കോടി രൂപ ചെലവഴിച്ച് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഉപഭോക്താക്കൾക്ക് സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കാൻ കഴിയുന്ന വിധത്തിലാണ് ഇത്രയും ബൃഹത്തായൊരു പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കൂടാതെ, ഈ പദ്ധതിയുടെ ഗുണഫലം പദ്ധതി പൂർത്തീകരിക്കുന്നതോടെ അവസാനിക്കുന്നില്ല. സബ്ഡിവിഷൻ ചെയ്യുന്ന കാര്യങ്ങളിൽപ്പോലും ReLIS Data purification നടത്തി വിവരങ്ങൾ എന്റെ ഭൂമി പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്ന, അതായത് ഒരു വസ്തു വിൽക്കുകയാണെങ്കിൽ ശേഷിക്കുന്ന വസ്തുവിന്റെയും വിൽക്കുന്ന വസ്തുവിന്റെയും സ്കെച്ചും പ്ലാനുമുൾപ്പെടെ ഇന്റഗ്രേറ്റഡ് പോർട്ടലിൽ ഉൾപ്പെടുത്തുന്ന വിധത്തിലുള്ള നടപടിക്രമമാണ് തീരുമാനിച്ചത്. അതിന്റെ

ഭാഗമായ ചെലവുകൾ സംബന്ധിച്ച കാര്യമാണ് ആ സർക്കുലറിലുള്ളത്. വീണ്ടും പരിശോധിച്ച് ആവശ്യമായ നടപടികൾ അക്കാര്യത്തിലെടുക്കും.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ആധാറുമായി ലിങ്ക് ചെയ്ത് ഭൂമിയുടെ നികുതിയടക്കാൻ വില്ലേജുകളിലെത്തുമ്പോൾ കൈവശമുള്ള ഭൂമിയുടെ യഥാർഥ അളവ് വില്ലേജുകളിലെ ഡിജിറ്റൽ രേഖകളിലില്ലെന്നുപറഞ്ഞ് നികുതി അടയ്ക്കാനാകാതെ സാധാരണക്കാർ ബുദ്ധിമുട്ടുന്ന അവസ്ഥയുണ്ട്. എന്റെ മണ്ഡലത്തിലെ ചേലമ്പ്ര, പള്ളിക്കൽ വില്ലേജുകളിൽ ഇത്തരം സംഭവങ്ങൾ പതിവാണ്. ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ കൈവശമുള്ള ഭൂമിയുടെ യഥാർഥ അളവ് വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടിക്ക് മുൻഗണന നൽകുമോ?

<u>ശ്രീ. കെ. രാജൻ:</u> സർ, കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും അവസാനം സെറ്റിൽമെന്റുണ്ടായത് 1936-ൽ മലബാറിലാണ്. അതിനുശേഷം ഐക്യകേരളത്തിൽ സെറ്റിൽമെന്റുണ്ടായിട്ടില്ല. അളക്കുമ്പോൾ രേഖയിലുള്ളതിനെക്കാൾ കൂടുതൽ വിസ്തൃതിയുള്ള ഭൂമി

പലരുടെയും കൈവശമുള്ളതായി കാണുന്നുണ്ട്. അങ്ങനെ വരുമ്പോൾ possessory title കിട്ടുമെന്നല്ലാതെ documentary title കിട്ടുകയില്ല. ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. Boundaries will prevail over extent എന്നൊരു പൊതുതത്വമുണ്ടെങ്കിലും അത് ഡോക്യുമെന്റലാക്കാൻ ഇപ്പോൾ നടപടിയില്ല. അതിനാൽ അധിക ഭൂമി സ്ഥിരീകരിക്കാൻ നിശിതമായ വ്യവസ്ഥയോടുകൂടിയ ഒരു നിയമം കൊണ്ടുവരുന്നതുൾപ്പെടെ ആലോചിക്കുന്നുണ്ട്. അങ്ങ് പറഞ്ഞ രണ്ട് വില്ലേജുകളിലെയും പ്രശ്നം പ്രത്യേകം പരിശോധിക്കുന്നുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഡിജിറ്റൽ സർവേ നാലുവർഷംകൊണ്ട് പൂർത്തിയാക്കുമെന്നാണ് പറഞ്ഞിരുന്നത്. രണ്ടര വർഷമായിട്ട് 40 ലക്ഷത്തോളം ഹെക്ടർ ഭൂമിയുള്ളതിൽ 4 ലക്ഷം ഹെക്ടറിന്റെ ഡിജിറ്റൽ സർവേ മാത്രമാണ് പൂർത്തിയാക്കിയത്. അതുതന്നെ സെക്ഷൻ 13 പ്രകാരമുള്ള പ്രഖ്യാപനം കഴിഞ്ഞിട്ടും ഇതുവരെ കൊടുത്തിട്ടില്ല. ഇത് പരാതികൾ പരിഹരിച്ച് ബൗണ്ടറി നിശ്ചയിച്ച് എന്നത്തേയ്ക്ക് ഉടമസ്ഥർക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ഇത് തെറ്റിദ്ധാരണകൊണ്ട് ഉന്നയിച്ച ചോദ്യമാണ്. ഡിജിറ്റൽ സർവേ 2022 നവംബർ 1-ന് ഔപചാരികമായി ആരംഭിച്ചെങ്കിലും ഡിജിറ്റൽ ഉപകരണങ്ങളെല്ലാം കിട്ടിയശേഷം ഇത് ആരംഭിച്ചത് 2023 ആഗസ്റ്റ് 2-നാണ്. 38 ലക്ഷം ഹെക്ടർ ഭൂമിയുള്ളതിൽ 4 ലക്ഷത്തിന്റെ സർവേ പൂർത്തീകരിച്ചു. 197 വില്ലേജുകളിൽ 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. സെക്ഷൻ 13 പ്രകാരമുള്ള നോട്ടിഫിക്കേഷനുമുമ്പ് ഉയർന്നുവരുന്ന പരാതികൾ പരിഹരിക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ PEARL, റവന്യൂ വകുപ്പിന്റെ ReLIS, സർവ്വേ വകുപ്പിന്റെ e-Map എന്നീ പോർട്ടലുകളെ യോജിപ്പിച്ചുകൊണ്ട് 'എന്റെ ഭൂമി' എന്ന ഇന്റഗ്രേറ്റഡ് പോർട്ടൽ വന്നാൽ മാത്രമേ 13 പ്രകാരമുള്ള നോട്ടിഫിക്കേഷന്റെ ഗുണഫലമുണ്ടാകുകയുള്ളൂ. ഇന്റഗ്രേറ്റഡ് പോർട്ടൽ നൂറുദിന പരിപാടികളുടെ ഭാഗമായി ആദ്യത്തെ 200 വില്ലേജുകളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. അതുകഴിഞ്ഞാലുടൻ ആ വില്ലേജുകൾ നോട്ടിഫിക്കേഷൻ 13-ലേയ്ക്ക് പോകും. രണ്ടാമത്തെ സെക്ഷനിലെ 87 വില്ലേജുകളിൽ 9(2) നോട്ടിഫിക്കേഷനായി. അതേസമയംതന്നെ

മൂന്നാമത്തെ സെക്ഷനിലെ വില്ലേജുകളിലെ റീസർവേയും ആരംഭിക്കുകയാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഡിജിറ്റൽ സർവേ കഴിയുമ്പോൾ അതിരുകൾക്കുള്ളിലുള്ള ഭൂമിയുടെ രേഖയിൽ വിസ്തീർണം കൂടുതലായി കാണുകയാണെങ്കിൽ അത് ക്രമവൽക്കരിക്കാനുള്ള നിയമനിർമ്മാണം കൊണ്ടുവരുമെന്ന് പറയുന്നുണ്ട്. മലബാർ മേഖലയിൽ പണ്ട് മുഴക്കോൽ അളവായിരുന്നു ഉണ്ടായിരുന്നത്. അതിന്റെ ഭാഗമായി ഇപ്പോൾ കാണുന്ന രേഖകളിൽ പലസ്ഥലങ്ങളിലും ഭൂമി കുറവാണുള്ളത്. അതിന് എന്തെങ്കിലും പരിഹാരമുണ്ടാകുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, കോലളവ്, ചെയിൻ എന്നിവയ്ക്കുശേഷം RETS-ലേയ്ക്ക് കടന്നു. ഇപ്പോൾ RTK റോവറിലേയ്ക്ക് കടക്കുകയാണ്. ഏറ്റവും സൂക്ഷ്മതലത്തിലാണ് ഇത് പരിശോധിക്കുന്നത്. അതുകൊണ്ട് രേഖയിലുള്ളതിനെക്കാൾ അധികമായി വരുന്ന ഭൂമി സാധൂകരിക്കാൻ പറ്റും, കുറവുണ്ടായാൽ മറ്റ് മാർഗ്ഗങ്ങളുണ്ടാകില്ല. ആ നിയമം ഈ സഭയുടെ മുമ്പാകെ കൊണ്ടുവരുമ്പോൾ ആവശ്യമായ ചർച്ചകൾ നടത്താം. പ്രിസന്റീവ്

ടൈറ്റിലിൽ നിന്നും കൺക്ലൂസീവ് ടൈറ്റിലിലേയ്ക്ക് പോകാനുള്ള കേരളത്തിന്റെ ചരിത്രപരമായ നാഴികക്കല്ലായിരിക്കും ഈ നിയമത്തിന്റെ അവതരണത്തിലൂടെ ഉണ്ടാകാൻ പോകുന്നതെന്ന കാര്യം ഞാൻ സഭയെ ബോധ്യപ്പെടുത്തുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*)

* അനുബന്ധം II

10.00 AM]

**II ചരമോപചാരം**

കുവൈറ്റ് അഗ്നിബാധയിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് അനുശോചനം

മി. സ്പീക്കർ: 2024 ജൂൺ 12-ന് കുവൈറ്റിലെ മംഗെഫിൽ ഫ്ലാറ്റിലുണ്ടായ അഗ്നിബാധയിൽ 50 പേരാണ് മരണപ്പെട്ടത്. അതിൽ 46 ഇന്ത്യക്കാരുള്ളതിൽ 24 പേർ മലയാളികളാണ്. അപകടത്തിൽ മരണപ്പെട്ട പ്രവാസി സഹോദരങ്ങളുടെ മൃതദേഹങ്ങൾ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് ഏറ്റുവാങ്ങാനും ദുഃഖാർത്തരായ കുടുംബാംഗങ്ങളുടെയും നാട്ടുകാരുടെയുമടുത്ത് പോലീസ് അകമ്പടിയോടെ അവ എത്തിക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും പ്രതിക്ഷനേതാവുമൊക്കെ നേതൃത്വം നൽകി. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപയും കേന്ദ്ര സർക്കാർ രണ്ട് ലക്ഷം രൂപയും സഹായം പ്രഖ്യാപിച്ചിട്ടുണ്ട്. കുവൈറ്റ് അമീറും ധനസഹായം നൽകാൻ ഉത്തരവിട്ടിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പ്രമുഖ പ്രവാസി മലയാളി വ്യവസായികൾ ധനസഹായം നൽകുന്നതിന്

സന്നദ്ധത പ്രകടിപ്പിച്ചത് മാതൃകാപരമാണ്, അത് സുമനസ്സുകൾക്ക് പിന്തുടരാവുന്നതാണ്. അപകടത്തിൽപ്പെട്ടവർക്ക് സാധ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കാൻ നോർക്കയുടെ ആഭിമുഖ്യത്തിലും പ്രവാസികൾ മുൻകൈയെടുത്തും ശ്രമിക്കുന്നുണ്ട്. ഇന്ത്യ ഗവൺമെന്റ് കുവൈറ്റിൽ നടത്തുന്ന ഇടപെടലുകളിൽ സംസ്ഥാന സർക്കാർ പൂർണ്ണപിന്തുണ നൽകുന്നുണ്ട്. തീപിടുത്തത്തിൽ മരണമടഞ്ഞവരുടെ ബന്ധുക്കളുടെയും ആശ്രിതരുടെയും ദുഃഖത്തിൽ കേരള നിയമസഭയും പങ്കുചേരുന്നു. പൊള്ളലേറ്റവരെയും പരിക്കേറ്റവരെയും ഹൃദയപൂർവം ആശ്വസിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. കുവൈറ്റിലെ മംഗെഫിൽ ഫ്ലാറ്റിലുണ്ടായ തീപിടുത്തത്തിൽ നിരവധി പേർക്ക് ജീവഹാനി സംഭവിച്ചത് അങ്ങേയറ്റം ദുഃഖകരമായ സംഭവമാണ്. മരണപ്പെട്ടവരുടെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു. മരണപ്പെട്ടവരിൽ 24 മലയാളികളുൾപ്പെടെ 46 ഇന്ത്യക്കാരുണ്ടായിരുന്നു. നിരവധി സ്വപ്നങ്ങളുമായാണ് നമ്മുടെ സഹോദരങ്ങൾ പ്രവാസം തിരഞ്ഞെടുത്തത്. ആ

സ്വപ്നങ്ങൾ പൂർത്തിയാക്കാൻ സാധിക്കാതെ പാതിവഴിയിൽ ദുരന്തത്തിനുമുമ്പിൽ നമ്മുടെ സഹോദരങ്ങൾക്ക് കീഴടങ്ങേണ്ടിവന്നുവെന്നത് ഏറെ പ്രയാസമുണ്ടാക്കുന്നു. നമ്മുടെ നാടിന്റെയാകെ പുരോഗതിക്കും മുന്നേറ്റത്തിനും വലിയ സംഭാവനകൾ നൽകുന്നവരാണ് പ്രവാസികൾ. ആധുനിക കേരളത്തിന്റെ ചരിത്രത്തിന് പ്രവാസികളിൽനിന്ന് വേറിട്ടൊരു നിലനിൽപ്പില്ല. എന്നാൽ പ്രവാസ ജീവിതം ഇന്ന് നിരവധി പ്രതിസന്ധികൾ നേരിടുകയാണ്. ആഗോള സാമ്പത്തിക പ്രതിസന്ധിയും യുദ്ധാന്തരീക്ഷവും മാറിവരുന്ന കുടിയേറ്റ നിയമങ്ങളും പ്രവാസ ജീവിതത്തെ കഠിനമാക്കുന്നുണ്ട്. ഇത്തരം പ്രതിസന്ധികളെക്കൂടി അതിജീവിച്ചാണ് തങ്ങളുടെ കുടുംബത്തിന്റെയും നാടിന്റെയും ഭാവി ശോഭനമാക്കാൻ നമ്മുടെ പ്രവാസി സഹോദരങ്ങൾ കഠിന പ്രയത്നം ചെയ്യുന്നത്. അക്കൂട്ടത്തിലുള്ളവരാണ് അഗ്നിബാധമൂലമുണ്ടായ ദുരന്തത്തിൽ നമ്മെ വിട്ടുപിരിഞ്ഞത്. അഗ്നിബാധയെക്കുറിച്ച് അറിഞ്ഞയുടൻ കേരള സർക്കാർ പ്രത്യേക മന്ത്രിസഭാ യോഗം വിളിച്ചുചേർത്ത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ സംഭവസ്ഥലത്തേയ്ക്ക് അയയ്ക്കാൻ തീരുമാനിച്ചെങ്കിലും കേന്ദ്ര

വിദേശകാര്യ മന്ത്രാലയത്തിന്റെ പൊളിറ്റിക്കൽ ക്ലിയറൻസ് ലഭ്യമായില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഉൾപ്പെടെ കേരളത്തിന്റെ പ്രതിഷേധം ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. എങ്കിലും മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കാനും പരിക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏകോപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഫലപ്രദമായി കൈകോർത്തു. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപയും കേന്ദ്ര സർക്കാർ രണ്ട് ലക്ഷം രൂപയും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. പരിക്കേറ്റവരുടെ കുടുംബത്തിന് സംസ്ഥാന സർക്കാർ ഒരു ലക്ഷം രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമെ സഹായഹസ്തവുമായി എത്തിയ വ്യവസായികളെയും വ്യക്തികളെയും നമുക്ക് നന്ദിയോടെ സ്മരിക്കാം. നികത്താനാകാത്ത ഈ നഷ്ടത്തിൽ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും നാടിനാകെയുമുണ്ടായ ദുഃഖത്തിൽ പങ്കുചേരുകയാണ്. കുടുംബാംഗങ്ങളെ അഗാധമായ ദുഃഖം

അറിയിക്കുന്നു. പരിക്കേറ്റവർ എത്രയുംവേഗം സാധാരണ ജീവിതത്തിലേയ്ക്ക് മടങ്ങിവരട്ടെയെന്ന് പ്രത്യാശിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കുവൈറ്റ് ദുരന്തം നമ്മളെയെല്ലാവരെയും വല്ലാതെ വേദനിപ്പിക്കുകയും നിരാശപ്പെടുത്തുകയും ചെയ്ത സംഭവമാണ്. നിസ്സഹായരായി നോക്കിനിൽക്കേണ്ട അവസ്ഥയിലായിരുന്നു നമ്മളെല്ലാവരും. കൊച്ചി വിമാനത്താവളത്തിൽ 24 മലയാളികളുടെയും 7 തമിഴ്നാട് സ്വദേശികളുടെയും മൃതശരീരം കിടത്തിയപ്പോൾ കണ്ട കാഴ്ച ജീവിതത്തിലൊരിക്കലും മറക്കാൻ സാധിക്കാത്തതാണ്. കുടുംബം സംരക്ഷിക്കുന്നതിന് പ്രയാസങ്ങൾ മറികടന്ന് വിദേശത്തുപോയി കഠിനാധ്വാനം ചെയ്ത ആളുകൾക്കാണ് ഈ ദാരുണമായ അപകടമുണ്ടായത്. ആ അപകടത്തിൽനിന്ന് ചിലർക്ക് രക്ഷപ്പെടാൻ സാധിച്ചു. പക്ഷെ ഒരുപാട് പേർ അപകടത്തിനിരയായി മരിച്ചുവീണതാണ് നമ്മൾ കണ്ടത്. ഓരോ കുടുംബത്തിലും നിന്നുയരുന്ന നിലവിളി കേട്ടുനിൽക്കാൻ കഴിയില്ല. മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ മക്കളുടെ വേർപാടുണ്ടാക്കുന്ന സങ്കടങ്ങളും പ്രയാസങ്ങളും

വിവരണാതീതമാണ്. പല കുടുംബങ്ങളും അനാഥമായിരിക്കുകയാണ്. ആ കുടുംബങ്ങളുടെ സംരക്ഷകരും കുടുംബനാഥന്മാരുമാണ് ഈ ദാരുണമായ അപകടത്തിനിരയായത്. നമുക്കെല്ലാവർക്കും ഒരുമിച്ചുനിന്ന് അവരെ ചേർത്തുപിടിക്കേണ്ട ഉത്തരവാദിത്വമുണ്ട്. കൊച്ചി എയർപോർട്ടും ജില്ലാ ഭരണകൂടവും സർക്കാരുമൊക്കെ ചേർന്നാണ് യാതൊരു പരാതികളുമില്ലാതെ നമ്മളെക്കൊണ്ട് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്തത്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പുമന്ത്രിക്ക് കുവൈറ്റിലേയ്ക്ക് പെട്ടെന്ന് എത്തുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാർ നിഷേധിച്ച കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിക്കുകയുണ്ടായി. ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ അവിടെ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പ്രതിനിധികളെയും നമ്മുടെ പ്രവാസി സംഘടനകളെയും മറ്റും ഏകോപിപ്പിച്ചുകൊണ്ടാണ് കാര്യങ്ങൾ ചെയ്യുന്നത്. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിക്ക് അവിടെ പോകാനുള്ള അനുമതി നിഷേധിച്ചത് തെറ്റാണ്, ഒരുകാരണവശാലും പ്രോത്സാഹിപ്പിക്കാൻ സാധിക്കാത്തതാണ്. അത്തരമൊരു സമീപനം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായതിലുള്ള

ശക്തമായ പ്രതിഷേധംകൂടി ഞാനിവിടെ രേഖപ്പെടുത്തുകയാണ്. മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കും അവരുടെ സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കുമുണ്ടായ ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

മി. സ്പീക്കർ: കുവൈറ്റ് അഗ്നിബാധയിൽ ജീവൻ നഷ്ടമായ നമ്മുടെ സഹോദരങ്ങളുടെ വേർപാടിൽ കേരള നിയമസഭയുടെ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തിക്കൊണ്ട് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(കുവൈറ്റ് അഗ്നിബാധയിൽ ജീവൻ നഷ്ടപ്പെട്ടവരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് അല്പസമയം മൗനം ആചരിച്ചു.)

**III അറിയിപ്പ്**

## അംഗത്തിന്റെ രാജി

മി. സ്പീക്കർ: ചേലക്കര നിയോജകമണ്ഡലത്തിൽനിന്നും 15-ാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ 2024 ജൂൺ 18-ാം തീയതി മുതൽ പ്രാബല്യത്തിൽ കേരള നിയമസഭയിലെ അംഗത്വം രാജിവച്ചിരിക്കുന്നു.

## IV അടിയന്തരപ്രമേയം

### തലശ്ശേരിയിൽ സ്റ്റീൽ ബോംബ് പൊട്ടിയുണ്ടായ മരണം

മി. സ്പീക്കർ: തലശ്ശേരി എരഞ്ഞോളി കുടക്കളത്ത് സ്റ്റീൽ ബോംബ് പൊട്ടി കുടക്കളം സ്വദേശി മരണപ്പെട്ടതിനെത്തുടർന്ന് ജനങ്ങളിൽ ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ സണ്ണി ജോസഫ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കണ്ണൂർ കുടക്കളം സ്വദേശി വേലായുധൻ 18-06-2024-ന് ഉച്ചയ്ക്ക് 12 മണിയോടെ വീടിന് സമീപത്തെ കണ്ണോളി മോഹനൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള ആളൊഴിഞ്ഞ പറമ്പിൽനിന്നും കിട്ടിയ സ്റ്റീൽ വസ്തു പരിശോധിക്കുന്നതിനിടെ പൊട്ടിത്തെറിച്ച് മരണപ്പെട്ട ദൗർഭാഗ്യകരമായ സംഭവമുണ്ടായി. പോലീസ് ഇക്കാര്യത്തിൽ അസ്വാഭാവിക മരണത്തിന് കേസെടുത്ത് Explosive Substances Act പ്രകാരമുള്ള

വകുപ്പുകൾ ഉൾക്കൊള്ളിച്ച് ക്രൈം നമ്പർ 607/2024 ആയി തലശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. പാനൂരിൽ ഈയിടെയുണ്ടായ ബോംബ് സ്ഫോടനത്തിൽ ഒരാൾ കൊല്ലപ്പെട്ട സംഭവത്തിൽ ഊർജിത അന്വേഷണം നടത്തി കുറ്റക്കാരെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതികളിലൊരാൾ മരണപ്പെട്ടിരുന്നു. മറ്റ് 14 പേരെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഫോടകവസ്തുക്കളുടെ നിർമ്മാണവും മറ്റും തടയുന്നതിന് ശക്തമായ നടപടികളും പരിശോധനയുമാണ് പോലീസ് നടത്തിവരുന്നത്. ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും അനധികൃത നിർമ്മാണവും ശേഖരണവും തടയുന്നതിനും കണ്ടെത്തുന്നതിനുമായി ക്വാറികൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിരന്തരം റെയ്ഡുകൾ നടത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. Bomb Detection & Disposal Squad, Dog Squad എന്നിവയെ ഉൾപ്പെടുത്തി വ്യാപക വാഹന പരിശോധനകളും പട്രോളിംഗും നടത്തിവരുന്നു. സംസ്ഥാനത്തെ സമാധാനാന്തരീക്ഷം തകർക്കാൻ ലക്ഷ്യമിട്ടുള്ള ഏതൊരു പ്രവൃത്തിയെയും തടയുന്നതിന് ശക്തമായ നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വെടിമരുന്നുകളും സ്ഫോടക സാമഗ്രികളും

ദുരുപയോഗംചെയ്ത് ബോംബ് നിർമ്മാണവും മറ്റുപ്രവൃത്തികളും നടത്തുന്നവർക്കെതിരായി മുഖം നോക്കാതെ നടപടിയെടുക്കാനും സംഭവങ്ങൾ അമർച്ച ചെയ്യാൻ ശക്തമായ നടപടികൾ സ്വീകരിക്കാനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ചില മേഖലകളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്ന പശ്ചാത്തലത്തിൽ പോലീസ് ഊർജിതമായ പരിശോധനകൾ നടത്തുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, കണ്ണൂർ ജില്ലയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമ്മതിക്കേണ്ടിവന്നിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സ്പീക്കറുടെയും എന്റേയും ജില്ലയാണ് കണ്ണൂർ. തലശ്ശേരിയിലെ സംഭവം ഒറ്റപ്പെട്ടതല്ല. 85 വയസ്സ് കഴിഞ്ഞ പാവപ്പെട്ട ഒരാളായിരുന്നു മരണപ്പെട്ട വേലായുധൻ. മോഹൻദാസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വീട് അദ്ദേഹത്തിന്റെ മരണശേഷം പൂട്ടിക്കിടക്കുകയാണ്. ചെറുപ്പകാലത്ത് ഒരു കെ.എസ്.യു. പ്രവർത്തകനായിരുന്നു മോഹൻദാസ്. മോഹൻദാസിന്റെ മരണശേഷം അദ്ദേഹത്തിന്റെ ഭാര്യ മറ്റൊരു വീട്ടിലാണ് താമസം. കർഷക സംഘത്തിന്റെ

ഓഫീസ്, പഞ്ചായത്ത് ഓഫീസ് തുടങ്ങിയവ അതിനടുത്തുണ്ട്. തേങ്ങ പെറുക്കിയെടുക്കുന്നതിന് പറമ്പിൽ കയറിയപ്പോഴാണ് അപകടം സംഭവിച്ച വ്യക്തിക്ക് ഒരു സ്റ്റീൽ വസ്തു ലഭിച്ചത്. അത് എന്താണെന്നറിയാതെ പൊട്ടിക്കാൻ ശ്രമിച്ചപ്പോഴാണ് സ്ഫോടനമുണ്ടാകുകയും കൈ നഷ്ടപ്പെട്ട അവസ്ഥയിൽ ഗുരുതരമായ പരിക്കുകളോടെ അദ്ദേഹം മരണപ്പെടുകയും ചെയ്തത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. സംഭവസ്ഥലത്ത് പൊലീസ് എത്തുന്നതിനുമുമ്പുതന്നെ അവിടെ സ്ഫോടകവസ്തുക്കൾ കൊണ്ടുവച്ച ആളുകൾ സ്ഥലത്തെത്തി അതിന്റെ അവശിഷ്ടങ്ങളും മറ്റും അവിടെനിന്ന് മാറ്റി തെളിവുകൾ നശിപ്പിച്ചിരുന്നു. ഇവിടെ മാത്രമല്ല പല സ്ഥലങ്ങളിലും ഇതാണ് സംഭവിക്കുന്നത്. രണ്ട് വർഷം മുമ്പ് എന്റെ നിയോജകമണ്ഡലത്തിലെ ചാവശ്ശേരിയിൽ ആസ്സാം സ്വദേശികളായ 45 വയസ്സുകാരനും 21 വയസ്സുള്ള അദ്ദേഹത്തിന്റെ മകനും ആക്രിസാധനങ്ങൾ പെറുക്കുന്നതിനിടയിൽ കിട്ടിയ സ്റ്റീൽ പാത്രം പൊട്ടിച്ചപ്പോൾ സ്ഫോടനമുണ്ടാകുകയും മരണപ്പെടുകയും ചെയ്തു. മരണപ്പെട്ടയാളുടെ സഹോദരൻ രണ്ട് മൃതദേഹങ്ങളുമായാണ് ആസ്സാമിലേയ്ക്ക് തിരിച്ച് പോയത്. ഈ വിഷയം അന്ന് സഭയിൽ അടിയന്തരപ്രമേയമായി ഞാൻ അവതരിപ്പിച്ചപ്പോഴും

പോലീസിന് നിർദേശം കൊടുത്തിട്ടുണ്ട് എന്നൊക്കെയുള്ള ഏകദേശം ഇതുപോലൊരു മറുപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയത്. പക്ഷെ ഇതെല്ലാം ആവർത്തിക്കുകയാണ്. എത്രയെത്ര സംഭവങ്ങളാണ് ഇവിടെ നടക്കുന്നത്! ഇതെല്ലാം അന്നും ചൂണ്ടിക്കാണിച്ചതാണ്. തില്ലങ്കേരിയിൽ ഓമന എന്ന തൊഴിലുറപ്പ് തൊഴിലാളി റോഡിന്റെ ഡ്രെയിനേജ് വൃത്തിയാക്കുന്നതിനിടയിൽ തുമ്പയിൽ എന്തോ തട്ടുകയും അത് പൊട്ടി അപകടമുണ്ടാകുകയും ചെയ്തു. അതിനുള്ളിൽ ബോംബാണുണ്ടായിരുന്നത്. ഇരിട്ടി ആശുപത്രിയിൽ ചികിത്സയിലായിരുന്ന അവർക്ക് പിന്നീട് തൊഴിലുറപ്പിന് പോകാൻ കഴിയാതായി. അവരുടെ അവസ്ഥയെക്കുറിച്ച് ചാനലുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. പാനൂരിൽ അമാവാസി എന്ന അന്യസംസ്ഥാന ബാലൻ കളിക്കുന്നതിനിടയിൽ ഒരു പാത്രം കിട്ടി. അത് അമ്മയായ കാളിയുടെ കൈയിൽ കൊടുത്തെങ്കിലും തുറക്കാൻ കഴിയാത്തതിനാൽ ആ ബാലൻ തന്നെ അത് കുത്തിപ്പൊട്ടിച്ചു. അതിനിടയിൽ സ്ഫോടനമുണ്ടാകുകയും കുട്ടിയുടെ കണ്ണും കൈയും നഷ്ടപ്പെടുകയും ചെയ്തു. പിന്നീട് നാട്ടുകാർ പിരിവെടുത്താണ് അമാവാസിയെ ചികിത്സിച്ചത്. ഈ കുട്ടിക്കാണ് സുഗതകുമാരി ടീച്ചർ പൂർണ്ണചന്ദ്രൻ എന്ന പേര്

നൽകിയത്. അതുപോലെ പാനൂരിൽ സി.പി.ഐ.(എം) പ്രവർത്തകനായ, നമുക്കെല്ലാം അറിയാവുന്ന ഒരു സ്കൂൾ അധ്യാപകൻ സ്റ്റാഫ് റൂമിൽ സൂക്ഷിച്ചിരുന്ന ബാഗിൽനിന്ന് ബോംബ് പൊട്ടുകയുണ്ടായി. ചാവശ്ശേരിയിൽ പടിക്കച്ചാലിൽ ശ്രീധരൻ എന്നയാളുടെ വീടിനടുത്ത് ബോംബ് സ്ഫോടനമുണ്ടായി. സംഭവസ്ഥലത്തെത്തിയ ടിയാനും പരിക്കേറ്റ് കാൽ നഷ്ടപ്പെട്ടു. പെരിങ്ങത്തൂർ പാലത്തിനടിയിൽ സൂക്ഷിച്ചിരുന്ന ബോംബ് അന്യസംസ്ഥാനത്തെ ഒരു കുട്ടി എന്താണെന്നറിയാതെ എടുത്ത് കൈകാര്യം ചെയ്തപ്പോൾ ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. ഇതുപോലെ എത്രയെത്ര സംഭവങ്ങളാണുള്ളത്! ഇരിട്ടിയിൽ ഒരു ബി.ജെ.പി. പ്രവർത്തകൻ പട്ടാളത്തിൽ പോകാനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി വീട്ടുപറമ്പിലോ പുറത്തോ സൂക്ഷിച്ചിരുന്ന ബോംബ് നിർവീര്യമാക്കാൻ ശ്രമിക്കുന്നതിനിടെ ബോംബ് പൊട്ടി കണ്ണും കാലും നഷ്ടപ്പെട്ടു. ഇതൊന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ല. ഇന്ത്യ കണ്ട ഏറ്റവും ശക്തമായ പാർലമെന്റ് ഇലക്ഷന്റെ ഭാഗമായി പ്രചാരണ പ്രവർത്തനങ്ങൾക്കിടയിലാണ് പാനൂരിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ ഷെറിൻ ബോംബ് നിർമ്മാണത്തിനിടെ മരണപ്പെട്ടത്. അത് സംശയാതീതമായി തെളിഞ്ഞ കാര്യമാണത്. പോലീസ്

കേസെടുക്കുമെന്ന് മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. ആദ്യം പാർട്ടിയുടെ നിലപാട് എന്തായിരുന്നു എന്നത് എല്ലാവർക്കുമറിയാം. ബഹുമാന്യനായ എം. വി. ഗോവിന്ദൻ മാസ്റ്റർ ഡി.വൈ.എഫ്.ഐ.-യെ തള്ളിപ്പറഞ്ഞു. പരിക്കുപറ്റിയ ആളെ ആദ്യം കോഴിക്കോട് ആശുപത്രിയിൽ കൊണ്ടുപോകുകയും പിന്നീട് സി.പി.ഐ.(എം) നിയന്ത്രണത്തിലുള്ള തലശ്ശേരി സഹകരണ ആശുപത്രിയിലേയ്ക്ക് മാറ്റുകയും ചെയ്തു. പരിക്കുപറ്റിയ ആളുകളെ രഹസ്യമായാണ് ചികിത്സിക്കുന്നത്. പത്രക്കാർക്കോ ചാനലുകാർക്കോ ബന്ധുകൾക്കോ പോലും കാണാൻ കഴിയില്ല. പാർട്ടി നേതാക്കന്മാർ തെളിവ് നശിപ്പിക്കുന്നതിന്റെ ഭാഗമായാണ് ചികിത്സപോലും ക്രമീകരിക്കുന്നത്. ഇതൊക്കെ എല്ലാവർക്കുമറിയാം. പാനൂർ ചെറ്റക്കണ്ടിയിൽ സി.പി.ഐ.(എം) പ്രവർത്തകരായ ഷൈജു, സുബീഷ് എന്നിവർ 2015-ൽ ബോംബ് നിർമ്മാണത്തിനിടെ മരണപ്പെട്ടു. ഇക്കാര്യം അന്ന് സഭയിൽ സബ്മിഷനായി അവതരിപ്പിച്ചത് ഞാനാണ്. സി.പി.ഐ.(എം) പ്രവർത്തകരാണെന്നത് അന്ന് നിഷേധിക്കുകയുണ്ടായി. എന്നാൽ പിന്നീട് പാർട്ടി ഇവരെ രക്തസാക്ഷികളായി പ്രഖ്യാപിക്കുകയും അവിടെ സി.പി.ഐ.(എം) അവർക്കായി സ്മാരകം

നിർമ്മിക്കുകയും ചെയ്തു. അതിന്റെ ഉദ്ഘാടനത്തിന് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പങ്കെടുക്കുന്നതായി നോട്ടീസും അച്ചടിച്ചിരുന്നെങ്കിലും മാധ്യമങ്ങളിലൂടെയും അല്ലാതെയുമുള്ള അതിശക്തവും വ്യാപകവുമായ പ്രതിഷേധത്തെത്തുടർന്ന് അദ്ദേഹം അതിൽ പങ്കെടുത്തില്ല. പകരം ജില്ലാ സെക്രട്ടറി സഖാവ് എം.വി. ജയരാജൻ സ്മാരകം ഉദ്ഘാടനം ചെയ്തു. ബോംബ് നിർമ്മാണത്തിനിടെ മരണപ്പെട്ടവർക്കാണ് സ്മാരകം എന്ന് പ്രത്യേകം ഓർക്കണം. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുടിയാന്മലയിലെ സി.പി.ഐ.(എം) ജില്ലാ സെക്രട്ടേറിയറ്റ് അംഗം കെ. എം. ജോസഫിന്റെ വീട്ടിൽ ബോംബ് നിർമ്മിക്കുന്നതിനിടയിൽ സ്ഫോടനമുണ്ടായി. ഇന്നത്തെ മുഖ്യമന്ത്രി അന്നത്തെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി സ്ഥാനത്തായിരുന്നു. പാർട്ടിക്ക് ഉത്തരവാദിത്വമില്ലെന്ന് കാണിച്ച് അദ്ദേഹം ആ സംഭവത്തെ തള്ളിപ്പറഞ്ഞു. വീട് വൃത്തിയാക്കുന്നതിനിടയിലെ സംഭവമാണെന്ന് ജില്ലാ കമ്മിറ്റി പ്രസ്താവനയുമിറക്കി. പിന്നീട് ഒരുമാസത്തിനുള്ളിൽ ഇന്നത്തെ മുഖ്യമന്ത്രിയായ അന്നത്തെ പാർട്ടി സെക്രട്ടറി മരണപ്പെട്ടവരുടെ കുടുംബങ്ങൾ സന്ദർശിച്ച് അവരെ രക്തസാക്ഷികളായി പ്രഖ്യാപിച്ച് കുടുംബസഹായ ഫണ്ട്

നൽകി. ഇതിനെക്കുറിച്ചെല്ലാം വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്. കതിരൂർ പുല്ല്യോട് എന്ന സ്ഥലത്ത് ബോംബ് നിർമ്മാണത്തിനിടെ രണ്ട് സി.പി.ഐ.(എം) പ്രവർത്തകർ മരണപ്പെടുകയുണ്ടായി. കൊളാരിയിൽ ബോംബ് നിർമ്മിക്കുന്നതിനിടയിൽ ഒരു സി.പി.ഐ.(എം) പ്രവർത്തകൻ മരിച്ചു. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്..

ശ്രീ. സണ്ണി ജോസഫ്: സർ, ചെറുവാഞ്ചേരിയിലും പൊയിലൂരിലും ബോംബ് നിർമ്മിക്കുന്നതിനിടെ ബി.ജെ.പി. പ്രവർത്തകരും മരണപ്പെട്ടിട്ടുണ്ട്. ഇതെല്ലാം കേൾക്കാൻ പ്രയാസമുണ്ടാകുമെന്ന് അറിയാം. ശ്രീ. പി. ജയരാജന്റെ മകന് ബോംബ് നിർമ്മിക്കുന്നതിനിടെ പരിക്കുപറ്റി. വിഷുവിന് പടക്കമുണ്ടാക്കിയപ്പോൾ പറ്റിയതാണെന്നാണ് ആദ്യം പറഞ്ഞത്. പത്രക്കാരും നാട്ടുകാരും പ്രതിപക്ഷവും അതിനെക്കുറിച്ച് നിരന്തരം ചോദ്യങ്ങൾ ചോദിച്ചിരുന്നു.

<u>മി.സ്പീക്കർ:</u> പത്തുപതിനഞ്ച് വർഷം മുമ്പുള്ള ചരിത്രം സൂചിപ്പിക്കുന്നതിനുള്ളതല്ല അടിയന്തരപ്രമേയം. അടിയന്തര വിഷയങ്ങൾ സംസാരിക്കാനുള്ള സമയമാണ്.

<u>ശ്രീ. സണ്ണി ജോസഫ്:</u> സി.പി.ഐ.(എം)-കാർക്ക് സഹിഷ്ണുതയോടെ ഇത് കേൾക്കാൻ കഴിയില്ല. ഇവിടെ സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി ചേരുകയാണോ? പ്രതിപക്ഷം ഇവിടെ പറഞ്ഞ കാര്യങ്ങൾ വസ്തുനിഷ്ഠമാണോയെന്ന് പരിശോധിക്കാൻ സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി വേദിയാക്കണം. ഞാൻ വെല്ലുവിളിക്കുകയാണ്, ആവശ്യപ്പെടുകയാണ്, അഭ്യർഥിക്കുകയാണ്, നിങ്ങൾ അതിന് തയ്യാറാകണം. ഇവിടെ അല്ലെങ്കിൽ പിന്നെ ഞങ്ങൾ എവിടെയാണ് ചർച്ച ചെയ്യേണ്ടത്? ഇവിടെ ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. തെരഞ്ഞെടുപ്പിനുശേഷം സി.പി.ഐ.(എം) പ്രവർത്തകർ കക്കട്ടിൽ ആർ.എം.പി. പ്രവർത്തകന്റെയും മണിയൂരിൽ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി സെക്രട്ടറിയുടെയും കുത്തുപറമ്പിൽ വനിതാ ലീഗ് പ്രവർത്തകയുടെയും

വീടിനുനേരെ ബോംബെറിഞ്ഞു. ഈ സംഭവങ്ങളിലെല്ലാം പോലീസ് കേസ് രജിസ്റ്റർ ചെയ്തു. പക്ഷേ ഒരു പ്രതിയെപ്പോലും ഇതുവരെ പിടികൂടാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ അസംബ്ലി തിരഞ്ഞെടുപ്പിനുശേഷം പാനൂരിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ മൺസൂർ എന്ന മുസ്ലീംലീഗ് പ്രവർത്തകനെ സി.പി.ഐ.(എം) പ്രവർത്തകർ ബോംബെറിഞ്ഞ് കൊലപ്പെടുത്തി. കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ ബോംബ് നിർമ്മിക്കുന്നത് സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിലാണെന്ന് തെളിഞ്ഞതാണ്. പ്രതികൾക്കെല്ലാം പാർട്ടി നേതൃത്വമാണ് ഒത്താശ ചെയ്യുന്നത്. ഫണ്ട് കൊടുക്കുന്നു, സ്മാരകങ്ങൾ നിർമ്മിക്കുന്നു, കേസുകൾ ഇല്ലാതാക്കുന്നു, തെളിവുകൾ നശിപ്പിക്കുന്നു, പോലീസിനെ നിർവീര്യമാക്കുന്നു. പോലീസ് അനേകം സംഭവങ്ങളിൽ ബോംബുകൾ കണ്ടെത്തിയിട്ടുണ്ട്. നിയമസഭയിൽ ഞങ്ങളുടെ ചോദ്യത്തിന് നിരവധി സംഭവങ്ങളിൽ ബോംബ് കിട്ടിയിട്ടുണ്ടെന്ന് മുഖ്യമന്ത്രിയും മറുപടി

നൽകിയിട്ടുണ്ട്. ഏതെങ്കിലുമൊരു സംഭവത്തിൽ ഈ ബോംബ് എവിടെവച്ച് നിർമ്മിച്ചുവെന്നോ ആര് നിർമ്മിച്ചുവെന്നോ കണ്ടെത്തിയിട്ടുണ്ടോ? തലശ്ശേരിയിലെ കതിരൂരിൽ എരഞ്ഞോളിയെന്ന സ്ഥലത്ത് തോടിന് കുറുകെ പാലം വച്ച് കുടിലുകൾ കെട്ടിയിട്ട് അവിടെ വച്ചാണ് ബോംബ് നിർമ്മിക്കുന്നത്. ആ സ്ഥലം ഞാൻ പോയി കണ്ടു. ശ്രീ. ഷാഫി പറമ്പിലും അങ്ങോട്ട് പോയിട്ടുണ്ട്. ഇന്നലെ ഡി.സി.സി. പ്രസിഡന്റും പോയി കണ്ടിരുന്നു. അങ്ങേയ്ക്കറിയാം, കൈയ്ക്ക് പരിക്കുപറ്റിയ പയ്യന്റെ വീട് മാഹിയിലാണ്. തലശ്ശേരിയിലെ കതിരൂരിൽ വന്ന് മാഹിക്കാരൻ ബോംബ് നിർമ്മിക്കണമെങ്കിൽ അതിന് നേതൃത്വത്തിന്റെ ഒത്താശയുണ്ട്, പണവും സാധനസാമഗ്രികളും പ്രോത്സാഹനവും നൽകുന്നുണ്ട്, ഗൂഢാലോചന നടത്തുന്നുണ്ട്. അതുകൊണ്ട് ആരെ ലക്ഷ്യം വച്ചാണ് ബോംബുകൾ നിർമ്മിക്കുന്നതെന്നും ആർക്കുനേരെ എറിയാനാണെന്നും കണ്ടെത്തി യഥാർഥ പ്രതികളെ പിടികൂടാൻ കഴിയണം. ഷെറിൻ മരിച്ച സംഭവത്തിലും കൂത്തുപറമ്പ്, വടകര തിരഞ്ഞെടുപ്പിലും ആർക്കെതിരെ ഉപയോഗിക്കാനാണ് ഈ ബോംബുകൾ നിർമ്മിച്ചതെന്ന് കണ്ടെത്തണം. ചിഹ്നം നഷ്ടപ്പെട്ടാൽ

ഈനാംപേച്ചിയെയും മരപ്പട്ടിയെയും ചിഹ്നമാക്കേണ്ടിവരുമെന്ന് ശ്രീ. എ. കെ. ബാലൻ വേവലാതിപ്പെട്ടപ്പോൾ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞത് അങ്ങനെ ചിഹ്നം നഷ്ടപ്പെട്ടാൽ ബോംബ് ചിഹ്നമാക്കാമെന്നാണ്. അദ്ദേഹത്തിന് മുഖ്യമന്ത്രിയുടെ പാർട്ടിയെ ആക്ഷേപിച്ച് അങ്ങനെ പറയേണ്ടിവന്നു. നിങ്ങൾ ബോംബ് നിർമ്മാണം ആയുധമാക്കുന്നു, അതിനെ പ്രോത്സാഹിപ്പിക്കുന്നു, ന്യായീകരിക്കുന്നു, കേസുകളിൽനിന്നും പ്രതികളെ രക്ഷിക്കുന്നു, പണം നൽകുന്നു, രക്ഷസാക്ഷികളെ സൃഷ്ടിക്കുന്നു, അതിനെ ബഹുമതിയാക്കി മാറ്റുന്നു. ഇത് നിങ്ങൾ അവസാനിപ്പിക്കണം. ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയും ബോംബ് നിർമ്മാണം തടയുകയും യഥാർഥ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരികയും ചെയ്യണം. പരിക്കുപറ്റി മരണപ്പെട്ട വേലായുധന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണം. ഗൗരവമേറിയ ഈ വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം കണ്ണൂർ ജില്ലയിലെ ബോംബുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിശദമാക്കാൻ ശ്രമിച്ചത്. ഞാൻ ചരിത്രത്തിലേക്കൊന്നും ഇപ്പോൾ പോകാൻ

ഉദ്ദേശിക്കുന്നില്ല. ചരിത്രം പരിശോധിച്ചാൽ എവിടെ നിന്നാണ് ബോംബിന്റെ തുടക്കമെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്; ഇപ്പോൾ സംസാരിച്ച വ്യക്തിക്ക് അറിയില്ലായിരിക്കാം. എന്നാൽ നേരത്തെ സംസാരിച്ച ആളിന് അറിയാം. പന്തക്കപ്പാറയിലെ കുളങ്ങരത്ത് രാഘവനെക്കുറിച്ച് ഇനിയും ഞാൻ കൂടുതൽ പറയണമോ? കുളങ്ങരത്ത് രാഘവൻ എന്നുപറയുന്നത് അന്നത്തെ ആക്രമണത്തിൽ കൊലചെയ്യപ്പെട്ട വ്യക്തിയാണ്. ബീഡി തൊഴിലാളിയായിരുന്ന അദ്ദേഹം ബീഡി തെറുത്തുകൊണ്ടിരുന്നപ്പോഴാണ് ഒരുസംഘം ആളുകൾ ചെറിയൊരു ബാഗിൽ ബോംബ് കൊണ്ടുവന്ന് എറിഞ്ഞുകൊല്ലുന്നത്. ബഹുമാനപ്പെട്ട അംഗത്തിന് അക്കാര്യം അറിയാതിരിക്കാൻ വഴിയില്ല. അവിടെനിന്നാണ് തുടക്കം. അതുവരെ കണ്ണൂർ ജില്ലയിൽ ബോംബെന്ന് പറയുന്നത് എന്താണെന്ന് സാധാരണഗതിയിൽ ആർക്കും അറിയില്ലായിരുന്നു. പിന്നീടത് എവിടെ വരെയെത്തി? അവസാനം ഡി.സി.സി. ഓഫീസിൽ പലതരം ബോംബുകൾ പ്രദർശിപ്പിക്കുന്ന സ്ഥിതിവരെയുണ്ടായി. ഉത്തരവാദപ്പെട്ട മാധ്യമങ്ങൾ ചെന്നപ്പോൾ ആ മാധ്യമങ്ങളുടെ മുമ്പിൽ കാണിക്കുകയും അവർ റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

ഇത് പുക മാത്രം വരുന്ന മാരകശേഷിയുള്ള ബോംബാണെന്നുപറഞ്ഞ് മൂന്നാല് ബോംബുകൾ കാണിക്കുകയുണ്ടായി. അത് ഡി.സി.സി. ഓഫീസിലായിരുന്നു. ഇതിൽ നിന്നെല്ലാം മാറി കണ്ണൂർ ജില്ലയിൽ പഴയ കാലത്തെ അപേക്ഷിച്ച് വലിയ മാറ്റങ്ങൾ പിന്നീട് വന്നില്ലേ? ഇപ്പോൾ സമാധാനപരമായ അന്തരീക്ഷം പൊതുവേ നിലനിൽക്കുന്ന ജില്ലയാണ് കണ്ണൂർ. ഇത്തരമൊരു ബോംബ് നിർമ്മിക്കുന്ന സാഹചര്യം അവിടെ ഇപ്പോൾ നിലനിൽക്കുന്നില്ല. സമൂഹത്തിൽ ബോംബ് നിർമ്മിക്കുന്ന പ്രക്രിയയുണ്ടായിരിക്കും. അതിനോട് ഒരുതരത്തിലുമുള്ള വിട്ടുവീഴ്ച മനോഭാവം സർക്കാർ കാണിക്കുന്നില്ല. പാനൂരിലെ സംഭവം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. കർക്കശ നടപടിയാണ് അതിനെതിരെ സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ഹതഭാഗ്യനായ വളരെ പ്രായമുള്ള വ്യക്തി മരണപ്പെടുന്ന സാഹചര്യമാണുണ്ടായത്. തീർത്തും സംഭവിക്കാൻ പാടില്ലാത്ത കാര്യമാണത്. അതിന് അങ്ങ് പറഞ്ഞതുപോലെ മോഹനന് യാതൊരു ബന്ധവുമില്ല. പറമ്പ് അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്നേയുള്ളൂ. ആ സംഭവം ഗൗരവമായി

അന്വേഷിക്കും. എവിടെ നിന്നാണ് അത്തരത്തിലൊരു ബോംബ് എത്തിച്ചേർന്നതെന്ന് അന്വേഷിക്കും. അങ്ങ് നേരത്തെ പറഞ്ഞ കാര്യം ശരിയല്ല. ഒരു പ്രദേശത്ത് ഇത്തരം സംഭവമുണ്ടാകുമ്പോൾ ആളുകൾ ഓടിക്കൂടും, അത് തെളിവുകൾ നശിപ്പിക്കാനല്ല. നാട്ടിൻപുറങ്ങളിൽ ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ ആളുകൾ ഓടിക്കൂടാറുണ്ട്. പോലീസ് ഉടൻതന്നെ അവിടെ എത്തുകയുണ്ടായി. അവിടെ തെളിവുകൾ നശിപ്പിക്കുന്ന നടപടികളൊന്നും നാട്ടുകാർ സ്വീകരിച്ചിട്ടില്ല, അതിന് കഴിയുകയുമില്ല. ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ ഏതെങ്കിലുമൊരു കൂട്ടർ വരണമെന്നോ വരണ്ടെന്നോ പറയുന്ന അവസ്ഥ ഉണ്ടാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഗൗരവമായ അന്വേഷണം നടത്തി ഇതിന്റെ ഉറവിടം കണ്ടെത്തും. അങ്ങ് സംസാരിച്ചപ്പോൾ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയെ കുറ്റപ്പെടുത്തുകയുണ്ടായി. അങ്ങയുടെ ഭാഗത്തുനിന്നും അങ്ങനെ ഉണ്ടാകാൻ പാടില്ലായിരുന്നു. തലശ്ശേരി സഹകരണ ആശുപത്രി സി.പി.ഐ.(എം)-കാരെ മാത്രം ചികിത്സിക്കുന്ന കേന്ദ്രമായാണ് അങ്ങ് ചിത്രീകരിക്കാൻ ശ്രമിച്ചത്. എല്ലാവരും ചികിത്സയ്ക്ക് ആശ്രയിക്കുന്ന ആശുപത്രിയാണത്.

തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ കോൺഗ്രസ്സുകാർക്ക് മാത്രമാണോ ചികിത്സ ലഭിക്കുന്നത്? നാട്ടുകാർ രാഷ്ട്രീയ ഭേദമെന്യേ ആശുപത്രികളെ ആശ്രയിക്കാറുണ്ട്. അങ്ങ് എന്തുകൊണ്ടാണ് അങ്ങനെ ചിത്രീകരിച്ചതെന്ന് മനസ്സിലാകുന്നില്ല. അത് ചികിത്സ നൽകുന്ന സ്ഥലമാണ്, കുറ്റവാളികൾക്ക് സംരക്ഷണം ഒരുക്കുന്ന കേന്ദ്രമല്ലെന്ന് ഇതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയാൻ കഴിയും. ഈ സംഭവം അതീവ ഗൗരവമായാണ് സർക്കാർ കാണുന്നത്. നേരത്തെ പാനൂരിലും ഇപ്പോൾ എരഞ്ഞോളിയിലും ബോംബ് പൊട്ടിയിരിക്കുന്നു. ബോംബിനെപ്പറ്റിയുള്ള ഗൗരവമായ അന്വേഷണം നടക്കും. ഇതുമാത്രമല്ല മറ്റെവിടെയെങ്കിലും ബോംബുണ്ടോയെന്നും ഇത്തരം ശ്രമങ്ങൾ നടക്കുന്നുണ്ടോയെന്നും ഗൗരവമായി അന്വേഷിച്ച് നടപടിയെടുക്കും. അക്കാര്യത്തിൽ പോലീസിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ പള്ളിയിൽ നടന്ന ആക്രമണം ഓർമ്മയില്ലേ? എങ്ങനെയാണ് അയാൾ ആ കൃത്യം ചെയ്യാൻ പഠിച്ചതെന്നുള്ള വിവരങ്ങൾ പിന്നീട് പുറത്തുവന്നല്ലോ. അതാണ് ഇന്നത്തെ കാലം. ഇതിന്റെ ഭാഗമായി പലരും പലതരത്തിലുള്ള

പരിശീലനങ്ങളും പ്രയോഗങ്ങളും നടത്തുന്നുണ്ടെന്നാണ് തോന്നുന്നത്. അതൊക്കെ പോലീസ് അന്വേഷിച്ച് കണ്ടെത്തട്ടെ. രാഷ്ട്രീയ നിറം ചാർത്തി എല്ലാം രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമാണെന്ന് സ്ഥാപിക്കാനല്ല നമ്മൾ ശ്രമിക്കേണ്ടത്. ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ മുഖം നോക്കാതെയുള്ള നടപടിയുണ്ടാകും, ഗൗരവമായ ഇടപെടൽ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകും. വേണമെങ്കിൽ റെയ്ഡ് അടക്കം നടത്താനുള്ള നടപടികൾ സ്വീകരിക്കും. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും അങ്ങയുടെ പാർട്ടിയോടും ചോദിക്കാനുള്ളത് നിങ്ങൾ ഏത് ഇരുണ്ട യുഗത്തിലാണ് ജീവിക്കുന്നതെന്നാണ്. നമ്മൾ ജീവിക്കുന്ന

കാലവുമായി നിങ്ങൾക്ക് യാതൊരു ബന്ധവുമില്ല. നിങ്ങൾക്ക് കണക്കില്ല, ഇരുപത്തിയഞ്ചോ അമ്പതോ കൊല്ലം മുമ്പുള്ള സാഹചര്യത്തിലാണ് ഇപ്പോഴും നിങ്ങൾ ജീവിക്കുന്നത്. പാർട്ടി ഗ്രാമങ്ങളിൽ കുടിൽ വ്യവസായംപോലെ ബോംബുണ്ടാക്കുകയാണ്. എത്ര നിരപരാധികളാണ് കൊല ചെയ്യപ്പെട്ടതെന്നും സ്വന്തം പാർട്ടിയിലെ എത്ര പേരാണ് കൊല ചെയ്യപ്പെട്ടതെന്നും എത്ര പേരുടെ കൈയും കാലുമാണ് നഷ്ടപ്പെട്ടതെന്നുമാണ് ഞാൻ ചോദിക്കുന്നത്. എത്രയോ നിരപരാധികളായ മനുഷ്യരാണ് കൊല ചെയ്യപ്പെട്ടത്! ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചതുപോലെ തൊഴിലുറപ്പ് തൊഴിലാളിയായ സ്ത്രീയും പറമ്പിൽ കളിച്ചുകൊണ്ടിരുന്ന കുട്ടികളും ഉൾപ്പെടെ നിരവധി പേർക്ക് പരിക്കേൽക്കുകയും മരണപ്പെടുകയുമുണ്ടായി. ആക്രി പെറുക്കാൻ പോയ ആസ്സാം സ്വദേശികളായ പിതാവും മകനും ഉൾപ്പെടെ എത്ര മനുഷ്യരാണ് ഈ അപകടത്തിൽപ്പെട്ടത്? എന്റെ കൈയിൽ പരിക്കേറ്റ കുഞ്ഞുങ്ങളുടെയും മരിച്ചവരുടെയും ലിസ്റ്റുണ്ട്. അതിൽ 5 വയസ്സുള്ള കുട്ടികളുണ്ട്. ക്രിക്കറ്റ് ഗ്രൗണ്ടിൽ കളിച്ചുകൊണ്ടിരുന്ന കുട്ടികളുടെ ബാൾ കാട്ടിലേയ്ക്ക് തെറിച്ച് പോയപ്പോൾ അതെടുക്കാൻ പോയ കുഞ്ഞുങ്ങളുൾപ്പെടെ

അതിലുണ്ട്. ഐസ്ക്രീം ബോക്സിൽ വച്ചിരുന്ന ബോംബ് ഐസ്ക്രീമാണെന്ന് കരുതി തുറന്നുനോക്കി അപകടത്തിൽപ്പെട്ട കുട്ടികളുണ്ട്. എല്ലാ സ്ഥലത്തും സ്റ്റീൽ ബോംബുണ്ടാക്കി വയ്ക്കുകയാണോ? ഈ പ്രത്യേക സാഹചര്യത്തിൽ സർക്കാർ ഒരു കാര്യം ചെയ്യണം, സ്റ്റീൽ പാത്രങ്ങൾ കണ്ടാൽ തുറന്ന് നോക്കരുതെന്ന നിർദേശം കണ്ണൂരിലെ ജനങ്ങൾക്ക് നൽകണം. ദുരൂഹമായ സാഹചര്യത്തിൽ കാണുന്ന സ്റ്റീൽ പാത്രങ്ങൾ ആരും തുറന്ന് നോക്കരുതെന്ന് പറയണം. ഇപ്പോൾ മരിച്ച വയോധികൻ 85-നും 90-നുമിടയിൽ പ്രായമുള്ള ആളാണ്. പറമ്പിൽ തേങ്ങയെടുക്കാൻ പോയപ്പോൾ കണ്ട സ്റ്റീൽ പാത്രത്തിൽ എന്താണെന്ന് പൊട്ടിച്ച് നോക്കിയതാണ്. മുഖം വികൃതമായി എത്ര ക്രൂരമായ രീതിയിലാണ് ആ നിരപരാധി കൊലചെയ്യപ്പെട്ടത്? നിങ്ങൾ ആർക്കെതിരായാണ് ബോംബുണ്ടാക്കുന്നത്? ഈ സംഭവമെന്താണെന്ന് മുഖ്യമന്ത്രിക്കുവരെ കൃത്യമായി അറിയാം. രണ്ട് പാർട്ടി ഗ്രാമങ്ങളിലുണ്ടായ, പാർട്ടിയുടെതന്നെ രണ്ട് ഗ്രൂപ്പുകൾ തമ്മിലുണ്ടായ സംഘർഷമാണ്. നേരത്തെ കടക്കുളത്തുനിന്ന് വന്നവരെ ഉത്സവ സ്ഥലത്തുവച്ച് മർദിച്ചിരുന്നു. അവർ കേസ് കഴിഞ്ഞ് പുറത്തുവരികയും കർഷക സംഘത്തിന്റെ ഓഫീസിൽ വന്ന്

'നിന്നെയെല്ലാം ശരിപ്പെടുത്തുമെന്ന്' ഭീക്ഷണിപ്പെടുത്തുകയും ചെയ്തു. അവർ വീണ്ടും ആക്രമിക്കാൻ വരുമ്പോൾ സ്വന്തം പാർട്ടിക്കാരെത്തന്നെ എറിയാൻ വേണ്ടി ഉണ്ടാക്കിയ ബോംബാണിതെന്ന് ആർക്കാണ് അറിയാത്തത്? ഇത് അങ്ങാടിപ്പാട്ടാണ്. സി.പി.ഐ.(എം)-ന്റെ നേതാക്കൾതന്നെ പ്രോത്സാഹിപ്പിക്കുകയും പിന്തുണ നൽകുകയും കുട പിടിച്ചുകൊടുക്കുകയും ചെയ്യുന്ന രണ്ട് ക്രിമിനൽ സംഘങ്ങളാണ് ഏറ്റുമുട്ടിയത്. അവർ പകരം ചോദിക്കാൻ വരുമ്പോൾ അവരെ എറിയുന്നതിനായി കർഷക സംഘത്തിന്റെ ഓഫീസിന്റെ പുറകിൽ ബോംബുണ്ടാക്കി വച്ചതാണ്. എവിടെയാണ് ഇത് നടക്കുന്നത്; എത് ലോകത്താണ് നിങ്ങൾ ജീവിക്കുന്നത്? പാനൂരിൽ തുടർച്ചയായി ബോംബ് സ്ഫോടനമുണ്ടായി. തിരഞ്ഞെടുപ്പ് കാലത്തും ബോംബ് സ്ഫോടനമുണ്ടായി. നിങ്ങൾ ആർ.എസ്.എസ്.-കാരെ എറിയാൻ വച്ചതല്ലെന്ന് ഞങ്ങൾക്കെല്ലാവർക്കും അറിയാം. അങ്ങ് നേരത്തെ വളരെ അഭിമാനത്തോടെ പറഞ്ഞത് അങ്ങ് വന്നതിനുശേഷം സംഘർഷമൊന്നും ഉണ്ടായിട്ടില്ലെന്നാണ്. കാരണം, മസ്ക്കറ്റ് ഹോട്ടലിൽ വച്ച് ആർ.എസ്.എസ്. നേതാക്കളുമായി രഹസ്യമായി ചർച്ച നടത്തി എല്ലാ

പ്രശ്നങ്ങളും തീർക്കുകയും നിങ്ങൾ തമ്മിൽ സ്നേഹത്തിലാകുകയും ചെയ്തു. വഴക്കുണ്ടാകുന്നില്ലെന്നത് നല്ല കാര്യമാണ്. പിന്നെ ആർക്കെതിരെയാണ് തിരഞ്ഞെടുപ്പ് കാലത്ത് ബോംബുണ്ടാക്കിയത്? ഈ പാവങ്ങളെ എറിയാനാണോ? 2019-ൽ തിരഞ്ഞെടുപ്പ് കഴിഞ്ഞതിന്റെ പിറ്റേദിവസമാണ് മുസ്ലീംലീഗ് പ്രവർത്തകനെ പാനൂരിൽ ബോംബെറിഞ്ഞ് കൊലപ്പെടുത്തിയത്. അതുപോലെ ആരെ കൊല്ലാനാണ് തിരഞ്ഞെടുപ്പ് സമയത്ത് ബോംബുണ്ടാക്കി വച്ചത്? .....(ബഹളം).......

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.... ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കു. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, പാനൂരിലെ ഷെറിൻ കൊല്ലപ്പെട്ടപ്പോൾ അറസ്റ്റിലായത് മുഴുവൻ ഡി.വൈ.എഫ്.ഐ. പ്രവർത്തകരാണ്. നിങ്ങളുടെ പാർട്ടി സെക്രട്ടറി തിരഞ്ഞെടുപ്പ് കാലത്ത് അവിടെ പോയി പറഞ്ഞതെന്താണ്? നിങ്ങളുടെ പോലീസ് മന:പൂർവം അവരെ പ്രതിയാക്കിയതാണ് എന്നാണ്. ബോംബ് പൊട്ടിയപ്പോൾ സന്നദ്ധ പ്രവർത്തനത്തിന് ഓടിയെത്തിയ ഡി.വൈ.എഫ്.ഐ. പ്രവർത്തകനെ

പ്രതിയാക്കിയെന്നാണ് പാർട്ടി സംസ്ഥാന സെക്രട്ടറി ആക്ഷേപിച്ചത്. നിങ്ങളുടെ പോലീസിനെയാണ് അദ്ദേഹം ആക്ഷേപിച്ചത്. ബോംബ് നിർമ്മാണത്തിന് എന്നുമുതലാണ് സന്നദ്ധ പ്രവർത്തനമെന്ന ഓമനപ്പേരിട്ട് നിങ്ങളുടെ പാർട്ടി വിളിക്കാൻ തുടങ്ങിയത്? ബോംബ് നിർമ്മാണത്തിന് പോലീസ് അറസ്റ്റ് ചെയ്തവനെ സന്നദ്ധ പ്രവർത്തനത്തിന് വന്നതാണെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി പറയുകയാണ്. ഏത് സംഭവമുണ്ടായാലും ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്ന് പറയും. രണ്ടോ മൂന്നോ കൊല്ലം കഴിയുമ്പോൾ ഒരു രക്തസാക്ഷി മണ്ഡപമുണ്ടാക്കി അവരുടെ കുടുംബത്തെ നിങ്ങൾ സഹായിക്കും. ഇത് നിങ്ങൾ സ്പോൺസർ ചെയ്യുന്ന ഏർപ്പാടല്ലേ? നിരപരാധികളെയും കുഞ്ഞുങ്ങളെയും കൊല്ലുന്ന ബോംബ് നിർമ്മാണമെന്ന ക്രിമിനൽ ആക്ടിവിറ്റി നടത്തുന്നവർ എങ്ങനെയാണ് ഒരു സുപ്രഭാതത്തിൽ പാർട്ടിയുടെ രക്തസാക്ഷികളായി മാറുന്നത്? ക്രിമിനലുകളെയാണോ പാർട്ടി രക്തസാക്ഷികളാക്കി മാറ്റുന്നത്? ബോംബ് നിർമ്മിക്കുന്ന ക്രിമിനൽ ആക്ടിവിറ്റി ചെയ്യുന്നയാൾ പിന്നീട് രക്തസാക്ഷിയായി മാറുന്നത് ലോകത്ത് എവിടെയെങ്കിലും കേട്ടുകേൾവിയുണ്ടോ?

തീവ്രവാദികൾക്കിടയിൽപ്പോലുമില്ലാത്ത സംഭവങ്ങളാണ് ഇവിടെ ഉണ്ടാകുന്നത്. നിങ്ങളിത് ഇപ്പോഴും പ്രോത്സാഹിപ്പിക്കുകയാണ്. കഴിഞ്ഞ ആറ് വർഷങ്ങളിലായി അങ്ങ് നൽകിയിട്ടുള്ള മറുപടി എന്റെ കൈയിലുണ്ട്. 32 ആളുകളാണ് ബോംബ് നിർമ്മാണത്തിനിടെ കൊലചെയ്യപ്പെട്ടത്. 89 ആളുകൾ കൈയും കാലും നഷ്ടപ്പെട്ടും മുഖം വികൃതമായും പരിക്കേറ്റും കിടക്കുകയാണ്. എവിടെയാണ് പോലീസ്? ഈ കേസിൽ പോലീസ് മൂന്ന് റിമാൻഡ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആദ്യത്തെ മൂന്ന് റിപ്പോർട്ടിലും രാഷ്ട്രീയ പ്രതിയോഗികളെ നേരിടാൻ വേണ്ടിയാണ് ബോംബുണ്ടാക്കിയതെന്ന് പറയുന്നുണ്ട്. നാലാമത്തെ റിപ്പോർട്ടിൽ അത് ഉത്സവത്തിലുണ്ടായ തർക്കമാണെന്ന് പറഞ്ഞു. മൂന്ന് റിമാൻഡ് റിപ്പോർട്ടുകൾ നൽകിയ പോലീസിനെക്കൊണ്ട് നാലാമത്തെ റിമാൻഡ് റിപ്പോർട്ട് മാറ്റി എഴുതിച്ചത് ആരാണ്; ഈ ക്രിമിനൽ ആക്ടിവിറ്റിയെ പ്രോത്സാഹിപ്പിക്കുന്നത് ആരാണ്; ഇതിന് സ്പോൺസർഷിപ്പ് നൽകുന്നത് ആരാണ്; രക്തസാക്ഷി മണ്ഡപമുണ്ടാക്കി അവരെ പൊതുജന മധ്യത്തിൽ ആദരിക്കാൻ പോകുന്നത് ആരാണ്? അപ്പോൾ നിങ്ങൾ അവരെ മഹത്വവത്കരിച്ച് മുന്നോട്ടുപോകുന്നത്

അവർക്ക് പ്രോത്സാഹനമായി മാറുകയാണ്. അങ്ങ് പറഞ്ഞതുപോലെ എറണാകുളത്ത് ബോംബെറിഞ്ഞവൻ സോഷ്യൽ മീഡിയയിലൂടെ കണ്ടുപഠിച്ച് ബോംബുണ്ടാക്കുന്നതുപോലെയാണോ കണ്ണൂരിൽ ബോംബുണ്ടാക്കുന്നത്? പാർട്ടി ഗ്രാമങ്ങളിൽ വേറെ ആർക്കും പ്രവേശനമില്ലാത്ത സ്ഥലങ്ങളിലാണ് ബോംബുണ്ടാക്കുന്നത്. ഈ സംഭവമുണ്ടായപ്പോൾ ഒരു സംഘം പ്രദേശം മുഴുവൻ വളയുകയും തെളിവുകൾ മുഴുവൻ മാറ്റുകയും ചെയ്തതിനുശേഷമാണ് പോലീസ് വരുന്നത്. ഇപ്പോഴത്തെ കാലത്ത് അതിനുശേഷമേ പോലീസിന് വരാൻ സാധിക്കുകയുള്ളൂ. പോലീസിനോട് അവിടെ നിൽക്കാൻ പറഞ്ഞാൽ അവിടെ നിൽക്കും. അവർ പറയുമ്പോഴാണ് പോലീസ് വന്ന് ഇതെല്ലാം ചെയ്യുന്നത്. ഇതാണ് എല്ലാ സ്ഥലത്തും നടന്നുകൊണ്ടിരിക്കുന്നത്. ഈ ക്രിമിനൽ സംഘങ്ങൾക്ക് സർക്കാർ ഒത്താശ ചെയ്യുകയാണ്. പോലീസിന് ഭയമാണ്. റെയ്ഡ് നടത്തുമെന്നും പിടിക്കുമെന്നും അങ്ങ് പറഞ്ഞു. റെയ്ഡും വാഹന പരിശോധനയും എവിടെയാണ് നടത്തിയത്? ഇപ്പോൾ പറമ്പിൽ ബോംബുണ്ടോ ഇല്ലയോയെന്ന് ആർക്കറിയാം? വീടിന്റെ മുമ്പിൽ 'പട്ടിയുണ്ട്

സൂക്ഷിക്കുക' എന്ന് ബോർഡ് വയ്ക്കുന്നതുപോലെ 'ഈ പറമ്പിൽ സ്റ്റീൽ ബോംബുണ്ട് സൂക്ഷിക്കുക' എന്നെഴുതി വയ്ക്കണം. ഇല്ലെങ്കിൽ പാവങ്ങൾ മരിക്കും, പറമ്പിൽ കളിച്ചുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങൾ മരിക്കും. ഇത്തരത്തിൽ മരിക്കുന്നവരുടെ എണ്ണം വർധിക്കുകയാണ്. നിങ്ങളിത് അവസാനിപ്പിക്കണം. ആയുധം താഴെ വച്ച് ബോംബ് നിർമ്മാണം അവസാനിപ്പിച്ച് ഒരു ഐഡിയോളജിക്കൽ ഫൈറ്റിലേക്ക് വരണം. പരിഷ്കൃത സമൂഹത്തിന് മുഴുവൻ അപമാനകരമായ കാര്യങ്ങളാണ് കേരളത്തിലെ സി.പി.ഐ.(എം) ചെയ്തുകൊണ്ടിരിക്കുന്നത്. ജനങ്ങൾ താക്കീത് നൽകിയിട്ടും ...(ബഹളം)...

മി. സ്പീക്കർ: പ്ലീസ്.... നിങ്ങൾ അവിടെയിരിക്കു. അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കെ.എസ്.ആർ.ടി.സി. ഡ്രൈവറെ റോഡിൽവച്ച് ഭീഷണിപ്പെടുത്തിയ കാര്യമല്ല, ബോംബ് നിർമ്മാണത്തെക്കുറിച്ചാണ് പറഞ്ഞത്. അതുകൊണ്ട് ഇത്ര ബഹളമുണ്ടാക്കേണ്ട ആവശ്യമില്ല. സർക്കാർ ക്രിമിനലുകളെ

പ്രോത്സാഹിപ്പിക്കുകയാണ്. സർക്കാരിന്റെയും പോലീസിന്റെയും ഒത്താശയോടുകൂടി ബോംബ് നിർമ്മാണം നടക്കുകയും നിരപരാധികൾ മരിക്കുകയും സംഘർഷങ്ങൾ ഉണ്ടാകുകയും ചെയ്യുന്ന ഈ സാഹചര്യത്തെ മറികടക്കുന്നതിനുള്ള ഒരു പ്രവൃത്തിയും സർക്കാരും പോലീസും ചെയ്യുന്നില്ല. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ചില നിർഭാഗ്യകരമായ സംഭവങ്ങൾ തുടരെത്തുടരെ ആവർത്തിക്കുകയാണ്. ഏതെങ്കിലുമൊരു ഒറ്റപ്പെട്ട സംഭവമാണെങ്കിൽ നമുക്ക് മനസ്സിലാക്കാം. പക്ഷേ ഇവിടെ അതല്ല സംഭവിച്ചിരിക്കുന്നത്. ഇപ്പോൾ ഈ ഭൂതത്തെ തുറന്നുവിട്ടത് അബദ്ധമായി. കാരണം, നിങ്ങളുടെപോലും നിയന്ത്രണത്തിലല്ല കാര്യങ്ങൾ നടക്കുന്നത്. അങ്ങനെയായിരുന്നെങ്കിൽ തിരഞ്ഞെടുപ്പിന്റെ ക്ലൈമാക്സിലും തിരഞ്ഞെടുപ്പിലും വലിയ ദോഷമുണ്ടാക്കുന്ന തരത്തിൽ ഈ സ്ഫോടനം ഉണ്ടാകുമായിരുന്നില്ല. നിരന്തരമായി നിരപരാധികൾക്കും കുട്ടികൾക്കും

പ്രായമായവർക്കുമാണ് അപകടം സംഭവിക്കുന്നത്. പറമ്പിൽ ഇറങ്ങി നടക്കാൻ കഴിയുന്നില്ല, വീട്ടിൽ കിടന്നുറങ്ങാൻ കഴിയുന്നില്ല, എവിടെയാണ് ബോംബുള്ളതെന്ന് അറിയാൻ കഴിയുന്നില്ല. ശൂന്യമായിക്കിടക്കുന്ന സ്ഥലങ്ങളിൽ ഇത്തരം വസ്തുക്കൾ കണ്ടാൽ എടുക്കരുതെന്നും സൂക്ഷിക്കണമെന്നും മുമ്പ് ജില്ലാ അധികൃതർ വാണിംഗ് നൽകിയിരുന്നു. കേൾക്കുന്നവർക്ക് ഇതൊരു വാർത്തപോലും അല്ലാതെയായി. അതുകൊണ്ട് സർക്കാരാണ് ഇക്കാര്യം ചിന്തിക്കേണ്ടത്. ബോംബുണ്ടാക്കുന്നവർ ബോംബ് പൊട്ടിമരിച്ചാൽ അവരെ പാർട്ടി ബഹുമാനിക്കേണ്ട കാര്യമുണ്ടോ? അത് നിർത്തലാക്കി ഇതിനെതിരെ ഇച്ഛാശക്തിയോടെ നടപടിയെടുക്കാൻ സർക്കാർ തയ്യാറാകണം. അത് ചെയ്യാത്തതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ ആവർത്തിക്കുന്നത്. ഉത്തരവാദപ്പെട്ട നേതാക്കന്മാർതന്നെ അവരെ ബഹുമാനിച്ചാൽ ഇത് നിർത്തലാക്കാൻ സാധിക്കുമോ? ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭിക്കാത്തതുകൊണ്ടാണ് പ്രതിപക്ഷത്തുനിന്ന് ആവർത്തിച്ച് ആരോപണമുണ്ടാകുന്നത്. നിരന്തരമുണ്ടാകുന്ന ഇത്തരം വിഷയങ്ങൾ കേരള സമൂഹത്തിന്

അപമാനകരമാണ്, സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമാണ്. അങ്ങനെ ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ബോംബ് നിർമ്മാണം മഹത്തായ കാര്യമായിക്കണ്ട് അവരെ ആദരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗൗരവതരമായ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, നിയമസഭയിൽ എത്രാമത്തെ പ്രാവശ്യമാണ് സ്റ്റീൽ ബോംബ് സ്ഫോടനത്തെ സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ടിവന്നത്? ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉന്നയിക്കുമ്പോഴെല്ലാം മുമ്പ് നൽകിയിരുന്ന മറുപടി

തന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവർത്തിക്കുന്നത്. പക്ഷേ ബോംബ് സ്ഫോടനങ്ങളുണ്ടാകുന്നതും നിരപരാധികൾ കൊല്ലപ്പെടുന്നതും തുടർക്കഥയായി മാറിയിരിക്കുന്നു. ഇക്കാര്യത്തിൽ പോലീസിന് യാതൊരു രീതിയിലും ഇടപെടാനോ അന്വേഷിക്കാനോ കഴിയുന്നില്ലെന്നുള്ളത് പരമമായ യാഥാർത്ഥ്യമാണ്. പോലീസിനെ പൂർണ്ണമായും രാഷ്ട്രീയവൽക്കരിച്ചിരിക്കുന്നു, പോലീസിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ വിഷയം സർക്കാർ ഗൗരവമായി കണ്ടില്ലെങ്കിൽ ഇനിയുമിത് ആവർത്തിക്കുകയും നിരവധി ആളുകൾ കൊല്ലപ്പെടുകയും ചെയ്യും. ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സർക്കാരിന്റെ അഴിമതിക്കെതിരെ മാത്രമല്ല ഇത്തരത്തിലുള്ള ബോംബ് സംസ്കാരത്തിനെതിരെയുള്ള മുന്നറിയിപ്പ് കൂടിയാണ് ജനങ്ങൾ നൽകിയെതെന്നുകൂടി ഓർക്കേണ്ടതാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീമതി കെ. കെ. രമ</u>: സർ, കണ്ണൂർ ജില്ലയിലും പരിസരപ്രദേശങ്ങളിലും കുടിൽ വ്യവസായം പോലെ ബോംബ് നിർമ്മിക്കുകയാണ്. എത്ര മനുഷ്യരാണ് ബോംബ് നിർമ്മാണത്തിനിടയിൽ മരണപ്പെട്ടുപോകുന്നത്, എത്ര യുവാക്കളുടെ കൈയും കാലുമാണ് നഷ്ടപ്പെട്ടുപോകുന്നത്! എന്നിട്ടും ഇതിനൊരു അറുതി വരുന്നില്ല. ദൈനംദിന സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായി ബോംബ് നിർമ്മാണം നടക്കുകയാണോയെന്നുപോലും സംശയിക്കുകയാണ്. പോലീസ് മാത്രം വിചാരിച്ചാൽ ഇത് അവസാനിപ്പിക്കാൻ കഴിയില്ല. സി.പി.ഐ.(എം)-ന്റെ നേതൃത്വംതന്നെ ഇതിനെതിരെ രംഗത്തുവരികയും ബോംബ് നിർമ്മാണവും അക്രമ രാഷ്ട്രീയവുമല്ല രാഷ്ട്രീയപ്രവർത്തനമെന്നുള്ള സന്ദേശം സമൂഹത്തിന് നൽകുകയും ചെയ്യണം. ബോംബ് നിർമ്മാണത്തിനെതിരെ നടപടിയെടുക്കുന്നതിൽ പോലീസും നിഷ്ക്രിയമാണ്. തിരഞ്ഞെടുപ്പിനുശേഷം എത്ര വീടുകളാണ് ബോംബ് നിർമ്മാണത്തിന്റെ ഭാഗമായി ആക്രമിക്കപ്പെട്ടത്? ബോംബേറിൽ ആർ.എം.പി. പ്രവർത്തകന്റെ ഭാര്യയും ആഴഞ്ചേരിയിൽ വീട്ടിൽ കിടന്നുറങ്ങിയ ഒരു ചെറിയ കുട്ടിയും

തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്. ഇത്തരത്തിൽ ബോംബ് നിർമ്മാണം ശക്തിപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഇതിനെതിരെ നടപടിയെടുക്കേണ്ട പോലീസ് നടപടിയെടുക്കുന്നില്ല. ദൈനംദിന സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായി ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരെ ജാഗ്രതയോടുകൂടി ശക്തമായ നടപടിയെടുക്കാൻ പാർട്ടി തയ്യാറാകണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

**[അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]**

**10.46AM]**

**V ശ്രദ്ധ ക്ഷണിക്കൽ**

(1) <u>കേന്ദ്ര വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും സമയബന്ധിതമായി ലഭ്യമാക്കൽ</u>

<u>ശ്രീ. പി. നന്ദകുമാർ:</u> സർ, കേന്ദ്രസർക്കാർ സംസ്ഥാനത്ത് സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട് അനുവദിക്കുന്നില്ല, പദ്ധതികളെല്ലാം അട്ടിമറിക്കപ്പെടുകയാണ്. ഉദാഹരണത്തിന്, നാഷണൽ ഹെൽത്ത് മിഷന്റെ JSSK (Janani Shishu Suraksha Karyakaram), ഹൃദ്യം തുടങ്ങിയ പദ്ധതികളും ഡയാലിസിസുമടക്കം തടസ്സപ്പെടുന്നു. കേരളത്തിന്റെ ആരോഗ്യമേഖലയെ തകർക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. 1055 കോടി രൂപയാണ് NHM-ന് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ളത്. നെല്ല് സംഭരണം അട്ടിമറിക്കപ്പെടുകയാണ്. 1078 കോടി രൂപയാണ് നെല്ല് സംഭരിച്ച വകയിൽ ലഭിക്കാനുള്ളത്. കേന്ദ്രത്തിന്റെ ക്രൂരമായ നടപടി സംസ്ഥാനത്തിന്റെ വികസനത്തെ സാരമായി ബാധിക്കുന്നുണ്ട്. കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ നടത്തിയതെന്ന് വ്യക്തമാക്കണമെന്നാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേന്ദ്രവിഹിതം അനുവദിക്കുന്ന കാര്യത്തിൽ വിവേചനപരമായ കേന്ദ്രസർക്കാർ നിലപാട് തിരുത്തണമെന്ന ആവശ്യം സംസ്ഥാന സർക്കാർ നിരന്തരമായി വിവിധ വേദികളിൽ ഉന്നയിച്ചിട്ടുണ്ട്. കേന്ദ്രനികുതി വിഹിതം 3.88 ശതമാനത്തിൽ നിന്നും 15-ാം ധനകാര്യ കമ്മീഷന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 1.925 ശതമാനായി കുറഞ്ഞു. ഇത് നമ്മൾ പലതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. കേന്ദ്ര ഗ്രാന്റുകളും പദ്ധതി വിഹിതങ്ങളും കുറയ്ക്കുകയും വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഇത്തരം നിലപാടുകൾക്കെതിരെ നിയമനടപടികളുൾപ്പെടെ വിവിധ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്. നമ്മൾ സഭയിൽ ഇക്കാര്യം സംയുക്തമായി ചർച്ച ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിനായി ഡൽഹിയിലുൾപ്പെടെ പോയിട്ടുണ്ട്, കോടതിയെ സമീപിച്ചിട്ടുമുണ്ട്. ബ്രാൻഡിംഗ് നിർദേശങ്ങളുൾപ്പെടെ ഉന്നയിച്ച് NHM പോലെയുള്ള പദ്ധതികളുടെ കേന്ദ്രവിഹിതം തടസ്സപ്പെടുത്തുന്നുണ്ട്. സംസ്ഥാന വിഹിതംകൂടി ചെലവഴിക്കുന്ന പദ്ധതികൾക്ക് കേന്ദ്രസർക്കാർ നിർദേശിക്കുന്ന ബ്രാൻഡിംഗിനുപകരമായി

സംസ്ഥാനത്തെക്കൂടി പരിഗണിക്കുന്ന കോ-ബ്രാൻഡിംഗ് പോലും അംഗീകരിക്കുന്നില്ല. NHM പോലെയുള്ള പദ്ധതികളുടെ കേന്ദ്രവിഹിതം ലഭ്യമാകാതിരിക്കുന്ന സന്ദർഭത്തിലും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും പ്രസ്തുത പദ്ധതിപ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക സംസ്ഥാനം ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാർ മന്ത്രാലയങ്ങളുമായി ചർച്ച നടത്തി കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള വിഹിതം നേടിയെടുക്കുന്നതിന് 30-11-2023-ൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി വകുപ്പുസെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 08-08-2023-ൽ കൂടിയ യോഗതീരുമാനപ്രകാരം സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനും പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വൈസ് ചെയർമാനും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്ന വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറി,

പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ആദ്യയോഗം 14-12-2023-ന് ചേരുകയുണ്ടായി. പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ 10-05-2024 മുതൽ 25-05-2024 വരെ ബന്ധപ്പെട്ട 33 വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി one to one മീറ്റിംഗ് നടത്തുകയും കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിവരശേഖരണം നടത്തിവരികയും ചെയ്യുന്നു. കേന്ദ്രസഹായ പദ്ധതികളിൽനിന്നും വേറിട്ടുനിൽക്കുന്ന മൂലധനചെലവിനായി അനുവദിക്കുന്ന Special Assistance for Capital Expenditure (CapEX) പോലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബ്രാൻഡിംഗ് നെയിമിംഗ് പൂർത്തീകരണത്തിലെ തടസ്സം ഉന്നയിച്ച് കൈമാറാതിരിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. വിഴിഞ്ഞം പദ്ധതിക്കായി CapEX അനുസരിച്ച് ആവശ്യപ്പെട്ട 50 വർഷക്കാലത്തെ പരിധിയുള്ള പ്രത്യേക വായ്പപോലും അനുവദിച്ചിട്ടില്ല. കൂടാതെ, 2021-22 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച SNA (System of National Accounts)

സംവിധാനത്തിൽ കേന്ദ്രസർക്കാർ അടിക്കടി കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകൾ സാങ്കേതികമായി ബുദ്ധിമുട്ടുണ്ടാക്കുകയും പദ്ധതി നിർവഹണത്തെ ഒരളവുവരെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കുടിശ്ശിക കേന്ദ്രസർക്കാരിൽനിന്നും നേടിയെടുക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്രമന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകിയും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഈ തുക നേടിയെടുക്കുന്നതിനായി പദ്ധതി നിർവഹണം നടത്തുന്ന വകുപ്പുസെക്രട്ടറിമാരുടെ തലത്തിൽ ത്വരിത നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഭരണപരമായ നടപടികൾക്കൊപ്പം സംസ്ഥാനത്തിന് അർഹമായ നികുതിവിഹിതവും ഗ്രാന്റുകളും ലഭിക്കാൻ കൂട്ടായ പരിശ്രമം നടത്തേണ്ടതുണ്ട്. കേന്ദ്രസർക്കാരിന്റെ നിലപാട് തിരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തുടരുന്നതാണ്. 1000 കോടിയോളം രൂപയാണ് NHM-ന്റെ മാത്രമായി ലഭിക്കാനുള്ളത്. 1000 കോടിയോളം രൂപ നെല്ല്

സംഭരണവുമായി ബന്ധപ്പെട്ട് ലഭിക്കാനുണ്ട്. ഇതുപോലെ പല മേഖലകളിലെയും കേന്ദ്രവിഹിതം ലഭിക്കാനുണ്ട്. എങ്കിലും സ്തംഭനാവസ്ഥയിലേയ്ക്ക് പോകാതിരിക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കുന്നുണ്ട്.

ശ്രീ. പി. നന്ദകുമാർ: സർ, കേന്ദ്ര നിബന്ധനകൾ പാലിക്കപ്പെടാത്തതുകൊണ്ടാണ് ഫണ്ട് ലഭിക്കാത്തതെന്ന് പ്രതിപക്ഷവും ചില മാധ്യമങ്ങളും പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്ര നിബന്ധനകൾ കൃത്യമായി പാലിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്തിന് ലഭിക്കേണ്ട ന്യായമായ നികുതി വിഹിതമുൾപ്പെടെയുള്ളവയുടെ മാനദണ്ഡത്തിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയിരുന്നു. പത്താം ധനകാര്യ കമ്മീഷൻ പ്രകാരം ലഭിച്ചുകൊണ്ടിരുന്ന വിഹിതത്തിൽനിന്നും നേർപകുതിയായി സംസ്ഥാന വിഹിതം കുറയ്ക്കുകയുണ്ടായി. പതിനഞ്ചാം ധനകാര്യ കമ്മീഷൻ വന്നപ്പോൾ ഒരു വർഷം ഏകദേശം 8000 കോടി രൂപയുടെ കുറവാണുണ്ടായത്. ഇതുപോലെ

ഓരോ മേഖലയിലും വെട്ടിക്കുറയ്ക്കലുകളുണ്ട്. കടമെടുക്കാനുള്ള പരിധിപോലും വെട്ടിക്കുറയ്ക്കുന്നു. 2023-24-ലെ എ.ജി.-യുടെ പ്രാഥമിക ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 13000 കോടി രൂപയാണ് ഇപ്രാവശ്യം ഗ്രാന്റിനത്തിൽ മാത്രം കുറവുണ്ടായത്. ഇത് അക്കൗണ്ടന്റ് ജനറലിന്റെ കണക്കാണ്, സംസ്ഥാന സർക്കാർ തയ്യാറാക്കുന്നതല്ല. നിയമപരമായി 3.5% കടമെടുക്കാനുള്ള അവകാശം സംസ്ഥാനത്തിനുണ്ട്. പക്ഷേ കഴിഞ്ഞ വർഷം 2.8 ശതമാനവും അതിനുമുമ്പുള്ള വർഷം 2.44 ശതമാനവും മാത്രമേ കടമെടുക്കാൻ അനുവദിച്ചുള്ളൂ. ഈ രണ്ട് വർഷങ്ങളിലും അനുവദിച്ച ലോണിൽ 19000 കോടി രൂപയുടെ കുറവാണുള്ളത്. യു.ജി.സി.-യുടെ പണം രണ്ടുമൂന്ന് വർഷങ്ങൾക്കുമുമ്പ് ലഭിക്കേണ്ടതായിരുന്നു. ഓരോരോ ന്യായങ്ങൾ പറഞ്ഞ് യു.ജി.സി. അത് നൽകുന്നില്ല. ഇങ്ങനെയുള്ള സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇത് കേരളത്തിന്റെയാകെ പ്രശ്നമാണ്. മാധ്യമങ്ങൾക്ക് ഈ വിഷയങ്ങൾ എങ്ങനെ വേണമെങ്കിലും പ്രചരിപ്പിക്കാം. പക്ഷേ, സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം ലഭിക്കാതിരുന്നാൽ അത് സംസ്ഥാനത്തെയാകെ ബാധിക്കുമെന്ന നിലയിൽത്തന്നെ

എടുക്കേണ്ടതാണ്. സംസ്ഥാന സർക്കാർ ഇതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.

## 2) ക്രിമിനൽ പശ്ചാത്തലമുള്ള ഉദ്യോഗസ്ഥരെ പോലീസ് സേനയിൽനിന്നും നീക്കം ചെയ്യൽ

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ ഇന്ന് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന കാര്യം കേരളത്തിലെ മുഴുവൻ പോലീസുകാരെയും ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. സംസ്ഥാനത്ത് ഏകദേശം 66000 പോലീസ് സേനാംഗങ്ങളുണ്ട്. നമ്മുടെ പോലീസ് സേന കുറ്റാന്വേഷണങ്ങളിലെല്ലാം മികവുറ്റതാണ്. രാജ്യത്തുതന്നെ എടുത്തുപറയത്തക്ക കഴിവുള്ള പോലീസ് ഉദ്യോഗസ്ഥരടങ്ങിയ ഒരു സേനാ വിഭാഗമാണിത്. അവരെ അടച്ചാക്ഷേപിക്കുന്നതിനുള്ള ശ്രദ്ധ ക്ഷണിക്കലല്ല ഞാനിവിടെ അവതരിപ്പിക്കുന്നത്. പോലീസ് സേനാംഗങ്ങൾക്കിടയിൽ 828 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് 05-12-2022-ലെ ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച ചോദ്യത്തിന് മറുപടി നൽകിയിരിക്കുന്നത്. പിന്നീട് ശ്രീ. എച്ച്. സലാം ചോദിച്ച ചോദ്യത്തിന് 105 ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് ഉത്തരം നൽകിയിരിക്കുന്നു. മേൽപ്പറഞ്ഞ 828 പേരിൽ

105 പേരെ പിരിച്ചുവിട്ടതായി പറഞ്ഞിട്ടുണ്ട്. ഇതുകൂടാതെ വിവിധ കേസുകളിലുൾപ്പെട്ട സർക്കാർ ജീവനക്കാരുടെ എണ്ണം ഞാൻ പരിശോധിച്ചിരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാരെ പരിഗണിച്ചാൽ 1389 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ശ്രീ. വി. ആർ. സുനിൽ കുമാർ ചോദിച്ച ചോദ്യത്തിന് മറുപടി ലഭിച്ചത്. പോലീസ് സേനയിൽ ക്രിമിനൽ കേസുകളിലെ പ്രതികളായ 828 പേരിൽ 105 പേരെ സർവീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. എന്തുകൊണ്ട് ബാക്കിയുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നില്ല; ആരാണ് ഇവരെ സംരക്ഷിക്കുന്നത്? 66000 പോലീസ് ഉദ്യോഗസ്ഥരിൽ ഏകദേശം ഒരു ശതമാനം മാത്രമേ ക്രിമിനൽ ആക്ടിവിറ്റിയുള്ളവരും ഗുണ്ടകളുമായി ബന്ധമുള്ളവരുമുള്ളൂ. മുഴുവൻ പോലീസ് ഉദ്യോഗസ്ഥരെയും ചീത്തപ്പേര് കേൾപ്പിക്കുന്നത് ഇത്തരം ക്രിമിനൽ പശ്ചാത്തലമുള്ള പോലീസ് ഉദ്യോഗസ്ഥരാണ്. ചില കേസുകളിൽ പത്രങ്ങളിലും ന്യൂസ് ചാനലുകളിലുമൊക്കെ വാർത്തകൾ വരികയും വലിയ പ്രശ്നവും പ്രതിഷേധവുമൊക്കെ ഉണ്ടാകുകയും ചെയ്യുമ്പോൾ അവരെ സസ്പെൻഡ്

ചെയ്യും. പക്ഷെ കുറച്ച് ദിവസം കഴിയുമ്പോൾ ജനങ്ങളും മാധ്യമങ്ങളുമൊക്കെ ഇക്കാര്യം മറക്കുകയും ഈ പോലീസ് ഉദ്യോഗസ്ഥർ ലാ ആൻഡ് ഓർഡറിൽ തിരികെ പ്രവേശിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ഇത് വളരെ ഗൗരവമായ വിഷയമാണ്. കേരളത്തിലെ ജനങ്ങളുടെ സംരക്ഷണത്തിന് ഉത്തരവാദപ്പെട്ട പോലീസുകാർ ക്രിമിനലുകളാകുന്ന വിഷയത്തെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കുന്നത്. സസ്പെൻഷൻ കഴിഞ്ഞ് ഇത്തരം ഉദ്യോഗസ്ഥർ വീണ്ടും താക്കോൽ സ്ഥാനത്ത് വരികയും വീണ്ടും ഗുണ്ടകളുമായി ചേർന്ന് ഇത്തരം ആക്റ്റിവിറ്റികളിൽ ഏർപ്പെടുകയും ചെയ്യുന്നു. കഴിഞ്ഞ ദിവസം ഒരു ഗുണ്ടയുടെ വീട്ടിൽ വിരുന്നുസൽക്കാരത്തിൽ മുഖ്യാതിഥിയായി ഡിവൈ.എസ്.പി. പങ്കെടുത്തിരുന്നു. ഡിവൈ.എസ്.പി. അവിടെയുണ്ടെന്ന് അറിയാതെ അങ്കമാലി എസ്.ഐ. അവിടെ പോയപ്പോൾ ഒരാൾ ബാത്ത്റൂമിൽ ഒളിച്ചിരിക്കുന്നുണ്ടായിരുന്നു. ഗുണ്ടയെന്ന് കരുതി അയാളെ അറസ്റ്റ് ചെയ്തപ്പോഴാണ് അത് ഡിവൈ.എസ്.പി. സാബു ആണെന്ന് അറിയുന്നത്. ഡിവൈ.എസ്.പി.-യെ അറസ്റ്റ് ചെയ്യാൻ എസ്.ഐ.-ക്ക് അധികാരമുണ്ടോ? അവർക്ക് കൺഫ്യൂഷനായി. പക്ഷേ പിന്നീട് ബാക്കി

നടപടിയിലേയ്ക്ക് പോയി. ഗുണ്ടാ മാഫിയയുമായി പോലീസിന് വലിയ ബന്ധമാണുള്ളത്. ആലുവ നിയോജകമണ്ഡലത്തിൽ കൊണ്ടോട്ടി എന്ന സ്ഥലത്ത് ഞങ്ങളുടെ സഹപ്രവർത്തകനായ സുലൈമാൻ പൊതുവാൻകുന്ന് എന്ന മുൻ പഞ്ചായത്ത് മെമ്പറെ അതിക്രൂരമായി ഗുണ്ടകൾ ആക്രമിച്ചു. ഇന്നും അദ്ദേഹത്തിന് ബോധം വന്നിട്ടില്ല, അദ്ദേഹത്തിന്റെ മാനസികാവസ്ഥ തകർന്നിരിക്കുകയാണ്. ഈ സംഭവത്തെ തുടർന്ന് അവിടെ പോലീസ് വരികയും ഗുണ്ടകളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. പക്ഷേ, പോലീസിന്റെ റിപ്പോർട്ട് പ്രകാരം ഗുണ്ടാ ആക്രമണം ലഘൂകരിക്കാനായി രണ്ട് പള്ളികൾ തമ്മിലുള്ള തർക്കമാണ് വിഷയമെന്നാണ് പറഞ്ഞത്. എന്നാൽ പള്ളികൾ തമ്മിലുള്ള തർക്കമല്ല ഗുണ്ടാ ആക്രമണമാണ് അവിടെ നടന്നത്. അതിനെ ലഘൂകരിക്കാൻ റൂറൽ എസ്.പി. അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥർ ചമച്ച കഥയാണിത്. ക്രിമിനൽ പോലീസുകാരെ സർവീസിൽനിന്ന് പിരിച്ചുവിടണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി <u>ശ്രീമതി വീണാ ജോർജ്</u>: മികച്ച

ക്രമസമാധാനപാലനശേഷി, കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പൊതുജനസേവനം നടത്താനുള്ള പ്രാപ്തി, മയക്കുമരുന്ന് വ്യാപനം തടയുന്നതിനുള്ള ആർജവം എന്നിവയിലെല്ലാം കേരള പോലീസ് രാജ്യത്തുതന്നെ മുൻനിരയിലാണ്. ജനസൗഹൃദ സേവനം ഉറപ്പാക്കി കേരള പോലീസ് മുന്നേറുമ്പോഴും ഏതാനും ചില ഉദ്യോഗസ്ഥർ സേനയുടെ വിശ്വാസ്യത കളങ്കപ്പെടുത്തുന്ന പ്രവൃത്തികളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രിമിനൽ വാസനയുള്ള ഇത്തരം ഉദ്യോഗസ്ഥരെ ഘട്ടംഘട്ടമായി സേനയിൽനിന്ന് പുറത്താക്കുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നിയമപ്രകാരമുള്ള നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. കുറ്റകൃത്യങ്ങളുടെ ഗൗരവത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അപ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കി കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ 108 ഉദ്യോഗസ്ഥരെയാണ് സർവീസിൽനിന്നും നീക്കം

ചെയ്തിട്ടുള്ളത്. വിവിധ ശ്രേണികളിലുള്ള ഉദ്യോഗസ്ഥർക്കെതിരായ നടപടികൾ തുടർന്നുവരുന്നുണ്ട്. ക്രിമിനലുകളെ കേരള പോലീസിൽ വച്ചുപൊറുപ്പിക്കില്ല എന്നതുതന്നെയാണ് സർക്കാർ നയം.

ശ്രീ. അൻവർ സാദത്ത്: സർ, നമ്മുടെ പോലീസ് ഉദ്യോഗസ്ഥർക്ക് പല രീതിയിൽ മാനസിക സമ്മർദമുണ്ടാകുന്നുണ്ട്. മേലുദ്യോഗസ്ഥരും ഭരണകക്ഷി നേതാക്കളുമൊക്കെ അവരിൽ സമ്മർദം ചെലുത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി പല ഉദ്യോഗസ്ഥരും ആത്മഹത്യ ചെയ്യുകയാണ്. ഒരാഴ്ചയ്ക്കിടയിൽ അഞ്ച് പോലീസ് ഉദ്യോഗസ്ഥരാണ് ആത്മഹത്യ ചെയ്തത്. ഏകദേശം നൂറിൽപ്പരം പോലീസ് ഉദ്യോഗസ്ഥർ വൊളന്ററി റിട്ടയർമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. അത് ഗൗരവമായ വിഷയമാണ്. മാനസിക സമ്മർദത്തിന്റെഫലമായി പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്യുന്നതും അവർ നേരിടുന്ന പ്രശ്നങ്ങളും സംബന്ധിച്ച് വ്യക്തമായ അന്വേഷണം ഉണ്ടാകുമോ?

ശ്രീമതി വീണാ ജോർജ്: സർ, കഴിഞ്ഞ എട്ടുവർഷക്കാലം സംസ്ഥാനത്ത് പോലീസ് സേനയുടെ പ്രവർത്തനങ്ങളിൽ വലിയ മാറ്റം

സംഭവിച്ചിട്ടുണ്ട്. ജനമൈത്രി പോലീസ്, സ്റ്റുഡന്റ് കേഡറ്റ് പോലീസ് എന്നിവയും വനിതകൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതിയുമുൾപ്പെടെ ഒട്ടനേകം പദ്ധതികളിലൂടെ മുന്നോട്ടുപോകുന്ന ജനകീയ പോലീസ് സേനയാണ് സംസ്ഥാനത്തുള്ളത്. കേസുകളിൽപ്പെട്ട 108 പേർക്കെതിരെ നടപടി സ്വീകരിച്ചെങ്കിലും സർവീസിൽ തുടരുന്ന ബാക്കിയുള്ളവർക്കെതിരെ നടപടിയെടുക്കുന്നില്ല എന്നതാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. Kerala Police Departmental Inquiries, Punishment and Appeal ചട്ടങ്ങൾ 10 A പ്രകാരം ഏതെങ്കിലുമൊരു കേസിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ കോടതിയിൽ കേസുണ്ടെങ്കിൽ അതിന്റെ വിധി വന്നതിനുശേഷമേ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ സാധിക്കൂ. കൂടാതെ, നടപടി നേരിടേണ്ടിവരുന്ന ഉദ്യോഗസ്ഥർ Kerala Administrative Tribunal-നെയോ ഹൈക്കോടതിയെയോ സമീപിച്ച് അത് സ്റ്റേ ചെയ്യുന്ന സാഹചര്യവുമുണ്ട്.

**11.04 AM]**

**VI സബ്മിഷൻ**

(1) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ആനുകൂല്യങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാന സർക്കാർ ജീവനക്കാരോടും അധ്യാപകരോടും പെൻഷൻകാരോടും സർക്കാർ കാണിക്കുന്ന ക്രൂരമായ അവഗണനയാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പുതിയ ശമ്പള കമ്മീഷനെ നിയമിച്ച് ശിപാർശകൾ നടപ്പിലാക്കിത്തുടങ്ങേണ്ടത് ജൂലൈ 1-ാം തീയതിയാണ്. എന്നാൽ ഇതുവരെ പുതിയ പേ കമ്മീഷനെ നിയമിച്ചിട്ടില്ലെന്നുമാത്രമല്ല, കഴിഞ്ഞ പേ കമ്മീഷൻ പ്രകാരമുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക ഇതുവരെ കൊടുത്തിട്ടുമില്ല. 39 മാസത്തെ ഡി.എ. കൊടുക്കാനുണ്ട്. 21% ഡി.എ.-യിൽ 2% മാത്രം കൊടുക്കുമെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും 19% ഡി.എ.-യെ കുറിച്ച് മൗനം പാലിക്കുകയുമാണ്. ഇനിയത് കിട്ടില്ലെന്ന സന്ദേശമാണ് ആ ഉത്തരവിലൂടെ കൊടുത്തിരിക്കുന്നത്. അഞ്ചുവർഷമായി ലീവ് സറണ്ടർ കൊടുക്കുന്നില്ല. ആദ്യ രണ്ടുവർഷം ഡഫർ ചെയ്യുകയും പിന്നീട് പ്രോവിഡന്റ് ഫണ്ടിലേയ്ക്ക് മാറ്റിക്കൊണ്ട് നാലുവർഷത്തെ ലോക്ക് ഇൻ പിരീഡ് പ്രഖ്യാപിക്കുകയുമാണ് ലീവ്

സറണ്ടറിന്റെ കാര്യത്തിൽ സർക്കാർ ചെയ്തത്. മെഡിസെപ് പദ്ധതിയിൽ ജീവനക്കാരുടെ കൈയിൽനിന്ന് കോൺട്രിബ്യൂഷൻ ഈടാക്കി സർക്കാർ 300 കോടിയിൽപ്പരം രൂപയുടെ ലാഭമുണ്ടാക്കുകയും മെഡിസെപ്പിന്റെ ആനുകൂല്യങ്ങൾ പ്രധാനപ്പെട്ട രോഗങ്ങളുടെ ചികിത്സയ്ക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. നല്ല ആശുപത്രികൾ മെഡിസെപ്പിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ല. വലിയ തുകയാണ് സർക്കാർ ജീവനക്കാർക്ക് കൊടുക്കാനുള്ളത്. ക്ഷാമബത്ത കുടിശ്ശിക പതിനയ്യായിരം കോടി രൂപയാണ്. അഞ്ച് വർഷത്തെ ലീവ് സറണ്ടർ ആനുകൂല്യം പതിനാലായിരം കോടി രൂപയാണ്. പേ റിവിഷൻ കുടിശ്ശിക ആറായിരം കോടി രൂപയാണ്. ജീവനക്കാർക്ക് കുടിശ്ശിക ഇനത്തിൽ മൊത്തം കൊടുക്കാനുള്ളത് മുപ്പത്തയ്യായിരം കോടി രൂപയാണ്. സർവീസ് പെൻഷൻകാർക്ക് ഡി.ആർ. കുടിശ്ശിക ഇനത്തിൽ ആറായിരം കോടി രൂപയും പെൻഷൻ പരിഷ്കരണ കുടിശ്ശിക ഇനി കൊടുക്കാനുള്ളത് ആയിരം കോടി രൂപയുമാണ്. ജീവനക്കാർക്കും അധ്യാപകർക്കുംകൂടി മുപ്പത്തയ്യായിരം കോടി രൂപയും പെൻഷൻകാർക്ക് ഏഴായിരം കോടി രൂപയുമുൾപ്പെടെ

നാൽപ്പത്തിരണ്ടായിരം കോടി രൂപയുടെ ബാധ്യതയാണ് സർക്കാരിനുള്ളത്. പെൻഷൻ പരിഷ്കരണ കുടിശ്ശിക കിട്ടാത്ത ഒരു ലക്ഷത്തിലധികം പെൻഷൻകാർ മരണപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ജീവനക്കാരോട് ക്രൂരമായ അവഗണനയാണ് കാണിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഇന്ന് സെറ്റോയുടെ നേതൃത്വത്തിൽ നിയമസഭാ മാർച്ച് നടത്തുകയാണ്. ഈ വിഷയത്തിൽ സർക്കാരിന് പറയാനുള്ളത് സഭയിൽ പറയുമെന്ന് ഞാൻ കരുതുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് ജീവനക്കാർക്കും സർവീസ് പെൻഷൻകാർക്കും 11-03-2024-ലെ സർക്കാർ ഓർഡറുകൾ പ്രകാരം ഒരു ഗഡു ക്ഷാമബത്ത/ക്ഷാമാശ്വാസം 2024 ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം അനുവദിച്ചിട്ടുണ്ട്. തുടർന്നും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. കോവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി

മറികടക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 2020-21 മുതൽ നടപ്പ് സാമ്പത്തിക വർഷംവരെ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നിയന്ത്രണങ്ങളുടെ പരിധിയിൽനിന്ന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, സബോർഡിനേറ്റ് സർവീസിലെ ഓഫീസ് അറ്റൻഡന്റുമാർ, പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ തുടങ്ങിയവരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇവർക്കും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടില്ലാത്ത ജീവനക്കാർക്കും ഇ.പി.എഫ്.-ന്റെ പരിധിയിൽവരുന്ന ജീവനക്കാർക്കും ആർജിതാവധിയുടെ വാർഷിക സറണ്ടർ പണമായി അനുവദിക്കുന്നുണ്ട്. പി.എഫ്. അക്കൗണ്ടുള്ള ജീവനക്കാർക്ക് ഈ തുക വ്യവസ്ഥകൾക്ക് വിധേയമായി പി.എഫ്.-ൽ ലയിപ്പിക്കാനും അനുവാദമുണ്ട്. ഈ നിയന്ത്രണങ്ങളൊന്നുംതന്നെ ആർജിതാവധിയുടെ ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിന് ബാധകമല്ല. നടപ്പ് സാമ്പത്തിക വർഷത്തെ ആർജിതാവധിയുടെ വാർഷിക സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗനിർദേശങ്ങൾ

ഉൾപ്പെടുത്തി 16-03-2024-ന് പ്രത്യേക ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ ശമ്പള പരിഷ്കരണ സമയത്ത് പെൻഷൻ കുടിശ്ശിക നാല് ഗഡുക്കളായി കൊടുക്കുമെന്ന് പറഞ്ഞിരുന്നതിൽ മൂന്ന് ഗഡുക്കളും കൊടുത്തിട്ടുണ്ട്. കഴിഞ്ഞ മാർച്ച് മാസത്തിലാണ് ഏറ്റവും അവസാനമായി ഒരു ഗഡു കൊടുത്തത്. ഇനി ഒരു ഗഡുവാണ് കൊടുക്കാനുള്ളത്. ആ മേഖലയിൽ 600 കോടി രൂപയുടെ കൊടുക്കാനുള്ളത്, ബാക്കിയുള്ളതെല്ലാം കൊടുത്തിട്ടുണ്ട്. ശമ്പള പരിഷ്കരണ കുടിശ്ശിക 4 ഗഡുവായി പി.എഫ്.-ൽ ലയിപ്പിക്കുമെന്ന് പറഞ്ഞത് നീട്ടിവച്ചിട്ടുണ്ട്. പക്ഷേ അത് കൊടുക്കുമെന്നുള്ളതിൽ യാതൊരു നിലപാട് വ്യത്യാസവുമില്ല.

മെഡിസെപ്പുമായി ബന്ധപ്പെട്ട് ഉന്നയിച്ച സ്റ്റേറ്റ്മെന്റ് അങ്ങ് അതിനെപ്പറ്റി പഠിച്ചതിനുശേഷം പിൻവലിക്കുമെന്ന് വിശ്വസിക്കുന്നു. അതുമായി ബന്ധപ്പെട്ട് തർക്കങ്ങൾക്കും വഴക്കിനുമൊന്നും ഞാനില്ല. കാരണം, മെഡിസെപ് എന്ന ഇൻഷ്വറൻസ് പദ്ധതി രണ്ടാം പിണറായി സർക്കാർ നടപ്പാക്കിയ ഒരു സംവിധാനമാണ്. ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനി ഏറ്റെടുത്തിട്ടുള്ള ആ പദ്ധതിയിൽ മാസം 500 രൂപയാണ്

ജീവനക്കാരിൽനിന്നും ഈടാക്കുന്നത്. സർക്കാർ നേരിട്ട് പണം കൊടുത്തുകൊണ്ടല്ല അത് നടത്തുന്നത്, അതിൽ സർക്കാർ ഇടപെടാറുമില്ല. കമ്പനിക്ക് ഒരു വർഷം നൽകാമെന്ന് പറഞ്ഞതിനേക്കാൾ അധികം തുക നൽകേണ്ടതായി വന്നിട്ടുണ്ട്. അവർ ക്ലെയിം നൽകുന്നില്ലെന്നത് സംബന്ധിച്ച് ധാരാളം പരാതികൾ വന്നിട്ടുണ്ട്, അത് പരിശോധിച്ചു. ഇപ്പോൾ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവരുടെ 97% ക്ലെയിമുകളും തീർപ്പാക്കിയിട്ടുണ്ടെന്ന് കഴിഞ്ഞ ദിവസം ഉന്നയിച്ച ചോദ്യത്തിന് മറുപടി നൽകിയിട്ടുണ്ട്. ആ കമ്പനിക്ക് നൽകിയ തുകയെക്കാൾ അധികരിച്ച തുക നൽകേണ്ടതായിവന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അഞ്ഞൂറ്റി ചില്വാനം കോടി രൂപ അവർക്ക് ലഭിക്കുമ്പോൾ എഴുന്നൂറ്റി ചില്വാനം കോടി രൂപ അവർ ചെലവാക്കിയിട്ടുണ്ടെന്നാണ് ആദ്യ വർഷത്തെ കണക്കുകളിൽനിന്നും മനസ്സിലായത്. ഈ തുകയിൽനിന്നും എങ്ങനെയാണ് സർക്കാർ പണം എടുക്കുന്നത്? ഉത്തരവാദിത്വമുള്ള പ്രതിപക്ഷനേതാവ് ഇങ്ങനെ പറയാമോ? പ്രതിപക്ഷവും ഭരണപക്ഷവുമെല്ലാം ഗവൺമെന്റിന്റെ രണ്ട് വശങ്ങൾ

തന്നെയാണ്. ഈ തുകയിൽനിന്നും 300 കോടി രൂപ സർക്കാർ ലാഭമുണ്ടാക്കുന്നുണ്ടെന്ന് അങ്ങ് പറഞ്ഞു. സർക്കാരിന് അതിൽനിന്നും ലാഭമെടുക്കേണ്ടതിന്റെ ആവശ്യമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, ആറായിരം രൂപയാണ് ഒരു വർഷത്തിൽ ജീവനക്കാരനിൽനിന്നും ഈടാക്കുന്നത്. അതിൽനിന്നും നിങ്ങൾ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നത് 5,400/- രൂപയാണ്. ബാക്കി 600/- രൂപ സേവ് ചെയ്യുന്നതിലൂടെ 40 കോടി രൂപ സർക്കാരിലേയ്ക്ക് പോകുകയാണ്. എന്തിനാണ് അങ്ങനെ ചെയ്യുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനിൽ ഡിബേറ്റില്ല, മറുപടി പറഞ്ഞാൽ മതി.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് ബജറ്റ് സെഷനാണ്. അതുകൊണ്ട് ഇതെല്ലാം വിശദമായി സംസാരിക്കാനുള്ള അവസരമുണ്ട്, പക്ഷെ ഞാൻ അതിലേയ്ക്ക് പോകുന്നില്ല. Catastrophic രോഗങ്ങളായ ഹൃദയം മാറ്റിവയ്ക്കൽ, മുട്ടുമാറ്റിവയ്ക്കൽ, കിഡ്നി മാറ്റിവയ്ക്കൽ തുടങ്ങിയ ശസ്ത്രക്രിയകൾക്കായി ഒരു വർഷം 31 കോടിയോളം രൂപ പ്രത്യേക ഫണ്ടായി

മാറ്റിവയ്ക്കാറുണ്ട്. ആ തുകയുടെ പരിധി കഴിഞ്ഞാലും അധിക തുക പിന്നെയും അനുവദിക്കുന്നുണ്ട്. ഈയിനത്തിൽ 32 കോടി രൂപ മാറ്റിവച്ചതിൽ 31 കോടി രൂപയും മുട്ടുമാറ്റിവയ്ക്കുന്നതിനായി ചെലവഴിച്ചു. മുട്ടുമാറ്റിവയ്ക്കുന്നത് ഗവൺമെന്റ് മെഡിക്കൽ കോളേജ്/ജില്ലാശുപത്രികൾ വഴിയാകണമെന്ന് നിഷ്കർഷിച്ചിരുന്നു, ഇതിനുള്ള പണമെല്ലാം ഈ ഫണ്ടിൽനിന്നും നൽകുന്നുമുണ്ട്. ഇങ്ങനെയൊരു സ്കീം കേരളത്തിലല്ലാതെ ലോകത്തൊരിടത്തും നടപ്പാക്കിയിട്ടില്ല. മെഡിസെപ്പുമായി ബന്ധപ്പെട്ട് കരാറിലേർപ്പെടുന്നതിനായി വീണ്ടും ടെൻഡർ വിളിക്കുന്നതിനുള്ള സമയമായിട്ടുണ്ട്. ഈ സ്കീമുമായി ബന്ധപ്പെട്ട് പിരിച്ചെടുക്കുന്ന മുഴുവൻ തുകയും ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയെന്നല്ലാതെ മറ്റൊരു ചിന്തയും സർക്കാരിന്റെ ഭാഗത്തില്ല. എഗ്രിമെന്റ് അനുസരിച്ച് catastrophic രോഗങ്ങൾക്കുവേണ്ടി നൽകുന്ന തുകയാണ് മാറ്റിവയ്ക്കുന്നത്. ബാക്കിത്തുക മുഴുവൻ ഇൻഷ്വറൻസ് കമ്പനിക്കാണ് നൽകുന്നത്. അങ്ങയുടെ സ്റ്റേറ്റ്മെന്റ് പോകുന്നത് സോഷ്യൽ മീഡിയയിലേയ്ക്കാണ്. മെഡിസെപ് സ്കീമിൽനിന്നും 300 കോടി രൂപ സർക്കാർ അടിച്ചുമാറ്റുന്നുവെന്ന് പറഞ്ഞാൽ അത്

കേരളത്തിനുതന്നെ പേരുദോഷം വരുത്തുമെന്നുള്ളതുകൊണ്ടാണ് അങ്ങയുടെ സ്റ്റേറ്റുമെന്റ് കറക്ട് ചെയ്യാൻ ശ്രമിച്ചത്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽവന്ന മാറ്റം, കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും പണം ലഭിക്കാനുള്ള തടസ്സം തുടങ്ങിയവയെല്ലാം സാമ്പത്തിക പ്രതിസന്ധിക്കിടയാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിന്റെയും കിഫ്ബിയുടെ കാര്യത്തിലും മറ്റും വരുത്തിയ വെട്ടിക്കുറയ്ക്കലിന്റെയും ഫലമായി പ്രതിസന്ധിയുണ്ടായിട്ടുണ്ട്. കോവിഡ് കാലത്ത് ജി.എസ്.ഡി.പി-യുടെ അഞ്ച് ശതമാനംവരെ വായ്പയെടുക്കുന്നതിനുള്ള അവകാശമുണ്ടായിരുന്നു. പിന്നീടത് ഘട്ടംഘട്ടമായി വെട്ടിക്കുറച്ച് മൂന്നര ശതമാനമാക്കി. എന്നാൽ 2022-23-ൽ വീണ്ടുമത് 2.44 ശതമാനമാക്കി കുറയ്ക്കുകയും വായ്പയെടുക്കാൻ അനുവദിച്ച 11000 കോടി രൂപ ആ വർഷം വെട്ടിക്കുറയ്ക്കുകയുമുണ്ടായി. തൊട്ടടുത്ത വർഷം ഇക്കഴിഞ്ഞ മാർച്ച് വരെ 2.8% മാത്രമേ കടമെടുക്കാൻ അനുവദിച്ചുള്ളൂ. അതുമൂലം എണ്ണായിരം കോടി രൂപയുടെ കുറവുണ്ടായി. ഇങ്ങനെ 19,000 കോടി രൂപയുടെ കുറവാണ്

ആ രണ്ട് വർഷങ്ങളിലുമായുണ്ടായത്. അതോടൊപ്പംതന്നെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 2023-24-ലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് നമുക്ക് തരാനുള്ള ഗ്രാന്റിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം 13,000 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്. പ്രതിപക്ഷം നിയമസഭയ്ക്കകത്തും പുറത്തും എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ, അത് രാഷ്ട്രീയമാണ്. പക്ഷെ ഇന്ത്യയിൽ ഏറ്റവും നന്നായി ഫിസ്കൽ കൺസോളിഡേഷൻ നടത്തിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കഴിഞ്ഞ പത്തോ അമ്പതോ വർഷത്തെ ചരിത്രം പരിശോധിച്ചാൽ ധനപരമായ കാര്യങ്ങളിൽ മികച്ച പൊസിഷനിലാണ് കേരളം. കേന്ദ്രസർക്കാർ ഇത്രയും വെട്ടിക്കുറയ്ക്കൽ വരുത്തിയിട്ടും സാമ്പത്തികമായി പിടിച്ചുനിൽക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പതിനൊന്നാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള ശമ്പള പരിഷ്കരണം ഇന്ത്യയിൽ രണ്ടോ മൂന്നോ സംസ്ഥാനങ്ങളിൽ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. ആഗ്രഹിച്ച ആനുകൂല്യങ്ങൾ ലഭിക്കാത്തതിൽ ജീവനക്കാർക്ക് പ്രയാസമുണ്ടാകും. ഇന്ത്യയിലാകെയുള്ള നിയമനങ്ങളുടെ കണക്കെടുത്താൽ

അറുപത് ശതമാനം കേരളമാണ് നടത്തുന്നത്. പി.എസ്.സി. നിയമനങ്ങൾ ഇവിടെ മാത്രമേ നടക്കുന്നുള്ളൂ. കഴിഞ്ഞ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് 2021 ഏപ്രിൽ മാസമാണ്. അതിന് തൊട്ടുമുമ്പുള്ള വർഷത്തെ ആന്വൽ എക്സ്പെൻഡിച്ചർ 1,38,000 കോടി രൂപയായിരുന്നു. ഈ സർക്കാർ അധികാരമേറ്റ ആദ്യ വർഷം 1,63,000 കോടി രൂപയാണ് ചെലവായത്. 2017 മുതലുള്ള ഡി.എ. കുടിശ്ശിക ഒരുമിച്ചാണ് നൽകിയത്. രാഷ്ട്രീയമൊക്കെ ചേർത്ത് സംസാരിക്കുമ്പോഴും ശമ്പളക്കുടിശ്ശികയും ഡി.എ.-യുമൊന്നും നൽകാതിരുന്ന ഒരു കാലമുണ്ടായിരുന്നുവെന്ന് പ്രതിപക്ഷ നേതാവ് ഓർക്കണം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇത്തരമൊരു സാഹചര്യത്തിലും എല്ലാ ആനുകൂല്യങ്ങളും കൃത്യസമയത്ത് അനുവദിച്ച സർക്കാരാണിത്. ഇങ്ങനെ വൻതോതിലുള്ള വെട്ടിക്കുറവുകൾ വരുത്തിയിട്ടും ജീവനക്കാർക്ക് നൽകാനുള്ള അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ശ്രമം സർക്കാർ നടത്തുന്നുണ്ട്. ഇപ്പോൾ സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെട്ടുവരുന്നുണ്ട്. അതുകൊണ്ട് സമീപഭാവിയിൽത്തന്നെ ജീവനക്കാരുടെയും അധ്യാപകരുടെയും അർഹതപ്പെട്ട ആനുകൂല്യങ്ങൾ

നൽകണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. അതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നുള്ള വിവരം അങ്ങയെ അറിയിക്കുകയാണ്.

(2) ഇരിക്കൂറിൽ പുതിയ അഗ്നിരക്ഷാ നിലയം

ശ്രീ. സജീവ് ജോസഫ്: സർ, കണ്ണൂർ ജില്ലയിൽ കർണ്ണാടക വനാതിർത്തിയോട് ചേർന്നുകിടക്കുന്ന അതിവിസ്തൃതമായ ഇരിക്കൂർ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ ശ്രീകണ്ഠാപുരത്ത് ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നതാണ് എന്റെ സബ്മിഷൻ. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രകൃതി ദുരന്തങ്ങളും അപകടങ്ങളും അഗ്നിബാധയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഈ പ്രദേശത്ത് ഒരു ഫയർ സ്റ്റേഷൻ അനിവാര്യമാണെന്ന് സർക്കാർ ഏജൻസികൾതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകിയതിനെത്തുടർന്ന് അതിനാവശ്യമായ സ്ഥലം കണ്ടെത്തിയതല്ലാതെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. അപകടങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ നാല്പത് കിലോമീറ്ററോളം ദൂരത്തുള്ള മട്ടന്നൂർ, ഇരിട്ടി, തളിപ്പറമ്പ് എന്നിവിടങ്ങളിലെ ഫയർ സ്റ്റേഷനുകളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. അതിനാൽ മണിക്കൂറുകൾ കഴിഞ്ഞാണ് രക്ഷാസേനയ്ക്ക് ദുരന്തമുഖത്ത് എത്താൻ സാധിക്കുന്നത്. താരതമ്യേന ചെറിയ നിയോജകമണ്ഡലങ്ങളിൽപ്പോലും രണ്ട്

ഫയർ സ്റ്റേഷനുകളുണ്ടെന്നിരിക്കെ ദുരന്ത സാഹചര്യം ഏറ്റവും കൂടുതലുള്ള വിസ്തൃതമായ ഇരിക്കൂർ മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കണം. കഴിഞ്ഞ വർഷങ്ങളിൽ തോട്ടങ്ങളിലും ടൂറിസം കേന്ദ്രങ്ങളിലുമുണ്ടായ അഗ്നിബാധമൂലം കാർഷിക വിളകളും അത്യപൂർവ ഔഷധ സസ്യങ്ങളും പക്ഷിമൃഗാദികളുമെല്ലാം വെന്തുവെണ്ണീറാകുന്ന ദയനീയാവസ്ഥയുണ്ടായി. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വിദ്യാർത്ഥികളുൾപ്പെടെ ഇരുപത് പേരാണ് പുഴയിൽ കുളിക്കാനിറങ്ങിയപ്പോൾ ഒഴുക്കിൽപ്പെട്ട് മുങ്ങിമരിച്ചത്. യഥാസമയം അഗ്നിരക്ഷാ സേനയ്ക്ക് അവിടെ എത്താൻ സാധിച്ചിരുന്നെങ്കിൽ ചില ജീവനുകളെങ്കിലും രക്ഷിക്കാൻ സാധിക്കുമായിരുന്നു. അതിനാൽ എത്രയുംവേഗം ഇരിക്കൂർ മണ്ഡലത്തിൽ ശ്രീകണ്ഠാപുരം ആസ്ഥാനമായി ഒരു ഫയർ സ്റ്റേഷൻ അനുവദിച്ച് ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി <u>ശ്രീമതി വീണാ ജോർജ്</u>: സർ, ദുരന്ത സാധ്യത കണക്കിലെടുത്ത് മുൻഗണന നൽകേണ്ട സ്ഥലങ്ങളിൽ പുതിയ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്, അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇരിക്കൂർ പ്രദേശത്ത്

തളിപ്പറമ്പ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്നാണ് അഗ്നിരക്ഷാ സേനയുടെ സേവനം ലഭ്യമാക്കിവരുന്നത്. അനുമതി നൽകിയ സ്ഥലങ്ങളിൽ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിച്ചശേഷം ആവശ്യകതയ്ക്കനുസരിച്ച് പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(3) തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ഭൂചലനം

ശ്രീ. എ. സി. മൊയ്തീൻ: ഈ മാസം 15-ാം തീയതി രാവിലെ 8.15-നും പിറ്റേദിവസം പുലർച്ചെ 3.55-നുമായി രണ്ട് സമയങ്ങളിൽ കുന്നംകുളം നിയോജകമണ്ഡലത്തിൽ വ്യാപകമായും വടക്കാഞ്ചേരി, ചേലക്കര, മണലൂർ, ഗുരുവായൂർ നിയോജകമണ്ഡലങ്ങളിലെ വിവിധ പ്രദേശങ്ങളിലും പാലക്കാട് ജില്ലയിലെ തൃത്താല നിയോജകമണ്ഡലത്തിന്റെ ഭാഗത്തുമെല്ലാം ഭൂചലനം അനുഭവപ്പെടുകയുണ്ടായി. രണ്ട് ദിവസം തുടരെ ഭൂചലനമുണ്ടായതുകൊണ്ട് ആളുകൾ വളരെയധികം ഭയാശങ്കയിലാണ്. ഗുരുതരമായ നാശനഷ്ടങ്ങളുണ്ടായില്ലെങ്കിലും ചില വീടുകൾക്ക് വിള്ളലുണ്ടായതിനാൽ അവിടെ താമസിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ മേഖലയിൽ 1994 മുതൽ മൂന്നൂറിലേറെ ഭൂചലനങ്ങളുണ്ടായെന്നാണ് ലഭ്യമായ വിവരം.

ഭൂചലനങ്ങൾ നേരത്തെ പ്രവചിക്കാനാകില്ലെങ്കിലും ഇതുണ്ടായതിനുശേഷമുള്ള പല പഠന റിപ്പോർട്ടുകളുമുണ്ട്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടുകൂടി തിരുവനന്തപുരം ഭൗമ ശാസ്ത്ര പഠന കേന്ദ്രം, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ഹൈദരാബാദിലെ നാഷണൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവയെല്ലാം ഈ മേഖലയിൽ പഠനം നടത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഭാരതപ്പുഴയുടെ ദിശമാറിയുള്ള ഒഴുക്കിന്റെയും മറ്റും ഫലമായി ദേശമംഗലം ആസ്ഥാനമായുള്ള പ്രഭവ കേന്ദ്രത്തിൽനിന്നാണ് ഇതുണ്ടാകുന്നതെന്നാണ് ഒരു ഭൂചലന മേഖലയിൽ മുമ്പ് കണ്ടെത്തിയത്. പക്ഷേ, ഇപ്പോൾ വേറെ സ്ഥലവും പ്രഭവ കേന്ദ്രമായിട്ടുണ്ടെന്ന് കേൾക്കുന്നു. തുടർച്ചയായി ഭൂചലനമുണ്ടാകുന്നതിനാൽ ഈ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക പരിഹരിക്കാനും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനും ഭൂചലന മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് രീതിയിലാകണമെന്നുള്ള ശാസ്ത്രീയ പഠനം നടത്തി ജനങ്ങളെ ബോധവൽക്കരിക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ജൂൺ 15, 16 തീയതികളിൽ അനുഭവപ്പെട്ട ഭൂകമ്പങ്ങളുടെ പ്രഭവ കേന്ദ്രങ്ങളും ഭൂകമ്പം അനുഭവപ്പെട്ടുവെന്ന് ജനങ്ങൾ അറിയിച്ച സ്ഥലങ്ങളും പരിശോധിച്ചതിൽ കേരളത്തിലെ പെരിയാർ ഭ്രംശപാളി, കേരള ഭ്രംശപാളി എന്നിവയുമായി ബന്ധപ്പെട്ട ചെറുചലനമാണെന്നും നിരന്തരം ചെറുചലനങ്ങളുണ്ടാകുന്ന ദേശമംഗലത്തോട് ചേർന്ന പ്രദേശങ്ങളാണ് ഇവയെന്നും വ്യക്തമായിട്ടുണ്ട്. 15-06-2024-ന് ഉണ്ടായ ഭൂകമ്പം 10.55N, 76.05E എന്ന അക്ഷാംശം രേഖാംശത്തിൽ വെൺമനാട് എം.എ.എസ്.എം. സ്കൂളിന് തെക്കുപടിഞ്ഞാറ് 500 മീറ്റർ മാറി പുഴക്കരയോട് ചേർന്ന് ഭൂമിയുടെ ഉപരിതലത്തിൽനിന്നും 7 കി.മീ. ആഴത്തിൽ മെർക്കാലി അളവുകോലിൽ 3 തീവ്രതയിലാണുണ്ടായത്. 16-06-2024-നുണ്ടായ ഭൂകമ്പം നേരത്തെ പറഞ്ഞതിൽനിന്ന് ഏതാണ്ട് അടുത്തുനിൽക്കുന്ന വിധത്തിൽ 10.68N, 76.20E എന്ന അക്ഷാംശം രേഖാംശത്തിൽ, മുട്ടിക്കൽ അങ്കണവാടിക്ക് വടക്കുപടിഞ്ഞാറ് 120 മീറ്റർ മാറി ഭൂമിയുടെ ഉപരിതലത്തിൽനിന്നും 10 കി.മീ. ആഴത്തിൽ മെർക്കാലി

അളവുകോലിൽ 2.9 തീവ്രതയിലാണുണ്ടായത്. തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിൽപ്പെട്ട എരുമപ്പെട്ടി, പഴഞ്ഞി മേഖലയിൽ 15-06-2024-ന് രാവിലെ 8.15-ഓടുകൂടി നേരിയ ഭൂചലനം റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. അത് ഏകദേശം 4 സെക്കൻഡ് നീണ്ടുനിന്ന മുഴക്കത്തോടുകൂടിയ പ്രകമ്പനമായിരുന്നു. നാഷണൽ സെന്റർ ഫോർ സീസ്മോളജിയുടെ (എൻ.സി.എസ്.) ഔദ്യോഗിക വെബ്സൈറ്റിൽ 3.0 തീവ്രതയുള്ള ഭൂചലനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജാഗ്രതാ നിർദേശം നൽകുകയും തഹസിൽദാരോടും ജില്ലാ ജിയോളജിസ്റ്റിനോടും സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 16-06-2024-ന് രാവിലെ 3.55-ന് വീണ്ടും ഭൂചലനമുണ്ടായതായി റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് സ്ഥിതി വിലയിരുത്തി തുടർനടപടി സ്വീകരിക്കുന്നതിനായി 16-06-2024-ന് ഉച്ചയ്ക്ക് 12.00 മണിക്ക് ചേർന്ന വിവിധ വകുപ്പുദ്യോഗസ്ഥരുടെ യോഗത്തിൽ ഞാനും പങ്കെടുക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. ദേശമംഗലം മുതൽ ഇടുക്കി വരെ നീളുന്ന ഭ്രംശമേഖലയിൽ നേരത്തെയും ചലനങ്ങൾ

ഉണ്ടായിട്ടുള്ളതാണ്. ഭൂചലനം ആദ്യം 3.0-ഉം പിന്നീട് 2.9-ഉം രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ല. നമ്മുടെ മാഗ്നിറ്റ്യൂഡ് അനുസരിച്ച് 1 മുതൽ 10 വരെയാണ് അളവുകോലുകൾ. അതിൽ 5-ൽ താഴെയുള്ള അളവുകോലുകൾ അപകടകരമായതല്ല. നേരത്തെ ഉണ്ടായതിൽ 7 കിലോമീറ്ററിൽ താഴെ എന്നുള്ളത് 10-ന് താഴെയാണെങ്കിൽ ചിലപ്പോൾ അറിയുകപോലുമില്ല. ഭൂചലനങ്ങൾ പ്രവചിക്കുന്നതിന് സാങ്കേതികവിദ്യകളില്ലാത്ത സാഹചര്യത്തിൽ പ്രദേശത്ത് ആവശ്യമായ ജാഗ്രത പുലർത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളിലെ ആശങ്കകൾ ദൂരീകരിക്കുന്നതിനും മുൻകരുതലുകൾ സ്വീകരിക്കുന്നതിനുമാവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും പ്രത്യേക സാഹചര്യമുള്ളതായി അറിയുന്ന പ്രദേശങ്ങളിൽ ഉടൻതന്നെ ഗ്രാമപഞ്ചായത്തിലെയും ജിയോളജി വിഭാഗത്തിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്നതിനും തഹസിൽദാർക്കും തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടർക്കും നിർദേശം നൽകിയിട്ടുണ്ട്. നവമാധ്യമങ്ങളിൽ ജനങ്ങൾക്ക് പരിഭ്രാന്തിയുണ്ടാക്കുന്ന

വിധത്തിലുള്ള സന്ദേശങ്ങൾ പ്രചരിക്കുന്നത് തടയുന്നതിനും അനാവശ്യ പ്രചാരണങ്ങൾ ഒഴിവാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കാൻ പോലീസുദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ നിർദേശങ്ങൾ ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രത്തിൽനിന്ന് പുറപ്പെടുവിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ഒരാഴ്ചക്കാലം തുടർച്ചയായി തലപ്പിള്ളി, കുന്നംകുളം മേഖലകളിൽ റ്റി.ഒ.സി. സെന്ററുകൾ ഉൾപ്പെടെ 24 മണിക്കൂർ പ്രവർത്തിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെങ്കിലും ആശുപത്രികളും ഫയർ ഫോഴ്സും എപ്പോഴും സജ്ജരായിരിക്കണമെന്നും ഒഴിവുദിനങ്ങളിലും റവന്യൂ, ഫയർ ഫോഴ്സ്, ജിയോളജി, പോലീസ്, ഹെൽത്ത് തുടങ്ങിയ പ്രധാനപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ സ്ഥലത്തുണ്ടായിരിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ഭൂകമ്പത്തെ ദേശീയ ദുരന്തമായി അംഗീകരിച്ച സാഹചര്യത്തിൽ റവന്യൂ-തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി

നിയമപരമായ നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ്

ശ്രീ. വാഴൂർ സോമൻ: സർ, ഭാഷാ ന്യൂനപക്ഷങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തടസ്സം സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. 1950-നുമുമ്പ് കേരളത്തിൽ സ്ഥിരതാമസമാക്കിയ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മാത്രമേ നിലവിലെ നിയമപ്രകാരം ജാതി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. 50 വർഷങ്ങൾക്കുമുമ്പ് നടപ്പിലാക്കിയ ഈ നിയമപ്രകാരം മറ്റ് പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ നിയമതടസ്സം നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത നിയമം കാലാനുസൃതമായി ഭേദഗതി വരുത്തേണ്ടത് അനിവാര്യമാണ്. ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിൽ കേരളത്തിലേയ്ക്ക് കുടിയേറിയവർക്ക് സ്കൂൾ സർട്ടിഫിക്കറ്റുകളോ അനുബന്ധ രേഖകളോ ഉണ്ടായിരുന്നില്ല. അങ്ങനെ വന്നവരുടെ മക്കൾക്കും മക്കളുടെ മക്കൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങളും മറ്റും ലഭിക്കുന്നതിനായി താലൂക്ക് ഓഫീസിൽ അപേക്ഷിക്കുമ്പോൾ അച്ഛന്റെയോ അമ്മയുടെയോ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നത്

ബുദ്ധിമുട്ടായിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ ഇടുക്കി ജില്ലയിൽ ഈ വിഷയം ഉന്നയിച്ച് ജനകീയ സമരമുണ്ടായി. അതുപോലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാനും നിയമതടസ്സം നിലനിൽക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിവാഹം കഴിച്ച് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്ക് രേഖകളെല്ലാം കേരളത്തിലേയ്ക്ക് മാറ്റിയതിനാൽ അവർക്ക് സ്വന്തം സംസ്ഥാനത്തും ജാതി സർട്ടിഫിക്കറ്റ് ലഭിക്കുകയില്ല. ഈ നിയമത്തിൽ ഭേദഗതി വരുത്തി 1975-നുമുമ്പ് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാൻ തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുള്ളതായി അറിയാൻ സാധിച്ചു. അതിനാൽ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും പുതിയ നിയമനിർമ്മാണം നടത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ കുടിയേറി താമസിച്ചവർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് ചൂണ്ടിക്കാണിച്ച ബുദ്ധിമുട്ടുകൾ യാഥാർഥ്യമാണ്. ഇതര സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ഈ വിഷയം റവന്യൂ ഉദ്യോഗസ്ഥരും പൊതുജനങ്ങളും തമ്മിലുള്ള തർക്കങ്ങൾക്ക് കാരണമാകുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കുടിയേറിയ പട്ടികജാതി, പട്ടിക ഗോത്രവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ 12-02-1986-ൽ ജി.ഒ. (എം.എസ്.) 10/86/SCSTD നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം അപേക്ഷകന്റെ മാതാപിതാക്കളോ പൂർവികരോ 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിനുമുമ്പ് സംസ്ഥാനത്ത് കുടിയേറി സ്ഥിരതാമസമാക്കിയവരും അവരുടെ സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി, പട്ടിക ഗോത്രവർഗ പട്ടികയിൽ ഉൾപ്പെട്ടതാകുകയും ചെയ്താൽ അങ്ങനെയുള്ളവർക്ക് ഈ സംസ്ഥാനത്തുനിന്നും അപ്രകാരമുള്ള

സർട്ടിഫിക്കറ്റിന് അർഹതയുണ്ടായിരിക്കും. 1950-നുമുമ്പ് കുടിയേറിയവരുടെ തന്നെ സംഗതിയിൽ അവർ ഈ സംസ്ഥാനത്തെ പട്ടികജാതി, പട്ടിക ഗോത്രവർഗ പട്ടികയിൽ ഉൾപ്പെടാതെ വരുന്ന കേസുകളിൽ അവർക്ക് ഈ സംസ്ഥാനത്തുനിന്നുള്ള പട്ടികജാതി, പട്ടിക ഗോത്രവർഗ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകില്ല. കൂടാതെ, 1950-നുശേഷം ഈ സംസ്ഥാനത്ത് കുടിയേറി താമസിച്ച പട്ടികജാതി, പട്ടിക ഗോത്രവർഗ വിഭാഗക്കാർക്ക് അവരുടെ സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി, പട്ടിക ഗോത്ര വർഗ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽപ്പോലും ഈ സംസ്ഥാനത്തുനിന്നും പട്ടികജാതി, പട്ടിക ഗോത്രവർഗ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കില്ല. ഇത് റവന്യൂ വകുപ്പിന്റെ അഭിപ്രായമല്ല, കേന്ദ്ര ഗവൺമെന്റ് പുറത്തിറക്കിയ നോംസിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ വികസന വകുപ്പ് പുറത്തിറക്കിയ സർക്കുലറിന്റെ ഭാഗമായുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ 08-04-1991-ലെ F.No. 12011/11/94-BCC(C) നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ കുടിയേറി താമസിച്ച മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മേൽനിബന്ധനയോടെ

ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച മാർഗരേഖകൾ 08-03-2019-ലെ GO (Rt) 28/2019/BCDD നമ്പർ ഉത്തരവിലൂടെ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ വികസന വകുപ്പും പിന്നാക്ക ക്ഷേമ വികസന വകുപ്പും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമാണ് റവന്യൂ വകുപ്പ് സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നത്. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് പട്ടികജാതി-പട്ടികവർഗം, പിന്നാക്ക ക്ഷേമം, നിയമം എന്നീ വകുപ്പുകളുമായി ചേർന്ന് വിശദമായ പഠനം നടത്തി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ നിർദേശിക്കുന്നതിനുമായി ബന്ധപ്പെട്ട മന്ത്രിമാർ ഉൾപ്പെടെയുള്ളവരുടെ യോഗം ചേരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) ഒരങ്കോകുന്ന്, മണ്ടോപ്പാറ നഗർ നിവാസികൾക്ക് പട്ടയം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ബാലുശ്ശേരി മണ്ഡലത്തിലെ താമരശ്ശേരി താലൂക്കിലെ കാന്തലോട്ട് വില്ലേജിൽ ഉൾപ്പെട്ട ഒരങ്കോകുന്ന്, മണ്ടോപ്പാറ പ്രദേശത്ത് 52-ഓളം കുടുംബങ്ങൾ വർഷങ്ങളായി വീടുവച്ച്

താമസിക്കുന്നുണ്ട്. റീസർവേ പ്രകാരം പ്രസ്തുത ഭൂമി പാറ പുറമ്പോക്കായി പരിഗണിക്കപ്പെടുന്നതിനാൽ ഇവിടെ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുകയോ നികുതി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. നാലോ അഞ്ചോ സെന്റ് ഭൂമി കൈവശമുള്ളവർക്ക് ലൈഫ് പദ്ധതിയിൽ വീട് നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചുവെന്നാണ് അറിയാൻ കഴിഞ്ഞത്. സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ജിയോളജി വിഭാഗം സ്ഥല പരിശോധന നടത്തുകയും പാറ ഗുണമേന്മയില്ലാത്തതും ഉപയോഗിക്കാൻ കഴിയാത്തതുമാണെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഒരങ്കോകുന്ന്, മണ്ടോപ്പാറ നിവാസികൾക്ക് പട്ടയം നൽകാൻ അടിയന്തര നടപടിയുണ്ടാകണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് ' എന്ന പ്രഖ്യാപിത ലക്ഷ്യവുമായി മുന്നേറുന്ന സർക്കാർ കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽ ഉൾപ്പെട്ട കാന്തലോട്ട് വില്ലേജിലെ ഒരങ്കോകുന്ന്, തലയാട്, മണ്ടോപ്പാറ എന്നീ കോളനികളിലായി താമസിച്ചുവരുന്ന....

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> മിനിസ്റ്റർ, 'കോളനി' എന്ന പദം ഒഴിവാക്കണമെന്ന് ഉത്തരവുള്ളതിനാൽ ഇന്ന് മുതൽ ശ്രദ്ധിക്കണം.

<u>ശ്രീ. കെ. രാജൻ:</u> സർ, പ്രസ്തുത നിർദേശം നൽകുന്നതിനുമുമ്പ് തയ്യാറാക്കിയ മറുപടിയായതിനാൽ പറഞ്ഞുപോയതാണ്. ഒരങ്കോകുന്ന്, തലയാട്, മണ്ടോപ്പാറ നഗറുകളിൽ താമസിക്കുന്ന 54 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ ഗൗരവത്തോടെതന്നെയാണ് സർക്കാർ കാണുന്നത്. കാന്തലോട്ട് വില്ലേജിൽ 1961/2, 2006/01 എന്നീ നമ്പറുകളിലുൾപ്പെട്ടതും പാറ/പാറപുറമ്പോക്ക് വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നതുമായ ഭൂമിയുടെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന വിഷയം ബഹുമാനപ്പെട്ട അംഗത്തിന്റെ അധ്യക്ഷതയിൽ ചേർന്ന നിയോജകമണ്ഡലം അസംബ്ലിയിൽ ഉയർന്നുവന്നിട്ടുള്ളതും പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി ഒന്നാംഘട്ട അദാലത്തിൽ പരിഗണിച്ചിട്ടുള്ളതുമാണ്. ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച 1964-ലെ കേരള ഭൂ പതിവ് ചട്ടം 11(8)(1) പ്രകാരം വിലയേറിയ ധാന്യങ്ങളോ ഖനികളോ അടങ്ങിയിട്ടുള്ളതോ, അടങ്ങിയിട്ടുണ്ടെന്ന് വിശ്വസിക്കപ്പെടുന്നതോ ആയ ഭൂമി

'പതിവ്' ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാടില്ല. പാറപുറമ്പോക്ക് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി പാറ ഉൾപ്പെടുന്ന ഒരു വലിയ ഭൂവിഭാഗത്തെ മാറ്റിനിർത്തുന്ന നടപടിയാണ് കേരളത്തിലെ സെറ്റിൽമെന്റ് ഉൾപ്പെടെയുള്ള ഭൂരേഖകളിൽ കാണുന്നത്. ഇത്തരം ഭൂഭാഗങ്ങളിൽ പാറ ഒഴികെയുള്ള സ്ഥലത്ത് നിരവധി കുടുംബങ്ങൾ കുടിയേറി താമസിക്കുന്നുണ്ട്. ഭൂദൗർലഭ്യം അനുഭവിക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഇത്തരം കുടിയേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ ഭൂമി സർക്കാരിന്റെ കൈവശമില്ല. പ്രസ്തുത സാഹചര്യം നേരിടുന്നതിനായി പാറ പുറമ്പോക്ക് ഇനത്തിൽപ്പെട്ട ഭൂമിയിൽ പാറ ഉൾപ്പെടുന്ന ഭാഗം മാത്രം പാറ പുറമ്പോക്കായി നിലനിർത്തുന്നതിനും പാറ ഒഴികെയുള്ള വാസയോഗ്യമായ ഭൂമി അളന്നുതിരിച്ച് തരിശ് വിഭാഗത്തിലേയ്ക്ക് മാറ്റി കൈവശക്കാരുടെ അപേക്ഷകൾ പ്രത്യേകം പരിശോധിച്ച് അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി പതിച്ച് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കാന്തലോട്ട് വില്ലേജിലെ വിഷയം പട്ടയ അദാലത്തിൽ പരിശോധിക്കുകയും ഓരോരുത്തരുടെയും കൈവശഭൂമിയുടെയും പട്ടയത്തിനായി അപേക്ഷിച്ച

ഭൂമിയുടെയും പട്ടയം അനുവദിക്കാൻ കഴിയുന്ന ഭൂമിയുടെയും വിസ്തീർണം വ്യക്തമായി റിപ്പോർട്ട് ചെയ്യുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം തുടർച്ചയായി ഉന്നയിക്കുന്ന പ്രശ്നമായതുകൊണ്ട് പട്ടയ അദാലത്തുമായി ബന്ധപ്പെട്ട് ഞാൻ പങ്കെടുത്ത യോഗത്തിൽ ഇതുസംബന്ധിച്ച് തീരുമാനമെടുക്കുകയും ചെയ്തതാണ്. റിപ്പോർട്ട് ഉടൻ ലഭ്യമാക്കി പട്ടയവിതരണ നടപടികൾ സംബന്ധിച്ച നിയമപരമായ സാധ്യതകൾ പരിശോധിച്ച് അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അർഹരായ എല്ലാവർക്കും സമയബന്ധിതമായി പട്ടയം നൽകാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പ്രദേശത്തും അത്തരത്തിൽ പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(6) ജൽജീവൻ പദ്ധതിക്കായി പൊളിച്ച റോഡുകൾ പൂർവസ്ഥിതിയിലാക്കൽ

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിലെ പഞ്ചായത്ത് റോഡുകളും പി.ഡബ്ല്യു.ഡി. റോഡുകളും ജനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയാത്തവിധം താറുമാറായി കിടക്കുന്ന വിഷയം സംബന്ധിച്ചാണ് ഞാൻ സബ്മിഷൻ

ഉന്നയിക്കുന്നത്. ഈ വിഷയത്തിൽ പഞ്ചായത്ത് മെമ്പർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളെ ജനങ്ങൾ പഴിപറയുകയാണ്, പരാതികേട്ട് ഞങ്ങൾ മടുത്തു. അവർ പറയുന്നതിലും വസ്തുതയുണ്ട്. ത്രിതല പഞ്ചായത്തുകളുടെയും പി.ഡബ്ല്യു.ഡി.-യുടെയും പരിധിയിൽ വരുന്ന റോഡുകളുടെ പാർശ്വങ്ങളിൽ ജൽജീവൻ കുടിവെള്ള പദ്ധതിക്കായി കുഴിയെടുത്ത് പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ട് സമയബന്ധിതമായി പൂർത്തീകരിക്കാത്തതാണ് ഈ അവസ്ഥയ്ക്ക് കാരണം. എന്റെ നിയോജകമണ്ഡലത്തിലെ ചെങ്ങമനാട്, നെടുമ്പാശ്ശേരി, ശ്രീമൂലനഗരം, കാഞ്ഞൂർ, ഇടത്തല, കീഴ്മാട് തുടങ്ങിയ പഞ്ചായത്തുകളിൽ മാത്രമല്ല ഇവിടെയിരിക്കുന്ന എല്ലാ എം.എൽ.മാരുടെയും മണ്ഡലങ്ങളിലെ ഒട്ടുമിക്ക പഞ്ചായത്തുകളിലെയും ദുരിതമാണിത്. ആളുകൾക്ക് നടക്കാൻ സാധിക്കുന്നില്ലെന്നുമാത്രമല്ല, കുഴികളിൽ വീണ് ഗുരുതര പരുക്കുണ്ടാകുകയും വാഹനാപകടങ്ങൾ വർധിക്കുകയും ചെയ്യുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ആലുവ-പെരുമ്പാവൂർ റോഡിൽ പൈപ്പിടാൻ 10-11-2023-ൽ പി.ഡബ്ല്യു.ഡി അനുമതി നൽകിയതാണ്. ജൽജീവൻ പദ്ധതി

എത്രയുംവേഗം നടപ്പിലാക്കാനുള്ള എൻ.ഒ.സി ലഭ്യമാക്കുന്നതിനുവേണ്ടി എം.എൽ.എ.മാർ മുൻകൈയെടുക്കണമെന്നാവശ്യപ്പെട്ട് ജലവിഭവ വകുപ്പുമന്ത്രി അടക്കമുള്ള ഉത്തരവാദപ്പെട്ടവർ ജനപ്രതിനിധികൾക്ക് കത്ത് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ.മാർ യോഗം വിളിച്ചുചേർക്കുകയും റോഡ് മുറിക്കുന്നതിനുള്ള പെർമിഷൻ ലഭ്യമാക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയും ചെയ്തു. എൻ.ഒ.സി. നൽകി 8 മാസം കഴിഞ്ഞിട്ടും പണി പൂർത്തിയാക്കുന്നില്ല. 'കുതിരവട്ടം പപ്പു' സിനിമയിൽ പറഞ്ഞതുപോലെ "ഇപ്പം ശര്യാക്കിത്തരാം' എന്ന് മന്ത്രി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഞങ്ങൾക്ക് പണം കിട്ടാത്തതുകൊണ്ടാണ് പൂർത്തീകരിക്കാൻ കഴിയാത്തതെന്ന് കോൺട്രാക്ടർമാരും പറയുകയാണ്. കാശില്ലെങ്കിൽ സർക്കാർ ഈ പണിക്ക് പോകേണ്ടതുണ്ടോ? .......(മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം അതിക്രമിച്ചു, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി സംസാരിക്കു...

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പൂർത്തിയാക്കിയില്ല.

...(ബഹളം)...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നിങ്ങൾ ബഹളം വയ്ക്കണ്ട. സാധാരണയായി സബ്മിഷന് 2 മിനുട്ടാണ് അനുവദിക്കുന്നത്, ഇപ്പോൾത്തന്നെ മൂന്നര മിനുട്ട് സംസാരിച്ചു. കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. എത്രയുംവേഗം കോൺട്രാക്ടർമാർക്ക് നൽകാനുള്ള പണം നൽകണം. സംസ്ഥാന സർക്കാർ നൽകേണ്ട പദ്ധതി വിഹിതം നൽകി ജൽജീവൻ മിഷൻ പൂർത്തീകരിച്ച് റോഡ് സഞ്ചാരയോഗ്യമാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): ബഹുമാനപ്പെട്ട അൻവർ സാദത്ത് സബ്മിഷനിലൂടെ ഉന്നയിച്ച വിഷയങ്ങൾ ഗൗരവമേറിയതും വിശദാംശങ്ങൾ സഭ അറിഞ്ഞിരിക്കേണ്ടതുമാണ്. കേരളത്തിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പിലാക്കണമോ വേണ്ടയോ എന്നുള്ള ചോദ്യം ഒരുവശത്തും അതിനായി റോഡുകൾ മുറിക്കേണ്ടിവരുമെന്ന പ്രശ്നം മറുവശത്തും നിൽക്കുകയാണ്. അതുകൊണ്ട് അതിന്റെ പ്രയോറിറ്റി നിശ്ചയിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് എല്ലാ ഗ്രാമീണ ഭവനങ്ങളിലും

ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ജൽജീവൻ മിഷൻ മെച്ചപ്പെട്ട നിലയിൽ തുടർന്നുവരികയാണ്. ഈ പദ്ധതി ആരംഭിക്കുമ്പോൾ കേരളത്തിലെ ഗ്രാമീണ ഭവനങ്ങളിൽ 17 ലക്ഷം കുടിവെള്ള കണക്ഷൻ മാത്രമാണ് ലഭ്യമാക്കിയിരുന്നത്. ഗ്രാമീണ ഭവനങ്ങളുടെ എണ്ണം 7085000 ആണ്. കഴിഞ്ഞ രണ്ട് വർഷക്കാലംകൊണ്ട് 17 ലക്ഷം കുടിവെള്ള കണക്ഷന്റെ സ്ഥാനത്ത് 18 ലക്ഷം കണക്ഷനുകൾ പുതുതായി നൽകിയതോടുകൂടി 35 ലക്ഷത്തോളം കുടുംബങ്ങളിൽ വെള്ളം എത്തിയിട്ടുണ്ട്. അക്കാര്യത്തിൽ അസഹിഷ്ണുത കാണിക്കേണ്ട കാര്യമില്ല. ഇത് എന്റെ കണക്കല്ല, ജലശക്തി മന്ത്രാലയത്തിന്റെ കണക്കാണ്. കേരളത്തിലെ 22 ശതമാനത്തോളം കുടുംബങ്ങളിൽ കുടിവെള്ള കണക്ഷനുകളാണ് കൊടുത്തിരുന്നതെങ്കിൽ നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏതാണ്ട് 40-50 ശതമാനത്തിനുമുകളിൽ കുടിവെള്ളം കണക്ഷനുകൾ നൽകിയിരുന്ന പശ്ചാത്തലത്തിലാണ് ജൽജീവൻ പദ്ധതി ആരംഭിച്ചത്. ദേശീയ ശരാശരി നോക്കുമ്പോൾ 75 ശതമാനത്തോളം കണക്ഷനുകൾ കൊടുത്തുവെന്നും ഇക്കാര്യത്തിൽ കേരളം വളരെ

പുറകിലാണെന്നുമുള്ള ചില പ്രസ്താവനകൾ പലപ്പോഴും വാർത്തകളിലിടം നേടാറുണ്ട്. കേരളത്തിലെ കുടിവെള്ള കണക്ഷനുകൾ 22 ശതമാനത്തിൽനിന്നും 52 ശതമാനമായി ഉയർന്നു. അതായത്, ഏകദേശം 30 ശതമാനം കുടിവെള്ള കണക്ഷനുകൾ നൽകിയെന്നാണ് ജലശക്തി മന്ത്രാലയത്തിന്റെ കണക്കുകളിൽ വ്യക്തമാക്കിയിരിക്കുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ മാറ്റം വരുമ്പോൾ ശേഷിച്ച കണക്ഷനുകൾ കൊടുക്കുന്നതിനാവശ്യമായ നടപടിയാണ് അടിയന്തരമായി ചെയ്യേണ്ടത്. അങ്ങനെ കുടിവെള്ള കണക്ഷനുകൾ കൊടുക്കുന്നതിനാവശ്യമായ മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി ഇതിനോടകം നൽകിയിട്ടുണ്ട്. നാല്പതിനായിരത്തിൽപ്പരം കോടി രൂപയ്ക്കുമേൽ ഭരണാനുമതി നൽകുകയും നിർമ്മാണപ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരികയുമാണ്. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകൾ പൊളിക്കുന്നതിന് വാട്ടർ അതോറിറ്റി അടയ്ക്കേണ്ട തുക മുഴുവൻ അടച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇക്കാര്യത്തിൽ നല്ല നിലപാട് സ്വീകരിച്ച വ്യക്തിയാണ്. റോഡുകളുടെ നിർമ്മാണപ്രവൃത്തികൾ നടക്കുമ്പോൾ ചില

പ്രദേശങ്ങളിൽ സാങ്കേതിക തടസ്സങ്ങളുണ്ടാകാം. പൈപ്പിട്ടാൽ മാത്രം പോരാ റോഡ് താൽക്കാലികമായി റെസ്റ്റോർ ചെയ്യണം. പക്ഷേ, പൈപ്പിട്ട് പ്രഷർ ടെസ്റ്റ് നടത്തിയതിനുശേഷമല്ലാതെ പൂർണ്ണതോതിൽ കോൺക്രീറ്റോ ടാറോ ചെയ്താൽ ആ റോഡ് പൊളിക്കേണ്ടിവരും. അത്തരം കാര്യങ്ങളിൽ ചില ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കാൻ തുക അനുവദിച്ചെങ്കിലും റെസ്റ്റോർ ചെയ്യാൻ പ്രത്യേകമായി തുകയില്ലാത്തതിനാൽ പഞ്ചായത്തുകൾതന്നെ അത് ചെയ്യണമെന്ന തരത്തിലാണ് പ്രവൃത്തി ആരംഭിച്ചത്. പക്ഷേ, ഈ പദ്ധതി നടപ്പിലാക്കിയപ്പോൾ ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലായതിനാൽ 15-ാം ധനകാര്യ കമ്മീഷന്റെ അൺടൈഡ് ഫണ്ട് ഉപയോഗിക്കാനുള്ള പെർമിഷൻ നേടിയെടുക്കുകയും എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അത് ഉപയോഗിക്കാനുള്ള പെർമിഷൻ നൽകുകയും ചെയ്തു. കൂടാതെ, ആസ്തിയില്ലാത്ത പഞ്ചായത്തുകൾക്ക് റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനാവശ്യമായ ഫണ്ട് കൊടുത്തുകൊണ്ടുള്ള ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ആലുവ-പെരുമ്പാവൂർ റോഡിന്റെ കാര്യം

പ്രത്യേകമായി പരിശോധിക്കാം. എവിടെയെങ്കിലും ഇത്തരത്തിൽ പ്രശ്നമുണ്ടെങ്കിൽ റോഡ് പ്രവൃത്തിയുടെ എഗ്രിമെന്റ് കാലാവധിയായ എട്ട് മാസത്തിനുള്ളിൽ അക്കാര്യം വിശദമായി പരിശോധിക്കാം. എഗ്രിമെന്റ് പീരിയഡ് കഴിഞ്ഞിട്ടും പ്രവൃത്തി നടക്കുന്നില്ലെങ്കിൽ പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കാം. എല്ലാ നിയമസഭാമണ്ഡലങ്ങളിലും എം.എൽ.എ.മാരുമായി കണക്ട് ചെയ്ത് മാത്രമാണ് ഈ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുവരുന്നത്. മാത്രമല്ല, ഇത്തരം പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനവുമുണ്ട്. ഫണ്ടിന്റെ ലഭ്യതയില്ലായ്മയാണ് പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കാരണമെന്നാണ് വാർത്തകൾ വന്നുകൊണ്ടിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് ജൽജീവൻ മിഷന്റെ ഭാഗമായി കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് 1949.36 കോടി രൂപയാണ് വകയിരുത്തിയത്. അതിൽ ആദ്യ ഗഡുവായി 292.4 കോടി രൂപ അനുവദിച്ചു. സംസ്ഥാന വിഹിതമായി 255.5 കോടി രൂപ അനുവദിച്ച് ഉത്തരവായി. വീണ്ടും കേന്ദ്രത്തോട് ഫണ്ട് ആവശ്യപ്പെട്ടു. മാച്ചിംഗ് ഷെയർ

എല്ലാ കാലത്തും ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്. ഗവൺമെന്റ് അക്കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. ആവശ്യമായ തുക കണ്ടെത്തി പദ്ധതി പൂർത്തീകരിക്കുന്നതോടെ എല്ലാ വിഭാഗം ജനങ്ങൾക്കും ശുദ്ധജല ലഭ്യത ഉറപ്പുവരുത്താനാകും. റോഡ് പ്രവൃത്തി എത്രയുംവേഗം ചെയ്തുതീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാം.

(7) വനത്തിനുള്ളിലെ കളസസ്യങ്ങളുടെ നിർമ്മാർജ്ജനം

ശ്രീ. ലിന്റോ ജോസഫ്: സർ, വനത്തിനുള്ളിൽ അധിനിവേശ സസ്യങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനം തനത് സ്വാഭാവിക സസ്യങ്ങളുടെ വളർച്ചയ്ക്ക് വിഘാതമായിരിക്കുകയാണ്. മഞ്ഞക്കൊന്ന, അരിപ്പൂച്ചെടി, ആനത്തൊട്ടാവാടി മുതലായ സസ്യങ്ങൾ അനിയന്ത്രിതമായി വളരുന്നത് വന്യമൃഗങ്ങളുടെ ഭക്ഷണക്രമത്തെ മാത്രമല്ല, സഞ്ചാരസ്വാതന്ത്ര്യത്തെയും ബാധിക്കുന്നു. പ്രത്യേകിച്ച് ആനപോലുള്ള മൃഗങ്ങൾക്ക് സ്വാഭാവിക വനമില്ലാത്തതുകൊണ്ട് ഭക്ഷണം ലഭിക്കുന്നില്ല. അതുപോലെ ഒറ്റ പ്രസവത്തിൽ കൂടുതൽ കുഞ്ഞുങ്ങളെ ജനിപ്പിക്കുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായ വർധനവും പ്രതികൂലമാകുന്നുണ്ട്. കേരളത്തിലെ ഏറ്റവും

പ്രധാനപ്പെട്ട വന്യമൃഗസംരക്ഷണ കേന്ദ്രമായ പറമ്പിക്കുളം തേക്ക് പ്ലാന്റേഷനായതിനാൽ അവിടെ സ്വാഭാവിക വനത്തിന് വിസ്തൃതി കുറവാണ്. ഇത്തരം സ്ഥലങ്ങളിൽ വന്യമൃഗങ്ങൾക്ക് സ്വൈരവിഹാരം നടത്താൻ കഴിയാത്തതും ഭക്ഷണം ലഭ്യമാകാത്തതുമായ സാഹചര്യമുണ്ടാകുന്നു. അപ്പോൾ അത്തരം മൃഗങ്ങൾ നാട്ടിലേക്കിറങ്ങുകയും കർഷകരുമായി സംഘർഷത്തിലേർപ്പെടുകയും ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷം വർധിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് അധിനിവേശസസ്യങ്ങളുടെ വ്യാപനമാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇത് നിയന്ത്രിച്ച് അധിനിവേശസസ്യങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നാണ് പരിശോധിക്കേണ്ടത്. അയൽസംസ്ഥാനങ്ങളിൽ വൃക്ഷസ്വഭാവമുള്ള കളസസ്യങ്ങളെ നിയമാനുസൃതമായ നടപടികളിലൂടെ ലേലം ചെയ്ത് പൾപ്പാക്കി മാറ്റി പേപ്പർ നിർമാണത്തിനും മറ്റും ഉപയോഗപ്പെടുത്തി വരുമാനം കണ്ടെത്തുന്നുണ്ട്. അധിനിവേശ സസ്യങ്ങളുടെ വ്യാപനം കുറയ്ക്കുന്നതിനും സംസ്ഥാനത്തിന്റെ വരുമാന വർധനവിനിടയാക്കുന്നതിനുമുള്ള

നടപടി സ്വീകരിക്കണമെന്നും വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷം കുറയ്ക്കാനാവശ്യമായ കൃത്യമായ ഇടപെടൽ നടത്തണമെന്നമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വന്യമൃഗശല്യം മലയോരമേഖലയിൽ വലിയ അസ്വസ്ഥത സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. വനശോഷണവും അധിനിവേശ സസ്യങ്ങളുടെ സാന്നിധ്യവും ജലലഭ്യതയെയും ആവാസവ്യവസ്ഥയെയും ദോഷകരമായി ബാധിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് 17-12-2021-ലെ സർക്കാർ ഉത്തരവുപ്രകാരം ഒരു നയരേഖ അംഗീകരിച്ചിട്ടുണ്ട്. പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ ഏകവിള തോട്ടങ്ങളും പരാജിത തേക്ക് തോട്ടങ്ങളും ഉൾപ്പെടെ ഘട്ടംഘട്ടമായി നീക്കം ചെയ്തുകൊണ്ടുള്ള സ്വാഭാവിക വനപുനഃസ്ഥാപനം വിഭാവനം ചെയ്തിട്ടുണ്ട്. 27000 ഹെക്ടർ സ്ഥലത്ത് ഇത്തരത്തിൽ സ്വാഭാവിക വനപുനഃസ്ഥാപനം

ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് ഒറ്റയടിക്ക് നടപ്പാക്കാൻ സാധിക്കുകയില്ല. അതിനാൽ പരമാവധി കാലപരിധി 20 വർഷമായി നിശ്ചയിച്ചിട്ടുണ്ട്. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5585.57 ഹെക്ടർ സ്ഥലത്ത് ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ, സെന്ന, ലെന്റാന, മൈക്കേനിയ തുടങ്ങിയ സസ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഏകവിള തോട്ടങ്ങൾ ബഹുവിള തോട്ടങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി 2023-24, 2024-25 വർഷങ്ങളിലായി വർക്കിംഗ് പ്ലാൻ അംഗീകാരമുള്ള 1532.52 ഹെക്ടർ സ്ഥലത്ത് അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ തോട്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി പ്രസ്തുത തോട്ടങ്ങളിൽനിന്നും ഒരു ലക്ഷം മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിന് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (കെ.പി.പി.എൽ.) എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ പരിശോധിക്കണമെന്ന അങ്ങയുടെ നിർദേശംകൂടി പരിഗണിച്ചാണ് ഇങ്ങനെ

ചെയ്തത്. വയനാട് ജില്ലയിൽ ധാരാളമായി കണ്ടുവരുന്നതും ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിയിട്ടുള്ളതുമായ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ സെന്ന മരങ്ങൾ പൾപ്പ് വുഡായി എടുക്കാൻ തയ്യാറാണെന്ന് പൊതുമേഖലാ സ്ഥാപനമായ കെ.പി.പി.എൽ. അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം നോർത്ത് വയനാട് ഡിവിഷന്റെ പരിധിയിൽനിന്നും 5000 മെട്രിക് ടൺ സെന്ന മരങ്ങൾ ശേഖരിക്കുന്നതിന് കെ.പി.പി.എൽ.-ന് അനുവാദം നൽകിയിട്ടുണ്ട്. നോർത്തേൺ സർക്കിളിനുകീഴിലുള്ള വയനാട് മേഖലയിലെ വിവിധ ഭാഗങ്ങളിലായി ഏകദേശം അൻപത് ഹെക്ടർ സെന്ന മരങ്ങൾ നിർമ്മാർജ്ജനം ചെയ്യുകയും 110 ഹെക്ടറോളമുള്ളത് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കോ റെസ്റ്റോറേഷന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് മുള, ഈറ്റ, പ്ലാവ്, നെല്ലി, കമ്പകം, പൂവം, താന്നി, വേപ്പ്, കുമ്പിൾ, ഞാവൽ, സീതപ്പഴം, മലവേപ്പ്

തുടങ്ങി മലയോരസസ്യങ്ങളും 1346.54 ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കുളങ്ങൾ, നീർച്ചാലുകൾ എന്നിവയിലെ ചെളിയും മണ്ണും നീക്കം ചെയ്യുന്നുണ്ട്. വനമേഖലയുമായി ചേർന്നുകിടക്കുന്ന വനഭൂമികളിൽ മഞ്ഞൾ കൃഷി ചെയ്യുന്ന പരീക്ഷണവും ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച വന പുനഃസ്ഥാപന നയരേഖ പ്രകാരം സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം അടിയന്തരമായി നടപ്പിലാക്കുന്നതാണ്. ഇതുകൊണ്ട് വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്താനും വനത്തിനുള്ളിൽത്തന്നെ ഭക്ഷണവും ജലലഭ്യതയും ഉറപ്പുവരുത്താനും സാധിക്കും. ഇത് വന്യജീവികൾ വനത്തിൽനിന്ന് പുറത്തേക്കിറങ്ങുന്ന പ്രവണത കുറയ്ക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും സഹായകമാകും.

(8) <u>ദേശീയപാത നിർമ്മാണത്തിലെ അപാകതകൾ</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, സംസ്ഥാനത്ത് ദേശീയപാത നിർമ്മാണം പുരോഗമിക്കുന്നതിനനുസരിച്ച് അതുമായി

ബന്ധപ്പെട്ട ദുരന്തവും കൂടിക്കൊണ്ടിരിക്കുകയാണ്. അണ്ടർപാസ് നിർമ്മിച്ചിട്ടില്ല. പള്ളികൾ, പൊതുസ്ഥാപനങ്ങൾ, സ്കൂളുകൾ തുടങ്ങിയവയിലേയ്ക്ക് നടന്ന് പോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് നിരന്തരം സമരങ്ങൾ നടന്നുവരികയാണ്. സംസ്ഥാന സർക്കാരും പണം മുടക്കുന്നതിനാൽ ഇതിൽ സംസ്ഥാന സർക്കാരിനും ബാധ്യതയുണ്ട്. അതുകൊണ്ട് ദേശീയപാതയാണ് നിർമ്മിക്കുന്നതെന്നുപറഞ്ഞ് മാറിനിൽക്കാതെ ഇതിന് പരിഹാരം കാണണം. എന്റെ മണ്ഡലത്തിലെ രണ്ടത്താണിയുടെ രണ്ടര കിലോമീറ്റർ ചുറ്റളവിൽനിന്ന് ഡ്രെയിനേജുവഴി വരുന്ന വെള്ളം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള അയൂബ്ഖാൻ റോഡിലേയ്ക്കാണ് എത്തിച്ചേരുന്നത്. അതിന് ചുറ്റുപാടും വീടുകളും കടകളുമെല്ലാമുണ്ട്. കഴിഞ്ഞ രണ്ട് വർഷമായി അവിടെ ചെറിയ രീതിയിലുള്ള മഴയാണ് പെയ്തത്. എന്നിട്ടും വെള്ളം ഒലിച്ചുവന്ന് റോഡ് ഗതാഗതയോഗ്യമല്ലാതാകുകയും വീടുകളിലും കടകളിലുമൊക്കെ വെള്ളം കയറി സാധനസാമഗ്രികളെല്ലാം നഷ്ടപ്പെടുകയും വീടുകളിൽ താമസിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും ചെയ്തു. അതുകൊണ്ട്

ഡ്രെയിനേജ് സിസ്റ്റം മാറ്റിസ്ഥാപിച്ചോ മറ്റേതെങ്കിലും മാർഗം സ്വീകരിച്ചോ ഈ പ്രശ്നത്തിന് പരിഹാരം കാണണം. കുറ്റിപ്പുറം റെയിൽവേ സ്റ്റേഷന്റെ ഭാഗത്ത് ഏകദേശം ഇരുപത്തിയഞ്ച് മീറ്റർ മണ്ണെടുത്ത് താഴ്ത്തിയാണ് റോഡ് നിർമ്മിച്ചിരിക്കുന്നത്. സൈഡ് റോഡും അതുവഴിയാണ് പോകുന്നത്. സൈഡ് റോഡിനുവേണ്ടി താഴ്ത്തിയ ഭാഗത്തെ മുകൾനിരപ്പിലുള്ള ഏകദേശം പത്തോളം വീടുകളിൽ വിള്ളലുണ്ടായതിനാൽ അവ താമസയോഗ്യമല്ലെന്ന് KNRCL (M/s KNR Constructions Ltd.)-ന്റെ ഉദ്യോഗസ്ഥരും ദേശീയപാത അതോറിറ്റി എഞ്ചിനീയർമാരും സർട്ടിഫൈ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അഞ്ച് വീടുകളിലെ ആളുകൾ ഇപ്പോൾ വാടക വീടുകളിലാണ് താമസിക്കുന്നത്. മണ്ണിട്ട് താഴ്ത്തിയ സ്ഥലത്ത് മണ്ണ് നിറയ്ക്കുകയും വീടുകളിലെ വിള്ളലുകൾ സിമന്റ് ഉപയോഗിച്ച് താൽക്കാലികമായി സംരക്ഷിച്ചിരിക്കുകയുമാണ്. രണ്ട് മാസംകൂടി മഴ പെയ്താൽ ഈ അഞ്ച് വീടുകളും പൂർണ്ണമായും തകരുന്ന അവസ്ഥയുണ്ടാകും. അതുകൊണ്ട് KNRCL-ലെയും ദേശീയപാത അതോറിറ്റിയിലെയും അധികൃതർക്ക് ഈ രണ്ട് പ്രശ്നങ്ങളും പരിഹരിക്കുന്നതിനാവശ്യമായ നിർദേശം നൽകണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, രണ്ടത്താണി ഭാഗത്ത് NH 66-ൽ നിന്നുള്ള ഡ്രെയിനേജ് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് നിലവിൽ സ്ലാബ് കൾവെർട്ട് സംവിധാനമാണുള്ളത്. ദേശീയപാത-66 നിർമ്മാണത്തിന്റെ ഭാഗമായി ഇത് പൊളിച്ചുകളഞ്ഞ് ചെയിനേജ് 291+309 ഭാഗത്ത് 2x2 m സൈസിൽ ബോക്സ് കൾവെർട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതായി NHAI (National Highways Authority of India) അറിയിച്ചിട്ടുണ്ട്. കൾവെർട്ടിന്റെ വലതുഭാഗത്ത് (rhs- right hand side) ഉയരം കൂടിയ റോഡിൽനിന്ന് ഇടതുഭാഗത്തേയ്ക്കുള്ള (lhs- left hand side) ഉയരം കുറഞ്ഞ റോഡിലേയ്ക്ക് സ്വാഭാവിക നീരൊഴുക്ക് സുഗമമാക്കുന്നതിന് ബോക്സ് കൾവെർട്ട് സഹായിക്കും. വലതുഭാഗത്ത് km 290+940 മുതൽ km 292+600 വരെയുള്ള ഭാഗത്തെ വെള്ളം ബോക്സ് കൾവെർട്ടിലൂടെ ഒഴുകി പോകുമെന്നാണ് പറയുന്നത്. ബോക്സ് കൾവെർട്ടിന്റെ വലതുഭാഗത്തും ഇടതുഭാഗത്തുമുള്ള കനാൽ റോഡുകൾ ജനങ്ങൾ വഴിനടക്കുന്നതിനും ഉപയോഗിക്കാറുണ്ട്. ചരിഞ്ഞ ഭൂപ്രകൃതിയുള്ള പ്രദേശത്ത് നിലവിലുള്ള സ്ലാബ് കൾവെർട്ടിലൂടെയുണ്ടാകുന്ന നീരൊഴുക്ക്

ബോക്സ് കൾവെർട്ട് നിർമ്മിച്ചാലുമുണ്ടാകും. ഉയരം കൂടിയ വലതുഭാഗത്ത് വെള്ളം തടസ്സപ്പെടുത്തിയാൽ സർവീസ് റോഡിന് സമാന്തരമായുള്ള റോഡ് ഉൾപ്പെടെയുള്ള ഭാഗത്ത് കേടുപാടുകൾ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ സ്വാഭാവിക നീരൊഴുക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. ദേശീയപാത വികസനത്തിന്റെ ഭാഗമായി സർവീസ് റോഡിനരികിൽ ഒന്നര മീറ്റർ വീതിയിൽ ഡ്രെയിനേജ് സംവിധാനമൊരുക്കുന്നുണ്ട്. ദേശീയപാതയിൽനിന്നുള്ള മഴവെള്ളം ഒഴുകിപ്പോകുന്നതിനുവേണ്ടിയാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇത് പൂർത്തിയാകുന്നതോടെ ദേശീയപാതയിൽനിന്നുള്ള മഴവെള്ളം സമീപപ്രദേശങ്ങളിലേയ്ക്ക് ഒഴുകുന്നതിന് ശമനമുണ്ടാകുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ദേശീയപാത 66-ലെ ബോക്സ് കൾവെർട്ടിന് സമീപമുള്ള കനാൽ റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഗ്രിൽഡ് കവറോടുകൂടിയ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുകയോ കനാലിന്റെ ഭാഗത്തെ കൈയേറ്റങ്ങൾ ഒഴിപ്പിച്ച് കനാലിന് വീതി കൂട്ടുകയോ ചെയ്യാവുന്നതാണെന്ന് ദേശീയപാത

അതോറിറ്റി അറിയിച്ചിട്ടുണ്ട്. കുറ്റിപ്പുറം ബംഗ്ലാംകുന്ന് ഭാഗത്ത് 2024 മാർച്ച് മാസത്തിൽ സോയിൽ നെയിലിംഗ് നടത്തിയിരുന്നു. എങ്കിലും 16-04-2024-ന് മുകളിൽനിന്നും മണ്ണൊലിപ്പുണ്ടാകുന്നതായും പരിണിതഫലമായി സമീപത്തുള്ള വീടുകളിൽ വിള്ളലുകൾ രൂപപ്പെട്ടതായും കണ്ടെത്തി. വിള്ളലുകൾ കണ്ടെത്തിയ ഉടൻതന്നെ അവിടെയുള്ള താമസക്കാരെ മാറ്റിപാർപ്പിക്കുന്നതിനാവശ്യമായ ധനസഹായം നൽകുകയും സ്ഥലപരിശോധന നടത്തിയ ഐ.ഐ.ടി. മദ്രാസിലെ വിദഗ്ധ സംഘത്തിന്റെ നിർദേശപ്രകാരം വിള്ളലുകളിൽ പ്രഷർ സിമന്റ് ഗ്രൗട്ടിംഗ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ 10-05-2024-ന് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുശേഷം വിള്ളലുകൾ രൂപപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല. മണ്ണൊലിപ്പിന്റെ ഫലമായി വീടുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് M/s. Samara Consultants and Developers എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൺസെഷണയറുമായി ചർച്ച ചെയ്ത് ശാശ്വത പരിഹാരത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ദേശീയപാത

അതോറിറ്റി അറിയിച്ചിട്ടുണ്ട്. ദേശീയപാതയുടെ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിലെ പൊതുവായ പ്രശ്നമാണ് ഇവിടെ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സൂചിപ്പിച്ചത്. വള്ളിക്കുന്ന് നിയമസഭാ മണ്ഡലത്തിലെ അംഗമുൾപ്പെടെയുള്ള പലരും നേരത്തെ ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതൊരു പ്രശ്നം തന്നെയാണ്. ഇത് പരിഹരിക്കാൻ ദേശീയപാത അതോറിറ്റിയോട് നിർദേശിക്കുന്നതോടൊപ്പം സംസ്ഥാന സർക്കാരും പൊതുമരാമത്ത് വകുപ്പും ഇക്കാര്യത്തിൽ ഇടപെടുന്നുണ്ട്. നമ്മുടെ ദീർഘകാലത്തെ ആഗ്രഹമാണ് ഇപ്പോൾ നടപ്പാകുന്നത്. റോഡ് പ്രവൃത്തിയുടെ ഭാഗമായുണ്ടായ പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കാൻ നമുക്കെല്ലാവർക്കും ഒറ്റക്കെട്ടായി ഇടപെടാം. കേരളത്തിന്റെ സ്വപ്ന പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി ഗതാഗതക്കുരുക്കിന് ആശ്വാസമുണ്ടാകും.

(9) ഓട്ടുപാറ ഗവൺമെന്റ് ജില്ലാശുപത്രിയുടെ പ്രവർത്തനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ ഓട്ടുപാറ ജില്ലാശുപത്രി തലപ്പിള്ളി താലൂക്കിലെ പ്രധാനപ്പെട്ട ആതുരാലയമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ഒട്ടേറെ വികസന

പ്രവർത്തനങ്ങൾ ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നേരിട്ടെത്തി വികസന പ്രവർത്തനങ്ങൾ വിലയിരുത്തി നൽകിയ നിർദ്ദേശങ്ങളനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഊർജിതമായിട്ടുണ്ട്. 2022-23 സംസ്ഥാന ബജറ്റിൽ 2 കോടി രൂപ ഐ.പി. ബ്ലോക്കിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. എന്നാൽ മാസ്റ്റർ പ്ലാൻ അനുസരിച്ച് ബഹുനില കെട്ടിടം, ഐ.പി. ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിന് കൂടുതൽ തുക ആവശ്യമായി വരും. അതിനായി കിഫ്ബിയുടെയോ നബാർഡിന്റെയോ ഫണ്ടുകൾ വകയിരുത്തണമെന്ന് അഭ്യർഥിക്കുന്നു. ജില്ലാശുപത്രി എന്ന നിലയിൽ കിടത്തി ചികിത്സ, ഫിസിക്കൽ മെഡിസിൻ, റേഡിയോ തെറാപ്പി, ഡെർമറ്റോളജി, സൈക്യാട്രി, ഡെന്റൽ എന്നീ വിഭാഗങ്ങൾ പുതുതായി ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കാഷ്വാലിറ്റി വെർട്ടിക്കൽ എക്സ്റ്റൻഷൻ ബിൽഡിംഗിൽ ഐ.സി.യു. സൗകര്യമേർപ്പെടുത്തണം. ന്യൂ ഒ.പി. ബി ബ്ലോക്ക് വെർട്ടിക്കൽ എക്സ്റ്റൻഷൻ ബിൽഡിംഗ് പൂർത്തിയാക്കാനാവശ്യമായ തുക എം.എൽ.എ. ആസ്തി

വികസന ഫണ്ടിൽനിന്നും വകയിരുത്തിയിട്ടുണ്ട്. ഈ കെട്ടിടങ്ങളിൽ ഫയർ ഫൈറ്റിംഗ് സിസ്റ്റവും ഫർണിഷിംഗും ഉപകരണങ്ങളും സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ സന്ദർശനത്തിനുശേഷം 'ലക്ഷ്യ' ബ്ലോക്ക് നിർമ്മാണം പുനരാരംഭിച്ചെങ്കിലും പൂർത്തിയായിട്ടില്ല. ഐസൊലേഷൻ വാർഡ് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കണം. ഓക്സിജൻ പ്ലാന്റ് പൂർണ്ണസജ്ജമാക്കിയും ഡയാലിസിസ് യൂണിറ്റിന്റെ ഷിഫ്റ്റുകൾ വർധിപ്പിച്ചും District Early Intervention Centre (DEIC), ഐസൊലേഷൻ വാർഡ് എന്നിവയുമായി ബന്ധിപ്പിക്കുന്ന ആശുപത്രിക്കകത്തെ പാസേജ് യാഥാർഥ്യമാക്കിയും വടക്കാഞ്ചേരി ജില്ലാശുപത്രിയുടെ പ്രവർത്തനവും സമഗ്രവികസനവും സാധ്യമാക്കണമെന്നാണ് സബ്മിഷനിലൂടെ അഭ്യർഥിക്കുന്നത്.

ആരോഗ്യ–വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഔദ്യോഗിക യോഗങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന വാക്കുകളിലൂടെയും ചിത്രങ്ങളിലൂടെയും ആശുപത്രികളുടെ പ്രശ്നപരിഹാരം സാധ്യമാക്കുന്നതിനേക്കാൾ ഫലപ്രദമാണ് നേരിട്ട് പശ്ചാത്തലം

മനസ്സിലാക്കിയുള്ള പ്രശ്നപരിഹാരം എന്നാണ് താലൂക്കാശുപത്രികളും ജില്ലാശുപത്രികളും സന്ദർശിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ബഹുമാന്യനായ സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ.-യും വടക്കാഞ്ചേരി ജില്ലാശുപത്രി സന്ദർശനവേളയിൽ എന്നോടൊപ്പമുണ്ടായിരുന്നു. ദീർഘകാലമായി അവിടെ മുടങ്ങിക്കിടന്ന ഒട്ടേറെ പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞു. ലേബർ റൂമിനെ 'ലക്ഷ്യ' നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള 2,29,00,000/- രൂപയുടെ നിർമ്മാണ പ്രവൃത്തി COSTFORD (The Centre of Science and Technology for Rural Development) ആണ് ചെയ്യുന്നത്. ഇപ്പോൾ ഏതാണ്ട് എൺപത് ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ഫ്ലോറിംഗ്, ലക്ഷ്യ സ്റ്റാൻഡേർഡ് അനുസരിച്ചുള്ള ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ ക്രമീകരണങ്ങൾകൂടി നടത്തിയാൽ മതിയാകും. 1,52,00,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയ ഒ.പി. ബിൽഡിംഗ് ട്രാൻഫോർമേഷന്റെ 80% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്, രണ്ട് മാസത്തിനുള്ളിൽ അതിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

8,35,00,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയ കാഷ്വാലിറ്റി വെർട്ടിക്കൽ എക്സ്റ്റൻഷന്റെ 73% പ്രവൃത്തികളും പൂർത്തീകരിക്കുകയും രണ്ട് നിലകളുടെയും പ്ലാസ്റ്ററിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഏതാനും മാസങ്ങൾക്കുള്ളിൽ ഐ.സി.യു. നിർമ്മാണം പൂർത്തിയാകും. ഫയർ ആൻഡ് സേഫ്റ്റി സംവിധാനമേർപ്പെടുത്തുന്നതിന് 2024-25 സാമ്പത്തിക വർഷത്തെ എൻ.എച്ച്.എം. ROP-യിലുൾപ്പെടുത്തി 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്; അതിന്റെ പ്രാരംഭനടപടികൾ സ്വീകരിച്ചുവരികയാണ്. അവിടെ ഐസൊലേഷൻ വാർഡ് പ്രവർത്തനസജ്ജമാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. District Early Intervention Centre (DEIC), ഐസൊലേഷൻ വാർഡ് എന്നിവ ആശുപത്രിയിൽനിന്നും ഏതാണ്ട് 500 മീറ്ററോളം അകലെയാണുള്ളത്. ഇവിടെ എത്തുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി പാസേജ് നിർമ്മിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. ഓക്സിജൻ പ്ലാന്റിന്റെ നിർമാണം പൂർത്തിയായെങ്കിലും കമ്മീഷൻ ചെയ്തിട്ടില്ല. അതിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് KMSCL (Kerala Medical Services

Corporation Limited)-ന് നിർദേശം നൽകിയിട്ടുണ്ട്. അത് ത്വരിതഗതിയിൽ പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കാൻ കഴിയുന്നതാണ്. തസ്തികകളെ സംബന്ധിച്ച കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. ആർദ്രം സ്റ്റാൻഡേർഡൈസേഷൻ പ്രകാരമുള്ള ഗ്യാപ് അനാലിസിസ് നടത്തി അംഗം ആവശ്യപ്പെട്ട ഡിപ്പാർട്ടുമെന്റുകൾകൂടി അവിടെ അനുവദിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. ഐ.പി. ബ്ലോക്കിനായി ഈ ബജറ്റിൽ 20% തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അവിടെ 117 അംഗീകൃത കിടക്കകളുണ്ടെങ്കിലും നിലവിൽ 98 പേർക്കുള്ള കിടത്തി ചികിത്സാ സൗകര്യം മാത്രമേ ലഭ്യമാക്കാൻ സാധിക്കു. 1500-ഓളം ഒ.പി.-യാണ് അവിടെയുള്ളത്. അക്കാര്യത്തിൽ BHS (Basic Healthcare Services)-ന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്, അത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കും. ഡയാലിസിസ് യൂണിറ്റിന്റെ ഒരു ഷിഫ്റ്റ് മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. ഈ മാസം മുതൽ രണ്ട് ഷിഫ്റ്റുകൾ തുടങ്ങുന്നതാണ്. നിലവിൽ പതിനാല് രോഗികൾക്ക് ഈ സേവനം നൽകിവരുന്നുണ്ട്.

## (10) പി.ആർ.എസ്. വായ്പ പദ്ധതി

ശ്രീ. എ. പ്രഭാകരൻ: സർ, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളും നെല്ലിന്റെ വില ലഭിക്കാൻ നേരിടുന്ന കാലതാമസവും കാരണം നെൽകർഷകർ പ്രതിസന്ധിയിലായിരിക്കുകയാണ്. സപ്ലൈകോ നൽകുന്ന പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) അടിസ്ഥാനപ്പെടുത്തി 2022-23 വരെ കേരള ബാങ്കാണ് പണം നൽകിയിരുന്നത്. പി.ആർ.എസ്. കൊടുത്താൽ അപ്പോൾത്തന്നെ പണം ലഭിക്കുമായിരുന്നു. കഴിഞ്ഞ പതിമൂന്ന് വർഷക്കാലം സുഗമമായി നടന്നുവന്ന ഈ സംവിധാനം 2022-23 മുതൽ എസ്.ബി.ഐ., കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ കൺസോർഷ്യം രൂപീകരിച്ചാണ് നടപ്പാക്കിവരുന്നത്. എന്നാൽ ഈ പൊതുമേഖലാ ബാങ്കുകൾ നിരവധി നിബന്ധനകളും കർശന നിലപാടുകളും സ്വീകരിക്കുന്നതുമൂലം കർഷകർക്ക് പണം ലഭിക്കാൻ കാലതാമസം നേരിടുകയാണ്. മാത്രമല്ല, കേരള ബാങ്ക് 7.65% പലിശയ്ക്കാണ് പി.ആർ.എസ്. വായ്പ നൽകാൻ തീരുമാനിച്ചതെങ്കിൽ ബാങ്കുകളുടെ കൺസോർഷ്യം 9.30% പലിശയ്ക്കാണ് നൽകുന്നതെന്ന് തോന്നുന്നു. സർക്കാരിനും ഇതുമൂലം വലിയ

ബുദ്ധിമുട്ടാണുണ്ടായിരിക്കുന്നത്. പി.ആർ.എസ്. വായ്പ പദ്ധതി കേരള ബാങ്ക് മുഖേന നടത്തുന്നതാണ് നല്ലത്. ഇതിലൂടെ സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ സാധിക്കും. കേരള ബാങ്കിനെയും പ്രൈമറി സഹകരണ ബാങ്കുകളെയും യോജിപ്പിച്ച് അവർ മുഖാന്തരം പി.ആർ.എസ്. വായ്പ നൽകുന്ന സമീപനം സ്വീകരിച്ചാൽ കൃഷിക്കാർക്കും സഹകരണ മേഖലയ്ക്കും ഗവൺമെന്റിനും അത് ഗുണകരമാകും. അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): സർ, ദേശീയതലത്തിൽ നടപ്പാക്കിവരുന്ന വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടന്നുവരുന്നത്. കേന്ദ്ര സർക്കാർ നൽകേണ്ട താങ്ങുവിലയോടൊപ്പം സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസുകൂടി ചേർത്താണ് കർഷകർക്ക് സംഭരണ വില നൽകിവരുന്നത്. ഈ പദ്ധതിപ്രകാരം സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനംവഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിനുശേഷമേ കേന്ദ്ര സർക്കാർ

താങ്ങുവിലയുടെ ക്ലെയിം പ്രോസസ് ചെയ്യുകയുള്ളൂ. ഇതിന് ആറ് മുതൽ എട്ട് മാസംവരെ കാലതാമസം വരികയാണ്. കർഷകരിൽനിന്നും നെല്ല് അളന്നെടുത്തതിനുശേഷമുള്ള കാലതാമസം ഒഴിവാക്കാനാണ് ബാങ്കുകളുടെ സഹായത്തോടെ സപ്ലൈകോ ഗ്യാരന്റി നിന്ന് പി.ആർ.എസ്. വായ്പ ലഭ്യമാക്കുന്നത്. സർക്കാർ വിഹിതം ലഭിക്കുന്ന മുറയ്ക്ക് ഈ വായ്പകൾ സപ്ലൈകോ തിരിച്ചടവ് വരുത്തുന്ന വിധത്തിലാണ് പി.ആർ.എസ്. വായ്പ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. വിവിധ ബാങ്കുകൾ പി.ആർ.എസ്. വായ്പ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. 2021-22-ൽ കേരള ബാങ്കുൾപ്പെടെ 11 ബാങ്കുകളാണ് പി.ആർ.എസ്. വായ്പ നൽകിയിരുന്നത്. സർക്കാർ വിഹിതം വൈകുന്നതുമൂലം വൻതോതിലുള്ള പലിശ ബാധ്യതയും സപ്ലൈകോയ്ക്ക് ഉണ്ടായിട്ടുണ്ട്. 18-11-2021-ൽ കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പി.ആർ.എസ്. വായ്പ വിതരണത്തിനായി ബാങ്കുകളുടെ ടെൻഡർ വിളിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്കിലേയ്ക്ക് മാറ്റാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 11-02-2022-ന് ബാങ്കുകളുടെ യോഗം വിളിച്ചുചേർക്കുകയും തുടർചർച്ചകൾ നടത്തുകയും ചെയ്തു. എസ്.ബി.ഐ.

6.9% പലിശയ്ക്ക് വായ്പ തരാൻ തയ്യാറായപ്പോൾ 8.5% പലിശയ്ക്ക് താഴെ നൽകാൻ കഴിയില്ലെന്നാണ് കേരള ബാങ്ക് അന്ന് അറിയിച്ചത്. പിന്നീട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ 7.65% പലിശയ്ക്ക് വായ്പ നൽകാൻ അഭ്യർത്ഥിച്ചെങ്കിലും കേരള ബാങ്കിന് അതിന് കഴിയാത്ത സാഹചര്യമാണുണ്ടായത്. ആ സ്ഥിതിയിൽ ബാങ്കുകളുടെ കൺസോർഷ്യവുമായി കരാറിലേർപ്പെടുകയായിരുന്നു. എന്നാൽ കേരള ബാങ്കിൽനിന്നും പിന്നീട് പി.ആർ.എസ്. വായ്പകൾ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിലും പി.ആർ.എസ്. വായ്പ പദ്ധതിയുമായി കേരള ബാങ്കിനെ സഹകരിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. കേരള ബാങ്കിനെ പി.ആർ.എസ്. വായ്പ പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്.

**12.10 PM]**

**VII ധനകാര്യം**

<u>2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

## ധനാഭ്യർഥന നമ്പർ XLII - വിനോദസഞ്ചാരം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| | | ബജറ്റ് എസ്റ്റിമേറ്റ് 2024-25 | |
|---|---|---|---|
| | | 15-02-2024-ന് സഭയുടെ | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർഥന |

| ധനാഭ്യർഥന നമ്പർ | ധനാഭ്യർഥനയുടെ പേര് | വോട്ടിന് സമർപ്പിച്ച ധനാഭ്യർഥന തുക | | തുക | | |
|---|---|---|---|---|---|---|
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XV | പൊതുമരാമത്ത് | 661,20,54,000 | 1013,22,32,000 | 1322,41,10,000 | 2026,44,63,000 | 3348,85,73,000 |
| XXX | ഭക്ഷ്യം | 631,96,31,000 | 12,44,00,000 | 1263,92,62,000 | 24,88,00,000 | 1288,80,62,000 |
| XLII | വിനോദസഞ്ചാരം | 77,98,73,000 | 62,43,67,000 | 155,97,47,000 | 124,87,33,000 | 280,84,80,000 |

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയെയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മൂന്ന് ധനാഭ്യർത്ഥനകളുടെയും ചർച്ച ഒരുമിച്ച് നടത്താവുന്നതുമാണ്. ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XV – പൊതുമരാമത്ത്

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദേശീയപാത നിർമ്മാണത്തിലെ അശാസ്ത്രീയത മനസ്സിലാക്കി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരളത്തിലെ ദേശീയപാതാ വികസനം കഴിഞ്ഞ ഏഴ് വർഷത്തിനിടെ ഏറ്റവും മന്ദഗതിയിൽ ആയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പിലെ സ്ട്രക്ചറൽ ഡിസൈൻ വിഭാഗത്തിന്റെ മെല്ലെപ്പോക്കുമൂലം മരാമത്ത് പണികൾ മുടങ്ങിക്കിടക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനങ്ങൾ പരാജയപ്പെട്ടതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരളത്തിലെ ദേശീയപാതാ വികസനം മന്ദഗതിയിലാണെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പൊതുമരാമത്ത് മാന്വൽ ഭേദഗതി ചെയ്ത് ഉന്നത ഉദ്യോഗസ്ഥ തസ്തികകൾ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക തുക കൊടുത്തുതീർക്കാത്തതിനാൽ അവർ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദേശീയപാതാ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന

ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ കാനകളും ഓടകളും വൃത്തിയാക്കാൻ നടപടി സ്വീകരിക്കാത്തതുമൂലം പ്രതിസന്ധി

ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പിൽ ഉള്ളതായി പറയപ്പെടുന്ന അഴിമതിമൂലം വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളിൽ നിലവാരത്തകർച്ച ഉണ്ടാകുന്നതും പാലങ്ങളും മറ്റും നിർമ്മാണ ഘട്ടത്തിൽത്തന്നെ തകർന്നതും സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപയിൽ 2,50,000 രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുമരാമത്ത് ജോലികൾ സമയബന്ധിതമായി തീർക്കാത്തതായും കരാറുകാരുടെ കുടിശ്ശിക വിതരണം

ചെയ്യാത്തതായും പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3348,85,73,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. മോൻസ് ജോസഫ്

2. ശ്രീമതി കെ. കെ. രമ

3. ശ്രീ. ടി. വി. ഇബ്രാഹിം

4. ശ്രീ. എ. കെ. എം. അഷ്റഫ്

5. ശ്രീ. നജീബ് കാന്തപുരം

6. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

7. ശ്രീ. കുറുക്കോളി മൊയ്തീൻ

8. ശ്രീ. പി. അബ്ദുൽ ഹമീദ്

9. ശ്രീ. എൻ. ഷംസുദ്ദീൻ

10. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

11. ശ്രീ. മഞ്ഞളാംകുഴി അലി

12. ശ്രീ. സണ്ണി ജോസഫ്

13. ശ്രീ. സനീഷ്കുമാർ ജോസഫ്

14. ശ്രീ. സജീവ് ജോസഫ്

15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

16. ശ്രീമതി ഉമ തോമസ്

**ധനാഭ്യർത്ഥന നമ്പർ XXX- ഭക്ഷ്യം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാരുടെ സമരം ഒഴിവാക്കാനും സപ്ലൈകോ വില്പനശാലകളിൽ സബ്സിഡി സാധനങ്ങളുടെ കുറവ് പരിഹരിക്കാനും

നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുവിപണിയിലെ വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാവേലി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ലെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഭക്ഷ്യം എന്ന XXX-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാതിൽപ്പടി വിതരണക്കാർക്കുള്ള പ്രതിഫല വിതരണത്തിൽ 80 കോടിയോളം രൂപ കുടിശ്ശികയായതായും റേഷൻ കടകളിലേയ്ക്കുള്ള ഭക്ഷ്യധാന്യ വിതരണം മുടങ്ങിയതായും പറയപ്പെടുന്ന സാഹചര്യത്തിലും ആവശ്യമായ ചർച്ചകൾ നടത്തുന്നതിന് ഭക്ഷ്യവകുപ്പ് തയ്യാറാകാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നെല്ലുസംഭരണത്തിലെ ക്രമക്കേടുകൾ തടയുന്നതിനും സംഭരണരീതി മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുവിതരണ സംവിധാനം അഴിമതി

വിമുക്തമാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തുടർച്ചയായി ഉണ്ടാകുന്ന സെർവർ തകരാറുമൂലം ഇ-പോസ് മെഷീനുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ റേഷൻ വിതരണം മുടങ്ങുന്നത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം

ഉറപ്പാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതിനെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നെല്ലുസംഭരണം നടത്തിയ ഇനത്തിൽ കർഷകർക്ക് നൽകാനുള്ള തുക നേരിട്ട് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സപ്ലൈകോ ഔട്ട്ലെറ്റുകളിലും മാവേലി സ്റ്റോറുകളിലും സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (സപ്ലൈകോയിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സപ്ലൈകോ വഴി നെല്ല് സംഭരണം നടത്തിയ ഇനത്തിൽ കർഷകർക്ക് വൻതുക കുടിശ്ശികയായി നൽകാനുണ്ടെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിപണി ഇടപെടലിൽ നിർണ്ണായക സ്ഥാനം വഹിക്കുന്ന സപ്ലൈകോയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ പണം അനുവദിച്ചുനൽകാൻ തയ്യാറാകുന്നില്ലെന്ന് പറയപ്പെടുന്നത്

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന കരാറുകാർക്ക് സപ്ലൈകോ കുടിശ്ശിക നൽകാത്തതിനാൽ ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയിൽ പ്രതിസന്ധി ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ അടിയന്തര ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപയിൽ 9,66,666 രൂപ കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് വിലക്കയറ്റമുള്ളതായും റേഷൻ കടകളിലെ ഇ-പോസ് യന്ത്രങ്ങൾക്ക് സ്ഥിരമായി ഉണ്ടാകുന്ന തകരാർ പരിഹരിക്കാത്തതായും പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1288,80,62,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1.ശ്രീ. മോൻസ് ജോസഫ്

2. ശ്രീമതി കെ. കെ. രമ

3. ശ്രീ. പി. ഉബൈദുള്ള

4. ശ്രീ. ടി. വി. ഇബ്രാഹിം

5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. പി. കെ. ബഷീർ

7. ശ്രീ. നജീബ് കാന്തപുരം

8. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

9. ശ്രീ. കുറുക്കോളി മൊയ്തീൻ

10. ശ്രീ. പി. അബ്ദുൽ ഹമീദ്

11. ശ്രീ. എൻ. ഷംസുദ്ദീൻ

12. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

13. ശ്രീ. മഞ്ഞളാംകുഴി അലി

14. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

15. ശ്രീ. ടി. ജെ. വിനോദ്

16. ഡോ. മാത്യു കുഴൽനാടൻ

17. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

18. ശ്രീ. അൻവർ സാദത്ത്

**ധനാഭ്യർത്ഥന നമ്പർ XLII – വിനോദസഞ്ചാരം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിദേശ-ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്നതിനും തൊഴിൽ നൽകുന്നതിനും യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രത്യേക നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എക്സൈസ് വകുപ്പിനെ മറികടന്ന് ടൂറിസം വകുപ്പ് മദ്യനയം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u> : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ബജറ്റിൽ പ്രഖ്യാപിച്ച ആംഫിബിയൻ വാഹനങ്ങൾ പോലെയുള്ള പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ വരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉത്തരവാദിത്ത ടൂറിസം രംഗത്ത് പ്രദേശവാസികളുടെ സഹകരണത്തോടെ പ്രാദേശിക വരുമാനം

വർദ്ധിപ്പിക്കാൻ കഴിയുംവിധം വിവിധ പദ്ധതികൾ രൂപപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലബാർ മേഖലയിലെ വിനോദസഞ്ചാര വികസനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാസർഗോഡ് ജില്ലയിൽ ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ഹെലി-ടൂറിസം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇക്കോ ടൂറിസം പദ്ധതികൾ വ്യാപിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിദേശ വിനോദസഞ്ചാരികളെ

ആകർഷിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെ.ടി.ഡി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വേണ്ടത്ര സുരക്ഷാക്രമീകരണങ്ങൾ ഒരുക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോവിഡാനന്തരം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും ടൂറിസം മേഖലയുടെ ഉണർവിനും കരുത്തേകുന്ന തരത്തിൽ ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് അനുഗുണമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപയിൽ 78,88,888 രൂപ കുറവുചെയ്യേണ്ടതാണ്. (വിനോദസഞ്ചാര മേഖലയിലെ പ്രധാന ഇടങ്ങളായ കായലുകളിലെ കുളവാഴകൾ നശിപ്പിക്കുന്നതിന് ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 280,84,80,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. മോൻസ് ജോസഫ്
2. ശ്രീമതി കെ. കെ. രമ
3. ശ്രീ. പി. ഉബൈദുള്ള
4. ശ്രീ. ടി. വി. ഇബ്രാഹിം
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. പി. കെ. ബഷീർ
7. ശ്രീ. നജീബ് കാന്തപുരം
8. ശ്രീ. എൻ.എ. നെല്ലിക്കുന്ന്
9. ശ്രീ. കുറുക്കോളി മൊയ്തീൻ
10. ശ്രീ. പി. അബ്ദുൽ ഹമീദ്
11. ശ്രീ. എൻ. ഷംസുദ്ദീൻ

12. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

13. ശ്രീ. മഞ്ഞളാംകുഴി അലി

14. ശ്രീ. അൻവർ സാദത്ത്

15. ഡോ. മാത്യു കുഴൽനാടൻ

16. ശ്രീ. ടി. സിദ്ദിഖ്

17. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

18. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

19. ശ്രീ. ടി. ജെ. വിനോദ്

20. ശ്രീ. സണ്ണി ജോസഫ്

21. ശ്രീ. സജീവ് ജോസഫ്

22. ശ്രീമതി ഉമ തോമസ്

23. ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ബാബു (നെന്മാറ): സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കുവൈറ്റിലെ ദാരുണമായ അപകടത്തെത്തുടർന്നുണ്ടായ വിഷമതകൾക്കിടയിലും ലോകത്തെ 103 രാജ്യങ്ങളിൽനിന്നും നൂറുകണക്കിന് പ്രവാസികൾ ലോക കേരള സഭയിൽ ഒത്തുചേരുകയും അവരുടെ പ്രയാസങ്ങളും ദുരിതങ്ങളും പ്രതീക്ഷകളും പങ്കുവയ്ക്കുകയും ചെയ്തു. ലോക

കേരള സഭ നല്ല രീതിയിൽ നടത്തിയ ഗവൺമെന്റിനോടും അതിനൊപ്പംനിന്ന ഉദ്യോഗസ്ഥരോടും അതിൽ പങ്കെടുത്ത പ്രവാസികളോടും ഞാൻ ഹൃദയപൂർവം നന്ദി അറിയിക്കുന്നു. ഒരു നാടിന്റെ പുരോഗതിയിൽ മുഖ്യ പങ്കുവഹിക്കുന്നത് ഗതാഗത മേഖലയും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമാണ്. അതുകൊണ്ടുതന്നെ പൊതുമരാമത്ത് വകുപ്പ് പ്രധാനപ്പെട്ടതാണ്. ചരിത്രത്തിൽ ഇടംനേടുന്ന നിരവധി പ്രവർത്തനങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കണ്ണഞ്ചിപ്പിക്കുന്ന രൂപത്തിലുള്ള വികസന മാതൃകയിലും കേരളം ഇന്ന് ഒന്നാമതെത്തിയിരിക്കുകയാണ്. വെട്ടുകിളികളും വയൽക്കിളികളും തണ്ടുതുരപ്പന്മാരും വഴിമുടക്കിയിട്ടും മറ്റൊരു സംസ്ഥാനത്തുമില്ലാത്ത വിധത്തിൽ ഏകദേശം 25% തുക അതായത്, 5580 കോടി രൂപ കൊടുത്ത് ദേശീയപാത 66-നുവേണ്ടി ഭൂമി ഏറ്റെടുത്ത് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റും പൊതുമരാമത്ത് വകുപ്പുമന്ത്രിയും നിശ്ചയദാർഢ്യത്തോടുകൂടി അത്

പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിനെ ഞാൻ അഭിനന്ദിക്കുന്നു.

**[അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. ടി. സിദ്ദിഖ്]**

623 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശ ഹൈവേയ്ക്ക് തുടക്കം കുറിക്കുകയും എന്റെ മണ്ഡലത്തിലൂടെ കടന്നുപോകുന്ന 1166 കിലോമീറ്റർ ദൈർഘ്യമുള്ള മലയോര ഹൈവേയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയുമാണ്. ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികളിലേയ്ക്ക് പോകുന്നതും അഭിമാനകരമാണ്. 8.11 കിലോമീറ്റർ ദൈർഘ്യമുള്ള പ്രസ്തുത തുരങ്കപാതയുടെ നിർമ്മാണത്തിന് 2043 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. തൃശ്ശൂരിലെ കുതിരാൻ തുരങ്കപാതയിൽ ഇടയ്ക്കിടയ്ക്ക് തുരങ്കം വയ്ക്കുന്നതുപോലെ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയ്ക്ക് തുരങ്കം വയ്ക്കരുതെന്ന് യു.ഡി.എഫ്.-കാരോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. റോഡ് നിർമ്മാണ മേഖലയിൽ ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ് എന്ന രീതിയിലുള്ള ഇടപെടലുകളും

റോഡുമായി ബന്ധപ്പെട്ട ഏത് വിഷയങ്ങളിലും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെത്തന്നെ ബന്ധപ്പെടാൻ കഴിയുന്ന 'PWD4U' ആപ്പും ഏറെ ഗുണം ചെയ്യുന്നുണ്ട്. എം.എൽ.എ.-മാരോടൊന്നും ആക്ഷേപം ഉന്നയിക്കേണ്ടതില്ല, നേരിട്ട് മന്ത്രിയെത്തന്നെ വിളിക്കാമെന്ന അവസ്ഥയിലേയ്ക്കുള്ള വലിയ മാറ്റം ജനങ്ങൾക്ക് ആത്മവിശ്വാസം പകരുന്നതാണ്. റീബിൽഡ് കേരളയിൽ 29 പദ്ധതികളാണ് നടപ്പാക്കുന്നത്. അതിലൊന്ന് ടെൻഡർ നടപടികളിലുണ്ടായ അപാകതകൾ കാരണം മാറ്റിവയ്ക്കപ്പെട്ട നെല്ലിയാമ്പതിയിലേയ്ക്കുള്ള ചുരം റോഡാണ്. അതിന്റെ പ്രവർത്തനം ഇപ്പോഴും ആരംഭിച്ചിട്ടില്ല. അത് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നെല്ലിയാമ്പതിയിൽ മുപ്പത് സെന്റ് ഭൂമി പി.ഡബ്ല്യു.ഡി.-ക്കുണ്ടായിരുന്നത് വനം വകുപ്പുകാരുടെ കടന്നുകയറ്റംമൂലം നഷ്ടപ്പെട്ടു. ആ ഭൂമി തിരിച്ചെടുത്ത് അവിടെ വിനോദസഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങളുള്ള കെട്ടിടം നിർമ്മിക്കുകയാണെങ്കിൽ വരുമാനമുണ്ടാക്കാൻ സാധിക്കും. ലെവൽ ക്രോസില്ലാത്ത കേരളം എന്ന സങ്കൽപ്പത്തിന്റെ ഭാഗമായി അഞ്ച്

ആർ.ഒ.ബി.-കളുടെ പണി പൂർത്തീകരിക്കുകയും ഒമ്പത് എണ്ണത്തിന്റെ പ്രവൃത്തികൾ നടന്നുവരികയുമാണ്. 99 ആർ.ഒ.ബി.-കൾക്ക് ഭരണാനുമതി നൽകിയതിൽ ഒന്ന് എന്റെ നിയമസഭാ മണ്ഡലത്തിലെ ഊട്ടറ റെയിൽവേ മേൽപ്പാലമാണ്. അവിടെയുള്ള ജനങ്ങൾ സന്തോഷത്തോടുകൂടി പണം സ്വീകരിച്ചുകൊണ്ട് ഭൂമി വിട്ടുകൊടുത്തതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചു. പ്രസ്തുത മേൽപ്പാലത്തിന്റെ നിർമാണം ആരംഭിക്കാനാവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുവരണം. കാലാവസ്ഥയെ അതിജീവിക്കാൻ കഴിയുന്നവിധത്തിൽ പുതിയ ശാസ്ത്രവിദ്യ ഉപയോഗപ്പെടുത്തി നിർമ്മിച്ച റോഡുകൾ ഗുണകരമാകും. നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം പ്രാവർത്തികമാക്കാൻ കഴിയുന്ന തരത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. പൊതുമരാമത്ത് വകുപ്പിൽ 71 പുതിയ തസ്തികകൾ സൃഷ്ടിച്ചതുമൂലം കിഫ്ബി പദ്ധതി നിർവഹണത്തിലെ കാലതാമസം ഒഴിവാക്കാൻ കഴിയുമെന്ന ആത്മവിശ്വാസമാണുള്ളത്. എന്റെ നിയമസഭാ മണ്ഡലത്തിലുൾപ്പെടെ പല റോഡുകളുടെയും പ്രവൃത്തികൾ ഇ-ടെൻഡർ വഴി ഏറ്റെടുക്കുന്നത്

കാസർഗോഡുപോലുള്ള മറ്റ് ജില്ലകളിൽ നിന്നുള്ളവരാണ്. ടെൻഡറിലൂടെ ഇവർ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഉപേക്ഷിച്ചുപോകുമ്പോൾ കഷ്ടപ്പെടുന്നത് അവിടത്തെ ജനങ്ങളാണ്. കരാർ അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കാത്തവരെയും ഇടക്കാലങ്ങളിൽ വിട്ടുപോകുന്നവരെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തണം. അന്താരാഷ്ട്രതലത്തിൽ 52 ടൂറിസം സ്പോട്ടുകൾ അടയാളപ്പെടുത്തിയതിൽ പതിമൂന്നാമത് നിൽക്കുന്നത് കേരളമാണ്. കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്. ദേശീയ/ അന്തർദേശീയ തലത്തിലുള്ള നിരവധി അവാർഡുകൾ ടൂറിസം മേഖലയ്ക്ക് ലഭിച്ചത് അഭിനന്ദനാർഹമാണ്. കോവിഡാനന്തരം ആഭ്യന്തര ടൂറിസ്റ്റുകളുടെ ഒഴുക്ക് വർധിക്കുകയാണ്. പലപ്പോഴും അസൗകര്യങ്ങളുടെ നടുവിലാണ് ഇവർ എത്തിച്ചേരുന്നത്. അതുകൊണ്ട് അവർക്കാവശ്യമായ സൗകര്യമൊരുക്കണം. ഹൈറേഞ്ചുകളിലെ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് അടിയന്തര ശ്രദ്ധ നൽകണം. ഇന്ത്യയിലാദ്യമായി സ്ത്രീ-സൗഹൃദ വിനോദസഞ്ചാരം, ജെൻഡർ ഓഡിറ്റ് എന്നിവ നടപ്പാക്കിയത് കേരളത്തിലാണെന്നത് അഭിനന്ദനാർഹമാണ്.

പട്ടിണിയില്ലാത്ത കേരളം എന്ന അവസ്ഥയിലേയ്ക്ക് മാറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പഴകിയ അരിയാണ് റേഷൻകടകളിൽനിന്നും ലഭിച്ചതെങ്കിൽ ഗുണമേന്മയുള്ള അരി കൃത്യതയോടെ ഇ-പോസ് മെഷീൻ വഴി നൽകാൻ സർക്കാരിന് കഴിയുന്നുണ്ട്. അതുപോലെ അനർഹരായ ബി.പി.എൽ. കാർഡുടമകളെ കണ്ടെത്തി ഒഴിവാക്കിയതും കേന്ദ്രസർക്കാർ നിശ്ചയിച്ചതിനെക്കാൾ ഇരട്ടിയിലധികം ബി.പി.എൽ. കാർഡുകൾ വിതരണം ചെയ്തതും കേരളമാണെന്നതിൽ നമുക്ക് അഭിമാനിക്കാം. ബി.ജെ.പി. തിരഞ്ഞെടുപ്പുകാലത്ത് പ്രഖ്യാപിച്ച റൈസ് ഇന്ന് കേരളത്തിലില്ല. പക്ഷേ കിലോഗ്രാമിന് 28/- രൂപ നിരക്കിലുള്ള കെ-റൈസ് ഇന്നും വിതരണം ചെയ്യുന്നുണ്ട്. വാമന സ്റ്റോറും മാറാല സ്റ്റോറുമായിരുന്ന മാവേലി സ്റ്റോറുകളെ ജനോപകാരപ്രദമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്. നെല്ല് സംഭരണവില ഉടനടി കൊടുക്കുന്ന രീതിയിലേയ്ക്ക് മാറണം. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുണ്ടായ പ്രതിസന്ധികളിലൂടെയാണ് കർഷകർ, പ്രത്യേകിച്ച് പാലക്കാട്ടെ നെൽക്കർഷകർ പോകുന്നത്. അതുകൊണ്ട് അടിയന്തരമായി അവർക്ക് ആ

തുക ലഭ്യമാക്കണം, അതിന് സഹകരണ സ്ഥാപനങ്ങളെ ഏൽപ്പിക്കണം. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് വലിയ തിരിച്ചടിയാണ് കേരളത്തിലുണ്ടായത്, പ്രതീക്ഷിച്ചത്ര സീറ്റുകൾ ഞങ്ങൾക്ക് നേടാനായില്ല. കനൽ ഒരു തരിയാണെങ്കിലും അത് ആലപ്പുഴയിൽനിന്ന് ആലത്തൂരിലാണ് നിൽക്കുന്നത് എന്നതിൽ ഞാൻ അഭിമാനിക്കുന്നു. തിരഞ്ഞെടുപ്പിൽ ചിലയിടങ്ങളിലൊക്കെ ഞങ്ങൾ ജയിച്ചത് കോൺഗ്രസിന്റെ ഔദാര്യം കൊണ്ടാണെന്നാണ് പ്രചരിപ്പിക്കുന്നത്. യു.പി.-യിൽ നിങ്ങൾ വിജയിച്ചത് ശ്രീ. അഖിലേഷ് യാദവിന്റെ ചെലവിലല്ലേ? തമിഴ്നാട്ടിൽ നിങ്ങൾ വിജയിച്ചത് ശ്രീ. എം. കെ. സ്റ്റാലിന്റെ ചെലവിലല്ലേ? ബിഹാറിൽ നിങ്ങൾ ജയിച്ചത് ഇടതുപക്ഷത്തിന്റെയും ശ്രീ. തേജശ്വി യാദവിന്റെയും ചെലവിലല്ലേ? രാജസ്ഥാനിൽ ഞങ്ങളുടെ ചെലവിലല്ലേ നിങ്ങളൊക്കെ ജയിച്ചത്? ഞങ്ങളുടെയൊക്കെ ചെലവിൽ സുഖമായി ഭക്ഷണം കഴിച്ച് അവസാനം ഏമ്പക്കം ഞങ്ങളുടെ മുഖത്തേയ്ക്കുതന്നെ വിടരുത്. നാട്ടിലൊരു ചൊല്ലുണ്ട്. അന്യന്റെ അന്നവുംതിന്ന് ഏമ്പക്കവും വിട്ട്.... പിന്നെ വേറൊരു വാക്കുമുണ്ട്, ഞാനത്

ഉച്ചരിക്കുന്നില്ല, അത് വിടരുത്. അതാണ് നിങ്ങളോട് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഇവിടെ സംഘടനാപരമായ പോരായ്മകൾ പരിഹരിക്കുന്നതിനാണ് പാർട്ടി കമ്മിറ്റി ഇന്നലെയും ഇന്നുമായി ചേർന്നുകൊണ്ടിരിക്കുന്നത്. ആ പാർട്ടി കമ്മിറ്റി ചേരുന്നതിൽപോലും വലിയ അസഹിഷ്ണുതയാണ് ഐ.യു.എം.എൽ.-ന്റെ നേതാക്കൾക്കുള്ളത്. ഇന്ത്യൻ യൂണിയൻ മലപ്പുറം ലീഗ് പാണക്കാടാണല്ലോ ചേരാറുള്ളത്. അഖിലേന്ത്യാതലത്തിലുള്ള ലീഗാണല്ലോ എന്താണ് നിങ്ങളുടെ ചെയറിൽ നടക്കുന്നത്? പതിനൊന്ന് മണിയാകുമ്പോൾ രണ്ട് അണ്ടിപ്പരിപ്പും നാല് ഈന്തപ്പഴവും കുറച്ച് ഉണക്കമുന്തിരിയും പിന്നൊരു കട്ടൻചായയും ഉച്ചയ്ക്ക് മട്ടൻബിരിയാണിയും കഴിച്ച് തക്കസമയത്ത് യുക്തമായ തീരുമാനമെടുക്കാൻ പാണക്കാട് തങ്ങളെ ചുമതലപ്പെടുത്തി പോകുന്ന പാർട്ടിയല്ലേ നിങ്ങളുടേത്? എന്നിട്ട് ഞങ്ങളോടാണോ ഇത് പറയുന്നത്? നിങ്ങളുടെ പാർട്ടിയെപോലെയല്ല സി.പി.ഐ.(എം)-ഉം ഇടതുപക്ഷ പാർട്ടിയുമെന്ന് നിങ്ങൾ മനസ്സിലാക്കണം. മറ്റൊരു കാര്യം പറയാനുള്ളത്, 'ഇക്ക' വിളിയെക്കുറിച്ച് വലിയ ആക്ഷേപമാണ് ബഹുമാനപ്പെട്ട പി. കെ. ബഷീർ

എം.എൽ.എ. ഇക്കയുള്ളത്. എന്താണിത്ര ആക്ഷേപിക്കാനുള്ളത്? സി.ഐ.റ്റി.യു.-ന്റെ അനിഷേധ്യനായ നേതാവിനെ ഞങ്ങൾ 'എളമരം കരീം' എന്നും 'കരീം ഇക്ക' എന്നും വിളിക്കും. അതിൽ നിങ്ങൾക്ക് വലിയ ആക്ഷേപമൊന്നും വേണ്ട. തൊഴിലാളിവർഗ വിപ്ലവ പ്രസ്ഥാനമായ സി.ഐ.റ്റി.യു.-ന്റെ നേതാവിനെ എന്തുവിളിക്കണമെന്ന് തീരുമാനിക്കേണ്ടത് ഞങ്ങളാണ്. എപ്പോഴാണ് ഇവർക്കൊക്കെ മൗലവിമാരെയും മൊല്ലാക്കമാരെയും ഉസ്താദുമാരെയും ഹാജിമാരെയും വേണ്ടെന്ന അവസ്ഥ വന്നത്? കേന്ദ്ര സർക്കാരിന്റെ, ബി.ജെ.പി.-യുടെ ഭാഗത്തുനിന്നും മതന്യൂനപക്ഷങ്ങൾക്കെതിരെ വേട്ടയാടലുകളുണ്ടാകുമ്പോൾ അത്തരം ആളുകൾക്ക് ആശ്വാസവും താങ്ങും തണലുമായി നിൽക്കുന്നത് ഇന്ത്യയിലെ ഇടതുപക്ഷമാണ്, അത് സി.പി.ഐ.(എം) നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷമാണ്. അവരോടൊപ്പം നിൽക്കുമ്പോഴും അവരെ നിങ്ങൾ തള്ളിപ്പറയുകയാണ്. എസ്.ഡി.പി.ഐ.-യെയും മുജാഹിദിനെയുമൊക്കെ തലയിലേറ്റി നടത്തിയ നാടകമൊക്കെ എല്ലാവർക്കും അറിയാം. നിങ്ങൾ അപകടമാണ് വിളിച്ചുവരുത്തുന്നത്. അടിയന്തരപ്രമേയം

അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സി.പി.ഐ. (എം)-ന് അകത്തുള്ള പ്രശ്നത്തെയും പ്രതിസന്ധിയെയും കുറിച്ചൊക്കെ പറഞ്ഞു. മധു ഈച്ചരത്തിനെയും ലാൽജിയെയും ഹനീഫയെയും കുറിച്ച് നിങ്ങൾ ഓർമ്മിക്കുന്നത് നന്നായിരിക്കും. അവർ ഏത് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിട്ടാണ് മരിച്ചത്? നിങ്ങൾ തമ്മിലുള്ള കലാപത്തിന്റെ രക്തസാക്ഷികളല്ലേ അവർ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയുള്ള അക്രമം കുറേക്കാലമായി നിങ്ങൾ തുടരുകയല്ലേ? മുഖ്യമന്ത്രി ഒരു വ്യക്തിയല്ല, സഖാവ് പിണറായി വിജയൻ ജനഹൃദയം കീഴടക്കിയിട്ടുള്ള ജനകീയനായ നേതാവും ഒരു വിപ്ലവം നയിക്കുന്ന പോരാളിയുമാണ്. അദ്ദേഹത്തിനുമുന്നിൽ നിങ്ങൾക്ക് അടിപതറേണ്ടി വരുമെന്ന് മാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. കാലഘട്ടത്തിന്റെ ചുമരെഴുത്ത് വായിച്ചുകൊണ്ട് മുന്നോട്ട് കുതിക്കേണ്ട സുപ്രധാനമായൊരു വകുപ്പാണ് പൊതുമരാമത്ത്. ഗുണമേന്മയും കാലദൈർഘ്യവും വേഗതയും ഉറപ്പുവരുത്താനുള്ള ശക്തമായ നടപടികൾ

സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർഥിക്കുകയാണ്. ഇന്ന് മലയാള ദിനപത്രങ്ങളിലെ എല്ലാ പേജുകളും തകർന്ന റോഡുകളെയും പാലങ്ങളെയും കുറിച്ചുള്ള വാർത്തകൾകൊണ്ട് നിറഞ്ഞിരിക്കുകയാണ്. റോഡപകടങ്ങൾ കാരണം ആയിരക്കണക്കിനാളുകളുടെ ജീവനാണ് പൊലിയുന്നത്. റോഡുകളുടെ ഈ അവസ്ഥ കാരണം നമ്മുടെ വിപണി മുതൽ വിനോദസഞ്ചാരം വരെ വഴിമുട്ടിയിരിക്കുകയാണ്. ഒരു മഴ പെയ്യുമ്പോൾത്തന്നെ ഒട്ടുമിക്ക റോഡുകളിലും വെള്ളക്കെട്ടാണ്, പല റോഡുകളിലും ബോട്ട് ഓടിക്കേണ്ട അവസ്ഥയാണ്. കാനകൾ വൃത്തിയാക്കാനുള്ള കൃത്യമായൊരു നടപടിയില്ല. റോഡ് ഏതാണ് നടപ്പാത ഏതാണെന്ന് തിരിച്ചറിയാൻ കഴിയുന്നില്ലെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതിപോലും നിരീക്ഷിച്ചിരിക്കുന്നത്. പല റോഡുകളുടെയും നിർമ്മാണം പാതിവഴിയിൽ നിലച്ച് അഗാധ ഗർത്തങ്ങൾ രൂപപ്പെട്ടിരിക്കുകയാണ്. നിർമ്മാണ പ്രവർത്തനം അനന്തമായി നീണ്ടുപോകുന്ന പലസ്ഥലത്തും ഗുരുതരമായ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. വെള്ളക്കെട്ടുകളിൽ വീണ് ചേർത്തലയിലും

തിരുവനന്തപുരം ചാക്കയിലും ആളുകൾ മരിച്ച സംഭവം പോലുമുണ്ടായിരിക്കുന്നു, അത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ട കാര്യമാണ്. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഒച്ചിന്റെ വേഗതയിലാണ് പോകുന്നത്, ഏകോപനമില്ല. പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്സ്)-യെപോലെ ഇത്രയും മന്ദഗതിയിൽ പോകുന്നൊരു വകുപ്പ് ലോകത്ത് മറ്റെവിടെയുമില്ലെന്ന് പറയാൻ സാധിക്കും. കേരളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പൊതുമരാമത്ത് റോഡുകളും പാലങ്ങളുമുള്ള ഒരു മണ്ഡലത്തിൽ നിന്നാണ് ഞാൻ വരുന്നത്. ഏറ്റവും കൂടുതൽ പി.ഡബ്ല്യു.ഡി. റോഡുകളുള്ള ഒരു നിയോജകമണ്ഡലമാണ് ഇരിക്കൂർ. പുതിയതായി ഒരു റോഡുപോലും ആവശ്യമില്ലാത്ത മണ്ഡലങ്ങളെയും കൂടുതൽ റോഡുകൾ ആവശ്യമുള്ള മണ്ഡലങ്ങളെയും ഒരുപോലെ കാണുന്നത് എങ്ങനെ നീതീകരിക്കാൻ സാധിക്കും? റോഡിന്റെ ദൈർഘ്യം പരിഗണിച്ചുകൊണ്ട് ആവശ്യമായ മുൻഗണന കൊടുക്കാൻ തയ്യാറാകണം. കിഫ്ബി ഏറ്റെടുത്ത് പിന്നീട് ഒഴിവാക്കിയ ചില റോഡുകളുണ്ട്. അത്തരം റോഡുകൾ സർക്കാർതന്നെ ഏറ്റെടുത്ത് ബജറ്റിലോ മറ്റ് സ്കീമുകളിലോ ഉൾപ്പെടുത്തി

നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ സെൻട്രൽ റോഡ് ഫണ്ടിലേയ്ക്ക് ഏറ്റവും കൂടുതൽ റോഡ് ആവശ്യമായ മണ്ഡലങ്ങളെ പരിഗണിക്കാതെ തികച്ചും രാഷ്ട്രീയ പ്രേരിതമായ ലിസ്റ്റാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് അയച്ചുകൊടുത്തത്. വിസ്തൃതിയും ദൈർഘ്യവുമേറിയ റോഡിനുപോലും വളരെ കുറച്ച് ഫണ്ടാണ് ബജറ്റിൽ അനുവദിക്കുന്നത്. ഗ്രാമീണ റോഡുകളുടെ കാര്യത്തിൽ ഒറ്റത്തവണ റോഡ് നിർമ്മാണം വീണ്ടും നടപ്പിലാക്കണമെന്ന ആവശ്യം പരിഗണിക്കണം. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏഴ് പാലങ്ങൾ കാലപ്പഴക്കംകൊണ്ട് തകർച്ചയുടെ വക്കിലാണ്. ഈ സർക്കാരിന്റെ കാലത്ത് ഒരു പുതിയ പാലംപോലും അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ അനുകൂലമായ തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ടൂറിസം വകുപ്പിനെക്കുറിച്ച് ഓർക്കുമ്പോൾ സഹതാപമുണ്ട്. കേരളത്തിലെ ടൂറിസം മേഖല മറ്റെല്ലാ രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും മാതൃകയാണ്. ഏറ്റവും പൊട്ടൻഷ്യലായ നമ്മുടെ സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട വകുപ്പാണ് ടൂറിസം. അത് പി.ആർ. വർക്കിൽമാത്രം മുന്നോട്ട് കൊണ്ടുപോകാനോ

വളരാനോ സാധിക്കില്ല. പാളിപ്പോകുന്ന പ്രഖ്യാപനങ്ങളും താളം തെറ്റുന്ന പദ്ധതികളും സമയത്തിന് കൂടാത്ത ജംബോ ടൂറിസം ഉപദേശക സമിതികളുമാണ് ഇപ്പോഴുള്ളത്. ഈ സമിതികൾ കൂടിയാൽത്തന്നെ ചവറ്റുകുട്ടയിൽ സ്ഥാനമില്ലാത്ത വിദഗ്ദ്ധോപദേശങ്ങളാണ് നൽകുന്നത്. തുഗ്ലക് രീതിയിൽ അടിക്കടിയുള്ള സ്ഥാനചലനങ്ങളാണ് വകുപ്പിൽ നടക്കുന്നത്. അസംതൃപ്തരായ ഉദ്യോഗസ്ഥ വൃന്ദത്തെയാണ് അവിടെ കാണുന്നത്. ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാനുതകാത്ത കുറെ പ്രാദേശിക ഇവന്റുകൾക്കായി കോടിക്കണക്കിന് രൂപ ചെലവഴിക്കുകയാണ്. കിതച്ചും തുമിച്ചും വലിഞ്ഞിഴഞ്ഞും നീങ്ങുന്ന സംസ്ഥാന ടൂറിസം വകുപ്പിന്റെ ദയനീയ ചിത്രം ചരിത്രത്തിൽത്തന്നെ ആദ്യത്തേതാണ്. ഈ സർക്കാർ വന്നതിനുശേഷം നൂറിലധികം പേരുള്ള ജംബോ ടൂറിസം ഉപദേശക സമിതിയാണ് രൂപീകരിച്ചിരിക്കുന്നത്. നേരത്തെ മുപ്പതിൽ താഴെ അംഗങ്ങൾ മാത്രമായിരുന്നു ഈ കമ്മിറ്റിയിലുണ്ടായിരുന്നത്. ആ കമ്മിറ്റി കൂടുന്നില്ലെന്നുമാത്രമല്ല, 2023 ഏപ്രിൽ 5-ന് യോഗം കൂടിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തലകാണിച്ചുപോയി എന്നാണ് ഉപദേശക സമിതി

അംഗങ്ങൾ പറയുന്നത്. മിനിട്ട്സിൽ പറയുന്ന നിർദേശങ്ങളൊന്നും നടപ്പിലാക്കുന്നില്ല. പിന്നെ എന്തിനാണ് ഇങ്ങനെയൊരു സമിതി? ടൂറിസം മേഖലയ്ക്ക് ഈ സമിതികൊണ്ട് എന്ത് പ്രയോജനമാണുള്ളത്? കേരളത്തിലെ ടൂറിസം രംഗത്തെ കൂടുതൽ ചലിപ്പിച്ചത് സ്വകാര്യ-സർക്കാർ കൂട്ടായ്മകളും പങ്കാളിത്തവുമാണ്. സ്വകാര്യ മേഖലയില്ലാതെ ടൂറിസമില്ല. ഈ രംഗത്തെ ടൂർ ഓപ്പറേറ്റർമാർ, റിസോർട്ട് ഉടമകൾ, ഹോട്ടൽ ഉടമകൾ, ടൂർ ഗൈഡുകൾ, ഇവരുടെ ആവലാതികൾ കേൾക്കാനെങ്കിലും ഒരു സംവിധാനം വേണ്ടേ? അവരെ കേൾക്കുന്നില്ല, കാണുന്നില്ല എന്നാണ് പരാതി. ഈ സർക്കാരിന്റെ കാലയളവിൽ എത്ര ടൂറിസം ട്രേഡ് മീറ്റുകൾ നടത്തി; അതിൽ എത്രയെണ്ണത്തിൽ ബഹുമാനപ്പെട്ട മന്ത്രി പങ്കെടുത്തു; ഏറ്റവും അവസാനം നടന്നത് എന്നായിരുന്നുവെന്നത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കാനുള്ള മാർക്കറ്റിംഗ് പദ്ധതികൾ നടപ്പിലാക്കുന്നതിനുപകരം കേരളത്തിലെ ജനങ്ങളുടെ കൈയടി നേടുന്നതിനുള്ള പ്രാദേശിക ഇവന്റുകളും ടൂറിസം പദ്ധതികളും നടപ്പിലാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. കോടികൾ

ചെലവഴിച്ച ചാമ്പ്യൻസ് ബോട്ട് ലീഗിന് ഇതര സംസ്ഥാനങ്ങളിലോ രാജ്യത്തിന് പുറത്തോ മതിയായ പബ്ലിസിറ്റി ഉണ്ടായിരുന്നില്ല. മലബാറിൽ നടന്ന റിവർ ഫെസ്റ്റ് പോലുള്ള ഇവന്റുകളുടെ അവസ്ഥയും ഇതുതന്നെയാണ്. ഇത്തരത്തിൽ പ്രാദേശിക ഇവന്റുകൾക്കും ടൂറിസം പദ്ധതികൾക്കുമായി ടൂറിസം വകുപ്പ് കോടികൾ പാഴാക്കുകയാണ്. കാരവാൻ ടൂറിസം, ഡെസ്റ്റിനേഷൻ ചലഞ്ച്, ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ എല്ലാം പരാജയപ്പെടുന്നത് തുടർക്കഥയായി മാറുകയാണ്. മേനി നടിക്കുന്നത് ഉത്തരവാദിത്ത ടൂറിസം സംബന്ധിച്ചാണ്. അതിനുവേണ്ടി ചില അവാർഡുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇവിടെ ആഭ്യന്തര സഞ്ചാരികളുടെ എണ്ണം കോടികളാണെന്ന് പറയുമ്പോൾ അതിൽ 60-70 ശതമാനവും മലയാളികളാണെന്ന കാര്യം മനസ്സിലാക്കണം. കേരളീയർ കേരളത്തിൽ സഞ്ചരിക്കണം, അവരെ ആരും തടയേണ്ട കാര്യമില്ല. പക്ഷേ, കേരളീയർ കേരളത്തിനുള്ളിൽ ചെലവാക്കുന്നതിനാണോ ഇതര സംസ്ഥാനത്തുള്ളവരും വിദേശികളും വന്ന് കേരള ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനാണോ പരിഗണന കൊടുക്കേണ്ടതെന്ന് ആലോചിക്കണം. പ്രാദേശിക-ആഭ്യന്തര ടൂറിസമെന്ന രീതിയെ അമിതമായി

പ്രൊമോട്ട് ചെയ്ത് പുതിയ ടൂറിസം ഉല്പന്നങ്ങൾ കണ്ടെത്തി വികസിപ്പിക്കുകയും ടൂറിസം മാർക്കറ്റുകളിൽ പ്രൊമോഷൻ നടത്തുകയും ചെയ്യേണ്ട ബജറ്റാണ് ഈ വിധത്തിൽ പാഴായിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ രാഷ്ട്രീയ അതിപ്രസരമൊഴിവാക്കി തുറന്നൊരു ചർച്ച നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലെ ടൂറിസം വികസനത്തിനുവേണ്ടി യാതൊരു നടപടിയും സ്വീകരിക്കുന്നില്ല, പറഞ്ഞ വാക്ക് പാലിക്കുന്നില്ല. രാഷ്ട്രീയ താല്പര്യം വച്ചുമാത്രം അനാവശ്യമായി കോടികൾ ചെലവഴിക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുവികാരം മാനിക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന വളരെ ശക്തമായൊരു പ്രതിഷേധംകൂടി ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെതിരെ കഴിഞ്ഞ തിരഞ്ഞെടുപ്പ് വിധിയിലുണ്ടായ ജനവികാരം മാനിച്ച് തെറ്റുകൾ തിരുത്തി മുന്നോട്ടുപോകാൻ തയ്യാറാകണം. ഈ ഭരണത്തെയും പാർട്ടിയെയും നിയന്ത്രിക്കുന്ന കണ്ണൂർ ലോബിയുടെ കരാളഹസ്തങ്ങളിൽനിന്നും പാർട്ടിയെ രക്ഷിക്കാനും ജനങ്ങൾക്കും നാടിനും

അപകടകരമല്ലാത്തൊരു നാളേയ്ക്കുവേണ്ടി പ്രവർത്തിക്കാനും നിങ്ങൾ തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വാഴൂർ സോമൻ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയിൽ വമ്പിച്ച കുതിച്ചു ചാട്ടമാണുണ്ടായിരിക്കുന്നത്. ഈ മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടി ഊർജസ്വലതയോടെയും ദീർഘവീക്ഷണത്തോടെയും പ്രവർത്തിക്കുന്ന വകുപ്പുമന്ത്രിക്ക് പ്രത്യേകം അഭിവാദ്യങ്ങൾ അർപ്പിക്കാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. മഹാമാരിയുടെ വെല്ലുവിളികൾക്കുശേഷം അസാധാരണമായ തിരിച്ചുവരവാണ് ടൂറിസം മേഖലയിലുണ്ടായിട്ടുള്ളത്. കണക്കുകൾപ്രകാരം ടൂറിസ്റ്റുകളുടെ വരവിൽ റെക്കോർഡ് വർധനവാണുണ്ടായിരിക്കുന്നത്. കോവിഡിന് മുമ്പുള്ള കണക്കുകളെ മറികടന്ന് 2023-ൽ 2.25 കോടിയിലധികം വിനോദസഞ്ചാരികളുടെ വരവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2022-നെ അപേക്ഷിച്ച് 2023-ൽ 17% വർധനവാണുണ്ടായിട്ടുള്ളത്. കേരളത്തിൽ അഭിവൃദ്ധി പ്രാപിക്കുന്ന ടൂറിസം

വ്യവസായത്തിന്റെ യാഥാർഥ്യമാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. അന്താരാഷ്ട്ര സാഹസിക മത്സരങ്ങൾ സംഘടിപ്പിച്ചതിലൂടെ കഴിഞ്ഞവർഷം മാത്രം ടൂറിസം മേഖലയ്ക്ക് വരുമാനമായി ലഭിച്ചത് 23.5 കോടി രൂപയാണ്. മാത്രമല്ല, മൂവായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. രാജ്യാന്തര തലത്തിലുള്ള പാരാഗ്ലൈഡിംഗ് മത്സരം വാഗമണിലും സർഫിംഗ് ഫെസ്റ്റിവൽ വർക്കലയിലും മൗണ്ടൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പ് മാനന്തവാടിയിലും സംഘടിപ്പിച്ചത് ടൂറിസം മേഖലയ്ക്ക് ഉണർവ് പകരുന്നതാണ്. പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ ജനങ്ങളുടേതാക്കി മാറ്റിയത് എൽ.ഡി.എഫ്. സർക്കാരിന്റെ അഭിമാനനേട്ടമാണ്. ഓൺലൈൻ ബുക്കിംഗ് സംവിധാനം കൊണ്ടുവന്നതിനുശേഷം 149293 പേർ റസ്റ്റ് ഹൗസുകളിൽ താമസിക്കുകയും അതുവഴി 8.8 കോടി രൂപ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലാദ്യമായി ഡിസൈൻ പോളിസി നടപ്പാക്കാൻ തീരുമാനമെടുത്ത സംസ്ഥാന സർക്കാരിന് അഭിനന്ദനം അറിയിക്കുന്നു. പൊതുമരാമത്ത്-ടൂറിസം മേഖലയിൽ കാലാനുസൃതമായ മാറ്റത്തിന് തുടക്കം കുറിക്കുന്നതാണ്

ഡിസൈൻ നയം. കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ, സൈനേജുകൾ മുതലായവയുടെ രൂപകൽപ്പന സംബന്ധിച്ചുള്ള സമഗ്ര നയമാണിത്. പ്രത്യേക ടൂറിസം മേഖല, പ്രത്യേക ഹെറിറ്റേജ് മേഖല എന്നിങ്ങനെ പ്രദേശങ്ങളെ ഡിസൈൻ ചെയ്യാൻ സാധിക്കുമെന്നത് എടുത്തുപറയേണ്ടതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിലെ ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. വാഗമണിൽ ഗ്ലാസ് ബ്രിഡ്ജ് ആരംഭിച്ചതിനുശേഷം വിനോദസഞ്ചാരികളുടെ വരവ് നൂറ് ശതമാനമായിരിക്കുകയാണ്. ഓരോ ടൂറിസം ഡെസ്റ്റിനേഷനുകളിലും പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ടൂറിസം വകുപ്പിന്റെയും ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെയും (ഡി.ടി.പി.സി.) പ്രവർത്തനങ്ങൾ ഇടുക്കി ജില്ലയിൽ കുറച്ചുകൂടി മെച്ചപ്പെടുത്തണം. പാഞ്ചാലിമേട് ടൂറിസം കേന്ദ്രത്തിന്റെ സമഗ്ര വികസനത്തിന് തുടക്കം കുറിച്ചതും ലോക ടൂറിസം ഭൂപടത്തിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചതും എൽ.ഡി.എഫ്. സർക്കാരാണ്.

പാഞ്ചാലിമേട് ടൂറിസം വികസനത്തിന് മൂന്ന് കോടി രൂപ ടൂറിസം വകുപ്പിൽനിന്ന് അനുവദിച്ച് പ്രവൃത്തികൾ അന്തിമഘട്ടത്തിലെത്താറായപ്പോൾ വനം വകുപ്പുദ്യോഗസ്ഥർ അന്യായമായ തടസ്സവാദങ്ങളുന്നയിക്കുകയും നിർമ്മാണ പ്രവൃത്തികൾ തടഞ്ഞിരിക്കുകയുമാണ്. ഇത് അംഗീകരിക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഇതിന് പരിഹാരം കാണണം. വാഗമണിൽ ഹെലി ടൂറിസം പദ്ധതിക്കുവേണ്ടി ഹെലിപാഡ് നിർമിക്കാൻ സ്ഥലം കണ്ടെത്തിയിട്ടും തുടർപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞില്ല. അതുപോലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി വാഗമൺ മുതൽ പീരുമേട് വരെയുള്ള റോഡ് ബി.എം.&ബി.സി നിലവാരത്തിൽ രണ്ടുവരി പാതയായി നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം. ദിനംപ്രതി ആയിരക്കണക്കിന് വിനോദ സഞ്ചാരികളെത്തുന്ന പരുന്തുംപാറ വിനോദ സഞ്ചാരകേന്ദ്രത്തിൽ ചിൽഡ്രൻസ് പാർക്ക്, ടോയ്ലറ്റ് കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും അമ്പത് ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ സ്ഥലം വിട്ടുനൽകാനുള്ള

പ്രവൃത്തികൾ വേഗത്തിലാക്കാൻ ജില്ലാ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നത് ഖേദകരമാണ്. പരുന്തുംപാറ ടൂറിസം വികസനത്തിനുവേണ്ടിയുള്ള സ്ഥലം പീരുമേട് പഞ്ചായത്തിന് കൈമാറാൻ വേണ്ട നടപടി സ്വീകരിക്കണം. പി.പി.പി. മോഡലിൽ പദ്ധതി ആവിഷ്കരിച്ച് പരുന്തുംപാറ ടൂറിസം കേന്ദ്രത്തെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രമാക്കാനും ഒട്ടകത്തലമേട്, ഏകയം, അരുവിക്കുഴി, തേക്കടി, സത്രം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനുമുള്ള നടപടിയുണ്ടാകണം. ഈ വർഷമുണ്ടായ വരൾച്ചയിലും മുൻവർഷങ്ങളിലുണ്ടായ കാലവർഷക്കെടുതിയിലും തോട്ടം മേഖല സാമ്പത്തിക തകർച്ചയിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണ്. ഈ പ്രതിസന്ധി നേരിടുന്നതിനായി ഇടുക്കി ജില്ലയിലെ ടൂറിസം ഡെസ്റ്റിനേഷനുകളെ വികസിപ്പിക്കാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും പ്രത്യേക പാക്കേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുകയും വേണം. ടൂറിസം, വനം വകുപ്പുകളിൽനിന്നും പ്രത്യേകം നോഡൽ ഓഫീസർമാരെ നിയമിച്ച് ടൂറിസം വികസനവുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉന്നയിക്കുന്ന അന്യായമായ തടസ്സവാദത്തിന് പരിഹാരം

കാണാനുള്ള നടപടി സ്വീകരിക്കണം. മുപ്പത് വർഷങ്ങൾക്കുമുമ്പ് പീരുമേട് മണ്ഡലത്തിലെ ഏലപ്പാറ പഞ്ചായത്തിലേയ്ക്ക് കുടിവെള്ളമെത്തിക്കാൻ തുടങ്ങിയ ഹെലിബറിയ കുടിവെള്ള പദ്ധതി പിന്നീട് ഉപ്പുതറ, പീരുമേട്, പെരുവന്താനം, കൊക്കയാർ, വണ്ടിപ്പെരിയാർ എന്നീ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി ആരംഭിച്ച കാലത്തുണ്ടായിരുന്നതിനെക്കാൾ നൂറിരട്ടി കണക്ഷനുകൾ നൽകിയിട്ടും ജലസ്രോതസ്സുകൾ വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കാത്തതിനാൽ ഈ വർഷത്തെ വേനൽക്കാലത്ത് പല പഞ്ചായത്തുകളിലും കുടിവെള്ളമെത്തിക്കാൻ കഴിയാതെയായി. കാലവർഷം കനക്കുമ്പോൾ ഡാമുകൾ തുറന്ന് കുടിവെള്ളം കടലിലേയ്ക്ക് ഒഴുക്കിവിടുന്നത് ഒഴിവാക്കണം. അതിനൊരു പരിഹാരമെന്ന നിലയിൽ പെരിയാർ നദിയുടെ പല ഭാഗത്തായി ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലം ശേഖരിച്ചുനിർത്തിയാൽ വേനൽക്കാലത്ത് കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കാം. കഴിഞ്ഞ വർഷം വൈദ്യുതി വകുപ്പുമന്ത്രി ഒരു പ്രോജക്ട് റിപ്പോർട്ട് നൽകുകയും അതിന്റെ പഠനങ്ങൾ നടന്നുവരികയുമാണ്. ഉപ്പുതറ പഞ്ചായത്തിലെ

പെരിയാർ നദിയിൽ ചെക്ക് ഡാം പണിതാൽ ജലക്ഷാമം പരിഹരിക്കുന്നതിനും കൃഷിക്കും കുടിവെള്ളത്തിനും ടൂറിസം വികസനത്തിനും ചെറിയ തോതിലുള്ള ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനും കഴിയും. നാല് വകുപ്പുകളും ചേർന്ന് വിവിധോദ്ദേശ്യ പദ്ധതിയായി ഇവിടെ ഒരു ചെക്ക് ഡാം പണിയുന്നതിനുവേണ്ടിയുള്ള സമഗ്രമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നടപടി സ്വീകരിക്കണം. ഇതുസംബന്ധിച്ച് വൈദ്യുതി വകുപ്പുമന്ത്രിക്ക് കത്ത് നൽകിയതുപ്രകാരം വകുപ്പിലെ ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ടെക്നിക്കൽ ടീം കഴിഞ്ഞ വർഷം പഠനം നടത്തുകയും നിർദിഷ്ട സ്ഥലത്ത് ചെക്ക് ഡാം പണിയാൻ തടസ്സമില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഉപ്പുതറ പഞ്ചായത്തിലെ പൊരികണ്ണിയിലെ ജനങ്ങൾക്ക് നദി മുറിച്ച് കടക്കാൻ പെരിയാർ നദിക്ക് കുറുകെ ഒരു തൂക്കുപാലമുണ്ടായിരുന്നത് 2018-ലെ വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയി. അതുകൊണ്ട് ഈ പ്രദേശത്ത് ഒരു പാലം നിർമ്മിക്കണമെന്ന ആവശ്യം കാലാകാലങ്ങളായി ഉന്നയിച്ചുവരികയാണ്. ഈ പ്രദേശത്ത് ഒരു ചെക്ക് ഡാം നിർമ്മിച്ചാൽ നദി മുറിച്ചുകടക്കാൻ എളുപ്പമാകും. അതുപോലെതന്നെ ടൂറിസം വികസനത്തിനും

ഏറ്റവും അനുയോജ്യമായ സ്ഥലം കൂടിയാണിത്. ചെക്ക് ഡാം നിർമ്മിച്ചശേഷം പെഡൽ ബോട്ടുകളും കയാക്കിംഗും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ നാടിന്റെ മുഖച്ഛായതന്നെ മാറ്റാൻ സാധിക്കും. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർക്ക് കത്ത് നൽകിയെങ്കിലും ഓരോരുത്തരും ഓരോരോ വകുപ്പിലേയ്ക്ക് കത്തുകൾ കൈമാറിയിട്ടുണ്ടെന്ന മറുപടിയാണ് നൽകുന്നത്. അതിനാൽ ഈ വിഷയം കൃഷി, ജലസേചനം, വിനോദ സഞ്ചാരം, റവന്യൂ, വൈദ്യുതി എന്നീ വകുപ്പുമന്ത്രിമാർ ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അർഹതപ്പെട്ട സാമ്പത്തിക സഹായങ്ങൾ നിഷേധിച്ചും കടമെടുക്കാനുള്ള പരിധി വെട്ടിക്കുറച്ചും സംസ്ഥാനത്തെ സാമ്പത്തികമായി തകർക്കാനുള്ള ജനദ്രോഹ നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. ഈ പ്രതിസന്ധികൾക്കിടയിലും നവകേരള സൃഷ്ടിക്കായി സമഗ്രമായ നടപടികളുമായി മുന്നേറുന്ന എൽ.ഡി.എഫ് സർക്കാരിന് എല്ലാവിധ പിന്തുണയും അറിയിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് തോട്ടങ്ങൾ 13-12-2000-ലും മറ്റ് രണ്ട് തോട്ടങ്ങൾ അതിനുശേഷവും

അടച്ചുപൂട്ടുകയുണ്ടായി. ഇതുവരെ അവ തുറക്കാനുള്ള സമഗ്രമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പുതിയ വ്യവസായ നയം വന്നതിന്റെയടിസ്ഥാനത്തിൽ വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഈ മേഖല ശ്രദ്ധിക്കണമെന്നും പൂട്ടിക്കിടക്കുന്ന 4 തോട്ടങ്ങളും ഫാക്ടറികളും തുറപ്പിക്കാനും അതിലൂടെ 6000 തൊഴിലാളികളെ രക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. എന്റെ ജില്ലയിലെ ചില പ്രശ്നങ്ങളാണ് ഞാൻ ആദ്യമായി അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നത്. കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ പുതിയ താലൂക്ക് ആസ്ഥാനങ്ങളിൽ റോഡ്സ്, ബിൽഡിംഗ്സ് എന്നിവയുടെ സബ് ഡിവിഷൻ രണ്ടുവീതം ആരംഭിക്കണമെന്നാണ് മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പി.ഡബ്ല്യു.ഡി. മെയിന്റനൻസ് വിംഗ് ഇപ്പോൾ പ്രവൃത്തികൾ അധികമില്ലാതെ വെറുതെയിരിക്കുകയാണ്. ഈ വിംഗ് നിർത്തലാക്കിയിട്ട് അവിടത്തെ സ്റ്റാഫുകളെ ഉപയോഗിച്ച് പുതിയ റോഡ്സ്, ബിൽഡിംഗ്സ്

ഓഫീസുകൾ ആരംഭിക്കണമെന്ന നിർദേശവും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ വയ്ക്കുകയാണ്. CMT മീറ്റിംഗുകൾ ഇപ്പോൾ എല്ലാമാസവും ചേരുന്നുണ്ട്. CMT എന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ മസ്തിഷ്ക ശിശുവാണെന്ന് കരുതുകയാണ്, അത് നല്ല ആശയം തന്നെയാണ്. പക്ഷെ ആ മീറ്റിംഗുകൾകൊണ്ട് ഒരു ഫലവുമില്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. ഞങ്ങളെല്ലാം ആ മീറ്റിംഗിൽ പങ്കെടുക്കുകയും മണ്ഡലത്തിലെ പ്രശ്നങ്ങൾ എഞ്ചിനീയർമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പക്ഷെ ഫണ്ടില്ലാത്തതിനാൽ ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്ന് പറഞ്ഞ് അവർ കൈമലർത്തുകയാണ്. അതിനാൽ CMT മീറ്റിംഗുകൾ ഫലപ്രദമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കരാറുകാരുടെ കുടിശ്ശികയെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല; അത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. അതുപോലെ ചെർക്കള-ജാൽസൂർ, കാസർഗോഡ്-കാഞ്ഞങ്ങാട് എന്നീ റോഡുകളുടെ നവീകരണവും കിഫ്ബിയിലുൾപ്പെട്ട കാസർഗോഡ് പ്രസ് ക്ലബ്-എം.ജി. റോഡ് ആകാശപാത, ചന്ദ്രഗിരി പാലം, കോസ്റ്റൽ ഹൈവേ എന്നിവയുടെ നിർമ്മാണവും യാഥാർത്ഥ്യമാക്കണം. 35

കോടിയോളം രൂപ ചെലവഴിച്ച് നിർമ്മിച്ച കല്ലടുക്ക-ചെർക്കള റോഡിന്റെ ഒരു ലെയർ പൂർത്തിയായിട്ടുണ്ട്. സാധാരണഗതിയിൽ പി.ഡബ്ല്യൂ.ഡി. റോഡ് ഒരു ലെയർ ചെയ്തിട്ട് ഒരു വർഷത്തിനകം രണ്ടാമത്തെ ലെയർകൂടി ചെയ്തില്ലെങ്കിൽ അത് നശിച്ചുപോകും. അതുകൊണ്ട് എത്രയുംവേഗം രണ്ടാമത്തെ ലെയറിന്റെ നിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ആദ്യത്തെ കരാറുകാരൻ ആ വർക്ക് ഒഴിവാക്കിപ്പോയെന്നാണ് മനസ്സിലാക്കുന്നത്. കാസർഗോഡ് നിയോജകമണ്ഡലത്തിൽ 253.280 കിലോമീറ്റർ ദൂരം വരുന്ന 45 റോഡുകളാണുള്ളത്. മഴക്കാലത്ത് ഈ റോഡുകൾക്ക് ധാരാളം അറ്റകുറ്റപ്പണികൾ വേണ്ടിവരികയാണ്. മഴക്കാല പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു ഫണ്ടും അനുവദിച്ചിട്ടില്ലെന്നാണ് അറിയാൻ സാധിച്ചത്. മഴ വന്ന് റോഡ് കുഴിയും കുളവുമാകാൻ കാത്തിരിക്കാതെ നേരത്തെതന്നെ അതിനാവശ്യമായ ഫണ്ട് ഓരോ ഡിവിഷനിലും എത്തിച്ചാൽ മന്ത്രിക്കും എം.എൽ.എ.-മാർക്കും ചീത്ത കേൾക്കേണ്ടിവരില്ല, എം.എൽ.എ.-മാരെ വഴി

തടയുന്ന അവസ്ഥയുമുണ്ടാകില്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. കിഫ്ബിക്കുപകരം പൊതുമരാമത്ത് വകുപ്പിനുകീഴിൽത്തന്നെ പ്രവൃത്തികൾ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ജീർണാവസ്ഥയിലുള്ള കാസർഗോഡ് ഫയർ സ്റ്റേഷനുവേണ്ടി ഫണ്ട് അനുവദിക്കണം. കാസർഗോഡ് ജില്ല കോട്ടകളുടെ നാടാണ്. അവിടെയുള്ള പത്തോളം കോട്ടകൾ ചരിത്രത്തിൽ ഇടം നേടിയവയാണ്. ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വലിയ കേന്ദ്രങ്ങളാക്കി അവയെ മാറ്റിയെടുക്കാൻ സാധിക്കും, അതിനുവേണ്ടി ഫണ്ട് അനുവദിക്കണം. മലബാർ റിവർ ക്രൂയിസ് ടൂറിസം, ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോജക്ട്, തളങ്കര ടൂറിസം പദ്ധതി എന്നിവയെല്ലാം ഇപ്പോൾ ഏത് അവസ്ഥയിലാണെന്ന് വ്യക്തമാക്കണം. വ്യാജരേഖകൾ നിർമിച്ച് സപ്ലൈകോയിൽ നടന്ന കോടികളുടെ തട്ടിപ്പിനെക്കുറിച്ച് ഭക്ഷ്യ വകുപ്പുമന്ത്രി പറയണം. ഈ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് ഏറ്റവും വലിയ നേട്ടമുണ്ടാക്കാൻ സഹായിച്ച ഒരാൾ അങ്ങാണ്. കാരണം, ഒരു പ്രാവശ്യമെങ്കിലും റേഷൻ കടയിൽ പോയിട്ടുള്ളവർ എൽ.ഡി.എഫ്.-ന് വോട്ട് കൊടുത്തിട്ടുണ്ടാകില്ല.

അക്കാര്യത്തിൽ നിങ്ങൾക്ക് നന്ദി പറയുകയാണ്. റേഷൻ വ്യാപാരികളുടെ വേതനം കൃത്യമായി നൽകുന്നില്ല. 5 വർഷം മുമ്പ് വിതരണം ചെയ്ത കോവിഡ് കാലത്തെ കിറ്റിന്റെ കമ്മീഷൻ കഴിഞ്ഞമാസം 18-നമുമ്പ് നൽകണമെന്ന കോടതി ഉത്തരവുണ്ടായിട്ടും നൽകിയിട്ടില്ല. തിരഞ്ഞെടുപ്പും ഫലപ്രഖ്യാപനവുമൊക്കെ കഴിഞ്ഞ് ഈ മാസം 10-ാം തീയതിയാണ് നമ്മൾ നിയമസഭയിലേയ്ക്ക് വന്നത്. ഞാനും എന്റെ സഹപ്രവർത്തകൻ ശ്രീ. എ. കെ. എം. അഷ്റഫും എന്തെന്നില്ലാത്ത അഭിമാനത്തോടും ആവേശത്തോടും കൂടിയാണ് കാസർഗോഡ് ജില്ലയിൽനിന്നും ഈ സഭയിലേയ്ക്കെത്തിയത്. അവിടെ യു.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ ഒരു ലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. പക്ഷേ ഈ സഭയിലെത്തി അപ്പുറത്തിരിക്കുന്ന ആളുകളുടെ ബോഡി ലാംഗ്വേജും പ്രസംഗവും കേട്ടപ്പോൾ ഞങ്ങൾ ഒരുവേള സ്തംഭിച്ചുപോയി. ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ ഒരുലക്ഷത്തിൽപ്പരം വോട്ടിന് ജയിച്ചത് ഞങ്ങൾ സ്വപ്നം കണ്ടതാണോ എന്ന നിലയിലായിരുന്നു ഇവരുടെ പ്രസംഗം. ശ്രീ. കെ. ബാബു (നെന്മാറ)-യുടെ പ്രസംഗം ഞാൻ കേട്ടു. തിരുവനന്തപുരം

കാഴ്ചബംഗ്ലാവിൽ കാണ്ടാമൃഗമുണ്ട്. ശ്രീ. കെ. ബാബു (നെന്മാറ)-യുടെ പ്രസംഗം കേട്ടാൽ, ഞാനല്ല ഇവിടെയിരിക്കേണ്ടയാൾ അത് വേറെയാളാണ്, അയാളെ ഇവിടെക്കൊണ്ട് ഇരുത്തിക്കോളൂ എന്ന് തിരുവനന്തപുരം കാഴ്ചബംഗ്ലാവിലെ കാണ്ടാമൃഗം പറയും. കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയെപ്പോലും നിങ്ങൾ തോൽപ്പിച്ചിരിക്കുകയാണ്. കാണ്ടാമൃഗം പോലും നിങ്ങളുടെ പ്രസംഗത്തിനുമുമ്പിൽ മൃദുല ചർമ്മനായി ഇരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ ഇന്ത്യൻ യൂണിയൻ മലപ്പുറം ലീഗാണെന്ന് പറഞ്ഞു. മലപ്പുറം ലീഗ് ആകട്ടെ, ഏത് ലീഗുമാകട്ടെ, ഞങ്ങൾക്കും നിങ്ങൾക്കും ഇപ്പോൾ പാർലമെന്റിൽ ഒരുപോലെയാണ് അംഗസംഖ്യ എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുമാത്രമല്ല, നിങ്ങളുടെ കൊടിയും തിരഞ്ഞെടുപ്പ് അടയാളവും നിങ്ങൾക്ക് സംരക്ഷിക്കാൻ സാധിച്ചത് ശ്രീ. രാഹുൽ ഗാന്ധിയുടെ ഔദാര്യം കൊണ്ടാണെന്ന് നിങ്ങൾ മനസ്സിലാക്കണം. രാഹുൽ ഗാന്ധിയെന്ന മനുഷ്യൻ ഇല്ലായിരുന്നുവെങ്കിൽ സി.പി.ഐ.(എം)-ഉം നിങ്ങളുടെ കൊടിയും ചിഹ്നവും ഉണ്ടാകുമായിരുന്നില്ല. ലീഗിന്റെ

മീറ്റിംഗിൽ ബിരിയാണി കഴിക്കുന്നുവെന്നാണ് നിങ്ങൾ പറഞ്ഞത്. നിങ്ങളുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത് എ.കെ.ജി. സെന്ററിൽ നിങ്ങൾ ഉണക്കമീൻ കഴിച്ചിട്ടാണ് മീറ്റിംഗ് കൂടുന്നതെന്നാണ്. ശ്രീ. കെ. ബാബു (നെന്മാറ)-യെപ്പോലൊരാൾ ഇങ്ങനെയൊരു പ്രസംഗം നടത്താൻ പാടില്ലായിരുന്നു. നേതാക്കന്മാരടക്കം നിങ്ങളുടെ പ്രവർത്തകർ ബി.ജെ.പി.-ക്ക് വോട്ട് ചെയ്തതുകൊണ്ടാണ് നിങ്ങൾക്ക് ഈ സ്ഥിതി വന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്റെ രണ്ട് പ്രിയസുഹൃത്തുക്കളുണ്ട്, നിഷ്കളങ്കരായ കമ്മ്യൂണിസ്റ്റുകാരാണ് അവർ. പയ്യന്നൂർ എം.എൽ.എ. ശ്രീ. ടി. ഐ. മധുസൂദനനും കല്യാശ്ശേരി എം.എൽ.എ. ശ്രീ. എം. വിജിനും. കല്യാശ്ശേരിയിലെ ഇപ്രാവശ്യത്തെ നിങ്ങളുടെ ലീഡ് 1050 ആണ്. ഇലക്ഷൻ സമയത്ത് അവിടെയുള്ള ഞങ്ങളുടെ നേതാക്കന്മാരും പ്രവർത്തകരും കല്യാശ്ശേരിയിൽ ഇപ്രാവശ്യം സി.പി.ഐ.(എം)-ന് 10000 ലീഡ് മാത്രമേ കിട്ടുകയുള്ളൂ എന്നുപറഞ്ഞപ്പോൾ ഞങ്ങളത് വിശ്വസിച്ചില്ല. കാരണം, കല്യാശ്ശേരി മണ്ഡലത്തിൽ സി.പി.ഐ.(എം)-ന്റെ പാർട്ടി ഗ്രാമങ്ങളല്ലാതെ വേറെയൊന്നും കാണാൻ സാധിക്കില്ല. അവിടെ

നിങ്ങൾക്ക് കിട്ടിയ ലീഡ് 1050 ആണ്. പയ്യന്നൂരിലും അതുതന്നെയാണ്. 2019-ലെ തിരഞ്ഞെടുപ്പിൽ ശബരിമല, പെരിയയിലെ ഇരട്ടക്കൊല, രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകാൻ പോകുന്നുവെന്ന ജനങ്ങളുടെ പ്രതീക്ഷയും ആകുലതയും തുടങ്ങിയ വിഷയങ്ങളുണ്ടായിരുന്നു. പക്ഷേ ഈ തിരഞ്ഞെടുപ്പിൽ എന്ത് സംഭവിച്ചു? നിങ്ങളുടെ പാർട്ടിയും നിങ്ങളെ കൈയൊഴിഞ്ഞു. എൻ.ഡി.എ.-യിലാണോ എൽ.ഡി.എഫ്.-ലാണോ സി.പി.ഐ.(എം) എന്ന് പ്രവർത്തകരെ ബോധ്യപ്പെടുത്തുന്നതിൽ നിങ്ങൾ അമ്പേ പരാജയപ്പെട്ടു. അതാണ് നിങ്ങളുടെ ഈ തിരിച്ചടിക്ക് കാരണം. മഞ്ചേശ്വരവും കാസർഗോഡും നിങ്ങൾ കണ്ടുപഠിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മഞ്ചേശ്വരത്ത് 2019-നേക്കാൾ 75 വോട്ട് മാത്രമാണ് ബി.ജെ.പി.-ക്ക് ഇത്തവണ അധികമായി നേടാൻ കഴിഞ്ഞത്. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ എന്റെ സുഹൃത്ത് ശ്രീ. എ. കെ. എം. അഷ്റഫിന് കിട്ടിയത് 755 വോട്ടിന്റെ ഭൂരിപക്ഷം മാത്രമായിരുന്നു. ഇപ്രാവശ്യം 17252 വോട്ടിന്റെ ഭൂരിപക്ഷം നിങ്ങൾ മലപ്പുറം ലീഗെന്ന് പറയുന്ന ലീഗിന് ലഭിച്ചു. അതുപോലെ കാസർഗോഡ് അസംബ്ലി

നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിനേക്കാൾ 402 വോട്ടുകൾ മാത്രമാണ് ബി.ജെ.പി. കൂടുതൽ നേടിയത്. മഞ്ചേശ്വരത്തും കാസർഗോഡും ഫാസിസത്തെ തടയാൻ ഞങ്ങൾക്ക് കഴിഞ്ഞപ്പോൾ നിങ്ങളുടെ അടുക്കളയിൽപ്പോലും ഫാസിസത്തെ തടയാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. അതുപോലെ തമിഴ്നാട്ടിലെ രാമനാഥപുരത്ത് ജയിച്ചത് നിങ്ങൾ പറഞ്ഞ മലപ്പുറം ലീഗാണ്. അതുകൊണ്ട് നിങ്ങൾ കണ്ണടച്ച് ഇരുട്ടാക്കരുത്. അസത്യത്തെ സത്യമാക്കാൻ നിങ്ങൾക്ക് ഒരുപാട് വിദ്യകൾ അറിയാം, അത് ഇനിയെങ്കിലും പ്രയോഗിക്കരുത്. നിങ്ങൾ ബിരിയാണി കഴിക്കുന്ന രീതിയൊന്നും ഞങ്ങൾ പറയുന്നില്ല. ഞങ്ങൾ മാത്രമല്ല ബിരിയാണി കഴിക്കുന്നത്, പാവപ്പെട്ട ആളുകൾക്കും ഞങ്ങൾ ബിരിയാണി നൽകുന്നുണ്ട്. ഞങ്ങൾ പാവപ്പെട്ട ആളുകൾക്ക് വീട് വച്ചുകൊടുക്കുന്നുണ്ട്. കേരളത്തിലെ ആശുപത്രികൾക്കുമുമ്പിൽ പോയാൽ ലീഗിലെ ശിഹാബ് തങ്ങളുടെ പേരിലുള്ള ആശ്വാസകേന്ദ്രങ്ങൾ നിങ്ങൾക്ക് കാണാം. അതുകൊണ്ടാണ് ലീഗിന് കേരളത്തിൽ പിടിച്ചുനിൽക്കാനായത്. അങ്ങനെയുള്ള പ്രവർത്തനങ്ങൾ കാഴ്ചവച്ച് ജനങ്ങളെ ഒന്നിച്ച് നിർത്താൻ നിങ്ങൾ

ശ്രമിക്കണം. അതിന് നിങ്ങൾക്ക് കഴിയില്ല. അതിന് കഴിയാത്തിടത്തോളം കാലം നിങ്ങൾക്ക് തിരിച്ചടിയുണ്ടായിക്കൊണ്ടിരിക്കുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ:</u> സർ, ഞാൻ ഈ ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനം കടുത്ത സാമ്പത്തിക ഉപരോധം നേരിടുന്നതിനിടയിലും പൊതുമരാമത്ത് വകുപ്പിനെ നല്ലരീതിയിൽ കൊണ്ടുപോകുന്ന പ്രിയപ്പെട്ട മന്ത്രിയെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. പൊതുമരാമത്ത് വകുപ്പ് കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്ക് യാത്ര ചെയ്യുമ്പോൾ റോഡുകളും വികസന പ്രവർത്തനങ്ങളുമെല്ലാം ശ്രീ. എൻ. എ. നെല്ലിക്കുന്ന് കണ്ടുകാണുമെന്ന് ഞാൻ കരുതുകയാണ്. പകൽസമയത്ത് സഞ്ചരിക്കുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. പി.ഡബ്ല്യു.ഡി. വകുപ്പിനുകീഴിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളെ കണ്ടില്ലെന്ന്

നടിക്കുന്നത് ശരിയല്ല. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും പല രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ കാണാൻ സാധിക്കും. പി.ഡബ്ല്യൂ.ഡി.-യുടെ നേതൃത്വത്തിൽ നടക്കുന്ന CMT മീറ്റിംഗ് എല്ലാ നിയോജകമണ്ഡലങ്ങളിലും നടക്കുന്നുണ്ട്. എം.എൽ.എ.-മാർക്ക് അവരവരുടെ നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അതിന് പരിഹാരം കാണാനും സാധിക്കുന്നുവെന്നത് എടുത്തുപറയേണ്ടതാണ്. കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, കെ.എസ്.ടി.പി. (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്) തുടങ്ങിവവഴി പല സ്കീമുകളിലായി ഇരുപത്തയ്യായിരം കോടി രൂപയുടെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇരുപതിനായിരം കോടി രൂപയുടെ റോഡുകളുടെയും പാലങ്ങളുടെയും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും അതിന്റെ പ്രവൃത്തികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് കിഫ്ബി എന്തിനാണെന്നാണ് ചോദിച്ചത്. കിഫ്ബി മുഖേന അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടം

നിർമ്മിച്ചുകൊടുക്കാൻ സാധിച്ചിട്ടുണ്ട്. അഞ്ച് കോടി രൂപയുടെ നൂറിലധികം കെട്ടിടങ്ങളുടെ പ്രവൃത്തി പൂർത്തിയായെന്നും രണ്ട് കെട്ടിടത്തിന്റെ പ്രവൃത്തികൾ മാത്രമേ അവശേഷിക്കുന്നുള്ളൂവെന്നും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്ന് രാവിലെ സഭയിൽ പറഞ്ഞിരുന്നു. ഇത്തരം പ്രവൃത്തികളെല്ലാം നടത്തിയത് കിഫ്ബി വഴിയാണ്. അതുകൊണ്ട് കിഫ്ബിയെ തള്ളിപ്പറഞ്ഞിട്ട് കാര്യമില്ല. കിഫ്ബിവഴി വരുന്ന ഫണ്ടുകൾ കൃത്യമായി ഉപയോഗിച്ച് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കുന്ന പി.ഡബ്ല്യു.ഡി. വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 17,500 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി 5656 കിലോമീറ്റർ റോഡുകൾ BM&BC നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. മലയോര ഹൈവേയുടെ രണ്ട് റീച്ചുകൾ 256.43 കോടി രൂപ ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. മലയോര ഹൈവേ പദ്ധതിയിൽ 793.68 കിലോമീറ്റർ റോഡിന്റെ പ്രവൃത്തിയാണ് കെ.ആർ.എഫ്.ബി. മുഖാന്തിരം നടക്കുന്നത്. ഇതിൽ ഏകദേശം 149 കിലോമീറ്റർ റോഡിന്റെ

നിർമ്മാണം പൂർത്തീകരിക്കുകയും ശേഷിക്കുന്ന ദൂരം അടിയന്തരമായി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. അരിക്കൊമ്പനെ റോഡിലൂടെ കൊണ്ടുപോകുന്നത് ടി.വി.-യിൽ കാണിച്ചപ്പോൾ കേരളത്തിലെ റോഡിലൂടെ തന്നെയാണോ പോകുന്നതെന്ന് ചോദിക്കുകയുണ്ടായി. അത്രയധികം മാറ്റങ്ങളാണ് നമ്മുടെ റോഡുകൾക്കുണ്ടായത്. ജൽജീവൻ പദ്ധതി 2025-ൽ അവസാനിക്കും. അതുകൊണ്ട് പി.ഡബ്ല്യു.ഡി. റോഡുകളിൽ അതിന്റെ ഭാഗമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അനുമതി നൽകുന്ന കാര്യത്തിൽ അടിയന്തരമായ ഇടപെടലുണ്ടാകണം. അതുപോലെ കുഴിച്ചിട്ടിരിക്കുന്ന റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത്-ജലസേചന-തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനമുണ്ടാകണം. പി.ഡബ്ല്യു.ഡി. വകുപ്പിലെ ഉദ്യോഗസ്ഥരും ജലസേചന വകുപ്പിലെ എഞ്ചിനീയർമാരും കീരിയും പാമ്പും പോലെയാണ് പെരുമാറുന്നത്. അത്തരത്തിൽ പ്രവർത്തിക്കാതെ അവർ ഒറ്റക്കെട്ടായി നിന്നെങ്കിൽ മാത്രമേ ജൽജീവൻ മിഷൻ പൂർത്തീകരിക്കാൻ സാധിക്കൂ. ഭക്ഷ്യ

വകുപ്പിനെക്കുറിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ പറയുകയുണ്ടായി. പാവപ്പെട്ടവരുടെ ഭക്ഷ്യ സാധനങ്ങൾ വാങ്ങിച്ചെടുക്കുന്നവരുടെ കൈയിൽനിന്നും 11,53,95,000-ലധികം രൂപ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് സർക്കാരിന്റെ ഖജനാവിലേക്ക് എത്തിച്ചിട്ടുണ്ട്. പാവപ്പെട്ട നിരവധി പേരുടെ റേഷൻ കാർഡുകൾ ബി.പി.എൽ.-ലേയ്ക്ക് മാറ്റിനൽകുകയും കെ-സ്റ്റോറിൽക്കൂടി പുതിയ കാർഡുകൾ വിതരണം ചെയ്യുകയുമുണ്ടായി. റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും എല്ലാ താലൂക്കുകളിലും ശാസ്ത്രീയമായ ഗോഡൗണുകൾ പണിയുന്നതിനുള്ള നടപടി സ്വീകരിക്കുകയും സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പണ്ട് റേഷൻ കടകൾ ചില മുതലാളിമാരുടെ കൈയിലെ ഉപകരണങ്ങളായിരുന്നു. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി പാവപ്പെട്ട ജനങ്ങൾക്ക് സമീപിക്കാൻ കഴിയുന്ന സ്ഥാപനമായി റേഷൻകടകളെ മാറ്റിയെടുത്തു. കേന്ദ്രസർക്കാർ വിഹിതം നൽകുന്നില്ലെന്ന കാരണം പറഞ്ഞ് പാവപ്പെട്ട നെൽകർഷകർക്ക് അവരുടെ പണം കൊടുക്കാതിരിക്കുന്നത് ശരിയല്ല. അഞ്ഞൂറ് കോടിയോളം രൂപ

കേന്ദ്രസർക്കാരിൽനിന്നും നെല്ല് സംഭരണ വകയിൽ ലഭിക്കാനുണ്ട്. കർഷകർക്ക് നെല്ലിന്റെ വില നൽകാനുള്ള അടിയന്തര നടപടിയുണ്ടാകണം. അതുപോലെ സഞ്ചരിക്കുന്ന റേഷൻകടകൾ ആരംഭിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിലുണ്ടായ മാറ്റങ്ങളൊന്നും ശ്രീ. എൻ. എ. നെല്ലിക്കുന്ന് എടുത്തുപറഞ്ഞിട്ടില്ല. സംഭരിച്ച നെല്ല് അരിയാക്കി 10.90 രൂപ നിരക്കിൽ റേഷൻ കടകളിലൂടെ പാവപ്പെട്ടവർക്ക് വിതരണം ചെയ്യുകയാണ്. ഇക്കാര്യത്തിൽ 50 രൂപ സംസ്ഥാന സർക്കാർ ചെലവാക്കുന്നുണ്ട്. ഇക്കാര്യങ്ങൾ കണ്ടില്ലെന്നുപറഞ്ഞ് മുന്നോട്ടുപോകുന്ന രീതി ശരിയല്ല. താലൂക്കതലത്തിൽ സ്പെഷ്യൽ മാർക്കറ്റുകൾ നടത്തുന്നതിനും സാധനങ്ങൾക്ക് വിലകൂടിയാൽ അപ്പോൾത്തന്നെ വിപണിയിൽ ഇടപെടുന്നതിനുമെല്ലാം മന്ത്രിയെ അഭിനന്ദിക്കണം. നെൽകർഷകരുടെ കുടിശ്ശിക അടിയന്തരമായി നൽകുന്നതിനുവേണ്ട ഇടപെടലുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എന്റെ പ്രിയസുഹൃത്ത് ശ്രീ. ജോബ് മൈക്കിൾ

പ്രസംഗിച്ചപ്പോൾ മറ്റെല്ലാ എം.എൽ.എ.-മാരെയുംപോലെ ലോക്സഭ തെരഞ്ഞെടുപ്പിന്റെ വിലയിരുത്തൽകൂടി നടത്തുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ഐക്യജനാധിപത്യമുന്നണി വിട്ട് ഇടതുപക്ഷ മുന്നണിയിലേയ്ക്ക് പോയ ശ്രീ. ജോസ് കെ. മാണിയുടെ, ശ്രീ. ജോബ് മൈക്കിളിന്റെ പാർട്ടിക്ക് ജനങ്ങൾ ശക്തമായ തിരിച്ചടി നൽകിയതിന്റെഫലമായി ഐക്യജനാധിപത്യമുന്നണിക്ക് കോട്ടയം പാർലമെന്റ് സീറ്റിൽ ഉജ്ജ്വല വിജയം നേടാൻ സാധിച്ചു. അദ്ദേഹത്തിന്റെ പാർട്ടി പരാജയപ്പെട്ടുവെന്ന് മാത്രമല്ല, ശ്രീ. ജോബ് മൈക്കിൾ അടക്കമുള്ള അവരുടെ എം.എൽ.എ.-മാർ പ്രതിനിധാനം ചെയ്യുന്ന എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി പതിനായിരക്കണക്കിന് വോട്ടുകൾക്ക് പിന്നിൽ പോകുകയും ഐക്യ ജനാധിപത്യ മുന്നണി വിജയക്കൊടി പാറിക്കുകയും ചെയ്തതിൽ ഞങ്ങൾക്ക് അഭിമാനവും സന്തോഷവുമുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഞാൻ മത്സരിച്ചപ്പോൾ 4500 വോട്ടിന്റെ ഭൂരിപക്ഷമാണ് ലഭിച്ചതെങ്കിൽ ഇപ്പോൾ അവിടെ ഐക്യജനാധിപത്യ മുന്നണി 11500 വോട്ടിന്റെ വ്യക്തമായ

ഭൂരിപക്ഷം നേടിയെന്നതിൽ സന്തോഷമുണ്ട്. 2019-ലെ തെരഞ്ഞെടുപ്പുമായി താരതമ്യം ചെയ്യുമ്പോൾ അപ്പോൾ ലഭിച്ച ഭൂരിപക്ഷവും അതിനുശേഷം ലഭിച്ച ഭൂരിപക്ഷവുമെല്ലാം നമുക്ക് വിലയിരുത്താം. ഞാൻ എൽ.ഡി.എഫ്.-ൽ നിന്നപ്പോഴും യു.ഡി.എഫ്.-ൽ നിന്നപ്പോഴും വിജയിച്ചിട്ടുണ്ട്. അത് ജനങ്ങൾ നൽകിയ അനുഗ്രഹമാണ്, നിങ്ങളുടെ കാരുണ്യമല്ല. ശ്രീ. ജോസ് കെ. മാണിയുടെ പാർട്ടിയെ ജനങ്ങൾ കൈവിട്ടുവെന്ന കാര്യം നിങ്ങൾ തിരിച്ചറിയണം. ഇടതുപക്ഷത്തിന്റെ കാരുണ്യംകൊണ്ട് കഴിഞ്ഞ നിയമസഭയിൽ നിങ്ങൾക്ക് കുറച്ച് എം.എൽ.എ.-മാരെ ലഭിച്ചുവെന്നല്ലാതെ എൽ.ഡി.എഫ്.-ന് ഒരു നേട്ടവും നിങ്ങളെക്കൊണ്ട് ഉണ്ടായിട്ടില്ലെന്നതുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം ശ്രീ. ജോസ് കെ. മാണിയെയും ശ്രീ. തോമസ് ചാഴികാടനെയും ലോക്സഭയിലേയ്ക്ക് ജയിപ്പിച്ചു. പക്ഷേ നിങ്ങൾ യു.ഡി.എഫ്. വിട്ടപ്പോൾ നിങ്ങൾക്ക് എല്ലാം നഷ്ടപ്പെട്ടുവെന്നുള്ളത് തിരിച്ചറിയണമെന്ന് വിനയപൂർവം ഓർമ്മിപ്പിക്കുകയാണ്. കെ. എം. മാണി സാറിനെ ഞാൻ ആദരവോടെ ഓർക്കുന്നു. അദ്ദേഹവും പ്രിയപ്പെട്ട ശ്രീ. പി. ജെ. ജോസഫ് സാറും അന്തരിച്ച

ആദരണീയനായ സി. എഫ്. തോമസ് സാറും ഒന്നിച്ചുനിന്ന് കേരള കോൺഗ്രസിനെ ഒറ്റക്കെട്ടായി മുന്നോട്ടുനയിച്ചത് യു.ഡി.എഫ്.-ൽ നിന്നുകൊണ്ടാണ്. (...ബഹളം...)

ചെയർപേഴ്സൺ: അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. മോൻസ് ജോസഫ്: സർ, യു.ഡി.എഫ്. വിട്ട് മുന്നോട്ടുപോയ നിങ്ങളുടെ തീരുമാനം തെറ്റായിപ്പോയെന്ന് ഇന്ന് കാലം തെളിയിച്ചു. അതിൽ ഞങ്ങൾക്ക് അഭിമാനമുണ്ടെന്ന കാര്യം ഞാൻ ആദ്യംതന്നെ സൂചിപ്പിക്കുകയാണ്. കാരണം, ഞങ്ങൾ പൊരുതി നേടിയ യു.ഡി.എഫ്.-ന്റെ വിജയം നിയമസഭയിൽ പങ്കുവച്ചില്ലെങ്കിൽ ഈ കഷ്ടപ്പാടിന് ഒരു അർഥവുമില്ല. ഞാൻ ധനാഭ്യർഥന ചർച്ചയിലേയ്ക്ക് കടക്കുന്നു. കേരളത്തിലെമ്പാടും റോഡെല്ലാം നല്ലതാണെന്നാണ് പ്രിയപ്പെട്ട എം.എൽ.എ. ശ്രീ. ജോബ് മൈക്കിൾ പറഞ്ഞത്. കാസർഗോഡ് നിന്നും വന്നപ്പോൾ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇതൊന്നും കണ്ടില്ലെന്നും അദ്ദേഹം പറഞ്ഞു. റോഡുകളുടെ സ്ഥിതി സംബന്ധിച്ച് ഏറ്റവും ലേറ്റസ്റ്റായ പത്രവാർത്തകളുണ്ട്. അതിൽ മാതൃഭൂമി പത്രത്തിൽ പറഞ്ഞിരിക്കുന്നത്,

'ദുരവസ്ഥയിൽ തലസ്ഥാനം: തലസ്ഥാനത്തെ സ്മാർട്ട് റോഡുകളുടെ നിർമ്മാണം അനന്തമായി നീളുകയാണ്. പലതും വർഷങ്ങളായി പൊട്ടിപ്പൊളിച്ചിട്ടിരിക്കുന്നു, പലയിടത്തും നടന്നുപോകാൻപോലും പറ്റാത്ത അവസ്ഥ' എന്നാണ്. ഇത് തലസ്ഥാനത്തെ കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും എന്നും കടന്നുപോകുന്ന തലസ്ഥാനത്തെ റോഡുകൾക്കാണ് ഈ ദുരവസ്ഥ. കേരള കൗമുദിയിൽ 'നിർമ്മാണം പൂർത്തിയാകാതെ കുളമായി റോഡുകൾ' എന്നാണ് പറഞ്ഞിരിക്കുന്നത്. കുതിരാൻ ഉൾപ്പെടെയുള്ള കേരളത്തിലെ വിവിധ റോഡുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ളതാണ് ഈ വാർത്ത. മലയാള മനോരമയിൽ 'അപകടം ഒളിപ്പിച്ച ദേശീയപാത നിർമ്മാണം' എന്നാണ് കൊടുത്തിരിക്കുന്നത്. തകർന്നുതരിപ്പണമായ ദേശീയപാതയുടെ ചിത്രം പ്രിയപ്പെട്ട എം.എൽ.എ. ശ്രീമതി സി. കെ. ആശ കാണണം. അടുത്ത വാർത്ത ഇതാണ്, 'മഴക്കാലപൂർവ ശുചീകരണം പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞില്ല; പൊതുമരാമത്ത് വകുപ്പ് ഉത്സാഹം കാട്ടിയില്ല, പണിയിൽ ഉഴപ്പിയത് മരാമത്ത് വകുപ്പ്.' ഇത് ഈ ദിവസത്തെ വാർത്തയാണ്.

ഇതെല്ലാം പൊതുമരാമത്ത് വകുപ്പിന്റെ ദുരവസ്ഥ വ്യക്തമാക്കുന്നതാണ്. കേരളത്തിലെ ടൂറിസവും പൊതുമരാമത്തും സംബന്ധിച്ച് പറയുകയാണെങ്കിൽ, ടൂറിസത്തിന് ഇവിടെ ആളുകൾ വരണമെങ്കിൽ റോഡുകൾ നന്നായിരിക്കണം. കഴിഞ്ഞ എട്ടുപത്ത് വർഷമായി റോഡുകൾ നല്ല നിലയിൽ പരിപാലിച്ച് പോന്നിരുന്നതാണ്. എന്നാൽ ഇന്ന് പല കാരണങ്ങൾകൊണ്ടും റോഡുകൾ തകർന്നിരിക്കുകയാണ്. ഈ ദുരവസ്ഥയിൽനിന്നും മോചനം കിട്ടണമെങ്കിൽ കരാറുകാരുടെ കുടിശ്ശിക തീർക്കണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഞാൻ വിനയപൂർവം ചോദിക്കട്ടെ, 2000 കോടി രൂപയിലധികം വരുന്ന കുടിശ്ശികയുടെ മുമ്പിൽ ഈ വകുപ്പിനെ അങ്ങേയ്ക്ക് എങ്ങനെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും? ധനകാര്യ വകുപ്പിന്റെ ഗുരുതരമായ അനാസ്ഥ, ധനകാര്യ വകുപ്പ് ഇക്കാര്യങ്ങൾക്ക് പണം കൊടുക്കാൻ തയ്യാറാകാത്തതുകൊണ്ടുണ്ടാകുന്ന പ്രതിസന്ധി ഇവയെല്ലാം രണ്ട് വകുപ്പുകൾക്കും ഒരുപോലെ ബാധകമാണ്. പൊതുമരാമത്ത് വകുപ്പിന് ഇന്നുള്ള കുടിശ്ശിക തീർക്കാൻ ധനകാര്യ വകുപ്പ് തയ്യാറാകാത്ത

അവസ്ഥയാണുള്ളത്. ഇവിടെ കീരിയും പാമ്പുമാണെന്ന് പറഞ്ഞത് വാട്ടർ അതോറിറ്റിയും പൊതുമരാമത്തും മാത്രമല്ല ധനകാര്യ വകുപ്പും മറ്റ് വകുപ്പുകളുമുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് ഈ ദുരവസ്ഥയ്ക്ക് മാറ്റം വരുത്താതെയും കരാറുകാരുടെ കുടിശ്ശിക തീർക്കാതെയും വാട്ടർ അതോറിറ്റിയിലും പൊതുമരാമത്ത് വകുപ്പിലും ഭക്ഷ്യ-പൊതുവിതരണ വകുപ്പിലും ഒരു കാര്യവും നടക്കുകയില്ല. അതുകൊണ്ട് കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർത്ത് ഇന്നത്തെ ദുരവസ്ഥ മാറ്റാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കാലം തെറ്റിയുള്ള മഴയും കാലാവസ്ഥാ വ്യതിയാനവും ഉണ്ടാകുന്നതുകൊണ്ട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയ പാറ്റേൺ പഠിക്കുന്നതിനും പരിശോധിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് തയ്യാറാകണം. 2018-ലെ DSR ആണ് ഇപ്പോഴും പി.ഡബ്ല്യു.ഡി.-യിൽ നിലനിൽക്കുന്നത്. അപ്പോൾ വർക്ക് എങ്ങനെ മുന്നോട്ടുപോകും? കമ്പി, സിമന്റ്, ടാർ എന്നിവയുടെയെല്ലാം വില വർധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ നമ്മുടെ എസ്റ്റിമേറ്റ് പ്രകാരം മാത്രമേ വർക്ക് നടത്താൻ സാധിക്കൂ. 2018-ലെ എസ്റ്റിമേറ്റാണ് ഇപ്പോഴും

നിലനിൽക്കുന്നത്. ഇത് 2024 ആണ്, 2021-ലെ റേറ്റ് റിവിഷൻപോലും നടന്നിട്ടില്ല. അതുകൊണ്ട് റേറ്റ് റിവിഷൻ അടിയന്തരമായി നടപ്പാക്കണം. ഇത്തരം കാര്യങ്ങൾ പരിഹരിച്ചാൽ മാത്രമേ നിർമ്മാണ രംഗത്ത് തൃപ്തികരമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. 'സ്വന്തം മന്ത്രിമാരെ തള്ളിപ്പറഞ്ഞുകൊണ്ട് സി.പി.ഐ. എറണാകുളം ജില്ലാ കൗൺസിലിന്റെ പ്രമേയം' എന്ന് ഇന്നത്തെ മലയാള മനോരമ പത്രത്തിൽ വാർത്ത വന്നിരിക്കുന്നു. ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് മോശം മാർക്ക് നൽകിക്കൊണ്ട് എറണാകുളം ജില്ലാ കൗൺസിൽ പറയുന്നത്, 'ഭരണംകൊണ്ട് പാർട്ടിക്കോ ഇവിടത്തെ ജനങ്ങൾക്കോ ഒരുഗുണവുമുണ്ടായിട്ടില്ല, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇവിടെ മോശമായ നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു' എന്നാണ്. സി.പി.ഐ.-യുടെ വകുപ്പിനാണ് ഈ ചീത്തയെല്ലാം കേൾക്കേണ്ടി വരുന്നതെങ്കിലും യഥാർഥ കുറ്റവാളി ധനകാര്യ വകുപ്പാണ് എന്ന് അവർ അവസാനം പറയുന്നുണ്ട്. ...... (ബഹളം).....

<u>ചെയർപേഴ്സൺ</u>: അദ്ദേഹത്തെ തടസ്സപ്പെടുത്തരുത്. സമയം കഴിഞ്ഞു. അവസാനിപ്പിക്കൂ.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ആ യഥാർത്ഥ കുറ്റവാളിയെ പിടികൂടാൻ സി.പി.ഐ.-യുടെ കൗൺസിലുകൾ ആവശ്യപ്പെടുന്നു. അതുകൊണ്ട് സി.പി.ഐ. ഒറ്റക്കെട്ടായി ധനകാര്യ വകുപ്പിനെ പിടികൂടണം. നെല്ല് സംഭരിച്ചതിന്റെ കാശ് കൊടുത്തിട്ടില്ല. കുട്ടനാട്ടിലെ ഒരു നെൽകർഷകൻ ആത്മഹത്യ ചെയ്തു. കഴിഞ്ഞ മാർച്ച് മാസം മുതലുള്ള കാശ് കൊടുത്തിട്ടില്ല. ഇതിനെല്ലാം ആരാണ് സമാധാനം പറയേണ്ടത്? ഞങ്ങൾക്ക് നാട്ടിൽ പോകണ്ടേ? നെൽകർഷകനും റബ്ബർ കർഷകനും പണം നൽകുന്നില്ല. കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും കർഷകർക്ക് പണം നൽകിയിട്ടില്ല. കുട്ടനാട്ടിലെ എം.എൽ.എ. ശ്രീ. തോമസ് കെ. തോമസ് ഇവിടെയുണ്ടല്ലോ, അങ്ങും പരാതി കേൾക്കുന്നതല്ലേ? നെൽകർഷകരുടെ പണം എത്രയും പെട്ടെന്ന് നൽകാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണം. കിറ്റ് കൊടുത്തതിന്റെ പണംപോലും റേഷൻ കടക്കാർക്ക് കൊടുത്തിട്ടില്ല. പൊതുവിതരണ മേഖല പരിപൂർണമായും തകർന്നു. ഭക്ഷ്യ-പൊതുവിതരണ

വകുപ്പ് ഗുരുതര പ്രതിസന്ധിയിലാണ്. സപ്ലൈകോയിൽ സാധനങ്ങളില്ല. റേഷൻകടകളിലെ ഇ-പോസ് സംവിധാനം പരിപൂർണ്ണ പരാജയമാണ്. ഇങ്ങനെ പ്രതിസന്ധിയിലേയ്ക്ക് താഴ്ന്നുകൊണ്ടിരിക്കുന്നതുകൊണ്ട് അത് തിരുത്താൻ ബന്ധപ്പെട്ട മന്ത്രി ശ്രദ്ധിക്കണം.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എനിക്കുമുമ്പ് സംസാരിച്ച കടുത്തുരുത്തി അംഗം മന്ത്രിയായിരുന്ന ആളാണ്. അദ്ദേഹത്തിന്റെ കാലത്തെ റോഡുകളുടെ അവസ്ഥയെന്തായിരുന്നുവെന്ന് അന്നിവിടെ ജനപ്രതിനിധികളായിരുന്ന എല്ലാവർക്കും അറിയാം. അതിൽനിന്നും കേരളത്തിലെമ്പാടും വലിയ മാറ്റമുണ്ടാക്കാൻ ഈ എൽ.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്നത് 25000 കോടി രൂപയുടെ പ്രവൃത്തികളാണ്. അതിൽ കടുത്തുരുത്തി അംഗത്തിന്റെയും ഇവിടെയുള്ള മറ്റ് യു.ഡി.എഫ്. അംഗങ്ങളുടെയും പ്രദേശങ്ങളുണ്ടെന്ന കാര്യം മറന്നുപോകരുത്. കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, കെ.എസ്.ടി.പി. പദ്ധതികളിലൂടെയാണ് ഇത്രയും പണം ചെലവിട്ടുകൊണ്ട് ഇക്കാര്യങ്ങൾ

ഇവിടെ നടത്തുന്നത്. 17496 കോടി രൂപയുടെ 1314 പ്രവൃത്തികളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. രണ്ട് പ്രളയങ്ങളും വെള്ളപ്പൊക്കവുമടക്കം നിരവധി റോഡുകൾ തരിപ്പണമാക്കിയൊരു സ്ഥിതിയുണ്ടായിരുന്നെന്ന് ഇക്കാര്യങ്ങൾ പറയുമ്പോൾ നമ്മൾ ഓർക്കണം. അതിൽനിന്നാണ് കേരളത്തിലെ റോഡുകളെ ഉയർത്തിക്കൊണ്ട് വന്നതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ വിസ്മരിച്ചുപോകരുതെന്നുകൂടി ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. 7700 കിലോമീറ്റർ റോഡുകളാണ് ഈ കാലയളവിൽ BM&BC നിലവാരത്തിൽ ടാർ ചെയ്തത്. 1500 കിലോമീറ്റർ റോഡിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. അംഗങ്ങളുടെ മണ്ഡലങ്ങളിൽ മാത്രമല്ല, 140 എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലങ്ങളിൽ പ്രവൃത്തികൾ നടക്കുകയാണെന്ന കാര്യം വിസ്മരിക്കരുത്. കാസർഗോഡ് മലയോര ഹൈവേയുടെ പ്രവൃത്തി 13 റീച്ചുകളിലായി നടക്കുകയാണ്. ദേശീയപാത 66-ന്റെ നിർമ്മാണം 2025-ഓടുകൂടി പൂർത്തിയാകും. അത് കേരളത്തിലെമ്പാടും കടന്നുപോകുന്ന റോഡാണ്, അതിന്റെ നിർമ്മാണപ്രവൃത്തി പൂർത്തിയാകുമ്പോൾ

കേരളത്തിന്റെ മുഖച്ഛായതന്നെ മാറും. സംസ്ഥാന സർക്കാർ അയ്യായിരം കോടിയിലധികം രൂപ കേന്ദ്ര സർക്കാരിന് ഭൂമിവിലയായി കൊടുത്തുകൊണ്ട് നടത്തുന്ന നിർമ്മാണപ്രവർത്തനമാണത്. സ്വാഭാവികമായും പഴയ കെട്ടിടങ്ങൾ മാറ്റി പുതിയത് പണിയുമ്പോൾ പുതിയ നിർമ്മാണരീതികൾ അവലംബിക്കും. അപ്പോൾ പുതിയ റോഡും അതിന്റെ ഇരുവശങ്ങളിലും പുതിയ കടകളും മറ്റും വരും, അത് കേരളത്തിന് അഭിമാനമാകും. ദേശീയപാത 85-ലെ 124 കിലോമീറ്ററിന്റെ നിർമ്മാണം ഭംഗിയായി നടന്നുകൊണ്ടിരിക്കുകയാണ്. ഏകദേശം 1166 കിലോമീറ്റർ ദൈർഘ്യം വരുന്നതാണ് മലയോര ഹൈവേ. 149 കിലോമീറ്റർ റോഡിന്റെ പണി ഇതിനോടകംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 297 കിലോമീറ്ററിന്റെ പ്രവൃത്തി നടന്നുവരികയാണ്. തീരദേശ ഹൈവേയ്ക്കായി 623 കിലോമീറ്റർ ദൂരത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ റവന്യൂ നടപടികൾ അന്തിമഘട്ടത്തിലാണ്. അതോടൊപ്പം സംസ്ഥാനത്തെ 20 ജംഗ്ഷനുകൾ കിഫ്ബി പദ്ധതി പ്രകാരം നവീകരിക്കുകയാണ്. മിക്കവാറും പ്രധാനപ്പെട്ട ജംഗ്ഷനുകളെല്ലാം അതിന്റെ ഭാഗമായി വരുന്നുണ്ട്.

എന്റെ നിയോജകമണ്ഡലമായ വട്ടിയൂർക്കാവിലെ അമ്പലമുക്ക്-സാന്ത്വനം ജംഗ്ഷൻ ഈ പദ്ധതിയുടെ ഭാഗമായി നവീകരിക്കുകയാണ്. സ്ഥലമേറ്റെടുക്കൽ അവസാനഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. നെടുമങ്ങാട് ഭാഗത്തുനിന്നും സിറ്റിയിലേയ്ക്ക് വരുന്ന വാഹനങ്ങളെല്ലാം കടന്നുവരുന്ന ജംഗ്ഷനാണ് പേരൂർക്കട-അമ്പലമുക്ക് ഭാഗം. മേൽപ്പാലത്തിനുൾപ്പെടെ ഗവൺമെന്റ് ഇപ്പോൾ പണം അനുവദിച്ചിട്ടുണ്ട്. ആ ജംഗ്ഷന്റെ പ്രത്യേകത കണക്കിലെടുത്ത് കുറച്ചുകൂടി വിപുലമായി വികസിപ്പിക്കുന്നതിനാവശ്യമായ നടപടിയെടുത്താൽ ആ പ്രദേശത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കാൻ കഴിയുമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. മറ്റൊന്ന്, ഈ ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാക്കാണ് വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം. അത് അക്ഷരംപ്രതി പാലിച്ചുകൊണ്ടാണ് 666 കോടി രൂപ കിഫ്ബിവഴി സ്ഥലം ഏറ്റെടുക്കുന്നതിനടക്കം നീക്കിവച്ചിട്ടുള്ളത്. നഗരത്തിലെ റോഡുകൾക്ക് സമാനമായി വട്ടിയൂർക്കാവ് പോലെയുള്ള പ്രദേശത്തെ റോഡുകൾ മാറുകയാണ്. 11 കിലോമീറ്ററോളം ദൂരം 18.5 മീറ്ററായി വീതി കൂട്ടുകയാണ്. ഇപ്പോൾ പല സ്ഥലങ്ങളിലും നടന്ന്

മത്സരിക്കുന്ന ശ്രീ. കെ. മുരളീധരൻ അടക്കം അവിടത്തെ ജനങ്ങൾക്ക് വാഗ്ദാനം നൽകി പറ്റിച്ച പ്രവൃത്തിയാണത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇക്കാര്യങ്ങൾ ചെയ്യുമെന്ന് പ്രഖ്യാപിച്ചതായിരുന്നു. പക്ഷെ അത് നടപ്പാക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റ് വരേണ്ടിവന്നു. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് ഇത്രയും കോടി രൂപയുടെ പദ്ധതി സഹായം വട്ടിയൂർക്കാവ് പോലെയുള്ള സ്ഥലത്തെ ജനങ്ങൾക്ക് നൽകാൻ തയ്യാറായത്. അതുകൊണ്ട് ശ്രീ. കെ. മുരളീധരൻ ഇപ്പോൾ വടകരയിൽനിന്ന് വട്ടിയൂർക്കാവിലേയ്ക്ക് വന്നിട്ടുണ്ട്; അദ്ദേഹം ഓടിനടന്ന് മത്സരിക്കുകയാണല്ലോ. തൃശ്ശൂരിൽ ശ്രീ. സുരേഷ് ഗോപിയെ ജയിപ്പിക്കാൻവേണ്ടി ശ്രീ. കെ. മുരളീധരൻ കൂടി കൈ കൊടുത്തോയെന്നാണ് ഞാൻ സംശയിക്കുന്നത്. അല്ലാതെ എങ്ങനെയാണ് അവിടെ ശ്രീ. സുരേഷ് ഗോപി ജയിക്കുന്നത്. അവിടത്തെ കോൺഗ്രസ്സുകാർ അതിന് ഉത്തരം പറയേണ്ടതാണ്. തൃശ്ശൂരിൽ ബി.ജെ.പി. സ്ഥാനാർത്ഥിയെ ജയിപ്പിച്ചതിലുള്ള കോൺഗ്രസിന്റെ പങ്കാളിത്തവും അവിടെ സ്ഥാനാർത്ഥിയായി മത്സരിച്ചയാളിന്റെ പങ്കാളിത്തവുമടക്കം പരിശോധിക്കാൻ തയ്യാറാകണം.

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം ഇന്ന് യാഥാർത്ഥ്യമാകാൻ പോകുകയാണ്. രണ്ട് റീച്ചുകളുടെ നാനൂറിലധികം ഭൂവുടമകളുടെ പണവും എവിക്ഷൻ നോട്ടീസുമടക്കം നൽകി ടെൻഡർ നടപടിയിലേയ്ക്ക് കടന്നിട്ടുണ്ട്. അതിന് നേതൃത്വം നൽകിയ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. പത്രങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ചില അംഗങ്ങൾ സംസാരിച്ചത്. റോഡുകളുടെ നിർമ്മാണഘട്ടത്തിൽ സ്വഭാവികമായും ചില പ്രയാസങ്ങളുണ്ടാകും. അവ ഉയർത്തിക്കാണിച്ചുകൊണ്ട് സർക്കാരിനെയും മന്ത്രിയെയും കുറ്റപ്പെടുത്തുകയാണ്. സ്മാർട്ട് സിറ്റി വരുന്നത് എപ്പോഴാണെന്ന് നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. സ്മാർട്ട് സിറ്റിയുടെ ആദ്യ കരാറുകാരൻ അത് ഉപേക്ഷിച്ച് പോകുന്ന സ്ഥിതിയുണ്ടായപ്പോൾ ഗവൺമെന്റ് സത്വര നടപടികളെടുത്ത് പുതിയ കരാറുകൾ നൽകി ആ വർക്കിനെ പ്രത്യേക പാക്കേജാക്കി കൊണ്ടുവന്ന് തിരുവനന്തപുരത്തെ റോഡുകൾ ഓരോന്നോരോന്നായി മെച്ചപ്പെടുത്തുകയാണ്. ഏറ്റവും മികച്ച നിലയിൽ മാനവീയം വീഥിയുടെ ഉദ്ഘാടനം നടത്തുകയും ഇപ്പോൾ പൊതുജനങ്ങൾ

ഉപയോഗിക്കുകയും ചെയ്യുകയാണ്. നിർമ്മാണം പൂർത്തിയായ റോഡുകളെക്കുറിച്ച് നിങ്ങൾ പറയാത്തത് എന്താണ്? മറ്റ് റോഡുകളെല്ലാം നിർമ്മാണഘട്ടത്തിലാണ്. പന്ത്രണ്ടിലധികം റോഡുകൾ ഒന്നോ രണ്ടോ മാസങ്ങൾ കഴിയുമ്പോൾ നിർമ്മാണം പൂർത്തീകരിച്ച് പൂർണമായും തുറന്നുകൊടുക്കാൻ സാധിക്കും. ഏറ്റവും മികച്ച നഗര റോഡുകളായിരിക്കും തിരുവനന്തപുരത്തുണ്ടാകാൻ പോകുന്നതെന്ന കാര്യത്തിൽ ആർക്കാണ് സംശയമുള്ളത്? വെള്ളയമ്പലം-ആൽത്തറ-തൈക്കാട് റോഡ് ഈ ഗവൺമെന്റാണ് സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി സിവറേജ് ലൈൻ, ഡക്റ്റുകൾ തുടങ്ങി അവശ്യംവേണ്ട സംവിധാനങ്ങളുൾപ്പെടെ ഏർപ്പെടുത്തി നിർമ്മാണം നടത്തുന്നത്. സ്മാർട്ട് സിറ്റി ഏറ്റെടുത്ത 28 പി.ഡബ്ല്യു.ഡി. റോഡുകളിൽ 25 എണ്ണത്തിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിങ്ങൾ എന്താണ് ഇക്കാര്യങ്ങളൊന്നും പറയാത്തത്? ഇനിയും മൂന്ന് റോഡുകളുടെ നിർമ്മാണം മാത്രമേ ബാക്കിയുള്ളൂ. അങ്ങനെ റോഡുകൾ ഓരോന്നായി ഈ ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആകെ 63 റോഡുകളാണ് സ്മാർട്ട് സിറ്റിയുടെ ഭാഗമായി ഏറ്റെടുത്തത്, അവ കൃത്യമായ

നടപടി ഘട്ടങ്ങളിലുമാണ്. ടൂറിസം രംഗത്ത് തിരുവനന്തപുരത്തിന് വലിയ പ്രാധാന്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നൽകിയിട്ടുണ്ടെന്ന കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാനവീയം വീഥി മികച്ച നിലയിൽ നവീകരിച്ചിരിക്കുകയാണ്. കേരളത്തിലെയും തലസ്ഥാന നഗരത്തിലെയും ഏറ്റവും മികച്ച സാംസ്കാരിക കേന്ദ്രം കൂടിയാണ് കനകക്കുന്ന് കോട്ടാരം. അവിടെ അടിസ്ഥാന സൗകര്യങ്ങൾക്ക് ഉൾപ്പെടെ തുക വകയിരുത്തി നിർമാണം നടത്തിക്കൊണ്ടിരിക്കുകയാണ്. ട്രാവൻകൂർ ഇല്യൂമിനേഷൻ പദ്ധതിയുടെ ഭാഗമായി നഗരത്തിലെ പല പൈതൃക കെട്ടിടങ്ങളും മികച്ച നിലയിൽ വൈദ്യുതാലങ്കാരം ചെയ്ത് മനോഹരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തിന് സിറ്റി ഓഫ് സ്റ്റാച്യൂസ് എന്നൊരു പേരുകൂടിയുണ്ട്. ഇവിടെ സ്ഥാപിച്ചിട്ടുള്ള പ്രതിമകൾ വിവിധ മേഖലകളിൽ പ്രവർത്തിച്ച് കഴിവ് തെളിയിച്ച മഹാരഥന്മാരുടേതാണ്. അവരുടെ ജീവചരിത്രമടക്കം അടയാളപ്പെടുത്തി ആ പ്രതിമകൾ ഇല്യൂമിനേറ്റ് ചെയ്യാനും നടപടി സ്വീകരിച്ചിട്ടുണ്ട്. തലസ്ഥാന നഗരത്തിന്റെ മുഖച്ഛായ മാറ്റാൻവേണ്ടി

ശംഖുംമുഖം ടൂറിസം ഡെസ്റ്റിനേഷൻ, പത്മനാഭ സ്വാമി ക്ഷേത്രത്തിലെ തീർഥാടക ടൂറിസം പദ്ധതി എന്നിവയ്ക്ക് പ്രാധാന്യം നൽകിയിട്ടുണ്ടെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട കാസർഗോഡ് അംഗം ഇവിടെ ഭക്ഷ്യ വകുപ്പാണ് യു.ഡി.എഫ്.-നെ ജയിപ്പിച്ചതെന്ന് പറഞ്ഞു. നിങ്ങളിത് പറയുമ്പോൾ എന്തുകൊണ്ടാണ് കേന്ദ്രസർക്കാരിനെക്കൂടി കുറ്റപ്പെടുത്താൻ തയ്യാറാകാത്തത്? റേഷൻ കടകളിൽ സാധനമില്ലാതായാൽ അതിന്റെ ഉത്തരവാദിത്വം കേന്ദ്രസർക്കാരിനുകൂടിയാണ്. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തെക്കുറിച്ച് പറയാൻ ശ്രീ. എൻ. എ. നെല്ലിക്കുന്ന് എന്തിനാണ് മടിക്കുന്നത്? സ്വന്തം കൊടിപോലും ഈ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കാൻ സാധിക്കാത്ത ശ്രീ. എൻ. എ. നെല്ലിക്കുന്നാണ് മുസ്ലീം ലീഗിനെക്കുറിച്ച് അഭിമാനം പറയുന്നത്. സ്വന്തം കൊടി ഉയർത്തിക്കാണിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? ആ പച്ചക്കൊടി താഴെവച്ചിട്ട് നിങ്ങൾ കോൺഗ്രസിനെ പിന്താങ്ങുകയാണ്. നേരത്തെ ശ്രീ. രാഹുൽ ഗാന്ധി പാർലമെന്റിലിരിക്കുമ്പോഴല്ലേ കർഷക വിരുദ്ധ ബിൽ, തൊഴിലാളി വിരുദ്ധ ബിൽ, പൗരത്വ നിയമം എന്നിവയെല്ലാം പാർലമെന്റിൽ

പാസ്സാക്കിയത്? അന്ന് മുസ്ലീം ലീഗിന്റെ എം.പി.-മാർ എവിടെയായിരുന്നു; ബിരിയാണി കഴിക്കാൻ പോയിരിക്കുകയായിരുന്നില്ലേ? നിങ്ങൾ എതിർക്കേണ്ട സമയത്ത് എതിർക്കാതെ സ്വന്തം കൊടിപോലും താഴ്ത്തിവച്ചുകൊണ്ടുപോകുന്ന സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ശ്രീ. കെ. ബാബു (നെന്മാറ)-യുടെ നെഞ്ചത്തൊന്നും ആരും കയറേണ്ട, പറയാനുള്ള കാര്യം ഏത് സമയത്തും പറയാൻ ധൈര്യമുള്ള ആളാണ് അദ്ദേഹം. ഇനിവരുന്ന ബി.ജെ.പി. ഭരണത്തിൽ എന്തെല്ലാം സംഭവിക്കുമെന്നും കോൺഗ്രസ് എങ്ങനെയായിരിക്കും ഓരോ കാര്യങ്ങളിലും പ്രതികരിക്കേണ്ടതെന്നും നിങ്ങൾ മനസ്സിലാക്കിവയ്ക്കുന്നത് നല്ലതാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശ്രീ. എൻ. എ. നെല്ലിക്കുന്ന് തിരുവനന്തപുരം മൃഗശാലയിലെ കാണ്ടാമൃഗത്തെപ്പറ്റിയൊക്കെ പരാമർശിക്കുന്നത് കേട്ടു. ആ കാണ്ടാമൃഗം ഓടിയെങ്കിലും തൃശ്ശൂർ ഡി.സി.സി. ഓഫീസിനുമുന്നിൽ മുട്ടിടിച്ച് വീണെന്നാണ് കേൾക്കുന്നത്. അവിടെനിന്ന് തിരിഞ്ഞോടിയിട്ടും ഒരു

രക്ഷയുമില്ല. സ്കൂളിൽ പഠിക്കുമ്പോൾ 'പൊടി പോലുമില്ല കണ്ടുപിടിക്കാൻ' എന്ന anikspray-യുടെ പരസ്യം കേട്ടിട്ടുണ്ട്. അതുപോലെയാണ് വയനാട്ടിൽ ശ്രീമതി പ്രിയങ്ക ഗാന്ധി സ്ഥാനാർഥിയാണെന്ന് കേട്ടപ്പോൾ മുസ്ലിംലീഗിന്റെ കൊടി അവിടെ പറത്തില്ലല്ലോയെന്നോർത്ത് ഞാൻ നെഞ്ചത്ത് കൈവച്ചുപോയത്. ഞങ്ങൾക്ക് തിരഞ്ഞെടുപ്പിലൊരു സമീപനവും അല്ലാത്തപ്പോൾ വേറൊരു സമീപനവുമില്ലെന്ന് നിങ്ങൾ പറയും. പക്ഷെ തിരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം വരുമ്പോൾ കോൺഗ്രസിന് സീറ്റുണ്ടാകും. ഇന്ത്യാ മുന്നണി അധികാരത്തിൽ വരുമെന്നും വയനാട്ടിൽനിന്ന് ശ്രീ. രാഹുൽ ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയാകുമെന്നുമൊക്കെ ഇത്തവണയും നിങ്ങൾ പ്രചരിപ്പിച്ചു. ഞങ്ങളുടെ സങ്കടം വയനാട്ടിൽനിന്ന് ശ്രീ. രാഹുൽ ഗാന്ധി മറ്റൊരു സ്ഥലത്തേയ്ക്ക് പോയിട്ട് ശ്രീമതി പ്രിയങ്ക ഗാന്ധി വരുന്നുവെന്നുള്ളതാണ്. കേരളത്തിൽനിന്ന് തിരഞ്ഞടുപ്പിൽ മത്സരിക്കാൻ നിങ്ങളുടെ പാർട്ടിയിലൊന്നും ആളില്ലേ; ആ ഒരു കുടുംബത്തിൽനിന്നുതന്നെയാണോ എല്ലാവരും? ആ കുടുംബത്തിലെ ഒരാൾക്ക് വീണ്ടും അവിടത്തെ ജനങ്ങൾ

വോട്ടുചെയ്യേണ്ട സാഹചര്യത്തിലേയ്ക്ക് കോൺഗ്രസിനെ കൊണ്ടെത്തിച്ചിരിക്കുകയാണ്. ശ്രീ. റോബർട്ട് വദ്രയും വരുന്നുവെന്നാണ് പറഞ്ഞത്. പ്രതിപക്ഷനേതാവ് ഉൾപ്പെടെ കോൺഗ്രസിൽ നിന്ന് കേരളത്തിൽ മത്സരിക്കാൻ യുവതുർക്കികളും സ്ത്രീകളുമില്ലേ; സ്ത്രീകളെ നിങ്ങൾക്ക് പരിഗണിച്ചുകൂടേ? ഇന്ന് വായനാദിനമാണ്. കുട്ടനാട്ടിൽനിന്ന് ഇന്ത്യയിലാകെ വായനയുടെ സുഗന്ധം പരത്തുന്നതിനുവേണ്ടി മലയാളിക്ക് വായനയുടെ വിശാലമായ ലോകം തുറന്നുതന്ന പി. എൻ. പണിക്കർ സാറിന്റെ ചരമദിനമാണിന്ന്. "ദയവായി നിങ്ങളുടെ ടി.വി. സെറ്റ് ഉപേക്ഷിക്കണം, അതിന്റെ സ്ഥാനത്ത് ചുമരിൽ മനോഹരമായ ബുക്ക് ഷെൽഫ് ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കും" എന്ന Roald Dahl-ന്റെ മനോഹരമായ വാചകം ഓർത്തുപോകുകയാണ്. മുമ്പ് തിരുവനന്തപുരം സിറ്റിയിലെ റോഡുകൾക്ക് ഇപ്പോഴുള്ളതുപോലെ പ്രത്യേകിച്ച് പ്ലാനൊന്നും ഉണ്ടായിരുന്നില്ല. ഞാൻ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമൊക്കെയായിരുന്ന കാലഘട്ടത്തിൽ എം. സി. റോഡ് വഴിയായിരുന്നു കൂടുതലും യാത്ര ചെയ്തിരുന്നത്. അന്നത്തെ കാലത്ത് നല്ല

റോഡുകളുണ്ടായിരുന്നില്ല. എന്നാൽ ഇന്ന് തിരുവനന്തപുരത്ത് എത്തിച്ചേരാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള മികച്ച റോഡുകളാണുള്ളത്. പ്രധാന സിറ്റികളിലെല്ലാം ഇത്തരത്തിലുള്ള റോഡുകളാണ് കാണാൻ സാധിക്കുന്നത്. കാലം മാറുന്നതിനനുസരിച്ച് പുതിയ കാലത്തിന്റെ പുതിയ നിർമാണ രീതിയിലേയ്ക്കുള്ള മാറ്റമാണ് നടക്കുന്നത്. കേരളത്തിന്റെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനും പൊതുമരാമത്ത് വകുപ്പിനും അത് കൃത്യമായി അടയാളപ്പെടുത്താൻ കഴിഞ്ഞിട്ടുമുണ്ട്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിനും സംശയമില്ല. കിഫ്ബിയുടെ ആരംഭഘട്ടത്തിൽ അതിന്റെ പ്രവർത്തനത്തെക്കുറിച്ച് നിങ്ങൾ വളരെയധികം ആക്ഷേപിച്ചിരുന്നു. കിഫ്ബിയിലൂടെ പൊതുമരാമത്ത് വകുപ്പിന്റെ 60000 കോടിയിൽപ്പരം രൂപയുടെ പ്രവർത്തനങ്ങളാണ് നടക്കുന്നതും നടന്നുകൊണ്ടിരിക്കുന്നതും. ഒരു എം.എൽ.എ.-യ്ക്ക് 5 വർഷംകൊണ്ട് 30 കോടി രൂപയുടെ ഒരു പാലം സ്വപ്നം കാണാൻ കഴിയുമോ? പറ്റില്ലെന്നാണ് എന്റെ അഭിപ്രായം. ഈ സർക്കാർ വന്നതിനുശേഷമാണ് ഇതൊക്കെ സംഭവിക്കുന്നതെന്ന് നിസ്സംശയം പറയാം. ശ്രീ. രമേശ് ചെന്നിത്തലയും

ഞാനും അടുത്തടുത്ത നിയോജകമണ്ഡലങ്ങളിലാണുള്ളത്. കായലിനെയും കടലിനെയും ചേർത്തുനിർത്തുന്ന ഭാഗത്ത് 141 കോടി രൂപയുടെ മനോഹരമായ ഒരു പാലം പണികഴിപ്പിച്ചിട്ടുണ്ട്. ശ്രീ. എച്ച്. സലാം എം.എൽ.എ.-യുടെ നിയോജകമണ്ഡലമായ അമ്പലപ്പുഴയിൽ തോട്ടപ്പള്ളി സ്പിൽവേയടക്കം മനോഹരമായ രീതിയിലുള്ള വികസനമാണ് നടക്കുന്നത്. എന്റെ നിയോജകമണ്ഡലമായ കായംകുളത്ത് 32 കോടി രൂപ ചെലവാക്കി കൂട്ടുംവാതുക്കൽ കടവ് പാലം എന്ന മനോഹരമായ പാലം നിർമ്മിച്ചിട്ടുണ്ട്. കേവലം ഒരു പാലമോ സഞ്ചാരയോഗ്യമായ സ്ഥലമോ എന്നതിനപ്പുറം രണ്ടുമൂന്ന് പ്രദേശങ്ങളെ യോജിപ്പിച്ച് പഞ്ചായത്തുകൾ തമ്മിലുള്ള അകലമില്ലാതാക്കുന്ന ഒരു വലിയ വികസനമാണത്. കേരളത്തിലെ ആദ്യത്തെ facade lighting system ആസ്വദിക്കാനും അതൊരു ടൂറിസം പോയിന്റാക്കി മാറ്റാനും മനോഹരമായ ഒരു ചിത്രം വരയ്ക്കുന്നതുപോലെ ടൂറിസം എന്ന ആശയത്തെ അവിടേയ്ക്ക് എത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. 'ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ്' എന്ന മനോഹരമായൊരു മുദ്രാവാക്യവും പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

വെള്ളക്കെട്ടിനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നു. ഇതുസംബന്ധിച്ച് നമ്മളെല്ലാവരും ഒരു ആത്മപരിശോധന നടത്തേണ്ടത് അനിവാര്യമാണ്.

**[അധ്യക്ഷവേദിയിൽ മി. സ്പീക്കർ]**

ഒരു സ്ഥലത്ത് വെള്ളക്കെട്ടുണ്ടായാൽ അത് കേവലം ഒരു ഡിപ്പാർട്ട്മെന്റിന്റെ മാത്രം പ്രശ്നമാണോ; നമ്മൾ ഓരോരുത്തർക്കും അതിൽ ഉത്തരവാദിത്വമില്ലേ? ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെയും റോഡുകളുടെ നിലവാരത്തെക്കുറിച്ച് ചിലപ്പോൾ നാം വാചാലരാകും. കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും ജനസാന്ദ്രത വ്യത്യസ്തമാണ്. മറ്റ് സംസ്ഥാനങ്ങളിൽ കൂടുതലും വിശാലമായ സ്ഥലങ്ങളാണുള്ളത്. കേരളത്തിൽ കെ-റെയിലിന്റെ പേരിൽ പ്രതിപക്ഷം അനവധി പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. ഇവിടെ നേരത്തെ വയൽക്കിളികളെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. ഒരു വികസന പ്രവർത്തനം ആരംഭിക്കാൻ തയ്യാറായാലുടനെ യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ സമരം നടത്തുകയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലമെടുക്കാൻപോലും അനുവദിക്കാതെ കുത്തിത്തിരിപ്പ് സൃഷ്ടിക്കാൻ നോക്കുകയാണ്. ദേശീയപാതയുടെ കാര്യം പലരും സൂചിപ്പിക്കുകയുണ്ടായി. അത്തരം

പദ്ധതികൾ മുടങ്ങിക്കിടക്കാൻ കാരണമെന്താണ്? ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. കൂടുതൽ വ്യാജപ്രചാരണം നടത്തിയത് ദേശീയപാതയുടെ കാര്യത്തിലായിരുന്നു. ഞങ്ങൾ അനുഭവിച്ചതാണ് പറയുന്നത്. ഒരു നാണവുമില്ലാതെ ദേശീയപാതയെക്കുറിച്ച് കള്ളപ്രചാരണം നടത്തുകയായിരുന്നു. ദേശീയപാത വികസനം കേരളത്തിൽ മുടങ്ങിക്കിടന്നത് എന്തുകൊണ്ടാണെന്ന് എല്ലാവർക്കുമറിയാം. പൊന്നുംവിലയ്ക്ക് ഭൂമിയെടുക്കാമായിരുന്നെങ്കിലും യു.ഡി.എഫ്. ഭരണകാലത്ത് അവർ അതിന് തയ്യാറായില്ല. മറ്റ് സംസ്ഥാനങ്ങൾ നൽകുന്നതിന്റെ രണ്ടിരട്ടി വില കൊടുത്താണ് ഇന്ന് പൊന്നുംവിലയ്ക്ക് ഭൂമിയെടുത്ത് ദേശീയപാത യാഥാർഥ്യമാക്കുന്നത്. സംസ്ഥാന പാതയായിരുന്ന സമയത്ത് റോഡിലെ കുഴികൾ നികത്തി ഭംഗിയായി സൂക്ഷിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിരുന്നു. എന്നാൽ 2020-ൽ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തതിനുശേഷം സംസ്ഥാന സർക്കാരിന് അതിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. റോഡുകളിൽ കുഴി രൂപപ്പെട്ടപ്പോൾ അത് കേരള സർക്കാരിന്റേയും മെയിന്റനൻസ് ചെയ്തുകഴിയുമ്പോൾ മറ്റാരുടേതോ

ആണെന്നുമുള്ള സമീപനമാണ്. ശ്രീ. നിതിൻ ഗഡ്ഗരിക്കും മറ്റുള്ളവർക്കും മുന്നിൽ മുട്ടുമടക്കി കാര്യങ്ങൾ അവതരിപ്പിക്കുകയും ബി.ജെ.പി.-ക്കാരുടെ കത്ത് കൊട്ടുക്കുകയും ചെയ്താൽ മാത്രമെ ദേശീയപാതയുടെ കാര്യമൊക്കെ നടക്കുകയുള്ളൂവെന്ന സംസാരമുണ്ട്. എന്നാൽ പഴി മുഴുവൻ കേരള സർക്കാരിനും വകുപ്പുമന്ത്രിക്കുമാണ്. ഒരു തിരഞ്ഞെടുപ്പിലും കോൺഗ്രസ്സിന് സത്യസന്ധമായ ക്യാമ്പയിനുണ്ടാകാറില്ല. എന്തെല്ലാം വ്യാജ പ്രചാരണങ്ങളാണ് നടത്തുന്നതെന്ന് അവർക്കുപോലും അറിയില്ല. അക്കാര്യത്തിന് ചില മാധ്യമങ്ങളെയും പ്രതിപക്ഷം കൂട്ടുപിടിക്കുന്നുണ്ട്. അത്തരത്തിലുള്ള വിജയങ്ങൾക്ക് തിളക്കമുണ്ടാകില്ലെന്നത് വാസ്തവമാണ്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ചില ബുദ്ധിമുട്ടുകളുണ്ടായിരുന്നു. എന്നാൽ നിയമസഭാ തിരഞ്ഞെടുപ്പിൽ ശക്തമായി കൂടുതൽ സീറ്റോടുകൂടി തിളക്കമാർന്ന വിജയത്തിൽ ഇടതുപക്ഷം അധികാരത്തിൽ വന്ന ചരിത്രവും നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. നേരത്തെ ഇവിടെ വെള്ളക്കെട്ടിനെക്കുറിച്ച് സൂചിപ്പിച്ചു. BM&BC നിലവാരത്തിലാണ് ഇവിടെ റോഡുകൾ പണിയുന്നത്. അതുകൊണ്ട്

റോഡുകളുടെ നിലവാരത്തിൽ വലിയ മാറ്റമുണ്ടായിട്ടുണ്ട്. ജനങ്ങൾ കാഴ്ചക്കാരല്ലെന്ന യാഥാർഥ്യം മറക്കരുത്. ഒരു റോഡിന്റെ പണി പൂർത്തിയായിക്കഴിയുമ്പോൾ അതിന്റെ തുടർ നടത്തിപ്പിന് ജനങ്ങളും സഹകരിക്കണം. ഓടകൾ നിർമ്മിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ചിലപ്പോൾ മതിലുകൾ പൊളിച്ചുമാറ്റേണ്ടിവരും. കേരളത്തിൽ പല കാര്യങ്ങളിലും നമ്മൾ പുതിയ സംസ്കാരത്തിന്റെ ഭാഗമാകാൻ തുടങ്ങിയിട്ടുണ്ട്. ഇന്റർലോക്ക് സംവിധാനം അതിനുദാഹരണമാണ്. ചെറിയ അരുവികളുണ്ടെങ്കിൽ അതിനെപ്പോലും ഇല്ലാതാക്കിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ എന്ന സങ്കൽപ്പം എങ്ങനെയോ മലയാളികളുടെ മനസ്സിൽ വന്നുപോയിരിക്കുന്നു. അതിന്റെ ഫലമായിട്ടാണ് തിരുവനന്തപുരം സിറ്റിയിലടക്കം വെള്ളക്കെട്ടുണ്ടാകുന്നത്. വെള്ളം ഒഴുകി പോകുന്നതിനുള്ള നീരുറവകളെ ഇല്ലാതാക്കിയിരിക്കുന്നു. അതുകൊണ്ട് വെള്ളക്കെട്ടുണ്ടാകുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഇപ്പോഴുള്ള സർക്കാരിനോ അതിനുമുമ്പുള്ള സർക്കാരിനോ അല്ല എന്ന വസ്തുത മനസ്സിലാക്കണം. ഇക്കാര്യത്തിൽ എല്ലാവരും ഉത്തരവാദികളാണ്.

നീരുറവകളെ നിലനിർത്തിക്കൊണ്ടുതന്നെ വികസനപ്രവർത്തനങ്ങൾ നടത്താൻ കഴിയണം. ചെറിയ വെള്ളക്കെട്ടുണ്ടായാൽ അത് ക്രമീകരിക്കാനാവശ്യമായ സംവിധാനങ്ങൾ നിലവിൽ പൊതുമരാമത്ത് വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. 14 ജില്ലകളിലെ മുഴുവൻ റോഡുകളുടെയും അവസ്ഥയെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് അറിയാൻ സാധിക്കില്ല. എന്നാൽ റോഡിലെ കുഴികൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള ഉത്തരവാദിത്വം പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്കുണ്ട്. അതിനുള്ള നിർദേശം ബന്ധപ്പെട്ട മന്ത്രി വകുപ്പുതലത്തിൽ നൽകുമ്പോൾ ഉദ്യോഗസ്ഥർ മന്ത്രിയെക്കാൾ വേഗത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്തേണ്ടതുണ്ട്. ഒരു സ്ഥലത്ത് പ്രശ്നമുണ്ടായാൽ അത് വകുപ്പിന്റെ വീഴ്ചയായി കാണാൻ കഴിയില്ല. ഡിപ്പാർട്ട്മെന്റ് സംവിധാനങ്ങൾ ആസൂത്രണം ചെയ്യുകയാണ് ചെയ്യുന്നത്. പൊതുമരാമത്തിന്റെ കൺസ്ട്രക്ഷൻ സൈറ്റുകൾ പലതും ഇന്ന് ടൂറിസം കേന്ദ്രങ്ങളാണ്. മാതൃകാ ഉത്തരവാദിത്വ ടൂറിസം ഗ്രാമങ്ങളാണ് ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഏറ്റവും ആകർഷണീയമായ ഘടകം. കണ്ണെത്താദൂരത്തുള്ള പാടശേഖരങ്ങൾ,

ഹരിതാഭമായ സ്ഥലങ്ങൾ എന്നിങ്ങനെ കുട്ടനാടിന്റെ ഓരോ ഭാഗത്തും മനോഹരമായ കാഴ്ചകളാണുള്ളത്. കേരളത്തിൽ ഉത്തരവാദിത്വ ടൂറിസം ഗ്രാമങ്ങൾ തുടങ്ങാൻ ഏറ്റവും സാധ്യതയുള്ള സ്ഥലം കുട്ടനാടാണ്. DTPC (District Tourism Promotion Council) വളരെ നല്ല രീതിയിലാണ് കാര്യങ്ങൾ ചെയ്യുന്നതെങ്കിലും അതിന്റെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമാക്കാനാവശ്യമായ ഇടപെടൽ ആവശ്യമാണ്. കായംകുളത്ത് DTPC-യുടെ ഒരു അമിനിറ്റി സെന്ററുണ്ട്. പല കാരണങ്ങളാൽ അതിപ്പോൾ അടഞ്ഞുകിടക്കുകയാണ്. പ്രസ്തുത സ്ഥലം KTDC-യ്ക്ക് കൈമാറിയാൽ അത് നല്ല രീതിയിൽ പ്രവർത്തിപ്പിക്കാനാകും. റസ്റ്റ് ഹൗസുകൾ ഏറ്റവും മികവുറ്റ സംവിധാനമാക്കി മാറ്റാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റ് റസ്റ്റ് ഹൗസുകൾ ഇന്ന് ഏറ്റവും കൂടുതൽ ബുക്കിംഗുള്ള സ്ഥാപനങ്ങളായി മാറിയിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പേജിൽ പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് ഓച്ചിറക്കളിയെക്കുറിച്ച് എഴുതിയിരുന്നു. അതിൽ വളരെയേറെ സന്തോഷമുണ്ട്. ഓണാട്ടുകരയിൽ പിൽഗ്രിം ടൂറിസത്തിന് അനന്തമായ

സാധ്യതയാണുള്ളത്. ചെട്ടികുളങ്ങരയിലെ കെട്ടുകാഴ്ച ഇന്ന് ഏഷ്യയിലെ തന്നെ വലിയൊരു സംവിധാനമായി മാറിയിരിക്കുകയാണ്. വെട്ടിക്കോട് നാഗരാജ ക്ഷേത്രം, പുരാതന മോസ്കുകൾ, ചർച്ചുകൾ ഇവയെല്ലാം അവിടത്തെ പ്രത്യേകതകളാണ്. കായംകുളത്തെ പിൽഗ്രിം ടൂറിസം സെന്ററാക്കുന്നതിനുള്ള ഇടപെടൽ നടത്തണം. വകുപ്പ് നടത്തുന്ന വർണ്ണാഭമായ ഇടപെടലിന് എല്ലാവിധ അഭിനന്ദനങ്ങളും അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ പൊതുമരാമത്ത്, ഭക്ഷ്യം, വിനോദസഞ്ചാരം എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. റോഡുകൾ, റെയിൽവേ, വിമാനത്താവളങ്ങൾ, മെട്രോ, വാട്ടർമെട്രോ ഉൾനാടൻ ജലഗതാഗതം എന്നിവയുടെ സംയോജിത ശൃംഖലയുള്ള മൾട്ടിമോഡൽ ഗതാഗത സംവിധാനമാണ് കേരളത്തിലുള്ളത്. അതിൽ റോഡ് ശൃംഖലയ്ക്ക് അതിപ്രധാനമായ സ്ഥാനമാണുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റെയിൽവേ, ജലസേചന വകുപ്പുകൾ, കെ.എസ്.ഇ.ബി.എൽ., വനം, ദേവസ്വം

ഉൾപ്പെടെയുള്ള വകുപ്പുകളും നിർമ്മിച്ച് പരിപാലിക്കുന്ന റോഡുകൾക്കുപുറമെ ഏകദേശം 29573 കിലോമീറ്റർ റോഡുകൾ നിർമ്മിച്ച് പരിപാലിക്കുന്ന പൊതുമരാമത്ത് വകുപ്പിനെ ഞാൻ അഭിനന്ദിക്കുന്നു. നവീനവും വികസിതവുമായ റോഡ് ശൃംഖലയാണ് കേരളത്തിലുള്ളത്. രാജ്യത്തെ മൊത്തം റോഡിന്റെ 3.7% കേരളത്തിന്റെ സംഭാവനയാണ്. മൊത്തം വാഹനഗതാഗതത്തിന്റെ അറുപത് ശതമാനവും പൊതുമരാമത്ത് റോഡുകളാണ് കൈകാര്യം ചെയ്യുന്നത്. കേരളത്തിലെ റോഡ് നിർമാണത്തിലെ സർക്കാർ ചെലവ് ഗണ്യമായി വർധിച്ചുവരികയാണ്. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെയും ഭാഗമായാണ് ഈ ചെലവുകൾ വർധിക്കുന്നത്. നാഷണൽ ഹൈവേ നാലുവരി പാതയാക്കുന്നതിനും മലയോര-തീരദേശ ഹൈവേ യാഥാർഥ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നല്ലരീതിയിൽ പുരോഗമിക്കുകയാണ്. എൻ.എച്ച്.-66-ന്റെ അനുബന്ധമായി മാറുന്നതും വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ പ്രധാന തുറമുഖങ്ങളെയും ചെറിയ തുറമുഖങ്ങളെയും ഹാർബറുകളെയും ബന്ധിപ്പിക്കുന്നതും ഒൻപത്

ജില്ലകളിലൂടെ കടന്നുപോകുന്നതുമായ തീരദേശ ഹൈവേ കേരളത്തിന്റെ അഭിമാന പദ്ധതിയാണ്. തീരദേശ ഹൈവേ എറണാകുളം ജില്ലയിലെത്തുമ്പോൾ ഫോർട്ട് കൊച്ചിയെയും വൈപ്പിനെയും ബന്ധിപ്പിക്കുന്ന കൊച്ചി അഴിമുഖത്ത് അത് മുറിഞ്ഞുപോകാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. എറണാകുളം ജില്ലയിൽ KRFB-PMU മുഖാന്തരം നടപ്പാക്കുന്ന തീരദേശ ഹൈവേയുടെ ആദ്യ റീച്ച് ഫോർട്ട് കൊച്ചിയിൽ അവസാനിക്കുകയും രണ്ടാം റീച്ച് വൈപ്പിനിൽ ആരംഭിക്കുകയും ചെയ്യുന്നു. ഫോർട്ട് കൊച്ചിക്കും വൈപ്പിനുമിടയിൽ അന്താരാഷ്ട്ര കപ്പൽ പാത കടന്നുപോകുന്നു. ഇവിടെ എലിവേറ്റഡ് ഹൈവേയോ ഭൂഗർഭ ടണലോ നിർമ്മിക്കുന്നത് സംബന്ധിച്ച് ഞാൻ സഭയിൽ ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും നിവേദനം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത അഭ്യർഥനകൂടി പരിഗണിച്ച് സർക്കാർ കെ-റെയിൽ മുഖേന സാധ്യതാ പഠനം നടത്തുകയുണ്ടായി. സർക്കാരിനെയും വകുപ്പിനെയും ഇക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കുന്നു. 1500 കോടി രൂപയിലധികം നിർമാണച്ചെലവ് പ്രതീക്ഷിക്കുന്ന ഈ ഭൂഗർഭ ടണൽ വലിയ

ടൂറിസം സാധ്യതകൾക്കുകൂടി വഴിവയ്ക്കുന്നതായിരിക്കും. കേന്ദ്രസർക്കാരിന്റെ സഹായത്തോടെയും 2025-26 ബഡ്ജറ്റിൽ സംസ്ഥാന വിഹിതം ഉൾക്കൊള്ളിച്ചും ഭൂഗർഭ ടണൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം. വൈപ്പിൻ മണ്ഡലവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെയും വകുപ്പിന്റെയും അടിയന്തര ശ്രദ്ധയിൽ വരേണ്ട ചില കാര്യങ്ങൾകൂടി ഞാൻ സൂചിപ്പിക്കുകയാണ്. അഴീക്കോട്-മുനമ്പം പാലം നിർമ്മാണത്തിലെ നിലവിലുള്ള തടസ്സങ്ങൾ നീക്കാൻ ജില്ലാ ഭരണകൂടത്തിന് നിർദേശം നൽകേണ്ടതാണ്. വൈപ്പിൻ മണ്ഡലത്തിൽ പള്ളിപ്പുറം പഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലം നിർമ്മാണം കെടുകാര്യസ്ഥതയുടെയും അലംഭാവത്തിന്റെയും പര്യായമായി മാറിയിരിക്കുകയാണ്. ജി.എസ്.ടി. ആരംഭിക്കുന്നതിനുമുമ്പ് തുടങ്ങിയ പ്രവൃത്തിയാണിത്. കരാറുകാരൻ ജി.എസ്.ടി. അടയ്ക്കേണ്ടതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രതിസന്ധി കാരണമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഈ പ്രവൃത്തി ഇപ്പോഴും പൂർത്തീകരിക്കാൻ സാധിക്കാതെ വന്നിരിക്കുന്നത്. ജനങ്ങളുടെ വലിയ പ്രതിഷേധത്തിന് വഴിവച്ചിരിക്കുന്ന

ഇക്കാര്യത്തിൽ അങ്ങ് ഇടപെടണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം അഴീക്കോട്-മുനമ്പം പാലം പണി തീരുമ്പോഴും തീരദേശ റോഡ് വരുമ്പോഴും വൈപ്പിൻ മണ്ഡലത്തിൽ ട്രാഫിക് പ്രശ്നം രൂക്ഷമാകും. ഇപ്പോൾത്തന്നെ ഗോശ്രീ പാലം മതിയാകാത്ത സ്ഥിതിയാണുള്ളത്. ഭാവിയെ മുൻനിർത്തി ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായി രണ്ട് പാലങ്ങൾകൂടി വിഭാവന ചെയ്ത് നടപ്പിലാക്കാൻ അങ്ങ് മുൻകൈയെടുക്കണം. ഇളങ്കുന്നപ്പുഴ പഞ്ചായത്തിലെ പുക്കാട് നിന്നും കണ്ടെയ്നർ റോഡിലേക്ക് പുതിയ പാലവും വൈപ്പിൻ-പള്ളിപ്പുറം റോഡിന് സമാന്തരമായി കായലോര റോഡും നിർമ്മിക്കേണ്ടതുണ്ട്. ഭാവിയിൽ വരാനിടയുള്ള ഗതാഗതക്കുരുക്കിനും അപകട സാധ്യതകൾക്കും പരിഹാരമുണ്ടാകണം. ഇക്കാര്യത്തിൽ മന്ത്രിയുടെ ശ്രദ്ധയും കരുതലും പ്രത്യേകമായുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ടൂറിസം രംഗത്ത് ബഹുമാന്യനായ മന്ത്രി ദീർഘവീക്ഷണത്തോടെയും ഭാവനാ സമ്പന്നതയോടെയും നടപ്പാക്കുന്ന എല്ലാ പരിപാടികൾക്കും എല്ലാ പിന്തുണയും അഭിനന്ദനങ്ങളും അറിയിക്കുകയാണ്. ടൂറിസം രംഗത്ത് കേരളം ദേശീയ-അന്തർദേശീയ തലത്തിൽ അവാർഡുകൾ നേടുന്നത് തുടരുകയാണ്.

2023-ലെ National Tourism Awards-ൽ ടൂറിസം രംഗത്ത് സമഗ്ര വികസനത്തിനുള്ള 'Hall of Fame' അവാർഡ് കേരളത്തിന് ലഭിച്ചു. ടൂറിസത്തിലും ഉത്തരവാദിത്വ ടൂറിസത്തിലും ഉന്നതനിലവാരമുള്ള ടൂറിസം കേന്ദ്രമെന്ന നിലയിൽ അന്തർദേശീയ തലത്തിൽത്തന്നെ സംസ്ഥാനം ഉന്നതസ്ഥാനത്ത് പരിഗണിക്കപ്പെടുന്നു. വിനോദസഞ്ചാരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഒരു സമൂഹത്തെ ലോകത്തിന്റെ മറ്റുഭാഗങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. ആ അർഥത്തിൽ അനന്തമായ സാധ്യതകളാണ് കേരളത്തിന് തുറന്നുകിട്ടുന്നത്. വൈവിദ്ധ്യമാർന്ന വിനോദ സഞ്ചാര ഉൽപ്പന്നങ്ങളും സംസ്കാര അനുഭവങ്ങളുള്ളതുമായ ഇന്ത്യയിലെ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണ് കേരളം. സമ്പന്നമായ സാംസ്കാരികവും ചരിത്രപരവുമായ പൈതൃകം, പാരിസ്ഥിതിക വൈവിദ്ധ്യം, മനോഹരമായ ഭൂപ്രദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന കേരളത്തെ ടൂറിസം രംഗത്ത് ഇനിയും മാർക്കറ്റ് ചെയ്യണം. Kerala Travel mart (KTM) പോലുള്ള സംഘടനകളുടെ സേവനങ്ങളെ ഞാൻ മറച്ചുവയ്ക്കുന്നില്ല. ഇനിയും ടൂറിസം രംഗത്ത് നിക്ഷേപം

ആകർഷിക്കണം. ആഗോള നിക്ഷേപ സംഗമം സംഘടിപ്പിക്കണം. കേരളത്തിന്റെ സാധ്യതകൾ ഉപയോഗിക്കണം. ടൂറിസം രംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ നിയന്ത്രണത്തിലുള്ള പ്രത്യേക കമ്പനി രൂപീകരിക്കാനും സഹകരണ വകുപ്പിന്റെ സഹായത്തോടെ ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്താനും കൺസോർഷ്യം രൂപീകരിക്കാൻ സാധിക്കുമോയെന്ന് ആലോചിക്കാനുമുള്ള ശ്രമം നടത്തണം. എറണാകുളം ജില്ലയിലെ പ്രത്യേകിച്ച് വൈപ്പിൻ മണ്ഡലത്തിലെ മനോഹരമായ ബീച്ചുകളും കായലുകളും കടൽത്തീരവും വിനോദസഞ്ചാര വ്യവസായത്തിന് പ്രയോജനപ്പെടുത്താൻ അനന്തമായ സാധ്യതകളാണുള്ളത്. വിനോദസഞ്ചാരികളുടെ ബൈബിൾ എന്ന് വിശേഷിപ്പിക്കുന്ന ‘Lonely planet’ എന്ന ഗ്രന്ഥത്തിൽ എത്രയോ വർഷങ്ങൾക്ക് മുമ്പുതന്നെ സഞ്ചാരികൾ ഫോർട്ട് കൊച്ചിയെയും വൈപ്പിനെയും അടയാളപ്പെടുത്തിയിരിക്കുന്നു. എന്നാൽ നാളിതുവരെ പൂർണ്ണമായും ഇത് പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. വൈപ്പിൻ മണ്ഡലത്തിൽത്തന്നെ ഫണ്ട് അനുവദിച്ചിട്ടും

പൂർണ്ണമാകാത്ത നിരവധി പദ്ധതികളുണ്ട്. 'Beach corridor project' വർഷങ്ങളായി നടപ്പാക്കാൻ ശ്രമിക്കുന്നു, ഇതുവരെ നടപ്പിലായിട്ടില്ല. മൂന്നര കോടി രൂപയുടെ പദ്ധതിയാണത്. കടമക്കുടി സമഗ്ര ടൂറിസം പദ്ധതി എട്ട് കോടി രൂപയുടെ ഗ്രാമീണ ടൂറിസം പദ്ധതിയാണ്. 'ഒരു പഞ്ചായത്ത് ഒരു ഡെസ്റ്റിനേഷൻ പദ്ധതി' കുറച്ചുകൂടി ഫലപ്രദമായി നടപ്പാക്കാനാകണം. അതിന് പഞ്ചായത്തുകളുടെ വിഹിതം നൽകാനാകുന്നില്ലെങ്കിൽ എം.എൽ.എ.-മാരുടെ ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പാക്കാൻ കഴിയുംവിധം മാനദണ്ഡം പരിഷ്കരിക്കണം. മുസിരിസ് ഫണ്ട് വൈപ്പിൻ പ്രദേശത്തുകൂടി ഉപയോഗപ്പെടുത്താനാകണം. കൊച്ചി-മുസിരിസ് ബിനാലെ ഈ വർഷവും നടത്തണം. അത് ഫോർട്ട് കൊച്ചിയിൽ മാത്രമായി ഒതുക്കി നിർത്താതെ വൈപ്പിനിലേക്കുകൂടി വ്യാപിപ്പിക്കണം. അന്താരാഷ്ട്ര നിലവാരത്തിൽ വളരുന്ന കൊച്ചിയിൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുംവിധം വാട്ടർ ഒളിമ്പിക്സ് സംഘടിപ്പിക്കാൻ ബഹുമാന്യനായ മന്ത്രി മുൻകൈയെടുക്കണം. വിനോദസഞ്ചാരികളെ ആകർഷിക്കാനും കേരളത്തെ മാർക്കറ്റ് ചെയ്യാൻ കഴിയത്തക്ക തരത്തിൽ ഒരു ഡിസൈൻ ഹബ്ബായി

കൊച്ചിയെ മാറ്റാനും സാധിക്കണം. ടൂറിസം, ഭവനനിർമ്മാണം, ആഭരണ-വസ്ത്ര മേഖല തുടങ്ങിയവയുടെ ഡിസൈൻ ഹബ്ബായി കൊച്ചിയെ പരിവർത്തനപ്പെടുത്താൻ മുൻകൈയെടുക്കണം. ഭക്ഷ്യഭദ്രതയിൽനിന്നും പോഷകഭദ്രതയിലേയ്ക്ക് കേരളത്തെ നയിക്കുന്ന ഭക്ഷ്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു, നന്ദി.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ നല്ലതുപോലെ തോൽക്കാനുണ്ടായ കാരണങ്ങൾ പഠിക്കാനും തിരുത്താനുമുള്ള ചർച്ചകളാണ് ഇന്ന് സംസ്ഥാന കമ്മിറ്റിയിൽ നടന്നുവരുന്നത്. എന്തുകൊണ്ട് തോറ്റുവെന്നറിയാൻ പാഴൂർപ്പടി വരെ പോകേണ്ട കാര്യമില്ല. ധാർഷ്ട്യവും ധൂർത്തും ക്ഷേമ പെൻഷൻ മുടങ്ങിയതും സപ്ലൈകോയുടെ ദുരവസ്ഥ മുതൽ മന്ത്രിമാരുടെ മോശം പ്രകടനവുംവരെ തോൽവിയുടെ കാരണങ്ങളാണ്. തിരുത്തുമെന്ന് ആഗ്രഹിക്കാം, പക്ഷേ പ്രതീക്ഷിക്കുന്നില്ല. ഈ സർക്കാർ പ്രതിപക്ഷ മണ്ഡലങ്ങളോട് വലിയ വിവേചനമാണ് കാണിക്കുന്നത്. മന്ത്രിമാർക്കും ഭരണപക്ഷത്തുള്ളവർക്കും പത്തും ഇരുപതും കോടി രൂപയുടെ

ഭരണാനുമതി അനുവദിക്കുമ്പോൾ പ്രതിപക്ഷ മണ്ഡലങ്ങളെ അഞ്ചുകോടി രൂപയിലൊതുക്കി അവഗണിക്കുകയാണ്. ഞങ്ങളൊന്നും ഓട് പൊളിച്ച് വന്നവരല്ല. കേരളത്തിൽ മികച്ച പി. ആർ. വർക്ക് നടക്കുന്ന വകുപ്പുകളാണ് പൊതുമരാമത്ത്/ടൂറിസം വകുപ്പുകൾ. അവിടെ തള്ളോടുതള്ളാണ്, തള്ള് മാത്രമേയുള്ളൂ. വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് എന്ത് സംഭാവനയാണ് ഇക്കാലയളവിൽ ചെയ്തത്? ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനോ നിലവിലുള്ളവ പരിപോഷിപ്പിക്കുന്നതിനോ ആവശ്യമായ ഭൗതിക സാഹചര്യങ്ങളൊരുക്കാൻ കഴിഞ്ഞിട്ടുണ്ടോ? ആകെ നടക്കുന്നത് പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ ചാനലുകാരെ വിളിച്ചുവരുത്തി കുപ്പി പെറുക്കി ജീവിക്കുന്ന പാവപ്പെട്ട കെയർടേക്കർമാരെ സസ്പെൻഡ് ചെയ്യുന്നതാണ്. പിന്നെ നടക്കുന്നത് കുടുംബസമേതമുള്ള മന്ത്രിയുടെ ഔദ്യോഗിക-സ്വകാര്യ ഉല്ലാസയാത്രകളാണ്. എന്നാൽ കേരളത്തിലെത്തുന്ന സഞ്ചാരികൾ അടിസ്ഥാന സൗകര്യങ്ങളോ ശുചിമുറി സൗകര്യങ്ങളോ ഇല്ലാതെ കഷ്ടപ്പെടുകയാണ്. ടൈലുകൾ ഇളകിയ നടപ്പാതകളും തുരുമ്പിച്ച് നടുവൊടിഞ്ഞ വഴിവിളക്കുകളുമല്ലേ നമ്മുടെ ടൂറിസം

കേന്ദ്രങ്ങളുടെ മുഖമുദ്ര? എവിടെയാണ് ഫലപ്രദമായ മാലിന്യനിർമാർജന സൗകര്യങ്ങളും ആധുനിക ശുചിമുറി സംവിധാനവുമുള്ളത്? ഏറെ കൊട്ടിഘോഷിക്കപ്പെട്ട കാരവാൻ പാർക്ക് ഭരണാനുമതിയിൽ ഒതുങ്ങി. ആദ്യത്തെ സർക്കാർ ഉടമസ്ഥതയിലുള്ള പാർക്ക് ബേക്കലിലും മറ്റൊന്ന് പൊന്മുടിയിലും ആരംഭിക്കുമെന്ന് പറഞ്ഞിരുന്നതും ഭരണാനുമതിയിൽ ഒതുങ്ങിപ്പോയി. മലബാറിലെ ആദ്യ കാരവാൻ കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. അതാകട്ടെ, ഇപ്പോൾ പ്രവർത്തിക്കുന്നുമില്ല. അടിസ്ഥാനപരമായി ഡെസ്റ്റിനേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്താതെ നടപ്പാക്കിയതുകൊണ്ട് മന്ത്രിയുടെ സ്വപ്ന പദ്ധതി ഇന്ന് കട്ടപ്പുറത്താണ്. ടൂറിസം വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം കോടികളുടെ പന്ത്രണ്ട് ടൂറിസം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്. പുതിയ 53 പദ്ധതികൾക്ക് ഡി.പി.ആർ. തയ്യാറാക്കാൻ നിർദേശം നൽകിയിരിക്കുകയാണ്. പക്ഷെ പ്രതിപക്ഷ മണ്ഡലങ്ങളെ അവഗണിക്കുന്നു. ടൂറിസം മന്ത്രി ബേപ്പൂരിന്റെ മാത്രം മന്ത്രിയാണോ? 'ഒരു പഞ്ചായത്ത് ഒരു ഡെസ്റ്റിനേഷൻ പദ്ധതി'

നടപ്പാക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 132 കോടി രൂപയാണ് സർക്കാർ വകയിരുത്തിയത്. പഞ്ചായത്തുകളിലെ വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയോട് നിരവധി വിനോദസഞ്ചാര കേന്ദ്രങ്ങളുള്ള പഞ്ചായത്തുകൾക്കുപോലും വിമുഖതയാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസ്റ്റ് കേന്ദ്രം കണ്ടെത്തുമെന്ന സർക്കാരിന്റെ പ്രഖ്യാപനം എവിടെയെത്തി? 500 പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്താനായിരുന്നു പദ്ധതി വിഭാവന ചെയ്തത്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പതിനഞ്ച് പ്രോജക്ടുകൾ മാത്രമാണ് കണ്ടെത്തിയത്, അതും ആവിയായി. അഡ്വഞ്ചർ ടൂറിസത്തിന്റെ ഭാഗമായി ഏഴ് ബീച്ചുകളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജും വാഗമണിൽ ഗ്ലാസ് ബ്രിഡ്ജും സ്ഥാപിച്ചുവെന്ന് സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടിൽ പറയുന്നുണ്ട്. വർക്കല, ചാവക്കാട് എന്നിവിടങ്ങളിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജുകളും ഇതിൽ ഉൾപ്പെടുന്നുണ്ടോ? ഫ്ലോട്ടിംഗ് ബ്രിഡ്ജുമായി ബന്ധപ്പെട്ട രണ്ടാമത്തെ അപകടമാണ് വർക്കലയിലുണ്ടായത്. ഉദ്ഘാടനം

ചെയ്ത് രണ്ടര മാസമായപ്പോൾ ഒരുഭാഗം തകർന്ന് സ്ത്രീകളും കുട്ടികളുമടക്കം പതിനഞ്ചോളം പേർക്കാണ് പരിക്കേറ്റത്. തൃശ്ശൂർ ചാവക്കാട് ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജ് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തത് ഒരു മാസത്തിനുള്ളിൽ തകർന്നു. തീരദേശ പരിപാലന അതോറിറ്റിയുടെയോ ദുരന്തനിവാരണ അതോറിറ്റിയുടെയോ അനുമതിയോ ശാസ്ത്രീയ പഠനമോ ഇല്ലാതെ ദ്രുതഗതിയിൽ നടപ്പിലാക്കിയ സാഹസിക ടൂറിസമായിരുന്നു വർക്കലയിലേത്. ഉയർന്ന വേലിയേറ്റത്തിലും കടൽക്ഷോഭത്തിലും പൊങ്ങിക്കിടക്കുന്ന ഫ്ലോട്ടിംഗ് ബ്രിഡ്ജുകളുടെ സുരക്ഷ ആശങ്കാജനകമാണ്. സാഹസിക വിനോദസഞ്ചാരങ്ങളുടെ പേരിൽ ജനങ്ങളുടെ സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യരുത്. ഇത്തരം സംരംഭങ്ങൾ പൊതുജനങ്ങൾക്കായി തുറക്കുന്നതിനുമുമ്പ് മതിയായ സുരക്ഷാ നടപടികൾ ഉറപ്പാക്കണം. അപകടത്തെക്കുറിച്ച് ഉടൻ റിപ്പോർട്ട് നൽകാൻ ടൂറിസം ഡയറക്ടറോട് മന്ത്രി ആവശ്യപ്പെട്ടിരുന്നു. എന്നാൽ റിപ്പോർട്ടുമില്ല, നടപടിയുമില്ല എന്നതാണ് അവസ്ഥ. ഉത്തരവാദിത്വ ടൂറിസമായതിനാൽ പലതിനും ഉത്തരമില്ല. വാഗമൺ അഡ്വഞ്ചർ പാർക്കിൽ രാത്രി ഒരു സംഘം അതിക്രമിച്ചുകയറി

ഗ്ലാസ് പാലത്തിൽ ഇരുന്ന് മദ്യപിക്കുകയും ശുചിമുറിയുടെ വാതിലുകളും പൈപ്പുകളും മറ്റും നശിപ്പിക്കുകയും ചെയ്തത് വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ പാർക്കിന്റെ പ്രശസ്തിക്ക് കളങ്കമുണ്ടാക്കുന്ന സുരക്ഷാ വീഴ്ചയാണ്. തിരുവനന്തപുരത്തെ ആക്കുളം കണ്ണാടി പാലത്തിന്റെ ചില്ല് ഉദ്ഘാടനത്തിനുമുമ്പ് പൊട്ടിയത് ഗുരുതരമായ സുരക്ഷാ വീഴ്ചയിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. സമ്പൂർണ്ണ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര കേന്ദ്ര പദ്ധതികളുമായി മുന്നോട്ടുപോകുന്ന വിനോദസഞ്ചാര വകുപ്പ് പ്രതിവർഷം ഇരുപത്തിഅഞ്ച് ലക്ഷത്തോളം വിനോദസഞ്ചാരികൾ എത്തിച്ചേരുന്ന അതിരപ്പിള്ളിയിലെ അവസ്ഥ മനസ്സിലാക്കണം. അവിടത്തെ ഗേറ്റ് കളക്ഷൻ മാത്രം 5 കോടി രൂപയാണ്. അവിടെ ആകെയുള്ളത് 12 ശുചിമുറികളാണ്. പ്രാഥമികാവശ്യത്തിനുപോലും സഞ്ചാരികൾ തമ്മിൽത്തല്ല് കൂടേണ്ട സാഹചര്യമാണുള്ളത്. ചാൾസ് രാജകുമാരൻ ഉൾപ്പെടെ നിരവധി പ്രശസ്ത വ്യക്തിത്വങ്ങൾ സന്ദർശിച്ച സ്ഥലമാണത്. അതിരപ്പിള്ളിയിൽ 10 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന KTDC-യുടെ 25 മുറികളുള്ള യാത്രി നിവാസിന്റെ പണി നിലച്ചിരിക്കുകയാണ്. പാർക്കിംഗിനുവേണ്ടിയുള്ള 5

കോടി രൂപയുടെ പദ്ധതി പ്രവർത്തികമായില്ല. വലിയ വാഹനങ്ങളിൽ ഉൾപ്പെടെ എത്തിച്ചേരുന്ന വിനോദ സഞ്ചാരികൾ പാർക്കിംഗിന് സ്ഥലമില്ലാതെ ബുദ്ധിമുട്ടുകയാണ്. വിനോദസഞ്ചാരികളെ ആകർഷിക്കാനെന്ന പേരിൽ ബാർ മുതലാളിമാരുടെ ആവശ്യങ്ങളായ ഡ്രൈ ഡേ പിൻവലിക്കുക, ബാറുകളുടെ പ്രവർത്തനസമയം വർധിപ്പിക്കുക തുടങ്ങിയ സൗജന്യങ്ങൾ നൽകുന്നതിനുള്ള നീക്കമാണ് അണിയറയിൽ നടക്കുന്നത്. മദ്യനയം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ എക്സൈസ് വകുപ്പിനെപ്പോലും ഇരുട്ടിൽ നിർത്തി ടൂറിസം വകുപ്പുമന്ത്രി സൂപ്പർ മന്ത്രി ചമയുകയാണ്. സംസ്ഥാനത്തെ ആദ്യ Tourism Investors Meet എന്ന പേരിൽ നടന്നത് വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ കൈവശവും ഉടമസ്ഥാവകാശത്തിലുള്ളതുമായ കണ്ണായ സ്ഥലങ്ങൾ ടൂറിസം വികസനത്തിന്റെ പേരിൽ കൈമാറ്റം നടത്തുന്ന ഭൂമാഫിയയുടെ റിയൽ എസ്റ്റേറ്റ് ബിസിനസ്സാണ്. കോടിക്കണക്കിന് രൂപ വിലമതിക്കുന്ന ഏക്കർ കണക്കിന് ഭൂമി നടക്കാൻ സാധ്യതയില്ലാത്ത ടൂറിസം പ്രോജക്ടിന് മന്ത്രിസഭയിലോ ജനപ്രതിനിധികളുമായോ ചർച്ചപോലും നടത്താതെ 25-ഉം

അതിന് മുകളിലുമുള്ള വർഷത്തേയ്ക്ക് ചുളുവിലയ്ക്ക് പാട്ടത്തിന് നൽകുകയാണ്. വിനോദസഞ്ചാരം ഉൾപ്പെടെയുള്ള മേഖലയുടെ വികസനം ലക്ഷ്യമാക്കിയുള്ള ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശുഷ്കാന്തി കാണിച്ചാൽ സംസ്ഥാനം ഇപ്പോൾ നേരിടുന്ന രൂക്ഷമായ തൊഴിലില്ലായ്മയ്ക്കും വികസന മുരടിപ്പിനും പരിഹാരമുണ്ടാകും. നിർഭാഗ്യവശാൽ അത്തരത്തിലുള്ള ആലോചനകളോ ആസൂത്രണമോ കാര്യമായി നടക്കുന്നില്ല. കേരളത്തിലെ പൊതുമരാമത്ത് റോഡുകളുടെ അവസ്ഥ ദയനീയമാണ്. പാതാളക്കുഴിയിൽ ആളുകൾ മരണപ്പെടുന്ന അവസ്ഥയാണുള്ളത്. സാമ്പത്തിക പ്രതിസന്ധിമൂലം കരാറുകാർക്ക് 4600 കോടി രൂപയുടെ കുടിശ്ശികയുള്ളത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നു, അവർ ആത്മഹത്യയുടെ വക്കിലാണ്. പൊതുമരാമത്ത് വകുപ്പാണ് ഇക്കാര്യം ശ്രദ്ധിക്കേണ്ടത്. പ്രതിപക്ഷാംഗങ്ങളോട് ബഹുമാനപ്പെട്ട മന്ത്രിക്ക് ധാർഷ്ട്യവും പുച്ഛവുമാണ്. അത് അദ്ദേഹം പ്രത്യേക പ്രിവിലേജിൽ

മന്ത്രിയായതുകൊണ്ടായിരിക്കാം. സാരമില്ല, ജനങ്ങളാണ് പരമാധികാരികളെന്ന് വൈകാതെ ബോധ്യപ്പെടും.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ചാലക്കുടി അംഗത്തിന്റെ പ്രസംഗം കേൾക്കുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ഏതെങ്കിലും ടൂറിസ്റ്റുകൾ എത്തുമോ? അവർക്ക് ടൂറിസം വകുപ്പുമന്ത്രിയോടുള്ള ദേഷ്യം ഇക്കാലയളവിൽ തുടങ്ങിയതല്ല. അദ്ദേഹം വിദ്യാർത്ഥി യുവജന സംഘടനാ നേതാവായിരിക്കുമ്പോൾ മുതൽ കോൺഗ്രസിനും മുസ്ലീംലീഗിനും അദ്ദേഹത്തോട് ദേഷ്യമാണ്. അതിന്റെ ഭാഗമായി അദ്ദേഹത്തെ ഏറെക്കാലം ജയിലിൽ പിടിച്ചിട്ടിരുന്നു. പക്ഷേ ടൂറിസം രംഗത്തെ അപകീർത്തിപ്പെടുത്തുന്ന നിലയിലുള്ള ഇത്തരം ചർച്ചകൾ നമ്മുടെ നാടിനെത്തന്നെ തകർക്കുന്നതാണ്. നമ്മുടെ ടൂറിസം മേഖലയിൽ കോവിഡിനുശേഷം അഭൂതപൂർവമായ വളർച്ചയാണുണ്ടായത്. അത് വെറുതെ പറയുന്നതല്ല, അതിന് കണക്കുണ്ട്. 2021-ലേതിനെക്കാൾ ഇരട്ടി ടൂറിസ്റ്റുകളാണ് 2022-ൽ ഇവിടെ എത്തിയത്. 2023-ൽ അത് വീണ്ടും

വർധിച്ചു. ടൂറിസ്റ്റുകളുടെ എണ്ണത്തിൽ രണ്ടര കോടി വർധനവാണുണ്ടായത്. നിങ്ങൾ എന്താണ് ഈ നേട്ടങ്ങൾ കാണാതെ പോകുന്നത്? ലോകത്ത് കണ്ടിരിക്കേണ്ട 53 ടൂറിസം കേന്ദ്രങ്ങളിൽ ഇന്ത്യയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടത് കേരളം മാത്രമാണ്. നിങ്ങൾ കോൺഗ്രസുകാർ ഇതെന്താണ് കാണാതെ പോകുന്നത്? ലോകത്ത് കണ്ടിരിക്കേണ്ട 53 ടൂറിസം കേന്ദ്രങ്ങൾ ടൈം മാഗസിൻ തിരഞ്ഞെടുത്തപ്പോൾ ഇന്ത്യയിൽ കേരളം മാത്രമാണ് അതിൽ ഇടം പിടിച്ചിട്ടുള്ളത്. നേട്ടങ്ങൾ നിരവധിയുണ്ടെങ്കിലും എല്ലാം ഞാൻ വിശദീകരിക്കുന്നില്ല. രാജ്യത്ത് ഇന്ത്യ ടുഡേ നടത്തിയ സർവ്വേയിൽ ഒന്നാം സ്ഥാനത്ത് എത്തിയത് കേരളമാണ്. ദീർഘവീക്ഷണത്തോടെ നടപ്പിലാക്കിയ പദ്ധതികളിലൂടെയാണ് ഇത് സാധിച്ചത്. സാഹസിക ടൂറിസം രംഗത്ത് സമീപകാലത്തെങ്ങുമില്ലാത്ത നേട്ടമാണ് കേരളം കൈവരിച്ചത്. എന്തുകൊണ്ടാണ് അത് ഉൾക്കൊള്ളാൻ നിങ്ങൾക്ക് സാധിക്കാത്തത്? കേരളത്തിന്റെ എല്ലാ സ്ഥലങ്ങളിലും അതിന്റെ സാദ്ധ്യതകൾ വിനിയോഗിച്ചുകൊണ്ട് നടത്തിയ ഇടപെടലുകൾമൂലമാണ് ഇത് സാധിച്ചത്. വാഗമണിലെ ഗ്ലാസ് ബ്രിഡ്ജിലേയ്ക്കും മറ്റും സഞ്ചാരികളുടെ

ഒഴക്കാണ്. ബീച്ച് ടൂറിസം രംഗത്തെ ഭാവനപൂർണമായ പദ്ധതികളെയാണ് അപകീർത്തിപ്പെടുത്തി ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. കടലിന്റെ സൗന്ദര്യം ആസ്വദിക്കാൻ ബീച്ച് ടൂറിസത്തിന്റെ ഭാഗമായി ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിച്ചപ്പോൾ അവിടെ എത്ര ടൂറിസ്റ്റുകളാണ് എത്തിയത്? എവിടെയെങ്കിലും എന്തെങ്കിലും ഒരു അപാകതയുണ്ടെങ്കിൽ അതാകെ കുഴപ്പമാണെന്ന് വരുത്തി ടൂറിസ്റ്റുകളെ ഭയപ്പെടുത്തുന്ന സമീപനമുണ്ടാകുന്നുണ്ട്. കാസർഗോഡ്, ഇരിക്കൂർ നിയമസഭാ മണ്ഡലങ്ങളിലെ അംഗങ്ങൾ സംസാരിച്ചപ്പോൾ റിവർ ഫെസ്റ്റിവൽ പോലെയാണ് ഈ ഗവൺമെന്റ് ഇടപെടുന്നതെന്ന് പറയുന്നു. ടൂറിസം ക്ലബ്ബുകൾപോലെ വളരെ ഭാവനപൂർണ്ണമായ പദ്ധതികളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന് ഒച്ചിന്റെ വേഗതയാണെന്ന് ഇരിക്കൂർ അംഗം പറഞ്ഞു. അങ്ങനെ ഒരു കാലമുണ്ടായിരുന്നു, അത് നിങ്ങൾ ഭരിച്ച കാലമാണ്. ഇപ്പോൾ കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് കൊടുങ്കാറ്റിന്റെ വേഗതയിലാണ് മുന്നോട്ടുപോകുന്നത്. ദേശീയപാതയെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല.

ഈ ദേശീയപാത നിർമ്മിച്ചാൽ അംഗീകരിക്കാമെന്ന് പറഞ്ഞവരിൽ നിങ്ങളും ബി.ജെ.പി.-യും ഉൾപ്പെടെ പലരുമുണ്ട്. ഈ പദ്ധതി നടക്കില്ലെന്ന് കരുതിയപ്പോൾ ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും ചെയ്യാത്ത തരത്തിൽ 5580 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് ഇതിനായി മുടക്കിയത്. എന്റെ മണ്ഡലമായ കോന്നിയിലൂടെ പോകുന്ന മലയോര ഹൈവേയിലൂടെയാണ് നിങ്ങളിൽ പലരും സഭയിൽ എത്തുന്നത്. കേരളത്തിലെ മലയോര പ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള മലയോര ഹൈവേ എത്ര സുന്ദരമായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്! ഒച്ചിന്റെ വേഗതയിലല്ല, കൊടുങ്കാറ്റിന്റെ വേഗതയിലാണ് ഇതെല്ലാം നിർമിച്ചത്. തീരദേശ ഹൈവേയെക്കുറിച്ച് ഇവിടെ വിശദീകരിച്ചു. എത്രയോ കാലമായുള്ള തീരദേശ ജനതയുടെ സ്വപ്നമാണ് യാഥാർഥ്യമാകാൻ പോകുന്നത്? പണ്ട് കേരളത്തിലെ പല ജംഗ്ഷനുകളുടെയും പ്രശ്നം നമ്മൾ ചർച്ച ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് വിവിധ ഘട്ടങ്ങളിലായി ഇരുപത് ജംഗ്ഷനുകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പദ്ധതികൾ തയ്യാറാക്കി സ്ഥലമേറ്റെടുത്ത് നിർമ്മാണഘട്ടത്തിലേയ്ക്ക് കടക്കുകയാണ്.

മുഖ്യമന്ത്രിയെക്കൂടി അടിക്കാൻവേണ്ടിയാണല്ലോ പൊതുമരാമത്ത് വകുപ്പുമന്ത്രിയെയും അദ്ദേഹത്തിന്റെ വകുപ്പുകളെയും ഉപയോഗിക്കുന്നത്. നിങ്ങൾ മുമ്പ് കേരളം ഭരിച്ചിരുന്ന കാലത്ത് റോഡിൽ കുഴിയെണ്ണാൻ പോകുന്ന ചില മാധ്യമങ്ങളുണ്ടായിരുന്നത് നമുക്ക് അറിയാം. അവരിൽ ചിലർ റോഡിൽ കുഴികളുടെ പരമ്പരകൾ തീർക്കുമായിരുന്നു. ഇപ്പോൾ അവർ പരമ്പരകൾ ചെയ്യാത്തത് ഞങ്ങളോടുള്ള സ്നേഹം കൊണ്ടല്ലെന്ന് ഞങ്ങൾക്കറിയാം. അവർ പരമ്പര നടത്താൻ ഇറങ്ങിത്തിരിച്ചാൽ കേരളത്തിൽ കുഴികൾ കാണില്ല. അതിന്റെ കാരണം ദീർഘവീക്ഷണത്തോടെ നടത്തിയിട്ടുള്ള വിവിധ പദ്ധതികളാണ്. Running contract system ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ 486 കോടി രൂപ ചെലവഴിച്ചാണ് റോഡുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ചത്. ക്വാളിറ്റിക്കുവേണ്ടി പ്രത്യേക സംവിധാനം നിശ്ചയിച്ചു. നൂറ് പാലങ്ങൾ നിർമ്മിച്ചു. ഒരു പാലവും കേരളത്തിൽ പൊളിഞ്ഞിട്ടില്ല. അഴിമതി തടയാൻ ഈ ഗവൺമെന്റ് ആർജ്ജവത്തോടെയുള്ള നിലപാടുകളെടുത്തിട്ടുണ്ട്. മുമ്പ് റസ്റ്റ് ഹൗസുകളുടെ സ്ഥിതി എന്തായിരുന്നു?

ഇപ്പോൾ സാധാരണക്കാർക്കും ഓൺലൈനിലൂടെ റസ്റ്റ് ഹൗസുകൾ ബുക്ക് ചെയ്ത് അവിടെ താമസിക്കാൻ സാധിക്കും. ഇതിലൂടെ 20 കോടി രൂപയിലധികമാണ് സർക്കാരിന് വരുമാനമുണ്ടായത്. ബഹുമാനപ്പെട്ട കാസർഗോഡ് അംഗം വളരെ ആവേശത്തോടെ സൂചിപ്പിച്ച ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഞങ്ങൾ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു, ഇപ്പോൾ മാത്രമല്ല പല പാർലമെന്റ് തെരഞ്ഞെടുപ്പിലും പരാജയപ്പെട്ടിട്ടുണ്ട്. 2019-ലും പരാജയപ്പെട്ടു, അന്നും ഇന്നും ഞങ്ങൾക്ക് ഒരു സീറ്റ് മാത്രമേയുള്ളൂ. ഞങ്ങൾ പരാജയം മനസ്സിലാക്കുകയും തിരുത്തുകയും ചെയ്യും. 2019-ലെ പരാജയം മനസ്സിലാക്കി 2021-ൽ കാരിരുമ്പിന്റെ കരുത്തിൽ ഞങ്ങൾ തിരിച്ചുവന്നതുപോലെ കേരള രാഷ്ട്രീയത്തിൽ തിരിച്ചുവരും. പക്ഷേ ഒരിക്കലും ഞങ്ങൾ ഞങ്ങളുടെ കൊടി താഴ്ത്തിക്കെട്ടില്ല. ഞങ്ങൾ എത്ര പരാജയപ്പെട്ടാലും ഞങ്ങളുടെ ചുവന്ന കൊടി ഉയർത്തിപ്പിടിക്കും. ആ കൊടി താഴ്ത്തിക്കെട്ടണമെങ്കിൽ ഞങ്ങളുടെ ജീവൻ നഷ്ടപ്പെടണം. പക്ഷേ, നിങ്ങൾ മുന്നണിയായി മത്സരിക്കുമ്പോൾ നിങ്ങളുടെ കൊടി പിടിക്കാൻ പാടില്ലെന്ന് പറഞ്ഞപ്പോൾത്തന്നെ ആ കൊടിയും മടക്കി

കക്ഷത്തിൽവച്ച് തിരികെ പോയ ഏക രാഷ്ട്രീയ പ്രസ്ഥാനം ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗാണ് എന്നുമാത്രം ഓർക്കുന്നത് നിങ്ങൾക്ക് നല്ലതാണ്.

ശ്രീ. എ. രാജ: സർ, പൊതുമരാമത്ത്, വിനോദസഞ്ചാരം, ഭക്ഷ്യ പൊതുവിതരണം എന്നീ വകുപ്പുകളുടെ ധനാഭ്യർഥനകളെ ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് ടൂറിസം മേഖലയിൽ ഇപ്പോൾ വളരെയധികം വികസനപ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കോവിഡും പ്രളയവും ഉണ്ടായതുമുതൽ വലിയ പ്രതിസന്ധിയാണ് ഈ മേഖല നേരിട്ടുകൊണ്ടിരുന്നത്. എന്നാൽ ആ പ്രതിസന്ധികളിലൊന്നും പതറിപ്പോകാതെ ഇതെങ്ങനെ മറികടക്കാൻ കഴിയുമെന്ന് ആലോചിച്ച് പുതിയ തീരുമാനങ്ങളെടുക്കുകയും നേതൃത്വപരമായ പങ്കുവഹിക്കുകയും ചെയ്യുതിനാൽ വിനോദസഞ്ചാര മേഖല ഫീനിക്സ് പക്ഷിയെപ്പോലെ വളർച്ചയുടെ പാതയിലേയ്ക്ക് തിരിച്ചെത്തിയിരിക്കുകയാണ്. ഓരോ വർഷവും വിനോദസഞ്ചാരത്തിനായി കേരളത്തിലെത്തുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ഒരുപോലെ ആകർഷിക്കുന്ന പ്രദേശമാണ് കേരളം. വിനോദസഞ്ചാര

കേന്ദ്രങ്ങളുടെ ഗുണമേന്മയും സുസ്ഥിര വികസനവും ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 2022-ൽ കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണം 1.88 കോടി ആയിരുന്നെങ്കിൽ 2023-ൽ അത് 2.18 കോടിയായി ഉയർന്നു. വരുമാനത്തിലും അതനുസരിച്ചുള്ള വർധനയുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഓരോ പഞ്ചായത്തിലും ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി ആരംഭിച്ചത്. വിനോദസഞ്ചാര വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. വിനോദസഞ്ചാര/തദ്ദേശ സ്വയംഭരണ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ ആഭ്യന്തര ടൂറിസം മേഖലയിൽ വൻകുതിച്ചുചാട്ടമാണ് ഉണ്ടാകാൻ പോകുന്നത്, പല സ്ഥലങ്ങളിലും അതുണ്ടായിക്കൊണ്ടിരിക്കുന്നു. ഇടുക്കി ജില്ലയിലെ വാഗമണിൽ ഗ്ലാസ് ബ്രിഡ്ജും അഡ്വഞ്ചർ പാർക്കും സാഹസിക ടൂറിസം

പദ്ധതിയിലൂടെ ആരംഭിച്ചു. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നാളുകളായി വിനോദസഞ്ചാര മേഖലയിലേയ്ക്ക് ആളുകൾ എത്തുന്നില്ലെന്നാണ്. എന്നാൽ ഇടുക്കി ജില്ലയിൽ ഇക്കഴിഞ്ഞ ഏപ്രിൽ-മേയ് മാസങ്ങളിൽ വലിയ തോതിൽ ആളുകൾ എത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ മൂന്നാർ ഗ്യാപ് റോഡിൽ അഡ്വഞ്ചർ പാർക്ക് ആരംഭിക്കുന്നതിനായി അതിന്റെ സ്ഥലമേറ്റെടുപ്പ് നടപടികളുമായി മുന്നോട്ടുപോകുന്നു. ഇതുപോലെയുള്ള പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ മാത്രമാണ് സഞ്ചാരികൾ കൂടുതലായി നമ്മുടെ പ്രദേശങ്ങളിലേയ്ക്ക് എത്തിച്ചേരുന്നത്. സ്വകാര്യ പങ്കാളിത്തത്തോടെ നടന്നുവരുന്ന അഡ്വഞ്ചർ ആക്ടിവിറ്റികളിലൂടെ സഞ്ചാരികളെ ആകർഷിച്ചും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുമാണ് മുന്നോട്ടുപോകുന്നത്. സിനിമാ ഷൂട്ടിംഗ് നടക്കുന്ന കേന്ദ്രങ്ങളെ ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിന് സിനിമാ ടൂറിസം പദ്ധതി നടപ്പാക്കി. അതിൽ ആദ്യത്തെ പദ്ധതിയെന്ന നിലയിൽ കിരീടം പാലം ആകർഷകമാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. എന്റെ മണ്ഡലമായ ദേവികുളത്തെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ 'ഭ്രമരം' എന്ന

സിനിമ ഷൂട്ട് ചെയ്തതിനുശേഷം പൃഥ്വിരാജ്, മമ്മൂട്ടി എന്നിവരടക്കമുള്ളവരുടെ സിനിമ തുടർച്ചയായി അവിടെ ഷൂട്ട് ചെയ്തുകൊണ്ടിരിക്കുന്നു. ആ സ്ഥലത്തിന് ഭ്രമരം എന്ന പേരുതന്നെ വന്നു, ആ പ്രദേശം ഷൂട്ടിംഗ് പോയിന്റായാണ് അറിയപ്പെടുന്നത്. അടുത്ത ഘട്ടത്തിൽ അതുകൂടി സിനിമാ ടൂറിസം പദ്ധതിയിലുൾപ്പെടുത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഉത്തരവാദിത്വ ടൂറിസത്തിലൂടെ കഴിഞ്ഞ വർഷം കേരളത്തിന് അഭിമാനിക്കാവുന്ന ഒരു നേട്ടമാണ് എന്റെ മണ്ഡലത്തിൽപ്പെട്ട കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് നേടിയിട്ടുള്ളത്. കേരളത്തിലെ ഉത്തരവാദിത്വ ടൂറിസം ആഗോളതലത്തിൽത്തന്നെ മാതൃകയാണ്. ഇന്ത്യയിലെ 788 ഗ്രാമപഞ്ചായത്തുകളിൽ സ്ത്രീ സൗഹാർദ വിനോദസഞ്ചാരം, ഗ്രീൻ ടൂറിസം, സ്ട്രീറ്റ് ടൂറിസം എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അതിൽ ആദ്യത്തെ 5 പഞ്ചായത്തുകളിലൊന്നായി കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന് മാറാൻ സാധിച്ചു. സ്ട്രീറ്റ് പദ്ധതി (STREET-Sustainable, Tangible, Responsible, Experiential, Ethnic, Tourism) നടപ്പാക്കിയതിന്റെ ഭാഗമായി കഴിഞ്ഞവർഷം ഗ്ലോബൽ അവാർഡ് നേടിയത് കാന്തല്ലൂർ ഗ്രാമപഞ്ചായത്താണ്. സമാനമായ ഒരു

പ്രദേശമാണ് വട്ടവട. അവിടെയും അടുത്ത ഘട്ടത്തിൽ ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കണം. വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് പുറത്തുനിന്നുള്ള ആളുകളാണ് കൂടുതലായി ഇവിടെ എത്തിച്ചേരുന്നത്. അവർക്ക് ഇവിടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ച് അറിയണമെന്നില്ല. അതിനാൽ ടൂറിസ്റ്റ് പോയിന്റിൽ സമഗ്രമായ ഒരു ടൂറിസം മാപ്പ് സ്ഥാപിക്കുകയാണെങ്കിൽ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് എത്തിച്ചേരുന്നതിന് എളുപ്പമായിരിക്കും. യുവത്വത്തെ ടൂറിസത്തിന്റെ ഭാഗമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് നടപ്പാക്കിയ കലാലയ ടൂറിസം ക്ലബ്ബ് പദ്ധതിയിലൂടെ ടൂറിസം മേഖലയുടെ പരിപാലനം ഏറെ പ്രതീക്ഷയോടെയാണ് കാണുന്നത്. കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ, പൊതു ഇടങ്ങൾ, താമസ സൗകര്യങ്ങൾ, നല്ല ഭക്ഷണം ലഭിക്കുന്ന കടകൾ ഇവയെല്ലാം അറിയുന്നതിനുവേണ്ടി ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുന്ന സംവിധാനം ആരംഭിച്ചത് വിനോദസഞ്ചാരികൾക്ക് വളരെയേറെ പ്രയോജനം ചെയ്യുന്നുണ്ട്. ഇടുക്കിപോലെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നെറ്റ്‌വർക്ക് സംവിധാനമില്ലാത്ത

സ്ഥലങ്ങളുണ്ട്. അത് വിനോദസഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയാണ്. അതുകൊണ്ട് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് അവിടെ നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്തണം. ഫാം ടൂറിസത്തിലൂടെ വിദേശികളെ ആകർഷിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കുന്ന നെല്ല്, തേയില, കാപ്പി, കുരുമുളക്, ഏലം, സീസണൽ വെജിറ്റബിൾസ് എന്നിവ അടക്കമുള്ള കാർഷികോല്പന്നങ്ങൾ കൃഷി ചെയ്യുന്ന മേഖലയിൽ ടൂറിസമെന്ന ആശയംകൂടി ഉൾപ്പെടുത്തി ഫാം ടൂറിസത്തെ ഉപയോഗപ്പെടുത്തണം. കർഷകർക്ക് കാർഷിക വിളകളിൽനിന്ന് ലഭിക്കുന്ന വരുമാനത്തിനുപുറമെ മറ്റൊരു വരുമാനമാർഗമെന്ന നിലയ്ക്ക് ഫാം ടൂറിസത്തെ പ്രയോജനപ്പെടുത്താവുന്നതാണ്. കേരള ടൂറിസത്തിനും മൂന്നാർ ടൂറിസത്തിനും വലിയൊരു മാറ്റത്തിന് കാരണമാകുന്നതാണ് മൂന്നാറിന്റെ സ്വപ്ന പദ്ധതിയായ മൂന്നാർ ട്രെയിൻ യാത്ര. നേരത്തെ ബ്രിട്ടീഷുകാരുടെ കാലത്ത് മൂന്നാറിൽ ഉണ്ടായിരുന്നതാണിത്. അത് പുനരുജ്ജീവിപ്പിക്കുകയെന്നുള്ളൊരു ആവശ്യംകൂടി ഞാൻ

ഉന്നയിക്കുകയാണ്. അതിനാവശ്യമായ സ്ഥലം അവിടത്തെ ടാറ്റാ കമ്പനി വിട്ടുനൽകാമെന്ന് നേരത്തെതന്നെ അറിയിച്ചിട്ടുള്ളതാണ്. ഈ പദ്ധതി നടപ്പിലാകുകയാണെങ്കിൽ മൂന്നാർ അടക്കമുള്ള പ്രദേശങ്ങളിൽ ഇനിയും കൂടുതൽ വികസന പ്രവർത്തനങ്ങൾ കൊണ്ടുവരാൻ സാധിക്കും. ആദിവാസി ജനവിഭാഗങ്ങൾ ഏറെയുള്ളതാണ് എന്റെ മണ്ഡലത്തിലെ മൂന്നാർ അടക്കമുള്ള പ്രദേശങ്ങൾ. അവരുടെ ജീവിതരീതി, ഭക്ഷണം, ചികിത്സ, സംസ്കാരം എന്നിവ മറ്റുള്ളവർക്ക് പരിചയപ്പെടുത്താനുതകുന്ന തരത്തിലുള്ള ടൂറിസം പദ്ധതികൾ ആവിഷ്കരിക്കണം. അതുപോലെ പ്രധാനപ്പെട്ട മറ്റൊന്നാണ് മൂന്നാർ മാസ്റ്റർ പ്ലാൻ. നിരവധി വിനോദസഞ്ചാരികൾ എത്തിച്ചേരുന്നൊരു പ്രദേശമാണ് മൂന്നാർ. അവിടേയ്ക്ക് വരുന്നവർ യാത്രക്കിടെ മൂന്നുനാല് മണിക്കൂർ ബ്ലോക്കിൽപ്പെടുകയാണ്. മലയോര ഹൈവേ കേരളത്തിൽ ഒരറ്റത്തുനിന്ന് മറ്റൊരറ്റംവരെ നടപ്പാക്കുന്നുണ്ട്. എന്നാൽ ദൗർഭാഗ്യവശാൽ എന്റെ മണ്ഡലത്തിലെ വട്ടവടയിലേയ്ക്കും കാന്തല്ലൂരിലേയ്ക്കുമുള്ള റോഡുകളെ കഴിഞ്ഞ തവണ ഹൈവേ പദ്ധതിയിലോ മറ്റ് പദ്ധതിയിലോ ഉൾപ്പെടുത്തിയിട്ടില്ല. ആ റോഡുകൂടി പുതുക്കി പണിയണമെന്ന്

അഭ്യർഥിക്കുകയാണ്. അതുപോലെ തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന സ്ഥലമാണ് എന്റെ മണ്ഡലം. വട്ടവടയിൽനിന്ന് 9 കിലോമീറ്റർ യാത്ര ചെയ്താൽ മാത്രമേ കൊടൈക്കനാലിലേയ്ക്ക് എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ടൂറിസം സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി കൊടൈക്കനാൽ റോഡുംകൂടി യാഥാർഥ്യമാക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ധനാഭ്യർഥനകളെ ഞാൻ അനുകൂലിക്കുന്നു. പൊതുമരാമത്ത്-വിനോദസഞ്ചാര മേഖലയിൽ സമാനതകളില്ലാത്ത വളർച്ച കൈവരിച്ചൊരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഈ കാലഘട്ടത്തിൽ നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും വ്യത്യസ്ത നയങ്ങളുള്ള കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾമൂലമുള്ള ബുദ്ധിമുട്ടുകളും നമുക്കറിയാം. കേന്ദ്രത്തിൽ ഇന്ത്യാ മുന്നണി അധികാരത്തിൽ വരുമെന്ന് നാം ചിന്തിച്ചെങ്കിലും അതൊന്നും നടന്നില്ല. അതുമായി ബന്ധപ്പെട്ട് ധാരാളം പ്രതീക്ഷകൾ നമുക്കെല്ലാവർക്കും ഉണ്ടായിരുന്നതാണ്. സാഹചര്യങ്ങളായിരിക്കാം അല്ലെങ്കിൽ ചില

പിഴവുകളായിരിക്കാം അതിന് കാരണം. വീണ്ടും ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുണ്ട്. നേരത്തെ ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും ശ്രീ. രാജ്നാഥ് സിംഗുമൊക്കെയായിരുന്നെങ്കിൽ ഇന്ന് അതൊക്കെ മാറ്റി ആന്ധ്രാപ്രദേശിന്റെ മുഖ്യമന്ത്രി ശ്രീ. എൻ. ചന്ദ്രബാബു നായിഡുവിനെയും ശ്രീ. നിതീഷ് കുമാറിനെയുമൊക്കെ ചേർത്തുനിർത്തിക്കൊണ്ട് പോകുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. ഇവരൊന്നുമില്ലാതെ അവർക്ക് മുന്നോട്ടുപോകാൻ സാധിക്കുകയില്ലെന്നതാണ് അതിന് കാരണം. അതിനാൽ പഴയതുപോലെ ഒരു ഏകാധിപത്യ ഭരണം നടക്കാനുള്ള സാധ്യത കുറവാണ്. ഇവരെല്ലാം സഹകരിക്കുകയാണെങ്കിൽ വലിയ പ്രശ്നങ്ങളില്ലാതെ മുന്നോട്ടുപോകും. കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിക്കാനുള്ള സമ്പത്ത് ലഭിക്കുന്നില്ല. കുട്ടനാടിനെയും കർഷകരെയും സംബന്ധിച്ച് എന്റെ പ്രിയങ്കരനായ സഹപ്രവർത്തകൻ ശ്രീ. ജോബ് മൈക്കിൾ ഇവിടെ പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ചതുപോലെ നെല്ലെടുക്കുന്ന സമയത്തുതന്നെ പണം കൊടുക്കുന്ന സംവിധാനം നിലവിൽ വരണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ സഹായംകൂടി

ലഭിക്കണം. കാരണം, ശേഖരിക്കുന്ന നെല്ല് അരിയായി വിപണിയിലെത്തിയ ശേഷമാണ് അതിന്റെ പണം നൽകുന്നത്. സ്പോട്ടിൽത്തന്നെ കർഷകർക്ക് പണം നൽകിയാൽ മാത്രമേ കാര്യങ്ങൾ കൃത്യമായി നടക്കുകയുള്ളൂ. പല അവസരങ്ങളിലും കേന്ദ്ര സർക്കാർ നിഷേധാത്മക നിലപാടാണ് സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാരിൽനിന്നും ഒന്നും ലഭിക്കാത്തതിനാലാണ് പല കാര്യങ്ങളും യഥാസമയം നടക്കാതെ പോകുന്നത്. പല കർഷകർക്കും പണം ലഭിക്കാനുണ്ടെന്നുള്ളത് സത്യം തന്നെയാണ്, അതൊന്നും മറച്ചുവച്ചിട്ടല്ല ഞങ്ങൾ സംസാരിക്കുന്നത്. എന്നാൽ കൊടുക്കാൻ കഴിയുന്നതിന്റെ മാക്സിമം സംസ്ഥാന സർക്കാർ കൊടുക്കുന്നുണ്ട്. പ്രിയങ്കരനായ ശ്രീ. ജി. ആർ. അനിലിന്റെ നേതൃത്വത്തിലാണ് ഭക്ഷ്യ വകുപ്പ് മുന്നോട്ടുപോകുന്നത്. അദ്ദേഹം വളരെ നല്ല മന്ത്രിയും എല്ലാ കാര്യങ്ങളും കാര്യക്ഷമതയോടെ ചെയ്യുന്ന വ്യക്തിയുമാണ്. പക്ഷേ, പണം ലഭിക്കാനുള്ളത് കിട്ടാതെ എത്ര നല്ല ആളാണെന്ന് പറഞ്ഞാലും ഒന്നും ചെയ്യാൻ സാധിക്കില്ലല്ലോ. കേന്ദ്ര സർക്കാർ പണം നൽകിയാൽ മാത്രമേ കാര്യങ്ങൾ സുഗമമായി നടക്കുകയുള്ളൂ. ബഹുമാനപ്പെട്ട

കായംകുളം എം.എൽ.എ. ശ്രീമതി യു. പ്രതിഭ യഥാർഥത്തിൽ എന്റെ വോട്ടറും തകഴി പ്രദേശത്ത് ജീവിക്കുന്ന ആളുമാണ്. അതുകൊണ്ടാണ് അവർ കുട്ടനാടിനെക്കുറിച്ച് പ്രത്യേകമായി എടുത്തുപറഞ്ഞത്. ടൂറിസം വികസനം അനിവാര്യമാണ്. കുട്ടനാട് പോലെയുള്ള പ്രദേശത്ത് ടൂറിസം വികസനവുമായി ബന്ധപ്പെട്ട് നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ ഹൗസ് ബോട്ട് ടെർമിനലുണ്ട്. മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ കാലത്താണ് ഹൗസ് ബോട്ട് ടെർമിനൽ നിർമിച്ചത്. പക്ഷേ അതൊരു ശവകുടീരംപോലെ യാതൊരു പ്രയോജനവുമില്ലാതെ കിടക്കുകയാണ്. എന്തിനാണ് അന്നത് നിർമിച്ചതെന്ന് അറിയില്ല. ഏകദേശം മുന്നൂറോളം മീറ്റർ അതായത്, കായലിന്റെ മധ്യഭാഗംവരെ സ്ഥിതിചെയ്യുന്ന ഹൗസ് ബോട്ട് ടെർമിനൽ നല്ല രീതിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണ്. കൈനകരി പഞ്ചായത്തിന് അത് വിട്ടുകൊടുത്താൽ മാത്രമേ പ്രസ്തുത സംരംഭം പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളൂ. മറ്റുപല കാര്യങ്ങളും ഇന്നവിടെ വിഹരിക്കുന്നുണ്ട്. ആ വിവരം വ്യക്തിപരമായി മന്ത്രിയോടും ജില്ലാ കളക്ടറോടും ഞാൻ

പറഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ അടിയന്തര തീരുമാനമുണ്ടാകണം. ആലപ്പുഴ ജില്ലയിലും കുട്ടനാട്ടിലും ടൂറിസം രംഗം കൂടുതൽ വികാസം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. കായൽ ടൂറിസമാണ് ഏറ്റവും നല്ലത്. അത് നല്ല രീതിയിൽ രൂപപ്പെടുത്തിയെടുക്കാൻ കഴിവുള്ള മന്ത്രിയാണ് നമുക്കുള്ളത്, കാര്യക്ഷമതയോടെ പ്രവർത്തിക്കാൻ കഴിവുള്ള മന്ത്രിയാണ് അദ്ദേഹം. ശ്രീ. ജി. സുധാകരൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ കുട്ടനാടിന് നൽകിയത് 14 പാലങ്ങളാണ്. 30 കോടിയുടെ ഒരു പാലം എന്നത് ഒരു എം.എൽ.എ.-യ്ക്ക് ചിന്തിക്കാൻ പോലും സാധിക്കാത്ത കാര്യമാണെന്ന് ശ്രീമതി യു. പ്രതിഭ ഇവിടെ സൂചിപ്പിച്ചു. തട്ടാശ്ശേരി പാലത്തിന്റെ എല്ലാ ഫോർമാലിറ്റിയും കഴിഞ്ഞിരിക്കുകയാണ്. 77 കോടി രൂപയാണ് അതിന്റെ മുതൽമുടക്ക്. ഇതൊന്നും നമുക്ക് ചിന്തിക്കാൻപോലും സാധിക്കാത്ത കാര്യങ്ങൾ തന്നെയാണ്. ഇതൊക്കെ നൽകണമെങ്കിൽ ഗവൺമെന്റിന്റെ കയ്യിൽ പണം വേണം. കേരളത്തിനുള്ളത് ഒരു നല്ല ധനകാര്യ വകുപ്പുമന്ത്രിയാണ്. ഞാൻ ഇന്ന് രാവിലെ അദ്ദേഹവുമായി സംസാരിച്ചപ്പോൾ കിട്ടാനുള്ള പണം കിട്ടാതെ എങ്ങനെയാണ് കാര്യങ്ങൾ

ചെയ്യുന്നതെന്നാണ് അദ്ദേഹം ചോദിച്ചത്. നമുക്ക് ലഭിക്കാനുള്ള ജി.എസ്.ടി. വിഹിതം യഥാസമയം അനുവദിക്കാനുള്ള മനസ്സ് കേന്ദ്ര സർക്കാരിനുണ്ടാകണം. കാരണം, നാം ആരുടേയും ഔദാര്യമല്ല ചോദിക്കുന്നത്. ഇതിന് മുമ്പുള്ള ഗവൺമെന്റുകൾ ഇക്കാര്യങ്ങളെല്ലാം ചെയ്തിട്ടുള്ളതാണ്. കോൺഗ്രസുകാർ ഭരിക്കുന്ന കാലത്തും കേന്ദ്ര സർക്കാർ നല്ല രീതിയിൽ കേരളത്തെ സഹായിച്ചിട്ടുണ്ട്. പക്ഷേ ഇന്ന് സംസ്ഥാന ഗവൺമെന്റിന് ലഭിക്കേണ്ട വിഹിതം കേന്ദ്ര സർക്കാർ പിടിച്ചുവച്ചിരിക്കുകയാണ്. 2006-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ആളാണ് ശ്രീ. മോൻസ് ജോസഫ് എന്ന കാര്യം മറന്നുപോകരുത്. മന്ത്രിയാകാനുള്ള ഭാഗ്യം ഇടതുപക്ഷ ഗവൺമെന്റാണ് ശ്രീ. മോൻസ് ജോസഫിനും തോമസ് ചാണ്ടിക്കും കൊടുത്തത്. വേറെ ആരും ഞങ്ങളെയൊന്നും അംഗീകരിച്ചിട്ടില്ല. നല്ല രീതിയിൽ പ്രവർത്തിക്കാൻ ശ്രീ. മോൻസ് ജോസഫിന് സാധിച്ചിട്ടുണ്ട്. അതിന്റെ കാരണം മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനായിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ

വിഷയം എന്താണ്; ഏതൊക്കെ രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നതെന്ന് അദ്ദേഹത്തിനുമറിയാം. എ.സി. റോഡിനായി 700 കോടി രൂപയാണ് നൽകിയിരിക്കുന്നത്. അതിനോടനുബന്ധമായി 23 റോഡുകളുണ്ട്. ഇതൊക്കെ ഉയർത്തി പണിതെങ്കിൽ മാത്രമേ കുട്ടനാടിന് സമഗ്ര വികസനമുണ്ടാകുകയുള്ളൂ. അത്തരത്തിൽ ഇത് നിർമ്മിക്കണമെങ്കിൽ പണം അനിവാര്യമാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിനെതിരെ നമുക്ക് ചേർന്നുനിന്ന് സമരം ചെയ്യണമെന്നാണ്. നമുക്ക് ഒന്നിച്ചുനിന്ന് കേരളത്തിന് ലഭിക്കാനുള്ളത് നേടിയെടുക്കണമെന്നാണ് എനിക്ക് യു.ഡി.എഫ്. സഹോദരന്മാരോട് പറയാനുള്ളത്. അല്ലാതെ നിങ്ങൾ വഴക്കുണ്ടാക്കിയാൽ പണം ലഭിക്കുമോ? ഇവിടത്തെ ഗവൺമെന്റ് പണം നൽകിയാലേ നിങ്ങൾക്കും കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. എം.എൽ.എ. ഫണ്ട് ലഭ്യമായാലേ പാലങ്ങൾ നിർമ്മിക്കാനും മറ്റ് വികസന പ്രവർത്തനങ്ങൾ നടത്താനും സാധിക്കുകയുള്ളൂ. ഇതൊക്കെ ലഭിക്കണമെങ്കിൽ നമ്മൾ ചേർന്നുനിന്ന് പ്രവർത്തിക്കണം. നിങ്ങളുടെ

സഹായമുണ്ടെങ്കിലേ അതൊക്കെ സാധ്യമാകുകയുള്ളൂ. ഈ സമയത്ത് കാലുവാരാനും കുറ്റം പറയാനുമൊന്നും നിൽക്കണ്ട. വളരെ നല്ല രീതിയിലാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് ഭരിക്കുന്നതെന്ന കാര്യം നിങ്ങൾക്ക് ഉള്ളിന്റെയുള്ളിൽ വ്യക്തമായിട്ട് അറിയാം. പക്ഷേ, അത് ഉൾക്കൊള്ളാൻ നിങ്ങളെക്കൊണ്ട് സാധിക്കാത്തതിന് കാരണം മറ്റുചില ചിന്താഗതികളാണ്. അതിലേയ്ക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. ഭരണ-പ്രതിപക്ഷ കക്ഷികൾ ചേർന്നുനിന്നുകൊണ്ട് അർഹതപ്പെട്ട പണം നേടിയെടുക്കുന്നതിനുള്ള സംവിധാനത്തിലേയ്ക്ക് പോകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ധനവിനിയോഗം നീതിയുക്തമായി നടത്താത്ത ഈ സർക്കാരിന്റെ ധനാഭ്യർഥനകളെ ഞാൻ എതിർക്കുന്നു. അത്യുത്തര കേരളത്തിൽനിന്നാണ് ഞാൻ വരുന്നത്. ബി.ജെ.പി.-യുടെ ശക്തികേന്ദ്രങ്ങളായ മംഗലാപുരം-ഉഡുപ്പി പ്രദേശങ്ങളോട് ചേർന്നുകിടക്കുന്നതാണ് എന്റെ നിയോജകമണ്ഡലം. സംഘ്പരിവാർ കേരളത്തിൽ അടുത്ത തെരഞ്ഞെടുപ്പിൽ സ്വന്തമാക്കാൻ ലക്ഷ്യമിടുന്ന

മണ്ഡലമായ മഞ്ചേശ്വരത്തോട് പൊതുമരാമത്ത്-വിനോദസഞ്ചാര-ഭക്ഷ്യ വകുപ്പുകൾ നീതി കാണിച്ചോയെന്ന് ബന്ധപ്പെട്ട മന്ത്രിമാർ നെഞ്ചത്ത് കൈവച്ച് ഒന്ന് ആലോചിക്കുന്നത് നന്നായിരിക്കും. ധാരാളം പ്രതിസന്ധികൾക്കിടയിലാണ് ബി.ജെ.പി.-യുടെ സംസ്ഥാന അധ്യക്ഷനെ തോൽപ്പിച്ച് ഈ സഭയിൽ എന്നെപ്പോലൊരു സാധാരണക്കാരൻ എത്തിയത്. ആ എന്നോട്, എന്റെ മണ്ഡലത്തോട് ഈ സർക്കാർ വിവേചനം കാണിക്കുന്നുവെങ്കിൽ അതിനർത്ഥം ഇടതുപക്ഷത്തിന്റെ ബി.ജെ.പി. വിരുദ്ധ നിലപാട് കാപട്യമാണെന്നല്ലേ? കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ കാസർഗോഡ്, മഞ്ചേശ്വരം മണ്ഡലങ്ങളിൽ ബി.ജെ.പി.-യോട് പടപൊരുതിക്കൊണ്ടാണ് ഈ സഭയിൽ യു.ഡി.എഫ്. സ്ഥാനാർഥികൾ വിജയിച്ചെത്തിയത്. കർണ്ണാടകയിൽ ആർ.എസ്.എസ്. നേതാക്കളും ബി.ജെ.പി. മന്ത്രിമാരും തമ്പടിച്ച് പണം മുടക്കിയിട്ടും എന്നെപ്പോലെ വലിയ മേൽച്ചാർത്തുകളൊന്നുമില്ലാത്ത ഒരാളെ തോൽപ്പിക്കാൻ മഞ്ചേശ്വരത്തെ നല്ല മനുഷ്യർ തയ്യാറായില്ലെങ്കിൽ അവരെ ചേർത്തുപിടിക്കേണ്ട ഉത്തരവാദിത്വം ആർ.എസ്.എസ്.-നെ എതിർക്കുന്നുവെന്ന് അവകാശപ്പെടുന്ന സി.പി.ഐ.

(എം) നേതൃത്വം നൽകുന്ന ഈ സർക്കാരിനില്ലേ? എൽ.ഡി.എഫ്. സർക്കാർ മഞ്ചേശ്വരത്തെ അവഗണിച്ചാൽ അത് എന്റെ വ്യക്തിപരമായ പരാജയമാണെന്നായിരിക്കും ബി.ജെ.പി. പ്രചരിപ്പിക്കുന്നത്. ഇടതുപക്ഷത്തിന് അതിലൂടെ നേട്ടം ലഭിക്കുമെങ്കിൽ എനിക്ക് സങ്കടമില്ല. പക്ഷേ അതിന്റെ എല്ലാ നേട്ടവും അടിച്ചെടുക്കാൻ പോകുന്നത് ബി.ജെ.പി.-യാണ്. അവരുടെ നിയമസഭയിലെ അക്കൗണ്ട് കേരളം പൂട്ടി. എന്നാൽ കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ആ പൂട്ടിയതിന്റെ പലിശയും കൂട്ടുപലിശയും ചേർത്ത് കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ ബി.ജെ.പി. അക്കൗണ്ട് തുറന്നു. ഇന്ത്യാ മുന്നണിയുടെ ഭാഗമായി മൂന്നാം മോദി സർക്കാരിനെ താഴെയിറക്കാൻ ശ്രമിക്കുന്നവരാണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം. പാലക്കാട് നിയോജകമണ്ഡലത്തിൽ ബി.ജെ.പി.-യെ തോൽപ്പിക്കാൻ യു.ഡി.എഫ്.-ന് മൂന്നാം സ്ഥാനക്കാരായ എൽ.ഡി.എഫ്. നിരുപാധികം പിന്തുണ പ്രഖ്യാപിക്കണം. അല്ലെങ്കിൽ നിങ്ങളുടെ സംഘ്പരിവാർ വിരുദ്ധത വെറും വാചകമടിയാണെന്ന് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. കഴിഞ്ഞ ലോക്സഭാ

തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. തോറ്റത് ന്യൂനപക്ഷ വോട്ടുകൾ നഷ്ടപ്പെട്ടതുകൊണ്ടാണെന്നും അമിതമായ മുസ്ലീം പ്രീണനം നടത്തിയതാണ് അതിനുകാരണമെന്നും ചില കേന്ദ്രങ്ങൾ ബോധപൂർവം പ്രചരിപ്പിക്കുന്നുണ്ട്. വടകരയിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ പരാജയംപോലും മുസ്ലീം വോട്ടുകൾ ലഭിക്കാത്തതുകൊണ്ടാണെന്ന് ഇടതുപക്ഷത്തിലെ ചില ആളുകൾ വിശ്വസിക്കുന്നുണ്ട്. വടകരയിൽ മുസ്ലീം വിഭാഗത്തിൽപ്പെട്ടവർ 37 ശതമാനമാണ്. 63% മറ്റ് മതസ്ഥരാണ്. എന്നിട്ടും അവിടെ ശ്രീ. ഷാഫി പറമ്പിൽ ഒരു ലക്ഷത്തിലധികം വോട്ടിന് ജയിച്ചുവെങ്കിൽ അത് നൽകുന്ന വ്യക്തമായ സൂചന 63 ശതമാനത്തിൽനിന്ന് ഗണ്യമായ വോട്ടുകൾ ശ്രീ. ഷാഫി പറമ്പിലിന് ലഭിച്ചുവെന്നാണ്. മുസ്ലീം ജനത സമുദായവും പേരും നോക്കി വോട്ട് ചെയ്യുന്നവരല്ല. അങ്ങനെയായിരുന്നുവെങ്കിൽ വടകര മണ്ഡലത്തെക്കാൾ കൂടുതൽ മുസ്ലീം വിഭാഗങ്ങളുള്ള കോഴിക്കോട് പാർലമെന്റ് മണ്ഡലത്തിൽ അവർ ശ്രീ. എളമരം കരീമിനെയല്ലേ ജയിപ്പിക്കേണ്ടിയിരുന്നത്? എന്നാൽ അവർ ഒന്നരലക്ഷത്തിലധികം വോട്ടുകൾക്ക് ശ്രീ. എം. കെ. രാഘവനെയാണ് ജയിപ്പിച്ചത്. നിങ്ങൾ

നിങ്ങളുടേതെന്നും ബി.ജെ.പി.-ക്കാർ അവരുടേതെന്നും കരുതുന്ന വോട്ടുകൾ ഇക്കുറി ബി.ജെ.പി.-ക്കാണ് പോയത്. ആലപ്പുഴയിലെ എൽ.ഡി.എഫ്. സ്ഥാനാർഥി ശ്രീ. എ. എം. ആരിഫ് തന്നെ അക്കാര്യം തുറന്നുപറഞ്ഞില്ലേ? പുന്നപ്രയും വയലാറും ഉൾക്കൊള്ളുന്ന ആലപ്പുഴയിൽ ഒരു ഘട്ടത്തിൽ ശ്രീമതി ശോഭാ സുരേന്ദ്രൻ ഒന്നാം സ്ഥാനത്തെത്തിയത് ഞെട്ടലോടെയല്ലേ കേരളം കേട്ടത്? എൽ.ഡി.എഫ്.-ഉം ബി.ജെ.പി-യും തമ്മിലുള്ള വോട്ട് വ്യത്യാസം ഏതാനും ആയിരങ്ങളുടേത് മാത്രമാണ്. സ്വന്തം നയവൈകല്യങ്ങൾകൊണ്ട് എൽ.ഡി.എഫ്. തോറ്റതിന് ന്യൂനപക്ഷങ്ങളെ കുറ്റപ്പെടുത്തുന്നത് എന്തിനാണ്? എൽ.ഡി.എഫ്.-നെതിരെ പരസ്യമായി നിലപാടെടുത്ത എസ്.എൻ.ഡി.പി.-യിലെ ശ്രീ. വെള്ളാപ്പള്ളി നടേശനെതിരെ ഒരക്ഷരം പറയാൻ എന്തേ ആരും ധൈര്യം കാണിക്കാത്തത്? അദ്ദേഹത്തിന്റെ ഭാര്യയല്ലേ ആലപ്പുഴയിൽ ശ്രീമതി ശോഭാ സുരേന്ദ്രനവേണ്ടി പരസ്യമായി രംഗത്തുവന്നത്? ഈഴവ ഭൂരിപക്ഷ മണ്ഡലമായ ആലപ്പുഴയിൽ ഒരു മുസ്ലീം സ്ഥാനാർഥിയെ നിർത്താൻ പാടില്ലായിരുന്നുവെന്ന് സാക്ഷാൽ വെള്ളാപ്പള്ളിയല്ലേ പറഞ്ഞത്? എന്തുകൊണ്ടാണ് അതിനെക്കുറിച്ച്

ഇടതുപക്ഷ നേതാക്കളാരും പ്രതികരിക്കാതിരുന്നത്? ശ്രീ. വെള്ളാപ്പള്ളി നടേശന്റെ മകൻ ശ്രീ. തുഷാർ വെള്ളാപ്പള്ളി കോട്ടയത്ത് ബി.ജെ.പി. പിന്തുണയോടെ മത്സരിച്ചില്ലേ? മഹത്തായ എസ്.എൻ.ഡി.പി. പ്രസ്ഥാനത്തെ ബി.ഡി.ജെ.എസ്. എന്ന പാർട്ടിവഴി ബി.ജെ.പി.-യിൽ എത്തിക്കാനുള്ള കുതന്ത്രമാണ് വെള്ളാപ്പള്ളിയും കുടുംബവും നടത്തുന്നത്. അത് എൽ.ഡി.എഫ്. തിരിച്ചറിഞ്ഞില്ലെങ്കിൽ വലിയ പരാജയമാകും നിങ്ങൾക്കുണ്ടാകുന്നത്. രാജ്യസഭാ തിരഞ്ഞെടുപ്പിൽ ഇന്ന് മൂന്നുപേർ തെരഞ്ഞെടുക്കപ്പെട്ടു. ഞാൻ അവരെ അഭിനന്ദിക്കുകയാണ്. ആ മൂന്നുപേരെയും മതം പറഞ്ഞല്ലേ ശ്രീ. വെള്ളാപ്പള്ളി നടേശൻ വിമർശിച്ചത്? അതിനെതിരെയും ആരും ഒന്നും പറയുന്നത് കേട്ടില്ല. മുസ്ലീം വിഭാഗങ്ങൾക്ക് എന്തൊക്കെയോ അവിഹിതമായി ലഭിക്കുന്നുവെന്നാണ് ശ്രീ. വെള്ളാപ്പള്ളി നടേശൻ പറഞ്ഞുനടക്കുന്നത്. യോഗ്യതകൊണ്ട് മുസ്ലീം വിഭാഗത്തിൽപ്പെട്ടവർ പി.എസ്.സി. വഴിയും കെ.എ.എസ്., സിവിൽ സർവീസ് എന്നീ പരീക്ഷകൾ മുഖേനയും നേടിയതല്ലാതെ മറ്റെന്താണ് അവിഹിതമായി നേടിയത് എന്ന കാര്യം വെളിപ്പെടുത്തേണ്ട ബാധ്യത

ശ്രീ. വെള്ളാപ്പള്ളി നടേശനില്ലേ? സർക്കാർ നേരിട്ട് നിയമിക്കുന്ന ബോർഡുകളും കോർപറേഷനുകളും പരിശോധിച്ചാൽ അതിൽ എത്ര ചെയർമാൻമാരും ഡയറക്ടർമാരും മുസ്ലീം സമുദായത്തിൽപ്പെടുന്നവരുണ്ട്? സർക്കാർ നിയമിക്കുന്ന ഗവൺമെന്റ് പ്ലീഡർമാരുടെ എണ്ണം പരിശോധിച്ചാൽ അതിൽ മുസ്ലീം വിഭാഗത്തിൽപ്പെടുന്ന എത്ര പേരുണ്ട്? പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാന്മാരെയും എം.ഡി.-മാരെയും ജനറൽ മാനേജർമാരെയും ഡയറക്ടർമാരെയും പരിശോധിച്ചാലും അതിൽ എത്ര പേർ മുസ്ലീം വിഭാഗത്തിൽ നിന്നുള്ളവരുണ്ട്? സർക്കാരിന്റെ ശിപാർശകളിൽ നിയമിക്കപ്പെടുന്ന യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകളിൽ മുസ്ലീംപേരുള്ള ഒരൊറ്റ ആളുപോലും ഇല്ലെന്നതല്ലേ സത്യം? പതിനേഴ് സർവകലാശാലകളിൽ രണ്ടിടത്ത് മാത്രമാണ് മുസ്ലീം വിഭാഗത്തിൽനിന്നുള്ളവർ പി.വി.സി.-മാരായുള്ളത്. സർക്കാർ ഡെപ്യൂട്ടേഷൻവഴി നിയമിക്കുന്ന നൂറുകണക്കിന് തസ്തികകളുണ്ട്. അതിൽ എത്ര സീറ്റുകൾ മുസ്ലീം സമുദായത്തിൽപ്പെടുന്നവർക്ക് കൊടുത്തിട്ടുണ്ട്? മന്ത്രിമാരുടെ സ്റ്റാഫിൽ സാമുദായിക പ്രാതിനിധ്യം

ആനുപാതികമായി പാലിക്കാൻ കഴിയാത്ത സർക്കാർ എന്ത് മുസ്ലീം പ്രീണനം നടത്തുന്നുവെന്നാണ് ശ്രീ. വെള്ളാപ്പള്ളി നടേശനും ശ്രീ. കെ. സുരേന്ദ്രനും ബി.ജെ.പി.-യും പറയുന്നത്. തൊഴിൽ മേഖലയിലുള്ള സാമുദായിക പ്രാതിനിധ്യം സംബന്ധിച്ച് ജാതി തിരിച്ച് ഒരു ധവളപത്രം ഈ ഗവൺമെന്റ് പുറത്തിറക്കണം. പച്ചയ്ക്ക് വർഗീയത പറയുന്ന വെള്ളാപ്പള്ളിയെ ചെയർമാൻ സ്ഥാനത്തുവച്ച് കേരളത്തിൽ എങ്ങനെ നവോത്ഥാന സമിതിയെ മുന്നോട്ട് കൊണ്ടുപോകാനാകും? മത വർഗീയ വാദിയായ ശ്രീ. സി. പി. സുഗതനെ അംഗമാക്കിയ നവോത്ഥാന സമിതി എങ്ങനെയാണ് പ്രവർത്തിക്കുന്നത്? ഇത്തരക്കാരെ ആ സ്ഥാനത്തുനിന്ന് നീക്കം ചെയ്യുമോ? നവോത്ഥാന സമിതിയുടെ പ്രവർത്തനം മരവിപ്പിക്കുകയെങ്കിലും ചെയ്യണം. ജാതി സെൻസസ് എടുത്ത് ഓരോ തസ്തികയും ആര് കൈകാര്യം ചെയ്യുന്നുവെന്ന് ജനങ്ങളോട് തുറന്നുപറയാൻ സർക്കാർ തയ്യാറാകണം. അതല്ലെങ്കിൽ വലിയ തെറ്റിദ്ധാരണ വിവിധ മത-സാമുദായിക-ജാതി വിഭാഗങ്ങൾക്കിടയിൽ ശക്തിപ്പെടും. അത് തുടർന്നാൽ അധികം വൈകാതെ കേരളം ഒരു ഉത്തരേന്ത്യൻ സംസ്ഥാനമായി മാറും. സത്യത്തിൽ എല്ലാ

വിഭാഗം ജനങ്ങളും ഈ സർക്കാരിനെതിരാണ്. മുപ്പത് വർഷം നികുതി വർധിപ്പിച്ചില്ലെന്ന് പറഞ്ഞ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിങ്ങൾ കൂട്ടിയ നികുതി എത്ര ഇരട്ടിയാണ്? വീട് നിർമിക്കാനും കെട്ടിടങ്ങളുണ്ടാക്കാനും പെൻഷൻ തുക ഫീസായി അടച്ച ഒരൊറ്റ സഖാവും നിങ്ങൾക്ക് വോട്ട് ചെയ്തിട്ടുണ്ടാകില്ല. നാലഞ്ച് സെന്റ് ഭൂമിയുള്ളവർ തരംമാറ്റത്തിന് അപേക്ഷ കൊടുത്ത് എത്രയോ വർഷങ്ങളായി കാത്തിരിക്കുകയാണ്. ലൈഫ് ഭവന പദ്ധതിയിൽപ്പോലും വീട് ലഭിച്ചവർക്ക് തരംമാറ്റം നടക്കാത്തതുകൊണ്ട് വീട് നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ വിഷമിക്കുന്ന ഒരാളും നിങ്ങൾക്ക് വോട്ട് ചെയ്തിട്ടില്ല. ക്ഷേമ പെൻഷൻ ലഭിക്കുമെന്ന പ്രതീക്ഷയിൽ ഓരോ മാസവും കണക്ക് കൂട്ടിയിരിക്കുന്ന പാവങ്ങളുണ്ട്. അവർക്ക് നാല് മാസത്തെ കുടിശ്ശിക തുക ഇനിയും കൊടുത്ത് തീർക്കാനുണ്ട്. പെൻഷൻ മാസാമാസം ലഭിക്കാത്ത ആരും നിങ്ങൾക്ക് വോട്ട് ചെയ്തിട്ടില്ല; പൂർത്തിയാക്കിയ പ്രവൃത്തികൾക്കുപോലും കോൺട്രാക്ടർമാർക്ക് പണം നൽകിയിട്ടില്ല. അവരെല്ലാം യു.ഡി.എഫ്.-നാണ് വോട്ട് ചെയ്തത്. പോലീസിന്റെ ഏകപക്ഷീയമായ പെരുമാറ്റം

ജനങ്ങളെ ഇടതുപക്ഷത്തിനെതിരെ തിരിച്ചിട്ടുണ്ട്. ഈരാറ്റുപേട്ടയിലുണ്ടായ ഒരു ചെറിയ സംഭവത്തിൽ പ്ലസ് ടു-ന് പഠിക്കുന്ന എത്ര കുട്ടികളെയാണ് നിങ്ങളുടെ സർക്കാർ ജയിലിൽ അടച്ചത്? അതിനെ മുഖ്യമന്ത്രി ന്യായീകരിച്ചത് കേട്ടപ്പോൾ  അത്ഭുതം തോന്നി. ആലപ്പുഴയിലെ രണ്ട് കൊലപാതകങ്ങളിലും കാസർഗോഡ് റിയാസ് മൗലവിയുടെ വിധിയിലും നിങ്ങളുടെ പോലീസിന്റെ നിലപാട് എന്താണ്? ഇതൊക്കെ നിങ്ങളുടെ സർക്കാരിനെതിരെയുള്ള വിധിയെഴുത്തായി മാറിയിട്ടുണ്ട്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ അനുകൂലിക്കുകയാണ്. കേരള ടൂറിസം കോവിഡ് കാലത്തെ പ്രതിസന്ധിയെ അതിജീവിച്ച് മുന്നോട്ടുപോകുകയാണ്. ആഭ്യന്തര ടൂറിസം റെക്കോർഡ് വളർച്ചയിലാണ്. ടൂറിസ നിക്ഷേപക സംഗമവും ബീച്ച് ടൂറിസം, അഡ്വഞ്ചർ ടൂറിസം, കാരവൻ ടൂറിസം, നൈറ്റ്ലൈഫ് ടൂറിസം, സിനിമ ടൂറിസം, പൈതൃക ടൂറിസം, ഉത്തരവാദിത്വ ടൂറിസം, അഗ്രി-ടൂറിസം, ഇക്കോ ടൂറിസം, ടെലി ടൂറിസം എന്നിങ്ങനെ നവീനമായ ആശയങ്ങളുമായി ടൂറിസം മേഖല പുരോഗമിക്കുകയാണ്. അതുപോലെതന്നെ ഒരു കാലത്തുമില്ലാത്തവിധം

കേരളത്തിലെ പശ്ചാത്തല സൗകര്യ വികസനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പങ്ക് ഏറെ പ്രശംസനീയമാണ്. ദേശീയപാതാ വികസനം, മലയോര ഹൈവേ, തീരദേശ ഹൈവേ, ലെവൽ ക്രോസ് ഇല്ലാത്ത കേരളം, വിവിധ ടണലുകൾ എന്നിവ കൂടാതെ 60 ശതമാനത്തിലധികം പി.ഡബ്ല്യു.ഡി. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്കുയർത്തുകയാണ്. നൂറ് പാലങ്ങളുടെ പണി പൂർത്തീകരിച്ചു. 110 പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. റീ-ബിൽഡ് കേരള പദ്ധതികളുൾപ്പെടെ റസ്റ്റ് ഹൗസിന്റെ നവീകരണം, ജനങ്ങൾ കാഴ്ചക്കാരല്ല കാവൽക്കാരാണെന്ന സമീപനത്തോടെയുള്ള സോഷ്യൽ ഓഡിറ്റ് സംവിധാനം എന്നിവയിലൂടെ പൊതുമരാമത്ത് വകുപ്പ് കേരളത്തിന്റെ വികസന കുതിപ്പിന് മുതൽക്കൂട്ടായി മാറുകയാണ്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തിയതിന്റെ ഫലമായി മാവേലി സ്റ്റോറുകളെയും സിവിൽ സപ്ലൈസ് സ്ഥാപനങ്ങളെയും കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ ജനങ്ങൾ വളരെ ആവേശത്തോടെയാണ് ഏറ്റെടുത്തത്. സാമ്പത്തിക പരാധീനതയുടെ ചില പ്രശ്നങ്ങൾ നിലവിലുണ്ടെങ്കിലും പ്രതിസന്ധി ഘട്ടത്തിൽ 'സുഭിക്ഷ കേരളം'

പദ്ധതിയിലൂടെ 86 ലക്ഷം ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്ത് ജനങ്ങൾക്ക് ആശ്വാസമേകിയ സിവിൽ സപ്ലൈസ് വകുപ്പിനെയാണ് ഇക്കാലയളവിൽ കാണാൻ സാധിക്കുന്നത്. നിലവിലെ പ്രതിസന്ധി പരിഹരിക്കാനുള്ള ഇച്ഛാശക്തി എൽ.ഡി.എഫ്. സർക്കാരിനുണ്ട്. അനർഹമായ 421861 മുൻഗണനാ കാർഡുകൾ സറണ്ടർ പദ്ധതിയിലൂടെ തിരിച്ചെടുക്കാനും അർഹരായവർക്ക് വിതരണം ചെയ്യാനും സാധിച്ചു. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരുന്നവരിൽനിന്നും 11.53 കോടി രൂപ പിഴയായി ഈടാക്കിയതിലൂടെ ഒരു ജനകീയ വകുപ്പിന്റെ മുഖമാണ് വ്യക്തമാകുന്നത്. കേരളത്തിലെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണയോടെ ശാക്തീകരിക്കുന്ന പദ്ധതിയാണ് കെ-സ്റ്റോർ. ജൂലൈ 31-നകം 1000 കെ-സ്റ്റോറുകൾ സംസ്ഥാനത്ത് പ്രവർത്തനസജ്ജമാക്കാനുള്ള തയ്യാറെടുപ്പുകളാണ് സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. സംഭരിച്ച നെല്ല് അരിയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് കിലോയ്ക്ക് അമ്പത് രൂപയാണ് ചെലവ് വരുന്നത്. എന്നാൽ കേവലം 10.90 രൂപയ്ക്കാണ്

ആ അരി ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം വർധിപ്പിച്ചതിലൂടെ റേഷൻ കടകളെ ആശ്രയിക്കുന്നവരുടെ എണ്ണവും വർധിക്കുകയാണ്. സഞ്ചരിക്കുന്ന റേഷൻ കടകളും 'ഒപ്പം', 'സുജലം', 'കെ-റൈസ്' തുടങ്ങിയ ജനകീയ പദ്ധതികളും മാതൃകാപരമായി മുന്നേറുകയാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്നിനെപ്പോലുള്ള ചില അംഗങ്ങൾ റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും അവസ്ഥയെപ്പറ്റി പറയുമ്പോൾ യു.ഡി.എഫ്.-ന്റെ കാലത്തെ റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും സ്ഥിതി എന്തായിരുന്നുവെന്നുകൂടി ചിന്തിക്കണം. അന്ന് കുറെ കാലിച്ചാക്കുകളും പെരുച്ചാഴിയുമായിരുന്നില്ലേ റേഷൻ കടകളിലുണ്ടായിരുന്നത്? അന്നൊക്കെ റേഷൻ കടകളിൽ സാധാരണ ജനങ്ങൾ പോകുമായിരുന്നോ? എന്നാൽ ഇപ്പോൾ റേഷൻ കടകളുടെ സ്ഥിതിയെന്താണ്? വസ്തുതകൾ മനസ്സിലാക്കാതെ നിയമസഭയിൽ പ്രസംഗിക്കുന്നത് കേൾക്കുമ്പോൾ ഖേദമുണ്ട്. 94 ലക്ഷം റേഷൻ കാർഡുടമകളാണ് കേരളത്തിലുള്ളത്. അതിൽ 84% ആളുകളും ഇപ്പോൾ റേഷൻ കടകളിൽപോയി സാധനങ്ങൾ

വാങ്ങുകയാണ്. റേഷൻ കടകളിൽ ഗുണനിലവാരമുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതുകൊണ്ടാണ് അവർ അവിടെ പോകുന്നത്. 94 ലക്ഷം കാർഡുടമകളിൽ 40 ലക്ഷം പേർ മാവേലി സ്റ്റോറുകളിൽ പോയി സാധനങ്ങൾ വാങ്ങുകയാണ്. കേരളത്തിൽ ഇത്തരമൊരു മാറ്റമുണ്ടായത് ഈ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ജനകീയ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്, അതിന് സർക്കാരിനെ അഭിനന്ദിക്കുകയാണ്. എല്ലാ വീട്ടിലും സാധാരണ മൂന്ന് നേരമാണ് ഭക്ഷണം കഴിക്കുന്നതെങ്കിൽ ചില വീടുകളിൽ സ്നേഹക്കൂടുതൽകൊണ്ട് അമ്മമാർ നാലുനേരം ഭക്ഷണം നൽകാറുണ്ട്. ബുദ്ധിമുട്ടുകളുണ്ടാകുന്ന സന്ദർഭങ്ങളിൽ അത് ചിലപ്പോൾ മൂന്ന് നേരമായിപ്പോകും. അത് പ്രതിഷേധത്തിന്റെ ഒരു വശമായിട്ട് മാത്രമേ കാണാൻ കഴിയൂ, അത് പരിഹരിക്കാൻ സർക്കാരിന് കഴിയും. അല്ലാതെ അതൊരു ഗവൺമെന്റിനെ പരിഹസിക്കാനുള്ള ഉപാധിയാക്കി മാറ്റരുത്. അതുപോലെ ചില കാര്യങ്ങൾകൂടി പ്രതിപക്ഷാംഗങ്ങൾ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഇത്തരം പ്രതിസന്ധികളുണ്ടാകുമ്പോൾ വാതിൽപ്പടി വിതരണവുമായി ബന്ധപ്പെട്ട്

കരാറുകാർക്ക് നൽകാനുള്ള ഗതാഗത-കൈകാര്യ അനുബന്ധ ചെലവിനായുള്ള തുക സമയബന്ധിതമായി നൽകാത്തതുമൂലമുള്ള പ്രശ്നങ്ങളുണ്ടോയെന്ന് പരിശോധിക്കണം. മാത്രമല്ല, പ്രസ്തുത തുക കേന്ദ്ര സർക്കാരാണ് നൽകുന്നതെന്ന വ്യാജപ്രചാരണങ്ങളുടെ വസ്തുത വ്യക്തമാക്കണം. സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണവുമായി ബന്ധപ്പെട്ട് സിവിൽ സപ്ലൈസിന്റെ സേവനം പ്രശംസനീയമാണ്. നെല്ല് സംഭരണ പദ്ധതിയിലൂടെ നെൽകർഷകർക്ക് ആശ്വാസമേകാൻ സാധിച്ചു. ഇത്തരം സേവനങ്ങൾ നിർവഹിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യതയെയും സപ്ലൈകോയ്ക്ക് യഥാസമയം പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളെയും ഗവൺമെന്റ് ഗൗരവമായി ശ്രദ്ധിക്കണമെന്ന നിർദേശംകൂടി മുന്നോട്ടുവയ്ക്കുകയാണ്. ഇതെല്ലാം പറയുമ്പോൾ രാജ്യത്തിന്റെയും മതേതരത്വത്തിന്റെയും ശത്രു അപ്പുറത്ത് നിൽക്കുകയാണെന്നാണ് യു.ഡി.എഫ്.-നോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. മഹാത്മാഗാന്ധിയെ വെടിവച്ച് കൊന്ന നാഥൂറാം വിനായക് ഗോഡ്സെയുടെ ചിതാഭസ്മം ഇന്നും സൂക്ഷിക്കപ്പെടുകയാണ്.

സദയം വെട്ടിമുറിക്കപ്പെടുകയും പരദേശ മതവിശ്വാസികൾ കൈയേറുകയും ചെയ്ത ഭാരതം എന്നാണോ ഒരു അഖണ്ഡ സനാതന ഹൈന്ദവ സാമ്രാജ്യമായി പുന:സ്ഥാപിക്കപ്പെടുന്നത് അന്നുമാത്രമേ എന്റെ ചിതാഭസ്മം ഗംഗയിൽ നിമഞ്ജനം ചെയ്യാൻ പാടുള്ളൂവെന്നും അന്നുമാത്രമേ എനിക്ക് മോക്ഷം വേണ്ടതുള്ളൂവെന്നും അതുവരെ എന്റെ ആത്മാവ് ഗതികിട്ടാതെ അലയട്ടെയെന്നും പറഞ്ഞ ഗോഡ്സെയുടെ പ്രതിജ്ഞ നിറവേറ്റാനായി കാത്തുനിൽക്കുന്ന ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും കൈയിലെ കോടാലിയായി കേരളത്തിലെ യു.ഡി.എഫ്. മാറരുത്. യു.ഡി.എഫ്.-കാർ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലുണ്ടായ താൽക്കാലിക വിജയത്തെ മതിമറന്ന് ആഘോഷിക്കുകയാണ്. ഈയവസരത്തിൽ നഹുഷ പുരാണത്തിലെ നഹുഷന്റെ കഥയാണ് എനിക്ക് ഓർമ്മ വരുന്നത്. താൽക്കാലികമായി കിട്ടിയ ഈ ഭാഗ്യത്തിൽ മതിമറന്ന് അധ:പതനത്തിലേയ്ക്ക് പോകുന്ന മനുഷ്യന്റെ ഒരു പ്രതീകമാണ് നഹുഷൻ. അതേ നഹുഷന്റെ അനുഭവമാണ് യു.ഡി.എഫ്.-ന് വരാൻ പോകുന്നത്. അതായത്, സന്ദർഭവശാൽ ദേവലോകത്തിന്റെ അധിപനാകാനും

സ്വർഗസുഖങ്ങൾ അനുഭവിക്കാനും ഇടവന്നതിലൂടെ തലയ്ക്ക് മത്തുപിടിച്ച നഹുഷൻ മഹർഷിമാരെക്കൊണ്ട് തന്റെ പല്ലക്ക് ചുമപ്പിക്കുകയും അവരിൽ താരതമ്യേന പൊക്കം കുറഞ്ഞ അഗസ്ത്യമുനിയുടെ തലയിൽ ചവിട്ടുകയും അങ്ങനെ അഗസ്ത്യമുനി നഹുഷനെ ശപിക്കുകയും ആ ശാപം കാരണം നഹുഷന്റെ തലമുറകൾക്ക് സ്വസ്ഥതയില്ലാതെ വരികയും ചെയ്ത കഥ യു.ഡി.എഫ്. ഓർക്കണം. അതാണ് ഇന്ന് നിങ്ങൾ തൃശ്ശൂരിൽ കാണുന്നത്. എവിടെയെല്ലാം താമര വിരിഞ്ഞിട്ടുണ്ടോ അവിടെയെല്ലാം യു.ഡി.എഫ്. മൂന്നാം സ്ഥാനത്തേയ്ക്ക് പോകുന്നത് കേരളത്തിലെ മതേതര മനസ്സുകളുടെ ശാപമാണെന്ന് ഓർക്കണം. പാർലമെന്റ് തിരഞ്ഞെടുപ്പിൽ നിങ്ങൾ വലിയ വിജയം നേടിയെന്ന് ആഘോഷിക്കേണ്ട കാര്യമൊന്നുമില്ല. 2019-ൽ ഇതുപോലെ പരാജയപ്പെട്ട മുന്നണിയാണ് ഞങ്ങളുടേത്. എന്നാൽ ഞങ്ങൾ ജനവിധി മനസ്സിലാക്കി ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നോട്ടുപോകുകയാണ് ചെയ്തത്. അതിനുശേഷം നടന്ന തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ 65% സ്ഥാപനങ്ങളിലും വിജയം നേടിയ മുന്നണിയായി ഇടതുപക്ഷം മാറി. 2021-ലെ തിരഞ്ഞെടുപ്പിൽ 99 സീറ്റുമായി വീണ്ടും

അധികാരത്തിൽവന്നത് കേരളത്തിലെ ജനങ്ങളുടെ വിശ്വാസം ആർജിച്ചുകൊണ്ടാണ്. അക്കാര്യം യു.ഡി.എഫ്. ഓർക്കണം. കേരളത്തിലെ ഇടതുപക്ഷത്തെ വിമർശിക്കുമ്പോൾ ഈ രാജ്യത്ത് ഇന്ത്യാ മുന്നണി നേടിയ വിജയത്തിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും കർഷക സമരമുൾപ്പെടെയുള്ള രാഷ്ട്രീയമായ ഇടപെടലുകളുടെ പങ്ക് വിസ്മരിച്ചുകൊണ്ട് കോൺഗ്രസ് മുന്നോട്ടുപോകരുത്. അംഗബലത്തിന്റെയല്ല ആശയപരമായ ദൃഢതയെന്നത് ഇടതുപക്ഷത്തിന്റെ മുഖമുദ്രയാണ്. ആ മുഖമുദ്ര ഈ രാജ്യത്തെ ജനങ്ങൾ കാണുന്നുണ്ട്. ഞങ്ങൾക്ക് എന്തെങ്കിലും തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അത് തിരുത്തി മുന്നോട്ടുപോകും. ഒരിക്കലും താൽക്കാലികമായ വിജയത്തിൽ ആഹ്ലാദിച്ച് ഈ രാജ്യത്തെ പൊതു ശത്രുവിനോടൊപ്പംനിന്ന് അവരുടെ കൈയിലെ കോടാലിയായി യു.ഡി.എഫ്. മാറരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, പൊതുമരാമത്ത്, വിനോദസഞ്ചാരം, ഭക്ഷ്യം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്.

കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ കേരളത്തിൽ എൽ.ഡി.എഫ്.-ന് തോൽവിയുണ്ടായി. കേരളത്തിൽ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ആദ്യമായിട്ടൊന്നുമല്ല എൽ.ഡി.എഫ്. തോൽക്കുന്നത്. നിയമസഭാ തിരഞ്ഞെടുപ്പിലും പാർലമെന്റ് തിരഞ്ഞെടുപ്പിലും വ്യത്യസ്ത രാഷ്ട്രീയ സാഹചര്യങ്ങളാണ് മിക്കപ്പോഴും കേരളത്തിൽ ഉരുത്തിരിഞ്ഞ് വരാറുള്ളത്. കേന്ദ്രത്തിൽ ആരാണ് അധികാരത്തിൽ വരേണ്ടതെന്ന് നിശ്ചയിക്കുന്ന തിരഞ്ഞെടുപ്പായതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷം പേരും അതിനുതകുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെയോ മുന്നണിയെയോ തിരഞ്ഞെടുക്കുന്നത് അത്ര അതിശയോക്തിപരമൊന്നുമല്ല. പക്ഷേ, നിങ്ങൾ ഇത്രകണ്ട് മതിമറക്കേണ്ട, അമിതാഹ്ലാദത്തിൽപ്പെടേണ്ട, സമചിത്തത വെടിയേണ്ട ഒരു തിരഞ്ഞെടുപ്പ് ഫലമാണോ കേരളത്തിലുണ്ടായത് എന്നതുകൂടി കാണണം. ഞങ്ങൾക്കുണ്ടായ പരാജയത്തെ സംബന്ധിച്ച് ഞങ്ങൾ പരിശോധിക്കുകതന്നെ ചെയ്യും. ഒരുകാലത്തും ഞങ്ങൾ പാഴൂർ പടിപ്പുരവരെപോയല്ല ഞങ്ങളുടെ തിരഞ്ഞെടുപ്പ് ഫലം പരാജയമായാലും വിജയമായാലും വിലയിരുത്തിയിട്ടുള്ളത്. ബന്ധപ്പെട്ട കമ്മിറ്റികൾകൂടി അക്കാര്യം വിശദമായി പരിശോധിക്കുകയാണ് ചെയ്യുന്നത്.

ജനങ്ങൾക്കിടയിൽ പ്രവർത്തിച്ച് അനുഭവസമ്പത്തുള്ളവർ തന്നെയാണ് ഇടതുപക്ഷത്ത് അണിനിരന്നിരിക്കുന്നത്. അതുകൊണ്ടുതന്നെ ജനങ്ങളെ മനസ്സിലാക്കാനും തിരഞ്ഞെടുപ്പിൽ പരാജയം സംഭവിച്ചാൽ അതിന് കാരണമെന്താണെന്ന് വിലയിരുത്താനും ഇന്നും ഞങ്ങൾക്ക് ശേഷിയുണ്ട്. ഒരുപാട് പരാജയങ്ങളിൽനിന്ന് കരകയറി ആർജവത്തോടെയും ഊർജത്തോടെയും കേരളത്തിൽ എൽ.ഡി.എഫ്. തിരിച്ചുവന്നിട്ടുണ്ടെന്ന് ചരിത്രം പരിശോധിച്ചാൽ നിങ്ങൾക്ക് കാണാൻ സാധിക്കും. ഇവിടെ നമ്മൾ കാണേണ്ട പ്രധാനപ്പെട്ട ചില വസ്തുതകളുണ്ട്. ഒരുഘട്ടത്തിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന നിലയിൽ കേരളത്തിന്റെ രാഷ്ട്രീയം ചേരിതിരിഞ്ഞ് നിന്നുവെങ്കിൽ അവിടേയ്ക്ക് സംഘ്പരിവാർ ശക്തികൾ കടന്നുവരികയാണ്. അത് ഗൗരവപൂർവം പരിശോധിക്കേണ്ട കാര്യം തന്നെയാണ്. സംഘ്പരിവാറിന്റെ കടന്നുവരവ് മുഴുവൻ എൽ.ഡി.എഫ്.-ന്റെ സഹായത്തോടുകൂടിയാണെന്നാണ് നിങ്ങൾ കണ്ടെത്തിയിരിക്കുന്നത്. എന്ത് വസ്തുതകളുടെ അടിസ്ഥാനത്തിലാണ് അങ്ങനെ പറയുന്നത്? നിങ്ങൾ കണക്കുകൾ പരിശോധിക്കണം. ഈ പാർലമെന്റ് തിരഞ്ഞെടുപ്പിൽ 11

നിയമസഭാ നിയോജകമണ്ഡലങ്ങളിലാണ് ബി.ജെ.പി.-ക്ക് മുൻതൂക്കം ലഭിച്ചത്. 2019-ലെ പാർലമെന്റ് തിരഞ്ഞെടുപ്പുമായി താരതമ്യം ചെയ്താൽ അവർക്ക് മുൻതൂക്കം ലഭിച്ച എല്ലാ നിയോജകമണ്ഡലങ്ങളിലും കൂടുതൽ വോട്ട് കുറഞ്ഞത് യു.ഡി.എഫ്.-നാണ്. ആ സത്യത്തിനുനേരെ നിങ്ങൾ കണ്ണടച്ചിട്ട് കാര്യമുണ്ടോ; നിയമസഭാ തിരഞ്ഞെടുപ്പ് വേറൊരു രാഷ്ട്രീയ സാഹചര്യത്തിലാണെന്നുള്ളത് കാണണ്ടേ? നിയമസഭയിലേയ്ക്കും പാർലമെന്റിലേയ്ക്കും ഒരേ പാറ്റേണിലാണോ കേരളത്തിലെ ജനങ്ങൾ വോട്ട് ചെയ്യുന്നത്? നിയമസഭാ തിരഞ്ഞെടുപ്പിലേയ്ക്ക് വരുമ്പോൾ സ്വാഭാവികമായും ജനങ്ങൾക്ക് എൽ.ഡി.എഫ്.-നെ സംബന്ധിച്ച് കുറച്ചുകൂടി പ്രതീക്ഷയുണ്ടാകും. അതുകൊണ്ട് ഈ വസ്തുതകൾ മറന്നുകൊണ്ട് നിങ്ങളൊരു വിലയിരുത്തലിലേയ്ക്ക് പോയാൽ അപകടം സംഭവിക്കാൻ പോകുന്നത് നിങ്ങൾക്കാണെന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും. ഈ 11 നിയോജകമണ്ഡലങ്ങളിലും വോട്ടുകൾ കുറഞ്ഞത് സംബന്ധിച്ച കണക്കുകൾ ഞാൻ വായിക്കേണ്ടതില്ലല്ലോ. ആറ്റിങ്ങലിൽ എന്തോ മഹാസംഭവം നടന്നുവെന്നൊക്കെയാണ് ഒരിക്കൽ ഇവിടെ ഒരംഗം പ്രസംഗിച്ചത്.

ആറ്റിങ്ങൽ മണ്ഡലത്തിൽ എൽ.ഡി.എഫ്.-ന് കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിനെക്കാൾ 2331 വോട്ട് കുറഞ്ഞുപോയി. ഞങ്ങളത് പരിശോധിക്കുകയും തിരുത്തി അവ വീണ്ടെടുക്കാനുള്ള പ്രവർത്തനത്തിലേയ്ക്ക് പോകുകയും ചെയ്യും. പക്ഷേ, നിങ്ങൾക്കവിടെ 8039 വോട്ടിന്റെ കുറവുണ്ടായി. 2019-ലെ തിരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ലഭിച്ച വോട്ടിനേക്കാൾ 2024-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ വോട്ടുകൾ കുറഞ്ഞിട്ടുണ്ട്. ആ വോട്ടുകൾ മുഴുവൻ ബി.ജെ.പി.-യിലേയ്ക്കാണ് പോയതെന്ന വസ്തുതയ്ക്കുനേരെ കണ്ണടയ്ക്കരുത്. അതുമാത്രമേ ഞങ്ങൾക്ക് ഇതുസംബന്ധിച്ച് പറയാനുള്ളൂ. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് എന്തുപറ്റി? കഴിഞ്ഞ ദിവസം മുസ്ലീം ലീഗിന്റെ ഒരംഗം ഞങ്ങളെ ഒരു മൃഗത്തോട് താരതമ്യം ചെയ്യുകയുണ്ടായി. എന്നാൽ ബഹളത്തെത്തുടർന്ന് അദ്ദേഹം പ്രസ്തുത പ്രയോഗം പിൻവലിച്ചു. ഇന്ന് മറ്റൊരു മൃഗത്തോട് താരതമ്യം ചെയ്തു. അതും സഭ്യമല്ലാത്ത ഭാഷ ഉപയോഗിക്കാത്ത ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്നാണ് അങ്ങനെ പറഞ്ഞിരിക്കുന്നത്. വർഗീയ ധ്രുവീകരണം നടത്തുന്നൊരു പ്രസംഗമല്ലേ മഞ്ചേശ്വരം എം.എൽ.എ. ഇവിടെ നടത്തിയത്? അദ്ദേഹം പറഞ്ഞത്

ശ്രീ. വെള്ളാപ്പള്ളി നടേശനെയാണെങ്കിലും, കഴിഞ്ഞ ദിവസം ശ്രീ. വെള്ളാപ്പള്ളി നടേശൻ പറഞ്ഞത് എന്താണോ അതിൽനിന്നും ഒട്ടും വ്യത്യസ്തമല്ലാതെ വർഗീയ ധ്രുവീകരണത്തിനുവേണ്ടിയാണ് സംസാരിച്ചത്. ഞങ്ങൾ ഒരിടത്തും അങ്ങനെ പറഞ്ഞിട്ടില്ല. കേരളത്തിലെ മുസ്ലീം ജനവിഭാഗങ്ങൾ മുഴുവൻ, അതായത് ഐ.യു.എം.എൽ.-ഉം എസ്.ഡി.പി.ഐ.-യും ജമാഅത്തെ ഇസ്ലാമിയും ഒരുമിച്ച് നിന്നാലും അതിനപ്പുറം ചിന്തിക്കുന്ന മതേതര വിശ്വാസികളായ ഒട്ടേറെ മതന്യൂനപക്ഷ വിഭാഗങ്ങൾ, മുസ്ലീം ജനവിഭാഗങ്ങൾ കേരളത്തിലുണ്ട്. അതുകൊണ്ട് അതിലൊന്നും വലിയ ആഹ്ലാദമൊന്നും പ്രകടിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മഞ്ചേശ്വരം അംഗത്തിന്റെ പ്രസംഗം മതേതര കേരളത്തിന് ഗുണകരമാണോയെന്നത് നിങ്ങൾതന്നെ ആലോചിച്ചാൽ മതി. ആരെയും അങ്ങനെ കയറൂരി വിടുന്നൊരു സമീപനം സ്വീകരിക്കരുതെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ധനാഭ്യർത്ഥന ചർച്ചയിലേയ്ക്ക് വന്നാൽ, പൊതുമരാമത്ത് രംഗത്ത് ഇത്രയധികം പ്രവർത്തനങ്ങൾ മുന്നോട്ടുപോയൊരു കാലമുണ്ടായിട്ടുണ്ടോ? കിഫ്ബി ഇനി വേണ്ടെന്നാണ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അഭിപ്രായപ്പെടുന്നത്. പക്ഷേ, കിഫ്ബിയിലൂടെ നമ്മുടെ ദേശീയപാത, മലയോര പാത, തീരദേശ പാത എന്നിവയ്ക്കായി നടത്തിയിട്ടുള്ള മുതൽമുടക്ക് എത്ര വലുതാണെന്ന് നാം കാണേണ്ടതല്ലേ? നാട്ടിൽ ഉയരുന്ന സ്കൂളുകളുടെയും ആശുപത്രികളുടെയും കെട്ടിടങ്ങളൊക്കെ കാണണ്ടേ? ഒരു ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കിഫ്ബിയെ പുനരുദ്ധരിച്ചത്. ആ ലക്ഷ്യം പൂർത്തീകരിക്കുന്നതുവരെ കിഫ്ബി ഇവിടെത്തന്നെയുണ്ടാകും. പ്രതിസന്ധികളെ അതിജീവിച്ച് മുന്നോട്ടുപോകാനും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും സാധിക്കണം. പൊതുമരാമത്ത് രംഗത്ത് നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ ഒട്ടേറെ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ അക്കാര്യങ്ങൾ പറയുമെന്നുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ഒളിഞ്ഞും തെളിഞ്ഞും ആക്രമിക്കുന്ന യു.ഡി.എഫ്-ന്റെ രീതി അഭിലഷണീയമാണോയെന്ന് നിങ്ങൾ പരിശോധിക്കണം. അദ്ദേഹം

പ്രത്യേക പ്രിവിലേജുള്ള മന്ത്രിയാണെന്നും മാനത്തുനിന്നും കെട്ടിയിറക്കിയ മന്ത്രിയാണെന്നുമൊക്കെ ഒരംഗം ഇവിടെ പ്രസംഗിക്കുകയുണ്ടായി. ഇതൊക്കെ എത്ര കാലമായി നിങ്ങൾ പറഞ്ഞുനടക്കുന്ന കാര്യങ്ങളാണ്; ഇതിലൂടെ ലക്ഷ്യമിടുന്നത് എവിടേയ്ക്കാണെന്നൊക്കെ ഞങ്ങൾക്കറിയാം. അതാണോ ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ ചരിത്രമെന്ന് യു.ഡി.എഫ്. പരിശോധിക്കണം. ഹൈസ്കൂൾ കാലത്ത് അദ്ദേഹം എസ്.എഫ്.ഐ.-യുടെ ഭാരവാഹിയായും യൂണിറ്റ് സെക്രട്ടറി, പ്രസിഡന്റ് എന്ന നിലയിൽ പ്രവർത്തിക്കുകയും ചെയ്ത ആളാണ് അദ്ദേഹം. പ്രീ-ഡിഗ്രി കാലത്ത് ജനാധിപത്യ വേദികളിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സി.പി.ഐ.(എം)-ന്റെ ബ്രാഞ്ച് മുതൽ സംസ്ഥാന സെക്രട്ടേറിയറ്റ് വരെയുള്ള പ്രവർത്തനങ്ങളിലൂടെ വളർന്നുവന്ന ആളാണ് അദ്ദേഹം. ഡി.വൈ.എഫ്.ഐ.-യുടെ യൂണിറ്റ് മുതൽ അഖിലേന്ത്യാ പ്രസിഡന്റ് സ്ഥാനം വരെ അദ്ദേഹം വഹിച്ചിട്ടുണ്ട്. ഈ രാജ്യത്ത് വിവിധ സംസ്ഥാനങ്ങളിൽ പോയി സമരപ്രക്ഷോഭങ്ങളുടെ മുന്നിൽനിന്ന് അറസ്റ്റ് വരിക്കുകയും നൂറോളം ദിവസം ജയിലിൽ കിടക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ഒരാളായതുകൊണ്ടാണ് 2009-ൽ ഇടതുപക്ഷം

കോഴിക്കോട് പാർലമെന്റ് സീറ്റിലേയ്ക്ക് മത്സരിപ്പിച്ചത്. കേവലം 880-ൽ താഴെ വോട്ടുകളുടെ വ്യത്യാസത്തിലാണ് യു.ഡി.എഫ്-ന്റെ ശ്രീ. എം. കെ. രാഘവൻ അന്ന് ജയിച്ചത്. ഇതൊക്കെ ചരിത്രമല്ലേ? അങ്ങനെ പ്രവർത്തന പരിചയവും പാരമ്പര്യവുമുള്ള ഒരാളെ അർഹതയുടെ അടിസ്ഥാനത്തിൽ തന്നെയാണ് ഓരോ സ്ഥാനത്തേയ്ക്കും ഈ പാർട്ടി നിയോഗിക്കുന്നത്. നിങ്ങൾ വേറെ തരത്തിൽ വ്യാഖ്യാനിച്ച് ഒരു വ്യക്തിയെ അപമാനിക്കാമോ? അങ്ങനെയെങ്കിൽ നിങ്ങളുടെ കൂട്ടത്തിൽ എത്രപേരെ ഞങ്ങൾക്ക് പറയാൻ സാധിക്കും. പാരമ്പര്യത്തിന്റെ പേരിലും പിതാവിന്റെ അഡ്രസിലും വളർന്നുവന്ന എത്രപേർ നിങ്ങളുടെ കൂട്ടത്തിലുണ്ട്? ഇതെല്ലാം ഒരു മര്യാദകെട്ട രാഷ്ട്രീയ പ്രചരണമാണെന്നത് മനസ്സിലാക്കാനുള്ള ഒരു വിവേകം നിങ്ങൾക്കുണ്ടാകണമെന്നാണ് വിനയപൂർവം അഭ്യർത്ഥിക്കാനുള്ളത്. അവാർഡുകളെല്ലാം പിടിച്ചുവാങ്ങി എന്നാണ് ടൂറിസം മേഖലയെക്കുറിച്ച് പറയുന്നത്. ഒരു അവാർഡും പിടിച്ചുവാങ്ങിയതല്ല, അതെല്ലാം ലഭിച്ചതാണ്. എവിടെ നിന്നൊക്കെയാണ് ലഭിച്ചത്? 2023 ജനുവരിയിൽ പ്രമുഖ അന്താരാഷ്ട്ര മാധ്യമമായ ന്യൂയോർക്ക് ടൈംസ് പ്രസിദ്ധീകരിച്ച പട്ടികയിൽ

ഇടംനേടി കേരള ടൂറിസം. ലോകത്ത് കണ്ടിരിക്കേണ്ട 52 ടൂറിസം കേന്ദ്രങ്ങളിൽ കേരളവും ഉൾപ്പെടുമെന്നാണ് അവർ കണ്ടെത്തിയത്. ഈ അംഗീകാരങ്ങളൊക്കെ അവിടെ പോയി പിടിച്ചുവാങ്ങാൻ പറ്റുമോ? ഇതൊക്കെ ഈ കാലത്തുണ്ടായ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്. കേരളം നടപ്പാക്കുന്ന പങ്കാളിത്ത സൗഹൃദ കാരവൻ ടൂറിസം പദ്ധതിയായ കാരവൻ കേരളയ്ക്ക് ഇന്ത്യാ ടുഡേ പുരസ്കാരം ലഭിച്ചു. ലോകത്തിലെ ഏറ്റവും വലിയ ട്രാവൽ ഷോയായ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ജലസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്ക് 2022-ലെ അന്താരാഷ്ട്ര പുരസ്കാരം ഉത്തരവാദിത്വ ടൂറിസം മിഷന്റെ വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക് ലഭിച്ചു. ഇതെല്ലാം പിടിച്ചുവാങ്ങിയതാണോ? നിങ്ങളെല്ലാവരുംകൂടി കണ്ണടച്ചാൽ കേരളം ഇരുട്ടിലാകുമെന്ന് കരുതരുത്. പിന്നെ നിങ്ങൾക്ക് പറയാൻ കഴിയുന്നത് തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയെ കുറിച്ചാണ്. കുറച്ച് റോഡുകൾ മോശമായി. ഇന്നിപ്പോൾ ഡിമാൻഡ് ചർച്ചയായതുകൊണ്ട് കുറേ പത്രങ്ങൾ നിങ്ങൾക്ക് ഇന്ധനം പകരുന്നതിന് വാർത്തയുമായി രംഗത്തുവന്നു. അത് നിങ്ങൾ നിയമസഭയിൽ ആവർത്തിക്കുകയാണ്. ശ്രീ. വി. കെ. പ്രശാന്ത്

സൂചിപ്പിച്ചതുപോലെ ആ വർക്കുകൾ പൂർത്തിയാകുമ്പോൾ ഈ നഗരത്തിന്റെ മുഖച്ഛായ മാറും. പ്രസ്തുത പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സജീവമായ ഇടപെടലിന്റെയുംകൂടി ഭാഗമായിട്ടാണ് ഈ വർക്കുകൾ പുരോഗമിക്കുന്നത്. അതെല്ലാം മറന്നുകൊണ്ടാണ് നിങ്ങൾ ആരോപണം ഉന്നയിക്കുന്നത്. ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നെൽകർഷകർക്ക് കൊടുക്കാനുള്ള തുകയിൽ കുറച്ച് കുടിശ്ശികയായിട്ടുണ്ട്. അതുസംബന്ധിച്ച് ശ്രീ. ഐ. ബി. സതീഷ് ഇവിടെ ചോദിച്ചൊരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഒരു വസ്തുത പറഞ്ഞിട്ടുണ്ട്. നെല്ല് സംഭരിച്ച വകയിൽ 2017-18 മുതൽ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകളിൽ 1079.5 കോടി രൂപ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്. അത് മനസ്സിലാക്കണം. ഇവിടെ ബി.ജെ.പി.-ക്ക് വളർച്ചയുണ്ടാകാൻ പ്രേരകമായ കുറെ കാര്യങ്ങൾ നിങ്ങളും ചെയ്തിട്ടുണ്ട്. കേന്ദ്രം കാശ് തടഞ്ഞുവയ്ക്കുമ്പോൾ ഇവിടെ സമരം രൂപപ്പെടും. ഇവിടെ അത്തരം സമരങ്ങൾ നടക്കുമ്പോൾ യു.ഡി.എഫ്. കേന്ദ്ര സർക്കാരിനൊപ്പമാണ് നിൽക്കുന്നത്. കേന്ദ്രം ഗവർണറെ ഉപയോഗിച്ച് ഈ

നിയമസഭയെ അവഹേളിക്കാൻ പരിശ്രമിക്കുന്നു. അപ്പോഴും യു.ഡി.എഫ്. ആരുടെ പക്ഷത്താണ്? ഗവർണറുടെ പക്ഷത്താണ്. ബി.ജെ.പി.-ക്ക് കേരളത്തിൽ ഒരു സാംഗ്റ്റിറ്റി ഉണ്ടാക്കിക്കൊടുക്കുന്നതിൽ, അത്തരമൊരു രാഷ്ട്രീയ സാഹചര്യമൊരുക്കുന്നതിൽ യു.ഡി.എഫ്. വലിയൊരു പങ്ക് വഹിച്ചിട്ടുണ്ടെന്ന് കാണണം. ഇടതുപക്ഷം ഉൾപ്പെടെയുള്ളവർ നടത്തിയ ബഹുജന പ്രക്ഷോഭം ഇന്ത്യാ മുന്നണിക്ക് ഇന്ത്യയിൽ ജയിച്ചുകയറാൻ അവസരമൊരുക്കിയതുപോലെ ഇവിടെ നിങ്ങൾ സഹായിച്ചത് ബി.ജെ.പി.-യെയാണ്. ഈ നയങ്ങളെല്ലാം തിരുത്തി, ഈ നിലപാടുകൾ മാറ്റി സത്യാവസ്ഥകൾ മനസ്സിലാക്കാനുള്ള പ്രാപ്തിയിലേയ്ക്കും വിവേകത്തിലേയ്ക്കും നിങ്ങൾ വളർന്നുവന്നില്ലെങ്കിൽ നിങ്ങൾക്ക് തന്നെയാണ് അപകടമുണ്ടാകാൻ പോകുന്നത്. ഇവിടെ പെട്രോളിന് 2 രൂപ സെസ്സ് കൂടിയപ്പോൾ നിങ്ങൾക്ക് എന്തൊരു വേവലാതിയായിരുന്നു. ഇപ്പോൾ കർണ്ണാടകത്തിൽ പെട്രോളിന് 3 രൂപയും ഡീസലിന് 3.50 രൂപയും വർധിപ്പിച്ചതിനെ അപലപിക്കാൻ നിങ്ങൾ തയ്യാറാണോ? അതുസംബന്ധിച്ച് പഠിക്കട്ടെ എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. അദ്ദേഹം പഠിച്ച് തീർന്നോ

എന്നറിയില്ല. നിങ്ങൾ നിങ്ങളുടെ ഇരട്ടത്താപ്പുകൾ അവസാനിപ്പിക്കുന്നത് നന്നായിരിക്കുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ രണ്ട് പ്രധാന നേതാക്കൾ വയനാട്ടിൽ വന്ന് പ്രസംഗിച്ചു. അതിലൊന്ന് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ സുൽത്താൻബത്തേരിയിലെ പ്രസംഗവും മറ്റൊന്ന് തെരഞ്ഞെടുപ്പിനുമുമ്പ് കേന്ദ്രമന്ത്രിയായിരുന്ന ശ്രീമതി സ്മൃതി ഇറാനിയുടേതുമായിരുന്നു. 'രാഹുൽ ഗാന്ധിയെ അമേഠിയിൽനിന്ന് ഞാൻ ഓടിച്ചതാണ്, നിങ്ങൾ വയനാട്ടിൽനിന്ന് ഓടിച്ചുവിടണം' എന്നാണ് കേന്ദ്രമന്ത്രി ശ്രീമതി സ്മൃതി ഇറാനി പറഞ്ഞത്. എന്നാൽ അമേഠിയിലെ ജനങ്ങൾ ശ്രീമതി സ്മൃതി ഇറാനിയെ ഓടിച്ചുവിടുകയും വയനാട്ടിലെ ജനങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ ഹൃദയത്തോട് ചേർത്തുനിർത്തുകയും ചെയ്തു. വയനാട്ടിൽ പല ബൂത്തുകളിലും നിങ്ങൾ മൂന്നാം സ്ഥാനത്താണെന്ന കാര്യം മനസ്സിലാക്കണം. രണ്ടാമത്തേത് കേരളത്തിന്റെ ബഹുമാന്യനായ

മുഖ്യമന്ത്രിയുടെ പ്രസംഗമാണ്. അതിൽ 'ഇത്തവണ വയനാട് ചരിത്രം മാറ്റും' എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അതിനുശേഷം അദ്ദേഹം കോൺഗ്രസിനെതിരെ വാതോരാതെ പ്രസംഗിച്ചു. അതും ജനങ്ങൾ കേട്ടു, ശ്രീ. രാഹുൽ ഗാന്ധിയുടെ ഭൂരിപക്ഷം 364000-ത്തിലേയ്ക്ക് ഉയർത്തിക്കൊണ്ട് ജനം കൃത്യതയോടെ വിധിയെഴുതി. അതുമാത്രമല്ല, അക്കാര്യം പറഞ്ഞ കേരളത്തിന്റെ മുഖ്യമന്ത്രിയുടെ സ്വന്തം നിയോജകമണ്ഡലത്തിൽ 50123 വോട്ടിന്റെ ഇടതുപക്ഷ ഭൂരിപക്ഷം 2616-ലേയ്ക്ക് ജനം കുറയ്ക്കുകയുംചെയ്തു. മതേതരത്വത്തിന്റെ ഏറ്റവും വലിയ മുദ്രാവാക്യം മുഴക്കിയ ധാരാളം പ്രസംഗങ്ങൾ ഇവിടെ കേട്ടു. ഒരു കാര്യം ചോദിക്കട്ടെ, 'കാഫിർ' പ്രയോഗത്തിന്റെ ഉപജ്ഞാതാക്കളാരാണ്? നിങ്ങൾ ഉത്തരം പറയണം. നാദാപുരം, കുറ്റ്യാടി, തലശ്ശേരി, കൂത്തുപറമ്പ് ഏരിയകളെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കണം. വാതോരാതെ പ്രസംഗിച്ച ഒരുപാട് ആളുകൾ ഇവിടെയുണ്ടല്ലോ. തെങ്ങ് മുറിച്ചു, കമുക് മുറിച്ചു, വീടുകൾക്ക് തീയിട്ടു, ആഭരണങ്ങൾ കവർന്നു, ആക്രമണങ്ങളും ബോംബേറും നടത്തി, ആളുകളെ കൊന്നു എന്നെല്ലാം പറഞ്ഞല്ലോ. നിഷ്ഠൂരമായ ആക്രമണങ്ങൾക്ക്

വിധേയമായൊരു സ്ഥലത്ത് രാഷ്ട്രീയ പ്രവർത്തനം നടത്തുമ്പോൾ ആ സെൻസിറ്റീവ് ഏരിയയിൽ പ്രയോഗിക്കേണ്ട വാക്ക്, സോഷ്യൽ മീഡിയ എന്നിവയിലൊക്കെ ജാഗ്രതയുണ്ടാകണം. മുടക്കോഴിമലയിൽപോയി കൊടി സുനിയെ പിടികൂടിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കൈകളിൽ നിങ്ങൾ ആഭ്യന്തര വകുപ്പ് പത്ത് മിനിട്ട് ഏല്പിച്ചാൽ ഇതൊക്കെ ആരാണ് ചെയ്തതെന്ന് ഞങ്ങൾ പുറത്തുകൊണ്ടുവരാം. നിങ്ങളാണ് ആ പ്രയോഗമുണ്ടാക്കിയത്. ശ്രീമതി കെ. കെ. ലതിക എന്തുകൊണ്ടാണ് ഈ 'കാഫിർ' പ്രയോഗത്തിന്റെ പോസ്റ്റർ ഡിലീറ്റ് ചെയ്തത്? ആരാണ് ഇതിന്റെ ഉപജ്ഞാതാക്കൾ; ആരാണ് ഇതിന് നേതൃത്വം നൽകിയത്? നിങ്ങൾ ഇവിടെ മറ്റൊരു പ്രയോഗം നടത്തി. പാർട്ടി പതാകയെക്കുറിച്ച് വാതോരാതെ നിങ്ങൾ പ്രസംഗിക്കുകയുണ്ടായി. ഇന്ത്യൻ യൂണിയൻ മുസ്ലീംഗ് ലീഗിന്റെ സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും ഹരിത പതാകയെ പാകിസ്ഥാൻ പതാകയോട് ഉപമിച്ച് ശ്രീ. നരേന്ദ്ര മോദി പ്രസംഗിച്ചിട്ടുണ്ട്. വടകരയിൽ സി.പി.ഐ.(എം)-കാരുടെ, എൽ.ഡി.എഫ്.-കാരുടെ സോഷ്യൽ മീഡിയ പേജുകളിൽ അതേ പാകിസ്ഥാൻ പതാകയായി

ലീഗിന്റെ പതാകയെ മുദ്രകുത്തി. അപ്പോൾ നിങ്ങളും ബി.ജെ.പി.-യും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? അതിന് നേതൃത്വം നൽകിയ ആളുകളൊക്കെ ഇവിടെയുമുണ്ട്. കേരളത്തിലെ രാഷ്ട്രീയ പ്രവർത്തനത്തിന് ഗൗരവതരമായൊരു മാനമുണ്ട്. അത് വിട്ടുകളഞ്ഞാണ് ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ തിരഞ്ഞെടുപ്പിലെ കനത്ത ജനവിധി നിങ്ങളൊന്ന് പരിശോധിക്കണം. കാസർഗോഡ് ജില്ലയിലെ രാവണേശ്വരം നെല്ലെടുപ്പ് സമരം നടന്ന സ്ഥലമാണ്. അവിടെ നിങ്ങളുടെ പാർട്ടി പല ഗ്രാമങ്ങളിലും പുറകോട്ടുപോയി, ചരിത്രത്തിലാദ്യമായി യു.ഡി.എഫ്.-ന് പല ബൂത്തുകളിലും ഭൂരിപക്ഷം ലഭിച്ചു. നിങ്ങളുടെ ചുവന്ന മണ്ണായ മടിക്കൈ ഗ്രാമപഞ്ചായത്തിൽ പല ബൂത്തുകളിലും യു.ഡി.എഫ്. സിന്ദാബാദാണ്, ഇടതുപക്ഷം ഞങ്ങളുടെ പുറകിലാണ്. പാർട്ടിയുടെ ചരിത്രത്തോടൊപ്പം നടന്ന പ്രദേശങ്ങളാണ് കയ്യൂർ, ചീമേനി തുടങ്ങിയവ. ചരിത്രത്തിലാദ്യമായി നാല് ബൂത്തുകളിൽ യു.ഡി.എഫ്. മുൻപന്തിയിലെത്തി. അവിടെ ഇടതുപക്ഷത്തിന്റെ വോട്ടുകൾ ചോർന്നുവെന്നുമാത്രമല്ല, ബി.ജെ.പി.-ക്ക് ചരിത്രത്തിലാദ്യമായി നിങ്ങളുടെ 1330 വോട്ടുകൾ നിങ്ങൾതന്നെ

ഏൽപ്പിച്ചുകൊടുത്തു. 'ഇടതുണ്ടെങ്കിലേ ഇന്ത്യയുള്ളൂ' എന്നായിരുന്നു നിങ്ങളുടെ മുദ്രാവാക്യം. എന്നാൽ ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷമുള്ള പുതിയ വിവരണം 'ഇടതുണ്ടെങ്കിലേ ബി.ജെ.പി. ഉണ്ടാകുകയുള്ളൂ' എന്നാണ്. കരിവെള്ളൂർ സമരം നടന്ന കണിയൻ പ്രദേശത്ത് ബി.ജെ.പി.-യുടെ വോട്ട് ക്രമാതീതമായി വർദ്ധിച്ചു, യു.ഡി.എഫ്.-ന്റെ വോട്ടും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഇടതുപക്ഷത്തിന്റെ വോട്ട് കുത്തനെ കുറഞ്ഞു. നിങ്ങളുടെ ഏറ്റവും വലിയ ചെംപതാകയേന്തിയ, ചരിത്രമുറങ്ങുന്ന സ്ഥലമാണ് മൊറാഴ. ആ പ്രദേശമുൾപ്പെടുന്ന പഞ്ചായത്തിൽ 2019-ൽ എൻ.ഡി.എ.-ക്ക് ലഭിച്ചതിനെക്കാൾ 1204 വോട്ടുകൾ നിങ്ങൾ അധികം നേടിക്കൊടുത്തു. കൂത്തുപറമ്പ് രക്തസാക്ഷികളായ റോഷൻ, ഷിബുലാൽ, മധു, രാജീവൻ ഉൾപ്പെടെയുള്ളവർ പിറന്ന കൂത്തുപറമ്പ് മണ്ഡലത്തിൽ പതിനൊന്നായിരം വോട്ടിനാണ് നിങ്ങൾ പുറകിൽ നിൽക്കുന്നത്. 2021-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 49000 വോട്ടിന് വിജയിച്ച പയ്യന്നൂർ നിയോജകമണ്ഡലത്തിൽ 2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ലഭിച്ച ഭൂരിപക്ഷം 12257 വോട്ടാണ്. എന്റെ പ്രിയ സുഹൃത്ത്

കല്യാശ്ശേരി അംഗം 44393 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് അവിടെ ജയിച്ചത്. എന്നാൽ 2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന്റെ ഭൂരിപക്ഷം 1058 വോട്ടുകൾ മാത്രമാണ്. അതുമാത്രമല്ല വയലാർ രക്തസാക്ഷി മണ്ഡപം സ്ഥിതിചെയ്യുന്ന ചേർത്തലയിലെ ബൂത്ത് നമ്പർ 44-ൽ യു.ഡി.എഫ്.-ആണ് ഒന്നാം സ്ഥാനത്തുള്ളത്. ഇടതുപക്ഷം അവിടെ പുറകിലാണ്. പുന്നപ്ര സമരഭൂമി ഉൾപ്പെടുന്ന പഞ്ചായത്തിൽ യു.ഡി.എഫ്. ഒന്നാം സ്ഥാനത്തും ബി.ജെ.പി. രണ്ടാം സ്ഥാനത്തും എൽ.ഡി.എഫ്. മൂന്നാം സ്ഥാനത്തുമാണുള്ളത്. ധർമ്മടം ഗ്രാമപഞ്ചായത്തിലെ ശ്രീ. പിണറായി വിജയൻ പഠിച്ച, 'വാളുകൾക്കിടയിലൂടെ' നടന്നുനീങ്ങിയതായ ബ്രണ്ണൻ കോളേജ് ഉൾക്കൊള്ളുന്ന ബൂത്ത് നമ്പർ 132, 138 എന്നിവയിലൊന്നും ഒരുകാലത്ത് ഞങ്ങൾക്കാർക്കും അവിടേയ്ക്ക് കടന്നുവരാൻ സാധിക്കില്ലായിരുന്നു. ആ ബൂത്തുകളിൽ മുഴുവൻ നിങ്ങൾ തകർന്നുവെന്നുമാത്രമല്ല അവിടെ യു.ഡി.എഫ്. ഒന്നാം സ്ഥാനത്തും ബി.ജെ.പി. രണ്ടാം സ്ഥാനത്തും എൽ.ഡി.എഫ്. മൂന്നാം സ്ഥാനത്തുമാണുള്ളത്. ഈ തിരഞ്ഞെടുപ്പിൽ നിങ്ങൾക്കുണ്ടായിട്ടുള്ളത്

ചെറിയ ജനവിധിയല്ല, കനത്ത ജനവിധിയാണ്. നിങ്ങളുടെ പാർട്ടിയെ കെട്ടിപ്പടുത്ത, പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ, വിപ്ലവവീര്യം തീർത്ത, ധീര രക്തസാക്ഷികൾ പിറന്ന സകല മണ്ണും നിങ്ങളെ കൈവിട്ടു. ആ ചരിത്രത്തിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടില്ലെങ്കിൽ നിങ്ങൾ ഇതിനേക്കാൾ തകരും. നിങ്ങൾ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്. നിങ്ങൾ തകരുന്നതിന്റെ കാരണം നിങ്ങളുടെ പ്രവർത്തകർ താമരയ്ക്ക് വോട്ട് നൽകുന്നതുകൊണ്ടാണ്. ആ യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരളത്തിന്റെ പശ്ചാത്തല വികസനമേഖലയിലും ടൂറിസം മേഖലയിലും എല്ലാവരുടെയും സഹായസഹകരണത്താൽ സർക്കാരിന് മെച്ചപ്പെട്ട മാറ്റം സൃഷ്ടിക്കാൻ സാധിച്ചൊരു കാലമാണ് കടന്നുപോകുന്നത്. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതുമുതൽ മറ്റെല്ലാ വകുപ്പുകളിലും കണ്ടതുപോലുള്ള മാറ്റങ്ങൾ ഈ മേഖലയിലും കാണാൻ

സാധിച്ചിട്ടുണ്ട്. ഈ മാറ്റത്തെ പൊതുവെ അംഗീകരിച്ചും അതിന് വേഗം കൂട്ടാനാവശ്യമായ നിർദേശങ്ങൾ സമർപ്പിച്ചും ഒട്ടനവധി കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. മൊത്തം പതിനേഴ് അംഗങ്ങളാണ് ചർച്ചയിൽ പങ്കെടുത്തത്. വളരെ ക്രിയാത്മകമായ നിർദേശങ്ങളുണ്ടായിട്ടുണ്ട്, അതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ആ നിർദേശങ്ങൾ നടപ്പാക്കാനുള്ള ശ്രമം നടത്തുമെന്ന് ചർച്ചയിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങളോടും ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെ ചില വിമർശനങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ചില തിരുത്തലുകൾ വരുത്തേണ്ട കാര്യങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്, അവയിൽ തിരുത്തേണ്ടത് ഏതൊക്കെയാണെന്ന് പരിശോധിച്ച് മുന്നോട്ടുപോകും. ഇവിടെ പൊതുമരാമത്ത്-ടൂറിസം മേഖലകളെ മുന്നോട്ട് കൊണ്ടുപോകാൻവേണ്ടി അനുകൂലമായും വിമർശിച്ചും സംസാരിച്ച എല്ലാ സാമാജികരോടും ഞാൻ പ്രത്യേകം നന്ദി അറിയിക്കാനാഗ്രഹിക്കുന്നു. കേരളത്തിന്റെ പശ്ചാത്തല വികസന മേഖലയെ അടുത്ത ഘട്ടത്തിലേയ്ക്ക് നയിക്കുന്ന ഉത്തരവാദിത്വമാണ് പൊതുവെ കൂട്ടായി ഏറ്റെടുക്കുന്നത്. ഈ സർക്കാർ അധികാരമേറ്റപ്പോൾ സഭയ്ക്ക് നൽകിയ ഉറപ്പും അതാണ്. ഈ

ഉറപ്പ് പാലിക്കാനുള്ള എല്ലാ ശ്രമവും നടത്തിവരികയാണ്. തുരങ്കപാത എന്നത് നമ്മുടെയൊരു സ്വപ്ന പദ്ധതിയായിരുന്നു. തിരുവമ്പാടി എം.എൽ.എ. ശ്രീ. ലിന്റോ ജോസഫും അവസാനം സംസാരിച്ച കൽപ്പറ്റ അംഗവും ഈ സഭയിലുണ്ട്. വയനാട് ചുരം കയറാനെടുക്കുന്ന സമയവും പ്രയാസവുമെല്ലാം നമുക്കറിയാവുന്നതാണ്. ഈ നാടിന്റെ സ്വപ്നപദ്ധതിയായ തുരങ്കപാതയുടെ പ്രവൃത്തിക്ക് തുടക്കമിടാൻ ഈ വർഷം സാധിക്കുമെന്നുള്ള സന്തോഷവിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാന സർക്കാർ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമാണം ആരംഭിച്ച് മുന്നോട്ടുപോകുകയാണ്. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള ടെൻഡർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ടെക്നിക്കൽ ബിഡിന്റെ പരിശോധന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ കാർഷിക-വ്യാപാര-ടൂറിസം മേഖലയ്ക്ക് വലിയ കുതിച്ചുചാട്ടമുണ്ടാക്കുന്ന ഈ പദ്ധതിക്കായി 2043.70 കോടി രൂപയാണ് എൽ.ഡി.എഫ്. സർക്കാർ അനുവദിച്ചിട്ടുള്ളത്. ദേശീയപാതാ വികസനത്തിന്റെ നിർണ്ണായകഘട്ടം പിന്നിടുന്ന സമയമാണിത്. തലപ്പാടി-

ചെങ്കള, രാമനാട്ടുകര-വളാഞ്ചേരി, വളാഞ്ചേരി-കാപ്പിരിക്കാട് സ്ട്രെച്ചുകൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ റീച്ചുകളിൽ പലയിടങ്ങളിലും ആറുവരി ഗതാഗതം സാധ്യമായിട്ടുണ്ട്. 2016-ൽ എൽ.ഡി.എഫ്. സർക്കാരിനുപകരം യു.ഡി.എഫ്.-ന്റെ തുടർഭരണമായിരുന്നെങ്കിൽ NH-66 എന്നത് ഒരു പ്രവൃത്തിപോലും നടക്കാതെ മുടങ്ങിപ്പോകുമായിരുന്നു എന്നത് വസ്തുതയാണ്. അതിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള സമീപനമെല്ലാം നാം നേരത്തെ ചർച്ച ചെയ്തതാണ്. ഭരണ-പ്രതിപക്ഷ കക്ഷി എം.എൽ.എ.-മാരെല്ലാം സഹകരിച്ചാണ് അതിന്റെ പ്രവർത്തനം നടത്തിയത്. അതിലെ ഓരോ കാര്യങ്ങളും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിരന്തരമായ അവലോകന യോഗങ്ങളും മറ്റും NHAI-യുമായി ചേർന്ന് നടത്തിക്കൊണ്ടിരിക്കുകയാണ്. ആകെ 1166 കിലോമീറ്ററുള്ള മലയോര ഹൈവേയിൽ കിഫ്ബി പദ്ധതിയിൽ വികസിപ്പിക്കുന്നത് 793 കിലോമീറ്ററാണ്, ബാക്കി മറ്റ് പദ്ധതികളിൽ വികസിപ്പിച്ചു. 735 കിലോമീറ്ററിന് സാമ്പത്തികാനുമതി നൽകി. 486 കിലോമീറ്റർ ടെൻഡർ ചെയ്തു. 149 കിലോമീറ്റർ മലയോര ഹൈവേ

ഇതിനകം യാഥാർഥ്യമായിട്ടുണ്ട്, 297 കിലോമീറ്ററിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. ഇതുവരെ 3505 കോടി രൂപ ഇതിനായി അനുവദിച്ചതിൽ 1288 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെയും കർഷകരുടെയും മലയോര മേഖലയിൽ അധിവസിക്കുന്നവരുടെയും ജീവിതത്തിലുണ്ടാക്കിയ മാറ്റം വാക്കുകൾകൊണ്ട് വിവരിക്കുന്നതിനപ്പുറമാണ്. ജനങ്ങൾ സ്വമേധയാ ഭൂമി വിട്ടുനൽകിയ കാര്യം സഭയെ പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഭൂമി വിട്ടുനൽകിയ അവരുടെ നല്ല മനസ്സിനും അതിനുവേണ്ടി പ്രയത്നിച്ച ഭരണ-പ്രതിപക്ഷ എം.എൽ.എ.മാർ, നാട്ടുകാർ, രാഷ്ട്രീയ പാർട്ടികൾ തുടങ്ങി എല്ലാവരോടും പ്രത്യേകം നന്ദി അറിയിക്കാൻ ഈ വേള ഉപയോഗപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ തീരമേഖലയുടെ സമഗ്ര വളർച്ചയ്ക്ക് സഹായകരമാകുന്ന തീരദേശ ഹൈവേ മലപ്പുറം ജില്ലയിലെ മൊഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽവരെയും പടിഞ്ഞാറേക്കര മുതൽ ഉണ്ണ്യാൽ വരെയുമുള്ള സ്ട്രെച്ചിന്റെ നിർമ്മാണം പൂർത്തിയായി. സൈക്കിൾ ട്രാക്കോടുകൂടി ഡിസൈൻഡ് റോഡായിട്ടാണ് ഇവിടം വികസിപ്പിച്ചിരിക്കുന്നത്. തീരദേശ മേഖലയിൽ

ഈ പദ്ധതി നടപ്പാക്കിയാലുണ്ടാകാൻ പോകുന്ന മാറ്റം ഈ രണ്ട് സ്കെച്ചുകളിൽനിന്നും വ്യക്തമാണ്. ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ വിവിധ ഘട്ടത്തിലാണ്. പ്രത്യേക പുനരധിവാസ പാക്കേജാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്യുന്നത്. ഇതിനെക്കുറിച്ചൊക്കെ നേരത്തെ സഭയിൽ പറഞ്ഞതിനാൽ ആവർത്തിക്കുന്നില്ല. 'ലെവൽ ക്രോസുകളിലാത്ത കേരളം' എന്ന പദ്ധതി സർക്കാർ പ്രഖ്യാപിച്ചപ്പോൾ ഇത് നടക്കുന്ന കാര്യമാണോയെന്ന് പലരും പറയുന്നുണ്ടായിരുന്നു. എന്നാൽ അത് സ്വപ്നമല്ല, യാഥാർത്ഥ്യമാണെന്ന് തെളിയിക്കാൻ സാധിച്ചു. ലെവൽ ക്രോസുകളില്ലാത്ത കേരളം പദ്ധതിയിലെ 5 റെയിൽവേ ഓവർ ബ്രിഡ്ജുകൾ ഇതിനോടകം പൂർത്തീകരിച്ചു. 9 ആർ.ഒ.ബി.-കളുടെ പ്രവൃത്തി തുടരുകയാണ്. മാളിയേക്കൽ, ചിറങ്ങര, താനൂർ, തെയ്യാല, കൊടുവള്ളി, ഇരവിപുരം, ചിറയിൻകീഴ്, മുളന്തുരുത്തി എന്നീ ആർ.ഒ.ബി.-കൾ ഈ വർഷം പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അകത്തേത്തറ, വാടാനക്കുറിശ്ശി എന്നീ ആർ.ഒ.ബി.-കൾ 2025 പകുതിയാകുന്നതോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. 72 ആർ.ഒ.ബി.-കൾ

ആർ.ബി.ഡി.സി.കെ. (റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്)-യും 27 ആർ.ഒ.ബി.-കൾ കെ.ആർ.ഡി.സി.എൽ. (കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)-മാണ് നിർമ്മിക്കുന്നത്. ഇവയെല്ലാം നിർമ്മാണ ഒരുക്കങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ചിലയിടങ്ങളിൽ ആർ.ഒ.ബി.-കൾ പൂർത്തിയാക്കാതെ കിടക്കുന്ന സാഹചര്യമുണ്ടായിരുന്നു. ആ വിഷയത്തിൽ എല്ലാവരും കൃത്യമായി യോജിച്ചുനിന്നതുകൊണ്ട് പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചു. അവിടെ മറ്റൊരു വേർതിരിവുമുണ്ടായിരുന്നില്ല. മുളന്തുരുത്തിയിലെയും തിരൂരിലെയും പ്രവൃത്തികൾ പൂർത്തീകരിച്ചു.

**[അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]**

കേരളത്തിലെ പ്രധാനപ്പെട്ട പ്രശ്നമായി എല്ലാവരും ഉന്നയിക്കാറുള്ള ജംഗ്ഷനുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വ്യത്യസ്തങ്ങളായ പദ്ധതികൾ സർക്കാർ ആവിഷ്കരിക്കും. ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഭാഗമായി എടപ്പാൾ ഫ്ളൈ ഓവർ പൂർത്തീകരിക്കാനായി. മേലേചൊവ്വ ഫ്ളൈ ഓവറിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. ശ്രീ. ടി. പി.

രാമകൃഷ്ണൻ പ്രതിനിധാനം ചെയ്യുന്ന പേരാമ്പ്ര ഗതാഗതക്കുരുക്കും മറ്റുമൊക്കെയായി വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നതാണ്. പതിറ്റാണ്ടുകളായുള്ള പേരാമ്പ്രയിലെ ഗതാഗതക്കുരുക്ക് നാദാപുരത്തെയും കുറ്റ്യാടിയിലെയും ബാലുശ്ശേരിയിലെയും മലബാറിലെയും പ്രധാനപ്പെട്ട പ്രശ്നമായിരുന്നു. പേരാമ്പ്ര നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ പേരാമ്പ്ര ബൈപ്പാസ് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയത് ഇക്കാലയളവിലാണ്. കാഞ്ഞിരപ്പള്ളി ബൈപ്പാസിന്റെ നിർമാണം പുരോഗമിക്കുകയാണ്. പെരുമ്പാവൂർ ബൈപ്പാസ് ഫേസ്-1 ന്റെ നിർമാണത്തിലേയ്ക്ക് കടക്കുകയാണ്. കുറ്റ്യാടി ബൈപ്പാസിന്റെ ടെൻഡർ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. കൂടാതെ സംസ്ഥാനത്തെ 20 ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന് 200 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ 7 ജംഗ്ഷനുകളുടെ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കലിന് പണം അനുവദിച്ചുകഴിഞ്ഞു. ഇതിനുപുറമെ തിരുവനന്തപുരം നഗരത്തിലെ വട്ടിയൂർക്കാവ് ജംഗ്ഷന്റെ വികസനം കൂടി സാധ്യമാക്കുന്നുണ്ട്. ഇതിനായി 600 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കേരളത്തിലെ പൊതുമരാമത്ത് റോഡുകളിൽ pothole free എന്ന ലക്ഷ്യത്തോടെ ശാസ്ത്രീയമായ പദ്ധതികൾക്ക് രൂപം നൽകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. പി.ഡബ്ല്യു.ഡി. മിഷൻ ടീം വളരെ നേരത്തെതന്നെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വിവിധ ജില്ലകളുടെ ചുമതല ഏറ്റെടുത്ത് മഴവരുന്നതിന് മുമ്പുതന്നെ പരിശോധന നടത്തുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. പരിശോധനകൾ പലതും അറിയിക്കാതെ നടത്തുന്നുണ്ട്. അറിയിക്കാതെ പരിശോധന നടത്തിയാൽ എന്താ അറിയിക്കാത്തതെന്ന് ചോദിക്കും, അറിയിച്ച് നടത്തിയാൽ ഇതെന്താ അറിയിച്ച് നടത്തുന്നതെന്ന് ചോദിക്കും. അത് സ്വാഭാവികമാണ്. പക്ഷേ ഏതൊക്കെ പരിശോധന അറിയിച്ച് നടത്തണം, ഏതൊക്കെ അറിയിക്കാതെ നടത്തണമെന്നുള്ള നല്ല ധാരണ വകുപ്പിനും സർക്കാരിനുമുണ്ടെന്ന വിവരം സഭയെ അറിയിക്കുകയാണ്. റണ്ണിംഗ് കോൺട്രാക്ട് പദ്ധതി റോഡുകളുടെ മെയിന്റനൻസിന്റെ കാര്യത്തിൽ ഗുണപരമാണെന്നുള്ളതാണ് അഭിപ്രായം. പരിപാലന കാലാവധി കഴിയുന്നത് മനസ്സിലാക്കി നേരത്തെതന്നെ ഒരു വർഷത്തേയ്ക്ക് ടെണ്ടർ

നൽകി. കരാറുകാർ ഏതുസമയത്തും ലഭ്യമാകുന്ന ഈ പദ്ധതിക്ക് അതിന്റെ ഉദ്ദേശിച്ച റിസൾട്ട് ലഭിച്ചു. മാത്രമല്ല, റോഡുകളിലെ കുഴികൾ ശാസ്ത്രീയമായി അവർ അടയ്ക്കുകയും ചെയ്തു. പത്രങ്ങളിൽ ചില വാർത്തകൾ വരുന്നുണ്ട്. ചില ദിനപത്രങ്ങൾക്ക് ഈ സർക്കാരിനോട് പ്രത്യേക സ്നേഹമാണെന്ന് നമുക്കറിയാം. ദിനപത്രങ്ങൾ കൂടെയില്ലെങ്കിൽ ഇവിടത്തെ പല പ്രതിപക്ഷനേതാക്കളുടെയും അവസ്ഥ എന്തായിരിക്കുമെന്നതാണ് ഞാൻ ആലോചിക്കുന്നത്. ആ ദിനപത്രങ്ങൾ ചില കുഴികളുടെ ഫോട്ടോയെടുക്കും. എടുത്തോട്ടെ, ഇന്ന് പ്രത്യേകിച്ച് വന്നിട്ടുണ്ട്, വന്നോട്ടെ. കേരളത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ മുപ്പതിനായിരം കിലോമീറ്റർ റോഡുണ്ട്. അതിൽ കുഴിയില്ലാത്ത റോഡുകളുടെ ചിത്രം കൊടുക്കാൻ ഈ മാന്യമായ ദിനപത്രങ്ങൾ തയ്യാറായാൽ ഒരു വർഷം അച്ചടിക്കുന്ന പത്രത്തിലും തികയാത്തത്ര സ്ഥലം വേണ്ടിവരുമെന്നതാണ് യാഥാർത്ഥ്യം. അത് അവരുടെ രാഷ്ട്രീയമാണ്. വെള്ളക്കെട്ടിന്റെ പ്രശ്നമെടുത്താൽ, കേരളത്തിലും ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളൊക്കെയുണ്ട്. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനം നല്ല

നിലയിൽ മുന്നോട്ടുപോകുന്നുണ്ട്. കേരളത്തിലെ റോഡുകളെല്ലാം പുതിയ കാലത്തെ ടെക്നോളജിയുടെ സാധ്യതകൂടി ഉപയോഗപ്പെടുത്തി ഡിജിറ്റലൈസ് ചെയ്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും DLP (Digital Light Processing) ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് നേരത്തെ ചർച്ച ചെയ്തതിനാൽ ഇപ്പോൾ ആവർത്തിക്കുന്നില്ല. ബി.എം.&ബി.സി. റോഡുകൾ ദീർഘകാലം ഈടുനിൽക്കുന്നവയായതിനാൽ കേരളത്തിലെ റോഡുകൾ പരമാവധി ബി.എം.&ബി.സി. റോഡുകളാക്കി മാറ്റാൻ ഉദ്ദേശിച്ചിരുന്നു. അതിനായി സർക്കാർ എത്രയാണോ ലക്ഷ്യം വച്ചത് അതിലേയ്ക്കെത്തിയെന്ന് മാത്രമല്ല, പൊതുമരാമത്ത് വകുപ്പിന്റെ അൻപത് ശതമാനത്തിലധികം റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കാൻ കഴിഞ്ഞുവെന്നുള്ള വിവരവും സഭയെ അറിയിക്കുകയാണ്. ഇപ്പോൾ അൻപത്തിയഞ്ച് ശതമാനമായി അതിനെ പരമാവധി ഉയർത്തും. ശബരിമല പാക്കേജിൽ റോഡുകൾക്ക് ഏറ്റവും കൂടുതൽ തുക അനുവദിച്ച വർഷമാണ് കടന്നുപോയത്. 355 കോടി 76 ലക്ഷം രൂപ അനുവദിച്ചതും പാലങ്ങളുടെയും മറ്റും

നിർമ്മാണവുമെല്ലാം ഈ ഘട്ടത്തിലാണ് വന്നിട്ടുള്ളത്. അഞ്ച് വർഷത്തിനുള്ളിൽ നൂറ് പാലങ്ങൾ പൂർത്തീകരിക്കുമെന്നുള്ള വാഗ്ദാനം മൂന്ന് വർഷം മുമ്പുതന്നെ എൽ.ഡി.എഫ്. സർക്കാരിന് പൂർത്തീകരിക്കാൻ കഴിഞ്ഞു. ഞങ്ങൾ തയ്യാറാക്കിയ ചാർട്ടുപ്രകാരം ഇനിയുമേറെ പാലങ്ങൾ പൂർത്തീകരിക്കാനുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലങ്ങളുടെ നിർമ്മാണപ്രവർത്തനത്തിന് പ്രത്യേക സംവിധാനമൊരുക്കുകയും പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. പാലങ്ങളെ മികച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റണമെന്ന് ബഹുമാന്യയായ കായംകുളം എം.എൽ.എ. പറയുകയുണ്ടായി. അത് ബഹുമാന്യയായ അംഗത്തിന്റെ മണ്ഡലത്തിൽ നല്ല നിലയിൽ നടപ്പിലായിട്ടുണ്ട്. ഇത് പരമാവധി സ്ഥലങ്ങളിൽ നടപ്പാക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ട്രൈബൽ മേഖലയിലേയ്ക്കുള്ള പാലങ്ങൾക്ക് വകുപ്പിനുകീഴിൽ പ്രത്യേക പദ്ധതി നടപ്പാക്കിവരുന്നു. നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഇരുട്ടുകുത്തി പാലം ഈ പദ്ധതിയിലുൾപ്പെടുത്തുകയും അതിന്റെ നിർമ്മാണപ്രവൃത്തികൾ

പുരോഗമിക്കുകയുമാണ്. നഗര റോഡ് വികസന പദ്ധതികളും കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുകയാണ്. കണ്ണൂർ, കൊല്ലം നഗര റോഡ് വികസന പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് അനുമതി നൽകി. കോഴിക്കോട്-വെള്ളിമാടുകുന്ന്-മാനാഞ്ചിറ റോഡ് നിർമ്മാണവും സാധ്യമാകാൻ പോകുകയാണ്. തിരുവനന്തപുരം സ്മാർട്ട് സിറ്റി റോഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ അതിനെക്കുറിച്ച് വിശദമായി പറയാൻ ഉദ്ദേശിക്കുന്നില്ല. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യമാണത്. മികച്ച ഏകോപനത്തോടുകൂടി അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പുള്ള, മുടങ്ങിക്കിടന്ന പദ്ധതിയാണത്. കരാറുകാരുടെ സമീപനത്തിനെതിരെ കർക്കശ നിലപാട് സ്വീകരിക്കുകയും വിവിധ ടെൻഡറുകളാക്കി മാറ്റുകയും ചെയ്തതിന്റെ ഫലമായി കാര്യങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. ഭാവിയിൽ നഗര റോഡുകളെ നല്ല നിലയിൽ മനോഹരമാക്കി മാറ്റാൻ സാധിക്കും. ഇക്കാര്യങ്ങളെല്ലാം നേരത്തെ സഭയിൽ പറഞ്ഞിരുന്നു. സർക്കാർ

അത്തരത്തിലുള്ള കർക്കശ നിലപാട് സ്വീകരിച്ചതുകൊണ്ടാണ് ത്വരിതഗതിയിൽ പല റോഡുകളും ഗതാഗത യോഗ്യമാക്കാൻ സാധിച്ചതെന്ന കാര്യം യാഥാർത്ഥ്യമാണ്. സ്മാർട്ട് സിറ്റി റോഡ് എന്ന നിലയിൽ ഡക്ടുകളും മറ്റ് സംവിധാനങ്ങളുമൊരുക്കി റോഡ് യാഥാർത്ഥ്യമാകുമ്പോൾ നമുക്കെല്ലാവർക്കും അതിൽ സന്തോഷിക്കാം. പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകൾ സംബന്ധിച്ച് നേരത്തെ ഇവിടെ പറഞ്ഞതിനാൽ ആവർത്തിക്കുന്നില്ല. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് ആരംഭിച്ചതിനുശേഷം വലിയ നിലയിൽ വരുമാനമുണ്ടാകുകയും ജനങ്ങൾക്ക് അത് ആശ്വാസ പദ്ധതിയായി മാറുകയും ചെയ്തു. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഇരുപത്തിയൊൻപത് പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കടലാക്രമണത്തെ ചെറുക്കാൻ കഴിയുന്ന ശംഖുമുഖം റോഡ് സാധ്യമാക്കാൻ കഴിഞ്ഞു. കുട്ടനാടൻ മേഖലയിലെ എ.സി. റോഡ് നവീകരണം അന്തിമഘട്ടത്തിലേയ്ക്ക് എത്തുകയാണ്. നൂതന സംവിധാനങ്ങളോടുകൂടിയ റോഡ് നിർമാണമാണ് ഇവിടെ സാധ്യമാകുന്നത്. റീബിൽഡ് കേരളയിലെ ചില പദ്ധതികളിൽ പ്രതീക്ഷിച്ച പുരോഗതിയില്ലാതിരുന്ന സാഹചര്യത്തിൽ അത്തരം

പദ്ധതികളിൽ കടുത്ത നിലപാട് സ്വീകരിച്ചാണ് മുന്നോട്ടുപോകുന്നത്. മറ്റ് സാങ്കേതിക വിദ്യകളുപയോഗിച്ച് പുതിയ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഗവേഷണ മേഖലയെ ശക്തിപ്പെടുത്തുകയും കാലാവസ്ഥാ വ്യതിയാനം റോഡുകളുടെ നിർമ്മാണത്തിലടക്കമുണ്ടാക്കുന്ന മാറ്റങ്ങൾ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഏത് കാലാവസ്ഥയെയും അതിജീവിക്കുന്ന കരുത്തുറ്റ റോഡുകൾ നിർമ്മിക്കാൻ കഴിയുന്ന പുത്തൻ നിർമ്മാണവിദ്യ KHRI (Kerala Highway Research Institute) ഗവേഷണത്തിലൂടെ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകുകയുമാണ്. ഇത്തരത്തിൽ പൊതുമരാമത്ത് മേഖലയിൽ, പരമാവധി എല്ലാവരെയും യോജിപ്പിച്ചുകൊണ്ട് സാധ്യമാകുന്ന കാര്യങ്ങളുമായി മുന്നോട്ടുപോകുകയാണ്. കെട്ടിട നിർമ്മാണ മേഖലയിൽ കോമ്പോസിറ്റ് ടെൻഡർ നടപ്പാക്കുമെന്ന് നേരത്തെ സഭയെ അറിയിച്ചിരുന്നു. ഇതിന്റെ നടപടികൾ വളരെ ഫലപ്രദമായി മുന്നോട്ടുപോകുകയാണ്. ജനങ്ങൾക്ക് എല്ലാ വിഷയത്തിലും ഇടപെടാനും പരാതി നൽകാനും

വിമർശിക്കാനുമുള്ള സൗകര്യങ്ങൾകൂടി ഒരുക്കി വകുപ്പ് മുന്നോട്ടുപോകുന്ന സ്ഥിതിയാണ് പൊതുവെ കാണാൻ സാധിക്കുന്നത്.

ടൂറിസം മേഖലയെ സംബന്ധിച്ച് പറയാം. കോവിഡ് മഹാമാരിയുടെ കാഠിന്യത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ടൂറിസം മേഖല തകർന്ന് തരിപ്പണമായി നിൽക്കുന്ന ഘട്ടമായിരുന്നു അത്. കാരണം, സഞ്ചാരമെന്നത് നമുക്ക് സ്വപ്നം കാണാൻപോലും കഴിയാത്ത സ്ഥിതിയായിരുന്നു അന്ന്. പക്ഷേ നാം എല്ലാ നിലയിലും ഇടപെടുകയും വിവിധ മേഖലകളിലുള്ളവരോട് അഭിപ്രായം ചോദിച്ച് മുന്നോട്ടുപോകുകയും ചെയ്യുന്ന സ്ഥിതിയായിരുന്നു അന്നുണ്ടായിരുന്നത്. കോവിഡ് കാലത്തുതന്നെ ടൂറിസം മേഖലയെ എങ്ങനെ പുനഃസൃഷ്ടിക്കാമെന്ന് ചിന്തിച്ചതിന്റെ ഭാഗമായി പല പദ്ധതികളും നടപ്പാക്കുകയുണ്ടായി. ഇക്കാര്യങ്ങളെല്ലാം നേരത്തെ സഭയിൽ സൂചിപ്പിച്ചതാണ്. പ്രസ്തുത പദ്ധതികൾ പിന്നീട് ജനങ്ങൾ ഏറ്റെടുക്കുന്ന സ്ഥിതിയുണ്ടായി. വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങൾ സജ്ജമാക്കുകയും ബയോ-ബബിൾ സംവിധാനം കൊണ്ടുവരികയും ചെയ്തു. നാം ഈ സഭയിൽ ചർച്ച ചെയ്ത വെക്കേഷൻ ട്രെൻഡ്

മുന്നോട്ടുകൊണ്ടുപോകുന്ന സ്ഥിതിയുണ്ടായി. വയനാട് ജില്ലയിൽനിന്നുള്ള മൂന്ന് അംഗങ്ങൾ ഈ സഭയിലുണ്ട്. വയനാട് ടൂറിസം നല്ല നിലയിൽ വികസിച്ചു. കൽപ്പറ്റ അംഗം സംസാരിക്കുമ്പോൾ അതുസംബന്ധിച്ച് പറയുമെന്ന് കരുതി, അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. ലോക്സഭാ തെരഞ്ഞെടുപ്പ് വിജയത്തിന്റെ ജഗപൊകയിൽ അദ്ദേഹം വയനാട്ടിലെ ടൂറിസം വികസനത്തെക്കുറിച്ച് പറയാൻ വിട്ടുപോയി എന്നുള്ളത് ഞാൻ ചൂണ്ടിക്കാട്ടുകയാണ്. ഹാംഗ് ഓവറിന്റെ മലബാറിലെ മലയാള പ്രയോഗമാണ് ജഗപൊക. സഞ്ചാരികളുടെ എണ്ണം കോവിഡിനുമുമ്പ് 1143710 ആയിരുന്നത് പിന്നീട് 1509207 ആയും 2023-ൽ 1750267 ആയും വർധിച്ചു. ഇതിനനുസരിച്ച് വരുമാനവും വർധിച്ചു. 2021-22-ൽ 49215812 ആയിരുന്നത് 2023-24-ൽ 126235945 ആയി മാറി. ഇവിടെ മൂന്നിരട്ടിയിലധികം വർധനവാണുണ്ടായത്. സമയക്കുറവുമൂലം ഞാൻ അതൊന്നും വായിക്കുന്നില്ല. ഇത്തരത്തിൽ സഞ്ചാരികളുടെ എണ്ണത്തിൽ വർധനവുണ്ടാകുന്ന സ്ഥിതിയുണ്ടായി. കോവിഡ് കാലത്ത് നാം പുറകിലേയ്ക്ക് പോയതിൽനിന്നും എങ്ങനെ മുന്നിലേയ്ക്ക് വരാമെന്നത് സംബന്ധിച്ച് കൃത്യമായ

ധാരണയുണ്ടാക്കിയിരുന്നു. ജില്ലയിലുള്ളവർ ജില്ലയിൽത്തന്നെ പോകുക, ജില്ലയിലുള്ളവർ മറ്റ് ജില്ലകളിലേയ്ക്ക് പോകുക, കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിലുള്ളവർ കേരളത്തിലേയ്ക്ക് വരിക എന്നിങ്ങനെ ആഭ്യന്തര സഞ്ചാരികളെ മൂന്നായി തിരിച്ചു. ആ പദ്ധതിയാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതോടൊപ്പം കോവിഡിന്റെ രൂക്ഷത കുറയുന്ന നാളുകളിൽ വിദേശ സഞ്ചാരികളുടെ എണ്ണം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ വലിയ നിലയിൽ ലക്ഷ്യപ്രാപ്തിയിലെത്തുന്നുണ്ട്. രാജ്യത്ത് ഡൊമസ്റ്റിക് ടൂറിസ്റ്റുകളുടെ വർധനവ് 2021-ൽ 11.05% ആയിരുന്നു. ആ സമയത്ത് കേരളത്തിൽ 50% വർധനവാണുണ്ടായത്. ഇത് ദേശീയ ശരാശരിയേക്കാൾ എത്രയോ ഇരട്ടിയാണ്! റിവഞ്ച് ടൂറിസത്തെക്കുറിച്ച് നാം നേരത്തെ സംസാരിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പല വേദികളിലും റിവഞ്ച് ടൂറിസത്തെക്കുറിച്ച് സംസാരിക്കാറുണ്ട്, അതിൽ വലിയ സന്തോഷമുണ്ട്. റിവഞ്ച് ടൂറിസം ഫലപ്രദമായി ഉപയോഗിക്കാനുള്ള ശ്രമമാണ് കേരളം നടത്തുന്നത്. 2020-ൽ 11,335 കോടി 96 ലക്ഷം രൂപയായിരുന്ന വരുമാനം

2023-ൽ 43,621 കോടി 22 ലക്ഷം രൂപയായി ഉയർന്നു. വിദേശ സഞ്ചാരികളുടെ വരവ് ഇനിയും വർധിപ്പിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ഒട്ടേറെ പ്രവൃത്തികളാണ് ചെയ്തുവരുന്നത്. ഇപ്പോൾ ഒരു പ്രധാനപ്പെട്ട ഏജൻസി ഹോട്ടലുകളുമായി ബന്ധപ്പെട്ട് ഒരു പഠനം നടത്തി. അതിൽ കോവിഡിനുശേഷം നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ ഹോട്ടൽ ബുക്കിംഗ് നടന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തിയപ്പോൾ കേരളമാണ് ഒന്നാം സ്ഥാനത്തെത്തിയത്. അതിൽത്തന്നെ കുമരകം ഒന്നാം സ്ഥാനത്തും കോവളം മൂന്നാം സ്ഥാനത്തും വരികയുണ്ടായി. വമ്പൻ നഗരങ്ങളെയും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെയും പിന്തള്ളിയാണ് ഈ മുന്നേറ്റം സാധ്യമാക്കിയത്. ടൂറിസം മേഖലയിൽ നെഗറ്റീവായ വാർത്തകൾ പ്രചരിപ്പിക്കുക എന്നതാണ് പൊതുവെ നമ്മുടെ സംസ്ഥാനത്ത് കാണുന്ന പ്രവണത. പ്രതിപക്ഷ എം.എൽ.എ.-മാർക്ക് സർക്കാരിനെയോ മന്ത്രിയെയോ അറ്റാക്ക് ചെയ്യാം. മാധ്യമ ഉടമകൾക്ക് കൃത്യമായ രാഷ്ട്രീയമുണ്ടാകും, ആരെ ഫോക്കസ് ചെയ്യണമെന്ന് അവർക്ക് കൃത്യമായറിയാം, അവർ അറ്റാക്ക് ചെയ്യും. എന്നാൽ അത് കേരളത്തിന്റെ

ടൂറിസം മേഖലയ്ക്ക് കുഴപ്പമുണ്ടാക്കുന്ന നിലയിലേയ്ക്ക് പോകരുത്. ഇക്കാര്യത്തിൽ നാം ഒരു നിലപാടെടുത്ത് മുന്നോട്ടുപോകേണ്ടതാണ്. കേരളമാകെ മോശമാണെന്ന പ്രചാരണമുണ്ടായാൽ അത് നമ്മുടെ ടൂറിസത്തിന്റെ വളർച്ചയെയല്ല, തളർച്ചയെയാണ് സഹായിക്കുക. മറ്റുപല സംസ്ഥാനങ്ങളിലെ ടൂറിസം മന്ത്രിമാരും കേരളത്തെ വലിയ നിലയിൽ പ്രകീർത്തിച്ച് സംസാരിച്ചത് നേരത്തെ വാർത്തയായിരുന്നു. ന്യൂയോർക്ക് ടൈംസും മറ്റ് മാഗസിനുകളുമൊക്കെ നൽകിയ അവാർഡുകൾ ഞാനിവിടെ പറയുന്നില്ല, അതെല്ലാം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ നടപ്പാക്കിയ വ്യത്യസ്ത പദ്ധതികളൊക്കെ നമുക്കറിയാവുന്നതാണ്. ഇവിടെ കാരവൻ ടൂറിസത്തെക്കുറിച്ച് പറഞ്ഞു. കേരളത്തിന്റെ ടൂറിസം മേഖലയിൽ മൂന്ന് പതിറ്റാണ്ടിനുശേഷം കൊണ്ടുവന്ന ഒരു ഉല്പന്നമാണത്. കാരവൻ ടൂറിസത്തിന്റെ സാധ്യതകൾ ഇനിയും നമുക്ക് ഉപയോഗപ്പെടുത്താനാകും. കാരവൻ സംരംഭകരുമായി ഒന്നിലേറെ തവണ വിവിധ തലങ്ങളിൽ ആശയവിനിമയം നടത്തിയിരുന്നു. കൂടുതൽ കാരവൻ പാർക്കുകൾ

വേണമെന്നതാണ് ആവശ്യം. കെ.റ്റി.ഡി.സി.-യുടെ നേതൃത്വത്തിൽ കൂടുതൽ കാരവൻ പാർക്കുകൾ എന്ന തീരുമാനം ഇതിന്റെ ഭാഗമായി ഉണ്ടായതാണ്, അവ ഈ വർഷം ആരംഭിക്കും. ഇനിയും കൂടുതൽ സ്ഥലങ്ങളിൽ കാരവൻ പാർക്കുകൾ നടപ്പാക്കാൻ ശ്രമിക്കും. ദേശീയപാതാ വികസനം സാധ്യമാകുന്നതോടുകൂടി ഈ മേഖലയിൽ മറ്റ് നിലയിലും ഇടപെടാൻ സാധിക്കുന്നതാണ്. എല്ലാ വകുപ്പുകളുമായും ചർച്ച ചെയ്ത് എന്തൊക്കെ ചെയ്യാനാകുമെന്നത് പരിശോധിച്ച് മുന്നോട്ടുപോകുന്നതാണ്. എൽ.എസ്.ജി.ഡി.-യുമായി സഹകരിച്ചുകൊണ്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ചിനെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിൽ ഉദ്ദേശിച്ചതുപോലെ ഫലം കണ്ടുവരുന്നുണ്ട്, ഇപ്പോൾത്തന്നെ മുപ്പതോളം ഡെസ്റ്റിനേഷനുകളുടെ ഉദ്ഘാടനം നടത്താൻ സാധിക്കും. സാഹസിക ടൂറിസം കുറച്ച് സാഹസികമായി ചെയ്യേണ്ടതാണ്. അത് എല്ലാ നിലയിലും നടപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. അതിന് മാർഗനിർദേശം നൽകുന്നതിന് ഒരു വിദഗ്ധ സമിതിയെ സൃഷ്ടിക്കാനായി രജിസ്ട്രേഷൻ വച്ച ഇന്ത്യയിലെതന്നെ ആദ്യത്തെ സംസ്ഥാനം കേരളമാണ്. അത് കർക്കശമായി

മുന്നോട്ടുപോകുന്നുണ്ട്, മറ്റ് ചില കാര്യങ്ങളും ആ മേഖലയിൽ നടപ്പാക്കിവരുന്നുണ്ട്. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഹബ്ബായി കേരളം മാറി. ഇന്ന് 25188 യൂണിറ്റുകൾ ഉത്തരവാദിത്വ ടൂറിസം മിഷന്റെ ഭാഗമായിട്ടുണ്ട്. പൈതൃക ടൂറിസം പോലുള്ള വ്യത്യസ്ത പദ്ധതികളാണ് ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്നത്. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് 2023 നവംബർ മാസത്തിൽ നടത്തിയതാണ്. എല്ലാവരുമായി ചർച്ച ചെയ്തിട്ടാണ് കേരളത്തിൽ ആദ്യമായി ടൂറിസം മേഖലയിൽ ഇങ്ങനെയൊരു പ്രോഗ്രാം നടത്തിയത്. അക്കാര്യം ഞാൻ ഈ സഭയിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിന് ഉദ്ദേശിച്ച ഫലം ലഭിക്കുന്നുണ്ട്, നന്നായി നടപ്പാക്കി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. സമയക്കുറവുമൂലം അതിന്റെ വിശദമായ കണക്കുകൾ ഞാൻ പറയുന്നില്ല. കാരവൻ ടൂറിസത്തിന്റെ ഫലമായുണ്ടായ മാറ്റങ്ങളുടെയും കണക്കുകൾ ഇവിടെയുണ്ട്. അതും ഞാൻ പൂർണമായും വായിക്കുന്നില്ല. ഇങ്ങനെ സാധ്യമാകുന്ന കാര്യങ്ങളാണ് പൊതുവെ ഈ വകുപ്പിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ വന്നിട്ടുള്ള ചില നിർദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. അതിൽ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ CMT

(Constituency Monitoring Team) പുതിയൊരു പരീക്ഷണമായിരുന്നു. 140 മണ്ഡലങ്ങളിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിലുള്ള ഉദ്യോഗസ്ഥന് ചുമതല കൊടുത്തുകൊണ്ട് മാസത്തിലൊരിക്കൽ മീറ്റിംഗ് നടത്തേണ്ടതും ബന്ധപ്പെട്ട എം.എൽ.എ. അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്നവർ അതിൽ പങ്കെടുക്കേണ്ടതുമാണ്. അത് പുതിയൊരു പദ്ധതി നടപ്പാക്കാനുള്ള യോഗമല്ല, നിലവിലുള്ള പദ്ധതിയുടെ പരിപാലനവും പൊതുസ്ഥിതിയും പരിശോധിക്കാനുള്ളതാണ്. എന്താണ് പാളിച്ചയെന്ന് പരിശോധിക്കുകയാണ്, ഫണ്ടിന്റെ കാര്യങ്ങൾ അതിലല്ല ചർച്ച ചെയ്യുന്നത്. ഏഴ് ജില്ലകളെ സോണലായി തിരിച്ച് രണ്ട് ഉയർന്ന ഉദ്യോഗസ്ഥർക്ക് അതിന്റെ ചുമതല നൽകിയിട്ടുണ്ട്. അവർ എല്ലാ മാസവും റിപ്പോർട്ട് തരുന്നുണ്ട്. അത് ഒന്നുകൂടി കർക്കശമാക്കി മുന്നോട്ടുപോകാനാണ് ആലോചിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീ. സജീവ് ജോസഫിന്റെ മണ്ഡലമായ ഇരിക്കൂറിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ 32,91,00,000/- രൂപയുടെ ആറ് ബജറ്റ് പ്രവൃത്തികളും 14,11,00,000/- രൂപയുടെ രണ്ട് നബാർഡ് പ്രവൃത്തികളും

അതിനുപുറമെ 1,12,00,000/- രൂപയുടെ 51 പ്രവൃത്തികൾ നോൺ പ്ലാൻ ഹെഡ്ഡിലും 5,77,00,000/- രൂപയുടെ 10 പ്രവൃത്തികൾ ആർ.സി.-യിലും അനുവദിച്ചിട്ടുണ്ട്. ഇത് കേൾക്കുമ്പോൾ പല എം.എൽ.എ.-മാർക്കും പരാതിയുണ്ടാകും. പക്ഷെ ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ മണ്ഡലത്തിന് വേണ്ടത്ര പരിഗണന നൽകിയിട്ടില്ലെന്ന് പറഞ്ഞതുകൊണ്ട് ഈ ഗവൺമെന്റ് എങ്ങനെയുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാൻ വേണ്ടിയാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. ഇനിയും അവിടെ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച് ആലോചിക്കും. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം മലയോര മേഖലയെക്കുറിച്ചാണ്. ശരിയാണ്, അവിടെ ധാരാളം റോഡുകളുണ്ട്. ഇതിൽ നോൺ പ്ലാൻ ഹെഡ്ഡിലുള്ള ഭൂരിഭാഗം പ്രവൃത്തികളും പൂർത്തിയായ അവസ്ഥയിലാണ്. ബജറ്റ്, നബാർഡ് എന്നിവയിൽ ഉൾപ്പെടുത്തി രണ്ട് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്; ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കെ.ആർ.എഫ്.ബി. പ്രവൃത്തികളും നടപ്പാക്കിവരികയാണ്. പാലങ്ങൾ വിഭാഗത്തിനുകീഴിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അനുവദിച്ച് ഈ സർക്കാരിന്റെ കാലത്ത്

10,10,00,000/- രൂപ ചെലവിൽ അലക്സ് നഗർ പാലവും 3,80,00,000/- രൂപ ചെലവിൽ ആലങ്കോട് പാലവും പൂർത്തിയാക്കുകയും 6,80,00,000/- രൂപയുടെ ഭരണാനുമതിയുള്ള കരുവഞ്ചാൽ പാലത്തിന്റെ നിർമ്മാണപ്രവൃത്തി പുരോഗതിയിലുമാണ്. പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിയും അവലോകനം ചെയ്യുന്നുണ്ട്.

എനിക്ക് അറിഞ്ഞുകൂടാത്ത മറ്റുപല കാര്യങ്ങളും ഇവിടെ ചില അംഗങ്ങൾ ഉന്നയിക്കുകയുണ്ടായി. പ്രതിപക്ഷ എം.എൽ.എ.-മാരോട് ധിക്കാരത്തോടെയും ധാർഷ്ട്യത്തോടെയുമാണ് ഞാൻ നിലകൊള്ളുന്നത് എന്നാണ് ബഹുമാനപ്പെട്ട ചാലക്കുടി അംഗം ശ്രീ. സനീഷ്കുമാർ ജോസഫ് പറഞ്ഞത്. അതിന്റെ കാരണമെന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. എന്റെ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ നിലപാടുകൾ പറയുന്നതാണ് ധിക്കാരവും ധാർഷ്ട്യവുമെങ്കിൽ അവസാന ശ്വാസം പോകുന്നതുവരെ അത് എന്നിലുണ്ടാകും എന്നുള്ളത് സഭയെ അറിയിക്കുകയാണ്. പൊതുവെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ നല്ല നിലയിൽ പെരുമാറാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. അത് കൃത്രിമമല്ല, മനസ്സിലുള്ള രീതിയിൽത്തന്നെയാണ്

പെരുമാറിയിട്ടുള്ളത്. നിലപാട് പറയുന്ന സമയത്ത് കർക്കശമായ നിലപാട് പറഞ്ഞുപോകും. അദ്ദേഹം പറയുമ്പോൾ ബേപ്പൂർ നിയോജകമണ്ഡലത്തിൽ 53 ടൂറിസം പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നുവെന്ന് പറഞ്ഞത് അടിസ്ഥാനരഹിതമാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഈ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് തൊട്ടുമുൻപ് മാർച്ച് 3-ന് ചാലക്കുടി ആനമല റോഡിലെ ആനക്കയം പാലം നിർമാണത്തിന് 6,90,00,000/- രൂപയുടെ ഭരണാനുമതി നൽകിയ കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്. അത് അദ്ദേഹം മറന്നുപോയതാണോയെന്ന് അറിയില്ല. ചിലപ്പോൾ നിശ്ചയിച്ച് വന്നതായിരിക്കും, അതിൽ തെറ്റില്ല. ചില വ്യക്തിപരമായ പരാമർശങ്ങൾക്ക് മറുപടി പറയുന്നില്ല. അദ്ദേഹം വരുന്നത് തൃശ്ശൂർ ജില്ലയിൽനിന്നാണ്. അവിടത്തെ ഡി.സി.സി. ഓഫീസിൽ നടക്കുന്നത് എന്തൊക്കെയാണെന്ന് നമുക്കറിയാം. മധു ഈച്ചരത്ത്, ലാൽജി കൊള്ളന്നൂർ എന്നിവരുടെ നാട്ടുകൂടിയാണ് തൃശ്ശൂർ ജില്ല. ഒരേ പാർട്ടിയിലുള്ളവരെ കൊലപ്പെടുത്താൻ മനസ്സുള്ളവർ അവിടെയുണ്ട്. അങ്ങനെയുള്ള ഒരു ജില്ലയിലെ കോൺഗ്രസ്സ് പ്രവർത്തനത്തിന്റെ ഭാഗമായി

വരുന്ന ഒരാൾ എനിക്കെതിരെ ഇങ്ങനെയൊരു പരാമർശം നടത്തിയതിൽ ഞാൻ തെറ്റ് കാണുന്നില്ല. വ്യക്തിപരമായ കാര്യം ജനങ്ങൾ നിശ്ചയിച്ചോട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. തിരഞ്ഞെടുപ്പിന്റെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. തിരഞ്ഞെടുപ്പിൽ വിജയിച്ചാലും പരാജയപ്പെട്ടാലും അതിന്റെ കാര്യങ്ങൾ പരിശോധിച്ച് തിരുത്തേണ്ടത് തിരുത്തി മുന്നോട്ടുപോകുന്ന രീതിയാണ് എന്റെ പ്രസ്ഥാനത്തിനും മുന്നണിക്കുമുള്ളത്. പരാജയപ്പെട്ടാൽ മാത്രമല്ല, വിജയിച്ചാലും ഞങ്ങളത് പരിശോധിക്കും തിരുത്തേണ്ട കാര്യങ്ങളുണ്ടെങ്കിൽ തിരുത്തും. എന്നാൽ ഒരു ലോക്സഭാ തിരഞ്ഞെടുപ്പിൽ വിജയിക്കുമ്പോൾത്തന്നെ ഭാഷയും ശൈലിയും ആർക്കാണ് മാറുന്നതെന്ന് അദ്ദേഹം ഇന്ന് നടത്തിയ പ്രസംഗത്തിൽ നിന്നുതന്നെ വ്യക്തമാകുന്നതാണ്.

**[അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. വി. കെ. പ്രശാന്ത്]**

ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ചാവക്കാട് ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ കാര്യം ഇവിടെ പറഞ്ഞു. ചാവക്കാട് അംഗം ഇപ്പോൾ ഈ സഭയിലുണ്ട്. അവിടെ ജനങ്ങൾതന്നെ ആ വിഷയം കൈകാര്യം ചെയ്തതാണ്. ആരുടെ താല്പര്യമാണെന്ന് നമുക്കറിയാം. വാട്ടർ സ്പോർട്സ് കേരളത്തിൽ

വളരരുതെന്ന് ആഗ്രഹിക്കുന്ന നമ്മുടെ സംസ്ഥാനത്തിന് പുറത്തുള്ള ഒരു ലോബി വളരെ ബോധപൂർവ്വം ഇത്തരം പ്രചാരണങ്ങൾ നടത്തിവരുന്നുണ്ട്. അതിനെതിരെ അവിടത്തെ എം.എൽ.എ.-യുടെ നേതൃത്വത്തിൽ വലിയ ക്യാമ്പയിൻ നടത്തി. മഞ്ചേശ്വരം മണ്ഡലത്തിൽ 2023-24 വർഷം നബാർഡ് പദ്ധതികൾവഴി പെർമുദെ-ധർമത്തടുക്ക റോഡിന് 5 കോടി രൂപയും ആർ.പി. പദ്ധതിയിൽ മാസ്കമാരി-കുരുടപ്പദവ് റോഡിന് നാലര കോടി രൂപയും നൽകി. ഇനിയും അവിടെ എന്തൊക്കെ ചെയ്യാനാകുമെന്ന് പരിശോധിച്ച് മുന്നോട്ടുപോകുന്നതാണ്. ചില എം.എൽ.എ.-മാർ ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത്തരം കാര്യങ്ങൾ നടപ്പിലാക്കി മുന്നോട്ടുപോകുന്നതിന് ഇടപെടുമെന്ന് അറിയിക്കുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ കണക്കുവച്ച് വലിയ നിലയിലുള്ള ആക്ഷേപമാണ് സർക്കാരിനെതിരെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരെയും നടത്തിയിട്ടുള്ളത്. 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം വന്നതിനുശേഷം നടന്ന ആദ്യ നിയമസഭാ സമ്മേളനത്തിലെ ചർച്ചയുടെ മിനിറ്റ്സ് എല്ലാവരും വായിച്ചുനോക്കുന്നത് നല്ലതാണ്. ഇതിലും വലിയ

അഹങ്കാരത്തോടും ധാർഷ്ട്യത്തോടുംകൂടിയാണ് അന്ന് പ്രതിപക്ഷ എം.എൽ.എ.-മാരിൽ ചിലർ ചർച്ചയിൽ പങ്കെടുത്തത്. കാര്യങ്ങൾ പൊതുവേ പരിശോധിച്ച് മുന്നോട്ടുപോകുമെന്ന് അന്ന് ഞങ്ങൾ പറഞ്ഞിരുന്നു, അതുതന്നെ ഇന്നും പറയുന്നു. ഇത് നാട്ടിൽ നടക്കുന്ന അവസാനത്തെ തിരഞ്ഞെടുപ്പല്ല. ഇനിയും ഒരുപാട് തിരഞ്ഞെടുപ്പുകളുണ്ടാകും. ജനങ്ങളിലേയ്ക്ക് കൂടുതൽ ഇടപെട്ട് മുന്നോട്ടുപോകുമെന്ന് അന്ന് ഞങ്ങൾ സൂചിപ്പിച്ചിരുന്നു. അതുപോലെ ഞങ്ങൾ ഇടപെട്ട് മുന്നോട്ടുപോയി തുടർഭരണവുമായി ഇവിടെ വന്നിരിക്കുകയാണ്. തുടർഭരണവുമായി വന്ന് നിൽക്കുമ്പോൾ ഇവിടെ പല കണക്കുകളും ചൂണ്ടിക്കാട്ടി ചർച്ച നടത്തുകയാണ്. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഫലത്തെക്കുറിച്ചുള്ള രാഷ്ട്രീയമായ കാര്യങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതാക്കന്മാർ പുറത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഈ സഭയിലും പറഞ്ഞിട്ടുണ്ട്. ലോക്സഭാ തിരഞ്ഞെടുപ്പിൽ 2019-ൽ പരാജയപ്പെട്ട ആറുപേർ പിന്നീട് നിയമസഭയിൽ മികച്ച വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ച് ഇന്ന് ഈ മന്ത്രിസഭയിലെ അംഗങ്ങളാണെന്നുള്ളത് ഓർമ്മപ്പെടുത്തുകയാണ്.

അതിലൊരാൾ ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ വലിയ വോട്ടിന് പരാജയപ്പെടുകയും ഒന്നരവർഷം കഴിഞ്ഞപ്പോൾ നിയമസഭാ തിരഞ്ഞെടുപ്പിൽ അതിലേറെ ഭൂരിപക്ഷത്തിന് വിജയിച്ച് ഇന്നിവിടെ ഒരു പ്രധാനപ്പെട്ട വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയായിരിക്കുകയുമാണ്. അപ്പോൾ തിരഞ്ഞെടുപ്പിൽ ജയവും തോൽവിയുമുണ്ടാകും. അതുകൊണ്ട് 'ധാർഷ്ട്യം' എന്നുപറഞ്ഞ് വിരൽ ചൂണ്ടുമ്പോൾ നിങ്ങളറിയാതെ നിങ്ങളുടെ സംസാരത്തിൽ ധാർഷ്ട്യം വരുന്നുണ്ടെന്നത് പരിശോധിക്കണം. നമുക്ക് നല്ല നിലയിൽ രാഷ്ട്രീയം പറഞ്ഞുതന്നെ മുന്നോട്ടുപോകാം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പിന് നല്ല പിന്തുണയാണ് ഭരണകക്ഷി-പ്രതിപക്ഷ എം.എൽ.എ.-മാർ നൽകിയിട്ടുള്ളത്. സാധ്യമാകുന്ന കാര്യങ്ങളൊക്കെ പ്രയോറിറ്റി നോക്കാതെ അതത് മണ്ഡലങ്ങളിൽ നടപ്പിലാക്കാനുള്ള ശ്രമം തുടരും. ഈ ധനാഭ്യർഥനയുടെ ചർച്ചയിൽ പങ്കെടുത്ത് ക്രിയാത്മകമായ നിർദേശങ്ങൾ നൽകിയ മുഴുവൻ എം.എൽ.എ.മാരെയും അതുപോലെ ആരോഗ്യകരവും ക്രിയാത്മകവുമായ

വിമർശനം നടത്തിയ അംഗങ്ങളെയും പ്രത്യേകം അഭിവാദ്യം ചെയ്തുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് ഭരണ-പ്രതിപക്ഷാംഗങ്ങൾ പങ്കെടുത്ത ധനാഭ്യർത്ഥന ചർച്ചയിൽ വന്ന നിർദ്ദേശങ്ങളെയും വിമർശനങ്ങളെയും ഞാൻ ഉൾക്കൊള്ളുകയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജില്ലാ കൗൺസിലിൽ നടന്നുവെന്ന പേരിൽ ഉന്നയിക്കപ്പെട്ടതും മാധ്യമങ്ങൾ പ്രചരിപ്പിച്ചതുമായ അസത്യങ്ങൾ ഇവിടെ വീണ്ടും ആവർത്തിക്കുന്ന അവസ്ഥയുണ്ടായി. തിരഞ്ഞെടുപ്പിലുണ്ടായ തിരിച്ചടി വസ്തുതാപരമായി പരിശോധിക്കാനും ആവശ്യമായ തിരുത്തൽ വരുത്താനുമുള്ള സംഘടനാ കരുത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടെന്ന കാര്യം നമുക്കെല്ലാം അറിയുന്നതാണ്. അതുകൊണ്ടുതന്നെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഞങ്ങൾക്കുണ്ടായ തിരിച്ചടി നന്നായി പരിശോധിക്കും, തിരുത്തേണ്ടത് തിരുത്തും, ഞങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ടുപോകും. അതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല.

ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനങ്ങൾക്കാവശ്യമായ തരത്തിലുള്ള ഇടപെടലാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടത്തിയിട്ടുള്ളത്. പ്രതിപക്ഷ എം.എൽ.എ.-മാർ പ്രതിനിധാനം ചെയ്യുന്ന മണ്ഡലങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വേർതിരിവോ അവഗണനയോ ഉണ്ടായിട്ടില്ല. ഇവിടെ പലഘട്ടങ്ങളിലും വിശദമായി കണക്കുകൾ ഞാൻ പറഞ്ഞതാണ്. ജനങ്ങൾക്കുള്ള ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുകയെന്നതാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പ്രധാനപ്പെട്ട കടമ. അക്കാര്യത്തിൽ ഈ ഗവൺമെന്റ് നിരവധി ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. റേഷൻ കാർഡില്ലാത്ത ഒരു കുടുംബവും ഇന്നുണ്ടാകാൻ സാധ്യതയില്ല. തടസ്സങ്ങളെല്ലാം മാറ്റി അവർക്ക് ഭക്ഷ്യധാന്യം ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചു. മുൻഗണനാവിഭാഗത്തിലെ അനർഹരായ പല ആളുകളും കൈവശം വച്ചിരുന്ന കാർഡ് സർക്കാർ ഇടപെടലിന്റെ ഫലമായി അഞ്ച് ലക്ഷത്തോളം അർഹതപ്പെട്ടവർക്ക് മാറ്റിക്കൊടുക്കാൻ സാധിച്ചു. അതിദരിദ്രരെ കണ്ടെത്തി അവർക്ക് കാർഡും ഭക്ഷ്യധാന്യവും ഉറപ്പാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെല്ലാം

പ്രതിപക്ഷ എം.എൽ.എ.-മാർ പൂർണമായി സഹകരിച്ച അനുഭവമാണുള്ളത്. എന്നാൽ ഇവിടെ ചർച്ചയ്ക്കിടയിൽ ഒന്നുരണ്ട് കാര്യങ്ങൾ ഉയർന്നുവന്നു. സപ്ലൈകോയുടെ പേരിൽ നടന്ന തട്ടിപ്പെന്ന് പറഞ്ഞുകൊണ്ട് ഒരു വിഷയം ബഹുമാനപ്പെട്ട ഒരംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സപ്ലൈകോയുമായി ബന്ധപ്പെട്ട് തട്ടിപ്പുണ്ടായിട്ടില്ല. എന്നാൽ സപ്ലൈകോയുടെ വ്യാജ ലെറ്റർ ഹെഡ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയ സതീഷ് ചന്ദ്രൻ എന്ന വ്യക്തി സപ്ലൈകോയിലെ മുൻജീവനക്കാരനായിരുന്നു. 31-08-2016-ന് സർവീസിൽനിന്നും വിരമിച്ച ആളായിരുന്നു അത്. സപ്ലൈകോയുടെ പർച്ചേസ് ഓർഡറാണെന്ന് തെറ്റിദ്ധരിച്ചാണ് ചില കമ്പനികൾ ചോളം നൽകിയത്. അതിന് പണം കൊടുക്കാത്ത വിഷയവുമായി ബന്ധപ്പെട്ട് സപ്ലൈകോയിൽ അന്വേഷിക്കുമ്പോഴാണ് ഇങ്ങനെയൊരു സംഭവം അറിയുന്നത്. സപ്ലൈകോ പോലീസിൽ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അയാളെ അറസ്റ്റ് ചെയ്തത്. അറസ്റ്റ് ചെയ്തത് മാത്രമല്ല, അന്വേഷണം ഗൗരവമായി നടന്നുവരികയുമാണ്. ഇതിൽ സപ്ലൈകോയ്ക്ക് സാമ്പത്തിക ബാധ്യതയോ നഷ്ടമോ ഉണ്ടായിട്ടില്ല. ആ സംഭവത്തെയാണ്

സഭയിൽ സപ്ലൈകോയുടെ അഴിമതിയായി അംഗം ചിത്രീകരിച്ചത്. അതിന്റെ വസ്തുത ഇതാണെന്നുള്ള കാര്യം അറിഞ്ഞിരിക്കണം.

കോവിഡ് കാലത്തെ ഭക്ഷ്യക്കിറ്റിന്റെ കമ്മീഷനുമായി ബന്ധപ്പെട്ടാണ് മറ്റൊരു കാര്യം ഇവിടെ വന്നത്. കോവിഡ് കാലയളവിലും തുടർന്നും സംസ്ഥാനത്തെ കാർഡുടമകൾക്ക് റേഷൻ കടകൾവഴി സൗജന്യമായി ഭക്ഷ്യക്കിറ്റുകൾ നൽകിയിരുന്നു. ആകെ 13 തവണയാണ് സൗജന്യ കിറ്റുകൾ വിതരണം ചെയ്തത്. പലതവണ സഭയിൽ ചർച്ച ചെയ്ത വിഷയമാണിത്. കിറ്റിനുള്ള കമ്മീഷനായി മൂന്ന് തവണകളിലായി 14.88 കോടി രൂപ റേഷൻ വ്യാപാരികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്നുള്ള കിറ്റുകളുടെ വിതരണം റേഷൻ വ്യാപാരികൾ ഒരു സേവനമായി കാണണമെന്നാണ് സർക്കാർ അവരോട് നിർദേശിച്ചത്. എന്നാൽ അതിനോട് യോജിക്കാതെ ചില റേഷൻ വ്യാപാരികൾ കോടതിയെ സമീപിക്കുകയും അനുകൂല വിധി സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ കോടതി വിധി നടപ്പാക്കുന്നതിന് ഏകദേശം 34 കോടി രൂപ സർക്കാർ കണ്ടെത്തേണ്ടതുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് തുക റേഷൻ വ്യാപാരികൾക്ക്

നൽകണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ട് അഡ്വക്കേറ്റ് ജനറലിന് വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ടാണ് മറ്റൊരു പ്രധാന വിമർശനം വന്നത്. രാജ്യത്ത് ഏറ്റവും മികച്ച നിലയിൽ നെല്ല് സംഭരണ പദ്ധതി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. അതുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ അവതരിപ്പിച്ച സബ്മിഷനിലും ഞാൻ മറുപടി പറഞ്ഞതാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വിഭിന്നമായി കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് പരിപൂർണ്ണമായി സംഭരിക്കുകയാണ്, അതിലൊരു നിയന്ത്രണവും വച്ചിട്ടില്ല. നെല്ലിന് രാജ്യത്ത് ഏറ്റവും ഉയർന്ന സംഭരണ വിലയായ 28.20 രൂപ നൽകിവരികയാണ്. കേന്ദ്ര സർക്കാർ നൽകുന്ന താങ്ങുവിലയായ 21.83 രൂപയ്ക്കുപുറമെ 6.37 രൂപ സംസ്ഥാന പ്രോത്സാഹന ബോണസായി നൽകിക്കൊണ്ടാണ് ഇത് സാധ്യമാക്കുന്നത്. 2023-24-ലെ നെല്ല് സംഭരണം സംസ്ഥാനത്ത് പൂർത്തിയായി വരികയാണ്. ദീർഘകാലമായി പണം കൊടുക്കാനുണ്ടെന്നാണ് ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചത്. അത് തെറ്റായതിനാലാണ് ഞാൻ അതിന്റെ വസ്തുത

വിശദീകരിക്കുന്നത്. നാളിതുവരെ 197671 കർഷകരിൽനിന്നായി 5.57 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയാണുണ്ടായത്. ഇതിന്റെ വില 1578 കോടി 60 ലക്ഷം രൂപയാണ്. ഇതിൽ 1130.69 കോടി രൂപ പി.ആർ.എസ്. വായ്പയായി കർഷകർക്ക് നൽകിയിട്ടുണ്ട്. സങ്കീർണമായ നിരവധി പ്രശ്നങ്ങളെ മറികടന്നാണ് സർക്കാർ പരമാവധി മികച്ച നിലയിൽ ഈ പദ്ധതി നടപ്പാക്കിവരുന്നത്. സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി റേഷൻ കടകൾവഴി ഉപഭോക്താവിന് വിതരണം ചെയ്തതിനുശേഷം മാത്രമേ താങ്ങുവിലയുടെ ക്ലെയിം കേന്ദ്രസർക്കാർ പ്രോസസ് ചെയ്യുകയുള്ളൂ. സംഭരണവില കർഷകന് ലഭിക്കാനുണ്ടാകുന്ന കാലതാമസത്തെ മറികടക്കുന്നതിനുവേണ്ടിയാണ് ബാങ്കുകളുടെ സഹായത്തോടെ പി.ആർ.എസ്. വായ്പ ആരംഭിച്ചത്. നെല്ല് സംഭരിച്ച വകയിൽ കേന്ദ്രസർക്കാരിൽനിന്നും 1079 കോടിയോളം രൂപ ലഭിക്കാനുണ്ട്. അതുപോലെ ഏകദേശം അതിനോടടുത്ത തുക സംസ്ഥാന സർക്കാരിൽനിന്നും സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട്. കുടിശ്ശിക സമയബന്ധിതമായി ലഭിക്കാത്തതുമൂലം പുതിയ വായ്പകൾ നൽകുന്നതിന്

ബാങ്കുകൾ വിസമ്മതിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. മേയ് മാസത്തിനുശേഷം സംഭരിച്ച നെല്ലിന്റെ പണം മാത്രമാണ് കൊടുക്കാനുള്ളത്. അത് എത്രയും പെട്ടെന്ന് കൊടുത്തുതീർക്കാനുള്ള നടപടിയിലാണ് സപ്ലൈകോയും ഗവൺമെന്റും.

ഇവിടെ നടന്ന ചർച്ചയിൽ പൊതുവിൽവന്ന ഒരു കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. സംസ്ഥാനത്തെ വളരെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ് സപ്ലൈകോ. സപ്ലൈകോ സാമാന്യം നന്നായിത്തന്നെ മാർക്കറ്റിൽ ഇടപെടുകയും ജനങ്ങൾക്ക് വിലകുറച്ച് സാധനങ്ങൾ ലഭ്യമാക്കാനുള്ള സൗകര്യമൊരുക്കുകയുമാണ്. കഴിഞ്ഞ പത്തുമാസക്കാലമായി സപ്ലൈകോയുടെ വിറ്റുവരവിൽ വലിയതോതിലുള്ള കുറവാണുണ്ടായിട്ടുള്ളത്. കുറെയേറെ വ്യാജപ്രചാരണം ആ പൊതുമേഖലാ സ്ഥാപനത്തെ വല്ലാതെ തകർക്കുന്ന അവസ്ഥയിലേയ്ക്കെത്തിച്ചു. നിങ്ങൾ എന്തിനുവേണ്ടിയാണ് ഇതെല്ലാം ഉപയോഗിക്കുന്നതെന്ന് എനിക്ക് നന്നായി അറിയാം. വിതരണക്കാർക്ക് സർക്കാർ പണം കൊടുക്കാനുണ്ട് എന്നത് വസ്തുത തന്നെയാണ്. എന്നാൽ

കഴിഞ്ഞ ഓണം സീസണിൽ മാത്രം 6 കോടി 28 ലക്ഷം രൂപയുടെ വിൽപ്പനയാണ് സപ്ലൈകോയിൽ നടന്നത്. ആ സീസണിൽ വിൽപ്പന നടത്തിയ 6 കോടി 28 ലക്ഷം രൂപയിൽ 1 കോടി 97 ലക്ഷം രൂപയുടേത് സബ്സിഡി ഉൽപ്പന്നങ്ങളാണ്. ബാക്കി 4 കോടി 31 ലക്ഷം രൂപയുടെ നോൺ സബ്സിഡി ഉൽപ്പന്നങ്ങളാണ് വിറ്റത്. സപ്ലൈകോയിൽ നോൺ-സബ്സിഡി ഉൽപ്പന്നങ്ങൾ 5 മുതൽ 30 ശതമാനം വരെ വില കുറച്ചാണ് നൽകുന്നത്. മാധ്യമങ്ങളുടെയൊക്കെ വ്യാജപ്രചാരണം വന്നപ്പോൾ സബ്സിഡി മാത്രം കിട്ടുന്നൊരു കേന്ദ്രമാണെന്ന നിലയിലുള്ള സന്ദേശമാണ് ആളുകളുടെ മനസ്സിലേയ്ക്കെത്തിയത്. സബ്സിഡി ഉൽപ്പന്നങ്ങൾ വാങ്ങിയാൽ മറ്റ് ഉൽപ്പന്നങ്ങൾ വാങ്ങില്ല. വലിയ വില വർധനയാണ്, മാർക്കറ്റിലെ വിലയേക്കാൾ വലിയ വർധനയാണ് എന്നൊക്കെയുള്ള പ്രചാരണമാണ് നടത്തിയത്. അക്കാലയളവിൽ ഒരു മാസം ശരാശരി 233 കോടി രൂപയുടെ വിൽപ്പന നടന്നിരുന്നുവെങ്കിൽ ഇന്നിപ്പോൾ ശരാശരി 81 കോടി രൂപ, 84 കോടി രൂപ, 91 കോടി രൂപ എന്ന നിലയിലാണ് ഓരോ മാസത്തെയും വിൽപ്പന. അഞ്ച് ശതമാനം ആളുകൾപോലും ആശ്രയിക്കാത്ത

കേന്ദ്രമെന്നുള്ള ചർച്ച ഈ സഭയിൽത്തന്നെ വന്നതാണല്ലോ. എന്നാൽ പ്രതിമാസം നാൽപ്പത് ലക്ഷത്തോളം കുടുംബങ്ങളാണ് സപ്ലൈകോയിൽനിന്നും സാധനം വാങ്ങുന്നത്. നിലവിലെ കുറവുകളും ഇന്നത്തെ ഗവൺമെന്റിന്റെ സാമ്പത്തിക പ്രയാസങ്ങളും മാറിവരുന്ന മുറയ്ക്ക് സപ്ലൈകോയുടെ വിൽപ്പന വലിയതോതിൽ മാറും. എന്നാൽ സബ്സിഡി ഉൽപ്പന്നങ്ങൾക്കുപുറമേ മറ്റ് ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുന്നൊരു കേന്ദ്രം, മാർക്കറ്റിലെ വിലവർധന തടയാൻ ഫലപ്രദമായി ഇടപെടുന്ന ഒരു സ്ഥാപനം എന്ന നിലയിൽ അതിനെ പ്രോത്സാഹിപ്പിക്കാനാവശ്യമായ സമീപനം നിങ്ങളിൽ നിന്നുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ കഴിഞ്ഞ പത്തുവർഷത്തെ നിലപാടെന്താണ്? കേരളത്തിലെ ജനങ്ങൾക്ക് 2013-നുമുമ്പ് 16.50 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം ലഭിച്ചിരുന്നതാണ്. അതിൽനിന്നും രണ്ട് ലക്ഷം മെട്രിക് ടൺ ധാന്യം കുറച്ചു, കുറച്ചത് ആരാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ അത് പുന:സ്ഥാപിക്കണമെന്ന് ഈ സഭതന്നെ ഏകകണ്ഠമായി ആവശ്യപ്പെട്ടിട്ട് കേന്ദ്ര സർക്കാർ എന്തെങ്കിലും അനുകൂല നിലപാട് സ്വീകരിച്ചോ?

സംസ്ഥാനത്തിന് ലഭിച്ചിരുന്ന അരി, മണ്ണെണ്ണ, ഗോതമ്പ്, പഞ്ചസാര എന്നിവയെല്ലാം വെട്ടിക്കുറയ്ക്കുകയല്ലേ ചെയ്തത്? അതിനെതിരെ ഒരുവാക്ക് പറയാൻ നിങ്ങൾ തയ്യാറായോ? ഈ പ്രതികൂല സാഹചര്യത്തിലും കേരളത്തിലെ പൊതുവിതരണ രംഗത്ത് രാജ്യത്തിനുതന്നെ മാതൃകയായ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് ഇന്നത്തെ ചർച്ചയിൽ പ്രതിപക്ഷം ഒരുവാക്കെങ്കിലും പറയുമെന്നാണ് പ്രതീക്ഷിച്ചത്. കേന്ദ്രസർക്കാരിന്റെ നയങ്ങളെ ചോദ്യം ചെയ്യാൻ ഈ സഭയിലും അവർക്ക് കഴിയുന്നില്ല. പാർലമെന്റിൽ അഞ്ചുവർഷമിരുന്ന എം.പി.-മാരുടെ റോൾ എന്താണ്? ഇപ്പോൾ അവർ വീണ്ടും ജയിച്ചല്ലോ, എന്നിട്ട് കേരളത്തിന്റെ ഉത്സവനാളുകളിലെങ്കിലും ഒരു കിലോ അരി അധികമായി നൽകണമെന്ന് അവർ ആവശ്യപ്പെട്ടോ? കേരളം നടപ്പാക്കിയ കെ-റൈസ് പദ്ധതിയെപ്പോലും അവഹേളിക്കുന്ന വർത്തമാനമല്ലേ കേൾക്കാൻ കഴിഞ്ഞത്? ഒ.എം.എസ്. അനുസരിച്ച് വില കുറച്ച് എഫ്.സി.ഐ.-യിൽ നിന്നെടുത്തിരുന്ന അരി അതിനെക്കാൾ വിലകുറച്ചാണ് നമ്മൾ മാർക്കറ്റിൽ നൽകിയത്. അതായത്, 26 രൂപയ്ക്ക് വാങ്ങിയ അരി 23 രൂപയ്ക്കാണ്

നൽകിയത്. കേന്ദ്ര സർക്കാർ 26 രൂപയുടെ അരി 18.89 രൂപയ്ക്ക് അവർക്ക് വേണ്ടപ്പെട്ട നാഫെഡ് പോലെയുള്ള സ്ഥാപനങ്ങൾക്ക് നൽകി 29 രൂപയ്ക്ക് ഭാരത് റൈസ് എന്നുപറഞ്ഞ് മാർക്കറ്റിൽ വിൽപ്പന നടത്തുകയാണ്. അത് ചോദ്യം ചെയ്യാനോ വിമർശിക്കാനോ പ്രതിപക്ഷം തയ്യാറാകുന്നതിനുപകരം 41 രൂപയ്ക്ക് വാങ്ങുന്ന ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്ന ചമ്പാവരി കേരളത്തിലെ സപ്ലൈകോ ഔട്ട്ലെറ്റിലൂടെ 30 രൂപ നിരക്കിൽ കൊടുക്കുന്ന കേരള സർക്കാരിനെ വിമർശിക്കുകയാണ് ചെയ്യുന്നത്. ശ്രീ. എം. വിൻസെന്റിന്റെ ഉപചോദ്യത്തിന് മറുപടിയായി 24 ലക്ഷം ആളുകൾ കഴിഞ്ഞ നാല് മാസത്തിനുള്ളിൽ സപ്ലൈകോ ഔട്ട്ലെറ്റിലൂടെ കെ-റൈസ് വാങ്ങിയതിന്റെ കണക്കുകൾ ഞാനിവിടെ പറഞ്ഞു. കേരളത്തിലെ ഏത് സപ്ലൈകോ ഔട്ട്ലെറ്റിൽ പോയാലും 30 രൂപയുടെ കെ-റൈസ് എന്ന 5 കിലോ ചമ്പാവരി കിട്ടാൻ യാതൊരു പ്രയാസവുമില്ല. പൊതുവിതരണ മേഖലയെ തകർക്കാൻ ഇവരും ഇവരോടൊപ്പം നിൽക്കുന്ന ചിലരും ശ്രമിച്ചത് കുറച്ച് വിജയം കണ്ടുവെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ടാണ് ഞാൻ കണക്ക് പറഞ്ഞത്. നിങ്ങളുടെ വിമർശനവും

തോജോവധവും നിങ്ങൾക്ക് കുറച്ച് ഗുണപ്പെട്ടു. പൊതുമേഖലയെ സംരക്ഷിക്കുകയെന്നത് ഇടതുപക്ഷ നയമാണ്. അതുകൊണ്ടാണ് കേരളത്തിലെ പൊതുസംരംഭങ്ങളെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുക്കിയതും പുതിയതുമായ 90 സപ്ലൈകോ ഔട്ട്‌ലെറ്റുകൾ അപ്പുറത്തിരിക്കുന്ന ആളുകളുടെ മണ്ഡലത്തിലടക്കം ആരംഭിച്ചിട്ടുണ്ട്. അടുത്തയാഴ്ച മലപ്പുറത്ത് രണ്ട് ഔട്ട്‌ലെറ്റുകൾ ഉദ്ഘാടനം ചെയ്യുകയാണ്. ഒരു ഔട്ട്‌ലെറ്റും പൂട്ടിയിട്ടില്ല, ഒരു തൊഴിലാളിയെയും പിരിച്ചുവിട്ടിട്ടില്ല. അവ പരമാവധി മെച്ചപ്പെടുത്താനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കേരളത്തിലെ പൊതുവിതരണ കേന്ദ്രങ്ങളിൽ ആരും പോകുന്നില്ല, റേഷൻ കടകളിലേയ്ക്ക് പോയാൽ കാര്യമില്ല എന്നൊക്കെ നേരത്തെ ഒരു അംഗം ഇവിടെ സൂചിപ്പിച്ചു. ഓരോ മാസവും കേരളത്തിലെ റേഷൻ കടകളിൽ പോയി റേഷൻ വാങ്ങുന്ന ആളുകളുടെ എണ്ണം കഴിഞ്ഞ ദിവസം ഞാൻ കൃത്യമായി സൂചിപ്പിച്ചതാണ്. ഓരോ മാസവും 82% റേഷൻ കാർഡുടമകൾ റേഷൻകടകളിൽനിന്നും ഭക്ഷ്യധാന്യം വാങ്ങുകയാണ്. കഴിഞ്ഞ പത്തുമാസത്തെ കണക്ക് ഞാൻ

വേണമെങ്കിൽ അവതരിപ്പിക്കാം. ഞാൻ അവതരിപ്പിച്ചില്ലെങ്കിലും എല്ലാവർക്കും സൈറ്റിലൂടെ അത് മനസ്സിലാക്കാൻ സാധിക്കും. ഈ മാസം ഇന്നലെവരെ 37 ലക്ഷം കുടുംബങ്ങൾ റേഷൻ കടകളിൽനിന്നും അരിയും സാധനങ്ങളും വാങ്ങിയിരിക്കുന്നു. ക്വാളിറ്റിയുള്ള റേഷൻ ഉൽപ്പന്നങ്ങൾ കൊടുക്കുന്ന തരത്തിലേയ്ക്ക് റേഷൻ കടകൾ മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് റേഷൻ കടകളിൽ നിന്ന് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എ.എ.വൈ. കാർഡുകാരായ 98-99 ശതമാനം പേർ കൃത്യമായി റേഷൻ സാധനങ്ങൾ വാങ്ങുന്നത്. മൊത്തം ശതമാനമെടുക്കുമ്പോൾ വെള്ള കാർഡുകാർ വാങ്ങുന്നത് കുറവായതുകൊണ്ടാണ് 82-83 ശതമാനമായി മാറുന്നത്. അങ്ങനെ കേരളത്തിലെ പൊതുവിതരണ രംഗം ഫലപ്രദമായി നടക്കുകയാണ്. എന്നാൽ റേഷൻ കടകളിലെ വ്യാപാരികൾക്ക്, ലൈസൻസികൾക്ക് കമ്മീഷൻ കൊടുക്കുന്നില്ല എന്നൊക്കെയാണ് പ്രചരിപ്പിക്കുന്നത്. പത്തുപതിനഞ്ച് മാസമായി കമ്മീഷൻ കൊടുക്കുന്നില്ലെന്നാണ് ആളുകൾ ധരിച്ചിരിക്കുന്നത്. കഴിഞ്ഞ മേയ് മാസമൊഴികെയുള്ള മാസങ്ങളിൽ റേഷൻ വ്യാപാരികൾക്കും റേഷൻ

സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന ട്രാൻസ്പോർട്ടേഷൻ കമ്പനികൾക്കും നൽകാനുള്ള തുക കൃത്യമായി നൽകിയിട്ടുണ്ട്. വ്യാജപ്രചാരണം നടത്തി പൊതുവിതരണ രംഗത്തെ തകർക്കുന്ന നിലപാടിൽ നിന്ന് പിന്തിരിയണമെന്നാണ് പ്രതിപക്ഷത്തോട് എനിക്ക് അഭ്യർഥിക്കാനുള്ളത്. ' കെ സ്റ്റോർ', 'ഒപ്പം' തുടങ്ങിയ നിരവധി പദ്ധതികൾ ഇക്കാലയളവിൽ നടപ്പാക്കിയിട്ടുണ്ട്. അത്തരം മെച്ചപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന പൊതുവിതരണ രംഗത്തിനുവേണ്ടി ധനാഭ്യർഥനയിൽ ആവശ്യപ്പെട്ടിരിക്കുന്ന തുക അനുവദിച്ച് നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ധനാഭ്യർഥന പാസാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

**ധനാഭ്യർഥന നമ്പർ XV**
**പൊതുമരാമത്ത്**

ചെയർപേഴ്സൺ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, കെ. ബാബു (തൃപ്പൂണിത്തുറ), ടി. ജെ. വിനോദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. വി. ഇബ്രാഹിം, സണ്ണി ജോസഫ്, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്,

എൽദോസ് പി. കുന്നപ്പിള്ളിൽ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ XV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

ചെയർപേഴ്സൺ: ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXX**
**ഭക്ഷ്യം**

ചെയർപേഴ്സൺ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, പി. ഉബൈദുള്ള, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, സണ്ണി ജോസഫ്, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. വി. ഇബ്രാഹിം, കെ. ബാബു (തൃപ്പൂണിത്തുറ), ടി. ജെ. വിനോദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

ചെയർപേഴ്സൺ: ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XLII**

**വിനോദസഞ്ചാരം**

ചെയർപേഴ്സൺ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, പി. ഉബൈദുള്ള, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, അൻവർ സാദത്ത്, ടി. സിദ്ദിഖ്, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ. ബാബു (തൃപ്പൂണിത്തുറ), ടി. ജെ. വിനോദ്, സണ്ണി ജോസഫ്, സജീവ് ജോസഫ്, സനീഷ്കുമാർ ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ XLII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

ചെയർപേഴ്സൺ: ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂൺ മാസം 20-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 03.54-ന് പിരിഞ്ഞു.)

* * * * * * * * *

**അനുബന്ധം I**

<u>ചോദ്യംനമ്പർ (*92)-ന്റെ 'എ' പിരിവിനുള്ള വിശദമായ മറുപടി</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പദ്ധതി വിഹിതം വിനിയോഗിച്ച് സർക്കാർ സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ (ജില്ലാടിസ്ഥാനത്തിൽ) (എൽ.പി., യു.പി., സെക്കൻഡറി, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നിവ ഉൾപ്പെടെ)

| ക്രമ നമ്പർ | ജില്ല | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 41 | 31 | 40 |
| 2 | കൊല്ലം | 21 | 21 | 13 |
| 3 | പത്തനംതിട്ട | 4 | 7 | 5 |
| 4 | ആലപ്പുഴ | 19 | 18 | 20 |
| 5 | കോട്ടയം | 8 | 12 | 5 |
| 6 | ഇടുക്കി | 3 | 7 | 5 |
| 7 | എറണാകുളം | 9 | 13 | 12 |
| 8 | തൃശ്ശൂർ | 22 | 17 | 24 |
| 9 | പാലക്കാട് | 4 | 12 | 13 |
| 10 | മലപ്പുറം | 18 | 28 | 29 |
| 11 | കോഴിക്കോട് | 15 | 12 | 19 |

| | | | | |
|---|---|---|---|---|
| 12 | വയനാട് | - | 5 | 1 |
| 13 | കണ്ണൂർ | 27 | 24 | 28 |
| 14 | കാസർഗോഡ് | 11 | 4 | 8 |
| **ആകെ** | | **202** | **211** | **222** |

**അനുബന്ധം II**

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**ജങ്ഷനുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി**

5 (*95) ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ജങ്ഷനുകളിലെ ഗതാഗതക്കുരുക്ക് മാറ്റുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം നൽകാമോ;

(സി) ജങ്ഷനുകളുടെ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ?

(എ-സി) സംസ്ഥാനത്തെ പ്രധാന ജങ്ഷനുകളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന സർക്കാർ 2022-2023 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 200 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിനെത്തുടർന്ന് സംസ്ഥാനത്തെ ഗതാഗതക്കുരുക്കുള്ള ജങ്ഷനുകളും ആവശ്യമായ ബൈപ്പാസുകളും കണ്ടെത്തുകയും ചെയ്തു. ഇപ്പോൾ ഡിസൈൻ വിഭാഗം മുഖേന ഇതുസംബന്ധിച്ച പ്രാരംഭ നടപടികൾ പുരോഗമിക്കുകയാണ്. പ്രസ്തുത ജങ്ഷൻ വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതിലൂടെ ഈ ജങ്ഷനുകളിൽ ഗതാഗതക്കുരുക്കിന് ശാശ്വത

പരിഹാരം ഉണ്ടാകുന്നതാണ്. ജങ്ഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അമ്പലംമുക്ക് & സാന്ത്വന ജങ്ഷൻ- തിരുവനന്തപുരം

2. പള്ളിമുക്ക് ജങ്ഷൻ - കൊല്ലം

3. ഫറോക്ക് പേട്ട ജങ്ഷൻ - കോഴിക്കോട്

4. എച്ച്.എം.ടി. ജങ്ഷൻ - എറണാകുളം

5. കൂറ്റനാട് ജങ്ഷൻ - പാലക്കാട്

6. തെങ്ങണ ജങ്ഷൻ - കോട്ടയം

7. കോഴഞ്ചേരി ജങ്ഷൻ - പത്തനംതിട്ട

8. ജഗതി ഡി.പി.ഐ. ജങ്ഷൻ - തിരുവനന്തപുരം

9. മാർക്കറ്റ് ജങ്ഷൻ ഫ്ളൈഓവർ - കൊട്ടാരക്കര – കൊല്ലം

10. ഒല്ലൂർ ജങ്ഷൻ - തൃശ്ശൂർ

11. പ്രസ്സ് ക്ലബ്ബ് ജങ്ഷൻ - കാസർഗോഡ്

12. കഞ്ഞിക്കുഴി ജങ്ഷൻ - കോട്ടയം

13. മൂന്നാർ ജങ്ഷൻ - ഇടുക്കി

14. കാരപ്പറമ്പ ജങ്ഷൻ ഫ്ളൈഓവർ - കോഴിക്കോട്

15. പാളയം & പുഷ്പ ജങ്ഷൻ - മലപ്പുറം

16. പെരിന്തൽമണ്ണ ജങ്ഷൻ - മലപ്പുറം

17. മാനന്തവാടി ജങ്ഷൻ - വയനാട്

18. ചക്കരയ്ക്കൽ ജങ്ഷൻ - കണ്ണൂർ

19. പയ്യന്നൂർ സെൻട്രൽ ബസാർ ജങ്ഷൻ - കണ്ണൂർ

20. ജനറൽ ഹോസ്പിറ്റൽ ജങ്ഷൻ - ആലപ്പുഴ.

05-11-2022-ലെ G.O. (Rt.) No.1069/2022/PWD പ്രകാരം മേൽ പ്രവൃത്തികൾക്ക് 200 കോടിയുടെയും Construction of 6 Bypasses എന്ന പ്രവൃത്തികൾക്ക് 200 കോടി രൂപയുടെയും തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ അമ്പലംമുക്ക് - സ്വാന്തന ജങ്ഷൻ വികസനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് 7.53 കോടി രൂപയുടെ സാമ്പത്തികാനുമതിയും കുറ്റനാട് ജങ്ഷനിൽ സ്ഥലം ഏറ്റെടുക്കലിന് 1.29 കോടി രൂപയുടെ

സാമ്പത്തികാനുമതിയും ഫറോക്ക്, പേട്ട ജങ്ഷൻ വികസനത്തിന് സ്ഥലം ഏറ്റെടുക്കാൻ 7.38 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പള്ളിമുക്ക് ജങ്ഷനിൽ 3.08 കോടി രൂപയുടെയും ചക്കരക്കൽ ജങ്ഷനിൽ 1.28 കോടി രൂപയുടെയും തെങ്ങണ ജങ്ഷനിൽ 2.58 കോടി രൂപയുടെയും പയ്യന്നൂർ സെൻട്രൽ ബസാർ ജങ്ഷനിൽ 0.98 കോടി രൂപയുടെയും സാമ്പത്തികാനുമതി സ്ഥലം ഏറ്റെടുക്കലിനായി നൽകിയിട്ടുണ്ട്.

കൂടാതെ കുണ്ടന്നൂർ ജങ്ഷൻ ഡെവലപ്മെന്റിന്റെ ഭൂമി ഏറ്റെടുക്കലിനായി 26-04-2022-ലെ GO(Ms). 13/2022/PWD പ്രകാരം 10.53 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 30-03-2023-ലെ കിഫ്ബി Order No. PWD009-06/T6-1/2023/KIIFB പ്രകാരം ലാൻഡ് അക്വിസിഷനുവേണ്ടി 10.53 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുമുണ്ട്.

(ഡി) ഇപ്രകാരം തിരുവനന്തപുരം വട്ടിയൂർക്കാവ് ജങ്ഷൻ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിവരിക്കാമോ?

വട്ടിയൂർക്കാവ് ജങ്ഷനും ഈ ജങ്ഷനിലേക്ക് വന്നുചേരുന്ന ശാസ്തമംഗലം-മണ്ണാറക്കോണം റോഡ്, മണ്ണാറക്കോണം-പേരൂർക്കട റോഡ്, മണ്ണാറക്കോണം–വഴയില റോഡ് എന്നിവ വികസിപ്പിക്കുന്നതിലേക്കായി 10-07-2017-ലെ G.O.(Rt)No.942/2017/PWD പ്രകാരം 100 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് 2019-ൽ 95 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. ഈ പദ്ധതിക്ക് 13-03-2024-ൽ 660 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബി മുഖാന്തരം നൽകിയിട്ടുണ്ട്. ഇതിനുപുറമെ ശാസ്തമംഗലം-മണ്ണാറക്കോണം റോഡ് പ്രവൃത്തിക്കായി 25 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്.

നിലവിൽ ഈ പദ്ധതിയുടെ ഒന്നും രണ്ടും പാദങ്ങളായ ശാസ്തമംഗലം-മണ്ണാറക്കോണം റോഡ്, മണ്ണാറക്കോണം-പേരൂർക്കട റോഡ് എന്നിവയ്ക്കായുള്ള ഭൂമി ഏറ്റെടുക്കലിന് 19(1) വിജ്ഞാപനം

പ്രസിദ്ധീകരിക്കുകയും മൂന്നാം പാദമായ മണ്ണാറക്കോണം-വഴയില റോഡിനുള്ള ഭൂമി ഏറ്റെടുക്കലിനുവേണ്ടി 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് റോഡുകളിൽ കോർപ്പറേഷനിൽ നിന്നും കാലപ്പഴക്ക സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ എല്ലാ ചമയങ്ങളുടെയും മൂല്യനിർണ്ണയവും പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയ ശാസ്തമംഗലം മണ്ണാറക്കോണം റോഡിന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. ബാക്കിയുള്ള രണ്ട് റോഡുകളുടെ നിർമ്മാണത്തിനുള്ള സാമ്പത്തികാനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് - വയനാട് തുരങ്കപാത നിർമ്മാണം**

6 (*96) <u>ശ്രീ. ലിന്റോ ജോസഫ്:</u>

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u>

**ശ്രീ. ഒ. ആർ. കേളു:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-വയനാട് തുരങ്കപാത നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കുമോ?

കോഴിക്കോട്-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി (Turnkey basis) സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് 92% പൂർത്തിയായിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. 17.263 ഹെക്ടർ വനഭൂമിക്കുള്ള സ്റ്റേജ്-I ഫോറസ്റ്റ് ക്ലിയറൻസ് MOEFCC ബാംഗ്ലൂർ റീജിയണൽ ഓഫീസിൽ നിന്ന് 31-03-2023-ന് ലഭിച്ചിട്ടുണ്ട്. 12 മാസത്തെ സമഗ്രമായ Environmental Impact Assessment പഠനം 31-07-2023-ൽ പൂർത്തിയാക്കി. State Environmental Appraisal

Committee-യുടെ നോമിനേറ്റഡ് കമ്മിറ്റി 22-05-2024-ന് നിർദിഷ്ട ടണൽ സൈറ്റ് പരിശോധിച്ചു.

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് വയനാട് ജില്ലയിൽ 100% പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ആകെ ആവശ്യമായ 11.1582 ഹെക്ടർ ഭൂമിയിൽ 9.3037 ഹെക്ടർ ഏറ്റെടുത്തിട്ടുണ്ട്.

(സി) തുരങ്കപാത നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ടെൻഡർ വിജ്ഞാപനം രണ്ട് പാക്കേജായി പുറപ്പെടുവിച്ചിട്ടുണ്ട്. പാക്കേജ്-1 93.12 കോടി രൂപയുടെയും പാക്കേജ്-II 1643.33 കോടി രൂപയുടെയും ആണ്. ടെക്നിക്കൽ ബിഡ് 19-04-2024-ന് തുറക്കുകയും അതിന്റെ സൂക്ഷ്മപരിശോധന നടന്നുവരികയും ചെയ്യുന്നു. 2024 ജൂൺ അവസാനത്തോടെ ഫിനാൻഷ്യൽ ബിഡ് തുറന്ന് കരാർ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഇതിനായി പ്രതീക്ഷിക്കുന്ന പദ്ധതി ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

കൊങ്കൺ റെയിൽവേ കോർപറേഷൻ ലിമിറ്റഡ് (KRCL) നൽകിയ വിശദമായ ഡി.പി.ആർ. സർക്കാർ അംഗീകരിക്കുകയും 2043.74 കോടി (ജി.എസ്.ടി ഒഴിവാക്കിയ തുക) രൂപയുടെ പരിഷ്കരിച്ച ഭരണാനുമതി 25-02-2022-ൽ നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിലയിരുത്തിയിട്ടുണ്ടോ?

കരാർ നൽകിയതിനുശേഷം നാല് വർഷമാണ് പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി.

(എഫ്) തുരങ്കത്തിലേക്കുള്ള അനുബന്ധപാത സംസ്ഥാന പാതയായി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തുരങ്കത്തിലേക്കുള്ള അനുബന്ധപാത സംസ്ഥാന പാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. 30-01-2024-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം പ്രസ്തുത റോഡ് എസ്.എച്ച്. 83 ആയി സർക്കാർ ഉത്തരവായിട്ടുണ്ട്.

**ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷൻ**

**7 (*97)** ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെയുള്ള ക്ഷേമനിധി ബോർഡുകളിൽ പെൻഷനടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം മുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ അംശദായം അടച്ച നിരവധി വ്യക്തികളുടെ പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ വർഷങ്ങളായി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ മുടങ്ങിക്കിടക്കുന്ന ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**(എ-സി)** ഉണ്ട്. തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (അൺ അറ്റാച്ച്ഡ്), കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2024 മെയ് മാസം വരെയുള്ള പെൻഷനും മറ്റാനുകൂല്യങ്ങളും മുടക്കം വരാതെ വിതരണം ചെയ്തിട്ടുണ്ട്.

സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് വഴി പെൻഷൻ വിതരണം ചെയ്യുന്ന മറ്റ് ക്ഷേമനിധി ബോർഡുകളിൽ സർക്കാർ ഉത്തരവിനനുസരിച്ച് പെൻഷൻ വിതരണം ചെയ്യുന്നുണ്ട്.

തനത് ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളിൽ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് 31-05-2023 വരെയുള്ള പെൻഷനാണ് വിതരണം ചെയ്തിട്ടുള്ളത്. കൂടാതെ 31-03-2023 വരെയുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. കേരള ക്ഷേമനിധി ബോർഡിൽ നിന്നും 2017 വരെയുള്ള അധിവർഷാനുകൂല്യ കുടിശ്ശിക അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2023 നവംബർ മാസം വരെയുള്ള അവശതാ പെൻഷൻ നൽകിയിട്ടുണ്ട്. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവാഹ ധനസഹായം 2023 മാർച്ച് വരെനൽകിയിട്ടുണ്ട്. പ്രസവ ധനസഹായം ഇനത്തിൽ ആനുകൂല്യ കുടിശ്ശികയുണ്ട്.

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സിലൂടെയാണ് ലഭിക്കുന്നത്. സെസ് പിരിവിലൂടെ പ്രതിമാസം ബോർഡിന് ലഭിക്കുന്നത് ഏകദേശം 30 കോടി രൂപയാണ്. എന്നാൽ പെൻഷൻ വിതരണത്തിന് മാത്രം ഏകദേശം 62

കോടി രൂപ പ്രതിമാസം ആവശ്യമാണ്. വരവിനേക്കാൾ ഭീമമായ തുക ചെലവിനത്തിൽ വരുന്നതിനാലാണ് പെൻഷനും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാത്തത്. ബിൽഡിംഗ് സെസ്സ് ഇനി മുതൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം പിരിച്ചെടുക്കുന്നതിന് 14-02-2024-ൽ സ.ഉ(കൈ) നം.23/24 എൽ.എസ്.ജി.ഡി. ഉത്തരവ്* പുറപ്പെടുവിച്ചിട്ടുണ്ട്. സെസ്സ് പിരിവ് ഒടുക്കുന്നതിന് വിധേയമായി മാത്രമേ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതുള്ളൂവെന്ന് ടി ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയറായ കെ-സ്മാർട്ടിൽ സെസ്സ് പിരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ (IKM) കൈക്കൊണ്ടുവരുന്നു. സെസ്സ് കളക്ഷൻ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിലൂടെ സെസ്സ് കളക്ഷനിൽ വൻ വർധനയുണ്ടാകുമെന്നതിനാൽ കുടിശ്ശികയടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും ഇതിലൂടെ വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള ക്ഷേമനിധി ബോർഡിലെ അധിവർഷാനുകൂല്യ അപേക്ഷകൾ 2017 വരെ തീർപ്പാക്കുന്നതിനാണ് ബോർഡിന് സാധിച്ചിട്ടുള്ളത്. ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ അധിവർഷാനുകൂല്യ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് സാധ്യമല്ല. സർക്കാർ ബജറ്റിൽ വകയിരുത്തി ബോർഡിന് ലഭ്യമാക്കുന്ന ധനസഹായം ഉപയോഗിച്ചും ബോർഡിന്റെ തനത് വരുമാനത്തിൽനിന്നുമാണ് നിലവിൽ അധിവർഷാനുകൂല്യം വിതരണം ചെയ്തുവരുന്നത്. സർക്കാർ ഗ്രാന്റ് അനുവദിക്കുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്.

മറ്റ് ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർഷങ്ങളായി മുടങ്ങിയിട്ടുള്ള സാഹചര്യമുണ്ടായിട്ടില്ല.

**ക്ഷേമനിധി ബോർഡുകളിൽ ഏകീകൃത സോഫ്റ്റ്‍വെയർ സംവിധാനം**

**8 (*98) <u>ശ്രീ. എ. സി. മൊയ്തീൻ</u>:**

**<u>ശ്രീ. എ. പ്രഭാകരൻ</u>:**

**<u>ശ്രീമതി ഒ. എസ്. അംബിക</u>:**

ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ ?

വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ക്ഷേമനിധി ബോർഡുകളുടെ എണ്ണം നിലവിലുള്ള 16-ൽ നിന്നും 11 ആക്കി കുറച്ചുകൊണ്ട് 29-06-2020-ലെ സ.ഉ.(കൈ)നം.35/2020/തൊഴിൽ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.* ക്ഷേമനിധി ബോർഡുകളുടെ സംയോജനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ച് ബോർഡുകളുടെ സംയോജിത രേഖകളുടെ കരട് സമർപ്പിക്കുന്നതിനായി ലേബർ കമ്മീഷണർ തലത്തിൽ ഉദ്യോഗസ്ഥരുടെ ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും സംയോജിത രേഖകളുടെ കരട് തയ്യാറാക്കുകയും ചെയ്തുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തൊഴിലാളികളുടെ അംഗത്വത്തിനും ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം സജ്ജമാക്കിയിട്ടുണ്ടോ?

തൊഴിലാളികളുടെ അംഗത്വ രജിസ്ട്രേഷൻ നൽകുന്നതിനായി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) എന്ന ഒരു ഏകീകൃത സോഫ്റ്റ്‌വെയർ പദ്ധതി തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത സംവിധാനം വഴിയുള്ള രജിസ്ട്രേഷൻ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴികെയുള്ള മറ്റ് ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികളുടെ വിവരങ്ങൾ AIIS സോഫ്റ്റ് വെയർ മുഖേന രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യ വിതരണത്തിനും മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കുമായി തനത് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നിലവിൽ 11275 അപേക്ഷകൾ

ലഭിച്ചതിൽ AIIS സോഫ്റ്റ്വെയർ മുഖേന 7152 പേർ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതാണ്.

**വർക്കല ഫ്ലോട്ടിംഗ് ബ്രിഡ്ജ് അപകടം**

**9 (*99)** ശ്രീ. എം. വിൻസെന്റ്:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. റോജി എം. ജോൺ:

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വർക്കല ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജ് തകർന്ന് കുട്ടികളും സ്ത്രീകളും ഉൾപ്പെടെ നിരവധി പേർക്ക് പരിക്കേറ്റ സംഭവം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

09-03-2024-ൽ വർക്കല ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജിൽ അപകടം സംഭവിക്കുകയും ചില സഞ്ചാരികൾക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഭവത്തെ തുടർന്ന് ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തുകയും പരിക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കുകയും അവർക്ക്

തിരിച്ചുപോകാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. സംഭവത്തെ തുടർന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പ്രാഥമികാന്വേഷണം നടത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. വർക്കല ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ പ്രവർത്തനം നിർത്തിയിരിക്കുകയാണ്.

(ബി) ഫ്ലോട്ടിംഗ് ബ്രിഡ്ജ് നിർമ്മിച്ച കരാർ കമ്പനി മാനദണ്ഡങ്ങൾ പാലിച്ചാണോ നിർമ്മാണം നടത്തിയതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത സംഭവത്തിൽ, നിർമ്മാണത്തിൽ വീഴ്ച വരുത്തിയ കമ്പനിക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) ഡി.ടി.പി.സി.-യുടെ നേതൃത്വത്തിലാണ് വർക്കലയിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ച കരട് സുരക്ഷാ മാർഗരേഖ പ്രകാരമാണ് കമ്പനി നിർമ്മാണം നടത്തിയിട്ടുള്ളതെന്നാണ് ഡി.ടിപി.സി. അറിയിച്ചത്. അപകടത്തെ തുടർന്ന് ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ

പ്രവർത്തനം നിർത്തിവയ്ക്കാൻ നിർദേശം നൽകിയിരുന്നു. ഇപ്പോൾ ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**അതിഥി തൊഴിലാളികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ**

10 (*100) ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിൽ വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് അതിഥി തൊഴിലാളികളെ ലഭ്യമാക്കാൻ ഓൺലൈൻ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം അതിഥി തൊഴിലാളികൾക്ക് അവരുടെ സംസ്ഥാനത്തുനിന്നുതന്നെ ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ നിലവിൽ സംവിധാനമുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ പുരോഗതി വിശദമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നഗരപ്രദേശങ്ങളിൽ വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി അതിഥി തൊഴിലാളികളെ ലഭ്യമാക്കാൻ ഓൺലൈൻ പദ്ധതികളൊന്നും തൊഴിൽ വകുപ്പ് മുഖേന രൂപീകരിച്ചിട്ടില്ല. എന്നാൽ കേരളത്തിലേക്ക് ജോലി തേടിയെത്തുന്ന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. അതിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിനുമുമ്പേ തന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ

വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും ടി പോർട്ടലിലൂടെ സാധിക്കുന്നു. ടി പോർട്ടൽ മൊബൈൽ ആപ്ലിക്കേഷനാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിക്ക് ശാശ്വത പരിഹാരം**

11 (*101) ശ്രീ. നജീബ് കാന്തപുരം:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിന് പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

മലബാർ മേഖലയിലെ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ.(കൈ) നം. 45/2024/പൊ.വി.വ പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ്

ചെയ്യുതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10% മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് മലബാർ മേഖലയിൽ പ്രതിസന്ധി ഉള്ളതായി പരാതി ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിന് പര്യാപ്തമായ സീറ്റുകൾ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

രണ്ടാം അലോട്ട്മെന്റ് പൂർത്തീകരിച്ചപ്പോഴുള്ള ഏകജാലകം ഉൾപ്പടെയുള്ള വിവിധ ക്വാട്ടകളിലെ പ്രവേശന വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

മലബാർ മേഖലയിൽ വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് മതിയായ കുട്ടികളില്ലാതെ ഒഴിഞ്ഞുകിടക്കുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാഹചര്യമാണുള്ളത്. 2023-24 പ്രവേശന വർഷത്തിലെ മലബാർ മേഖലയിലെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തെക്കൻ ജില്ലകളിൽ കുട്ടികളില്ലാതെ ഹയർസെക്കൻഡറി ബാച്ചുകൾ ഒഴിഞ്ഞുകിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ മലബാർ മേഖലയിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

മുൻ വർഷങ്ങളിൽ കുട്ടികൾ കുറവുള്ള ബാച്ചുകൾ ആവശ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. മലബാർ മേഖലയിൽ, പ്രത്യേകിച്ച് മലപ്പുറം ജില്ലയിലേയ്ക്കാണ് 14 ബാച്ചുകൾ കഴിഞ്ഞ വർഷം ഷിഫ്റ്റ് ചെയ്ത് ഈ വർഷവും തുടരുന്നത്. മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ചശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമം ശാശ്വതമായി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; സർക്കാർ, എയ്ഡഡ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേഖലയിലെ എല്ലാ സ്കൂളുകളിലും പുതിയ ബാച്ചുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ. (കൈ) നം. 45/2024/പൊ.വി.വ. പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർധനയും, ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ചാണ് മുഖ്യഘട്ട അലോട്ട്മെന്റുകൾ നടന്നുവരുന്നത്. മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

നിലവിൽ എയ്ഡഡ് മേഖലകളിലെ സ്കൂളുകളിൽ പുതിയ വി.എച്ച്.എസ്.ഇ. ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷ ലഭിക്കുകയോ

ഒന്നാം വർഷ വി.എച്ച്.എസ്.ഇ. പ്രവേശനത്തിൽ സീറ്റുകൾക്ക് ക്ഷാമം നേരിടുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മലബാർ മേഖലയിലെ പ്ലസ് വൺ പ്രവേശനം**

12 (*102) ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ഡോ. എം. കെ. മുനീർ:

ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിന് മതിയായ അവസരങ്ങൾ ലഭിക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ?

മലബാർ മേഖലയിലെ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ.(കൈ) നം. 45/2024/പൊ.വി.വ പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ്

സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ചാണ് മുഖ്യഘട്ട അലോട്ട്മെന്റുകൾ നടന്നുവരുന്നത്.

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് മലബാർ മേഖലയിൽ പ്രതിസന്ധിയുള്ളതായി പരാതി ലഭിച്ചിട്ടില്ല. മലബാർ മേഖലയിൽ വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് മതിയായ കുട്ടികളില്ലാതെ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണുള്ളത്.

(ബി) എല്ലാ വിഷയത്തിനും 'എ പ്ലസ്' നേടിയ വിദ്യാർഥികൾക്കുപോലും പ്ലസ് വണിന് ഇഷ്ട കോഴ്സും സ്ഥാപനവും ലഭിക്കുന്നില്ല എന്നത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഈ വർഷം മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പാസായ 79,748 വിദ്യാർഥികളിൽ എല്ലാ വിഷയത്തിനും 'എ പ്ലസ്' ലഭിച്ചത് 12525 പേർക്കാണ്. മലപ്പുറം ജില്ലയിൽ സയൻസ് കോമ്പിനേഷനിൽ സർക്കാർ

സ്കൂളുകളിൽ 12480 സീറ്റുകളും എയ്ഡഡ് സ്കൂളുകളിൽ 11530 സീറ്റുകളും ലഭ്യമാണ്. ഇത്തരത്തിൽ പൊതുവിദ്യാലയങ്ങളിൽ മാത്രം സയൻസ് കോമ്പിനേഷനിൽ 24010 സീറ്റുകൾ ലഭ്യമാണ്. അൺ-എയ്ഡഡ് സ്കൂളുകളിലെ 4636 സയൻസ് സീറ്റുകളുംകൂടി കണക്കാക്കിയാൽ ആകെ 28646 സയൻസ് സീറ്റുകൾ ലഭ്യമാണ്. മലബാർ മേഖലയിലെ മറ്റ് ജില്ലകളുടെ സ്ഥിതിയും ഇത്തരത്തിലാണ്. എല്ലാ വിഷയങ്ങൾക്കും 'എ പ്ലസ്' ലഭിച്ച വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളതിനേക്കാൾ അധികം സയൻസ് സീറ്റുകൾ ലഭ്യമാണ്.

വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ ഈ വർഷം എല്ലാ വിഷയത്തിനും A+ നേടിയ 3340 വിദ്യാർത്ഥികളാണ് ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ളത്. ഒന്നും രണ്ടും അലോട്ട്മെന്റിന് ശേഷം 3251 വിദ്യാർത്ഥികൾക്ക് ഒന്നാം വർഷ പ്രവേശനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 89 വിദ്യാർത്ഥികൾക്ക് അടുത്ത അലോട്ട്മെന്റിൽ പ്രവേശനം നൽകുന്നതാണ്.

(സി) അധിക ബാച്ചുകൾ അനുവദിച്ചും ഡിവിഷനുകൾ, സീറ്റുകൾ എന്നിവ വർധിപ്പിച്ചും ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

മുൻ വർഷങ്ങളിൽ കുട്ടികൾ കുറവുള്ള ബാച്ചുകൾ ആവശ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. 08-05-2024-ലെ സ.ഉ.(കൈ) നം. 45/2024/പൊ.വി.വ പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. അതനുസരിച്ചാണ് മുഖ്യഘട്ട അലോട്ട്മെന്റുകൾ നടന്നുവരുന്നത്. മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ചശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഹയർ സെക്കൻഡറി-വി.എച്ച്.എസ്.ഇ. ഏകീകരണം സംബന്ധിച്ച നയരൂപീകരണം അന്തിമഘട്ടത്തിലായതിനാൽ 2024-25 അക്കാദമിക വർഷത്തിൽ വി.എച്ച്.എസ്.ഇ.-യിൽ അധിക ബാച്ചുകളും പുതിയ സ്കൂളുകളും അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

**റോഡുകൾ അന്തർദേശീയ നിലവാരത്തിൽ ഉയർത്താൻ നടപടി**

**13 (*103)** ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. മാത്യു ടി. തോമസ്:

ശ്രീ. കെ. പി. മോഹനൻ:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ അന്തർദേശീയ നിലവാരത്തിൽ ഉയർത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ മേഖലയിൽ കൈവരിച്ച പുരോഗതി നിലനിർത്താൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ റോഡുകൾ കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും പ്രത്യേകതകൾ കണക്കിലെടുത്ത് ദീർഘകാലം നിലനിൽക്കാനായി നിർമ്മാണത്തിൽ നൂതന രീതിയിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് രൂപകല്പന ചെയ്തുവരുന്നത്. ഇൻഡ്യൻ റോഡ് കോൺഗ്രസ് (IRC) മാനദണ്ഡ പ്രകാരമുള്ള രൂപകല്പനയാണ് നൽകി വരുന്നത്. കൂടാതെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി രൂപകല്പനയ്ക്കായി Civil 3D പോലുള്ള അത്യാധുനിക സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചുവരുന്നു.

മണ്ണിന്റെ ഘടന, ഭൂഗർഭ ജലനിരപ്പ്, കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് ദീർഘകാലം ഈടുനിൽക്കുന്ന നവീന രീതികൾ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്ന രീതി സംസ്ഥാനത്ത് ഭൂരിഭാഗം പ്രവൃത്തികളിലും സ്വീകരിക്കുകയാണ്. ദീർഘകാലം ഈടുനിൽക്കുന്നതും പരിപാലന ചെലവ് കുറഞ്ഞതുമായ വൈറ്റ്

ടോപ്പിങ്ങ് സാങ്കേതികവിദ്യ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ഗതാഗത തിരക്കുള്ള നഗര പാതകൾ തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

കൂടാതെ നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസും ചേർത്ത് കുഴച്ച് ഈ ഭാഗത്തുതന്നെ പുനർനിർമ്മാണത്തിന് ഉപയോഗിക്കുകയും ചെയ്യുന്ന ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജി, ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ജിയോസെൽ, സ്വാഭാവിക റബ്ബർ, കയർ ഭൂവസ്ത്രം, പ്ലാസ്റ്റിക് എന്നിവ റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. സാങ്കേതിക രംഗത്തെ നവീന ആശയങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനും കാര്യശേഷി വർധിപ്പിക്കുന്നതിനുംവേണ്ടി ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും ശിൽപ്പശാലകളും സംഘടിപ്പിച്ചുവരികയും ചെയ്യുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിൽ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം റോഡുകളിൽ അവയുടെ നിർമ്മാണ രീതിക്കനുസരിച്ച് പരിപാലന കാലാവധി നിശ്ചയിച്ചിട്ടുള്ളതും ഇക്കാലയളവിൽ റോഡിന്റെ പരിപൂർണ്ണമായ സംരക്ഷണ ചുമതല പ്രവൃത്തി ചെയ്തിട്ടുള്ള കരാറുകാരനിൽത്തന്നെ നിക്ഷിപ്തമാക്കിയിട്ടുള്ളതുമാണ്.

പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ റോഡുകളും pothole ഇല്ലാതെ സംരക്ഷിക്കപ്പെടുക എന്ന ഉദ്ദേശ്യത്തോടുകൂടി running contract സംവിധാനം ഫലപ്രദമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. അതുപ്രകാരം മഴക്കാലത്തിന് ശേഷമുണ്ടാകാൻ സാധ്യതയുള്ള തകരാറുകൾകൂടി മുൻകൂട്ടി കണ്ടുകൊണ്ടാണ് അടങ്കൽ എസ്റ്റിമേറ്റ് തയ്യാറാക്കാറുള്ളത്. അതിനാൽ താമസംവിനാ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നുണ്ട്.

**ദേശീയപാത 85-ന്റെ വികസനം**

**14 (*104)** <u>ശ്രീ. എം. എം. മണി:</u>

<u>ശ്രീ. കെ. ജെ. മാക്സി:</u>

ശ്രീ. ആന്റണി ജോൺ:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത 85-ന്റെ വികസനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ദേശീയപാത 85 ന്റെ വികസനം നിലവിൽ 15% പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത ദേശീയപാതയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

ദേശീയപാത 85 വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി National Highway Act 1956, Section 3 E പ്രകാരമുള്ള നോട്ടീസുകൾ അയച്ചിട്ടുണ്ട്. 3G അവാർഡ് വിതരണം പുരോഗമിക്കുന്നു. Rehabilitation and Resettlement Committee രൂപീകരിക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ദേശീയപാത 85 (കൊച്ചി-മൂന്നാർ-തേനി) വികസനവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ നേര്യമംഗലം പാലം, കുട്ടമംഗലം-മൂവാറ്റുപുഴ

ബൈപ്പാസ്, കോതമംഗലം ബൈപ്പാസ് എന്നിവയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളാണ് നടന്നുവരുന്നത്. നേര്യമംഗലം പാലം, കുട്ടമംഗലം എന്നിവിടങ്ങളിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയപാത അതോറിറ്റിയിൽനിന്നും ഫണ്ട് ലഭ്യമായിട്ടുള്ളതുമാണ്. ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിനാവശ്യമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. മൂവാറ്റുപുഴ, കോതമംഗലം ബൈപ്പാസുകളുമായി ബന്ധപ്പെട്ട് 07-12-2023-ൽ 31.5033 ഹെക്ടർ ഭൂമിയുടെ 3 എ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സർവെ നടപടികൾ പൂർത്തീകരിച്ച് 3 ഡി വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിലേയ്ക്ക് MoRTH-ന്റെ ഭൂമിരാശി പോർട്ടലിൽ 15-03-2024-ന് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അത് ഇന്ത്യാ ഗസറ്റിൽ പ്രസിദ്ധീകരിച്ചുവരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നിലവിലുള്ള റോഡിന്റെ ഇരുവശങ്ങളിലുമായി 13 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കുന്നതിനാണ് ഇടുക്കി ജില്ലയിൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതിക്ക് പുതിയതായി സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശ്യമില്ല. ലഭ്യമായ പുറമ്പോക്ക് ഉപയോഗിച്ച് വികസനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വനം വകുപ്പുമായുള്ള തർക്കങ്ങളിൽ ഹൈക്കോടതി ഇടപെട്ട് തീർപ്പ് കൽപ്പിക്കുകയുണ്ടായോ; വിശദവിവരം ലഭ്യമാക്കാമോ?

ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ട്. കൊച്ചി-തേനി ദേശീയപാത 85-ന്റെ നേര്യമംഗലം മൂന്നാർ ഭാഗം വനം/CHR (Cardamom Hill Reserve) മേഖലയിലൂടെയാണ് കടന്നുപോകുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള രേഖകൾ പ്രകാരം [സ.ഉ(കൈ)നം.73/1996/PW&T] ഈ ഭാഗത്ത് 30 മീറ്റർ വീതി ഉറപ്പാക്കേണ്ടതുണ്ടെന്ന് വനം വകുപ്പ് ചീഫ് കൺസർവേറ്റർക്ക് നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ പാത കടന്നുപോകുന്ന നേര്യമംഗലം മൂന്നാർ ഭാഗം വനം വകുപ്പിന്റെ രേഖകൾ

പ്രകാരം റിസർവ് ഫോറസ്റ്റ് ആണെന്നും ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് 1980-ൽ പാസാക്കിയതിനാൽ 1996-ലെ പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് കൺസർവേഷൻ ആക്റ്റ് 1980-ന്റെ ലംഘനം ആണെന്നുമാണ് വനം വകുപ്പിന്റെ നിലപാട്. ദേശീയപാത 85-ന് വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് വനഭൂമി ഏറ്റെടുക്കുന്നതിന് തയ്യാറല്ല എന്ന് ദേശീയപാത അതോറിറ്റിയും അറിയിച്ചിട്ടുണ്ട്.

1996-ലെ പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് പ്രകാരം ദേശീയപാത 85 വീതികൂട്ടാൻ അനുവദിക്കണമെന്നും പ്രസ്തുത പ്രവൃത്തിക്ക് തടസ്സം നിൽക്കരുതെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. കിരൺ സിജു മുതൽപേർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(സി) 10978/202-ൽ 28-05-2024-ൽ വന്ന വിധി പ്രകാരം ദേശീയപാത വികസനത്തിന് തടസ്സം സൃഷ്ടിക്കരുതെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ബഹു. ഹൈക്കോടതി നിർദേശം നൽകിയിട്ടുണ്ട്.

**സബ് രജിസ്ട്രാർ ഓഫീസുകളിൽ ടെംപ്ലേറ്റ് സംവിധാനം**

**15 (*105)** <u>ശ്രീമതി ഒ. എസ്. അംബിക:</u>

ശ്രീ. ഒ. ആർ. കേളു:

ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) സദയം മറുപടി പറയാമോ?

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ടെംപ്ലേറ്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

11-03-2024-ലെ സ.ഉ.(സാധാ) നം.230/2024/TAXES നമ്പർ ഉത്തരവ് പ്രകാരം ആധാരങ്ങൾക്ക് ഫോം രൂപത്തിലുള്ള മാതൃകകൾ (Templates) ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിരുന്നു. നിലവിൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവെ നടപ്പിലാക്കിയ വില്ലേജുകൾ അധികാരപരിധിയായി വരുന്ന സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തി പരിശോധിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത സംവിധാനം നിലവിൽ വരുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ടെംപ്ലേറ്റ് ഉപയോഗിച്ചുള്ള രജിസ്ട്രേഷൻ സൗകര്യം ഒരുക്കുന്നതിനായി റവന്യൂ-രജിസ്ട്രേഷൻ-സർവെ വകുപ്പുകളുടെ സംയുക്ത മേൽനോട്ടത്തിൽ 'എന്റെ ഭൂമി' എന്ന പോർട്ടലിന്റെ രൂപകല്പന പൂർത്തിയായിവരുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ നടത്തി പരിശോധിച്ച ശേഷം ഫലപ്രദമായി നടപ്പിലാക്കുന്ന കാര്യം റവന്യൂ, സർവെ വകുപ്പുകളുമായി കൂടിയാലോചിച്ച ശേഷം തീരുമാനിക്കുന്നതാണ്.

**(സി)** പ്രസ്തുത സംവിധാനം നിലവിൽ വരുന്നതോടെ ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ടെംപ്ലേറ്റ് സംവിധാനം നിലവിൽ വരുന്നതോടെ ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടുമെന്ന ആശങ്ക അറിയിച്ചുകൊണ്ട് ആധാരമെഴുത്ത് മേഖലയിലെ സംഘടനകൾ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

ആധാരമെഴുത്ത് സംഘടനകൾ സമർപ്പിച്ച നിവേദനം സംബന്ധിച്ച് മുൻ രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ഹാളിൽവച്ച് 08-12-2022 തീയതിയിൽ നടത്തിയ യോഗത്തിൽ സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും തൊഴിൽ നഷ്ടമാകാത്ത വിധത്തിൽ ആധാര രജിസ്ട്രേഷനായി ടെംപ്ലേറ്റ് സംവിധാനം കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. അതിനാവശ്യമായ പരിശോധനകളും ചർച്ചകളും തുടർന്നും നടത്തുന്നതാണ്. കൂടാതെ ഈ സൗകര്യങ്ങൾ നടപ്പിലാക്കുമ്പോൾ ആധാരമെഴുത്തുകാരുടെ തൊഴിലിനെ ബാധിക്കാതിരിക്കാൻ ആധാരമെഴുത്ത് മേഖലയിലുള്ളവർക്ക് ആവശ്യമെങ്കിൽ പരിശീലനം നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്.

**കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാത്ത സാഹചര്യം**

**16 (*106)** <u>ശ്രീമതി ഉമ തോമസ്</u>:

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:

<u>ഡോ. മാത്യു കുഴൽനാടൻ</u>:

ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ വൺ എർത്ത് വൺ ലൈഫ് കേസിലെ വിധിയെത്തുടർന്ന് നിരവധി പേർക്ക് പട്ടയം ലഭിക്കാത്ത സാഹചര്യമുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ നടത്തിയ ഇടപെടലുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) കൈവശഭൂമിയുടെ പട്ടയം നിഷേധിക്കപ്പെട്ടവർക്ക് പട്ടയം ലഭ്യമാക്കാൻ അനുഭാവപൂർവമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാർ മേഖലയിലെ കൈയേറ്റങ്ങളുമായി ബന്ധപ്പെട്ട് 'One Earth One life' എന്ന സംഘടന ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(സി)1801/2010 നമ്പർ കേസിലെ 10-01-2024-ലെ ഇടക്കാല ഉത്തരവുപ്രകാരം ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ 1964-നുമുമ്പ് ഭൂമി കൈവശത്തിലാണ് എന്നതിൽ രേഖകൾ ഹാജരാക്കുന്നവർക്കല്ലാതെ മറ്റാർക്കും പട്ടയം നൽകേണ്ടതില്ലെന്നും

1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയോട് നിർദേശിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളുടെ പ്രാബല്യ തീയതിക്ക് ശേഷമുള്ള കൈവശങ്ങൾക്ക് പട്ടയം നൽകുന്നത് ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുവരെ പട്ടയം ലഭിച്ചവരെ ഈ നിർദേശം നിലവിൽ ബാധിക്കുന്നതല്ല. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ഹൈക്കോടതിയെ ബോധ്യപ്പെടുത്തുന്നതിനായി ഇൻസ്ട്രക്ഷൻസ് തയ്യാറാക്കി അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറൽ അഫിഡവിറ്റ് തയ്യാറാക്കി 12-06-2024-ന് സർക്കാരിൽ സമർപ്പിക്കുകയും അത് ചീഫ് സെക്രട്ടറി ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ഹൈക്കോടതിയെ ബോധ്യപ്പെടുത്തി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നേരിടുന്ന

തടസ്സം ഒഴിവാക്കി പട്ടയം നൽകുന്നതിനുള്ള അനുഭാവപൂർവമുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**ദേശീയപാത 66-ന്റെ നിർമ്മാണം**

**17(*107)** ഡോ. സുജിത് വിജയൻപിള്ള:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്- തിരുവനന്തപുരം ദേശീയപാത 66-ന്റെ നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിലാക്കുന്നതിന് മിഷൻ 2025 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ദേശീയപാത 66-ന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മിഷൻ 2025-ന് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിശ്ചിത ഇടവേളകളിൽ മന്ത്രിതല അവലോകന യോഗങ്ങൾ ചേരും. ഇതോടൊപ്പം

മിഷൻ 2025 പ്രകാരം പ്രവൃത്തി നടക്കുന്ന ഇടങ്ങളിൽ നേരിട്ടെത്തി പരിശോധിക്കുകയും ചെയ്യുന്നുണ്ട്. 2023 ഡിസംബർ മുതൽ ഇത്തരത്തിലുള്ള 3 യോഗങ്ങൾ സംഘടിപ്പിച്ചുകഴിഞ്ഞു. അതോടൊപ്പം കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ നേരിട്ടെത്തി പ്രവൃത്തി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

2023 ഡിസംബർ, 2024 മെയ്, 2024 ജൂൺ എന്നീ മാസങ്ങളിൽ മിഷൻ 2025 അവലോകന യോഗങ്ങൾ നടത്തിയിരുന്നു.

(ബി) ദേശീയപാത 66-ൽ നിർമ്മാണം പൂർത്തിയായ റീച്ചുകളുടെ വിശദാംശം ലഭ്യമാക്കാമോ; പൂർത്തിയായ റീച്ചുകൾ നിലവിൽ ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ദേശീയപാത 66-ന്റെ താഴെ പറയുന്ന റീച്ചുകൾ നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്.

- കഴക്കൂട്ടം എലവേറ്റഡ് ഹൈവേ
- കഴക്കൂട്ടം-മുക്കോല റീച്ച്

- മുക്കോല- കേരള/തമിഴ്നാട് അതിർത്തി റീച്ച്
- നീലേശ്വരം ആർ.ഒ.ബി.
- തലശ്ശേരി മാഹി ബൈപാസ്

പൂർത്തിയായ റീച്ചുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സിഗ്നലുകളും ടോൾ ബൂത്തുകളുമില്ലാതെ നിർമ്മാണം പൂർത്തിയാക്കുന്ന പ്രസ്തുത പാതയ്ക്ക് അനുയോജ്യമായ അടിപ്പാതകളുടെയും ജി.പി.എസ്. സംവിധാനങ്ങളുടെയും വിശദവിവരം നൽകാമോ?

ദേശീയപാത 66-ൽ ഓരോ റീച്ചിലും നിർമ്മിക്കാനുദ്ദേശിക്കുന്ന അടിപ്പാതകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**റീസർവെയിലെ തെറ്റുകൾ പരിഹരിക്കാൻ നടപടി**

**18(*108)** <u>ശ്രീ. കെ. പി. എ. മജീദ്:</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u>

<u>ശ്രീ. യു. എ. ലത്തീഫ്:</u>

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവെ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; റീസർവെയിൽ വ്യാപകമായി തെറ്റുകൾ വന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവെയുടെ ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ 167 വില്ലേജുകളും രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 8 വില്ലേജുകളും ചേർത്ത് ആകെ 175 വില്ലേജുകളിൽ ഫീൽഡ് സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ അവശേഷിക്കുന്ന വില്ലേജുകളുടെ സർവെ ചുരുങ്ങിയ ദിനങ്ങൾകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

റീസർവെയിൽ വ്യാപകമായി തെറ്റുകൾ വന്നതായി പരാതികൾ ലഭിച്ചിട്ടില്ല. പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായ 'എന്റെ ഭൂമി' എന്ന ഡിജിറ്റൽ

സർവെ പദ്ധതി നടപ്പാക്കിവരുന്നത്. മുൻ സർവെ നടപടികളിൽനിന്ന് വ്യത്യസ്തമായി സർവെയ്ക്ക് മുന്നോടിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവ സംയുക്തമായി വില്ലേജ് അടിസ്ഥാനത്തിൽ 'സർവെ സഭകൾ' ചേരുകയും പ്രസ്തുത വില്ലേജിന്റെ സർവെ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വ്യക്തതകൾ നൽകുകയും പൂർണ്ണമായ ജനപങ്കാളിത്തം അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ടാണ് സർവെ പ്രക്രിയകൾക്ക് തുടക്കം കുറിക്കുന്നത്. കൂടാതെ സർവെ നടക്കുമ്പോൾ ഭൂവുടമകൾ സ്ഥലത്തുണ്ടാകാതെ വരുന്നത് നിമിത്തം അവരുടെ വ്യക്തമായ വിശദാംശങ്ങൾ ശേഖരിക്കാതെ സർവെ നടത്തിയതിനാൽ മുമ്പ് വ്യാപക പരാതികൾ സർവെ നടപടികളിൽ പ്രതിഫലിച്ചിരുന്നു. എന്നാലിപ്പോൾ അത്തരത്തിലുള്ള പരാതികൾക്ക് പരിഹാരം കാണുന്നതിലേയ്ക്കായി പ്രിന്റ്, വിഷ്വൽ മീഡിയ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവ പ്രയോജനപ്പെടുത്തി വ്യാപകമായ രീതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഡിജിറ്റൽ സർവെയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

ഇത്തരത്തിൽ ഡിജിറ്റൽ സർവെ നടപ്പിലാക്കിയ ആദ്യ 15 വില്ലേജുകളിൽ സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചപ്പോൾ 170305 ലാൻഡ് പാർസലുകളിലായി ആകെ 20893 (12.27%) പരാതികൾ ലഭ്യമായിരുന്നു. എന്നാൽ അവ സമയബന്ധിതമായി പരിഹരിക്കുകയും തുടർന്ന് ഇത്തരം പരാതികൾ ഗണ്യമായി കുറയ്ക്കാനുതകുംവിധമുള്ള നടപടികൾ വകുപ്പ് കൈക്കൊള്ളുകയും ചെയ്തിരുന്നു. പ്രധാനമായും വാർഡ് അടിസ്ഥാനത്തിൽ പ്രീ 9(2) ക്യാമ്പുകൾ നടപ്പിലാക്കിയതിനാൽ പരാതികളുള്ളവ അടിയന്തരമായിത്തന്നെ പരിഹരിക്കാൻ കഴിഞ്ഞിരുന്നു. കൂടാതെ വാർഡ് തലത്തിൽ ലോക്കൽ വോളണ്ടിയർമാരെ ഉൾപ്പെടുത്തി 'സർവെ ജാഗ്രത സമിതികൾ' രൂപീകരിച്ച് സർവെ പരാതികൾ പരിഹരിക്കാൻ വേണ്ട നടപടികൾ ഏറ്റവും കാര്യക്ഷമമായി വകുപ്പ് കൈക്കൊണ്ടു. അതിലുപരിയായി സർവെ നടത്തുന്ന അവസരത്തിൽത്തന്നെ ഭൂവുടമയെ സർവെ ചെയ്ത റെക്കോർഡുകൾ കാണിച്ച് ബോധ്യപ്പെടുത്തിയാണ് ഡിജിറ്റൽ സർവെ നടപടികൾ മുന്നോട്ടുപോകുന്നത്. ഇത്തരം നടപടികൾ സ്വീകരിച്ചതിനുശേഷം സർവെ അതിരടയാള

നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ച 167 വില്ലേജുകളിൽ 4558 ALC (Appeal and Land Complaints) പരാതികൾ മാത്രമാണ് നാളിതുവരെ വന്നിട്ടുള്ളത് (0.2 % മാത്രം). അവകൂടി പരിഹരിച്ചതിനുശേഷമാണ് അന്തിമമായി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുക. ഇതിൽനിന്നും സർവെയിൽ നിലവിൽ വ്യാപകമായ പരാതിയില്ലെന്നതും പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ കുറയ്ക്കുന്നതിന് കൈക്കൊണ്ട നടപടികളുടെ ഫലപ്രാപ്തിയും വ്യക്തമാകുന്നു.

(ബി) റീസർവെ നടപടികൾക്കായി കൈക്കൂലി ആവശ്യപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഡിജിറ്റൽ സർവെ ജോലികൾക്കായി കൈക്കൂലി വാങ്ങിയത് ശ്രദ്ധയിൽവരികയും ഉടൻ അന്വേഷണം നടത്തി കുറ്റക്കാരിയായ ഫസ്റ്റ് ഗ്രേഡ് സർവെയറെ 08-05-2024-ന് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും

കരാറടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ആളെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

(സി) റീസർവെയിലെ തെറ്റുകൾ സമയബന്ധിതമായി തീർപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഡിജിറ്റൽ സർവെയുടെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നതിനും ഭൂസംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും തിരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകുന്നു. കൂടാതെ സർവെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവെ സംബന്ധിച്ച

പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടൽ വകുപ്പ് സജ്ജീകരിച്ചിട്ടുള്ളതും സർവെ വിവരം ഭൂവുടമകളുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുള്ളതുമാണ്.

ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും എറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത വില്ലേജുകളുടെ മാപ്പുകളും അനുബന്ധ വിവരങ്ങളും എന്റെ ഭൂമി (https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ ബന്ധപ്പെട്ട ക്യാമ്പ് ഓഫീസ് സന്ദർശിച്ചോ പരിശോധിക്കാവുന്നതാണ്. കേരള സർവെ അതിരടയാള നിയമപ്രകാരം സെക്ഷൻ 9(2) പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട വില്ലേജുകളിലെ എല്ലാ വാർഡ് തലത്തിലും പൊതുജനങ്ങൾക്ക് റെക്കോർഡുകൾ പരിശോധിക്കുന്നതിന് പ്രദർശിപ്പിക്കുകയും അത് പരിശോധിച്ച് ശ്രദ്ധയിൽപ്പെടുന്ന ആക്ഷേപങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും

ചെയ്തിട്ടുണ്ട്.

ഓരോ വില്ലേജിലും ഡിജിറ്റൽ സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഒരു മാസക്കാലയളവിൽ പ്രസ്തുത റെക്കോർഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കാൻ അവസരമുള്ളതും റെക്കോർഡുകളിന്മേൽ പരാതിയുണ്ടെങ്കിൽ അത് സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ടോ എന്റെ ഭൂമി പോർട്ടൽ മുഖേന ഓൺലൈനായോ ആക്ഷേപം സമർപ്പിക്കാവുന്നതുമാണ്. ഇത്തരത്തിൽ കുറ്റമറ്റ രീതിയിൽ റെക്കോർഡുകൾ തയ്യാറാക്കുന്ന നടപടികൾ ഡിജിറ്റൽ സർവെയിൽ സ്വീകരിച്ചുവരുന്നു.

**നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ**

**19(*109)** **<u>ശ്രീ. വി. ജോയി:</u>**

**<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u>**

**<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u>**

ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വിദ്യാർഥികൾക്ക് അഭിരുചിക്കനുസരിച്ച് പഠിക്കാനും തൊഴിൽ സാധ്യത ഉറപ്പുവരുത്താനും നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കേന്ദ്രങ്ങൾ ഏതൊക്കെ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുകയെന്നും ഒന്നാം ഘട്ടത്തിൽ ഇത്തരത്തിലുള്ള എത്ര കേന്ദ്രങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

സമഗ്ര ശിക്ഷാ കേരളയുടെ ബ്ലോക്ക് റിസോഴ്സ് കേന്ദ്രങ്ങളുടെ പരിധിയിലുള്ള തിരഞ്ഞെടുത്ത സർക്കാർ ഹൈസ്കൂൾ/ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ കേന്ദ്രീകരിച്ചാണ് നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 14 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഓരോ ബാച്ചിലും ഉൾക്കൊള്ളാൻ കഴിയുന്ന കുട്ടികളുടെ എണ്ണം, പ്രായപരിധി, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള പരിഗണന എന്നിവ വിശദമാക്കാമോ?

25 പരിശീലനാർഥികൾ വീതമുള്ള രണ്ട് ബാച്ചുകളാണ് ഓരോ നൈപുണ്യ പരിശീലന കേന്ദ്രങ്ങളിലുമുള്ളത്. 23 വയസ്സാണ് പരമാവധി പ്രായപരിധി. എന്നാൽ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് 5 വർഷവും എസ്.സി./എസ്.ടി വിഭാഗങ്ങളിലുള്ളവർക്ക് 2 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവനുവദിച്ചിട്ടുണ്ട്. എസ്.സി. വിഭാഗത്തിന് 8 ശതമാനവും എസ്.ടി. വിഭാഗത്തിന് 2 ശതമാനവും സീറ്റ് റിസർവേഷൻ ലഭ്യമാണ്. കൂടാതെ സംവരണാനുകൂല്യമുള്ള എല്ലാ വിഭാഗക്കാർക്കും മതിയായ സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന തലത്തിൽ ഇത്തരത്തിലുള്ള എത്ര കേന്ദ്രങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനതലത്തിൽ 236 സെന്ററുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. അതിൽ 14 എണ്ണം പ്രവർത്തനമാരംഭിക്കുകയും 196 എണ്ണം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ഭൂമി തരം മാറ്റൽ നടപടികളിൽ നിന്നും മാഫിയ സംഘങ്ങളെ ഒഴിവാക്കാൻ നടപടി**

20 (*110) ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട പരാതികൾ യഥാവിധി പരിഹരിക്കുന്നതും സംബന്ധിച്ച വിഷയം

സർക്കാർ ഗൗരവമായി പരിഗണിച്ച് താഴെപ്പറയുംപ്രകാരമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. 22-02-2022-ലെ സ.ഉ.(കൈ) നമ്പർ 56/2022/ആർഡി ഉത്തരവ്* പ്രകാരവും, 26-11-2022-ലെ സ. ഉ.(കൈ) നമ്പർ 278/2022/ആർഡി ഉത്തരവ് പ്രകാരവും നൽകിയ അധിക സൗകര്യങ്ങൾ ഭൂമി തരംമാറ്റത്തിനായി കുടിശ്ശികയായി കിടന്ന ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിനായി വളരെയേറെ പ്രയോജനപ്പെട്ടുകയുണ്ടായി. എന്നാൽ ഭൂമി തരംമാറ്റത്തിനായി ധാരാളം അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്തുത ഫയലുകൾ കാലതാമസം കൂടാതെ തീർപ്പാക്കേണ്ടതുണ്ട് എന്നതിനാലും അത് റവന്യൂ ഡിവിഷണൽ ഓഫീസുകളിലെ നിലവിലുള്ള മനുഷ്യവിഭവ ശേഷിക്ക് അപ്രാപ്യമായ സംഗതിയാണെന്നും കൂടാതെ, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന് PSC വഴി നിയമിക്കാവുന്ന സ്ഥിരം ജീവനക്കാരെ ആവശ്യമാണെന്ന് കണ്ടതിനാലും തുടർന്നും ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനും 01-09-2023-ലെ സ.ഉ. (കൈ) 206/2023/ആർഡി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നമ്പർ ഉത്തരവുപ്രകാരം രണ്ട് വർഷത്തേയ്ക്ക് താൽക്കാലിക തസ്തിക സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ, പ്രവർത്തന മികവ് പുലർത്തിയ 123 സർവേയർമാരെ ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസത്തേക്കുകൂടി നിയമിച്ചും ഉത്തരവായിരുന്നു.

2. റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ കുടിശ്ശികയായ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 2008-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻമാർക്ക് അധികാരം നൽകി നിയോഗിക്കുന്നതിനുദ്ദേശിച്ചുള്ള 2023-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 07-06-2024-ന് നിലവിൽ വന്നിട്ടുള്ളതാണ്. അതനുസരിച്ച് ടി

നിയമപ്രകാരം സംസ്ഥാനത്തെ റവന്യൂ ഡിവിഷണൽ ഓഫീസർമാർ നിലവിൽ നിർവഹിച്ചുവരുന്ന ചുമതലകൾ ഡെപ്യൂട്ടി കളക്ടർമാർക്കുകൂടി നൽകുമ്പോൾ അപേക്ഷകൾ കുറച്ചുകൂടി വേഗത്തിൽ തീർപ്പാക്കുന്നതിനും പരാതികൾ കുറയ്ക്കുന്നതിനും സഹായകരമാകുന്നതാണ്.

3. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ (SOP) തയ്യാറാക്കി നൽകിയിട്ടുള്ളതാണ്. കൂടാതെ, അപേക്ഷകൾ തീർപ്പാക്കുമ്പോൾ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(സി) പ്രകാരം താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസിലും സ്വീകരിക്കേണ്ട ഭൂരേഖകളിലെ മാറ്റങ്ങൾ സംബന്ധിച്ച നടപടികൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 05-08-2023-ലെ സ.ഉ.(സാധാ) നം.2886/2023/RD-യുടെ അടിസ്ഥാനത്തിൽ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ (SOP) തയ്യാറാക്കി നടപ്പാക്കിവരുന്നതാണ്. ഇതനുസരിച്ച് സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ തരംമാറ്റ ഉത്തരവ് ലഭിച്ചാൽ പരമാവധി ഒരാഴ്ചയ്ക്കുള്ളിൽ

ഭൂരേഖകളിൽ മാറ്റം വരുത്തി ഭൂനികുതി ഒടുക്കുവരുത്താൻ കഴിയുന്നതാണ്. സബ് ഡിവിഷൻ ആവശ്യമായി വരുന്ന കേസുകളിൽ സർവെ നടപടികൾ താൽക്കാലികമായി മാറ്റിവച്ചും ഭൂനികുതി ഒടുക്കുവരുത്താൻ ഇപ്പോൾ സാദ്ധ്യമാകുന്നതാണ്.

4. തരംമാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ തരംമാറ്റ അദാലത്തുകൾ നടത്തിവരുന്നുണ്ട്. ഇപ്രകാരം 2024 ജനുവരി 15 മുതൽ ഫെബ്രുവരി 17 വരെ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ച തരംമാറ്റ അദാലത്തിൽ 25 സെന്റിൽ താഴെ വിസ്തീർണ്ണമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സൗജന്യ നിരക്കിലുള്ള തരംമാറ്റവുമായി ബന്ധപ്പെട്ട 39075 അപേക്ഷകൾ തീർപ്പാക്കിയിട്ടുമുണ്ട്.

(ബി) സ്വകാര്യ ഏജൻസികളും റവന്യൂ വകുപ്പിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരുമടങ്ങിയ മാഫിയാസംഘങ്ങൾ ഭൂമി തരംമാറ്റൽ നടപടികൾ നിയന്ത്രിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇത്തരം മാഫിയാ സംഘങ്ങളെ ഒഴിവാക്കുന്നതിനും ചട്ടവിരുദ്ധമായ ഇടപാടുകൾ നടക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) ഇത്തരത്തിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിനായുള്ള അപേക്ഷാ സമർപ്പണ നടപടികളിൽ ചില സ്വകാര്യ ഏജൻസികൾ ഇടപെടൽ നടത്തിവരുന്നുണ്ട്. വലിയൊരു വിഭാഗം അപേക്ഷകർ അക്ഷയ സെന്ററുകൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിലും സംസ്ഥാനത്തിന് പുറത്തും വിദേശത്തും ജോലി ചെയ്യുന്നവരിൽ പലരും മറ്റ് തിരക്കുകളുള്ളവരും അവരുടെ സൗകര്യാർത്ഥം തരംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിനായി അവരുടെ സ്വന്തം താല്പര്യത്തിൽ ഇത്തരത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനം തേടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള സ്വകാര്യ ഏജൻസികൾ ഭൂമി തരംമാറ്റൽ നടപടികൾ നിയന്ത്രിക്കുന്നുവെന്ന രീതിയിലോ ഏതെങ്കിലും ക്രമക്കേടുകൾ സംബന്ധിച്ചോ ഉള്ള പരാതി ശ്രദ്ധയിൽപ്പെടുന്ന വേളയിൽത്തന്നെ ബന്ധപ്പെട്ട അധികൃതർ/ജില്ലാ

കളക്ടർമാർ മുഖേന അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ നിർദേശിച്ച് പരാതികൾ അവർക്ക് കൈമാറിവരുന്നുണ്ട്. ഇത്തരം പരാതികളിൽ ആവർത്തന സ്വഭാവമുള്ളവ ബന്ധപ്പെട്ട റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർ മുഖേനയും അന്വേഷണം നടത്താനായി നിർദേശിച്ച് പരാതികൾ കൈമാറിവരികയും ചെയ്യുന്നുണ്ട്.

സേവനം മറയാക്കി ഇത്തരം ഏജൻസികൾ നടത്തിവരുന്ന തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിനും അന്വേഷിക്കുന്നതിനും റവന്യൂ വിജിലൻസിനേയും വിജിലൻസ് പോലീസിനെയും ചുമതലപ്പെടുത്തിക്കൊണ്ട് നിർദേശം നൽകിയിട്ടുണ്ട്.

ഇപ്രകാരം ക്രമക്കേടുകൾ സംബന്ധിച്ച ആരോപണങ്ങൾ അന്വേഷണ വിധേയമാക്കുമ്പോൾ കഴമ്പുണ്ടെന്ന് വ്യക്തമാകുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

മുൻഗണനാക്രമം കർശനമായും പാലിച്ചാണ് ReLIS പോർട്ടലിലൂടെ തരംമാറ്റ അപേക്ഷകൾ അനുവദിച്ചുവരുന്നത്. എന്നിരുന്നാലും ആവശ്യമാകുന്ന കേസുകളിൽ ജില്ലാ കളക്ടേറ്റുകളിലെ ഇൻസ്പെക്ഷൻ വിഭാഗം

മുഖേന ആകസ്മിക പരിശോധന നടത്തിയും ആരോപണങ്ങൾ ത്വരിതാന്വേഷണ വിധേയമാക്കുന്നുണ്ട്.

**സ്കൂളുകളിൽ ലഹരി ഉപയോഗം തടയുന്നതിന് നടപടി**

**21 (*111)** <u>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:**</u>

<u>**ശ്രീ. സണ്ണി ജോസഫ്:**</u>

<u>**ശ്രീ. റോജി എം. ജോൺ:**</u>

<u>**ശ്രീ. ടി. സിദ്ദിഖ്:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ലഹരി ഉപയോഗം ക്രമാതീതമായി വർധിക്കുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ?

സ്കൂളുകൾക്കുള്ളിൽ ലഹരി ഉപയോഗം വർധിക്കുന്ന സാഹചര്യങ്ങളില്ല. എന്നാൽ ലഹരി ഉപയോഗം സംബന്ധിച്ച് സ്കൂൾ തലത്തിൽനിന്നും ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വകുപ്പ് ഇതിനെ ഗൗരവമായി കാണുകയും ലഹരി വ്യാപനം തടയുന്നതിന് വേണ്ട മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) എങ്കിൽ കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിന് സ്കൂളുകൾക്ക് മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ടോ?

2024-2025 അധ്യയന വർഷാരംഭം ലഹരിയുടെ ദുരുപയോഗം, വിപത്തുകൾ, സമൂഹത്തിലെ സ്ഥിതിവിശേഷം എന്നിവ കുട്ടികൾക്ക് ബോധ്യപ്പെടുത്തുന്നതിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സ്കൂളുകളിലെ ലഹരി ഉപയോഗം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2024-2025 അദ്ധ്യയനവർഷം ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തിപ്പിലേയ്ക്കായി ഒന്നരക്കോടി രൂപയുടെ പ്രവർത്തനങ്ങൾ വിഭാവന ചെയ്തിട്ടുണ്ട്.

ഈ അധ്യയന വർഷം പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ ഹൈസ്കൂൾ തലത്തിൽ ജീവിതശൈലിയുമായി ബന്ധപ്പെട്ട ലഹരിയുടെ ദുരുപയോഗം വ്യക്തമാക്കുന്ന പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ജൂൺ 26-ന് ആന്റി ഡ്രഗ് പാർലമെന്റ്, ഒക്ടോബർ 2-ന് സംവാദ സദസ്സ്, നവംബർ 1-ന് മുഖ്യമന്ത്രിയുടെ ലഹരിവിരുദ്ധ സന്ദേശം, നവംബർ 14-ന് ശിശുദിന അസംബ്ലി, ഡിസംബർ 10-ന് ലഹരി വിരുദ്ധ സെമിനാർ, ജനുവരി 30–ന് ക്ലാസ് സഭ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ റീജിയണൽ ജുഡീഷ്യൽ കൊളോക്യത്തിന്റെ നിർദേശാനുസരണം എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവയുമായി ചേർന്ന് ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. ഈ SOP-യുമായി ബന്ധപ്പെട്ട ട്രെയിനിംഗ് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി ആദ്ധ്യാപകർക്ക് അവധിക്കാല അദ്ധ്യാപക പരിശീലനത്തിൽ നൽകിയിട്ടുണ്ട്. പ്രസ്തുത SOP-യിൽ കേസുകളുടെ റിപ്പോർട്ടിംഗ്, കൗൺസിലിംഗ്, റഫറൽ സംവിധാനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. സംസ്ഥാനത്തെ  രണ്ട് ലക്ഷത്തോളമുള്ള അദ്ധ്യാപകർക്ക് മേൽ ഘടകങ്ങളെ

സംബന്ധിച്ച പരിശീലനം ഈ അവധിക്കാല അദ്ധ്യാപക പരിശീലനത്തിൽ നൽകി.

കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം ലഭ്യമാക്കിയ നവചേതന മൊഡ്യൂൾ പ്രകാരം അദ്ധ്യാപകർക്ക് ഈ വിഷയവുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്കൂൾ തലത്തിൽ രൂപീകരിച്ച ജാഗ്രതാ സമിതി, ജാഗ്രതാ ബ്രിഗേഡുകൾ, ജാഗ്രതാ കോ-ഓർഡിനേറ്റർമാർ എന്നിവരെ ശാക്തീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഊർജസ്വലമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. നേതൃത്വ പരിശീലന പരിപാടികൾ, രക്ഷാകർതൃ വിദ്യാഭ്യാസം, പ്രാദേശിക സംവാദ സദസ്സുകൾ എന്നിവ പ്രവർത്തങ്ങളുടെ ഭാഗമാകും.

കുട്ടികളുടെ ശ്രദ്ധയെ കൂടുതൽ ഉൽപാദനക്ഷമവും ഫലപ്രദവുമായ രീതിയിൽ കൊണ്ടുവരുന്നതിന് വൈവിധ്യമാർന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ (കലാകായികം) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഹയർസെക്കൻഡറി തലത്തിൽ സൗഹൃദ കോ-ഓർഡിനേറ്റർമാർ മുഖേന 1650 ഹയർ സെക്കൻഡറി വിദ്യാലയങ്ങളിലെ രണ്ടാം വർഷ വിദ്യാർഥികൾ ഉൾപ്പെടെ എല്ലാവർക്കും ഈ അദ്ധ്യയന വർഷം വർക് ഷോപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുമായി ചേർന്ന് തയ്യാറാക്കിയ പ്രവർത്തന കലണ്ടർ (Joint action plan) കുട്ടികളുടെ അധ്യയനത്തെ ബാധിക്കാത്ത രീതിയിൽ ഈ അധ്യയന വർഷം നടപ്പിലാക്കും.

ഹയർ സെക്കൻഡറി വിഭാഗത്തിൽ സ്കൂളുകളിലെ ലഹരി ഉപയോഗം തടയുന്നതിന് കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിന്റെയും എസ്.പി.സി, എൻ.എസ്.എസ്., സ്കൗട്ട് ആൻഡ് ഗൈഡ്സ് തുടങ്ങിയ അനുബന്ധ ഏജൻസികളുടെയും പ്രവർത്തനങ്ങളിലൂടെ ലഹരി വിരുദ്ധ പ്രചാരണവും ബോധവൽക്കരണവും നടത്തുന്നുണ്ട്. സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിൽ സർക്കാർ നിർദേശിച്ച മാതൃകയിൽ ലഹരിവിരുദ്ധ ക്യാമ്പയിനുകളും പ്രോഗ്രാമുകളും നടന്നുവരുന്നു.

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ലഹരി ഉപയോഗത്തിന്റെ പാർശ്വഫലങ്ങളെയും ലഹരി വ്യാപനം തടയുന്നതിനെയും കുറിച്ചുള്ള വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ തനത് പരിപാടികളും എക്സൈസ് വകുപ്പ്, പോലീസ് വകുപ്പ് എന്നിവരുടെ സഹകരണത്തോടെ കൂട്ടായും കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെൽ, നാഷണൽ സർവീസ് സ്കീം (NSS) എന്നിവയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി/മയക്കമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർഥികളെ ബോധവൽക്കരിക്കുന്നതിനായി Yellow line campaign, Habit state, Health & Arena, ജാഗ്രതാ മതിൽ, ഫ്ലാഷ് മോബുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

**പ്ലസ് വൺ പ്രവേശനം താലൂക്ക് അടിസ്ഥാനത്തിലാക്കാൻ നടപടി**

22 (*112) ശ്രീ. സജീവ് ജോസഫ്:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നതുമൂലം അർഹരായ നിരവധി വിദ്യാർത്ഥികൾക്ക് അവരുടെ താലൂക്കിലോ ജില്ലയിലോ പോലും സീറ്റ് ലഭിക്കാത്ത സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

സംസ്ഥാനത്തെ ഹയർ സെക്കൻഡറി/പ്ലസ്‌വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റടിസ്ഥാനത്തിലല്ല ജില്ലാടിസ്ഥാനത്തിലാണ് നടത്തുന്നത്. വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ സ്കൂളുകളുടെ എണ്ണം കുറവായതിനാൽ ഒറ്റ യൂണിറ്റായി പരിഗണിച്ചാണ് അലോട്ട്മെന്റ് നടത്തുന്നത്.

സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ./പ്ലസ്‌വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നതുമൂലം വിദ്യാർത്ഥികൾക്ക് സീറ്റ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടില്ല.

(ബി) പ്ലസ്‌വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നതിന് പകരം താലൂക്ക് അടിസ്ഥാനത്തിൽ കണക്കാക്കാൻ തയ്യാറാകുമോ?

സംസ്ഥാനത്തെ ഹയർ സെക്കൻഡറി/പ്ലസ്‌വൺ പ്രവേശനം ജില്ലാടിസ്ഥാനത്തിലാണ് നടത്തുന്നത്. 2023-24 അധ്യയനവർഷം മുതൽ താലൂക്കടിസ്ഥാനത്തിൽത്തന്നെ സീറ്റുകളുടെ ലഭ്യത വിലയിരുത്തിയാണ് തുടർനടപടികൾ സ്വീകരിച്ചുവരുന്നത്.

വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ സ്കൂളുകളുടെ എണ്ണം കുറവായതിനാൽ സംസ്ഥാനതലത്തിൽ ഒറ്റ യൂണിറ്റായി പരിഗണിച്ചാണ് അലോട്ട്മെന്റ് നടത്തുന്നത്. കേരളത്തിലെ എല്ലാ താലൂക്കുകളിലും വി.എച്ച്.എസ്.ഇ. സ്കൂൾ ഇല്ലാത്തതിനാൽ താലൂക്കടിസ്ഥാനത്തിൽ അലോട്ട്മെന്റ് പ്രായോഗികമല്ല.

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സംസ്ഥാനത്തെ ഹയർ സെക്കൻഡറി/പ്ലസ്‌വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നതിന് പകരം ജില്ലാടിസ്ഥാനത്തിലാണ് നടത്തുന്നത്. അലോട്ട്മെന്റുകൾ അനുവദിക്കുന്നത് ജില്ലാടിസ്ഥാനത്തിലാണെങ്കിലും അതേ താലൂക്കിലുള്ള സ്കൂളിൽ പ്രവേശനത്തിന് മുൻഗണന ലഭിക്കാൻ അതേ താലൂക്കിൽ താമസിക്കുന്ന വിദ്യാർഥിക്ക് ഒരു ബോണസ് പോയിന്റും അതേ തദ്ദേശസ്ഥാപന

പരിധിയിൽ താമസിക്കുന്ന വിദ്യാർഥിക്ക് അതേ തദ്ദേശസ്ഥാപന പരിധിക്കുള്ളിലെ സ്കൂളിൽ പ്രവേശനത്തിന് മുൻഗണന ലഭിക്കാൻ 2 ബോണസ് പോയിന്റും നൽകുന്നുണ്ട്.

കേരളത്തിലെ എല്ലാ താലൂക്കുകളിലും വി.എച്ച്.എസ്.ഇ. സ്കൂൾ ഇല്ലാത്തതിനാൽ താലൂക്കടിസ്ഥാനത്തിൽ അലോട്ട്മെന്റ് പ്രായോഗികമല്ല. നിലവിൽ ഇത് സംബന്ധിച്ച പരാതികളൊന്നും ലഭ്യമല്ല.

**ഗ്രീൻഫീൽഡ് ദേശീയപാതകളുടെ നിർമ്മാണത്തിന്റെ ജി.എസ്.ടി**

23 (*113) <u>ശ്രീ. ഐ. ബി. സതീഷ്</u>:

<u>ശ്രീ. കെ. ആൻസലൻ</u>:

<u>ശ്രീ. ഡി. കെ. മുരളി</u>:

<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് ഉൾപ്പെടെയുള്ള ഗ്രീൻഫീൽഡ് ദേശീയപാതകളുടെ നിർമ്മാണത്തിന്റെ ജി.എസ്.ടി. ഒഴിവാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ?

വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് ഉൾപ്പെടെയുള്ള ഗ്രീൻഫീൽഡ് ദേശീയപാതകളുടെ നിർമ്മാണത്തിൽ ജി.എസ്.ടി., റോയൽറ്റി എന്നിവ ഒഴിവാക്കണമെന്ന ദേശീയപാത അതോറിറ്റിയുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇത്തരത്തിൽ ജി.എസ്.ടി. ഒഴിവാക്കുന്നത് സംസ്ഥാനത്തിന് കനത്ത വരുമാന നഷ്ടമുണ്ടാക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ?

ഔട്ടർ റിംഗ് റോഡിന് 50% ഭൂമി ഏറ്റെടുക്കൽ വിഹിതമായി 930.41 കോടി രൂപയും റോയൽറ്റി ഇനത്തിൽ 10.87 കോടി രൂപയും ജി.എസ്.ടി. ഒഴിവാക്കുന്നതുവഴി 210.63 കോടി രൂപയും സർവീസ് റോഡ് നിർമ്മാണത്തിന് 477.33 കോടി രൂപയും ഉൾപ്പെടെ 1629.24 കോടി രൂപ സംസ്ഥാനത്തിന് സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിരിക്കുന്നത്. എറണാകുളം ബൈപ്പാസ് (NH 544)-ൽ റോയൽറ്റി, ജി.എസ്.ടി. ഇനത്തിൽ 424 കോടി രൂപയും കൊല്ലം-ചെങ്കോട്ട (NH 744)-ൽ 317.35 കോടി രൂപയും സംസ്ഥാനത്തിന്റെ ബാധ്യതയിലാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ഇപ്പോഴത്തെ നിലയിൽ ആകെ 2370.59 കോടി രൂപ ഈ മൂന്ന് പദ്ധതികളിൽ മാത്രമായി സംസ്ഥാനത്തിന് ബാധ്യത ഉണ്ടാകുമെന്നാണ് ദേശീയപാത അതോറിറ്റിയുടെ നിഗമനം.

(സി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ മണ്ണിന്റെയും കല്ലിന്റെയും റോയൽറ്റി ഉപേക്ഷിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

**ഗിഗ് തൊഴിലാളികളുടെ അവകാശ സംരക്ഷണം**

24 (*114) ശ്രീമതി സി. കെ. ആശ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. വി. ശശി:

ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഗിഗ് തൊഴിലാളികളുടെ തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

ഉണ്ട്. വളരുന്ന സമ്പദ്‌വ്യവസ്ഥയിലേയും ആധുനിക സേവന മേഖലയിലേയും ഒഴിച്ചുകൂടാനാകാത്ത പ്രധാന വിഭാഗമായ ഗിഗ് തൊഴിലാളികളുടേയും അവരുടെ പ്രാഥമിക തൊഴിലുടമകൾ, അഗ്രഗ്രേറ്റർമാർ എന്നിവരുടേയും സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്ന ഒരു നിയമവും നിലവിലില്ലാത്ത സാഹചര്യത്തിൽ ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന-വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗ്രേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനുമായി കേരള സംസ്ഥാന പ്ലാറ്റ്‌ഫോം അധിഷ്ഠിത ഗിഗ് വർക്കർ (രജിസ്ട്രേഷനും ക്ഷേമവും) ബിൽ എന്ന പേരിൽ നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഗിഗ് മേഖലയിൽ വെബ്ബിന്റെയും ലൊക്കേഷന്റെയും അടിസ്ഥാനത്തിലും ഐ.ടി. മേഖലയിൽ സ്വതന്ത്ര സേവന ദാതാക്കളായും തൊഴിലെടുക്കുന്നവരുടെ തൊഴിൽ സ്ഥിരതയും മറ്റാനുകൂല്യങ്ങളും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഗിഗ് തൊഴിലാളികൾക്കായി ഉദ്ദേശിക്കുന്ന നിയമനിർമ്മാണ ബില്ലിൽ ഒരു ക്ഷേമനിധി ബോർഡിനുകീഴിൽ ഗിഗ് തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഒരു ക്ഷേമനിധി പദ്ധതിയും പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികൾക്കായി കേരള പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർമാരുടെ ക്ഷേമനിധി പദ്ധതി എന്ന മറ്റൊരു പദ്ധതിയും രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. തൊഴിൽ തർക്കവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംവിധാനവും പ്രസ്തുത ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ബിൽ

നിയമമാകുന്ന മുറയ്ക്ക് ഗിഗ് മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിൽ സ്ഥിരതയും മറ്റാനുകൂല്യങ്ങളും ഉറപ്പാക്കപ്പെടുന്നതാണ്.

(സി) 2020-ൽ സോഷ്യൽ സെക്യൂരിറ്റി കോഡ് നടപ്പാക്കിയെങ്കിലും ഗിഗ് തൊഴിലാളികൾക്ക് കാര്യമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സോഷ്യൽ സെക്യൂരിറ്റി കോഡ് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കുന്ന തീയതി സംബന്ധിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ പേമെന്റ് സിസ്റ്റത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതി പരിഹാരത്തിനുള്ള ശ്രമങ്ങൾ ലേബർ കമ്മീഷണർ തലത്തിൽ സ്വീകരിക്കുന്നുണ്ട്.

(ഡി) ഗിഗ് തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ പഠിക്കുന്നതിനും തൊഴിൽ മേഖലയിലെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഗിഗ് മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുതകുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി സാങ്കേതിക രംഗത്ത് വൈദഗ്ധ്യമുള്ള വിവിധ മേഖലകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ഗിഗ് തൊഴിലാളികൾക്കായി സമഗ്രമായ നിയമനിർമ്മാണം സർക്കാർ പരിഗണനയിലാണ്.

**പുതിയ മദ്യനയം സംബന്ധിച്ച് ടൂറിസം വകുപ്പ് നടത്തിയ ചർച്ചകൾ**

25 (*115) ശ്രീ. അൻവർ സാദത്ത്:

ശ്രീ. സണ്ണി ജോസഫ്:

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയം സംബന്ധിച്ച് ടൂറിസം വകുപ്പ് ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ചർച്ച നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യോഗത്തിൽ ഏതൊക്കെ വിഷയങ്ങളാണ് ചർച്ച ചെയ്തതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള തുടങ്ങിയ സംഘടനകൾ സർക്കാരിൽ വ്യത്യസ്ത നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ഇതോടൊപ്പം വകുപ്പ് സെക്രട്ടറിമാരുമായി നടത്തിയ യോഗത്തിൽ ടൂറിസം വ്യവസായ വികസനത്തെ സംബന്ധിച്ച് ടൂറിസം വകുപ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി കുറിപ്പ് സമർപ്പിക്കണമെന്ന് ടൂറിസം വകുപ്പ് സെക്രട്ടറിക്ക് ചീഫ് സെക്രട്ടറി നിർദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 21-05-2024-ൽ കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള, കേരള

ടൂറിസം ഡെവലപ്മെന്റ് അസോസിയേഷൻ, സൗത്ത് കേരള ഹോട്ടൽ അസോസിയേഷൻ, കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ എന്നീ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഒരു ഓൺലൈൻ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട MICE (Meetings Incentive Convention Exhibitions), വെഡ്ഡിങ് ഡെസ്റ്റിനേഷൻ, ഹൗസ് ബോട്ട് മേഖല, ക്രൂയിസ് ടൂറിസം, എന്നിവ സംബന്ധിച്ച പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്യുകയുണ്ടായി.

(സി) ഈ യോഗത്തിന്റെ അടിസ്ഥാനത്തിൽ പുതിയ മദ്യനയം സംബന്ധിച്ച് ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിന് ശിപാർശകൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പുതിയ മദ്യനയം സംബന്ധിച്ച് ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിന് ശിപാർശകൾ നൽകിയിട്ടില്ല.

**എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി പരീക്ഷകൾ സമയബന്ധിതമായി നടത്താൻ സ്വീകരിച്ച നടപടി**

26 (*116) ശ്രീ. കെ. ബാബു (നെന്മാറ):

ഡോ. കെ. ടി. ജലീൽ:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) 2024-ലെ എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി പരീക്ഷകൾ സമയബന്ധിതവും ശാസ്ത്രീയവുമായി നടത്തുന്നതിന് സ്വീകരിച്ച മുന്നൊരുക്കങ്ങൾ വിശദമാക്കാമോ?

എസ്.എസ്.എൽ.സി.

2024 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജ്ഞാപനം 16-10-2023-ന് പുറപ്പെടുവിച്ചു. എസ്.സി.ഇ.ആർ.ടി. ലഭ്യമാക്കിയിട്ടുള്ള വിഷയ വിദഗ്ധരുടെ പാനൽ ഉപയോഗിച്ച് ചോദ്യപേപ്പർ തയ്യാറാക്കുകയും അത് അടിയന്തരമായി പ്രിന്റ് ചെയ്ത് സുരക്ഷാ ക്രമീകരണങ്ങളോടെ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. പരീക്ഷയുടെ സുഗമമായ

നടത്തിപ്പിനായി ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം സമയബന്ധിതമായി നടത്തുകയും ജില്ലാടിസ്ഥാനത്തിലും മേഖലാടിസ്ഥാനത്തിലും ഇവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്തു. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ആവശ്യമായ യോഗങ്ങൾ ചേർന്ന് നിർദേശങ്ങൾ നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. വാർഷിക പരീക്ഷകൾക്ക് മുമ്പായി മാതൃകാ പരീക്ഷകൾ നടത്തിയിരുന്നു. കൂടാതെ ചോദ്യപേപ്പർ സോർട്ടിംഗ്, പരീക്ഷാ നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രഥമാധ്യാപകർക്കും വിശദമായ നിർദേശങ്ങളടങ്ങിയ സർക്കുലറുകൾ സമയബന്ധിതമായി നൽകിയിട്ടുണ്ട്. പരീക്ഷാ സമയത്ത് ക്രമക്കേടുകളുണ്ടാകാതിരിക്കാൻ വിദ്യാഭ്യാസജില്ലാ തലത്തിലും റവന്യൂജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് ആവശ്യമായ മോണിറ്ററിംഗ് എല്ലാ പരീക്ഷാ ദിവസങ്ങളിലും നടത്തുകയും ചെയ്തിട്ടുണ്ട്.

ഹയർസെക്കൻഡറി

കഴിഞ്ഞ അധ്യയനവർഷത്തെ ഹയർസെക്കൻഡറി പരീക്ഷകൾ 01-03-2024 മുതൽ 26-03-2024 വരെ നടക്കുകയുണ്ടായി. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ഹാൾടിക്കറ്റ് വിതരണം യഥാസമയം നടത്തിയിരുന്നു. പരീക്ഷാ നടത്തിപ്പിലേയ്ക്കായി ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരെ നിയമിച്ചിരുന്നു. ചീഫ് സൂപ്രണ്ടുമാരുടെയും മേഖല ഉപമേധാവിമാരുടെയും മീറ്റിംഗുകൾ സംഘടിപ്പിച്ചിരുന്നു. ഉത്തരക്കടലാസുകളും ചോദ്യപേപ്പറുകളും കൃത്യസമയത്ത് എത്തിച്ചിരുന്നു. ചോദ്യപേപ്പറുകളുടെ സുരക്ഷയ്ക്കായി നൈറ്റ് വാച്ച്മാൻമാരെ നിയമിച്ചിരുന്നു. വാർഷിക പരീക്ഷകൾക്ക് മുമ്പായി മാതൃകാ പരീക്ഷകൾ നടത്തിയിരുന്നു. കേരളത്തിനകത്തും പുറത്തുമായി 2017 പരീക്ഷാ കേന്ദ്രങ്ങളും കേരളത്തിനകത്തായി 77 മൂല്യനിർണ്ണയ ക്യാമ്പുകളും സജ്ജീകരിച്ചിരുന്നു. പരീക്ഷകളും അനുബന്ധ പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ പൂർത്തീകരിച്ച് ഫലപ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) വിദ്യാർഥികളുടെ പരീക്ഷാഫലം സുതാര്യവും ശാസ്ത്രീയവും സമയബന്ധിതവുമായി പ്രഖ്യാപിക്കാൻ നടത്തിയ ശ്രമങ്ങൾ വിജയകരമായിരുന്നോ; വിശദാംശം അറിയിക്കാമോ?

എസ്.എസ്.എൽ.സി.

2024 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രഖ്യാപിക്കുന്നതിനായി 2024 ഏപ്രിൽ മാസത്തിൽ തന്നെ ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം പൂർത്തീകരിക്കുന്നതിനുവേണ്ടി 03-04-2024 മുതൽ 20-04-2024 വരെ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇതിനായി സംസ്ഥാനത്ത് ആകെ 70 മൂല്യനിർണ്ണയ ക്യാമ്പുകൾ ക്രമീകരിക്കുകയും ചെയ്തിരുന്നു. മൂല്യനിർണ്ണയം നടത്തുന്നതിനായി ഓരോ വിഷയത്തിലും മൂല്യനിർണ്ണയ സ്കീം തയ്യാറാക്കുകയും അതിനെ ആധാരമാക്കി ഉത്തര പേപ്പർ മൂല്യനിർണ്ണയം നടത്തുകയും ചെയ്തു. മൂല്യനിർണ്ണയ ക്യാമ്പുകളുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഓരോ ക്യാമ്പിലും ക്യാമ്പ് ഓഫീസറേയും ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറേയും നിയമിക്കുകയും ക്യാമ്പുകൾ തുടങ്ങുന്നതിന്

മുന്നോടിയായി ക്യാമ്പ് ഓഫീസർമാർക്ക് പരിശീലനം നടത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്തെ 70 മൂല്യനിർണ്ണയ ക്യാമ്പുകളിൽ അഡീഷണൽ ചീഫ് എക്സാമിനർമാരായി 930 അധ്യാപകർക്കും അസിസ്റ്റന്റ് എക്സാമിനർമാരായി 8921 അധ്യാപകർക്കും ചുമതല നൽകി. മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്ന് ഓരോ ദിവസത്തെയും സ്കോറുകൾ പരീക്ഷാ ഭവനിൽ ലഭ്യമാക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കിടയിലും ഉത്തരക്കടലാസ് മൂല്യനിർണ്ണയം സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞു. മൂല്യനിർണ്ണയ ക്യാമ്പുകൾക്കാവശ്യമായ ഫണ്ട് വിതരണം നടത്തുകയും ചെയ്തു. പരീക്ഷാഭവനിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി ടാബുലേഷൻ പൂർത്തീകരിച്ചു. ഇത്തരത്തിൽ ശാസ്ത്രീയമായി ചെയ്തതിനാൽ കഴിഞ്ഞ വർഷം ഫലം പ്രഖ്യാപിച്ചതിനും 11 ദിവസങ്ങൾക്കുമുമ്പായി 08-05-2024-ന് പരീക്ഷാഫലം പ്രഖ്യാപിക്കുകയും ചെയ്തു. വിദ്യാർഥികളുടെ പരീക്ഷാഫലം സുതാര്യവും ശാസ്ത്രീയവും സമയബന്ധിതവുമായി പ്രഖ്യാപിക്കാൻ നടത്തിയ ശ്രമങ്ങൾ വിജയകരമായിരുന്നു.

ഹയർസെക്കൻഡറി

കഴിഞ്ഞ വർഷത്തെ ഹയർസെക്കൻഡറി പരീക്ഷകളുടെ മൂല്യനിർണ്ണയം 77 ക്യാമ്പുകളിലാണ് നടന്നത്. 757 ക്യാമ്പ് ഒഫിഷ്യൽസിനെ 77 മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിയോഗിച്ച്, 24397 അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് 03-04-2024-ൽ ആരംഭിച്ച മൂല്യനിർണ്ണയം 26-04-2024-ൽ പൂർത്തീകരിച്ചു. മൂല്യനിർണ്ണയ ക്യാമ്പുകളിൽത്തന്നെ ടാബുലേഷൻ നടത്തി ഡാറ്റ ഡയറക്ടേറ്റിൽ പ്രോസസ്സ് ചെയ്ത് 04-05-2024-ന് പരീക്ഷ ബോർഡ് കൂടി ഫലപ്രഖ്യാപനത്തീയതി തീരുമാനിക്കുകയും 09-05-2024-ന് ഫലപ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 16 ദിവസം മുമ്പാണ് ഈ വർഷത്തെ ഫലപ്രഖ്യാപനം നടത്തിയത്.

(സി) സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടത്തിയ നടപടികൾ വിശദമാക്കുമോ?

എസ്.എസ്.എൽ.സി.

2024 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ സർട്ടിഫിക്കറ്റുകളുടെ പ്രിന്റിംഗിനുള്ള നടപടികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. 2024 മേയ് 28 മുതൽ ജൂൺ 6 വരെ നടന്ന എസ്.എസ്.എൽ.സി. സേ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റ് പ്രിന്റിംഗ് പൂർത്തിയാക്കി വിതരണം ചെയ്യുന്നതാണ്.

<u>ഹയർസെക്കൻഡറി</u>

ഹയർസെക്കൻഡറി സർട്ടിഫിക്കറ്റുകൾ സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സിൽനിന്നും പ്രിന്റ് ചെയ്ത് രണ്ടായിരത്തിലധികം വരുന്ന സ്കൂളുകളിലേയ്ക്ക് തപാൽമാർഗം അയയ്ക്കുമ്പോൾ കാലതാമസം നേരിടുന്നതിനാൽ കഴിഞ്ഞ വർഷം മുതൽ സർട്ടിഫിക്കറ്റുകൾ ജില്ലാ കേന്ദ്രങ്ങളിൽ എത്തിച്ച് അവിടെനിന്ന് വിതരണം ചെയ്യുന്നതിനാൽ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ വിദ്യാർഥികളിലേയ്ക്കെത്തിക്കാൻ സാധിക്കുന്നുണ്ട്.

**റോഡുകൾ ഗതാഗതയോഗ്യമാക്കാൻ നടപടികൾ**

27 (*117) <u>ശ്രീ. വാഴൂർ സോമൻ</u>:

<u>ശ്രീ. വി. ശശി</u>:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) മൺസൂൺ ആരംഭിക്കുന്നതിന് മുമ്പായി സംസ്ഥാനത്തെ എല്ലാ റോഡുകളും ഗതാഗത യോഗ്യമാണോയെന്ന് വിലയിരുത്തുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

(ബി) റണ്ണിംഗ് കോൺട്രാക്ട് നിലവിലുള്ള റോഡുകളിലെ അറ്റകുറ്റപ്പണികൾ മൺസൂൺ ആരംഭിക്കുന്നതിന് മുമ്പായി പൂർത്തീകരിച്ച് മികച്ച രീതിയിൽ പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രത്യേക പരിശോധനാ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**(എ&ബി)** മൺസൂൺ ആരംഭിക്കുന്നതിന് മുമ്പായി സംസ്ഥാനത്തെ എല്ലാ റോഡുകളും ഗതാഗത യോഗ്യമാണോയെന്ന് വിലയിരുത്തുന്നതിന് വകുപ്പ് തലത്തിൽ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

റണ്ണിംഗ് കോൺട്രാക്റ്റ് നിലവിലുള്ള റോഡുകളിലെ അറ്റകുറ്റപ്പണികൾ മൺസൂൺ ആരംഭിക്കുന്നതിന് മുമ്പായി പൂർത്തീകരിച്ച് മികച്ച രീതിയിൽ പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിലവിൽ IAS ഉദ്യോഗസ്ഥരും ചീഫ് എഞ്ചിനീയർമാരുമടങ്ങുന്ന പ്രത്യേക പരിശോധനാ സംഘത്തെ ജില്ലാടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് യഥാസമയം വിലയിരുത്തുന്നുണ്ട്. നിലവിൽ 10-05-2024 മുതൽ 20-05-2024 വരെയുള്ള ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള ഏജൻസികളുടെ പ്രവൃത്തികളുടെ ഫലമായി കേടുപാടുകൾ സംഭവിച്ച റോഡുകൾ മഴയ്ക്കുമുമ്പ് ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിവിധ ഏജൻസികളുടെ യൂട്ടിലിറ്റി പ്രവൃത്തികൾക്കായി വിട്ടുകൊടുക്കുന്ന റോഡുകളിൽ പ്രവൃത്തി പൂർത്തീകരിച്ച് കൃത്യമായി restoration നടത്തി പൊതുമരാമത്ത് വകുപ്പിന് ലഭിക്കുമ്പോഴാണ് ഇടപെടാൻ കഴിയുക. സമയബന്ധിതമായി ഇങ്ങനെ കൈമാറിക്കിട്ടിയ റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

അല്ലാത്തയിടങ്ങളിൽ ബന്ധപ്പെട്ട ഏജൻസികൾക്ക് അറ്റകുറ്റപ്പണി നടത്താനുള്ള നിർദേശം രേഖാമൂലം നൽകിയിട്ടുണ്ട്. എന്നിട്ടും റോഡുകളിൽ അറ്റകുറ്റപ്പണി ചെയ്യുന്നില്ലെങ്കിൽ ജില്ലാകളക്ടർ തലത്തിലും സെക്രട്ടറി തലത്തിലും ആവശ്യമായ യോഗങ്ങൾ ചേർന്ന് അവ പരിഹരിക്കാൻ ശ്രമിച്ചുവരുന്നു.

(ഡി) റണ്ണിംഗ് കോൺട്രാക്ട് ഇല്ലാത്ത റോഡുകളിലെ അറ്റകുറ്റപ്പണികൾ നടത്താൻ നിലവിലെ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

റണ്ണിംഗ് കോൺട്രാക്ട് ഇല്ലാത്ത റോഡുകളിലെ അറ്റകുറ്റപ്പണികൾ നിലവിൽ പ്രീ-മൺസൂൺ വർക്കുകളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നുണ്ട്. ഡി.എൽ.പി. നിലവിലുള്ള റോഡുകളിൽ നിലവിലുള്ള കരാറുകാർതന്നെ അറ്റകുറ്റപ്പണികൾ ചെയ്യാൻ ബാധ്യസ്ഥരാണ്.

(ഇ) ഓടകളും ജലനിർഗമന പാതകളും ശരിയായ രീതിയിൽ പരിപാലിക്കപ്പെടാത്തതിനാൽ ഉണ്ടാകുന്ന വെള്ളക്കെട്ടും റോഡ് തകർച്ചയും മൂലമുണ്ടാകുന്ന ഗതാഗത തടസ്സം ഒഴിവാക്കാൻ മൺസൂൺ

ആരംഭിക്കുന്നതിനുമുമ്പ് ഇവയിലെ മാലിന്യങ്ങൾ നീക്കംചെയ്ത് പരിപാലിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ മഴവെള്ളത്തിന്റെ സുഗമമായ നിർഗമനത്തിനാവശ്യമായ ഓടകളും കലുങ്കുകളും റോഡിന്റെ നിരപ്പിനനുസരിച്ചാണ് നിർമ്മിക്കുന്നത്. പ്രീ-മൺസൂൺ വർക്കിൽ ഉൾപ്പെടുത്തിയോ റണ്ണിംഗ് കോൺട്രാക്ട് വർക്കിൽ ഉൾപ്പെടുത്തിയോ നിലവിലുള്ള കരാറുകാരനെക്കൊണ്ടുതന്നെയോ ഓടകളിലേയും കലുങ്കുകളിലേയും മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കുന്നുണ്ട്.

**ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് പദ്ധതികൾ**

28 (*118) <u>ശ്രീ. പി. എസ്. സുപാൽ:</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u>

<u>ശ്രീ. പി. ബാലചന്ദ്രൻ:</u>

<u>ശ്രീ. ഇ. കെ. വിജയൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോകനിലവാരത്തിലുള്ള ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തെ ലോകനിലവാരത്തിലുള്ള ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനുള്ള വൈവിധ്യമാർന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇതിനായി അടിസ്ഥാനസൗകര്യ വികസന രംഗത്തും ഹോസ്പിറ്റാലിറ്റി മേഖലയിലും പ്രചരണ രംഗത്തും നൂതനമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കേരളത്തിന്റെ സാധ്യതകൾ പരിശോധിക്കുകയും അവ ടൂറിസം ആകർഷണങ്ങളാക്കി മാറ്റുകയും ചെയ്യുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ പ്രധാന ബീച്ചുകളിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതും ഹെലിടൂറിസം, വെഡ്ഡിങ് ടൂറിസം, ക്രൂയിസ് ടൂറിസം, ഹെറിറ്റേജ് ടൂറിസം, കാരവൻ ടൂറിസം എന്നിവ നടപ്പിലാക്കുന്നതും ഈ ലക്ഷ്യം മുന്നിൽ കണ്ടാണ്. ടൂറിസം കൊറിഡോർ വികസനം ഇതിലേയ്ക്കുള്ള പ്രധാന ചുവടുവയ്പാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, സാഹസിക ടൂറിസം

തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. കൂടാതെ റെസ്പോൺസിബിൾ ടൂറിസം എന്ന ആശയം അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആയോധന കലകളുടെ പ്രോത്സാഹനം എന്നിവ നടപ്പിലാക്കിവരുന്നു. ഈ നിലയിൽ കേരളത്തെ ഒരു ടൂറിസം ഹബ്ബായി പടിപടിയായി ഉയർത്തുകയാണ് വകുപ്പിന്റെ ലക്ഷ്യം.

(ബി) വിദേശ വിനോദസഞ്ചാരികളുടെ അഭിരുചിക്കനുസൃതമായ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന മികച്ച പ്രൊഫഷണലിസമുള്ള ഹോസ്പിറ്റാലിറ്റി വിഭാഗത്തെ സജ്ജമാക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദീകരിക്കുമോ?

ഹോസ്പിറ്റാലിറ്റി മേഖലയിൽ വൈദഗ്ധ്യമുള്ള മാനവ വിഭവശേഷി വാർത്തെടുക്കുന്നതിനായി ടൂറിസം വകുപ്പിന്റെ കീഴിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), കണ്ണൂർ ജില്ലയിൽ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയ്ക്ക് പുറമെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) എന്ന സ്ഥാപനത്തിനുകീഴിൽ തിരുവനന്തപുരം, മലയാറ്റൂർ, തലശ്ശേരി എന്നീ സെന്ററുകൾ പ്രവർത്തിക്കുന്നു. മേൽ സ്ഥാപനങ്ങൾക്ക് പുറമെ തിരുവനന്തപുരം ജില്ലയിലെ കോവളത്ത് കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി എന്ന സ്ഥാപനവും പ്രവർത്തിച്ചുവരുന്നു. ഹോസ്പിറ്റാലിറ്റി മേഖലയിലെ വിവിധ തലങ്ങളിൽ മികച്ച പ്രൊഫഷണലിസമുള്ള മാനവവിഭവശേഷി സൃഷ്ടിക്കുന്നതിന് മേൽ സ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നു.

(സി) വിനോദസഞ്ചാര മേഖലയുടെ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി തനത് രൂപകൽപ്പന നയം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

കേരളത്തെ ഒരു പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര സംസ്ഥാനമാക്കി മാറ്റുന്നതിനും കേരളത്തിലെ പൊതുരംഗത്ത്

വിനോദസഞ്ചാര മേഖലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൊതു ഡിസൈൻ സാധ്യമാക്കാനും സമഗ്രമായ ഒരു ഡിസൈൻ പോളിസി ആവിഷ്കരിച്ചിട്ടുണ്ട്.

കേരള ഡിസൈൻ പോളിസിക്ക് (രൂപകൽപ്പന നയത്തിന്) 14-03-2024-ലെ സ.ഉ. (കൈ) നം.5/2024/TSM ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു*) ഡിസൈൻ നയത്തിന്റെ ഭാഗമായി വിഭാവന ചെയ്ത പദ്ധതികൾക്ക് ടൂറിസം വകുപ്പ് തുടക്കമിടുകയും ചെയ്യും.

(ഡി) ബേപ്പൂരിലെ ഉരുക്കൾ ഒരു പ്രധാന ടൂറിസം ഉല്പന്നമായി ഉയർത്തിക്കൊണ്ടുവരുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

ബേപ്പൂരിലെ ഉരുക്കൾ ടൂറിസം പ്രവർത്തനത്തിന്റെ ഭാഗമായിട്ടില്ല. ബേപ്പൂരിലെ ഉരു മാതൃകയിലുള്ള സുവനീറുകൾ വ്യാപകമായി വിപണനം ചെയ്തുവരുന്നുണ്ട് .

**പി എം - ശ്രീ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച കേന്ദ്ര നിർദ്ദേശം**

29 (*119) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായുള്ള പി എം - ശ്രീ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് നിർദേശം ലഭ്യമായിട്ടുണ്ടോ?

പി.എം-ശ്രീ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും നിർദേശം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയില്ലെങ്കിൽ സമഗ്ര ശിക്ഷാ കേരള പദ്ധതി പ്രകാരം സംസ്ഥാനത്തിന് നൽകാനുള്ള കുടിശ്ശിക തടഞ്ഞുവയ്ക്കുമെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇത്തരത്തിലുള്ള മാധ്യമ വാർത്തകളല്ലാതെ പി.എം-ശ്രീ സ്കൂൾ പദ്ധതിയിൽ ഒപ്പുവച്ചില്ലെങ്കിൽ കുടിശ്ശികയോ ഗഡുക്കളോ

തടഞ്ഞുവയ്ക്കുമെന്നുള്ള യാതൊരു കത്തുകളും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടില്ല. അതേസമയം, ഈ പദ്ധതിയിൽ ഒപ്പുവയ്ക്കണമെന്ന് നിർദേശിച്ച് സംസ്ഥാന സർക്കാരിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്.

(സി) സമഗ്ര ശിക്ഷാ കേരളയ്ക്ക് കേന്ദ്രവിഹിതത്തിൽ നിലവിൽ കുടിശ്ശികയായ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ആകെ 153.35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ തുക ലഭിച്ചിട്ടില്ല.

കേന്ദ്ര വിഹിതം - 92.01 കോടി രൂപ

സംസ്ഥാന വിഹിതം - 61.34 കോടി രൂപ

കേന്ദ്ര വിഹിതം ഈ വർഷം നാല് ഗഡുക്കളായാണ് അനുവദിക്കുന്നത്.

**പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ**

30 (*120) ഡോ. കെ. ടി. ജലീൽ:

ശ്രീ. കെ. വി. സുമേഷ്:

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>

<u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസം ശിശു സൗഹൃദവും ആകർഷവുമാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്?

സംസ്ഥാനത്ത് സർക്കാർ നേരിട്ട് നടത്തുന്നതും സർക്കാർ വിദ്യാലയങ്ങളോട് ചേർന്ന് പി.ടി.എ. നടത്തുന്ന സർക്കാർ ഓണറേറിയം കൈപ്പറ്റുന്ന ജീവനക്കാരുള്ള പ്രീ-പ്രൈമറി ക്ലാസുകളിലും പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷാ കേരളം വഴി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പ്രീ-സ്കൂളുകളെ ആകർഷകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 'വർണ്ണക്കൂടാരം' എന്ന പേരിൽ സമഗ്ര ശിക്ഷ കേരളയാണ് നടപ്പിലാക്കുന്നത്. ശിശുവികാസ മേഖലകളിലെ ശേഷികൾ ഉറപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ ഒരുക്കാൻ അധ്യാപകരെ സഹായിക്കുന്ന താലോലം പ്രവർത്തനമൂലകൾ എല്ലാ അംഗീകാരമുള്ള പ്രീ-പ്രൈമറി

സ്കൂളുകളിലും സ്ഥാപിച്ചിട്ടുണ്ട്. 2021-22-ൽ ഓരോ സ്കൂളിനും ഒരു ലക്ഷം രൂപ വീതം ചെലവഴിച്ച് 168 സ്കൂളുകളിലും 2022-23 വർഷത്തിൽ 328 സ്കൂളുകളിലും 2023-24 വർഷത്തിൽ 351 സ്കൂളുകളിലും കൂടി ശിശുസൗഹൃദ ഫർണിച്ചർ, കളിയുപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. 15 ലക്ഷം രൂപ വീതം ചെലവഴിച്ച് 14 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള പ്രീ-പ്രൈമറി സ്കൂളുകളാക്കി മാറ്റിയിട്ടുണ്ട്. സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി പത്തുലക്ഷം രൂപ വീതം ചെലവഴിച്ച് 168 പ്രീ-പ്രൈമറി സ്കൂളുകളെ പ്രവർത്തനങ്ങളോടുകൂടിയ (Activity Areas) പ്രീ-പ്രൈമറി സ്കൂളുകളാക്കി മാറ്റിയിട്ടുണ്ട്. 2022-23 വർഷത്തിൽ 440 പ്രീ പ്രൈമറി സ്കൂളുകളിൽ കൂടി 44 കോടി രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2023-24 വർഷത്തിൽ അനുമതി ലഭിച്ച 500 സ്കൂളുകളിൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ അംഗീകാരമുള്ള പ്രീ-പ്രൈമറി സ്കൂളുകളിലെ എല്ലാ അധ്യാപകർക്കും "കളിപ്പാട്ടം" അധ്യാപക സഹായി ലഭ്യമാക്കുകയും കുട്ടികളിൽ ഭാഷാശേഷികൾ ഉറപ്പാക്കുന്ന 'ഭാഷാ വികാസ ഇടങ്ങൾ' സജ്ജമാക്കുകയുമുണ്ടായി. സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി

സംസ്ഥാനത്തെ അംഗീകാരമുള്ള എല്ലാ പ്രീ-പ്രൈമറി സ്കൂളുകളിലും സാങ്കേതികവിദ്യ സഹായത്തോടുകൂടിയ വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രീ സ്കൂളുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് നടത്തേണ്ട ഉദ്യോഗസ്ഥർക്ക് മോണിറ്ററിംഗ് നടത്തുന്നതിനാവശ്യമായ മാർഗനിർദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ തയ്യാറാക്കി വിദ്യാഭ്യാസ ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ പ്രഥമാധ്യാപകർക്കും അധ്യാപകർക്കും ആയമാർക്കും പ്രീ-സ്കൂൾ ശേഷി വികസനം സംബന്ധിച്ചും ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് പ്രീ-സ്കൂൾ മോണിറ്ററിംഗ് നടത്തുന്നതിനും പരിശീലനം നൽകിയിട്ടുണ്ട്.

(ബി) പ്രീ-പ്രൈമറി വിദ്യാർഥികൾക്കായി പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരങ്ങളും പുരോഗതിയും അറിയിക്കാമോ?

കേരള പാഠ്യ പദ്ധതി പരിഷ്കരണം, 2023 തയ്യാറാക്കുന്നതിനായി രൂപീകരിച്ച ഫോക്കസ് ഗ്രൂപ്പുകളിൽ ഒന്ന് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ളതാണ്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നടന്ന ജനകീയ ചർച്ചയിൽ ഉയർന്നുവന്ന നിർദേശങ്ങളും ഫോക്കസ് ഗ്രൂപ്പ് നടത്തിയ ഗവേഷണാത്മകമായ അന്വേഷണങ്ങളും അടിസ്ഥാനമാക്കി കേരളത്തിലെ പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലപാട് രേഖ "ആദ്യകാല ശൈശവ പരിചരണവും വികാസവും" എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നാല് പാഠ്യപദ്ധതി ചട്ടക്കൂടുകളാണ് തയ്യാറാക്കിയിട്ടുള്ളത്. അതിലൊന്ന് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ളതാണ്. എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ച പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിൽ തയ്യാറാക്കിയ പാഠ്യപദ്ധതി ചട്ടക്കൂട്, എൻ.സി.ഇ.ആർ.ടി. തയ്യാറാക്കിയ അടിസ്ഥാന വിദ്യാഭ്യാസത്തെ സംബന്ധിച്ച പാഠ്യപദ്ധതി ചട്ടക്കൂട്, (എൻ.സി.എഫ്.എഫ്.എസ്.) കേന്ദ്ര വനിതാ ശിശു വികസന വകുപ്പ്

തയ്യാറാക്കിയ പ്രീ-സ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ച പുതിയ മാർഗ നിർദേശങ്ങൾ എന്നിവ അടിസ്ഥാനമാക്കി കേരളത്തിൽ പാഠ്യപദ്ധതി രൂപീകരിക്കുന്നതിനുള്ള ശില്പശാലകൾ ആരംഭിച്ചിട്ടുണ്ട്.

(സി) സർക്കാർ അംഗീകൃത പ്രീ-പ്രൈമറി സ്കൂളുകളിൽ ഭാഷാ വികാസ ഇടങ്ങൾ സജ്ജീകരിക്കുന്നതിനും സാങ്കേതികവിദ്യാ സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ?

സംസ്ഥാനത്തെ പ്രീ-സ്കൂളുകളെ ആകർഷമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വർണ്ണക്കൂടാരം എന്ന പേരിൽ സമഗ്ര ശിക്ഷ കേരളയാണ് നടപ്പിലാക്കുന്നത്. കുട്ടിയുടെ സമഗ്ര വികാസത്തിന് സഹായകമായ പതിമൂന്ന് ഇടങ്ങളാണ് പ്രീ-സ്കൂളുകളിൽ ഒരുക്കണമെന്ന് നിർദേശിച്ചിട്ടുള്ളത്. വികാസ ഇടങ്ങൾ രൂപീകരിക്കേണ്ടതിന്റെയും അവ നടപ്പിലാക്കുന്നതിന്റെയും പ്രാധാന്യം സംബന്ധിച്ച് പ്രീ-സ്കൂൾ അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഈ വികാസ ഇടങ്ങൾക്ക് പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ നടത്താനുള്ള പ്രയോഗിക മാതൃകകൾ കഴിഞ്ഞ വർഷം നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള എല്ലാ പ്രീ-പ്രൈമറി

സ്കൂളുകളിലും കുട്ടികളിൽ ഭാഷാ ശേഷികൾ ഉറപ്പാക്കുന്ന ഭാഷാ വികാസ ഇടങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഭാഷാ ഇടങ്ങൾ സജ്ജീകരിക്കുന്നതിന് ഏകദേശം 13,000 രൂപയുടെ ഭാഷാ പുസ്തകങ്ങൾ സജ്ജമാക്കുകയും ഭാഷാ വികാസ ഇടങ്ങൾ ഒരുക്കുന്നതിന് 5,000 രൂപയുടെ ഫർണിച്ചറുകളും മറ്റ് സാധന സാമഗ്രികളും ലഭ്യമാക്കുകയുമുണ്ടായി. സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അംഗീകാരമുള്ള എല്ലാ പ്രീ-പ്രൈമറി സ്കൂളുകളിലും സാങ്കേതികവിദ്യ സഹായത്തോടുകൂടിയ വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് ടെൻഡർ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. സർക്കാർ അംഗീകൃത പ്രീ-പ്രൈമറി ക്ലാസുകൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കുന്നതിനുവേണ്ടി പ്രീ-പ്രൈമറി അധ്യാപർക്ക് ടാബ്‌ലറ്റ് കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനും ഓരോ ക്ലാസ് റൂമുകളിലും എൽ.ഇ.ഡി. പ്രോജക്ടറുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികളും പ്രാരംഭഘട്ടത്തിലാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**മഞ്ചേരി മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

1 (1222) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിൽ ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് വരെയുള്ള റോഡ് ഗതാഗതത്തിനുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാനായി പ്രസ്തുത റോഡ് പുനരുദ്ധരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേയിൽ ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് വരെയുള്ള റോഡ് പുനരുദ്ധരിക്കുന്ന പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മഞ്ചേരി ഒലിപ്പുഴ റോഡിന്റെ പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രവൃത്തിക്കായി പുതുക്കിയ അലൈൻമെന്റ് പ്രകാരം അധിക സർവെ നമ്പറുകളിൽ നിന്നുകൂടി സ്ഥലം ഏറ്റെടുക്കേണ്ടതിനാൽ പുതിയ സർവെ നമ്പറുകൾ ഉൾപ്പെടുത്തി പുതുക്കിയ റവന്യൂ ഭരണാനുമതി ലഭ്യമാക്കുന്നതിന്

ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി നൽകിയ പ്രൊപ്പോസൽ പരിശോധനയിലാണ്.

(സി) മഞ്ചേരി മെഡിക്കൽ കോളേജിൽ നടക്കുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തീയതി പ്രഖ്യാപിച്ചിട്ട് ഒരു വർഷത്തിലധികമായിട്ടും ബഹുഭൂരിപക്ഷം പണികളും പൂർത്തീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റിപ്പയർ, മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിൽ മെഡിക്കൽ കോളേജിനുള്ളിലെ സ്ഥലപരിമിതിയും രോഗികളുടെയും പൊതുജനങ്ങളുടെയും ബാഹുല്യംമൂലവും സമയക്രമീകരണം നടത്തി മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ ചില പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അനുവദിച്ചതിലും കൂടുതൽ സമയം ആവശ്യമായി വരാറുണ്ട്.

(ഡി) മരാമത്ത് അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതുകൊണ്ട് രോഗികളും മെഡിക്കൽ വിദ്യാർഥികളും നേരിടുന്ന

അസൗകര്യങ്ങൾ പരിഹരിക്കാൻ പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നിർദേശവും നടപടികളും സ്വീകരിക്കുമോ?

ഒരുമിച്ചുവരുന്ന കരാർ പ്രവൃത്തികൾ സമയക്രമീകരണം വരുത്തി പുതിയ പ്രവൃത്തികൾക്ക് സാധനസാമഗ്രികൾ ശേഖരിക്കുന്നതിന് അധികസ്ഥലം ഉറപ്പുവരുത്താനായാലും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കോന്നി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ**

2 (1223) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളായ ഇളമണ്ണൂർ-കലഞ്ഞൂർ-പാടം, ആനയടി-കൂടൽ, പ്ലാപ്പള്ളി-അച്ചൻകോവിൽ എന്നീ റോഡുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**കലഞ്ഞൂർ പാടം റോഡ്-** കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ കലഞ്ഞൂർ പാടം റോഡ് പ്രവൃത്തിക്കായി 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 22.29 കോടി രൂപയുടെ

സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 21.90 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തി 20.44 കോടി രൂപയ്ക്ക് കരാറുകാരൻ ഏറ്റെടുത്തിരുന്നു. നിലവിൽ Ch:0/000 (ഇളമണ്ണൂർ 23rd മൈൽ) മുതൽ Ch:10/115 (വാഴപ്പാറ) വരെയുള്ള ഭാഗങ്ങളിൽ BM പ്രവൃത്തികൾ, Ch:0/000 (ഇളമണ്ണൂർ 23rd മൈൽ) മുതൽ Ch: 6/360 (വാഴപ്പാറ) വരെ ഉള്ള ഭാഗങ്ങളിൽ BC പ്രവൃത്തികൾ, KWA റെസ്റ്റോറേഷൻ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ പുരോഗതി മന്ദഗതിയിൽ ആയതിനാൽ പ്രവൃത്തിയുടെ കരാർ 28-12-2022-ൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്യുകയും 4.31 കോടി രൂപയുടെ DSOR 2018 പ്രകാരമുള്ള ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ടെൻഡർ ചെയ്യുകയും ചെയ്തിരുന്നു. റീ-ടെൻഡറിൽ ഒരു ബിഡ് ലഭിക്കുകയും 47-ാം ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് നൽകുകയുമുണ്ടായി. എന്നാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തികളുടെ മിച്ചം പ്രവൃത്തികൾക്ക് ആദ്യ ടെൻഡറിന്റെ DSOR നിരക്കിൽതന്നെ എസ്റ്റിമേറ്റ്

തയ്യാറാക്കണമെന്ന് കമ്മിറ്റി നിർദേശിച്ചതിൻപ്രകാരം പ്രവൃത്തി മൂന്ന് പ്രാവശ്യം ടെൻഡർ ചെയ്തിരുന്നെങ്കിലും കരാറുകാരനെ ലഭിച്ചിരുന്നില്ല.

08-04-2024-ലെ PWD-G1/577/2023/PWD നമ്പർ സർക്കാർ കത്ത് പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തികളുടെ ശേഷിച്ച പ്രവൃത്തികൾക്ക് ടെൻഡർ ചെയ്യുന്ന സമയത്തെ DSOR നിരക്കിൽ തന്നെ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. ഈ എസ്റ്റിമേറ്റിന് സാങ്കേതികനുമതി നൽകി ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആനയടി കൂടൽ റോഡ്-** കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ ആനയടി കൂടൽ റോഡ് പ്രവൃത്തിക്കായി 40 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 133.94 കോടി രൂപയുടെ സാമ്പത്തികനുമതിയും നൽകിയിട്ടുണ്ട്. 100.71 കോടി രൂപയുടെ സാങ്കേതികനുമതി ലഭ്യമായ പ്രവൃത്തി 92.96 കോടി രൂപയ്ക്ക് M/s. മെറ്റാഗാർഡ് എഞ്ചിനിയേഴ്സ് ആൻഡ് കോൺട്രാക്റ്റേഴ്സ് ഏറ്റെടുത്തിരുന്നു. കോന്നി മണ്ഡലത്തിൽ 5 കി.മീ ഉൾപ്പെടുന്ന ഭാഗത്തു രണ്ട് വർഷം മുമ്പ് DGBM

പൂർത്തീകരിച്ചിട്ടുള്ളതാണ്. 90% സ്ഥല ലഭ്യത ഉണ്ടെങ്കിലും വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിൽ വന്ന കാലതാമസമാണ് ഫൈനൽ ലെയറായ ബി.സി ചെയ്യുന്നത് വൈകാൻ കാരണമായത്. വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പൂർത്തിയായാൽ ഉടൻതന്നെ ബി.സി ചെയ്യാൻ സാധിക്കുന്നതാണ്. കലുങ്കുകളുടെയും സംരക്ഷണ ഭിത്തികളുടെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ആനയടി മുതൽ നെടുമൺ കാവ് വരെയുള്ള പ്രവൃത്തിയുടെ ആകെ പുരോഗതി 89% ആണ്.

**അച്ചൻകോവിൽ പ്ലാപള്ളിറോഡ്-** പ്രസ്തുത പ്രവൃത്തിക്ക് 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 43.41 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ റോഡിന് നാല് സ്ട്രെച്ചുകളാണ് നിലവിലുള്ളത്. സ്ട്രെച്ച് ഒന്നായ അച്ചൻകോവിൽ പ്ലാപ്പള്ളി റോഡിന്റെ ആകെ നീളം 15.88 കി.മീ ആണ്. അതിന്റെ ട്രാഫിക് സർവേയുടെ വിവരങ്ങൾ 04-04-2024-ൽ ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കോമ്പൻസേറ്ററി ലാൻഡ് സംബന്ധിച്ച്, പകരമായുള്ള റവന്യൂ ഭൂമി ലഭ്യമാക്കുന്നതിനുള്ള സ്ഥലം പത്തനംതിട്ട ജില്ലയിലില്ലെന്ന്

ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ രണ്ടാമത്തെ റീച്ചായ - നീലിപിലാവ് ടൈൽ റോഡിന്റെ ആകെ നീളം 1.525 കി.മീ. ആണ്. ആയതിന് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. മൂന്നാമത്തെ സ്ട്രെച്ചായ തണ്ണിത്തോട് ചിറ്റാർ റോഡിന്റെയും നാലാമത്തെ സ്ട്രെച്ചായ ഉറുമ്പിനി വാലുപാറ റോഡിന്റെയും ആകെ നീളം 4.835 കിലോമീറ്ററും 3.547 കിലോമീറ്ററുമാണ്. പ്രസ്തുത 3, 4 സ്ട്രെച്ചുകളിലെ പ്രവൃത്തി ടെൻഡർ ചെയ്യുകയും M/s. രാജി മാത്യു & കമ്പനി സമർപ്പിച്ച ടെൻഡറിന് LoA നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. കൂടാതെ റോഡ് ക്രോസ്സ് ചെക്ക് ചെയ്തു ചെയ്യേണ്ടുകൾ അടയാളപ്പെടുത്തിയുള്ള സർവെ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഐരവൺ പാലം, കരിമാൻതോട് പാലം, ചിറ്റൂർ കടവ് പാലം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഐരവൺ പാലത്തിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ 25% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കരിമാൻതോട് പാലത്തിന്

സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചിറ്റൂർക്കടവ് പാലത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിനുവേണ്ടി ഇരുകരകളിൽ നിന്നും സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. അതിനുള്ള മുൻകൂർ കൈവശാനുമതി ഉടമകളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) സീതത്തോട്-കൊച്ചുകോയിക്കൽ റോഡ്, മലയാലപ്പുഴ റോഡ് എന്നീ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

സീതത്തോട്-കൊച്ചുകോയിക്കൽ റോഡ്, മലയാലപ്പുഴ റോഡ് (അളിയൻമുക്ക്-കൊച്ചു കോയിക്കൽ റോഡ്) എന്നീ പ്രവൃത്തികൾ JJM പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നതിനാൽ കൾവർട്ട് ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾ എത്രയും വേഗം പുനരാരംഭിക്കുന്നതാണ്. എഗ്രിമെന്റ് പ്രകാരമുള്ള Retaining wall കൺസ്ട്രക്ഷൻ പൂർത്തീകരിച്ചിട്ടുണ്ട്. മലയാലപ്പുഴ റോഡിന്റെ 1.7 കി.മീ ബി.എം ചെയ്യുന്നതിനായി സജ്ജമാക്കിയിട്ടുണ്ട്.

(ഡി) മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം നിർവഹണം നടത്തുന്ന വിവിധ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ**

3 (1224) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരങ്ങൾ അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി തീയതി, പൂർത്തീകരിച്ച തീയതി, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

(എ&ബി) 2016-2017 സാമ്പത്തിക വർഷം മുതൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരങ്ങൾ, നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

ROADS

2020-2021, 2023-24 സാമ്പത്തിക വർഷങ്ങളിൽ അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

BUILDINGS

കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കുണ്ടറ മണ്ഡലത്തിലെ നബാർഡ് പദ്ധതികൾ**

4 (1225) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-2022 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നബാർഡ് പദ്ധതിപ്രകാരം കുണ്ടറ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതൊക്കെ; അതിന് അനുവദിച്ചിട്ടുള്ള തുക എത്ര; പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരാഗതി; എന്നിവ വിശദമാക്കാമോ?

2021-2022 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നബാർഡ് പദ്ധതികൾ ഈ മണ്ഡലത്തിൽ അനുവദിക്കപ്പെട്ടിട്ടില്ല.

**കോവളം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

5 (1226) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അംഗീകാരം ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെ; ഇതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തികരിച്ചു; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**നിരത്തുകൾ**

കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ അംഗീകാരം ലഭിച്ച പൊതുമരാമത്ത് നിരത്തു വിഭാഗത്തിന്റെ പ്രവൃത്തികളും അവയുടെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.+

**നിരത്ത് പരിപാലന വിഭാഗം**

1. GENERAL-RM-2021-22 Cluster-1- One Year Running Contract for various PWD road under Neyyattinkara Section, Thrivuvananthapuram District -3 Road Stretches for a length of 4.26 km.

2. GENERAL-RM-2021-22 Cluster-1- One Year Running Contract for various PWD Road under Kanjiramkulam Section, Thrivavananthapuram District -6 Road Stretches for a length of 29.50 km.

3. GENERAL-RM-2023-24 Cluster-1- One Year Running Contract for various PWD Road under Neyyattinkara Section, Thrivuvananthapuram District -3 Road Stretches for a length of 4.26 km.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. GENERAL-RM-2023-24 Cluster-1- One Year Running Contract for various PWD Road under Kanjiramkulam Section, Thrivuvananthapuram District -3 Roads Stretches for a length of 7.5 km.

ഈ നാല് പ്രവൃത്തികളിൽ (1), (2) പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. (3)-ാമത്തെ പ്രവൃത്തിയിൽ ഉൾപ്പെടുന്ന റസ്സൽപുരം-കുട്ടപ്പന റോഡിൽ 0/000 മുതൽ 0/500 വരെയും 1/600 മുതൽ 2/690 വരെയുമാണ് നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ വരുന്നത്. ഇതിനിടയിൽ വരുന്ന 1 കി. മീ ദൂരം കേരള വാട്ടർ അതോറിറ്റി JJM പ്രവൃത്തികൾ പൂർത്തീകരിച്ച് കഴിഞ്ഞതിനുശേഷം മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതാണ്. (4)-ാമത്തെ പ്രവൃത്തി പുരോഗതിയിലുമാണ്.

**കെട്ടിട വിഭാഗം**

മൂന്ന് വർഷത്തിനുള്ളിൽ അംഗീകാരം ലഭിച്ച പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികളും അവയുടെ സ്ഥിതിയും അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ദേശീയപാത വിഭാഗം**

CRF 2022-23 തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം-വിഴിഞ്ഞം-പൂവാർ പാണന്നിണ്ണ-മരപ്പാലം-ആവണക്കുഴി-കട്ടച്ചക്കുഴി റോഡ് മെച്ചപ്പെടുത്തൽ പ്രവൃത്തി പുരോഗമിക്കുന്നു.

**പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കുന്നതിന് നടപടി**

6 (1227) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ താന്ന്യം ഗ്രാമപഞ്ചായത്തിൽ കിഴപ്പിളിക്കര സെന്ററിൽ പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ നിർദേശ പ്രകാരം ജില്ലാ സർവേ വകുപ്പ് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ?

നാട്ടിക നിയോജക മണ്ഡലത്തിലെ താന്ന്യം പഞ്ചായത്തിൽ കിഴപ്പിളിക്കര സെന്ററിൽ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ നിർദേശപ്രകാരം ജില്ലാ സർവെയർ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) കിഴപ്പിളിക്കര സെന്റർ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുറമ്പോക്ക് ഭൂമി കയ്യേറിയവരിൽനിന്നും തിരിച്ചുപിടിക്കാൻ സ്ഥലം എം.എൽ.എ. പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് പരാതി നൽകിയത് പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) കിഴപ്പിളിക്കര സെന്റർ പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് ഭൂമി കൈയേറിയത് ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ?

(ബി&സി) സ്ഥലം എം.എൽ.എ. നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പുറമ്പോക്ക് ഭൂമി കൈയേറിയവർക്ക് 29-11-2023-ൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് സ്ഥലം കൈയേറിയവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും തുടർ നടപടികൾ നിർത്തിവയ്ക്കുന്നതിനായി താൽക്കാലികമായി സ്റ്റേ വാങ്ങിയിട്ടുണ്ട്.

ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിലെ വിധി പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

7 (1228) **ശ്രീ. സജീവ് ജോസഫ്**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അംഗീകാരം ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയിൽ പൂർത്തീകരിച്ചത് ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) **നിരത്തുകൾ-** ഇരിക്കൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അംഗീകാരം ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**നിരത്ത് പരിപാലന വിഭാഗം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ 2021-22 സാമ്പത്തിക വർഷത്തിൽ 8 റോഡുകളിലായി 100.603 കി.മീ. നീളത്തിൽ റണ്ണിംഗ് കോൺട്രാക്റ്റിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 9 റോഡുകളിലായി 106.903 കി. മീ. നീളത്തിൽ റണ്ണിംഗ് കോൺട്രാക്റ്റിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 2021-22, 2023-24 സാമ്പത്തിക വർഷങ്ങളിലെ അംഗീകാരം ലഭിച്ചതും പൂർത്തീകരിച്ചതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കെട്ടിട വിഭാഗം**

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അംഗീകാരം ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**പാലങ്ങൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വകുപ്പുമായി ബന്ധപ്പെട്ട കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ അംഗീകാരം ലഭിച്ച പ്രവൃത്തി 2021-22 കാലയളവിൽ അനുമതി ലഭ്യമായ കരുവഞ്ചാൽ പാലം നിർമ്മാണം ആണ്. ഇതിന്റെ സ്ലാബ് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**ഡിസൈൻ**

ഇരിക്കൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ - പുതുക്കിയ മണ്ണ് പരിശോധന പ്രവൃത്തി നടത്തി. ഈ റിപ്പോർട്ട് പ്രകാരം റാഫ്റ്റ് ഫൗണ്ടേഷൻ ഡിസൈൻ തയ്യാറാക്കുന്നു.

**കെ.ആർ.എഫ്.ബി. – പി.എം.യു.**

കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ KRFB-PMU മുഖേന രണ്ട് പ്രവൃത്തികൾക്കാണ് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചത്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീകണ്ഠാപുരം-നടുവിൽ റോഡ് പ്രവൃത്തിക്ക് 10-07-2017-ലെ GO (Rt) No.942/2017/PWD പ്രകാരം തത്വത്തിൽ ഭരണാനുമതിയും 27-03-2023-ലെ PWD015-84/TE-5/2023/KIIFB ഓർഡർ പ്രകാരം 47.726 കോടി രൂപയുടെ

സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 26-08-2023-ൽ 47.71 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി വർക്ക് ടെൻഡർ ചെയ്തു. M/s ഇരിക്കൂർ കൺസ്ട്രക്ഷൻ കമ്പനിക്ക് 33.83 കോടി രൂപയ്ക്ക് കരാർ നൽകി. 13-03-2024-ന് ആരംഭിച്ച പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

2. മണക്കടവ്-മൂരിക്കടവ്-കാപ്പിമല-ആലക്കോട് റോഡ് പ്രവൃത്തിക്ക് 10-07-2017-ലെ GO (Rt) No. 942/2017/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 25-04-2023-ലെ PWD015-89/APR-1/2023/KIIFB ഓർഡർ പ്രകാരം കിഫ്ബിയിൽ നിന്നും 50.32 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് 15-05-2024-ന് ലഭ്യമായിട്ടുണ്ട്. അത് ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം കമ്മിറ്റി നിർദേശങ്ങൾ ഉൾപ്പെടുത്തി സാങ്കേതികാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പുതുവേലി സർക്കാർ ഹയർസെക്കൻഡറി സ്കൂളിലെ പ്രവൃത്തികൾ**

8 (1229) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പുതുവേലി സർക്കാർ ഹയർ സെക്കൻഡറി സ്കൂളിന്റെ പൊളിച്ചുമാറ്റിയ ഗേറ്റും മതിലും കെട്ടിടഭാഗങ്ങളും ഉൾപ്പെടെയുള്ളവ പുനർനിർമ്മിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തിയായ ആർ.സി.സി. റീറ്റെയിനിംഗ് വാളിന്റെയും കെട്ടിടത്തിന്റെ ബാക്കി ഭാഗത്തിന്റെയും നിർമ്മാണങ്ങളുടെ ഭരണാനുമതിക്കായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടർക്ക് 30-09-2022-ൽ 46.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചതിൽ എന്ത് തുടർനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് കെട്ടിട വിഭാഗം ഈ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോയെന്നും കെട്ടിട വിഭാഗത്തിൽനിന്നും കെ.എസ്.ടി.പി.ക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ലോകബാങ്കിന്റെ ധനസഹായം അടിസ്ഥാമാക്കിയാണ് KSTP, ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. ഈ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുതുവേലി സർക്കാർ ഹയർ സെക്കൻഡറി സ്കൂളിന്റെ പൊളിച്ചുമാറ്റിയ ഗേറ്റും മതിലും കെട്ടിട ഭാഗങ്ങൾ ഉൾപ്പെടെയുള്ളവ പുനർനിർമ്മിക്കുന്നതിനായി 46.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിട വിഭാഗം കെ.എസ്.റ്റി.പി-ക്ക് ഫണ്ടിനായി സമർപ്പിച്ചിരുന്നു. എന്നാൽ ലോകബാങ്കിന്റെ ഈ റോഡ് വർക്കുമായി ബന്ധപ്പെട്ട ലോണിന്റെ കാലാവധി 2021-ൽ അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഫണ്ട് ലഭിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിക്കുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**നിലമ്പൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

9 (1230) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബജറ്റ് നിർദേശങ്ങളിൽ നിലമ്പൂർ മണ്ഡലത്തിലെ എത്ര പൊതുമരാമത്ത് പദ്ധതികളാണ് ഉൾപ്പെട്ടിരുന്നതെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; ഇവയിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ സർക്കാർ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലമ്പൂർ മണ്ഡലത്തിൽ 2023-24 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>കെട്ടിട വിഭാഗം</u>

1. കരുളായി ജി.എൽ.പി. സ്കൂൾ വാരിക്കൽ കെട്ടിട നിർമ്മാണം - 1 കോടി

2. മൂത്തേടം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം - 1 കോടി

3. വെണ്ടേക്കുംപൊട്ടി ഗവ.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം - 1 കോടി

4. വീട്ടികുത്ത് ഗവ.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം - 4 കോടി

5. മാനവേദൻ വി.എച്ച്.എസ്.ഇ ലാബ് കെട്ടിട നിർമ്മാണം - 2 കോടി

6. പൊതുമരാമത്ത് ബിൽഡിംഗ് കോംപ്ലെക്സ് കെട്ടിട നിർമ്മാണം - 3 കോടി

7. പൂക്കോട്ടുമണ്ണ ഗവ.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം - 1 കോടി

ഭരണാനുമതി നല്കിയവ

1. കരുളായി ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം

2. വെണ്ടേക്കുംപൊട്ടി ഗവ.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം

3. വീട്ടികുത്ത് ഗവ.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം

4. മാനവേദൻ വി.എച്ച്.എസ്.ഇ. ലാബ് കെട്ടിട നിർമ്മാണം

5. പൂക്കോട്ടുമണ്ണ ഗവ.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം.

സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

പാലങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. പോത്തുകല്ല് - ഇരുട്ടുകുത്തി സബ് മേർസിബിൾ പാലം

2. അളക്കാൽ പുഞ്ചക്കൊല്ലി പാലം

3. കാരാക്കോടൻ കുറുകെ വഴിക്കടവ് വെള്ളക്കെട്ട പാറക്കടവ് പാലം

4. കലക്കൻപുഴക്ക് കുറുകെ വഴിക്കടവ് നരിവാലമുണ്ട-പൂവത്തിക്കടവ് പാലം

5. എടക്കര-ശങ്കരംകുളം മൊടപ്പൊയ്ക റോഡിൽ കലക്കാം പുഴക്ക് കുറുകെ പാലം

പോത്തുകല്ല്-ഇരുട്ടുകുത്തി സബ്മേർസിബിൾ പാലത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 2023-24 വർഷത്തെ സംസ്ഥാന ബജറ്റ് നിർദേശങ്ങളിൽ പേജ് നമ്പർ 24 ക്രമനമ്പർ 345 പ്രകാരമുള്ള മുത്തേടം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് കെട്ടിട നിർമ്മാണം എന്ന പദ്ധതിയുടെ ഭരണാനുമതി ലഭിക്കാൻ എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫയൽ നിലവിൽ ഏത് വിഭാഗത്തിലാണുള്ളതെന്ന് ഫയൽ നമ്പർ സഹിതം അറിയിക്കാമോ;

(സി) പ്രസ്തുത ഫയലുമായി ബന്ധപ്പെട്ട് എന്തെങ്കിലും ടെക്നിക്കൽ എറർ സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അത് എത്രയും പെട്ടന്ന് പരിഹരിച്ച് മൂത്തേടം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) 2023-24 വർഷത്തെ സംസ്ഥാന ബജറ്റ് നിർദേശങ്ങളിൽ പേജ് നമ്പർ 43 ക്രമനമ്പർ 645 പ്രകാരമുള്ള പൊതുമരാമത്ത് ബിൽഡിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിക്കുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബാക്കിയുള്ളതെന്നും അത് എപ്പോൾ പുറപ്പെടുവിക്കുമെന്നും അറിയിക്കാമോ?

(ബി-ഡി) മൂത്തേടം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട PWD-E2/128/2023-PWD നമ്പർ ഫയൽ ധനകാര്യ വകുപ്പിന്റെ

അഭിപ്രായത്തിനായി അയയ്ക്കുകയും ധനകാര്യ വകുപ്പിൽ I&PW-B2/165/2023-FIN എന്ന ഫയലിൽ പരിശോധനയിലുമാണ്.

മൂത്തേടം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് അംഗീകരിക്കുന്നതിന്റെ പ്രോസസ്സിംഗ് നടപടികളുമായി ബന്ധപ്പെട്ടുണ്ടായ സാങ്കേതിക പിഴവിനെത്തുടർന്ന് അനുവദിച്ച പ്രൊവിഷൻ ചേർക്കാൻ കഴിയാതെവരികയും അതിനുള്ള പ്രതിവിധികൾ ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് പൂർത്തിയാക്കുംമുമ്പുതന്നെ മാർച്ച് 31-ന് അലോക്കേഷൻ ലാപ്സാകുകയുമുണ്ടായി. എന്നാൽ ഹെഡ് ഓഫ് അക്കൗണ്ടിൽ തുക നിലവിലുള്ളതിനാൽ ധനവകുപ്പിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുന്നതാണ്. പ്രസ്തുത വിഷയത്തിൽ തീരുമാനത്തിനായി ഫയൽ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

**കോൺട്രാക്ടർമാരുടെ ബിൽ തുക**

10 (1232) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റോഡുപണികളും മറ്റും ചെയ്യുന്ന കോൺട്രാക്ടർമാർക്ക് ബിൽ തുക യഥാസമയം ലഭ്യമാക്കാത്തതിനാൽ വിവിധ സ്ഥലങ്ങളിൽ റോഡുപണി മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുടങ്ങിക്കിടക്കുന്ന പണികൾ യഥാസമയം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ബിൽ തുക യഥാസമയം കരാറുകാർക്ക് നൽകാത്തതുമൂലം റോഡ് പണി മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവൃത്തികൾ സംബന്ധിച്ച വിജിലൻസ് അന്വേഷണമോ മറ്റ് കോടതി വ്യവഹാരങ്ങളോ ഉണ്ടാകുന്ന ചില പ്രവൃത്തികളിൽ ബില്ലുകൾ സമർപ്പിക്കാൻ കാലതാമസം നേരിടാറുണ്ട്.

**വണ്ടൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

11 (1233) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തിക വർഷം മുതൽ 2023-2024 സാമ്പത്തിക വർഷംവരെ വകുപ്പിൽനിന്നും വണ്ടൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവ തരം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) 2016-17 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ പൊതുമരാമത്ത് വകുപ്പിൽനിന്നും വണ്ടൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക അവയുടെ പുരോഗതി എന്നിവ ചുവടെ ചേർക്കുന്നു.

**RBDCK- വാണിയമ്പലം റെയിൽവേ മേൽപ്പാലത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ (**തുക 7 ലക്ഷം **+** 18% GST**)**

പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടന്റായി റെയിൽവേ മന്ത്രാലയത്തിന് കീഴിലുള്ള M/s RITES എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. പദ്ധതി പ്രദേശത്ത് അലൈൻമെന്റ് സർവെ പൂർത്തിയാക്കി, ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

NATIONAL HIGHWAYS

CRIF 2022-23 കേരളത്തിലെ മലപ്പുറം ജില്ലയിലെ വണ്ടൂർ-കാളികാവ് റോഡ്, വണ്ടൂർ ബൈപ്പാസ് റോഡ്എന്നിവയുടെ മെച്ചപ്പെടുത്തലുകൾ-12 കോടി രൂപ.

വണ്ടൂർ-കാളികാവ് റോഡിൽ ഡ്രെയിനേജ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 40 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

12 (1234) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് അറ്റകുറ്റപ്പണി, റീ ടാറിങ്ങ്, സൈഡ് പ്രൊട്ടക്ഷൻ, ഭിത്തി കെട്ടൽ, അഴുക്കുചാൽ നിർമ്മാണം എന്നിവ സംബന്ധിച്ച് നിലവിൽ ഏതൊക്കെ പ്രൊപ്പോസലുകളുണ്ടെന്നും അവയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം താഴെ പറയുന്നവയാണ്.

1) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡ് ചെയിനേജ് 0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിരുന്നു. പിന്നീട് കിഫ്ബി നിർദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി

തയ്യാറാക്കിയ 54.29 കോടി രൂപയുടെ എസ്റ്റിമേറ്റ് കേരള റോഡ് ഫണ്ട് ബോർഡ് സൂക്ഷ്മപരിശോധന നടത്തിവരുന്നു. ഈ റോഡിലെ മൺസൂൺ സംബന്ധിച്ച പ്രവൃത്തികൾക്കായി 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി റോഡ് ഫേസ്-2 പ്രവൃത്തിക്ക് 23.11 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി ടെൻഡർ ചെയ്യുകയും 16.35 കോടി രൂപയുടെ കരാർ അംഗീകരിക്കുകയും ചെയ്തു. M/s. Malabar Tech എന്ന കരാർ കമ്പനിയുമായി കരാർ ഉടമ്പടി വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ 2023-24 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പാലക്കാട്-പൊന്നാനി റോഡിലെ ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾക്കായി 99.97 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രവൃത്തിയുടെ മൊത്തം കിലോമീറ്ററിൽ വ്യത്യാസം വന്നത്

കാരണം പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4) നിരത്തുകൾ വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി**

13 (1235) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവുകളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്ര എന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ; ഓരോ പദ്ധതിയുടെയും പുരോഗതി വിശദീകരിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) **നിരത്ത് വിഭാഗം**-2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കെട്ടിട വിഭാഗം**

2023-24 വരെയുള്ള കാലയളവിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**പാലങ്ങൾ വിഭാഗം**

2023-24 വരെയുള്ള കാലയളവിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**നിരത്ത് പരിപാലനം**

2023-24 വരെയുള്ള കാലയളവിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കെ.എസ്.ടി.പി.**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കെ.എസ്.ടി.പി.യിൽ മലപ്പുറം മണ്ഡലത്തിൽ ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെട്ട പാക്കേജ് 2 റോഡ് നം. 6 എടവണ്ണ-എരഞ്ഞിമാവ് എന്ന 31.53 കി.മീ. നീളമുള്ള റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനമാണുള്ളത്. ഈ പ്രവൃത്തി 06-01-2023-ൽ പൂർത്തിയാക്കിയിട്ടുണ്ട്. 07-01-2028 വരെ മെയിന്റനൻസ് കാലാവധിയിലുമാണ്. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ലഭിച്ചത് 186.16 കോടി രൂപയാണ്. ഈ പദ്ധതി 208.68 കോടി രൂപയ്ക്ക് പൂർത്തീകരിച്ചു.

(സി) ബജറ്റിൽ പ്രഖ്യാപിച്ച് മൂന്നുവർഷങ്ങൾ പിന്നിട്ടിട്ടും മൊറയൂർ അരിമ്പ്ര പൂക്കോട്ടൂർ റോഡിന്റെ ബി.എം.ബി.സി. പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

**നിരത്ത് വിഭാഗം**

മൊറയൂർ-അരിമ്പ്ര-പൂക്കോട്ടൂർ കി.മീ. 0/000 മുതൽ 10/000 വരെയാണ് ഈ പ്രവൃത്തി. ക്വാറിയിലേക്കും മറ്റുമുള്ള ഭാരം കയറ്റിയ ലോറികൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ വന്നുപോകുന്നതിനാൽ റോഡ് ഡിസൈൻ

തയ്യാറാക്കി വേണം നിമ്മാണം നടത്തേണ്ടത്. ഇതിനുവേണ്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് റോഡ് ഡിസൈൻ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്. കൂടാതെ ഈ പ്രവൃത്തിയുടെ nomenclature change-ന് 97164/2021 നമ്പർ പ്രൈസ് ഐ.ഡി. പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിക്കുള്ള നടപടി പുരോഗമിച്ചുവരുന്നു.

**തങ്കളം-കാക്കനാട് നാലുവരിപ്പാത**

14 (1236) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയ്ക്ക് വലിയ വികസന സാധ്യത നൽകുന്ന പ്രസ്തുത പദ്ധതി നിലവിലെ അലൈൻമെന്റിൽ തന്നെ

കിഫ്ബി പദ്ധതിയായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) കാക്കനാട് - തങ്കളം നാലുവരിപ്പാത ചെ 0/000 (കാക്കനാട് -മനയ്ക്കക്കടവ്) മുതൽ 27/324 (തങ്കളം) വരെയാണ് കെ.ആർ.എഫ്.ബി. - പി.എം.യു.-ന്റെ പരിധിയിൽ വരുന്നത്. പ്രസ്തുത റോഡ് 4 മണ്ഡലത്തിലൂടെ കടന്നുപോകുന്നുണ്ട് (കുന്നത്തുനാട് 17 കി.മീ, മൂവാറ്റുപുഴ -1.74 കി.മീ, പെരുമ്പാവൂർ -1.26 കി.മീ, കോതമംഗലം - 7.324 കി.മീ). പ്രസ്തുത നാലുവരി പാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 20-11-2023-ന് ഈ ഭരണാനുമതി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. 27.324 കി.മി നീളം വരുന്ന പദ്ധതിയുടെ ചെറുവട്ടൂർ മുതൽ തങ്കളം (കി.മി 20/000 മുതൽ 27/234) വരെയുള്ള ഭാഗത്തിന്റെ 255 കോടി രൂപയുടെ പദ്ധതിരേഖ റോഡ്സ് വിഭാഗം തയ്യാറാക്കിയത് കിഫ്ബിയിലേയ്ക്ക് നൽകിയിട്ടുണ്ട്. ഇത് വ്യക്തത വരുത്തി, 0/000 മുതൽ 27/324 വരെ ഒന്നിച്ച് സമർപ്പിക്കുവാൻ 04-06-2021-ലെ

ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരം കിഫ്ബിയിൽനിന്നും നിർദേശിച്ചു.

പ്രസ്തുത പദ്ധതിയുടെ 0/000 മുതൽ 20/000 യുള്ള ഭാഗത്ത് ഡിസൈൻ വിഭാഗത്തിൽനിന്നും സ്ഥല പരിശോധന നടത്തുകയും അലൈൻമെന്റും പ്രൊഫൈലും തയ്യാറാക്കി 09-11-2022-ൽ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊഫൈൽ പ്രകാരം IRC അനുവദിക്കുന്ന ഏറ്റവും കൂടിയ ഗ്രേഡിയന്റായ 8% പല സ്ഥലങ്ങളിലും അധികരിക്കുന്നതായി കണ്ടെത്തുകയും ചെയ്തു. പെരുമ്പാവൂർ മണ്ഡലത്തിൽ വരുന്ന Ch. 18/740 മുതൽ 20/000 വരെയുള്ള ഭാഗത്ത് ഈ ഗ്രേഡിയന്റ് 10% മുതൽ 18% വരെ ആണ്. കോതമംഗലം മണ്ഡലത്തിൽ വരുന്ന ചെറുവട്ടൂർ മുതൽ തങ്കളം വരെയുള്ള (കി.മി 20/000 മുതൽ 27/324 വരെ) ഭാഗത്തു ഗ്രേഡിയന്റ് 18% മുതൽ 34% വരെ ആണ്. അതിനാൽ പ്രസ്തുത പാത IRC മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഡിസൈൻ ചെയ്യാൻ സാധ്യമല്ലാത്തതും ഫീസിബിളല്ലെന്ന് ഡിസൈൻ വിഭാഗത്തിൽ നിന്നും വ്യക്തമാക്കുകയും പാരിസ്ഥിതിക പഠനത്തിന് ശിപാർശ ചെയ്യുകയും ചെയ്തു. KIIFB ഉന്നതതല

ഉദ്യോഗസ്ഥർ പ്രസ്തുത അലൈൻമെന്റ് സന്ദർശിക്കുകയും ചെയ്തു. KIIFB-ൽ നിന്നുള്ള സൈറ്റ് വിസിറ്റ് റിപ്പോർട്ട് പ്രകാരം കാക്കനാട്-മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെ (ചെ 0/000 മുതൽ 27/234 വരെ) ഉള്ള അലൈൻമെന്റ് KIIFB മാനദണ്ഡങ്ങൾ പ്രകാരം feasible അല്ല എന്ന് CEO, KIIFB അറിയിച്ചിട്ടുണ്ട്. അതിനാൽ മറ്റ് അലൈമെന്റുകളുടെ സാധ്യത പരിശോധിക്കുന്നതിനായി നിർദേശിക്കുകയും ഇതിലേയ്ക്കായി ഡ്രോൺ സർവെ നടത്തുന്നതിനായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**കാവിൽ തീക്കുനി കുറ്റ്യാടി റോഡിലെ തകരാർ പരിഹരിക്കുന്നതിന് നടപടി**

15 (1237) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കാവിൽ തീക്കുനി കുറ്റ്യാടി റോഡിലുണ്ടായ തകരാർ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തകരാർ എന്നത്തേയ്ക്ക് പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഈ റോഡ് DLP-യിലാണുള്ളത്. കരാറുകാരന് തകരാർ പരിഹരിക്കാൻ നിരവധി തവണ കത്ത് നൽകിയെങ്കിലും തകരാർ പരിഹരിക്കാത്തതിനാൽ പരിഹാര പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരന്റെ സെക്യൂരിറ്റിയിൽ നിന്നും പ്രവൃത്തി അറേഞ്ച് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരുന്നു. തുടർന്ന് കരാറുകാരൻ ഒരാഴ്ചയ്ക്കുള്ളിൽ താൽക്കാലിക പരിഹാരവും കാലവർഷത്തിനുശേഷം സ്ഥിരപരിഹാരവും ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ കൊല്ലം-തേനി ദേശീയ പാതയുടെ വികസനം**

16 (1238) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി ദേശീയപാതയുടെ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ദേശീയപാത കടന്നുപോകുന്ന മാവേലിക്കര നിയോജകമണ്ഡല പ്രദേശത്തെ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

(എ&ബി) Two Lane With Paved Shoulder Configuration-ൽ കൊല്ലം - തേനി ദേശീയപാതയുടെ വീതി കൂട്ടി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു. കൊല്ലം ഹൈസ്കൂൾ ജങ്ഷൻ മുതൽ ചെങ്ങന്നൂർ ആഞ്ഞിലിമൂട് വരെയുള്ള ദേശീയപാതയിൽ 12 മീറ്റർ ടാറിങ്ങും built up ഏരിയായിൽ ഇരുവശങ്ങളിൽ ഓടയും ഫുട്പാത്തും നിർമ്മിക്കാനുള്ള നിർദേശവും ഉൾപ്പെട്ട alignment കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ DPR അന്തിമഘട്ടത്തിലാണ്. മാവേലിക്കര മണ്ഡലത്തിൽ ആനയടി വഞ്ചിമുക്ക് (Ch. 37/100) മുതൽ കൊല്ലക്കടവ് (Ch. 52/500) വരെയുള്ള ഭാഗം ഈ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Bus bay -കളും പ്രധാന

ജങ്ഷനുകളുടെ വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൊല്ലുകടവ് പാലത്തിന്റെ ഒരു വശത്ത് പുതിയ പാലം നിർമ്മിക്കുവാൻ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. DPR-ന് അംഗീകാരം ലഭിക്കേണ്ടതുണ്ട്.

(സി) ഈ പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

അംഗീകരിച്ച alignment പ്രകാരം സ്ഥലമേറ്റെടുപ്പിനായി CALA 3(a) നോട്ടിഫിക്കേഷൻ ചെയ്തിട്ടുണ്ട്. 3(A) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

**കോഴിക്കോട് ജില്ലയിലെ റോഡ് നവീകരണം**

17 (1239) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ (പി.യു.കെ.സി.) റോഡിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിലെ പാവങ്ങാട് ഉള്ളിയേരി കുറ്റ്യാടി ചൊവ്വ റോഡിന്റെ പാവങ്ങാട് മുതൽ ഉള്ളിയേരി വരെയുള്ള പ്രസ്തുത റോഡിന് വീതികൂട്ടി വികസിപ്പിക്കുന്നതിനായി 10-07-2017-ലെ G.O (Rt) 942/2017/PWD പ്രകാരം 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിക്കുകയും 82.36 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ റവന്യൂ വിഭാഗം ആരംഭിച്ചിട്ടുണ്ട്. 6(1) notification പ്രസിദ്ധപ്പെടുത്തുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പുറക്കാട്ടിരി മുതൽ ഉള്ളിയേരി വരെ എൽ.എ. വിഭാഗം സ്പെഷ്യൽ തഹസിൽദാറുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചതുമാണ്. തുടർനടപടികൾ എൽ.എ. വിഭാഗം സ്വീകരിച്ചുവരുന്നു.

ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള പദ്ധതിയുടെ DPR കിഫ്ബിയിലേയ്ക്ക് 07-05-2022-ൽ സമർപ്പിച്ചിരുന്നു. എന്നാൽ DPR പരിശോധന നടത്തി കിഫ്ബിയിൽനിന്നും 10-07-2022-ൽ ടെക്നിക്കൽ

അപ്രൈസൽ റിപ്പോർട്ട് (TAR) നൽകുകയുണ്ടായി. പേരാമ്പ്ര ബൈപ്പാസ്സിന്റെ വിശദാംശങ്ങൾ ഡി.പി.ആർ.-ൽ പരാമർശിച്ചിട്ടില്ലെന്നും അതുകൂടി ഉൾപ്പെടുത്തി DPR പരിഷ്കരിക്കണമെന്നും TAR-ൽ നിർദ്ദേശിക്കുകയുണ്ടായി. ഇതിൻപ്രകാരം പേരാമ്പ്ര ബൈപാസ്സിന്റെ അലൈൻമെന്റ് പൊതുമരാമത്തു വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. DPR പുതുക്കുന്നതിനുള്ള അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൊതുമരാമത്ത് ഡിസൈൻ വിഭാഗം മുഖേന പൂർത്തിയാക്കി ഡ്രാഫ്റ്റ് അലൈൻമെന്റ് feasibility പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാവങ്ങാട് മുതൽ ഉള്ളിയേരി വരെയുള്ള ഒന്നാംഘട്ട പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

സ്ഥലമേറ്റെടുപ്പ് ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടികൾ എൽ.എ. വിഭാഗം സ്വീകരിച്ചുവരുന്നു.

**കഴനി-പഴമ്പാലക്കോട് റോഡ് പ്രവൃത്തി**

18 (1240) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2024-25 ബഡ്ജറ്റിൽ 20% ടോക്കൺ പ്രൊവിഷനുള്ള കഴനി - പഴമ്പലക്കോട് റോഡ് പ്രവൃത്തിക്ക് ഭരണാനുമതി നൽകി.

**മലമ്പുഴ-ആനക്കൽ റിംഗ് റോഡ് നവീകരണം**

19 (1241) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ-ആനക്കൽ റിംഗ് റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) മലമ്പുഴ-ആനക്കൽ റിംഗ് റോഡ് നവീകരണ പ്രവൃത്തിയുടെ Cross drainage and side protection work പൂർത്തീകരിച്ചു. കരാർ വ്യവസ്ഥകൾ പ്രകാരം 31-12-2024-ൽ ബാക്കി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

**മുട്ടുങ്ങൾ-നാദാപുരം-പക്രംതളം റോഡിന്റെ പ്രവൃത്തി**

20 (1242) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടുങ്ങൾ-നാദാപുരം-പക്രംതളം റോഡിന്റെ ഇരുസൈഡുകളിലും ടൈലുകളിടുന്നതിനും പ്രധാന ഭാഗങ്ങളിൽ കൈവരി സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) കിഫ്ബി മുഖേന സാമ്പത്തികാനുമതി ലഭിച്ച മുട്ടുങ്ങൾ-നാദാപുരം-പക്രംതളം റോഡ് പദ്ധതിയിൽ ഉൾപ്പെട്ട റോഡ് പ്രവൃത്തി

പൂർത്തീകരിച്ചിട്ടുള്ളതാണ്. ഈ റോഡിൽ വള്ളിക്കാട്, വെള്ളിക്കുളങ്ങര, ഓർക്കാട്ടേരി, എടച്ചേരി, തലായി, പുറമേരി, നാദാപുരം എന്നീ ടൗണുകളിൽ ഇന്റർലോക്ക് ടൈലുകളും കൈവരികളും സ്ഥാപിക്കുന്നതിനായി 01-11-2023-ൽ 5.174 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പ്രസ്തുത തുക സാമ്പത്തികാനുമതി തുകയെ അധികരിച്ചതിനാൽ കിഫ്ബിയിൽനിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്നതിനായി 27-11-2023-ൽ സമർപ്പിച്ചു. എന്നാൽ സാമ്പത്തികാനുമതി തുക അധികരിക്കാത്ത രീതിയിൽ എസ്റ്റിമേറ്റ് പുനർസമർപ്പിക്കാൻ 16-12-2023-ൽ കിഫ്ബിയിൽനിന്ന് നിർദേശിച്ചതുപ്രകാരം 4.576 കോടി രൂപയുടെ എസ്റ്റിമേറ്റ് 10-01-2024-ൽ കിഫ്ബിയിൽ പുനർസമർപ്പിച്ചു. എന്നാൽ റോഡ് പ്രവൃത്തിയുടെ തുക പുനഃക്രമീകരിക്കാനും ബാക്കി തുക ഉപയോഗിച്ച് ഹാൻഡ് റെയിൽ പ്രവൃത്തി ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി പുതിയ പാക്കേജായി നൽകാനും അറിയിച്ചുകൊണ്ട് 11-01-2024-ന് കിഫ്ബിയിൽനിന്ന് നിർദേശിച്ചു. ഈ എസ്റ്റിമേറ്റ് 01-02-2024-ൽ നടന്ന 151-ാമത് ടെക്നിക്കൽ കമ്മിറ്റിയുടെ

അംഗീകാരത്തിനായി സമർപ്പിക്കുകയും കമ്മിറ്റിയുടെ നിർദേശം അനുസരിച്ച് ഒറിജിനൽ സ്കോപ്പിൽനിന്നും വ്യത്യാസം വന്നതിനാൽ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിച്ചു. സോഫ്റ്റ്‌വെയറിലെ സാങ്കേതിക തകരാർ പരിഹരിച്ചതിനുശേഷം 17-04-2024-ൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ, സാങ്കേതികാനുമതി നൽകിയതിനുശേഷം എസ്റ്റിമേറ്റ് പുനർസമർപ്പിക്കാൻ ആവശ്യപ്പെട്ട് കിഫ്ബി 04-05-2024-ൽ TS file തിരികെ നൽകി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**മലയോര ഹൈവേ നിർമ്മാണം**

21 (1243) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലം, വീട്, മറ്റ് ജംഗമ വസ്തുക്കൾ എന്നിവ നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ ഭാഗമായി അഞ്ച് സെന്റിന് താഴെ മാത്രം സ്ഥലമുള്ളതിൽനിന്നും മൂന്നോ നാലോ സെന്റ് സ്ഥലം നഷ്ടപ്പെടുന്നതുമൂലം കിടപ്പാടംതന്നെ നഷ്ടപ്പെടുന്നവർക്ക് അർഹമായ ധനസഹായം നൽകുന്നതിനോ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പാർപ്പിടം അനുവദിച്ചു നൽകുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) Free surrender വ്യവസ്ഥയിൽ പൊതുജനങ്ങൾ സ്വമേധയാ സ്ഥലം വിട്ടുനൽകുന്നതിനാൽ സ്ഥലത്തിനുള്ള നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയില്ല. എന്നാൽ, നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലത്തിന്റെ ഒരു ഭാഗം നഷ്ടപ്പെടുന്നതുമൂലം കിടപ്പാടംതന്നെ നഷ്ടപ്പെടുന്നവർക്ക് അർഹമായ നഷ്ടപരിഹാരം, പദ്ധതിയുടെ എസ്റ്റിമേറ്റിൽ "പുനരധിവാസവും പുനഃസ്ഥാപനവും" എന്ന ഇനത്തിൽ ഉൾപ്പെടുത്തി നൽകിവരുന്നുണ്ട്.

(സി) വർഷങ്ങളായി വിവിധ പുറമ്പോക്കുകളിൽ വീട് നിർമ്മിച്ച് താമസിക്കുന്നവർക്ക് പ്രസ്തുത നിർമ്മാണത്തിന്റെ ഭാഗമായി വീട് നഷ്ടപ്പെടുമ്പോൾ അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മലയോര ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി വീട് നഷ്ടപ്പെടുന്ന പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ ലൈഫ് മിഷൻ മാതൃകയിൽ പുനരധിവസിപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 30-11-2023-ലെ G.O.(Rt)No. 1570/2023/PWD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

**പ്ലാമുടി-ഊരംകുഴി റോഡ്**

22 (1244) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്ലാമുടി-ഊരംകുഴി റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതിക തടസങ്ങൾ നീക്കി റോഡിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പ്ലാമുടി-കോട്ടപ്പടി-പാനിപ്ര-ഇരുമലപ്പടി-ഊരംകുഴി റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്ക് ഭരണാനുമതിയും 22.66 കോടിരൂപയ്ക്ക് കിഫ്ബിയിൽനിന്നും

സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിലെ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തതിനെത്തുടർന്ന് പ്ലാമൂടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്തെ ബാലൻസ് പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കരമന-വെള്ളറട റോഡ് നിർമ്മാണം**

23 (1245) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.ഐ.സി.കെ. മുഖേന നടപ്പാക്കുന്ന കരമന-വെള്ളറട റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏതുവരെയായി; ഇതിനായുള്ള സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

സംസ്ഥാന റോഡ് വികസന പദ്ധതിയിലെ (SRIP) അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കരമന-വെള്ളറട

റോഡ് അപ്ഗ്രേഡ് ചെയ്യുന്നതിന് 15-02-2016-ലെ G.O(Rt) No. 355/2016/PWD ഉത്തരവ് പ്രകാരം 8.375 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 5054-04-337-80-NV എന്ന ബജറ്റ് ഹെഡിൽനിന്ന് 21.44 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.

35.50 കി.മീ നീളമുള്ള കരമന-വെള്ളറട റോഡ് തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രാധാന്യം ഉള്ളതും 4 നിയോജക മണ്ഡലങ്ങളിൽക്കൂടി (നേമം, വട്ടിയൂർക്കാവ്, കാട്ടാക്കട, പാറശ്ശാല) കടന്നുപോകുന്നതുമാണ്. നിലവിലെ പ്രോജക്ട് അനുസരിച്ച് ജങ്ഷൻ ഒഴികെയുള്ള ഭാഗം 7 മീറ്റർ വീതിയിൽ രണ്ടു വരിപ്പാതയും ഇരുവശങ്ങളിലും 1.50 മീറ്റർ വീതം വീതിയിൽ പേവ്ഡ് ഷോൾഡറും ഇരുവശങ്ങളിലുമായി 1.75 മീറ്റർ വീതിയിൽ എർത്തേൺ ഷോൾഡറും ഓടയും ഉൾപ്പെടെ 13.50 മീറ്റർ വീതിയും (ROW) ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

04-07-2016-ൽ റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി സ്പെഷ്യൽ തഹസീൽദാരെ [എൽ.എ. (എൻ.എച്ച്) പി.എം.ജി, തിരുവനന്തപുരം] ചുമതലപ്പെടുത്തികൊണ്ട് ജില്ലാ കളക്ടർ, തിരുവനന്തപുരം

ഉത്തരവിറക്കിയിട്ടുള്ളതാണ്. 6(1) നോട്ടിഫിക്കേഷൻ 16-03-2017-ലെ എൽ.എ. (2) 545/2016 എന്ന നമ്പരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 15-05-2019-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി സർക്കാർ അനുവദിച്ച 7.507 കോടി രൂപയിൽനിന്നും 1.0724 കോടി രൂപ 30-01-2019-ന് കണ്ടിൻജൻസി ചാർജായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്.

കരമന-വെള്ളറട റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ മൂന്ന് റീച്ചായിട്ടാണ് നടന്നുവരുന്നത്.

**റീച്ച്-1- 0/000-5/500(കരമന മുതൽ കുണ്ടമൺകടവ് പാലം വരെ)**

30-12-2020-ൽ പ്രസ്തുത റീച്ചിന്റെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. തുടർന്ന് സംയുക്ത സ്ഥലപരിശോധന റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയിട്ടുണ്ട്. ഈ റീച്ചിന്റെ സ്ട്രക്ചറൽ വാല്യുവേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. കരമന മുതൽ കുണ്ടമൺകടവ് വരെയുള്ള റോഡ് വികസനത്തിനുവേണ്ടി ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന്

ഏകദേശം 120 കോടി രൂപ ചെലവ് വരും. അത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

**റീച്ച്-II-5/500-20/000 (കുണ്ടമൺകടവ് പാലം മുതൽ ഞാറവിള വരെ)**

30-12-2019-ൽ പ്രസ്തുത റീച്ചിന്റെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. വിദഗ്ധ സമിതി ശിപാർശ, സാമൂഹിക ആഘാത പഠന റിപ്പോർട്ട്, പബ്ലിക് ഹിയറിംഗ് എന്നിവ നടത്തിയിട്ടുണ്ട്.

**റീച്ച്-III-20/000-300/500 (ഞാറവിള മുതൽ വെള്ളറട വരെ)**

04-05-2020-ൽ പ്രസ്തുത റീച്ചിന്റെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. വിദഗ്ധ സമിതി ശിപാർശ, സാമൂഹിക ആഘാത പഠന റിപ്പോർട്ട്, പബ്ലിക് ഹിയറിംഗ് എന്നിവ നടത്തിയിട്ടുണ്ട്.

### നിർമ്മാണ, പരിപാലന കരാർ നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി

24 (1246) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നിർമ്മാണ, പരിപാലന കരാറുകൾ ഏറ്റെടുക്കുന്ന സ്ഥാപനങ്ങൾ കരാർ നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പുതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണം ഏറ്റെടുത്തതിനുശേഷം പല തടസ്സങ്ങളും ഉന്നയിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ വലിയ കാലതാമസം വരുത്തുന്ന കരാറുകാരെ സ്ഥിരമായി ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണവും പരിപാലനവും PWD Manual, SBD Condition, MoRTH-ൽ നിന്നുള്ള സർക്കുലറുകൾ എന്നിവ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും, ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ തുടങ്ങിയവ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പാക്കിവരുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന

നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണമേന്മ വർധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു.

ഗുണനിലവാര പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് പേമെന്റ് നൽകുന്നത്. Agreement വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാരെ നോട്ടീസ് നൽകി കരാർ അവരുടെതന്നെ നഷ്ടോത്തരവാദിത്വത്തിൽ അവസാനിപ്പിച്ച് അവശേഷിക്കുന്ന പ്രവൃത്തി പുനഃക്രമീകരിക്കുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. കരാർ ലംഘനം ശ്രദ്ധയിൽപ്പെടുന്നപക്ഷം കരാറുകാരന് നോട്ടീസ് നൽകുകയോ പിഴ ചുമത്തുകയോ റിസ്ക് ആൻഡ് കോസ്റ്റ് പ്രവൃത്തിയിൽനിന്ന് ഒഴിവാക്കുകയോ തുടങ്ങിയ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നുണ്ട്. പല തവണയും കരാർലംഘനം ആവർത്തിച്ചാൽ പ്രസ്തുത കോൺട്രാക്ടറെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**തീരദേശ ഹൈവേയുടെ നിർമ്മാണ പുരോഗതി**

25 (1247) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ആകെ 600 കി.മീ വരുന്ന തീരദേശ ഹൈവേയുടെ 525 കി.മീ ഭാഗമാണ് കെ.ആർ.എഫ്.ബി. മുഖാന്തരം നടപ്പാക്കുന്നത്. ഇതിൽ 362 കി.മീ ഭാഗത്ത് സ്ഥലം ഏറ്റെടുക്കലിനുള്ള അതിരടയാളക്കല്ലുകൾ സ്ഥാപിച്ച് 288 കി.മീ ഭാഗത്ത് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹികാഘാത പഠനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 38.5 കി.മീ ഭാഗത്ത് പ്രസ്തുത പഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1.87 കി.മീ ഭാഗത്ത് 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ അതിവേഗമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്. ഇതിനുപുറമെ നിർമ്മാണം ആരംഭിച്ച തൃശ്ശൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ ഭാഗമായ അഴീക്കോട് മുനമ്പം പാലം പ്രവൃത്തി പുരോഗമിക്കുന്നു. മലപ്പുറം ജില്ലയിലെ മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ 3.85 കിലോമീറ്റർ ഭാഗത്ത് പ്രവൃത്തി പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ Ch.0/00 മുതൽ Ch4/800 വരെയുള്ള നിർമ്മാണം ആർ.ബി.ഡി.സി.കെ.-യുടെ നേതൃത്വത്തിൽ ഭൂമിയേറ്റെടുക്കൽ നടപടികളിൽ

ഉൾപ്പെട്ട 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് സർവെ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിൽ വരുന്ന പാലക്കോട്-കുന്നരു റീച്ചിന് കിഫ്ബിയുടെ ധനാനുമതി ലഭിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ വരുന്ന തീരദേശ ഹൈവേ പാലക്കോട് കുന്നരു റീച്ചിന് 30-10-2020-ന് 34,71,32,077/- രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

(സി) ധനാനുമതി ലഭിച്ചിട്ടും തുടർനടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

2020 ഒക്ടോബറിൽ പാലക്കോട് കുന്നരു റീച്ചിന് സാമ്പത്തികാനുമതി നൽകിയെങ്കിലും പദ്ധതിക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. RFCTLARR ആക്ട് 2013 നിഷ്കർഷിക്കുന്ന സമയക്രമം അനുസരിച്ചാണ്

സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്. 22-12-2023-ന് സ്ഥലമേറ്റെടുക്കലിന്റെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ സബ്ഡിവിഷൻ സർവെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ഡി) നിശ്ചിത ഇടവേളകളിൽ മന്ത്രിതലത്തിൽ അവലോകനം നടത്തി പദ്ധതി എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടി ഉണ്ടാകുമോയെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള തീരദേശ ഹൈവേയുടെ അവലോകന യോഗം കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്. ഇതിനുപുറമേ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചു ചേർക്കുകയും ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ സാധ്യമാകുന്ന വേഗത്തിൽ പൂർത്തീകരിക്കണമെന്ന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) പയ്യന്നൂർ മണ്ഡലത്തിൽ രണ്ടാം ഘട്ടത്തിൽ വരുന്ന കുന്നരു സിറ്റി-രണ്ടു തെങ്ങ് റീച്ചിന്റെ എസ്റ്റിമേറ്റ് ധനാനുമതിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ വരുന്ന കുന്നരുസിറ്റി – പാണ്ട്യാലക്കടവ് (രണ്ട് തെങ്ങ്) റീച്ചിന്റെ സ്ഥലമേറ്റെടുപ്പിന് 6,50,00,000/- (ആറ് കോടി അമ്പത് ലക്ഷം) രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. നിലവിൽ അതിർത്തി കല്ലിടൽ പൂർത്തീകരിച്ച് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തു റീച്ചിൽ സാമൂഹികാഘാത പഠനം നടന്നുവരുന്നു. സ്ഥലമേറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് പുതുക്കിയ സാമ്പത്തികാനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണം**

26 (1248) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മൂടാൽ-കഞ്ഞിപ്പുര ബൈപ്പാസ് റോഡിൽ കി.മീ. 0/000 മുതൽ കി.മീ. 1/700 വരെയും കി.മീ. 3/470 മുതൽ കി.മീ. 6/000 വരെയും ഉള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

(ബി) ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട 13.5 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിനും 2023-24 വർഷത്തെ ബജറ്റിൽ അനുവദിച്ച 5 കോടി രൂപയ്ക്കും ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് എത്രയും വേഗം സാങ്കേതികാനുമതി ലഭ്യമാക്കി കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) മൂടാൽ-കഞ്ഞിപ്പുര ബൈപ്പാസ് റോഡിന് 13,36,90,000/- രൂപയ്ക്ക് Revised Administrative Sanction നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള റിവൈസ്ഡ് എസ്റ്റിമേറ്റും കി.മീ. 1/700 മുതൽ കി.മീ. 3/470 വരെയുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 2023-2024 ബജറ്റ് മറുപടി പ്രസംഗത്തിൽ

പ്രഖ്യാപിച്ച 5 കോടി രൂപയ്ക്ക് നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റും നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു. സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പിലാക്കാൻ കഴിയുന്നതാണ്.

**കഞ്ചിക്കോട്-മലമ്പുഴ റോഡ് നവീകരണം**

27 (1249) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 4.15 കോടി രൂപ വകയിരുത്തിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട്-മലമ്പുഴ റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട്-മലമ്പുഴ റോഡ് നവീകരണ പ്രവൃത്തിയുടെ initial level എടുത്തുകഴിഞ്ഞു.

ദീർഘിപ്പിച്ചുനൽകിയ TOC പ്രകാരം 31-12-2024-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

**കാരപൊറ്റ-ചൂലിപാടം റോഡ് അഭിവൃദ്ധിപെടുത്തൽ**

28 (1250) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ ഉൾപ്പെടുത്തിയ കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് വീതി കൂട്ടി അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

മൂന്ന് കോടി നാൽപ്പത് ലക്ഷം രൂപയുടെ ഭരണാനുമതിയും തുടർന്ന് അതേ തുകയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ച Improvements and widening works of Karapotta-Choolipadam road 0.000 to 4.000 എന്ന പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചതിനുശേഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയും തുടർന്ന് ശേഷിക്കുന്ന പ്രവൃത്തിക്ക് 2,44,46,445.95/- രൂപയുടെ അംഗീകാരം

നൽകുകയും ചെയ്തു. ഇതിന്റെ ടെൻഡർ നടപടികൾ ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ബാക്കി പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതുവരെ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി WMM ഉപയോഗിച്ച് temporary restoration നടത്തുന്നതിന് 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**മാനന്തവാടി മണ്ഡലത്തിലെ റോഡുകളുടെ നിലവാരം**

29 (1251) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ആകെ എത്ര കിലോമീറ്റർ റോഡുകളാണുള്ളത്;

(ബി) ഇതിൽ എത്ര കിലോമീറ്റർ റോഡ് ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്?

(എ&ബി) മാനന്തവാടി മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ 294.023 കി.മീ റോഡുകളാണുള്ളത്. ഇതിൽ 266.763 കിലോമീറ്റർ റോഡ് ബി.എം & ബി.സി നിലവാരത്തിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. കെ.ആർ.എഫ്.ബി.യുടെ പരിധിയിൽ 59.815 കി.മീ. ദൂരം KRFB - KIIFB നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ട്. ഇതിൽ 16.815 കി.മീ. ദൂരം BM & BC നിലവാരത്തിലേക്കുയർത്തി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും ശേഷിക്കുന്ന 43 കി.മീ. ദൂരം മലയോര ഹൈവേ നിർമാണത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചുവരുന്നതുമാണ്.

ദേശീയപാത വിഭാഗത്തിന് കീഴിൽ CRF പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് 29.435 കീ.മി റോഡ് നിലവിൽ ഉണ്ട്. അത് ബി.എം&ബി.സി നിലവാരത്തിലുള്ളതാണ്.

(സി) പ്രസ്തുത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നാളിതുവരെ ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത മണ്ഡലത്തിലെ റോഡ് ഏതാണെന്ന് വെളിപ്പെടുത്തുമോ?

ബി.എം & ബി.സി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നാളിതുവരെ ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത താഴെപ്പറയുന്ന 7 റോഡുകളാണുള്ളത്.

1. വാളാട് എച്ച്.എസ് - തോളക്കര റോഡ് കി.മീ 0/000 മുതൽ 0/870 വരെ.

2. പേരിയ ഇരുമനത്തുർ പമ്പാള കുഞ്ഞോം റോഡ് കി.മീ 0/000 മുതൽ 10/760 വരെ.

3. കാട്ടിച്ചിറയ്ക്കൽ ലിങ്ക് റോഡ് കി.മീ 0/000 മുതൽ 0/500 വരെ.

4. അഞ്ചാം പീടിക - പുതുശ്ശേരി- കാഞ്ഞിരങ്ങാട് റോഡ് കി.മീ 4/250 മുതൽ 9/390 വരെ.

5. പള്ളിക്കുന്ന് - അഞ്ച് കുന്ന് റോഡ് കി.മീ 0/000 മുതൽ 5/330 വരെ.

6. 7/4 പാതിരിച്ചാൽ - പള്ളിക്കൽ റോഡ് കി.മീ 2/190 മുതൽ 4/600 വരെ.

7. പേരിയ കോറോം റോഡ് കി.മീ 9/750 മുതൽ 12/000 വരെ.

**മാവൂർ എൻ.ഐ.ടി. കൊടുവള്ളി റോഡിന്റെ പ്രവൃത്തി ആരംഭിക്കാൻ നടപടി**

30 (1252) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മാവൂർ എൻ.ഐ.ടി. കൊടുവള്ളി റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കിയ തീയതി അറിയിക്കാമോ?

മാവൂർ എൻ.ഐ.ടി - കൊടുവള്ളി റോഡ് പ്രവൃത്തിക്ക് 10-07-2017-ലെ GO (Rt) No. 942/2017/PWD പ്രകാരം 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 15-02-2020-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ ഉൾപ്പടെ 52.20 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. 01-08-2022-ലെ G.O (Rt) No. 3263/2022/RD പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ (ബി) ഓർഡർ ലഭിച്ചിട്ടുണ്ട്. അതിലേയ്ക്കുള്ള കണ്ടിജൻസി ചാർജിനത്തിൽ 13,53,377/- രൂപ 26-06-2023-ൽ കിഫ്ബിയിൽനിന്നും നൽകിയത് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി

17-01-2024-ൽ പൂർത്തീകരിക്കുകയും റവന്യൂ അധികൃതരുമായുള്ള സംയുക്ത പരിശോധനയ്ക്ക് ശേഷം റവന്യൂ സർവെ നടന്നുകൊണ്ടിരിക്കുകയുമാണ്.

(ബി) കെ.ആർ.എഫ്.ബി.-യുടെ കീഴിലുള്ള പ്രസ്തുത റോഡ് വർഷങ്ങളായി മെയിന്റനൻസ് പോലും നടക്കാതെ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാവൂർ NIT കൊടുവള്ളി റോഡിൽ 2021-നും 2023-നും ഇടയിൽ 27 ലക്ഷം രൂപയുടെ മെയിന്റനൻസ് പ്രവൃത്തികൾ KRFB –PMU മുഖേന നടത്തിയിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് റീ ടാറിംഗ് നടത്താനുള്ള പദ്ധതി എന്നാണ് അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; അതിന് ഭരണാനുമതി നൽകുന്നതിൽ കാലതാമസം വരുത്താനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

പ്രസ്തുത റോഡിൽ മാവൂരിനും കട്ടാങ്കലിനും ഇടയിൽ കൂടുതൽ കേടുപാടുകൾ വരുന്ന ഭാഗത്ത് MSS ഓവർലേ ചെയ്യുന്നതിന് 80 ലക്ഷം രൂപയുടെ റെക്റ്റിഫിക്കേഷൻ പ്രവൃത്തിക്ക് ഭരണാനുമതി

ലഭ്യമാക്കുന്നതിനായി 06-02-2024-ൽ കെ.ആർ.എഫ്.ബി-പിഎം.യു. കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പ്രവൃത്തി ഉൾപ്പെടെ അടിയന്തരമായി റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് 07-10-2023-ൽ കിഫ്ബിയോട് അധികഫണ്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അറ്റകുറ്റപ്പണികൾക്കായി കിഫ്ബിയിൽ നിന്നും അധിക ഫണ്ട് ഇതുവരെ ലഭ്യമായിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നത് അകാരണമായി നീണ്ടുപോകുന്ന പശ്ചാത്തലത്തിൽ തടസ്സം നീക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മന്ത്രിതല യോഗം വിളിച്ചുചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ കല്ലിടൽ പൂർത്തീകരിച്ച് റവന്യൂ സർവെ പുരോഗമിച്ചുവരുന്നു. സർവെ പൂർത്തീകരിച്ചതിന് ശേഷം 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**എം.സി റോഡ് നാലുവരി പാതയാക്കുന്നതിനുള്ള നടപടികൾ**

31 (1253) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി റോഡ് നാലുവരി പാതയാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 239 പ്രകാരം എം.സി. റോഡിന്റെയും കൊല്ലം-ചെങ്കോട്ട റോഡിന്റെയും വികസനത്തിനായി കിഫ്ബി മുഖേന 1500 കോടി രൂപ വകയിരുത്തിയിരുന്നു. കേശവദാസപുരം മുതൽ അങ്കമാലി വരെയുള്ള എം.സി റോഡും കൊല്ലം-ചെങ്കോട്ട റോഡും നാലുവരിപ്പാതയാക്കുന്ന പ്രവൃത്തികൾക്കായി 1500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. എം.സി. റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത റോഡ് നാലുവരിയാക്കുന്നതിനായുള്ള പ്രവൃത്തികൾ എവിടെയെങ്കിലും ആരംഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

എം.സി. റോഡ് നാലുവരിയാക്കുന്ന പ്രവൃത്തിയുടെ ഭാഗമായ കൊട്ടാരക്കര ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ ആദ്യഘട്ടമായി ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി കിഫ്ബി 110.36 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായി 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ നിലവിൽ പ്രവൃത്തി എവിടെയും ആരംഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയുടെ ലാൻഡ് അക്വിസിഷൻ പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്നും നിർവഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കുന്നത് പൊതുമരാമത്ത് ഡിസൈൻ വിഭാഗമാണ്. കെ.ആർ.എഫ്.ബി. (പി.എം.യു) ആണ് പദ്ധതിയുടെ നിർവഹണ ഏജൻസി.

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

എം.സി. റോഡും കൊല്ലം-ചെങ്കോട്ട റോഡും നാലുവരിപ്പാതയാക്കുന്ന പ്രവൃത്തികൾക്കായി 1500 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**പുതിയങ്ങാടി-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡ് വികസനം**

32 (1254) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയങ്ങാടി-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡ് (പി.യു.കെ.സി റോഡ്) വീതി കൂട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ അലൈൻമെന്റ് നിർണ്ണയിക്കുമ്പോൾ പേരാമ്പ്ര ടൗൺ ഒഴിവാക്കി ബൈപാസ് റോഡ് വഴിയാക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡിന്റെ പാവങ്ങാട് മുതൽ ഉള്ളിയേരി വരെയുള്ള റോഡിന് വീതികൂട്ടി വികസിപ്പിക്കുന്നതിനായി 10-07-2017-ലെ G.O. (Rt) 942/2017/PWD പ്രകാരം 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി

ലഭിക്കുകയും 82.36 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ റവന്യൂ വിഭാഗം ആരംഭിച്ചിട്ടുണ്ട്. 6(1) notification പ്രസിദ്ധപ്പെടുത്തുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പുറക്കാട്ടിരി മുതൽ ഉള്ളിയേരി വരെ എൽ.എ. വിഭാഗം സ്പെഷ്യൽ തഹസിൽദാറുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചതുമാണ്. തുടർനടപടികൾ എൽ.എ. വിഭാഗം സ്വീകരിച്ചുവരുന്നു.

ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള പദ്ധതിയുടെ DPR കിഫ്ബിയിലേക്ക് 07-05-2022-ൽ സമർപ്പിച്ചിരുന്നു. എന്നാൽ DPR പരിശോധന നടത്തി കിഫ്ബിയിൽനിന്നും 11-07-2022-ൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) നൽകുകയുണ്ടായി. പേരാമ്പ്ര ബൈപ്പാസ്സിന്റെ വിശദാംശങ്ങൾ ഡി.പി.ആർ.-ൽ പരാമർശിച്ചിട്ടില്ലെന്നും അതുകൂടി ഉൾപ്പെടുത്തി DPR പരിഷ്കരിക്കണം എന്നും TAR-ൽ നിർദേശിക്കുകയുണ്ടായി. ഇതിൻ പ്രകാരം പേരാമ്പ്ര ബൈപാസ്സിന്റെ അലൈൻമെന്റ് പൊതുമരാമത്ത്

വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. DPR പുതുക്കുന്നതിനുള്ള അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഡിസൈൻ വിങ് മുഖേന പൂർത്തിയാക്കി ഡ്രാഫ്റ്റ് അലൈൻമെന്റ് നൽകിയത് feasibility പരിശോധിച്ച് റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടി- എടവണ്ണ സംസ്ഥാന പാത നവീകരണം**

33 (1255) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കൊയിലാണ്ടി-എടവണ്ണ സംസ്ഥാന പാതയുടെ പ്രവൃത്തിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കുമോ;

(ബി) ഇനി ഏതൊക്കെ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും അവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ ?

(എ&ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കൊയിലാണ്ടി-എടവണ്ണ സംസ്ഥാന പാതയുടെ പ്രവൃത്തി

99% പൂർത്തീകരിച്ചിട്ടുണ്ട്. Interlock laying in shoulders, drain work, WMB crash barrier (Change of Scope), PAP work എന്നീ പ്രവൃത്തികളാണ് പുരോഗമിക്കുന്നത്. മേൽപ്പറഞ്ഞ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതാണ്.

**കണ്ണാടി-പന്നിക്കോട് റോഡ് പ്രവൃത്തിയുടെ സ്ഥലമേറ്റെടുപ്പ്**

34 (1256) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ, പാലക്കാട് മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന കണ്ണാടി-പന്നിക്കോട് റോഡ് പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് മാത്രം കിഫ്ബി മുഖേന നടപ്പാക്കാനും റോഡ് നിർമ്മാണവും അറ്റകുറ്റപ്പണികളും ബജറ്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ടതാണെന്നുമുള്ള 30-01-2024-ലെ പി.ഡബ്ല്യു.ഡി. 004-121-എം.ഐ.എസ്.സി.-01 നമ്പർ കിഫ്ബി സി.ഇ.ഒ.-യുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 30-01-2024-ലെ കിഫ്ബി സി.ഇ.ഒ-യുടെ കത്ത് നമ്പർ PWD004-121- MISC-01 പ്രകാരം സ്ഥലമേറ്റെടുപ്പ് നടപടികൾമാത്രം കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിന് തീരുമാനമായിട്ടുള്ളതാണ്. നിലവിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് LA, സ്കെച്ച് തുടർനടപടികൾക്കായി സ്പെഷ്യൽ തഹസിൽദാർ LA കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. റവന്യൂ വകുപ്പിൽ നിന്ന് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനായിട്ടുള്ള ഫീൽഡ് സർവെ അവസാന ഘട്ടത്തിലാണ്. കൂടാതെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിജൻസി ചാർജ്ജും അടച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ കിഫ്ബി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ;

(സി) ബജറ്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന റോഡ് നിർമ്മാണവും അറ്റകുറ്റപ്പണികളും പ്രായോഗികമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) 30-01-2024-ലെ കിഫ്ബി സി.ഇ.ഒ-യുടെ കത്ത് നമ്പർ PWD004-121- MISC-01 പ്രകാരം സ്ഥലമേറ്റെടുപ്പ് നടപടികൾമാത്രം കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിന് തീരുമാനമായിട്ടുള്ളതാണ്. നിലവിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് LA, സ്കെച്ച് തുടർനടപടികൾക്കായി സ്പെഷ്യൽ തഹസിൽദാർ LA കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. റവന്യൂ വകുപ്പിൽ നിന്ന് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ഫീൽഡ് സർവ്വേ അവസാന ഘട്ടത്തിലാണ്. കൂടാതെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിജൻസി ചാർജ്ജും അടച്ചിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ**

35 (1257) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന റോഡ് പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൻകീഴിലുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ കുണ്ടറ നിയോജക മണ്ഡലത്തിൽ GENERAL-RM-2023-2024-I One Year Running Contract for various PWD Roads under road Section Kundra in Kollam District -5 roads stretches for a length of 3.5 km എന്ന പ്രവൃത്തിയിൽ 1.95 കി.മീ നീളത്തിൽ ആകെ മൂന്ന് റോഡുകൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പുരോഗതിയിലാണ്.

കെ.എസ്.ടി.പിയുടെ പരിധിയിൽ റോഡുകളുടെ രണ്ട് നിർമ്മാണ പ്രവൃത്തികളാണ് കുണ്ടറ മണ്ഡലത്തിൽ നിലവിലുള്ളത്. അതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കെ.എസ്.ടി.പി രണ്ടാംഘട്ടത്തിലെ World Bank assisted road chanllenge fund-ലെ Road Safety & Improvements എന്ന പ്രവൃത്തി നടക്കുന്ന കൊട്ടിയം-കുണ്ടറ റോഡിന് 11.70 കി.മീ. നീളമാണുള്ളത്. പ്രസ്തുത പ്രവൃത്തിക്ക് 75% നിർമ്മാണ പുരോഗതി കൈവരിക്കുകയും തുടർ പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. OPBRC പാക്കേജ് 3-യിൽ ഉൾപ്പെടുന്ന 5 റോഡുകളിൽ കൊല്ലം-ആയൂർ റോഡിലെ 6.1 കി.മീ. റോഡാണ് കുണ്ടറ മണ്ഡലത്തിലൂടെ കടന്നുപോകുന്നത്. ടി പ്രവൃത്തിയുടെ ആകെ നിർമ്മാണ പുരോഗതി 33% ആണ്.

കുണ്ടറ-ചിറ്റുമല-ഇടിയക്കടവ്-കാര്യത്രുകടവ്-മൺറോതുരുത്ത്-റെയിൽവേ സ്റ്റേഷൻ റോഡ് എന്ന പ്രവൃത്തിയാണ് കുണ്ടറ മണ്ഡലത്തിൽ കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത ആദ്യ കരാറുകാരനായ M/s. തോപ്പിൽ കോൺട്രാക്ടേഴ്സിനെ പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിലുണ്ടായ വീഴ്ച പരിഗണിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കിയിരുന്നു. തുടർന്ന് ബാക്കി പ്രവൃത്തികൾ M/s. ആംകോ ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ് എന്ന കരാറുകാരൻ 19.50 കോടി രൂപയ്ക്ക് കരാർ ഏറ്റെടുത്തു. നിലവിൽ സംരക്ഷണ ഭിത്തി, ഐറിഷ് ഡ്രെയിൻ, കോൺക്രീറ്റ് ഡ്രെയിൻ എന്നീ പ്രവൃത്തികൾ പുരോഗതിയിലാണ്. പള്ളിമുക്ക്-പൊട്ടിമുക്ക് റോഡിന്റെ BC പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. യൂട്ടിലിറ്റികൾ നീക്കം ചെയ്യുന്നതിനുള്ള ഫണ്ട് കെ.എസ്.ഇ.ബി.-ക്ക് കൈമാറിയിട്ടുണ്ട്. KWA ജൽജീവൻ മിഷൻ പ്രവൃത്തികൾ റീസ്റ്റോറേഷൻ പ്രവൃത്തികൾക്കായി 72,38,356 രൂപ KWA ഡെപ്പോസിറ്റ് ചെയ്തിരുന്നു. ആദ്യഘട്ടമായി 15,14,943/- രൂപയുടെ റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ശേഷിച്ച തുകയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**കോട്ടക്കൽ മണ്ഡലത്തിലെ പൂഴിത്തറ വളവ് വീതി കൂട്ടാൻ നടപടി**

36 (1258) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ചാപ്പനങ്ങാടി-ഇന്ത്യനൂർ-കോട്ടക്കൽ റോഡിലെ പൂഴിത്തറ വളവ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അലൈൻമെന്റ് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) പൂഴിത്തറ വളവ് അലൈൻമെന്റ് സ്കെച്ച് അംഗീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജനകീയസമിതി രൂപീകരിക്കാമെന്നും അത് പ്രകാരം സ്ഥലമേറ്റെടുപ്പ് നടത്തി പ്രസ്തുത ഭൂമി പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ഫ്രീ സറണ്ടറായി നൽകാമെന്നും കോട്ടക്കൽ നഗരസഭ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും.

**ഉഴവൂർ ടൗൺ ബൈപ്പാസ് റോഡ്**

37 (1259) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ ഉഴവൂർ ടൗൺ ബൈപ്പാസ് നിർമ്മാണത്തിന് അനുമതി നൽകുന്നതിനുവേണ്ടി റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആർ. പരിശോധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) 2016-2021 കാലഘട്ടത്തിൽ ഇരുപത് കോടി രൂപ ബജറ്റിൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നേരിട്ട് നടപ്പാക്കാൻ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കുമോ; ഉഴവൂർ ടൗണിലെ അതിരൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മുൻ രാഷ്ട്രപതി ഡോ. കെ. ആർ. നാരായണന്റെ ജന്മസ്ഥലം കൂടിയായ ഉഴവൂരിന് പ്രത്യേക പരിഗണന നൽകിയും ഡോ. കെ. ആർ. നാരായണന്റെ ജന്മ ശതാബ്ദി വർഷാചരണം പ്രമാണിച്ചും ഉഴവൂർ ബൈപ്പാസ് നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) കോട്ടയം ജില്ലയിലെ ഉഴവൂർ ബൈപ്പാസിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും

ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർവെകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ കിറ്റ്കോ മുഖേന വിശദമായ പദ്ധതിരേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ട്രാഫിക് വളരെ കുറവായതിനാൽ പദ്ധതി കിഫ്ബി നിരാകരിച്ചിരുന്നു. ട്രാഫിക് സർവെ നടത്താൻ കിഫ്ബി വീണ്ടും ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് നടത്തിയ ട്രാഫിക് സർവെ റിപ്പോർട്ട് പ്രകാരം നിർദിഷ്ട ബൈപ്പാസ് രൂപകൽപ്പനയ്ക്കുള്ള (2 ലൈൻ റോഡിനുള്ള) നിശ്ചിത ട്രാഫിക് ഡെൻസിറ്റി ലഭിച്ചിട്ടില്ല. അതിനാൽ പദ്ധതി പരിഗണിക്കാൻ കഴിയില്ലെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരിശോധിക്കാം.

**കിള്ളി-ഇ.എം.എസ്. അക്കാദമി റോഡ്, പൊട്ടൻകാവ്- നെല്ലിക്കാട് റോഡ് എന്നിവയുടെ നിർമ്മാണം.**

38 (1260) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പാക്കുന്ന കിള്ളി-ഇ.എം.എസ്. അക്കാദമി റോഡ്, പൊട്ടൻകാവ്-നെല്ലിക്കാട് റോഡ്

എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത രണ്ട് റോഡുകളുടെയും പ്രവൃത്തികൾ ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; പ്രസ്തുത റോഡുകളുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്നും എന്ന് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കുമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജക മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന കിള്ളി-ഇ.എം.എസ് അക്കാഡമി റോഡ്, പൊട്ടൻകാവ്-നെല്ലിക്കാട്–ഊന്നാംപാറ–ചീനിവിള–തിരളിക്കുഴി-കണ്ടല റോഡ് എന്നീ പദ്ധതികൾ എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നവീകരിക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ 5 റോഡുകളുടെ FDR പ്രവൃത്തികൾ അടങ്ങിയ ടെൻഡർ ആദ്യം ലഭിച്ച കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കാത്ത സാഹചര്യത്തിൽ റീ ടെൻഡർ ചെയ്യുകയും പദ്ധതി ഹൈദരാബാദ് ആസ്ഥാനമായുള്ള വിശ്വ സമുദ്ര എഞ്ചിനീയറിങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ടെൻഡർ ലഭിക്കുകയും ചെയ്തു. പ്രസ്തുത കമ്പനിക്ക്

കരാറിലേർപ്പെടുന്നതിന് മുന്നോടിയായുള്ള Letter of Acceptance 15-03-2024-ന് നൽകിയെങ്കിലും മാതൃകാ പെരുമാറ്റ ചട്ടം നിലവിൽവന്ന സാഹചര്യത്തിൽ എഗ്രിമെന്റിൽ ഏർപ്പെടാൻ സാധിച്ചിരുന്നില്ല. മാതൃകാ പെരുമാറ്റ ചട്ടം പിൻവലിച്ച സാഹചര്യത്തിൽ എഗ്രിമെന്റിൽ ഏർപ്പെടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഗ്രിമെന്റ് നിലവിൽ വന്നാലുടൻ സൈറ്റ് hand over ചെയ്ത് പ്രവൃത്തി ആരംഭിച്ച് പ്രവൃത്തിയുടെ നിശ്ചിത സമയപരിധിയായ 12 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കിള്ളി-ഇ.എം.എസ്. അക്കാദമി റോഡിൽ എഫ്.ഡി.ആർ. പദ്ധതിക്ക് മുന്നോടിയായി വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. കെ.എസ്.ഇ.ബി. ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

പൊട്ടൻകാവ്-നെല്ലിക്കാട്-ഊന്നാംപാറ-ചീനിവിള-തിരളിക്കുഴി-കണ്ടല റോഡിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുള്ള തുക കിഫ്ബിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്

പ്രവൃത്തി ഉടൻ ആരംഭിക്കും. കെ.എസ്.ഇ.ബി. ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള തുകയും കിഫ്ബിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകേണ്ടതുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുവേണ്ട നടപടികൾ നടന്നുവരുന്നു. പൊട്ടൻകാവ്, ഊന്നാംപാറ, ചീനിവിള, കണ്ടല എന്നീ ജങ്ഷനുകളിൽ ഭൂവുടമകളുടെ തർക്കം നിലനിൽക്കുന്നതിനാൽ ഈ ഭാഗങ്ങളിൽ കല്ലിടൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

**വടയാർ-ചന്തപ്പാലം-മുളക്കുളം റോഡ് നിർമ്മാണം**

39 (1261) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടയാർ-ചന്തപ്പാലം-മുളക്കുളം റോഡിന്റെ നിർമ്മാണ കരാർ പ്രകാരം റോഡ് നിർമ്മാണം എന്നാണ് പൂർത്തീകരിക്കേണ്ടതെന്നും എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

വടയാർ-ചന്തപ്പാലം-മുളക്കുളം റോഡിന്റെ നിർമ്മാണ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 11-11-2023 ആയിരുന്നു. ഇപ്പോഴും പ്രവൃത്തി തുടരുന്നുണ്ട്. നിലവിൽ ഈ പ്രവൃത്തി 28% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കരാർ പ്രകാരം പ്രസ്തുത റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുമോ; റോഡ് നിർമ്മാണത്തിലുണ്ടായ തടസ്സങ്ങൾ നീക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മേൽ പ്രവൃത്തിയുടെ ഭാഗമായി വാട്ടർ അതോറിറ്റി വക കുടിവെള്ള പൈപ്പുകളും കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് പോസ്റ്റുകളും മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കെ.എസ്.ടി.പി. വഴി നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളിലും പദ്ധതിയുടെ കരാറുകാരൻ വഴിയാണ് ഇത്തരം യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ ചെയ്തുവരുന്നത്. ഈ പദ്ധതിയിലെ മേൽ പ്രവൃത്തികൾ അഡീഷണൽ വർക്കായി കരാറുകാരെത്തന്നെ ഏൽപ്പിച്ചിട്ടുള്ളതും കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന ജോലി 29 കിലോമീറ്റർ നിർവഹിച്ചിട്ടുള്ളതുമാണ്. എന്നാൽ കെ.എസ്.ഇ.ബി. വക

പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക കുറവാണെന്നും അത് അംഗീകരിക്കാനാവില്ലെന്നും കരാറുകാരൻ നിലപാട് എടുത്തതിനാൽ KSEB അധികൃതരുമായി നിരന്തര ചർച്ചകൾ നടത്തി അംഗീകൃത എസ്റ്റിമേറ്റിലെ A പോളുകൾക്ക് പകരം PSC പോളുകൾ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം കരാറുകാരൻ KSEB പോസ്റ്റുകൾ ഷിഫ്റ്റ് ചെയ്യുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തിയാക്കാത്ത സ്ഥലങ്ങളിൽ രൂപപ്പെടുന്ന കുഴികളും വെള്ളക്കെട്ടും യഥാസമയം പരിഹരിച്ച് റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നടപടികൾ കരാറുകാരന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. മതിയായ സാങ്കേതിക വിഭാഗം ജീവനക്കാരെ നിയോഗിച്ചും ആവശ്യത്തിനുള്ള ഉപകരണങ്ങളും സാധനസാമഗ്രികളും സൈറ്റിൽ ഉപയോഗിച്ചും പ്രവൃത്തികൾ ത്വരിതഗതിയിൽ പൂർത്തിയാക്കാൻ കരാറുകാരന് കർശന നിർദേശം നൽകിയിട്ടുണ്ട് .

**ബൈപ്പാസ് റോഡുകളുടെ നിർമ്മാണം**

40 (1262) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

<u>ശ്രീ. പി. നന്ദകുമാർ:</u>

<u>ശ്രീ. കെ. വി. സുമേഷ്:</u>

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേ 66-നോടനുബന്ധിച്ച് ബൈപ്പാസ് റോഡുകളുടെ നിർമ്മാണം എവിടെയെല്ലാം നടക്കുന്നുണ്ടെന്നും അവയുടെ നിർമ്മാണ പുരോഗതിയും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നാഷണൽ ഹൈവേ 66-നോടനുബന്ധിച്ച് ബൈപ്പാസ് റോഡുകളുടെ നിർമ്മാണപുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇതിനകം നിർമ്മാണം പൂർത്തിയായിട്ടുള്ള ബൈപ്പാസ് റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ?

ഇതിനകം നിർമ്മാണം പൂർത്തിയായിട്ടുള്ള ബൈപ്പാസ് റോഡുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തലശ്ശേരി-മാഹി ബൈപ്പാസ് റോഡിന്റെ സാക്ഷാത്കാരത്തിനായി വിവിധ ഘട്ടങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2017-ലാണ് തലശ്ശേരി-മാഹി ബൈപ്പാസ് റോഡിന്റെ പ്രവൃത്തി ആരംഭിച്ചത്. തലശ്ശേരി, കണ്ണൂർ, വടകര യൂണിറ്റുകളിലായി ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുകയും വനം വകുപ്പിന്റെ Tree Cutting Permission ഉൾപ്പെടെയുള്ള അനുമതികൾ നൽകുകയും ചെയ്തു. മെയ് 2020-ൽ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതി RoB നിർമ്മാണത്തിന് റെയിൽവേയിൽനിന്ന് അനുമതി ലഭ്യമാക്കാൻ താമസമുണ്ടായതിനാൽ 2024 ഫെബ്രുവരിയിലാണ് പൂർത്തിയായത്. 11-03-2024-ൽ ബൈപ്പാസ് ഗതാഗതത്തിന് തുറന്ന് നൽകി.

**പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡിന് സ്ഥലം നൽകിയ ഭൂവുടമകൾക്കുള്ള നഷ്ടപരിഹാരം**

41 (1263) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ആനക്കയം കൂട്ടിലങ്ങാടി വില്ലേജുകളെ ബന്ധിപ്പിക്കുന്ന പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന് 17-05-2010-ൽ മുൻകൂറായി സ്ഥലം വിട്ടുകൊടുത്ത ഇരുപത്തിമൂന്ന് ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നാളിതുവരെ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുക പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് ലഭ്യമാക്കാത്തതാണ് കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക അനുവദിക്കണമെന്ന റവന്യൂ വകുപ്പിന്റെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ വികസന പദ്ധതികൾക്കായി മുൻകൂറായി സ്ഥലം വിട്ടുകൊടുത്തിട്ടും നാളിതുവരെ നഷ്ടപരിഹാരത്തുക അനുവദിക്കാതിരുന്നത് ഏത് തലത്തിലുണ്ടായ വീഴ്ചയാണെന്ന് അറിയിക്കുമോ; പ്രസ്തുത നഷ്ടപരിഹാരം നടപ്പ് സാമ്പത്തിക വർഷത്തിൽ നൽകുന്നതിന് തുക നീക്കി വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത നഷ്ടപരിഹാര തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-ഡി) മലപ്പുറം ജില്ലയിലെ ആനക്കയം കുട്ടിലങ്ങാടി വില്ലേജുകളെ ബന്ധിപ്പിച്ചുകൊണ്ട് പനമ്പറ്റക്കടവ് പാലം നിർമ്മിക്കുന്നതിന് 2009-ൽ 14-07-2009-ലെ സ.ഉ.(സാധാ)നം.1044/2009/പൊ.മ.വ. ഉത്തരവ് പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രവൃത്തിയുടെ ഭരണാനുമതി തുകയിൽ സ്ഥലമെടുപ്പിനായി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. പിന്നീട് 2018-ൽ 30-1-2018-ലെ 171/2018 പൊ.മ.വ. ഉത്തരവ് അനുസരിച്ചാണ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയത്. ഇത് അനുസരിച്ച് പാലത്തിന്റെ അനുബന്ധ റോഡിനായി 0.4101 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മിച്ച പാലമായതിനാൽ പാക്കേജിന്റെ കാലാവധി കഴിഞ്ഞതുകൊണ്ട് ആ ഹെഡിൽ പണം അനുവദിക്കാനാവില്ലെന്നാണ് ധനകാര്യ വകുപ്പ് മറുപടി നൽകിയത്. ഇതനുസരിച്ച് സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ

പരിശോധിച്ചുവരുന്നു. ധനകാര്യ വകുപ്പിന്റെ അനുമതികൂടി തേടി തുടർനടപടികൾ സ്വീകരിക്കും.

**ഒളവറ-ഉടുംമ്പുംന്തല-അയിറ്റി പൊതുമരാമത്ത് റോഡ് നിർമ്മാണം**

42 (1264) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾക്ക് പയ്യന്നൂർ ടൗണിൽ നിന്നും ടൂറിസ്റ്റ് പ്രദേശങ്ങളായ കവ്വായി കായലിലും വലിയ പറമ്പ് പ്രദേശങ്ങളിലും എളുപ്പമെത്താൻ കഴിയുന്ന ഒളവറ-ഉടുംമ്പുന്തല-അയിറ്റി പൊതുമരാമത്ത് റോഡ് ബി.എം.&.ബി.സി. നിലവാരത്തിൽ പരിഷ്കരിക്കാൻ തുക അനുവദിക്കാമോ?

ധനലഭ്യതയ്ക്ക് അനുസരിച്ച് പരിശോധിക്കാം

**മേലാറ്റൂർ - പുലാമന്തോൾ റോഡ് നിർമ്മാണം**

43 (1265) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മേലാറ്റൂർ-പുലാമന്തോൾ റോഡിന്റെ നിർമ്മാണ പ്രവൃത്തി മൂന്നവർഷം പിന്നിട്ടിട്ടും പൂർത്തീകരിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ പെരുമ്പിലാവ്-നിലമ്പൂർ റോഡിന്റെ ഭാഗമായ പുലാമന്തോൾ മേലാറ്റൂർ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 20-02-2021-ൽ ആരംഭിച്ചു. 144 കോടി അടങ്കൽ തുക വരുന്ന പ്രവൃത്തിയുടെ 50% പ്രവൃത്തികൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, വാട്ടർ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, Change of Scope തുടങ്ങിയ പ്രവൃത്തികളിൽ കരാറുകാരൻ വരുത്തിയ കാലതാമസവും പരിജ്ഞാനമുള്ള തൊഴിലാളികളുടെയും ആവശ്യമായ യന്ത്രങ്ങളുടെയും അഭാവവും പ്രവൃത്തിയുടെ നിർമ്മാണ പുരോഗതിയെ കാര്യമായി ബാധിച്ചു.

(ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

നിലവിൽ ഈ പ്രവൃത്തി 50 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കമ്പനിയുമായുള്ള കരാർ റദ്ദാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് M/s. KMC Constructions എന്ന കമ്പനിയാണ്. ഈ കരാർ റദ്ദാക്കിയിട്ടില്ല.

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട കാലയളവ് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി നൽകിയ കാലാവധി 31-12-2023-ൽ അവസാനിച്ചിരുന്നു. തുടർന്ന് പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലാവധി 31-12-2024 വരെ ദീർഘിപ്പിച്ച് നൽകാനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ കരാറുകാരന്റെ ഭാഗത്തുനിന്നുള്ള നിർമ്മാണ പുരോഗതി വിലയിരുത്തിയശേഷം കാലാവധി നീട്ടി നൽകണമോ വേണ്ടയോ എന്നുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്.

**കുട്ടനാട്ടിലെ കാനാശ്ശേരി പാലം മുതൽ പള്ളാത്തുരുത്തി ഔട്ട്പോസ്റ്റ് പാലം വരെയുള്ള റോഡ് നിർമ്മാണം**

44 (1266) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കാനാശ്ശേരി പാലം മുതൽ പള്ളാത്തുരുത്തി ഔട്ട്പോസ്റ്റ് പാലം വരെയുള്ള റോഡിന്റെ റീടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള അനുമതിക്കായും പ്രവൃത്തിയുടെ സ്വഭാവത്തിലുണ്ടായ വ്യതിയാനം സംബന്ധിച്ചുള്ള പുതുക്കിയ ഭരണാനുമതിക്കായുമുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**റോഡുകളുടെ പുനരുദ്ധാരണം**

45 (1267) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിലൂടെ ജലവിതരണത്തിനും ഗ്യാസ് കണക്ഷനുമായി കുഴിയെടുക്കുമ്പോൾ റോഡുകൾ തകരുന്നതും അത് പൂർവസ്ഥിതിയിലാക്കാത്തതുമൂലം ജനങ്ങൾക്ക് ഒട്ടേറെ ബുദ്ധിമുട്ടുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കുഴികളെടുക്കുമ്പോൾ മാനദണ്ഡങ്ങളും നിർദേശങ്ങളും കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നുണ്ടോ;

(സി) തകർന്ന റോഡുകൾ പുനരുദ്ധരിക്കുമ്പോൾ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് റോഡുകൾ പൊളിക്കുന്ന ഏജൻസികളിൽനിന്നും തുക ഈടാക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരമുള്ള പ്രവൃത്തികൾ ചെയ്യുമ്പോൾ റോഡുകൾ പൂർവസ്ഥിതിയിലായോ എന്ന് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണുള്ളതെന്ന് വിശദീകരിക്കാമോ?

(എ-ഡി) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനും വെട്ടിപ്പൊളിച്ചാൽത്തന്നെ അത് ഉടനടി പുന:സ്ഥാപിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിക്കുന്നതും പുന:സ്ഥാപിക്കുന്നതും സംബന്ധിച്ച പരിഷ്കരിച്ച മാർഗനിർദേശങ്ങൾ 14-02-2023-ലെ G.O.(Ms)No.11/2023/PWD, 02-08-2023-ലെ G.O.(Ms)No.46/2023/PWD, 09-11-2021-ലെ G.O.(Rt)No.986/2021/PWD, 14-09-2023-ലെ G.O.(Ms)No.49/2023/PWD എന്നിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റ് ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക്

അവശ്യം വേണ്ട മുന്നൊരുക്കം നടത്താനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും നൽകിവരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ വലിയൊരളവുവരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

മറ്റ് ഏജൻസികളുടെ പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിര സമിതി രൂപീകരിച്ചുകൊണ്ട് 07-01-2022-ലെ G.O(Rt) No. 20/2022/PWD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത്

വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ (DICC), സുഗമ പോർട്ടൽ, RoW എന്നിവയും നിലവിലുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സുഗമ പോർട്ടൽ മുഖേന നടപ്പിലാക്കിവരുന്നു. റോഡ് പൂർവസ്ഥിതിയിലാക്കുന്നതിന്റെ പുരോഗതി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിംഗുകളിൽ വിലയിരുത്തിവരുന്നു. കൂടാതെ വിവിധ ഏജൻസികളുടെ പ്രവൃത്തികൾക്കായി റോഡുകൾ കുഴിക്കേണ്ടിവരുന്ന വേളയിൽ അവ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ചെയ്യുന്നതിനുള്ള നിർദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്.

ഇത്തരം റോഡ് കട്ടിംഗ് പ്രവൃത്തികളും അതിന്റെ പുനഃസ്ഥാപന പ്രവൃത്തിയും നടത്തുന്നത് ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ്. അതിന്റെ ഗുണനിലവാരം

പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന പരിശോധന നടത്തി ഉറപ്പാക്കുന്നുമുണ്ട്.

വിവിധ ആവശ്യങ്ങൾക്കായി പൊതുമരാമത്ത് റോഡ് കട്ട് ചെയ്യുന്നതിന് മേൽ വിവരിച്ചപ്രകാരം RoW പോർട്ടലിൽ അപേക്ഷ നൽകുകയും അപേക്ഷ പരിഗണിച്ച് റോഡ് റെസ്റ്റോറേഷൻ തുക PRICE 3 സോഫ്റ്റ് വെയറിൽ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട ഏജൻസിക്ക് നൽകുകയും റെസ്റ്റോറേഷൻ തുക പൊതുമരാമത്ത് വകുപ്പിൽ ഒടുക്കുന്ന മുറയ്ക്ക് റോഡ് മുറിക്കുന്നതിനുള്ള അനുമതി നിബന്ധനകളോടെ നൽകുകയും ചെയ്യുന്നു.

**ഇരിക്കൂർ മണ്ഡലത്തിലെ വളക്കൈ-കൊയ്യം റോഡ് നിർമ്മാണം**

46 (1268) <u>ശ്രീ. സജീവ് ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ വളക്കൈ-കൊയ്യം റോഡിന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വളക്കൈ-കൊയ്യം റോഡിന്റെ കി.മീ 0/000 മുതൽ 4/1267620 വരെ DBM, BC എന്നീ പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കി.മീ 4/620 മുതൽ 6/900 വരെ റോഡ് ഉപരിതല പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

(ബി) പ്രസ്തുത റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടായ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) പ്രസ്തുത റോഡ് നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി &സി) ഇരിക്കൂർ-കൊയ്യം റോഡിന്റെ കി.മീ 4/620-നുശേഷമുള്ള ഭാഗത്ത് റോഡ് കൂടുതലായി തകർന്നതിനെത്തുടർന്ന് ടാറിംഗ് പ്രവൃത്തിക്ക് മുമ്പ് ചെയ്യേണ്ട GSB, WMM എന്നീ ഇനങ്ങളിൽ വ്യത്യാസം വന്നു. ഇവ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. T.S. നിരക്ക് പ്രകാരം അധികരിച്ച തുകയ്ക്ക് പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചാൽ പ്രവൃത്തി പുനരാരംഭിക്കാൻ സാധിക്കും.

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ

47 (1269) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഉത്തരവാകുകയും എന്നാൽ ആസ്തിയിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1. നാരങ്ങാടി-ചക്കിത്തറ-കൊച്ചന്നൂർ റോഡ്, 3.35 കി.മീ. (വടക്കേക്കാട് ഗ്രാമപഞ്ചായത്ത്)
2. AEO ഓഫീസ് നാക്കോല അണ്ടത്തോട് റോഡ്, 2.50 കി.മീ. (പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്)
3. അഞ്ഞൂർ പിള്ളക്കാട് കോട്ടപ്പടി റോഡ്, 3.00 കി.മീ.(ഗുരുവായൂർ & കുന്നംകുളം മുനിസിപ്പാലിറ്റി)
4. കാവീട്-മുതുവട്ടൂർ റോഡ്, 2.5 കി.മീ. (ചാവക്കാട് മുനിസിപ്പാലിറ്റി)
5. കച്ചേരിപ്പടി മല്ലാട്-ആല്ലാപ്പാലം റോഡ്, 1.95 കി.മീ. (വടക്കേക്കാട് & പുന്നയൂർ ഗ്രാമപഞ്ചായത്ത്)
6. വെസ്റ്റ് ടിപ്പു സുൽത്താൻ റോഡ് വാടാനപ്പള്ളി മുതൽ ചേറ്റുവ വരെയുള്ള ഭാഗം (അത് 4 കി.മീ. വാടാനപ്പള്ളി പഞ്ചായത്തിലും 2.8 കി.മീ.

എങ്ങണ്ടിയൂർ പഞ്ചായത്തിലും ഉൾപ്പെടുന്നു) മൊത്തം 6.8 കി.മീ. ആണ്.

(ബി) പ്രസ്തുത റോഡുകൾ ആസ്തിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി നടത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

നിലവിൽ ഈ റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിടുതൽ ലഭിച്ച് ആസ്തിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികളിലേക്ക് കടക്കാനാകും.

**അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം**

48 (1270) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിനായി 27-09-2016-ൽ ഭരണാനുമതി നൽകിയിട്ടും നാളിതുവരെയായി നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിന് 23-09-2016-ലെ G.O. (Rt)1324/2016/PWD പ്രകാരം കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചിരുന്നു. പ്രസ്തുത പദ്ധതിക്ക് 02-06-2017-ൽ 390.68 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.

NH-66-ൽ കരയാമ്പറമ്പ് കവലയിൽനിന്ന് തുടങ്ങി അങ്കമാലി റെയിൽവേ സ്റ്റേഷന് സമീപം നാഷണൽ ഹൈവേയിൽ അവസാനിക്കുന്ന തരത്തിൽ ആറുവരി പാതയായാണ് അലൈൻമെന്റ് നിശ്ചയിച്ചിരുന്നത്. 3.115 കി.മീ. ദീർഘമുള്ള അലൈൻമെന്റിൽ 1.785 കി.മീ. ഭാഗം മാഞ്ഞാലി കനാലിന് കുറുകെ എലവേറ്റഡ് ഹൈവേയായിട്ടാണ് വിഭാവന ചെയ്തിരുന്നത്.

എന്നാൽ, പദ്ധതി ചെലവ് കുറയ്ക്കുന്നതിനായി 6 വരിക്ക് പകരം 4 വരി പാത നിർമ്മിക്കാനും എലവേറ്റഡ് ഹൈവേയുടെ ഭാഗത്തെ അലൈൻമെന്റ് മാഞ്ഞാലി കനാലിന് പടിഞ്ഞാറോട്ട് നീക്കി സ്ഥലം നികത്തി റോഡ് നിർമ്മിക്കുന്ന തരത്തിൽ ഡി.പി.ആർ. പരിഷ്ക്കരിക്കാനും കിഫ്ബി ആവശ്യപ്പെട്ടു. 2018-ൽ ഉണ്ടായ വെള്ളപ്പൊക്കത്തോടെ ചതുപ്പ് നികത്തി റോഡ് നിർമ്മിക്കുന്നത് അഭികാമ്യമല്ലെന്ന് കണ്ടതിനാൽ പദ്ധതിക്ക് ആർ.ബി.ഡി.സി.കെ. ആദ്യം നിശ്ചയിച്ച എലവേറ്റഡ് ഹൈവേ തന്നെ അനുവദിക്കാൻ കിഫ്ബിയോട് ആവശ്യപ്പെടുകയും സാങ്കേതിക സംഘത്തിന്റെ പരിശോധനയെത്തുടർന്ന് എലവേറ്റഡ് ഹൈവേയ്ക്ക് തന്നെ കിഫ്ബി അനുമതി നൽകുകയും ചെയ്തു. പുതുക്കിയ ഡി.പി.ആർ.-ന് 275.52 കോടി രൂപ കിഫ്ബി അനുവദിച്ചു. 17-09-2020-ലെ G.O.(Rt) No. 2898/2020/RD പ്രകാരം സ്ഥലമേറ്റെടുപ്പിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എൽ.എ കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപ റവന്യൂ വകുപ്പിന് നൽകുകയും അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് സംയുക്ത സ്ഥല പരിശോധന നടത്തിയശേഷം 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും

ചെയ്തിട്ടുണ്ട്. സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേൽ പരിശോധന നടത്തി എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് നൽകിയശേഷം 25-01-2022-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊന്നുംവില നടപടി പ്രകാരം 11(1) വിജ്ഞാപനം കേരള എക്സ്ട്രാ ഓർഡിനറി ഗസറ്റിൽ 22-08-2022-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ എൽ.എ. സബ് ഡിവിഷൻ സർവെ വർക്കുകൾ എൽ.എ.ഒ. ഓഫീസിൽ നടന്നുകൊണ്ടിരിക്കുകയാണ്. മുഴുവൻ സ്ഥലവും ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറിയാലുടൻ തുടർനടപടികൾ സ്വീകരിക്കും.

(ബി) അങ്കമാലി മണ്ഡലത്തിൽ അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിനായി എത്ര ഭൂമിയാണ് ഏറ്റെടുക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിന് ഉദ്ദേശം 9.0779 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ആർ.ബി.ഡി.സി.കെ. ലിമിറ്റഡ് റവന്യൂ വകുപ്പിൽ അർഥനാപത്രം നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ സർവെ നടപടികൾക്ക് ശേഷം കൃത്യമായ വിസ്തീർണ്ണം അറിയാനാകും.

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി ആവശ്യമായ തുകയ്ക്കുള്ള അർഥനാപത്രം റവന്യൂ വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കീഴ്മാടം- കടവത്തൂർ-കല്ലിക്കണ്ടി-കുന്നോത്തുപറമ്പ് റോഡ് പൂർത്തീകരണം**

49 (1271) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കീഴ്മാടം-കടവത്തൂർ-കല്ലിക്കണ്ടി-കുന്നോത്തുപറമ്പ് റോഡിന്റെ ആദ്യഭാഗവും അവസാനഭാഗവും പണി പൂർത്തീകരിച്ച് ഒരു വർഷത്തിലധികമായിട്ടും മധ്യഭാഗമായ കൊച്ചിയങ്ങാടി മുതൽ കല്ലിക്കണ്ടി വരെയുള്ള ഭാഗം നവീകരിക്കാതെ ബാക്കി നിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഭാഗം വീതി കുറഞ്ഞും മതിയായ ഡ്രെയിനേജ് സംവിധാനങ്ങളില്ലാതെയും നാശോന്മുഖമായിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി സമർപ്പിച്ച 19.66 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ച് ഭരണാനുമതി വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) കണ്ണൂർ ജില്ലയിലെ കീഴ്മാടം കല്ലിക്കണ്ടി റോഡ് പ്രവൃത്തിക്ക് 01-11-2016-ലെ G.O.(Rt) No.1502/2016/PWD പ്രകാരം തത്വത്തിൽ 15 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽനിന്നും 29.42 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. 11-02-2019-ൽ 29.42 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി വർക്ക് ടെൻഡർ ചെയ്തു. തുടർന്ന് M/s KK Builders-ന് 28.99 കോടി രൂപയ്ക്ക് കരാർ നൽകി. എന്നാൽ കൊച്ചിയങ്ങാടി മുതൽ കല്ലിക്കണ്ടി വരെയുള്ള ഭാഗത്ത് ഭൂവുടമകളിൽനിന്നും

സൗജന്യമായി ഭൂമി വിട്ടുകിട്ടുന്നതിനുള്ള എതിർപ്പുകൾ കാരണം ഈ ഭാഗത്ത് പ്രവൃത്തി ചെയ്യാൻ സാധിച്ചില്ല. അതിനെ തുടർന്ന് വർക്ക് 05-05-2023-ന് foreclose ചെയ്യുകയായിരുന്നു.

നിലവിൽ ഈ ഭാഗത്ത് റോഡിന്റെ വീതി കൂട്ടുന്നതിനായി സൗജന്യമായി സ്ഥലം വിട്ടുകിട്ടുന്നതിന് ഭൂവുടമകളിൽനിന്നും സമ്മതപത്രങ്ങൾ ലഭ്യമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിക്കായി സമർപ്പിച്ച 19.65 കോടി രൂപയുടെ ബാലൻസ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയ്ക്ക് കിഫ്ബിയിൽനിന്നും 37.62 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് പദ്ധതിയുടെ ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കിഫ്ബിയുടെ സാമ്പത്തികാനുമതി റിപ്പോർട്ടിൽ നിർദേശിച്ചിട്ടുണ്ട്. സാങ്കേതികാനുമതി/ടെൻഡർ പ്രക്രിയ ആരംഭിക്കുന്നതിന് മുമ്പ് പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിക്ക് പുന:പരിശോധനയ്ക്കായി സമർപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം

പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡുകളുടെ നില മെച്ചപ്പെടുത്തുന്നതിനുള്ള പരിഹാര നടപടികൾ**

50 (1272) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളിൽ മെച്ചപ്പെട്ടതും തൃപ്തികരമായതും മോശം അവസ്ഥയിലുള്ളതും എന്നിങ്ങനെ തരംതിരിച്ചുള്ള വിവരങ്ങൾ നൽകുമോ?

കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നിരത്തുവിഭാഗത്തിന് കീഴിൽവരുന്ന റോഡുകളിൽ മെച്ചപ്പെട്ടത്, തൃപ്തികരമായത്, മോശം എന്നിവ തരംതിരിച്ചിട്ടുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മോശം അവസ്ഥയിലുള്ള പി.ഡബ്ല്യു.ഡി. റോഡുകളുടെ നില മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പരിഹാര നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നറിയിക്കാമോ?

നിലവിൽ കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ 89% റോഡുകൾ BM&BC നിലവാരത്തിലുള്ളതാണ്. Chipping carpet നിലവാരത്തിലുള്ള ആല-ഗോതുരുത്ത് റോഡ് BM&BC നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വഴി പാച്ച്‌വർക്ക് ചെയ്ത് റോഡിനെ മെച്ചപ്പെട്ട രീതിയിൽ നിലനിർത്തുന്നതിനുള്ള പ്രവൃത്തികൾ ചെയ്തുവരുന്നുണ്ട്.

(സി) കൈപ്പമംഗലം മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ റോഡരികിലുള്ള കാനകളുടെ അപര്യാപ്തത കാരണം മഴക്കാലത്ത് ഒട്ടുമിക്ക റോഡുകളിലും വെള്ളക്കെട്ട് അനുഭവപ്പെടുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ റോഡുകളുടെ അവസ്ഥ running contract വർക്കുകളുടെ പരിശോധനാവേളയിൽ നിരവധി തവണ വിലയിരുത്തിയിട്ടുള്ളതാണ്. നിലവിൽ കാന ചെയ്യുന്നതിനായി സ്ഥലം ലഭ്യമായ ഇടങ്ങളിലും വെള്ളത്തിന്റെ ഒഴുക്ക് നിലനിർത്താവുന്ന outlet ഉള്ള ഇടങ്ങളിലും കാന നിർമ്മിച്ചിട്ടുള്ളതാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ പ്രീമൺസൂൺ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കാനകൾ വൃത്തിയാക്കിയിട്ടുള്ളതും വെള്ളക്കെട്ട് ഒരുപരിധിവരെ പരിഹരിക്കാൻ സാധിച്ചിട്ടുള്ളതുമാണ്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ അടയ്ക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ്**

51 (1273) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ അടയ്ക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ?

വെള്ളിനേഴി ഗ്രാമപഞ്ചായത്തിന് 2022-23 വർഷത്തെ എം.എൽ.എ. ഫണ്ടിൽനിന്നും അടക്കാപുത്തൂർ കരണംകാട്ടിൽ ലിങ്ക് റോഡ് നിർമ്മാണത്തിന് തുക അനുവദിച്ചിരുന്നു. അതിന്റെ നിർവഹണത്തിന്റെ ഭാഗമായി 51.96 സെന്റ് കൃഷിഭൂമി പരിവർത്തനം ചെയ്യേണ്ട ആവശ്യകതയുള്ളതിനാൽ സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ അനുമതി ലഭ്യമായിരുന്നില്ല. ഈ റോഡിന്റെ നിർമ്മാണം നടത്തുന്നതിന് പ്രദേശവാസികൾ പഞ്ചായത്തിൽ പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതി നിരസിച്ച ഉത്തരവ് ഗ്രാമപഞ്ചായത്ത് ഭരണസമിതി പരിശോധിക്കുകയും ഉത്തരവ് പുന:പരിശോധിക്കുന്നതിനും നിലം പരിവർത്തനപ്പെടുത്തുന്നതിനുള്ള അനുമതിക്കും ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രിക്ക് 18-09-2023-ലെ എ 4.3225/23 പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

ഇതിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് റോഡ് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) ചെർപ്പുളശ്ശേരി നഗരസഭയിലെ കാറൽമണ്ണക്കാളിക്കടവ് പ്രദേശത്തെയും മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന തൂതപ്പുഴയ്ക്ക് കുറുകെ കാളിക്കടവ് പാലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ചെർപ്പുളശ്ശേരി നഗരസഭയിലെ കാറൽമണ്ണക്കാളിക്കടവ് പ്രദേശത്തെയും മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന കാളിക്കടവ് പാലം നിർമ്മിക്കണമെന്ന് നിർദേശം ഉയർന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ഷൊർണ്ണൂർ എം.എൽ.എ. ശ്രീ. പി. മമ്മിക്കുട്ടി, ബഹുമാനപ്പെട്ട പെരിന്തൽമണ്ണ എം.എൽ.എ. ശ്രീ. നജീബ് കാന്തപുരം എന്നിവർ സംയുക്തമായി 22-01-2024-ന് ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഹാളിൽ യോഗം ചേരുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നിർദിഷ്ട പാലത്തിനും അനുബന്ധ റോഡിനും ആവശ്യമായി വരുന്ന സ്ഥലം സ്വകാര്യ വ്യക്തികളിൽനിന്നും

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്ഥലം എം.എൽ.എ.-മാരുടെ നേതൃത്വത്തിലും അതത് പഞ്ചായത്ത്, നഗരസഭ എന്നിവയുടെ ഉത്തരവാദിത്വത്തിലും ഏറ്റെടുത്ത് കൈമാറുന്നതിനുള്ള തീരുമാനമെടുത്തു. പാലത്തിന്റെ ഡിസൈൻ ലഭ്യമാക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**തിരുവാണിയൂർ-വെട്ടിക്കൽ റോഡ് നിർമ്മാണം**

52 (1274) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ ബജറ്റിൽ തുക വകയിരുത്തിയതും ഭരണാനുമതി ലഭിച്ചതുമായ തിരുവാണിയൂർ-വെട്ടിക്കൽ റോഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

തിരുവാണിയൂർ-വെട്ടിക്കൽ റോഡ് പ്രവൃത്തി കരാർ ഉടമ്പടിവച്ച് കരാറുകാരന് സ്ഥലം കൈമാറി നൽകിയിരുന്നതാണ്. എന്നാൽ JJM പ്രവൃത്തിക്കുവേണ്ടി KWA റോഡ് മുറിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും അതിന് 1,68,24,414/- രൂപയുടെ ഡിമാൻഡ് നോട്ടീസ്

പൊതുമരാമത്ത് വകുപ്പിൽനിന്ന് KWA-യ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ റെസ്റ്റോറേഷൻ തുക KWA ഇതുവരെ അടച്ചിട്ടില്ല. JJM പ്രവൃത്തി ഉള്ളതിനാൽ കരാറുകാരന്റെ ആവശ്യപ്രകാരം without risk & cost-ൽ കരാറിൽനിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത റോഡിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദാക്കാമോ?

റോഡ് പുനർനിർമ്മിക്കാനാവശ്യമായ റെസ്റ്റോറേഷൻ തുക KWA ഇതുവരെ അടവാക്കിയിട്ടില്ല.

(സി) റോഡ് നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

JJM-ന്റെ പ്രവൃത്തികൾക്കുശേഷം KWA അടവാക്കുന്ന റെസ്റ്റോറേഷൻ തുകയും original estimate തുകയും ചേർന്ന തുകയ്ക്ക് ടെൻഡർ ചെയ്തതിന് ശേഷം മാത്രമേ റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**നെടുമങ്ങാട് (മഞ്ച)-അരുവിക്കര-വെള്ളനാട് (കുളക്കോട്) റോഡ് നിർമ്മാണം**

53 (1275) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് (മഞ്ച)-അരുവിക്കര-വെള്ളനാട് (കുളക്കോട്) റോഡ് നിർമ്മാണ പ്രവൃത്തിയുടെ തൽസ്ഥിതി അറിയിക്കാമോ?

നെടുമങ്ങാട് (മഞ്ച)-അരുവിക്കര-വെള്ളനാട് (കുളക്കോട്) റോഡ് നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള 4 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് Expert Committee കൂടുന്നതിനുള്ള നടപടികൾ റവന്യൂ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ അരുവിക്കര ഡാം മുതൽ കുളക്കോട് വരെയുള്ള ഭാഗം FDR സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നവീകരിക്കുന്നത്. FDR പ്രവൃത്തികളുടെ ടെൻഡർ ലഭിച്ച വിശ്വ സമുദ്ര എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി എഗ്രിമെന്റിൽ ഏർപ്പെടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തുന്ന ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി വേഗത്തിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 23-05-2024-ൽ ജില്ലാ കളക്ടർ ബഹുമാനപ്പെട്ട MLA-യുടെ സാന്നിധ്യത്തിൽ യോഗം ചേർന്ന് ഭൂമിയേറ്റെടുക്കുന്നതിന് ഒരു സമയക്രമം തയ്യാറാക്കിയിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികളുടെ ചുമതല കിഫ്ബി LA യൂണിറ്റ്-1-ൽ നിന്നും LA യൂണിറ്റ് ജനറലിലേക്ക് മാറ്റി. ഭൂമിയേറ്റെടുക്കൽ നടപടിയുടെ പുരോഗതി വിലയിരുത്തുന്നതിനായി 01-06-2024-ൽ ബഹുമാനപ്പെട്ട MLA-യുടെ സാന്നിധ്യത്തിൽ യോഗം ചേരുകയും റവന്യൂ വിഭാഗത്തിന് സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ റോഡുകളുടെ ബി.എം. & ബി.സി. നവീകരണം**

54 (1276) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര കിലോമീറ്റർ റോഡാണുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റോഡുകളുടെ പേരുവിവരം, നീളം തുടങ്ങിയ വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ 461.083 കി.മീറ്റർ റോഡുകളാണുള്ളത്. പ്രസ്തുത റോഡുകളുടെ പേര് വിവരം, നീളം (കി.മീറ്റർ) തുടങ്ങിയ വിവരങ്ങൾ സബ് ഡിവിഷൻ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+ KRFB-യുടെ കീഴിൽ, പൂഞ്ഞാർ മണ്ഡലത്തിൽ 7.35 km നീളമുള്ള മലയോര ഹൈവേ കരിങ്കല്ലുമൂഴി പ്ലാച്ചേരി റോഡുണ്ട്. കൂടാതെ ദേശീയപാത വിഭാഗത്തിൽ NH 183-ൽ 12 KM റോഡും NH 183A-യിൽ 28 KM റോഡുമാണുള്ളത്.

(ബി) അതിൽ ഏതെല്ലാം റോഡുകൾ എത്ര കിലോമീറ്റർ വീതം ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡുകൾ എത്ര കിലോമീറ്റർ വീതം ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കാൻ ശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ 174.004 കി. മീറ്റർ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട്. 273.124 കി. മീറ്റർ ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കാനുണ്ട്. പ്രസ്തുത റോഡുകളുടെ പേര് വിവരം, നീളം (കി.മീറ്റർ) തുടങ്ങിയ വിവരങ്ങൾ സബ് ഡിവിഷൻ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+ KRFB-യുടെ കീഴിൽ ഉൾപ്പെടുന്ന മലയോര ഹൈവേ കരിങ്കല്ലുമൂഴി പ്ലാച്ചേരി നിലവിൽ ബി.എം. & ബി.സി. റോഡാണ്. മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ റോഡ് കിഫ്ബി മാനദണ്ഡ പ്രകാരം പുനരുദ്ധാരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. ദേശീയപാതാ വിഭാഗത്തിന് കീഴിലെ രണ്ട് റോഡുകളും BM & BC നിലവാരത്തിൽ നവീകരിച്ചിട്ടുള്ളവയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മണ്ഡലത്തിലെ റോഡുകൾ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിരത്ത് വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾ ഘട്ടംഘട്ടമായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി BM & BC നിലവാരത്തിൽ നവീകരിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. കെ.ആർ.എഫ്.ബി.-യുടെ കീഴിൽ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി കരിങ്കല്ലുമൂഴി പ്ലാച്ചേരി റോഡ് 12 മീറ്ററായി വീതി കൂട്ടി ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തുന്ന പ്രൊപ്പോസൽ നിലവിൽ കെ.ആർ.എഫ്.ബി.യുടെ പരിധിയിൽ ഉൾപ്പെട്ടുവരുന്നതാണ്. പദ്ധതിക്ക് 33.19 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. റോഡ് വീതി കൂട്ടുന്നതിനായി സൗജന്യ ഭൂമി ലഭ്യമാക്കുന്ന പ്രവൃത്തികൾ നടന്നുവരികയാണ്.

**ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണം**

55 (1277) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

(എ&ബി) ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണത്തിനായി പുതുക്കിയ അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി 29-02-2024-ൽ നൽകിയിട്ടുണ്ട്. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും കണ്ടിജൻസി ചാർജ് അടവാക്കുന്നതിനും മറ്റുമായി ഉത്തരവിന്റെ പകർപ്പ് കോട്ടയം ജില്ലാ കളക്ടർക്ക് 21-05-2024-ൽ

നൽകിയിട്ടുണ്ട്. ഉത്തരവ് പ്രകാരമുള്ള നടപടികൾ റവന്യൂ വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനാകും.

**കണ്ണൂർ-വയനാട് ജില്ലകളുമായി ബന്ധിപ്പിക്കുന്ന ചുരരഹിത പാത നിർമ്മാണം**

56 (1278) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന കൊട്ടിയൂർ-അമ്പായത്തോട്-ബോയ്സ് ടൗൺ റോഡിലെ 44-ാം മൈൽ ചുരരഹിത പാത നിർമ്മാണം പരിഗണനയിലുണ്ടോ; ഇതിനാവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കണ്ണൂർ-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന കൊട്ടിയൂർ-അമ്പായത്തോട്-ബോയ്സ് ടൗൺ റോഡിലെ 44-ാം മൈൽ ചുരരഹിത പാത നിർമ്മാണം നിലവിൽ പരിഗണനയിലില്ല.

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ് ടെൻഡർ ചെയ്യുന്നതിന് നടപടി

57 (1279) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട്സ് (OPBRC) ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ് ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ് ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട്സ് (OPBRC) Package V-ൽ ഉൾപ്പെട്ടതാണ്. OPBRC Package IV, V എന്നീ പദ്ധതികൾക്ക് 17-09-2022-ലെ GO (Rt)No. 938/2022/PWD പ്രകാരം യഥാക്രമം 96.15 കോടി, 52.29 കോടി എന്നിങ്ങനെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ OPBRC Package V-ന്റെ പുതുക്കിയ ഡി.പി.ആർ. അനുസരിച്ചുള്ള എസ്റ്റിമേറ്റ് തുകയായ 65.88 കോടി രൂപ ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പ്രത്യേകമായി

overlay proposal-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് നിർമ്മാണം**

58 (1280) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനാഞ്ചിറ വെള്ളിമാട്കുന്ന് റോഡ് നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് നിർമ്മാണത്തിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് കോഴിക്കോട് നഗര പാത വികസന പദ്ധതി ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഭൂമിയേറ്റെടുക്കലിന് തടസ്സം നേരിട്ടതിനാൽ കോഴിക്കോട് നഗരപാത വികസന പദ്ധതി-ഘട്ടം I (ബി) ആയി മാറ്റി പദ്ധതിയുടെ വിശദമായ രൂപരേഖ പുനർമൂല്യനിർണ്ണയം നടത്തി ഡിസൈൻ വിഭാഗം പൊതുമരാമത്ത് വകുപ്പ് 8.392 കി.മീ. റോഡിന് 131.21 കോടി രൂപയുടെ രൂപരേഖ ലഭ്യമാക്കി. ഇതിന് 15-03-2024-ലെ G.O(Rt) No.

367/2024/PWD പ്രകാരം 137.44 കോടി രൂപയ്ക്ക് ഭരണാനുമതി നല്കി. പദ്ധതി പ്രകാരം റോഡ് 24.0 മീറ്റർ (മീഡിയൻ - 2. 0 മീറ്റർ, ക്യാരേജ് വേ - 7.0 മീറ്റർ, പേവ്ഡ് ഷോൾഡർ - 1.50 മീറ്റർ ഇരുവശങ്ങളിൽ, ഓടയും ഡക്ടും - 2.0 മീറ്റർ ഇരുവശങ്ങളിൽ, എർത്തേൺ ഷോൾഡർ-0.5 ഇരുവശങ്ങളിൽ) വീതിയിലാണ് വികസിപ്പിക്കുന്നത്. ഇതിൽ 370 മീറ്റർ നീളം വരുന്ന എരഞ്ഞിപാലം മേൽപാലവും ഉൾപ്പെടുന്നു.

(ബി) മാനാഞ്ചിറ വെള്ളിമാട്കുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട് സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, വാട്ടർ ടാങ്കുകൾ എന്നിവ പൊളിച്ചുമാറ്റാൻ ശേഷിക്കുന്നുണ്ടോ?

മാനാഞ്ചിറയിലെ ഡി.ഇ.ഒ. ഓഫീസ്, എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ സമ്പ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ സമ്പ് എന്നിവ പൊളിച്ചുമാറ്റാനുണ്ട്.

(സി) എങ്കിൽ അവ പൊളിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

1. മാനാഞ്ചിറയിലെ ഡി.ഇ.ഒ. ഓഫീസ് കൈമാറുന്നതിനായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടക്കാവ് കൊട്ടാരം റോഡിൽ ടി.ടി.ഐ. കോംപ്ലക്സിൽ ജില്ലാ നിർമ്മിതി കേന്ദ്രം കെട്ടിട പുനരുദ്ധാരണ പ്രവൃത്തി

പൂർത്തിയായിട്ടുണ്ട്. പുതിയ കെട്ടിടത്തിലേയ്ക്ക് മാറുന്ന മുറയ്ക്ക് പഴയ കെട്ടിടം പൊളിച്ചുനീക്കാൻ സാധിക്കുന്നതാണ്.

2. എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ സമ്പ്-ഇത് ഉപയോഗിച്ചുവരുന്നത് എ.ആർ. ക്യാമ്പിലേക്കാണ്. പുതിയ സമ്പ് നിർമ്മിക്കാൻ ചേവായൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥലം അനുവദിച്ചിട്ടുണ്ട്. ഇതിന് 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

3. സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ സമ്പ്-പുതിയ സമ്പിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അതിനാൽ പഴയ സമ്പ് റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി പൊളിച്ച് നീക്കാവുന്നതാണ്.

**ആലുവ–മൂന്നാർ റോഡ് പുനർനിർമ്മാണം**

59 (1281) <u>ശ്രീ. എ. രാജ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ റോഡ് പുനർനിർമ്മാണത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) കിഫ്ബി പദ്ധതിയുടെ കീഴിൽ ആലുവ-മൂന്നാർ സംസ്ഥാന പാത നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് 10 കോടി രൂപയ്ക്ക് ഭരണാനുമതിയും സ്ഥലമേറ്റെടുപ്പിനായി 653.06 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ആലുവ പുളിഞ്ചോട് ജങ്ഷനിൽ നിന്നാരംഭിച്ച് പവർഹൗസ് ലൂപ്പ് റോഡ് വഴി ആലുവ എസ്.പി. ഓഫീസ് വരെ 1.676 കി.മീ. ദൂരത്തിലും തുടർന്ന് എസ്.പി. ഓഫീസ് മുതൽ കോതമംഗലം ബൈപ്പാസ് വരെ 35.53 കി.മീ. ദൂരത്തിലുമാണ് വിഭാവന ചെയ്തിരിക്കുന്നത്. സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി റവന്യൂ ബി ഓർഡർ ലഭിക്കുകയും 6(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും ലാൻഡ് അക്വിസിഷൻ ഓഫീസറായി Special Tahsildar, KIIFB Unit 2, Angamaly-യെ നിയമിച്ചിട്ടുള്ളതുമാണ്. നിലവിൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അവസാനഘട്ടത്തിലാണ്.

**പള്ളിയാംമൂല-കാപ്പിലെപീടിക-കുന്നംകൈ-പനകാവ് റോഡുകളുടെ പ്രവർത്തന പുരോഗതി**

60 (1282) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ അനുവദിച്ചിട്ടുള്ള അഴീക്കോട് മണ്ഡലത്തിലെ പള്ളിയാംമൂല-കാപ്പിലെപീടിക, കുന്നംകൈ-പനകാവ് എന്നീ റോഡുകളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകൾ ടാറിംഗ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) അഴീക്കോട് മണ്ഡലത്തിലെ പള്ളിയാംമൂല-കാപ്പിലെപീടിക, കുന്നംകൈ-പനകാവ് എന്നീ റോഡ് പ്രവൃത്തികൾ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെട്ടിട്ടുണ്ട്. മൺസൂൺ മാറി അനുകൂല കാലാവസ്ഥയുണ്ടാകുന്നതനുസരിച്ച് ടാറിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**കാസർഗോഡ് കല്ലടുക്ക-ചെർക്കള റോഡിന്റെ പുനർനിർമ്മാണം**

61 (1283) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കല്ലടുക്ക-ചെർക്കള റോഡ് പുനർനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് എപ്പോഴാണ്; ഭരണാനുമതി തുക എത്രയാണ്; ടെൻഡർ ചെയ്തതെപ്പോഴാണ്; കരാർ ഏറ്റെടുത്തതാരാണ്; കരാർ തുക എത്രയാണ്; എന്നിവ വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കിഫ്ബി പദ്ധതിയായ കല്ലടുക്ക-ചെർക്കള റോഡ് പുനർനിർമ്മാണത്തിനായി 01-11-2016-ലെ G.O.(Rt)No. 1502/2016/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് 12-07-2018-ൽ ടെൻഡർ ചെയ്യുകയും M/s. കുദ്രോളി കൺസ്ട്രക്ഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് 35.68 കോടി രൂപയ്ക്ക് കരാർ ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ എപ്പോഴാണ് പൂർത്തീകരിച്ചതെന്നും ഇല്ലെങ്കിൽ ഇനി ഏതെല്ലാം പ്രവൃത്തികൾ

ബാക്കിയുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായി വരുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത റോഡ് പ്രവൃത്തി 21-03-2023-ൽ ഫോർക്ലോസ് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികളായ 2nd ലെയർ ടാറിംഗ്, റോഡ് സുരക്ഷാ സംവിധാനങ്ങൾ, കലുങ്കുകൾ, ഓവുചാലുകൾ, സംരക്ഷണ ഭിത്തി, പ്രധാന ജങ്ഷനുകളുടെ അഭിവൃദ്ധിപ്പെടുത്തൽ മുതലായവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ഉക്കിനടുക്ക മുതൽ അടുക്കസ്ഥല വരെയുള്ള പ്രവൃത്തി 31-12-2021-ന് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഡി.ബി.എം. ചെയ്തതെപ്പോഴാണെന്നും ഡി.ബി.എം. ചെയ്തുകഴിഞ്ഞാൽ എത്ര സമയത്തിനുള്ളിലാണ് ബി.സി. സെക്കൻഡ് ലെയർ ടാറിംഗ് ചെയ്യേണ്ടതെന്നും വ്യക്തമാക്കാമോ; ഈ റോഡിന്റെ ബി.സി. സെക്കൻഡ് ലെയർ ടാറിംഗ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന്റെ ഡി.ബി.എം പ്രവൃത്തി പൂർത്തിയായത് 26-04-2022-ലാണ്. ഡി.ബി.എം. ചെയ്തതിനുശേഷം ബി.സി. സെക്കൻഡ്

ലെയർ തുടങ്ങാനുള്ള സമയപരിധി 48 മണിക്കൂറാണ്. പ്രസ്തുത റോഡ് പ്രവൃത്തിയുടെ 2nd ലെയർ ബി.സി. പ്രവൃത്തികൾ നടത്തിയിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമായി വന്ന സാഹചര്യത്തിൽ നിലവിലെ നിരക്കിൽ ബാക്കി പ്രവൃത്തികൾ ചെയ്യാൻ കഴിയില്ലെന്ന് കരാറുകാരൻ അറിയിച്ച സാഹചര്യത്തിൽ 21-03-2023-ൽ പ്രസ്തുത പ്രവൃത്തി ഫോർക്ലോസ് ചെയ്തിട്ടുണ്ട്. ഉക്കിനടുക്ക മുതൽ അടുക്കസ്ഥല വരെയുള്ള പ്രവൃത്തിയുടെ DBM പ്രവൃത്തി 2021 ഏപ്രിൽ മാസത്തിലാണ് ചെയ്തിട്ടുള്ളത്. ഉക്കിനടുക്ക മുതൽ അടുക്കസ്ഥല വരെയുള്ള പ്രവൃത്തിയുടെ BC പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിയിൽ ഇതുവരെ നടന്ന പ്രവൃത്തികളുടെ തുക എത്രയാണെന്നും കരാറുകാരന് മുഴുവൻ തുക നൽകിയോയെന്നും വ്യക്തമാക്കാമോ; നിലവിലെ കരാറുകാരനെ ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കി പ്രവൃത്തികളും പ്രസ്തുത കരാറുകാരൻതന്നെ ചെയ്യുമോയെന്ന് വ്യക്തമാക്കാമോ; ഈ റോഡിന്റെ പ്രവൃത്തികൾ മുഴുവൻ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ 27,87,11,193/- രൂപയുടെ പ്രവൃത്തി കരാറുകാരൻ ചെയ്തിട്ടുണ്ട്. ആയതു കരാറുകാരന് അനുവദിച്ചിട്ടുള്ളതുമാണ്. നിലവിലെ കരാറുകാരനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾക്ക് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി, കിഫ്ബിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം ടെൻഡർ ചെയ്ത് കരാറുകാരനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉക്കിനടുക്ക മുതൽ അടുക്കസ്ഥല വരെ ഇതുവരെ നടന്ന പ്രവൃത്തിയുടെ തുക 22,77,04,757/- രൂപയാണ്. അന്തിമ ബിൽ KIIFB-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കരാറുകാരന് മുഴുവൻ തുകയും നൽകിയിട്ടില്ല. ഫൈനൽ ബിൽ പെൻഡിംഗിലാണ്. ഉക്കിനടുക്ക മുതൽ അടുക്കസ്ഥല വരെയുള്ള പ്രവൃത്തിയുടെ കരാറുകാരനെ ഒഴിവാക്കിയിട്ടില്ല. മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

**കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം**

62 (1284) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

1) വടക്കേപ്പറമ്പ്-പോത്തുവെട്ടിപ്പാറ-മുണ്ടക്കുളം റോഡ് പ്രവൃത്തിക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് പരിശോധനയിലാണ്.

2) വാലില്ലാപ്പുഴ-എളമരം-ഇരട്ടമൂഴി റോഡ് നവീകരണ പ്രവൃത്തിക്കായി ഭരണാനുതി നൽകിയിട്ടുണ്ട്. നിലവിൽ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് പരിശോധനയിലാണ്.

3) വെട്ടുകാട്-ഒളവട്ടൂർ-മുണ്ടുമുഴി റോഡ് നവീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഫറൂക്ക് കോളേജ്-വാഴക്കാട് റോഡ് പ്രവൃത്തി പൂർത്തിയായിവരുന്നു.

റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെട്ട റോഡുകളിലെ തകർന്ന സൈഡ് വാളുകളും കൾവർട്ടുകളും നന്നാക്കിവരുന്നു.

കൊണ്ടോട്ടി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പാക്കുന്ന റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കൊണ്ടോട്ടി എടവണ്ണപ്പാറ അരീക്കോട് റോഡ്– പ്രസ്തുത പ്രവൃത്തിക്ക് 80.58 കോടി രൂപയുടെ സാമ്പത്തികാനുമതി നിർമ്മാണ പ്രവൃത്തിക്കും 22.48 കോടി രൂപയുടെ സാമ്പത്തികാനുമതി ഭൂമിയേറ്റെടുക്കൽ നടപടികൾക്കുമായി അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫേസ്-1 നിർമ്മാണ പ്രവൃത്തികൾ ഫ്രീ സറണ്ടറായി വിട്ടുകിട്ടിയ ഭൂമി വിനിയോഗിച്ച് 17 കി.മീ റോഡ് നിർമ്മാണം 05-10-2023-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ റോഡിന്റെ ഫേസ്-2 നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന 6 ജങ്ഷനുകളിലെ അധിക ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള നവീകരണ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി അധിക ഭൂമിയേറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. റവന്യൂ സർവെ മുഖേന

അതിർത്തി നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

2. മുണ്ടുമുഴി-വെട്ടുകാട്-പുളിക്കൽ റോഡ് -ഈ പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി. റോഡിന്റെ ഉപരിതല റെക്ടിഫിക്കേഷനുവേണ്ടി 25 ലക്ഷം രൂപ അനുവദിക്കുകയും അതുപയോഗിച്ച് റെക്ടിഫിക്കേഷൻ പ്രവൃത്തി ജൂൺ 2022-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന് കീഴിൽ നവീകരണ പ്രവൃത്തികൾക്കായി 2 പ്രൊപ്പോസൽ NHAI-യ്ക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ ആവശ്യമുള്ള കലുങ്കുകൾ, അഴുക്കുചാലുകൾ എന്നിവ നിർമ്മിക്കുന്നതിന് എത്ര പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിന്മേൽ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കാമോ?

കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ നിലവിലുള്ളതിൽ കൂടുതലായി ആവശ്യമുള്ള കലുങ്കുകൾ, അഴുക്കുചാലുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു.

കെ.ആർ.എഫ്.ബി.–പി.എം.യു. മുഖേന നടപ്പാക്കിയ കൊണ്ടോട്ടി എടവണ്ണപ്പാറ അരീക്കോട് റോഡിന്റെ ഭാഗമായുള്ള കലുങ്കുകൾ മഴവെള്ള ചാലുകൾ എന്നിവ പുനർനിർമ്മിച്ചിട്ടുള്ളതും റോഡ് നവീകരണത്തിന്റെ ഭാഗമായി വീതി കുറവുള്ള കലുങ്കുകൾ വീതികൂട്ടി നിർമ്മിച്ചിട്ടുമുണ്ട്.

(സി) മണ്ഡലത്തിൽ നിരന്തരം വാഹനാപകടം നടക്കുന്ന പൊതുമരാമത്ത് റോഡുകളിൽ അപകടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സ്കൂൾ പരിസരങ്ങളിൽ School Zone Board, Speed limit Board എന്നിവ സ്ഥാപിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റി സംബന്ധിച്ച ആവശ്യകതയുടെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലങ്ങളിൽ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി ചെയ്യാവുന്ന റോഡ് സേഫ്റ്റി പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്. റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി എടവണ്ണപ്പാറ ജങ്ഷനിൽ എല്ലാ റോഡിലും റംബിൾ സ്ട്രിപ്, സ്റ്റഡ്സ് എന്നിവ നൽകിയിട്ടുണ്ട്. കെ.ആർ.എഫ്.ബി.–പി.എം.യു. മുഖേന നടപ്പാക്കിയ കൊണ്ടോട്ടി എടവണ്ണപ്പാറ റോഡിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് ട്രാഫിക് സേഫ്റ്റി

സൈൻ ബോർഡുകൾ, റോഡ് മാർക്കിങ്, സ്റ്റഡ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന് കീഴിൽ സീബ്രാലൈൻസ് വരയ്ക്കുന്നതിനും സൈൻബോർഡ് സ്ഥാപിക്കുന്നതിനുംവേണ്ടി rectification of Blackspot at Mongam, Musiliyarangadi, Thurakkal, Kottukkara എന്നീ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എടവണ്ണപ്പാറ ടൗണിലുണ്ടാകുന്ന റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

എടവണ്ണപ്പാറ ടൗണിൽ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തി റമ്പിൾ സ്ട്രിപ്പ്, സ്റ്റെഡ്, ജങ്ഷൻ എഹെഡ്, സ്പീഡ് ലിമിറ്റ് ബോർഡുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എടവണ്ണപ്പാറ-എളമരം റോഡിൽ ജലാലിയ ജങ്ഷനിൽ ദിശാസൂചകങ്ങളും അപകട മുന്നറിയിപ്പ് ബോർഡുകളും റമ്പിൾ സ്ട്രിപ് സ്റ്റെഡ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. എടവണ്ണപ്പാറ ടൗണിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് കിഫ്ബി ധനസഹായത്തോടുകൂടി കൊണ്ടോട്ടി എടവണ്ണപ്പാറ അരീക്കോട് റോഡിന്റെ

ഫേസ്-2 പ്രവൃത്തിയുടെ ഭാഗമായി എടവണ്ണപ്പാറ ജങ്ഷനിൽ അധിക ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള നവീകരണ പദ്ധതികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. അതിനായി എടവണ്ണപ്പാറ അങ്ങാടിയിൽ റവന്യൂ അതിർത്തി നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

(ഇ) കാലവർഷംമൂലം എത്ര റോഡുകളുടെ സൈഡുകൾ തകർന്നതായും കേടുപാടുകൾ വന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത റോഡുകൾ നന്നാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കാലവർഷത്തിൽ റോഡിന്റെ പാർശ്വഭിത്തി കേടുപാടുകൾ സംഭവിച്ച ഇടങ്ങളിൽ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+) ഫണ്ട് ലഭ്യതക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കും.

**റോഡുകളിലെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

63 (1285) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u>

<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തിന് മുന്നോടിയായി സംസ്ഥാനത്തെ റോഡുകളുടെ റണ്ണിംഗ് കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) റണ്ണിംഗ് കോൺട്രാക്റ്റ് അടിസ്ഥാനത്തിലുള്ള നിലവിലുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും മഴക്കാലത്ത് റോഡ് നന്നാക്കുന്നതിനുള്ള പ്രവൃത്തികൾ നിർവഹിക്കുന്നതിന് സംവിധാനങ്ങളുണ്ടോയെന്നും അറിയിക്കാമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പിൽ മഴക്കാലത്തിന് മുന്നോടിയായി സംസ്ഥാനത്തെ റോഡുകളുടെ Running Contract പ്രവൃത്തികൾ പരിശോധിക്കുന്നതിന് നിലവിൽ ജില്ലാടിസ്ഥാനത്തിൽ ഐ.എ.എസ്.

ഉദ്യോഗസ്ഥരെയും ചീഫ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തിക്കൊണ്ട് 16-05-2024-ലെ സ.ഉ. (സാധാ)നം. 512/2024/പൊ.മ.വ പ്രകാരം ഒരു പരിശോധനാ സംഘം രൂപീകരിച്ചിട്ടുണ്ട്. ടി സംഘത്തിന്റെ പരിശോധന റിപ്പോർട്ട് യഥാസമയം സർക്കാർ വിലയിരുത്തുന്നുണ്ട്. നിലവിൽ 10-05-2024 മുതൽ 20-05-2024 വരെ ഈ സംഘം പരിശോധന നടത്തിയിട്ടുണ്ട്.

മഴക്കാലത്തിന് മുമ്പുതന്നെ പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ വെള്ളക്കെട്ടും മറ്റും ഒഴിവാക്കുന്നതിനായി പ്രീമൺസൂൺ പ്രവൃത്തി നടപ്പാക്കി വരുന്നു. കാനകൾ, ഓടകൾ എന്നിവ വൃത്തിയാക്കുക, pothole filling, റോഡിലേയ്ക്ക് ചാഞ്ഞുനിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റൽ, berm clearing എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വിവിധ ഏജൻസികളുടെ പ്രവർത്തനഫലമായി കേടുപാടുകൾ സംഭവിച്ച റോഡുകൾ പ്രീ-മൺസൂൺ പ്രവൃത്തികൾ വഴിയും റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ വഴിയും അറ്റകുറ്റപ്പണികൾ ചെയ്തിട്ടുണ്ട്. ഏജൻസികളുടെ പ്രവൃത്തിയുടെ ഫലമായി വരുന്ന കേടുപാടുകൾ അതത് ഏജൻസികളുടെ ചെലവിൽ റെസ്റ്റോറേഷൻ പ്രവൃത്തി ഏർപ്പാട് ചെയ്ത്

നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ DLP കാലാവധിയിലുള്ള റോഡുകളാണെങ്കിൽ നിലവിലുള്ള കരാറുകാരന്റെ ചെലവിൽത്തന്നെ അറ്റകുറ്റപ്പണികൾ ചെയ്യിച്ചുവരുന്നു.

(സി) മഴക്കാലങ്ങളിലുണ്ടാകുന്ന വെള്ളക്കെട്ട് പോലെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡ്രെയിനേജ് സംവിധാനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച പ്രത്യേക നടപടികൾ വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ മഴവെള്ളത്തിന്റെ സുഗമമായ നിർഗമനത്തിനാവശ്യമായ ഓടകളും കലുങ്കുകളും റോഡിന്റെ നിരപ്പിനനുസരിച്ചാണ് നിർമ്മിക്കുന്നത്. വെള്ളക്കെട്ട് പ്രധാനമായും ഉണ്ടാകുന്നത് റോഡിന്റെ വശങ്ങളിൽ മണ്ണ് ഉയർന്നിരിക്കുന്നതിനാലും പല തടസ്സങ്ങൾ/മാലിന്യങ്ങൾ കാരണം ഓടകളിലെ നീരൊഴുക്ക് തടസ്സപ്പെടുന്നതിനാലുമാണ്. വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പ്രസ്തുത പ്രവൃത്തികൾ പ്രീ-മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയോ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയോ നിലവിലുള്ള കരാറുകാരനെക്കൊണ്ട് തന്നെയോ ഓടകളിലെയും

കലുങ്കുകളിലെയും മാലിന്യങ്ങൾ നീക്കംചെയ്ത് സുഗമമായ നീരൊഴുക്ക് ഉറപ്പാക്കുന്നുണ്ട്.

**എ. സി. റോഡിന്റെ നവീകരണം**

64 (1286) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ മുഖച്ഛായ മാറ്റുന്ന എ.സി. റോഡിന്റെ നവീകരണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

എ.സി. റോഡിന്റെ നവീകരണ പ്രവൃത്തി 31-05-2025-നകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) എന്തെല്ലാം സൗകര്യങ്ങളും ഗുണങ്ങളുമാണ് പ്രസ്തുത റോഡിന്റെ നവീകരണത്തിലൂടെ സാധ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ–കോട്ടയം ജില്ലകൾക്ക് മാത്രമല്ല സംസ്ഥാനത്തിനാകെ ഗുണകരമാകുന്ന പദ്ധതിയാണ് എ.സി. റോഡ് നവീകരണം. മഴക്കാലത്ത്

വെള്ളക്കെട്ടുണ്ടാകുകയും ദീർഘനാളുകൾ ഗതാഗതം ഒഴിവാക്കുകയും ചെയ്യുന്ന സാഹചര്യത്തെ മറികടക്കാൻ എ.സി. റോഡ് നവീകരണത്തിലൂടെ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. തദ്ദേശീയ ജനതയ്ക്ക് ഈ പദ്ധതി ഗുണകരമായി മാറും. കുട്ടനാടൻ–അപ്പർകുട്ടനാടൻ മേഖലയിലെ കാർഷികരംഗം അഭിവൃദ്ധിപ്പെടുത്താൻ എ.സി. റോഡ് നവീകരണം സാധ്യമാകും. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായ ആലപ്പുഴയിലെയും പരിസരങ്ങളിലെയും സഞ്ചാരികളുടെയും വരവ് വർധിപ്പിക്കാനും പദ്ധതി സഹായിക്കും.

**ഇടുക്കി ജില്ലയിലെ മലയോര ഹൈവേ നിർമ്മാണ പുരോഗതി**

65 (1287) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ആകെ എത്ര റീച്ചുകളാണ് ഇടുക്കി ജില്ലയിലുള്ളത്; ഓരോ റീച്ചിന്റെയും പേര് വിവരങ്ങൾ, ദൈർഘ്യം, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

(എ&ബി) ഇടുക്കി ജില്ലയിൽ 5 റീച്ചുകളായിട്ടാണ് മലയോര ഹൈവേ തിരിച്ചിട്ടുള്ളത്.

റീച്ച് 1 - കുട്ടിക്കാനം-ചപ്പാത്ത്

റീച്ച് 2 - ചപ്പാത്ത്-പുളിയൻമല

റീച്ച് 3 - പുളിയൻമല-മൈലാട്ടുംപാറ

റീച്ച് 4 - മൈലാട്ടുംപാറ-എല്ലക്കൽ പാലം

റീച്ച് 5 - എല്ലക്കൽ പാലം–ഇരുട്ടുകാനം

ഇതിൽ മുണ്ടക്കയം –കുട്ടിക്കാനം, ആറാം മൈൽ - ഇരുട്ടുകാനം എന്നിവ NH-ന്റെ അധീനതയിൽ വരുന്നതാണ്. മയിലാട്ടുംപാറ മുതൽ വലിയ മുല്ലക്കാനം വരെയുള്ള ഭാഗം ശബരിമല പദ്ധതി, KSTP പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ഓരോ റീച്ചിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**റീച്ച് 1 – കുട്ടിക്കാനം-ചപ്പാത്ത് (19 km)**

കുട്ടിക്കാനം മുതൽ ചപ്പാത്ത് വരെയുള്ള പ്രവൃത്തി തെരുവത്ത് ബിൽഡേഴ്സ് എന്ന കരാർ കമ്പനി 28-02-2023-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

**റീച്ച് 2 – ചപ്പാത്ത്-പുളിയൻമല (27.71 km)**

ചപ്പാത്ത് മുതൽ പുളിയന്മല വരെ സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ 4 ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ചപ്പാത്ത് മുതൽ കട്ടപ്പന വരെ മൂന്ന് ഭാഗങ്ങളായി നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. കട്ടപ്പന മുതൽ പുളിയൻമല വരെയുള്ള ഭാഗത്തിനായി അധിക സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. പീരുമേട്-ദേവികുളം റോഡ് Ch.19/000 മുതൽ Ch.40/050 & തൊടുപുഴ-പുളിയൻമല റോഡ് Ch.85/500 Ch.92/167 വരെ - Part TS1- മേരികുളം മുതൽ (23/925) നരിയംപാറ വരെ (36/625) -12.70 Km. ഈ റോഡിന്റെ Ch.23/925 മേരികുളം മുതൽ Ch. 26/100 വെണ്ണിലാങ്കണ്ടം വരെ 2.175 കി.മീ വരെയുള്ള ഭാഗം പീരുമേട് നിയോജകമണ്ഡലത്തിലും 26/100

മുതൽ വെണ്ണിലാങ്കണ്ടം മുതൽ നരിയംപാറ 36/625 വരെയുള്ള ഭാഗം ഇടുക്കി നിയോജകമണ്ഡലത്തിലുമാണ്. പ്രവൃത്തി 48% പുരോഗതി കൈവരിച്ചിട്ടുള്ളതും നിലവിൽ റോഡ് വൈഡനിങ്, കൾവർട്ട്/റീട്ടെയിനിംഗ് വാൾ, DBM എന്നിവയുടെ നിർമ്മാണം നടന്നുവരികയുമാണ്.

2. കിഫ്ബി മലയോര ഹൈവേ-പീരുമേട്-ദേവികുളം റോഡ് 19/000 മുതൽ Ch 40/050 & തൊടുപുഴ-പുളിയൻമല റോഡ് Ch.85/500 Ch.92/167 വരെ Part TS2- നരിയംപാറ മുതൽ (36/625) കട്ടപ്പന വരെ (39/525)- 2.90 km പ്രവൃത്തി 57% പുരോഗതി കൈവരിച്ചിട്ടുള്ളതും നിലവിൽ DBM & BC -(2.6- കി.മീ പൂർത്തീകരിച്ചു). ഐറിഷ് ഡ്രെയിൻ, റോഡ് സുരക്ഷാപ്രവൃത്തികൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. 20 acre പാലത്തിന്റെ നിർമ്മാണത്തിന് തടസ്സമായി തോട് പുറമ്പോക്കിലെ താമസക്കാരിയെ മാറ്റി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കിഫ്ബി മലയോര ഹൈവേ -പീരുമേട്-ദേവികുളം റോഡ് 19/000 മുതൽ Ch 40/ 050 & തൊടുപുഴ-പുളിയൻമല റോഡ് Ch.85/500 Ch.92/167 വരെ Part TS3-ചപ്പാത്ത് മുതൽ (18/477) മുതൽ മേരികുളം വരെ (23/925)-

5.50 km പ്രവൃത്തി 27% പുരോഗതി കൈവരിച്ചിട്ടുള്ളതും നിലവിൽ കൾവർട്ട്/റീട്ടെയിനിംഗ് വാൾ DBM എന്നിവയുടെ നിർമ്മാണം നടന്നുവരികയുമാണ്.

4. കിഫ്ബി മലയോര ഹൈവേ -പീരുമേട്-ദേവികുളം റോഡ് 19/000 മുതൽ Ch 40/050 & തൊടുപുഴ-പുളിയൻമല റോഡ് Ch 85/500 Ch 92/167 വരെ Part TS4- കട്ടപ്പന മുതൽ (85/500) മുതൽ പുളിയൻമലവരെ (92/167)-6.667Km. ഈ റീച്ചിന് അധിക സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീച്ച് 3 – പുളിയൻമല – മൈലാട്ടുംപാറ (25.8 km)**

ഈ പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബി മാനദണ്ഡപ്രകാരം പരിഷ്കരിച്ച് തയ്യാറാക്കുന്നതിന് RIQCKL EKM വിഭാഗത്തിന്റെ നേതൃത്വത്തിൽ investigation നടന്നുവരുന്നു. ഈ റോഡ് 31-03-2024 വരെ അധിക പരിപാലന കാലാവധിയിലായിരുന്നു.

**റീച്ച് 4 – മൈലാട്ടുംപാറ – എല്ലക്കൽ പാലം**

1. മൈലാട്ടുംപാറ കുത്തുങ്കൽ (10.90 km) -ഈ റോഡ് പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ ഡിഫക്റ്റ് ലയബിലിറ്റി പിരീഡിലുമാണ്.

2. കുത്തുങ്കൽ-വലിയമുല്ലക്കാനം (6.05 km) -ഈ റോഡ് KSTP പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ ഡിഫക്റ്റ് ലയബിലിറ്റി പിരീഡിലുമാണ്.

3. വലിയമുല്ലക്കാനം - എല്ലക്കൽ പാലം- എല്ലക്കൽ മുതൽ വലിയമുല്ലക്കാനം വരെയുള്ള 5.25 കി.മീ. ദൂരമാണ് ഈ വർക്കിൽ ഉൾപ്പെടുന്നത്. നിലവിൽ ഈ പ്രവൃത്തി 17% പുരോഗതി കൈവരിച്ചിട്ടുണ്ട്.

**റീച്ച് 5 – എല്ലക്കൽ പാലം–ഇരുട്ടുകാനം (12.87 km)**

ഈ പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഏതെങ്കിലും റീച്ചിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകാമോ; ഇതിനിടയായ സാഹചര്യം വിശദീകരിക്കാമോ?

ഹിൽ ഹൈവേയുടെ റോഡ് നിർമ്മാണത്തിന് കിഫ്ബി നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിലാണ് നിലവിലെ റോഡിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തുന്നത്.

എറണാകുളം ജില്ലയിലെ ആറാം മൈൽ - എളംപ്ലാശ്ശേരി വഴി ഇടുക്കി ജില്ലയുടെ കീഴിൽ കുറത്തിക്കുടി മുതൽ പെരുമ്പൻകുത്ത്-മാങ്കുളം-കല്ലാർ വരെയുള്ള അലൈൻമെന്റ് സംരക്ഷണ വനഭൂമിയിലൂടെയുള്ളതും ഇടതൂർന്ന വനപ്രദേശമായതിനാലും വനം വകുപ്പ് മലയോര ഹൈവേ റോഡ് നിർമ്മാണത്തിന് എതിർപ്പ് അറിയിച്ചിരുന്നു. ഇതേത്തുടർന്ന് നേര്യമംഗലത്തിനുശേഷം 6-ാം മൈൽ മുതൽ ഇരുട്ടുകാനം വരെ നിലവിലുള്ള NH-85 റോഡിലൂടെ മലയോര ഹൈവേയുടെ അലൈൻമെന്റ് മാറ്റാൻ തീരുമാനമെടുക്കുകയും ചെയ്തു.

ആനച്ചാൽ മുതലുള്ള 1.5 കിലോമീറ്റർ ഭാഗത്തെ അപകടകരമായ ഹെയർപിൻ വളവുകളും സ്റ്റീപ് ഗ്രേഡിയന്റും ഒഴിവാക്കുന്നതിനായി

ആനച്ചാൽ കുഞ്ചിത്തണ്ണി ഭാഗം ആനച്ചാൽ-ചെകുത്താൻ മുക്ക്-പള്ളിവാസൽ പവർ ഹൗസ് -കുഞ്ചിത്തണ്ണി എന്ന് മാറ്റുകയുണ്ടായി.

**പള്ളാത്തുരുത്തി പാലം മുതൽ കൊമ്മാടി ജങ്ഷൻ വരെയുള്ള കിഴക്കൻ ബൈപ്പാസ് നിർമ്മാണം**

66 (1288) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021-ലെ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച പള്ളാത്തുരുത്തി പാലം മുതൽ കൊമ്മാടി ജങ്ഷൻ വരെയുള്ള കിഴക്കൻ ബൈപ്പാസ് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി., പി.എം.യു. മുഖേന നടപ്പാക്കുന്ന പള്ളാത്തുരുത്തി കിഴക്കൻ ബൈപ്പാസ് റോഡ് പ്രവൃത്തിക്കായി 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് കത്ത് നൽകിയിരുന്നു. ഇതിന്റെ ഭാഗമായി പ്രവൃത്തിയുടെ പള്ളാത്തുരുത്തി മുതൽ പൂങ്കാവ് വരെയുള്ള

റോഡിന്റെ സർവെ നടപടികൾ പൂർത്തീകരിച്ചു. ഡ്രാഫ്റ്റ് അലൈൻമെന്റ് ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിൽനിന്നും ലഭിച്ചു. അലൈൻമെന്റിൽ വരുത്തേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഡ്രോയിങ് തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിന് KRFB-PMU കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് നിർദ്ദിഷ്ട പള്ളാത്തുരുത്തി കിഴക്കൻ ബൈപ്പാസിന്റെ എംബാങ്ക്മെന്റ് ഡിസൈൻ KHRI പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 10.62 കിലോമീറ്റർ നീളമുള്ള ഈ നിർദ്ദിഷ്ട ബൈപ്പാസിന്റെ അലൈൻമെന്റിൽ വരുന്ന മൂന്ന് മേജർ പാലങ്ങളുടെ ഡിസൈൻ പൊതുമരാമത്ത് പാലങ്ങൾ ഡിസൈൻ വിഭാഗം തയ്യാറാക്കി വരുന്നു. ഇത് പൂർത്തിയാക്കിയാൽ ഉടൻ പൊതുമരാമത്ത് പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിന് ഡി.പി.ആർ. തയ്യാറാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും.

**കുട്ടോത്ത്- അട്ടക്കുണ്ട് കടവ് റോഡ്**

67 (1289) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീ ടാറിംഗ് പൂർത്തിയാക്കിയ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡിലെ തകരാർ പരിഹരിക്കുന്നതിന് നടപടിസ്വീകരിക്കുമോ; വിശദമാക്കാമോ?

കുട്ടോത്ത് -അട്ടക്കുണ്ട് കടവ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി 18-11-2021-ൽ കിഫ്ബിയിൽനിന്ന് 2.69 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാകുകയും 26-03-2022-ന് ശ്രീ. ജബീർ. യു. എന്ന കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട് കരാർ തുകയ്ക്കുള്ള പ്രവൃത്തി 30-11-2022-ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ റോഡിലെ KWA പൈപ്പ് ലൈൻ പൊട്ടിയതുമൂലമുണ്ടാകുന്ന തകരാർ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വട്ടപ്പാറ–ആറ്റുപ്പതി റോഡ്**

68 (1290) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് 2 കോടി രൂപ വകയിരുത്തി നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ വട്ടപ്പാറ-ആറ്റുപ്പതി റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ വട്ടപ്പാറ ആറ്റുപ്പതി റോഡ് പ്രവൃത്തിയുടെ ബോക്സ് കൾവർട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം 31-12-2024-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കും എന്ന വിവരം അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ വട്ടപ്പാറ-ആറ്റുപ്പതി റോഡ് പ്രവൃത്തിയുടെ ബോക്സ് കൾവർട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം 31-12-2024-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

**പുതിയങ്ങാടി-മാളിക്കടവ്-കൃഷ്ണൻ നായർ റോഡ് വികസന പദ്ധതി**

69 (1291) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി-മാളിക്കടവ്-കൃഷ്ണൻ നായർ റോഡ് വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പുതിയങ്ങാടി-മാളിക്കടവ്-കൃഷ്ണൻ നായർ റോഡ് പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 07-12-2018-ൽ ഭൂമിയേറ്റെടുക്കുന്നതിനായി 106.92 കോടി രൂപ ഉൾപ്പെടെ 155.45 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 28-03-2022-ൽ 3,00,240/- രൂപ കണ്ടിജൻസി ചാർജ് ഇനത്തിലും 46,99,760/- രൂപ അഡീഷണൽ കണ്ടിജൻസി ചാർജ് ഇനത്തിലും ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിന് നൽകുകയും 11(1) notification പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. ആയതിന്റെ ഭാഗമായുള്ള ഹിയറിംഗ് നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ LA വിഭാഗവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിക്കായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന്റെ DPR തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് 07-12-2018-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 106.92 കോടി രൂപ ഉൾപ്പടെ 155.45 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായതാണ്.

**താമരച്ചാൽ-മലയിടം തുരുത്ത് റോഡ് നിർമ്മാണം**

70 (1292) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ ഭരണാനുമതി ലഭിച്ച കുന്നത്തുനാട് മണ്ഡലത്തിലെ താമരച്ചാൽ-മലയിടം തുരുത്ത് റോഡ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) താമരച്ചാൽ-മലയിടം തുരുത്ത് റോഡ് പ്രവൃത്തിക്ക് കരാർ വയ്ക്കുകയും കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തതാണ്. പൂർത്തീകരണ കാലാവധി 9 മാസമായിരുന്നു. കരാർ കാലാവധിക്കുള്ളിൽ കരാറുകാരന്റെ പ്രവൃത്തി മന്ദഗതിയിലായിരുന്നതിനാൽ കരാറുകാരനെ risk & cost-ൽ terminate ചെയ്ത് ഉത്തരവായി. ഇതിനെതിരെ കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം എഗ്രിമെന്റ് അതോറിറ്റിയായ സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാറുകാരനെ ഹിയറിംഗ് നടത്തുകയും risk & cost-ൽ പ്രവൃത്തി terminate ചെയ്ത ഉത്തരവ് സ്ഥിരപ്പെടുത്തുകയും ചെയ്തു. നിലവിൽ ബാലൻസ് വർക്കിന്റെ റീടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

റീടെൻഡർ നടപടികൾക്കുശേഷം നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ അന്നകര-കോക്കൂർ-വാക-മറ്റം റോഡ് നിവീകരണം**

**71 (1293)** ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ലെ ബഡ്ജറ്റിൽ 2 കോടി രൂപ അനുവദിച്ച മണലൂർ മണ്ഡലത്തിലെ അന്നകര-കോക്കൂർ-വാക-മറ്റം റോഡ് നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

2020-21-ലെ ബഡ്ജറ്റിൽ 2 കോടി രൂപ അനുവദിച്ചതിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന മറ്റം-ചേലൂർ-വാക റോഡിന്റെ 2.36 കി.മീ. ഭാഗത്തെ പുനരുദ്ധാരണ പ്രവൃത്തിയുടെ ഭാഗമായി കാന, കലുങ്ക് നിർമ്മാണം പൂർത്തീകരിക്കുകയും, 2.40 കി.മീ. ദൂരം ബി.എം. കഴിഞ്ഞിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

കരാർ പ്രകാരം പൂർത്തിയാകുന്ന തീയതി 11-09-2024 ആണ്.

**വളപട്ടണം ഓൾഡ് എൻ.എച്ച്. റോഡ്**

**72** (1294) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ വളപട്ടണം ഓൾഡ് എൻ.എച്ച്. റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട റോഡ് ടാറിംഗ് ആരംഭിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുമോ?

(എ&ബി) അഴീക്കോട് മണ്ഡലത്തിലെ വളപട്ടണം ഓൾഡ് എൻ.എച്ച്. റോഡ് പ്രവൃത്തിയുടെ ബി.സി. ഓവർലേ പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റർലോക്ക്, റോഡ് മാർക്കിംഗ് പ്രവൃത്തികൾ ബാക്കിയുണ്ട്. മൺസൂൺ മാറി അനുകൂല കാലാവസ്ഥ ഉണ്ടാകുന്നതിനനുസരിച്ച് പ്രസ്തുത പ്രവൃത്തികളുംകൂടി പൂർത്തീകരിക്കുന്നതാണ്.

**ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ**

73 (1295) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം മുഖേന നിർവഹിക്കുന്ന എല്ലാ പ്രവൃത്തികളുടെയും വിശദാംശവും അതിന്റെ നിർവഹണ പുരോഗതിയും അറിയിക്കാമോ?

ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നിർവഹിക്കുന്ന പ്രവൃത്തികളുടെ വിശദാംശവും അതിന്റെ നിർവഹണ പുരോഗതിയും ചുവടെ ചേർക്കുന്നു.

**1. നങ്ങ്യാർകുളങ്ങര യു.പി. സ്കൂൾ-പുതിയ കെട്ടിടനിർമ്മാണം**

04-11-2020-ലെ G.O.(Rt) No.2978/2020/GEDN നമ്പർ ഉത്തരവ് പ്രകാരം 300,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും 29-11-2022-ലെ PWD/BLDG/ES-S/6647/2022-23-2-1 പ്രകാരം ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരനുമായി 23-01-2023-ൽ ഉടമ്പടി വയ്ക്കുകയും പദ്ധതി നിർവഹണത്തിനായി 02-02-2023-ൽ സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്.

2024 ഡിസംബറിൽ പൂർത്തീകരിക്കുന്ന തരത്തിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**2. എരിക്കാവ് യു.പി സ്കൂൾ– പുതിയ കെട്ടിട നിർമ്മാണം**

05-03-2020 ലെ G.O.(Rt)No.1151/2020/GEDN നമ്പർ ഉത്തരവ് പ്രകാരം 100,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും 29-10-2023 - ലെ PWD/BLDG/EST-TS/6622/2022-5-1-1 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിട വിഭാഗം സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 16-01-2024-ൽ കരാറുകാരനുമായി ഉടമ്പടി വച്ചെങ്കിലും പഴയ കെട്ടിടം പൊളിച്ചുനീക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് സ്കൂൾ അധികാരികൾക്ക് ആവശ്യമായ നിർദേശം നൽകിയിട്ടുണ്ട്.

**3. ആയാപറമ്പ് എച്ച്.എച്ച്.എസ്.– പുതിയ കെട്ടിട നിർമ്മാണം.**

31-01-2023-ലെ G.O. (Rt)No:882/2023/GEDN DTD നമ്പർ ഉത്തരവ് പ്രകാരം 390,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും 04-01-2024-ലെ PWD/BLDG/EST-TS/107550/2021- 23-2-1 പ്രകാരം കെട്ടിടവിഭാഗം ചീഫ്

എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 29-02-2024-ൽ കരാറുകാരനുമായി ഉടമ്പടി വച്ചെങ്കിലും പഴയ കെട്ടിടം പൊളിച്ചുനീക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് സ്കൂൾ അധികാരികൾക്ക് ആവശ്യമായ നിർദേശം നൽകിയിട്ടുണ്ട്.

**4. ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ, ഹരിപ്പാട്-പുതിയ കെട്ടിട നിർമ്മാണം**

24-01-2023-ലെ G.O.(Rt)No585/2023/GEDN നമ്പർ ഉത്തരവ് പ്രകാരം 100,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും 07-09-2023-ലെ PWD/BLDG/EST-TS/23960/2022-5-1-1 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിട വിഭാഗം സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരനുമായി 27-10-2023-ൽ ഉടമ്പടി വെച്ചുവെങ്കിലും പഴയ കെട്ടിടം പൊളിച്ചു നീക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**5. തൃക്കുന്നപ്പുഴ ഗവ. എൽ.പി.സ്കൂൾ - പുതിയ കെട്ടിട നിർമ്മാണം**

17-02-2023-ലെ G.O.(Rt) No.1355/2023/ GEDN. നമ്പർ ഉത്തരവ് പ്രകാരം 200,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും സൂപ്രണ്ടിംഗ്

എഞ്ചിനീയറുടെ 14-02-2024-ലെ ORDER No:BL/2021/230 പ്രകാരം സാങ്കേതികാനുമതി നൽകുകയും ചെയ്തു. ഇതിന്റെ ടെൻഡർ നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

**6. പൊത്തപ്പള്ളി ഗവ. എൽ.പി.സ്കൂൾ - പുതിയ കെട്ടിട നിർമ്മാണം**

04-03-2020-ലെ G.O.(Rt) No. 1126/2020/GEDN പ്രകാരം 100,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**7. പി.ഡബ്ല്യൂ.ഡി. റസ്റ്റ്ഹൗസ്, ഹരിപ്പാട് - ചുറ്റുമതിൽ & ഓഫീസ് സമുച്ചയം**

16-03-2024 -ലെ G.O.(Rt) No.384/2024/PWD നമ്പർ ഉത്തരവ് പ്രകാരം 100,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**8. ഡയാലിസിസ് യൂണിറ്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഹരിപ്പാട് മുകളിലത്തെ നിലകളുടെ നിർമ്മാണം**

10-11-2022-ലെ MC.2/18231/2022/DHS, 24-02-2024-ലെ DHS/9284/2023- MSP3 TD എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം 155.65382

& 0.60 രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്ക് ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ഹരിപ്പാട് താലൂക്ക് ആശുപത്രിയുടെ പുതിയ ഡയാലിസിസ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

ഫയറിന്റെ NOC ലഭ്യമാക്കുന്നതിന് സ്റ്റെയർ ഉൾപ്പെടെ അഡീഷണൽ ബ്ലോക്ക് കൂടി ഉൾപ്പെടുത്തേണ്ടതിനാൽ അതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെൻഡറിംഗ് സ്റ്റേജിലാണ്.

(സി) പ്രസ്തുത ആശുപത്രിയുടെ നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്ത് പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കെ ഇതിനായി പ്രത്യേക സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടി വന്നതിന്റെ സാഹചര്യവും കാരണവും വ്യക്തമാക്കാമോ?

നിലവിലുള്ള കെട്ടിടത്തിന്റെ മുകൾ ഭാഗത്ത് പ്രവൃത്തി ചെയ്യുന്നതിന് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ട ആവശ്യമില്ല. ഫയറിന്റെ NOC ലഭ്യമാക്കുന്നതിന് സ്റ്റെയർ ഉൾപ്പെടെ അഡീഷണൽ ബ്ലോക്ക് കൂടി

ഉൾപ്പെടുത്തേണ്ടതുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെൻഡറിംഗ് സ്റ്റേജിലാണ്.

(ഡി) ഹരിപ്പാട് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഹരിപ്പാട് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്കിന്റെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ കെട്ടിടങ്ങൾ അനുവദിക്കാൻ നടപടി**

74 (1296) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ വെള്ളിക്കോത്ത് വിദ്വാൻ പി. കേളുനായർ ദേശീയ സാംസ്കാരിക കേന്ദ്രത്തിന്റെയും കോടോത്ത് ഗവൺമെന്റ് ഐ.ടി.ഐ.-ക്കുമുള്ള കെട്ടിടങ്ങൾ അനുവദിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായ പ്രസ്തുത കെട്ടിടങ്ങളുടെ ഡിസൈൻ തയ്യാറാക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദീകരിക്കാമോ?

(എ&ബി)

1. വെള്ളിക്കോത്ത് വിദ്വാൻ പി. കേളുനായർ ദേശീയ സാംസ്കാരിക കേന്ദ്രം

09-03-2022-ലെ G.O (Rt) No. 261/2022/PWD പ്രകാരം ഭരണാനുമതി നൽകിയിരുന്നു. AR ഡ്രോയിംഗ് തയ്യാറാക്കുന്നതിനിടയിൽ വിവിധ കാരണങ്ങളാലുണ്ടായ കാലതാമസം നിമിത്തം ഡ്രോയിംഗിൽ മാറ്റങ്ങൾ വരുത്തേണ്ടിവന്നതിനാൽ അന്തിമമായി ഡ്രോയിംഗ് തയ്യാറാക്കാനും സൈറ്റിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുനീക്കാനും കാലതാമസം ഉണ്ടാകുകയും ഇത് സോയിൽ ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നതിന് തടസ്സമുണ്ടാക്കുകയും ചെയ്തിരുന്നു. ഈ തടസ്സങ്ങളെല്ലാം നീക്കം ചെയ്ത്

ഡിസൈൻ ചെയ്യുന്നതിനായി ഡിസൈൻ വിംഗ് കോഴിക്കോടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. കോടോത്ത് ഗവൺമെന്റ് ഐ.ടി.ഐ

പ്രസ്തുത കെട്ടിടം നിർമ്മിക്കേണ്ട സ്ഥലം സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ, കാസർഗോഡ് ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം, 1.10 ഏക്കർ സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് വ്യാവസായിക പരിശീലന വകുപ്പിന് മുൻകൂർ പ്രവേശനാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് total station survey നടത്തുകയും, AR revise ചെയ്യുകയും, AR approve ചെയ്തതിന്റെ അടിസ്ഥാനത്തിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി detailed drawing-ൽ ഉൾപ്പെടുത്തി structural design ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മുൻഗണന നൽകി പ്രസ്തുത നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് ടെൻഡർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

## തൃക്കരിപ്പൂർ മണ്ഡലത്തിലെ മിനി സിവിൽ സ്റ്റേഷനുകൾ

75 (1297) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം, ചെറുവത്തൂർ നഗരങ്ങളിൽ മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് ബജറ്റിൽ ആവശ്യമായ തുക വകയിരുത്തി 3 വർഷം കഴിഞ്ഞിട്ടും കെട്ടിടം പണിക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിൽ പി.ഡബ്ല്യു.ഡി. അധികൃതർ കാലതാമസം വരുത്തുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

മിനി സിവിൽ സ്റ്റേഷൻ, നീലേശ്വരം

2020-21 വർഷത്തെ ബജറ്റിൽ നീലേശ്വരം മിനി സിവിൽ സ്റ്റേഷൻ പ്രോജക്ടിന് 5 കോടി രൂപ വകയിരുത്തിയിരുന്നു. നിലവിൽ പ്രവർത്തിച്ചുവരുന്ന വില്ലേജ് ഓഫീസ് കെട്ടിടം നിലനിൽക്കുന്ന അതേ സ്ഥലത്തുതന്നെയാണ് നീലേശ്വരം മിനി സിവിൽ സ്റ്റേഷനുവേണ്ടിയുള്ള സൈറ്റ് അനുവദിച്ചിരുന്നത്. തുടർന്ന് PWD ഡിസൈൻ വിഭാഗം, ടോട്ടൽ

സ്റ്റേഷൻ സർവെ നടത്തുകയും PWD ആർക്കിടെക്ട് സ്ഥലം പരിശോധിക്കുകയും 10-11-2022-ൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭ്യമാക്കുകയും ചെയ്തു. 05-01-2023 വരെ ക്ലയന്റ് വകുപ്പിന്റെ ഭാഗത്തുനിന്നും കൂടുതൽ പുതിയ ആവശ്യങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് റിവൈസ് ചെയ്യേണ്ടിവന്നു. ഇങ്ങനെ plan revise ചെയ്യുമ്പോൾ സ്ഥല അതിരുകളിൽനിന്ന് നിയമപ്രകാരമുള്ള അകലങ്ങൾ പാലിക്കുവാൻ സാധിക്കാത്ത സാഹചര്യം ബന്ധപ്പെട്ട വകുപ്പിനെ 24-12-2022-ൽ അറിയിച്ചിരുന്നു. 01-03-2024-ൽ ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകരിച്ചുനൽകുകയും ചെയ്തു. നിലവിൽ Detailed Architectural drawing-നായി PWD കോഴിക്കോട് ആർക്കിടെക്ചറൽ വിഭാഗത്തിന് നൽകുകയും അതിന്റെ അന്തിമ നടപടികൾ സ്വീകരിച്ചുവരികയുമാണ്. മാത്രമല്ല, സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് റീജിയണൽ ഡിസൈൻ കാര്യാലയത്തിൽ നടപടികൾ സ്വീകരിക്കുകയും അതിന് സാങ്കേതികാനുമതി നൽകുന്ന ഘട്ടത്തിലുമാണ്.

<u>ചെറുവത്തൂർ മിനി സിവിൽ സ്റ്റേഷൻ</u>

2020-21 വർഷത്തെ ബജറ്റിൽ ചെറുവത്തൂർ മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തിക്ക് 5 കോടി രൂപ വകയിരുത്തിയിരുന്നു. ഈ കെട്ടിടത്തിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച ആവശ്യകതാ റിപ്പോർട്ട് വൈകിയാണ് (ഏപ്രിൽ-ജൂൺ മാസക്കാലയളവിൽ) ബന്ധപ്പെട്ട ഓഫീസുകളിൽനിന്ന് ലഭ്യമായത്. തുടർന്ന് 15-09-2022-ൽ PWD കോഴിക്കോട് റീജിയണൽ ഓഫീസിലെ സീനിയർ ആർക്കിടെക്ട് സൈറ്റ് പരിശോധിക്കുകയും 31-01-2023-ൽ Architectural drawing ലഭ്യമാകുകയും ചെയ്തു. എന്നാൽ ഈ സൈറ്റിൽ പകുതി ഭാഗവും വെള്ളക്കെട്ട് രൂപപ്പെടുന്ന വയൽ പ്രദേശമായതിനാൽ ഈ പ്രദേശത്ത് pile foundation ചെയ്യേണ്ടതായി വരികയും ബജറ്റിൽ വകയിരുത്തിയ 5 കോടി രൂപയിൽ നിന്നും വലിയൊരു തുക ഇതിനായി മാറ്റിവയ്ക്കേണ്ടിവരികയും ചെയ്യുമെന്നതിനാൽ പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിരുന്ന (9 ഓഫീസുകൾ) ആവശ്യകതകൾ ഉൾപ്പെടുത്തി ഈ തുകയിൽ പൂർത്തീകരിക്കാൻ സാധിക്കാതെ വന്നു. തുടർന്ന് ബഹുമാനപ്പെട്ട ജില്ലാ

കളക്ടർ, ബഹുമാനപ്പെട്ട തൃക്കരിപ്പൂർ എം.എൽ.എ., PWD എഞ്ചിനീയർ എന്നിവർ പ്രസ്തുത പ്രശ്നങ്ങൾ ചർച്ച ചെയ്ത് നിലവിൽ തയ്യാറാക്കിയ പ്ലാൻ അപ്രൂവ് ചെയ്യുന്നതിനും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും തീരുമാനിച്ചു. തുടർന്ന് 01-03-2024-ൽ ബഹുമാനപ്പെട്ട ജില്ലാ കളക്ടർ AR drawing approve ചെയ്യുകയും അത് Detailed drawing തയ്യാറാക്കുന്നതിനുവേണ്ടി കോഴിക്കോട് Architectural wing-ലേയ്ക്ക് നൽകുകയും ചെയ്തു. നിലവിൽ പ്രസ്തുത പ്ലാൻ തയ്യാറാക്കിവരികയാണ്.

**മണിയൂർ, വില്യാപ്പള്ളി ഐ.ടി.ഐ. കെട്ടിടങ്ങളുടെ നിർമ്മാണം**

76 (1298) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ, വില്യാപ്പള്ളി എന്നീ ഐ.ടി.ഐ. കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഐ.ടി.ഐ. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളും വില്യാപ്പള്ളി ഐ.ടി.ഐ.-യുടെ ഗ്രൗണ്ട് ഫ്ലോർ റൂഫ് സ്ലാബിന്റെ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; കെട്ടിടത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെ; ഇവ വിശദമാക്കാമോ?

മണിയൂർ ഐ.ടി.ഐ. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ റൂഫ് സ്ലാബിന്റെ  മണിയൂർ, വില്യാപ്പള്ളി ഐ.ടി.ഐ-കളുടെ നിർമ്മാണ പ്രവൃത്തികൾ 2025 മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

1. മണിയൂർ ഐ.ടി.ഐ. കെട്ടിടത്തിൽ സ്റ്റാഫ് റൂം, വർക്ക് ഷോപ്പ്, toilet ബ്ലോക്ക്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, പ്രിൻസിപ്പൽ റൂം തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. വില്യാപ്പള്ളി ഐ.ടി.ഐ. കെട്ടിടത്തിൽ ഡ്രോയിംഗ് ഹാൾ, placement സെൽ, സ്റ്റാഫ് റൂം, സ്റ്റോർ റൂം, വർക്ക് ഷോപ്പ്, toilet ബ്ലോക്ക്, ഓഫീസ്, പ്രിൻസിപ്പൽ റൂം, ലൈബ്രറി തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ബഹുമാനപ്പെട്ട കുറ്റ്യാടി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന കുറ്റ്യാടി മണ്ഡലത്തിലെ സി.എം.ടി. യോഗത്തിൽ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. 2025 മാർച്ച് മാസത്തോടുകൂടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലേയ്ക്കുള്ള വർക്ക് ചാർട്ട് തയ്യാറാക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ 2025 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതിന് കരാറുകാരനിൽനിന്ന് ഉറപ്പ് വാങ്ങിയിട്ടുണ്ട്.

**കാഞ്ഞിരപ്പള്ളി റ്റി.ബി.-ക്ക് പുതിയ കെട്ടിടം**

77 (1299) <u>ഡോ. എൻ. ജയരാജ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി റ്റി.ബി.-യുടെ നിലവിലെ പഴയ കെട്ടിടത്തിന് പകരം ആധുനിക നിലവാരത്തിൽ കൂടുതൽ മുറികളോടെ പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയാറാക്കിയിട്ടുണ്ടോയെന്നും എസ്റ്റിമേറ്റ് തുക എത്രയെന്നും അറിയിക്കാമോ; എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് ഭരണാനുമതി നല്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ-സി) കാഞ്ഞിരപ്പള്ളി റസ്റ്റ്ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച

വരുന്നു. പൊതുമരാമത്ത് ആർക്കിടെക്ട് വിഭാഗം തയ്യാറാക്കിയ ആർക്കിടെക്ചറൽ പ്ലാനും എസ്റ്റിമേറ്റും അനുബന്ധമായി ചേർക്കുന്നു. +

**കുണ്ടറ മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ**

78 (1300) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

കുണ്ടറ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) മുക്കോട് യു.പി. സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണം - മുക്കോട് യു.പി. സ്കൂളിൽ പുതിയ കെട്ടിടത്തിന് 19-01-2024 ലെ G.O. (Rt) No. 527/2024/GEDN ഉത്തരവ് പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയുമുണ്ടായി. AR ഡ്രോയിംഗ് തയ്യാറാക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Requirement ലഭിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ 21-05-2024-ന് സ്കൂൾ ഹെഡ്മിസ്ട്രസിന് കത്ത് നൽകി. 04-05-2024-ന് BSK/D2/10575 കത്ത് പ്രകാരം നിലവിലെ കെട്ടിടം അടിയന്തരമായി പൊളിച്ചുനീക്കാൻ നടപടികൾ സ്വീകരിക്കാൻ സ്കൂൾ അധികൃതർക്ക് നിർദേശവും നൽകിയിട്ടുണ്ട്.

(2) ഗവ. യു.പി.എസ്. നല്ലില - രണ്ടുനില കെട്ടിടത്തിന്റെ നിർമ്മാണം - 10-03-2024-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 334/2024/പൊതുമരാമത്ത് വകുപ്പ് പ്രകാരം 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(3) ഗവ. എച്ച്.എസ്.എസ്. പെരിനാട് സ്കൂളിന്റെ കെട്ടിട നിർമ്മാണം- 21-03-2022 - ലെ സ.ഉ (സാധാ) നം. 1876/2022/പൊവിവ. പ്രകാരം 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു.

(4) പേരൂർ മീനാക്ഷി വിലാസം ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയം നിർമ്മാണം-08-03-2023-ലെ ഡി4 349/2023

എൽ.എ.സി.-എ.ഡി.എസ്. പ്രകാരം 35 ലക്ഷത്തിന് ഭരണാനുമതി നൽകുകയുണ്ടായി. നിലവിൽ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബാലുശ്ശേരി മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ**

79 (1301) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളുള്ള ബാലുശ്ശേരി മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ വിനോദസഞ്ചാരികൾക്കുകൂടി ആകർഷകമാകുന്ന രീതിയിൽ പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് തയ്യാറാക്കിയ ഡി.പി.ആർ. പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കാവശ്ശേരി പത്തനാപുരം പാലം നിർമ്മാണം**

80 (1302) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22-ലെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ കാവശ്ശേരി-പത്തനാപുരം പാലം നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കാവശ്ശേരി-പത്തനാപുരം പാലം നിർമ്മാണ പ്രവൃത്തി പുരോഗതിയിലാണ്. പിയറുകളുടെ ഫൗണ്ടേഷൻ പ്രവൃത്തികൾ നടക്കുന്നു. 2025 ജൂൺ 28-ന് പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് കരാർ വ്യവസ്ഥ.

**പറക്കുന്നം പാലം നിർമ്മാണം**

81 (1304) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന കേരള റോഡ് ഫണ്ട് ബോർഡിനെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയ ആലത്തൂർ -

പറക്കുന്നം പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ആലത്തൂർ പറക്കുന്നം പാലത്തിന് 10-07-2017-ലെ G.O.(Rt) No.942/2017/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പദ്ധതി രേഖ സാമ്പത്തിക അനുമതിയ്ക്കായി 07-02-2020-ൽ കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയിൽ നിന്ന് 18-10-2023-ൽ PWD 015-100/APR-1/2023/KIIFB ഉത്തരവ് പ്രകാരം 14.53 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടുമുണ്ട്. സ്ഥലം ഏറ്റെടുപ്പ് നടപടികൾ ആരംഭിക്കുന്നതിനുവേണ്ടി റവന്യൂ ഉത്തരവ് ലഭിക്കുന്നതിനായി 21-01-2024-ലെ PDKRFB -PLKD/3/2024-PE7 നമ്പർ കത്ത് പ്രകാരം റിക്വിസിഷൻ ഫോം പ്രോജക്ട് ഡയറക്ടർ, പി.എം.യു.-കെ.ആർ.എഫ്.ബി. സമർപ്പിച്ചിട്ടുള്ളത് നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

**കടലുണ്ടിക്കടവ് പാലം നിർമ്മാണം**

82 (1305) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന്, ബേപ്പൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കടലുണ്ടിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അഡ്മിനിട്രേറ്റീവ് സാങ്ഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ബേപ്പൂർ-വള്ളിക്കുന്ന് നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കടലുണ്ടിക്കടവ് പാലം നവീകരിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം**

83 (1306) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ 2015-ൽ 16.90 കോടി രൂപയ്ക്ക് ഭരണാനുമതിയും പാലത്തിന്റെ ഡിസൈനിൽ വ്യത്യാസം വന്നതിനാൽ 2018-ൽ 24.46 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും നൽകിയതും കഴിഞ്ഞ 10 മാസമായി ജി.എസ്.ടി. പ്രശ്നത്താൽ നിർത്തിവച്ചിരിക്കുന്നതുമായ വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; നിർമ്മാണം എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. GST അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണത്തിനായി ബ്രിഡ്ജസ് വിഭാഗം ചീഫ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് നിലവിൽ നികുതി വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; സ്ഥലമെടുപ്പ് പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് ചെയ്യേണ്ടതെന്ന് വിശദമാക്കാമോ?

പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു. സ്ഥലമേറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള റവന്യൂ ഓർഡറിലും ഭൂമി ഏറ്റെടുക്കുന്നതിനായി സമർപ്പിച്ച റിക്വിസിഷനിലും ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ സർവേ നമ്പരുകളുമായി വ്യത്യാസമുണ്ടെന്ന് തഹസിൽദാർ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് റിക്വിസിഷൻ പുനർസമർപ്പിച്ചിട്ടുള്ളത് നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

**നേരേകടവ്-മാക്കേകടവ് പാലത്തിന്റെ നിർമ്മാണം**

84 (1307) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, ആലപ്പുഴ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നേരേകടവ്-മാക്കേക്കടവ് പാലത്തിന്റെ നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ടോ;

നിർമ്മാണം പൂർത്തിയാക്കി എന്നത്തേയ്ക്ക് ഗതാഗതത്തിനായി തുറന്ന് കൊടുക്കുവാൻ സാധിക്കും; പ്രസ്തുത നിർമ്മാണം മുടങ്ങാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

പാലത്തിന്റെ നിർമ്മാണത്തിനായി M/s. ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, കടവന്ത്ര, കൊച്ചി എന്ന സ്ഥാപനം 16-06-2016-ൽ കരാർ ഉടമ്പടി ഒപ്പുവെച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതാണ്. പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 24 മാസം ആയിരുന്നു. ഹൈക്കോടതിയിൽ സ്ഥലമുടമകൾ ഫയൽ ചെയ്ത കേസുകൾ കാരണം സ്ഥലമെടുപ്പ് നടപടികൾ വൈകിയതിനാൽ കരാറുകാരന് നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. അപ്രോച്ച് റോഡിന് ആവശ്യമായ ഭൂമി സ്ഥലമെടുപ്പ് സംബന്ധമായ നടപടികൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പിൽനിന്നും 10-06-2022-ലാണ് പൊതുമരാമത്ത് വകുപ്പിന് ലഭ്യമായത്. പ്രവൃത്തിക്കായി ഭൂമി വിട്ടുനൽകുന്നതിന് കാലതാമസമുണ്ടായതിനാൽ പ്രവൃത്തി തുടർന്ന് ചെയ്യുന്നതിനായി അവശേഷിക്കുന്ന പ്രവൃത്തിക്ക് റേറ്റ് റിവിഷൻ നൽകണമെന്ന് കരാറുകാരൻ

അഭ്യർത്ഥിച്ചിരുന്നു. അതിൻപ്രകാരം അവശേഷിക്കുന്ന പ്രവൃത്തികൾ നിലവിലുള്ള കരാറുകാരൻ മുഖേന പൂർത്തീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും 01-03-2024-ലെ സ.ഉ. (കൈ)നം.14/2024/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം നിലവിലെ കരാറുകാരനെക്കൊണ്ട് ശേഷിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തു. അതിൻപ്രകാരം പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 04-09-2025 വരെ ദീർഘിപ്പിച്ച് നൽകുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിർമ്മാണം മുടങ്ങിയതുമൂലം സർക്കാരിനുണ്ടായ അധിക ബാധ്യത എത്ര രൂപയാണെന്നും അതിന് കാരണക്കാർ ആരെല്ലാമാണെന്നും അവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

98.09 കോടി രൂപ (4.30 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പെടെ) ഭരണാനുമതി ലഭിച്ചിരുന്ന പദ്ധതി കരാർ കമ്പനിയായ M/s. ചെറിയാൻ

വർക്കി കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, കടവന്ത്ര, കൊച്ചി എന്ന സ്ഥാപനം 78.4 കോടി രൂപയ്ക്കാണ് കരാർ ഏറ്റെടുത്തിരുന്നത്. സ്ഥലമെടുപ്പ് സംബന്ധമായ പ്രശ്നങ്ങളെ തുടർന്ന് പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നപ്പോൾ 50.48 കോടി രൂപയുടെ പ്രവൃത്തി കരാറുകാരൻ പൂർത്തീകരിച്ചിരുന്നു. ബാലൻസ് പ്രവൃത്തികൾക്ക് 01-03-2024-ലെ സ.ഉ(കൈ)നം. 14/2024/പൊ.മ.വ. ഉത്തരവ് പ്രകാരം 42,87,39,520/-രൂപയ്ക്ക് (നാൽപത്തിരണ്ട് കോടി എൺപത്തിയേഴ് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത് രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് ഭരണാനുമതി തുകയിൽ ഉൾക്കൊള്ളുന്നതാണ്. ഹൈക്കോടതിയിൽ സ്ഥലമുടമകൾ ഫയൽ ചെയ്ത കേസുകൾ കാരണം സ്ഥലമെടുപ്പ് നടപടികൾ വൈകിയതിനാലാണ് നിർമ്മാണം മുടങ്ങിയത്.

**കൊട്ടുന്താർ മേൽപ്പാടം പാലത്തിന്റെ നിർമ്മാണം**

85 (1308) ശ്രീ രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ വിഭാവനം ചെയ്തിട്ടുള്ള കൊടുന്താർ-മേൽപ്പാടം പാലത്തിന്റെ നിർമ്മാണ നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് നിലവിലുള്ള തടസ്സമെന്താണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെ.ആർ.എഫ്.ബി.-പി.എം.യു. നിർവ്വഹണ ഏജൻസി ആയിട്ടുള്ള ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പള്ളിപ്പാട്-കൊടുന്താർ മേൽപ്പാടം പാലം പ്രവൃത്തിക്കായി 10-07-2017-ലെ സ.ഉ.(സാധാ) നം.942/2017/പൊ.മ.വ. ഉത്തരവ് പ്രകാരം 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി 70.71 കോടി രൂപയുടെ ഡി.പി.ആർ., സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെടുത്തി 01-02-2024 തീയതിയിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. 13-03-2024-ലെ Order No.PWD016-29/PE-19-PAD/2024/KIIFB പ്രകാരം ഭൂമിയേറ്റെടുക്കൽ പ്രവൃത്തികൾക്ക് മാത്രമായി

1.39 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനായുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടർന്ന് പാലത്തിന്റെ ഡിസൈനാവശ്യമായ എൻ.ഒ.സി. (NOC) ലഭിക്കുന്നതിനായി ഇൻലാൻഡ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ് ചീഫ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.

**തുരുത്തിമുക്ക്-കരിയാട് പാലം നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി**

86 (1309) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം-കൂത്തുപറമ്പ് മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക്-കരിയാട് പാലത്തിന്റെ നിർമ്മാണം നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം നിലവിൽ എത്ര ശതമാനം പൂർത്തികരിച്ചിട്ടുണ്ടെന്നും യു.എൽ.സി.സി. പാലം നിർമ്മാണം നിർത്തിവച്ചതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ;

(സി) പാലം നിർമ്മാണത്തിനാവശ്യമായ അധിക തുക വകയിരുത്താൻ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പാലം പണി എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-ഡി) കണ്ണൂർ ജില്ലയിലെ കിടഞ്ഞി തുരുത്തിമുക്ക് പാലത്തിന് 31-10-2016-ലെ സ.ഉ(സാധാ) നം.1496/2016/പൊ.മ.വ. പ്രകാരം തത്വത്തിൽ 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 16-03-2019-ൽ കിഫ്ബിയിൽനിന്നും 11.791 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ടായിരുന്നു. 25-10-2019-ൽ 12.98 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയ ശേഷം പ്രവൃത്തി ടെൻഡർ ചെയ്തു. തുടർന്ന് M/s. ULCCS Pvt. Ltd. ന് 12.32 കോടി രൂപയ്ക്ക് കരാർ നൽകി. പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകിയതുകാരണം പ്രവൃത്തി വൈകിയതിനെ തുടർന്ന് കരാറുകാരൻ Price Escalation ആവശ്യപ്പെടുകയും ആയത് അംഗീകരിക്കാനാകാത്തതിനാൽ പ്രവൃത്തി foreclose ചെയ്യുകയും

ബാലൻസ് പ്രവൃത്തി ടെൻഡർ ചെയ്യുകയുമാണുണ്ടായത്. പാലത്തിന്റെ നിർമ്മാണം നിലവിൽ 7% ആണ് പൂർത്തീകരിച്ചിട്ടുള്ളത്. നിലവിൽ അപ്രോച്ച് റോഡുകളുടെ സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ബാലൻസ് എസ്റ്റിമേറ്റിന് 08-05-2023-ൽ 14.8 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തു. മൂന്ന് തവണ പ്രവൃത്തി ടെൻഡർ ചെയ്യുകയുണ്ടായി. ആദ്യത്തെ ടെൻഡർ സിംഗിൾ ബിഡ് ആയതിനാൽ റീ ടെൻഡർ ചെയ്തു. രണ്ടാമത്തെ ടെൻഡറിൽ പങ്കെടുത്തിരുന്ന ULCCS ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ 45-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ നിർദേശപ്രകാരം റീ ടെൻഡർ ചെയ്തു. തുടർന്ന് മൂന്നാമത്തെ ടെൻഡറിൽ പങ്കെടുത്ത ULCCS ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കാൻ 47-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റി തീരുമാനിച്ചു. 21-11-2023-ൽ ടെൻഡർ അംഗീകരിക്കുന്നതിനായി പ്രോജക്ട് ഡയറക്ടർ പി.എം.യു.-കെ.ആർ.എഫ്.ബി. പ്രൊപ്പോസൽ സമർപ്പിക്കുകയും 04-04-2024-ൽ

എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് വീണ്ടും ടെൻഡർ ചെയ്യാനുള്ള നിർദേശം പി.എം.യു-കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടർക്ക് നൽകുകയുമുണ്ടായി. അതുപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി ടെൻഡർ ചെയ്ത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**പുതുക്കാട് മണ്ഡലത്തിലെ വിവിധ പാലം നിർമ്മാണ പ്രവൃത്തികൾ**

87 (1310) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കാരിക്കുളം കടവ് പാലം, മുപ്ലിയം പാലം, ചക്കാലക്കടവ് പാലം, പാലക്കടവ് പാലം എന്നിവയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനും പുതുക്കിയ ഡിസൈനിന് അംഗീകാരം നൽകുന്നതുമുൾപ്പെടെയുള്ള

നടപടികൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) **കാരിക്കുളംകടവ് പാലം** - കാരിക്കുളം കടവ് പാലം നിർമ്മാണത്തിനായി 1139 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പുതുക്കിയ ടെന്റേറ്റീവ് ജനറൽ ഡിസൈൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽനിന്ന് തയ്യാറാക്കി നൽകിയിട്ടുണ്ട്.

**മുപ്ലിയം പാലം** - മുപ്ലിയം പാലം നിലവിൽ ബലക്ഷയമില്ലാത്തതും ഗതാഗതയോഗ്യവുമാണ്. ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽനിന്ന് തയ്യാറാക്കി നൽകിയിട്ടുണ്ട്.

**ചക്കാലക്കടവ് പാലം**- ചക്കാലക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 31-03-2023-ലെ സ.ഉ.(സാധാ) നം.441/2023/പൊ.മ.വ പ്രകാരം 12.10 കോടി രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ട്. അന്തിമമാക്കിയ ജനറൽ ഡിസൈൻ ഡ്രോയിംഗ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽനിന്ന് തയ്യാറാക്കി നൽകിയിട്ടുണ്ട്.

**പാലക്കടവ് പാലം** - പാലക്കടവ് പാലം നിർമ്മാണത്തിനായി 730 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുമായി ബന്ധപ്പെട്ട ചില വിഷയങ്ങളിൽ സ്പഷ്ടീകരണം ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽനിന്ന് തയ്യാറാക്കി നൽകിയിട്ടുണ്ട്.

(സി) പാലങ്ങളുടെയും കെട്ടിടങ്ങളുടെയും ഡിസൈൻ തയ്യാറാക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനുമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ഡിസൈൻ വിംഗിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രവൃത്തികളുടെ മുൻഗണന (AS accorded, budget provision, reconstruction) അനുസരിച്ച് സമയബന്ധിതമായി ഡിസൈൻ പ്രവൃത്തികൾ പൂർത്തീകരിച്ച് നൽകുന്നതിന് കർശന നിർദേശം നൽകിയിട്ടുണ്ട്.

സമയബന്ധിതമായി ഡിസൈൻ പൂർത്തീകരിക്കുന്നതിനാവശ്യമായ റിവ്യൂ മീറ്റിംഗുകൾ നടത്തി ഡിസൈൻ പുരോഗതി വിലയിരുത്തുന്നുണ്ട്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ ഇരുമ്പോത്തിങ്ങൽ പാലം നിർമ്മാണം**

88 (1311) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കൂട്ടുമൂച്ചി-ഇരുമ്പോത്തിങ്ങൽ-അത്താണിക്കൽ റോഡിലെ ചാലിക്കൽ തോടിന് കുറുകെയുള്ള ഇരുമ്പോത്തിങ്ങൽ പാലം പുതുക്കി പണിയുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ചീഫ് ടെക്നിക്കൽ എക്സാമിനർ പ്രസ്തുത സ്ഥലം സന്ദർശനം നടത്തി പാലത്തിന്റെ ആവശ്യകത സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകിയിട്ടും ധനകാര്യ വകുപ്പ് തുക അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ കൂട്ടുമൂച്ചി-അത്താണിക്കൽ-ഇരുമ്പോത്തിങ്ങൽ റോഡിലെ ചാലിക്കൽ തോടിന് കുറുകെയുള്ള

ഇരുമ്പോത്തിങ്ങൽ പാലം പുതുക്കി പണിയുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ബജറ്റ് പ്രൊവിഷൻ 100 രൂപ മാത്രമായതിനാൽ ചീഫ് എഞ്ചിനീയർ 24-02-2024-ൽ സമർപ്പിച്ച പ്രൊപ്പോസൽ ധനവകുപ്പിന്റെ നിർദേശ പ്രകാരം പരിഗണിക്കാൻ സാധിച്ചിട്ടില്ല.

(സി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ അനിവാര്യത ധനകാര്യ വകുപ്പിനെ ബോധ്യപ്പെടുത്തി ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷൻ പരിശോധിച്ച് എസ്റ്റിമേറ്റ് പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിക്കുമ്പോൾ ഫണ്ട് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

**കുരുത്തിക്കോട് പാലം നിർമ്മാണം**

89 (1312) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ കുരുത്തിക്കോട് പാലം നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കുരുത്തിക്കോട് പാലം നിലവിൽ 15% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിന്റെ അബട്ട്മെന്റിന്റെയും പിയറിന്റെയും ഫൂട്ടിംഗ് വർക്കുകൾ പൂർത്തിയായി പിയർവാൾ, പിയർഹെഡ് എന്നിവയുടെ ജോലികൾ പുരോഗമിക്കുന്നു. കരാർ വ്യവസ്ഥകൾ പ്രകാരം 16-04-2025-നാണ് പൂർത്തീകരിക്കേണ്ടത്.

**വൈക്കം മണ്ഡലത്തിലെ ചെമ്പ് വാലേൽ പാലം നിർമ്മാണം**

90 (1313) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ ചെമ്പ് വാലേൽ പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ നിർമ്മാണത്തിന് ഭ്രൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി അറിയിക്കുമോ?

(എ-സി) വൈക്കം മണ്ഡലത്തിലെ ചെമ്പ് വാലേൽ പാലത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി സാമൂഹിക ആഘാത പഠനത്തിനുള്ള വിദഗ്ധ സമിതി 16-03-2024-ൽ രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ട് 31-05-2024-ൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**പൊതുവായിൽ പാലം, കണ്ണമംഗലം ഷാപ്പ് പാലം എസ്റ്റിമേറ്റ് തുക**

91 (1314) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം, കോങ്ങാട് നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അമ്പലപ്പാറ-മണ്ണൂർ പൊതുമരാമത്ത് വകുപ്പ് റോഡിൽ പൊതുവായിൽ പാലം, കണ്ണമംഗലം ഷാപ്പ് പാലം എന്നീ രണ്ട് പാലങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ള എസ്റ്റിമേറ്റ് തുക എത്രയാണ്; എന്നാണ് തുക അനുവദിച്ച് ഉത്തരവായത്;

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ& ബി) പൊതുവായിൽ പാലം & കണ്ണമംഗലം പാലം

പൊതുവായിൽ പാലം നിർമ്മാണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. കണ്ണമംഗലം ഷാപ്പ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് TGD ലഭ്യമായ ശേഷം GAD ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കും.

**ഇളവൂർ പാലം നിർമ്മാണം**

92 (1315) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കെ.ആർ.എഫ്.ബി. നിർവഹണ ഏജൻസിയായിട്ടുള്ള ഇളവൂർ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്നതും കെ.ആർ.എഫ്.ബി. നിർവഹണ ഏജൻസിയായിട്ടുള്ളതുമായ പാലം പ്രവൃത്തിയാണ് ഇളവൂർ പാലം നിർമ്മാണം. പ്രസ്തുത പ്രവൃത്തിക്കായി 10-07-2017-ലെ സ.ഉ.(സാധാ) നം.942/2017/പൊ.മ.വ. പ്രകാരം 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 12-01-2020-ൽ കിഫ്ബിയിൽനിന്നും 9.58 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 6.61 കോടി രൂപയുടെ സാങ്കേതികാനുമതി 19-01-2023-ൽ നൽകിയിട്ടുമുണ്ട്. പ്രവൃത്തി DSoR 2016 പ്രകാരം രണ്ടുക്ക തവണ ടെൻഡർ ചെയ്യുകയും DSoR 2018 പ്രകാരം എട്ട് പ്രാവശ്യം ടെൻഡർ ചെയ്യുകയും ചെയ്തു. ആദ്യത്തെ ആറ് ടെൻഡറുകളിൽ ആരുംതന്നെ പങ്കെടുത്തിട്ടില്ല. ഏഴാമത്തെ ടെൻഡറിൽ സിംഗിൾ ബിഡ്ഡായിരുന്നു ലഭിച്ചത്. എന്നാൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27.34% അധികമായിരുന്നതിനാൽ 07-06-2024 തീയതിയിൽ കൂടിയ ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ നിർദേശപ്രകാരം 06-07-2023-ൽ പ്രവൃത്തി റീ-ടെൻഡർ ചെയ്തു. സിംഗിൾ ബിഡ്ഡാണ് ലഭിച്ചത്. കരാറുകാരൻ ക്വാട്ട്

ചെയ്ത തുക എസ്റ്റിമേറ്റ് പി.എ.സി. തുകയേക്കാൾ 40.61% അധികമായതിനാൽ 25-08-2023-ൽ നടന്ന 46-ാം ടെൻഡർ അപ്രൂവൽ കമ്മിറ്റി ടെൻഡർ അംഗീകരിക്കുന്ന വിഷയത്തിൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കാൻ നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ഡയറക്ടർ പി.എം.യു.-കെ.ആർ.എഫ്.ബി. സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കാട്ടിൽ കടവ് പാലം നിർമ്മാണം**

93 (1316) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച കാട്ടിൽ കടവ് പാലത്തിന് ഭരണാനുമതി ലഭിച്ചതെന്നെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

കരുനാഗപ്പള്ളി മണ്ഡലത്തിലെ കാട്ടിൽകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 10-07-2017-ലെ സ.ഉ(സാധാ) നം.942/2017/പൊ.മ.വ. ഉത്തരവ് പ്രകാരം 20 കോടി രൂപയുള്ള തത്വത്തിലുള്ള ഭരണാനുമതി

നൽകിയിട്ടുണ്ടായിരുന്നു. 16-09-2019-ൽ കിഫ്ബിയിൽനിന്നും ഭൂമി ഏറ്റെടുപ്പിനുൾപ്പെടെ 30.89 കോടി രൂപയുടെ സാമ്പത്തികാനുമതിയും തുടർന്ന് 05-04-2023-ൽ 44.89 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്.

(ബി) കാട്ടിൽ കടവ് പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) എത്രയുംവേഗം സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; കാലതാമസം കൂടാതെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി-ഡി) 330 മീ. നീളവും 11.0 മീ. വീതിയുമുള്ള പാലവും അനുബന്ധ അപ്രോച്ച് റോഡ് നിർമ്മാണവുമാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രവൃത്തിക്കായി 44.89 കോടി രൂപയ്ക്കുള്ള സാങ്കേതികാനുമതി 15-11-2023-ൽ നൽകിയിട്ടുള്ളതാണ്. പ്രവൃത്തി 16-06-2023-ൽ ടെൻഡർ ചെയ്തിരുന്നു.

സിംഗിൾ ബിഡ്ഡായതിനാൽ നിലവിൽ പ്രവൃത്തി റീ-ടെൻഡർ ചെയ്യേണ്ടതുണ്ട്. അതിനായി പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റിന്റെ (PED) അംഗീകാരം കിഫ്ബിയിൽനിന്നും ലഭ്യമാക്കുന്നതിനായി 18-11-2023-ൽ സമർപ്പിച്ചിരുന്നു. തിരുത്തലുകൾ വരുത്തുന്നതിനായി 28-02-2024-ൽ കിഫ്ബിയിൽനിന്നും തിരികെ നൽകിയ PED തയ്യാറാക്കുന്നതിനായി Consultancy-കളായ NATPAC/Rites എന്നിവരോട് ആവശ്യപ്പെട്ടിരുന്നു. PED തയ്യാറാക്കുന്നതിന് NATPAC കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. PED അംഗീകാരം ലഭ്യമായാലുടൻ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ ചിറ്റുമൂല മേൽപ്പാലത്തിന്റെ നിർമ്മാണം**

94 (1317) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച ചിറ്റുമൂല മേൽപ്പാലത്തിന് ഭരണാനുമതി ലഭിച്ചതെന്നാണെന്നും തുക എത്രയെന്നും വ്യക്തമാക്കാമോ?

കരുനാഗപ്പള്ളി മണ്ഡലത്തിലെ പുതിയകാവ് ചക്കുവള്ളി (ചിറ്റുമൂല) റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി 10-07-2017-ലെ സ.ഉ. (സാധാ)നം.942/2017/പൊ.മ.വ. പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

പുതിയകാവ് ചക്കുവള്ളി (ചിറ്റുമൂല) റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി 29-01-2024-ന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത മേൽപാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് DSoR 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ പഴയ എസ്റ്റിമേറ്റിനേക്കാൾ 10 ശതമാനത്തിൽ കൂടുതലായതിനാൽ കിഫ്ബിയുടെ ഫിനാൻഷ്യൽ അനുമതി ആവശ്യമായി വന്നു. അതിൻപ്രകാരം കിഫ്ബിയുടെ അനുമതിക്കായി 02-02-2024-ന് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. തുടർന്ന് 04-04-2024-ന് കിഫ്ബി എസ്റ്റിമേറ്റിൽ ചില വ്യക്തതകൾ ആവശ്യപ്പെടുകയും അതിനുള്ള മറുപടി 08-05-2024-ന് കിഫ്ബിയിൽ സർപ്പിച്ചിട്ടുമുണ്ട്. കിഫ്ബിയുടെ അനുമതി ലഭ്യമായാൽ ഉടൻതന്നെ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും.

**പള്ളാത്തുരുത്തി ഔട്ട് പോസ്റ്റ് പാലം നിർമ്മാണം**

95 (1318) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി. നിർവഹണ ഏജൻസിയായി നിർമ്മാണം നടത്തുന്ന പള്ളാത്തുരുത്തി ഔട്ട് പോസ്റ്റ് പാലം നിർമ്മാണത്തിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതും കെ.ആർ.എഫ്.ബി. നിർവഹണ ഏജൻസിയായിട്ടുള്ളതുമായ പള്ളാത്തുരുത്തി ഔട്ട് പോസ്റ്റ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് 31-10-2016-ലെ സ.ഉ(സാധാ)നം.1496/2016/പൊ.മ.വ. ഉത്തരവ് പ്രകാരം 42 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 17-01-2018-ലെ APR-1/30/2018/KIIFB ഉത്തരവ് പ്രകാരം 59.50 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ഈ ഭൂമിയിൽ കെട്ടിടങ്ങൾ ഉണ്ടോയെന്നും എങ്കിൽ എത്ര കെട്ടിടങ്ങളുണ്ടെന്നും ഇവയുടെ മൂല്യനിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കുവേണ്ടി 77.73 ആർ ഭൂമി ഏറ്റെടുക്കുന്നുണ്ട്. ഈ ഭൂമിയിൽ 18 കെട്ടിടങ്ങൾ ഉണ്ട്. ഭൂമിയുടെയും കെട്ടിടങ്ങളുടെയും മൂല്യനിർണ്ണയ നടപടികൾ പൂർത്തിയാക്കി നഷ്ടപരിഹാര തുകയായ 8.39 കോടി രൂപ

ഉടമസ്ഥർക്ക് നൽകിയിട്ടുള്ളതും കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

(സി) സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) ഡി.പി.ആർ. എന്നത്തേയ്ക്ക് തയ്യാറാക്കി പ്രവൃത്തി ടെൻഡർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

10-01-2024-ന് അമ്പലപ്പുഴ എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ കൂടിയ യോഗത്തിൽ പാലം നിർമ്മാണവും 1.25 കി.മീ അനുബന്ധ റോഡിന്റെ ഭൂമി ഏറ്റെടുക്കലും ഒന്നാം ഘട്ടമായി നടപ്പിലാക്കുന്നതിനും റോഡിന്റെ നിർമ്മാണം രണ്ടാം ഘട്ടമായി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിരുന്നു. തുടർന്ന് 05-04-2024-ന് പാലം പ്രവൃത്തിയുടെ അന്തിമ ഡിസൈൻ ഡ്രോയിംഗുകൾ ലഭ്യമാക്കുന്നതിന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമായ ശേഷം പുതുക്കിയ ഡി.പി.ആർ.

തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും.

**കണ്ണൂർ ജില്ലയിലെ കാവിൻ മുനമ്പ് പാലത്തിന്റെ സാങ്കേതികാനുമതി**

96 (1319) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ 76.79 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായതും കേരള റോഡ് ഫണ്ട് ബോർഡ് മുഖേന പ്രവൃത്തി ചെയ്യുന്നതുമായ കാവിൻ മുനമ്പ് പാലത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കാവിൻ മുനമ്പ് പാലത്തിന്റെ പ്രവൃത്തിക്ക് 31-10-2016-ലെ സ.ഉ(സാധാ)നം.1496/2016/പൊ.മ.വ ഉത്തരവ് പ്രകാരം 35 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 20-10-2023-ലെ PWD001-53/TE-4/2023/KIIFB ഓർഡർ പ്രകാരം

കിഫ്ബിയിൽനിന്നും 76.79 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം അഡ്വാൻസ് പൊസഷനായി പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ട്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷമുള്ള സർവേ നടപടികൾ പുരോഗമിക്കുന്നു. സാങ്കേതികാനുമതിക്കായി തയ്യാറാക്കിയ 72.89 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിലാണ്. സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം**

97 (1320) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ 2016-17 മുതൽ എത്ര റെയിൽവേ മേൽപ്പാലങ്ങൾക്ക് (ആർ.ഒ.ബി.) അനുമതി ലഭിച്ചിട്ടുണ്ടെന്നും ഓരോന്നിനും എത്ര രൂപ വീതം ഫണ്ട് അനുവദിച്ചുവെന്നും വിശദമാക്കാമോ?

മൂന്ന് റെയിൽവേ മേൽപ്പാലങ്ങൾക്ക് (ആർ.ഒ.ബി.) അനുമതി ലഭിച്ചിട്ടുണ്ട്.

<u>അനുവദിച്ച തുക</u>

1. ഇടവ റെയിൽവേ മേൽപ്പാലം - 35.69 കോടി രൂപ

2. പുന്നമൂട് റെയിൽവേ മേൽപ്പാലം - 37.16 കോടി രൂപ

3. വെങ്കുളം റെയിൽവേ മേൽപ്പാലം - 33.29 കോടി രൂപ

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**ഇടവ റെയിൽവേ മേൽപാലം**

തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിൽ ഇടവ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചു. 16-05-2017-ലെ കിഫ്ബി ഉത്തരവ് നം. APR-1/76/2017/KIIFB പ്രകാരം 25.23 കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചു. 04-02-2017-ലെ ജി.ഒ.(ആർ.റ്റി)നം. 132/2017/പൊ.മ.വ

സർക്കാർ ഉത്തരവ് പ്രകാരം 35.69 കോടിയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

പദ്ധതിക്കാവശ്യമായ 70.55 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുകയും സ്ഥലമേറ്റെടുക്കൽ നടപടിയുടെ ഭാഗമായ പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

ഇടവ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി കേസിൽ ഉൾപ്പെട്ടിട്ടില്ലാത്ത 51 പേരുടെ ഭൂമി ഏറ്റെടുത്ത് മുഴുവൻ പേരുടെയും അവാർഡ് പാസാക്കിയിട്ടുണ്ട്.

പദ്ധതിക്കെതിരെ സ്ഥല ഉടമകളായ സുശീലൻ മുതൽപേരായ 12 പേർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)28008/2020 നമ്പരായി കേസ് ഫയൽ ചെയ്യുകയും 12-02-2024-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത കേസിൽ തിരുവനന്തപുരം ജില്ലാ കളക്ടറോട് പരാതിക്കാരെ നേരിട്ട് കേട്ടതിനുശേഷം തീരുമാനമെടുക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. അതുപ്രകാരം 13-05-2024-ൽ നിലവിലുള്ള എൽ.എ. നടപടികളായി മുന്നോട്ട് പോകാൻ ജില്ലാ കളക്ടർ ഉത്തരവായി. എന്നാൽ 13-05-2024-ലെ കളക്ടറുടെ

ഉത്തരവിനെതിരെ ഗീത. എസ്.ആർ. മുതൽപേരായ 6 പേർ നൽകിയ WP(C)19439/2024 കേസിലെ 30-05-2024-ലെ ഇടക്കാല ഉത്തരവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 13-05-2024-ലെ കളക്ടറുടെ ഉത്തരവ് ഒരു മാസത്തേക്ക് സ്റ്റേ ചെയ്തിരിക്കുന്നതിനാൽ കേസിൽ ഉൾപ്പെട്ട കക്ഷികളുടെ ഭൂമി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. ഈ കേസിനെതിരെ ആർ.ബി.ഡി.സി.കെ. 04-06-2024-ൽ Statement of facts ഫയൽ ചെയ്യുകയും എത്രയും പെട്ടെന്ന് കേസിൽ അനുകൂല ഉത്തരവ് നേടിയെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സ്റ്റാൻഡിംഗ് കൗൺസിലിനോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

**പുന്നമൂട് റെയിൽവേ മേൽപാലം**

തിരുവനന്തപുരം ജില്ലയിലെ പുന്നമൂട് ആർ.ഒ.ബി. നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ. എസ്.പി.വി. ആയി നിയമിച്ചു. 13-01-2021-ലെ ജി.ഒ.(ആർ.റ്റി.) നം.46/2021/പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം 37.16 കോടിയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുകയും

20-03-2022-ലെ PWD-011-27/PE-6-PAD/2022/KIIFB നം. കിഫ്ബി ഉത്തരവ് പ്രകാരം 36.88 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. പദ്ധതിക്കാവശ്യമായ 47.60 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 4(1) വിജ്ഞാപനം 26-10-2023-ൽ പരസ്യപ്പെടുത്തുകയും സാമൂഹ്യാഘാത-പ്രത്യാഘാത പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**വെങ്കുളം ആർ.ഒ.ബി.**

തിരുവനന്തപുരം ജില്ലയിൽ വെങ്കുളം ആർ.ഒ.ബി. നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും 13-01-2021-ലെ സ.ഉ.(സാധാ)നം.46/2021/പൊ.മ.വ. ഉത്തരവ് പ്രകാരം 33.29 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി. 07-09-2021-ലെ കിഫ്ബി ഉത്തരവ് നം PWD-011-31/APR-2/2021/KIIFB പ്രകാരം 31.97 കോടി രൂപയ്ക്ക് അംഗീകാരം നൽകി. 10-11-2023-ൽ റെയിൽവേയിൽനിന്ന് ജി.എ.ഡി.-യുടെ അംഗീകാരം ലഭിച്ചു. പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ഭരണാനുമതി ഉത്തരവ്

നൽകുകയും 6(1) നോട്ടിഫിക്കേഷൻ 18-03-2024-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

**പള്ളിക്കമണ്ണടി-കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം**

98 (1321) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ആർ.എഫ്.ബി.-യുടെ നിർവഹണ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ പള്ളിക്കമണ്ണടി-കുമ്മല്ലൂർ പാലങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പള്ളിക്കമണ്ണടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ തുടർനടപടികളിന്മേലുള്ള കാലതാമസം ഒഴിവാക്കി എത്രയും വേഗം സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത പാലം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കെ.ആർ.എഫ്.ബി-പി.എം.യു. മുഖേന നടപ്പിലാക്കുന്ന പാലം പ്രവൃത്തിയാണ് പള്ളിക്കമണ്ണടി കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം. പ്രസ്തുത പ്രവൃത്തിക്കായി 10-07-2017-ലെ GO(Rt)No.942/2017/PWD പ്രകാരം 12 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു തുടർന്ന് 06-11-2020-ലെ GO(Rt)No.924/2020/PWD പ്രകാരം പദ്ധതിയുടെ പേര് കുമ്മല്ലൂർ പള്ളിക്കമണ്ണടി പാലം നിർമ്മാണം എന്ന് പുനർനാമകരണം ചെയ്ത് 15.70 കോടി രൂപയുടെ പുതുക്കിയ തത്വത്തിലുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. കിഫ്ബിയുടെ 20-10-2023-ലെ ഉത്തരവ് പ്രകാരം 12.57 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന നിർദേശപ്രകാരം 11.12 കോടി രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരുന്നു. ടി എസ്റ്റിമേറ്റ് 12-01-2024-ന് കൂടിയ 148-ാം ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും ഭേദഗതികൾ

നിർദേശിച്ച പ്രകാരമുള്ള തിരുത്തലുകൾ വരുത്തിയ എസ്റ്റിമേറ്റ് 28-02-2024-ന് കൂടിയ 153-ാം ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും ചെയ്തിരുന്നു. കമ്മിറ്റി നിർദേശങ്ങൾക്കനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 10.09 കോടി രൂപയുടെ എസ്റ്റിമേറ്റിന് 12-06-2024-ന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും TS ഫയൽ, പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) എന്നിവയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

**കടവ്പുഴ പാലം നിർമ്മാണം**

99 (1322) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ കടവ്പുഴ പാലം തകർന്നുപോയതുമൂലം ജനങ്ങൾ ദുരിതം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലം അടിയന്തരമായി പുനർനിർമ്മിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത പാലം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക അനുവദിച്ചോ; അറിയിക്കാമോ;

(സി) കടവ്പുഴ പാലത്തിന് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) ഉണ്ട്. കടവ്പുഴ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 3.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ബജറ്റ് 2023-24 Vol 2 Part2, Page No.86, Sl No.1313 പ്രകാരം 100 രൂപ ബജറ്റ് പ്രൊവിഷൻ ഉണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ മാത്രമാണുള്ളത്.

**മുനമ്പത്ത്കടവ് പാലം നിർമ്മാണം**

100 (1323) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന്, ബേപ്പൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്ത്കടവ് പാലം നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ശിപാർശകൾ അടങ്ങിയ പുതുക്കിയ പ്രൊപ്പോസൽ അനുമതിക്കായി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) വള്ളിക്കുന്ന്, ബേപ്പൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്ത്കടവ് പാലം നിർമ്മാണത്തിനായി മണ്ണ് പര്യവേഷണം പൂർത്തിയാക്കുകയും ഡിസൈൻ ഡ്രോയിംഗ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ശിപാർശ പ്രകാരമുള്ള 5.31 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

**കുറവിലങ്ങാട് പള്ളിയുടെ ഭാഗത്ത് സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം**

101 (1324) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് മാർത്ത് മറിയം ആർക്കി എപ്പിസ്ക്കോപ്പൽ ദേവാലയത്തിൽനിന്നും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം നടപ്പാക്കുന്നതിനെ സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ 19-01-2024-ന് പള്ളി അധികാരികളുമായി സംയുക്ത സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ ഡീറ്റെയിൽഡ് ഡ്രോയിങ്ങിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) കടുത്തുരുത്തി മണ്ഡലത്തിലെ കുറവിലങ്ങാട് മാർത്ത് മറിയം ആർക്കി എപ്പിസ്ക്കോപ്പൽ ദേവാലയത്തിൽനിന്നും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ്

നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 03-06-2024-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ള ഡ്രോയിങ്ങ് ഉൾപ്പെടെയുള്ള റിപ്പോർട്ട് (വിശദമായ ഡ്രോയിങ്ങ് ഉൾപ്പെടെ) പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത വിഷയത്തിന്മേൽ കോട്ടയം ജില്ലാ കളക്ടർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) പ്രസ്തുത സ്ഥലത്ത് റോഡ് മുറിച്ചുകടക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും കാൽനടയാത്രക്കാർക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണത്തിലൂടെ സാധിക്കുമെന്നതിനാൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് നിരത്ത് വിഭാഗം സർക്കാരിന്

സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ പൊതുമരാമത്ത് വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) എക്സിക്യൂട്ടീവ് എഞ്ചിനീയർ ശിപാർശ ചെയ്ത് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ റോഡ് സുരക്ഷ സംബന്ധിച്ച പരിശോധന നടത്തിവരുന്നു. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി**

102 (1325) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഓടനൂർ, എഴുത്തോംപാറ എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ പാലത്തിന് 31-10-2016-ലെ G.O(Rt)No.1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 16-09-2019-ലെ PWD001-12/APR-5/2019/KIIFB ഉത്തരവ് പ്രകാരം 5.96 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 5.8 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികളിലൂടെ 28-11-2020-ലെ എഗ്രിമെന്റ് നമ്പർ 29/PWD001-12/PD/PMU-KRFB/2020-21 പ്രകാരം M/s. മലബാർ ടെക് എന്ന കരാർ കമ്പനിയുമായി കരാർ ഉടമ്പടി ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ 19-07-2022-ലെ 287/PWD001-12/PD/PMU-KRFB/68B/PLKD/2018 ഉത്തരവ് പ്രകാരം കരാറുകാരനെ നഷ്ടോത്തരവാദിത്വമില്ലാതെ വർക്ക് ഫോർക്ളോസ് ചെയ്ത് ഒഴിവാക്കിയിരുന്നു. ബാലൻസ് പ്രവൃത്തിക്ക് 13-03-2024-ലെ PWD001-12/APR-1/2024/KIIFB ഉത്തരവ് പ്രകാരം 14.36 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ സാമ്പത്തികാനുമതി റിപ്പോർട്ടിലെ നിർദേശപ്രകാരം സാങ്കേതികാനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ

അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്. സാങ്കേതികാനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് പാലക്കാട് കെ.ആർ.ഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം നേടിയശേഷം ബാലൻസ് വർക്കിന് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

കോങ്ങാട് മണ്ഡലത്തിലെ ഓടനൂർ പാലത്തിന് 31-10-2016-ലെ G.O(Rt)No.1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 16-09-2019-ലെ PWD001-12/APR-5/2019/KIIFB ഉത്തരവ് പ്രകാരം 11.7 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചു. എന്നാൽ കിഫ്ബി അംഗീകരിച്ച സാമ്പത്തികാനുമതിയിൽ ലാൻഡ് അക്വിസിഷനുള്ള തുക ഉണ്ടായിരുന്നില്ല, ലാൻഡ് അക്വിസിഷനുള്ള തുക ഉൾപ്പെടുത്തി 13-03-2024-ലെ PWD001-12/APR-1/2024/KIIFB ഉത്തരവ് പ്രകാരം 16.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ

സാമ്പത്തികാനുമതി റിപ്പോർട്ടിലെ നിർദേശപ്രകാരം സാങ്കേതികാനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്. സാങ്കേതികാനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് പാലക്കാട് കെ.ആർ.ഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു.

**കൊടുങ്ങല്ലൂർ-പുല്ലൂറ്റ് സമാന്തര പാലം**

103 (1326) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കൊടുങ്ങല്ലൂർ കായലിന് കുറുകെ നിർമ്മാണാനുമതി ലഭിച്ച പുല്ലൂറ്റ് സമാന്തര പാലത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന് അനുമതി ലഭിച്ചത് എന്നാണെന്നും എത്ര തുകയാണ് അനുവദിച്ചതെന്നും അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) കൊടുങ്ങല്ലൂർ കായലിന് കുറുകെയുള്ള പുല്ലൂറ്റ് സമാന്തര പാലം നിർമ്മാണത്തിനായി 31-10-2016-ലെ GO (Rt) No. 1496/2016/PWD ഉത്തരവ് പ്രകാരം 30 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 21-08-2017-ലെ APR-1/ 76/2017/KIIFB ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ ഉൾപ്പെടെ 24.49 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. നിലവിൽ പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും നഷ്ടപരിഹാരത്തുകയായ 6.46 കോടി രൂപ 15-09-2023-ന് കിഫ്ബി അനുവദിച്ചത് റവന്യൂ വകുപ്പിന് കൈമാറുകയും 20-05-2024-ന് സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പാലം നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്നും വിശദമാക്കാമോ?

പ്രസ്തുത പാലത്തിന്റെ പുല്ലൂറ്റ് സൈഡിൽ നിലവിലെ റോഡുമായി യോജിക്കുന്ന ഭാഗത്ത് നാല് വീടുകൾ 1.25 സെന്റ് വീതം സ്ഥലത്ത്

സ്ഥിതിചെയ്യുന്നുണ്ട്. പാലത്തിന്റെ അലൈൻമെന്റ് കടന്നുപോകുന്നത് പ്രസ്തുത വീടുകളുടെ മുൻവശത്തുള്ള പുറമ്പോക്ക് ഭൂമിയിൽകൂടിയാണ്. ഇതുമൂലം ഈ വീടുകൾ പൂർണ്ണമായും ഏറ്റെടുക്കണമെന്ന് ആവശ്യം ഉയരുകയും ഇതിന് പരിഹാരം കാണുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗ്, കിഫ്ബി, കെ.ആർ.എഫ്.ബി. എന്നിവരുമായി 13-9-2022-ന് ഒരു സംയുക്ത സ്ഥലപരിശോധന നടത്തുകയും ചെയ്തു. എന്നാൽ പുല്ലറ്റ് സൈഡിൽ പാലം നിലവിലെ റോഡുമായി യോജിക്കുന്ന ഭാഗത്ത് ഒരു ബ്ലാക്ക് സ്പോട്ട് നിലനിൽക്കുന്നതിനാൽ അത് ഒഴിവാക്കുന്നതിനായി ഏകദേശം 300 മീറ്റർ കൂടി അധികം സ്ഥലമേറ്റെടുത്ത് curve നിവർത്താൻ തീരുമാനിച്ചു. ഈ 300 മീറ്റർ അധികസ്ഥലം പദ്ധതിയുടെ രണ്ടാം ഘട്ട സ്ഥലമേറ്റെടുപ്പിന്റെ ഭാഗമായി നടത്തണമെന്ന് ബഹു. എം.എൽ.എ. നിർദേശിക്കുകയുണ്ടായി. പാലം നിർമ്മാണത്തിനാവശ്യമായ IWAI ക്ലിയറൻസ് ലഭിക്കുന്നതിനുവേണ്ടി IWAI അധികൃതരുമായി 19-09-2023-ൽ സൈറ്റിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും IWAI അധികൃതരുടെ നിർദേശപ്രകാരം പാലത്തിന്റെ ഉയരം കുറച്ച് പുതുക്കിയ ഡ്രോയിംഗ് IWAI-ലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു.

12-06-2024-ന് IWAI clearance ലഭിച്ചിട്ടുണ്ട്. കൂടാതെ, പാലത്തിന്റെ ഉയരം കുറഞ്ഞതുകാരണം പാലത്തിന്റെ നീളം ഗണ്യമായി കുറയുകയും മേൽ സൂചിപ്പിച്ച വീടുകൾ ഉൾപ്പെടാതെയും ബ്ലാക്ക് സ്പോട്ട് ഒഴിവാക്കിയും നിലവിലെ റോഡുമായി ബന്ധിപ്പിക്കാൻ സാധിക്കുമെന്നതിനാൽ കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ട ആവശ്യം നിലവിലില്ല. എന്നാൽ പാലം പ്രവൃത്തി ആരംഭിക്കുന്നതിനായി CRZ ക്ലിയറൻസ് ലഭിക്കേണ്ടതുണ്ട്. CRZ ക്ലിയറൻസ് ലഭിക്കുന്നതിനായി KCZMA-ക്ക് 10 ലക്ഷം രൂപ അടയ്ക്കുകയും KCZMA ആവശ്യപ്പെട്ട പ്രകാരമുള്ള എല്ലാവിധ രേഖകളും 14-02-2023-ന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ 18-12-2023-ന് Rapid EIA റിപ്പോർട്ടുകൂടി സമർപ്പിക്കാൻ KCZMA ആവശ്യപ്പെട്ട പ്രകാരം Rapid EIA study നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. CRZ ക്ലിയറൻസ് ലഭിച്ചശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ**

104 (1327) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം നിരത്ത്, കെട്ടിടം, പാലം എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഫണ്ടുകൾ ഉപയോഗിച്ചാണ് നടപ്പിലാക്കുന്നതെന്നും എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള വിവരം ലഭ്യമാക്കാമോ?

(എ&ബി)

**നിരത്ത് വിഭാഗം**

നിരത്ത് വിഭാഗത്തിനുകീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

**കെട്ടിട വിഭാഗം**

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളും വിശദ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+.

**കെ.ആർ.എഫ്.ബി.– പി.എം.യു.**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി.-പി.എം.യു. നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ദേശീയപാത വിഭാഗം**

ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള കൊമ്മാടി-കളർക്കോട് റോഡിൽ നിലവിൽ രണ്ട് പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രവൃത്തിയുടെ പേര് -

(1) Traffic safety Work-Providing road safety measures from Kommady (Ch-408/000) to Kalarcode (Ch-416/000) in Alappuzha and Ambalapuzha LAC

(2) Urgent rectification work from Kommady (Ch- 408/000) to Kalarcode (Ch-416/000) in Alappuzha and Ambalapuzha LAC.

പ്രവൃത്തി (1) - ഭരണാനുമതി തുക - Rs 45 ലക്ഷം (Capital Plan/Traffic Safety Fund) നിലവിലെ സ്ഥിതി- 50% പ്രവർത്തി പൂർത്തീകരിച്ചു.

പ്രവൃത്തി (2) — ഭരണാനുമതി തുക - Rs 5.5 ലക്ഷം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(State OR) നിലവിലെ സ്ഥിതി-പ്രവൃത്തി തുടങ്ങി

**നിരത്ത് പരിപാലനം**

ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിരത്ത് പരിപാലനത്തിന് കീഴിൽ നടന്നുവരുന്ന പ്രവൃത്തിയുടെ എണ്ണം -1

General RM 2023-24-Cluster 1 -One Year Running Contract for various PWD roads under Roads Section Alappuzha zone -1 in Alappuzha - 2 road stretches for a total length of 2.10 km.

ഭരണാനുമതി നമ്പർ - GO(Rt)No.925/2023/PWD Dated 07/07/2023

തുക -31.30 ലക്ഷം. (Non Plan)

**കെ.ആർ.എഫ്.ബി.**

**ആലപ്പുഴ നഗര പാത വികസന പദ്ധതി**

07-03-2020-ലെ സർക്കാർ ഉത്തരവ് G.O.(Rt) No. 286/2020/PWD പ്രകാരം ആലപ്പുഴ നഗര പാത വികസന പദ്ധതി ഘട്ടം ഒന്നിന് 55.21 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിക്കായി 20-02-2021-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് നിരത്ത് വിഭാഗം, സൗത്ത്

സർക്കിൾ, തിരുവനന്തപുരം (നടപ്പിലാക്കുന്ന ഏജൻസി), ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഫണ്ടിംഗ് ഏജൻസി), Ms. Antech Construction Company (കോൺട്രാക്ടർ) തമ്മിൽ ത്രികക്ഷി ഉടമ്പടി വയ്ക്കുകയുണ്ടായി. ഈ പദ്ധതിക്ക് 08-06-2022-ലെ സർക്കാർ ഉത്തരവ് GO(Rt) No. 626/2022/PWD പ്രകാരം 59.678 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി നാളിതുവരെയായി 53.4116991 കോടി രൂപ Ms. Antech Construction Company-ക്ക് നൽകിയിട്ടുണ്ട്.

**മുപ്പാലം ജങ്ഷൻ**

27-11-2019-ലെ സർക്കാർ ഉത്തരവ് GO(Rt) No.1389/2019/PWD പ്രകാരം മുപ്പാലം ജങ്ഷൻ വികസനത്തിനായി 17.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിക്കായി 06-01-2021-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് (പാലങ്ങൾ), സൗത്ത് സർക്കിൾ, ആലപ്പുഴ (നടപ്പിലാക്കുന്ന ഏജൻസി); ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ.ആർ.എഫ്.ബി. (ഫണ്ടിംഗ് ഏജൻസി); M/s. PKK Constructions, മലപ്പുറം (contractor) എന്നിവർ തമ്മിൽ ത്രികക്ഷി ഉടമ്പടി വയ്ക്കുകയുണ്ടായി.

ഈ പദ്ധതിക്കായി നാളിതുവരെയായി 12.0141836 കോടി രൂപ M.s. PKK Constructions-ന് നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ രണ്ട് പദ്ധതികളും കേരള റോഡ് ഫണ്ട് ബോർഡിൽ നിക്ഷിപ്തമായ ഫണ്ട് (മോട്ടോർ വെഹിക്കിൾ ടാക്സിന്റെ 10%) ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്.

(സി) മറ്റ് വകുപ്പുകളുടെ പ്ലാൻ ഫണ്ടുപയോഗിച്ച് ഭരണാനുമതി ലഭിച്ചതും സാങ്കേതികാനുമതി ലഭ്യമാക്കാത്തതുമായ പ്രവൃത്തികളുടെ വിവരം ലഭ്യമാക്കാമോ; സാങ്കേതികാനുമതി ലഭ്യമാക്കാൻ കാലതാമസം നേരിടുന്നത് എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ഏറനാട് മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

105 (1328) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഏറനാട് മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

കെട്ടിട വിഭാഗം

1. NABARD RIDF-XXIII -Infrastructure works - Construction of a building for Vettilappara (upgraded as GHS Vettilappara ) in Malappuram District (12 class rooms)- GUPS - 200 Lakhs.

2. NABARD RIDF - XXIII - Infrastructure works - Construction of a new Academic Block (including 15 class rooms) for Govt. UPS Vadasseri - 200 Lakhs.

3. NABARD RIDF - XXIII - Infrastructure works - Construction of a building for GMUPS Perkamanna (upgraded as GHS Perakamanna) in Malappuram District -200 Lakhs.

4. NABARD RIDF - XXIII - Construction of the school building for GMUPS Thuvvakkad (Upgraded as GHS Pannippara) in Malappuram District – 200 Lakhs.

ഈ 4 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ പ്രവൃത്തിക്കും 200 ലക്ഷം രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്.

<u>നിരത്ത് വിഭാഗം</u>

തെരട്ടമ്മൽ-ഓടക്കയം-വെറ്റിലപ്പാറ റോഡ് പ്രവൃത്തി ഏറനാട് മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്

ഈ പ്രവൃത്തിയുടെ ഭരണാനുമതി തുക 1300 ലക്ഷം രൂപ.

(സി) നബാർഡ് ഫണ്ടിൽ ഏറനാട് മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തി പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഏറനാട് മണ്ഡലത്തിൽ കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡിൽ ചെയിനേജ് 55/000 മുതൽ 56/000 വരെയും 59/000 മുതൽ 60/00 വരെയും TRANCHE XXX (2024-25) Strengthening of KNG Road (SH 28) from Km.47/200 to Km. 50/200, Km.55/000 to 56/000 Km 59/000 to 60/000 and Km 80/750 to 87/500 – Balance work of DFIP under Manjeri, Eranad and Nilambur LAC in Malappuram District എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി നബാർഡ് ഫണ്ടിനായി പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**പോട്ട്ഹോൾ ഫ്രീ കേരള പദ്ധതി**

106 (1329) <u>ശ്രീ കടകംപള്ളി സുരേന്ദ്രൻ</u>:

<u>ശ്രീമതി യു. പ്രതിഭ</u>:

<u>ശ്രീ. പി. പി. സുമോദ്</u>:

<u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് റോഡുകളുടെ പരിപാലന രംഗത്ത് ആർജിക്കാൻ കഴിഞ്ഞിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ;

(ബി) പോട്ട്ഹോൾ ഫ്രീ കേരള പദ്ധതി വിശദീകരിക്കാമോ?

(എ&ബി) സംസ്ഥാനത്തെ റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് പോട്ട്ഹോൾ ഫ്രീ കേരള പദ്ധതി. റണ്ണിംഗ് കോൺട്രാക്ട്, OPBRC, DLP വിവരങ്ങൾ പ്രസിദ്ധപ്പെടുത്തൽ തുടങ്ങിയ പദ്ധതികളിലൂടെ പൊതുമരാമത്ത് റോഡുകൾ ഗതാഗതയോഗ്യമാക്കി നിലനിർത്തുന്നു. ഈ സർക്കാരിന്റെ കാലത്ത് റോഡുകളുടെ പരിപാലനം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നിരത്ത്/നിരത്ത് പരിപാലന വിഭാഗം വഴി ഒരു നൂതന കരാർ പദ്ധതിയായ റണ്ണിംഗ് കോൺട്രാക്ട് നടപ്പിലാക്കി. ഇതിൻപ്രകാരം പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള മറ്റ് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതോ പ്രവൃത്തികൾ പുരോഗമിക്കുന്നതോ ആയ റോഡുകൾ ഒഴിച്ച് ബാക്കി എല്ലാ റോഡുകളിലും റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തി

നടപ്പിലാക്കി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന റോഡ് പരിപാലനം നടത്തിവരുന്നു. ഇതുകൂടാതെ OPBRC പദ്ധതിയിൽ ഉൾപ്പെടുത്തി തിരഞ്ഞെടുക്കപ്പെട്ട റോഡുകളിൽ 7 വർഷക്കാലയളവിലുള്ള പരിപാലന പ്രവർത്തികളും നടന്നുവരുന്നു.

(സി) പരിപാലന കാലാവധി കഴിഞ്ഞ റോഡുകളുടെ സുരക്ഷയുടെയും അറ്റകുറ്റപ്പണികളുടേയും വിശദാംശം ലഭ്യമാക്കുമോ?

പരിപാലന കാലാവധി കഴിഞ്ഞ റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കി പരിപാലിച്ച് വരുന്നുണ്ട്.

(ഡി) ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് ലാബുകൾ റോഡ് നിർമ്മാണ സമയത്ത് എങ്ങനെയാണ് പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കാമോ?

റോഡ് പ്രവൃത്തികളുടെ ജി.എസ്.ബി., ഡബ്ല്യൂ.എം.എം. ഉൾപ്പെടെയുള്ള ഗ്രേഡിംഗ് സാമ്പിളുകൾ സൈറ്റിൽ ചെയ്യുന്ന മെറ്റീരിയൽ ശേഖരിച്ചുകൊണ്ട് അതിന്റെ രണ്ടാം ശ്രേണിയിൽ ഉൾപ്പെട്ട സീവ് അനാലിസിസ് ടെസ്റ്റിന്

വിധേയമാക്കി തുടർന്ന് പ്രവൃത്തിയുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിന് ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് വഴി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് കഴിയുന്നുണ്ട്. അതുപോലെതന്നെ ടാറിംഗ് പ്രവൃത്തിയുടെ ബി.എം.&ബി.സി., ക്ലോസ് ഗ്രേഡ്, ഡി.ബി.എം. എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഈ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെ സീവ് അനാലിസിസ് ടെസ്റ്റുകൾ ചെയ്ത് വിലയിരുത്താൻ സാധിക്കുന്നുണ്ട്. കൂടാതെ ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന ബിറ്റുമിന്റെ ഷെഡ്യൂളിൽ നിഷ്കർഷിക്കുന്ന അളവുകൾ സൈറ്റിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുള്ളത് ബിറ്റുമിൻ എക്സ്ട്രാക്ഷൻ ടെസ്റ്റുകൾ വഴി പരിശോധിക്കുന്നതിനും റോഡിന്റെ ഘനം കണ്ടെത്താൻ കോർ കട്ടർ, നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള സീവ് ഷെയ്ക്കർ, ഹോട്ട് എയർ ഓവൻ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വെള്ളം നിർമ്മാണത്തിന്റെ ഗുണനിലവാരത്തിൽ വളരെയധികം സ്വാധീനിക്കുന്നു എന്നത് മനസ്സിലാക്കി വാട്ടർ ക്വാളിറ്റി അനലൈസർ

സംവിധാനവും ഈ മൊബൈൽ ടെസ്റ്റിംഗ് ലാബിൽ സജ്ജമാണ്. ഇതിലൂടെ വെള്ളത്തിന്റെ pH, ക്ലോറൈഡ് അയോൺ സാന്ദ്രത മുതലായവ നിർണ്ണയിക്കാനാകും. സൈറ്റുകളിൽ പോയി സാമ്പിളുകൾ സ്വീകരിച്ച് വളരെ പെട്ടെന്നുതന്നെ ഗുണനിലവാര പരിശോധനാഫലം നൽകാൻ ഈ മൊബൈൽ ലാബിന് കഴിയുന്ന രീതിയിലാണ് സജ്ജമാക്കിയിട്ടുള്ളത്.

**ഉറിയാക്കോട് ജങ്ഷൻ വികസനം**

107 (1330) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച ഉറിയാക്കോട് ജങ്ഷൻ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) ഉറിയാക്കോട് ജങ്ഷൻ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ ഉടൻ സ്വീകരിക്കും.

**പേരാമ്പ്ര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

108 (1331) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ പേരാമ്പ്ര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണ്; പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**നിരത്ത് വിഭാഗം**

പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക, നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നിരത്ത് പരിപാലന വിഭാഗം**

2016 മുതൽ പേരാമ്പ്ര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു+.

**കെട്ടിട വിഭാഗം**

പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളും അവയുടെ എസ്റ്റിമേറ്റ് തുകയും പൂർത്തിയാക്കിയ പ്രവൃത്തികളും അനുബന്ധമായി ചേർക്കുന്നു+.

**കെ.ആർ.എഫ്.ബി.- പി.എം.യു.**

പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. പയ്യോളി-പേരാമ്പ്ര റോഡ്- 41,53,33,194 രൂപ, പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

II. പേരാമ്പ്ര -ചെറുവണ്ണൂർ -വടകര റോഡ് – 23,38,27,689 രൂപ, പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

III. മലയോരഹൈവേ-തൊട്ടിൽപ്പാലം തലയാട് റോഡ് പെരുവണ്ണാമൂഴി മുതൽ 28-ാം മൈൽ വരെ (5.5 കി.മി.-23,93,02,616 രൂപ- പ്രവൃത്തി നടന്നുവരുന്നു.)

IV. മലയോര ഹൈവേ-തൊട്ടിൽപ്പാലം തലയാട് റോഡ് മുള്ളൻകുന്ന് മുതൽ പെരുവണ്ണാമൂഴി വരെ-38.09 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

**ദേശീയപാത വിഭാഗം**

ദേശീയപാത വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു+.

**ആർ.ബി.ഡി.സി.കെ.**

2016 മുതൽ പേരാമ്പ്ര മണ്ഡലത്തിൽ ആർ.ബി.ഡി.സി.കെ. മുഖേന പേരാമ്പ്ര ബൈപ്പാസ് പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 18,58,54177/- (Excl. GST) ആണ്. ഈ പ്രവൃത്തി 30-04-2023-ന് പൂർത്തിയാക്കുകയും ഗതാഗതത്തിനായി തുറന്നുകൊടുക്കുകയും ചെയ്തു.

**പാലങ്ങൾ**

പാലങ്ങൾ വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**പുതുതായി നിർമ്മിച്ച പാലങ്ങൾക്ക് താഴെ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി**

109 (1332) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി നിർമ്മിച്ച പാലങ്ങളുടെ താഴെ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽനിന്നും ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഒന്നര ഏക്കറോളം സ്ഥലം പുറമ്പോക്കായുള്ള കുളിമാട് പാലത്തിന്റെ താഴെ പാർക്ക് സ്ഥാപിക്കുന്നതിന് നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് പാലങ്ങളുടെ അടിഭാഗം ഉപയോഗപ്പെടുത്തുന്ന പദ്ധതിയുടെ പൈലറ്റ് പ്രോജക്ടാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. പദ്ധതി സംസ്ഥാന വ്യാപകമാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. അന്തിമപട്ടിക തയ്യാറാക്കുമ്പോൾ കുളിമാട് പാലം ഉപയോഗപ്പെടുത്തുന്നതും പരിശോധിക്കാവുന്നതാണ്.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

110 (1333) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി മാന്വൽ അവലംബിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2015-ൽ ക്വാളിറ്റി മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ നിഷ്കർഷിക്കുന്നത് പ്രകാരമുള്ള 1st Tier, 2nd Tier എന്നീ ശ്രേണികളിലായുള്ള ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു. ഇതിൽ ഒന്നാംഘട്ട ഗുണനിലവാര പരിശോധനകൾ പ്രവൃത്തി നടക്കുന്ന സമയത്ത് അതത് നിർവഹണോദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. ഒന്നാംഘട്ട പരിശോധനയുടെയും രണ്ടാംഘട്ട പരിശോധനയുടെയും ഫലത്തിൽ വ്യത്യാസം വരുന്നപക്ഷം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാർഗനിർദേശത്തിൽ ഏതെങ്കിലും അംഗീകാരമുള്ള ലാബുവഴി തേർഡ് പാർട്ടി ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നതാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ

പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമായതിനാൽ കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇല്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം കൂടുതൽ ഉറപ്പുവരുത്തുന്നതിന് നവീനമായ സംവിധാനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. Mobile Quality Control Lab സൗകര്യം ലഭ്യമാക്കി അവശ്യ ഘട്ടങ്ങളിൽ പ്രവൃത്തി സൈറ്റിലെത്തി quality പരിശോധന നടത്തിവരുന്നു.

**ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

111 (1334) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഇതുവരെ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

ചാലക്കുടി നിയോജകമണ്ഡലത്തിൽ ഏഴ് പ്രവൃത്തികൾക്കാണ് നിലവിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്.

**1. ചാലക്കുടി – ആനമല റോഡ്**

ടി റോഡിന് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 27.96 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് 21.01 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി ടെൻഡർ ചെയ്യുകയും 21.01 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തു. നിലവിൽ റോഡിന്റെ ഓവർലേ നടത്തേണ്ട ഭാഗത്തുള്ള ബി.സി. പ്രവൃത്തി പൂർത്തീകരിച്ചു. 16 കിലോമീറ്റർ ഐറിഷ് ഡ്രെയിനിൽ 2 കിലോമീറ്റർ പൂർത്തീകരിച്ചു. അവസാന 10 കിലോമീറ്റർ സ്ട്രെച്ചിൽ 5.63 കി.മീ. എർത്ത് വർക്ക്, 5.63 കി.മീ. പൾവറൈസേഷൻ, 3.84 കി.മീ. ജി.എസ്.ബി., 2.50 കി.മീ. WMM എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

**2. മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ്**

ഈ പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി. 31.23 ലക്ഷം രൂപ സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെ 24.09 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും 30.17 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. 27.40 കോടി രൂപയ്ക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ 33% പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ പ്രവൃത്തിയിൽ അലംഭാവം കാണിച്ചതിനെത്തുടർന്ന് പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. ബാലൻസ് പ്രവൃത്തി ഉൾപ്പെടെ ഈ പ്രവൃത്തിക്ക് 38.39 കോടി കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകിയതിനെത്തുടർന്ന് ബാലൻസ് പ്രവൃത്തികൾ നിർവഹിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**3. മലയോര ഹൈവേ – വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ റോഡ്**

മലയോര ഹൈവേ റോഡ് പ്രവൃത്തികൾക്കായി 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 80.57 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 124.69 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും നൽകി. തുടർന്ന് 107.27 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുകയും ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഗുണഭോക്താക്കൾ സ്വമേധയാ വിട്ടുനൽകേണ്ട ഭൂമിയിലെ നിർമ്മിതികൾക്കുള്ള നഷ്ടപരിഹാരത്തുക നൽകുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**4. പൂവത്തിങ്കൽ – വെള്ളൂക്കര റോഡ്**

പ്രസ്തുത റോഡിന് 12 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 43.04 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

**5. ചാലക്കുടി – മോതിരക്കണ്ണി റോഡ്**

പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 30.56 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്. 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് അതിർത്തിക്കല്ലിടൽ നടപടി പുരോഗമിക്കുന്നു. ഈ പ്രവൃത്തികൾ തീരുന്ന മുറയ്ക്ക് 4(1) നോട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**6. പാറക്കുട്ടം പാലം**

പ്രസ്തുത പ്രവൃത്തിക്ക് 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 30.56 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. അതിർത്തിക്കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ച് RFCT LARR ACT 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**7. കാഞ്ഞിരപ്പിള്ളി – കുന്നപ്പിള്ളി പാലം**

പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതി നൽകി. സാമ്പത്തികാനുമതി ലഭിക്കുന്നതിനായി DPR കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഭരണാനുമതി റീവാലിഡേഷനുശേഷം DPR പുനർസമർപ്പിക്കുന്നതിനുള്ള നിർദേശം കിഫ്ബിയിൽനിന്ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിയുടെ റീവാലിഡേഷനുവേണ്ടിയുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത് പരിശോധനയിലാണ്.

(ബി) നിർമ്മാണം പൂർത്തീകരിച്ചവ ഏതൊക്കെയെന്ന് അറിയിക്കുമോ?

നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികൾ ഇല്ല.

(സി) പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും എത്ര ശതമാനം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

ചാലക്കുടി നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി ചാലക്കുടി-ആനമല റോഡാണ്. ഈ റോഡിന്റെ ഓവർലേ ഭാഗത്തുള്ള ബി.സി. പ്രവൃത്തികൾ പൂർത്തീകരിച്ചു. 16 കിലോമീറ്റർ ഐറിഷ് ഡ്രെയിനിൽ 2 കിലോമീറ്റർ പൂർത്തീകരിച്ചു. കൂടാതെ, അവസാന 10 കിലോമീറ്റർ സ്ട്രെച്ചിൽ 5.63 കി.മീ. എർത്ത് വർക്ക്, 5.63 കി.മീ.

പൾവറൈസേഷൻ, 3.84 കി.മീ. ജി.എസ്.ബി. 2.50 കി.മീ. WMM എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഏകദേശം 46% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) അന്തർസംസ്ഥാന പാതയായ ചാലക്കുടി-ആനമല റോഡ് നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഡി&ഇ) ചാലക്കുടി-ആനമല റോഡ് ഘോരവനത്തിലൂടെ കടന്നുപോകുന്നതും വീതി കുറഞ്ഞതുമായ റോഡാണ്. ഈ റോഡിന് 2 ലൈനായി ഗതാഗതം തിരിച്ചുവിടാനുള്ള വീതിയില്ലാത്തതിനാൽ റോഡ് പണി നടക്കുന്ന ഭാഗങ്ങളിൽ താത്കാലികമായി മാത്രം ബ്ലോക്ക് ചെയ്താണ് പ്രവൃത്തി നടക്കുന്നത്. എന്നാൽ പലപ്പോഴും ആളുകൾ പ്രവൃത്തി നടക്കുന്ന റോഡിൽക്കൂടി അനുവാദം കൂടാതെ വാഹനം കൊണ്ടുപോകുന്നതിനാൽ പലസമയത്തും പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായും വന്നിട്ടുണ്ട്. നീട്ടി നൽകിയ

കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരോട് നിർദേശിച്ചിട്ടുമുണ്ട്.

**തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാനപാതാ നിർമ്മാണം**

112 (1335) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാനപാതയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന തൃശ്ശൂർ-കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേയ്ക്ക് 316.82 കോടി രൂപക്ക് ഭരണാനുമതി നൽകുകയും M/s. Ray-PRL (JV) എന്ന കമ്പനി കരാർ ഏറ്റെടുക്കുകയും ചെയ്തിരുന്നു. പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തിയുടെ 21.02% മാത്രമാണ് പൂർത്തീകരിച്ചത്. പ്രവൃത്തി പൂർത്തിയാക്കുന്നതിലെ അലംഭാവം കാരണം കരാറുകാരനെ ടെർമിനേറ്റ് ചെയ്തുകൊണ്ട് Termination Order 07-05-2024-ന് നൽകിയിട്ടുള്ളതാണ്.

പദ്ധതിയുടെ പൂർത്തീകരിച്ച പ്രവൃത്തികളുടെയും കരാർ പ്രകാരമുള്ള ബാലൻസ് പ്രവൃത്തികളുടെയും valuation പുരോഗമിക്കുകയാണ്. പദ്ധതി റീ-ടെൻഡർ ചെയ്യാനാവശ്യമായ പുതുക്കിയ ഡി.പി.ആർ. കൺസൾട്ടന്റ് സമർപ്പിച്ചിട്ടുള്ളതും അതിന്റെ Ground Truthing നടന്നുവരികയുമാണ്. Ground Truthing പൂർത്തിയാക്കി അന്തിമ ഡി.പി.ആർ. RKI-യുടെയും KFW-ന്റെയും അനുമതിക്കായി സമർപ്പിച്ച് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി റീ-ടെൻഡർ ചെയ്യുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

(ബി) പ്രസ്തുത പാതയിൽ ഉൾപ്പെടുന്ന മണലൂർ മണ്ഡലത്തിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് തകർന്നുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡ് അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് 29 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി. കെ.എസ്.റ്റി.പി. കുറ്റിപ്പുറം ഡിവിഷൻ

എക്സിക്യൂട്ടീവ് എൻജിനീയർ ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**മണ്ണുത്തി - ഇടപ്പള്ളി ദേശീയപാത നിർമ്മാണം**

113 (1336) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 544 നാലുവരിപ്പാത നിർമ്മാണത്തിന്റെ ഭാഗമായി മണ്ണുത്തി-ഇടപ്പള്ളി ഭാഗത്തെ എല്ലാ പ്രവൃത്തികളും ദേശീയപാതാ അതോറിറ്റിയുടെയും കരാർ കമ്പനിയുടെയും കരാർ പ്രകാരം പൂർത്തീകരിച്ചിട്ടുണ്ടോ?

തൃശ്ശൂർ-അങ്കമാലി-ഇടപ്പള്ളി ദേശീയപാത 544-ന്റെ നിർമ്മാണം 22-09-2006-ന് ആരംഭിക്കുകയും 04-12-2011-ന് PCOD (Provisional Commerical Operation Date) നൽകി 09-02-2012-ന് ടോൾ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്ക് 18-04-2016 COD (Commercial Operation Date) നൽകിയിരുന്നു. സർവീസ് റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, പുതുക്കാട് ഭാഗത്ത് സംരക്ഷണ ഭിത്തി, പുതുക്കാട് VUP (Vehicular Under Pass) എന്നിവ

പൂർത്തിയാക്കാം എന്ന് വ്യവസ്ഥ ചെയ്തുകൊണ്ടാണ് PCOD/COD നൽകിയത്. ഈ വിഷയത്തിൽ നിർമ്മാണ കമ്പനിയും ദേശീയപാത അതോറിറ്റിയും തമ്മിലുള്ള ആർബിട്രേഷൻ നടന്നുവരുന്നതായി അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) കരാർ പ്രകാരമുള്ള സർവീസ് റോഡുകൾ, ബസ് ബേകൾ, ബസ് ഷെൽട്ടറുകൾ, അണ്ടർ പാസ്സേജുകൾ, സിഗ്നൽ സംവിധാനങ്ങൾ, ഡ്രെയിനേജുകൾ എന്നിവ ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏങ്കിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ;

(ഡി) പ്രസ്തുത റോഡിന്റെ കരാറിൽ ഉൾപ്പെടാത്തതും അത്യാവശ്യം വേണ്ടതുമായ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(ബി-ഡി) കൺസഷനയർ പൂർത്തിയാക്കാത്ത പ്രവൃത്തികൾ "Negative Change of Scope"- ൽ ഉൾപ്പെടുത്തി ആർബിട്രേഷനിൽ തുക ആവശ്യപ്പെട്ടിട്ടുണ്ട്. ആർബിട്രേഷൻ ട്രിബ്യൂണലിന്റെ ഉത്തരവ് വന്നശേഷം

കൺസഷനയറിൽ നിന്ന് തുക ഈടാക്കുന്നതാണ്. ഒപ്പം തൃശ്ശൂർ-അങ്കമാലി-ഇടപ്പള്ളി ഭാഗം 6 വരിയാക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കലും പുരോഗമിക്കുന്നു. പാത 6 വരിയാക്കുന്ന പദ്ധതിയിൽ നേരത്തെ പൂർത്തിയാക്കാതിരുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**കൊല്ലഗൽ ദേശീയപാതയിലൂടെയുള്ള രാത്രി ഗതാഗത നിരോധനം**

114 (1337) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കൊല്ലഗൽ ദേശീയപാത 766-ലൂടെയുള്ള രാത്രി ഗതാഗത നിരോധനം നീക്കാൻ നടത്തിയ പ്രവർത്തനം എന്താണെന്ന് വ്യക്തമാക്കുമോ?

കൊല്ലഗൽ ദേശീയപാത 766-ലൂടെയുള്ള രാത്രി ഗതാഗത നിരോധനം നീക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾക്കായി 28-01-2022-ന് ബഹുമാനപ്പെട്ട മുൻ ഗതാഗത വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കർണ്ണാടക സംസ്ഥാന ഗതാഗത

വകുപ്പുമന്ത്രിക്ക് ഒരു കത്ത് നൽകിയിരുന്നു. മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും

**സർവീസ് റോഡുകളിലെ വെള്ളക്കെട്ട്**

115 (1338) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ നടക്കുമ്പോൾ സർവീസ് റോഡുകളുടെ ഇരുവശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ടിരിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ മൺസൂൺ കാലത്ത് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ദേശീയപാത അതോറിറ്റിക്ക് നിർദേശം നൽകിയിട്ടുണ്ട്. വെള്ളക്കെട്ട്, റോഡിലെ കുഴി തുടങ്ങിയ പ്രശ്നങ്ങളിൽ ഇടപെടൽ നടത്താനും പരിഹാരം കാണാനുമാണ് നിർദേശം നൽകിയിട്ടുള്ളത്.

**ആർ.കെ.ഐ. പദ്ധതിയിൽപ്പെട്ട തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ പ്രവൃത്തികൾ**

116 (1339) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.കെ.ഐ. പദ്ധതിയിൽപ്പെട്ട തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ പ്രവൃത്തികൾ നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ഏറ്റെടുത്ത കമ്പനിയെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ?

(എ&ബി) കരാറുകാരന് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ കെ.എസ്.റ്റി.പി. പ്രോജക്ട് ഡയറക്ടറുടെ 07-05-2024-ലെ ഉത്തരവ് പ്രകാരം കരാറുകാരനെ പ്രവൃത്തിയിൽനിന്ന് ടെർമിനേറ്റ് ചെയ്തിട്ടുള്ളതാണ്.

(സി) എങ്കിൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ പൂർത്തീകരിച്ച പ്രവൃത്തിയുടെ വാല്യുവേഷൻ പുരോഗമിക്കുകയാണ്. പദ്ധതി റീ-ടെൻഡർ ചെയ്യാനാവശ്യമായ പുതുക്കിയ

ഡി.പി.ആർ. കൺസൾട്ടന്റ് 10-05-2024-ന് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ ഗ്രൗണ്ട് ട്രൂത്തിംഗ് നടന്നുവരികയാണ്. ഗ്രൗണ്ട് ട്രൂത്തിംഗ് പൂർത്തിയാക്കി അന്തിമ ഡി.പി.ആർ. RKI-യുടെയും KFW-ന്റെയും അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. RKI-യിൽനിന്നും KFW-ൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി റീ-ടെൻഡർ ചെയ്യുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

(ഡി) തൃശ്ശൂർ-കോഴിക്കോട് സ്റ്റേറ്റ് ഹൈവേയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാത്തതുകൊണ്ടും നിർത്തിവച്ചതുമൂലവുമുണ്ടായ ഗതാഗതതടസ്സവും യാത്രാദുരിതവും ഒഴിവാക്കാൻ അടിയന്തര മെയിന്റനൻസിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

അടിയന്തര റോഡ് അറ്റകുറ്റപ്പണിക്കുള്ള 29 ലക്ഷം രൂപയുടെ പ്രീ-മൺസൂൺ പ്രവൃത്തികൾക്കായുള്ള ഭരണാനുമതി 31.05.2024-ലെ GO(Rt) No.199/2024,/P&EA ഉത്തരവ് പ്രകാരം നൽകി. പ്രവൃത്തിക്കായി കെ.എസ്.റ്റി.പി. കുറ്റിപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെൻഡർ

ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി വേഗത്തിൽ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു.

**ബജറ്റിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് ബജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികൾ**

117 (1340) <u>ശ്രീ. എ. രാജ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് 20% ബജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**കെട്ടിട വിഭാഗം**

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്നതിന് 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു+.

**നിരത്ത് വിഭാഗം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം മുഖേന നടപ്പിലാക്കുന്നതിന് 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു+.

**പാലങ്ങൾ**

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം മുഖേന നടപ്പിലാക്കുന്നതിന് 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു+.

**പൊതുമരാമത്ത് വകുപ്പിന്റെ പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കാൻ നടപടികൾ**

118 (1341) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ അവിണിശ്ശേരി പഞ്ചായത്തിലെ പാലക്കൽ സെന്ററിൽ പൊതുമരാമത്ത് വകുപ്പിന്റെ എത്ര ഭൂമി പുറമ്പോക്കായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റവന്യൂ/സർവേ വിഭാഗം റോഡിന്റെ അതിരുകൾ അളന്ന് അതിർത്തി നിർണ്ണയം നടത്തി സമർപ്പിച്ച സ്കെച്ചുകൾ പ്രകാരം 0.0224 ഹെക്ടറാണ് പാലക്കൽ സെന്ററിൽ പുറമ്പോക്ക് ഭൂമിയായിട്ടുള്ളത്.

(ബി) കെ.എസ്.റ്റി.പി. റോഡ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പാലക്കൽ സെന്ററിൽ പൊതുമരാമത്ത് വകുപ്പിന്റെ പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

റവന്യൂ വിഭാഗം നൽകിയ സ്കെച്ചുകൾ പ്രകാരം കയ്യേറ്റക്കാരാണെന്ന് കണ്ടെത്തിയ സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവർക്ക് കയ്യേറ്റങ്ങൾ ഒഴിയുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.റ്റി.പി. ഡിവിഷൻ കുറ്റിപ്പുറം കാര്യാലയത്തിൽനിന്നും നിയമാനുസൃതം നോട്ടീസ് നൽകിയിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിനുകീഴിലെ കാനകളുടെയും ഓടകളുടെയും ശുചീകരണം**

119 (1343) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര കാനകളും ഓടകളുമുണ്ടെന്ന് അറിയിക്കാമോ;

(ബി) മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി ഇവയിൽ എത്രയെണ്ണം വൃത്തിയാക്കിയെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.-പി.എം.യു. മൂവാറ്റുപുഴ ഡിവിഷന്റെ കീഴിൽ 10.കി.മീ. നീളത്തിൽ കാന ഉണ്ട്. എറണാകുളം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ നിയന്ത്രണത്തിൽ 708 കാനകൾ ഉണ്ട്. മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി അടിയന്തര പ്രവൃത്തി ആവശ്യമുള്ള 296 കാനകൾ വൃത്തിയാക്കിയിട്ടുണ്ട്. നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ എറണാകുളം ജില്ലയിൽ വിവിധ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ-1 പ്രവൃത്തികളിൽ ആകെ 50 കാനകൾ ഉണ്ട്. കെ.എസ്.റ്റി.പി.-യുടെ മൂവാറ്റുപുഴ ഡിവിഷന് കീഴിൽ എറണാകുളം ജില്ലയിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും പൂർത്തീകരിക്കാറായതുമായ പ്രവൃത്തികളിലായി 19871 മീറ്ററോളം ഓട നിർമ്മിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ നിയന്ത്രണത്തിൽ താഴെ പറയുന്ന റോഡുകളിൽ ഓടകൾ ഉണ്ട്.

| | |
|---|---|
| NH 966B | 1.5 Km |
| Kalady Malayattoor Road (CRF) | 5 Km |
| Desom Vallomkadav Road (CRF) | 3 Km |
| Thankalam Thrikkariyoor Vettambara Road (CRF) | 700 m |
| Arakkunnam Oliyappuram Thrippakudam Road (CRF) | 1.5 Km |

നിരത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി അടിയന്തര പ്രവൃത്തി ആവശ്യമായിരുന്ന 296 കാനകൾ വൃത്തിയാക്കിയിട്ടുണ്ട്. ഇതിനായി 57,94,184/- രൂപയുടെ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. നിരത്ത് പരിപാലന വിഭാഗം അടിയന്തര പ്രവൃത്തി ആവശ്യമുള്ള 21 കാനകൾ വൃത്തിയാക്കിയിട്ടുണ്ട്. ഇതിനായി ആകെ 2 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകൾ

120 (1344) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര റസ്റ്റ് ഹൗസുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും ഓരോ റസ്റ്റ് ഹൗസുകളിലേയും സ്റ്റാഫ് പാറ്റേണും വിശദമാക്കാമോ;

(ബി) എല്ലാ റസ്റ്റ് ഹൗസുകളിലും ശുചീകരണ പ്രവർത്തനങ്ങൾക്കായി ആവശ്യമായ ജീവനക്കാർ ഉണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിൽ 153 വിശ്രമ കേന്ദ്രങ്ങളാണുള്ളത്. അതിന്റെ ജില്ല തിരിച്ചുള്ള കണക്കും ഓരോ റസ്റ്റ് ഹൗസുകളിലേയും സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ റസ്റ്റ് ഹൗസുകളിലും ശുചീകരണ പ്രവൃത്തികൾക്ക് നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ താൽക്കാലികമായി നിയമിക്കാനാവശ്യമായ നിർദേശം നൽകിയിട്ടുണ്ട്.

**മഴക്കാലപൂർവ ശുചീകരണം**

121 (1345) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര കാനകളും ഓടകളും ഉണ്ടെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ നിയന്ത്രണത്തിൽ 474.323 Km നീളത്തിൽ കാനകളും 754 ഓടകളും പൊതുമരാമത്ത് നിരത്ത് പരിപാലന വകുപ്പിന്റെ നിയന്ത്രണത്തിൽ 49 കാനകളും ഉണ്ട്. കെ.എസ്.റ്റി.പി.-യുടെ കുറ്റിപ്പുറം ഡിവിഷന് കീഴിൽ തൃശ്ശൂർ

ജില്ലയിൽ 37590 മീറ്ററോളം ഓടകൾ ഉണ്ട്. KRFB-ക്ക് കീഴിൽ 13 റോഡുകളിലായി ഏകദേശം 56.83 കി.മീറ്റർ നീളത്തിൽ കാനകൾ ഉണ്ട്.

(ബി) മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി ഇവയിൽ എത്ര എണ്ണം വൃത്തിയാക്കിയെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി അടിയന്തര പ്രവൃത്തി ആവശ്യമുണ്ടായിരുന്ന 140 എണ്ണം പൊതുമരാമത്ത് നിരത്ത് വിഭാഗവും 19 എണ്ണം പൊതുമരാമത്ത് നിരത്ത് പരിപാലന വിഭാഗവും വൃത്തിയാക്കുകയും 23,57,677/- രൂപയും 16,42,000/- രൂപയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. KRFB-PMU പ്രീ-മൺസൂൺ വർക്കുമായി ബന്ധപ്പെട്ട് 2023-24-ൽ 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 34.47 ലക്ഷം രൂപ വിനിയോഗിച്ച് പ്രീ-മൺസൂൺ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി അടിയന്തര പ്രവൃത്തി ആവശ്യമുള്ള 17.84 കി.മീ. നീളത്തിൽ കാനകൾ വൃത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന റോഡുകളിൽ നിലവിലുള്ള

കോൺട്രാക്ടറെക്കൊണ്ടുതന്നെയാണ് ഓടകളും കാനകളും വൃത്തിയാക്കുന്നത്. റണ്ണിംഗ് കോൺട്രാക്ടിന് കീഴിലുള്ള റോഡുകളിലെ കാനകളിൽ മണ്ണൊലിപ്പും മറ്റും കാരണം തടസ്സങ്ങളുണ്ടാകുമ്പോൾ അതത് സമയങ്ങളിൽ പ്രവൃത്തി നടത്തിവരുന്നുണ്ട്.

**തിരുവനന്തപുരം നഗരത്തിലെ കാനകളും ഓടകളും**

122 (1346) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര കാനകളും ഓടകളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി ഇവയിൽ എത്രയെണ്ണം വൃത്തിയാക്കി എന്ന് വിശദമാക്കാമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ നഗരത്തിൽ 119 റോഡുകളിൽ ഓടയുണ്ട്. ഇതിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന ഭാഗങ്ങളിലെ 76 റോഡുകളിൽ ഓടകൾ ശുചിയാക്കി. 22 റോഡുകളിലെ ഓടകൾ മറ്റ്

Project-കളിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു. 21 റോഡുകളിൽ നിലവിൽ ഓടകൾ തടസ്സമില്ലാതെ പ്രവർത്തനക്ഷമമാണ്. മഴക്കാല ശുചീകരണ പ്രവൃത്തികൾ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളിൽ ഉൾപ്പെടുത്തി നവീകരിച്ച് വരുന്നതിനാൽ ബിൽ തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ചെലവാകുന്ന തുക അറിയാൻ കഴിയൂ. നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ തിരുവനന്തപുരം നഗരത്തിൽ 23 ഓടകളുണ്ട്. മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി ഇവയിൽ അടിയന്തര ശുചീകരണം ആവശ്യമുള്ള 18 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 6,76,615/- രൂപ ചെലവഴിച്ചു. കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിൽ തിരുവനന്തപുരം നഗരത്തിൽ നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ വികസിപ്പിച്ച 42 കി.മി. റോഡുകളിൽ ആകെ 69 കലുങ്കുകളും 81770 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഓടകളും നിർമ്മിച്ചിട്ടുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ നടപ്പിലാക്കിയ പദ്ധതിയായതിനാൽ 15 വർഷക്കാലത്തേയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ റോഡുകളുടെയും പൂർണ്ണ പരിപാലന ചുമതല

പദ്ധതിയുടെ കൺസഷണർ കമ്പനിയായ തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡിൽ നിക്ഷിപ്തമാകയാൽ ടി റോഡുകളിലെ എല്ലാ കലുങ്കുകളും ഓടകളും കമ്പനിയുടെ നേതൃത്വത്തിൽ മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി വൃത്തിയാക്കിയിട്ടുള്ളതാണ്. ടി റോഡുകളുടെ പരിപാലന ചുമതല കൺസഷണർ കമ്പനിയിൽ നിക്ഷിപ്തമായതിനാൽ മഴക്കാല ശുചീകരണ പ്രവൃത്തികൾ ടി റോഡുകളിൽ നടത്തുന്നതിന് സർക്കാരിൽനിന്ന് ചെലവുകൾ ഒന്നുംതന്നെ ഉണ്ടാകുന്നില്ല.

**വഴിയരികിലെ തണൽ മരങ്ങൾ മുറിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

123 (1347) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാര സ്ഥാപനങ്ങൾക്ക് തടസ്സമാകുന്ന, സമീപത്തെ കെട്ടിടങ്ങൾക്ക് നിഴൽ വീഴ്ത്തുന്ന തുടങ്ങിയ കാരണങ്ങളുന്നയിച്ച് വഴിയരികിലെ തണൽ മരങ്ങൾ മുറിക്കരുതെന്നും ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറി ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഹൈക്കോടതിയുടെ ഉത്തരവുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജനങ്ങളുടെ ജീവന് ഭീഷണിയായാൽ മാത്രമേ മരങ്ങൾ മുറിച്ചുമാറ്റാൻ പാടുള്ളുവെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ടോ; ഏത് സാഹചര്യത്തിലാണ് ഹൈക്കോടതി ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) മതിയായ കാരണങ്ങളില്ലാതെ പാതയോരങ്ങളിലെ മരങ്ങൾ മുറിക്കാൻ അനുവദിക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി WP(C)No.9108/2017 നമ്പർ കേസിലെ 22-05-2024-ലെ ജഡ്ജ്മെന്റ് പ്രകാരം ഉത്തരവായിട്ടുണ്ട്.

മരങ്ങൾ നശിച്ച അവസ്ഥയിലാണെങ്കിൽ മാത്രമേ മുറിച്ചുമാറ്റാൻ പാടുള്ളൂവെന്നും അത് ജനങ്ങളുടെ ജീവന് അപകടകരമാകുന്ന സാഹചര്യത്തിൽ മാത്രമായിരിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

പാലക്കാട്-പൊന്നാനി സംസ്ഥാന പാതയോരത്ത് റോഡിന്റെ വശങ്ങളിൽ തങ്ങളുടെ കെട്ടിടങ്ങൾക്ക് സമീപമുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് വനം വകുപ്പ് അനുമതി നിഷേധിച്ചതിനെതിരെ പട്ടാമ്പി

സ്വദേശി ശ്രീ. മുസ്തഫയും മറ്റുള്ളവരും നൽകിയ ഹർജിയിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) മരം മുറിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള മാനദണ്ഡവും നടപടിക്രമവും വിശദമാക്കുമോ?

അപകടാവസ്ഥയിലും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായും നിലകൊള്ളുന്ന മരങ്ങൾ മാത്രമാണ് ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി മുറിക്കുന്നത്. മുറിക്കേണ്ട മരങ്ങൾ വനം വകുപ്പിൽ അറിയിച്ച് വില നിർണ്ണയിച്ചതിനുശേഷം MSTC പോർട്ടൽ മുഖേന ലേല നടപടികൾ നടത്തിയാണ് മുറിക്കുന്നത്.

(ഡി) 2015 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് മുറിച്ച് നീക്കിയ മരങ്ങളുടെ ആകെ എണ്ണം എത്രയാണ്; വർഷവും മരങ്ങളുടെ ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനധികൃത മരം മുറിക്കൽ തടഞ്ഞുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഹൈക്കോടതി ഉത്തരവുമായി ബന്ധപ്പെട്ട ഫയൽ വനം വകുപ്പിൽ നടപടി സ്വീകരിച്ചുവരികയാണ്.

**കാരവൻ ടൂറിസം**

124 (1348) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരവൻ ടൂറിസം പദ്ധതിയിൽ എത്ര സംരംഭകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; എത്ര കാരവനുകൾ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്; എത്ര കാരവൻ പാർക്കുകളാണ് ആരംഭിച്ചതെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് സ്വകാര്യ സംരംഭകരുടെ 13 കാരവനുകൾ രജിസ്റ്റർ ചെയ്യുകയും വിനോദസഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും ചെയ്തിട്ടുണ്ട്.

വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. കാസർഗോഡ് ബേക്കലിലും എറണാകുളത്ത് ബോൾഗാട്ടി പാലസിലും കാരവൻ പാർക്കുകൾക്ക് ടൂറിസം വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ടെൻഡർ നടപടികൾ തുടരുന്നു.

(ബി) എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത പാർക്കുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത്; ഓരോ പാർക്കിനുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇതിൽ എത്ര കാരവൻ പാർക്കുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

08-10-2021-ലെ G.O(MS)18/2021/TSM ഉത്തരവ് പ്രകാരം സർക്കാർ കാരവൻ ടൂറിസം നയം പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിൽ കാരവൻ പാർക്കിന്റെ സൗകര്യങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. (പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+)

വാഗമണ്ണിൽ സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ ഒരു കാരവൻ പാർക്ക് പ്രവർത്തിക്കുന്നുണ്ട്. KTDC-യുമായി സഹകരിച്ച് കാസർഗോഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബേക്കലിലും എറണാകുളത്ത് ബോൾഗാട്ടി പാലസ് ഹോട്ടലിലും കാരവൻ പാർക്കുകൾ തുടങ്ങുന്നതിന് 2.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ഗ്രാമീണ കായൽ ടൂറിസം**

125 (1349) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയതും എട്ട് കോടി രൂപ അടങ്കൽ തുകയുള്ളതുമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളെ ബന്ധിപ്പിച്ച് ഗ്രാമീണ കായൽ ടൂറിസം വികസനത്തിനുള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസലിൽ സർക്കാർ നിർദേശിച്ച മാറ്റങ്ങൾ വരുത്തി 09-01-2024-ന് ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന് എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(എ-സി) കടമക്കുടി ഉൾപ്പെടെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളെ ബന്ധിപ്പിച്ചുള്ള ഗ്രാമീണ കായൽ ടൂറിസം വികസന പദ്ധതിയുടെ DPR (വിശദ പദ്ധതി രേഖ) ചില ഭേദഗതികൾ ആവശ്യമായതിനാൽ പ്രസ്തുത മാറ്റങ്ങൾ വരുത്തി പുതുക്കിയ DPR ലഭ്യമാക്കുവാൻ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. അത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സാഹസിക ടൂറിസത്തിനുള്ള സാധ്യതകൾ**

126 (1350) ശ്രീ. വി. ജോയി:

ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാഹസിക ടൂറിസത്തിന് നിലവിലുള്ള സാധ്യതകളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

നടത്തിയിട്ടുണ്ട്. കേരളത്തിലെ സാഹസിക വിനോദസഞ്ചാരത്തിന് അനുയോജ്യമായ ഭൂപ്രകൃതി കണ്ടെത്തി സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ പഠനങ്ങൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന നടത്തിയിട്ടുണ്ട്.

(ബി) സാഹസിക ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും വിശദമാക്കാമോ?

ഒളിമ്പിക്സ് ഇനമായ വൈറ്റ് വാട്ടർ കയാക്കിങ് പരിശീലനത്തിനായി കോഴിക്കോട് ജില്ലയിലെ കോടഞ്ചേരിയിൽ അന്താരാഷ്ട്ര കയാക്കിങ് സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കി. അതിന്റെ പ്രവർത്തനം ജൂലൈ മാസം മുതൽ ആരംഭിക്കും.

കോഴിക്കോട് ജില്ലയിലെ ഗോദീശ്വരത്ത് സർഫിംഗ് പരിശീലനം നടത്തുകയും ടി പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കിയ യുവാക്കളെ യൂത്ത് എംപവർമെന്റ് ആൻഡ് വെൽഫെയർ സൊസൈറ്റി എന്ന പേരിലുള്ള സർഫിംഗ് സ്കൂൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമെ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ഇടുക്കി ജില്ലയിലെ വാഗമണിൽ ഇക്കോ അഡ്വഞ്ചർ ടൂറിസം പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ ഗ്ലാസ് ബ്രിഡ്ജ് നിരവധി സഞ്ചാരികളെ ആകർഷിക്കുന്നു. ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ ഭാഗമായും സാഹസിക ടൂറിസം കേന്ദ്രം ആരംഭിച്ചു. സംസ്ഥാനത്ത് ബീച്ച് ടൂറിസത്തിന് പ്രോത്സാഹനമേകാൻ 7 ജില്ലകളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജും ആരംഭിച്ചു. ഇതോടൊപ്പം സാഹസിക ടൂറിസത്തിന്റെ വിവിധ ഫെസ്റ്റുകളും സംഘടിപ്പിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ നദികളെ പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇരുവഞ്ഞിപ്പുഴ, ചാലിപ്പുഴ എന്നീ നദികളോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള കോഴിക്കോട് ജില്ലയിലെ അന്താരാഷ്ട്ര കയാക്കിങ് സെന്റർ മുഖേന കയാക്കിങ്, റാഫ്റ്റിങ്, വൈറ്റ് വാട്ടർ കയാക്കിങ് ആക്ടിവിറ്റികൾക്ക് ട്രെയിനിംഗ് നൽകാൻ സാധിക്കും.

ചാലിയാർ പുഴയിൽ നിലമ്പൂർ മുതൽ ചെറുവണ്ണൂർ വരെ എല്ലാ വർഷവും ചാലിയാർ “റിവർ പാഡിൽ” എന്ന കയാക്കിങ് ചാമ്പ്യൻഷിപ്പും “ചാലിയാർ ക്ലീനിങ്” എന്ന പരിപാടിയും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന സംഘടിപ്പിച്ചുവരുന്നു.

**ബീച്ച് ടൂറിസം പദ്ധതികൾ**

127 (1351) ശ്രീ. പി. നന്ദകുമാർ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. എച്ച്. സലാം:

ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രകൃതിരമണീയവും വിശാലവുമായ ബീച്ചുകളുടെ സാധ്യതകൾ വിനോദസഞ്ചാര വികസനത്തിനായി വേണ്ടവിധം

പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇതുസംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ?

ബീച്ച് ടൂറിസത്തിന്റെ സാധ്യതകളെ ഏറ്റവും മികച്ച നിലയിൽ ഉപയോഗിക്കുവാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. വിവിധ ബീച്ചുകൾ കേന്ദ്രീകരിച്ച് വിദേശ-ആഭ്യന്തര ടൂറിസം ശക്തിപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ബീച്ച് ടൂറിസം ഡെസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ചുമാത്രം വിദേശ സഞ്ചാരികൾ എത്തുന്ന രീതി ഉണ്ട്. ബീച്ച് ടൂറിസം കേന്ദ്രങ്ങളിൽ ഹോസ്പിറ്റാലിറ്റി സംരംഭങ്ങളും സജീവമാണ്. ബീച്ച് ടൂറിസം സാധ്യത ഇനിയും ഉപയോഗിക്കാൻ കഴിയും എന്നാണ് ടൂറിസം വകുപ്പിന്റെ കാഴ്ചപ്പാട്.

(ബി) ബീച്ച് ടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) ബീച്ചുകളോടനുബന്ധിച്ച് ഏതെല്ലാം പുതിയ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(ബി&സി) ബീച്ച് ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനായി കിഫ്ബി വഴി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വർക്കലയ്ക്കായി പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നു. ബേക്കൽ ടൂറിസം ശക്തിപ്പെടുത്താനും പദ്ധതി നടപ്പിലാക്കുന്നു. മുഴപ്പിലങ്ങാട് ബീച്ച് ടൂറിസത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ചാലിയം, ബേപ്പൂർ ഡെസ്റ്റിനേഷനുകളിലും പദ്ധതി നടപ്പിലാക്കുന്നു. വടകര സാന്റ്ബാഗ് ടൂറിസം കേന്ദ്രവും വികസിപ്പിച്ചു. ശംഖുമുഖം, വേളി ടൂറിസം കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി. കൊല്ലം തങ്കശ്ശേരി, ആലപ്പുഴ, മുനമ്പം, ചാവക്കാട് തുടങ്ങിയ ബീച്ചുകളിൽ ടൂറിസം ആക്ടിവിറ്റികൾക്കായി വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കി. സാഹസിക ടൂറിസം പദ്ധതികളും ബീച്ചുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി. ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ പ്രധാന ബീച്ചുകൾ കേന്ദ്രീകരിച്ച് സജ്ജമാക്കി.

(ഡി) ബീച്ച് ടൂറിസം വികസനത്തിന്റെ ഭാഗമായി എവിടെയല്ലാം സാഹസിക ടൂറിസം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും എവിടെയല്ലാം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ?

ബീച്ച് ടൂറിസം വികസനത്തിന്റെ ഭാഗമായി കേരളത്തിലെ പ്രധാന ബീച്ച് ഡെസ്റ്റിനേഷനുകളായ കോവളം, വർക്കല, കാപ്പിൽ, മുനമ്പം, ചാവക്കാട്, കോഴിക്കോട് ബേക്കൽ ബീച്ചുകളിൽ, സ്വകാര്യ സംരംഭകരും ഡി.ടി.പി.സി.-യും ചേർന്ന് അഡ്വഞ്ചർ ആക്ടിവിറ്റികൾ നടത്തിവരുന്നു. കൂടാതെ കേരളത്തിലെ ഏഴ് ജില്ലകളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് ഡി.ടി.പി.സി.-യുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു. ടൂറിസം വകുപ്പിന്റെ സഹായത്തോടെ കേരളത്തിലെ വിവിധ ബീച്ചുകളിൽ സ്വകാര്യ സംരംഭകരെക്കൂടി ഉൾപ്പെടുത്തി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സാങ്കേതിക സാഹചര്യങ്ങൾ വിലയിരുത്തി സാഹസിക ആക്ടിവിറ്റികൾ (Scuba Diving, Parasailing, Speed Boat, Jet Ski, Power Boat Fun Rides, Wind Surfing) ചെയ്യാൻ ഉദ്ദേശിക്കുന്നു.

**ഡെസ്റ്റിനേഷൻ ചലഞ്ച്**

128 (1352) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". ഈ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഈ പദ്ധതിയിൻകീഴിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രവൃത്തികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ്. ബാക്കിതുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇതിനായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'പദ്ധതി റിപ്പോർട്ട്' ഡെസ്റ്റിനേഷൻ

ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദിഷ്ട മാതൃകയിൽ അപ്‌ലോഡ് ചെയ്യേണ്ടതും വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്.

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് കൂടി വിനിയോഗിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; ഓരോ പദ്ധതിയിലും വകുപ്പ് നൽകുന്ന തുക എത്രയാണ്; ഇതിൽ എത്ര പദ്ധതികൾ ആരംഭിച്ചുവെന്നും എത്ര പദ്ധതികൾ ഉപേക്ഷിച്ചുവെന്നും എത്ര പദ്ധതികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് വ്യക്തമാക്കുമോ?

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ നാളിതുവരെ ലഭിച്ച 156 അപേക്ഷകളിൽ 39 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**കാരവൻ ടൂറിസം പദ്ധതിയുടെ പരസ്യ പ്രചാരണം**

129 (1353) <u>ശ്രീ. കെ. ബാബു</u> (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരവൻ ടൂറിസം പദ്ധതിയുടെ പരസ്യം മുഖേനയുള്ള പ്രചാരണത്തിനായി വകുപ്പ് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ പരസ്യ ഏജൻസികൾ മുഖേനയാണ് പ്രചാരണം നടത്തിയത്; ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

കാരവൻ ടൂറിസം പദ്ധതിയുടെ പരസ്യം മുഖേനയുള്ള പ്രചാരണത്തിനായി ജി.എസ്.ടി. ഉൾപ്പെടെ ആകെ 94,95,752/- രൂപ (തൊണ്ണൂറ്റിനാല് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എഴുന്നൂറ്റി അമ്പത്തിരണ്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

M/s. Stark Communications Pvt Ltd. എന്ന വകുപ്പിന്റെ എംപാനൽഡ് ഏജൻസി മുഖേനയാണ് പ്രചാരണം നടത്തിയത്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

വീഡിയോ&ഫോട്ടോ പ്രൊഡക്ഷൻ - ₹ 59,00,000/-

സോഷ്യൽ മീഡിയ പ്രോമോഷൻ- ₹ 35,39,957/-

ലഘുലേഖ/ബ്രോഷറുകൾ- ₹ 55,795/-

**ഫ്ലോട്ടിംഗ് ബ്രിഡ്ജ് തകർന്ന സംഭവം**

130 (1354) ശ്രീ. എ. കെ. എം. അഷ്റഫ്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല പാപനാശം ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജ് തകർന്ന് ഇരുപതോളം പേർക്ക് പരിക്ക് പറ്റിയ സംഭവത്തിൽ വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ?

വർക്കല ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജിന് 09-03-2024-ൽ വൈകുന്നേരം ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും ചിലർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിക്കേറ്റവർക്ക് ചികിത്സയും തുടർസൗകര്യങ്ങളും ഉറപ്പാക്കിയിരുന്നു. സംഭവത്തെ തുടർന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പ്രാഥമികാന്വേഷണം നടത്തുകയുണ്ടായി.

(ബി) പ്രസ്തുത പദ്ധതിക്ക് തീരദേശ പരിപാലന അതോറിറ്റിയുടേയും ദുരന്ത നിവാരണ അതോറിറ്റിയുടേയും അനുമതി ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

ഇത്തരം പദ്ധതികൾക്ക് തീരദേശ പരിപാലന അതോറിറ്റിയുടെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും മുൻകൂർ അനുമതി ലഭ്യമാക്കി മാത്രമേ പ്രവർത്തിക്കാവൂ എന്ന നിർദേശം ലഭിച്ചിട്ടില്ല.

(സി) കടലിലേയ്ക്ക് തള്ളിനിൽക്കുന്ന തരത്തിൽ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിരുന്നോ; എങ്കിൽ ഇതുപ്രകാരം എന്തെല്ലാം സുരക്ഷാ നിർദേശങ്ങൾ ഉണ്ടായിരുന്നുവെന്ന് വിശദമാക്കാമോ?

കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി തയ്യാറാക്കിയ സുരക്ഷാ മാർഗരേഖ അടിസ്ഥാനമാക്കിയാണ് കടലിന് മുകളിൽ പൊങ്ങിനിൽക്കുന്ന ഫ്ലോട്ടിംഗ് ബ്രിഡ്ജ് കമ്പനി നിർമ്മാണം നടത്തിയിട്ടുള്ളതെന്നാണ് ഡി.റ്റി.പി.സി. അറിയിച്ചത്.

(ഡി) പ്രസ്തുത നിർമ്മാണത്തിൽ മതിയായ സുരക്ഷ ഉറപ്പാക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇപ്പോൾ ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പൈതൃക ടൂറിസത്തിന്റെ പ്രാധാന്യം വർധിപ്പിക്കാൻ നടപ്പിലാക്കുന്ന പദ്ധതികൾ**

131 (1355) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലകളിൽ പൈതൃക ടൂറിസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി സംസ്ഥാനത്തൊട്ടാകെ ഈ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കുമായി

ചെലവഴിക്കുന്ന തുക എത്രയെന്നും ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

വിനോദസഞ്ചാര മേഖലകളിൽ പൈതൃക ടൂറിസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി സംസ്ഥാനത്തൊട്ടാകെ ആലപ്പുഴ ഹെറിറ്റേജ് പദ്ധതി, മുസിരിസ് ഹെറിറ്റേജ്, തലശ്ശേരി ഹെറിറ്റേജ് പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കേരളത്തിലെ പൈതൃക ആരാധനാലയങ്ങളുടെ വികസനത്തിനും സന്ദർശന സൗകര്യങ്ങൾക്കുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഓരോ പദ്ധതിയും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

(ബി) ആലപ്പുഴയിൽ നടപ്പാക്കുന്ന ആലപ്പുഴ പൈതൃക പദ്ധതിയിൽ എന്തൊക്കെ വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; പദ്ധതിയുടെ വിശദാംശങ്ങളും തുകയും ഇതുവരെ നടത്തിയ പ്രവർത്തനങ്ങളും എന്തൊക്കെ എന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴയിൽ നടപ്പാക്കുന്ന ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വികസന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**യാൺ മ്യൂസിയം**

ഭരണാനുമതി തുക 5,42,75,000- രൂപ.

കേരളത്തിലെ പ്രധാനപ്പെട്ട ജൈവ നൂലുൽപാദനം, കയർ സൊസൈറ്റികളുടെ വിശദാംശങ്ങൾ, കയറിന്റെ ചരിത്രവും കയർ സംബന്ധിയായുള്ള സാഹിത്യ കൃതികൾ എന്നിവയും വിശദീകരിക്കുന്ന ഗ്യാലറിയും ആക്ടിവിറ്റി സെന്ററും ഉൾക്കൊള്ളുന്ന കയർഫെഡ് കെട്ടിടത്തിൽ പ്രവൃത്തികൾ പുരോഗമിക്കുന്ന യാൺ മ്യൂസിയത്തിന്റെ 90% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

**മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി**

ഭരണാനുമതി തുക 9,68,31,000/ രൂപ.

ആലപ്പുഴയിലെയും ലോകമെമ്പാടുമുള്ള കയർ വ്യവസായത്തിന്റെയും വികാസ-പരിണാമ ചരിത്രത്തെ പ്രതിനിധാനം ചെയ്യുന്ന മ്യൂസിയത്തിന്റെ

പ്രവൃത്തികൾ കയർ കോർപ്പറേഷൻ ബിൽഡിങ്ങിലാണ് പുരോഗമിക്കുന്നത്. 75% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ലിവിംഗ് കയർ മ്യൂസിയം/ മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്**

ഭരണാനുമതി തുക 9,95,94,000/- രൂപ.

ബോംബെ കമ്പനി മുൻപ് പ്രവർത്തിച്ചിരുന്ന ന്യൂ മോഡൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് കെട്ടിട സമുച്ചയത്തെ നവീകരിച്ച് ലിവിംഗ് കയർ മ്യൂസിയവും അതോടൊപ്പം ലേബർ മൂവ്മെന്റ് മ്യൂസിയവും സജ്ജമാകുകയാണ്. ട്രേഡ് യൂണിയനുകളുടെ രൂപീകരണവും ആവിർഭാവവും വളർച്ചയും പുന്നപ്ര വയലാർ സമരം തുടങ്ങിയവയും ഉൾക്കൊള്ളുന്നതാണ് വിവിധ ഗ്യാലറികൾ. ആർക്കൈവൽ രേഖകൾ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിൽ സംരക്ഷണം നൽകി മ്യൂസിയത്തെ കയർ ചരിത്രത്തെ സംബന്ധിച്ചുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റുകയാണ് ലക്ഷ്യം. മ്യൂസിയത്തിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചു.

**റിപ്പയർ & മെയിന്റനൻസ് ഓഫ് ഷെഡ് ബി ആൻഡ് കാന്റീൻ ബ്ലോക്ക്**

ഭരണാനുമതി തുക 3,29,87,000/- രൂപ

പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്.

**സൈനേജ്**

ഭരണാനുമതി തുക 72,32,000/- രൂപ.

പദ്ധതി ആരംഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇനിയും എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാൻ അവശേഷിക്കുന്നതെന്നും വിശദമാക്കാമോ?

ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഈ വർഷം അവസാനത്തോടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പൈതൃക പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള കേന്ദ്രങ്ങളുടെ സമീപമുള്ളതും ചരിത്ര പ്രാധാന്യമുള്ളതുമായ കേന്ദ്രങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താതെ വിട്ടുപോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥലങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന വിശദാംശം നൽകുമോ?

അമ്പലപ്പുഴ കരുമാടിക്കുട്ടൻ പ്രദേശം, കുഞ്ചൻ നമ്പ്യാർ സ്മാരകം തുടങ്ങിയ സ്ഥലങ്ങളുടെ ചരിത്ര പ്രാധാന്യം വിധേയമാക്കിക്കൊണ്ട് ആ പ്രദേശങ്ങൾകൂടി ആലപ്പുഴ പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**ടൂറിസം മേഖലക്കായുള്ള ആംഫിബിയൻ വാഹനങ്ങൾ**

132 (1356) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലക്കായി 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ആംഫിബിയൻ വാഹനങ്ങൾ ലഭ്യമാക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ആകെ എത്ര രൂപയാണ് ഈ പദ്ധതിക്കായി ബജറ്റിൽ നീക്കി വച്ചിരുന്നതെന്നും നാളിതുവരെ ആകെ എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളതെന്നും ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(എ&ബി) 2021-22-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ജലാശയങ്ങളിലും കരയിലും സഞ്ചരിക്കുന്ന ആംഫിബിയൻ വാഹന

സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ആദ്യ ഘട്ടമായി 5 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു.

(സി) ബജറ്റിൽ പ്രഖ്യാപിക്കുകയും പദ്ധതിക്കായി പണം നീക്കി വയ്ക്കുകയും ചെയ്തിട്ട് മൂന്നുവർഷങ്ങൾ പൂർത്തിയാകുമ്പോഴും പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) ഫീസിബിലിറ്റി സംബന്ധിച്ച കാര്യങ്ങളിൽ സാങ്കേതിക തടസ്സങ്ങൾ ഉയർന്നതിനെത്തുടർന്നാണ് പദ്ധതി ആരംഭിക്കുന്നതിന് കഴിയാതിരുന്നത്. തുടർനടപടികൾ പരിശോധിച്ചുവരുന്നു.

**കലശമല ടൂറിസം പദ്ധതി**

133 (1357) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കലശമല ടൂറിസം കേന്ദ്രത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികളിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥലമേറ്റെടുക്കുന്നതിനുള്ള 10 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) കലശമലയിൽ വിനോദ സഞ്ചാര വികസനത്തിന് സ്ഥലം ഏറ്റെടുക്കാൻ 02-11-2019-ലെ സ.ഉ. (സാധാ.) 376/2019/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠനവും പൂർത്തിയായി.

എന്നാൽ കലശമലയിൽ വിവിധ സർവേ നമ്പറുകളിൽപെട്ട 4.8351 ഹെക്ടർ ഭൂമി ഏറ്റെടുക്കാനുള്ള നഷ്ടപരിഹാരത്തുകയായി 11,74,70,050/- രൂപയും കണ്ടിൻജൻസി ചാർജായി 50 ലക്ഷം രൂപയുമടക്കം ആകെ

12,24,70,050/- രൂപയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വിനോദസഞ്ചാര മേഖലയുടെ പുരോഗതി**

134 (1358) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ആഭ്യന്തര വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം റെക്കോഡ് വർധനവോടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിലയിലേയ്ക്ക് എത്തിയിട്ടുണ്ട്. 2021 മുതൽ 2023 വരെയുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം | മുൻവർഷത്തെ അപേക്ഷിച്ചുള്ള വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|

| | | |
|---|---|---|
| 2021 | 7537617 | 51.09 |
| 2022 | 18867414 | 150.31 |
| 2023 | 21871641 | 15.92 |

കോവിഡാനന്തരം ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കാൻ പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിനുകൾ നടത്തിയതും കാരവൻ ടൂറിസം, ഹെലി ടൂറിസം, ഡെസ്റ്റിനേഷൻ ചലഞ്ച്, വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ, ഫ്ലോട്ടിംഗ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ് പോലുള്ള നൂതന ടൂറിസം പദ്ധതികൾ നടപ്പിലാക്കിയതും ചാമ്പ്യൻസ് ബോട്ട് ലീഗ്, ബേപ്പൂർ വാട്ടർ ഫെസ്റ്റ് പോലുള്ള ടൂറിസം പുനരുജ്ജീവന പരിപാടികളും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിന് ആക്കം കൂട്ടി. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ നവീകരിച്ച മൊബൈൽ ആപ്പും ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇതുകൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ നിരവധി നൂതനമായ പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകി നടപ്പാക്കിവരുന്നു. പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് തുടങ്ങിയ

സാഹസിക വിനോദങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തിയത് വഴി കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. ഉത്തരവാദിത്വ ടൂറിസം പദ്ധതിയെ വിപുലീകരിച്ച് പുത്തൻ പദ്ധതികളും അനുഭവവേദ്യ പാക്കേജുകളും നടപ്പാക്കി. സ്ട്രീറ്റ്, പെപ്പർ, മാതൃക ഉത്തരവാദിത്വ ടൂറിസം ഗ്രാമം, അഗ്രി ടൂറിസം സർക്യൂട്ട്, സ്ത്രീസൗഹാർദ വിനോദസഞ്ചാരം തുടങ്ങിയ പദ്ധതികൾ കേരളത്തിന്റെ തനത് മേഖലകളിലേയ്ക്ക് വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിന് സഹായിക്കുന്നു. തീർഥാടന ടൂറിസം, പൈതൃക ടൂറിസം പദ്ധതികളിലൂടെ സംസ്ഥാനം വലിയ മുന്നേറ്റം സാധ്യമാക്കുന്നുണ്ട്.

(ബി) ഇക്കാലയളവിൽ വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായതായ പരാതി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോവിഡാനന്തര കേരളത്തിലേയ്ക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ എണ്ണം ഓരോ വർഷവും വർധിച്ചുവരികയാണ് ചെയ്യുന്നത്. 2021-ൽ കോവിഡ് നിയന്ത്രണങ്ങൾക്കിടയിൽ 60,487 വിദേശ സഞ്ചാരികളാണ്

കേരളത്തിലേയ്ക്ക് എത്തിയത്. 2022-ൽ അത് 345549 ആയും 2023-ൽ 649057 ആയും വർധിച്ചു.

(സി) വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര വ്യവസായം വീണ്ടെടുക്കുന്നതിനും വിനോദസഞ്ചാര മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനുമായി വിവിധ പ്രവർത്തനങ്ങളും വിനോദസഞ്ചാര മേഖലയിൽ നൈപുണ്യവും ഗുണമേന്മയുമുള്ള മാനവ വിഭവശേഷി സൃഷ്ടിക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിലവാരം മെച്ചപ്പെടുത്തിക്കൊണ്ടും വിനോദ സഞ്ചാരികൾക്ക് ലോകോത്തരാനുഭവം പ്രദാനം ചെയ്യുന്നതിനും ഇതുവഴി പ്രാദേശിക ജനവിഭാഗങ്ങൾക്ക് തൊഴിൽ സാധ്യതയും വരുമാനവും ഉറപ്പുവരുത്തുന്നതിനും കഴിയും.

**നിക്ഷേപ സംഗമം**

സംസ്ഥാനത്തെ ടൂറിസം നിക്ഷേപ സാധ്യതകൾ പരിചയപ്പെടുത്താനും നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമായി ടൂറിസം വകുപ്പ് ഇൻവെസ്റ്റേഴ്സ് മീറ്റ് 2023 നവംബർ മാസം സംഘടിപ്പിച്ചു. ടൂറിസം ഇൻവസ്റ്റേഴ്സ് മീറ്റിൽ അവതരിപ്പിച്ച പദ്ധതികൾ പലതും നടപ്പാക്കാവുന്ന ഘട്ടത്തിലേയ്ക്ക് എത്തുന്നു.

**ഫുഡ് സ്ട്രീറ്റ്**

കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്രധാന നഗരങ്ങളിലും എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് കേരളത്തിന്റെ തനത് ഭക്ഷണത്തിന്റെ രുചി അനുഭവവേദ്യമാക്കുന്നതിനുവേണ്ടി "ഫുഡ് സ്ട്രീറ്റ്" എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

**ചാമ്പ്യൻസ് ബോട്ട് ലീഗ്**

കേരളത്തിന്റെ വിവിധ കായൽത്തീരങ്ങളെ ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ, വള്ളംകളിയെ അന്താരാഷ്ട്ര നിലവാരമുള്ള കായിക ഇനമാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങളോടുകൂടി സംഘടിപ്പിക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് നടപ്പിലാക്കിവരുന്നു.

**ഹെലി ടൂറിസം**

കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ ഒരു പുതിയ ടൂറിസം ഉൽപന്നം അവതരിപ്പിക്കുന്നതിന്റെ ഭാഗമായി ഹെലി ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകരെ ആകർഷിച്ച് കേരളത്തിന്റെ വിവിധ ഇടങ്ങളെ കോർത്തിണക്കി ഹെലികോപ്റ്റർ സർവീസ് ആരംഭിക്കുകയാണ് ലക്ഷ്യം.

**സിനിമാ ടൂറിസം**

ഹിന്ദി, തമിഴ്, തെലുങ്ക്, തുടങ്ങിയ അന്യ ഭാഷാ ചിത്രങ്ങൾ മനോഹരമായി ചിത്രീകരിച്ച നിരവധി സിനിമാ ലൊക്കേഷനുകൾ കേരളത്തിലുണ്ട്. ഇത്തരത്തിൽ കേരളത്തിലെമ്പാടും വ്യാപിച്ചുകിടക്കുന്ന വിവിധ സ്ഥലങ്ങളെ ഏകോപിപ്പിച്ച് വിനോദ സഞ്ചാരികളെ ആകർഷിക്കാൻ സാധിക്കും എന്നത് മുന്നിൽ കണ്ടുകൊണ്ട് ഓരോ സിനിമാ ലൊക്കേഷനുകളിലും നിർമ്മിച്ച സിനിമകൾ, അഭിനേതാക്കൾ, അംഗീകാരങ്ങൾ എന്നിവ വിനോദസഞ്ചാരികൾക്ക് ഓഡിയോ-വീഡിയോ അവതരണങ്ങളിലൂടെ വിശദീകരിക്കുന്നതും ജനപ്രിയ സിനിമകൾ

ചിത്രീകരിച്ച സിനിമാ ലോക്കേഷനുകൾ സന്ദർശിക്കുന്നതുംവഴി ടൂറിസം സാധ്യതകൾ വർധിക്കും.

**നൈറ്റ് ലൈഫ്**

സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നൈറ്റ് ലൈഫ് പദ്ധതിക്ക് തുടക്കമിട്ടു.

**കാരവൻ ടൂറിസം**

കേരളത്തിൽ കാരവൻ ടൂറിസം വ്യാപകമാക്കുന്നതിനായി കാരവൻ വാങ്ങുന്നതിന് സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ സംരംഭകരുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കാരവൻ പാർക്കുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

**മലബാർ ലിറ്ററി സർക്യൂട്ട്**

മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലബാർ ലിറ്ററി സർക്യൂട്ട് എന്ന പേരിൽ ഒരു ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

മലയാള സാഹിത്യത്തിലെ അതികായൻമാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി. വിജയൻ, എം.ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്.

ആഭ്യന്തര വിദേശ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ പ്രചാരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി റേഡിയോ (റേഡിയോ മിർച്ചി, റെഡ് എഫ്.എം., സൂര്യൻ എഫ്.എം., ബിഗ് എഫ്.എം., മൈ എഫ്.എം., റേഡിയോ സിറ്റി, ഫിയർ എഫ്.എം.) ടി.വി. (സ്റ്റാർ പ്ലസ്, സ്റ്റാർ പ്രവഹ്, സ്റ്റാർ സൽഷ, കളർ ഗുജറാത്ത് ഹംഗാമ, ഡിസ്നി സൂപ്പർ ഹംഗാമ, ഡിസ്നി ജൂനിയർ, ഡിസ്കവറി), അച്ചടി മാധ്യമങ്ങൾ, ഒ.ടി.ടി. പ്ലാറ്റ്ഫോം (ജിയോ സിനിമ), സിനിമ ഹാൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തിവരുന്നു. കൂടാതെ മിഡിൽ ഈസ്റ്റിൽനിന്നുള്ള സഞ്ചാരികളെ

ആകർഷിക്കുന്നതിനായി എയർപോർട്ട്, ടെലിവിഷൻ ഡിജിറ്റൽ വെബ് പോർട്ടൽ തുടങ്ങിയ മാധ്യമങ്ങളിലൂടെയും പ്രചാരണം നടത്തിവരുന്നു.

വിദേശ ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി ഓൺലൈൻ നവമാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads. Google RCS തുടങ്ങിയവയിലൂടെ ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**പേരാമ്പ്ര മണ്ഡലത്തിലെ ചേർമല ടൂറിസം പദ്ധതി**

135 (1359) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചേർമല ടൂറിസം പദ്ധതി പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

11-10-2021-ലെ സ.ഉ.(സാധാ) നം. 322/2021/ടൂറിസം പ്രകാരം, കേവ് പാർക്ക് അറ്റ് പേരാമ്പ്ര എന്ന പദ്ധതിക്ക് 3.72 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ഘടകങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

| ഘടകങ്ങൾ | പുരോഗതിയുടെ (%) |
|---|---|
| ടിക്കറ്റ് കൗണ്ടർ, സുവനീർ ഷോപ്പ്, കോഫി ഷോപ്പ്, സെക്യൂരിറ്റി ക്യാബിൻ | 90 |
| ഗാബിയോൺ വാൾ നിർമ്മാണം | 50 |
| ഓപ്പൺ സ്റ്റേജ് നിർമ്മാണം | 60 |
| ഗാലറി | 20 |
| ഗാതറിംഗ് ഹാൾ | 20 |

KEL നിലവിൽ ബില്ലുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കാമോ?

2024 സെപ്റ്റംബറോടെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

**പടിയൂർ ഇക്കോ ടൂറിസം പദ്ധതി**

136 (1360) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ പൂർത്തീകരണത്തിനായി സമർപ്പിച്ച രണ്ട് പദ്ധതി റിപ്പോർട്ടുകളിൽ വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പഴശ്ശി ജലസേചന പദ്ധതി പ്രദേശത്ത് നടപ്പാക്കുന്ന പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ട വികസനത്തിന് 27-04-2022-ലെ സ.ഉ. (സാധാ.) 114/2022/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച 5.66 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഒന്നാംഘട്ട പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് രണ്ടാംഘട്ട പദ്ധതി റിപ്പോർട്ടിലെ പ്രവൃത്തികൾ പരിഗണിക്കുന്നതാണ്.

(ബി) പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ട വികസനത്തിനായി 12-06-2024-ലെ സ.ഉ. (സാധാ.) 262/2024/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം 5,49,83,579/- രൂപയുടെ പുനർഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ 73% പൂർത്തീകരിച്ചിട്ടുണ്ട്.

**ആഹാർ റസ്റ്റോറന്റ്**

137 (1361) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ എത്ര ആഹാർ റസ്റ്റോറന്റുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ കായംകുളം, ഗുരുവായൂർ, നെല്ലപ്പാറ, വടകര, ശ്രീകൃഷ്ണപുരം, ചെർപ്പുളശ്ശേരി, മണ്ണാർക്കാട്,

കുറ്റിപ്പുറം, എരിമയൂർ, പാറശ്ശാല എന്നിവിടങ്ങളിലായി നിലവിൽ 10 ആഹാർ റസ്റ്റോറന്റുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഓരോ റസ്റ്റോറന്റുകളിലെയും സ്റ്റാഫ് പാറ്റേണിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഓരോ റസ്റ്റോറന്റിലെയും സ്റ്റാഫ് പാറ്റേണിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**മദ്യനയ പരിഷ്കരണവുമായി ബന്ധപ്പെട്ട് ചേർന്ന യോഗം**

138 (1362) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനയ പരിഷ്കരണവുമായി ബന്ധപ്പെട്ട് ബാർ ഉടമകളെ ഉൾപ്പെടുത്തി 2024 മെയ് 21-ന് യോഗം ചേരുന്നതിനായി ടൂറിസം വകുപ്പ് ഡയറക്ടർ നൽകിയ ഇ-മെയിൽ സന്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത യോഗത്തിന്റെ പരിഗണനാ വിഷയങ്ങളും തീരുമാനങ്ങളും എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ; യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ടൂറിസം ഇൻഡസ്ട്രികണക്റ്റിന്റെ ഭാഗമായി വിവിധ മേഖലകളിലുള്ളവരുടെ പതിവ് യോഗമാണ് വിളിച്ചുചേർത്തത്. ഇ-മെയിൽ സന്ദേശത്തിന്റെ പകർപ്പ്, മിനിട്സ് പകർപ്പ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു+.

**രാമായണ സർക്യൂട്ട് ടൂറിസം**

139 (1363) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച രാമായണ സർക്യൂട്ട് ടൂറിസം പദ്ധതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച രാമായണ സർക്യൂട്ട് ടൂറിസം പദ്ധതിക്കായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

**സ്വദേശി ദർശൻ ടൂറിസം പദ്ധതികൾ**

140 (1364) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നിർമ്മാണം നടക്കുന്ന ടൂറിസം പദ്ധതികൾ എന്തെല്ലാമെന്നും ഇവ പൂർത്തീകരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ നിർമ്മാണം നടക്കുന്ന വിനോദസഞ്ചാര പദ്ധതികളെക്കുറിച്ചും ഇവ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ചുമുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) 2024-25 സാമ്പത്തിക വർഷം ഏറ്റെടുക്കുന്ന ടൂറിസം പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയം ആവിഷ്കരിച്ച 'സ്വദേശ് ദർശൻ 2.0' പ്രകാരം കുമരകം (കോട്ടയം), ബേപ്പൂർ (കോഴിക്കോട്) വിനോദസഞ്ചാര

കേന്ദ്രങ്ങളുടെ വികസനത്തിന് അനുമതി ലഭിച്ചിരുന്നു. കൂടാതെ, 'സ്വദേശ് ദർശൻ 2.0' സ്കീമിന്റെ ഉപപദ്ധതിയായ 'Challenge Based Destination Development' പ്രകാരമുള്ള വികസനത്തിന് Culture & Heritage Tourism വിഭാഗത്തിൽ വർക്കലയും Spiritual Tourism വിഭാഗത്തിൽ തലശ്ശേരിയും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്രസർക്കാരിന്റെ സ്വദേശി ദർശൻ പദ്ധതിയിൽ ഇടുക്കി ജില്ലയിലെ മലങ്കര ടൂറിസം പദ്ധതി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

'സ്വദേശ് ദർശൻ' പദ്ധതിയിൻകീഴിൽ പരിഗണിക്കാനായി 'Tourism Development at Malankara Dam surroundings and Idukki Dam surroundings' എന്ന പദ്ധതിയുടെ DPR കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല.

**റസ്റ്റ് ഹൗസുകളുടെയും ഗസ്റ്റ് ഹൗസുകളുടെയും നവീകരണം**

141 (1365) <u>ശ്രീ. എം. എം. മണി:</u>

<u>ശ്രീ. പി. മമ്മിക്കുട്ടി:</u>

<u>ശ്രീ. പി. വി. അൻവർ:</u>

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ റസ്റ്റ് ഹൗസുകളും ഗസ്റ്റ് ഹൗസുകളും നവീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സർക്കാർ ഗസ്റ്റ് ഹൗസുകളും പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റസ്റ്റ് ഹൗസുകളും നവീകരണം നടത്തിയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പൊതുജനങ്ങൾക്ക് ഗസ്റ്റ് ഹൗസുകളും റസ്റ്റ് ഹൗസുകളും ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളും അതുമൂലമുണ്ടായ നേട്ടങ്ങളും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ അതിഥി മന്ദിരങ്ങൾ stateprotocol.kerala.gov.in എന്ന പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുന്ന പൊതുജനങ്ങൾക്ക് ലഭ്യത അനുസരിച്ച് റൂം അനുവദിക്കുകയും റൂം അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ പ്രസ്തുത പോർട്ടലിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള ഗസ്റ്റ് ഹൗസുകളിൽ 30% മുതൽ 50% വരെയുള്ള മുറികൾ പൊതുജനങ്ങൾക്ക് അനുവദിച്ച് നൽകുന്നതിനുവേണ്ടി പൊതുഭരണ വകുപ്പിന്റെ ബുക്കിംഗ് സിസ്റ്റത്തിൽനിന്നും ഒഴിവാക്കി ടൂറിസം വകുപ്പിന്റെ ഓൺലൈൻ റിസർവേഷൻ സംവിധാനത്തിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളിൽ 2021 നവംബർ മാസം മുതൽ ഓൺലൈൻ ബുക്കിംഗ് സിസ്റ്റം നടപ്പിലാക്കി People's Rest House-കൾ ആക്കി മാറ്റുകയുണ്ടായി. തന്മൂലം പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങൾ പൊതുജനങ്ങൾക്കുകൂടി താമസസൗകര്യം ഒരുക്കുന്നതിന് പ്രാപ്യമായ രീതിയിൽ സുതാര്യവും സുഗമവുമായ സംവിധാനം നിലവിൽവന്നു. പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളിലൂടെ സ്വകാര്യ മേഖലയെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം ഒരുക്കുന്നതിന് സാധിക്കുന്നുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വിശ്രമ കേന്ദ്രങ്ങളിലെ മുറികൾ 30 ദിവസം മുമ്പ്

വരെ അഡ്വാൻസായി ബുക്ക് ചെയ്യുന്നതിന് സാധിക്കുന്നതാണ്. കൂടാതെ early check in/check out സൗകര്യവും വിശ്രമ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. നേരിട്ടെത്തുന്ന സന്ദർശകർക്ക് മുറിയുടെ ലഭ്യതക്കനുസരിച്ച് പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളിൽ കൗണ്ടർ ബുക്കിംഗ് സംവിധാനവും നിലവിലുണ്ട്. പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം നിലവിൽ വന്നതിനുശേഷം വരുമാന വർധനവ് ഉണ്ടായിട്ടുണ്ട്. പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ ബുക്കിംഗുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് സഹായകരമായി 24 മണിക്കൂറും പ്രവർത്തനനിരതമായ CCR (Centralised Control Room) തിരുവനന്തപുരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) പ്രസ്തുത മേഖലയിൽനിന്നും സർക്കാരിനുണ്ടായ വരുമാനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള ഗസ്റ്റ് ഹൗസ്/യാത്രി നിവാസ്/കേരള ഹൗസ് എന്നിവിടങ്ങളിലെ വരുമാനമായി 4,52,73,400/- രൂപ സർക്കാരിന് ലഭ്യമായിട്ടുണ്ട്.

പൊതുമരാമത്ത് വിശ്രമ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിലൂടെ ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ 18,34,62,938/- രൂപ ലഭ്യമായിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**പൊൻമുടിയിലെ പുതിയ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ പുരോഗതി**

142 (1366) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടിയിൽ ടൂറിസം വകുപ്പിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന പുതിയ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പൊന്മുടി ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഗസ്റ്റ് ഹൗസിന്റെ ഫേസ് 1 & 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫേസ് 3

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ 80% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പുതുതായി നിർമ്മിക്കുന്ന ഗസ്റ്റ് ഹൗസിൽ ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഡൈനിങ്ങ് ഏരിയ, സ്യൂട്ട് റൂം (6 എണ്ണം), സ്റ്റാൻഡേർഡ് റൂം (16 എണ്ണം), കോൺഫറൻസ് ഹാൾ (60-70 ആൾക്കാർക്ക് ഇരിക്കാവുന്ന) തുടങ്ങിയ സൗകര്യങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

(സി) എത്ര തുകയാണ് പ്രസ്തുത നിർമ്മാണത്തിനായി ഇതുവരെ അനുവദിച്ചിട്ടുള്ളത്?

ഇതുവരെ മൂന്ന് ഫേസുകൾക്കായി ആകെ 10,03,00,000/- (പത്ത് കോടി മൂന്ന് ലക്ഷം രൂപ) രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

പൊന്മുടി ഗസ്റ്റ് ഹൗസ് പ്രവൃത്തി 2024 ഡിസംബർ 31-നകം പൂർത്തീകരിക്കുന്നതാണ്.

## ഗുരുവായൂർ ടൂറിസ്റ്റ് ഗസ്റ്റ് ഹൗസ് നിർമ്മാണം

143 (1367) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ടൂറിസ്റ്റ് ഗസ്റ്റ് ഹൗസ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് വിശദമാക്കാമോ?

(എ&ബി) ഗുരുവായൂരിൽ ടൂറിസം വകുപ്പിന്റെ പഴയ അതിഥി മന്ദിരം പൊളിച്ചുനീക്കി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ അതിഥി മന്ദിരത്തിന്റെ നിർമ്മാണം 75% പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കന്യാകുമാരിയിലെ കേരള ഹൗസ്

144 (1368) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്യാകുമാരിയിലെ കേരള ഹൗസിൽ അതിഥികൾക്ക് താമസിക്കുന്നതിനായി എത്ര മുറികളാണ് പണി കഴിപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

കന്യാകുമാരിയിലെ കേരള ഹൗസിൽ പതിനൊന്ന് മുറികളും ഒരു ഡോർമിറ്ററിയുമാണ് പണികഴിപ്പിച്ചിട്ടുള്ളത്.

(ബി) ബഹുനില മന്ദിരത്തിൽ ധാരാളം മുറികൾ പണി കഴിപ്പിച്ചിട്ടും രണ്ട് മുറികൾ മാത്രം അതിഥികൾക്ക് നൽകാനിടവരുന്ന സാഹചര്യം വിശദീകരിക്കാമോ;

(സി) അറ്റകുറ്റപ്പണികൾ യഥാസമയം നടത്താതെ എത്ര നാളുകളായി അതിഥികൾക്ക് ബാക്കി മുറികൾ നൽകി വരുന്നില്ല എന്നതു സംബന്ധിച്ച് വിശദാംശം നൽകാമോ;

(ഡി) അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി എല്ലാ മുറികളും പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) 100 വർഷത്തിന് മുകളിൽ പഴക്കമുള്ള കെട്ടിടമാണ് അതിഥി മന്ദിരമായി ഉപയോഗിക്കുന്നത്. കടലിനോട് ചേർന്ന് സ്ഥിതി

ചെയ്യുന്നതിനാലും ലഭ്യമാകുന്ന വെള്ളത്തിന്റെ പ്രത്യേകതകൾ കാരണവും ഇലക്ട്രിക്കൽ, പ്ലംബിംഗ് ഉപകരണങ്ങൾക്ക് സ്ഥിരമായി കേടുപാടുകൾ സംഭവിക്കുന്നു. ഇതേത്തുടർന്ന് 2023 ജൂൺ മുതൽ കന്യാകുമാരി കേരള ഹൗസിന്റെ 6 മുറികളും ഒരു ഡോർമിറ്ററിയും അതിഥികൾക്ക് നൽകിവരുന്നില്ല. 6.5 കോടിയുടെ നവീകരണ പദ്ധതി തയ്യാറാക്കിക്കഴിഞ്ഞു. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ശാസ്താംപാറ അഡ്വഞ്ചർ പാർക്ക് നിർമ്മാണം**

145 (1369) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറ അഡ്വഞ്ചർ പാർക്ക് നിർമ്മാണത്തിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഇതിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറ അഡ്വഞ്ചർ പാർക്ക് നിർമ്മാണത്തിനുള്ള പുതുക്കിയ പ്രൊപ്പോസൽ കേരള അഡ്വഞ്ചർ ടൂറിസം

പ്രൊമോഷൻ സൊസൈറ്റി (KATPS) മുഖേന തയ്യാറാക്കിവരുന്നു. അത് പരിശോധിച്ച് തുടർതീരുമാനം കൈക്കൊള്ളും.

**ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം**

146 (1370) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രായിരുന്നുവെന്ന് വ്യക്തമാക്കുമോ; എങ്കിൽ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിനായി സർക്കാർ ടെൻഡർ വിളിച്ചിരുന്നോ; ആർ.എഫ്.പി.-യുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ടെൻഡറിൽ പ്രീ-ക്വാളിഫിക്കേഷൻ കണ്ടീഷൻ എന്തായിരുന്നുവെന്നും ആദ്യം നിശ്ചയിച്ച പ്രീ-ക്വാളിഫിക്കേഷൻ കണ്ടീഷനിൽ ഏതെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; പ്രീ-ക്വാളിഫിക്കേഷൻ കണ്ടീഷൻ വ്യവസ്ഥകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ടെൻഡറിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പങ്കെടുത്തതെന്നും എത്ര തുകയാണ് ഓരോ സ്ഥാപനവും ക്വാട്ട് ചെയ്തതെന്നും വ്യക്തമാക്കാമോ;

(ഇ) ഏത് സ്ഥാപനത്തിനാണ് പ്രസ്തുത നിർമ്മാണ കരാർ നൽകിയതെന്ന് അറിയിക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-ഇ) സർക്കാർ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ടെൻഡർ വിളിക്കുകയോ ചെയ്തിരുന്നില്ല.

**വർക്കല ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജ്**

147 (1371) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; എങ്കിൽ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫ്ലോട്ടിങ് ബ്രിഡ്ജ് നിർമ്മാണത്തിനായി സർക്കാർ ടെൻഡർ വിളിച്ചിരുന്നോ; ആർ.എഫ്.പി.-യുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ടെൻഡറിൽ പ്രീ-ക്വാളിഫിക്കേഷൻ കണ്ടീഷൻ എന്തായിരുന്നുവെന്നും ആദ്യം നിശ്ചയിച്ച പ്രീ-ക്വാളിഫിക്കേഷൻ കണ്ടീഷനിൽ ഏതെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; പ്രീ-ക്വാളിഫിക്കേഷൻ കണ്ടീഷൻ വ്യവസ്ഥകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ടെൻഡറിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പങ്കെടുത്തതെന്നും എത്ര തുകയാണ് ഓരോ സ്ഥാപനവും ക്വാട്ട് ചെയ്തതെന്നും വ്യക്തമാക്കാമോ;

(ഇ) ഏത് സ്ഥാപനത്തിനാണ് പ്രസ്തുത നിർമ്മാണക്കരാർ നൽകിയതെന്ന് വ്യക്തമാക്കുമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത ഫ്ലോട്ടിങ് ബ്രിഡ്ജ് നിർമ്മാണം കരാർ പ്രകാരം എന്നാണ് പൂർത്തീകരിക്കേണ്ടതെന്നും അപ്രകാരം നിർമ്മാണം പൂർത്തീകരിക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ജി) ഫ്ലോട്ടിങ് ബ്രിഡ്ജ് നിർമ്മിക്കുമ്പോൾ പാലിക്കേണ്ട എല്ലാ സുരക്ഷാ മാർഗനിർദേശങ്ങളും പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനാ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ-ജി) സർക്കാർ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ടെൻഡർ വിളിക്കുകയോ ചെയ്തിരുന്നില്ല.

**പിൽഗ്രിം ടൂറിസം**

148 (1372) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ സർവമത തീർഥാടന കേന്ദ്രമായ മാർ തോമ ചെറിയ പള്ളിയെ പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിൽ നടപടി സ്വീകരിച്ച് മാർ തോമ ചെറിയ പള്ളിയെ പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം**

149 (1373) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം കരാർ പ്രകാരം എന്നാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. QCBS രീതിയിൽ തിരഞ്ഞെടുത്ത സ്ഥാപനമാണ് നിർമ്മാണം നടത്തുന്നത്.

(സി) ഗ്ലാസ് ബ്രിഡ്ജ് നിർമ്മിക്കുമ്പോൾ പാലിക്കേണ്ട എല്ലാവിധ സുരക്ഷാ മാർഗനിർദേശങ്ങളും പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധന രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

NIT പരിശോധനയുടെ റിപ്പോർട്ട് ഉൾപ്പെടെയുള്ള മറ്റ് പരിശോധനാ റിപ്പോർട്ടുകൾ ലഭ്യമായാൽ മാത്രമേ പൊതുജനത്തിനായി ഗ്ലാസ് ബ്രിഡ്ജ് തുറന്നുനൽകുന്നതിൽ തീരുമാനമെടുക്കുകയുള്ളൂ.

**ഇരിക്കൂർ മണ്ഡലത്തിലെ ടൂറിസം വികസനം**

150 (1374) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നടുവിൽ പഞ്ചായത്തിൽ കുറ്റിപ്പുല്ല് പാർക്ക് എന്ന പദ്ധതിക്ക് 83 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുള്ള ടൂറിസം സർക്യൂട്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദമാക്കുമോ?

സാധ്യത പരിശോധിക്കാവുന്നതാണ്.

**അങ്കമാലി നിയോജകമണ്ഡലത്തിലെ കുട്ടികളുടെ പാർക്ക്**

151 (1375) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിൽ മണപ്പാട്ട് ചിറയോട് ചേർന്ന് സംസ്ഥാന ടൂറിസം വകുപ്പ് 2021-ൽ 65 ലക്ഷം രൂപ ഭരണാനുമതി നൽകി നിർമ്മിച്ച കുട്ടികളുടെ പാർക്കിന്റെ നിർമ്മാണം പൂർത്തിയായി ഒരു വർഷം കഴിഞ്ഞിട്ടും പൊതുജനങ്ങൾക്കായി തുറന്ന് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

മണപ്പാട്ട് ചിറയോട് ചേർന്ന് നിർമ്മിച്ച കുട്ടികളുടെ പാർക്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ജലവിഭവ വകുപ്പും മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തുമായുള്ള കേസ് ബഹുമാനപ്പെട്ട കേരള

ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ പാർക്കിന്റെ നടത്തിപ്പ് ചുമതല കൈമാറാൻ കാലതാമസം നേരിടുന്നുണ്ട്.

(ബി) പ്രസ്തുത പാർക്ക് തുറന്ന് നൽകുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഡി.ടി.പി.സി. സെക്രട്ടറി, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ, ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ പങ്കെടുത്ത യോഗതീരുമാനപ്രകാരം പാർക്ക് തുറന്ന് നൽകാനെടുത്ത തീരുമാനം നടപ്പിലാക്കാത്തതിന്റെ കാരണവും കാലതാമസവും വിശദമാക്കാമോ?

സ്ഥലത്തിന്റെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ പ്രസ്തുത പാർക്ക് തുറന്ന് കൊടുക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) പാർക്കിലെ ഉപകരണങ്ങൾ നശിക്കുന്നത് സംബന്ധിച്ച് 463/24 നമ്പരായി 09-05-2024-ൽ സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത കത്തിൽ സൂചിപ്പിച്ചിട്ടുള്ള വീഴ്ചകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പാർക്ക് ഔപചാരികമായി എന്ന് പൊതുജനങ്ങൾക്കായി തുറന്ന് നൽകുമെന്ന് വ്യക്തമാക്കാമോ?

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ പ്രസ്തുത പാർക്കിന്റെ നടത്തിപ്പ് ചുമതല മാത്രം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറാനുള്ള സാധ്യത പരിശോധിക്കാൻ എറണാകുളം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരുന്നതാണ്.

**വലിയഴീക്കൽ ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി**

152 (1376) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽ കേന്ദ്രീകരിച്ച് പ്രത്യേക ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ എത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എന്തെല്ലാം പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ വലിയഴീക്കൽ കേന്ദ്രീകരിച്ചുള്ള പ്രത്യേക ടൂറിസം പദ്ധതി വിനോദസഞ്ചാര സാധ്യത പരിശോധിച്ചും റവന്യൂ ഭൂമിയുടെ വിനിയോഗാനുമതി ലഭ്യമാകുന്ന മുറയ്ക്കും തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മനക്കച്ചിറ ടൂറിസം**

153 (1377) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ മനക്കച്ചിറ ടൂറിസം പദ്ധതി നവീകരിച്ച് നടപ്പിലാക്കുന്നതിന് 05-03-2024-ൽ ടൂറിസം ഡയറക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ യോഗതീരുമാനപ്രകാരം എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിലെ മനക്കച്ചിറ ടൂറിസം പദ്ധതിയുടെ സാധ്യത പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട MLA-യുടെ നേതൃത്വത്തിൽ

യോഗം കൂടിയിരുന്നു. ഈ യോഗതീരുമാനപ്രകാരമുള്ള കോൺസെപ്റ്റ് നോട്ട്/DPR ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി ഇറിഗേഷൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

**കുട്ടനാട്ടിലെ ടൂറിസം മേഖലയെ ശക്തിപ്പെടുത്താൻ നടപടി**

154 (1378) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ടൂറിസം മേഖലയെ ശക്തിപ്പെടുത്താൻ ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഹൗസ് ബോട്ട് ടെർമിനൽ, നൈറ്റ് ഹാൾട്ട് സെന്റർ, കായലോരങ്ങളിൽ നടപ്പാത തുടങ്ങി കുട്ടനാട്ടിലെ കായൽ ടൂറിസം മേഖലയെ ശക്തിപ്പെടുത്താനുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി കുട്ടനാട് മേഖലയിൽ വിവിധ ഹൗസ് ബോട്ട് ടെർമിനലുകളുടെ നിർമ്മാണം പൂർത്തിയാക്കി.

കൈനകരി, വട്ടക്കായൽ ടെർമിനൽ കേന്ദ്രീകരിച്ച് സാഹസിക വിനോദ പദ്ധതികൾ നടപ്പാക്കാനും നടപടികൾ പുരോഗമിക്കുന്നുണ്ട്.

കായൽ ടൂറിസം മേഖലയിലേയ്ക്ക് സംരംഭകരെ ആകർഷിക്കാനും സുരക്ഷാ ക്രമീകരണമടക്കം ഏർപ്പെടുത്താനും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി (KATPS) വഴി പരിശീലനം നൽകാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കായൽ ടൂറിസം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യ സംസ്കരണംപോലെ കായൽ ടൂറിസം നേരിടുന്ന പ്രധാന വെല്ലുവിളികൾ പരിഹരിക്കാൻ ആലപ്പുഴ എച്ച്. ബ്ലോക്കിലെയും വട്ടക്കായലിലെയും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (STP) വീണ്ടും പ്രവർത്തനക്ഷമമാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. ഒപ്പം സ്വകാര്യ

മേഖലയുടെ പങ്കാളിത്തത്തോടെ ഇരുമ്പനം പാടശേഖരത്തിൽ പുതിയ STP സ്ഥാപിക്കാനുള്ള നടപടികളും പുരോഗതിയിലാണ്.

(സി) കായൽ ടൂറിസത്തിന്റെ അനന്ത സാധ്യതകൾ ലോകത്തിന് മുന്നിൽ പ്രചരിപ്പിക്കുന്നതിന് വിപുലമായ പ്രചാരണ പരിപാടികൾ നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

കായൽ ടൂറിസത്തിന്റെ സാധ്യതകൾ അവതരിപ്പിക്കാനായി വിവിധ രാജ്യാന്തര വ്യാപാര മേളകളിലും ബിസിനസ് ടു ബിസിനസ് (B2B) മീറ്റുകളിലും ബ്രോഷറുകളിലൂടെയും വിഡിയോ ചിത്രങ്ങളിലൂടെയും ഹൗസ് ബോട്ടുകൾ പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ, ഹൗസ് ബോട്ടുകളും കായൽ ഭംഗിയുമൊക്കെ അവതരിപ്പിക്കുന്ന വീഡിയോകൾക്ക് നവമാധ്യമങ്ങളിലും പ്രചാരം നൽകുന്നുണ്ട്.

**ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം**

155 (1379) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിനായി ഏത് സ്ഥാപനത്തെയാണ് തിരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായുള്ള ടെൻഡറിൽ പ്രീ ക്വാളിഫിക്കേഷൻ കണ്ടീഷൻ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണത്തിനായി തിരഞ്ഞെടുത്ത സ്ഥാപനത്തിന് ടെൻഡറിലെ പ്രീ-ക്വാളിഫിക്കേഷൻ കണ്ടീഷൻ വ്യവസ്ഥകൾ പ്രകാരം അർഹതയുണ്ടെന്ന് തെളിയിക്കാനായി സമർപ്പിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡിയർ എന്റർപ്രണേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (Vybecos) Ltd. No.T2283 എന്ന സ്ഥാപനത്തെ തിരുവനന്തപുരം ഡി.റ്റി.പി.സി. QCBS രീതിയിലാണ് തിരഞ്ഞെടുത്തത്.

തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ടെൻഡർ ക്ഷണിച്ചിരുന്നത്.

പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥകൾ ചുവടെപ്പറയും പ്രകാരമാണ്.

- The organization or any organization in the consortium should have at least one year of experience in the adventure tourism field.
- The organization or any organization in the consortium should have prior experience in working in association in any of the DTPC's in Kerala.
- The organization or any organization in the consortium should be an accredited adventure tourism service provider of Kerala Tourism.
- The organization or consortium should have personnel having prior experience in construction of Glass Bridges.

നിർമ്മാണത്തിനായി തിരഞ്ഞെടുത്ത സ്ഥാപനത്തിന് ടെൻഡറിലെ പ്രീ-ക്വാളിഫിക്കേഷൻ കണ്ടീഷൻ വ്യവസ്ഥകൾ പ്രകാരം അർഹതയുണ്ടെന്ന് തെളിയിക്കാനായി സമർപ്പിച്ച രേഖകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡി.റ്റി.പി.സി.-യുടെ ചെയർമാനായ ജില്ലാ കളക്ടർ ബിഡ് ഇവാല്യൂവേഷനുവേണ്ടി 13-09-2023-ൽ ആറംഗ കമ്മിറ്റി രൂപീകരിച്ച് ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

**കായംകുളം കായൽ തീരത്തെ അമിനിറ്റി സെന്ററിന്റെ പ്രവർത്തനം**

156 (1380) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കായൽ തീരത്തെ ഡി.റ്റി.പി.സി.-യുടെ അധീനതയിലുള്ള അമിനിറ്റി സെന്ററിന്റെ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ അധീനതയിൽ കായംകുളം കായൽ തീരത്ത് സ്ഥിതിചെയ്യുന്ന അമിനിറ്റി സെന്ററിൽ വിനോദ സഞ്ചാരികൾക്കും പൊതുജനങ്ങൾക്കുമായി താമസസൗകര്യവും ഭക്ഷണശാലയുമാണ് സജ്ജീകരിച്ചിട്ടുള്ളത്.

(ബി) അമിനിറ്റി സെന്ററിന് അനുബന്ധമായി പ്രവർത്തിക്കുന്ന ഹോട്ടലിന്റെ കരാർ ഏറ്റെടുത്തിട്ടുള്ളത് ആരാണെന്നും കരാറിന്റെ തീയതി, കാലാവധി എന്നിവയും വിശദമാക്കാമോ?

അമിനിറ്റി സെന്ററിന്റെ ഭാഗമായ റസ്റ്റോറന്റ് നടത്തിപ്പിന് കരാർ എടുത്തിരിക്കുന്നത് മാവേലിക്കര കല്ലുമല ആക്കനാട്ട്കര അമൃത നിവാസിൽ ശ്രീമതി സവിത വി. കുമാറാണ്. 01-12-2023-ൽ ഒപ്പുവച്ച കരാറിന്റെ കാലാവധി 01-12-2023 മുതൽ 31-03-2025 വരെയാണ്.

**തേവര വെണ്ടുരുത്തി പഴയപാലം ഹെറിറ്റേജ് ഫുഡ് സ്ട്രീറ്റ് പദ്ധതി**

157 (1381) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തേവര വെണ്ടുരുത്തി പഴയപാലം ഹെറിറ്റേജ് ഫുഡ് സ്ട്രീറ്റാക്കി മാറ്റുന്ന പദ്ധതി ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്;

(ബി) ടൂറിസം വകുപ്പും ഏജൻസിയും തമ്മിൽ ഇതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരാർ കാലാവധി എത്രയെന്നും ഇതിനായി വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കാമോ?

(എ&ബി) തേവര വെണ്ടുരുത്തി പഴയപാലം ഹെറിറ്റേജ് ഫുഡ് സ്ട്രീറ്റ് പദ്ധതി നടത്തിപ്പിന് ഇതുവരെ ഏജൻസിയെ നിയോഗിച്ചിട്ടില്ല.

**ആലത്തൂർ മണ്ഡലത്തിലെ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ**

158 (1382) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

(എ&ബി) 2016-17 കാലയളവിൽ 4,72,25,844/- (നാല് കോടി എഴുപത്തിരണ്ട് ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി എണ്ണൂറ്റി നാല്പത്തിനാല് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയ റീവൈറ്റലൈസേഷൻ ഓഫ് മംഗലം ഡാം എന്ന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**തിരുവനന്തപുരം നഗരത്തിലെ ടൂറിസം പദ്ധതികൾ**

159 (1383) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ടൂറിസം വകുപ്പിന്റെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെയും നേതൃത്വത്തിൽ പുരോഗമിക്കുന്ന വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) തിരുവനന്തപുരത്തെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെ കോർത്തിണക്കി ഒരു ടൂറിസം പാക്കേജ് നടപ്പാക്കുന്ന വിഷയം പരിഗണിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഗണിക്കാവുന്നതാണ്.

**വർക്കലയിലെ ടൂറിസം മേഖലയുടെ നവീകരണം**

160 (1384) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല ടൂറിസം മേഖലയിലെ കുന്നുകൾ ഇടിഞ്ഞുവീഴുന്നത് ഒഴിവാക്കുന്നതിനായി സമഗ്രമായ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വർക്കല ടൂറിസം മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ 11-04-2024-ലെ സ.ഉ.(സാധാ) നം.206/2024/ടൂറിസം ഉത്തരവ് പ്രകാരം കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ തയ്യാറാക്കാനുള്ള നപടികൾ പുരോഗതിയിലാണ്. വർക്കലയുടെ സമഗ്രടൂറിസം വികസനവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പുമന്ത്രി തലത്തിൽ രണ്ട് തവണ യോഗം ചേർന്നു. മൂന്ന് തവണ സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിംഗും നടത്തി. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ പുരോഗതിയും

വിലയിരുത്തുന്നുണ്ട്. ഈ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ക്ലിഫ് സംരക്ഷണം നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

**വർക്കല മണ്ഡലത്തിലെ ടൂറിസം വികസന പദ്ധതികൾ**

161 (1385) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ടൂറിസം മേഖലയിലെ പശ്ചാത്തല വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

വർക്കലയുടെ സമഗ്ര ടൂറിസം വികസനം ലക്ഷ്യം വച്ചുകൊണ്ട് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. വർക്കല പാപനാശം ബീച്ചിന്റെ അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കുന്നതിന് 97,78,000/- രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വർക്കല പാപനാശം ടൂറിസം കേന്ദ്രം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ടോയ്‌ലറ്റ് കോംപ്ലക്സിന്റെ

നിർമ്മാണവും വർക്കല ഗസ്റ്റ് ഹൗസിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണവും നിലവിലുള്ളവയുടെ നവീകരണവും പുരോഗമിച്ചുവരുന്നു. ഇതിനുപുറമേ വർക്കലയിൽ ടൂറിസം വികസനം ലക്ഷ്യംവച്ച് സമഗ്രമായൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കെ.ടി.ഐ.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ടൂറിസം വികസനത്തിനായി 2016-21 സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലുമായി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും പുതുതായി നടപ്പിലാക്കുന്നതിനായി വിഭാവന ചെയ്തിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**വടക്കഞ്ചേരി ശിവരാമ പാർക്ക് നവീകരണം**

162 (1386) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2023-24 ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ വടക്കഞ്ചേരി ശിവരാമ പാർക്ക് നവീകരണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

വടക്കഞ്ചേരിയിൽ സ്ഥിതിചെയ്യുന്ന ശിവരാമ പാർക്കിന്റെ നവീകരണവുമായി ബന്ധപ്പെട്ട വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. രൂപരേഖ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വിനോദസഞ്ചാര മേഖലയിലെ പുതിയ പദ്ധതികൾ**

163 (1387) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ ആഭ്യന്തര, വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ആഭ്യന്തര, വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കാരവൻ ടൂറിസം, ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്, ഡെസ്റ്റിനേഷൻ ചലഞ്ച്, ഫ്ലോട്ടിംഗ് ബ്രിഡ്ജ്,

സാഹസിക ടൂറിസത്തിലെ പുതിയ പദ്ധതി, എക്സ്പീരിയൻഷ്യൽ ടൂറിസം, സ്ട്രീറ്റ്, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാരം, അഗ്രി ടൂറിസം നെറ്റ്‌വർക്ക് തുടങ്ങിയ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഡിയോ, ടി.വി., അച്ചടി മാധ്യമങ്ങൾ, ഒ.ടി.ടി. പ്ലാറ്റ്ഫോം, സിനിമ ഹാൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തിവരുന്നു. കൂടാതെ മിഡിൽ ഈസ്റ്റിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനായി എയർപോർട്ട്, ടെലിവിഷൻ, ഡിജിറ്റൽ വെബ് പോർട്ടൽ തുടങ്ങിയ മാധ്യമങ്ങളിലൂടെയും പ്രചരണം നടത്തിവരുന്നു.

വിദേശ ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി ഓൺലൈൻ നവമാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads, Google RCS തുടങ്ങിയവയിലൂടെ ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തുകയും കൂടുതൽ

സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) പട്ടാമ്പി ഭാരതപ്പുഴയുടെ തീരപ്രദേശങ്ങളിൽ വിനോദസഞ്ചാരികൾക്ക് പ്രധാന കാഴ്ചകൾ പരിചയപ്പെടുത്തുന്നതിനായി പ്രചരണ പരിപാടികൾക്ക് രൂപം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഭാരതപ്പുഴയുടെ തീരപ്രദേശത്തെ ടൂറിസം മേഖലകളെ വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനായി വിവിധ പ്രചരണ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വള്ളിക്കുന്നംചിറ ടൂറിസം പദ്ധതി**

164 (1388) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നംചിറ ടൂറിസം പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക

അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നാളേറെയായിട്ടും പദ്ധതി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ടൂറിസം പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ & ബി) 2021–22-ലേയ്ക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തു പണികളുടെ വിശദ വിവരങ്ങൾ) വാല്യം രണ്ടിൽ (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) 'വള്ളിക്കുന്നംചിറ ടൂറിസം' (ക്രമനമ്പർ: 2939) ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ട് കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് അതിന്റെ 20% ആയ 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

'വള്ളിക്കുന്നംചിറ ടൂറിസം' പദ്ധതിക്കായി തയാറാക്കിയ വിശദ പദ്ധതി രേഖയിൽ (DPR) പഞ്ചായത്ത് വക ചിറയുടെ സംരക്ഷണവും കൂടി ഉൾപ്പെട്ടിരുന്നതിനാൽ അത് ഒഴിവാക്കി മറ്റ് പ്രവൃത്തികൾ നടപ്പാക്കാനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ ടൂറിസം പദ്ധതികൾ**

165 (1389) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ടൂറിസം വകുപ്പ് 2016 മുതൽ 2023 വരെ അനുവദിച്ച പദ്ധതികൾ എത്രയെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 2016 മുതൽ 2023 വരെ അനുവദിച്ച പദ്ധതികളെക്കുറിച്ചും പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥയെക്കുറിച്ചുമുള്ള വിവരം ശേഖരിച്ചുവരുന്നു.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ടൂറിസം വികസനം**

166 (1390) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ടുള്ള നിലവിലെ പ്രൊപ്പോസലുകൾ ഏതൊക്കെയെന്നും അവയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ നിലവിൽ ചാവക്കാട് ബീച്ചിന്റെ രണ്ടാംഘട്ട നവീകരണത്തിനുള്ള വിശദ പദ്ധതി രേഖ (DPR) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന തയ്യാറാക്കിവരുന്നു. പ്രസ്തുത DPR ലഭ്യമാകുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കീരനല്ലൂർ ടൂറിസം പദ്ധതി**

167 (1391) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കീരനല്ലൂർ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ കീരനല്ലൂർ ടൂറിസം പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമാക്കാത്തതിനാൽ 13-08-2021-ലെ സ.ഉ. (സാധാ) നം. 243/2021/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം “Development of

Keeranallur Park as a Tourism Destination” എന്ന പദ്ധതിക്ക് നൽകിയ ഭരണാനുമതി റദ്ദ് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് അനുവദിച്ചിരുന്ന തുക പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പദ്ധതിയുടെ നിർമ്മാണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് ആദ്യ ഗഡു തുകയായി 25 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്തതിനാൽ വകുപ്പ് അനുവദിച്ച തുക തിരിച്ചടയ്ക്കാൻ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്.

**ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതികൾ**

168 (1392) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ൽ സംസ്ഥാനത്ത് എത്തിച്ചേർന്ന ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ?

2023-ൽ സംസ്ഥാനത്ത് എത്തിച്ചേർന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 21871641-ഉം വിദേശ

വിനോദസഞ്ചാരികളുടെ എണ്ണം 649057-ഉം ആണ്.

(ബി) വിനോദസഞ്ചാരികളുടെ വരവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം വളർച്ച കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

2023 കലണ്ടർ വർഷത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2022 കലണ്ടർ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 15.92% വർധനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 87.83% വർധനവും ഉണ്ടായിട്ടുണ്ട്. വിനോദ സഞ്ചാരികളുടെ വരവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ചുള്ള വളർച്ചാ വ്യതിയാനത്തിന്റെ നിരക്ക് താഴെ ചേർക്കുന്നു.

| വർഷം | ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം | മുൻ വർഷത്തെ അപേക്ഷിച്ചുള്ള വ്യതിയാന നിരക്ക് (%) | വിദേശ വിനോദസഞ്ചാരികളുടെ എണ്ണം | മുൻ വർഷത്തെ അപേക്ഷിച്ചുള്ള വ്യതിയാന നിരക്ക് (%) |
|---|---|---|---|---|
| 2021 | 7537617 | 51.09 | 60487 | -82.25 |
| 2022 | 18867414 | 150.31 | 345549 | 471.28 |
| 2023 | 21871641 | 15.92 | 649057 | 87.83 |

(സി) ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നൂതനമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ആഭ്യന്തര/വിദേശ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി റേഡിയോ, ടി.വി, അച്ചടി മാധ്യമങ്ങൾ, ഒ.ടി.ടി. പ്ലാറ്റ്ഫോം, സിനിമ ഹാൾ തുടങ്ങിയവയിലൂടെ പ്രചാരണം നടത്തിവരുന്നു. കൂടാതെ മിഡിൽ ഈസ്റ്റിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനായി എയർപോർട്ട്, ടെലിവിഷൻ, ഡിജിറ്റൽ വെബ് പോർട്ടൽ തുടങ്ങിയ മാധ്യമങ്ങളിലൂടെയും പ്രചാരണം നടത്തിവരുന്നു.

വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ഓൺലൈൻ നവമാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads, Google RCS തുടങ്ങിയവയിലൂടെ ഡൊമസ്റ്റിക് സമ്മർ ഹോളിഡേ ക്യാമ്പയിൻ എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

നവമാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads എന്നിവ മുഖേന മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**ഉത്തര മലബാർ ജലോത്സവത്തിനനുവദിച്ച ഫണ്ട്**

169 (1393) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നടന്ന ഉത്തര മലബാർ ജലോത്സവത്തിനായി ടൂറിസം വകുപ്പ് അനുവദിച്ച അഞ്ച് ലക്ഷം രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് ഡി.റ്റി.പി.സി. അധികൃതർ സമർപ്പിച്ചിട്ടും പ്രസ്തുത തുക ഇതുവരെയായും ഡി.റ്റി.പി.സി.-ക്ക് കൈമാറാത്തതെന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ തുക ഡി.റ്റി.പി.സി.ക്ക് എന്ന് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ & ബി)14.10.2023-ലെ സ.ഉ (സാ.ധാ) 539/2023/TSM നമ്പർ ഉത്തരവ് പ്രകാരം വിനോദസഞ്ചാര വകുപ്പ് ഉത്തര മലബാർ ജലോത്സവം 2023-ന് അനുവദിച്ച 5,00,000/- രൂപ 15-06-2024-ലെ DOT/13945/2023-M1 നടപടിക്രമം പ്രകാരം അനുവദിക്കുകയും ഇതിലേയ്ക്കുള്ള ബിൽ ട്രഷറിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിയ സഞ്ചാരികളുടെ എണ്ണം**

170 (1394) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിയ വിദേശ വിനോദസഞ്ചാരികളുടെയും ആഭ്യന്തര വിനോദസഞ്ചാരികളുടെയും എണ്ണം, ഇതിൽ കേരളത്തിൽ നിന്നുള്ള വിനോദസഞ്ചാരികൾ എത്രയെന്നും കലണ്ടർ വർഷം തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ 2021 മുതൽ 2023 വരെ സംസ്ഥാനത്ത് എത്തിയ വിദേശ വിനോദസഞ്ചാരികളുടെയും ആഭ്യന്തര

വിനോദസഞ്ചാരികളുടെയും കേരളത്തിൽനിന്നുള്ള

വിനോദസഞ്ചാരികളുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| കലണ്ടർ വർഷം | വിദേശ ടൂറിസ്റ്റുകളുടെ എണ്ണം | ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം | കേരളത്തിൽ നിന്നുള്ള ടൂറിസ്റ്റുകൾ |
|---|---|---|---|
| 2021 | 60,487 | 75,37,617 | 61,37,243 |
| 2022 | 3,45,549 | 1,88,67,414 | 1,34,92,279 |
| 2023 | 6,49,057 | 2,18,71,641 | 1,49,72,153 |

**ടൂറിസം പ്രോത്സാഹിപ്പിക്കാൻ പുതിയ മദ്യ നയം**

171 (1395) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പ്രോത്സാഹിപ്പിക്കാൻ മദ്യനയത്തിൽ മാറ്റം ആവശ്യമാണ് എന്ന് വകുപ്പ് നിലപാടെടുത്തിട്ടുണ്ടോ;

(ബി) ഈ നിലപാട് സ്വീകരിച്ചത് ഏതെങ്കിലും പഠനത്തിന്റെയോ കൂടിയാലോചനകളുടെയോ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇല്ല.

(സി) പുതിയ മദ്യനയത്തിൽ ഉൾപ്പെടുത്താനായി ടൂറിസം വകുപ്പ് നൽകിയിട്ടുള്ള ശിപാർശകൾ സംബന്ധിച്ച് വിശദമാക്കാമോ?

വിനോദസഞ്ചാര വകുപ്പ് ശിപാർശകളൊന്നും നൽകിയിട്ടില്ല.

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

172 (1396) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ തിരുവമ്പാടി മണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലുള്ള സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

തിരുവമ്പാടി മണ്ഡലത്തിൽ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ ഭാഗമായി 2024 മാർച്ച് മാസത്തിൽ Thrikkudamanna pilgrim tourism at Mukkam municipality പദ്ധതിക്ക് 99,91,000/- രൂപയുടെയും Hanging bridge at Pathakkayam waterfalls at Kodenchery Grama panchayat പദ്ധതിക്ക് 93,37,405/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.

**വിനോദസഞ്ചാര മേഖലയും ഡ്രൈ ഡേ നിയന്ത്രണങ്ങളും**

173 (1397) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈ ഡേ നിയന്ത്രണങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഡ്രൈ ഡേ നിയന്ത്രണങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച ശിപാർശ മുന്നോട്ടുവച്ചതിന് വിനോദസഞ്ചാര വകുപ്പ് ആധാരമാക്കിയ

വസ്തുതകൾ വെളിപ്പെടുത്തുമോ; ഇത് സംബന്ധിച്ച നിലപാട് എക്സൈസ് വകുപ്പിൽനിന്നും തേടിയിരുന്നോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ വേണ്ട തീരുമാനങ്ങളെടുക്കുന്നതിനായി യോഗങ്ങൾ നടത്തിയിരുന്നോ; യോഗത്തിൽ പങ്കെടുത്ത വകുപ്പുകൾ, ഉദ്യോഗസ്ഥരുൾപ്പെടെയുള്ള വ്യക്തികൾ എന്നിവരുടെ വിവരങ്ങളും പ്രധാന യോഗ തീരുമാനങ്ങളും എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കുമോ?

(എ-സി) സംസ്ഥാനത്ത് ഡ്രൈ ഡേ നിയന്ത്രണം ഒഴിവാക്കണം എന്ന ഒരു ശിപാർശയും ടൂറിസം വകുപ്പ് മുന്നോട്ടുവച്ചിട്ടില്ല. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള തുടങ്ങിയ സംഘടനകൾ സർക്കാരിൽ വ്യത്യസ്ത നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുമായി നടത്തിയ യോഗത്തിൽ ടൂറിസം വ്യവസായ

വികസനത്തെ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി കുറിപ്പ് സമർപ്പിക്കണമെന്ന് ടൂറിസം വകുപ്പ് സെക്രട്ടറിക്ക് നിർദേശം നൽകിയിരുന്നു. ഈ സാഹചര്യത്തിൽ 21-05-2024-ൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള, കേരള ടൂറിസം ഡെവലപ്മെന്റ് അസോസിയേഷൻ, സൗത്ത് കേരള ഹോട്ടൽ അസോസിയേഷൻ, കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ എന്നീ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഓൺലൈൻ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട MICE (Meetings Incentive Convention Exhibitions) വെഡ്ഡിങ് ഡെസ്റ്റിനേഷൻ, ഹൗസ് ബോട്ട് മേഖല, ക്രൂയിസ് ടൂറിസം എന്നിവ സംബന്ധിച്ച പരാതികൾ, നിർദേശങ്ങൾ എന്നിവ ചർച്ച ചെയ്യുകയുണ്ടായി.

<u>യോഗത്തിൽ പങ്കെടുത്തവർ</u>

1. ശ്രീമതി ശിഖ സുരേന്ദ്രൻ IAS , ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്

2. ശ്രീ. ജോസ് പ്രദീപ് (പ്രസിഡന്റ്, കേരള ട്രാവൽ മാർട്ട് സൊസൈറ്റി)

3. ശ്രീ. എസ്. സ്വാമിനാഥൻ (സെക്രട്ടറി, കേരള ട്രാവൽ മാർട്ട് സൊസൈറ്റി)

4. ശ്രീ. രാജു കുന്നമ്പുഴ (ഇവന്റ് മാനേജ്മെന്റ് അസ്സോസിയേഷൻ ഓഫ് കേരള)

5. ശ്രീ. ജോബിൻ ജോസഫ്, കേരള ഹൗസ്ബോട്ട് ഓണേഴ്സ് ഫെഡറേഷൻ)

6. ശ്രീ. കോട്ടുകാൽ കൃഷ്ണകുമാർ (കേരള ടൂറിസം ഡെവലപ്പ്മെന്റ് അസ്സോസിയേഷൻ)

7. ശ്രീ. പാപ്പച്ചൻ (അസ്സോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള)

8. ശ്രീ. പ്രസാദ് മാഞ്ഞാലി (സൗത്ത് കേരള ഹോട്ടൽ ഫെഡറേഷൻ)

9. ശ്രീ. വി. സുനിൽ കുമാർ (പ്രസിഡന്റ്, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ)

10. ശ്രീ. പ്രദീപ് ചന്ദ്രൻ (ഡെപ്യൂട്ടി ഡയറക്ടർ, മാർക്കറ്റിംഗ്)

11. ശ്രീ. സജീവ് കെ.ആർ. (ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ)

12. ശ്രീ. എസ്. ശ്രീകുമാർ (ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ)

കേരളത്തിലെ ടൂറിസം മേഖലയിൽ ഉണ്ടാകുന്ന വരുമാന നഷ്ടം സംബന്ധിച്ച കണക്കുകളും രേഖകളും ഉണ്ടെങ്കിൽ സംഘടനകൾക്ക് സമർപ്പിക്കാൻ നിർദേശം നൽകുകയാണ് യോഗം ചെയ്തത്.

**വാഗമൺ ടൂറിസം കേന്ദ്രത്തിന്റെ വികസനം**

174 (1398) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാഗമൺ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

വാഗമൺ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ചുവടെ ചേർത്ത പദ്ധതികൾ, പൊതു-സ്വകാര്യ പങ്കാളിത്ത (PPP) വ്യവസ്ഥയിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്:

1. വാഗമൺ അഡ്വഞ്ചർ പാർക്ക്

2. വാഗമൺ ബൊട്ടാണിക്കൽ ഗാർഡൻ.

(ബി) പ്രസ്തുത ടൂറിസം കേന്ദ്രത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും ശൗചാലയങ്ങൾ നിർമ്മിക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

അഡ്വഞ്ചർ പാർക്കിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കൂടുതൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താൻ നടപടിയായിട്ടുണ്ട്. പുതിയ ശൗചാലയങ്ങളുടെ നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത ടൂറിസം കേന്ദ്രത്തിൽ ഹെലിപ്പാഡ് നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) 2012-ൽ പണി പൂർത്തിയാക്കിയ വാഗമൺ ടൂറിസം കോംപ്ലക്സിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഇ) പ്രസ്തുത കോംപ്ലക്സ് പുതുക്കിപ്പണിയാനുള്ള വിശദമായ റിപ്പോർട്ട് ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ചിട്ടുള്ളതിന്മേൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) കാലപ്പഴക്കത്താൽ വാഗമൺ ടൂറിസം കോംപ്ലക്സിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനിവാര്യമായിട്ടുണ്ട്. അതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് സാധ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ്**

175 (1399) <u>ശ്രീ. എം. വിൻസെന്റ്</u>:

<u>ശ്രീമതി കെ. കെ. രമ</u>:

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:

<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജിൽ പൊട്ടൽ കണ്ടെത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ വ്യക്തമാക്കാമോ?

നിർമ്മാണ ഏജൻസിയായ വൈബ്കോസിന്റെ പരാതിയിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ആക്കുളത്തെ ഗ്ലാസ് ബ്രിഡ്ജിന്റെ structural stability സംബന്ധിച്ച് കോഴിക്കോട് NIT-യിലെ വിദഗ്ധർ ഉൾപ്പെടുന്ന സംഘം പരിശോധന നടത്തിയിരുന്നു. ഗ്ലാസിന്റെ stability പരിശോധന നടത്താൻ നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിൽ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിരുന്നോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ സുരക്ഷാ മാനദണ്ഡങ്ങളാണ് ഉറപ്പുവരുത്തിയതെന്ന് വ്യക്തമാക്കാമോ?

NIT-യുടെ പരിശോധനാ റിപ്പോർട്ട് ഉൾപ്പെടെ മറ്റ് പരിശോധനാ റിപ്പോർട്ടുകൾ ലഭ്യമായാൽ മാത്രമേ പൊതുജനത്തിനായി ഗ്ലാസ് ബ്രിഡ്ജ് തുറന്ന് നൽകുന്നതിൽ തീരുമാനമെടുക്കുകയുള്ളൂ.

(സി) പ്രസ്തുത സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡി.റ്റി.പി.സി.-ക്ക് കൈമാറിയിട്ടില്ല.

**ടൂറിസം നിക്ഷേപക സംഗമം**

176 (1400) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. കെ. പ്രേംകുമാർ:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയെ ആഗോള വിനോദസഞ്ചാര മേഖലയ്ക്ക് പരിചയപ്പെടുത്തുന്നതിനും ഈ മേഖലയിലേയ്ക്ക്

വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും ടൂറിസം നിക്ഷേപക സംഗമത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

2023 നവംബർ 16-ന് തിരുവനന്തപുരത്ത് സംഘടിപ്പിക്കപ്പെട്ട ടൂറിസം നിക്ഷേപക സംഗമത്തിന് ആവേശകരമായ പ്രതികരണമാണ് നിക്ഷേപകരുടെ ഭാഗത്തുനിന്ന് ലഭിച്ചത്. നിക്ഷേപക സംഗമത്തിന്റെ ഭാഗമായി 23 സർക്കാർ പദ്ധതികളും 52 സ്വകാര്യ പദ്ധതികളും അവതരിപ്പിക്കപ്പെട്ടു. ടൂറിസം വകുപ്പ് അവതരിപ്പിച്ച 23 പദ്ധതികൾക്ക് പുറമെ 16 പദ്ധതികൾകൂടി നിക്ഷേപക സംഗമത്തിൽ ലഭിച്ചു. ഇത്തരത്തിൽ 39 പദ്ധതികൾക്കായി 2511.10 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു. പരിപാടിയിൽ അവതരിപ്പിക്കപ്പെട്ട 52 സ്വകാര്യ പദ്ധതികൾക്ക് പുറമെ സ്വകാര്യ മേഖലയിലെ 21 പദ്ധതികൾക്കുകൂടി നിക്ഷേപ വാഗ്ദാനം ലഭ്യമായി. സ്വകാര്യ മേഖലയിലെ പദ്ധതികൾക്കായി 12,605.55 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് പരിപാടിയുടെ ഭാഗമായി ലഭ്യമായിട്ടുള്ളത്. ഒരു സ്റ്റാർട്ടപ്പ് പദ്ധതിക്കായി 10 കോടി രൂപയുടെ

നിക്ഷേപ വാഗ്ദാനവും ലഭ്യമായിട്ടുണ്ട്. ആകെ 15,126.65 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് നിക്ഷേപക സംഗമത്തിൽ ലഭ്യമായിട്ടുള്ളത്.

(ബി) സംഗമത്തിന്റെ ഭാഗമായിട്ടുണ്ടായിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

നിക്ഷേപക സംഗമത്തിന്റെ ഭാഗമായി റിക്രിയേഷണൽ ഫ്ലയിംഗ്, യാട്ട് ടൂറിസം, അഗ്രിക്കൾച്ചർ & ഫാർമിംഗ് ടൂറിസം, ഫ്ലോട്ടിംഗ് ബോട്ട് ടൂറിസം തുടങ്ങിയ മേഖലകളിലാണ് വിദേശ നിക്ഷേപത്തിനുള്ള സന്നദ്ധത അറിയിച്ചിട്ടുള്ളത്.

ഇതിൽ യാട്ട് ടൂറിസം പദ്ധതിക്കായി 100 കോടിയുടെയും അഗ്രിക്കൾച്ചർ & ഫാമിംഗ് ടൂറിസം മേഖലയിൽ 50 കോടിയുടെയും ഫ്ലോട്ടിംഗ് ബോട്ട് ടൂറിസം മേഖലയിൽ 20 കോടിയുടെയും കൺവർട്ടബിൾ ക്ളാസിക് കാർ ടൂറിസം പദ്ധതിക്കായി 30 കോടിയുടെയും വിദേശനിക്ഷേപത്തിനായി ലെറ്റർ ഓഫ് ഇൻഡന്റ് ലഭ്യമായിട്ടുണ്ട്. റിക്രിയേഷണൽ ഫ്ലയിംഗ് മേഖലയിൽ 6 കോടിയുടെ വിദേശ നിക്ഷേപത്തിനുള്ള പദ്ധതി നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അതിന്റെ ഭാഗമായി പുതുതായി ആരംഭിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

പരിപാടിയിൽ 52 സ്വകാര്യ പദ്ധതികൾ അവതരിപ്പിക്കപ്പെടുകയും സ്വകാര്യ മേഖലയിലെ 21 പദ്ധതികൾക്കുകൂടി നിക്ഷേപ വാഗ്ദാനം ലഭ്യമാകുകയും ചെയ്തു. സ്വകാര്യ മേഖലയിലെ പദ്ധതികൾക്കായി 12,605.55/- കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് പരിപാടിയുടെ ഭാഗമായി ലഭ്യമായിട്ടുള്ളത്.

ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ വച്ച് താമര ലിഷർ എക്സ്പീരിയൻസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 250 കോടി രൂപയുടെ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കാൻ സാധിച്ചിട്ടുണ്ട്.

ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ അവതരിപ്പിച്ച ബേക്കൽ റിസോർട്ട് & കൺവെൻഷൻ സെന്റർ/എന്റർടെയിൻമെന്റ് സെന്റർ പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നടപ്പാക്കുന്നതിന് M/s. Morex Group-മായി ലൈസൻസ് എഗ്രിമെന്റ് ഒപ്പുവച്ചുകൊണ്ട് തുടക്കമിട്ടിട്ടുണ്ട്.

## സുൽത്താൻബത്തേരി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ പ്രവർത്തനം

177 (1401) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ ആരംഭിച്ച സുൽത്താൻബത്തേരി ഗവൺമെന്റ് ഗസ്റ്റ് ഹൗസ് പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം നാളിതുവരെ പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

സുൽത്താൻബത്തേരി ഗസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം 3 ഘട്ടങ്ങളായാണ് നടത്താൻ തീരുമാനിച്ചിരുന്നത്. 1-ഉം 2-ഉം ഘട്ടങ്ങൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ 3-ാം ഘട്ടത്തിനായി അനുവദിച്ച ഭരണാനുമതി തുകയെക്കാൾ അധിക തുക ആവശ്യമായി വന്ന സാഹചര്യത്തിൽ അധിക തുക അനുവദിച്ചിട്ടുള്ളതും പ്രവൃത്തി 80% പൂർത്തിയായിട്ടുള്ളതുമാകുന്നു.

(ബി) നിർമ്മാണം പൂർത്തീകരിച്ച് ഗസ്റ്റ് ഹൗസ് എപ്പോൾ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഈ പ്രവൃത്തി 2025 മാർച്ച് മാസത്തിനകം പൂർത്തീകരിച്ച് പൂർണ്ണമായി പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പുതിയ മദ്യനയം സംബന്ധിച്ച് ടൂറിസം വകുപ്പ് നടത്തിയ കൂടിയാലോചനകൾ**

178 (1402) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീമതി ഉമ തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മദ്യനയത്തിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ സംബന്ധിച്ച് ടൂറിസം വകുപ്പിനോട് എക്സൈസ് വകുപ്പ് അഭിപ്രായം ആരാഞ്ഞിരുന്നോ; വ്യക്തമാക്കാമോ?

അഭിപ്രായം ആരാഞ്ഞിരുന്നില്ല.

(ബി) ഇത് സംബന്ധിച്ച് ടൂറിസം വകുപ്പ് എക്സൈസ് വകുപ്പിന് എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശിപാർശ നൽകിയിട്ടില്ല.

(സി) പുതിയ മദ്യനയവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ ടൂറിസം വകുപ്പ് കൂടിയാലോചനകൾ നടത്തിയിരുന്നോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള തുടങ്ങിയ സംഘടനകൾ സർക്കാരിൽ വ്യത്യസ്ത നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 21-05-2024-ൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള, കേരള ടൂറിസം ഡെവലപ്മെന്റ് അസോസിയേഷൻ, സൗത്ത് കേരള ഹോട്ടൽ അസോസിയേഷൻ, കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ എന്നീ സംഘടനകളുടെ

പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഓൺലൈൻ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് MICE (Meetings Incentive Convention Exhibitions) ഡെസ്റ്റിനേഷൻ വെഡ്ഡിങ്, ഹൗസ് ബോട്ട് മേഖല, ക്രൂയിസ് ടൂറിസം എന്നിവ സംബന്ധിച്ച പരാതികൾ, നിർദേശങ്ങൾ എന്നിവ ചർച്ച ചെയ്യുകയുണ്ടായി.

**കാരവൻ ടൂറിസം**

179 (1403) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരവൻ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

3 പതിറ്റാണ്ടിനുശേഷം കേരള ടൂറിസം സംഭാവന ചെയ്ത ഉല്പന്നമാണ് കാരവൻ. കോവിഡാനാന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ

ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാരവൻ ടൂറിസം ആരംഭിച്ചത്. ഇതിനായി ഒരു സമഗ്രനയം ടൂറിസം വകുപ്പ് ആവിഷ്കരിച്ചു.

കാരവൻ ടൂറിസത്തിന് താല്പര്യം പ്രകടിപ്പിച്ചവരുമായി യോഗങ്ങൾ നടത്തി കാരവൻ ടൂറിസം സാധ്യതകൾ ടൂറിസം വകുപ്പ് പ്രയോജനപ്പെടുത്താൻ നീക്കം തുടങ്ങി.

കാരവൻ ടൂറിസത്തിനായി സഞ്ചാരികളെ ആകർഷിക്കുന്നതിന് രാജ്യത്തിനകത്തും പുറത്തും വിപുലമായ പ്രചാരണ പരിപാടികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകുകയും നടപ്പാക്കുകയും ചെയ്തു. വിദേശ സഞ്ചാരികൾ ഉൾപ്പെടെയുള്ളവരെ കാരവൻ ടൂറിസം മികച്ച നിലയിൽ ആകർഷിച്ചു.

സംസ്ഥാനത്ത് ഇതിനകം 13 കാരവനുകൾ വിനോദസഞ്ചാരികൾക്കായി സർവീസ് നടത്തുന്നുണ്ട്. വാഗമണിൽ ഒരു കാരവൻ പാർക്ക് സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. KTDC-യുമായി സഹകരിച്ച് കാസർഗോഡ് ബേക്കലും, എറണാകുളത്ത് ബോൾഗാട്ടി പാലസ് ഹോട്ടലിലും കാരവൻ പാർക്കുകൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കാരവൻ ടൂറിസം വികസനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിയിരുന്നു. ഇതിനായി ഗതാഗത വകുപ്പുമായി പ്രത്യേക യോഗം ചേർന്നിരുന്നു. നടപ്പ് സാമ്പത്തിക വർഷം കാരവൻ ടൂറിസത്തിന് സബ്സിഡികൾ നൽകാനായി 3.10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതൊക്കെ ഇനങ്ങളിലാണ് തുക ചെലവഴിച്ചതെന്നുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

കാരവൻ ടൂറിസത്തിന്റെ ഭാഗമായി കാരവൻ വാങ്ങി വകുപ്പിൽ അപേക്ഷ സമർപ്പിച്ച 13 സംരംഭകർക്ക് 7,50,000/-(ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ) രൂപ വീതം ആകെ 97,50,000/-(തൊണ്ണൂറ്റിയേഴ് ലക്ഷത്തി അമ്പതിനായിരം രൂപ) രൂപ ഇൻവസ്റ്റ്മെന്റ് സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

കാരവൻ ടൂറിസം പദ്ധതിയുടെ പരസ്യം മുഖേനയുള്ള പ്രചാരണത്തിനായി വകുപ്പ് ജി.എസ്.ടി. ഉൾപ്പെടെ ആകെ 94,95,752/- രൂപ (തൊണ്ണൂറ്റിനാല് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എഴുന്നൂറ്റി

അമ്പത്തിരണ്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

1. വീഡിയോ & ഫോട്ടോ പ്രൊഡക്ഷൻ-₹59,00,000/-

2. സോഷ്യൽ മീഡിയ പ്രൊമോഷൻ-₹35,39,957/-

3. ലഘുലേഖ/ബ്രോഷറുകൾ-₹55,795/-

**മഞ്ചേരി ചെരണിയിലുള്ള ടൂറിസം പാർക്ക് പുനരുദ്ധരിക്കാൻ നടപടി**

180 (1404) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നഗരസഭയിലെ ചെരണിയിലുള്ള ടൂറിസം പാർക്ക് പുനരുദ്ധരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പാർക്ക് പുനരുദ്ധരിക്കാൻ നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) മഞ്ചേരി നഗരസഭയിലെ ചെരണി ടൂറിസം പാർക്കിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 12.4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പരസ്യ ഏജൻസികൾ

181 (1405) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പരസ്യ ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

1. M/s. Stark Communications Private Ltd, Kowdiar, Thiruvananthapuram.

2. M/s. MD Niche, Defence Colony, New Delhi.

3. M/s. Maitri Advertising Works Pvt Ltd, Kadavanthra, Kochi.

4. M/s. Invis Pvt Ltd, Thiruvananthapuram.

(ബി) പ്രസ്തുത കാലയളവിൽ നാളിതുവരെ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരസ്യപ്രചാരണത്തിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ പരസ്യങ്ങൾക്ക് എത്ര രൂപ വീതം ചെലവഴിച്ചുവെന്നും ഒരോന്നും ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കിയതെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ പരസ്യ പ്രചാരണങ്ങൾക്കായി 130,39,95,726/- രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

1. M/s. Maitri Advertising Works Pvt.Ltd- മുഖേനയുള്ള ഓണം, ക്രിസ്തുമസ്, ബേപ്പൂർ വാട്ടർ ഫെസ്റ്റ് എന്നിവയുടെ പരസ്യ പ്രചാരണത്തിന് 3,11,53,272/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2. Local Ad. ഇനത്തിൽ പത്രങ്ങൾക്കും, മാഗസിനുകൾക്കും പരസ്യം നൽകിയ വകയിൽ 3,07,42,843/- രൂപ ചെലവഴിച്ചിട്ടുണ്ട്.

3. M/s. Maitri Advertising Works Pvt. Ltd. മുഖേന, ഓണം, നിശാഗന്ധി എന്നിവയുടെ പ്രവർത്തനങ്ങൾക്കായി 1,63,56,594/- രൂപ ചെലവഴിച്ചിട്ടുണ്ട്.

4. നവമാധ്യമങ്ങളിലൂടെയുള്ള പ്രചാരണത്തിനായി (Facebook, Instagram, Linkedin, Twitter, Youtube, Google ads) M/s. Stark Communications Pvt. Ltd- ന് 121,92,56,666/- രൂപ നൽകിയിട്ടുണ്ട്.

5. നവമാധ്യമങ്ങളിലൂടെയുള്ള പ്രചാരണത്തിനായി (Youtube) M/s Invis Pvt. Ltd. ന് 33,41,760/- രൂപ നൽകിയിട്ടുണ്ട്.

6. ഓണാഘോഷം 2022-മായി ബന്ധപ്പെട്ട് M/s. ITL Communications ന് 1,11,384/- രൂപ നൽകിയിട്ടുണ്ട്.

7. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റുമായി ബന്ധപ്പെട്ട പരസ്യ പ്രചാരണത്തിനായി M/s Maitri Advertising Works Pvt. Ltd. ന് 30,33,207/- രൂപ നൽകിയിട്ടുണ്ട്.

**സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം വർധിപ്പിക്കാൻ നടപടി**

182 (1406) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കാൻ ഈ വർഷം മുതൽ എഴുത്ത് പരീക്ഷയ്ക്ക് 30% മാർക്ക് നിർബന്ധമാക്കുമെന്ന് വകുപ്പ് മന്ത്രി പ്രസ്താവന നടത്തിയതിന്റെ പശ്ചാത്തലം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖല പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പാതയിലൂടെ മുന്നോട്ട് പോകുകയാണ്. ഏറെ വർഷങ്ങൾക്കുശേഷമാണ് സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടക്കുന്നത്. പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകം എന്ന രീതിയിൽ വിലയിരുത്തൽ രീതിശാസ്ത്രവും സമഗ്രവുമായ പരിഷ്കരണത്തിന്

വിധേയമാകേണ്ടതുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ആത്യന്തിക വിലയിരുത്തലും നിരന്തരം വിലയിരുത്തലും പരിഷ്കരണത്തിന് വിധേയമാക്കേണ്ടതുണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത പ്രസ്താവന നടത്തിയത്; എങ്കിൽ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്?

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർധിപ്പിക്കുക എന്ന ലക്ഷ്യത്തിനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ഊന്നൽ നൽകിയിരിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ദേശീയ സർവേകളിൽ എന്നും മുന്നിൽ നിന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് 10 വർഷങ്ങൾക്ക് ശേഷം പ്രീ-പ്രൈമറി മുതൽ ഹയർസെക്കൻഡറി തലംവരെ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പാഠ്യപദ്ധതി അവിഭാജ്യ ഘടകമായ മൂല്യനിർണ്ണയ രീതികൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. അതിൽ നിരന്തര മൂല്യനിർണ്ണയ രീതിയും

ആത്യന്തിക വിലയിരുത്തൽ രീതിയും ഉൾപ്പെടും. ഇത്തരം പരിഷ്കരണങ്ങൾ നടത്തുമ്പോൾ ദേശീയ, സംസ്ഥാന തലങ്ങളിൽ നടത്തുന്ന വിവിധ പഠനങ്ങളുടെ റിസൾട്ട് പരിശോധിക്കാറുണ്ട്.

(സി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2024-25 അധ്യയന വർഷം നാളിതുവരെ എന്തൊക്കെ ഒരുക്കങ്ങളും പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഗുണമേന്മാ വിദ്യാഭ്യാസത്തിനായുള്ള മൂല്യനിർണ്ണയ പരിഷ്കരണം എന്ന വിഷയത്തിൽ 2024 മേയ് 28-ന് തിരുവനന്തപുരത്ത് ഏകദിന വിദ്യാഭ്യാസ കോൺക്ലേവ് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയിരുന്നു.

**സ്കൂൾ വിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തൽ**

183 (1407) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷത്തിൽ കുട്ടികളെ പഠിപ്പിക്കാൻ അധ്യാപകർ നിർമ്മിത ബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്താൻ

തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

പഠന പ്രവർത്തനങ്ങളിൽ നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം സെക്കൻഡറി, ഹയർ സെക്കൻഡറി മേഖലയിലെ 23,000 അധ്യാപകർക്ക് 4 ദിവസത്തെ പരിശീലനം നൽകി. സംസ്ഥാനത്തെ ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ എല്ലാ അധ്യാപകർക്കും 2024 ഡിസംബറിനകം പ്രത്യേക പരിശീലനം ക്രമീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മിത ബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്തി കുട്ടികളെ പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ കൈറ്റ് നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി

വിന്യസിച്ച ഐ.ടി. ഉപകരണങ്ങൾ സാങ്കേതികവിദ്യാ പഠനത്തിന് പ്രയോജനപ്പെടുത്തുന്നുണ്ട്. കുട്ടികളുടെ പഠന പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്താനാണ് അധ്യാപകർക്ക് എ.ഐ. അധിഷ്ഠിത പ്രത്യേക പരിശീലനങ്ങൾ നൽകുന്നത്.

(സി) നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശം നൽകാമോ?

പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ കാലഘട്ടത്തിനനുയോജ്യമായി മാറ്റുന്നതിന്റെ ഭാഗമായാണ് നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ അധ്യാപകർക്ക് നൽകുന്നതും നിർമ്മിത ബുദ്ധിയുടെ പ്രാഥമിക പാഠങ്ങൾ ഏഴാം ക്ലാസിലെ ഐ.സി.ടി. പാഠപുസ്തകത്തിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ആരംഭിച്ചതും. പരിശീലനം എല്ലാ അധ്യാപകർക്കും ലഭ്യമാക്കുകയും ഉയർന്ന ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകങ്ങളിൽ നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തുന്നതിനുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

**അരൂർ മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകൾ**

184 (1408) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അരൂർ മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) അനുവദിച്ച സ്കൂളുകളുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്നും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

(എ & ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അരൂർ മണ്ഡലത്തിൽ 5 കോടി, 3 കോടി, ഒരു കോടി എന്നിങ്ങനെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 6 സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

<u>5 കോടി കിഫ്ബി പദ്ധതി</u>

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കൈറ്റ് നിർവഹണ ഏജൻസിയായ GHSS ചന്ദിരൂർ സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കൈറ്റ് നിർവഹണ ഏജൻസിയായ GHSS തിരുനെല്ലൂർ സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

ഒരു കോടി കിഫ്ബി പദ്ധതി

ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കില നിർവഹണ ഏജൻസിയായി 4 സ്കൂളുകളാണുള്ളത്.

ജി.യു.പി.എസ്. ഓടമ്പള്ളി-സ്കൂളിന്റെ DPR തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

ഗവ. എൽ.പി.എസ്. മറ്റത്തിൽഭാഗം-സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

GHS തേവർവട്ടം- ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ട്.

GHSS പെരുമ്പളം - ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ട്.

**സ്കൂൾ വിദ്യാഭ്യാസം സാങ്കേതികാധിഷ്ഠിതമാക്കാൻ നടപടി**

185 (1409) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസം സാങ്കേതികാധിഷ്ഠിതമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സ്കൂൾ വിദ്യാഭ്യാസത്തിൽ കാലോചിതമായ സാങ്കേതികവൽക്കരണത്തിന് പ്രത്യേക ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ 2000 മുതൽ സംസ്ഥാന സർക്കാർ ആരംഭിക്കുകയും ഐ.ടി.@ സ്കൂൾ (നിലവിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യുക്കേഷൻ-കൈറ്റ്) 2002-03 മുതൽ എട്ടാം ക്ലാസിൽ ഐ.ടി./ഐ.സി.ടി. ഒരു നിർബന്ധിത വിഷയമായി ഉൾപ്പെടുത്തുകയും 2005 മാർച്ച് മുതൽ എസ്.എസ്.എൽ.സി.-ക്ക് ഐ.ടി. ഒരു വിഷയമാക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസ മേഖലയിൽ

കാലോചിതമായ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 2018 മുതൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിലും 2021 മുതൽ 'വിദ്യാകിരണം' എന്ന പേരിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 2017 മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി.

(ബി) ഐ.ടി. അധിഷ്ഠിത സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള അധ്യയന രീതി എല്ലാ വിഷയങ്ങളിലും പിന്തുടരുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ വിശദമാക്കുമോ?

കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങളാണ് കൈറ്റിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേവലം ഐ.ടി. പഠനം എന്നതിനുപരിയായി എല്ലാ വിഷയങ്ങളുടെയും പാഠഭാഗങ്ങൾ

സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ആയാസ രഹിതവും രസകരവുമാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഇതിനായി ഐ.ടി. ഉപകരണ വിന്യാസം, ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' പോർട്ടൽ, അധ്യാപക പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

(സി) ഇതിന്റെ ഫലപ്രദമായ നടത്തിപ്പിനായി ക്ലാസ് മുറികൾ സാങ്കേതിക സൗഹൃദമാക്കേണ്ടതിന്റെ ആവശ്യകതയുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സർക്കാർ, എയ്ഡഡ് മേഖലയിൽ ഇത് പ്രാവർത്തികമാക്കുന്നതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ സാങ്കേതികവിദ്യാധിഷ്ഠിത പഠനം ഉറപ്പുവരുത്തുന്നതിനാണ് ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ

ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഇതിന്റെ തുടർപ്രവർത്തങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

**മലബാർ മേഖലയിൽ കൂടുതൽ ഹയർ സെക്കൻഡറി ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി**

186 (1410) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യൂ കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചവർക്ക് ഉപരിപഠനത്തിന് ആവശ്യമായ പ്ലസ് വൺ സീറ്റുകൾ ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഒരു ജില്ലയിലും പ്ലസ് വൺ സീറ്റുകളുടെ ലഭ്യത കുറവില്ല.

(ബി) മലബാർ മേഖലയിലെ ഹയർ സെക്കണ്ടറി പ്രവേശനത്തിലെ പ്രതിസന്ധി പരിഹരിക്കാൻ സീറ്റുകളുടെ എണ്ണത്തിൽ വർധനവ് കൊണ്ടുമാത്രം സാധിക്കില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ?

2011 അധ്യയന വർഷം മുതലുള്ള പ്രവേശന തോതും ഓരോ വർഷവും എസ്.എസ്.എൽ.സി പാസാകുന്ന വിദ്യാർഥികളുടെ എണ്ണത്തേയും അടിസ്ഥാനപ്പെടുത്തി പരിശോധിച്ചാണ് ഓരോ വർഷത്തേയും പ്രവേശനത്തിന് ആവശ്യമായ സീറ്റുകൾ അനുവദിക്കുന്നത്.

(സി) ബാച്ചുകൾ വർധിപ്പിക്കാതെ എല്ലാ വർഷവും സീറ്റുകളുടെ എണ്ണം മാത്രം വർധിപ്പിക്കുന്നത് വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിക്കുന്നു എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ?

സീറ്റുകളുടെ എണ്ണം വർധിപ്പിക്കുന്നതോടൊപ്പം ആവശ്യമുള്ളിടത്ത് അധിക താൽക്കാലിക ബാച്ചുകളും അനുവദിക്കുന്നതിനാൽ പഠന നിലവാരത്തെ ബാധിക്കുന്നില്ല.

**ഹയർ സെക്കൻഡറി ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി**

187 (1411) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സജീവ് ജോസഫ്:</u>

<u>ശ്രീ. ചാണ്ടി ഉമ്മൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നതിനുപകരം താലൂക്കടിസ്ഥാനത്തിൽ കണക്കാക്കാൻ തയ്യാറാകുമോ?

സംസ്ഥാനത്തെ ഹയർ സെക്കൻഡറി പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നതിനുപകരം ജില്ലാടിസ്ഥാനത്തിലാണ് നടത്തുന്നത്.

സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ. പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നതുമൂലം വിദ്യാർഥികൾക്ക് സീറ്റ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ സ്കൂളുകളുടെ എണ്ണം കുറവായതിനാൽ സംസ്ഥാനതലത്തിൽ ഒറ്റ യൂണിറ്റായി പരിഗണിച്ചാണ് അലോട്ട്മെന്റ് നടത്തുന്നത്. കേരളത്തിലെ എല്ലാ താലൂക്കുകളിലും വി.എച്ച്.എസ്.ഇ. സ്കൂൾ ഇല്ലാത്തതിനാൽ താലൂക്ക് അടിസ്ഥാനത്തിൽ അലോട്ട്മെന്റ് പ്രായോഗികമല്ല.

(ബി) മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച് പ്രൊഫസർ കാർത്തികേയൻ കമ്മീഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

കാർത്തികേയൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത മേഖലയിൽ കൂടുതൽ ഹയർ സെക്കൻഡറി ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ. (കൈ) നം. 45/2024/പൊ.വി.വ. ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ചാണ് മുഖ്യഘട്ട അലോട്ട്മെന്റുകൾ നടന്നുവരുന്നത്. മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ച

ശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഉച്ചഭക്ഷണത്തിനായിയുള്ള നിരക്ക് വർധിപ്പിക്കാൻ നടപടി**

188 (1412) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിലെ സർക്കാർ ഉച്ചഭക്ഷണ ഫണ്ടായി നിശ്ചയിച്ച് നൽകിയ നിരക്ക് തന്നെയാണ് നിലവിലും തുടരുന്നതെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രധാന അധ്യാപകർക്ക് ഉച്ചഭക്ഷണ വിതരണത്തിന്റെ ബാധ്യതയേൽപ്പിക്കുന്ന സമീപനം മാറ്റി നിരക്ക് പുതുക്കി നിശ്ചയിച്ച് കുടിശ്ശികയില്ലാതെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(എ & ബി) സ്കൂളുകൾക്ക് അനുവദിക്കുന്ന മെറ്റീരിയൽ കോസ്റ്റ് 07-06-2024-ലെ സ.ഉ. (സാധാ) നം. 3676/2024/പൊ.വി.വ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+) പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടിശ്ശികയില്ലാതെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുട്ടികളുടെ മാനസികാരോഗ്യത്തിനുള്ള പ്രത്യേക പദ്ധതികൾ**

189 (1413) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. കെ. പ്രേംകുമാർ:

ഡോ. സുജിത് വിജയൻപിള്ള:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗമാരക്കാരായ വിദ്യാർഥികളിലെ ആത്മഹത്യാ പ്രവണത തടയുന്നതിന് നടത്തുന്ന പ്രത്യേക പ്രവർത്തനങ്ങൾ വിശദമാക്കാമോ; കുട്ടികളുടെ മാനസികാരോഗ്യം വർധിപ്പിക്കുന്നതിന് സ്കൂളുകളിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം അറിയിക്കാമോ?

കൗമാരക്കാരായ വിദ്യാർഥികൾക്ക് ആവശ്യമായ സന്ദർഭങ്ങളിൽ സ്കൂൾ കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് അവർക്ക് കൗൺസിലിംഗ് ഏർപ്പെടുത്തുകയും ആവശ്യമായ സന്ദർഭങ്ങളിൽ കുട്ടികൾക്ക് ആരോഗ്യ-വനിത-ശിശുവികസന, സാമൂഹ്യനീതി വകുപ്പുകളുടെ

സഹായത്തോടെ വിദഗ്ധ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കൗമാര പ്രായക്കാരായ കുട്ടികളിൽ ശരിയായ മാനസികാരോഗ്യം വളർത്തിയെടുക്കാനും സമ്മർദവും പിരിമുറുക്കവും നേരിടാനാവശ്യമായ ജീവിത നൈപുണി വളർത്തിയെടുക്കാനും പ്രത്യേക പരിശീലനങ്ങൾ നൽകിക്കൊണ്ട് അവർ ഉൾക്കൊള്ളുന്ന മേഖലകളിലെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ധാരണകളെ നവീകരിക്കുന്നതിനും സമീപനങ്ങളെ ക്രമപ്പെടുത്തുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് 2018-19 വർഷം മുതൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "കൗമാരക്കാരായ കുട്ടികൾക്കുള്ള ബോധവൽക്കരണ പരിപാടി". ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കൗമാര കാലത്തെ ശാരീരിക-മാനസിക-വൈകാരിക-സാമൂഹിക വികാസത്തെക്കുറിച്ച് ധാരണ രൂപപ്പെടുത്തുക.

2. വികാരങ്ങൾ ആരോഗ്യപരമായ രീതിയിൽ പ്രകടിപ്പിക്കുന്നതിന് കൗമാരക്കാരെ പ്രാപ്തരാക്കുക.

3. സ്വന്തം ശക്തി ദൗർബല്യങ്ങളെ തിരിച്ചറിഞ്ഞ് വെല്ലുവിളികളെ അതിജീവിക്കാനുള്ള ജീവിത നൈപുണികൾ സ്വായത്തമാക്കുക.

4. കൗമാരക്കാർക്ക് വ്യക്തമായ ദിശാബോധത്തോടെയുള്ള വളർച്ചയും ജീവിത ശൈലിയും ഉറപ്പാക്കുക.

5. വിഭിന്നങ്ങളായ ശേഷികളുള്ള ഓരോ കുട്ടിയും അതുല്യരാണെന്ന് തിരിച്ചറിഞ്ഞ് അവരെ അംഗീകരിക്കുകയും ബഹുമാനിക്കുകയും വിശ്വാസ്യതയിലെടുക്കുകയും ചെയ്യുന്നതിന് അധ്യാപകരെയും രക്ഷാകർത്താക്കളെയും പ്രാപ്തരാക്കുക.

6. സന്തോഷകരമായ പഠനം സാധ്യമാക്കുന്നതിനായി സുതാര്യവും ഭയരഹിതവും പ്രോത്സാഹജനകവുമായ അന്തരീക്ഷം വീട്ടിലും സ്കൂളിലും സമൂഹത്തിലും സൃഷ്ടിക്കുക.

7. വിമർശനാത്മകമായി ചിന്തിക്കാനും അപഗ്രഥിക്കാനും ഉചിതമായ തീരുമാനത്തിലെത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

8. കൗമാരക്കാരുടെ ആവശ്യങ്ങളും ആശങ്കകളും മനസ്സിലാക്കി ആരോഗ്യകരമായ ഇടപെടലുകൾ നടത്തി അവരുടെ സമഗ്രമായ വളർച്ചയിൽ അധ്യാപകരെയും രക്ഷാകർത്താക്കളെയും പങ്കാളികളാക്കുക.

ഇതിന്റെ ഭാഗമായി 'ക്രിയാത്മക കൗമാര കരുത്തും കരുതലും' മൊഡ്യൂൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിലും ടീൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. 2024-25 അധ്യയന വർഷം ഈ പദ്ധതി നടത്തിപ്പിലേയ്ക്കായി രണ്ടുകോടി രൂപയുടെ പ്രവർത്തനങ്ങൾ വിഭാവന ചെയ്തിട്ടുണ്ട്.

(ബി) കുട്ടികളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നത് സംബന്ധിച്ച് രക്ഷിതാക്കൾക്കും കുടുംബശ്രീ അംഗങ്ങൾക്കും സ്കൂളുകളിൽ പരിശീലനം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തപ്പെടുന്ന ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി സ്കൂൾ കുട്ടികളുടെ രക്ഷിതാക്കൾക്ക് മാത്രമായി ബോധവൽക്കരണവും പരിശീലനവും

നൽകുന്നുണ്ട്. കഴിഞ്ഞ അധ്യയന വർഷം രക്ഷകർത്താക്കളുടെ കൂട്ടായ്മയായ അമ്മ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. കുട്ടികളുടെ കുടുംബങ്ങളിലുള്ള ലഹരി സംബന്ധമായ പ്രശ്നങ്ങൾ ശേഖരിക്കുകയും സ്കൂൾ ജാഗ്രതാ സമിതിക്ക് വിവരം കൈമാറി പ്രശ്നപരിഹാരം കാണുന്നതിനുമായി പ്രവർത്തിക്കുന്നുണ്ട്. ഈ വർഷത്തെ ലഹരി വിരുദ്ധ ക്യാംപയിൻ പ്രവർത്തനങ്ങൾക്ക് 1.5 കോടി വകയിരുത്തിയിട്ടുള്ളതും അതിൽ രക്ഷാകർതൃ ബോധവൽക്കരണം ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

**മൂന്നിയൂർ വെളിമുക്ക് ജി.എം.എൽ.പി. സ്കൂളിന് സ്ഥലം അനുവദിക്കുന്നതിന് നടപടി**

190 (1414) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ ഉൾപ്പെടുന്ന മൂന്നിയൂർ വെളിമുക്ക് ജി.എം.എൽ.പി. സ്കൂളിന്റെ കെട്ടിടവും സ്ഥലവും ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് പൂർണ്ണമായും നഷ്ടപ്പെടുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് വെളിമുക്ക് ജി.എം.എൽ.പി.എസ്-ന്റെ 66 സെന്റ് സ്ഥലം നഷ്ടപ്പെട്ടു. ബാക്കി 6 സെന്റ് സ്ഥലവും ഒരു കെട്ടിടവും മാത്രമാണ് ബാക്കിയുള്ളത്.

(ബി) സ്വന്തമായി സ്ഥലപരിമിതിയുള്ള സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കുമെന്ന 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിലെ പ്രഖ്യാപനമനുസരിച്ച് മേൽ പരാമർശിച്ച സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം അനുവദിച്ച് നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദമാക്കാമോ?

ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് സ്കൂളിനുണ്ടായിരുന്ന 66 സെന്റ് സ്ഥലത്തിൽ 60 സെന്റ് സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ട്. നിലവിൽ തൊട്ടടുത്ത മദ്രസ കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിച്ചുവരുന്നു. സ്കൂളിന് 600 മീ. ദൂരത്തായി ആറാട്ടുപറമ്പ് തോട്ടപ്പായിമാട് എന്ന സ്ഥലത്ത് PTA-യുടെ ശ്രമ ഫലമായി 30 സെന്റ് സ്ഥലം കണ്ടെത്തുകയും ഭൂമിയുടെ ന്യായവില നിശ്ചയിക്കാൻ വില്ലേജ് ഓഫീസിൽ രേഖകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ

നേതൃത്വത്തിൽ അധികൃതർ ഭൂമി കണ്ട് ബോധ്യപ്പെട്ടുകയും അതിന്റെ തുടർനടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നുണ്ട്.

**കോന്നി മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം**

191 (1415) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ ചിറ്റാർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ, കന്നിട ഗവ. യു.പി.സ്കൂൾ, മാര്യർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ-എച്ച്.എസ്.എസ്. ബ്ലോക്ക്, കലഞ്ഞൂർ ഗവ. എൽ.പി. സ്കൂൾ, പ്രമാടം ഗവ. എൽ.പി.സ്കൂൾ, മാങ്കോട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കോന്നി മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച ജില്ലാ സ്കിൽ ഡെവലപ്മെന്റ് സെന്റർ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കലഞ്ഞൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ 2024-25 വർഷം മുതൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പൊതുവിദ്യാഭ്യാസ വകുപ്പ് തുക അനുവദിച്ച ചിറ്റാർ, കലഞ്ഞൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളുകളിലെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി ലാബുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

നിർവഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് ലാബ് നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലബാർ മേഖലയിൽ പ്ലസ് വൺ കോഴ്സുകൾക്ക് അധിക ബാച്ച്**

192 (1416) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u>

<u>ശ്രീ. നജീബ് കാന്തപുരം:</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>

ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ പാസായ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് വൺ കോഴ്സുകൾക്ക് സീറ്റുകളില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ?

മലബാർ മേഖലയിലെ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ.(കൈ) നം 45/2024/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) താൽക്കാലിക സീറ്റ് വർധനവിലൂടെ പ്രസ്തുത പ്രശ്നം എത്രമാത്രം പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

രണ്ട് അലോട്ട്മെന്റുകൾ പൂർത്തീകരിച്ചപ്പോൾ സംസ്ഥാനത്തെ ഒരു ജില്ലയിലും സീറ്റിന്റെ കുറവില്ല.

(സി) 2011-16 കാലഘട്ടത്തിൽ അനുവദിച്ചതുപോലെ അധിക ബാച്ചുകൾ അനുവദിച്ച് പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ ബാച്ചുകൾ അനുവദിക്കേണ്ട സാഹചര്യമില്ല.

**എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ പിശകുകൾ കുറയ്ക്കാൻ നടപടി**

193 (1417) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവനിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അതിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

പരീക്ഷാഭവനിൽ 138 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. തസ്തിക സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പരീക്ഷാഭവനിൽ ദിവസവേതനാടിസ്ഥാനത്തിൽ എത്രപേർ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ?

പരീക്ഷാഭവനിൽ ദിവസവേതനാടിസ്ഥാനത്തിൽ 12 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, ഒരു സെക്യൂരിറ്റി ഗാർഡ്, ഒരു ഹാർഡ് വെയർ-കം-നെറ്റ് വർക്ക് ടെക്നീഷ്യൻ എന്നിവർ ജോലി ചെയ്തുവരുന്നു.

(സി) 2016 മുതൽ നാളിതുവരെ എത്ര ജീവനക്കാരെ പരീക്ഷാഭവനിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും അതിനുള്ള കാരണവും വിശദമാക്കുമോ; ഇപ്രകാരം സസ്പെൻഷനിൽ ആയവരെ തിരികെ പരീക്ഷാഭവനിൽ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2016 മുതൽ നാളിതുവരെ 7 ജീവനക്കാരെ പരീക്ഷാഭവനിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. സസ്പെൻഡ് ചെയ്യപ്പെട്ട ജീവനക്കാരുടെ പേര് വിവരങ്ങൾ, സസ്പെൻഡ് ചെയ്യപ്പെടാനുള്ള കാരണം എന്നിവ അനുബന്ധമായി ചേർക്കുന്നു.+

സസ്പെൻഷനിലായ ശ്രീ. രാധാകൃഷ്ണൻ എസ്. കെ (ലോറി ക്ലീനർ)-യെ മാത്രം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 25-08-2023-ലെ സി3/14648/2023/ഡിജിഇ നമ്പർ ഉത്തരവ് പ്രകാരം രഹസ്യ സ്വഭാവമുള്ള പരീക്ഷാ സംബന്ധമായ ഔദ്യോഗിക യാത്രകളിൽ അടുത്ത 6 മാസം/അച്ചടക്ക നടപടികൾ പൂർത്തിയാകുംവരെ നിയോഗിക്കാൻ പാടില്ലായെന്ന വ്യവസ്ഥയിൽ പരീക്ഷാഭവനിൽ തിരികെ നിയമിച്ചിട്ടുണ്ട്.

(ഡി) പരീക്ഷാഭവന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ശ്രദ്ധക്കുറവ് കാരണം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ ധാരാളമായി പിശകുകൾ സംഭവിക്കുന്ന കാര്യം പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി തലത്തിൽ പരിശോധിക്കുമോ;

(ഇ) 2020-21 മുതൽ നാളിതുവരെ നൽകിയിട്ടുള്ള എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ പ്രിന്റിംഗ് പിഴവ് കാരണവും ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവ് കാരണവും നിരവധി പിശകുകൾ ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി & ഇ) വിശദമായ പരിശോധനയ്ക്ക് ശേഷമാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്. എന്നാൽ ഒറ്റപ്പെട്ട രീതിയിൽ പിഴവുകൾ

സംഭവിക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ പിഴവുകൾ പരിഹരിച്ചതിന് ശേഷമാണ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാറുള്ളത്. വിതരണം ചെയ്ത സർട്ടിഫിക്കറ്റുകളിൽ പിഴവുകൾ ഉണ്ടെങ്കിൽ ഫീസ് ഈടാക്കാതെതന്നെ അത് ശരിയാക്കി പുതിയ സർട്ടിഫിക്കറ്റ് നൽകാറുണ്ട്.

(എഫ്) ഇപ്രകാരം പിശകുകൾ സംഭവിച്ചത് കാരണം പ്രസ്തുത കാലയളവിൽ എത്ര സർട്ടിഫിക്കറ്റുകൾ റീ-പ്രിന്റ് ചെയ്ത് നൽകേണ്ടിവന്നിട്ടുണ്ടെന്ന് വിശദമാക്കുമോ; പിശകുകൾ കുറയ്ക്കാൻ പരീക്ഷാഭവൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

2020-21 മുതൽ നാളിതുവരെ റീ-പ്രിന്റ് ചെയ്ത് നൽകേണ്ടിവന്ന സർട്ടിഫിക്കറ്റുകളുടെ കൃത്യമായ എണ്ണം സൂക്ഷിച്ചിട്ടില്ല. ഈ വർഷത്തെ സർട്ടിഫിക്കറ്റുകളിൽ പിശകുകൾ കുറയ്ക്കുന്നതിനായി എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞയുടൻതന്നെ സർട്ടിഫിക്കറ്റിലെ ബയോഡാറ്റാ ഭാഗത്തെ പിശകുകൾ തിരുത്തുന്നതിനായി സ്കൂളുകൾക്ക് അവസരം നൽകിയിരുന്നു. റിസൾട്ട് പ്രഖ്യാപനത്തിനുശേഷം പരീക്ഷാഭവൻ ജീവനക്കാരുടെ

നേതൃത്വത്തിൽ ഒരിക്കൽക്കൂടി ബയോഡാറ്റാ ഭാഗം പരിശോധിച്ച് പിശകുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) പരീക്ഷാഭവന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന പിഴവുകൾ കാരണം സംഭവിക്കുന്ന തെറ്റുകൾ തിരുത്തിക്കിട്ടാൻ അപേക്ഷകൻ ഫീസ് ഒടുക്കണമെന്ന വ്യവസ്ഥ പുന:പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരീക്ഷാഭവന്റെ ഭാഗത്തുനിന്നുണ്ടാകുന്ന പിഴവുകൾ കാരണം സംഭവിക്കുന്ന തെറ്റുകൾ തിരുത്തിക്കിട്ടാൻ അപേക്ഷകരിൽ നിന്നും ഫീസ് ഈടാക്കാറില്ല.

**മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് അപര്യാപ്തത**

194 (1418) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച വിദ്യാർഥികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് മതിയായ അവസരങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ?

മലബാർ മേഖലയിലെ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി 08-05-2024-ലെ സ.ഉ.(കൈ) നം. 45/2024/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) മാർജിനൽ സീറ്റ് വർധനവ് കൊണ്ടുമാത്രം പരിഹാരമുണ്ടാകില്ലെന്നും പ്രശ്നപരിഹാരത്തിനായി പ്ലസ് വണിന് അധിക ബാച്ചുകളും ഡിവിഷനുകളും വർധിപ്പിക്കണം എന്നുമുള്ള ആവശ്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) എങ്കിൽ പ്ലസ് വണ്ണിന് അധിക ബാച്ചുകളും ഡിവിഷനുകളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

രണ്ട് അലോട്ട്മെൻറുകൾ പൂർത്തീകരിച്ചപ്പോൾ സംസ്ഥാനത്തെ ഒരു ജില്ലയിലും സീറ്റിന്റെ കുറവില്ല. മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ചശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്കൂൾ ഏകീകരണത്തിന്റെ ഘടനാ സംവിധാനം**

195 (1419) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്നുണ്ടാവുന്ന സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി സ്കൂൾ ഘടനാ സംവിധാനം മാറ്റാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഘടനാ സംവിധാനത്തിൽ നിശ്ചയിച്ച മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങൾക്ക് ബദലായി സർക്കാരിന്റെ പരിഗണയിലുള്ള വിഭാഗങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഏകീകരണത്തിന്റെ ഭാഗമായി സർക്കാരിന്റെ പരിഗണനയിലുള്ള സ്കൂൾ ഘടനയ്ക്കാവശ്യമായ ഓഫീസ് സംവിധാനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

(എ-സി) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെയും റിപ്പോർട്ടിന്റെയും പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ ഘടന, ഓഫീസ് സംവിധാനങ്ങളിലെ മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.

(ഡി) ഘടനാപരമായ മാറ്റത്തിന് നിശ്ചയിച്ച ഏകീകരണ കോർ കമ്മിറ്റി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല. ഏകീകരണ കോർ കമ്മിറ്റി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി**

196 (1420) ശ്രീ തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ഉന്നത നിലവാരത്തിലേയ്ക്കെത്തിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(എ & ബി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ഉന്നത നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സമഗ്ര ശിക്ഷാ കേരളയുടെയും നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പുതിയ പാഠ്യപദ്ധതിയെ അടിസ്ഥാനപ്പെടുത്തിയുള്ള പുതിയ പാഠപുസ്തകങ്ങൾ 1, 3, 5, 7, 9 ക്ലാസുകളിൽ നടപ്പിൽ വരുത്തി.

2. 2, 4, 6, 8, 10 ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തക പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രീ-പ്രൈമറി ഹയർ സെക്കൻഡറി പാഠ്യപദ്ധതി നവീകരണ പ്രവർത്തനങ്ങൾ ഈ അധ്യയന വർഷം ആരംഭിക്കും.

3. സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നൂതനാശയ പദ്ധതി, എൽ.ഇ.പി. (പഠന പോഷണ പരിപാടികൾ), നിപുൺ ഭാരത് മിഷൻ/

ഫൗണ്ടേഷണൽ ലിറ്ററസി & ന്യൂമറസി, രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ, പ്രീ പ്രൈമറി, സ്പോർട്സ് & ഫിസിക്കൽ എഡ്യൂക്കേഷൻ, പെൺകുട്ടികളുടെ ശാക്തീകരണം, പെൺകുട്ടികൾക്കായുള്ള സ്വയംപ്രതിരോധ പരിശീലന പരിപാടി, കരിയർ ഗൈഡൻസ്, പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം, വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ, സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ മുതലായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

4. സാങ്കേതികവൽക്കരണത്തിന് പ്രത്യേക ഊന്നൽ നൽകുന്നതിനായി 2002-03 മുതൽ എട്ടാം ക്ലാസിൽ ഐ.ടി./ഐ.സി.ടി. ഒരു നിർബന്ധിത വിഷയമായി ഉൾപ്പെടുത്തുകയും 2005 മാർച്ച് മുതൽ എസ്.എസ്.എൽ.സി.-ക്ക് ഐ.ടി. ഒരു വിഷയമാക്കുകയും ചെയ്തു.

5. പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 2018 മുതൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിലും 2021 മുതൽ 'വിദ്യാകിരണം' എന്ന പേരിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

6. 2017 മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി.

7. സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിലും നടപ്പിലാക്കുന്നതിനായി ഈ വർഷം മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമ്മിത ബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനങ്ങളും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) പൊതുവിദ്യാലയങ്ങളിലെ അധ്യാപക, അനധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്താൻ പ്രത്യേക നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

അധ്യാപക തസ്തികയിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് കൃത്യമായി വിലയിരുത്തി നിയമനാനുപാതപ്രകാരമുള്ള ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുകയും നിയമന ശിപാർശ പി.എസ്.സി.-യിൽ

നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകുകയും ചെയ്യുന്നു. പി.എസ്.സി. ലിസ്റ്റ് നിലവില്ലില്ലാത്ത തസ്തികകളിൽ അതത് കാലങ്ങളിൽ പുറപ്പെടുവിപ്പിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി താൽക്കാലിക അധ്യാപക നിയനം നടത്താറുണ്ട്. കൂടാതെ 2024 വർഷത്തിൽ ആസ്ഥാന കാര്യാലയത്തിലും ജില്ലകളിലും അനധ്യാപക തസ്തികകളിൽ ഉണ്ടാകാവുന്ന അർഹമായ എല്ലാ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്താൻ പദ്ധതികൾ**

197 (1421) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 അടിസ്ഥാനമാക്കി പരിഷ്കരിച്ച പാഠപുസ്തകങ്ങളിലെ പഠന ലക്ഷ്യങ്ങളെ വിലയിരുത്തുന്നതിനും പഠന

നിലവാര സൂചകങ്ങൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി.-യും സമഗ്ര ശിക്ഷാ കേരളവും സംയുക്തമായി ആരംഭിച്ചിട്ടുണ്ട്.

പഠിതാക്കളുടെ പഠനനിലവാരം ശാസ്ത്രീയമായി വിലയിരുത്തി രേഖപ്പെടുത്തുന്നതിനുള്ള സമഗ്ര പുരോഗതി രേഖയുടെ മാതൃക വികസിപ്പിച്ചെടുക്കുന്നതിനുള്ള പരിശ്രമങ്ങളും എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ 220 പ്രവൃത്തി ദിനങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ പഠന നിലവാരം വർധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയായ സഹിതം മെന്ററിംഗ് പോർട്ടലും നിലവിലുണ്ട്.

ഓരോ ഘട്ടത്തിലും കുട്ടികൾ ആർജ്ജിക്കണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ നേടാൻ കഴിയുന്നുവെന്ന് ഉറപ്പാക്കുകയും ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുകയും ചെയ്യുക, സുസ്ഥിര

വികസന കാഴ്ച്പ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുക, ഓരോ വിദ്യാർഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുക തുടങ്ങിയ സമീപനങ്ങളിലൂന്നിയ അക്കാദമിക പ്രവർത്തനങ്ങൾ ആണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നത്. പ്രസ്തുത അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാർഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്നു.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കൈറ്റിന്റെ നേതൃത്വത്തിൽ നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള പ്രത്യേക പരിശീലനം എല്ലാ അധ്യാപകർക്കും ക്രമീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ഐ.സി.ടി. പാഠപുസ്തകങ്ങളിൽ എ.ഐ. സാധ്യതകൾ ഉൾപ്പെടെ വിനിമയം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്.

(ബി) ഇതിനായി മറ്റ് സംസ്ഥാനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും ദേശീയതല ഏജൻസി പഠനം നടത്തിയിരുന്നോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

എൻ.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ 2021-ൽ NAS (National Achievement Survey)-ഉം 2023-ൽ SEAS (School Education Assessment Survey)-ഉം നടത്തിയിട്ടുണ്ട്. 2021-ലെ NAS ൽ, കേരളത്തിൽ 2,436 സ്കൂളുകളിൽ നിന്നും 3, 5, 8, 10 ക്ലാസുകളിലായി 85,566 കുട്ടികൾ സർവെയിൽ പങ്കെടുത്തു. ഇതിൽ മൂന്നാം ക്ലാസിലെ എല്ലാ വിഷയത്തിലും സംസ്ഥാനം ദേശീയ ശരാശരിയേക്കാൾ മുന്നിലാണ്. 5, 8, 10 ക്ലാസുകളിൽ ഗണിത വിഷയത്തിൽ കേരളം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. എന്നാൽ ഭൂരിഭാഗം വിഷയങ്ങളിലും കേരളത്തിന്റെ സ്ഥാനം ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. 2023-ൽ നടത്തിയ SEAS ന്റെ ഫലം NCERT പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) പുതിയ വിദ്യാഭ്യാസ പദ്ധതിയിൽ മാതൃഭാഷാ പഠന നിലവാരം ഉയർത്തുന്നതിനും ഗണിതശേഷി ഉയർത്തുന്നതിനും കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023-ൽ ഗണിതപഠന സമീപനത്തെക്കുറിച്ചും ഗണിത പഠനത്തിന്റെ പുതിയ കാഴ്ചപ്പാടിനെക്കുറിച്ചും വിശദമായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. അതിനനുസരിച്ചാണ് ഗണിതത്തിൽ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്.

ഗണിതത്തിൽ ഓരോ പ്രവർത്തനം ചെയ്യുമ്പോഴും അതിന്റെ പിന്നിലെ യുക്തി കുട്ടികൾ മനസ്സിലാക്കണം എന്ന കാഴ്ച്ചപ്പാടാണ് സ്വീകരിച്ചിട്ടുള്ളത്. യാന്ത്രികമായി ഗണിതക്രിയകൾ ചെയ്യുക എന്നതല്ല മറിച്ച് ഓരോ ക്രിയയുടേയും പിന്നിലുള്ള യുക്തിയും ഓരോ ക്രിയയും എങ്ങനെ പ്രവർത്തിക്കുന്നു എന്നതും വ്യത്യസ്തത വഴികൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്നും കുട്ടികൾ മനസ്സിലാക്കേണ്ടതുണ്ട്. ഇതാണ്

ഗണനചിന്ത (Computational Thinking) എന്ന ഗണിത പഠനത്തിന്റെ പുതിയ കാഴ്ചപ്പാട്.

ഗണിത പഠനം കൂടുതൽ പ്രവർത്തനാധിഷ്ഠിതമാക്കുന്നതിന് മഞ്ചാടി പോലുള്ള ഗവേഷണാടിസ്ഥാനത്തിലുള്ള പദ്ധതികളും കേരളത്തിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു.

പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ മാതൃഭാഷാ പഠനം ആകർഷകമാക്കുന്നതിന് സഹായകമായ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടാണ്. ഒന്നാം ക്ലാസ് പൂർത്തിയാകുന്നതോടുകൂടി മലയാളത്തിൽ ഒന്നാം ക്ലാസ് ലക്ഷ്യമിടുന്ന ലേഖന പാടവം കുട്ടികൾ നേടണമെന്നാണ് പുതിയ സമീപനം ലക്ഷ്യം വയ്ക്കുന്നത്. എഴുത്തിനും വായനയ്ക്കും ഒപ്പം കുട്ടികൾക്ക് അവരുടെ ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം ക്ലാസ് റൂമിൽ സൃഷ്ടിക്കുന്നതിന് ബോധപൂർവമായ ഇടപെടലുകൾ പാഠ്യപദ്ധതിയിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാരംഗം കലാസാഹിത്യവേദി, വാങ്മയം പരീക്ഷ, ദിനാചരണങ്ങൾ, വായന

മാസാചരണം, ഒന്നാം ക്ലാസ് ഒന്നാന്തരം, ശ്രദ്ധ, മലയാളത്തിളക്കം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ഡി) പുതിയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പാഠപുസ്തകങ്ങൾ, അദ്ധ്യാപക സഹായി എന്നിവ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 2024-25 അദ്ധ്യയന വർഷം 1, 3, 5, 7, 9 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. പ്രീ-പ്രൈമറി, 2, 4, 6, 8, 10 ക്ലാസ്സുകളിലെ പരിഷ്കരണം 2025-26 അധ്യയന വർഷം നടപ്പിലാക്കും. നടപ്പിലാക്കിയ പാഠപുസ്തകങ്ങളിൽ ഫീൽഡ് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അനിവാര്യമായ മാറ്റങ്ങൾ വരുന്ന വർഷംതന്നെ നടപ്പാക്കും. ഇതിനാവശ്യമായ വിവരശേഖരണം എസ്.സി.ഇ.ആർ.ടി. നടപ്പിൽ വരുത്തും.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടി വിദ്യാകിരണം മിഷന്റെ ഭാഗമായി നടപ്പാക്കും. ഇതിന്റെ ഭാഗമായി അക്കാദമിക മോണിറ്ററിങ്ങിനുള്ള

ഫോർമാറ്റുകൾ വികസിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും.

പഠന പിന്തുണാ പരിപാടി നടപ്പിലാക്കി എല്ലാ കുട്ടികൾക്കും മികച്ച ഗ്രേഡോടുകൂടി വിജയം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കും.

**2024-25 അധ്യയന വർഷത്തെ പാഠപുസ്തക വിതരണം**

198 (1422) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ പൂർണമായും വിതരണത്തിനായി വിദ്യാലയങ്ങളിൽ എത്തിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

2024-25 അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ പൂർണമായും വിദ്യാലയങ്ങളിൽ എത്തിച്ചിട്ടില്ല. ഈ അധ്യയന വർഷം ഒന്ന് മുതൽ 10 വരെ ക്ലാസ്സുകളിലായി ആകെ വിതരണം നടത്താനുള്ള 321 പാഠപുസ്തകങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് 1, 5, 7, 9 ക്ലാസ്സുകളിൽ

പുതുതായി തയ്യാറാക്കിയ 34 പ്രവർത്തന പുസ്തകങ്ങളുടെ വിതരണം മാത്രമാണ് ഇനിയും പൂർത്തിയാക്കാനുള്ളത്. അതിന്റെ വിതരണം നടന്നുവരികയാണ്. ജൂൺ മാസത്തിനുള്ളിൽ വിതരണം പൂർത്തിയാകുന്നതാണ്.

(ബി) 2024-25 അധ്യയന വർഷം 1, 3, 5, 7, 9 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പൂർണ്ണമായും മാറിയതിനാൽ പ്രസ്തുത ക്ലാസ്സുകളിൽ കഴിഞ്ഞ അധ്യയന വർഷത്തെ പുസ്തകങ്ങൾ ലഭ്യമാകില്ലെന്ന സാഹചര്യം മുന്നിൽക്കണ്ട് ഉണർന്ന് പ്രവർത്തിക്കാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

2024-25 അധ്യയന വർഷം 1, 3, 5, 7, 9 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ കരിക്കുലം മാറ്റമുള്ള സാഹചര്യത്തിൽ 2023 ജൂലൈ ആദ്യവാരം തന്നെ ഉന്നതതലയോഗം ചേർന്ന് പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നു. സമയബന്ധിതമായി പാഠപുസ്തക വിതരണം നടത്തുന്നതിലേയ്ക്കായി അച്ചടി, വിതരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഉന്നതതല

യോഗങ്ങൾ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ യഥാസമയം കൂടിയിരുന്നു.

**സ്കൂൾ കുട്ടികളുടെ ആധാർ അപ്ഡേഷൻ**

199 (1423) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കുട്ടികളുടെ ആധാർ അപ്ഡേഷൻ നടത്തുന്നതിലെ അപാകത കാരണം കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുട്ടികളുടെ എണ്ണം കണക്കാക്കുന്നതിൽ ആധാർ അപ്ഡേഷൻ ഒരു തടസ്സമല്ല.

(ബി) കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിക്കാത്തത് കാരണം സ്കൂളുകളിൽ ക്ലാസ് ഡിവിഷനുകൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

2024-25 അധ്യയന വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സർക്കാർ, എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ കുട്ടികളുടെ ആധാർ എൻറോൾമെന്റ്, അപ്ഡേഷൻ എന്നിവയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

I. കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി ചേർന്ന് സംസ്ഥാനത്തെ 168 ബ്ലോക്ക് റിസോർസ് സെന്ററുകൾ കേന്ദ്രീകരിച്ച് എൻറോൾമെന്റിനും അപ്ഡേഷനും വേണ്ടി മെയ് 22 മുതൽ എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

II. പുതുതായി അഡ്മിഷൻ നേടിയ ആധാർ ഇല്ലാത്ത കുട്ടികൾക്കും മുമ്പ് പ്രവേശനം നേടിയ കുട്ടികൾക്കും യു.ഐ.ഡി. നമ്പർ ലഭിക്കുന്നതിലേയ്ക്ക് സ്കൂൾ പ്രധാനാധ്യാപകർ രക്ഷിതാക്കളുമായി ബന്ധപ്പെട്ട് നടപടിയെടുക്കുന്നതാണ്.

III. കുട്ടിയുടെ പേരിലുണ്ടായിട്ടുള്ള നേരിയ പിശകുമൂലം മുൻവർഷങ്ങളിൽ ഇൻവാലിഡായി കാണപ്പെട്ട യു.ഐ.ഡി.-കളും തിരുത്തൽ വരുത്തി വാലിഡാക്കുന്നതാണ്.

IV. ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ആവശ്യമായ പ്രചാരണം താഴെത്തട്ടിൽ നൽകിയിട്ടുണ്ട്.

**അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം**

200 (1424) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദീർഘനാളായി പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ദേശീയ വിദ്യാഭ്യാസ ചട്ടങ്ങൾക്കനുസൃതമായി പിന്നോക്ക മേഖലകളിൽ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) കേരള സംസ്ഥാന സിലബസിൽ പ്രവർത്തിക്കുന്നതും, അംഗീകാരമില്ലാത്തതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി 22-05-2019-ലെ സ.ഉ.(എം.എസ്)നം.45/2019/പൊ.വി.വ പ്രകാരവും സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും (NOC), അംഗീകാരവും നൽകുന്നതിനായി 01-03-2019-ലെ സ.ഉ.(എം.എസ്) നം.22/2019/ പൊ.വി.വ. പ്രകാരവും മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതും എല്ലാ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടെങ്കിൽ അംഗീകാരം നൽകുന്നതുമാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കുമോ?

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) വർഷാവർഷം ഇതിനാവശ്യമായ അപേക്ഷകൾ എപ്പോഴാണ് സ്വീകരിക്കുന്നത്; ഈ വർഷം അപേക്ഷകൾ എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

22-11-2022-ലെ സ.ഉ (സാധാ)നം.7121/2022/പൊ.വി.വ പ്രകാരം അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഓരോ വർഷവും ജൂലൈ 1 മുതൽ ഒക്ടോബർ 15 വരെയുള്ള കാലയളവിൽ സ്കൂൾ അധികൃതരിൽനിന്നും അംഗീകാരത്തിനായുള്ള അപേക്ഷകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സ്വീകരിക്കുന്നതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 15 ആണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമായവ സർക്കാരിൽ സമർപ്പിക്കേണ്ട അവസാന തീയതി ജനുവരി 15 ആണ്.

**വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി**

201 (1425) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്ത, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂമി വാങ്ങുന്നതിനുള്ള പ്രത്യേക പദ്ധതി രൂപീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

സ്വന്തമായി സ്ഥലമില്ലാത്തതോ, സ്ഥലപരിമിതികളുള്ളതോ ആയ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന് പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിലുള്ള സ്കൂളുകളെ കണ്ടെത്തുന്നതിനും സ്ഥലം വാങ്ങുന്നതിനാവശ്യമായ രേഖകൾ പരിശോധിച്ച് ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുമുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ നടന്നുവരുന്നു.

സ്വന്തമായി ഭൂമിയില്ലാത്ത, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂമി വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**(ബി) ഭൂമിയില്ലാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബിയിൽ നിലവിൽ പദ്ധതി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?**

ഭൂമിയില്ലാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബിയിൽ നിലവിൽ പദ്ധതികളൊന്നും തന്നെയില്ല.

**പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക്**

**202 (1426) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് നിലവിലുള്ള സാഹചര്യമുണ്ടോ;**

എങ്കിൽ എത്ര ശതമാനമാണ് 2022-23, 2023-24 അധ്യയന വർഷങ്ങളിലെ കൊഴിഞ്ഞുപോക്ക് നിരക്ക്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് നിലവിലുണ്ട്. 2023-234 കാലയളവിലെ കൊഴിഞ്ഞുപോക്ക് നിരക്ക് 0.08-ഉം 2023-24 വർഷത്തെ കൊഴിഞ്ഞുപോക്ക് നിരക്ക് 0.07-ഉം ആണ്. 2022-23, 2023-24 അധ്യയനവർഷങ്ങളിലെ കൊഴിഞ്ഞുപോക്ക് നിരക്കിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **District** | **2022-23** | **2023-24** |
|---|---|---|
| Thiruvananthapuram | 0.02 | 0.02 |
| Kollam | 0.01 | 0.02 |
| Pathanamthitta | 0.03 | 0.04 |
| Alappuzha | 0.02 | 0.03 |
| Kottayam | 0.02 | 0.11 |
| Idukki | 0.26 | 0.29 |
| Ernakulam | 0.30 | 0.24 |
| Thissur | 0.04 | 0.07 |
| Palakkad | 0.10 | 0.04 |
| Malappuram | 0.06 | 0.04 |
| Kozhikode | 0.06 | 0.04 |
| Wayanad | 0.25 | 0.42 |
| Kannur | 0.03 | 0.05 |
| Kasaragod | 0.08 | 0.07 |

(ബി) കഴിഞ്ഞ പത്ത് വർഷക്കാലയളവിലെ വിദ്യാർഥികളുടെ ശരാശരി കൊഴിഞ്ഞുപോക്ക് നിരക്ക് എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കഴിഞ്ഞ പത്ത് വർഷക്കാലയളവിലെ വിദ്യാർഥികളുടെ ശരാശരി കൊഴിഞ്ഞുപോക്ക് നിരക്ക് 0.135 ആണ്.

കഴിഞ്ഞ പത്ത് വർഷക്കാലയളവിലെ വിദ്യാർഥികളുടെ ശരാശരി കൊഴിഞ്ഞുപോക്ക് നിരക്കിന്റെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) ഏതൊക്കെ മേഖലകളിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായി കാണപ്പെടുന്നത്; ഗ്രാമീണ മേഖല, ആദിവാസി/പിന്നാക്ക മേഖല, സർക്കാർ മേഖല, എയ്ഡഡ് മേഖല എന്നിങ്ങനെ തരംതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഗ്രാമീണ, ആദിവാസി, പിന്നാക്ക മേഖലകളിൽ കൊഴിഞ്ഞുപോക്ക് കൂടുതലായി കാണുന്നുണ്ട്. എങ്കിലും, അന്യസംസ്ഥാന തൊഴിലാളികളുടെ മക്കൾ രക്ഷിതാക്കൾക്കൊപ്പം അവരുടെ നാട്ടിലേയ്ക്ക് തിരികെ പോകുന്നതും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊഴിഞ്ഞുപോക്ക് വർധിക്കുന്നതിന് കാരണമാകുന്നു. 2023-24 വർഷത്തെ സർക്കാർ, എയ്ഡഡ് മേഖല തിരിച്ചുള്ള കൊഴിഞ്ഞുപോക്ക് കണക്കുകൾ (പ്രൊവിഷണൽ) ചുവടെ ചേർക്കുന്നു.

| Type | | No of Students |
|---|---|---|
| Govt. | - | 1467 |
| Aided | - | 1307 |

ഗ്രാമീണ/ആദിവാസി/പിന്നാക്ക മേഖല തിരിച്ചുള്ള കൊഴിഞ്ഞുപോക്ക് കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ഡി) പൊതുവിദ്യാലയങ്ങളിൽനിന്നുള്ള കൊഴിഞ്ഞുപോക്കിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

2016-17-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം കണ്ടെത്തിയ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു.

അന്യസംസ്ഥാന തൊഴിലാളികളുടെ മക്കളായതിനാൽ ടി കുട്ടികൾ രക്ഷിതാക്കൾക്കൊപ്പം അവരുടെ നാട്ടിലേയ്ക്ക് തിരിച്ചുപോകുന്നത്.

തോട്ടം മേഖലയിൽ വാഹന സൗകര്യം കുറവായതും വന്യജീവികളുടെ ആക്രമണവും കാരണം കുട്ടികൾക്ക് സ്കൂളിലേയ്ക്കെത്തുന്നതിന് വളരെയധികം പ്രയാസം നേരിടുന്നു.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി രക്ഷിതാക്കൾക്കും കുട്ടികൾക്കും അവബോധമില്ലാത്തത്.

കട്ടപ്പന, മൂന്നാർ, പീരുമേട് തുടങ്ങിയ പ്രദേശങ്ങളിൽ പ്രത്യേകിച്ച് ഊരുമേഖലകളിൽ നിന്നുവരുന്ന കുട്ടികൾ ഓണം, ക്രിസ്തുമസ് തുടങ്ങിയ അവധിക്കാലങ്ങളിൽ ഊരിലേയ്ക്ക് പോയാൽ പിന്നെ തിരിച്ചുവരുന്നതിന് വിമുഖത കാണിക്കുന്നുണ്ട്.

കൊഴിഞ്ഞുപോയ കുട്ടികളിൽ ഒരു വിഭാഗം കുട്ടികൾ മതപഠനത്തിന് മുൻതൂക്കം നൽകി സ്കൂൾ പഠനം നിർത്തിയവരാണ്.

വയനാട് ജില്ലയിലെ സ്കൂൾ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച പഠനങ്ങളിൽ പട്ടികവർഗ (അടിയ, പണിയ, കുറുമ, കാട്ടുനായ്ക്ക) വിഭാഗത്തിലാണ് ഏറ്റവും കൂടുതൽ വിദ്യാർഥികൾ വിദ്യാലയങ്ങളിൽ എത്തിച്ചേരാതെയിരിക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ ട്രൈബൽ പ്രൊമോട്ടർമാർ, ജന മൈത്രി പോലീസ്, പട്ടികവർഗ വികസന വകുപ്പ് എന്നിവരുടെ സഹകരണത്തോടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുന്നുവെങ്കിലും അവയൊന്നും ഫലപ്രാപ്തിയിലെത്തുന്നില്ല.

**അക്കാദമിക് നിലവാരം തരണം ചെയ്യാൻ കഴിയാത്ത അവസ്ഥ**

പഠന പിന്നോക്കാവസ്ഥ നേരിടുന്ന വിദ്യാർഥികൾക്ക് ക്ലാസ്സിലെ മറ്റ് കുട്ടികളോടൊപ്പം പലപ്പോഴും അക്കാദമിക് നിലവാരത്തിലേയ്ക്ക് ഉയരാൻ കഴിയാതെവരികയും ഇത് മാനസികമായി കുട്ടികളിൽ പ്രശ്നങ്ങളുണ്ടാക്കുകയും കൊഴിഞ്ഞുപോകലിന് കാരണമായിത്തീരുകയും ചെയ്യുന്നു.

**പ്രശ്നബാധിത കുടുംബപശ്ചാത്തലം**

മാതാപിതാക്കളുടെ സ്വരചേർച്ചയില്ലായ്മ, വേർപിരിഞ്ഞുപോകുന്ന മാതാപിതാക്കൾ, ശിഥിലമായ കുടുംബ പശ്ചാത്തലം എന്നിവ കുട്ടികളിൽ മാനസിക പ്രശ്നങ്ങളുണ്ടാക്കുകയും കൊഴിഞ്ഞുപോകലിന് കാരണമായിത്തീരുകയും ചെയ്യുന്നു.

**അനാരോഗ്യം, വൈകല്യങ്ങൾ, മാനസിക പ്രശ്നങ്ങൾ**

കുട്ടികളിലുണ്ടാകുന്ന അനാരോഗ്യം, വൈകല്യങ്ങൾ, മാനസിക പ്രശ്നങ്ങൾ എന്നിവ കുട്ടികളിൽ പഠന പിന്നോക്കാവസ്ഥ സൃഷ്ടിക്കുകയും അത് കൊഴിഞ്ഞുപോകലിന് കാരണമായിത്തീരുകയും ചെയ്യുന്നു.

കൂടാതെ മലയോര മേഖലയിലെ സ്കൂളുകളിലെ കുട്ടികൾ വനവിഭവങ്ങൾ സമാഹരിക്കാനിറങ്ങുന്നത് കാരണം സ്കൂളിൽ വരാതാകുകയും അത് കൊഴിഞ്ഞുപോകലിന് കാരണമാകുകയും ചെയ്യുന്നു.

ഹൈസ്കൂൾ തലത്തിൽ കൊഴിഞ്ഞുപോയ മിക്ക കുട്ടികൾക്കും ശാസ്ത്രം, ഗണിതം, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളോടുള്ള താല്പര്യമില്ലായ്മ ഒരു പ്രധാന കാര്യമാണ്.

ശാരീരിക വൈകല്യം നേരിടുന്ന കുട്ടികൾ മറ്റ് കുട്ടികളിൽനിന്നുമുണ്ടാകുന്ന പരിഹാസം നിറഞ്ഞ മോശമായ പെരുമാറ്റവും കളിയാക്കലുകളും നിസ്സാരമെങ്കിലും കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

സ്കൂളിലേയ്ക്കുള്ള വലിയ ദൂരം, സ്കൂളിലേയ്ക്കുള്ള ദുർഘടം നിറഞ്ഞ വഴി, യാത്രാസൗകര്യങ്ങളുടെ അഭാവം, സ്കൂളിലേയ്ക്കുള്ള സുരക്ഷിതമില്ലാത്ത യാത്ര,

സ്ഥിരമായ അസുഖം, മാതാപിതാക്കൾ തൊഴിൽ ചെയ്യാത്ത അവസ്ഥ, അധ്യയനത്തിലെ തുടർച്ചയായമോശം പ്രകടനം, വിദ്യാഭ്യാസത്തോടുള്ള രക്ഷിതാക്കളുടെ പ്രതികൂല മനോഭാവം, കുടുംബത്തിലെ സഹോദരങ്ങളുടെ സംരക്ഷണം/പരിപാലനം, തുടർച്ചയായ വാസസ്ഥലം മാറൽ, കുടുംബത്തിലെ അശാന്തമായ അന്തരീക്ഷം, സഹപാഠികളിൽ നിന്നുള്ള മോശം പെരുമാറ്റം, പാഠ്യവിഷയങ്ങൾ മറ്റ് വിദ്യാർഥികൾക്കൊപ്പം ഉൾക്കൊള്ളാൻ കഴിയാത്തത് എന്നിവയും കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു.

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

മേൽ പരാമർശിച്ച പഠനറിപ്പോർട്ടിൽ നിന്നും ഉരുത്തിരിഞ്ഞ പരിഹാര മാർഗങ്ങൾ ചുവടെ ചേർക്കുന്നു.

അന്യസംസ്ഥാന തൊഴിലാളികൾക്ക് താമസവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി കൊടുക്കുകയാണെങ്കിൽ കുട്ടികളുടെ

കൊഴിഞ്ഞുപോക്ക് ഒരുപരിധിവരെ തടയാൻ സാധിക്കും. അതിനുള്ള സാധ്യത പരിശോധിക്കുന്നു.

ആദിവാസി മേഖലകളിൽനിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി നിലവിലുള്ള MRS സ്കൂളുകളുടെ എണ്ണം വർധിപ്പിക്കുന്ന കാര്യവും കൂടാതെ സമൂഹത്തിന്റെ താഴെക്കിടയിലുള്ള കുട്ടികൾ ധാരാളമായി പഠിക്കുന്ന സ്കൂളുകളിൽ പ്രഭാതഭക്ഷണം നല്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

തോട്ടം മേഖല ഉൾപ്പെടെയുള്ള വാഹന സൗകര്യം കുറവായ മേഖലകളിൽ വന്യജീവികളുടെ ആക്രമണം കാരണം കുട്ടികൾക്ക് സ്കൂളിലേയ്ക്കെത്തുന്നതിന് വളരെയധികം പ്രയാസം നേരിടുന്നതിനാൽ സ്കൂളിനോടനുബന്ധിച്ച് കൂടുതൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്ന കാര്യവും പരിശോധിക്കും.

എല്ലാ സ്കൂളുകളിലും കൊഴിഞ്ഞുപോക്ക് തടയുന്നതിലേയ്ക്കായി പി.ടി.എ., എസ്.എം.സി. എന്നിവയുടെ നേതൃത്വത്തിൽ പ്രഥമാധ്യാപകൻ, അധ്യാപകർ എന്നിവരടങ്ങുന്ന ഒരു സംഘം ക്ലാസിലേയ്ക്കെത്താത്ത കുട്ടികളുടെ വീടുകൾ

സന്ദർശിച്ച് ബോധവൽക്കരണം നടത്തി കുട്ടികളെ തിരികെ സ്കൂളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

സ്കൂളുകൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന സൗജന്യപഠനം, പുസ്തകം, യൂണിഫോം, പോഷകസമ്പുഷ്ടമായ ഭക്ഷണം എന്നിവ എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുത്തുന്നതിന് രക്ഷിതാക്കളെ ബോധവാൻമാരാക്കുന്നു.

എസ്.ടി. വകുപ്പ് നടത്തിവരുന്ന “ഗോത്രവാഹിനി', “ഗോത്രസാരഥി' തുടങ്ങിയ പദ്ധതികൾ കുറച്ചുകൂടി കാര്യക്ഷമമായി നടത്തി കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കാൻ ശ്രമിക്കുന്നതാണ്.

ലഹരിവിമുക്ത ബോധവൽക്കരണം കുട്ടികൾക്കും രക്ഷിതാക്കൾക്കുമിടയിൽ നടത്തുന്നത് കുട്ടികളെ വിദ്യാലയങ്ങളിൽ തിരികെയെത്തിക്കാൻ സഹായകരമാകും.

കുട്ടികൾക്ക് യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി റോഡ് നിർമ്മാണം, ബസ് അല്ലെങ്കിൽ മറ്റ് വാഹന സൗകര്യം ഏർപ്പെടുത്തൽ തുടങ്ങിയവ പരിശോധിക്കാവുന്നതാണ്.

തുടർച്ചയായ ആരോഗ്യപ്രശ്നങ്ങൾകൊണ്ട് സ്കൂൾ പഠനം നിർത്തുന്ന കുട്ടികൾക്ക് അടുത്തുള്ള ആരോഗ്യപ്രവർത്തകരിൽ നിന്നുമുള്ള സേവനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തീരദേശ മേഖലയിലെ വിദ്യാർഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫിഷറീസ് വകുപ്പിനെക്കൂടി ഉൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കുന്ന കാര്യം പരിശോധിക്കും.

ട്രൈബൽ പ്രൊമോട്ടർമാരുടെ കാര്യക്ഷമമായ ഇടപെടൽ പട്ടികവർഗ വകുപ്പുമായി ചേർന്ന് ഉറപ്പുവരുത്തുന്നതാണ്.

കുട്ടിക്ക് മെച്ചപ്പെട്ട പഠനാന്തരീക്ഷവും സാമൂഹികാന്തരീക്ഷവും ഒരുക്കാൻ രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കാപ്പി, അടയ്ക്ക, വാഴ, ഇഞ്ചി എന്നിവയുടെ വിളവെടുപ്പ് കാലങ്ങളിൽ പണം സമ്പാദിക്കുന്നതിനായി മുതിർന്നവരോടൊപ്പം നാട്ടിലും അയൽസംസ്ഥാനമായ കർണ്ണാടക, തമിഴ്നാട് പ്രദേശങ്ങളിലേയ്ക്കും കുട്ടികൾപോകുന്ന പ്രവണത കണ്ടുവരുന്നു. ഇത് തടയാൻ തൊഴിൽവകുപ്പ്,

പോലീസ് എന്നിവരുടെ സഹകരണത്തോടെ നടപടികൾ കർശനമാക്കുന്നതാണ്.

പ്രഭാതഭക്ഷണം ഇപ്പോൾ നൽകിവരുന്നത് തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലാണ്. അത് കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികവർഗ വിദ്യാർഥികളുടെ പഠന മികവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ പട്ടികവർഗ വികസന വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കും.

കലാ-കായിക മേഖലകളിൽ പട്ടികവർഗ വിദ്യാർഥികൾ വളരെയധികം താൽപര്യം കാണിക്കാറുണ്ട്. ഇത്തരം. മേഖലകളിലെ ഇവരുടെ മികവ് പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർഥികളുടെ എണ്ണം നോക്കാതെ കലാ-കായിക മേഖലകളിലെ അധ്യാപകരെ ഇവർ പഠിക്കുന്ന വിദ്യാലയങ്ങളിൽ നിയമിക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കും.

മെന്റർ ടീച്ചർമാരുടെ സേവനം കുറച്ചുകൂടി കാര്യക്ഷമമായി കുട്ടികളിലേയ്ക്കെത്തിക്കുകയും പഠനത്തെയും കലകളെയും പ്രോത്സാഹിപ്പിക്കുന്ന നടപടികൾ തുടരുകയും ചെയ്യും.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ പട്ടികവർഗ വിദ്യാർഥികൾക്കായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ കുട്ടികളിലേയ്ക്ക് യഥാസമയം എത്തിച്ചേരുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരു മോണിറ്ററിംഗ് രൂപീകരിക്കണം.

കുട്ടികളെ കൂടുതലായി കോ-കരിക്കുലർ, എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്ന കാര്യം പരിഗണിക്കും.

ആർ.റ്റി.ഇ. ആക്ടിലെ വ്യവസ്ഥകൾ പാലിക്കാൻ അധ്യാപകരും രക്ഷിതാക്കളും ബാധ്യസ്ഥരാണ്. ഇതുസംബന്ധിച്ച് കൂടുതൽ ബോധവൽക്കരണം നടത്തുന്നതാണ്.

പഠനം പൂർത്തീകരിച്ചാൽ ലഭ്യമാകുന്ന ജോലി സാധ്യതകൾ കുട്ടികളെ മനസ്സിലാക്കിക്കുക.

മാതാപിതാക്കളും അധ്യാപകരും തമ്മിൽ നിരന്തരമായ ബന്ധം ഉണ്ടെന്ന് ഉറപ്പുവരുത്തുക.

സ്കൂൾ അധ്യയന വർഷ സമയത്ത് വനവിഭവങ്ങൾ സമാഹരിക്കാൻ കുട്ടികളെ വനത്തിലേയ്ക്ക് കയറ്റി വിടാതിരിക്കാൻ വനം വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതായിരിക്കും. കൗൺസിലിംഗിലൂടെ ഒരു പരിധിവരെ കുട്ടികളെ പഠനത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയും.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക ക്ലാസ് കൊടുക്കുക.

സിക്കിൾസെൽ അനീമിയ പോലുള്ള രോഗങ്ങളാൽ സ്കൂളിൽ വരാൻസാധിക്കാത്ത കുട്ടികൾക്ക് പ്രത്യക മുൻഗണന നൽകുക.

നാടോടികളായ കുട്ടികൾക്ക് പഠനം പൂർത്തിയാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

കുട്ടികൾക്ക് നേതൃത്വരംഗത്ത് പ്രവർത്തിക്കാൻ അവസരം നൽകുക.

സ്ഥിരമായി ക്ലാസുകളിൽ വരുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനംനൽകുക.

ആനുകൂല്യങ്ങൾ കുട്ടികൾ വഴി നൽകുക (റേഷൻ മറ്റുള്ളവ)

കുട്ടികൾക്ക് കൊടുക്കുന്ന പഠനോപകരണങ്ങൾ, ബാഗ്, കുട, യുണിഫോം തുടങ്ങിയവ അധ്യയന വർഷാരംഭത്തിൽ തന്നെ നൽകുക.

**പാഠ്യപദ്ധതി പരിഷ്കരണം**

203 (1427) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ക്ലാസുകളിലാണ് ഈ വർഷം പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കുന്നത്; വിശദമാക്കാമോ?

പ്രീ-പ്രൈമറി, ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒൻപത് എന്നീ ക്ലാസുകളിലാണ് 2024-25 അധ്യയനവർഷം പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ അവസാനമായി പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കിയത് ഏത് വർഷമായിരുന്നു; വിശദമാക്കാമോ?

2013-ലാണ് കേരളത്തിൽ അവസാനമായി പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിട്ടുള്ളത്. കേരളത്തിൽ സമഗ്രമായ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം നടന്നത് 2007-ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിലാണ്. 2013-ൽ തയ്യാറാക്കിയ വിദ്യാഭ്യാസ നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളിലെ ഉള്ളടക്കത്തിൽ മാറ്റം വരുത്തിയിരുന്നെങ്കിലും അടിസ്ഥാന സമീപനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടായിരുന്നില്ല.

(സി) പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത് എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സ്കൂൾ വിദ്യാഭ്യാസം വലിയ മാറ്റങ്ങളിലൂടെ കടന്നുപോകുന്ന കാലത്ത് അതിനനുസൃതമായ പാഠ്യപദ്ധതി ലക്ഷ്യങ്ങൾ മുന്നോട്ടുവെച്ചുകൊണ്ടാണ് പരിഷ്കരണ നടപടികൾ നടക്കുന്നത്. ജ്ഞാന സമൂഹവും ജ്ഞാനസമ്പദ് വ്യവസ്ഥയും യാഥാർഥ്യമായിക്കൊണ്ടിരിക്കുന്ന ലോകത്തിന് മുമ്പിൽ അതിനനുസൃതമായി കേരള മോഡലിനെ ശക്തിപ്പെടുത്തി പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുന്ന പാഠ്യപദ്ധതി

പരിഷ്കരണം നവ കേരള സൃഷ്ടിക്ക് സഹായകരമായ രീതിയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ലക്ഷ്യം വയ്ക്കുന്ന കാര്യങ്ങളെ കേരള സ്കൂൾ പാഠ്യ പദ്ധതി ചട്ടക്കൂട് ചുവടെ പറയുന്ന വിധത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1. സാമൂഹ്യ നീതിക്കുവേണ്ടിയുള്ള വിദ്യാഭ്യാസം

2. സമഗ്രവും സുസ്ഥിര വികസനോന്മുഖവുമായ വിദ്യാഭ്യാസം

3. ജ്ഞാനസമൂഹ സൃഷ്ടി

4. സമഗ്ര വ്യക്തിത്വ വികാസം

5. ദേശീയബോധവും ഉത്തരവാദിത്വവുമുള്ള പൗരബോധം വളർത്തൽ

6. എല്ലാവരേയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം

7. ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കൽ, ജനാധിപത്യ ദർശനം നിലനിർത്തുന്നതിന് സഹായകമായ വിദ്യാഭ്യാസം

8. ചരിത്രബോധവും സാംസ്കാരിക ബോധവും വളർത്തൽ

9. ശാസ്ത്രാവബോധം വളർത്തൽ

10. സാങ്കേതിക അവബോധം വളർത്തൽ

11. തൊഴിൽ നൈപുണിയും സ്വാശ്രയത്വവും വളർത്തൽ

12. പ്രതിസന്ധികളെ തരണം ചെയ്യൽ, അതിജീവനശേഷി കൈവരിക്കുന്നതിന് സഹായിക്കുക

13. വിമർശനാത്മക ചിന്ത വളർത്തൽ

14. പാരിസ്ഥിതികാവബോധം വളർത്തൽ

15. ഇതര ലിംഗത്തിൽപ്പെട്ടവരോട് സൗഹാർദമായി പെരുമാറൽ

16. നവ കേരളത്തെ രൂപപ്പെടുത്തൽ

**മാവേലിക്കര നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ച ഫണ്ട്**

204 (1428) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര ഗവ. വൊക്കേഷണൽ & പോസ്റ്റ് ഹയർസെക്കൻഡറി സ്കൂൾ, കുടശ്ശനാട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി 2018-19 മുതൽ പ്ലാൻ

ഫണ്ടും കിഫ്ബി പദ്ധതിയും മുഖേന അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ &ബി) പ്രസ്തുത സ്കൂളുകളിൽ 2018-19 മുതൽ അനുമതി നൽകിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത പദ്ധതികൾ നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉണ്ട്. പ്രസ്തുത സ്കൂളുകളിലെ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി താഴെത്തെ നില കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചശേഷം മുകൾ നില പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്നതാണ്. കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ നിർവഹണ ഏജൻസിയായ കിലയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**മണലൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി**

205 (1429) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിലെ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കിഫ്ബി, മറ്റ് ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം സ്കൂളുകളുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെന്നും പൂർത്തീകരിച്ചിട്ടില്ലാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**5 കോടി കിഫ്ബി പദ്ധതി**

മുല്ലശ്ശേരി ഗവ. എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

**1 കോടി കിഫ്ബി പദ്ധതി**

പി.ജെ.എം.ജി.എച്ച്.എസ്.എസ്. കണ്ടശ്ശാൻകടവ്-DPR തയ്യാറാക്കി Project Execution Document, KIIFB-യുടെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ ടെൻഡർ നടപടി സ്വീകരിക്കുന്നതാണ്.

ജി.എച്ച്.എസ്.എസ് വാടാനപ്പള്ളി- നിർമ്മാണം അവസാനഘട്ടത്തിൽ. 98% പൂർത്തിയായി.

GHSS മണലൂർ- DPR-ന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. Project Execution Document KIIFB-യുടെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ ടെൻഡർ നടപടി സ്വീകരിക്കുന്നതാണ്.

(സി) അവശേഷിക്കുന്ന പ്രവൃത്തികളുണ്ടെങ്കിൽ അത് എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

ഒരു സ്കൂളിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. മറ്റ് രണ്ട് സ്കൂളുകളുടെ നിർമ്മാണത്തിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

**അരുവിക്കര നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ**

206 (1430) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന സ്കൂൾ കെട്ടിട നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഒരു സ്കൂളിനും 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 6 സ്കൂളുകൾക്കും ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 5 സ്കൂളുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GVHSS പൂവച്ചലിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 6 സ്കൂളുകളിൽ ഒരു സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി. മൂന്ന് സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. (GVHSS പരുത്തിപ്പള്ളി, GVHSS ആര്യനാട്, ഗവ. V&HSS വിതുര-നിർമ്മാണം ആരംഭഘട്ടത്തിൽ). രണ്ട് സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് (GHSS അരുവിക്കര, GMUPS വിതുര).

ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 5 സ്കൂളുകളിൽ രണ്ടെണ്ണം പൂർത്തിയായി. രണ്ട് സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു (GHSS തൊളിക്കോട്, VK കാണി GHS പനക്കോട്). ഒരു സ്കൂളിന്റെ (GUPS പൂവച്ചൽ) നിർമ്മാണത്തിനായുള്ള റീ-ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ബി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് വ്യക്തമാക്കുമോ?**

നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട നിർവഹണ ഏജൻസികൾക്കും കിഫ്ബിക്കും നിർദേശം

നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണങ്ങൾക്ക് കിഫ്ബിയുടെ ഭാഗത്തുനിന്നും തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ചലഞ്ച് ഫണ്ട് വിനിയോഗം**

207 (1431) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് അടിസ്ഥാനസൗകര്യ വികസന പ്രവൃത്തി പൂർത്തിയാക്കിയ ഏതൊക്കെ സ്കൂളുകൾക്കാണ് സർക്കാർ ഫണ്ട് നൽകാൻ ബാക്കിയുള്ളത്; പ്രസ്തുത സ്കൂളുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളൊന്നും നിലവിലില്ല.

**ചേന്ദമംഗല്ലൂർ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടനിർമ്മാണം**

208 (1432) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവമ്പാടി മണ്ഡലത്തിലെ ചേന്ദമംഗല്ലൂർ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടനിർമ്മാണത്തിന് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന് ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നാദാപുരം മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

209 (1433) <u>ശ്രീ. ഇ കെ വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി അറിയിക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം മണ്ഡലത്തിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയ സ്കൂളുകളുടെ നിർമ്മാണ പുരോഗതി സഹിതമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**കൂടൽ ഗവ. എൽ.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണം**

210 (1434) <u>ശ്രീ. ഇ കെ വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കൂടൽ ഗവ. എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിർവഹണ ഏജൻസി ഏതാണെന്ന് അറിയിക്കാമോ?

കിലയാണ് നിർവഹണ ഏജൻസി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

(സി) നിലവിൽ കെട്ടിട നിർമ്മാണത്തിന് നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ചരിവുള്ളതായതിനാൽ നിർമ്മാണത്തിന് അനുവദിച്ച തുക മതിയാകാത്ത സാഹചര്യമാണ്. അതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമാണ്.

(ഡി) കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ടെൻഡർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

211 (1435) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിച്ച സ്കൂളുകൾ ഏതൊക്കെയാണെന്നും പ്രസ്തുത കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയവ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും നിർമ്മാണം പൂർത്തിയാക്കാത്തവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ&ബി) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ അഞ്ച് വർഷത്തിനുള്ളിൽ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിച്ച സ്കൂളുകളുടെ നിലവിലെ സ്ഥിതി അടക്കമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**ഇരിക്കൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

212 (1436) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഇരിക്കൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശം നല്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി, 3 കോടി, ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർമ്മാണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**5 കോടി കിഫ്ബി ഫണ്ട്**

5 കോടി കിഫ്ബി ഫണ്ടിൽ അനുവദിച്ച ശ്രീകണ്ഠപുരം ഗവ.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ചു.

**3 കോടി കിഫ്ബി ഫണ്ട്**

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ഇരിക്കൂർ ഗവ.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ചു.

GHSS ശ്രീപുരം സ്കൂളിന്റെ DPR സാങ്കേതികാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. GHSS ചുഴലി സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

**ഒരു കോടി കിഫ്ബി ഫണ്ട്**

ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്. രായരോം, ജി.വി.എച്ച്.എസ്.എസ് കാർത്തികപുരം, ജി.എച്ച്.എസ്.എസ് കണിയഞ്ചാൽ, ജി.എച്ച്.എസ്. നെടുങ്ങോം, ജി.എച്ച്.എസ്.എസ്. ഉളിക്കൽ എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു. ജി.യു.പി.എസ്. തിമിരി സ്കൂളിന്റെ DPR കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ സ്കൂളിന്റെയും നിർമ്മാണം ഏതെല്ലാം തീയതികളിൽ പൂർത്തിയാക്കണമെന്നാണ് വകുപ്പ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

നിർമ്മാണം തുടങ്ങിയിട്ടില്ലാത്ത GHSS ശ്രീപുരം (3 കോടി), GUPS തിമിരി (ഒരു കോടി) എന്നീ സ്കൂളുകളുടെ ടെൻഡർ നടപടികൾ

ആരംഭിച്ചിട്ടില്ല. GHSS ചുഴലി (3 കോടി) സ്കൂളിന്റെ നിർമ്മാണം ആരംഭഘട്ടത്തിലാണ്.

**ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നവീകരണവും പുനരുദ്ധാരണവും**

213 (1437) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ കിഫ്ബി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ പദ്ധതികൾ മുഖേന ഏതെല്ലാം സ്കൂൾ കെട്ടിടങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും പുതിയ ക്ലാസ് മുറികളുടെ നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ടെന്ന വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം) പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിൽ 5 കോടി, 3 കോടി, ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭൗതിക സൗകര്യവികസനത്തിനായി 6 സ്കൂളുകൾക്ക് അനുമതി നൽകിയിരുന്നു.

ഇതിൽ 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GGHSS ഹരിപ്പാട് സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മംഗലം ഗവ. എച്ച്.എസ്.എസ്. സ്കൂളിന്റെ DPR തയ്യാറാക്കി സാങ്കേതികാനുമതിക്കായി നൽകിയിട്ടുണ്ട്.

ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 4 സ്കൂളുകളാണുള്ളത്.

GHSS ആയാപ്പറമ്പ്- സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

GBHSS ഹരിപ്പാട് – സ്കൂളിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

GHSS വലിയഴീക്കൽ - സ്കൂളിന്റെ നിർമ്മാണത്തിന് CRZ clearance ആവശ്യമായിട്ടുണ്ട്.

GLPS കണിച്ചനല്ലൂർ - സ്കൂളിന്റെ DPR കിഫ്ബിയിൽ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവഹണത്തിൽ വളരെ കാലതാമസം നേരിടുന്നവ ഏതെല്ലാമാണെന്നും അതിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ;

(ഡി) ഇവ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(സി&ഡി) 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മംഗലം ഗവ. എച്ച്.എസ്.എസ്. സ്കൂളിന് ഭരണാനുമതി നൽകിയിരുന്നെങ്കിലും നിർവഹണ ഏജൻസിയെ മാറ്റിയതുമൂലം നിർമ്മാണത്തിന് തടസ്സം നേരിട്ടിരുന്നു. ഇപ്പോൾ സാങ്കേതികാനുമതിക്കായി കിഫ്ബിയിൽ നൽകിയിരിക്കുകയാണ്.

ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയ GUPS കാർത്തികപ്പള്ളി സ്കൂളിന് നിർമ്മാണം സാധ്യമാകാത്ത സാഹചര്യത്തിൽ GLPS കണിച്ചനല്ലൂർ സ്കൂളിന് ഭരണാനുമതി മാറ്റി നൽകുകയുണ്ടായി. തുടർന്നാണ് DPR തയ്യാറാക്കിയിട്ടുള്ളത്. അതിനാലാണ് കാലതാമസമുണ്ടായത്.

GBHSS ഹരിപ്പാട് സ്കൂളിന് പ്ലാനിൽ ഭേദഗതി ആവശ്യമായി വന്നതിനാൽ എഗ്രിമെന്റ് ക്യാൻസൽ ചെയ്ത് പുതിയ പ്ലാൻ തയ്യാറാക്കേണ്ടിവന്നത് കാലതാമസത്തിനിടയാക്കി.

GHSS വലിയഴീക്കൽ സ്കൂളിന്റെ നിർമ്മാണത്തിന് CRZ clearance ആവശ്യമായതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

നിർമ്മാണം പൂർത്തിയാകാത്ത 4 സ്കൂളുകളുടെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവഹണ ഏജൻസികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

**ക്ലാസ് മുറികളെ സാങ്കേതിക സൗഹൃദമാക്കാൻ നടപടി**

214 (1438) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:
<u>ശ്രീ. പി. പി. സുമോദ്</u>:
<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാസ് മുറികളെ സാങ്കേതിക സൗഹൃദമാക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വഴി കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്.

**(ബി) ഭൗതിക സാഹചര്യങ്ങളുടെ വികസനങ്ങൾക്കൊപ്പം പാഠ്യപദ്ധതി പരിഷ്കരണവും പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?**

കാലോചിതമായി പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുവേണ്ടി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ നേതൃത്വത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള മാർഗരേഖ തയ്യാറാക്കുന്നതിനായി 26 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ചു.

ഈ ഫോക്കസ് ഗ്രൂപ്പുകൾ പാഠ്യപദ്ധതി സംബന്ധിച്ച് ജനകീയ ചർച്ച നടത്തുന്നതിനുള്ള മാർഗരേഖ വികസിപ്പിച്ചു. ഈ മാർഗരേഖയെ അടിസ്ഥാനപ്പെടുത്തി ജനകീയ ചർച്ചയും കുട്ടികളുടെ ചർച്ചയും നടത്തി അതിനൊപ്പം തന്നെ ഫോക്കസ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ഗവേഷണാത്മകമായ അന്വേഷണങ്ങളും പഠനങ്ങളും നടത്തി. ജനകീയ ചർച്ചയുടെയും അന്വേഷണങ്ങളുടെയും അടിസ്ഥാനത്തിൽ ഫോക്കസ് ഗ്രൂപ്പുകൾ അതത് മേഖലയിൽ നിലപാട് രേഖകൾ തയ്യാറാക്കി.

ഈ നിലപാട് രേഖകളെ അടിസ്ഥാനപ്പെടുത്തി പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി സ്കൂൾ, പ്രീ-സ്കൂൾ, തുടർ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം എന്നിങ്ങനെ നാല് പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂടിനെ അടിസ്ഥാനമാക്കി പാഠപുസ്തക പരിഷ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2024-25 അധ്യയന വർഷം 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. പാഠ്യപദ്ധതി ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് അധ്യാപകരെ സഹായിക്കുന്നതിനുള്ള ടീച്ചർ ടെക്സ്റ്റുകളുടെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. 2025-26 അധ്യയന വർഷം 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതാണ്. ഹയർ സെക്കൻഡറി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. പ്രീ-പ്രൈമറി പാഠ്യപദ്ധതി നവീകരിക്കാനുള്ള പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. 2025-26 അധ്യയന വർഷം മുതൽ പരിഷ്കരണത്തിന്റെ ഭാഗമായുള്ള പഠന സാമഗ്രികൾ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

പാഠ്യപദ്ധതി നടത്തിപ്പിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് രക്ഷാകർതൃ വിദ്യാഭ്യാസത്തിനുള്ള നാല് കൈപ്പുസ്തകങ്ങളും എസ്. സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

സാങ്കേതികവിദ്യാ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി കൈറ്റിന്റെ നേതൃത്വത്തിൽ ഒന്ന് മുതൽ പത്തുവരെ ക്ലാസുകളിലെ ഐ.സി.ടി. പാഠ്യപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും 1, 3, 5, 7 ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകങ്ങൾ തയ്യാറാക്കി എസ്.സി.ഇ.ആർ.ടി.-ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഈ വർഷം തയ്യാറാക്കുന്നതാണ്. അതോടൊപ്പം ഹൈടെക് ക്ലാസ് മുറികളിൽ ഉപയോഗത്തിന് ' സമഗ്ര പ്ലസ് ' ഡിജിറ്റൽ വിഭവ പോർട്ടലും തയ്യാറാക്കിയിട്ടുണ്ട്.

(സി) നിർമ്മിത ബുദ്ധിയിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ എല്ലാ അധ്യാപകർക്കും ഘട്ടം ഘട്ടമായി നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള

പ്രത്യേക പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നൽകുന്നതിന് തീരുമാനിക്കുകയും ആദ്യഘട്ടമായി സെക്കൻഡറി, ഹയർ സെക്കൻഡറി മേഖലയിലെ 20469 അധ്യാപകർക്ക് 4 ദിവസത്തെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 2024 ഡിസംബറിന് മുമ്പ് അധ്യാപക പരിശീലനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ**

215 (1439) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യ വികസനത്തിനായി ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന വികസന പ്രവർത്തനം പൂർത്തീകരിച്ചവയും പൂർത്തീകരിക്കാത്തവയും ഏതൊക്കെയാണെന്നും

അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; പുതിയ പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പുതുപ്പള്ളി മണ്ഡലത്തിൽ ഒരു സ്കൂളിനാണ് ഭരണാനുമതി നൽകിയിരുന്നത്.

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പുതുപ്പള്ളി ഗവ. സെന്റ് ജോർജ് വി.എച്ച്.എസ്.എസ്.-ന്റെ അക്കാദമിക് ബ്ലോക്ക്, ഹാർഡ്‌വെയർ ലാബ് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

(സി) വാകത്താനം പഞ്ചായത്തിലെ നാലുന്നാക്കൽ സെന്റ് ആദായീസ് ഗവ. എൽ.പി. സ്കൂളിന് പുതിയ കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നാലുന്നാക്കൽ സെന്റ് ആദായീസ് ഗവ. എൽ.പി. സ്കൂൾ ശോചനീയാവസ്ഥയിലാണെന്നും അതിനാൽ പുതിയ കെട്ടിടം അനുവദിക്കണമെന്നുമാവശ്യപ്പെട്ട് സ്കൂൾ പി.ടി.എ. സമർപ്പിച്ച പരാതി പരിശോധിക്കുന്നതിന് കോട്ടയം ഡി.ഡി.ഇ.- യ്ക്ക് നിർദേശം നൽകിയിട്ടുണ്ട്. ടി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ 251.40 ലക്ഷം രൂപയുടെ PWD എസ്റ്റിമേറ്റ് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ച് വരികയാണ്.

ഇക്കാര്യത്തിൽ സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**അഴീക്കോട് മണ്ഡലത്തിൽ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ വിനിയോഗിച്ച് നവീകരിക്കുന്ന സ്കൂളുകൾ**

216 (1440) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ വിനിയോഗിച്ച് നവീകരിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചു; പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ&ബി) അഴീക്കോട് മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ പ്രവർത്തന പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**വിദ്യാകിരണം മിഷൻ**

217 (1441) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-01-2024 മുതൽ വിദ്യാകിരണം മിഷന്റെ നേതൃത്വത്തിൽ അഞ്ച് കോടി രൂപ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്താൻ ലക്ഷ്യമിട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

01-01-2024 മുതൽ വിദ്യാകിരണം മിഷന്റെ നേതൃത്വത്തിൽ 5 കോടി, 3 കോടി, ഒരു കോടി രൂപ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഒന്നുംതന്നെ ഇല്ല.

(ബി) മൂന്ന് കോടി രൂപ കിഫ്ബി ഫണ്ടിൽ എത്ര സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും നിർമ്മാണം പൂർത്തിയായതും പുരോഗമിക്കുന്നതുമായ സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഒരു കോടി രൂപ കിഫ്ബി ഫണ്ടിൽ എത്ര സ്കൂളുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതിയുടെ പുരോഗതിയും വിശദമാക്കാമോ?

(ബി&സി) 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് ഭരണാനുമതി നൽകിയ 386 സ്കൂളുകളിൽ 171 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് ഭരണാനുമതി നൽകിയ 446 സ്കൂളുകളിൽ 176 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

**സ്കൂൾ സംരക്ഷണ പാക്കേജ്**

218 (1442) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് ഈ വർഷം മുതൽ നടപ്പിലാക്കാനാണോ സർക്കാർ തീരുമാനിച്ചിരിക്കുന്നത്; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേന്ദ്ര വിദ്യാഭ്യാസ നയത്തോട് സംസ്ഥാന സർക്കാർ യോജിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തിരഞ്ഞെടുക്കുന്ന സ്കൂളുകളുടെ സമീപമുള്ള ചെറിയ സ്കൂളുകളെ സംരക്ഷിക്കാൻ എന്തെങ്കിലും പാക്കേജുകൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേന്ദ്രസർക്കാരിന്റെ പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേന്ദ്ര വിദ്യാഭ്യാസ നയത്തോട് സംസ്ഥാന സർക്കാരിന്റെ സമീപനം എങ്ങനെയായിരിക്കണം എന്നതിൽ ചർച്ചകൾ നടന്നുവരുന്നു. പ്രസ്തുത

പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ കൂടി പരിഗണിച്ച് ബന്ധപ്പെട്ട എല്ലാവരുമായി വിശദമായ ചർച്ചകൾക്കും അഭിപ്രായ രൂപീകരണത്തിനും ശേഷം നടപ്പിലാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

**ഡിജിറ്റൽ കേരള പദ്ധതി**

219 (1443) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എ. രാജ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയിൽ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണത്തിനും സാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്),

സംസ്ഥാനത്തെ ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ, 'സമഗ്ര' പഠന വിഭവ പോർട്ടൽ, അധ്യാപക പരിശീലനം, ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ, കൈറ്റ്, വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ വഴിയുള്ള ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി കേരളത്തെ ഇന്ത്യയിലെ ആദ്യ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി 2020 ഒക്ടോബർ 12-ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഹൈടെക് പദ്ധതികൾ പ്രകാരം 16009 സ്കൂളുകളിൽ 119051 ലാപ്ടോപ്പ്, 69955 പ്രൊജക്ടർ, 43250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷൻ, 4609 മൾട്ടിഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 100439 യു.എസ്.ബി. സ്പീക്കർ എന്നിവ വിതരണം ചെയ്തു. ഓരോ സ്കൂളിനും നൽകിയ ഉപകരണങ്ങളുടെ വിശദാംശം sametham.kite.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 2021-22 ലെ യൂണിഫൈഡ് ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യൂക്കേഷൻ (യുഡൈസ് പ്ലസ്) റിപ്പോർട്ട് പ്രകാരം ഡിജിറ്റൽ കേരള പദ്ധതിക്ക് ഒന്നാം സ്ഥാനം ലഭ്യമായിട്ടുണ്ടോ?

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 2021-22 ലെ UDISE+ റിപ്പോർട്ട് പ്രകാരം ഡിജിറ്റൽ കേരള പദ്ധതിക്ക് കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്.

(സി) ക്ലാസ് മുറികളിലെ പ്രൊജക്ടറുകളുടെ എണ്ണത്തിലും ഐ.സി.ടി. ലാബുകളുടെ എണ്ണത്തിലും സംസ്ഥാനം ദേശീയ ശരാശരിയേക്കാൾ മുമ്പിലാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിച്ച 2021-22-ലെ യുഡൈസ് പ്ലസ് റിപ്പോർട്ടിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ഹൈടെക് പദ്ധതികൾ നടപ്പിലാക്കുകയും ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കുകയും

ഒന്ന് മുതൽ ഏഴുവരെ ക്ലാസുകളിൽ ഹൈടെക് ലാബ് പദ്ധതിയിലൂടെ ഐ.സി.ടി. ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തതോടെ കേരളം ഇന്ത്യയിലെ ആദ്യ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

220 (1444) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത സ്കൂൾ കെട്ടിടനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടികളുടെ സർവതോന്മുഖമായ വളർച്ചയ്ക്കുവേണ്ടിയുള്ള പുതിയ പദ്ധതികൾ**

221 (1445) <u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീ. വി. ആർ. സുനിൽകുമാർ</u>:
<u>ശ്രീ. സി. സി. മുകുന്ദൻ</u>:
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ സർവതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ അധ്യയന വർഷം ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്ന് മുതൽ പത്തുവരെ ക്ലാസുകളിലേക്ക് സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠനപ്രവർത്തനങ്ങൾക്ക് പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങളും ഐ.ടി. അധിഷ്ഠിത പഠനത്തിന് ഓരോ ക്ലാസിലേയും എല്ലാ വിഷയങ്ങളുടേയും പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ പഠനവിഭവങ്ങളും അവ ക്ലാസ് മുറികളിൽ ഫലപ്രദമായി വിനിമയം ചെയ്യുന്നതിനായി അധ്യാപക പരിശീലനവും ഉപകരണ വിതരണവും സംസ്ഥാനത്തെ ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. അധ്യാപകർക്കൊപ്പം വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും സാങ്കേതികവിദ്യാ സൗകര്യങ്ങൾ മനസ്സിലാക്കുന്നതിനും ഉപയോഗിക്കുന്നതിനും പ്രത്യേക പരിശീലനവും നൽകുന്നുണ്ട്. സാങ്കേതിക വിദ്യയിൽ താൽപര്യവും വൈദഗ്ധ്യവുമുള്ള കുട്ടികളെ ഹൈസ്കൂൾ തലത്തിൽത്തന്നെ കണ്ടെത്തി കൂടുതൽ അറിവ് നൽകുന്നതിനും അത് സഹപാഠികൾക്ക് പകർന്നുനൽകുന്നതിനും സഹായിക്കുന്ന വിധത്തിൽ 'ലിറ്റിൽ കൈറ്റ്സ് ' ഐ.ടി. ക്ലബ്ബുകൾ ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്. ഓരോ വർഷവും അറുപതിനായിരത്തിലധികം കുട്ടികളെ ലിറ്റിൽ കൈറ്റ്സ്

അംഗങ്ങളായി തിരഞ്ഞെടുത്ത് അനിമേഷൻ, പ്രോഗ്രാമിംഗ്, മൊബൈൽ ആപ് നിർമാണം, ഗ്രാഫിക്സ് ഡിസൈനിങ്, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ്, ഐ.ഒ.ടി., റോബോട്ടിക്സ്, സൈബർ സുരക്ഷ ഉൾപ്പെടെയുള്ള മേഖലകളിൽ പരിശീലനവും നൽകുന്നുണ്ട്. കാലഘട്ടത്തിനനുസൃതമായി സാങ്കേതികവിദ്യയിലധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിലും നടപ്പാക്കുന്നതിനായി ഈ വർഷം മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമ്മിതബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനങ്ങളും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) പുതിയ കാലത്തിന്റെ പ്രതീക്ഷകളും വെല്ലുവിളികളും ധൈര്യപൂർവം നേരിടുന്ന പുത്തൻ തലമുറയെ സൃഷ്ടിക്കുന്നതിനുവേണ്ടി പാഠ്യപദ്ധതിയിൽ എന്തെല്ലാം നൂതനാശയങ്ങളാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വിശദമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഒന്നുമുതൽ പത്തുവരെ ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും 1, 3, 5, 7 ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി ലഭ്യമാക്കുകയും ചെയ്തു. മറ്റ് ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഈ വർഷം തയ്യാറാക്കുന്നതാണ്. അതോടൊപ്പം പാഠഭാഗങ്ങളിൽ നിർമ്മിത ബുദ്ധി (AI) പരിചയപ്പെടുത്തുന്നതിനും ഹൈടെക് ക്ലാസ് മുറികളിൽ ഉപയോഗത്തിന് “സമഗ്ര പ്ലസ്" ഡിജിറ്റൽ വിഭവ പോർട്ടലും തയ്യാറാക്കിയിട്ടുണ്ട്.

(സി) പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആധുനിക സാങ്കേതികവിദ്യയുടെയും നിർമ്മിത ബുദ്ധിയുടെയും സഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ എല്ലാ അധ്യാപകർക്കും ഘട്ടം ഘട്ടമായി നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള പ്രത്യേക പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നൽകുന്നതിന്

തീരുമാനിക്കുകയും ആദ്യ ഘട്ടമായി സെക്കൻഡറി, ഹയർ സെക്കൻഡറി മേഖലയിലെ 20469 അധ്യാപകർക്ക് നാല് ദിവസത്തെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 2024 ഡിസംബറിന് മുമ്പ് അധ്യാപക പരിശീലനം പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

(ഡി) വിദ്യാർഥികളെ ലഹരിയുടെ അപകടങ്ങളിൽനിന്ന് അകറ്റുന്നതിന് വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

ലഹരിയുടെ വിപത്തുകൾ, സമൂഹത്തിലെ സ്ഥിതിവിശേഷം എന്നിവ കുട്ടികൾക്ക് ബോധ്യപ്പെടുത്തുന്നതിനായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് മാർഗനിർദേശം ഉൾപ്പെടുത്തിയ സർക്കുലർ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും 2024-2025 അധ്യയനവർഷാരംഭം നൽകിയിട്ടുണ്ട്. കൂടാതെ 2024-2025 അധ്യയന വർഷം ലഹരി വിരുദ്ധക്യാമ്പയിൻ നടത്തിപ്പിലേക്കായി ഒന്നരക്കോടി രൂപയുടെ പ്രവർത്തനങ്ങൾ വിഭാവന ചെയ്തിട്ടുണ്ട്. ഈ അധ്യയന വർഷം പരിഷ്കരിച്ച

പാഠപുസ്തകങ്ങളിൽ ഹൈസ്കൂൾ തലത്തിൽ ജീവിതശൈലിയുമായി ബന്ധപ്പെട്ട് ലഹരിയുടെ ദുരുപയോഗം വ്യക്തമാക്കുന്ന പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ലഹരിവിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി ഈ അധ്യയന വർഷം ആന്റി ഡ്രഗ് പാർലമെന്റ്, സംവാദ സദസ്സ്, ബഹു. മുഖ്യമന്ത്രിയുടെ ലഹരി വിരുദ്ധ സന്ദേശം, ശിശുദിന അസംബ്ലി, ലഹരി വിരുദ്ധ സെമിനാർ, ക്ലാസ് സഭ എന്നീ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂൾതലത്തിൽ രൂപീകരിച്ച ജാഗ്രതാ സമിതി, ജാഗ്രതാ ബ്രിഗേഡുകൾ, ജാഗ്രതാ കോ-ഓർഡിനേറ്റർമാർ എന്നിവരെ ശാക്തീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. നേതൃത്വ പരിശീലന പരിപാടികൾ, രക്ഷാകർതൃ വിദ്യാഭ്യാസം, പ്രാദേശിക സംവാദസദസ്സുകൾ എന്നിവ പ്രവർത്തനങ്ങളുടെ ഭാഗമാകും. കുട്ടികളുടെ ശ്രദ്ധയെ കൂടുതൽ ഉൽപാദനക്ഷമവും ഫലപ്രദവുമായ രീതിയിൽ കൊണ്ടുവരുന്നതിന് വൈവിധ്യമാർന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ (കലാ-കായികം) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഹയർസെക്കൻഡറി തലത്തിൽ സൗഹൃദ കോ-ഓർഡിനേറ്റർമാർ മുഖേന

1650 ഹയർ സെക്കൻഡറി വിദ്യാലയങ്ങളിലെ രണ്ടാംവർഷ വിദ്യാർഥികൾ ഉൾപ്പെടെ എല്ലാവർക്കും ഈ അധ്യയന വർഷം വർക്ക്ഷോപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, വനിതാ-ശിശുവികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവരുമായി ചേർന്ന് ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. ഈ SOP-യുമായി ബന്ധപ്പെട്ട ട്രെയിനിംഗ് എല്ലാ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി അധ്യാപകർക്കും അവധിക്കാല അധ്യാപക പരിശീലനത്തിൽ നൽകിയിട്ടുണ്ട്. പ്രസ്തുത SOP-യിൽ കേസുകളുടെ റിപ്പോർട്ടിംഗ്, കൗൺസിലിംഗ്, റഫറൽ സംവിധാനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ വിശദമായി പ്രതിപാദിക്കുന്നുണ്ട്. സംസ്ഥാനത്തെ ഏകദേശം രണ്ടുലക്ഷത്തോളമുള്ള അധ്യാപകർക്ക് മേൽഘടകങ്ങളെ സംബന്ധിച്ച പരിശീലനം ഈ അവധിക്കാല അധ്യാപക പരിശീലനത്തിൽ നൽകുകയുണ്ടായി. വിവിധ വകുപ്പുകളുമായി ചേർന്ന് തയ്യാറാക്കിയ പ്രവർത്തന കലണ്ടർ കുട്ടികളുടെ അധ്യയനത്തെ ബാധിക്കാത്ത രീതിയിൽ ഈ അധ്യായന വർഷം പൊതുവിദ്യാഭ്യാസ

വകുപ്പ് നടപ്പിലാക്കുന്നതാണ്. ഐ.സി.ടി. പഠനത്തിൽ ഇക്കാര്യത്തിൽ അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുകയും വിവിധ തലങ്ങളിലുള്ള ലഹരിയുടെ അപകടങ്ങളെക്കുറിച്ച് പരിശീലനത്തിലും വിനിമയത്തിലും വിശദമാക്കുകയും ചെയ്യുന്നുണ്ട്.

**തൊഴിൽ നഷ്ടപ്പെട്ട അധ്യാപകരെ സംരക്ഷിക്കാൻ നടപടി**

222 (1446) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒൻപത്, പത്ത് ക്ലാസുകളിലെ അധ്യാപക-വിദ്യാർഥി അനുപാതത്തിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടായി അനുവദിച്ചിരുന്ന 1:40 എന്ന അനുപാതം എടുത്തുകളയുക വഴി തൊഴിൽ നഷ്ടപ്പെട്ട ആയിരക്കണക്കിന് അധ്യാപകരെ സംരക്ഷിക്കാനായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ 1:40 അനുപാതത്തിന് വ്യവസ്ഥയില്ല. 1:40 അനുപാതം ചട്ടപ്രകാരമുള്ള അവകാശമോ ആനുകൂല്യമോ അല്ല. 9, 10 ക്ലാസ്സുകളിൽ കെ.ഇ.ആർ. ചട്ടങ്ങൾ പ്രകാരമുള്ള അധ്യാപക-വിദ്യാർഥി

അനുപാതം 1:45 എന്ന നിരക്കിലാണ്. 02-12-2022-ലെ സ.ഉ.(കൈ)നം. 220/2022/പൊ.വി.വ. ഉത്തരവ് പ്രകാരം 2022-23 അധ്യയന വർഷത്തേയ്ക്കുകൂടി നിലവിലുള്ള കെ.ഇ.ആർ. ചട്ടങ്ങൾക്ക് ഇളവ് നൽകിക്കൊണ്ട് 1:40 അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത ഇളവ് 2023-2024 വർഷം മുതൽ അനുവദിക്കുന്നതല്ലെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

**മലബാർ പ്രദേശത്തെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കാൻ നടപടി**

223 (1447) ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേണ്ട 25 കുട്ടികളില്ലാത്ത ഹയർ സെക്കൻഡറി ബാച്ചുകൾ സംസ്ഥാനത്തുള്ളതായി കണ്ടെത്തിയിട്ടുണ്ടോ?

2023-24 അധ്യയന വർഷം പ്ലസ് വൺ പ്രവേശനം പൂർത്തിയായപ്പോൾ 25-ൽ താഴെ കുട്ടികളുള്ള 129 ബാച്ചുകൾ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഉണ്ട്.

(ബി) പ്ലസ് വൺ സീറ്റുകളിലെ അപര്യാപ്തത പരിഹരിക്കുന്നതിനായി മറ്റ് പ്രദേശങ്ങളിലെ കുട്ടികൾ കുറഞ്ഞ ബാച്ചുകൾ മലബാർ മേഖലയിലേയ്ക്ക് മാറ്റണമെന്ന നിർദേശം ഉണ്ടായിട്ടുണ്ടോ?

മുൻ വർഷങ്ങളിൽ കുട്ടികൾ കുറവുള്ള ബാച്ചുകൾ ആവശ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി 08-05-2024-ലെ സ.ഉ.(കൈ) നം. 45/2024/പൊ.വി.വ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സർക്കാർ അനുകൂലമായ തീരുമാനം എടുക്കുമോ; വിശദമാക്കുമോ?

മുഖ്യഘട്ട പ്രവേശനം പൂർത്തീകരിച്ചശേഷം സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും സ്ഥിതി വീണ്ടും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഹയർ സെക്കൻഡറി സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നത് സംബന്ധിച്ച്**

224 (1448) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളജുകളിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തി ഹയർ സെക്കൻഡറി മേഖലയിൽ പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾ അനുവദിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കുമോ?

1990-91-ലാണ് സംസ്ഥാനത്ത് ഹയർ സെക്കൻഡറി മേഖലയിൽ പ്ലസ് വൺ, പ്ലസ് ടു കോഴ്സുകൾ അനുവദിച്ചത്.

(ബി) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ നാളിതുവരെ എത്ര ഹയർ സെക്കൻഡറി സ്കൂളുകളും ബാച്ചുകളും അനുവദിച്ചിട്ടുണ്ട് എന്ന് വർഷം, ജില്ല, ഹയർ സെക്കൻഡറി ബാച്ചുകളുടെ എണ്ണം, വിഷയം എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രീഡിഗ്രി നിർത്തലാക്കിയത് മുതൽ നാളിതുവരെ സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ ഹയർ സെക്കൻഡറി സ്കൂളുകൾ അനുവദിച്ചുകൊണ്ട് പുറത്തിറങ്ങിയ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

നാളിതുവരെ സംസ്ഥാനത്തെ ഹയർ സെക്കൻഡറിയിൽ 46 കോഴ്സ് കോമ്പിനേഷനുകളിലായി സ്ഥിരമായും താൽക്കാലികമായതുമുൾപ്പടെ 7220 ബാച്ചുകൾ പ്രവർത്തിച്ചുവരുന്നു. 1990-ൽ 31 സ്കൂളുകളിൽ ഓരോ ബാച്ച് വീതം ആരംഭിച്ചുകൊണ്ടാണ് കേരളത്തിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം ആരംഭിച്ചത്. തുടർന്ന് 1991, 1997, 1998, 2000, 2002, 2004, 2009, 2010, 2014, 2015 എന്നീ വർഷങ്ങളിലാണ് ഹയർ സെക്കൻഡറി മേഖലയിൽ പ്രധാനമായും അധിക സ്കൂളുകളും ബാച്ചുകളും അനുവദിച്ചത്. വിവിധങ്ങളിലായ 50-ൽപ്പരം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഹയർ സെക്കൻഡറി സ്കൂളുകളും ബാച്ചുകളും അനുവദിച്ചത്. അത് ജില്ല, വർഷം അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

സംസ്ഥാനത്ത് ഹയർ സെക്കൻഡറി സ്കൂളുകളും ബാച്ചുകളും അനുവദിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ ലഭ്യമായ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

**കാസർഗോഡ് ജില്ലയിലെ പ്ലസ് ടു പഠനസൗകര്യം വർധിപ്പിക്കാൻ നടപടി**

225 (1449) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇത്തവണ എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച് ഉപരിപഠനത്തിന് അർഹത നേടിയ കുട്ടികളുടെ എണ്ണം എത്രയാണെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുട്ടികളിൽ പ്ലസ് വണ്ണിന് അപേക്ഷിച്ചവരുടെ എണ്ണം എത്രയാണെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അപേക്ഷിച്ച കുട്ടികളിൽ എത്ര പേർക്ക് ഇതിനകം പ്ലസ് വണിന് സീറ്റുകൾ കിട്ടിയെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ പ്ലസ് വണിന് എത്ര സീറ്റുകളാണുള്ളതെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

(എ-ഡി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. +

(ഇ) എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച ജില്ലയിലെ മുഴുവൻ കുട്ടികൾക്കും ഉപരിപഠനത്തിന് അവസരമുണ്ടാകുമോ; ഇല്ലെങ്കിൽ ഇതിനായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഹയർസെക്കൻഡറി മേഖലയിലെ 18565 സീറ്റുകൾക്ക് പുറമേ വൊക്കേഷണൽ ഹയർസെക്കൻഡറി മേഖലയിലെ 1590 സീറ്റുകളും ഐ.റ്റി.ഐ. മേഖലയിലെ 1546 സീറ്റുകളും പോളിടെക്നിക് മേഖലയിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

460 സീറ്റുകളും കൂടി ആകെ 22161 സീറ്റുകൾ റെഗുലർ പഠനത്തിനായി കാസർഗോഡ് ജില്ലയിൽ ലഭ്യമാണ്.

(എഫ്) കഴിഞ്ഞ വർഷം കാസർഗോഡ് ജില്ലയിൽ പ്ലസ് വണ്ണിന് അഡീഷണൽ ബാച്ചും അഡീഷണൽ സീറ്റും അനുവദിച്ചിരുന്നോ; എങ്കിൽ അപ്രകാരം അനുവദിച്ച സ്കൂളുകളടക്കമുള്ള വിശദാംശം നൽകാമോ?

എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ചിട്ടുണ്ട്. കാസർകോട് ജില്ലയിൽ താൽക്കാലികമായി അനുവദിച്ച അധിക ബാച്ചുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ജി) ഈ വർഷം അഡീഷണൽ ബാച്ചും അഡീഷണൽ സീറ്റും അനുവദിക്കുമോ?

08-05-2024-ലെ സ.ഉ.(കൈ)നം.45/2024/പൊ.വി.വ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ ഈ വർഷവും തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ചിട്ടുണ്ട്.

**ഹയർ സെക്കൻഡറി പ്രവേശനം**

226 (1450) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹയർ സെക്കൻഡറി പ്രവേശനത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി എന്നായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഈ വർഷത്തെ ഹയർ സെക്കൻഡറി പ്രവേശനത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന മുഖ്യഘട്ടത്തിലെ അവസാന തീയതി 2024 മെയ് 25 ആയിരുന്നു.

(ബി) ഓരോ ജില്ലയിലും എത്ര അപേക്ഷകൾ പ്ലസ് വൺ പ്രവേശനത്തിനുവേണ്ടി ലഭിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പ്ലസ് വൺ കോഴ്സുകൾക്ക് നിലവിൽ സ്ഥിരം ബാച്ചുകളിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ എത്ര സീറ്റുകൾ വീതം ഓരോ വിഷയങ്ങൾക്കുമുണ്ടെന്ന് ജില്ല, വിഷയം എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) മാർജിനൽ ഇൻക്രീസ്, താൽക്കാലിക ബാച്ച് എന്നിവ മൂലം ഈ വർഷം ഇതേ മേഖലകളിൽ എത്ര കുട്ടികൾക്ക് അധികമായി പ്രവേശനം നൽകാൻ സാധിക്കും എന്നത് സംബന്ധിച്ചുള്ള കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഇ) 2023-24 അധ്യയനവർഷം സ്കോൾ കേരള മുഖേന പ്ലസ് വൺ പഠനത്തിന് രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

(ബി-ഇ) ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) 50 കുട്ടികൾക്ക് പകരം മാർജിനിൽ ഇൻക്രീസിലൂടെ 65 കുട്ടികൾ ഒരു ക്ലാസ് റൂമിൽ ഇരുന്ന് പഠനം നടത്തുന്നതുമൂലം ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കാൻ സാധിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമുള്ള ഇടങ്ങളിൽ പുതിയ ബാച്ചുകളും പുതിയ ഹയർ സെക്കൻഡറി സ്കൂളുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സീറ്റുകളുടെ എണ്ണം മാത്രമല്ല ആവശ്യമുള്ളിടത്ത് അധിക താൽക്കാലിക ബാച്ചുകളും അനുവദിക്കുന്നതിനാൽ പഠന നിലവാരത്തെ ബാധിക്കുന്നില്ല.

**എസ്.എസ്.എൽ.സി. വിജയിച്ച എല്ലാ വിദ്യാർഥികൾക്കും തുടർ പഠനത്തിന് അവസരം**

227 (1451) **ശ്രീ. ഇ. കെ. വിജയൻ:**

**ശ്രീ. പി. എസ്. സുപാൽ:**

**ശ്രീ. മുഹമ്മദ് മുഹസിൻ:**

**ശ്രീ. പി. ബാലചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ചരിത്രത്തിലെ ഏറ്റവും വലിയ വിജയശതമാനം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല. 2024-ൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയ ശതമാനം 99.69 ആണ്. മുൻ വർഷം വിജയ ശതമാനം 99.7 ആയിരുന്നു.

(ബി) ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയെഴുതി ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർഥികൾക്കും തുടർപഠനം ഉറപ്പാക്കുന്ന വിധത്തിൽ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി കോഴ്സുകൾക്കുള്ള സീറ്റുകൾ വർധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വി.എച്ച്.എസ്.ഇ. യോഗ്യത നേടിയ എല്ലാ വിദ്യാർഥികൾക്കും തുടർപഠനം ഉറപ്പാക്കുന്ന വിധത്തിൽ വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ സീറ്റുകൾ ലഭ്യമാണ്.

(സി) മലബാർ മേഖലയിൽ ഉന്നത പഠനം ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് ആവശ്യമാകുന്നത്ര പ്ലസ് വൺ, ഹയർസെക്കൻഡറി,

വൊക്കേഷണൽ ഹയർസെക്കൻഡറി സീറ്റുകൾ വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**വി.എച്ച്.എസ്.ഇ.**

വി.എച്ച്.എസ്.ഇ. യോഗ്യത നേടിയ എല്ലാ വിദ്യാർഥികൾക്കും തുടർപഠനം ഉറപ്പാക്കുന്ന വിധത്തിൽ വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ സീറ്റുകൾ ലഭ്യമാണ്.

**ഹയർസെക്കൻഡറി**

ഹയർസെക്കൻഡറിയിൽ 2022-23 അധ്യയന വർഷം 07-07-2022-ലെ സ.ഉ.(കൈ)നം.118/2022/പൊ.വി.വ ഉത്തരവനുസരിച്ച് അനുവദിച്ച ആകെ 81 താൽക്കാലിക ബാച്ചുകൾ 2023-24 അധ്യയന വർഷവും 27-05-2023-ലെ സ.ഉ.(കൈ)നം.63/2023/പൊ.വി.വ ഉത്തരവനുസരിച്ച് തുടർന്നിരുന്നു. 08-05-2024-ലെ സ.ഉ.(കൈ)നം.45/2024/പൊ.വി.വ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർധനയും എല്ലാ

എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്താകമാനമുള്ള സ്കൂളുകളിൽ പ്ലസ് വൺ പഠനത്തിന് സയൻസ് വിഷയത്തിൽ കൂടുതൽ സീറ്റുകൾ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**വി.എച്ച്.എസ്.ഇ.**

വി.എച്ച്.എസ്.ഇ.-യിൽ നിലവിൽ സയൻസ് ബാച്ചുകൾ ആണ് കൂടുതലായുള്ളത്.

**ഹയർസെക്കൻഡറി**

ഹയർസെക്കൻഡറിയിൽ 2022-23 അധ്യയന വർഷം 07-07-2022-ലെ സ.ഉ.(കൈ)നം.118/2022/പൊ.വി.വ ഉത്തരവനുസരിച്ച് അനുവദിച്ച ആകെ 81 താൽക്കാലിക ബാച്ചുകൾ 2023-24 അധ്യയന വർഷവും 27-05-2023-ലെ സ.ഉ.(കൈ)നം. 63/2023/പൊ.വി.വ ഉത്തരവനുസരിച്ച് തുടർന്നിരുന്നു. 08-05-2024-ലെ സ.ഉ.(കൈ) നം.45/2024/പൊ.വി.വ ഉത്തരവ് പ്രകാരം

2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

**അരൂർ ഗവൺമെന്റ് ഹൈസ്കൂളിലെ ക്ലാസ്സ് മുറികൾ**

228 (1452) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂർ ഗവൺമെന്റ് ഹൈസ്കൂളിൽ നിലവിൽ എത്ര ക്ലാസ്സ് മുറികൾ ഉണ്ടെന്ന് വിശദമാക്കാമോ?

അരൂർ മണ്ഡലത്തിലെ അരൂർ ഗവൺമെന്റ് ഹൈസ്കൂളിൽ നിലവിൽ 29 ക്ലാസ് മുറികൾ ഉണ്ട്. (6 unfit).

(ബി) പ്രസ്തുത ക്ലാസ്സ് മുറികളിൽ എത്രയെണ്ണം പഠനത്തിനും ലാബിനും മറ്റുമായി ഉപയോഗിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ?

23 ക്ലാസ് മുറികൾ പഠനാവശ്യത്തിനും ലാബിനും മറ്റുമായി ഉപയോഗിക്കുന്നു.

(സി) പ്രസ്തുത സ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റിയുടെ സ്റ്റഡി സെന്ററിന് എത്ര ക്ലാസ്സ് മുറികൾ വിട്ടുനൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

8 ക്ലാസ്സ് മുറികൾ ഉൾപ്പെടുന്ന ഇരുനില കെട്ടിടമാണ് കേരള യൂണിവേഴ്സിറ്റിയുടെ സ്റ്റഡി സെന്ററിന് വിട്ടുനൽകിയിട്ടുള്ളത്.

(ഡി) യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിന് (യു.ഐ.റ്റി.) ക്ലാസ്സ് മുറികൾ വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിന് ക്ലാസ്സ് മുറികൾ വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. ആലപ്പുഴ ജില്ലാ പഞ്ചായത്ത് ജി.എച്ച്.എസ്.എസ്. അരൂർ സ്കൂളിലെ പഴയ കെട്ടിടത്തിലെ 4 ക്ലാസ്സ് മുറികൾകൂടി താൽക്കാലികമായി യു.ഐ.റ്റി.-ക്ക് വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്തുവെങ്കിലും അതിനെതിരെ സ്കൂളിലെ

വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ ജില്ലാ കളക്ടർക്കും വിദ്യാഭ്യാസ ഉപഡയറക്ടർക്കും പരാതി നൽകിയിരുന്നു.

(ഇ) യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിന് കെട്ടിടം വിട്ടുനൽകുന്നതിന് സാങ്കേതികമായി എന്തെങ്കിലും പ്രശ്നമുണ്ടോ എന്ന് വിശദമാക്കാമോ?

യു.ഐ.റ്റി. പ്രവർത്തിക്കുന്നതുമൂലം എൽ.പി. മുതൽ എച്ച്.എസ് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് കെ.ഇ.ആർ. അധ്യായം IV ചട്ടം 3-ൽ പ്രതിപാദിക്കുംപ്രകാരമുള്ള കളിസ്ഥലം ഇല്ലാതായിട്ടുണ്ട്. എൽ.കെ.ജി. മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികളോടൊപ്പം ഡിഗ്രി തലത്തിലുള്ള കുട്ടികളും ഒരേ കോമ്പൗണ്ടിൽ പഠിക്കുമ്പോൾ ഇരുവിഭാഗം കുട്ടികൾക്കും അനുകൂലമായ പഠനാന്തരീക്ഷം ലഭിക്കാതെവരുന്നു.

(എഫ്) കെട്ടിടം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

വിഷയം പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## നടക്കാവ് ഗവ.ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിലെ കാലതാമസം

229 (1453) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടക്കാവ് ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് 3 കോടി രൂപയുടെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

കോഴിക്കോട് നടക്കാവ് ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂളിന് 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പുതുക്കിയ DSR/GST നിരക്ക് പ്രാബല്യത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി തുക 3.90 കോടി രൂപയായി പുതുക്കിയിട്ടുണ്ട്. PTA നിർദേശിച്ച പ്രദേശത്തെ സ്ഥലപരിമിതി, നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള സൗകര്യക്കുറവ്, സ്ഥലത്തിന് KMBR

സംബന്ധിച്ച പ്രശ്നങ്ങൾ എന്നിവ കാരണം കാലതാമസം നേരിടുന്നതിനാൽ ഇത് സംബന്ധിച്ച് പുതിയ ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കാൻ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനത്തിന് സംവിധാനം ഏർപ്പെടുത്തുമോ?

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, നിർവഹണ ഏജൻസികൾ, കിഫ്ബിയുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും നിശ്ചിത ഇടവേളകളിൽ യോഗം സംഘടിപ്പിച്ച് പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ നിർവഹണത്തിനായി ചുമതലപ്പെടുത്തിയ എസ്.പി.വി. ഏതാണെന്ന് വ്യക്തമാക്കാമോ ?

നിർമ്മാണത്തിന് നിർവഹണ ഏജൻസിയായി INKEL-നെയാണ് ആദ്യഘട്ടത്തിൽ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ഇപ്പോൾ INKEL-നെ മാറ്റി KILA-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണ ഫണ്ട്**

230 (1454) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണ ഫണ്ട് അനുവദിച്ച പയ്യന്നൂർ മണ്ഡലത്തിലെ ജി.എൽ.പി.എസ്. നരമ്പിൽ, എ.കെ.എ.എസ്.ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭൗതികസൗകര്യ വികസനത്തിനായി അനുവദിച്ച ജി.എൽ.പി.എസ്

നരമ്പിൽ സ്കൂളിന്റെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

എ.കെ.എ.എസ്.ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ സ്കൂളിന് 03-06-2024-ന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. Project Execution Document അംഗീകാരത്തിനായി നൽകിയിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉണ്ട്. 2024 മെയ് മാസം 3-ാം തീയതി കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയും പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനുള്ള നിർദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

## മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർഥികളുടെ ഉപരിപഠനം

231 (1455) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ലെ എസ്.എസ്.എൽ.സി. പൊതുപരീക്ഷയിൽ മലപ്പുറം ജില്ലയിൽ എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്; ഇതിൽ എത്ര വിദ്യാർഥികൾ എല്ലാ വിഷയത്തിനും 'എ പ്ലസ്' നേടിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

79730 പേർ മലപ്പുറം ജില്ലയിൽ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. അതിൽ 11974 പേർ എല്ലാ വിഷയത്തിലും 'എ പ്ലസ്' ഗ്രേഡ് നേടിയിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലയിൽ പ്ലസ് വൺ കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

ആകെ അപേക്ഷകൾ 82446 എണ്ണമാണ്. ഇതിൽ 74840 ജില്ലയ്ക്കകത്തെ അപേക്ഷകളും 7606 ജില്ലയ്ക്ക് പുറത്തുനിന്നുള്ള അപേക്ഷകളുമാണ്.

(സി) മലപ്പുറം ജില്ലയിൽ പ്ലസ് വൺ കോഴ്സിന് ആകെ എത്ര സീറ്റുകളാണുള്ളതെന്നും അവ എതൊക്കെ വിഷയങ്ങളിലാണെന്നും തരംതിരിച്ച് വ്യക്തമാക്കാമോ?

ആകെ ഹയർസെക്കൻഡറി സീറ്റുകൾ 71036, സയൻസ് സീറ്റുകൾ 28646, കൊമേഴ്സ് സീറ്റുകൾ 23100, ഹ്യുമാനിറ്റീസ് സീറ്റുകൾ 19290.

(ഡി) മലപ്പുറം ജില്ലയിൽ പ്ലസ് വൺ കോഴ്സിന് സീറ്റുകളുടെ എണ്ണം അപര്യാപ്തമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മുഖ്യഘട്ടത്തിലെ രണ്ട് അലോട്ട്മെന്റുകൾ പൂർത്തീകരിച്ച ശേഷമുള്ള പ്രവേശന വിവരങ്ങൾ അനുസരിച്ച് സീറ്റുകളുടെ അപര്യാപ്തത ഇല്ല.

(ഇ) എങ്കിൽ സീറ്റുകളുടെ എണ്ണം വർധിപ്പിക്കുന്നതിന് പുതിയ കോഴ്സുകളോ അധിക ബാച്ചുകളോ പുതിയ ഹയർസെക്കൻഡറി സ്കൂളുകളോ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

നിലവിൽ സാഹചര്യമില്ല.

(എഫ്) 2024-ലെ എസ്.എസ്.എൽ.സി. പൊതു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും 'എ പ്ലസ്' നേടിയ വിദ്യാർഥികൾക്ക് അവർ ആവശ്യപ്പെടുന്ന വിഷയങ്ങളിൽ ആവശ്യപ്പെടുന്ന സ്കൂളുകളിൽ പ്ലസ് വൺ കോഴ്സിന് അഡ്മിഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

പ്ലസ് വൺ പ്രവേശനം മെരിറ്റ് അടിസ്ഥാനത്തിലാണ് നടത്തുന്നത്.

**തിരുവമ്പാടി മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി**

232 (1456) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ചെറുവാടി ഗവ. ഹൈസ്കൂൾ, കക്കാട് ഗവ. എൽ.പി. സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിന് പ്ലാൻ ഫണ്ട് അനുവദിക്കുന്നതിന് നിർദേശം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചെറുവാടി ഗവ. ഹൈസ്കൂളിന്റെ കളിസ്ഥല നവീകരണം, ലാബ്, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണത്തിനും കക്കാട് ഗവ. എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിനും ഭരണാനുമതി ലഭിക്കുന്നതിനുമുള്ള തുടർനടപടി സ്വീകരിക്കുമോ?

പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

**പാലാ മണ്ഡലത്തിൽ പ്ലസ് വൺ അധിക ബാച്ച് ലഭ്യമാക്കാൻ നടപടി**

233 (1457) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്താം ക്ലാസ്സിൽ മികച്ച മാർക്കുള്ളവർക്കുപോലും പ്ലസ് വൺ സയൻസ് വിഷയങ്ങളിൽ അഡ്മിഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അധിക ബാച്ച് അനുവദിച്ച് വിദ്യാർഥികളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലയിൽത്തന്നെ സയൻസ് വിഷയങ്ങൾക്ക് ആവശ്യത്തിന് സീറ്റുകൾ ലഭ്യമാണ്. മികച്ച മാർക്കുള്ളവർക്ക് പ്രവേശനം നൽകിയ ശേഷവും ധാരാളം സീറ്റുകൾ അധികമാകുന്ന സ്ഥിതിയാണുള്ളത്.

(ബി) പാലാ മണ്ഡലത്തിൽ വിജയശതമാനം കൂടിയതിനാൽ സയൻസ് വിഷയത്തിൽ വിദ്യാർഥികൾക്ക് അഡ്മിഷൻ കിട്ടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മണ്ഡലത്തിലെ സയൻസ് സ്ട്രീം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്ലസ് വൺ അധിക ബാച്ച് ലഭ്യമാക്കി അഡ്മിഷൻ സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഹയർ സെക്കൻഡറി സ്കൂളുകളിലെ സീറ്റുകൾ**

234 (1458) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിൽ ആവശ്യമായ കുട്ടികളില്ലാത്ത ബാച്ചുകൾ, മതിയായ സീറ്റുകളില്ലാത്ത മറ്റു ജില്ലകളിലേയ്ക്ക്

മാറ്റി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

2023-24 അധ്യയന വർഷം പ്ലസ് വൺ പ്രവേശനം പൂർത്തിയായപ്പോൾ 25-ൽ താഴെ കുട്ടികൾ ഉള്ള 129 ബാച്ചുകൾ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഉണ്ട്. മുൻ വർഷങ്ങളിൽ കുട്ടികൾ കുറവുള്ള ബാച്ചുകൾ ആവശ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. ഹയർ സെക്കൻഡറിയിൽ 2022-23 അധ്യയന വർഷം 07-07-2022-ലെ സ.ഉ. (കൈ) നം. 118/2022/പൊ.വി.വ ഉത്തരവനുസരിച്ച് അനുവദിച്ച ആകെ 81 താൽക്കാലിക ബാച്ചുകൾ 2023-24 അധ്യയന വർഷവും 27-05-2023-ലെ സ.ഉ.(കൈ)നം. 63/2023/പൊ.വി.വ ഉത്തരവനുസരിച്ച് തുടർന്നിരുന്നു. 08-05-2024-ലെ സ.ഉ.(കൈ) നം. 45/2024/പൊ.വി.വ തീയതി സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ്

വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സീറ്റുകളുടെ എണ്ണം കുറവുള്ള ജില്ലകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ?

നിലവിൽ സംസ്ഥാനത്ത് ഒരു ജില്ലയിലും സീറ്റിന്റെ അപര്യാപ്തതയില്ല.

**പൊതുവിദ്യാലയത്തിലേക്ക് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം.**

235 (1459) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ?

2024-25 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ (ഗവ. & എയ്ഡഡ്) ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം 250986 ആണ്.

(ബി) 2024-25 അധ്യയന വർഷത്തിൽ രണ്ട് മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ മറ്റ് സ്കീമുകളിൽ (സി.ബി.എസ്.സി./ഐ.സി.എസ്.സി.) നിന്ന് പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാക്കാമോ?

2024-25 അധ്യയന വർഷത്തിൽ രണ്ട് മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ മറ്റ് സിലബസുകളിൽ നിന്ന് പൊതുവിദ്യാലയങ്ങളിൽ (ഗവ. & എയ്ഡഡ്) പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം 34554 ആണ്.

(സി) 2023-24 അധ്യയനവർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണത്തിൽ നിന്ന് 2024-25 അധ്യയനവർഷം എത്ര കുറവ് വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

2023-24 അധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ (ഗവ. & എയ്ഡഡ്) ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണത്തിൽ നിന്ന് 2024-25 അധ്യയന വർഷം 7163 കുട്ടികളുടെ കുറവുണ്ടായി.

(ഡി) പൊതുവിദ്യാലയങ്ങളിൽ അല്ലാതെ മറ്റ് സ്കീമുകളിൽ ഒന്നാം ക്ലാസിലും മറ്റു ക്ലാസുകളിലും പ്രവേശനം നേടുന്ന വിദ്യാർഥികളുടെ വിവരം ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

പൊതുവിദ്യാലയങ്ങളിൽ അല്ലാതെ മറ്റ് സ്കീമുകളിൽ ഒന്നാം ക്ലാസിലും മറ്റ് ക്ലാസുകളിലും പ്രവേശനം നേടുന്ന വിദ്യാർഥികളുടെ വിവരം ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. എസ്.എസ്.കെ. മുഖാന്തരം UDISE-ൽ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം സ്കൂളുകളിൽ നിന്നും നേരിട്ട് വിദ്യാർഥികളുടെ വിവരം ശേഖരിക്കുന്നു.

(ഇ) എങ്കിൽ കഴിഞ്ഞ അധ്യയനവർഷവും ഈ അധ്യയനവർഷവും പൊതുവിദ്യാലയങ്ങളിൽ അല്ലാത്ത മറ്റു സ്കീമുകളിലെ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ കണക്ക് ലഭ്യമാക്കാമോ?

സ്കൂളുകളിൽ നിന്ന് നേരിട്ട് വിവരങ്ങൾ ശേഖരിച്ചാണ് പൊതുവിദ്യാഭ്യാസ വകുപ്പ് മറ്റ് സ്കീമുകളിലെ സ്കൂളുകളുടെ റിപ്പോർട്ടുകൾ

തയ്യാറാക്കുന്നത്. ഈ അധ്യയന വർഷത്തെ മറ്റ് സ്കീമുകളിലുള്ള വിദ്യാർഥികളുടെ കണക്ക് ശേഖരിച്ചുവരുന്നതേയുള്ളൂ. കഴിഞ്ഞ അധ്യയന വർഷം (2023-24) മറ്റു സ്കീമുകളിലെ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ ഒന്നുമുതൽ പത്ത് വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികളുടെ കണക്ക് (പ്രൊവിഷണൽ) ചുവടെ ചേർക്കുന്നു

| സ്കൂളുകളുടെ തരം | വിദ്യാർഥികളുടെ എണ്ണം |
|---|---|
| ജെ.എൻ.വി. | 5283 |
| കെ.വി. | 46205 |
| ഐ.സി.എസ്.ഇ. | 108538 |
| സി.ബി.എസ്.ഇ. | 799316 |
| ആകെ | 959342 |

**മട്ടന്നൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

236 (1460) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന പെരിങ്ങാനം ഗവ. എൽ.പി.എസ്., കാഞ്ഞിലേരി ഗവ. എൽ.പി.എസ്., ശിവപുരം ഗവ. എൽ.പി.എസ്., പൂവംപൊയിൽ ഗവ. എൽ.പി.എസ്. എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

മട്ടന്നൂർ മണ്ഡലത്തിലെ പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ഗവ.എൽ.പി.എസ്. കാഞ്ഞിലേരി | - നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 2. | ഗവ.എൽ.പി.എസ്. ശിവപുരം | - നിർമ്മാണം ആരംഭിച്ചിട്ടുണ്ട് |
| 3. | ഗവ.എൽ.പി.എസ്. പൂവംപൊയിൽ | - 80% പണി പൂർത്തിയായിട്ടുണ്ട് |
| 4. | ഗവ.എൽ.പി.എസ്. പെരിങ്ങാനം | - നിർമ്മാണം ആരംഭിച്ചിട്ടുണ്ട് |

(ബി) പ്രസ്തുത മണ്ഡലത്തിലെ എടയന്നൂർ ഗവ. ഹയർസെക്കൻഡറി സ്കൂളിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ?

പ്രസ്തുത സ്കൂളിൽ പദ്ധതി വിഹിതം വിനിയോഗിച്ച് നടക്കുന്ന നിർമ്മാണ പ്രവൃത്തി പൂർത്തിയായിവരുന്നു. വി.എച്ച്.എസ്.എസ്. വിഭാഗത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സർക്കാർ- എയ്ഡഡ് വിദ്യാലയങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം

237 (1461) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾക്ക് അടിസ്ഥാനസൗകര്യ വികസനത്തിനായി എത്ര രൂപ വീതം അനുവദിച്ചു എന്നത് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നിന്റേയും നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ?

(എ&ബി) 2016-ന് ശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകളിൽ നടത്തിയ അടിസ്ഥാനസൗകര്യ വികസനത്തിന്റെ നിലവിലെ സ്ഥിതി അടക്കമുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

## നിലമ്പൂർ ജി.എം.യു.പി. സ്കൂളിന്റെ ഭൂമി കൈമാറ്റം

238 (1462) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നിലമ്പൂർ ജില്ലാശുപത്രിയുടെ വികസനത്തിനായി ആശുപത്രിയുടെ സമീപത്തുള്ള ഗവൺമെന്റ് മോഡൽ യു.പി. സ്കൂളിന്റെ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത ആവശ്യത്തിനായി വിദ്യാഭ്യാസ വകുപ്പിൽ രേഖാമൂലം നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളവരുടെ പേരുവിവരവും നിവേദനങ്ങൾ ലഭിച്ച തീയതിയും വിശദാംശവും ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള ഗവ. മോഡൽ യു.പി. സ്കൂൾ ഗവ. യു.പി.എസ്. വീട്ടിക്കുത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹു. നിലമ്പൂർ എം.എൽ.എ. ശ്രീ. പി. വി. അൻവറിന്റെ നിവേദനം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് 28-12-2022-ൽ ലഭിച്ചിരുന്നു.

(ബി) മേൽനിവേദനങ്ങളും നിർദേശങ്ങളും വകുപ്പ് പരിശോധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

(സി) സ്കൂളിന്റെ ഭൂമി പൂർണ്ണമായോ ഭാഗികമായോ കൈമാറുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് ആരോഗ്യ വകുപ്പിലേക്ക് കത്തുകളോ നിർദേശങ്ങളോ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകളും വിശദാംശവും ലഭ്യമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

മേൽ കാര്യത്തിൽ ആരോഗ്യ വകുപ്പിലേക്ക് കത്തുകളോ നിർദേശങ്ങളോ സമർപ്പിച്ചിട്ടില്ല.

(ഡി) മേൽ കാര്യം ആവശ്യപ്പെട്ട് നിലമ്പൂർ എം.എൽ.എ. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് ഫയൽ നമ്പർ/ഇ-ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ലഭിച്ച ടി കത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു. വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പി.ടി.എ. ജനറൽ ബോഡിയിൽ അനുകൂല അഭിപ്രായം ഇല്ലാതിരുന്നതിനാലും ടി ആവശ്യം നിരസിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പിലാണ് ടി വിഷയം കൈകാര്യം ചെയ്യുന്നത്. ഫയൽ നം.GEDN-F3/2/2023-G.EDN

**പരവൂർ തെക്കുംഭാഗം ജി.എച്ച്.എസ്.എസ്.-ന്റെ കെട്ടിടനിർമ്മാണം**

239 (1463) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ പരവൂർ തെക്കുംഭാഗം ജി.എച്ച്.എസ്.എസ്-ന് 2017-18 ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി

കിലയുടെ നിർവഹണ ചുമതലയിൽ നടന്നുവരുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത സ്കൂളിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് ലഭ്യമായതിനെത്തുടർന്ന് നിർവഹണ ഏജൻസിയായ കില ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായുള്ള നടപടിക്രമങ്ങളിൽ ഇനി എന്തെല്ലാം പൂർത്തിയാക്കാനുണ്ടെന്നും അവ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക അനുവദിച്ച് ഏഴ് വർഷമായിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ലെന്നുള്ള കാര്യവും നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ദീർഘമായ കാലതാമസം നേരിടുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കാലതാമസം

ഒഴിവാക്കി പ്രസ്തുത കെട്ടിട നിർമ്മാണം ഉടനടി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി നിർവഹണ ഏജൻസിയായ കിലയിൽ നിന്നുള്ള സാങ്കേതിക വിഭാഗം നടത്തിയ പരിശോധനയിൽ ആകെ കവറേജ് അനുവദനീയമായ 35 ശതമാനത്തിൽ അധികരിച്ചിട്ടുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് നിർമ്മാണം തടസ്സപ്പെടുകയുണ്ടായി. KMBR/KPBR കവറേജ് പ്രശ്നം പരിഹരിക്കുന്നതിനായി നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് ലഭിക്കുന്നതിനായി അപേക്ഷ നൽകുകയും നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇളവ് ലഭിച്ചതിനാൽ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി സാങ്കേതികാനുമതിയും വാങ്ങി അടിയന്തരമായി ടെൻഡർ നടപടികൾ സ്വീകരിക്കാൻ കിലയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

**പൊൻകുന്നം വർക്കി സ്മാരക ജി.എച്ച്.എസ്.എസ്.-ലെ സയൻസ് ബാച്ച്**

240 (1464) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടിയിലെ പൊൻകുന്നം വർക്കി സ്മാരക ജി.എച്ച്.എസ്.എസ്.-ൽ നിലവിലുണ്ടായിരുന്ന സയൻസ് ബാച്ച് താൽക്കാലികമായി മറ്റേതെങ്കിലും സ്കൂളിലേക്ക് ഷിഫ്റ്റ് ചെയ്ത് നൽകിയിരുന്നോ; എങ്കിൽ ഇത് എന്നാണ് ചെയ്തതെന്നും ഇതിലേക്ക് നയിച്ച സാഹചര്യമെന്തെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ വിവരങ്ങൾ നൽകുമോ?

പാമ്പാടിയിലെ പൊൻകുന്നം വർക്കി സ്മാരക ജി.എച്ച്.എസ്.എസ്.-ൽ ഒഴിഞ്ഞുകിടക്കുകയായിരുന്ന സയൻസ് ബാച്ച് 2021-22 അധ്യയന വർഷമാണ് 22-12-2021-ലെ സ.ഉ.(കൈ) നം. 287/2021/പൊ.വി.വ. ഉത്തരവ് അനുസരിച്ച് ഷിഫ്റ്റ് ചെയ്ത് നൽകിയത്.

(ബി) ഏത് അധ്യയന വർഷത്തിലെ അലോട്ട്മെന്റുകളുടെ കണക്കുകൾ അടിസ്ഥാനപ്പെടുത്തിയാണ് ഇത്തരമൊരു ഉത്തരവ് നൽകിയത്; തുടർന്നുള്ള അധ്യയന വർഷങ്ങളിലെ അലോട്ട്മെന്റുകളുടെയും അപേക്ഷകളുടെയും അടിസ്ഥാനത്തിൽ താൽക്കാലികമായി നടത്തിയ ഷിഫ്റ്റിംഗ് റദ്ദാക്കി

പ്രസ്തുത സയൻസ് ബാച്ച് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ?

2020-21 അധ്യയന വർഷത്തിലെ അലോട്ട്മെന്റുകളുടെ കണക്കുകൾ അടിസ്ഥാനപ്പെടുത്തിയാണ് ഇത്തരമൊരു ഉത്തരവ് നൽകിയത്. ഷിഫ്റ്റ് ചെയ്ത ബാച്ചുകൾക്ക് തുടർന്നുള്ള വർഷങ്ങളിലും തുടരാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) മുൻകാലങ്ങളിൽ പ്രസ്തുത സ്കൂളിൽ മൂന്ന് ബാച്ച് സയൻസ് വിഭാഗങ്ങളിലായി 182 വിദ്യാർഥികൾ പഠിച്ചിരുന്നിട്ടും നിലവിൽ അപേക്ഷകരുണ്ടെങ്കിലും 122 പേർക്ക് മാത്രമായി അഡ്മിഷൻ നിജപ്പെടുത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഷിഫ്റ്റ് ചെയ്തശേഷം പ്രസ്തുത സ്കൂളിൽ രണ്ട് സയൻസ് ബാച്ചുകൾ മാത്രമാണ് നിലവിലുള്ളത്.

(ഡി) ഇതുകാരണം വിദ്യാർഥികളും രക്ഷിതാക്കളും നേരിടുന്ന പ്രയാസങ്ങൾ ഒഴിവാക്കുന്നതിനായി പാമ്പാടി പൊൻകുന്നം വർക്കി സ്മാരക

ജി.എച്ച്.എസ്.എസ്.-ൽ നിന്ന് താൽക്കാലികമായി ഷിഫ്റ്റ് ചെയ്ത സയൻസ് ബാച്ച് എത്രയും വേഗം പുന:സ്ഥാപിച്ച് നൽകുമോ; വ്യക്തമാക്കാമോ?

സയൻസ് ബാച്ച് പുന:സ്ഥാപിച്ച് നൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട്**

241 (1465) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായുള്ള പദ്ധതി നിലവിലുണ്ട്. ടി പദ്ധതി മുഖേന സ്വന്തമായി സ്ഥലമില്ലാത്ത സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി പ്രൊപ്പോസലുകൾ

സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊണ്ടുവരുന്നു.

(ബി) സ്വന്തമായി സ്ഥലമില്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ പനമ്പുകാട് ഗവ. ഫിഷറീസ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി 15-10-2023-ന് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പനമ്പുകാട് ഗവ. ഫിഷറീസ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ രേഖകൾ പരിശോധിക്കുകയും ടി സ്കൂളിന് സ്ഥലം വാങ്ങുന്നതിന് തുക അനുവദിക്കുന്നതിലേക്കായി പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരികയുമാണ്. പ്രസ്തുത നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് സ്കൂൾ പി.റ്റി.എ. മുഖാന്തരം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചതും ഇ/7725970/2023/എം.ഐ.എൻ/ഇ.ഡി.എൻ. നമ്പർ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ചെയ്ത നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പനമ്പുകാട് ഗവ. ഫിഷറീസ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് സ്കൂൾ പി.റ്റി.എ. മന്ത്രിക്ക് സമർപ്പിച്ച നിവേദനം പ്രകാരം പ്രസ്തുത വിഷയം അന്വേഷിച്ച് ടി സ്കൂളിന് സ്ഥലം വാങ്ങുന്നതിന് ആവശ്യമായ രേഖകൾ സമർപ്പിക്കാൻ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ സ്കൂളിന് സ്ഥലം വാങ്ങുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കുകയും പ്രസ്തുത രേഖകൾ പരിശോധിച്ച് സ്ഥലം വാങ്ങുന്നതിനുള്ള തുക അനുവദിച്ച് കിട്ടുന്നതിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ DGE സ്വീകരിച്ചുവരികയുമാണ്.

**വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. യു.പി. ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം**

242 (1466) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി അഞ്ച് കോടി രൂപ അനുവദിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ച വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. -ന്റെ യു.പി. ബ്ലോക്കിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കി കിറ്റ്കോ നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാകാത്തത് കാരണം ക്ലാസ്സുകൾ നടത്താനുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് ഭരണാനുമതി ലഭിച്ച ജി.ബി.എച്ച്.എസ്.എസ്. വടക്കാഞ്ചേരി സ്കൂളിന്റെ നിർമ്മാണം 60 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. അവസാനഘട്ട

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനിരിക്കെ നിർമ്മാണം മുന്നോട്ട് പോകാത്ത സ്ഥിതി വരികയും contract period കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യമുണ്ടായതിനാൽ കോൺട്രാക്ടറെ terminate ചെയ്യുകയുമുണ്ടായി. തുടർന്നുള്ള വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർവഹണ ഏജൻസിയായി കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർന്ന് ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാനും എസ്റ്റിമേറ്റും കിറ്റ്കോ തയ്യാറാക്കി കിഫ്ബിയുടെ അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ടെൻഡർ ചെയ്തതിലെ അപാകതകൾ കാരണം റീടെണ്ടർ ചെയ്യുന്നതിന് ടെൻഡർ കമ്മിറ്റി ശിപാർശ ചെയ്തിരിക്കുകയാണ്. ജൂൺ മാസത്തിൽത്തന്നെ ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്.

**വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് സ്കൂളിലെ യു.പി. ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം**

243 (1467) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി മുഖേന അഞ്ച് കോടി രൂപ അനുവദിച്ച വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. യു.പി. ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം നിർവഹണ ഏജൻസിയായ കിറ്റ്കോ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പൂർത്തിയാകാത്തത് കാരണം ക്ലാസുകൾ നടത്താനുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) ഉണ്ട്. 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് ഭരണാനുമതി ലഭിച്ച ജി.ബി.എച്ച്.എസ്.എസ് വടക്കാഞ്ചേരി സ്കൂളിന്റെ നിർമ്മാണം 60 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനിരിക്കെ നിർമ്മാണം മുന്നോട്ട്

പോകാത്ത സ്ഥിതി വരികയും contract period കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യമുണ്ടായതിനാൽ കോൺട്രാക്ടറെ terminate ചെയ്യുകയുമുണ്ടായി. തുടർന്നുള്ള വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർവഹണ ഏജൻസിയായി കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർന്ന് ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാനും എസ്റ്റിമേറ്റും കിറ്റ്കോ തയ്യാറാക്കി കിഫ്ബിയുടെ അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ടെൻഡർ ചെയ്തതിലെ അപാകതകൾ കാരണം റീടെൻഡർ ചെയ്യുന്നതിന് ടെൻഡർ കമ്മിറ്റി ശിപാർശ ചെയ്തിരിക്കുകയാണ്. ജൂൺ മാസത്തിൽത്തന്നെ ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നിർദേശം നിർവഹണ ഏജൻസിക്കും കിഫ്ബിക്കും നൽകിയിട്ടുമുണ്ട്.

## കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ വീണ്ടും പ്രവർത്തിക്കുന്നതിനുള്ള അനുമതി

244 (1468) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ വീണ്ടും പ്രവർത്തിക്കുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ഉത്തരവ് പുറപ്പെടുവിക്കുമെന്ന് അറിയിക്കാമോ; ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ബഹു.</u> ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ കാളംതിരുത്തി എം.ജി.എൽ.സി.-യുടെ പ്രവർത്തനം താൽക്കാലികമായി തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സമഗ്രശിക്ഷ വഴി ഒരു അധ്യാപികയുടെ സേവനം നൽകിവരുന്നുണ്ട്. കുട്ടികൾക്ക് ഉച്ചഭക്ഷണം, സൗജന്യ പാഠപുസ്തകം, സൗജന്യ യൂണിഫോം എന്നിവയും നൽകിവരുന്നു.

(ബി) പ്രസ്തുത സ്കൂൾ തുറന്നുപ്രവർത്തിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നിയമസഭയിൽ അവതരിപ്പിച്ച സബ്മിഷന് മറുപടിയായി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ എം.ജി.എൽ.സി. സ്കൂളും തൊട്ടടുത്തുള്ള പ്രൈമറി സ്കൂളും തമ്മിലുള്ള ദൂരം എത്രയാണെന്നതും അവിടെ പൊതുഗതാഗത സൗകര്യം ഇല്ലായെന്നതും പരാമർശിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

കാളംതിരുത്തി എം.ജി.എൽ.സി.-യിൽ നിന്നും 4 കി.മീ. ദൂരത്തായി പ്രൈമറി സ്കൂൾ സ്ഥിതിചെയ്യുന്നതായും അവിടേയ്ക്കുള്ള ഗതാഗത സൗകര്യം സമഗ്രശിക്ഷ വഴി ഒരുക്കാമെന്നും അറിയിച്ചിരുന്നു.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്കൂൾ വീണ്ടും തുറന്നുപ്രവർത്തിക്കുന്നതിനുള്ള തീരുമാനമെടുത്തിരുന്നോ; എങ്കിൽ ഈ തീരുമാനം നടപ്പിലാക്കാത്തതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

കാളംതിരുത്തി എം.ജി.എൽ.സി. താൽക്കാലികമായി നിലനിർത്തുന്നതിന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം തുടർന്നുവരുന്നു.

(ഡി) കാളംതിരുത്തി എം.ജി.എൽ.സി. സ്കൂളിലുള്ള വിദ്യാർഥികളുടെ എണ്ണത്തിനനുസരിച്ചുള്ള വിദ്യാർഥികളുള്ളതും സ്വന്തമായി ഭൂമിയും കെട്ടിടവുമുള്ളതും സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനും സർക്കാർ ഫണ്ടുകൾ അനുവദിക്കുകയും ചെയ്ത മറ്റേതെങ്കിലും സ്കൂൾ എം.ജി.എൽ.സി. സ്കൂളുകൾ അടച്ചുപൂട്ടുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) എം.ജി.എൽ.സി. സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള ഉത്തരവിൽ കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ ഉൾപ്പെട്ടതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(എഫ്) തിരഞ്ഞെടുത്ത എം.ജി.എൽ.സി. സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചതിൽ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ?

(ഇ&എഫ്) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ എം.ജി.എൽ.സി.-കളുടെ ഘടന, നിലനിൽപ്പ് തുടങ്ങിയവ പുനഃപരിശോധിക്കേണ്ട സാഹചര്യത്തിലാണ് എം.ജി.എൽ.സി.-കൾ നിർത്തലാക്കാൻ തീരുമാനിച്ചത്. സ്കൂളുകൾ ഹൈടെക്കായി മികവിന്റെ കേന്ദ്രങ്ങളായി മാറുന്ന സാഹചര്യത്തിൽ കുട്ടികളെ ഏകാധ്യാപക വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നത് അവരുടെ സർവതോന്മുഖമായ വികാസത്തിന് തടസ്സമാകുമെന്നതിനാലാണ് കൂടുതൽ സൗകര്യങ്ങളുള്ള സ്കൂളുകളിലേക്ക് കുട്ടികളെ മാറ്റാനും അതീവ ദുർഘട പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന നാല് എം.ജി.എൽ.സി.-കൾ ഒഴികെയുള്ള എല്ലാ എം.ജി.എൽ.സി.-കളും അടച്ചുപൂട്ടാനും തീരുമാനിച്ചത്.

**മണത്തല ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പുതിയ ഡിവിഷൻ**

245 (1469)ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിലെ മണത്തല ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ ഡിവിഷൻ അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ മണത്തല ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ ഡിവിഷൻ അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥലം എം.എൽ.എ. സർക്കാരിൽ സമർപ്പിച്ച 01-10-2022, 19-03-2023, 30-05-2023 എന്നീ തീയതികളിലുള്ള കത്തുകൾ സർക്കാർ പരിശോധിച്ചിരുന്നു. 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മണത്തല ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബി പുതുക്കിയ അനുമതി നൽകിയിട്ടുണ്ട്.

സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

തുടർ നടപടികൾ ത്വരിതപ്പെടുത്തി ടി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുണ്ട്.

20-03-2024- ലെ കത്ത് പ്രകാരം മേൽ വിവരങ്ങൾ ബഹു. എം.എൽ.എ.-യെ അറിയിച്ചിരുന്നു. അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**പത്തിരിപ്പാല ഗവൺമെന്റ് സ്കൂളിലെ കെട്ടിടം നിർമ്മാണം**

246 (1470) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് സ്കൂളിൽ പ്ലാൻ ഫണ്ടിൽനിന്നും തുക വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പത്തിരിപ്പാല ഗവൺമെന്റ് ഹൈസ്കൂളിൽ പദ്ധതി വിഹിതത്തിൽനിന്നും തുക വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർവഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തസ്തികമാറ്റം വഴി നിയമിതരായ ഹയർ സെക്കൻഡറി അധ്യാപകരുടെ പ്രൊമോഷൻ**

247 (1471) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറിയിലേക്ക് തസ്തികമാറ്റം വഴി ജൂനിയർ തസ്തികയിൽ നിയമിതരായ എത്ര ഹൈസ്കൂൾ അധ്യാപകർക്കാണ് ഹൈസ്കൂൾ പ്രധാനാധ്യാപക തസ്തികയിലേയ്ക്ക് അപേക്ഷ അയയ്ക്കാനുള്ള അവസരം നഷ്ടപ്പെട്ടിരിക്കുന്നതെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) പന്ത്രണ്ടോ അതിലേറെയോ വർഷം ഹൈസ്കൂൾ അധ്യാപക സേവനമുണ്ടായിട്ടും തസ്തികമാറ്റം വഴി സമാനമായ സാലറി വാങ്ങുന്ന ജൂനിയർ തസ്തികയിലേക്ക് മാറിയതിനാൽ എച്ച്.എം./എ.ഇ.ഒ. പോസ്റ്റിലേക്ക് അപേക്ഷിക്കാനുള്ള അവസരം നഷ്ടപ്പെട്ടിരിക്കുന്ന പ്രസ്തുത അധ്യാപകർക്ക് ഹയർ സെക്കൻഡറിയിലേയ്ക്ക് അർഹമായ സീനിയോറിറ്റി

പരിഗണിച്ച് പ്രൊമോഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനത്തിനുള്ള ഫീഡർ കാറ്റഗറി ഹൈസ്കൂൾ അധ്യാപകരാണ്. ഇതിൽ ഹയർ സെക്കൻഡറി അധ്യാപകർ ഉൾപ്പെടുന്നില്ല. നിലവിലുള്ള ചട്ടപ്രകാരം എച്ച്.എസ്.ടി. സീനിയോറിറ്റി ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള അർഹതയുള്ള ആരുടെയും പ്രധാനാധ്യാപക തസ്തികയിലേയ്ക്കുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ തുടരുന്ന അധ്യാപകർക്ക് അവരുടെ എച്ച്.എസ്.എസ്.ടി. തസ്തികയിലെ സീനിയോറിറ്റി, അർഹത എന്നിവ അടിസ്ഥാനമാക്കി എച്ച്.എസ്.എസ്.ടി. തസ്തികയിലേക്ക് ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് തസ്തികമാറ്റ നിയമനം നല്കിവരുന്നു.

**ഭാഷാധ്യാപക യോഗ്യത**

248 (1472) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ജനറൽ) കോഴ്സും ഭാഷാധ്യാപക യോഗ്യതയായ ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (അറബിക്) കോഴ്സും തമ്മിൽ എന്തൊക്കെ വ്യത്യാസങ്ങളാണുള്ളതെന്നും ജനറൽ കോഴ്സിലെ എല്ലാ വിഷയങ്ങളും പഠന പ്രവർത്തനങ്ങളും അറബിക് കോഴ്സിനുമുണ്ടോയെന്നും വ്യക്തമാക്കാമോ?

എൻ.സി.റ്റി.ഇ. ലിസ്റ്റ് ചെയ്യപ്പെട്ട കോഴ്സുകളിലൊന്നാണ് ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ. ഭാഷാ വിഷയങ്ങൾക്കായി പ്രത്യേക കോഴ്സ് എൻ.സി.റ്റി.ഇ. നിർദേശിക്കുന്നില്ല. കേരളത്തിന്റെ പ്രത്യേകമായ സാഹചര്യത്തിൽ ഭാഷാധ്യാപകർക്ക് അധ്യാപക പരിശീലന കോഴ്സ് ആവശ്യമുണ്ട്. അതുകൊണ്ടാണ് എൻ.സി.റ്റി.ഇ. ലിസ്റ്റ് ചെയ്തിട്ടുള്ള ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ എന്ന് നാമകരണം ചെയ്തുകൊണ്ട് ഭാഷാധ്യാപകർക്കായി ഒരു കോഴ്സ് ആരംഭിച്ചത്. ജനറൽ ഡി.എൽ.എഡ്.-ന്റെ അതേ വിഷയങ്ങളെല്ലാം പഠിപ്പിക്കപ്പെടുമ്പോഴാണ് എൻ.സി.റ്റി.ഇ.-യുടെ കോഴ്സിന് തുല്യമാകുന്നത്. അതിനാൽ ജനറൽ വിഷയങ്ങളിലേതുപോലെ എല്ലാ വിഷയങ്ങളും പഠിക്കേണ്ടതുണ്ട്. എന്നാൽ ഭാഷാധ്യാപകരാകേണ്ടവർ

എന്ന നിലയിൽ ഭാഷകൾക്ക് കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുണ്ട്. ജനറൽ വിഷയങ്ങളേക്കാൾ കൂടുതൽ ഭാഷയുടെ പേപ്പറുകൾ പഠിക്കേണ്ടതുമുണ്ട്. ഭാഷാ വിഷയങ്ങളുടെ മാർക്കിൽ കൂടുതൽ വെയിറ്റേജ് നൽകിക്കൊണ്ട് മറ്റുള്ള വിഷയങ്ങളുടെ മാർക്കിൽ കുറവുവരുത്തിയിട്ടുണ്ട്. ഇതാണ് പ്രധാനമായും ജനറൽ ഡി.എൽ.എഡ്.-ഉം ഭാഷാ ഡി.എൽ.എഡ്.-ഉം തമ്മിലുള്ള വ്യത്യാസം.

(ബി) ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (അറബിക്) കോഴ്സ് പാസ്സായ ഒരധ്യാപകന് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്തൊക്കെയാണ്; അവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (അറബിക്) കോഴ്സ് ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള അടിസ്ഥാന യോഗ്യതയാക്കി കേരള വിദ്യാഭ്യാസ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി മൂല്യനിർണ്ണയ പ്രതിഫലം**

249 (1473) **ശ്രീ. കുറുക്കോളി മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മാർച്ച് മാസത്തിൽ നടന്ന ഹയർ സെക്കൻഡറി പരീക്ഷയുടെ മൂല്യനിർണ്ണയം നടത്തിയ അധ്യാപകർക്കെല്ലാം പ്രതിഫലം ലഭ്യമാക്കിയോ എന്ന വിവരം ലഭ്യമാക്കാമോ?

എല്ലാ അധ്യാപകർക്കും ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പരീക്ഷയുടെ മൂല്യനിർണ്ണയം നടത്തിയ അധ്യാപകരിൽ പ്രതിഫലം ലഭിക്കാത്തവരുടെ എണ്ണം എത്രയാണെന്ന വിവരം ലഭ്യമാക്കാമോ?

പ്രതിഫലം ലഭിക്കാത്തവരുടെ എണ്ണം 814 ആണ്.

(സി) 2024 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തിയ അധ്യാപകർക്ക് പ്രതിഫലം ലഭ്യമാക്കിയോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ?

എസ്.എസ്.എൽ.സി.: 2024 വർഷത്തെ എസ്.എസ്.എൽ.സി. ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തിയതിനുള്ള വേതനം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഹയർ സെക്കൻഡറി: ഇല്ല. 2024 മാർച്ച് മാസത്തെ ഹയർ സെക്കൻഡറി പരീക്ഷയുടെ മൂല്യനിർണ്ണയ ക്യാമ്പുകളുടെ യഥാർഥ ചെലവ് വിവരം ലഭ്യമാക്കാൻ എല്ലാ മൂല്യനിർണയ ക്യാമ്പുകൾക്കും നിർദേശം നൽകിയിട്ടുണ്ട്. മൂല്യനിർണ്ണയ ക്യാമ്പുകളിൽനിന്നും വിവരം ലഭിക്കുന്ന മുറയ്ക്ക് ആയത് ക്രോഡീകരിച്ച് അധ്യാപകരുടെ പ്രതിഫലം അടങ്ങുന്ന തുക അതത് മൂല്യനിർണ്ണയ ക്യാമ്പുകൾക്ക് അനുവദിക്കുന്നതാണ്.

**ഹൈസ്കൂൾ, ഹയർ സെക്കൻഡറി അധ്യാപകർക്കുള്ള ഓണറേറിയം കുടിശ്ശിക**

250 (1474) ഡോ. മാത്യൂ കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24 എന്നീ വിദ്യാഭ്യാസ വർഷങ്ങളിൽ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തിയതിനുള്ള വേതനം എല്ലാ ഹൈസ്കൂൾ, ഹയർ സെക്കൻഡറി അധ്യാപകർക്കും പൂർണ്ണമായും

നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ?

എസ്.എസ്.എൽ.സി.: 2022-23 വിദ്യാഭ്യാസ വർഷത്തിലെ എസ്.എസ്.എൽ.സി. ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തിയതിനുള്ള വേതനം എല്ലാ അധ്യാപകർക്കും നൽകിയിട്ടുണ്ട്. 2023-24 വർഷത്തെ എസ്.എസ്.എൽ.സി. ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തിയതിനുള്ള വേതനം നൽകിയിട്ടില്ല. 13-06-2024-ൽ സർക്കാരിൽനിന്നും തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് ക്ലിയറൻസ് ലഭിക്കുന്നതിനായി സർക്കാരിലെ Ways and Means സെക്ഷനിലേക്ക് ബിൽ സമർപ്പിച്ചിട്ടുണ്ട്. ക്ലിയറൻസ് ലഭിക്കുന്നമുറയ്ക്ക് ബിൽ മാറി തുക NEFT ചെയ്തുനൽകുന്നതാണ്.

ഹയർ സെക്കൻഡറി: 2022-23 വിദ്യാഭ്യാസ വർഷം ഉത്തരക്കടലാസ് മൂല്യനിർണയം നടത്തിയ അധ്യാപകർക്ക് വേതനം പൂർണ്ണമായും നൽകിയിട്ടുണ്ട്. 2023-24 വിദ്യാഭ്യാസ വർഷം ഉത്തരക്കടലാസ്

മൂല്യനിർണ്ണയം നടത്തിയ ഹയർ സെക്കൻഡറി അധ്യാപകരിൽ ഇനി 814 അധ്യാപകർക്കുകൂടി പ്രതിഫലം നൽകാനുണ്ട്.

BAMS (Budget Allocation Monitoring System)-ൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാൽ പ്രസ്തുത കാലഘട്ടത്തെ തുക പൂർണ്ണമായും ലഭ്യമായിട്ടില്ല.

(ബി) 2022-23, 2023-24 എന്നീ വിദ്യാഭ്യാസ വർഷങ്ങളിൽ വെക്കേഷൻ ട്രെയിനിംഗിൽ പങ്കെടുത്ത അധ്യാപകർക്ക് ഇതിനുള്ള ഓണറേറിയം പൂർണ്ണമായും നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

നൽകിയിട്ടുണ്ട്.

**ഉടുമ്പൻചോല മണ്ഡലത്തിലെ പ്രഥമാധ്യാപകരില്ലാത്ത സ്കൂളുകൾ**

251 (1475) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ പ്രഥമാധ്യാപകരില്ലാത്ത സർക്കാർ ഹൈസ്കൂളുകളുടെ എണ്ണം അറിയിക്കാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ പ്രഥമാധ്യാപകരില്ലാത്ത 3 സർക്കാർ ഹൈസ്കൂളുകളുണ്ട്.

(ബി) ഡി.ഇ.ഒ.-യുടെ പി.എ. ഇല്ലാത്തതിനാൽ പ്രസ്തുത സ്കൂളുകളിലെ അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും യഥാസമയം ശമ്പളം മാറിനൽകാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി.ഡി.ഒ. ആയ പി.എ ടു ഡി.ഇ.ഒ. മേയ് മാസം 31-ന് വിരമിച്ചതിനാൽ ജി.എച്ച്.എസ്. ഇരട്ടയാർ നാലുമുക്ക് സ്കൂളിലെ അധ്യാപകർക്കും അനധ്യാപകർക്കും മേയ് മാസത്തെ ശമ്പളം നൽകാൻ കഴിഞ്ഞിട്ടില്ല.

(സി) ഇത്തരം സാഹചര്യങ്ങളിൽ യഥാസമയം ശമ്പളം മാറിനൽകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പൂർണ്ണ അധിക ചുമതല നൽകിയിട്ടുണ്ട്.

## സ്റ്റാഫ് ഫിക്സേഷൻ

252 (1476) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷം ജൂൺ മൂന്നിന് ആരംഭിച്ചിട്ടും കഴിഞ്ഞ അധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ പ്രക്രിയ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2023-24 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെയുള്ള തസ്തിക നിർണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കഴിഞ്ഞ അധ്യയന വർഷം ഇതുമൂലം കുട്ടികൾക്കും അധ്യാപകർക്കുമുണ്ടായ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്കൂളുകളിൽ അധ്യയനം തടസ്സപ്പെടാതിരിക്കുന്നതിനായി പ്രതീക്ഷിത അധിക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ അധ്യയന വർഷവും പ്രസ്തുത സ്ഥിതി തുടരാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള പരിഹാര നടപടികൾ വ്യക്തമാക്കാമോ?

ഈ അധ്യയന വർഷത്തിൽ തസ്തിക നിർണ്ണയ നടപടികൾ കെ.ഇ.ആർ. പ്രകാരം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദീർഘകാല അവധി ഒഴിവിൽ നിയമിതരായ അധ്യാപകരുടെ വിശദാംശങ്ങൾ**

253 (1477) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലായ് പതിനഞ്ചിനും 2016 ഡിസംബർ മൂന്നിനുമിടയിൽ സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിലെ ദീർഘകാല അവധി ഒഴിവുകളിൽ നിയമിതരാകുകയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 06-02-2021-ലെ സ.ഉ.(പി).04/2021 നമ്പർ ഉത്തരവുപ്രകാരം നോഷണലായി അപ്രൂവൽ ലഭിക്കുകയും ചെയ്ത അധ്യാപകരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

എൽ.പി.എസ്.റ്റി.- 19

യു.പി.എസ്.റ്റി.- 29

എച്ച്.എസ്.റ്റി.- 30

(ബി) 03-12-2016-ലെ സ.ഉ.(പി). 199/2016 (എസ്.ആർ.ഒ. നം.752/2016) പ്രകാരമുള്ള ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം കൊടുക്കുന്നത് സംബന്ധിച്ച് നിയമ വകുപ്പിൽനിന്നും ലഭിച്ച നിർദേശത്തിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഭേദഗതി ചട്ടങ്ങൾ മുൻകാല പ്രാബല്യത്തോടെ കൊണ്ടുവരാനുദ്ദേശിക്കുന്ന 05-08-2016 മുതൽ ഭേദഗതി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും 26-09-2016-ലെ AG-യുടെ നിർദേശത്തിനും വിരുദ്ധമായി യാതൊരു നിയമനവും ഡിപ്ലോയ്മെന്റും നടന്നിട്ടില്ലായെന്ന് ഉറപ്പുവരുത്തണമെന്നായിരുന്നു പ്രസ്തുത വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം. സർക്കാർ ഈ വിഷയം പരിശോധിക്കുകയും ചട്ട ഭേദഗതികൾക്ക് 29-01-2016 മുതൽ മുൻകാല പ്രാബല്യം നൽകുകയും ചെയ്തു.

**മലപ്പുറം വിദ്യാഭ്യാസ ഉപജില്ലയിലെ എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക നിയമന അംഗീകാരം**

254 (1478) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ സ്ഥിരം, അവധി, ദിവസ വേതനം എന്നീ അടിസ്ഥാനത്തിൽ സ്കൂൾ മാനേജർമാർ സമന്വയ മുഖേന നടത്തുന്ന അധ്യാപക, അനധ്യാപക നിയമന പ്രൊപ്പോസലുകളുടെകൂടെ എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത്; വിശദാംശം നൽകുമോ?

നിയമനാംഗീകാരത്തിനാവശ്യമായ രേഖകൾ തയ്യാറാക്കി https/samanwaya.kite.kerala.gov.in എന്ന വെബ്സൈറ്റിൽ അതത് വിദ്യാഭ്യാസ ഓഫീസിൽനിന്നും ലഭിച്ച യൂസർനെയിം, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്താണ് മാനേജർമാർ പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്. നിയമനം സംബന്ധിച്ച് എല്ലാ രേഖകളും സർട്ടിഫിക്കറ്റുകളും (നിയമന ഉത്തരവ്, സി.എസ്. സ്റ്റേറ്റ്മെന്റ്, മാനേജരുടെ ഡിക്ലറേഷൻ, സ്വഭാവ സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റുകൾ,

ജോയിനിംഗ് ഡ്യൂട്ടി സർട്ടിഫിക്കറ്റ്, അതത് സമയത്ത് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം ആവശ്യമായ ഡിക്ലറേഷനുകൾ തുടങ്ങിയവ) പൂർണ്ണരൂപത്തിൽ ഒരു MB-യിൽ കവിയാത്ത PDF ഫയലാക്കി കമ്പ്യൂട്ടറിൽ സേവ് ചെയ്തതിനുശേഷം അപ്‌ലോഡ് ചെയ്ത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് സബ്മിറ്റ് ചെയ്യണം. സർക്കാർ നിയമനത്തിനുള്ളതുപോലെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് കീഴ്വഴക്കമാണ്.

(ബി) ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകളുടെയും ഡി.ജി.ഇ. സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; ഓരോ വിദ്യാഭ്യാസ ഓഫീസുകളിലും നിയമനങ്ങൾ അംഗീകരിക്കാൻ വ്യത്യസ്ത രേഖകൾ ആവശ്യപ്പെടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിശോധിക്കാനും പരിഹരിക്കാനും നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം വിദ്യാഭ്യാസ ഉപജില്ലയിലെ എയ്ഡഡ് വിദ്യാലയങ്ങളിൽ 2022-23, 2023-24 എന്നീ അധ്യയന വർഷങ്ങളിൽ സ്ഥിരം, അവധി, ദിവസ വേതന വ്യവസ്ഥയിൽ സമന്വയ മുഖേന എത്ര

നിയമന പ്രൊപ്പോസലുകൾ മാനേജർമാരിൽനിന്നും ലഭിച്ചു; എൽ.പി., യു.പി., ഹൈസ്കൂൾ തിരിച്ചുള്ള കണക്കുകൾ വിദ്യാലയങ്ങളുടെ പേര് സഹിതം നൽകുമോ;

(ഡി) പ്രസ്തുത നിയമനങ്ങളിൽ അംഗീകരിച്ചവ, നിരസിച്ചവ, പരിഗണനയിലുള്ളത് എന്നിവയുടെ എണ്ണം വെളിപ്പെടുത്തുമോ; നിരസിച്ചതിന്റെ കാരണം അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഇ) പ്രസ്തുത ഉപജില്ലയിൽ നിയമന അംഗീകാരം, തസ്തിക നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളിൽ രണ്ട് വർഷമായിട്ടും തീർപ്പുകൽപ്പിക്കാൻ കാലതാമസം നേരിടുന്നതായുള്ള സ്കൂൾ മാനേജർമാരുടെയും അധ്യാപകരുടെയും പരാതികളുടെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിൽ പ്രത്യേക അദാലത്ത് നടത്തി പരിഹാരം കാണാൻ നിർദേശം നൽകുമോ?

മേഖലാടിസ്ഥാനത്തിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) മലപ്പുറം ഉപജില്ലയിൽ മാത്രം 2022-23, 2023-24 വർഷങ്ങളിലും അതിനുമുമ്പും നടത്തിയ എത്ര നിയമനങ്ങൾക്ക് ഇനിയും അംഗീകാരം നൽകാനുണ്ടെന്നും അവ ഏതെല്ലാം വിദ്യാലയങ്ങളിലാണെന്നും വെളിപ്പെടുത്തുമോ; പ്രസ്തുത നിയമനങ്ങൾക്ക് എന്നത്തേയ്ക്ക് അംഗീകാരം നൽകുമെന്ന് വെളിപ്പെടുത്തുമോ?

വിവരം ശേഖരിച്ചുവരുന്നു.

**കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിന് പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് നടപടി**

255 (1479) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കൊടക്കാട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് പ്ലസ് ടു കോഴ്സ് ഈ വർഷം അനുവദിക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്ലസ് ടു പഠനം നടത്താൻ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയ പ്രസ്തുത സ്കൂളിൽ ഈ വർഷംതന്നെ ഹയർ സെക്കൻഡറി കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കാസർഗോഡ് കൊടക്കാട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. അത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**അൺ എയ്ഡഡ് മേഖലയിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ മിനിമം വേതനം**

256 (1480) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് മേഖലയിൽ നോൺ ടീച്ചിംഗ് സ്റ്റാഫിന് മിനിമം വേതനം പുതുക്കി നിശ്ചയിച്ച് 2021-ൽ ഇറക്കിയ ഉത്തരവ് നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അത് നടപ്പാക്കുന്നത് താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ടോ?

(എ&ബി) സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപകേതര ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ട മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട്

സർക്കാർ പുറപ്പെടുവിച്ച 11-02-2021-ലെ സ.ഉ. (അച്ചടി) നമ്പർ. 22/2021/തൊഴിൽ ഉത്തരവിനെതിരെ (എസ്.ആർ.ഒ. നം.168/2021) കേരള CBSE സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത 11273/2021 നമ്പർ റിട്ട് ഹർജിയിലെ 21-06-2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം ഇനിയൊരു ഉത്തരവുണ്ടാകുന്ന കാലയളവ് വരെ പ്രസ്തുത മിനിമം വേതന വിജ്ഞാപനം നടപ്പിലാക്കുന്നത് താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളതാണ്.

(സി) സർക്കാർ അഭിഭാഷകർ യഥാസമയം പ്രസ്തുത കേസിൽ ഹാജരായിട്ടുണ്ടോ?

കേരള CBSE സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത 11273/2021 നമ്പർ റിട്ട് ഹർജി ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയ്ക്കായി വന്നിരുന്ന 11-06-2021, 21-06-2021 എന്നീ തീയതികളിൽ സർക്കാരിനുവേണ്ടി വാദിക്കുന്നതിനായി ഗവൺമെന്റ് പ്ലീഡർ ഹാജരായിട്ടുണ്ട്. 25-09-2021-ൽ സർക്കാരിന്റെ

ഭാഗത്തുനിന്നുള്ള എതിർ സത്യവാങ്മൂലം ബഹു.മാനപ്പെട്ട കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുമുണ്ട്.

(ഡി) താൽക്കാലികമായ സ്റ്റേ ഉത്തരവ് ഒഴിവാക്കുന്നതിനും പ്രസ്തുത മേഖലയിൽ സർക്കാർ നിശ്ചയിച്ച മിനിമം വേജസ് നടപ്പാക്കുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ?

25-09-2021-ൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എതിർ സത്യവാങ്മൂലം ബഹു.മാനപ്പെട്ട കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ, ടി കേസ് നേരത്തെതന്നെ പോസ്റ്റ് ചെയ്യുന്നതിനും സ്റ്റേ നീക്കം ചെയ്യുന്നതിനുമുള്ള നടപടികളും അഡ്വക്കേറ്റ് ജനറൽ മുഖേന സർക്കാർ സ്വീകരിച്ചുവരികയാണ്.

**സ്കൂൾ മൈതാനങ്ങളുടെ വിനിയോഗം**

257 (1481) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ മൈതാനങ്ങളുടെ വിനിയോഗം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾ വിശദമാക്കാമോ?

Kerala Education Act 1958 section 5B പ്രകാരം സർക്കാർ സ്കൂളിന് അനുബന്ധമായുള്ള ഭൂമി വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യത്തിന് ഉപയോഗിക്കരുതെന്ന് നിഷ്കർച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 23-03-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2080/2023/പൊ.വി.വ. പ്രകാരം ഓരോ പ്രദേശത്തെയും കായിക വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനും ഉതകുംവിധം സ്കൂൾ കളിസ്ഥലങ്ങൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച 18-01-2006-ലെ സ.ഉ.(സാധാ) നം. 295/06/പൊ.വി.വ. റദ്ദുചെയ്തിട്ടുള്ളതാണ്.

(ബി) സ്കൂൾ മൈതാനങ്ങൾ സ്കൂൾ സമയത്തിനുശേഷം പ്രദേശവാസികൾക്ക് കായിക പരിശീലനത്തിനും വ്യായാമത്തിനുമായി നിബന്ധനകൾക്ക് വിധേയമായി ലഭ്യമാക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ OP.No.410/2000-B, OP.No. 35376/2000 എന്നീ കേസുകളിലെ 05-04-2002-ലെ വിധിന്യായം

നിലനിൽക്കുന്നതിനാൽ സ്കൂൾ മൈതാനങ്ങൾ സ്കൂൾ സമയത്തിനുശേഷം പ്രദേശവാസികൾക്ക് കായിക പരിശീലനത്തിനും വ്യായാമത്തിനുമായി നൽകാൻ കഴിയില്ല.

**പുതിയ പ്ലസ് വൺ ബാച്ചുകൾ**

258(1482) ഡോ. എം. കെ. മുനീർ:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. വിജയിച്ച അരലക്ഷത്തോളം വിദ്യാർഥികൾക്ക് ഉപരിപഠനത്തിന് അവസരം ലഭ്യമല്ലെന്നത് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എസ്.എസ്.എൽ.സി. പാസായ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിനാവശ്യമായ സീറ്റുകൾ ലഭ്യമാണ്.

(ബി) പ്രസ്തുത മേഖലയിൽ ഉപരിപഠനത്തിനായി പുതിയ ബാച്ചുകൾ അനുവദിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ആവശ്യാനുസരണം താൽക്കാലിക ബാച്ചുകൾ അനുവദിക്കാറുണ്ട്.

(സി) ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കാതെ സീറ്റ് വർധിപ്പിക്കുന്നത് പഠനനിലവാരത്തകർച്ചയ്ക്കും അധ്യാപകരുടെ ജോലിഭാരം വർധിക്കുന്നതിനും കാരണമാകുമെന്നത് പരിഗണിച്ച് പ്രസ്തുത മേഖലയിൽ പുതിയ ബാച്ചുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കിയാണ് സീറ്റുകൾ വർധിപ്പിക്കുന്നതും താൽക്കാലിക ബാച്ചുകൾ അനുവദിക്കുകയും ചെയ്യുന്നത്. അതിനാൽത്തന്നെ പഠനനിലവാരത്തെ ബാധിക്കുന്നില്ല.

**സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ലഭിച്ചിട്ടുള്ള ബഹുമതികൾ**

259 (1483) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയവും അന്തർദേശീയവുമായ എന്തെല്ലാം ബഹുമതികളും അവാർഡുകളുമാണ്

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ദേശീയവും അന്തർദേശീയവുമായി ലഭിച്ച ബഹുമതികളും അവാർഡുകളും ചുവടെ ചേർക്കുന്നു:

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പഠനത്തിൽ മിടുക്കരായ പൊതുവിദ്യാലയങ്ങളിലെ 9, 10, +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി കേന്ദ്ര വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പ് നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതിയായ നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് (NMMSS)-ന്റെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പ്രകടനം പരിഗണിച്ച് ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ച മൂന്ന് സംസ്ഥാനങ്ങൾക്കുള്ള അവാർഡിന് കേരളത്തേയും തിരഞ്ഞെടുക്കുകയും 06-03-2024-ൽ ന്യൂഡൽഹിയിൽവച്ചുനടന്ന ഏകദിന ശില്പശാലയിൽ അവാർഡ് സമ്മാനിക്കുകയും ചെയ്തു.

a. സീമാറ്റ് - കേരളയുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്കൂൾ ലീഡർഷിപ്പ് അക്കാദമി കേരളയ്ക്ക് (SLA-K) 2023-ലെ നാഷണൽ എക്സലൻസ് അവാർഡ് ലഭിക്കുകയുണ്ടായി. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര കൽപ്പിത സർവകലാശാലയായ (NIEPA)-യുടെ ധനസഹായത്തോടെ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സ്കൂൾ ലീഡർഷിപ്പ് അക്കാദമികൾ (SLAs) പ്രവർത്തിച്ചുവരുന്നുണ്ട്. സീമാറ്റിന്റെ ഭാഗമായാണ് കേരളത്തിലെ സ്കൂൾ ലീഡർഷിപ്പ് അക്കാദമി ((SLA-K, സ്കൂൾ ലീഡർഷിപ്പ് അക്കാദമി - കേരള) പ്രവർത്തിച്ചുവരുന്നത്. പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ ലക്ഷ്യമാക്കി അക്കാദമി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ നൂതന പദ്ധതികളും പ്രവർത്തനങ്ങളും കണക്കിലെടുത്താണ് നാഷണൽ എക്സലൻസ് അവാർഡ് നൽകപ്പെട്ടത്. 2023 ജൂലൈ 28-ന് ന്യൂഡൽഹിയിൽവച്ച് നടന്ന ചടങ്ങിൽ NIEPA Vice Chancellor ആണ് അവാർഡ് പ്രഖ്യാപിച്ചത്.

b. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)-ന് ലഭിച്ച അവാർഡുകൾ ചുവടെ ചേർക്കുന്നു:

Technology Sabha Award 2021- കൈറ്റ് നടപ്പിലാക്കിയ First Bell Digital Classes- ന് ലഭിച്ച ദേശീയ അവാർഡ്.

mBillionth Award 2021 - കൈറ്റ് നടപ്പിലാക്കിയ First Bell Digital Classes - ന് ലഭിച്ച ദേശീയ അവാർഡ്.

Social Media for Empowerment Award 2021 - കൈറ്റ് നടപ്പിലാക്കിയ First Bell Digital Classes- ന് ലഭിച്ച ദേശീയ അവാർഡ്

Technology Sabha Award 2022- ഓൺലൈൻ വിദ്യാഭ്യാസത്തിന് പ്ലാറ്റ്ഫോം സജ്ജമാക്കിയതിന് കൈറ്റിന് ലഭിച്ച ദേശീയ അവാർഡ്.

Technology Sabha Award 2022-സ്കൂളുകളിലെ തസ്തിക നിർണ്ണയത്തിനും നിയമനാംഗീകാരത്തിനുമായി കൈറ്റ് ഒരുക്കിയ ഓൺലൈൻ സോഫ്റ്റ്‌വെയറായ സമന്വയയ്ക്ക് എന്റർപ്രൈസ് വിഭാഗത്തിൽ ലഭിച്ച അവാർഡ്.

e-governance Championship Award 2022-കൈറ്റ് നടപ്പിലാക്കിയ First Bell Digital Classes-ന് ലഭിച്ച അവാർഡ്.

World Education Summit Award 2022-കൈറ്റ് നടപ്പിലാക്കിയ ഓൺലൈൻ ക്ലാസുകൾക്ക് പ്ലാറ്റ്ഫോം തയ്യാറാക്കിയതിന് ലഭിച്ച അവാർഡ്.

CM's Award for Innovation in Public Policy 2022.

ലിറ്റിൽ കൈറ്റ്സ് പദ്ധതി, ഫസ്റ്റ്ബെൽ, ഡിജിറ്റൽ ക്ലാസ് എന്നിവയ്ക്ക് ലഭിച്ച അവാർഡ്.

Technology Sabha Award 2023 -സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇ-ലാംഗ്വേജ് ലാബ് (ഇ-ക്യൂബ് ഇംഗ്ലീഷ്) സജ്ജമാക്കി എല്ലാ സ്കൂളുകൾക്കും സൗജന്യമായി ലഭ്യമാക്കിയതിന് ലഭിച്ച അവാർഡ്.

Technology Sabha Award 2024-കൈറ്റ് നടപ്പിലാക്കിയ റോബോട്ടിക്സ് ലാബ് /എ.ഐ. എന്നിവയ്ക്ക് ലഭിച്ച അവാർഡ്.

എസ്.എസ്.കെ. -2016-2021-ലെ മുൻസർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ ഇതുവരെയുള്ള കാലയളവിലും വിവിധ തലങ്ങളിൽ ഭരണ നേട്ടത്തിനായി ലഭിച്ച അവാർഡുകളും അംഗീകാരങ്ങളും 2018-19 വർഷം ശാലസിദ്ധി പ്രോഗ്രാം മികച്ച രീതിയിൽ നടപ്പിലാക്കിയതിന് NIEPA-യുടെ അപ്രീസിയേഷൻ ലഭിച്ചു.

പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡക്സ് (PGI) റാങ്കിംഗിൽ 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ സംസ്ഥാനത്തിന് ഒന്നാം ഗ്രേഡ് ലഭിച്ചു. 2021-22 വർഷം സംസ്ഥാനം രണ്ടാം ശ്രേണിയിലാണ്.

നീതി ആയോഗ് നടത്തിയ സംസ്ഥാനങ്ങളുടെ പൊതുവിദ്യാഭ്യാസ മികവിന്റെ റാങ്കിംഗിൽ (സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് (SEQI)) ഒന്നാം സ്ഥാനം ലഭിച്ചു.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുള്ള കോഫി ടേബിൾ ബുക്കിൽ സംസ്ഥാനത്തെ Early Childhood Care and Education (ECCE), Esteem Programme, പാർശ്വവൽകൃത മേഖലയിലെ കുട്ടികൾക്കായി നടത്തുന്ന Scaffold programme, സ്കൂൾ വെതർ സ്റ്റേഷൻ എന്നീ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം.

**സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി**

260 (1484) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിവിധ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 2016 മേയ് മുതൽ 2024 മേയ് വരെ അനുവദിച്ച പദ്ധതികളും തുകയും സ്കൂൾ തിരിച്ച് വിശദമാക്കാമോ; പ്രസ്തുത കാലയളവിൽ അനുവദിച്ച സ്കൂൾ ബസുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

കാട്ടാക്കട മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 2016 മേയ് മുതൽ 2024 മേയ് വരെ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങളും സ്കൂൾ ബസിനെ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കിയെന്ന് സ്കൂൾ തിരിച്ച് വിശദമാക്കാമോ; ഇതിനായി എന്തൊക്കെ സൗകര്യങ്ങളാണ് ക്ലാസ് മുറികളിൽ ഒരുക്കിയതെന്നും ആകെ ചെലവായ തുക എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ എല്ലാ സെക്കൻഡറി, ഹയർ സെക്കൻഡറി വിഭാഗങ്ങളിലെ ക്ലാസ് മുറികളും 2019-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

20 അധ്യയന വർഷത്തോടെ ഹൈടെക്കാക്കിയതിന്റെ ഭാഗമായി കാട്ടാക്കട മണ്ഡലത്തിലെ സ്കൂളുകളിലെ ക്ലാസ്സ് മുറികളും ഹൈടെക്കാക്കുകയുണ്ടായി. ഓരോ ക്ലാസ് മുറിയിലും ലാപ്ടോപ്, മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയ ഉപകരണങ്ങളും ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളും സ്കൂളിന് പൊതുവായി 43 ഫുൾ എച്ച്.ഡി., എൽ.ഇ.ഡി. ടെലിവിഷൻ, മൾട്ടിഫങ്ഷൻ പ്രിന്റർ, ഡി.എസ്.എൽ.ആർ. ക്യാമറ, ഫുൾ എച്ച്.ഡി. വെബ്ക്യാം തുടങ്ങിയവയും കാട്ടാക്കട മണ്ഡലത്തിലെ സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്കൂൾ തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കാട്ടാക്കട മണ്ഡലത്തിലെ പ്രസ്തുത ഐ.ടി. സൗകര്യങ്ങൾക്കായി 3,14,32,414/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ**

261 (1485) <u>ശ്രീ ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മാനന്തവാടി മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽനിന്നും 2023 മാർച്ച്, 2024 മാർച്ച് എന്നീ വർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർഥികളുടെ എണ്ണവും വിജയിച്ച വിദ്യാർഥികളുടെ എണ്ണവും സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ;

അനുബന്ധമായി ചേർക്കുന്നു.+

(ബി) 2024-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ സേ പരീക്ഷ എഴുതി  വിജയിച്ച വിദ്യാർഥികളുടെ എണ്ണം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

സേ പരീക്ഷയുടെ ഫലപ്രഖ്യാപനം ആയിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എളങ്കുന്നപ്പുഴ സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടം പൈതൃക മന്ദിരമാക്കുന്നതിന് നടപടി**

262 (1486) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ നൂറ്റിയെട്ട് വർഷം പഴക്കമുള്ള എളങ്കുന്നപ്പുഴ സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടം പൈതൃക മന്ദിരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എന്ന നിലയിൽ സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് എം.എൽ.എ. 12-07-2023-ന് വകുപ്പുമന്ത്രിക്ക് സമർപ്പിച്ചതും ഇ/7480911/2023/എം.ഐ.എൻ./ഇ.ഡി.എൻ. നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയതുമായ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(എ&ബി) 108 വർഷം പഴക്കമുള്ള എളങ്കുന്നപ്പുഴ സർക്കാർ സ്കൂൾ കെട്ടിടം പൈതൃക മന്ദിരം എന്ന നിലയിൽ സംരക്ഷിക്കുന്നതുസംബന്ധിച്ച് ലഭിച്ചിട്ടുള്ള നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതിന് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഭൂമി തരംമാറ്റുന്നതിന് ഡി.ഡി.ഇ. നിർദേശം നൽകിയതിനെതിരെയുള്ള നടപടി**

263 (1487) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട കൊടിഞ്ഞി ഇരുകുളം (ഏര്കുളം) നികത്തുന്നതിന്

ഭൂമിയുടെ തരംമാറ്റുന്നതിനായി അപേക്ഷ സമർപ്പിക്കാൻ കൊടിഞ്ഞി ജി.എം.യു.പി. സ്കൂൾ ഹെഡ്മാസ്റ്റർക്ക് മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ രേഖാമൂലം നിർദേശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നവകേരള സദസ്സിൽ കെ. പി. കെ. തങ്ങൾ എന്ന വ്യക്തി DDEMPM/0431909 നമ്പർ പരാതി പ്രകാരം, തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കൊടിഞ്ഞി ജി.എം.യു.പി. സ്കൂളിന് 12-10-1999-ലെ OP No. 8273/98 നമ്പർ ഹൈക്കോടതി വിധി പ്രകാരവും 16-12-1999-ലെ No. 22982/C1/LSGD ഗവൺമെന്റ് കത്ത് പ്രകാരവും അനുവദിച്ച ഭൂമിയിന്മേൽ 08-06-2023-ലെ No.34/2023/KEM നവ കേരളം കർമ്മ പദ്ധതി II വിദ്യാകിരണം അസിസ്റ്റന്റ് ഡയറക്ടറുടെ കത്ത് പ്രകാരം സ്കൂളിന് കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം നൽകിയിരുന്നു. ഈ സ്കൂളിന് അടിസ്ഥാനസൗകര്യ വികസനമില്ലാത്ത സാഹചര്യത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന് സ്ഥല സൗകര്യമില്ലാത്തതിനാൽ സ്കൂളിന്

അടുത്തുള്ള 215/1 സർവെ നമ്പറിലുള്ള ഒരേക്കർ 10 സെന്റ് ഭൂമി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നൽകുകയുണ്ടായി. ഈ വിഷയത്തിൽ താനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും അതുപ്രകാരം കോടതി വിധി നടപ്പിലാക്കാനുള്ള സഹായത്തിന് മലപ്പുറം ജില്ലാ കളക്ടറോട് അഭ്യർഥിക്കുകയുമുണ്ടായി. ഈ വിഷയത്തിൽ ജില്ലാ കളക്ടർ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലേയ്ക്ക് കത്തയയ്ക്കുകയും നന്നമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസ്തുത ഭൂമി നിലമായതിനാലും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതിനാലും നികത്താൻ സാധ്യമല്ലാത്തതിനാലും ഭൂമി തരംമാറ്റുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാമെന്ന് 02-02-2024-ലെ 400905/BADC 01/General/2023/8113/(2) നമ്പർ കത്ത് പ്രകാരം നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഭൂമി തരം മാറ്റുന്നതിനായി തിരൂർ സബ്കളക്ടർക്ക് കത്തുനൽകുകയും തിരൂർ സബ്കളക്ടർ RDOTIR/1535/2024 -F8 നമ്പർ കത്ത് പ്രകാരം നന്നമ്പ്ര വില്ലേജിലെ റീ.സ. 215/1-ൽപ്പെട്ട ഭൂമി 2008-നുമുമ്പ് തരം മാറ്റപ്പെട്ടതാണെങ്കിൽ ഡാറ്റാ ബാങ്കിൽനിന്നും നീക്കം ചെയ്യുന്നതിനായി ഫോറം 5-ൽ റെലിസ് പോർട്ടൽ മുഖേന ഓൺലൈനായി

അപേക്ഷിക്കാവുന്നതാണെന്നും അപേക്ഷ ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കാമെന്നും തിരൂർ സബ്കളക്ടർ അറിയിച്ചു. ഈ വിഷയത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, താനൂർ, പ്രധാനാധ്യാപകൻ, ജി.യു.പി.എസ്. കൊടിഞ്ഞി എന്നിവർക്ക് തിരൂർ സബ്കളക്ടറുടെ നിർദേശപ്രകാരമാണ് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ തുടർനടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയത്.

(ബി) പ്രസ്തുത നിർദേശം നിയമപ്രകാരമാണോ നൽകിയതെന്നും ഇതിന് സർക്കാരിന്റെ അനുമതിയുണ്ടോയെന്നും വ്യക്തമാക്കാമോ?

16-12-1999-ലെ 22982/C1/98/LSGD നമ്പർ സർക്കാർ കത്ത് പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02-02-2024-ലെ 400905/BADC 01/General/2023/8113/(2) നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ തിരൂർ സബ്കളക്ടർ നൽകിയ RDOTR/1535/2024-F8 നമ്പർ കത്തിലെ നിർദേശപ്രകാരമാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പ്രധാനാധ്യാപകൻ എന്നിവർക്ക് നിർദേശം നൽകിയത്.

(സി) മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ കൊടിഞ്ഞി ജി.എം.യു.പി. സ്കൂൾ ഹെഡ്മാസ്റ്ററോട് ഭൂമി തരംമാറ്റുന്നതിന് അപേക്ഷ നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.+

(ഡി) നന്നമ്പ്ര പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭൂമി തരംമാറ്റുന്നതിന് അപേക്ഷ നൽകാൻ വിദ്യാഭ്യാസ വകുപ്പിലെതന്നെ തന്റെ കീഴ്ജീവനക്കാരനായ ഹെഡ്മാസ്റ്റർക്ക് സർക്കാർ നിയമങ്ങളും ചട്ടങ്ങളും മറികടന്ന് രേഖാമൂലം നിർദേശം നൽകിയതിൽ ഇദ്ദേഹത്തിനെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെട്ട വിവരം ഇതുവരെ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടില്ല. ഡാറ്റാ ബാങ്കിലുൾപ്പെട്ട ഭൂമി എന്ന് മാത്രമാണ് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഇ) നിയമ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

നിലവിലെ സർക്കാർ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മാത്രമാണ് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(എഫ്) ഇത്തരത്തിൽ ചട്ടങ്ങളും നിയമങ്ങളും മറികടന്ന് മറ്റ് വകുപ്പിന്റെ ഭൂമി നികത്തുന്നതിന് അപേക്ഷ നൽകാൻ രേഖാമൂലം തന്റെ കീഴ്ജീവനക്കാരന് നിർദേശം നൽകിയത് ആരുടെയെങ്കിലും നിർദേശപ്രകാരമാണോ; വ്യക്തമാക്കാമോ?

12-10-1999-ലെ OP No. 8273/98 ഹൈക്കോടതി വിധി പ്രകാരവും 16-12-1999-ലെ No. 22982/C1/LSGD ഗവൺമെന്റ് കത്ത് പ്രകാരവും കൊടിഞ്ഞി അംശം റീ.സ. 215/1 സർവെ നമ്പറിലുള്ള ഒരേക്കർ 10 സെന്റ് ഭൂമി സ്കൂളിന്റെ ഏകദേശം 500 മീറ്റർ പരിധിയിൽ ലഭ്യമാണെന്നും ഈ ഭൂമി നിലമായതിനാലും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതിനാലും നികത്താൻ

സാധ്യമല്ലാത്തതിനാൽ ഭൂമി തരംമാറ്റുന്നമുറക്ക് തുടർനടപടി സ്വീകരിക്കാമെന്ന് നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി 02-02-2024-ലെ 400905/BADC 01/General/2023/8113/(2) നമ്പർ കത്ത് പ്രകാരം അറിയിച്ചു. ഇതുപ്രകാരം തിരൂർ സബ്കളക്ടർക്ക് ഭൂമി തരം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാൻ 30-03-2024-ന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽനിന്ന് കത്ത് നൽകുകയും അതുപ്രകാരം ഫോറം 5-ൽ റെലിസ് പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ നൽകാൻ തിരൂർ സബ്കളക്ടർ 11-04-2024-ലെ RDOTIR/1535!/2024-F8 നമ്പർ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. ഈ കത്ത് പ്രകാരം തുടർ നടപടി സ്വീകരിക്കാൻ താനൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, കൊടിഞ്ഞി ജി.എം.യു.പി. സ്കൂൾ പ്രധാനാധ്യാപകൻ എന്നിവർക്ക് കത്ത് നൽകി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായം എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി, നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തിരൂർ സബ്കളക്ടർ എന്നിവരുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഡാറ്റാ ബാങ്കിൽനിന്നും മാറ്റുന്നതിനുള്ള അപേക്ഷ നൽകുന്നതിന് തുടർനടപടി

സ്വീകരിക്കാൻ താനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊടിഞ്ഞി ജി.എം.യു.പി. സ്കൂൾ പ്രധാനാധ്യാപകൻ എന്നിവർക്ക് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽനിന്നും നിർദേശം നൽകിയത്. ഈ വിഷയത്തിൽ സർക്കാർ കോടതിതല നിർദേശങ്ങളും റവന്യൂ പഞ്ചായത്തുതല നിർദേശങ്ങളും അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുക മാത്രമാണ് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ചെയ്തിട്ടുള്ളത്.

**ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്ത് കൈറ്റിന്റെ സേവനങ്ങൾ**

264 (1488) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീമതി യു. പ്രതിഭ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്ത് കൈറ്റിന്റെ സേവനങ്ങൾ വിശദമാക്കാമോ?

സ്കൂൾ വിദ്യാഭ്യാസത്തിൽ കാലോചിതമായ സാങ്കേതികവൽക്കരണത്തിന് പ്രത്യേക ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ 2000 മുതൽ സംസ്ഥാന സർക്കാർ ആരംഭിക്കുകയും

ഐ.ടി.@ സ്കൂൾ (നിലവിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ-കൈറ്റ്) 2002-03 മുതൽ എട്ടാം ക്ലാസിൽ ഐ.ടി./ഐ.സി.ടി. ഒരു നിർബന്ധിത വിഷയമായി ഉൾപ്പെടുത്തുകയും 2005 മാർച്ച് മുതൽ എസ്.എസ്.എൽ.സി.-ക്ക് ഐ.ടി. ഒരു വിഷയമാക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 2018 മുതൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിലും 2021 മുതൽ 'വിദ്യാകിരണം' എന്ന പേരിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 2017 മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 45000 സെക്കൻഡറി, ഹയർ സെക്കൻഡറി വിഭാഗം ക്ലാസ് മുറികൾ ഹൈടെക്കാക്കുകയും ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം ക്ലാസുകളിൽ ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഉപകരണങ്ങൾ ലഭ്യമാക്കിയതോടൊപ്പം ഓരോ പാഠഭാഗത്തിനും അനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങളും അധ്യാപക പരിശീലനവും നൽകി.

കോവിഡ് കാലയളവിൽ സ്കൂൾ കുട്ടികളുടെ പഠനം നഷ്ടപ്പെടാതിരിക്കുന്നതിന് 'ഫസ്റ്റ്ബെൽ' എന്ന പേരിൽ കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലും ഓൺലൈൻ സംവിധാനങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക ഡിജിറ്റൽ ക്ലാസുകൾ കൈറ്റിന്റെ നേതൃത്വത്തിൽ നൽകിയിരുന്നു. ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം കോവിഡിന്റെ പരിമിതികൾ തരണം ചെയ്യുന്നതിനായി അധ്യാപകർക്ക് വിദ്യാർഥികളുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിന് 'ജി-സ്യൂട്ട്' സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് ഓൺലൈൻ ക്ലാസുകളും ക്രമീകരിച്ചിരുന്നു.

കാലഘട്ടത്തിനനുസൃതമായി സാങ്കേതികവിദ്യയിലധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിലും നടപ്പിലാക്കുന്നതിനായി

ഈ വർഷം മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമ്മിതബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനങ്ങളും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) വിദ്യാലയങ്ങളും രക്ഷിതാക്കളും തമ്മിലുള്ള ആശയവിനിമയവും ഇടപെടലും മെച്ചപ്പെടുത്തുന്നതിന് 'സമ്പൂർണ പ്ലസ്' ആപ്പിന്റെ രൂപീകരണം സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്കൂൾ കുട്ടികളുടെ ഹാജർ നില, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ രക്ഷിതാക്കൾക്ക് ലഭ്യമാക്കുന്നതിനും വിദ്യാലയങ്ങളും രക്ഷിതാക്കളും തമ്മിലുള്ള ആശയ വിനിമയം മെച്ചപ്പെടുത്തുന്നതിനുമായി സജ്ജമാക്കിയ സംവിധാനമാണ് ‘സമ്പൂർണ പ്ലസ്. ‘സമ്പൂർണ’ ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിലെ സൗകര്യങ്ങൾകൂടി പ്രയോജനപ്പെടുത്തിക്കൊണ്ടും കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടെയുള്ള ഡാറ്റാ സുരക്ഷ ഉറപ്പുവരുത്തിക്കൊണ്ടും ‘സമ്പൂർണ പ്ലസ്’’

മൊബൈൽ ആപ്പും ഓൺലൈൻ സംവിധാനവും കൈറ്റിന്റെ നേതൃത്വത്തിൽ സ്കൂളുകൾക്ക് സൗജന്യമായി ലഭ്യമാക്കി.

(സി) പഠന പ്രക്രിയയ്ക്ക് ആവശ്യമായ ഡിജിറ്റൽ ഉള്ളടക്കങ്ങൾ വികസിപ്പിക്കുന്നതിന് സഹായകമായ കൈറ്റ് ലെൻസ് സ്റ്റുഡിയോ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഡിജിറ്റൽ ഉള്ളടക്കങ്ങൾ കൈറ്റ് വികസിപ്പിച്ച് 'സമഗ്ര' പോർട്ടൽ മുഖേന എല്ലാ അധ്യാപകർക്കുമായി ലഭ്യമാക്കിയിട്ടുണ്ട്. പരിഷ്കരിച്ച പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി അധ്യാപകർക്കൊപ്പം കുട്ടികൾക്കും രക്ഷകർത്താക്കൾക്കുംകൂടി പഠന വിഭവങ്ങൾ ലഭ്യമാകുന്ന വിധത്തിൽ പോർട്ടൽ മെച്ചപ്പെടുത്തി 'സമഗ്ര പ്ലസ്'' ഈ വർഷം മുതൽ ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നതിന് പ്രാദേശിക സൗകര്യങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനാണ് 'കൈറ്റ് ലെൻസ്'' എന്ന പേരിൽ മേഖലാ സ്റ്റുഡിയോകൾ സജ്ജമാക്കുന്നതിന് തീരുമാനിക്കുകയും ആദ്യഘട്ടമെന്ന

നിലയിൽ കൈറ്റിന്റെ എറണാകുളം റീജിയണൽ റിസോഴ്സ് സെന്ററിൽ കൈറ്റ് ലെൻസ് സ്റ്റുഡിയോ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്റ്റാഫ് ഫിക്സേഷനും നിയമന അംഗീകാരവും സുതാര്യമാക്കുന്നതിന് സമന്വയ പോർട്ടലിന്റെ രൂപീകരണം വഴി കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണയ പ്രവർത്തനങ്ങൾ സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന്റെ ഭാഗമായി കൈറ്റ് സജ്ജമാക്കിയ 'സമന്വയ' പോർട്ടൽ വിദ്യാഭ്യാസ വകുപ്പ് പ്രയോജനപ്പെടുത്തിവരുന്നു. എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാര പ്രവർത്തനങ്ങളും ഈ സോഫ്റ്റ്‌വെയർ മുഖേനയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള പ്രവർത്തനങ്ങൾ ഓരോ ഘട്ടത്തിലും പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും സമന്വയയിൽ സംവിധാനമൊരുക്കിയിട്ടുണ്ട്.

**പരീക്ഷാഭവനിൽ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള നടപടി**

265 (1489) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവനിൽ ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി എത്ര സീറ്റുകളുണ്ടെന്നും ഓരോ സീറ്റും കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ/അപേക്ഷകൾ ഏതൊക്കെയാണെന്നും വിശദമായി തരംതിരിച്ച് നൽകാമോ?

പരീക്ഷാഭവനിൽ ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി 73 സീറ്റുകളുണ്ട്. ഓരോ സീറ്റും കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ/അപേക്ഷകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ തീർപ്പ് നല്കാനുള്ള സമയപരിധി അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

## പൊതുവിദ്യാഭ്യാസ സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

266 (1490) ഡോ. എൻ. ജയരാജ്:

ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി സ്കൂളുകൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; ഇതിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 3053 പ്രീ-പ്രൈമറി സ്കൂളുകളിലായി ഏകദേശം 154379 വിദ്യാർഥികളാണുള്ളത്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിലൂടെ മൂന്ന് മുതൽ ആറ് വയസ് വരെയുള്ള കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസവും ഭാഷാ പുരോഗതിയുമാണ് ഉന്നംവയ്ക്കുന്നത്.

(ബി) പ്രസ്തുത സ്കൂളുകൾക്കെല്ലാം നിലവിൽ അംഗീകാരം നൽകിയിട്ടുണ്ടോ; അവസാനമായി ഏതുവർഷമാണ് സ്കൂളുകൾക്ക്

അംഗീകാരം നൽകിയതെന്ന് അറിയിക്കാമോ; ഇനി അംഗീകാരം നൽകാനുള്ളവയ്ക്കുകൂടി അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

07-12-2012-നുശേഷം ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറികൾക്ക് 07-12-2012-ലെ സർക്കാർ ഉത്തരവ് (കൈ) നം.385/2012/പൊ.വി.വ. പ്രകാരം അംഗീകാരം നൽകുന്നില്ല.

(സി) ഒന്നാം ക്ലാസിലേക്കെത്തുന്നതിനുമുമ്പ് കുട്ടികൾ ആർജ്ജിക്കേണ്ട വിവിധ ശേഷികൾ നേടിയെന്ന് ഉറപ്പിക്കാനുള്ള നടപടികൾ കാര്യക്ഷമമാണോയെന്ന് വിശദമാക്കുമോ?

നാല് വയസ്സ് പൂർത്തിയാക്കുമ്പോൾ അഞ്ച് വികാസമേഖലകളിലായി 87 ശേഷികൾ കൈവരിക്കണമെന്നുള്ളതാണ് പ്രീ-സ്കൂൾ പാഠ്യപദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അതിനനുയോജ്യമായ പ്രവർത്തനങ്ങളാണ് 'കളിപ്പാട്ടം', 'കളിത്തോണി' എന്നീ പുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ ക്ലാസ് റൂം പ്രകടനങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും പോർട്ട്ഫോളിയോകളിലൂടെയും പ്രീ-സ്കൂൾ അധ്യാപകർ നിരന്തരം

വിലയിരുത്തലുകൾ നടത്തുകയും കുട്ടികൾ വിവിധ ശേഷികൾ കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

(ഡി) എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസമെന്ന തത്വത്തിന് വിരുദ്ധമായി പ്രീ-പ്രൈമറി സ്കൂളുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫീസ് സംവിധാനം നിർത്തലാക്കാൻ സർക്കാർ സഹായം ലഭ്യമാക്കുമോ?

31-07-2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.222/2013/പൊ.വി.വ. പ്രകാരം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി ക്ലാസുകളിലെ കുട്ടികളിൽനിന്നും ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളിലെ സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സേവനം**

267 (1491) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാരായി സേവനമനുഷ്ഠിക്കുന്നവരുടെ എണ്ണം, സേവന-വേതന വ്യവസ്ഥകൾ എന്നിവ വിശദമാക്കാമോ?

പൊതുവിദ്യാലയങ്ങളിൽ 23-06-2023 മുതൽ 1478 എലമെന്ററി സ്പെഷ്യൽ എജ്യൂക്കേറ്റർമാരും 1254 സെക്കൻഡറി സ്പെഷ്യൽ എജ്യൂക്കേറ്റർമാരും സേവനമനുഷ്ഠിക്കുന്നു. എലമെന്ററി വിഭാഗത്തിലെ സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപയും സെക്കൻഡറി വിഭാഗം സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപയും നൽകുന്നുണ്ട്. കൂടാതെ, റ്റി.എ., എല്ലാ വർഷവും സർക്കാർ അനുവദിക്കുന്ന ഓണം ഫെസ്റ്റിവൽ അലവൻസ് എന്നിവയും നൽകുന്നുണ്ട്. കൂടാതെ, എല്ലാ സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്കും മാനദണ്ഡപ്രകാരമുള്ള ഇ.പി.എഫ്. വിഹിതവും ശമ്പളത്തിനുപുറമെ നൽകുന്നുണ്ട്.

(ബി) അവർക്ക് മുമ്പ് ലഭിച്ചിരുന്ന പ്രതിമാസ വേതന നിരക്ക് കുറയ്ക്കാനുണ്ടായ കാരണം അറിയിക്കാമോ; വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2018-19 വരെ എലമെന്ററി വിഭാഗം സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് പ്രതിമാസം 22,000/- രൂപ ക്രമത്തിലും സെക്കൻഡറി സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് പ്രതിമാസം 27,500/- രൂപ ക്രമത്തിലും ഒരു വർഷത്തിൽ 10 മാസത്തേക്കാണ് വേതനം നൽകിയിരുന്നത്. 2019-20 മുതൽ എലമെന്ററി സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപ നിരക്കിലും സെക്കൻഡറി സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപ നിരക്കിലും 12 മാസങ്ങളിലായി നൽകിവരുന്നുണ്ട്. സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ വാർഷിക വേതനം വർധിച്ചുവെങ്കിലും 10 മാസമായി നൽകിയിരുന്ന തുക 12 മാസമായി നൽകുന്നതുകൊണ്ടാണ് പ്രതിമാസ വേതനത്തിൽ നേരിയ കുറവുണ്ടായത്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ച തുകയാണ് സമഗ്ര ശിക്ഷാ കേരളം മുഖേന സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് ശമ്പളം നൽകുന്നതിനായി ഉപയോഗിക്കുന്നത്. വേതനം വർധിപ്പിച്ച് നൽകേണ്ട കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയമാണ്.

(സി) പ്രസ്തുത തസ്തികകളിലേക്ക് സ്ഥിരനിയമനം നല്കുന്നതുമായി ബന്ധപ്പെട്ട് കോടതി വിധി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; പ്രസ്തുത നിയമനത്തിനുവേണ്ടി സ്പെഷ്യൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതാണോയെന്നും യോഗ്യതാ മാനദണ്ഡങ്ങൾ എന്താണെന്നും അറിയിക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 28-10-2021-ലെ WP(c)No. 1321/2016 കേസിന്റെ വിധിന്യായത്തിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ പൊതുവിദ്യാലയങ്ങളിൽ സ്ഥിരമായി നിയമിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ട് ആയതിനാൽ സ്ഥിരനിയമനം അപ്രായോഗികമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്ന് നിർദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നിലവിൽ കരാർ അടിസ്ഥാനത്തിൽ വർഷങ്ങളായി ജോലിചെയ്യുന്നവർക്ക് പ്രസ്തുത ജോലി സ്ഥിരപ്പെടുത്തുന്നതിന് അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ട് ആയതിനാൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്ന് നിർദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്ന(ഡി) നിലവിൽ കരാർ അടിസ്ഥാനത്തിൽ വർഷങ്ങളായി ജോലിചെയ്യുന്നവർക്ക് പ്രസ്തുത ജോലി സ്ഥിരപ്പെടുത്തുന്നതിന് അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടി**

268 (1492) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഒരു വർഷത്തിലധികം പഴക്കമുള്ള എത്ര ഫയലുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഒരു വർഷത്തിലധികം കാലപ്പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി ഈ സർക്കാർ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അദാലത്തുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കിയ ഫയലുകൾ എത്രയെന്ന് വിശദമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**മാനന്തവാടി നിയോജകമണ്ഡലത്തിൽ പ്ലസ് വൺ, പ്ലസ് ടു ജയിച്ച വിദ്യാർഥികളുടെ വിശദാംശങ്ങൾ**

269 (1493) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മാർച്ച്, 2024 മാർച്ച് വർഷങ്ങളിൽ മാനന്തവാടി മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽനിന്നും പ്ലസ് വൺ, പ്ലസ് ടു പരീക്ഷ എഴുതിയവരുടെ എണ്ണവും വിജയിച്ചവരുടെ എണ്ണവും സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2024 മാർച്ചിൽ പ്രസ്തുത മണ്ഡലത്തിൽനിന്നും പ്ലസ് വൺ, പ്ലസ് ടു പരീക്ഷ എഴുതുകയും പരീക്ഷയിൽ പരാജയപ്പെടുകയും ചെയ്തവരുടെ എണ്ണം, തോറ്റ വിഷയം, തോറ്റവരിൽ എത്ര പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ എന്ന കണക്ക് സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു. +

**സ്കൂളുകളിലെ പാചകപ്പുര നിർമ്മാണം**

270 (1494) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഫണ്ടുപയോഗിച്ച് സ്കൂളുകളിൽ പാചകപ്പുരകളും സ്റ്റോർ റൂമുകളും നിർമ്മിക്കുന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നോൺ-റെക്കറിംഗ് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് സ്കൂളുകളിൽ പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് ഫണ്ടനുവദിക്കുന്നത്. അനുവദിക്കുന്ന ഫണ്ടിന്റെ 60% തുക കേന്ദ്ര വിഹിതവും 40% തുക സംസ്ഥാന വിഹിതവുമാണ്. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 4 വ്യത്യസ്ത പ്ലിന്ത് ഏരിയയാക്കിയാണ് പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് ഫണ്ടനുവദിക്കുന്നത്.

| | **കുട്ടികളുടെ എണ്ണം** | **അനുവദിക്കുന്ന തുക** |
|---|---|---|
| I | 1-100 | 6,00,000/- |
| II | 101-200 | 7,12,992/- |
| III | 201-300 | 7,70,000/- |
| IV | 300 -നുമുകളിൽ | 8,58,976/- |

(ബി) ഇപ്രകാരം പട്ടാമ്പി മണ്ഡലത്തിലെ എത്ര സ്കൂളുകൾക്ക് പ്രസ്തുത പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും ഒരു പാചകപ്പുരയ്ക്കും സ്റ്റോർ റൂമിനും എത്ര

രൂപയാണ് അനുവദിക്കുന്നതെന്നും അറിയിക്കാമോ; അതുപ്രകാരം പ്രസ്തുത പ്രവൃത്തി ആരംഭിച്ച സ്കൂളുകളിലെ നിലവിലെ പ്രവൃത്തി പുരോഗതി വ്യക്തമാക്കാമോ?

മേൽപ്രകാരം പട്ടാമ്പി മണ്ഡലത്തിലെ 20 സ്കൂളുകൾക്ക് പ്രസ്തുത പദ്ധതിയിലൂടെ തുക അനുവദിച്ചിട്ടുണ്ട്. സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. പട്ടാമ്പി മണ്ഡലത്തിൽ ഫണ്ട് ലഭിച്ച 20 സ്കൂളുകളിൽ 13 സ്കൂളുകളിൽ പാചകപ്പുര നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 5 സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. 2 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ വിഹിതം എത്രയെന്നും സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

| പ്ലിന്ത് ഏരിയ | കുട്ടികളുടെ എണ്ണം | അനുവദിക്കുന്ന തുക | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|---|---|
| I | 1-100 | 6,00,000/- | 3,60,000/- | 2,40,000/- |
| II | 101-200 | 7,12,992/- | 4,27,795/- | 2,85,197/- |

| | | | | |
|---|---|---|---|---|
| III | 201-300 | 7,70,000/- | 4,62,000/- | 3,08,000/- |
| IV | 300-നമുകളിൽ | 8,58,976/- | 5,15,386/- | 3,43,590/- |

**പൊതുവിദ്യാലയങ്ങളിലെ സൗജന്യ യൂണിഫോം വിതരണം**

271 (1495) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള 2024-25 അധ്യയന വർഷത്തെ സൗജന്യ യൂണിഫോം വിതരണം പൂർത്തിയായോ എന്ന വിവരം ലഭ്യമാക്കാമോ?

2024-25 അധ്യയന വർഷത്തെ കൈത്തറി യൂണിഫോം വിതരണം അവസാന ഘട്ടത്തിലാണ്. കൈത്തറി യൂണിഫോം ലഭിക്കാത്ത കുട്ടികൾക്കുള്ള അലവൻസ് തുക ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

(ബി) സൗജന്യ യൂണിഫോം വിതരണം പൂർത്തിയാകാത്തയിടങ്ങളിൽ ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൈത്തറി യൂണിഫോം വിതരണത്തിന്റെ പുരോഗതി പൊതുവിദ്യാഭ്യാസ വകുപ്പ് കൃത്യമായി വിലയിരുത്തി അതിന്റെ റിപ്പോർട്ട് എല്ലാ ദിവസവും സർക്കാരിലേയ്ക്ക് നൽകുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈത്തറി വകുപ്പുമായി ബന്ധപ്പെട്ട് വിതരണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ സർക്കാർതലത്തിലും വകുപ്പുതലത്തിലും നല്കുകയും ചെയ്യുന്നുണ്ട്.

(സി) കഴിഞ്ഞ വർഷത്തെ സൗജന്യ യൂണിഫോം വിതരണം പൂർത്തിയാക്കിയോയെന്ന വിവരം ലഭ്യമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഈ വർഷം വിതരണം ചെയ്യാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

(സി&ഡി) സൗജന്യ യൂണിഫോം പദ്ധതി രണ്ടുവിധത്തിലാണ് നടപ്പിലാക്കുന്നത്. എൽ.പി., യു.പി. സർക്കാർ സ്കൂളുകൾക്കും എൽ.പി. വിഭാഗം എയ്ഡഡ് സ്കൂളുകൾക്കും കൈത്തറി യൂണിഫോമും സർക്കാർ ഹൈസ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെയുള്ള എ.പി.എൽ. വിഭാഗം ആൺകുട്ടികൾക്കും യു.പി./എച്ച്.എസ്. എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ

എട്ട് വരെയുള്ള മുഴുവൻ കുട്ടികൾക്കും യൂണിഫോം അലവൻസും നൽകിവരുന്നു. കഴിഞ്ഞ അധ്യയന വർഷം (2023-24) കൈത്തറി യൂണിഫോം പൂർണമായും വിതരണം ചെയ്തിട്ടുണ്ട്.

1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 2023-24 അധ്യയന വർഷത്തെ യൂണിഫോം അലവൻസ് അനുവദിച്ചിട്ടുണ്ട്. 6 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് യൂണിഫോം അലവൻസ് അനുവദിക്കുന്ന വിഷയം പരിഗണനയിലാണ്.

**കൂത്തുപറമ്പ് എ.ഇ.ഒ. ഓഫീസിന് സ്വന്തം കെട്ടിടം അനുവദിക്കാൻ നടപടി**

272 (1496) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായി വാടക കെട്ടിടത്തിലേക്ക് മാറേണ്ടിവന്ന കൂത്തുപറമ്പ് എ.ഇ.ഒ. ഓഫീസ് പരിമിതമായ സൗകര്യത്തിൽ പ്രവർത്തിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായിരുന്ന കെട്ടിടത്തിൽനിന്നും മാറ്റി കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് മറ്റൊരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടത്തിൽ സ്ഥലപരിമിതിയുമുണ്ട്.

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ആധുനിക സൗകര്യങ്ങളോളോടുകൂടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം നിർമ്മിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി ഫണ്ട് അനുവദിക്കുമോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**അൺ ഇക്കണോമിക് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകളുടെ വിവരങ്ങൾ**

273 (1497) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ അൺ ഇക്കണോമിക് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകളുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി) തലത്തിൽ നൽകാമോ?

മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പൊതുവിദ്യാലയങ്ങളിലെ അധ്യാപക തസ്തികകൾ**

274 (1498) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ അധ്യാപക തസ്തികകളിൽ നിലവിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ ഇപ്രകാരമുള്ള ഒഴിവുകൾ കാരണം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

സ്കൂൾ തുറന്ന സാഹചര്യത്തിൽ പി.എസ്.സി. നിയമന ശിപാർശ ലഭ്യമായ തസ്തികകളിൽ നിയമനം നൽകിവരുന്നുണ്ട്. സർക്കാർ നിർദേശപ്രകാരം ഒഴിവുള്ള സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അധ്യാപകരെ നിയമിക്കുന്നുണ്ട്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) അധ്യാപക തസ്തികകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന നടപടി ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

അധ്യാപക തസ്തികകളിൽ 30-05-2024-ലെ സ.ഉ(സാധാ)നം. 3404/2024/പൊ.വി.വ പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി. റാങ്ക് പട്ടികയിലുള്ള എത്ര ഉദ്യോഗാർഥികൾക്ക് അധ്യാപക തസ്തികയിൽ നിയമനം നൽകിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം വിരമിക്കൽ മുഖേനയുണ്ടായ തസ്തികകളാണെന്നും എത്ര താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും അധ്യയന വർഷം തിരിച്ചുള്ള കണക്കുകൾ നൽകാമോ?

അനുബന്ധമായി ചേർക്കുന്നു.+

**കാസർഗോഡ് ജില്ലയിലെ അധ്യാപക തസ്തികകളിലെ ഒഴിവുകൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

275 (1499) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ സ്കൂളുകളിൽ വിവിധ വിഭാഗങ്ങളിലായി എത്ര അധ്യാപക തസ്തികകളാണ് നിലവിലുള്ളതെന്ന് പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിലെ സർക്കാർ സ്കൂളുകളിൽ വിവിധ വിഭാഗങ്ങളിലായി നിലവിലുള്ള അധ്യാപക തസ്തികകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. +

(ബി) ഇതിൽ ഓരോ വിഭാഗത്തിലും നിലവിൽ എത്ര പേർ വീതം അന്യത്രസേവനം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 9 അധ്യാപകരും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 2 അധ്യാപകരും ഹൈസ്കൂൾ വിഭാഗത്തിൽ 15 അധ്യാപകരും പ്രൈമറി വിഭാഗത്തിൽ 17 അധ്യാപകരും അന്യത്രസേവനം ചെയ്യുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഓരോ വിഭാഗത്തിലും എത്ര തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 157 ഒഴിവുകളും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 78 ഒഴിവുകളും ഹൈസ്കൂൾ വിഭാഗത്തിൽ 256 ഒഴിവുകളും പ്രൈമറി വിഭാഗത്തിൽ 356 ഒഴിവുകളും നിലവിലുണ്ട്.

(ഡി) ഓരോ വിഭാഗത്തിലും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച് വിശദീകരിക്കാമോ?

ഹയർ സെക്കൻഡറി വിഭാഗം:- സംസ്ഥാന തലത്തിൽ നിയമനം നടത്തുന്ന സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ ബാച്ച് ഷിഫ്റ്റിംഗ് മുഖേന തസ്തികളിൽ മാറ്റം വരുന്നതിനാൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയായശേഷം മാത്രമേ ഒഴിവുകൾ നികത്താൻ കഴിയുകയുള്ളൂ.

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം:- നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിൽ 10 ഒഴിവുകളും നോൺ വൊക്കേഷണൽ ടീച്ചർ ജൂനിയർ തസ്തികയിൽ 25 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹൈസ്കൂൾ/പ്രൈമറി വിഭാഗം:- ഹൈസ്കൂൾ വിഭാഗത്തിൽ 174 ഒഴിവുകളും പ്രൈമറി വിഭാഗത്തിൽ 314 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ ഹയർ സെക്കൻഡറി സ്കൂൾ കണക്ക് ടീച്ചർ തസ്തികയിലെ ഒഴിവുകൾ**

276 (1500) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (കണക്ക്) തസ്തികയിൽ മലപ്പുറം ജില്ലയിൽ നിലവിൽ ആകെ എത്ര ഒഴിവുകളുണ്ടെന്നറിയിക്കാമോ; ഇതിൽ പി.എസ്.സി. മുഖാന്തരം നേരിട്ടുള്ള നിയമനത്തിനായുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായുള്ള ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളും തരംതിരിച്ച് വ്യക്തമാക്കാമോ?

നിലവിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (കണക്ക്) തസ്തികയിൽ 55 ഒഴിവുകളുണ്ട്. അത് താഴെപ്പറയും പ്രകാരം മാറ്റിവച്ചിരിക്കുന്നു.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഫോർ എസ്.ടി. (പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ) - 3 ഒഴിവുകൾ

ശൂന്യവേതനാവധി മുഖാന്തരം - 6 ഒഴിവുകൾ

2024 വർഷത്തെ റിട്ടയർമെന്റ് - 33 ഒഴിവുകൾ

ബാച്ച് ഷിഫ്റ്റായ അധ്യാപകരെ പുനർവിന്യസിക്കുന്നതിനായി മാറ്റിവച്ചിട്ടുള്ള ഒഴിവുകൾ - 12 ഒഴിവുകൾ

മരണംമൂലമുണ്ടായത് - 1

(സി) മലപ്പുറം ജില്ലയിൽനിന്നും 2025, 2026 വർഷങ്ങളിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (കണക്ക്) തസ്തികയിൽനിന്നും വിരമിക്കുന്ന അധ്യാപകരുടെ പേരും അവരുടെ ഇപ്പോഴത്തെ മാതൃസ്കൂളും വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**പ്രൈമറി പ്രഥമാധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം**

277 (1501) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷം കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ പ്രൈമറി പ്രഥമാധ്യാപക തസ്തികയിലേയ്ക്കുള്ള

സ്ഥാനക്കയറ്റത്തിനായി മേയ്, ജൂൺ മാസങ്ങളിൽ പ്രസിദ്ധീകരിച്ച അർഹരായ അധ്യാപകരുടെ പട്ടിക ലഭ്യമാക്കാമോ?

2024-25 അധ്യയന വർഷം കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ പ്രൈമറി പ്രഥമാധ്യാപക തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി മേയ്, ജൂൺ മാസങ്ങളിൽ പ്രസിദ്ധീകരിച്ച അർഹരായ അധ്യാപകരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. +

(ബി) പ്രസ്തുത പട്ടികയിൽ എത്ര യു.പി.എസ്.ടി. അധ്യാപകർ (ഭാഷാ അധ്യാപകർ ഒഴികെ) ഉണ്ടെന്നും അവരുടെ പേരും മാതൃസ്കൂളും വ്യക്തമാക്കാമോ?

പ്രസ്തുത പട്ടികയിലുൾപ്പെട്ട 19 പേർ യു.പി.എസ്.ടി. തസ്തികയിൽ സേവനം ചെയ്യുന്നവരാണ്. ടി അധ്യാപകരുടെ പേരും മാതൃസ്കൂളും വ്യക്തമാക്കിക്കൊണ്ടുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത ലിസ്റ്റിലെ എല്ലാ അധ്യാപകരും സ്ഥാനക്കയറ്റം സ്വീകരിച്ചോയെന്നും സ്ഥാനക്കയറ്റം നിരസിച്ച അധ്യാപകരുടെ എണ്ണവും പേരും വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രസ്തുത ലിസ്റ്റിൽ 42 പേർ സ്ഥാനക്കയറ്റം നിരസിച്ചു. സ്ഥാനക്കയറ്റം നിരസിച്ചവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രൈമറി സ്കൂൾ പ്രധാനാധ്യാപകരുടെ സ്ഥാനക്കയറ്റ പ്രക്രിയ പൂർത്തിയായോയെന്നും ഇനി എത്ര ഒഴിവുകളിലേയ്ക്ക് പട്ടിക പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കാമോ?

നിലവിലുള്ള എല്ലാ ഒഴിവുകളിലേയ്ക്കും പ്രൈമറി സ്കൂൾ പ്രധാനാധ്യാപകരുടെ സ്ഥാനക്കയറ്റ പ്രക്രിയ പൂർത്തിയായിട്ടുണ്ട്.

**അധ്യാപക തസ്തിക നിർണ്ണയം**

278 (1502) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കാത്തതുകാരണം അധ്യാപക തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് പട്ടികയിലുൾപ്പെട്ട ഉദ്യോഗാർഥികൾക്ക് ജോലി ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പൊതുവിദ്യാലയങ്ങളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്. ടി വർഷത്തെ അധിക തസ്തിക അനുവദിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ലിസ്റ്റ് പോലും ആവശ്യപ്പെടാതെ നിരവധി അധ്യാപക തസ്തികകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് നടപടിയോ നിർദേശമോ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.ഇ.ആർ. അധ്യായം XIV A ചട്ടം 7A (3) പ്രകാരം “Vacancies the duration of which is less than one academic year shall not be filled up” എന്നാണ്. അതിനാൽ ഒരു വർഷത്തിൽ താഴെയുള്ളവ ചട്ടപ്രകാരം നികത്തപ്പെടുന്ന ഒഴിവുകളല്ല. വിദ്യാർഥികളുടെ പഠനാവസരം

തടസ്സപ്പെടാതിരിക്കുന്നതിനായി അടിയന്തരമായി ആവശ്യമുള്ള താൽക്കാലിക ക്രമീകരണങ്ങൾ മാത്രമാണ് ചെയ്തുവരുന്നത്. ഈ വർഷവും ദിവസ വേതന നിയമനം നടത്തുന്നതിനായി 30-05-2024-ലെ സർക്കാർ ഉത്തരവ് (സാധാ)നം. 3404/2024/പൊ.വി.വ. പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. റാങ്ക് പട്ടികയിലുൾപ്പെട്ട എത്ര ഉദ്യോഗാർഥികൾക്ക് അധ്യാപക തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്; ഇതിൽ എത്രയെണ്ണം വിരമിക്കൽ വഴിയുണ്ടായ തസ്തികകളാണ്; നൽകാമോ?

ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**സ്പെഷ്യൽ എജ്യുക്കേറ്റർമാരുടെ നിയമനം**

279 (1503) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ഭിന്നശേഷിക്കാരായ കുട്ടികളുടെ പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്നതിന് എത്ര സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

എലമെന്ററി വിഭാഗത്തിൽ 23-06-2023 മുതൽ 1478 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെയും സെക്കൻഡറി വിഭാഗത്തിൽ 1254 പേരെയും നിയമിച്ചിട്ടുണ്ട്.

(ബി) ഇവർ കരാർ അടിസ്ഥാനത്തിലാണോ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ കരാർ അടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്.

(സി) എങ്കിൽ കാലാവധി എത്രയാണെന്നും കാലാവധി കഴിഞ്ഞാൽ ഇവരെ പുനർനിയമിക്കാറുണ്ടോയെന്നും വ്യക്തമാക്കാമോ;

പദ്ധതി വർഷം ഏപ്രിൽ മാസത്തെ 2-ാമത്തെ പ്രവൃത്തി ദിനം മുതൽ അടുത്ത മാർച്ച് 31 വരെയാണ് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നത്. കാലാവധി കഴിയുമ്പോൾ കഴിഞ്ഞ പദ്ധതി കാലയളവിലെ പ്രകടനം

വിലയിരുത്തി അടുത്ത വർഷത്തിലേയ്ക്ക് പുതിയ കരാറടിസ്ഥാനത്തിൽ പുനർനിയമിക്കാറുണ്ട്.

(ഡി) എത്ര വർഷം വരെ തുടർച്ചയായി ജോലി ചെയ്യുന്നവർ ഇവരിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കാമോ?

ഡി.പി.ഇ.പി., എസ്.എസ്.എ., ആർ.എം.എസ്.എ., എസ്.എസ്.കെ. തുടങ്ങി വിവിധ പ്രോജക്ടുകളിലായി 24 വർഷം വരെ കരാറിൽ തുടർന്നുവരുന്ന സ്പെഷ്യൽ എജ്യൂക്കേറ്റർമാരുണ്ട്.

(ഇ) ഇവരെ സ്ഥിരപ്പെടുത്തണമെന്ന് ഏതെങ്കിലും കോടതിയുടെ വിധിയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് കോടതിയുടേതാണ് പ്രസ്തുത വിധിയെന്നും ആയത് പുറപ്പെടുവിച്ചത് എന്നാണെന്നും വ്യക്തമാക്കാമോ?

നിലവിലുള്ള സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ സ്ഥിരപ്പെടുത്തണമെന്ന് കോടതി വിധിയില്ല. 28-10-2021-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ Writ Petition Civil 132 of 2016 വിധിന്യായത്തിൽ എല്ലാ

പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എജ്യുക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

(എഫ്) സ്പെഷ്യൽ എജ്യുക്കേറ്റർമാരുടെ വേതനം എത്രയാണെന്നും അടുത്തകാലത്ത് വേതനം വെട്ടിക്കുറച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

എലമെന്ററി വിഭാഗം സ്പെഷ്യൽ എജ്യുക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപയും സെക്കൻഡറി വിഭാഗം സ്പെഷ്യൽ എജ്യുക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപയും നൽകിവരുന്നു. അവരുടെ വേതനം വെട്ടിക്കുറച്ചിട്ടില്ല. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ച തുകയാണ് ഇവർക്ക് ശമ്പളം നൽകുന്നതിനായി ഉപയോഗിക്കുന്നത്. 2018-19 കാലയളവിൽ എലമെന്ററി സ്പെഷ്യൽ എജ്യുക്കേറ്റർമാർക്ക് പ്രതിമാസം 22,000/- രൂപ ക്രമത്തിൽ ഒരു വർഷം 10 മാസത്തേയ്ക്ക് 2.2 ലക്ഷം രൂപയും സെക്കൻഡറി സ്പെഷ്യൽ എജ്യുക്കേറ്റർമാർക്ക് പ്രതിമാസം 27,500/- രൂപ ക്രമത്തിൽ ഒരു വർഷം 10 മാസത്തേയ്ക്ക് 2.75 ലക്ഷം രൂപയും നൽകി. 2019-20 മുതൽ എലമെന്ററി സ്പെഷ്യൽ എജ്യുക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപ ക്രമത്തിൽ ഒരു

വർഷം 12 മാസങ്ങളിലായി 2.4 ലക്ഷം രൂപയും സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് ഒരു വർഷം 12 മാസങ്ങളിലായി 3 ലക്ഷം രൂപയും നൽകിവരുന്നു. വേതനം വെട്ടിക്കുറച്ചിട്ടില്ല.

**കാലാവധി കഴിയാറായ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എൽ.പി./യു.പി. അധ്യാപകരെ നിയമിക്കാൻ നടപടി**

280 (1504) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ എൽ.പി.എസ്.എ. തസ്തികയിൽനിന്ന് 2024 മേയ് 31-ന് വിരമിച്ച അധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിൽനിന്നും 2025 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ വിരമിക്കുന്ന എൽ.പി.എസ്.എ./യു.പി.എസ്.എ.-മാരുടെയും എൽ.പി./യു.പി.

പ്രധാനാധ്യാപകരുടെയും പേരും സ്കൂളും അവർ വിരമിക്കുന്ന തീയതിയും പട്ടിക തിരിച്ച് നൽകാമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സംസ്ഥാനത്ത് 2023-24 അധ്യയന വർഷത്തിലുണ്ടായ എത്ര അധിക തസ്തികകളാണ് എഡ്യൂക്കേഷൻ ഡയറക്ടറുടെ ഓഫീസിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്; അധിക തസ്തികകളുള്ള സ്കൂളുകളുടെ പേരും അധിക തസ്തികയുടെ എണ്ണവും ജില്ല തിരിച്ച് നൽകാമോ?

സംസ്ഥാനത്ത് 2023-24 അധ്യയന വർഷത്തിൽ വിവിധ സർക്കാർ സ്കൂളുകളിലായി 957 അധിക തസ്തികകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. അധിക തസ്തികകളുള്ള സ്കൂളുകളുടെ പേരും അധിക തസ്തികകളുടെ എണ്ണവും ജില്ല തിരിച്ചുള്ള ലിസ്റ്റും അനുബന്ധമായി ചേർത്തിരിക്കുന്നു. +

(ഡി) 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കണക്കനുസരിച്ച് സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറയുകയോ കൂടുകയോ ചെയ്തതുമൂലം എൽ.പി.എസ്.എ./യു.പി.എസ്.എ. തസ്തിക യഥാക്രമം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നഷ്ടപ്പെടാനും അധിക തസ്തിക ലഭിക്കാനും സാധ്യതയുള്ള സ്കൂളുകളുടെ പേരുകൾ ജില്ല തിരിച്ച് നൽകാമോ?

2024-25 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വ്യക്തമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഇ) 2023-24 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കി അധിക തസ്തികകൾ എന്ന് പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കാമോ?

2023-24 വർഷത്തെ അധിക തസ്തികകൾ സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) 2025 ഒക്ടോബർ 10-ന് കാലാവധി അവസാനിക്കുന്ന യു.പി.എസ്.എ. റാങ്ക് ലിസ്റ്റിൽനിന്നും 2025 മേയ് 31-ന് അവസാനിക്കുന്ന എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽനിന്നുമുള്ള നിയമനങ്ങൾക്ക് 2025-26 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2025-26 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കുകയും അധിക തസ്തികകളുണ്ടാകുന്നുണ്ടെങ്കിൽ അത് അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിയമാനുസൃത വിഹിതം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സാധിക്കുകയുള്ളൂ.

**കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സർക്കാർ യു.പി.എസ്.എ. തസ്തികയിലെ ഒഴിവുകൾ**

281 (1505) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ യു.പി.എസ്.എ. തസ്തികയിൽ (ഭാഷാ അധ്യാപക തസ്തിക ഒഴികെ) നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയാണ്; വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ രണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്.

തൃശ്ശൂർ ജില്ലയിൽ നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഒഴിവുകളില്ല.

(ബി) നിലവിലുള്ള ഒഴിവുകളിൽ ജനറൽ, ബൈട്രാൻസ്ഫർ, ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫർ എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ?

<u>കോട്ടയം ജില്ല</u>: പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതുൾപ്പെടെ ജനറൽ കാറ്റഗറിയിൽ 18-ഉം ബൈട്രാൻസ്ഫർ കാറ്റഗറിയിൽ 2-ഉം ഒഴിവുകളുണ്ട്. കൂടാതെ, അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി 3 ഒഴിവുകളും നിലവിലുണ്ട്.

<u>തൃശ്ശൂർ ജില്ല</u>: പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതുൾപ്പെടെ ജനറൽ കാറ്റഗറിയിൽ 15-ഉം ബൈട്രാൻസ്ഫർ കാറ്റഗറിയിൽ 8-ഉം ഒഴിവുകളുണ്ട്. കൂടാതെ, ഇന്റർ ഡിപ്പാർട്ടുമെന്റൽ സ്ഥലംമാറ്റത്തിനായി ഒരു ഒഴിവും നിലവിലുണ്ട്.

(സി) പ്രസ്തുത ജില്ലകളിൽ സർക്കാർ യു.പി.എസ്.എ. തസ്തികയിൽനിന്നും 2025 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ വിരമിക്കുന്ന അധ്യാപകരുടെ പേരും ഇപ്പോൾ ജോലി നോക്കുന്ന സ്കൂളും വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കോട്ടയം ജില്ലയിലെ യു.പി.എസ്.ടി. നിയമനം

282 (1506) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ യു.പി.എസ്.ടി. നിയമനവുമായി ബന്ധപ്പെട്ട് രഞ്ജീഷ് കുമാർ (എ 3/2320/2024/ഡി.ഡി.ഇ.കെ.റ്റി.എം.), സീമ ഷാമോൻ (എ 3/6550/2023/ഡി.ഡി.ഇ.കെ.റ്റി.എം.) എന്നിവർക്ക് ലഭിച്ച വിവരാകാശ മറുപടിയിൽ ബൈട്രാൻസ്ഫർ നിയമനത്തിനായി നീക്കിവച്ചിരുന്നതായി പ്രതിപാദിക്കുന്ന രണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതി വ്യക്തമാക്കാമോ?

അധ്യാപകരുടെ 2024-25 വർഷത്തെ ഓൺലൈൻ സ്ഥലംമാറ്റപ്പട്ടിക പ്രകാരം യു.പി.എസ്.ടി. തസ്തികയിൽ 3 ഒഴിവുകളുടെ കുറവുണ്ടായിട്ടുള്ളതിനാൽ പുനഃപരിശോധനയ്ക്കുശേഷം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) രഞ്ജീഷ് കുമാറിന് (എ 3/2320/2024/ഡി.ഡി.ഇ.കെ.റ്റി.എം.) ലഭിച്ച വിവരാവകാശ മറുപടിയിൽ പ്രതിപാദിച്ച പി.എസ്.സി.-ക്ക് റിപ്പോർട്ട്

ചെയ്ത 19 ഒഴിവുകളിൽ എത്ര ബൈട്രാൻസ്ഫർ ഒഴിവുകളുണ്ടെന്നും പ്രസ്തുത 19 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതിയും വ്യക്തമാക്കാമോ?

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 19 ഒഴിവുകളിൽ ബൈട്രാൻസ്ഫർ ഒഴിവുകളുടെ എണ്ണം - 1 (ഒന്ന്).

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് 26-08-2023, 30-11-2023, 21-02-2024, 27-02-2024 എന്നീ തീയതികളിലാണ്.

(സി) 2023-24 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റം പൂർത്തിയായതിനുശേഷം 2024 ജനുവരി മുതൽ 2024 മേയ് മാസം വരെ യു.പി.എസ്.ടി. തസ്തികയിലുടലെടുത്ത വിരമിക്കൽ ഉൾപ്പെടെയുള്ള ആകെ ഒഴിവുകൾ 22 ആയിരിക്കവേ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി 10% ഒഴിവുകൾ നീക്കിവയ്ക്കണമെന്ന മുൻകാല നിബന്ധന നിലനിൽക്കെ 18-05-2024-ൽ ലഭിച്ച വിവരാവകാശ മറുപടിയിൽ (എ 3/2320/2024/ഡി.ഡി.ഇ. കെ.റ്റി.എം.) അന്തർജില്ലാ സ്ഥലംമാറ്റത്തിനായി പരമാവധി മൂന്ന് ഒഴിവുകൾക്ക് പകരം അഞ്ച് ഒഴിവുകൾ നീക്കിവച്ചിരിക്കുന്നുവെന്ന് പ്രതിപാദിച്ചിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

ആകെ ഒഴിവുകൾ ഒരുമിച്ചുണ്ടാകുന്നവയല്ലാത്തതിനാൽ ഓരോ സമയത്തുമുണ്ടാകുന്ന ഒഴിവുകളിൽ നിശ്ചിത മാനദണ്ഡപ്രകാരം മാറ്റിവച്ചിട്ടുള്ള ആകെ ഒഴിവുകളാണ് 5 (അഞ്ച്). എന്നാൽ കേഡർ സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത ശതമാനം കണക്കാക്കിയും സ്ഥലംമാറ്റത്തിലൂടെയുണ്ടാകുന്ന ഒഴിവുകളുടെ വ്യത്യാസവും (പി.ഡി. ടീച്ചർമാരുടെ സ്ഥലംമാറ്റംമൂലം) കണക്കിലെടുത്ത് നിശ്ചിത ഒഴിവുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മാനദണ്ഡപ്രകാരമുള്ള ഒഴിവുകൾ മാറ്റിനിർത്തി ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

മാനദണ്ഡപ്രകാരമുള്ള ഒഴിവുകൾ മാറ്റിനിർത്തി ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക്**

283 (1507) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തുവിട്ട പീരിയോഡിക് ലേബർ ഫോഴ്സ് സർവെ പ്രകാരം ഈ വർഷം ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ പതിനഞ്ച് മുതൽ ഇരുപത്തിയൊമ്പത് വയസ്സ് വരെ പ്രായമുള്ളവരിലെ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടുതൽ കേരളത്തിലാണോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കണക്കുകൾപ്രകാരം ഇതേ കാലയളവിൽ സംസ്ഥാനത്തിലേയും ദേശീയതലത്തിലേയും തൊഴിലില്ലായ്മ നിരക്കുകൾ എത്ര വീതമാണെന്ന് അറിയിക്കാമോ;

(സി) ഈ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയുടെ ഇരട്ടിയോളമാണോ; എങ്കിൽ സംസ്ഥാനത്തെ ഇത്രയും ഉയർന്ന നിരക്കിലുള്ള തൊഴിലില്ലായ്മയുടെ കാരണങ്ങൾ എന്തെല്ലാമാണെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവെ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ചെയ്യുന്നില്ല. അതിനാൽത്തന്നെ

സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് എത്ര ശതമാനമാണെന്ന് ആധികാരിക വിവരം ലഭ്യമല്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2024 മാർച്ച് 31 വരെ ആകെ 2655736 ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമംമൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവരും തൊഴിൽരഹിതരാകണമെന്നുമില്ല.

2023-24 സാമ്പത്തിക വർഷം സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ 14713 ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്താൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർഥികളുടെ എണ്ണത്തിലെ വർധനവും അനയോജ്യമായ തൊഴിൽ ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ തൊഴിലില്ലായ്മ

നിരക്ക് വർധിക്കുന്നതിന് കാരണമാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2021 ജൂൺ മുതൽ 2024 മാർച്ച് വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട ഒഴിവുകളിന്മേൽ 37390 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പയ്യന്നൂരിലെ കരിയർ ഡെവലപ്മെന്റ് സെന്റർ**

284 (1508) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കേന്ദ്രീകരിച്ച് തുടങ്ങാൻ ഭരണാനുമതി ലഭിച്ച കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ തുടർനടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പുതിയ തസ്തിക സൃഷ്ടിക്കാതെ നിലവിലുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കി പയ്യന്നൂരിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പയ്യന്നൂർ കേന്ദ്രമായി കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് കണ്ടങ്കാളി വികസന സമിതി വിട്ടുനൽകിയ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ പുരോഗമിക്കുന്നു.

(ബി) കരിയർ ഡെവലപ്മെന്റ് സെന്ററിനായുള്ള കെട്ടിടം നിർമ്മിക്കുന്നതിന് കണ്ടങ്കാളി വികസന സമിതി വിട്ടുനൽകിയ ഭൂമി വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ കേന്ദ്രമായി കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് കണ്ടങ്കാളി വികസന സമിതി വിട്ടുനൽകിയ ഭൂമി വകുപ്പിന്റെ/സർക്കാരിന്റെ പേരിൽ ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

(സി) സെന്ററിന്റെ പ്രവർത്തനം എത്രയും വേഗത്തിൽ തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സെന്ററിന്റെ പ്രവർത്തനം വേഗത്തിൽ തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ**

285 (1509) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ഒരു വർഷത്തിലേറെയായി കുടിശ്ശികയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം 2023 മാർച്ച് വരെയുള്ള ആനുകൂല്യങ്ങളും 2023 മേയ് മാസം വരെയുള്ള പെൻഷനും മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ.

(ബി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ് പിരിവ് കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; സെസ്സ് പിരിവിൽ വീഴ്ചയുണ്ടാകാനുള്ള കാരണം വിശദമാക്കാമോ?

ഉണ്ട്. ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിംഗ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്. തൊഴിൽ വകുപ്പിനെയാണ് സെസ്സ് പിരിവിനായി ചുമതലപ്പെടുത്തിയിരുന്നത്. ലേബർ ഓഫീസർമാർ തങ്ങൾക്ക് നിർവഹിച്ചിരുന്ന മറ്റ് ജോലികൾക്ക് പുറമെയാണ് ടി ചുമതലയും നിർവഹിച്ചിരുന്നത്. അതിനാൽ ഫലപ്രദമായും സമയബന്ധിതമായും സെസ്സ് നിർണയിക്കുന്നതിനും ഈടാക്കുന്നതിനും പൂർണതോതിൽ സാധിച്ചിരുന്നില്ല. ബോർഡിന്റെ വരുമാനം വർധിപ്പിക്കുന്നതിലേയ്ക്കായി സെസ്സ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി 14-02-2024-ൽ സ.ഉ (കൈ) 23/24/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി&ഡി) സ്വീകരിക്കും. തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം സെസ്സ് പിരിവ് നടപ്പിലാക്കുന്നതിന് 14-02-2024-ൽ സ.ഉ (കൈ) 23/24/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സെസ്സ് ഒടുക്കുന്നതിന് വിധേയമായി മാത്രമേ ഒക്യുപൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതുള്ളൂവെന്ന് ടി ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയറായ കെ-സ്മാർട്ടിൽ സെസ്സ് പിരിക്കുന്നതിനാവശ്യമായ മോഡ്യൂൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) കൈക്കൊണ്ടുവരുന്നു. ടി സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ സെസ്സ് വരുമാനത്തിൽ വൻ വർധനവുണ്ടാവുകയും ഇതിലൂടെ കുടിശ്ശികയടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് സാധിക്കുന്നതുമാണ്.

**തോട്ടം ഉടമകൾ ഉപേക്ഷിച്ചുപോയ തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി നടപടി**

286 (1510) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികളുടെ ലേബർ ലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധന നടത്തി ആയതിന്റെ ന്യൂനത പരിഹരിക്കുന്നതിനായി മാനേജ്മെന്റിന് നിർദേശം നൽകുകയും തുടർപരിശോധനകളിൽ ന്യൂനത പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ പലതും കാലപ്പഴക്കംമൂലം വാസയോഗ്യമല്ലാത്തതിനാൽ ടി ലയങ്ങൾ പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ ശിപാർശ പരിഗണിച്ചുകൊണ്ട് സർക്കാർ അംഗീകരിച്ച പ്ലാന്റേഷൻ നയത്തിൽ തോട്ടം ഉടമകളുടെ സഹകരണത്തോടെ തോട്ടം തൊഴിലാളികൾക്ക് സ്വന്തം വീട് എന്നത് യാഥാർഥ്യമാക്കുകയെന്ന്

വിഭാവനം ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തൊഴിലാളികൾക്കും സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫിൽ ഉൾപ്പെടുത്തി ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കാൻ തീരുമാനിക്കുകയും പ്രസ്തുത നടപടിയുടെ ഭാഗമായി ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ 2017-ൽ തൊഴിൽ വകുപ്പ് നടത്തിയ പ്രാഥമിക സർവെയിൽ കണ്ടെത്തിയ 32452 തൊഴിലാളികളുടെ ലിസ്റ്റ് ഭവനം ഫൗണ്ടേഷന് സമർപ്പിക്കുകയും ചെയ്തു. ടി ലിസ്റ്റിന്മേൽ ലൈഫ് മാനദണ്ഡപ്രകാരം വീട് ലഭ്യമാകുന്നതിനുള്ള അർഹത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ലിസ്റ്റ് പരിശോധിക്കുന്നതിനായി യൂസർ ഐ.ഡി.- യും പാസ്‌വേർഡും ലൈഫ് മിഷന് നൽകിയിട്ടുള്ളതുമാണ്.

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി ഇനം നം. 240 ആയി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായി രൂപീകരിച്ച പ്ലാന്റേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 06-1-2024-ലെ യോഗത്തിൽ ലയങ്ങളുടെ നവീകരണത്തിനായി തോട്ടം ഉടമകൾ വായ്പ എടുക്കുന്നതിനും ബജറ്റിൽ അനുവദിച്ചിട്ടുള്ള 10 കോടി രൂപ ഉപയോഗിച്ച് ടി വായ്പയുടെ പലിശ ഇളവ് സർക്കാർ വഹിക്കുന്നതിനും തീരുമാനമാകുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ തുടർച്ചയായി ലയങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട 25-1-2024-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെയും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെയും സംയുക്ത സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ ലയങ്ങളുടെ പുനരുദ്ധാരണത്തിന് വായ്പയെടുക്കുമ്പോൾ വായ്പയുടെ പലിശയിനത്തിൽ വരുന്ന തുകയ്ക്ക് തോട്ടം ഉടമകൾക്ക് സർക്കാർ സബ്സിഡി അനുവദിക്കുന്നത് പരിഗണിക്കാൻ തീരുമാനിക്കുകയും ലയങ്ങളുടെ നവീകരണത്തിനായി പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ തോട്ടം ഉടമകൾക്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി അനുവദിക്കുന്നതിന് ചെലവഴിക്കുന്നതിലേയ്ക്കായി പ്ലാന്റേഷൻ ഡയറക്ടറേറ്റ്

മുഖേന ഒരു സ്കീം രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി ലയങ്ങൾ നവീകരിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനുമായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് തൊഴിലുടമയ്ക്ക് സഹായം നൽകുന്ന പദ്ധതി തൊഴിലുടമകളുമായും ബാങ്ക് പ്രതിനിധികളുമായും (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി) ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻസ് സ്പെഷ്യൽ ഓഫീസർ വ്യവസായ വകുപ്പ് മുഖേന തയ്യാറാക്കിയിട്ടുണ്ട്.

ബോണക്കാട് എസ്റ്റേറ്റിൽ പുതുക്കിപ്പണിയാവുന്ന നിലവിൽ 42 ലയങ്ങളുടെ പുനരുദ്ധാരണം നടത്തുന്നതിനുവേണ്ടിയുള്ള ജില്ലാ കളക്ടർ മുഖേന ലഭ്യമാക്കിയ പ്രൊപ്പോസൽ ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി നിർമ്മിക്കുന്നതിനുമായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുട്ടം മുഖേന സമർപ്പിച്ച എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

മണ്ണിടിച്ചിൽ, മഴ തുടങ്ങിയ സാഹചര്യങ്ങൾ ലയങ്ങളുടെ സ്ഥിതി ദുസ്സഹമാക്കുമെന്നതിനാൽ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി വകയിരുത്തിയിട്ടുള്ള 10 കോടി രൂപയുടെയുള്ള പ്രൊപ്പോസൽ തയ്യാറാക്കി ആയത് സംബന്ധിച്ച അടിയന്തര നടപടി സ്വീകരിക്കുന്നതിന് വ്യവസായ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) തോട്ടം ഉടമകൾ ഉപേക്ഷിച്ചുപോയ തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവിധ ധനസഹായങ്ങൾ നൽകിവരുന്നുണ്ട്. വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, ഭാഗികം/പൂർണമായി അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് നൽകുന്ന ധനസഹായം,

ചികിത്സാ ധനസഹായം എന്നീ ധനസഹായങ്ങൾ തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്നുണ്ട്.

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് പ്രത്യേക വിദ്യാഭ്യാസ ആനുകൂല്യം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് മെറിറ്റടിസ്ഥാനത്തിൽ വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നു. കൂടാതെ, സ്വാശ്രയാടിസ്ഥാനത്തിൽ പഠിക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് ഒറ്റത്തവണയായി വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നുണ്ട്.

(ഡി) തോട്ടം ഉടമകൾ ഉപേക്ഷിച്ചുപോയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി എസ്റ്റേറ്റ് മാനേജ്മെന്റുകളെ ഉൾപ്പെടുത്തി 2018 നവംബർ മാസം ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന

യോഗത്തിൽ തോട്ടം തുറക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ സമർപ്പിക്കാൻ മാനേജ്മെന്റിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുന്നതിന് പ്രായോഗിക തടസ്സങ്ങളുള്ളതിനാൽ അത് അംഗീകരിച്ചിട്ടില്ല.

തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ നൽകാതെ തൊഴിലുടമ ഉപേക്ഷിച്ചുപോയതോ അടച്ചിടുകയോ ചെയ്തിട്ടുള്ള, ചർച്ചയിലൂടെ തുറക്കാൻ സാധിക്കാതെവരുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും പൂട്ടിയ തോട്ടങ്ങൾ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് ഏറ്റെടുത്ത് നടത്തുന്നതിനും ആവശ്യമായ നിയമനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നത് സർക്കാർ അംഗീകരിച്ച സമഗ്ര തോട്ട നയത്തിൽ ഉൾപ്പെട്ട വിഷയമാണ്.

**തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ**

287 (1511) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ പലതും കാലപ്പഴക്കംമൂലം വാസയോഗ്യമല്ലാത്തതിനാൽ ടി ലയങ്ങൾ പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ ശിപാർശ പരിഗണിച്ചുകൊണ്ട് അംഗീകരിച്ച പ്ലാന്റേഷൻ നയത്തിൽ തോട്ടം ഉടമകളുടെ സഹകരണത്തോടെ തോട്ടം തൊഴിലാളികൾക്ക് സ്വന്തം വീട് എന്നത് യാഥാർത്ഥ്യമാക്കുകയെന്ന് വിഭാവനം ചെയ്തിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തൊഴിലാളികൾക്കും സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫിൽ ഉൾപ്പെടുത്തി ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കാൻ തീരുമാനിക്കുകയും പ്രസ്തുത നടപടിയുടെ ഭാഗമായി ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ 2017-ൽ തൊഴിൽ വകുപ്പ് നടത്തിയ പ്രാഥമിക സർവെയിൽ കണ്ടെത്തിയ 32452 തൊഴിലാളികളുടെ ലിസ്റ്റ് ഭവനം ഫൗണ്ടേഷന് സമർപ്പിക്കുകയും ചെയ്തു. ടി

ലിസ്റ്റിന്മേൽ ലൈഫ് മാനദണ്ഡപ്രകാരം വീട് ലഭ്യമാകുന്നതിനുള്ള അർഹത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ലിസ്റ്റ് പരിശോധിക്കുന്നതിനായി യൂസർ ഐ.ഡി.-യും പാസ്‌വേർഡും ലൈഫ് മിഷന് നൽകിയിട്ടുള്ളതുമാണ്.

തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായി രൂപീകരിച്ച പ്ലാന്റേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 06-1-2024-ലെ യോഗത്തിൽ ലയങ്ങളുടെ നവീകരണത്തിനായി തോട്ടം ഉടമകൾ വായ്പ എടുക്കുന്നതിനും ബജറ്റിൽ അനുവദിച്ചിട്ടുള്ള 10 കോടി രൂപ ഉപയോഗിച്ച് ടി വായ്പയുടെ പലിശ ഇളവ് വഹിക്കുന്നതിനും തീരുമാനമാവുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ തുടർച്ചയായി ലയങ്ങളുടെ പുന:രുദ്ധാരണവുമായി ബന്ധപ്പെട്ട, 25-1-2024-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെയും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെയും സംയുക്ത സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ ലയങ്ങളുടെ പുനരുദ്ധാരണത്തിന് വായ്പയെടുക്കുമ്പോൾ വായ്പയുടെ

പലിശയിനത്തിൽ വരുന്ന തുകയ്ക്ക് തോട്ടം ഉടമകൾക്ക് സബ്സിഡി അനുവദിക്കുന്നത് പരിഗണിക്കാൻ തീരുമാനിക്കുകയും ലയങ്ങളുടെ നവീകരണത്തിനായി പ്ലാന്റേഷൻ ഡയറക്ടേറ്റിന്റെ ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ, തോട്ടം ഉടമകൾക്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി അനുവദിക്കുന്നതിന് ചെലവഴിക്കുന്നതിലേയ്ക്കായി ഒരു സ്കീം രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി ലയങ്ങൾ നവീകരിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനുമായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് തൊഴിലുടമയ്ക്ക് സഹായം നൽകുന്ന ഒരു പദ്ധതി തൊഴിലുടമകളുമായും ബാങ്ക് പ്രതിനിധികളുമായും (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി) ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ സ്പെഷ്യൽ ഓഫീസർ വ്യവസായ വകുപ്പ് മുഖേന തയ്യാറാക്കിയിട്ടുണ്ട്. ബോണക്കാട് എസ്റ്റേറ്റിൽ പുതുക്കിപ്പണിയാവുന്ന 42 ലയങ്ങളുടെ പുനരുദ്ധാരണം നടത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർ മുഖേന ലഭ്യമാക്കിയ പ്രൊപ്പോസൽ, ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പൂട്ടിക്കിടക്കുന്ന

തോട്ടങ്ങളിലെ ലയങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി നിർമ്മിക്കുന്നതിനുമായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുട്ടം മുഖേന സമർപ്പിച്ച എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി ഇനം നം.240 ആയി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ മണ്ണിടിച്ചിൽ, മഴ തുടങ്ങിയ സാഹചര്യങ്ങൾ ലയങ്ങളുടെ സ്ഥിതി ദുസ്സഹമാക്കുമെന്നതിനാൽ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി വകയിരുത്തിയിട്ടുള്ള 10 കോടി രൂപയ്ക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കി ആയത് സംബന്ധിച്ച അടിയന്തര നടപടി സ്വീകരിക്കുന്നതിന് വ്യവസായ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

പ്ലാന്റേഷൻ ലേബർ ആക്ട് 1951, റൂൾ 1959 പ്രകാരം തൊഴിലാളികൾക്ക് സൗജന്യ താമസസൗകര്യം, സൗജന്യ വൈദ്യുതി, സൗജന്യ ചികിത്സ എന്നിവ ലഭ്യമാക്കണമെന്നത് തോട്ടം ഉടമകളുടെ പ്രാഥമിക കർത്തവ്യമാണ്. ലയങ്ങളിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധന നടത്തുമ്പോൾ

തകരാർ സംഭവിച്ച ലയങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ആവശ്യമായ നിർദേശം നൽകാറുണ്ട്.

(ബി) തോട്ടം തൊഴിലാളികൾക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തോട്ടം തൊഴിലാളികൾക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുന്ന 'ഭവനം പദ്ധതി', ഭവനം ഫൗണ്ടേഷൻ കേരള മുഖേന നടപ്പിലാക്കുന്നു. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷിതവും വൃത്തിയുമുള്ള ഭവനങ്ങൾ പ്ലാന്റേഷനിലോ, പരിസരത്തിലോ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് ഭവനം പദ്ധതി. നിലവിൽ രണ്ട് സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കി. 2024-25 സാമ്പത്തിക വർഷം പദ്ധതിക്കായി 75 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

1. മൂന്നാറിലെ ഭവനം പദ്ധതി ഫെബ്രുവരി 2019-ന് ആരംഭിച്ചു. ജനുവരി 2020-ന് തൊഴിലാളികൾക്ക് കൈമാറി. മൂന്നാറിൽ 9 വീടുകളാണുള്ളത്.

2. കുളത്തുപ്പുഴ ആർ.പി.എൽ.-ൽ ജനവരി 2020-ന് ആരംഭിച്ചു. സെപ്റ്റംബർ 2021-ന് പദ്ധതി പൂർത്തിയായി. 6 വീടുകളാണ് ഇവിടെയുള്ളത്.

**തൊഴിലാളികൾക്കുള്ള സേവന ആനുകൂല്യങ്ങൾ**

288 (1512) <u>ശ്രീ. പി. നന്ദകുമാർ</u>:

<u>ശ്രീ. എ. പ്രഭാകരൻ</u>:

<u>ശ്രീ. കെ. ആൻസലൻ</u>:

<u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സേവന ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും പെൻഷൻ ലഭ്യമാക്കുന്നതിനുമായി പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സേവന ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും പെൻഷൻ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി മേഖലയിലെ ക്ഷേമനിധി ബോർഡുകളിലൂടെ ക്ഷേമനിധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരം ക്ഷേമനിധി പദ്ധതികളിൽ അംഗത്വം നേടിയിട്ടില്ലാത്ത സ്വയംതൊഴിൽ

ചെയ്യുന്നവരുൾപ്പെടെയുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. പദ്ധതികളിൽ അംഗത്വം നേടുന്ന മുറയ്ക്ക് തൊഴിലാളികൾ വ്യവസ്ഥകൾക്ക് വിധേയമായി അതത് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അർഹത നേടുന്നതാണ്. സർക്കാർ ധനസഹായത്തോടെ 60 വയസ് പൂർത്തിയാക്കിയ ടി ബോർഡുകളിലെ അർഹരായ തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷന്റെ അതേ നിരക്കിലുള്ള പെൻഷൻ അനുവദിച്ചുവരുന്നു. കൂടാതെ, 01-01-2012-ൽ നിലവിൽ വന്ന കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി വഴി മറ്റ് ക്ഷേമനിധി പദ്ധതികളിൽ അംഗത്വം നേടിയിട്ടില്ലാത്ത മരംകയറ്റ തൊഴിലാളി ധനസഹായപദ്ധതി വഴി ആനുകൂല്യങ്ങൾ ലഭിക്കുന്ന തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ 1600/- രൂപ പ്രതിമാസ പെൻഷൻ അനുവദിച്ചുവരുന്നു.

(ബി) പ്രസ്തുത തൊഴിലാളികൾക്ക് മാരകമായ രോഗം പിടിപെടുകയോ ജോലിക്കിടയിൽ അപകടം സംഭവിക്കുകയോ ചെയ്താൽ ധനസഹായം നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. തൊഴിൽ വകുപ്പിനുകീഴിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ ക്ഷേമനിധി പദ്ധതികൾ/കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി എന്നിവ വഴി അതത് പദ്ധതിയുടെ നിയമാവലിക്കനുസരണമായി തൊഴിലാളികൾക്ക് മാരകമായ രോഗം പിടിപെടുകയോ ജോലിക്കിടയിൽ അപകടം സംഭവിക്കുകയോ ചെയ്താൽ നൽകിവരുന്ന ധനസഹായം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:

| ക്രമ നം. | ബോർഡ് | ധനസഹായം സംബന്ധിച്ച വിവരം |
|---|---|---|
| 1 | കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് | പരമാവധി 10,000/- രൂപ |
| 2 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | പരമാവധി 10,000/- രൂപ |
| 3 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 3 വർഷത്തിലൊരിക്കൽ പരമാവധി 4,000/- രൂപ വരെ പ്രതിപൂരണം ചെയ്തു നൽകിവരുന്നു. |
| 4 | കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി | പരമാവധി 10,000/- രൂപ |

| | | |
|---|---|---|
| | ക്ഷേമനിധി ബോർഡ് | |
| 5 | കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | പരമാവധി 10,000/- രൂപ |
| 6 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 25,000/- രൂപ ഒറ്റത്തവണയായി നൽകിവരുന്നു. |
| 7 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | അംഗത്വ കാലയളവിൽ പരമാവധി 25,000/- രൂപ |
| 8 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | പരമാവധി 10,000/- രൂപ |
| 9 | കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് | 15,000/- രൂപ |
| 10 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | പരമാവധി 10,000/- രൂപ |
| 11 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് | മാരക രോഗ ചികിത്സാ സഹായമായി 50,000/- രൂപയും ജോലിക്കിടെയുള്ള അപകടത്തെത്തുടർന്ന് 50% മുതൽ 100% വരെ അവശത സംഭവിക്കുന്ന തൊഴിലാളികൾക്ക് അവശതയുടെ ശതമാനത്തിന് ആനുപാതികമായി പരമാവധി 1 ലക്ഷം രൂപ വരെയും സഹായം നൽകിവരുന്നു. |
| 12 | കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് | എക്സ്ഗ്രേഷ്യാ ധനസഹായമായി 2500/- രൂപ |

കൂടാതെ, ഏതെങ്കിലും ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ ദിവസ വേതന തൊഴിലാളികളുടെ നിർവചനത്തിൽ

വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ പരിക്കുപറ്റിയാൽ ധനസഹായം നൽകുന്നതിനായി തൊഴിൽ വകുപ്പിനുകീഴിൽ 2007-08 വർഷം മുതൽ അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി നടപ്പിലാക്കിവരുന്നു. ജില്ലാ ലേബർ ഓഫീസർമാർ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ നിലവിൽ 2000/- രൂപ ധനസഹായമായി നൽകിവരുന്നു.

**(സി) മരം കയറ്റ തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കാമോ?**

മരം കയറ്റ തൊഴിലാളികൾക്കായി കേരള മരംകയറ്റ തൊഴിലാളി ധനസഹായം, കേരള മരംകയറ്റ തൊഴിലാളി അവശത പെൻഷൻ പദ്ധതി എന്നിങ്ങനെ രണ്ട് പ്രത്യേക ക്ഷേമ പദ്ധതികൾ നിലവിലുണ്ട്.

കേരള മരംകയറ്റ തൊഴിലാളി ധനസഹായം: മരം കയറ്റ തൊഴിലിനിടെ അപകടം/മരണം സംഭവിക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. സ്ഥായിയായ അവശത

സംഭവിക്കുന്നവർക്ക് 50,000/- രൂപയും മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 1,00,000/- രൂപയും അനുവദിക്കുന്നു.

കേരള മരംകയറ്റ തൊഴിലാളി അവശത പെൻഷൻ പദ്ധതി: മരം കയറ്റ തൊഴിലാളി ധനസഹായപദ്ധതി വഴി ആനുകൂല്യങ്ങൾ ലഭ്യമായ തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ പെൻഷൻ നൽകുന്നതാണ് കേരള മരംകയറ്റ തൊഴിലാളി അവശത പെൻഷൻ പദ്ധതി. ടി പദ്ധതി 01-01-2012-ലാണ് നിലവിൽവന്നത്. നിലവിൽ 1600/- രൂപയാണ് പ്രതിമാസ പെൻഷൻ.

(ഡി) അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

രൂപീകരിച്ചിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾക്കുകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട് ഏറ്റവും കുറഞ്ഞത് ഒരു വർഷകാലയളവെങ്കിലും പൂർത്തിയാക്കിയ സ്ത്രീ തൊഴിലാളികൾക്ക് രണ്ട് പ്രസവത്തിന് മാത്രമേ

ആനുകൂല്യം അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ 15,000/- രൂപ ബോർഡുകൾ വിതരണം ചെയ്തുവരുന്നു.

**റിക്രൂട്ട്മെന്റ് ഏജൻസികളുടെ വിശ്വാസ്യത ഉറപ്പുവരുത്താൻ നടപടി**

289(1513) ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തേക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന ഏജൻസികളുടെ വിശ്വാസ്യത ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സാണ് വിദേശ റിക്രൂട്ട്മെന്റ് ഏജൻസികൾക്കുള്ള ലൈസൻസ് നൽകുന്നത്. ഈ ലൈസൻസ് നേടിയവർക്ക് മാത്രമേ വിദേശത്തേക്ക് ആളുകളെ റിക്രൂട്ട് ചെയ്യാൻ അനുമതിയുള്ളൂ. ഇതുകൂടാതെ 17 രാജ്യങ്ങളിലേക്ക് എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതെല്ലാം ഈ രംഗത്തുള്ള ചൂഷണങ്ങളെ പരമാവധി തടയുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്. 1977-ൽ ആരംഭിച്ച ഒഡെപെക് ഇത്തരത്തിൽ ലൈസൻസ് നേടിയ

ഏജൻസിയാണ്. നമ്മുടെ നാട്ടിലെ അഭ്യസ്ഥവിദ്യരായ തൊഴിലന്വേഷകർക്കും വിവിധ സാങ്കേതിക പരിജ്ഞാനം നേടിയവർക്കും അല്ലാതെയുമുള്ള തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി ചുരുങ്ങിയ ചെലവിൽ അവരെ ജോലികളിൽ നിയോഗിക്കുകയെന്നതാണ് ഈ പൊതുമേഖലാ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. വിദേശ തൊഴിലുടമയെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങൾ അന്വേഷിച്ചതിനുശേഷം മാത്രമേ ഒഡെപക് റിക്രൂട്ട്മെന്റ് നടത്താറുള്ളൂ. ഈ തൊഴിൽദാതാക്കൾ ECR രാജ്യങ്ങളിൽ നിന്നുള്ളവരാണെങ്കിൽ അവരുടെ പൂർണ്ണവിവരങ്ങൾ (വിസ, ആസ്തി, മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവ) ഇന്ത്യാ ഗവൺമെന്റിന്റെ ഇ-മൈഗ്രേറ്റ്സ് സൈറ്റിൽ രേഖപ്പെടുത്തി ഒഡെപകിന്റെ പേരിൽ ഡിമാന്റും പവർ ഓഫ് അറ്റോർണിയും നേടിയവർ ആയിരിക്കണം. മറ്റു രാജ്യങ്ങളിലുള്ള തൊഴിൽദാതാക്കളുടെ വിവരങ്ങൾ എംബസി പോലുള്ള വിശ്വാസകേന്ദ്രങ്ങളിൽ അന്വേഷണം നടത്തി ബോധ്യപ്പെട്ടതിനുശേഷം മാത്രമാണ് അവരുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നത്.

(ബി) വിദേശത്തേക്ക് ജോലിക്കായും പഠനത്തിനായും പോകുന്നവർക്കുള്ള സേവനങ്ങൾ ചെയ്തുനൽകുന്ന ഏജൻസികളുടെ രജിസ്ട്രേഷനും ഇവരെ സംബന്ധിച്ചുള്ള വിവരങ്ങളും ഒഡെപെക് മുഖേന തൊഴിൽ വകുപ്പിൽ ലഭ്യമാണോ; അറിയിക്കാമോ?

ലഭ്യമല്ല.

(സി) ഉദ്യോഗാർഥികളും വിദ്യാർഥികളും ഏജൻസികളുടെ വിശ്വാസ വഞ്ചനകളിൽപ്പെടാതിരിക്കുന്നതിന് ജാഗ്രതാ നടപടികൾ സ്വീകരിക്കാമോ?

ഉദ്യോഗാർഥികളും വിദ്യാർഥികളും ഏജൻസികളുടെ വിശ്വാസ വഞ്ചനകളിൽപ്പെടാതിരിക്കുന്നതിന് സോഷ്യൽ മീഡിയ, ഇൻസ്റ്റഗ്രാം, പത്രമാധ്യമങ്ങൾ തുടങ്ങിയവ മുഖേന ചുവടെപ്പറയും പ്രകാരം മാർഗനിർദേശങ്ങൾ നൽകുന്നുണ്ട്.

കേന്ദ്രസർക്കാരിന്റെ ഇന്ത്യൻ എമിഗ്രേഷൻ ആക്ട് 1983 പ്രകാരം പ്രൊട്ടക്റ്റർ ജനറൽ ഓഫ് എമിഗ്രന്റ്സിൽനിന്നും ലൈസൻസ് ലഭിച്ച ഏജൻസി മുഖേന മാത്രം ജോലി തേടാൻ ശ്രമിക്കുക. www.emigrate.gov.in എന്ന വെബ്സൈറ്റിൽ പ്രസ്തുത ഏജൻസികളുടെ വിവരം ലഭ്യമാണ്. ഓഫർ

ലറ്ററിൽ പ്രതിപാദിക്കുന്ന തൊഴിലും വിസയിൽ പ്രതിപാദിച്ചിട്ടുള്ള തൊഴിലും ഒന്നാണെന്ന് ഉറപ്പാക്കുക. അതത് രാജ്യത്തെ നിയമ വ്യവസ്ഥയും തൊഴിൽ നിയമങ്ങളും അനുസരിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഭാരത സർക്കാരിന്റെ വിദേശ മന്ത്രാലയം അതത് സമയത്ത് പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ അനുസരിക്കുക. ജോലിക്കായി വിസിറ്റ് വിസയിലൂടെ വിദേശത്തേക്ക് പോകുന്നത് ഒഴിവാക്കണം. വിദേശ തൊഴിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് spnrl.pol@kerala.gov.in, dyspnri.pol@kerala.gov.in വഴിയും 0471-2721547 എന്ന ഹെൽപ്‌ലൈൻ നമ്പറിലും പരാതികൾ സമർപ്പിക്കാവുന്നതാണ്. കൂടാതെ, വിദേശ തൊഴിൽ അന്വേഷകർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിന് PDOF, ഓപ്പറേഷൻ ശുഭയാത്ര തുടങ്ങിയവ നോർക്ക റൂട്ട്സ് സംഘടിപ്പിക്കുന്നുണ്ട്.

വിദേശ രാജ്യങ്ങളിൽ തൊഴിൽ അന്വേഷകർക്കായി നിയമപരവും സുരക്ഷിതവുമായ കുടിയേറ്റ മാർഗനിർദേശങ്ങൾ നൽകുന്നതിനും തൊഴിൽത്തട്ടിപ്പുകളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി നോർക്ക

റൂട്ട്സ് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം (PDOF) വിവിധ നഴ്സിംഗ് കോളേജുകളിലായി നടത്തുന്നുണ്ട്.

വിദേശത്തേക്കുള്ള അനധികൃത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പുകൾ എന്നിവയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്റ്റർ ഓഫ് എമിഗ്രന്റ്സ്, കേരള പോലീസ്, നോർക്ക റൂട്ട്സ് എന്നിവ സംയുക്തമായി നടപ്പാക്കുന്ന സംവിധാനമാണ് ഓപ്പറേഷൻ ശുഭയാത്ര. ഇതിന്റെ ഭാഗമായി വിദേശ തൊഴിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് spnrl.pol@kerala.gov.in, dyspnri.pol@kerala.gov.in തുടങ്ങിയ e-mail ID വഴിയും 24 മണിക്കൂറും പ്രവർത്തിക്കുന്ന 0471-2721547 എന്ന ഹെൽപ്ലൈൻ നമ്പർ വഴിയും പരാതികൾ സമർപ്പിക്കാവുന്നതാണ്.

(ഡി) നിയന്ത്രണങ്ങളോ ആധികാരികതയോ ഇല്ലാത്ത ഇത്തരം സ്വകാര്യ ഏജൻസികളെ തടയാൻ നടപടി സ്വീകരിക്കാമോ?

തൊഴിൽ വകുപ്പിൽനിന്നും നടപടികൾ സ്വീകരിക്കുന്നില്ല.

(ഇ) സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒഡെപക് കുറ്റമറ്റതാക്കാനും കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാക്കാനും പ്രാപ്തമാക്കുമോ എന്ന് അറിയിക്കാമോ?

കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഒഡെപക് നാളിതുവരെയും സമ്പൂർണ്ണ വിശ്വാസ്യതയോടെയും സുതാര്യതയോടെയും കാലതാമസമില്ലാതെയും സേവനങ്ങൾ നൽകിവരുന്നുണ്ട്.

**ക്രിമിനൽ കുറ്റങ്ങളിലേർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്ക്**

290 (1514) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾ കൊലപാതകമുൾപ്പെടെയുള്ള ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2021 മുതൽ നാളിതുവരെ നടന്ന ഇത്തരം കുറ്റകൃത്യങ്ങളിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം വകുപ്പിൽ ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ?

ഉണ്ട്. 2021 മുതൽ നാളിതുവരെ നടന്ന കുറ്റകൃത്യങ്ങളിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

ഇല്ല. 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമല്ല. തൊഴിൽ വകുപ്പിന്റെ ആവാസ് പദ്ധതി പ്രകാരവും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും അതിഥി പോർട്ടൽ പ്രകാരവും ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് 'Kerala Interstate Migrant Workers Welfare Registration Ordinance' കൊണ്ടുവരുന്ന വിഷയം പരിശോധിച്ചുവരുന്നു. സംസ്ഥാനത്തേയ്ക്ക് ജോലി തേടിയെത്തുന്ന എല്ലാ ഇതര

സംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യാനും ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുകയുമാണ് ഓർഡിനൻസിന്റെ ലക്ഷ്യം. രജിസ്റ്റർ ചെയ്യാത്ത ഇതര സംസ്ഥാന തൊഴിലാളികൾക്കും തൊഴിൽ ദാതാവിനും പെനാൽറ്റി പ്രൊവിഷനുകളും ഉൾപ്പെടുത്തിയാണ് ടി ഓർഡിനൻസ് തയ്യാറാക്കിവരുന്നത്. ഓർഡിനൻസ് കൊണ്ടുവരുന്നതിനുള്ള പ്രധാന ഉദ്ദേശ്യം ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനാണ്.

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്താൽ അവരുടെ മാതൃസംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ ഡാറ്റാ ബേസുമായി ഒത്തുനോക്കാനും ക്രിമിനൽ പശ്ചാത്തലമുള്ളവരെ തിരിച്ചറിയാൻ സാധിക്കുന്നതുമാണ്. ഇക്കാര്യം ആസ്പദമാക്കിയുള്ള ബോധവൽക്കരണം വിവിധ ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെയും മറ്റും നടത്തുകയും തൊഴിലാളികളുടെയും ഇതര സംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവരുടെയും സഹകരണത്തോടെ ജനമൈത്രി പോർട്ടൽ മുഖേന അവരുടെ വിവരശേഖരണം നടത്തിവരികയും ചെയ്യുന്നുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ലേബർ കമ്മീഷണർക്കും പോലീസ് സ്റ്റേഷനിലും റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി നിലവിലുള്ള '1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act' പ്രകാരമാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്തുവരുന്നത്. അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്നതോ അല്ലെങ്കിൽ കഴിഞ്ഞ 12 മാസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ ജോലി ചെയ്തിരുന്നതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന അല്ലെങ്കിൽ ചെയ്യിക്കുന്ന എല്ലാ കരാറുകാർക്കും ഈ നിയമം ബാധകമാണ്.

ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാനുദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. അതുപോലെ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ നിർദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുമ്പോൾ ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതാണ്.

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതിന്റെ സാഹചര്യം തൊഴിലാളികളേയും ഇതര സംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന ഏജന്റുമാർ കോൺട്രാക്ടർമാർ എന്നിവരെയും വിവിധ ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയും മറ്റും ബോധവൽക്കരണം നടത്തുകയും അവരുടെ സഹകരണത്തോടെ ജനമൈത്രി

പോർട്ടൽ മുഖേന അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം നടത്തിവരികയും ചെയ്യുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ആവാസ് പദ്ധതി പ്രകാരവും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും അതിഥി പോർട്ടൽ പ്രകാരവും ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ**

291 (1515) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീമതി ദെലീമ:

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭ്യമാക്കിയ നിയമനങ്ങളുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016 മുതൽ 2021 വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭ്യമാക്കിയ നിയമനങ്ങളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016 മേയ് മുതൽ 2021 മേയ് വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭ്യമാക്കിയ നിയമനങ്ങളുടെ എണ്ണം വർഷം തിരിച്ച് ചുവടെ നൽകുന്നു.

| **വർഷം** | **നിയമനങ്ങളുടെ എണ്ണം** |
|---|---|
| 2016 (05/2016-12/2016) | 6131 |
| 2017 | 11640 |
| 2018 | 12887 |
| 2019 | 12027 |
| 2020 | 9134 |
| 2021 (01/2021-05/2021) | 3533 |
| **ആകെ** | **55352** |

(സി) 2011 മുതൽ 2016 മാർച്ച് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭ്യമാക്കിയ നിയമനങ്ങളുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ഐ.ടി.ഐ. പഠനത്തോടൊപ്പം പ്ലസ് ടു തുല്യതാ യോഗ്യത ലഭിക്കുന്നതിന് നടപടി**

292 (1516) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ. ട്രെയിനികൾക്ക് രണ്ടുവർഷ കോഴ്സുകൾ പൂർത്തിയാക്കുന്നതോടുകൂടി ഐ.ടി.ഐ. സർട്ടിഫിക്കറ്റിനൊപ്പം പ്ലസ് ടു തുല്യതാ സർട്ടിഫിക്കറ്റും കരസ്ഥമാക്കുന്നതിനുതകുന്ന വിധത്തിലുള്ള ഡി.ജി.റ്റി.-യുടെ 20-06-2016-ലെ എം.എസ്.ഡി.ഇ. (ഡി.ജി.റ്റി.) 4/14/2014-16 സി.ഡി. (പി.റ്റി.-II) നിർദേശം, 01-09-2022-ലെ എം.എസ്.ഡി.ഇ. (ഡി.ജി.റ്റി.)-19/03(04)/2022-സി.ഡി. നമ്പർ ഉത്തരവ് എന്നിവ ഐ.ടി.ഐ.-കളിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അവസരം എത്ര ട്രെയിനികൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്; ഇല്ലെങ്കിൽ ഈ അധ്യയനവർഷം മുതൽ പ്രസ്തുത സൗകര്യം ട്രെയിനികൾക്ക് ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ഐ.ടി.ഐ. പഠനത്തോടൊപ്പം പ്ലസ് ടു തുല്യതാ യോഗ്യതകൂടി ലഭിക്കുമെന്നും അതിന്റെ വിശദാംശങ്ങളും ഈ വർഷത്തെ ഐ.ടി.ഐ. പ്രവേശന വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുമോ;

(ഡി) പത്താംതരം വിജയിച്ച വിദ്യാർഥികൾക്കിടയിൽ ഇതുസംബന്ധിച്ച അവബോധം സൃഷ്ടിക്കാൻ മുൻവർഷങ്ങളിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; 2023 അധ്യയനവർഷത്തെ പ്രവേശനവുമായി ബന്ധപ്പെട്ട പ്രോസ്പെക്ടസിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിരുന്നോ; വിശദമാക്കുമോ;

(ഇ) ഐ.ടി.ഐ. വിദ്യാർഥികൾക്ക് ഡി.ജി.ടി. നിർദേശിച്ച പ്ലസ് ടു തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയാൽ പ്ലസ് വൺ സീറ്റുമായി ബന്ധപ്പെട്ട പരിമിതികളുണ്ടെങ്കിൽ പരിഹരിക്കാൻ

ഉപകരിക്കും എന്നതിനാൽ ഈ വർഷം മുതൽ സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ പ്രസ്തുത ഡി.ജി.റ്റി. ഉത്തരവ് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ;

(എഫ്) ഐ.ടി.ഐ. പഠനത്തോടൊപ്പം പ്ലസ് ടു യോഗ്യതകൂടി ലഭിക്കുന്നത് കൂടുതൽ മികവുറ്റ വിദ്യാർഥികളെ ഐ.ടി.ഐ.-കളിലേക്ക് ആകർഷിക്കുന്നതിനും അതിലൂടെ വിവിധ തൊഴിൽ മേഖലകളിൽ സാങ്കേതിക മികവുള്ളവരെ സൃഷ്ടിക്കുന്നതിനും ഉപകരിക്കുമെന്നതിനാൽ പ്രസ്തുത വിഷയം ഗൗരവമായി പരിഗണിക്കുമോ?

(എ-എഫ്) ഡി.ജി.റ്റി.-യുടെ നിർദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 23-03-2018-ലെ സ.ഉ.(സാധാ) നം. 324/2018/തൊഴിൽ പ്രകാരം വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള ചാക്ക, കളമശ്ശേരി, കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ സ്റ്റഡി സെന്ററായി നിയോഗിച്ചിരുന്നു. ഐ.ടി.ഐ. കോഴ്സിലെ സാങ്കേതിക വിഷയങ്ങളോടൊപ്പം ഭാഷാ വിഷയങ്ങളും ഉൾപ്പെടുത്തി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂൾ മുഖേന നേടുന്ന സീനിയർ സെക്കൻഡറി

സർട്ടിഫിക്കറ്റ് പ്ലസ് ടു സർട്ടിഫിക്കറ്റിന് തത്തുല്യമായി അംഗീകരിക്കണമെന്ന ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**മാടായി ഐ.ടി.ഐ.-ൽ പുതിയ ട്രേഡുകൾ**

293 (1517) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ.ടി.ഐ.-ൽ അധിക സാമ്പത്തിക ബാധ്യതയില്ലാതെ തുടങ്ങാൻ കഴിയുന്ന ട്രേഡുകൾ ഏതൊക്കെയാണ്; അതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഒരു ട്രേഡ് ആരംഭിക്കുമ്പോൾ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ മാനദണ്ഡപ്രകാരം രണ്ട് യൂണിറ്റുകൾ അനുവദിക്കേണ്ടതുണ്ട്. അനുവദിക്കുന്ന യൂണിറ്റുകൾക്ക് 2 ഇൻസ്ട്രക്ടർ തസ്തികകളും സൃഷ്ടിക്കേണ്ടതുണ്ട്. അതുപ്രകാരമുള്ള സാമ്പത്തിക ബാധ്യതയുണ്ടാകാറുണ്ട്.

മാടായി ഐ.ടി.ഐ.-ൽ മെക്കാനിക് മോട്ടോർ വെഹിക്കിൾ ട്രേഡ് ആരംഭിക്കുന്നതിനായുള്ള ശിപാർശ സർക്കാർ പരിശോധിച്ചിരുന്നു. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ ട്രേഡുകൾ ആരംഭിക്കാൻ സാധിക്കുകയില്ലെന്ന് തീരുമാനമെടുക്കുകയുണ്ടായി.

**വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

294 (1518) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനുവേണ്ടി 8.3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൻപ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ അവസാനഘട്ടത്തിലാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കെട്ടിടനിർമ്മാണം 2024 ആഗസ്റ്റ് അവസാനത്തോടെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് കോഴിക്കോട് PWD കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**പടിയൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണ പ്രവൃത്തി**

295 (1519) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പടിയൂർ ഐ.ടി.ഐ.-യുടെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ?

പടിയൂർ ഐ.ടി.ഐ.-യുടെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി കുഴൽക്കിണർ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പടിയൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന്റെ കരാറുടമ്പടി പ്രകാരം 18 മാസമാണ് പ്രവൃത്തിയുടെ കാലാവധി. 28-01-2024-ന് ആരംഭിച്ച

നിർമ്മാണ പ്രവൃത്തികൾ 27-05-2025-നകം പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്

**തൃക്കരിപ്പൂർ മണ്ഡലത്തിലെ ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണം**

296 (1520) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ പീലിക്കോടിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തി വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണത്തിനുള്ള ഡി.പി.ആർ. ഭരണാനുമതിക്കായി പി.ഡബ്ല്യൂ.ഡി. അധികൃതർക്ക് സമർപ്പിക്കാൻ വൈകുന്നതിനുള്ള കാരണം അറിയിക്കാമോ?

ഡയറക്ടർ ജനറൽ ഓഫ് ഇന്ത്യ (ഡി.ജി.റ്റി.) അനുശാസിക്കുന്ന മാനദണ്ഡം അടിസ്ഥാനമാക്കി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനുള്ള Requirements പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ, എസ്റ്റിമേറ്റ്, സ്ട്രക്ചറൽ ഡിസൈൻ തുടങ്ങിയവ ഉൾപ്പെടുന്ന ഡി.പി.ആർ. തയ്യാറാക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. പീലിക്കോട്

ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനാവശ്യമായ Requirements 14-10-2020-ൽ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

**ഗവൺമെന്റ് ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

297 (1521) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം ഐ.ടി.ഐ.- കളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തുന്ന ഒരു പദ്ധതി വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന ചെയ്യുന്നുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഐ.ടി.ഐ. -കളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. ഗവ. ഐ.ടി.ഐ., ധനുവച്ചപുരം, തിരുവനന്തപുരം

2. ഗവ. ഐ.ടി.ഐ., ചന്ദനത്തോപ്പ്, കൊല്ലം

3. ഗവ. ഐ.ടി.ഐ., ചെങ്ങന്നൂർ. ആലപ്പുഴ

4. ഗവ. ഐ.ടി.ഐ., ഏറ്റുമാന്നൂർ, കോട്ടയം

5. ഗവ. ഐ.ടി.ഐ., കട്ടപ്പന, ഇടുക്കി

6. ഗവ. ഐ.ടി.ഐ., ചാലക്കുടി, തൃശ്ശൂർ

7. ഗവ. ഐ.ടി.ഐ., മലമ്പുഴ, പാലക്കാട്

8. ഗവ. ഐ.ടി.ഐ., കൊയിലാണ്ടി, കോഴിക്കോട്

9. ഗവ. ഐ.ടി.ഐ., കണ്ണൂർ

10. ഇ.കെ.നായനാർ മെമ്മോറിയൽ ഗവ. ഐ.ടി.ഐ., കയ്യൂർ, കാസർഗോഡ്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ.-യുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അരീക്കോട് ഐ.ടി.ഐ.-യിൽ പുതിയതായി എന്തെല്ലാം പ്രവൃത്തികൾ ചെയ്യുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

(ബി&സി) അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ.-യുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) മികവിന്റെ കേന്ദ്രം പദ്ധതിയിൽ അരീക്കോട് ഐ.ടി.ഐ.-യെക്കൂടി ഉൾപ്പെടുത്തി അത് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി നിലവിലില്ല.

**ഐ.പി.ടി./ജി.പി.ടി./ഡി-വോക് പ്രിന്റിംഗ് കോഴ്സുകൾക്ക് ഫീസ് ആനുകൂല്യം**

298 (1522) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.പി.ടി./ജി.പി.ടി./ഡി-വോക് പ്രിന്റിംഗ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ഐ.പി.ടി./ജി.പി.ടി./ഡി-വോക് കോഴ്സുകൾ സ്വാശ്രയ മാർഗത്തിലൂടെയാണ് നടത്തുന്നത്. അതിനാൽ പ്രസ്തുത കോഴ്സിന് ഫീസ് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് നിലവിൽ വ്യവസ്ഥകൾ രൂപീകൃതമായിട്ടില്ല. നിലവിൽ ടി കോഴ്സ് പഠിക്കുന്ന വിദ്യാർഥികൾ നിശ്ചിത ഫീസ് ഒടുക്കുന്നുണ്ട്. ഫീസിളവിന് അർഹരായ വിദ്യാർഥികളെ ഇ-ഗ്രാന്റ്സ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ബി) ഡി-വോക് പ്രിന്റിംഗ് കോഴ്സ് പഠിക്കുന്ന കുട്ടികൾ നവകേരള സദസ്സിൽ നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ഒ.ഡി.ഇ.പി.സി.-യുടെ പ്രവർത്തനം**

299 (1523) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒ.ഡി.ഇ.പി.സി.)-യുടെ പ്രവർത്തനം വിശദമാക്കാമോ?

കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഒഡെപക് കഴിഞ്ഞ നാല് പതിറ്റാണ്ടായി വിദേശ റിക്രൂട്ട്മെന്റ് മേഖലയിൽ പ്രശംസനീയമായ രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

(ബി) ഒഡെപകിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി 2022-23, 2023- 24 വർഷങ്ങളിൽ എത്ര തൊഴിലാളികൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിലവസരം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഒഡെപക് വഴി തൊഴിൽ ലഭിക്കുന്നതിന് തൊഴിലാളികളുടെ പക്കൽനിന്നും എത്ര രൂപ ഫീസായി വാങ്ങിവരുന്നുണ്ടെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഒഡെപക് മുഖേന നടത്തുന്ന ഭൂരിഭാഗം റിക്രൂട്ട്മെന്റുകളും സൗജന്യമായാണ് നടത്തിവരുന്നത്. ഇത്തരം റിക്രൂട്ട്മെന്റുകളിൽ തൊഴിൽ ദാതാക്കളാണ് സർവീസ് ചാർജ് നൽകുന്നത്. ചുരുക്കം ചില റിക്രൂട്ട്മെന്റുകൾക്കുമാത്രമാണ് ഉദ്യോഗാർത്ഥികളിൽനിന്നും സർവീസ് ചാർജ് ഈടാക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ എമിഗ്രേഷൻ ആക്ട് പ്രകാരം അംഗീകരിച്ച 30,000/- രൂപയും അതിന്റെ ടാക്സും മാത്രമാണ് ഈടാക്കുന്നത്.

**എൽ.ആർ.എം. ഫയലുകൾ തീർപ്പാക്കാൻ നടപടി**

300 (1524) <u>ശ്രീ. മാണി സി. കാപ്പൻ</u>: : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ താലൂക്ക് ഓഫീസുകളിൽ സർവെയർമാരുടെ കുറവുമൂലം എൽ.ആർ.എം. ഫയലുകൾ തീർപ്പാക്കുന്നതിന് രണ്ടുവർഷത്തിലേറെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ സർവെയർമാരെ നിയമിച്ച് പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടയമേളയോടനുബന്ധിച്ച് പട്ടയ സർവെയ്ക്ക് മാറ്റി നിയോഗിച്ചിട്ടുള്ള സർവെയർമാരെ പട്ടയ സർവെ ജോലികൾ തീരുന്ന മുറയ്ക്ക് താലൂക്ക് ഓഫീസുകളിൽ എൽ.ആർ.എം. ജോലികൾക്കായി കൂട്ടുതലായി നിയമിച്ചും ലഭ്യമായ സർവെയർമാർക്ക് പ്രതിമാസ ടാർജറ്റ് നൽകി കാലതാമസം നേരിടുന്ന എൽ.ആർ.എം. ഫയലുകൾ തീർപ്പാക്കിയും വരുന്നുണ്ട്. കൂടാതെ, പുതിയ പി.എസ്.സി. റാങ്ക് പട്ടിക നിലവിൽവരുന്ന മുറയ്ക്ക് താലൂക്ക് ഓഫീസുകളിൽ നിലവിലുള്ള സർവെയർമാരുടെ ഒഴിവുകൾ നികത്തപ്പെടുന്നതും അതുസംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാവുന്നതുമാണ്.

**ഭൂമി തരംമാറ്റം സുതാര്യമാക്കാൻ നടപടികൾ**

301 (1525) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി തരംമാറ്റൽ നടപടികളിൽ സ്വകാര്യ ഏജൻസികളുടെ ഇടപെടലുകളും മറ്റ് ക്രമക്കേടും നടന്നതായുള്ള വിജിലൻസ് കണ്ടെത്തൽ ഗൗരവമായി കാണുന്നുണ്ടോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പല സ്വകാര്യ ഏജൻസികളും തരംമാറ്റ അപേക്ഷാ സമർപ്പണം സംബന്ധിച്ച ഇടപെടലുകൾ നടത്തിവരുന്നുണ്ട്. വലിയൊരു വിഭാഗം അപേക്ഷകർ അക്ഷയ സെന്ററുകൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിലും സംസ്ഥാനത്തിന് പുറത്തും വിദേശത്തും ജോലിചെയ്യുന്നവരിൽ പലരും മറ്റു തിരക്കുകളുള്ളവരും തരം മാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിനായി അവരുടെ സ്വന്തം താൽപ്പര്യത്തിൽ അവരുടെ സൗകര്യാർഥം ഇത്തരത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനം തേടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൊബൈൽ ഫോണിലൂടെ അപേക്ഷിക്കാവുന്ന സർട്ടിഫിക്കറ്റുകൾക്കുപോലും അക്ഷയ സെന്ററുകളെ ആശ്രയിക്കുന്ന പ്രവണതയാണ് പൊതുവിൽ സംസ്ഥാനത്ത് കണ്ടുവരുന്നത്.

'ഓപ്പറേഷൻ കൺവെർഷൻ' എന്ന പേരിൽ സംസ്ഥാനത്തെ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയെത്തുടർന്ന് പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ ചില ക്രമക്കേടുകൾ

ആരോപിച്ചിട്ടുണ്ട്. അതിൽ 2017-നുശേഷം ആധാരം ചെയ്ത വസ്തുക്കൾ തരം മാറ്റി നല്കിയതായും ക്രമക്കേടുകളായി വിവക്ഷിച്ചിട്ടുള്ളതായും കാണുന്നു.

എന്നാൽ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച WP(C)3538/2023 & WP(C) 4450/2023 എന്നിവയിന്മേലുള്ള 30-03-2023-ലെ വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ, 30-12-2017-നുശേഷം പിന്തുടർച്ചാവകാശ പ്രകാരമോ വിലയാധാര പ്രകാരമോ ഉടമസ്ഥാവകാശം കൈമാറി കിട്ടുന്ന 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്ക് 2021 ഫെബ്രുവരി 25-ാം തീയതിയിലെ സ.ഉ.(സാധാ.) നം.1166/2021/റവ പ്രകാരം പുറപ്പെടുവിച്ചതും 2021 ഏപ്രിൽ 21-ാം തീയതിയിലെ 1471-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 369/2021 ആയി പുറപ്പെടുവിച്ചതുമായ വിജ്ഞാപനപ്രകാരമുള്ള സൗജന്യ തരംമാറ്റം അനുവദിക്കാവുന്നതാണെന്ന് 23-12-2023-ലെ REV-P1/338/2023/REV നമ്പർ സർക്കുലർ പ്രകാരം നിർദേശം നൽകിയിട്ടുള്ളതാണ്.

മേൽപ്രകാരമുള്ള വിജിലൻസ് അന്വേഷണത്തിലുള്ള ആരോപണങ്ങൾ സംബന്ധിച്ച് തെളിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് നിയമപ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഭൂമി തരം മാറ്റുന്നതിനായി ഒരു ഏജൻസിയുടെ മൊബൈൽ നമ്പറിൽ നിന്നുമാത്രം എഴുന്നൂറ് അപേക്ഷകൾ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ചതടക്കം നിരവധി ക്രമക്കേടുകൾ നടന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) 2017-നുശേഷം രജിസ്റ്റർ ചെയ്ത ഭൂമിയും നിയമവിരുദ്ധമായ തരംമാറ്റത്തിന് പരിഗണിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ നൽകുന്നതിനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനുശേഷം അക്ഷയ സെന്ററുകൾ മുഖേനയാണ് പ്രധാനമായും അപേക്ഷകൾ നൽകിവരുന്നത്. ഇത്തരത്തിൽ അപേക്ഷ നൽകുമ്പോൾ അക്ഷയ സെന്ററിന്റെതന്നെ ഫോൺ നമ്പർ പല അപേക്ഷകൾക്കും നൽകിവരുന്നുണ്ട്. കൂടാതെ, ഭൂമി തരം മാറ്റത്തിൽ പല

സ്വാകാര്യ ഏജൻസികളും തരംമാറ്റ അപേക്ഷാ സമർപ്പണം സംബന്ധിച്ച സേവനങ്ങൾ നൽകിവരുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തും വിദേശത്തും ജോലി ചെയ്യുന്ന പലരും ഇത്തരത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനം തേടുന്നുണ്ട്. ഇവിടെയും പ്രസ്തുത ഏജൻസികളുടെ മൊബൈൽ നമ്പർ അപേക്ഷയിൽ ഉൾപ്പെടുന്നതായി കാണുന്നു.

2017-നുശേഷം രജിസ്റ്റർ ചെയ്ത ഭൂമി തരംമാറ്റി നൽകരുതെന്ന് നിയമത്തിൽ വ്യവസ്ഥയില്ല.

(ഡി) ഭൂമി തരംമാറ്റം സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ നിലവിൽ ഓൺലൈൻ സംവിധാനം മുഖേന മാത്രമാണ് സ്വീകരിക്കുന്നത്. അപേക്ഷ സമർപ്പിക്കുന്ന ക്രമമനുസരിച്ചാണ് പ്രസ്തുത അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നത്. കൂടാതെ, അപേക്ഷകൾ ബന്ധപ്പെട്ട വില്ലേജ് ആഫീസർ/അഗ്രികൾച്ചർ ആഫീസർ എന്നിവർക്ക് റിപ്പോർട്ടിനായി നൽകുന്നതും ഓൺലൈനായാണ്. ഇപ്രകാരം നല്കുന്ന

അപേക്ഷയുടെ സ്റ്റാറ്റസ് അപേക്ഷകർക്ക് ഓൺലൈനായി നിരീക്ഷിക്കാവുന്നതുമാണ്.

ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനും കൃത്യമായ മുൻഗണനാക്രമം പാലിച്ച് സുതാര്യമായും കാര്യക്ഷമമായും നടപടികൾ കൈക്കൊള്ളുന്നതിനും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ (SOP) തയ്യാറാക്കി നൽകിയിട്ടുള്ളതാണ്. കൂടാതെ, അപേക്ഷകൾ തീർപ്പാക്കുമ്പോൾ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(സി) പ്രകാരം താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസിലും സ്വീകരിക്കേണ്ട ഭൂരേഖകളിലെ മാറ്റങ്ങൾ സംബന്ധിച്ച നടപടികൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 05-08-2023-ലെ സ.ഉ.(സാധാ) നം.2886/2023/RD-യുടെ അടിസ്ഥാനത്തിൽ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ (SOP) തയ്യാറാക്കി അപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതനുസരിച്ച് സബ്ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ തരംമാറ്റ ഉത്തരവ് ലഭിച്ചാൽ പരമാവധി ഒരാഴ്ചയ്ക്കുള്ളിൽ ഭൂരേഖകളിൽ മാറ്റം വരുത്തി ഭൂനികുതി

ഒടുക്കുവരുത്താൻ കഴിയുന്നതാണ്. സബ് ഡിവിഷൻ ആവശ്യമായി വരുന്ന കേസുകളിൽ സർവെ നടപടികൾ താൽക്കാലികമായി മാറ്റിവച്ചും ഭൂനികുതി ഒടുക്കുവരുത്താൻ ഇപ്പോൾ സാധ്യമാകുന്നതാണ്.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകി നിയോഗിക്കുന്നതിനുദ്ദേശിച്ചുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 07-06-2024-ന് നിലവിൽ വന്നിട്ടുള്ളതാണ്. ഇതനുസരിച്ച് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നിലവിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നൽകിയിട്ടുള്ള ചുമതല ഡെപ്യൂട്ടി കളക്ടർമാർക്കുകൂടി നൽകുമ്പോൾ നടപടികൾ കുറെക്കൂടി സുതാര്യമാകുന്നതിനും അപേക്ഷകൾ കുറച്ചുകൂടി വേഗത്തിൽ തീർപ്പാക്കുന്നതിനും പരാതികൾ കുറയ്ക്കുന്നതിനും സഹായകരമാകുന്നതാണ്.

**അട്ടപ്പാടി താലൂക്ക് ഓഫീസിൽ പഴയ രസീതുകൾ ഉപയോഗിച്ച നടപടി**

302 (1526) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി അടക്കമുള്ളവ അടയ്ക്കുന്നതിന് പുതിയ സംവിധാനം ഏർപ്പെടുത്തിയതിനുശേഷവും തഹസിൽദാർ പഴയ രസീതുകൾ നിയമവിരുദ്ധമായി കൈവശംവച്ച് ഉപയോഗിച്ചുവെന്ന് അട്ടപ്പാടി താലൂക്ക് ഓഫീസിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രസീത് പുസ്തകങ്ങളും എത്ര ലീഫുകളുമാണ് തഹസിൽദാർ ഇത്തരത്തിൽ ഉപയോഗിച്ചതെന്നറിയിക്കാമോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ; തഹസിൽദാർക്കെതിരെ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അട്ടപ്പാടിയിലെ ആറ് വില്ലേജുകളിൽ എത്ര രസീതുകൾ റദ്ദാക്കിയതായാണ് എ.ജി. അന്വേഷണത്തിൽ കണ്ടെത്തിയത്; ഇത് എത്ര ലക്ഷം രൂപയുടേതാണ്; ഇതുസംബന്ധിച്ച് റവന്യൂ വകുപ്പ് അന്വേഷണം നടത്തിയോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ&ബി) അട്ടപ്പാടി താലൂക്ക് ഓഫീസിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധന പ്രകാരം അഞ്ച് TR-5 രസീത് പുസ്തകങ്ങളുള്ളതായും അതിൽ ഒരെണ്ണം 31-03-2022 വരെ ഭാഗികമായി ഉപയോഗിച്ചതായും അതിന്റെ 19 ലീഫുകൾ ഉപയോഗിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, അട്ടപ്പാടിയിൽ ആറ് വില്ലേജുകളിലായി 2020-21, 2021-22, 2022-23 വർഷങ്ങളിലായി ആകെ 1242 രസീതുകൾ റദ്ദാക്കിയതായും അതിൽ 18,32,342/- രൂപ ഉൾപ്പെട്ടുവരുന്നതായും അക്കൗണ്ടന്റ് ജനറലിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഇൻസ്പെക്ഷൻ വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ലാൻഡ് റെക്കോർഡ് മെയിന്റനൻസ്, താലൂക്ക് സർവീസ് അദാലത്ത് എന്നിവയുടെ പ്രവർത്തനങ്ങളിൽ അട്ടപ്പാടിയിലെ താലൂക്ക് ഓഫീസിന് എന്തെല്ലാം വീഴ്ചകളാണ് സംഭവിച്ചിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ; ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ലാൻഡ് റെക്കോർഡ് മെയിന്റനൻസ് സംബന്ധിച്ച് 478 ഫയലുകൾ പെൻഡിംഗുള്ളതായി കണ്ടെത്തിയിട്ടുണ്ട്. താലൂക്ക് സർവീസ് അദാലത്ത് സംബന്ധിച്ച് അട്ടപ്പാടി താലൂക്ക് ഓഫീസിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല.

**തോട്ടഭൂമി മുറിച്ച് വിൽക്കുന്നതിനെതിരെ നടപടി**

303 (1527) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വ്യാപകമായി തോട്ടഭൂമി മുറിച്ചുവിൽക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂപരിഷ്കരണ നിയമത്തിലെ 81(e) പ്രകാരം മിച്ചഭൂമി കണക്കാക്കുന്നതിൽനിന്നും ഒഴിവാക്കപ്പെട്ട തോട്ടഭൂമികൾ കൈമാറ്റം ചെയ്യാൻ പാടില്ലെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇതുമൂലം തോട്ടഭൂമികൾ ധാരാളമായി തുണ്ട് ഭൂമികളായി കൈമാറ്റം ചെയ്യപ്പെടുകയും തരം മാറ്റപ്പെടുകയും ചെയ്യുന്നുണ്ട്. തോട്ടമായി നിലനിർത്താനായി ഒഴിവാക്കപ്പെട്ട ഭൂമി തരം മാറ്റിയാൽ അത് ഭൂമി കൈവശം വയ്ക്കാൻ അനുവാദം ലഭിച്ച വ്യക്തി (ഭൂവുടമ) പിന്നീട് വാങ്ങിയ ഭൂമിയായി കണക്കാക്കി അയാൾക്ക് എതിരെയുണ്ടായിരുന്ന മിച്ചഭൂമി കേസ് റീ-ഓപ്പൺ ചെയ്ത് നടപടി സ്വീകരിക്കണമെന്നാണ് നിയമം വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ ഇത്തരത്തിലുള്ള തരംമാറ്റം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഉൾപ്പെടെയുള്ള പലവിധ കാരണങ്ങളാൽ ഇത്തരത്തിൽ മിച്ചഭൂമി കേസുകൾ റീ-ഓപ്പൺ ചെയ്യുന്നതിന് കഴിയാതെ വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള തരം

മാറ്റം വ്യാപകമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഒഴിവ് ലഭിച്ച തോട്ടഭൂമി തരം മാറ്റിയാൽ അത്തരം ഭൂമി സർക്കാരിൽ നിക്ഷിപ്തമാകുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഒരു നിയമ നിർമ്മാണം 2019-ൽ മന്ത്രിസഭാ യോഗം അംഗീകരിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയാൽ നഷ്ടപരിഹാരം നൽകേണ്ടിവരുമെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടതിനെത്തുടർന്ന് കൂടുതൽ നിയമോപദേശത്തിനായി അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. എന്നാൽ ഇക്കാര്യത്തിൽ നിയമോപദേശം ലഭിച്ചിട്ടില്ല. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമാക്കി അടിയന്തരമായി തുടർനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഒഴിവ് ലഭിച്ച തോട്ടഭൂമി തരം മാറ്റിയാൽ ഇളവ് ലഭിച്ച വ്യക്തിയുടെയോ അവരുടെ പിൻതുടർച്ച അവകാശികളുടെയോ പേരിൽ സീലിംഗ് കേസുകൾ പുനരാരംഭിക്കുമെന്ന് വ്യക്തമാക്കിക്കൊണ്ട് 11-06-2024-ൽ G.O (Rt.)1354/24/RD എന്ന ഉത്തരവ് നിയമത്തിലെ 128-ാം വകുപ്പ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി) മുന്നാധാരപ്രകാരം തോട്ടഭൂമിയായിരുന്ന സ്ഥലം 2023-ൽ അന്നത്തെ വില്ലേജ് ഓഫീസറുടെ ക്രമവിരുദ്ധമായ നടപടി പ്രകാരമാണ് കുമളി പഞ്ചായത്ത് 6.39 കോടി രൂപ മുടക്കി വാങ്ങിയതെന്ന് പത്ര മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജില്ലാ കളക്ടറുടെയോ മറ്റ് ബന്ധപ്പെട്ട അധികാരികളുടെയോ അനുമതി കൂടാതെ നിയമവിരുദ്ധമായ റിപ്പോർട്ട് നൽകിയ വില്ലേജ് ഓഫീസർക്ക് എന്ത് അടിസ്ഥാനത്തിലാണ് മികച്ച വില്ലേജ് ഓഫീസർക്കുള്ള അവാർഡ് നൽകിയതെന്ന് വിശദമാക്കാമോ;

(ഡി) നിയമവിരുദ്ധമായ റിപ്പോർട്ട് നൽകിയ വില്ലേജ് ഓഫീസർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(സി&ഡി) 19-01-2023-ലെ ജി.ഒ.(എം.എസ്) നം.11/2023/റവന്യൂ ഉത്തരവിലെ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി അപേക്ഷ സമർപ്പിച്ച

വില്ലേജ് ഓഫീസർമാരിൽനിന്നും തിരഞ്ഞെടുത്ത വില്ലേജ് ഓഫീസർമാരുടെ പേരുവിവരമാണ് മികച്ച വില്ലേജ് ഓഫീസർമാർക്കുള്ള അവാർഡിനായി ശിപാർശ ചെയ്തിരുന്നത്. 2023 കാലഘട്ടത്തിലെ കുമളി വില്ലേജ് ഓഫീസറുടെ പേരിൽ ആ സമയത്തും നിലവിലും അച്ചടക്ക നടപടികളൊന്നും നിലവിലില്ലാത്തതാണ്.

(ഇ) പ്രസ്തുത ഭൂമി നിലവിൽ ആരുടെ കൈവശമാണുള്ളതെന്ന് വിശദമാക്കാമോ?

കുമളി പഞ്ചായത്ത് 6.39 കോടി രൂപ മുടക്കി വാങ്ങിയ കുമളി വില്ലേജിലെ സർവെ നമ്പർ 65/1 D-യിലുൾപ്പെട്ടുവരുന്ന 2.0236 ഹെക്ടർ വസ്തു 21409-ാം നമ്പർ തണ്ടപ്പേരുംപടി കുമളി ഗ്രാമപഞ്ചായത്തിനുവേണ്ടി സെക്രട്ടറി ശ്രീ. സെൻകുമാർ, S/o. കുട്ടപ്പൻ പാലപ്ര, ശാന്തിഭവൻ, അട്ടപ്പള്ളം, കുമളി എന്നയാൾ പേരിലുള്ളതാണ്.

**കേടുപറ്റിയ കെട്ടിടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി**

304 (1528) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ മൂക്കന്നൂർ, തുറവൂർ, കറുകുറ്റി വില്ലേജ് പരിധിയിൽ 03-05-2024-ന് അങ്കമാലി പോലീസ് വെടിമരുന്ന് നിർവീര്യമാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ പൊട്ടിത്തെറിയിൽ കേടുപറ്റിയ കെട്ടിടങ്ങളുടെയും വസ്തുവകകളുടെയും നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര വീടുകൾക്കാണ് നഷ്ടം സംഭവിച്ചതെന്നും എത്ര രൂപയുടെ നഷ്ടമാണുണ്ടായതെന്നുമുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

തുറവൂർ വില്ലേജിൽ മഞ്ഞിക്കാട് ശ്രീ. പി. വി. ജോർജിന്റെ ഉടമസ്ഥതയിലുള്ള പാറമടയിൽ 03-05-2024-ൽ എക്സ്പ്ലോസീവ് വസ്തുക്കൾ നിർവീര്യമാക്കാൻ നടത്തിയ പ്രവർത്തനത്തിൽ മൂക്കന്നൂർ വില്ലേജിലെ 21 വീടുകൾക്കും തുറവൂർ വില്ലേജിലെ 9 വീടുകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുള്ളതാണ്. ടി വീട്ടുടമസ്ഥർ സമർപ്പിച്ച അപേക്ഷയിന്മേൽ പഞ്ചായത്ത്, വില്ലേജ് ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയിട്ടുള്ളതാണ്. നാശനഷ്ടം സംഭവിച്ച വീടുകളുടെ നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അധികാരികൾക്ക് ജില്ലയിൽനിന്നും അപേക്ഷകരുടെ ലിസ്റ്റ് സഹിതം ലഭ്യമാക്കിയിട്ടുള്ളതാണ്.

എന്നാൽ മേൽ വീടുകളുടെ നാശനഷ്ടം തിട്ടപ്പെടുത്തിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഇതുവരെ എറണാകുളം ജില്ലാ കളക്ടർക്ക് ലഭ്യമായിട്ടില്ല.

(ബി) ഇത്തരത്തിൽ നഷ്ടം നേരിട്ടവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ?

നാശനഷ്ടം സംഭവിച്ച വീടുകളുടെ നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ അധികാരികളിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ നഷ്ടപരിഹാരം നൽകുന്ന വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമയുടെ അവകാശങ്ങൾ ഉറപ്പാക്കാൻ നടപടി**

305 (1529) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളിൽനിന്നും സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമയുടെ ഏഴ് അവകാശങ്ങൾ

ഉറപ്പാക്കണമെന്ന സുപ്രീംകോടതി നിർദേശം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ-റെയിൽ ഭൂമി ഏറ്റെടുപ്പ് സംബന്ധിച്ച് മേൽപ്പറഞ്ഞ നിർദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഭൂവുടമകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന രീതിയിൽ തുടർനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

(എ&ബി) പൊതു ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളിൽനിന്നും സർക്കാർ ഭൂമി ഏറ്റെടുക്കുന്നത് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 (RFCTLARR ACT 2013) അനുസരിച്ചാണ്. പ്രസ്തുത നിയമം പൊതുവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഈയിടെ പുറപ്പെടുവിച്ചിട്ടുള്ള നിർദേശങ്ങൾക്ക് അനുസൃതമാണ്. സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികളൊന്നും ആരംഭിച്ചിട്ടില്ല. വിശദ പദ്ധതി റിപ്പോർട്ടിന്റെ ഭാഗമായുള്ള സാമൂഹികാഘാത പഠനം മാത്രമാണ് നടത്തിയിട്ടുള്ളത്.

## ഭൂമി തരംമാറ്റത്തിന് കാലതാമസം

306 (1530) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിന് കാലതാമസമുണ്ടാകുന്നതിന് പിന്നിൽ ഒരു മാഫിയ പ്രവർത്തിക്കുന്നുണ്ടെന്ന വിജിലൻസ് കണ്ടെത്തൽ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകാതെ ഇടനിലക്കാർ മുഖേന ഭൂമി തരംമാറ്റത്തിന് അവസരമൊരുക്കുന്നതിലൂടെ നടത്തുന്ന അഴിമതി തടയാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

(എ&ബി) കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പല സ്വകാര്യ ഏജൻസികളും തരംമാറ്റ അപേക്ഷ സമർപ്പണം സംബന്ധിച്ച സേവനങ്ങൾ നൽകിവരുന്നുണ്ട്. വലിയൊരു വിഭാഗം അപേക്ഷകർ

അക്ഷയ സെന്ററുകൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിലും സംസ്ഥാനത്തിന് പുറത്തും വിദേശത്തും ജോലിചെയ്യുന്നവരിൽ പലരും മറ്റു തിരക്കുകളുള്ളവരും തരംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിനായി അവരുടെ സ്വന്തം താൽപ്പര്യത്തിൽ, അവരുടെ സൗകര്യാർഥം ഇത്തരത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനം തേടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൊബൈൽ ഫോണിലൂടെ അപേക്ഷിക്കാവുന്ന സർട്ടിഫിക്കറ്റുകൾക്കുപോലും അക്ഷയ സെന്ററുകളെ ആശ്രയിക്കുന്ന പ്രവണതയാണ് പൊതുവിൽ സംസ്ഥാനത്ത് കണ്ടുവരുന്നത്.

'ഓപ്പറേഷൻ കൺവെർഷൻ' എന്ന പേരിൽ സംസ്ഥാനത്തെ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയെത്തുടർന്ന് പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ 2017-നുശേഷം ആധാരം ചെയ്ത വസ്തുക്കൾ തരംമാറ്റി നല്കിയത് ക്രമക്കേടായി വിവക്ഷിച്ചിട്ടുള്ളതായി കാണുന്നു.

എന്നാൽ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച WP(C) 3538/2023 & WP(C) 4450/2023 എന്നിവയിന്മേലുള്ള 30-03-2023-ലെ

വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ 30-12-2017-നുശേഷം പിന്തുടർച്ചാവകാശ പ്രകാരമോ വിലയാധാര പ്രകാരമോ ഉടമസ്ഥാവകാശം കൈമാറി കിട്ടുന്ന 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്ക് 2021 ഫെബ്രുവരി 25-ാം തീയതിയിലെ സ.ഉ.(സാധാ.)നം.1166/2021/റവ പ്രകാരം പുറപ്പെടുവിച്ചതും 2021 ഏപ്രിൽ 21-ാം തീയതിയിലെ 1471-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 369/2021 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ വിജ്ഞാപനപ്രകാരമുള്ള സൗജന്യ തരംമാറ്റം അനുവദിക്കാവുന്നതാണെന്ന് 23-12-2023-ലെ REV-P1/338/2023/REV നമ്പർ സർക്കുലർ പ്രകാരം നിർദേശം നൽകിയിട്ടുള്ളതാണ്.

മേൽ പ്രകാരമുള്ള വിജിലൻസ് അന്വേഷണത്തിലുള്ള കണ്ടെത്തലുകൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നിയമപ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ, ഇത്തരം ആരോപണങ്ങൾ തികഞ്ഞ ഗൗരവത്തോടെ കാണാനും നിതാന്ത ജാഗ്രത

ഇക്കാര്യത്തിൽ പുലർത്താനും റവന്യൂ ഡിവിഷണൽ ഓഫീസർമാരോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരം മാറ്റ അപേക്ഷകൾ നിലവിൽ പൂർണമായും ഓൺലൈൻ സംവിധാനം മുഖേന മാത്രമാണ് സ്വീകരിക്കുന്നത്. ഏതൊരു അപേക്ഷകനും നേരിട്ട് റെലിസ് പോർട്ടലിലൂടെ അപേക്ഷ നല്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്ന ക്രമമനുസരിച്ചാണ് പ്രസ്തുത അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നത്. കൂടാതെ, അപേക്ഷകൾ ബന്ധപ്പെട്ട വില്ലേജ് ആഫീസർ/ അഗ്രികൾച്ചർ ആഫീസർ എന്നിവർക്ക് റിപ്പോർട്ടിനായി നൽകുന്നതും ഓൺലൈനായാണ്. ഇപ്രകാരം നല്കുന്ന അപേക്ഷയുടെ സ്റ്റാറ്റസ് അപേക്ഷകർക്ക് ഓൺലൈനായി നിരീക്ഷിക്കാവുന്നതുമാണ്.

നിലവിൽ റെലിസ് പോർട്ടൽ മുഖേന മുൻഗണനാക്രമം കർശനമായി പാലിച്ചാണ് തരംമാറ്റ അപേക്ഷകൾ തീർപ്പാക്കിവരുന്നത്. ഗുരുതരരോഗങ്ങളുടെ ചികിൽസ, വിദ്യാഭ്യാസം, വിവാഹം എന്നീ ആവശ്യങ്ങൾ, ലൈഫ് പദ്ധതിയുടെ കീഴിലുള്ള ഭവന നിർമ്മാണം എന്നീ

കാര്യങ്ങൾക്ക് മാത്രമാണ് മുൻഗണനാക്രമത്തിൽ ഇളവുകൾ നല്കുന്നത്. ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ഇളവുകൾ നൽകേണ്ട കേസുകൾ തിരഞ്ഞെടുക്കുന്നത് ആർ.ഡി.ഒ. അധ്യക്ഷനായ ഒരു ഇന്റേണൽ കമ്മിറ്റിയാണ്.

റെലിസ് പോർട്ടലിലൂടെ നേരിട്ട് അപേക്ഷ സമർപ്പിക്കാമെന്നിരിക്കേ ഭൂരിഭാഗം അപേക്ഷകരും അക്ഷയ സെന്ററുകളെയാണ് ആശ്രയിച്ചുവരുന്നത്. മറ്റ് ഇടനിലക്കാരായി ആരെങ്കിലും ഇക്കാര്യത്തിന് അപേക്ഷകരെ സമീപിച്ച് പണം ആവശ്യപ്പെടുന്നുവെങ്കിൽ അപേക്ഷകർക്ക് അത്തരം കുത്സിത പ്രവൃത്തി നടത്തുന്നവരെ സംബന്ധിച്ച വിവരം സർക്കാർ മുതൽ താഴേക്ക് റവന്യൂ ഡിവിഷണൽ ഓഫീസ് തലം വരെയുള്ള ഉദ്യോഗസ്ഥർക്ക് കൈമാറാവുന്നതാണ്. ആവശ്യമാകുന്ന കേസുകളിൽ ജില്ലാ കളക്ടേറ്റുകളിലെ ഇൻസ്പെക്ഷൻ വിഭാഗം മുഖേന ആകസ്മിക പരിശോധന നടത്തിയും ആരോപണങ്ങൾ ത്വരിതാന്വേഷണ വിധേയമാക്കുന്നുണ്ട്. കൂടാതെ, വിജിലൻസിന്റെ സഹായവും ഇക്കാര്യത്തിൽ തേടുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ കുടിശ്ശികയായിട്ടുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകി നിയോഗിക്കുന്നതിനുദ്ദേശിച്ചുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 15-ാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട നിയമസഭ പാസാക്കി അംഗീകാരത്തിനായി ബഹുമാനപ്പെട്ട ഗവർണർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും ഏകദേശം 6 മാസങ്ങൾ കഴിഞ്ഞാണ് ബഹുമാനപ്പെട്ട ഗവർണർ ഭേദഗതി നിയമം അംഗീകരിച്ച് നൽകിയത്. പ്രസ്തുത നിയമം 07-06-2024-ന് നിലവിൽ വന്നിട്ടുള്ളതാണ്. ഇതനുസരിച്ച് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിലവിൽ

റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നൽകിയിട്ടുള്ള ചുമതല ഡെപ്യൂട്ടി കളക്ടർമാർക്കുകൂടി നൽകുമ്പോൾ, അപേക്ഷകൾ കുറച്ചുകൂടി വേഗത്തിൽ തീർപ്പാക്കുന്നതിനും പരാതികൾ കുറയ്ക്കുന്നതിനും സഹായകരമാകുന്നതാണ്.

**റവന്യൂ ഭൂമി അനുവദിക്കുന്നതിന് നടപടി**

307 (1531) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കളിസ്ഥലമൊരുക്കുന്നതിനും പഞ്ചായത്ത് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും റവന്യൂ ഭൂമി അനുവദിക്കുന്നതിന് വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ അവ അനുവദിക്കുന്നത് എങ്ങനെയാണെന്നും അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

1960-ലെ കേരള ഭൂമി പതിവ് നിയമത്തിന്റെ ചട്ടങ്ങളായ കേരള ഭൂമി പതിവ് ചട്ടം 1964, കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ 1995 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്

ഭൂമി കളിസ്ഥലത്തിനും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനുമായി അനുവദിക്കുന്നത്.

ചട്ടപ്രകാരമുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അതിനുശേഷം വില്ലേജ് ഓഫീസിൽനിന്ന് സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കി തഹസിൽദാർ പരിശോധിച്ച് ഭൂമിയുടെ കമ്പോള വില നിശ്ചയിച്ച് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും ജില്ലാ കളക്ടറുടെ ശിപാർശയോടെ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം സർക്കാരിന് സമർപ്പിക്കുകയും സർക്കാർ ഉത്തരവ് നൽകുന്ന മുറയ്ക്ക് ഭൂമി പാട്ട വ്യവസ്ഥയിൽ കൈമാറുകയും ചെയ്യുന്നതാണ്.

**കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ**

308 (1532) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഫോറം നമ്പർ 5-ൽ നൽകിയ അപേക്ഷകളിൽ എത്രയെണ്ണം

തീർപ്പാക്കാൻ ബാക്കിയുണ്ടെന്ന വിവരം ലഭ്യമാക്കുമോ; ഏതെല്ലാം ഓഫീസുകളിലാണ് കുടിശ്ശികയായി നിൽക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഫോറം നമ്പർ 5-ൽ 2084 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. കോർപ്പറേഷൻ പരിധിയിലുള്ള വില്ലേജ് ആഫീസുകളിലും കൃഷി ആഫീസുകളിലും ആർ.ഡി.ഒ. ആഫീസുകളിലുമായാണ് കുടിശ്ശികയുള്ളത്.

(ബി) വില്ലേജ് ഓഫീസ്, കൃഷി ഓഫീസ് എന്നിവിടങ്ങളിൽ ഇത്തരം അപേക്ഷ തീർപ്പുകൽപ്പിക്കുന്നതിന് എന്തെങ്കിലും സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ആർ.ഡി.ഒ. ഓഫീസിൽ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരംമാറ്റുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നല്കുന്ന അപേക്ഷകൾ റിപ്പോർട്ടിനായി അതത് സംഗതിപോലെ കൃഷി ഓഫീസർക്കോ വില്ലേജ് ഓഫീസർക്കോ അയച്ചുകൊടുക്കേണ്ടതും കൃഷി

ഓഫീസർ/വില്ലേജ് ഓഫീസർ ഒരുമാസത്തിനകം അതിന്മേലുള്ള റിപ്പോർട്ട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണെന്ന് ചട്ടം 4(ഇ)-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. റവന്യൂ ഡിവിഷണൽ ആഫീസർ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മൂന്നുമാസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണെന്ന് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5 (4)(i)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(സി) ഫോറം നമ്പർ 5-ലെ അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ നടത്തുന്നതിനോ അധിക ജീവനക്കാരെ വിന്യസിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യാപകമായി റവന്യൂ ഡിവിഷൻ തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു. എന്നാൽ ഫോറം നമ്പർ 5-ൽ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് മാത്രമായി പ്രത്യേക അദാലത്തുകൾ നടത്താൻ നിലവിൽ തീരുമാനമെടുത്തിട്ടില്ലാത്തതാണ്. ഫോറം 6, 7 അപേക്ഷകളിന്മേലുള്ള

അദാലത്ത് നടത്തിവരുന്ന വേളയിൽ വിഷയത്തിൽ അവഗാഹമുള്ള അതേ ജില്ലയിലെ റവന്യൂ ജീവനക്കാരെ താൽക്കാലികമായി ഈ ആവശ്യത്തിലേയ്ക്കായി വിന്യസിക്കാറുണ്ട്.

**മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരണം**

309 (1533) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവുമായും അതിർത്തി പുനർനിർണയവുമായും ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച ടീം ഇതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണെന്നിരിക്കെ ഭരണപരമായ സൗകര്യങ്ങൾ കണക്കിലെടുത്ത് മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

(എ-സി) മലപ്പുറം ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ സർക്കാർ നിയോഗിക്കുകയുമുണ്ടായി. പ്രസ്തുത ടീം റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എന്നാൽ തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽനിന്നും പുതിയ താലൂക്ക്/വില്ലേജ്/ആർ.ഡി.ഒ. രൂപീകരണം/വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായിവരുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുമ്പോൾ പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**മണ്ണാർക്കാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

310 (1534) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) പ്ലാൻ പദ്ധതി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി എന്നീ പദ്ധതികൾ പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണമാണ് റവന്യൂ വകുപ്പ് മുഖേന മണ്ണാർക്കാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നത്. മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ മണ്ണാർക്കാട്-1, പൂളുർ, അലനല്ലൂർ-1, മണ്ണാർക്കാട്-2, കോട്ടോപാടം-1, അലനല്ലൂർ-3, പയ്യനടം, കുമരംപുത്തൂർ എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

പ്ലാൻ പദ്ധതി പ്രകാരം കോട്ടോപ്പാടം-2 വില്ലേജ് ഓഫീസിന്റെ നിർമ്മാണവും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം അലനല്ലൂർ -2, കള്ളമല എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും മണ്ണാർക്കാട് മണ്ഡലത്തിൽ പുരോഗമിച്ചുവരുന്നു. ഷോളയൂർ, കോട്ടത്തറ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തികൾക്കുള്ള നടപടികളും പുരോഗമിക്കുന്നു.

**ഭൂമി കൈയേറ്റ കേസുകളിൽ നടപടി**

311 (1535) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ ഭൂമി കൈയേറ്റ കേസുകളിൽ നടപടി സ്വീകരിക്കുന്നതിൽ അലംഭാവം പുലർത്തുന്നതായുള്ള ഹൈക്കോടതി നിരീക്ഷണം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

മൂന്നാറിലെ ഭൂമി കൈയേറ്റ കേസുകളിൽ നടപടി സ്വീകരിക്കുന്നതിൽ അലംഭാവം പുലർത്തുന്നതായുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷണം ഗൗരവത്തോടെ കാണുന്നു. മേലിൽ ഇത്തരം വീഴ്ചകൾ വരുത്താതിരിക്കാൻ ആവശ്യമായ മാർഗനിർദേശങ്ങൾ യഥാസമയം നൽകിവരുന്നതും നിർദിഷ്ട നടപടികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തി യഥാവിധി ബഹുമാനപ്പെട്ട കോടതി ഉത്തരവുകൾ നടപ്പിലാക്കി നടപടി വിവരം സമയക്രമം പാലിച്ച് ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചുവരുന്നതുമാണ്.

ഇടുക്കി ജില്ലയിലെ മൂന്നാർ മേഖലയിലെ അനധികൃത സർക്കാർ ഭൂമി കൈയേറ്റങ്ങളും അനധികൃത നിർമ്മാണങ്ങളും വ്യാജ പട്ടയങ്ങൾ, ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച ഡബ്ല്യൂ.പി.(സി)-1801/2010 നമ്പർ ഹർജിയിലും

അനുബന്ധ ഹർജികളിന്മേലുമുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മൂന്നാർ സ്പെഷ്യൽ ബെഞ്ചിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ സർക്കാർ ഭൂമി കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേയ്ക്കായും വ്യാജ പട്ടയങ്ങളുടെ പരിശോധനയ്ക്കായും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലായി പ്രത്യേക ദൗത്യസംഘങ്ങൾ രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേയ്ക്കും യഥാസമയം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നടപടി വിവരം സംബന്ധിച്ച സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിലേയ്ക്കുമായി പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതുമാണ്. നിയതമായ ഇടവേളകളിൽ പ്രത്യേക ദൗത്യസംഘങ്ങളുടെ യോഗംകൂടി പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നതും സംഘത്തിന്റെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും മറ്റും ഒരുക്കിനൽകുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) ഏതുകേസുമായി ബന്ധപ്പെട്ടാണ് ഇപ്രകാരം നിരീക്ഷണമുണ്ടായത്; കോടതി നിർദേശപ്രകാരം ഭൂമി കൈയേറ്റ കേസുകളിൽ പുനരന്വേഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയുള്ള ഡബ്ല്യൂ.പി.(സി)-1801/2010-ാം നമ്പർ ഹർജിയിലും അനുബന്ധ ഹർജികളുമായി ബന്ധപ്പെട്ടാണ് ഇപ്രകാരം നിരീക്ഷണമുണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട കോടതി ഉത്തരവുകൾ പ്രകാരമുള്ള അന്വേഷണങ്ങളും അന്വേഷണത്തിൽ ബോധ്യപ്പെടുന്ന വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള നിയമാനുസൃത നടപടികളും സ്വീകരിച്ചുവരുന്നതും നിലവിലുള്ള ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നടപടി വിവരം സംബന്ധിച്ച സത്യവാങ്മൂലങ്ങൾ സമയക്രമം പാലിച്ച് സമർപ്പിച്ചുവരുന്നതുമാണ്. നിലവിൽ കണ്ടെത്തിയിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ളതുമായ പട്ടികയിലെ കേസുകളിൽ അന്വേഷണ നടപടികൾ പൂർത്തിയാക്കിയിട്ടില്ലാത്ത ഭൂമി കൈയേറ്റ

കേസുകളിൽ പുനരന്വേഷണത്തിന് 12-06-2024-ലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. ആയതിൽ പുനരന്വേഷണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മേൽപ്പറഞ്ഞ വിഷയത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ വിഷയത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയുള്ള ഡബ്ല്യൂ.പി.(സി) 34095/2007 നമ്പർ കേസിലെ 22-05-2024-ലെ കോടതി വിധിയിൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) ശ്രീ. രാജൻ മധേക്കർ ഐ.പി.എസ്.-ന്റെ 01-04-2004-ലെ റിപ്പോർട്ടിൽ വ്യാജപട്ടയം നൽകിയതിന് ഉത്തരവാദികളായി പരാമർശിച്ചിരിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ സംബന്ധിച്ച സത്യവാങ്മൂലം സമർപ്പിക്കാൻ ഉത്തരവായിരുന്നു. ശ്രീ. രാജൻ മധേക്കർ ഐ.പി.എസ്.-ന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരിൽ ഭൂരിഭാഗവും സർവീസിൽനിന്നും വിരമിച്ചവരും ഒരാൾ

മരണപ്പെട്ടിരുന്നതും ബാക്കിയുള്ളവർ സ്ഥലംമാറിപ്പോയിരുന്നവരുമാണെന്നും ഇടുക്കി ജില്ലയിൽത്തന്നെ സേവനത്തിൽ തുടർന്നുവന്നിരുന്ന ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിരുന്നതും തുടർന്ന് സേവനത്തിൽ പുനഃപ്രവേശിപ്പിച്ചിട്ടുള്ളതും ഇവരിൽ ഓരോ വ്യക്തികൾക്കുമെതിരെയുള്ള കുറ്റങ്ങൾ സ്ഥാപിക്കാൻ സാധിക്കാതിരുന്നതിനാൽ ഇവർക്കെതിരെ അച്ചടക്കനടപടി കൈക്കൊണ്ടിട്ടില്ലാത്തതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**വയനാട് ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങൾ**

312 (1536) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ ആകെ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

മുൻസർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വയനാട് ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ/കൈവശരേഖകളുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) മാനന്തവാടി താലൂക്കിലെ അമ്പുകുത്തി, കരിമ്പിൽ പ്രദേശത്തുള്ള കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ 01-01-1977-നുമുമ്പ് വനഭൂമി കൈവശംവച്ച് വന്നിരുന്നവർക്ക് അത് പതിച്ചുകൊടുക്കുന്നതിനുവേണ്ടി കേരള ഭൂപതിവ് ചട്ടങ്ങൾ (01-01-1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതും സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതുമാണ്. കരിമ്പിൽ-അമ്പുകുത്തി പ്രദേശത്തെ പട്ടയ പ്രശ്നവും സംയുക്ത സർവെയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടലിൽ സംയുക്ത പരിശോധന പൂർത്തിയാക്കിയ അർഹരായ അപേക്ഷകരുടെ ഭൂമിയുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രവർത്തനങ്ങൾ ജില്ലയിൽ പൂർത്തിയായിട്ടുണ്ട്. വിഷയത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ അർഹത കണ്ടെത്തിയിട്ടുള്ള ആളുകളുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടയം ലഭിക്കാത്ത കൈവശക്കാരുടെ വിവരശേഖരണം**

313 (1537) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-01-1977-നുമുമ്പായി വനഭൂമിയിൽ കുടിയേറിയതും നാളിതുവരെ പട്ടയം ലഭിക്കാത്തതുമായ കൈവശക്കാരുടെ വിവരശേഖരണത്തിലൂടെ സംസ്ഥാനത്തെ വിവിധ വില്ലേജുകൾ വഴി ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

01-01-1977-നുമുമ്പായി വനഭൂമിയിൽ കുടിയേറി താമസിച്ചുവരുന്നവരുടെ യോഗ്യതയ്ക്കനുസൃതമായി പട്ടയം നൽകാനുള്ള നടപടിയുടെ ഭാഗമായി

നടത്തുന്ന വിവര ശേഖരണത്തിൽ വിവിധ വില്ലേജ് ഓഫീസുകൾ മുഖേന 37311 കൈവശക്കാരുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

സംയുക്ത പരിശോധന (Joint Verification) നടന്നയിടങ്ങളിൽ JV ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, JV നടന്നിട്ടില്ലാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിനായി അപേക്ഷിക്കാത്തവർ എന്നിവരുടെ സമഗ്രമായ വിവരശേഖരണമാണ് നടത്തിയത്. പ്രസ്തുത വിവരങ്ങൾ പരിശോധിച്ച് അത്തരം കൈവശക്കാർക്ക് 1993-ലെ (01-01-1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വനഭൂമിയിൽ കുടിയേറിയിട്ടുള്ള വലിയൊരു വിഭാഗം കർഷകർക്ക് ഇതുവരേയും പട്ടയത്തിന് അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരിൽ പലരും 1977-നുമുമ്പ്

കുടയേറിയവരോ അവരുടെ പിൻഗാമികളോ ആണ്. അജ്ഞതമൂലമോ, അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന തെറ്റിദ്ധാരണമൂലമോ മറ്റ് പലവിധ കാരണങ്ങളാലോ ആണ് അപേക്ഷ നൽകാൻ കഴിയാതെ പോയിട്ടുള്ളത്. ഈ പ്രശ്നം പരിഹരിക്കാൻ സംസ്ഥാന വനം-റവന്യൂ വകുപ്പ് മന്ത്രിമാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെ സന്ദർശിക്കുകയും കേരളത്തിലെ ഈ പ്രത്യേക സാഹചര്യം വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ അപേക്ഷ നൽകാൻ കഴിഞ്ഞിട്ടില്ലാത്ത അർഹതയുള്ള കുടിയേറ്റക്കാരിൽനിന്നും അപേക്ഷ സ്വീകരിക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് ഉടൻ നടപടി സ്വീകരിക്കുമെന്നും കേന്ദ്ര സർക്കാർ ഉറപ്പുനൽകിയിട്ടുണ്ട്. വളരെ പെട്ടെന്നുതന്നെ കർഷകരിൽനിന്നും 1977-നുമുമ്പുള്ള കൈവശം സംബന്ധിച്ച രേഖകൾ സഹിതം പുതിയ അപേക്ഷ വാങ്ങുകയും സമയബന്ധിതമായി ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കുകയും ചെയ്യും. ഇക്കാര്യത്തിൽ സംസ്ഥാന വനം വകുപ്പ് എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്. ജെ.വി.ആർ. പൂർത്തിയായിക്കഴിഞ്ഞാൽ സാങ്കേതികമായ പിഴവുകളില്ലാതെ പരിവേഷ് പോർട്ടൽ വഴി അപ്‌ലോഡ് ചെയ്തുകൊണ്ട് കേന്ദ്രാനുമതി വാങ്ങി

പട്ടയം നൽകുകയെന്നുള്ളതാണ് ലക്ഷ്യം. കേന്ദ്രാനുമതി വേഗതയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കാൻ സംസ്ഥാന ലാൻഡ് റവന്യൂ കമ്മീഷണറേയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനേയും നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിക്കഴിഞ്ഞു. ഇതോടെ മലയോര മേഖലയിൽ നിലനിൽക്കുന്ന പട്ടയ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകും. ഈ സർക്കാരിന്റെ കാലത്തുതന്നെ മലയോര മേഖലയിലെ അർഹരമായ മുഴുവൻ കർഷകർക്കും പട്ടയം നല്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പൂഞ്ഞാർ മണ്ഡലത്തിൽ പട്ടയത്തിനായുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി**

314 (1538) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകൾ

പൂഞ്ഞാർ മണ്ഡലത്തിൽ ലഭിച്ചുവെന്നും അതിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂഞ്ഞാർ മണ്ഡലത്തിൽ കൈവശ വസ്തുവിന് പട്ടയം ലഭിക്കുന്നതിനുള്ള 1981 പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അതിൽ 1229 അപേക്ഷകളിന്മേൽ പട്ടയം അനുവദിച്ചിട്ടുള്ളതും അവശേഷിക്കുന്ന 752 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

അനുവദിച്ച പട്ടയങ്ങളുടെ വില്ലേജടിസ്ഥാനത്തിലുള്ള വിവരം:

| ക്രമ നമ്പർ | വില്ലേജ് | ലഭിച്ച അപേക്ഷകൾ | അനുവദിച്ച പട്ടയങ്ങൾ |
|---|---|---|---|
| 1 | എരുമേലി വടക്ക് | 1962 | 1218 |
| 2 | എരുമേലി തെക്ക് | 7 | 5 |
| 3 | കോരുത്തോട് | 12 | 6 |
| 4 | കൂട്ടിക്കൽ | - | - |
| 5 | മുണ്ടക്കയം | - | - |

(ബി) പ്രസ്തുത അപേക്ഷകളിൽ ബാക്കിയുള്ളവ തീർപ്പാക്കി അടിയന്തരമായി പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

തീർപ്പാക്കാൻ അവശേഷിക്കുന്ന 752 പട്ടയ അപേക്ഷകളിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി**

315 (1539) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

01-01-1977-നുമുമ്പ് കൈവശഭൂമിയുള്ളവർ ആയിരുന്നിട്ടുകൂടി കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പാലക്കയം വില്ലേജിൽ ഉൾപ്പെട്ട ഇരുമ്പകച്ചോല, പാലക്കയം, പൂഞ്ചോല കരിമ്പ പഞ്ചായത്തിലെ മൂന്നേക്കർ എന്നിവിടങ്ങളിൽ ജോയിന്റ് വെരിഫിക്കേഷനുള്ള അവസരം ലഭിക്കാത്തവരുടെ വിശദാംശം ലഭ്യമാക്കാമോ; അവരുടെ കൈവശഭൂമികൂടി അടിയന്തരമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിനും പട്ടയം നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പാലക്കയം വില്ലേജിലുൾപ്പെട്ട ഇരുമ്പകച്ചോല, പാലക്കയം, പൂഞ്ചോല കരിമ്പ പഞ്ചായത്തിലെ മൂന്നേക്കർ എന്നിവിടങ്ങളിൽ ജോയിന്റ് വെരിഫിക്കേഷനുള്ള അവസരം

ലഭിക്കാത്തവരുടെ വിവരശേഖരണം നടത്തിയതിൽ മേൽ പ്രസ്താവിച്ച സ്ഥലങ്ങൾ ഉൾപ്പെട്ട പാലക്കയം വില്ലേജിൽ 291 പേരുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

സർക്കാരിന്റെ നയപരിപാടിയുടെ ഭാഗമായി 01-01-1977-നുമുമ്പ് കുടിയേറിയ വനഭൂമിയിൽ നാളിതുവരെ പട്ടയം ലഭിക്കാത്ത കൈവശക്കാരുടെ പൂർണ്ണതോതിലുള്ള വിവരശേഖരണം നടത്താനുള്ള തീരുമാനമുണ്ടായതിന്റെ അടിസ്ഥാനത്തിൽ 01-03-2024 മുതൽ 31-03-2024 വരെ വിവരശേഖരണം നടത്തുകയും മണ്ണാർക്കാട് താലൂക്കിൽ കോട്ടോപ്പാടം-1, കോട്ടോപ്പാടം-3, പയ്യനെടം, അലനല്ലൂർ-3, പാലക്കയം എന്നീ വില്ലേജുകളിലായി യഥാക്രമം 160, 15, 14, 332, 291 ഉൾപ്പെടെ ആകെ 812 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വില്ലേജുകളിൽ വിവരശേഖരണത്തിലൂടെ ലഭിക്കുന്ന അപേക്ഷകൾ താലൂക്കിൽ ക്രോഡീകരിക്കും. തുടർന്ന് ഈ പ്രദേശങ്ങൾ റവന്യൂ-വനം വകുപ്പുകൾ ചർച്ച ചെയ്ത് ജെ.വി.ആർ. നടത്തേണ്ട സ്ഥലങ്ങളും പരിപാടിയും തയ്യാറാക്കും. ജെ.വി.ആർ.-നുശേഷം ചട്ടപ്രകാരം അപേക്ഷ സ്വീകരിച്ച് പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്തി കേന്ദ്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അംഗീകാരം നേടി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാവുന്ന വിധത്തിൽ ഒരു SOP റവന്യൂ വകുപ്പ് തയാറാക്കിയിട്ടുണ്ട്. ദീർഘമായ 30 വർഷത്തിനുശേഷം ജെ.വി.ആർ. നടത്താൻ സംസ്ഥാന വനം-റവന്യൂ വകുപ്പുമന്ത്രിമാർ കേന്ദ്ര സർക്കാരുമായി നടത്തിയ ചർച്ചയിലാണ് അനുവാദം ലഭിച്ചിട്ടുള്ളത്. മലയോര പട്ടയ വിതരണത്തിൽ ഇതൊരു ചരിത്ര നേട്ടമാണ്. പ്രസ്തുത അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്ന വിവരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അരുവിക്കര മണ്ഡലത്തിലെ പട്ടയത്തിനുള്ള അപേക്ഷകൾ**

316 (1540) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ പട്ടയം അനുവദിച്ചുകിട്ടുന്നതിനായി ലഭിച്ച അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയാണെന്നും ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും പഞ്ചായത്ത് തിരിച്ചുള്ള വിവരം അറിയിക്കാമോ?

അരുവിക്കര മണ്ഡലത്തിൽ പട്ടയം അനുവദിച്ചുകിട്ടുന്നതിനായി ലഭിച്ച അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

1. ആര്യനാട് പഞ്ചായത്ത് - 108 എണ്ണം

2. അരുവിക്കര പഞ്ചായത്ത് - 05 എണ്ണം

3. തൊളിക്കോട് പഞ്ചായത്ത് - 15 എണ്ണം

4. വിതുര പഞ്ചായത്ത് - 29 എണ്ണം

5. വെള്ളനാട് പഞ്ചായത്ത് - 18 എണ്ണം

6. ഉഴമലയ്ക്കൽ പഞ്ചായത്ത് - 10 എണ്ണം

7. കുറ്റിച്ചൽ പഞ്ചായത്ത് - 8 എണ്ണം

8. പൂവച്ചൽ പഞ്ചായത്ത്- - 32 എണ്ണം

-----------

ആകെ 225 എണ്ണം

അരുവിക്കര മണ്ഡലത്തിലുൾപ്പെട്ട നെടുമങ്ങാട്, കാട്ടാക്കട താലൂക്ക് പരിധിയിൽ വരുന്ന 8 പഞ്ചായത്തുകളിലായി 225 അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കാനുള്ളതും അതിൽ ആര്യനാട് പഞ്ചായത്തിലെ 78

അപേക്ഷകളിന്മേൽ താലൂക്ക് ഭൂമി പതിവ് കമ്മിറ്റിയുടെ അനുമതി ലഭ്യമാകാനുള്ളതും ബാക്കിയുള്ള അപേക്ഷകളിന്മേൽ പട്ടയനടപടികളുടെ ഭാഗമായുള്ള 12 (1) നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനും TLAC അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാട്ടാക്കട താലൂക്കിൽ അരുവിക്കര നിയോജകമണ്ഡലത്തിന്റെ ഭാഗമായി വരുന്ന പൂവച്ചൽ, കുറ്റിച്ചൽ എന്നീ പഞ്ചായത്തുകളിൽ, പൂവച്ചൽ പഞ്ചായത്തിന്റെ പരിധിയിൽവരുന്ന 37 (32 LA, 5 LT) അപേക്ഷകളാണ് നിലവിലുള്ളത്. 32 ഭൂമി പതിവ് അപേക്ഷകളിൽ ഒരു അപേക്ഷ 15-06-2024-ലെ TLAC-യെ സമർപ്പിക്കുന്നതിന് തയ്യാറായിട്ടുണ്ട്. 18 കോളനി പട്ടയ അപേക്ഷകൾ TLAC പാസ്സാക്കുകയും 11 എണ്ണത്തിൽ പട്ടയം തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ ടി ആളുകൾക്ക് പട്ടയം നൽകുന്നതിനെതിരെ പരാതി ലഭ്യമായിട്ടുള്ളതിനാൽ ആയതിൻമേൽ തുടരന്വേഷണം നടത്തിവരുന്നു. 13 അപേക്ഷകൾ തോട്, റോഡ് പുറമ്പോക്കുകളിൽ ഉൾപ്പെട്ടുവരുന്നു. നിലവിലുള്ള 5 LT അപേക്ഷകളിന്മേൽ വിചാരണ നടത്തി ഉടൻ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുറ്റിച്ചൽ പഞ്ചായത്തിന്റെ പരിധിയിൽ 8 ഭൂമി പതിവ് അപേക്ഷകൾ നിലവിലുള്ളതും അതിൽ 2 എണ്ണം 15-06-2024-ലെ TLAC-യിൽ സമർപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ളതും മറ്റുള്ള അപേക്ഷകളിൽ പതിവ് റിക്കാർഡുകൾ തയ്യാറാക്കിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ച പട്ടയങ്ങൾ എത്രയാണെന്ന വിവരം പഞ്ചായത്ത് തിരിച്ച് നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡത്തിലെ വിവിധ പഞ്ചായത്തുകളിൽ നാളിതുവരെ അനുവദിച്ച പട്ടയങ്ങളുടെ എണ്ണം:

1. അരുവിക്കര പഞ്ചായത്ത് - 11 എണ്ണം

2. തൊളിക്കോട് പഞ്ചായത്ത് - 145 എണ്ണം

3. വെള്ളനാട് പഞ്ചായത്ത് - 46 എണ്ണം

4. ആര്യനാട് പഞ്ചായത്ത് - 63 എണ്ണം

5. ഉഴമലയ്ക്കൽ പഞ്ചായത്ത് - 01 എണ്ണം

**പെരിന്തൽമണ്ണ താലൂക്കിലെ പട്ടയ വിതരണം**

317 (1541) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിലെ കോഡൂർ വില്ലേജിൽ സർവെ നമ്പർ 95/1-ൽ ഉൾപ്പെട്ട നെച്ചിക്കാട് പറമ്പ് കമ്പിവളപ്പ് നിവാസികളുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പട്ടയ വിതരണത്തിനായുള്ള സർവെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്നും സർവെ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുമോയെന്നും വ്യക്തമാക്കാമോ;

(സി) കൈവശകക്ഷികളുടെ അർഹതാ പരിശോധന പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ ത്വരിതപ്പെടുത്തി അടിയന്തരമായി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) പെരിന്തൽമണ്ണ താലൂക്ക് ലാൻഡ് ബോർഡിന്റെ SMP.49/1977 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. കിളിയമണ്ണിൽ മൊയ്തു ഹാജി എന്നവരിൽനിന്നും അന്യ കൈവശത്തോടുകൂടി ഏറ്റെടുത്ത കോഡൂർ വില്ലേജിൽപ്പെട്ട സർവെ നമ്പർ 95/1-ൽ ഉൾപ്പെട്ട മിച്ചഭൂമിയിൽ ഉൾപ്പെട്ടവരാണ് കമ്പിവളപ്പ് പ്രദേശ വാസികൾ. ഇവരിൽ അർഹതയുള്ളവർക്ക് മിച്ചഭൂമി പതിച്ചുനൽകുന്നതിനുള്ള പ്രാഥമിക നടപടിയുടെ ഭാഗമായി ഫോറം 16 പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായുള്ള വിവര ശേഖരണം നടത്തിയതിൽ എല്ലാവരുംതന്നെ ആധാരപ്രകാരം ഭൂമി വിലയ്ക്കുവാങ്ങി കൈവശം വച്ചുവരുന്നവരും ഭൂരിഭാഗം പേരും 7E പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളവരുമാണെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരള ഭൂപരിഷ്കരണ നിയമം 7E പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി സോണൽ ലാൻഡ് ബോർഡ് മുമ്പാകെ അപേക്ഷ സമർപ്പിക്കാൻ കൈവശ കക്ഷികൾക്ക് വില്ലേജ് ഓഫീസർ മുഖാന്തരം നിർദേശം നൽകിയിട്ടുണ്ട്. 7E ആനുകൂല്യത്തിന് അർഹതയില്ലാത്തവർക്കും ലാൻഡ് ട്രൈബ്യൂണൽ

പട്ടയമില്ലാത്തവരുമായ കൈവശ കക്ഷികൾക്ക് മിച്ചഭൂമി പതിച്ചുകിട്ടാനുള്ള അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം അനുവദിക്കുന്നതിന് നിയമാനുസൃത നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതാണ്.

**തീരദേശവാസികൾക്ക് പട്ടയം**

318 (1542) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശവാസികളിൽ താമസസ്ഥലത്തിനുവേണ്ടിയുള്ള പട്ടയത്തിന് അപേക്ഷ നൽകി വർഷങ്ങളായിട്ടും പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

സംസ്ഥാനത്തെ തീരദേശവാസികളിൽ താമസസ്ഥലത്തിനു വേണ്ടിയുള്ള പട്ടയത്തിന് അപേക്ഷ നൽകി വർഷങ്ങളായിട്ടും പട്ടയം ലഭിക്കാത്ത കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം ലഭിക്കുന്നത് ഉറപ്പാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

തീരദേശ മേഖലകളിലെ അപേക്ഷകർ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കും പട്ടയം അനുവദിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആയതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളതും പട്ടയ മിഷന്റെ നേതൃത്വത്തിൽ പട്ടയ ഡാഷ്ബോർഡ് അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ, കടൽ പുറമ്പോക്ക് സർവെ ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ High Tide Line നിർണയിച്ച് പ്രസ്തുത Line-ൽനിന്നും 30 മീറ്റർ മാറിയുള്ളതും ദുരന്തസാധ്യതയില്ലാത്തതുമായ പ്രദേശത്തെ അപേക്ഷകൾ ചട്ടപ്രകാരം പരിഗണിച്ച് പതിവ് നടപടികൾ സ്വീകരിക്കാൻ അദാലത്തുകളിൽ ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. സർവെ ചെയ്യാത്തിടങ്ങളിൽ പ്രസ്തുത സ്ഥലങ്ങൾ സർവെ ചെയ്യുന്നതിനായി സർവെ അതിരടയാള

നിയമപ്രകാരം സർവെയ്ക്കുള്ള കരട് വിജ്ഞാപനം തയ്യാറാക്കി സമർപ്പിക്കാനും നിർദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത അപേക്ഷകരിൽ എത്ര പേർക്ക് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പട്ടയം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത അപേക്ഷകരിൽ ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പട്ടയം നൽകിയിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

319 (1543) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ അനുവദിച്ച പട്ടയങ്ങളുടെ കണക്ക് ജില്ലയും വർഷവും തിരിച്ച് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ അനുവദിച്ച പട്ടയങ്ങളുടെ കണക്ക് ജില്ലയും വർഷവും തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് " എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് 'പട്ടയ മിഷൻ'. പട്ടയ വിതരണം ഊർജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനുമാവശ്യമായ നിർദേശങ്ങൾ തത്സമയം നല്കാനുമാണ് പട്ടയ മിഷൻ ലക്ഷ്യം വയ്ക്കുന്നത്.

പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമം പൂർത്തിയാക്കി മാത്രമേ പട്ടയം നല്കാൻ സാധിക്കൂ. നിയമത്തിലുള്ള കുരുക്കുകൾ ഒഴിവാക്കുന്നതിനും നിയമത്തിനുള്ളിൽനിന്നുകൊണ്ട് പരമാവധി വേഗത്തിൽ പട്ടയം നൽകാനുമാണ് പട്ടയ മിഷൻ ലക്ഷ്യംവയ്ക്കുന്നത്. പട്ടയമിഷന്റെ ഭാഗമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഓരോ പ്രദേശത്തെയും ഭൂരഹിതരുടെ എണ്ണം, പതിച്ചുകൊടുക്കാവുന്ന ഭൂമിയുടെ ലഭ്യത, ഭൂമി വിതരണം ചെയ്യുന്നതിനുള്ള തടസ്സം എന്നിവ കണ്ടെത്തി പരിഹരിക്കുന്നതിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേരുന്നു. ഒരു നിയമസഭാ മണ്ഡലത്തിലുൾപ്പെടുന്ന എല്ലാ ജനപ്രതിനിധികളും പട്ടയ അസംബ്ലിയിൽ ഉയർന്നുവരുന്ന വിഷയങ്ങൾ ക്രോഡീകരിച്ച് പ്രത്യേകം പ്രത്യേകം ഡാഷ്ബോർഡിൽ രേഖപ്പെടുത്തി പരിഹാരം കാണും. പുറമ്പോക്ക്/തരിശു ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചും കൃഷി ചെയ്തും വരുന്ന ഭൂരഹിതരായവർക്ക് നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലും (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തിച്ചുവരുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗനിർദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ ചട്ട

ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ സർക്കാർതലത്തിൽ പരിശോധിക്കുകയും ചെയ്യുന്നു.

കൂടാതെ, ജില്ലകൾക്ക് നിലവിലുള്ള പട്ടയ അപേക്ഷകളുടെയും പരിഹരിക്കാൻ സാധിക്കുന്ന പട്ടയ പ്രശ്നങ്ങളുടെയും എണ്ണത്തിനനുസൃതമായി ടാർജറ്റ് നിശ്ചയിച്ചുനൽകുകയും അതിന്റെ പുരോഗതി സംസ്ഥാന പട്ടയ മിഷൻ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുടെ കൈയിലുള്ള ഭൂമി സംബന്ധിച്ച പട്ടയമിഷന്റെ കൈമാറ്റവും വിതരണവും വേഗതയിലാക്കുന്ന Appex ബോഡിയായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ റവന്യൂ, വനം, തദ്ദേശം, നിയമം, ജലവിഭവം, ഇലക്ട്രിസിറ്റി, പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

**മുൻസർക്കാരിന്റെ കാലത്ത് വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരങ്ങൾ**

320 (1544) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തതെന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2016 മുതൽ 2021 വരെയുള്ള മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് വിതരണം ചെയ്ത പട്ടയങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം, വർഷം, എന്നിവ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനതലത്തിൽ വിതരണം ചെയ്യുന്ന പട്ടയങ്ങളുടെ എണ്ണം മണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആയത് ജില്ലാ അടിസ്ഥാനത്തിലാണ് ക്രോഡീകരിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരമേറ്റശേഷം വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം, വർഷം, എന്നിവ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ഇനി ബാക്കി നിൽക്കുന്നത്; ഈ പട്ടയങ്ങൾ നൽകുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

സംസ്ഥാനത്തൊട്ടാകെ വിവിധ ഇനം പട്ടയം ലഭിക്കുന്നതിനായി ആകെ 111539 അപേക്ഷകളാണ് നിലവിലുള്ളത്. കേരള ഭൂപതിവ് നിയമം/ചട്ടങ്ങൾ പ്രകാരം പതിവ് നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമുള്ളവയിലും വനഭൂമിയുമായി ബന്ധപ്പെട്ട കേസുകളിലും യഥാസമയം രേഖകൾ സമർപ്പിക്കാത്ത അപേക്ഷകളിലും സർക്കാർതലത്തിൽ പരിശോധനവേണ്ട വിഷയങ്ങളിലുമാണ് പട്ടയം അനുവദിക്കുന്നതിന് ഒഴിവാക്കാനാവാത്ത കാലതാമസമുണ്ടായിട്ടുള്ളത്. അപ്രകാരമുള്ള അപേക്ഷകളിന്മേൽ സ്പെഷ്യൽ ഓഫീസുകൾ ആരംഭിച്ചും സംസ്ഥാന പട്ടയ മിഷൻ മുഖേനയും തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) താലൂക്കുതലത്തിലുള്ള ഡാഷ്ബോർഡുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്?

താലൂക്ക് തലത്തിലുള്ള ഡാഷ്ബോർഡുകളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തഹസീൽദാരുടെ നേതൃത്വത്തിലുള്ള ദൗത്യസംഘം രൂപീകരിച്ച് റിവ്യൂ ചെയ്തുവരുന്നതും ജില്ലാ തലത്തിൽ പുരോഗതി അവലോകനം ചെയ്യുന്നതിനായി റിവ്യൂ മീറ്റിംഗുകളും നടത്തിവരുന്നുണ്ട്.

**പേരാമ്പ്ര മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ**

321 (1545) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ പട്ടയത്തിനായി എത്ര അപേക്ഷ ലഭിച്ചു; എത്ര പട്ടയങ്ങൾ വിതരണം ചെയ്തു?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പട്ടയം ലഭിക്കുന്നതിന് പട്ടയ അസംബ്ലിയുടെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിൽ 465 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അതിൽ നാളിതുവരെ 20 പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

(ബി) മണ്ഡലത്തിലെ പട്ടയ അപേക്ഷകളുടെ നിലവിലെ സ്ഥിതി വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ ലഭിച്ച അപേക്ഷകളിൽ താഴെപ്പറയും പ്രകാരം ഓരോ വില്ലേജിലും നിലവിലുണ്ട്.

| **ക്രമ നമ്പർ** | **വില്ലേജ്** | **അപേക്ഷ** |
|---|---|---|
| 1 | അരികുളം | 6 |
| 2 | ചക്കിട്ടപ്പാറ | 251 |
| 3 | ചങ്ങരോത്ത് | 52 |
| 4 | ചെമ്പനോട | 12 |
| 5 | ചെറുവണ്ണൂർ | 10 |
| 6 | എരവട്ടൂർ | 11 |
| 7 | കീഴരിയൂർ | 7 |
| 8 | കൂത്താളി | 9 |
| 9 | മേഞ്ഞാണ്യം | 1 |
| 10 | നൊച്ചാട് | 66 |
| 11 | പാലേരി | 16 |
| 12 | തുറയൂർ | 4 |
| | **ആകെ** | **445** |

നിലവിൽ പ്രസ്തുത അപേക്ഷകളിൽ പട്ടയം നൽകുന്നതിന് നിയമാനുസൃതം നടപടികൾ പൂർത്തീകരിച്ച് അർഹരായവർക്ക് സമയബന്ധിതമായി പട്ടയം വിതരണം ചെയ്യുന്നതാണ്.

**ഇടുക്കി ജില്ലയിലെ പട്ടയ വിതരണം**

322 (1546) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പട്ടയ വിതരണം സ്റ്റേ ചെയ്തുകൊണ്ടുള്ള ഹൈക്കോടതി വിധി നിലവിലുണ്ടോ; എങ്കിൽ അതിനെതിരെ അപ്പീൽ നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉണ്ട്. മൂന്നാർ മേഖലയിലെ കൈയേറ്റങ്ങളുമായി ബന്ധപ്പെട്ട് 'One Earth One life' എന്ന സംഘടന ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)1801/2010 നമ്പർ കേസിലെ 10-01-2024-ലെ ഇടക്കാല ഉത്തരവുപ്രകാരം ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ 1964-നുമുമ്പ് ഭൂമി കൈവശത്തിലാണ് എന്നതിൽ രേഖകൾ ഹാജരാക്കുന്നവർക്കല്ലാതെ

മറ്റാർക്കും പട്ടയം നൽകേണ്ടതില്ലായെന്നും 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയോട് നിർദേശിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 5, 7 എന്നിവയുടെ സാധുത ബഹുമാനപ്പെട്ട ഹൈക്കോടതിയെ ബോധ്യപ്പെടുത്തുന്നതിനായി ഇൻസ്ട്രക്ഷൻസ് തയ്യാറാക്കി അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിരുന്നു. തുടർന്ന് അഡ്വക്കേറ്റ് ജനറൽ അഫിഡവിറ്റ് തയ്യാറാക്കി 12-06-2024-ന് സർക്കാരിൽ സമർപ്പിക്കുകയും അത് ചീഫ് സെക്രട്ടറി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്നും പീരുമേട് മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ആകെ 7459 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പീരുമേട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 577 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) പീരുമേട് താലൂക്കിൽ ഏത് വർഷം വരെയുള്ള പട്ടയ അപേക്ഷകളിന്മേലാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും നിലവിൽ പെൻഡിംഗുള്ള അപേക്ഷകളുടെ എണ്ണം എത്രയെന്നും അറിയിക്കാമോ?

പീരുമേട് ഭൂമി പതിവ് ഓഫീസ് മുഖാന്തരം പീരുമേട് താലൂക്കിൽ നിലവിൽ നടപടി സ്വീകരിച്ചുവരുന്ന പട്ടയ അപേക്ഷകളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. നിലവിൽ 6249 അപേക്ഷകൾ നടപടിക്കായി ശേഷിക്കുന്നുണ്ട്.

| **ക്രമ നം.** | **വില്ലേജ്** | **വർഷം** |
|---|---|---|
| 1 | പീരുമേട് | 2023 വരെയുള്ള അപേക്ഷകൾ |
| 2 | ഉപ്പുതറ | 2023 വരെയുള്ള അപേക്ഷകൾ |
| 3 | പെരിയാർ | 2023 വരെയുള്ള അപേക്ഷകൾ |
| 4 | ഏലപ്പാറ | 2024 വരെയുള്ള അപേക്ഷകൾ |
| 5 | കുമളി | 2024 വരെയുള്ള അപേക്ഷകൾ |
| 6 | പെരുവന്താനം | 2016 വരെയുള്ള അപേക്ഷകൾ |

| | | |
|---|---|---|
| 7 | മഞ്ചുമല | 2022 വരെയുള്ള അപേക്ഷകൾ |
| 8 | വാഗമൺ | 2015 വരെയുള്ള അപേക്ഷകൾ |

(ഡി) പീരുമേട് മണ്ഡലത്തിലെ പട്ടയ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; പട്ടയ മിഷന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനതല പട്ടയ മിഷന്റെ ഭാഗമായി പീരുമേട് മണ്ഡലത്തിലെ ഭൂമി പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും താലൂക്ക് ദൗത്യസംഘത്തെ നിയോഗിച്ചിട്ടുള്ളതാണ്. ടി മണ്ഡലത്തിലെ പട്ടയ അസംബ്ലി ചേർന്നിട്ടുള്ളതും വില്ലേജുതല ജനകീയ സമിതികളിൽ പട്ടയം, ഭൂമി പ്രശ്നങ്ങൾ എന്നിവ പ്രത്യേക അജണ്ടയായി പരിശോധിച്ചുവരുന്നതുമാണ്. നിലവിൽ പീരുമേട് താലൂക്കിലെ മഞ്ചുമല വില്ലേജിലെ പെരിയാർ പുഴപുറമ്പോക്കിലുൾപ്പെട്ട കൈവശക്കാരുടെ പട്ടയവിഷയം, മ്ലാപ്പാറ, കൊക്കയാർ വില്ലേജിലെ ഉറുമ്പിക്കര എന്നീ പ്രദേശങ്ങളിലെ പട്ടയം, മഞ്ചുമല വില്ലേജിലെ മിച്ചഭൂമിയിലെ കൈവശക്കാരുടെ പട്ടയവിഷയം, പാറപുറംപോക്കിൽ ഉൾപ്പെട്ട

കൈവശക്കാരുടെ പട്ടയവിഷയം എന്നിവ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

**മൈലപ്പള്ളി തൂക്കുപാലത്തിന്റെ നവീകരണം**

323 (1547) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, ഏറ്റുമാനൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ നിർമ്മിച്ചതുമായ മൈലപ്പള്ളി തൂക്കുപാലം അപകടാവസ്ഥയിലാണന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മൈലപ്പള്ളി തൂക്കുപാലം കാലപ്പഴക്കത്താൽ അപകടാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി എത്ര തുക ആവശ്യമാണെന്നും ഏത് വകുപ്പിൽനിന്നാണ് തുക അനുവദിക്കുന്നതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പാലം അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ KEL മുഖേന നിർമ്മിച്ചതും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ അപകടാവസ്ഥയിലുള്ള വിവിധ തൂക്കുപാലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടേയോ (SDMF) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയോ (SDRF) മാനദണ്ഡ പ്രകാരം തുക അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ല. അതിനാൽ പ്രസ്തുത പാലങ്ങളുടെ ഉടമസ്ഥാവകാശം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകേണ്ടതും അപകടസാധ്യത ഒഴിവാക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണെന്ന് 01-08-2018-ലെ DM1/48/2017-DMD നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദേശം നൽകിയിരുന്നു. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+). അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ കളക്ടർ മൈലപ്പള്ളി തൂക്കുപാലത്തിന്റെ ഉടമസ്ഥാവകാശം വിജയപുരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഗ്രാമപഞ്ചായത്തിന് നൽകി 16-10-2018-ന് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം പാലത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിക്കൊണ്ട് അപകടസാധ്യത ഒഴിവാക്കാനുള്ള മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ**

324 (1548) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ പുരോഗതി എന്തെന്ന് വിശദമാക്കാമോ?

1. ആലുവ-മൂന്നാർ നാലുവരി പാത: ആലുവ-മൂന്നാർ നാലുവരി പാതയാക്കുന്നതിന് പൊന്നുംവില നടപടി ആരംഭിച്ചിട്ടുള്ളതും 6(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും അർത്ഥനാധികാരി

അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

2. ആലുവ-പെരുമ്പാവൂർ റോഡ്: എറണാകുളം ജില്ലയിലെ ആലുവ-പെരുമ്പാവൂർ റോഡ് നിർമ്മാണത്തിനുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്.

3. എൻ.എച്ച്. 544 അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് റോഡ്: കുന്നത്തുനാട് മണ്ഡലവുമായി ബന്ധപ്പെട്ട് വരുന്ന എൻ.എച്ച്. 544 അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുള്ള 3 A വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി MORTH (Ministry of Road Transport and Highways) ന്റെ ഭൂമി രാശി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

**ഏറ്റുമാനൂർ-എറണാകുളം റോഡിലെ സ്ഥലമേറ്റെടുപ്പ് നടപടികൾ**

325 (1549) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ മാറ്റുന്നതിനാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി വിശദീകരിക്കാമോ?

ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനാവശ്യമായ സ്ഥലമെടുപ്പ് പദ്ധതിയുടെ 11(1) നോട്ടിഫിക്കേഷൻ 10-07-2023-ൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട എല്ലാ സ്ഥലങ്ങളുടെയും സർവെ നടത്തി സബ്ഡിവിഷൻ റിക്കോർഡുകൾ തയ്യാറാക്കി ജില്ലാ സർവെ സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതുമായി ബന്ധപ്പെട്ടുള്ള സർവെ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

സർവെ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയിലെ അതിർത്തിക്കല്ലുകളിൽ പരിശോധനയിൽ കണ്ടെത്താൻ കഴിയാത്തവ പുനഃസ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

അതിർത്തിക്കല്ലുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ഡി) സ്ഥലമേറ്റെടുപ്പ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ പുനരധിവാസ/പുനഃസ്ഥാപന പാക്കേജ് പ്രസിദ്ധപ്പെടുത്തി 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ?

ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനായുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം 10-07-2023-ൽ പരസ്യപ്പെടുത്തിയിരുന്നു. അതിനുശേഷം ടി സ്ഥലത്ത് പ്രവേശിച്ച് സർവെ നടപടികൾ സ്വീകരിക്കുന്നതിന് കക്ഷികൾക്ക് നോട്ടീസ് നൽകുകയും കോതനല്ലൂർ, കാണക്കാരി എന്നീ വില്ലേജുകളിൽപ്പെട്ട സ്ഥലങ്ങൾ സർവെ ചെയ്ത് സബ്ഡിവിഷൻ റിക്കാർഡുകൾ ജില്ലാ സർവെ സൂപ്രണ്ട് അംഗീകരിച്ചുനൽകുകയും ചെയ്തിരുന്നു.

പഴയ ആക്ട് പ്രകാരമായിരുന്നു ആദ്യം 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്. അതിനാൽ 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് പ്രകാരമുള്ള പുതുക്കിയ 6(1)

വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടിവന്നു. പ്രസ്തുത സാഹചര്യത്തിൽ സബ്ഡിവിഷൻ റിക്കോർഡുകൾ തയ്യാറാക്കാൻ കാലതാമസം വരികയും ജില്ലാ സർവെ സൂപ്രണ്ടിൽനിന്നും അംഗീകരിച്ച് ലഭിച്ച സ്കെച്ചുകൾ ക്യാൻസൽ ചെയ്ത് പുതിയവ തയ്യാറാക്കേണ്ടിവരികയും, പുനരധിവാസ പാക്കേജ്, വില നിർണ്ണയം എന്നിവ സംബന്ധിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതിനാലും കൂടാതെ സ്ഥലം സർവെ നടത്തിയതിൽ കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിലുൾപ്പെട്ട ചില സബ്ഡിവിഷൻ നമ്പരുകളും വടയാർ വില്ലേജിലെ എല്ലാ സബ്ഡിവിഷൻ നമ്പരുകളുടേയും റീസർവെ നമ്പരുകളും റിക്വിസിഷനിലും സർക്കാർ ഉത്തരവിലുമുൾപ്പെടുത്തി ലഭിക്കേണ്ടതായിട്ടുള്ളതിനാലും അർത്ഥനാധികാരി ലാൻഡ് കോസ്റ്റ് അനുവദിച്ചുനൽകാത്തതിനാലും 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്.

**നാഷണൽ ഹൈവേ 66-ന്റെ വികസനത്തിന് ഭൂമിയേറ്റെടുക്കാൻ നടപടി**

326 (1550) <u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേ 66-ന്റെ വികസനത്തിന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി പഞ്ചായത്തിൽ ഭൂമി ഏറ്റെടുക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി കൊയിലാണ്ടി താലൂക്കിലെ മുഴവൻ ഭൂമിയും ഏറ്റെടുത്ത് എൻ.എച്ച്.എ.ഐ.-ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഭൂമിയേറ്റെടുക്കാൻ നടപടി സ്വീകരിക്കാത്തതുമൂലം ഹൈവേയ്ക്ക് സർവീസ് റോഡ് പൂർത്തിയാക്കാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രദേശത്ത് ഭൂമിയേറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നാഷണൽ ഹൈവേ വികസനത്തിനായി അർഥനാധികാരി ആവശ്യപ്പെട്ട മുഴവൻ സ്ഥലവും, അതായത് സർവീസ് റോഡിന്

ആവശ്യമായ സ്ഥലമുൾപ്പെടെ ഏറ്റെടുത്ത് സബ്ഡിവിഷൻ റിക്കാർഡ് സഹിതം എൻ.എച്ച്.എ.ഐ.-ക്ക് കൈമാറിയിട്ടുണ്ട്.

**വൈക്കം-വെച്ചൂർ റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി**

327 (1551) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം-വെച്ചൂർ റോഡിന്റെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കരാർ തീയതി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തീയതിക്കകം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത തീയതി നീട്ടിക്കൊടുക്കുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) നിലവിൽ നടക്കുന്ന നടപടിക്രമങ്ങൾ പ്രകാരം എന്നത്തേക്ക് ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രസ്തുത നടപടിക്രമങ്ങളിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ-ഡി) വൈക്കം-വെച്ചൂർ റോഡ് വികസനത്തിനായി സ്ഥലമേറ്റെടുക്കുന്ന പദ്ധതിയുടെ വകുപ്പ് 19(1) പ്രകാരം പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 15-06-2024-ന് അവസാനിക്കുന്നതാണ്. സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എൽ.എ.ആർ.ആർ. ആക്ട് 2013-ൽ അനുശാസിക്കുന്ന വിധത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**നിലമ്പൂർ മണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ**

328 (1552) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം വികസന പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കാനുള്ള അപേക്ഷകൾ ലഭ്യമായിട്ടുള്ളതെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും പദ്ധതികളുടെ പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ;

(ബി) വികസന പദ്ധതികൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ള ഓരോ അപേക്ഷയുടെയും തൽസ്ഥിതിയും ഇനിയുള്ള നടപടിക്രമങ്ങളും അവ പൂർത്തീകരിക്കാനെടുക്കുന്ന സമയവും പദ്ധതികൾ തിരിച്ച് അറിയിക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**ചിന്നക്കനാലിൽ സർക്കാർ ഏറ്റെടുത്ത ഭൂമി**

329 (1553) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ദൗത്യത്തിന്റെ ഭാഗമായി ചിന്നക്കനാലിൽ സർക്കാർ ഏറ്റെടുത്ത 11.5 ഏക്കർ ഭൂമി അപ്പോതിയോസിസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന റിയൽ എസ്റ്റേറ്റ് കമ്പനിയുടെ കൈവശമായത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉണ്ട്. അപ്പോതിയോസിസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി ചിന്നക്കനാൽ വില്ലേജിൽ നടത്തിയ അനധികൃത സർക്കാർ ഭൂമി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈയേറ്റം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27-04-2019-ലെ സ.ഉ.(കൈ)നം.124/2019/റവ ഉത്തരവ് പ്രകാരം സർക്കാർ അന്വേഷണ സമിതി രൂപീകരിക്കുകയും ടി സമിതി 20-05-2019-ൽ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; ഭൂമി വീണ്ടെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

അന്വേഷണ റിപ്പോർട്ടിലെ വിവിധ കണ്ടെത്തലുകൾ/വിവിധ ശിപാർശകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് 31-05-2019-ലെ സ.ഉ(എം.എസ്) 157/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ വിവിധ നിർദേശ പ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ടി ഉത്തരവിനെത്തുടർന്ന് എൽ.എ.203/78 നമ്പർ പട്ടയം ദേവികുളം സബ്കളക്ടർ 03-08-2019-ൽ റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ ആരംഭിച്ചുവരവെ പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ WP(C)26516/2019, WP(C) 26492/2019, WP(C) 26893/2019, WP(C) 26921/2019 കേസുകൾ ഫയൽ ചെയ്യുകയും ടി ഹർജികളിലെ സ്റ്റേ ഉത്തരവ് കാരണം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചുവന്ന എല്ലാവിധ അന്വേഷണവും പരിശോധന നടപടികളും സ്റ്റേ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത കേസുകളിൽ 22-12-2023-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമ വിധിന്യായം പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട അധികാരികളോട് കക്ഷികളെ വിചാരണ നടത്തി നടപടിക്രമം പുറപ്പെടുവിക്കുന്നതിന് ഉത്തരവായിട്ടുള്ളതും അതിൻപ്രകാരം ദേവികുളം സബ്കളക്ടർ കക്ഷികളെ വിചാരണ നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**കുട്ടോത്ത് -അട്ടക്കുണ്ട് കടവ് റോഡ് ഭൂമി ഏറ്റെടുക്കൽ നടപടികൾ**

330 (1554) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിയാടി നിയോജകമണ്ഡലത്തിലെ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ?

കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് നിലവിൽ സർവെ സബ്ഡിവിഷൻ റിക്കാർഡുകൾ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ 19(1) നോട്ടിഫിക്കേഷൻ എന്നത്തേയ്ക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്നറിയിക്കാമോ?

കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് ഒരു ദിവസം വൈകിയത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ ഓഫീസിൽനിന്നും നിയമോപദേശം ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചതിനുശേഷം 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

11(1) വിജ്ഞാപനത്തിലെ ഒരു ദിവസ കാലതാമസം ക്രമീകരിക്കുന്ന മുറയ്ക്ക്, എൽ.എ.ആർ.ആർ ആക്ട് 2013-ൽ അനുശാസിക്കുന്ന വിധത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി**

331 (1555) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനരുദ്ധാരണം, മാർമല ചെറുകിട ജലവൈദ്യുത പദ്ധതി, ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം, പിണ്ണാക്കനാട് 33

കെ.വി. സബ്സ്റ്റേഷൻ എന്നീ പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ?

1. <u>ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനരദ്ധാരണം</u>

ഈരാറ്റുപേട്ട-വാഗമൺ റോഡ് വികസനത്തിനായി കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഈരാറ്റുപേട്ട, തീക്കോയി വില്ലേജുകളിലും ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ വാഗമൺ വില്ലേജിൽ ഉൾപെടുന്ന 1.8760 ഹെക്ടർ ഭൂമി എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിലേക്ക് RICK മാനേജിംഗ് ഡയറക്ടർ അർത്ഥന സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 06-05-2018-ലെ സ.ഉ.(സാധാ)നം.801/2018/പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതിയും 26-10-2022-ലെ സ.ഉ.(സാധാ)നം.4317/2022/റവ. & 07-01-2023-ലെ സ.ഉ.(സാധാ)നം.133/2023/റവ നമ്പർ ഉത്തരവുകൾ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ സ്ഥലമെടുപ്പിനായി സാമൂഹ്യ ആഘാത പഠനം നടത്തിയിട്ടുണ്ട്.

2. മാർമല ചെറുകിട ജലവൈദ്യുത പദ്ധതി

മാർമല ചെറുകിട ജല വൈദ്യുത പദ്ധതിക്കായി മീനച്ചിൽ താലൂക്കിൽ തലനാട്, തീക്കോയി വില്ലേജുകളിൽപ്പെട്ട 5.9099 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് മാർമല ചെറുകിട ജല വൈദ്യുത പ്രോജക്ട് മാനേജർ റിക്വിസിഷൻ സമർപ്പിച്ചിട്ടുണ്ട്. മാർമല ചെറുകിട ജല വൈദ്യുത പദ്ധതിക്കായി മീനച്ചിൽ താലൂക്കിൽ തലനാട്, തീക്കോയി വില്ലേജുകളിൽപ്പെട്ട 5.9099 ഹെക്ടർ പട്ടയ ഭൂമിയും, 0.5236 ഹെക്ടർ പട്ടയ രഹിത ഭൂമിയും ഉൾപ്പെടെ 6.43 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 11(1) പ്രകാരമുള്ള വിജ്ഞാപനം സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സർവെ പൂർത്തിയായിട്ടുണ്ട്. BVR, DVS എന്നിവ അംഗീകരിച്ചിട്ടുള്ളതുമാണ്. അർഥനാധികാരി ഫണ്ട് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി പദ്ധതിയുടെ സ്ഥലമെടുപ്പിനായുള്ള പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 28-02-2024 മുതൽ 6 മാസത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

3. ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഇടക്കുന്നം വില്ലേജിൽ ബ്ലോക്ക് 4 എന്നിവയിൽപ്പെട്ട 0.0973 ഹെക്ടർ സ്ഥലം ഇടക്കുന്നം വില്ലേജിൽ മിനി ഇൻസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനത്തിനായി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതിന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബി.വി.ആർ, ഡി.വി.എസ് അംഗീകരിച്ചിട്ടുണ്ട്. അർഥനാധികാരി ഫണ്ട് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി പദ്ധതിയുടെ സ്ഥലമെടുപ്പിനായുള്ള 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 6 മാസത്തേക്ക് ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

4. <u>പിണ്ണാക്കനാട് 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ്</u>

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പിണ്ണാക്കനാട് 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി മീനച്ചിൽ താലൂക്കിൽ, കൊണ്ടൂർ വില്ലേജിൽ, ബ്ലോക്ക് നമ്പർ 43-ൽ സർവെ നമ്പർ 282/9-3-ൽ ഉൾപ്പെട്ട 21 സെന്റ് ഭൂമി LARR Act പ്രകാരം ഏറ്റെടുക്കുന്നതിലേക്കായി ഊർജ്ജ വകുപ്പിൽനിന്നും 25-09-2023-ലെ സ.ഉ.(സാധാ)നം. 168/2023/ഊ.വ

പ്രകാരം ഭരണാനുമതി ഉത്തരവും 04-10-2023-ലെ സ.ഉ. (സാധാ)നം.3525/2023/റവ പ്രകാരം അനുമതിയും നൽകിയിട്ടുണ്ട്. സ്ഥലമെട്ടുപ്പുമായി ബന്ധപ്പെട്ട് 14-03-2024-ൽ അർഥനാധികാരിയും പൊന്നുംവില ഓഫീസറും ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. അർഥനാധികാരിയിൽ നിന്നും കണ്ടിജൻസി ചാർജ് ലഭ്യമായിട്ടില്ല.

**ഹരിപ്പാട് ഫയർ സ്റ്റേഷനിലേക്കുള്ള വഴിയുടെ വികസനം**

332 (1556) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഫയർ സ്റ്റേഷനിലേക്കുള്ള വഴിയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഹരിപ്പാട് അഗ്നിരക്ഷാ നിലയത്തിലേക്കുള്ള വഴി വികസിപ്പിക്കുന്നതിലേയ്ക്ക് കാർത്തികപ്പള്ളി താലൂക്കിലെ ചിങ്ങോലി വില്ലേജിൽ ഉൾപ്പെട്ട 0.54 ആർസ് ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ടി ഭൂമിയുടെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത്

ആർ.എഫ്.സി.റ്റിഎൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം പരസ്യപ്പെടുത്തിയിട്ടുള്ളതും ടി പഠന റിപ്പോർട്ട് സമുചിത ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന് 15-03-2024-ലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 936 വാല്യം XIII പ്രകാരം പ്രാഥമിക വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

**നിർദിഷ്ട ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി**

333 (1557) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ 75 ശതമാനം നഷ്ടപരിഹാര വിതരണം പൂർത്തിയായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 96.55 ശതമാനം ഭൂമി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറിയിട്ടുണ്ട്.

ടി പദ്ധതിക്കുവേണ്ടി കോഴിക്കോട് ജില്ലയിൽ പെരുമണ്ണ, ഒളവണ്ണ എന്നീ വില്ലേജുകളിൽനിന്നാണ് ഭൂമി ഏറ്റെടുക്കുന്നത്. 06-04-2022-ലെ S.O 1665(E) 3A പ്രകാരവും 04-11-2022-ലെ S.O 5135 (E) 3D പ്രകാരവുമാണ് സ്ഥലം ഏറ്റെടുക്കുന്നത്. അതിന് BVR, DVS എന്നിവ തയ്യാറാക്കി അംഗീകരിച്ച് 292 അവാർഡുകൾ പാസ്സാക്കി 188.75 കോടി രൂപ ഗുണഭോക്താക്കൾക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ BVR തയ്യാറാക്കിയതിലെ അപാകത ചൂണ്ടിക്കാട്ടി നാഷണൽ ഹൈവേ അതോറിറ്റി പ്രോജക്ട് ഡയറക്ടർ ജില്ലാകളക്ടർ മുമ്പാകെ ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും അതിനെത്തുടർന്ന് നഷ്ടപ്രതിഫല തുക വിതരണം ചെയ്യുന്നത് നിർത്തലാക്കുകയും BVR പുനർനിർണ്ണയിക്കാൻ 01-04-2024-ന് ഉത്തരവാകുകയും ഇതിനെത്തുടർന്ന് സ്പെഷ്യൽ ടീമിനെ നിയമിച്ച് BVR പുനർനിർണ്ണയിച്ച്, 30-04-2024-ന് അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് DVS

തയ്യാറാക്കുന്നതിനിടയിൽ മുൻ BVR പ്രകാരം നഷ്ടപ്രതിഫല തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് നിർദിഷ്ട പ്രവർത്തി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) സ്ഥലവും കെട്ടിടവും നഷ്ടപ്പെടുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക എത്രയാണെന്നും സ്ഥലം നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരമായി മാർക്കറ്റ് വിലയുടെ ഇരട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

1956-ലെ ദേശീയപാതാ നിയമം, 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് എന്നിവയിൽ അനുശാസിക്കുന്ന വിധത്തിലുള്ള നടപടിക്രമങ്ങൾക്ക് വിധേയമായിട്ടാണ് നഷ്ടപരിഹാരത്തുക നിശ്ചയിച്ച് നൽകുന്നത്.

(സി) പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

1956-ലെ ദേശീയപാതാ നിയമം, 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് എന്നീ നിയമങ്ങളിൽ അനുശാസിക്കുന്ന വിധത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഭൂമി നഷ്ടപ്പെടുന്നവർക്ക് അർഹമായ ധനസഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**റോഡ് വികസനത്തിന് ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം**

334 (1558) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗഡിക്കോണം-മണ്ണന്തല റോഡ് വികസനത്തിനായി ഏറ്റെടുത്ത ഭൂമിയുടെ ഉടമകൾക്ക് നഷ്ടപരിഹാരത്തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൗഡിക്കോണം-മണ്ണന്തല റോഡ് വികസനത്തിന്റെ ഭാഗമായി ഉള്ളൂർ, ഉളിയാഴ്ത്തുറ വില്ലേജിൽനിന്നും ഏറ്റെടുത്ത ഭൂമിയുടെ ഉടമകൾക്ക് നഷ്ടപരിഹാരത്തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഉളിയാഴ്ത്തുറ വില്ലേജിൽപ്പെട്ട എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും അത് ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ?

ഉളിയാഴ്ത്തുറ വില്ലേജിൽ ഉൾപ്പെട്ട 77 ഭൂവുടമകളിൽനിന്നും സ്ഥലം ഏറ്റെടുത്തിട്ടുള്ളതും നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുള്ളതുമാണ്. ഇനി 431 ഭൂവുടമകളിൽനിന്നും സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക നല്കാനുണ്ട്. നിലവിൽ എൽ.എ. കോസ്റ്റ് ഇനത്തിൽ ലഭ്യമായ 45 കോടി രൂപയ്ക്കുള്ള അവാർഡ് പാസ്സാക്കിയിട്ടുണ്ട്. ബാക്കി 93 കോടി രൂപ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) കാലതാമസം ഒഴിവാക്കി നഷ്ടപരിഹാരത്തുക അടിയന്തരമായി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്തെല്ലാം നിർദേശങ്ങളാണ് നൽകിയിരിക്കുന്നത്; വിശദാംശം നൽകുമോ?

എൽ.എ കോസ്റ്റ് അടിയന്തരമായി ലഭ്യമാക്കുന്നതിന് അർഥനാധികാരിക്ക് നിർദേശം നൽകിയിട്ടുണ്ട്. ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ഭിന്നശേഷി ഗ്രാമം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ നടപടി**

335 (1559) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമല വില്ലേജ് പരിധിയിൽ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷി ഗ്രാമം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിരിക്കുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും ഉപയോഗാനുമതി നല്കുന്നതിനുമുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഭിന്നശേഷി ഗ്രാമം നിർമ്മിക്കുന്നതിനായി കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ബ്ലോക്ക് നമ്പർ 21-ൽ റീസർവെ നമ്പർ 136/3-ൽപ്പെട്ട 1.1475 ഹെക്ടർ (283.5 സെന്റ്) സ്ഥലം കൈമാറി നല്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ഭൂമി കൈമാറ്റ റിക്വിസിഷനിന്മേൽ

മണിമല വില്ലേജാഫീസർ മുഖാന്തരം സ്ഥലം നേരിട്ട് പരിശോധിച്ചിട്ടുള്ളതാണ്. കണ്ടെത്തിയിട്ടുള്ള സ്ഥലം പാറകൾ നിറഞ്ഞ് കുത്തനെയുള്ള സ്ഥലമാണ്. ടി പ്രദേശം പദ്ധതിക്ക് അനുയോജ്യമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് കത്ത് നല്കിയിട്ടുള്ളതാണ്.

(ബി) ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പദ്ധതിക്ക് അനുയോജ്യമാണെങ്കിൽ അടിയന്തര നടപടി സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ**

336 (1560) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏതൊക്കെ വികസന പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുള്ളതെന്നും അതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേലുള്ള നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ; ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്ന് വിശദീകരിക്കാമോ?

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ കണ്ണാടി-പന്നിക്കോട് റോഡ് വിപുലീകരണം, കണ്ണനൂർ-ചുങ്കമന്ദം റോഡ് നിർമ്മാണം എന്നീ പദ്ധതികളാണ് നിലവിലുള്ളത്.

കണ്ണാടി-പന്നിക്കോട് റോഡ് വിപുലീകരണം

ടി പദ്ധതിയിൽ സാമൂഹ്യാഘാത പഠനവും അതിന്മേലുള്ള വിദഗ്ധ സമിതിയുടെ വിലയിരുത്തലും പൂർത്തിയായിട്ടുണ്ട്. കൂടുതലായി ഉൾപ്പെട്ട

സർവെ നമ്പരുകളുടെ പുതുക്കിയ ഭരണാനുമതി നൽകിയതിനുശേഷം പദ്ധതിയിൽ 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

കണ്ണനൂർ-ചുങ്കമന്ദം റോഡ്

ടി പദ്ധതി താൽകാലികമായി നിർത്തിവയ്ക്കുന്നതിന് കിഫ്ബിയിൽനിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

**അട്ടപ്പാടിയിൽ ഒരേ ഭൂമിക്ക് ഒന്നിലധികം ആധാരം**

337 (1561) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ട്രൈബൽ താലൂക്ക് ഓഫീസിലും വിവിധ വില്ലേജ് ഓഫീസുകളിലും ഒരേ ഭൂമിക്ക് ഒന്നിലധികം ആധാരം നിർമ്മിച്ചത് സംബന്ധിച്ച് എത്ര പരാതികൾ അട്ടപ്പാടി ട്രൈബൽ താലൂക്ക് ഓഫീസിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ചാരിറ്റബിൾ സൊസൈറ്റികൾ തമ്മിലാണ് ഇക്കാര്യത്തിൽ തർക്കം ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അട്ടപ്പാടി ട്രൈബൽ താലൂക്കിലെ ഷോളയൂർ വില്ലേജിൽ സർവെ 1865/2-ൽ ഒരേഭൂമിക്ക് ഒന്നിലധികം ആധാരം നിർമ്മിച്ചത് സംബന്ധിച്ച് സനാതന ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറിയും ജോയിന്റ് സെക്രട്ടറിയുമായ കണ്ണൻ S/o ശിവ എന്നയാളും മുത്തുകുമാർ s/o സമ്പത്ത് എന്നയാളും പരാതി സമർപ്പിച്ചിട്ടുള്ളതും അട്ടപ്പാടി ഭൂരേഖ തഹസിൽദാരുടെ tlkatp/803/2023/lr1 നമ്പർ ഫയലിൽ നടപടിയിൽ ഇരിക്കുന്നതുമാണ്. ഏതെല്ലാം ചാരിറ്റബിൾ സൊസൈറ്റികൾ തമ്മിലാണ് ഇക്കാര്യത്തിൽ തർക്കം ഉണ്ടായിരിക്കുന്നതെന്ന് വിവരം ശേഖരിച്ചുവരുന്നു.

(ബി) ഏതെല്ലാം ചാരിറ്റബിൾ സൊസൈറ്റികൾക്കും ഫാമുകൾക്കും എത്ര ഏക്കർ ഭൂമി വീതം നികുതി അടച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക് നൽകിയ ഭൂമിയുടെ പൊസഷൻ സർട്ടിഫിക്കറ്റിന്റെയും നികുതി രസീതിന്റെയും പകർപ്പ് ലഭ്യമാക്കുമോ?

അട്ടപ്പാടി ട്രൈബൽ താലൂക്കിൽ ചാരിറ്റബിൾ ട്രസ്റ്റുകൾക്കും ഫാമുകൾക്കും നികുതി അടച്ചുനൽകുന്നുണ്ട്. എന്നാൽ നികുതി അടച്ചുവരുന്ന ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിവരം, ഭൂമിയുടെ പൊസഷൻ

സർട്ടിഫിക്കറ്റിന്റെയും നികുതി രസീതിന്റെയും പകർപ്പുകൾ എന്നിവ ശേഖരിച്ചുവരുന്നു.

**ഭൂമിതരം മാറ്റത്തിനുള്ള കുടിശ്ശിക അപേക്ഷകളുടെ എണ്ണം**

338 (1562) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആർ.ഡി.ഒ. ഓഫീസുകളിൽ ഭൂമി തരംമാറ്റം സംബന്ധിച്ച് തീർപ്പാക്കാനുള്ള അപേക്ഷകളുടെ നിലവിലെ എണ്ണം ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിവിധ ആർ.ഡി.ഒ. ഓഫീസുകളിൽ ഭൂമി തരം മാറ്റം സംബന്ധിച്ച് തീർപ്പാക്കാനുള്ള അപേക്ഷകളുടെ നിലവിലെ എണ്ണം ഓഫീസ് അടിസ്ഥാനത്തിലുള്ളത് അനുബന്ധമായി ചേർക്കുന്നു.+

(ബി) സബ് കളക്ടർമാരുടെ പരിചയക്കുറവ് അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം ഉളവാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സബ്കളക്ടർമാരുടെ പരിചയക്കുറവ് അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം ഉളവാക്കുന്നതായി വിലയിരുത്തപ്പെട്ടിട്ടില്ല.

പുതിയതായി നിയമിക്കപ്പെട്ട സബ്കളക്ടർമാർക്ക്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം സംബന്ധിച്ചും റെലിസ് പോർട്ടലിൽ തരം മാറ്റ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതുസംബന്ധിച്ചും കൃത്യമായ ഇടവേളകളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് മുഖേന പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. ഇതിനുപുറമെ വിവിധ ആർ.ഡി.ഒ./സബ് കളക്ടർ ഓഫീസുകളിലെ തരംമാറ്റ അപേക്ഷകൾ മന്ത്രി/പ്രിൻസിപ്പൽ സെക്രട്ടറി/ലാൻഡ് റവന്യൂ കമ്മീഷണർ നിലവാരത്തിൽ പരിശോധിക്കുന്നുണ്ട്.

**ഭൂമി തരംമാറ്റ അപേക്ഷകളിന്മേലുള്ള ക്രമക്കേടുകൾ തടയാൻ നടപടി**

339 (1563) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റ അപേക്ഷകളിന്മേൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

ഈ വിഷയം സംബന്ധിച്ച് 08-05-2024-ന് സംസ്ഥാന വ്യാപകമായി എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 'ഓപ്പറേഷൻ കൺവെർഷൻ' എന്ന പേരിൽ ഒരു മിന്നൽ പരിശോധന നടത്തുകയും, 09-05-2024-ന് ഇക്കാര്യം സംബന്ധിച്ച് ഒരു പത്രക്കുറിപ്പ് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഒരു ഏജൻസിയുടെ മൊബൈൽ നമ്പറിൽ നിന്നുമാത്രം 700 അപേക്ഷകൾ ഭൂമി തരംമാറ്റുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ചതായി വിജിലൻസ് റിപ്പോർട്ട് ചെയ്തിരുന്നു. 2017-നുശേഷം ആധാരം ചെയ്ത വസ്തുക്കൾ തരംമാറ്റിയതായും പ്രാദേശികതല സമിതിയുടെ ശിപാർശ കൂടാതെ തരംമാറ്റം അനുവദിച്ചുവെന്നും വിജിലൻസ് പത്രക്കുറിപ്പിൽ റിപ്പോർട്ട് ചെയ്തിരുന്നു.

സംസ്ഥാനത്ത് തരംമാറ്റ അപേക്ഷകൾ പ്രധാനമായും സമർപ്പിക്കപ്പെടുന്നത് അക്ഷയ സെന്ററുകൾ വഴിയാണ്. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുമ്പോൾ അക്ഷയ സെന്ററിന്റെതന്നെ ഫോൺ നമ്പർ പല അപേക്ഷകൾക്കും നൽകുന്നത് സാധാരണമാണ്. കൂടാതെ ഭൂമി തരംമാറ്റത്തിൽ പല സ്വകാര്യ ഏജൻസികളും തരംമാറ്റ അപേക്ഷാ സമർപ്പണം സംബന്ധിച്ച സേവനങ്ങൾ നൽകിവരുന്നുണ്ട്. ഇവിടെയും ഏജൻസികളുടെ മൊബൈൽ നമ്പർ അപേക്ഷയിൽ ഉൾപ്പെടുത്തുന്നതായി കാണുന്നു. സംസ്ഥാനത്തിനുപുറത്തും വിദേശത്തും ജോലിചെയ്യുന്ന പലരും മറ്റുതിരക്കുകളുള്ളവരും ഇത്തരത്തിൽ അപേക്ഷ സമർപ്പണത്തിന് സ്വകാര്യ ഏജൻസികളുടെ സേവനം തേടുന്നുണ്ട്.

2017-ന് ശേഷം ആധാരം ചെയ്ത വസ്തുക്കൾ തരം മാറ്റി നൽകരുതെന്ന് നിയമത്തിൽ വ്യവസ്ഥയില്ല. 2008-നുമുമ്പ് നികത്തപ്പെട്ട ഭൂമിയാണ് ഡാറ്റാബാങ്കിൽനിന്നും ഒഴിവാക്കപ്പെടാനും തരം മാറ്റത്തിനും അർഹതയുള്ളത്. 2017-ന് മുമ്പ് 25 സെന്റിന് താഴെ വിസ്തൃതിയുള്ള ഭൂമി

പിന്നീട് കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽപ്പോലും സൗജന്യ തരംമാറ്റത്തിന് അർഹതയുണ്ട്.

കൂടാതെ, ഫാറം 5-ൽ ലഭിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് ആവശ്യപ്പെടരുതെന്നും പകരം കൃഷി ഓഫീസറുടെ റിപ്പോർട്ടാണ് ആവശ്യപ്പെടേണ്ടതെന്നും 25-03-2024-ലെ REV-P1/149/2023-REV സർക്കുലറിലൂടെ കർശന നിർദേശം നല്കിയിട്ടുള്ളതാണ്.

(ബി) എങ്കിൽ ഇതിൽ റവന്യൂ-കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂമി തരംമാറ്റ അപേക്ഷളുടെ നടപടികളിലെ ക്രമക്കേടുകൾ സംബന്ധിച്ചോ, ക്രമക്കേടുകളിൽ റവന്യൂ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതായ പരാതിയോ ശ്രദ്ധയിൽപ്പെടുന്ന വേളയിൽത്തന്നെ ബന്ധപ്പെട്ട അധികൃതർ/ജില്ലാ കളക്ടർമാർ മുഖേന അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ നിർദേശിച്ച് പരാതികൾ അവർക്ക് കൈമാറിവരുന്നുണ്ട്. ഇത്തരം പരാതികളിൽ ആവർത്തന സ്വഭാവമുള്ളവ

ബന്ധപ്പെട്ട വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർ മുഖേനയും അന്വേഷണം നടത്താനായി നിർദേശിച്ച് പരാതികൾ കൈമാറിവരികയും ചെയ്യുന്നുണ്ട്.

ഇപ്രകാരമുള്ള ക്രമക്കേടുകൾ സംബന്ധിച്ച ആരോപണങ്ങൾ അന്വേഷണ വിധേയമാക്കുമ്പോൾ ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് വ്യക്തമാകുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. വിരമിച്ച റവന്യൂ ഉദ്യോഗസ്ഥർ ഏജന്റുമാരായി സേവനത്തിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥരുമായി ചേർന്ന് അനധികൃത പ്രവർത്തനങ്ങളോ നിയമലംഘനമോ ഇക്കാര്യത്തിൽ നടത്തിവരുന്നുണ്ടെങ്കിൽ ആയത് ഗുരുതരമായി വീക്ഷിച്ച് അവർക്കെതിരെ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) മുൻഗണന തെറ്റിച്ചും ചട്ടം ലംഘിച്ചും അപേക്ഷകൾ തീർപ്പാക്കുന്നത് തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ റെലിസ് പോർട്ടൽ മുഖേന മുൻഗണനാക്രമം കർശനമായി പാലിച്ചാണ് തരംമാറ്റ അപേക്ഷകൾ തീർപ്പാക്കിവരുന്നത്.

ഗുരുതരരോഗങ്ങളുടെ ചികിത്സ, വിദ്യാഭ്യാസം, വിവാഹം എന്നീ ആവശ്യങ്ങൾ, ലൈഫ് പദ്ധതിയുടെ കീഴിലുള്ള ഭവന നിർമ്മാണം എന്നീ കാര്യങ്ങൾക്ക് മാത്രമാണ് മുൻഗണനാക്രമത്തിൽ ഇളവുകൾ നല്കുന്നത്. ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ഇളവുകൾ നൽകേണ്ട കേസുകൾ തെരഞ്ഞെടുക്കുന്നത് ആർ.ഡി.ഒ. അധ്യക്ഷനായ ഒരു ഇന്റേണൽ കമ്മിറ്റിയാണ്. തരംമാറ്റ അപേക്ഷകളുടെ നിലവിലെ സ്ഥിതി അപേക്ഷകൻ അറിയുന്നതിനുള്ള സൗകര്യം റെലിസ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

അപേക്ഷ സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ മാത്രം മുൻഗണന പാലിച്ച് അവ തീർപ്പാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യങ്ങളും നിലവിലുള്ളതാണ്. കോടതി ഉത്തരവുകൾ, ഗുരുതരരോഗം, വിദ്യാഭ്യാസം, വിവാഹം, ലൈഫ് ഭവനനിർമ്മാണം തുടങ്ങി മുൻഗണന അർഹിക്കുന്ന അപേക്ഷകൾ, വില്ലേജ്/കൃഷി ഓഫീസർമാരുടെയും ചില കേസുകളിൽ കെ.എസ്.ആർ.ഇ.സി.-യുടെയും റിപ്പോർട്ടുകൾ ലഭിക്കുന്നതിലുള്ള കാലതാമസം മുതലായവ ഇത്തരം സാഹചര്യങ്ങൾക്കുള്ള

ഉദാഹരണങ്ങളാണ്. ഒരേദിവസം ലഭിച്ച വ്യത്യസ്ത അപേക്ഷകളിൽ വ്യത്യസ്ത വില്ലേജ് ഓഫീസർമാർ അവരവരുടെ ജോലിഭാരമനുസരിച്ച് വ്യത്യസ്ത തീയതികളിൽ റിപ്പോർട്ട് സമർപ്പിക്കുന്ന സാഹചര്യങ്ങളിൽ അപേക്ഷ സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം കൃത്യമായി പാലിക്കുകയെന്നത് അസാധ്യമാകുന്ന സാഹചര്യമുള്ളതാണ്. എന്നാൽ ചട്ടലംഘനം നടത്തി അപേക്ഷകൾ തീർപ്പാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. നിയമവും ചട്ടവും ലംഘിച്ചുകൊണ്ട് അപേക്ഷകൾ തീർപ്പാക്കുന്നത് തടയുന്നതിനായി അത്തരത്തിൽ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്കും ജില്ലാ കളക്ടറേറ്റുകളിലെ പരിശോധന വിഭാഗത്തിനും നിജസ്ഥിതി പരിശോധിക്കുന്നതിനും റിപ്പോർട്ടിനുമായി കൈമാറിവരുന്നു. ഇത്തരം ആരോപണങ്ങൾ ശരിയാണെന്ന് കാണുന്ന പക്ഷം കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭൂമി തരംമാറ്റം

340 (1564) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള നിലം തരംമാറ്റുന്നതിനും ഉൾപ്പെടാത്ത നിലം തരംമാറ്റുന്നതിനും നൽകിയിട്ടുള്ള അപേക്ഷകളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം 2018 വകുപ്പ് 27 എ പ്രകാരമുള്ള ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് നിയമത്തിലോ ചട്ടത്തിലോ സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത അപേക്ഷകൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷകൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ നിലവിൽ ഉൾപ്പെടുന്നില്ല. അപേക്ഷ നൽകേണ്ടതുണ്ട്.

(ഡി) വില്ലേജ് ഓഫീസിലെ ബി.റ്റി.ആറിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതും നികന്ന പണയോ നിലമോ പുരയിടമോ ആയി സബ് രജിസ്ട്രാർ ഓഫീസിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി തരംമാറ്റുന്നതിന് അപേക്ഷ നൽകേണ്ടതുണ്ടോയെന്ന് അറിയിക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്കിൽ വിജ്ഞാപനം ചെയ്യപ്പെടാത്തതും എന്നാൽ റവന്യൂ റിക്കാർഡുകളിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതുമായ ഈ നിയമത്തിലെ വകുപ്പ് 2(xvii എ) പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റുന്നതിനായി ബന്ധപ്പെട്ട ആർ.ഡി.ഒ./സബ് കളക്ടർ മുമ്പാകെ അപേക്ഷ നല്കാവുന്നതാണ്. സബ്‌രജിസ്ട്രാർ ഓഫീസുകളിലെ

രേഖപ്പെടുത്തലുകൾക്ക് ടി നിയമ പ്രകാരമുള്ള തരംമാറ്റ വിഷയത്തിൽ പ്രസക്തിയില്ല.

**ചവറ മണ്ഡലത്തിലെ ഭൂമി തരംമാറ്റം**

341 (1565) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ഫോറം നമ്പർ 6-ൽ സമർപ്പിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസുകളിൽ നടപടികൾ സ്വീകരിക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ഫോറം നമ്പർ 6-ൽ ധാരാളമായി അപേക്ഷകൾ ലഭിക്കുന്നതിനാൽ സീനിയോറിറ്റി ക്രമത്തിൽ മാത്രമാണ് അപേക്ഷകളിൽ റിപ്പോർട്ട് നൽകിവരുന്നത്. അതിനുള്ള കാലതാമസം മാത്രമാണ് റിപ്പോർട്ട് സമർപ്പിക്കുന്നതിനാൽ നിലവിലുള്ളത്. വില്ലേജ് ഓഫീസുകളിൽ റിപ്പോർട്ടിനായി അയയ്ക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി റിപ്പോർട്ട് നൽകുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

(ബി) ചവറ മണ്ഡലത്തിലെ ഓരോ വില്ലേജിലും ഫോറം നമ്പർ 6 പ്രകാരമുള്ള അപേക്ഷകളിൽ തീർപ്പാക്കപ്പെടാത്ത അപേക്ഷകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

തീർപ്പാക്കാനായി ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

**ഭൂപരിഷ്കരണ നിയമം മറികടന്ന് പരിവർത്തനം നടത്തിയ തോട്ടം ഭൂമി**

342 (1566) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം മറികടന്ന് എത്ര ഏക്കർ തോട്ടം ഭൂമി പരിവർത്തനം നടത്തിയിട്ടുണ്ട്; ഇതുസംബന്ധിച്ച് സർക്കാരിന്റെ കൈവശം കണക്കുണ്ടോയെന്ന് വിശദമാക്കാമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 81 പ്രകാരം തോട്ടമായി ഇളവ് ലഭിച്ച ഭൂമി തരംമാറ്റം നടത്തിയതിന്മേൽ താലൂക്ക് ലാൻഡ് ബോർഡുകളിൽ മിച്ചഭൂമി കേസുകൾ നിലവിലുള്ളതാണ്. ആയതിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ തരംമാറ്റപ്പെട്ട ഭൂമിയുടെ കൃത്യമായ വിസ്തൃതി കണ്ടെത്താൻ സാധിക്കുകയുള്ളൂ.

(ബി) തോട്ടം ഭൂമി പരിവർത്തനപ്പെടുത്തിയതിനെതിരെ താലൂക്ക് ലാൻഡ് ബോർഡുകൾ എത്ര കേസുകൾ എടുത്തു; വിശദവിവരം ലഭ്യമാക്കാമോ?

തോട്ടഭൂമി പരിവർത്തനം നടത്തിയാൽ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 87 Explanation II പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്. സംസ്ഥാനത്തെ താലൂക്ക് ലാൻഡ് ബോർഡുകളിൽ അപ്രകാരമുള്ള 28 കേസുകൾ വിചാരണയിലുണ്ട്.

**കോതമംഗലം-ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം**

343 (1567) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയവുമായി ബന്ധപ്പെട്ട റവന്യൂ രേഖകളിൽ പ്രസ്തുത പ്രദേശത്തിന്റെ ഭൂമി തരം മാറ്റുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തതുമൂലം

സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ടെൻഡർ, ടെൻഡർ അക്സെപ്റ്റൻസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയുടെ തരംമാറ്റൽ പ്രക്രിയ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം പദ്ധതിക്കായി നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (5) പ്രകാരം പിണ്ടിമന പഞ്ചായത്ത് പ്രാദേശിക നിരീക്ഷണ സമിതി കൺവീനർ സമർപ്പിച്ച ശിപാർശ, സംസ്ഥാനതല സമിതി കൺവീനർ കൂടിയായ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ NCA2/228/2023-AGRI നമ്പർ ഫയലായി പരിഗണനയിലിരിക്കുന്നതും നടപടി സ്വീകരിച്ചുവരുന്നതുമാണ്.

എറണാകുളം ജില്ലയിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ പിണ്ടിമന വില്ലേജിൽ സർവെ നമ്പർ 591/2-1-2, 592/7-4, 592/7-5, 592/8-1, 592/8-1-2, 592/8-2-10-3, 592/8-2-10-4, 592/8-2-2, 601/1-2-10-7,

591/2-2-5, 592/8-2-10-2-2-ൽ ഉൾപ്പെട്ട 69.27 ആർസ് നിലം പൊതു ആവശ്യത്തിന് പരിവർത്തനപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഫോറം നമ്പർ 2-ൽ സമർപ്പിച്ച അപേക്ഷയും അതോടൊപ്പമുള്ള പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ സഹിതം സർക്കാരിൽ ലഭ്യമായിരുന്നു. ടി വിഷയം കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകൃതമായ സംസ്ഥാനതല സമിതി 06-10-2023-ൽ പരിശോധിക്കുകയും സംസ്ഥാന സമിതിയിലെ വിദഗ്ധ അംഗം എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സാന്നിധ്യത്തിൽ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനും, അത് അടുത്ത സമിതി യോഗത്തിൽ പരിശോധിക്കാനും തീരുമാനിക്കുകയുമുണ്ടായി.

ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സമിതിയിലെ വിദഗ്ധ അംഗം സ്ഥലം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. ടി റിപ്പോർട്ടിൽ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട ഏജൻസിയായ

M/s KITCO, Ernakulam-ൽനിന്നും സ്റ്റേഡിയം നിർമ്മാണത്തിന് ഉദ്ദേശിക്കുന്ന സ്ഥലത്തിനടുത്തുകൂടി ഒഴുകുന്ന തണ്ണീർത്തടങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിവരങ്ങൾ പരിശോധിച്ച് നിയമപ്രകാരം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

**തോട്ടഭൂമികൾ തരംമാറ്റുന്നത് ഒഴിവാക്കാൻ നടപടി**

344 (1568) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമപ്രകാരം തോട്ടമായി നിലനിർത്തണമെന്ന വ്യവസ്ഥയോടെ മിച്ചഭൂമി എന്നനിലയ്ക്ക് ഏറ്റെടുക്കാതെ നിലനിർത്തിയ തോട്ടഭൂമികൾ വ്യാപകമായി തരംമാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇത്തരത്തിൽ തരംമാറ്റിയാൽ ഇതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂപരിഷ്കരണ നിയമത്തിലെ 81(e) പ്രകാരം മിച്ചഭൂമി കണക്കാക്കുന്നതിൽനിന്നും ഒഴിവാക്കപ്പെട്ട തോട്ടഭൂമികൾ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇതുമൂലം തോട്ടഭൂമികൾ ധാരാളമായി തുണ്ടുഭൂമികളായി കൈമാറ്റം ചെയ്യപ്പെടുകയും തരംമാറ്റപ്പെടുകയും ചെയ്യുന്നുണ്ട്. തോട്ടമായി നിലനിർത്താനായി ഒഴിവാക്കപ്പെട്ട ഭൂമി തരംമാറ്റിയാൽ അത് ഭൂമി കൈവശം വയ്ക്കാൻ അനുവാദം ലഭിച്ച വ്യക്തി (ഭൂ ഉടമ) പിന്നീട് വാങ്ങിയ ഭൂമിയായി കണക്കാക്കി അയാൾക്ക് എതിരെ ഉണ്ടായിരുന്ന മിച്ചഭൂമി കേസ് റീ ഓപ്പൺ ചെയ്ത് നടപടി സ്വീകരിക്കണമെന്നാണ് നിയമം വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ ഇത്തരത്തിലുള്ള തരംമാറ്റം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഉൾപ്പെടെയുള്ള പലവിധ കാരണങ്ങളാൽ ഇത്തരത്തിൽ മിച്ചഭൂമി കേസുകൾ റീഓപ്പൺ ചെയ്യുന്നതിന് കഴിയാതെ വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള തരംമാറ്റം വ്യാപകമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഒഴിവുലഭിച്ച തോട്ടഭൂമി

തരംമാറ്റിയാൽ അത്തരം ഭൂമി സർക്കാരിൽ നിക്ഷിപ്തമാകുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഒരു നിയമ നിർമ്മാണം 2019-ൽ മന്ത്രിസഭാ യോഗം അംഗീകരിച്ചിരുന്നു. കൂടാതെ ഒഴിവുലഭിച്ച തോട്ടഭൂമി തരം മാറ്റിയാൽ ഇളവ് ലഭിച്ച വ്യക്തിയുടെയോ അവരുടെ പിന്തുടർച്ച അവകാശികളുടെയോ പേരിൽ സീലിംഗ് കേസുകൾ പുനരാരംഭിക്കുമെന്ന് വ്യക്തമാക്കിക്കൊണ്ട് 11-06-2024-ൽ G.O (Rt.)1354/24/RD എന്ന ഉത്തരവ് നിയമത്തിലെ 128-ാം വകുപ്പ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി) ഇളവ് ലഭിച്ചിട്ടുള്ള തോട്ടഭൂമിയിൽനിന്നും തുണ്ടുകളായി ഭൂമി വാങ്ങി വീട് വച്ചും കൃഷി ചെയ്തും ഭൂമി കൈവശം വച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കൈവശക്കാർക്ക് ഭൂമിയുടെ കരമടവ് ഉൾപ്പെടെയുള്ള റവന്യൂ അവകാശങ്ങൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കൈവശക്കാരെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഇളവ് ലഭിച്ച തോട്ടഭൂമികൾ കൈമാറ്റം ചെയ്യരുതെന്ന് ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥ ഇല്ല. എന്നാൽ ഇളവ് ലഭിച്ച ഭൂമി തരംമാറ്റിയാൽ

ഒഴിവ് ലഭിച്ച ഭൂ ഉടമ ആർജ്ജിച്ച തോട്ടമല്ലാത്ത ഭൂമിയായി കണക്കാക്കി മിച്ചഭൂമി കേസ് പുനരാരംഭിക്കണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ മിച്ചഭൂമി കേസ് റീഓപ്പൺ ചെയ്ത് പ്രസ്തുത ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതുവരെ ഭൂവുടമയുടെ യാതൊരു റവന്യൂ അവകാശങ്ങളും തടസ്സപ്പെടുത്താൻ പാടില്ലെന്ന് നിരവധി കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒഴിവ് ലഭിച്ച തോട്ടഭൂമി വാങ്ങിയവർക്ക് റവന്യൂ രേഖകൾ നിഷേധിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് ലാൻഡ് ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മിച്ചഭൂമി കേസ് പുനഃരാരംഭിച്ച് നടപടി സ്വീകരിക്കുമ്പോൾ ഇത്തരം കൈവശക്കാർക്ക് ഭൂമി നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

**പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ**

345 (1569) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട് ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കണക്ക് വാർഡ് തലത്തിൽ തരംതിരിച്ച് ലഭ്യമാക്കാമോ?

കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട് ഗ്രാമപഞ്ചായത്തിൽ റോഡ്, തോട്, സർക്കാർ സ്ഥാപനങ്ങൾ മുതലായവ ഉൾപ്പെടെ ആകെ 258.1813 ഹെക്ടർ പുറമ്പോക്ക് ഭൂമിയുള്ളതാണ്. പ്രസ്തുത പുറമ്പോക്ക് ഭൂമിയുടെ വാർഡ് തലത്തിൽ തരം തിരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**അധികഭൂമിക്ക് അവകാശരേഖ നൽകുന്നതിന് നിയമനിർമ്മാണം**

346(1570) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂവുടമകളുടെ കൈവശം രേഖകളിൽ ഉള്ളതിനെക്കാൾ അധികമായുള്ള ഭൂമിക്ക് കൈവശാവകാശ രേഖയില്ലാത്തതുമൂലം സംജാതമായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഡിജിറ്റൽ റീസർവെ പൂർത്തീകരിക്കുന്നതോടെ ഓരോ ഭൂവുടമയുടെയും കൈവശമുള്ള അധികഭൂമിക്ക് അവകാശരേഖ നൽകുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെറ്റിൽമെന്റ് കാലത്ത് ചങ്ങല ഉപയോഗിച്ചുള്ള ലിംഗ്സ് അളവുകളും പിന്നീട് ടേപ്പ് ഉപയോഗിച്ച് മീറ്റർ അളവുകളിലും അളന്ന് വിസ്തീർണ്ണം കണക്കാക്കി നിശ്ചിത എലുകകൾക്കുള്ളിൽ കൈവശം വച്ച് അനുഭവിക്കുന്ന ഭൂമികൾ അത്യാധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ഡിജിറ്റൽ റീസർവെയിൽ സ്വാഭാവികമായും വിസ്തീർണ്ണ വ്യത്യാസം രേഖപ്പെടുത്തും. ഇത്തരത്തിൽ ഡിജിറ്റൽ സർവെ വഴി ഭൂരേഖകൾ ആധികാരികമാകുമ്പോൾ അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലുമുള്ള അധികഭൂമിക്ക് അവ തർക്കം കൂടാതെയും നിയമവിരുദ്ധമല്ലാതെയും കൈവശം വച്ചിട്ടുള്ളതാണെങ്കിൽ ആ ഭൂമിയുടെ

ഉടമസ്ഥാവകാശം നിയമപ്രകാരം നൽകുന്നതിന് ഒരു നിയമം നിർമ്മിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(സി) സ്വകാര്യ ഭൂമിക്ക് സമീപമുള്ള പൊതു ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവില്ലെന്ന് ഉറപ്പാക്കിയതിനുശേഷം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള അധികഭൂമിക്ക് അവകാശരേഖ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഡിജിറ്റൽ സർവെ നടക്കുന്ന വില്ലേജുകളിൽ സർക്കാർ ഭൂമികൾ മുഴുവനും ഭൂമിയിൽ റീഫിക്സ് ചെയ്ത് വിസ്തീർണ്ണം നിലനിർത്തി വിസ്തീർണ്ണത്തിലും അളവിലും കുറവ് വരുന്നില്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് സ്വകാര്യ ഭൂമികളുടെ സർവെ നടത്തുന്നത്. സ്വകാര്യ ഭൂമിക്ക് സമീപമുള്ള സർക്കാർ ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവില്ലെന്ന് ഉറപ്പാക്കിയതിനുശേഷം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള അധികഭൂമിക്ക് അവകാശരേഖ നൽകുന്നതിനായി നിയമം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളതും അത് സർക്കാർ പരിഗണനയിലുമാണ്.

## മിച്ചഭൂമി കേസുകൾ തീർപ്പാക്കുന്നതിന് നടപടി

347(1571) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിച്ചഭൂമി കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) അടിയന്തരമായി തീർപ്പാക്കേണ്ട കേസുകൾ പലതും നിലവിലെ സംവിധാനംമൂലം നീണ്ടുപോകുന്നതിനാൽ ഓരോ ജില്ലയിലും ഓരോ ലാൻഡ് ബോർഡുകൾ സ്ഥാപിച്ച് മിച്ചഭൂമി കേസുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) സംസ്ഥാനത്ത് മിച്ചഭൂമി കേസുകൾ കൈകാര്യം ചെയ്യുന്ന താലൂക്ക് ലാൻഡ് ബോർഡുകളുടെ ചെയർമാൻമാരായി ആർ.ഡി.ഒ.-മാരെയോ ഡെപ്യൂട്ടി കളക്ടർമാരെയോ ആണ് ചുമതലപ്പെടുത്തിയിരുന്നത്. ഇവർക്ക് നിലവിലെ ജോലി ഭാരത്തോടൊപ്പം ലാൻഡ് ബോർഡ് കേസുകൾകൂടി കൈകാര്യം ചെയ്യുന്നതിന് സാധിക്കാതിരുന്നതിനാൽ കേസുകൾ

തീർപ്പാക്കുന്നതിന് വലിയ പുരോഗതി കൈവരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താലൂക്കുകളെ 4 സോണലുകളായി വിഭജിക്കുകയും ഓരോ സോണിനും സ്വതന്ത്ര ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ തസ്തിക സൃഷ്ടിച്ച് 02-03-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 67/2023/റവന്യൂ പ്രകാരം സോണൽ ലാൻഡ് ബോർഡുകൾ രൂപീകരിക്കുകയുണ്ടായി. ദീർഘകാലമായി തീർപ്പാക്കാതെ കിടന്ന ധാരാളം കേസുകൾ ഈ സംവിധാനത്തിലൂടെ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ 132 മിച്ചഭൂമി കേസുകൾ തീർപ്പാക്കാനും 1391.95974 ഏക്കർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കാനും കഴിഞ്ഞിട്ടുണ്ട്.

**നികുതി ഒടുക്കാത്ത ഭൂമി പൊതു ആവശ്യങ്ങൾക്ക്**

**ഉപയോഗിക്കുന്നതിനായി നടപടി**

348 (1572) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി ഒടുക്കാത്ത ഭൂമി സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

നികുതി കെട്ടുന്നതിൽനിന്നും ഒഴിവാക്കപ്പെട്ട ഭൂമികളെ (നി.കെ) രണ്ട് തരത്തിലാണ് മലബാറിലെ റവന്യൂ രേഖകളിൽ രേഖപ്പെടുത്തിവരുന്നത്. സ്വകാര്യ നി.കെ-യും സർക്കാർ നി.കെ-യും. ഇതിൽ സർക്കാർ നി.കെ വിഭാഗത്തിൽപ്പെട്ട ഭൂമികൾ യോജ്യമെങ്കിൽ സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ കോട്ടൂർ വില്ലേജിലെ മൂലാട് പ്രദേശത്തെ നികുതി കെട്ടാത്ത ഭൂമി ഗ്രാമപഞ്ചായത്തിന് ലീസിന് നൽകുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ കോട്ടൂർ വില്ലേജിലെ മൂലാട് പ്രദേശത്തെ നികുതി കെട്ടാത്ത ഭൂമി ഗ്രാമപഞ്ചായത്തിന് ലീസിന് നൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത്

നിയമപ്രകാരമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകിയ ഭൂമി**

349 (1573) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും പാട്ടത്തിന് നൽകിയ ഭൂമിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അവയ്ക്ക് ലഭിക്കുന്ന പാട്ടത്തുകയുടെ തോത്, അതിലൂടെ ലഭിക്കുന്ന ശരാശരി വരുമാനം എന്നിവ അറിയിക്കുമോ?

(എ&ബി) സംസ്ഥാനത്ത് കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും പാട്ടത്തിന് നൽകിയ ഭൂമിയുടെ വിശദാംശങ്ങൾ (തിരുവനന്തപുരം ജില്ല ഒഴികെ വിവരം ശേഖരിച്ചുവരുന്നു), അവയ്ക്ക് ലഭിക്കുന്ന

പാട്ടത്തുകയുടെ തോത്, അതിലൂടെ ലഭിക്കുന്ന ശരാശരി വരുമാനം എന്നിവ അനുബന്ധമായി ചേർക്കുന്നു.+

(സി) ഇങ്ങനെ പാട്ടത്തിനെടുത്ത ഭൂമി ഉപയോഗിക്കാതെ കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ ഇത്തരം പാട്ടഭൂമികൾ കരാർ റദ്ദ് ചെയ്ത് തിരികെ പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അതിനായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ?

ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. നിലവിൽ ഇതിനായി കർമ്മപദ്ധതികൾ ഒന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല.

**പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയും കെട്ടിടവും തിരിച്ചുപിടിക്കാൻ നടപടി**

350 (1574) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞും പാട്ട വ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമിയും കെട്ടിടവും തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിക്കപ്പെട്ടിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞ് കൈവശം വച്ചിരിക്കുന്നതുമായ സർക്കാർ ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ അത് ഈടാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നിയമാനുസൃത നോട്ടീസ് നൽകുകയും തുക ഒടുക്ക് വരുത്താത്ത പക്ഷം കക്ഷിക്കെതിരെ 1968-ലെ റവന്യൂ റിക്കവറി നിയമപ്രകാരമുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ പാട്ടം റദ്ദ് ചെയ്ത് 1958- ലെ കേരള ഭൂമി സംരക്ഷണ ചട്ടങ്ങൾ പ്രകാരം ഭൂമി സർക്കാർ അധീനതയിലേക്ക് തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട എത്ര ഹെക്ടർ ഭൂമിയും എത്ര കെട്ടിടങ്ങളും ഈ സർക്കാർ നാളിതുവരെ പിടിച്ചെടുത്തുവെന്നും ഇനി പിടിച്ചെടുക്കാനുള്ളവയുടെ വിശദാംശവും വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് 2.737 ഹെക്ടർ ഭൂമി തിരിച്ചെടുത്തിട്ടുള്ളതാണ്. തിരുവനന്തപുരം ജില്ലയിൽ 0.2605 ഹെക്ടർ, കൊല്ലം ജില്ലയിൽ 94 സെന്റ്, ഇടുക്കി ജില്ലയിൽ 6.31 സെന്റ്, തൃശ്ശൂർ ജില്ലയിൽ 24 സെന്റ്, മലപ്പുറം ജില്ലയിൽ 1.6148 ഹെക്ടർ എന്നീ വസ്തുക്കൾ തിരിച്ചെടുക്കാനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) ഇത്തരത്തിൽ കൈവശം വച്ചിരിക്കുന്ന ഭൂമിയും കെട്ടിടങ്ങളും പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളിൽപ്പെട്ട എത്ര കേസുകൾ ഉണ്ടെന്നും അവ സർക്കാരിൽ നിക്ഷിപ്തമാക്കാൻ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന തുടർ നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

നിലവിൽ കോടതി വ്യവഹാരങ്ങളിൽപ്പെട്ട 73 കേസുകളുണ്ടെന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോടതികളിൽ നിലവിലുള്ള കേസുകളിൽ

ഊർജിതമായി തീർപ്പുകല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ട് കോടതി നടപടി വേഗത്തിലാക്കാൻ നിർദേശം നൽകാറുണ്ട്. കോടതി ഉത്തരവ് ലഭിച്ച കേസുകളിൽ ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**2023-ലെ കേന്ദ്ര വനസംരക്ഷണ നിയമഭേദഗതി**

351 (1575) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ലെ കേന്ദ്ര വനസംരക്ഷണ നിയമഭേദഗതി പ്രകാരം വനേതര ആവശ്യങ്ങൾക്കായി തരംമാറ്റിയ ഭൂമി കണ്ടെത്താൻ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

2023-ലെ കേന്ദ്ര വന സംരക്ഷണ നിയമഭേദഗതി പ്രകാരം വനേതര ആവശ്യങ്ങൾക്കായി തരംമാറ്റിയ ഭൂമി കണ്ടെത്താൻ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) ഭൂമി സംബന്ധിച്ച് എന്തൊക്കെ രേഖകളാണ് സമിതിക്ക് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; സമിതിയുടെ പ്രവർത്തന നടപടിക്രമങ്ങൾ അറിയിക്കുമോ; ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കേണ്ട അവസാന തീയതി എന്നാണ്; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ബാധകമല്ല.

**റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണം**

352 (1576) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച റവന്യൂ ടവറുകൾ, മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയെന്നും അതിനായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കാമോ?

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന്

പ്രഖ്യാപിച്ച റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകൾ സംബന്ധിച്ച വിവരവും അതിനായി വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

<u>ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച റവന്യൂ ടവറുകൾ</u>

1. കടകംപള്ളി
2. നെടുമങ്ങാട്
3. കൊല്ലം
4. പന്തളം
5. കൊട്ടാരക്കര (രണ്ടാം ഘട്ടം)
6. തിരുവല്ല
7. ചങ്ങനാശ്ശേരി
8. തൊടുപുഴ
9. പീരുമേട്
10. എറണാകുളം
11. കോതമംഗലം
12. സുൽത്താൻ ബത്തേരി

13. ചാലക്കുടി

14. മട്ടന്നൂർ

15. ആലപ്പുഴ ആർ.ഡി.ഒ കോംപ്ലക്സ്

16. മുളന്തുരുത്തി

17. പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ്

മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകൾ

1. അടിമാലി

2. പട്ടാമ്പി

. നിലമ്പൂർ

4. വടകര

5. ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ

6. മതിലകം മിനി സിവിൽ സ്റ്റേഷൻ

7. പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ

8. വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ.

ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 17 റവന്യൂ ടവറുകൾക്കായി 250 കോടി രൂപയും മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 8 റവന്യൂ ടവർ/മിനി

സിവിൽ സ്റ്റേഷൻ പദ്ധതികൾക്കായി (10 കോടി രൂപ വീതം) 80 കോടി രൂപയും ഉൾപ്പെടെ 330 കോടി രൂപയുടെ പദ്ധതി അടങ്കലിന് ഭരണാനുമതി നല്കി ഉത്തരവായിട്ടുണ്ട്.

(ബി) ഇതിൽ നിർമ്മാണം ആരംഭിച്ചത്, പുരോഗമിക്കുന്നത്, പൂർത്തീകരിച്ചത് എന്നീ ഘട്ടങ്ങളിലുള്ള റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകൾ എന്നിവയുടെ വിശദാംശം നൽകുമോ?

കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകളിൽ മട്ടന്നൂർ റവന്യൂ ടവറിന്റെയും (MEP ജോലികളുടെ testing & commissioning ഒഴികെ) വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടാമ്പി, വടകര എന്നീ റവന്യൂ ടവർ പദ്ധതികൾക്കും ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ പദ്ധതിക്കും KIIFB-യുടെ സാമ്പത്തിക അനുമതി ലഭ്യമായിട്ടുള്ളതും ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതുമാണ്. നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല.

പ്രസ്തുത പദ്ധതികളിലുൾപ്പെട്ട കടകംപള്ളി റവന്യൂ ടവർ, നെടുമങ്ങാട് റവന്യൂ ടവർ, പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ് എന്നീ പദ്ധതികൾ അവയുടെ പദ്ധതിച്ചെലവ് 10 കോടി രൂപയ്ക്ക് താഴെയാകയാൽ അവ കിഫ്ബി പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

(സി) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും കിഫ്ബിയുടെ പരിഗണനയിലുള്ളതുമായ റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ചാലക്കുടി, മുളന്തുരുത്തി, നിലമ്പൂർ എന്നീ റവന്യൂ ടവർ പദ്ധതികളുടെയും പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ PFMS പോർട്ടൽ മുഖേന ഭവന നിർമ്മാണ ബോർഡ് (എസ്.പി.വി) കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് നിലവിൽ കിഫ്ബിയുടെ പരിഗണനയിലുമാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി റവന്യൂ ടവർ, വടകര റവന്യൂ ടവർ, ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ എന്നിവയ്ക്കാണ് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്.

(ഇ) ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

10-11-2023 തീയതിയിലെ സ.ഉ.(സാധാ)നം. 4047/2023/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചാലക്കുടി റവന്യൂ ടവർ പദ്ധതി നടപ്പിലാക്കുന്നതിന് 24.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ PFMS പോർട്ടൽ മുഖേന ഭവന നിർമ്മാണ ബോർഡ് (എസ്.പി.വി) കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതും അത് നിലവിൽ കിഫ്ബിയുടെ പരിഗണനയിലുമാണ്.

കിഫ്ബി അനുമതി നൽകിയാൽ മാത്രമേ തുടർ നടപടികൾ ആരംഭിക്കാനാകൂ.

**കടുത്തുരുത്തി വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

353 (1577) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തിയിൽ നിർമ്മാണം പൂർത്തീകരിച്ച മിനി സിവിൽ സ്റ്റേഷനിലേക്ക് കടുത്തുരുത്തി വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ ഭാഗമായി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ വില്ലേജ് ഓഫീസിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കടുത്തുരുത്തിയിൽ നിർമ്മാണം പൂർത്തീകരിച്ച മിനി സിവിൽ സ്റ്റേഷനിലേക്ക് കടുത്തുരുത്തി വില്ലേജ് ഓഫീസ് പ്രവർത്തനം മാറ്റുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ടി ഓഫീസിനായി അനുവദിക്കപ്പെട്ട മുറികളിൽ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുമായി

ബന്ധപ്പെട്ട് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി കെ.എസ്.ഇ.ബി-ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും കെ.എസ്.ഇ.ബി-യുടെ ഭാഗത്തുനിന്നും ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിച്ച് പൊതുവായി പവർ കണക്ഷൻ ലഭ്യമാക്കിയെങ്കിൽ മാത്രമേ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ പ്രത്യേക സർവീസ് കണക്ഷൻ ലഭിക്കുകയുള്ളൂ എന്നതിനാൽ നിലവിൽ ട്രാൻസ്ഫോർമർ കെ.എസ്.ഇ.ബി മാറ്റി സ്ഥാപിച്ചിട്ടുള്ളതാണ്. തുടർന്ന് കടുത്തുരുത്തി വില്ലേജ് ഓഫീസിന്റെ സ്മാർട്ട് വില്ലേജ് ഇ-ഓഫീസ് സംവിധാനങ്ങൾക്കായുള്ള ഇലക്ട്രിക്കൽ എസ്റ്റിമേറ്റ്, ക്യൂബിക്കിൾ വർക്കിനായുള്ള സിവിൽ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി പ്രസ്തുത പ്രവൃത്തി എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി പാലാ പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത മിനി സിവിൽ സ്റ്റേഷനിലേക്ക് വില്ലേജ് ഓഫീസ് മാറ്റിയാൽ ഉടൻതന്നെ രണ്ടാംഘട്ട അനക്സ് കെട്ടിട നിർമ്മാണത്തിനുള്ള

സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കഴിയുമോ; ഇതുസംബന്ധിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത മിനി സിവിൽ സ്റ്റേഷനിലേക്ക് വില്ലേജ് ഓഫീസ് മാറ്റിയാൽ ഉടൻതന്നെ നിലവിൽ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന റവന്യൂ വകുപ്പ് വക സ്ഥലത്ത് പുതിയതായി നിർമ്മിക്കുന്ന അഡീഷണൽ ബ്ലോക്കിൽ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസിനുകൂടി മതിയായ സ്ഥലം അനുവദിച്ചുകൊണ്ട് രണ്ടാം ഘട്ട അനക്സ് കെട്ടിട നിർമ്മാണത്തിനായി സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കഴിയുന്നതാണ്. നിലവിൽ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് വൈക്കം തഹസിൽദാർ കത്ത് നൽകിയിട്ടുള്ളതാണ്.

**മലപ്പുറം ജില്ലയിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

354 (1578) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നാളിതുവരെ എത്ര വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ തൃക്കണ്ടിയൂർ, മൂത്തേടം, മലപ്പുറം, വഴിക്കടവ്, വെട്ടം, പൂക്കോട്ടൂർ, പാണ്ടിക്കാട, തൃക്കലങ്ങോട്, ചോക്കാട്, കേരള എസ്റ്റേറ്റ്, നിറമരുതൂർ, ഇരിമ്പിളിയം, വാഴയൂർ, എടപ്പറ്റ, മേൽമുറി, പുറത്തൂർ എന്നീ 16 വില്ലേജാഫീസുകൾ 2017-18 കാലഘട്ടത്തിനുശേഷം ഏകീകൃത ഡിസൈൻ അനുസരിച്ച് നിർമ്മിച്ച സ്മാർട്ട് വില്ലേജ് കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, പ്രസ്തുത ജില്ലയിലെ താഴെക്കോട്, എളംകുളം, പാണക്കാട്, നറുകര, കീഴുപറമ്പ്, മഞ്ചേരി, താനൂർ, എടപ്പാൾ, വടക്കാങ്ങര, അമരമ്പലം, മൂർക്കനാട് എന്നീ 11 വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് കെട്ടിട നിർമ്മാണം നിർവഹിച്ചിട്ടില്ലെങ്കിലും ടി വില്ലേജുകൾ ഉറപ്പുള്ള കെട്ടിടത്തിൽ പ്രവർത്തിച്ച് അടിസ്ഥാന സൗകര്യങ്ങളോടുകൂടി സ്മാർട്ടിന് തുല്യമായ സേവനങ്ങൾ നൽകിവരുന്നു.

(ബി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതെന്നും പുതുതായി ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജാക്കുന്നതെന്നും അറിയിക്കുമോ?

ഏറനാട് മണ്ഡലത്തിൽ കുറച്ച് വാർഡുകൾ ഉൾപ്പെടുന്നതും എന്നാൽ വണ്ടൂർ മണ്ഡലത്തിന്റെ ഭാഗമായതുമായ പുള്ളിപ്പാടം വില്ലേജ് ഓഫീസ് നവീകരണം വഴി സ്മാർട്ട് വില്ലേജാഫീസായി ഉയർത്തിയിട്ടുള്ളതാണ്. 2024-25 സാമ്പത്തിക വർഷത്തിലെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി വില്ലേജുകളെ തിരഞ്ഞെടുക്കുന്നതിനായുള്ള കരട് ലിസ്റ്റ് പരിശോധിച്ചുവരികയാണ്.

(സി) സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറുമ്പോൾ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഉണ്ടാകുന്നതെന്ന് വിശദമാക്കുമോ?

ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസിൽനിന്നുള്ള സേവനങ്ങൾ

ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. ഇതുകൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്.

**സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം**

355 (1579) <u>ശ്രീ. എ. സി. മൊയ്തീൻ:</u>

<u>ശ്രീ. ഡി. കെ. മുരളി:</u>

<u>ശ്രീ. പി. വി. ശ്രീനിജിൻ:</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനത്തിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആകെ 145 വില്ലേജുകളെ സ്മാർട്ട് വില്ലേജുകളായി ഉയർത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിൽ 25 എണ്ണം നിർമ്മാണം പൂർത്തിയായിട്ടുള്ളതും മറ്റുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. കൂടാതെ, റിബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി 210 വില്ലേജുകളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ വില്ലേജുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുകവഴി മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കാൻ സാധിക്കുകയും അതുവഴി സ്മാർട്ട് സേവനങ്ങൾ കൂടുതൽ വേഗതയിലും കാര്യക്ഷമമായും നടപ്പിലാക്കിവരുന്നതുമാണ്.

(ബി) ഭൂമിയുടെ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഭൂമിയുടെ രേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ ലഭ്യമായതും കുറ്റമറ്റതുമായ വിവരങ്ങൾ (Textual Data) ഡിജിറ്റലൈസ് ചെയ്ത് www.revenue.kerala.gov.in എന്ന പോർട്ടൽ മുഖേന ലഭ്യമാക്കിയിട്ടുള്ളതും അപ്രകാരം ഡാറ്റബേസ് അടിസ്ഥാനപ്പെടുത്തി ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി, ഓൺലൈൻ തരംമാറ്റം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ടി ഡാറ്റാബേസ് പൊതുജനങ്ങൾക്ക് സെർച്ച് ചെയ്ത് കാണുന്നതിനായുള്ള സൗകര്യവും ടി പോർട്ടലിൽ ഒരുക്കിയിട്ടുള്ളതുമാണ്.

റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. നിലവിൽ 86 വില്ലേജുകളുടെ ഭൂനികുതി രജിസ്റ്റർ (BTR),

തണ്ടപ്പേർ രജിസ്റ്റർ (TPR) രേഖകളുടെ സ്കാനിംഗ് പൂർത്തീകരിച്ച് സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഡിജിറ്റൽ രേഖകൾ റഫറൻസിനായി റെലിസിൽ ഉൾപ്പെടുത്തുകവഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുന്നതാണ്.

(സി) 2007 മുതൽ 2024 വരെ എത്ര പേർക്ക് പട്ടയം ലഭ്യമാക്കിയെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അത് വ്യക്തമാക്കാമോ?

2006 മുതൽ 2024 വരെ വിതരണം ചെയ്ത പട്ടയങ്ങളുടെ ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു :

2006-2011 : 90874

2011-2016 : 134460

2016-2021 : 177011

2021-2024 : 153103

(ഡി) 2011-2016 കാലഘട്ടത്തിലെ സർക്കാർ ആകെ എത്ര പേർക്ക് പട്ടയം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

2011-2016 കാലഘട്ടത്തിൽ ആകെ 134460 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

**മട്ടന്നൂർ മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസ്**

356 (1580) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിന് കീഴിൽ മട്ടന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കുടാളി വില്ലേജ് ഓഫീസ് 2019-20 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും മാനന്തേരി വില്ലേജ് ഓഫീസ് 2022-23 സാമ്പത്തിക വർഷത്തെ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നതുമാണ്.

**കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നടപടി**

357 (1581) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ കറുകുറ്റി വില്ലേജ് വക ഭൂമിയിൽ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 2024-25 വർഷത്തെ ബജറ്റിൽ 20% തുക വകയിരുത്തിയത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ വാല്യം II-ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) മറ്റ് റവന്യൂ ഓഫീസുകളിൽ 2553 സീരിയൽ നമ്പറായി ഉൾപ്പെട്ട കറുകുറ്റി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിന് മൊത്തം അടങ്കൽ തുകയുടെ (200 ലക്ഷം) 20% വകയിരുത്തിയിട്ടുണ്ട്.

(ബി) കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കറുകുറ്റി പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗതീരുമാനപ്രകാരം റവന്യൂ

വകുപ്പ് സ്വീകരിക്കേണ്ട തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കറുകുറ്റി പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗതീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സൈറ്റ് പ്ലാൻ, ജീവനക്കാരുടെ/അനുബന്ധ സൗകര്യങ്ങളുടെ വിശദാംശങ്ങൾ, എഫ്.എം.ബി സ്കെച്ച് എന്നിവ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട രേഖകൾ ജില്ലാ കളക്ടർ 15-05-2024-ന് പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുള്ളതും ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) നിലവിലെ പഴക്കംചെന്ന കെട്ടിടം പൊളിക്കുന്നതിന് മുന്നോടിയായി വാല്യുവേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ കറുകുറ്റി വില്ലേജ് ഓഫീസ് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടം കണ്ടെത്തിയിട്ടുണ്ടോ; ഈ വിഷയത്തിൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യങ്ങൾ സംബന്ധിച്ച കത്ത്

പൊതുമരാമത്ത് വകുപ്പിൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിലെ പഴക്കംചെന്ന കെട്ടിടം പൊളിക്കുന്നതിന് മുന്നോടിയായുള്ള വാല്യുവേഷൻ നടപടികൾ തുടർന്നുവരുന്നു. നിർദിഷ്ട മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതുവരെ കറുകുറ്റി വില്ലേജ് ഓഫീസ് പഞ്ചായത്ത് ഓഫീസിന്റെ കെട്ടിടത്തിൽ താൽക്കാലികമായി പ്രവർത്തിപ്പിക്കുന്നതിന് തീരുമാനമായിട്ടുള്ളതാണ്. കൂടാതെ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സൈറ്റ് പ്ലാൻ, ജീവനക്കാരുടെ/അനുബന്ധ സൗകര്യങ്ങളുടെ വിശദാംശങ്ങൾ, എഫ്.എം.ബി സ്കെച്ച് എന്നിവ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട രേഖകൾ ജില്ലാ കളക്ടർ 15-05-2024-ന് പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുമുണ്ട്.

(ഡി) നിലവിലെ വില്ലേജ് ഓഫീസ് കെട്ടിടം പൊളിക്കുന്നതിനും വില്ലേജ് ഓഫീസ് മറ്റൊരു കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച നിർദേശം ജില്ലാകളക്ടർക്ക് നൽകുമോ?

കുറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കുറുകുറ്റി പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഇതിനകംതന്നെ പ്രസ്തുത വിഷയത്തിന്മേൽ സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

**മണലൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലെ ഒഴിവുകൾ**

358 (1582) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ വില്ലേജ് ഓഫീസിലെയും ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകാമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഭൂരിഭാഗവും ഗ്രൂപ്പ് വില്ലേജുകളായി പ്രവർത്തിക്കുന്ന പ്രസ്തുത വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

പ്രസ്തുത വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം എന്നിവയിലൂടെ ഉണ്ടായ ഒഴിവുകൾ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേനയും പുതിയ നിയമനങ്ങൾവഴിയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സർവെയർമാരുടെ കുറവ് നികത്താനുള്ള നടപടി**

359 (1583) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിലെ വടകര-മാഹി കനാൽ പ്രവൃത്തി, കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ്, കുറ്റ്യാടി ബൈപ്പാസ്, വടകര വില്യാപ്പള്ളി ചേലക്കാട് റോഡ് നിർമ്മാണം എന്നീ പ്രവൃത്തികളുടെ ഭാഗമായി അനധികൃത കൈയേറ്റം കണ്ടെത്താൻ സർവെയർമാരുടെ കുറവ് തടസ്സം

സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമുള്ള സർവെയർമാരെ അടിയന്തരമായി നിയമിച്ച് ഈ വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡിന്റെ നിലവിൽ 11(1) നോട്ടിഫിക്കേഷൻ നവംബറിൽ വന്നിട്ടുള്ളതും ആകെയുള്ള 106 സർവെ നമ്പറിൽ 58 സർവെ നമ്പറുകൾ സബ്ഡിവിഷൻ ജോലി പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി ഓഫീസിൽ നിലവിൽ 3 സർവെയർ തസ്തികകളാണ് നിലവിലുള്ളത്, അതിൽ പൊതുസ്ഥലംമാറ്റം വഴി ഒരു സർവെയർ തസ്തിക ഒഴിവുണ്ടെങ്കിലും ഒരു സർവെയറെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് പ്രസ്തുത ഒഴിവ് നികത്തിയിട്ടുണ്ട്.

കുറ്റ്യാടി ബൈപ്പാസ് ജോലിയുടെ എൽ.എ. സബ് ഡിവിഷൻ ജോലികൾ പൂർത്തീകരിച്ച് നൽകിയിട്ടുള്ളതാണ്. 14-05-2024-ന് Detailed Valuation Statement (DVS) സമർപ്പിച്ചിട്ടുണ്ട്. വടകര വില്യാപ്പള്ളി ചേലക്കാട് റോഡിലെ കൈയേറ്റം കണ്ടെത്തുന്ന പ്രവർത്തനങ്ങൾ വടകര ഓഫീസിലെ

സർവെയർമാർ ആരംഭിച്ചിട്ടുള്ളതും 605 കി.മീ ജോലി പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു.

വടകര മാഹി കനാലിന്റെ പണി ഉൾപ്പെടെയുള്ള പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതാണ്. നിലവിൽ കോഴിക്കോട് ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ നിലവിൽ ആകെ 24 സർവെയർ തസ്തികകളാണ് നിലവിലുള്ളത്. അതിൽ 5 തസ്തികകൾ ഒഴിവുള്ളതാണ്. നിലവിൽ റീസർവെ ഓഫീസുകളിൽനിന്നും എൽ.ആർ.എം, എൽ.എ സ്പെഷ്യൽ ജോലികൾക്കായി 11 സർവെയർമാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ജോലി പുരോഗതികൾ വിലയിരുത്തിയശേഷം താരതമ്യേന ജോലി കുറവുള്ള ഓഫീസുകളിൽനിന്നും ജോലി കൂടുതലുള്ള ഓഫീസുകളിലേക്ക് ജോലികളുടെ മുൻഗണന പരിശോധിച്ചുകൊണ്ട് ജോലി ക്രമീകരണങ്ങൾ നടത്തി സർവെയർമാരുടെ കുറവ് നികത്തിവരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് ഉദ്യോഗാർഥികളെ ശിപാർശ ചെയ്യുന്നതനുസരിച്ച് ഒഴിവുകൾ നികത്താൻ സാധിക്കുന്നതാണ്. KPSC റാങ്ക് ലിസ്റ്റ്

പ്രസിദ്ധീകരിക്കുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനം**

360 (1584) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) ആലപ്പുഴ ജില്ലയിൽ മാവേലിക്കര മിച്ചൽ ജങ്ഷൻ വികസനത്തിനായി മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ വിവിധ സർവെ നമ്പരുകളിൽപ്പെട്ട ആകെ 57.08 ആർസ് സ്ഥലം

ഏറ്റെടുക്കുന്നതിന് 11-10-2022-ലെ സ.ഉ.(സാധാ)നം. 4120/2022/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. അനുപ്രകാരം പ്രാഥമിക വിജ്ഞാപനം 17-10-2022-ൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ശ്രീ. കോശി ഫിലിപ്പ് ഫയൽ ചെയ്ത WP(C) 27368/2022 കേസിൽ നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവയ്ക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതിനാൽ, ടി സ്ഥലമെടുപ്പ് നടപടികൾക്ക് കാലതാമസം സംഭവിച്ചിട്ടുണ്ട്. ടി സ്റ്റേ നടപടികൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത് ഒഴിവാക്കി ഉത്തരവ് ലഭ്യമായാലുടൻതന്നെ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോലഴി പഞ്ചായത്തിൽ പുനർ നിക്ഷിപ്തം ചെയ്ത ഭൂമി**

361 (1585) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലഴി പഞ്ചായത്തിൽ കുറ്റൂർ വില്ലേജിലെ 12 പേർക്ക് പതിച്ച് നൽകുന്നതിനായി 28-05-2018-ലെ സ.ഉ. (എം.എസ്) നമ്പർ 204/18/ആർ.ഇ.വി. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തം ചെയ്ത ഭൂമി അർഹതപ്പെട്ടവർക്ക് പതിച്ച് കൊടുത്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുനർ നിക്ഷിപ്തം ചെയ്ത ഭൂമി അർഹതപ്പെട്ടവർക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തൃശ്ശൂർ താലൂക്കിലെ കുറ്റൂർ വില്ലേജിലെ കോലഴി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ കന്നുകാലി മേച്ചിൽ പുറമ്പോക്ക് ഭൂമിക്ക് കുറ്റൂർ വില്ലേജിൽപ്പെട്ട 12 പേർ പതിവിന് അർഹരാണെന്നും മറ്റ് ഭൂമികൾ ഇല്ലാത്തവരാണെന്നും പ്രസ്തുത 0.3430 ഹെക്ടർ ഭൂമി മേച്ചിൽ പുറമ്പോക്ക് വിഭാഗത്തിലാണ് ബി.ടി.ആറിൽ പതിഞ്ഞിട്ടുള്ളതെന്നും അതിന്റെ റീസർവെ നമ്പറുകൾ 828/6, 7, 836/2, 3, 5, 7, 8, 9, 836/10 (P), 837/2, 5, 860/1 ആണെന്നും പ്രസ്തുത ഭൂമി കേരള പഞ്ചായത്ത് രാജ് ആക്ട് 1964-ന്റെ 279(2) വകുപ്പ് പ്രകാരം ടി

ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കി റവന്യൂ വകുപ്പിലേക്ക് നിക്ഷിപ്തമാക്കി 28-05-2018-ൽ G.O.(Ms) No.204/2018/RD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടവിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണെന്ന വിവരം തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിനെ അറിയിച്ചിട്ടുണ്ട്. വിജ്ഞാപനം ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്. വിജ്ഞാപനം ചെയ്തുകഴിഞ്ഞാൽ പട്ടയ വിതരണത്തിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കും.

**ചാത്തന്നൂർ താലൂക്ക് രൂപീകരണം**

362 (1586) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ താലൂക്ക് രൂപീകരണം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ നിലപാട് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്താണ് എന്നറിയിക്കാമോ;

(ബി) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ മുന്നിലുണ്ടോ; എങ്കിൽ അത് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ സർക്കാർ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. അതിനു പുറമെ, സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽനിന്നും പുതിയ താലൂക്ക്/വില്ലേജ് രൂപീകരണം/വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായിവരുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള

സാമ്പത്തിക സ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുമ്പോൾ ചാത്തന്നൂർ ഉൾപ്പെടെയുള്ള താലൂക്ക് രൂപീകരണം പരിഗണിക്കാവുന്നതാണ്.

**കായംകുളം കേന്ദ്രമാക്കി പുതിയ താലൂക്ക്**

363 (1587) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കേന്ദ്രമാക്കി പുതിയ താലൂക്ക് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു

ടീമിനെ സർക്കാർ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. അതിനുപുറമെ, സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽനിന്നും പുതിയ താലൂക്ക്/വില്ലേജ് രൂപീകരണം/വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായിവരുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുമ്പോൾ കായംകുളം കേന്ദ്രമാക്കിയതുൾപ്പെടെയുള്ള താലൂക്കുകളുടെ രൂപീകരണം പരിഗണിക്കാവുന്നതാണ്.

**ഓൺലൈൻ പോക്കുവരവ്-രജിസ്ട്രേഷൻ ഡാറ്റ ലഭ്യമാക്കുന്നതിന് നടപടി**

364 (1588) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട നെൻമണിക്കര വില്ലേജിൽ ഓൺലൈൻ പോക്കുവരവ്-രജിസ്ട്രേഷൻ ഡാറ്റ ലഭ്യമാക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ പോക്കുവരവ്-രജിസ്ട്രേഷൻ ഡാറ്റ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 22-01-2020-ലെ 191-ാം നമ്പറായി ഗസറ്റ് വിജ്ഞാപനം ചെയ്ത 23-12-2019-ലെ സ.ഉ (എം.എസ്) നം. 383/2019/റവ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ നെൻമണിക്കര വില്ലേജിലേക്ക് തൃക്കൂർ വില്ലേജിൽനിന്നും ചില ഭാഗങ്ങൾ കൂട്ടിച്ചേർക്കുകയുണ്ടായി. അപ്രകാരം കൂട്ടിച്ചേർക്കലിനനുസൃതമായി ReLIS പോർട്ടലിൽ കൂട്ടിച്ചേർക്കപ്പെട്ട ഭൂമിയുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ ഡാറ്റ, രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ (PEARL) സോഫ്റ്റ്‌വെയറിൽനിന്നും റവന്യൂ വകുപ്പിന്റെ ReLIS ആപ്ലിക്കേഷനിലേക്ക് ഓൺലൈൻ പോക്കുവരവിനായി കൈമാറുന്നതിൽ നിലവിൽ നേരിടുന്ന സാങ്കേതിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. റവന്യൂ വകുപ്പും രജിസ്ട്രേഷൻ വകുപ്പും സംയുക്തമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ടി സാങ്കേതിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതും അത് അന്തിമ ഘട്ടത്തിലുമാണ്.

## എറണാകുളം ജില്ലയുടെ റവന്യൂ വിഹിതം

365 (1589) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2023 വരെ റവന്യൂ വിഹിതമായി എറണാകുളം ജില്ല സംസ്ഥാനത്തിന് നൽകിയ തുക എത്രയെന്ന് അറിയിക്കാമോ?

2016 മുതൽ 2023 വരെ റവന്യൂ ജില്ലയിൽ ലാൻഡ് റവന്യൂ ഇനത്തിൽ ലഭിച്ച തുകയുടെ കണക്ക് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ വിവിധ വകുപ്പുകളിൽനിന്ന് എറണാകുളം ജില്ലക്ക് വികസന പദ്ധതികൾക്കായി അനുവദിക്കപ്പെട്ട തുക എത്രയാണെന്നും അനുവദിക്കപ്പെട്ട തുകയിൽ ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കുമോ?

2016 മുതൽ 2023 വരെ വിവിധ വകുപ്പുകളിൽനിന്ന് എറണാകുളം ജില്ലാ കളക്ടർ മുഖാന്തരം ജില്ലയുടെ വികസന പദ്ധതികൾക്കായി അനുവദിക്കപ്പെട്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുകയും അതിൽ ചെലവഴിച്ച തുകയും സംബന്ധിച്ച കണക്ക് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വെള്ളോറ വില്ലേജ് ഓഫീസിന്റെ ശോചനീയാവസ്ഥ**

366 (1590) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വെള്ളോറ വില്ലേജ് ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലുൾപ്പെടുത്തി ഈ സാമ്പത്തിക വർഷംതന്നെ ഫണ്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീം പ്രകാരം 'കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസ്' പദ്ധതിയിലുൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിലെ വെള്ളോറ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണത്തിനായി തിരഞ്ഞെടുത്ത് ഭരണാനുമതി ഉത്തരവ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്.

**ആര്യങ്കാവിൽ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചിട്ടുള്ള ഭൂമി**

367 (1591) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ ആര്യങ്കാവ് വില്ലേജിലെ 354/7-ൽപ്പെട്ട വസ്തുവിൽ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചിരുന്ന രണ്ടേക്കർ എൺപത്തിയേഴ് സെന്റ് ഭൂമി നിലവിൽ മോട്ടോർ വാഹന വകുപ്പ് ഉപയോഗിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ വകുപ്പിന്റെ കൈവശം ഉപയോഗമില്ലാതെ കിടക്കുന്ന എത്ര ഭൂമിയുണ്ട് എന്നറിയിക്കാമോ; പ്രസ്തുത ഭൂമിയിൽനിന്നും വിവിധ പദ്ധതികൾക്കായി സർക്കാർ ഉത്തരവ് പ്രകാരം ഭൂമി അനുവദിച്ചുനൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ വിഭാഗത്തിന് എത്ര സെന്റ് വീതമാണ് അനുവദിച്ചതെന്ന് അറിയിക്കുമോ?

മോട്ടാർ വാഹന വകുപ്പിന് അനുവദിച്ചിരുന്ന 2.87 ഏക്കർ ഭൂമിയിൽ 1.24 ഏക്കർ ഭൂമി ഉപയോഗിക്കാതെ കിടക്കുന്നു. പ്രസ്തുത 2.87 ഏക്കർ

ഭൂമിയിൽനിന്നും 51 സെന്റ് ഭൂമി ടൂറിസം പദ്ധതിക്കായും 17 സെന്റ് ഭൂമി ആര്യങ്കാവ് വില്ലേജ് ഓഫീസിന്റെ ആവശ്യത്തിനായും 10 സെന്റ് ഭൂമി ആര്യങ്കാവ് സഹകരണ ബാങ്കിനായും നൽകിയിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിന് നൽകിയ പ്രസ്തുത ഭൂമിയിൽനിന്നും 16.18 ആർ സ്ഥലം ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റ് നിർമ്മാണത്തിനായി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി സർക്കാർ ഉത്തരവ് നൽകുന്നതിലേക്കായി കൊല്ലം ജില്ലാ കളക്ടർ റവന്യൂ വകുപ്പിന് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ; നടപടികൾ പൂർത്തിയാക്കി സ്ഥലം എക്സൈസ് വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ജില്ലാ കളക്ടർ സമർപ്പിച്ച ഭൂമി കൈമാറ്റ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ഭൂമി നിലവിൽ ആരുടെയൊക്കെ കൈവശം എത്ര വീതമുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഭൂമിയിൽ അനധികൃത കൈയേറ്റം ഉണ്ടെങ്കിൽ അതിന്റെ വിവരം നൽകാമോ?

KTDC – 51 സെന്റ്

ആര്യങ്കാവ് വില്ലേജ് ഓഫീസ് -17 സെന്റ്

ആര്യങ്കാവ് സഹകരണ ബാങ്ക് -10 സെന്റ്

വഴി, റോഡ് - 11 സെന്റ്

മോട്ടാർ വാഹന വകുപ്പിന്റെ കെട്ടിടം - 30 സെന്റ്

അനധികൃത കൈയേറ്റം - 4 സെന്റ്

(ഡി) മോട്ടോർ വാഹന വകുപ്പിന്റെ കൈവശം ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കിയിട്ടില്ല.

## തിരൂരങ്ങാടി വില്ലേജ് ഓഫീസ് ഭൂമി

368 (1592) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്ന റവന്യൂ ഭൂമികൾ സ്വകാര്യ വ്യക്തികൾക്ക് കൊമേഴ്സ്യൽ ആവശ്യങ്ങൾക്കോ അവരുടെ കെട്ടിടങ്ങളിലേക്കുള്ള വഴി സൗകര്യത്തിനോ പാർക്കിംഗ് ലഭ്യമാക്കുന്നതിനോ പതിച്ചുനൽകുന്നതിനോ ലീസിനുനൽകുന്നതിനോ സർക്കാർ അനുമതിയുണ്ടോ; എങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്കെന്ന് വിശദമാക്കാമോ; ഇതിന്റെ ഉത്തരവ് ആയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പും ഇതുസംബന്ധിച്ച് വിവിധ ഓഫീസുകളിൽനിന്നുള്ള കത്തുകളുടെയും നിർദേശങ്ങളുടെയും കോടതി ഉത്തരവുകളുടെയും പരാമർശങ്ങളുടെയും സ്വകാര്യ വ്യക്തികൾ സമർപ്പിച്ച അപേക്ഷകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

ഇല്ല.

ഗവൺമെന്റ് ഓഫീസ് പരിസരങ്ങൾ പാട്ടത്തിന് നൽകുകയോ ലൈസൻസിന് നൽകുകയോ ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 19-ൽ പരാമർശിക്കുന്നു. ടി ചട്ട പ്രകാരം

ചട്ടം 19 – ഗവൺമെന്റ് ഓഫീസ് പരിസരങ്ങൾ പാട്ടത്തിന് നൽകുകയോ ലൈസൻസിന് നൽകുകയോ ചെയ്യുന്നത്

"ഗവണ്മെന്റ് ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പരിസരത്തുള്ള സ്ഥലം പാട്ടത്തിനോ ലൈസൻസിനോ നൽകുന്നതിനുമുമ്പ് ക്ഷമതയുള്ള അധികാര കേന്ദ്രം ബന്ധപ്പെട്ട വകുപ്പുമായും പൊതുമരാമത്ത് വകുപ്പുമായും കൂടിയാലോചിച്ചിരിക്കേണ്ടതാണ്."

"എന്നാൽ ഈ ചട്ടങ്ങളിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും ഈ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ഭൂമിയുടെ പാട്ടമോ ലൈസൻസോ നൽകുന്നത് ക്രമീകരിക്കുന്നതിലേയ്ക്കായി പ്രത്യേക ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് ഗവണ്മെന്റിന് ക്ഷമതയുണ്ടായിരിക്കുന്നതാണ്."

വില്ലേജ് ഓഫീസ് കോമ്പൗണ്ടിലുള്ള ഭൂമി ഒരു കാരണവശാലും പതിച്ചുനൽകാനോ പാട്ടത്തിനുനൽകാനോ പാടില്ലെന്നും ഇതിനുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്നും നിർദേശിച്ചുകൊണ്ട് 29-08-2009-ൽ 55028/എൽ 3/2008/റവ നം. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)+

ഇതുസംബന്ധിച്ച് ലഭ്യമായ കോടതി വിധി, അപേക്ഷ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) തിരൂരങ്ങാടി വില്ലേജ് ഓഫീസ് കെട്ടിടം ഉൾപ്പെടുന്ന ഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ചുനൽകുന്നതിനോ ലീസിനുനൽകുന്നതിനോ ഉത്തരവാകുകയോ ഇതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

തിരൂരങ്ങാടി വില്ലേജ് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന തൃക്കുളം അംശം സർവെ നമ്പർ 366/5-ൽ ഉൾപ്പെട്ട 0.0202 ഹെക്ടർ (5 സെന്റ്) ഭൂമിയിൽനിന്ന് ശ്രീമതി മെതുവിൽ നാലകത്ത് മൈമൂന മുതലായവരുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാണിജ്യ കെട്ടിടം നിലനിൽക്കുന്ന കൈവശ ഭൂമിയിലേക്ക് പ്രവേശിക്കുന്നതിനും പുറത്തുപോകുന്നതിനും മാത്രം ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ടിയാളുകൾ ഫയൽ ചെയ്ത WP (C) 31324/2016(M) നമ്പർ കേസിൽ 27-01-2021-ലെ വിധിപ്രകാരം പരാതിക്കാരനെയും മുനിസിപ്പാലിറ്റി അധികൃതരെയും നേരിൽ കേട്ട് വിധി നടപ്പാക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അപ്രകാരം കക്ഷികളെ നേരിൽ കേട്ടതിന്റെയും സ്ഥല പരിശോധന നടത്തിയതിന്റെയും റിപ്പോർട്ടുകളുടെയും സീനിയർ ഗവൺമെന്റ് പ്ലീഡറുടെ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ഉടമസ്ഥാവകാശം സർക്കാരിൽ നിലനിർത്തി നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത ഭൂമി ലീസിന് അനുവദിക്കാൻ തീരുമാനിച്ച് മലപ്പുറം ജില്ലാ കളക്ടറുടെ 09-09-2021-ലെ സി2-79/2013 പ്രകാരം ഉത്തരവായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി പാട്ടത്തിന് അനുവദിക്കുന്നതിന് ഫോറം. 5-ൽ കക്ഷി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്.

(സി) വില്ലേജ് ഓഫീസ് കെട്ടിടം ഉൾപ്പെടുന്ന ഭൂമി എന്ത് ആവശ്യത്തിനുവേണ്ടി കൈമാറണം എന്നാവശ്യപ്പെട്ടാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഈ ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നതിനെതിരെ നിലവിൽ പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ ഈ പരാതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 27-01-2021-ലെ WP (C) 31324/2016 (M) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി മെതുവിൽ നാലകത്ത് മൈമുന മുതലായവരുടെ വാണിജ്യ കെട്ടിടം നിലനിൽക്കുന്ന കൈവശ ഭൂമിയിലേയ്ക്ക് പ്രവേശിക്കുന്നതിനും പുറത്തുപോകുന്നതിനും മാത്രമായി പ്രസ്തുത സ്ഥലം പാട്ടത്തിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഫോറം.5-ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്.

ഈ ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നതിനെതിരെ തിരൂരങ്ങാടി മണ്ഡലം യൂത്ത് ലീഗ് പ്രസിഡന്റ് ശ്രീ. വി. എ. റസാഖ് എന്നവർ 26-02-2024-ന് നൽകിയ പരാതിയിൽ നടപടി സ്വീകരിച്ച്

പരാതിക്കാരന് തിരൂരങ്ങാടി തഹസിൽദാർ മറുപടി നൽകിയിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നിലവിൽ തിരൂരങ്ങാടി വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന ഭൂമിയുടെ അളവ് എത്രയാണെന്ന് വിശദമാക്കാമോ; പ്രസ്തുത ഭൂമിയിൽ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നതിന് സൗകര്യക്കുറവുണ്ടെന്ന കാരണം പറഞ്ഞ് ഇവിടെനിന്നും പുതിയ സ്ഥലത്തേക്ക് മാറാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ സ്ഥലത്തെ ഭൂമിയുടെ അളവ് എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ അളവിനേക്കാൾ നിലവിൽ തിരൂരങ്ങാടി വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന ഭൂമി കൂടുതലായതിനാൽ നിലവിലെ ഭൂമി പൂർണ്ണമായും ഉപയോഗപ്പെടുത്തി പ്രസ്തുത ഭൂമിയിൽത്തന്നെ തുടർന്നും പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) നിലവിൽ തിരൂരങ്ങാടി വില്ലേജ് ഓഫീസ് സ്ഥിതിചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം - 0.0202 ഹെക്ടർ (5 സെന്റ്) ആണ്.

ചെമ്മാട് ടൗൺ സെന്ററിൽ ഏറ്റവും തിരക്കുള്ള ജങ്ഷന്റെ തൊട്ടടുത്താണ് നിലവിലുള്ള വില്ലേജ് ഓഫീസ് പ്രവർത്തിച്ചുവരുന്നത്. ഈ ജങ്ഷനിൽ ജനങ്ങളുടെയും വാഹനങ്ങളുടെയും ആധിക്യം കാരണം വില്ലേജ് ഓഫീസിൽ വരുന്ന പൊതുജനങ്ങൾക്ക് നിരവധി പ്രയാസങ്ങൾ നേരിടുന്നുണ്ട്. വില്ലേജ് ഓഫീസ് കെട്ടിടം കോമ്പൗണ്ട് തീരെ ഇല്ലാത്ത രീതിയിൽ PWD റോഡിനോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. പ്രസ്തുത സാഹചര്യത്തിലാണ് പുതിയ സ്ഥലം കണ്ടെത്താനുള്ള തീരുമാനം എടുത്തിട്ടുള്ളത്.

പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം-0.0174 ഹെക്ടർ (4.29 സെന്റ്) ആണ്.

(എഫ്) തിരൂരങ്ങാടി വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന ഭൂമിയുടെ പിറകിലുള്ള കെട്ടിടത്തിലേക്ക് റോഡിൽനിന്നും വഴി സൗകര്യമുണ്ടോ; റോഡിൽനിന്നും ഈ വഴി അടക്കം രേഖപ്പെടുത്തിയ ഭൂമിയുടെ സ്കെച്ച് ലഭ്യമാക്കാമോ?

തിരൂരങ്ങാടി വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന ഭൂമിയുടെ പിറകുവശത്തുള്ള മെതുവിൽ നാലകത്ത് മൈമൂന മുതലായവരുടെ കൈവശ

ഭൂമിയിലേക്ക് PWD റോഡിൽനിന്ന് പ്രവേശിക്കുന്നതിന് വഴി ഇല്ല. താലൂക്ക് സർവെയർ തയ്യാറാക്കിയ സ്കെച്ച് അനുബന്ധമായി ചേർക്കുന്നു.+

(ജി) പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് ആദ്യം സമർപ്പിച്ച അപേക്ഷ നിരസിച്ചിരുന്നോയെന്ന് വിശദമാക്കാമോ; രണ്ടാമത് സമർപ്പിച്ച അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

ആദ്യം നൽകിയ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No.31324/2016 (M) കേസിലെ 27-01-2021-ലെ വിധിയെത്തുടർന്ന് മലപ്പുറം ജില്ലാ കളക്ടറുടെ 09-09-2021-ലെ സി2-79/2013 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉപാധികളോടെ 01-10-2021-ലെ ഫോറം 5-ലുള്ള കക്ഷിയുടെ അപേക്ഷയിന്മേൽ ജില്ലാ കളക്ടർ തുടർ നടപടി സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോഴിക്കോട് താലൂക്കിലെ മാവൂർ വില്ലേജിൽപ്പെട്ട ഭൂമി**

369 (1593) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മാവൂർ വില്ലേജിൽ റീ സർവെ 21/1, 21/5 എന്നിവയിൽ യഥാക്രമം 1.32 ഏക്കർ, 56 സെന്റ് എന്നിങ്ങനെ വിസ്തീർണ്ണത്തിൽ രണ്ട് സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ കൈവശത്തിൽ നിലവിലുണ്ടോ?

പ്രസ്തുത ഭൂമി POB ലാൻഡായി വില്ലേജ് രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ടി ഭൂമി റവന്യൂ ഭൂമിയല്ല. നിയമ നടപടികളിലൂടെ സർക്കാരിൽ നിക്ഷിപ്തമാക്കിയാൽ മാത്രമേ റവന്യൂ ഭൂമി ആവുകയുള്ളൂ.

(ബി) കോഴിക്കോട് ജില്ലാ കളക്ടറുടെ 28-02-1958-ലെ A4-14425/57 നടപടിക്രമപ്രകാരം ഈ ഭൂമി ഏത് വിഭാഗത്തിലാണ് ഉൾപ്പെടുത്തുയിട്ടുള്ളത്?

ടി ഭൂമി കോഴിക്കോട് ജില്ലാ കളക്ടറുടെ 28-02-1958-ലെ A4-14425/57 നമ്പർ നടപടി പ്രകാരം POB (Prohibitory Order Booked) വിഭാഗത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ഭൂമിയാണ്.

(സി) പ്രസ്തുത ഭൂമി സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ;

(ഡി) സർക്കാരിന്റെ ആവശ്യങ്ങൾക്കായി പ്രസ്തുത ഭൂമി ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?

(സി&ഡി) പ്രസ്തുത ഭൂമി സർക്കാരിന്റെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് നിയമോപദേശം തേടിയതിനുശേഷമേ തുടർനടപടി സ്വീകരിക്കാൻ കഴിയൂ. 28-02-1958-ലെ A4-14425/57 നമ്പർ ഉത്തരവും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ ടി ഭൂമിയെ സംബന്ധിച്ച് കേസ് നിലവിലുണ്ടോയെന്നത് സംബന്ധിച്ച വിഷയത്തിൽ വ്യക്തത വരുത്താനാകുകയുള്ളൂ.

## ചെങ്കള ഗ്രൂപ്പ് വില്ലേജ് ഓഫീസ്

370 (1594) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ചെങ്കള ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ മതിയായ സ്ഥല സൗകര്യം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര വർഷം മുമ്പാണ് ഈ കെട്ടിടം പണിതതെന്നും ഇപ്പോഴതിന്റെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

(എ&ബി) കാസർകോട് ജില്ലയിലെ ചെങ്കള ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ മതിയായ സ്ഥല സൗകര്യം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ കെട്ടിടം പതിനൊന്ന് വർഷങ്ങൾക്കുമുമ്പ് പണിതതാണ്. ജീവനക്കാർക്ക് ഇരുന്ന് ജോലി ചെയ്യാൻ സൗകര്യമില്ലാത്ത ഇടുങ്ങിയ 2 മുറികളും കുടിവെള്ള സൗകര്യം ഇല്ലാത്തതുമായ അന്തരീക്ഷത്തിലാണ് പ്രസ്തുത വില്ലേജ് ഓഫീസ് പ്രവർത്തിച്ചുവരുന്നത്.

(സി) ഏതെല്ലാം വില്ലേജ് ഓഫീസുകൾ ചേർന്നതാണ് ഈ ഗ്രൂപ്പ് വില്ലേജ് ഓഫീസെന്ന് വ്യക്തമാക്കാമോ?

ചെങ്കള, മുട്ടത്തൊടി എന്നീ രണ്ട് വില്ലേജുകൾ ചേർന്നതാണ് ചെങ്കള ഗ്രൂപ്പ് വില്ലേജ്.

(ഡി) പ്രസ്തുത വില്ലേജുകളിലെ ജനസംഖ്യയും ഭൂമി ഉടമകളും എത്രയാണെന്ന് വിശദമാക്കാമോ?

പ്രസ്തുത വില്ലേജുകളിലെ ജനസംഖ്യ ഏകദേശം 75000 ആണ്. ഭൂവുടമകൾ ചെങ്കള വില്ലേജ് - 19800, മുട്ടത്തൊടി വില്ലേജ് - 20106.

(ഇ) ഈ ഗ്രൂപ്പ് വില്ലേജ് ഓഫീസിലെ തസ്തികനില എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; ഇവയിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും എത്ര കാലമായി ഈ സ്ഥിതി തുടരുന്നുവെന്നും വ്യക്തമാക്കാമോ;

പ്രസ്തുത ഗ്രൂപ്പ് വില്ലേജ് ഓഫീസിലെ തസ്തികനില ചുവടെ ചേർക്കുന്നു:

**<u>അനുവദനീയമായ തസ്തിക</u>**

വില്ലേജ് ഓഫീസർ - 1

സ്പെഷ്യൽ വില്ലേജ് ഓഫീസർ - 1

വില്ലേജ് അസിസ്റ്റന്റ് - 1

വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് - 2

ആകെ - 5

**ഒഴിഞ്ഞുകിടക്കുന്ന തസ്തിക**

വില്ലേജ് അസിസ്റ്റന്റ് - 1 (07-10-2023 മുതൽ)

വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് - 1 (10-05-2024 മുതൽ)

ആകെ - 2

(എഫ്) ദിവസവും എത്ര പേർ നികുതി അടയ്ക്കാനും മറ്റ് ആവശ്യങ്ങൾക്കും ചെങ്കള ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ എത്തുന്നുവെന്ന് വിശദമാക്കാമോ?

ദിവസവും ഇരുന്നൂറോളം പൊതുജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസിൽ എത്തിച്ചേരാറുണ്ട്.

(ജി) ജില്ലാ ആസ്ഥാന പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വലിയ വരുമാനം കിട്ടുന്ന ഈ ഗ്രൂപ്പ് വില്ലേജ് ഓഫീസിനെ എപ്പോൾ സ്മാർട്ട് ഓഫീസായി മാറ്റുമെന്ന് വ്യക്തമാക്കാമോ?

അടുത്ത രണ്ട് വർഷക്കാലത്തിനുള്ളിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് മുൻഗണനാക്രമത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. അക്കൂട്ടത്തിൽ ചെങ്കള ഗ്രൂപ്പ് വില്ലേജ് ഓഫീസിനെ സ്മാർട്ട് ഓഫീസാക്കി മാറ്റുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മൂന്നാർ മേഖലയിലെ കെട്ടിടങ്ങളുടെ നിർമ്മാണം**

371 (1595) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിലെ 7 വില്ലേജുകളിൽ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം നിലവിൽ ആവശ്യമുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) 1801/2010 നമ്പർ ഹർജിയിലെ 21-10-2010-ലെ ഇടക്കാല ഉത്തരവിൽ "Revenue Officials, Local Self Government Authorities, the Police and Forest Authorities shall ensure that no construction activity takes place in Munnar without No Objection Certificate issued by the Revenue Department and without permission being given by the Panchayath authorities, except in cases which are governed by Court orders" എന്ന് ഉത്തരവായിട്ടുള്ളതാണ്. ടി നിർദേശം നിലവിൽ പിൻവലിച്ചിട്ടില്ല.

(ബി) മൂന്നാർ മേഖലയിൽ കെട്ടിട നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമില്ല എന്ന ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മൂന്നാർ മേഖലയിൽ കെട്ടിടനിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി ആവശ്യമില്ല എന്ന് ഉത്തരവില്ലാത്തതാണ്. WP(C) 1801/2010 നമ്പർ കേസിലെ 22-05-2024 തീയതിയിലെ ഉത്തരവ് പ്രകാരം എൻ.ഒ.സി.-യുടെ ഉദ്ദേശ്യം പട്ടയത്തിന്റെ സാധുതയും പട്ടയവ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നതും പരിശോധിക്കലാണെന്നും അവ ശരിയെന്നുകണ്ടാൽ റവന്യൂ ഉദ്യോഗസ്ഥർ എൻ.ഒ.സി കൊടുക്കാൻ ബാധ്യസ്ഥരാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനമോ, എലിവേഷൻ, പ്ലിന്ത് ഏരിയ എന്നിവയിലെ വ്യത്യാസമോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപരിധിയിലുള്ള കാര്യമാണെന്നും പട്ടയഭൂമി പട്ടയം അനുവദിച്ച ആവശ്യത്തിനാണോ വിനിയോഗിക്കുന്നതെന്ന് ഉറപ്പാക്കലാണ് റവന്യൂ അധികൃതരിൽ നിക്ഷിപ്തമായ അധികാരമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ കെട്ടിടത്തിനോ, എലിവേഷൻ, പ്ലിന്ത് ഏരിയ എന്നിവയിലോ വരുത്തുന്ന വ്യത്യാസം കൊണ്ട് എൻ.ഒ.സി റദ്ദാകുമെന്ന് നിബന്ധന വയ്ക്കാൻ പാടില്ല എന്നുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്.

## കരിമ്പ വില്ലേജിലെ ഭൂമി വില നിർണ്ണയം

372 (1596) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോങ്ങാട് മണ്ഡലത്തിലെ കരിമ്പ വില്ലേജിലെ ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയവുമായി ബന്ധപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കരിമ്പ വില്ലേജിലെ സ്ഥലങ്ങളുടെ കമ്പോളവില-ന്യായവില പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ച് വില പരിഷ്കരിക്കുന്നതിനും അർഹമായ നഷ്ടപരിഹാരം നിർണ്ണയിച്ച് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും

പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ടിന്റെ വകുപ്പ് 26(1) (b) പ്രകാരമാണ് ഭൂമിയുടെ അടിസ്ഥാനവില നിർണ്ണയം നടത്തിയിട്ടുള്ളത്. ഇതിനായി ഭൂമിയുടെ തരം, ലഭ്യമായ ഗതാഗത സൗകര്യം എന്നിവ കണക്കിലെടുത്ത് ഭൂമി ഏറ്റെടുക്കുന്ന പ്രദേശത്തോ സമീപ പ്രദേശങ്ങളിലോ പ്രാഥമിക വിജ്ഞാപന തീയതിക്ക് പിന്നിലേക്കുള്ള 3 വർഷക്കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സമാനമായ ഭൂമികളുടെ വിലയാധാരങ്ങളെയാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്. തുടർന്ന്, ഇത്തരത്തിൽ ലഭ്യമായ വിലയാധാരങ്ങളുടെ എണ്ണത്തിന്റെ നേർ പകുതി ആധാരങ്ങളുടെ (ഏറ്റവും ഉയർന്ന വിലയുള്ള) ശരാശരി വില്പന വിലയെ ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാനവിലയായി നിർണ്ണയിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

1956-ലെ ദേശീയപാത നിയമപ്രകാരം, കോംപീറ്റന്റ് അതോറിറ്റി ഒരിക്കൽ നിർണ്ണയിച്ച ഭൂമിയുടെ അടിസ്ഥാനവില അതേ അതോറിറ്റിക്ക് തിരുത്തുകയോ പുനഃപരിശോധിക്കുകയോ ചെയ്യാവുന്നതല്ല. കോംപീറ്റന്റ് അതോറിറ്റി നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരത്തെ സംബന്ധിച്ച് ഭൂവുടമകൾക്ക് എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം, 1956-ലെ ദേശീയപാത നിയമത്തിലെ

വകുപ്പ് 3 ജി(5) പ്രകാരം ആർബിട്രേറ്ററെ (നിലവിൽ അതത് ജില്ലാ കളക്ടർ) സമീപിക്കാവുന്നതാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ സർക്കാർ സ്ഥാപനങ്ങൾക്ക് റവന്യൂ ഭൂമി ലഭ്യമാക്കാൻ നടപടി**

373 (1597) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പുവഴി ഭൂമിക്കായി ഏതൊക്കെ സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ അപേക്ഷയിന്മേലും നിലവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും ഭൂമി കൈമാറ്റത്തിനായി ഇനി എന്തൊക്കെ നടപടികളാണ് ബാക്കിയുള്ളതെന്നും വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നികുതി അടയ്ക്കാൻ കഴിയാത്തത് പരിഹരിക്കാൻ നടപടി

374 (1598) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി വില്ലേജിൽ കാരാട്ടുപറമ്പിലെ പ്രദേശവാസികൾക്ക് മിച്ചഭൂമി പ്രശ്നം കാരണം 2006 മുതൽ നികുതി അടയ്ക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര പേർ ഈ പ്രയാസം നേരിടുന്നുണ്ടെന്നും എന്തുകൊണ്ടാണ് ഈ ബുദ്ധിമുട്ട് നിലനിൽക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) വകുപ്പുമന്ത്രി വിളിച്ചുചേർത്ത റവന്യൂ അസംബ്ലിയിൽ നിയോജകമണ്ഡലം എം.എൽ.എ. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനുശേഷം പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിൽ ഉണ്ടായ പുരോഗതി അറിയിക്കുമോ?

(എ&ബി) മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി വില്ലേജിലെ കാരാട്ടുപറമ്പ് നിവാസികളിൽ നൂറിൽപ്പരം കൈവശക്കാർക്ക് ഭൂനികുതി ഒടുക്കാൻ കഴിയാത്ത വിഷയം റവന്യൂ വകുപ്പ് മന്ത്രി വിളിച്ചുചേർത്ത റവന്യൂ

അസംബ്ലിയിൽ ഉന്നയിക്കുകയും പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് നിർദേശം നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 60-ൽപ്പരം കൈവശകക്ഷികളുടെ കൈവശരേഖകൾ പരിശോധിച്ച് ഭൂനികുതി സ്വീകരിച്ചിട്ടുണ്ട്. ബാക്കി കൈവശകക്ഷികളുടെ രേഖകൾ പരിശോധിച്ച് നികുതി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട കേസുകൾ**

375 (1599) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളുടെ റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട എത്ര കേസുകൾ നിലവിലുണ്ട്; പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട തുക ജില്ല തിരിച്ചും വിവിധ വകുപ്പുകൾ തിരിച്ചും ലഭ്യമാക്കാമോ?

സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളുടെ റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട് 41337 കേസുകൾ നിലവിലുണ്ട്. സർക്കാർ വകുപ്പുകളുടെ റവന്യൂ

റിക്കവറിയുമായി ബന്ധപ്പെട്ട കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) ഇതിൽ എത്ര കേസുകളിലായി എത്ര രൂപ വിവിധ കോടതികളിൽ സ്റ്റേ ഉണ്ട്; ജില്ല തിരിച്ചും വകുപ്പ് തിരിച്ചുമുള്ള കണക്ക് വിശദമാക്കാമോ?

ജില്ല തിരിച്ചും വകുപ്പ് തിരിച്ചുമുള്ള കണക്ക് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) കുടിശ്ശികക്കാരുടെ സ്വത്ത് വിവരങ്ങൾ സംസ്ഥാന രജിസ്ട്രേഷൻ വകുപ്പിലെ ഡാറ്റയുമായി ഒത്തു നോക്കാറുണ്ടോ; കുടിശ്ശികക്കാരിൽനിന്നും പണം ഈടാക്കാൻ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ?

എല്ലാ കേസുകളിലും കടിശ്ശികക്കാരുടെ സ്വത്ത് വിവരങ്ങൾ സംസ്ഥാന രജിസ്ട്രേഷൻ വകുപ്പുമായി ഒത്തുനോക്കാറില്ല. എന്നാൽ കടിശ്ശികക്കാരുടെ സ്വത്ത് വിവരങ്ങൾ വില്ലേജ് ഓഫീസർ മുഖാന്തരം ലഭ്യമാകാത്ത സാഹചര്യത്തിൽ സംസ്ഥാന രജിസ്ട്രേഷൻ വകുപ്പിലെ ഡാറ്റയുമായി ഒത്തുനോക്കാറുണ്ട്. സ്വത്ത് വിവരങ്ങൾ വില്ലേജ് ഓഫീസർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖാന്തരം ശേഖരിച്ച് ജപ്തി നടപടികൾ സ്വീകരിക്കുകയും ടി വിവരം അതത് രജിസ്ട്രേഷൻ വകുപ്പ് കാര്യാലയത്തിൽ അറിയിക്കുകയും ചെയ്തുവരുന്നു. കടിശ്ശികക്കാരിൽനിന്നും പണം ഈടാക്കുന്നതിനായി Kerala Revenue Recovery Act & Rules 1968-ലെ 7, 34 എന്നീ വകുപ്പുകൾ പ്രകാരം കുടിശ്ശിക കക്ഷിക്ക് ഡിമാന്റ് നോട്ടീസുകൾ നൽകുകയും കക്ഷി നിശ്ചിത തീയതിക്കുള്ളിൽ കടിശ്ശിക തുക ഒടുക്കുവരുത്താത്ത സാഹചര്യത്തിൽ ടി കുടിശ്ശിക തുക ഈടാക്കാൻ ആവശ്യമായ സ്ഥാവര ജംഗമ വസ്തുക്കൾ നിയമാനുസൃതം ജപ്തി ചെയ്ത് ആയത് ലേലം ചെയ്ത് കുടിശ്ശിക ഈടാക്കുന്നതും കൂടാതെ Sec 65 പ്രകാരം അറസ്റ്റ് വാറണ്ട് മുതലായ നടപടികളും സ്വീകരിച്ചുവരുന്നു.

**കോലഴി പഞ്ചായത്തിലെ കറ്റൂർ വില്ലേജിൽ ഭൂമി പതിച്ചുനൽകുന്നതിന് നടപടി**

376 (1600) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലഴി പഞ്ചായത്തിൽ കുറ്റൂർ വില്ലേജിലെ പന്ത്രണ്ട് പേർക്ക് പതിച്ചുനൽകുന്നതിനായി 28-05-2018-ലെ സ.ഉ. (എം.എസ്) നമ്പർ 204/18/ആർ.ഇ.വി. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തം ചെയ്ത ഭൂമി അർഹതപ്പെട്ടവർക്ക് പതിച്ചുകൊടുത്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി അർഹതപ്പെട്ടവർക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തൃശ്ശൂർ താലൂക്കിലെ കുറ്റൂർ വില്ലേജിലെ കോലഴി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ കന്നുകാലി മേച്ചിൽ പുറമ്പോക്ക് ഭൂമിക്ക് കുറ്റൂർ വില്ലേജിൽപ്പെട്ട 12 പേർ പതിവിന് അർഹരാണെന്നും മറ്റ് ഭൂമികൾ ഇല്ലാത്തവരാണെന്നും പ്രസ്തുത 0.3430 ഹെക്ടർ ഭൂമി മേച്ചിൽ പുറമ്പോക്ക് വിഭാഗത്തിലാണ് ബി.ടി.ആർ.-ൽ പതിഞ്ഞിട്ടുള്ളതെന്നും ആയതിന്റെ റീസർവെ നമ്പറുകൾ 828/6, 7, 836/2, 3, 5, 7, 8, 9, 836/10 (P), 837/2, 5, 860/1 ആണെന്നും പ്രസ്തുത ഭൂമി കേരള പഞ്ചായത്ത് രാജ് ആക്ട് 1964-ന്റെ

279(2) വകുപ്പ് പ്രകാരം ടി ആക്റ്റിന്റെ പരിധിയിൽനിന്നും ഒഴിവാക്കി റവന്യൂ വകുപ്പിലേക്ക് നിക്ഷിപ്തമാക്കി 28-05-2018 തീയതിയിൽ G.O.(Ms) No.204/2018/RD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടവിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെട്ടുവിക്കാവുന്നതാണ് എന്ന വിവരം 31-01-2024-ൽ തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുള്ളത്. വിജ്ഞാപനം പുറപ്പെട്ടുവിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിന് നടപടികൾ ആരംഭിക്കും.

**കോഴിക്കോട് താലൂക്ക് പരിധിയിലെ അംഗീകൃത സർവെയർമാരുടെ ഒഴിവുകൾ**

377 (1601) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് പരിധിയിൽ അംഗീകൃത സർവെയർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നതെന്നും ഇവയിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും വ്യക്തമാക്കാമോ?

കോഴിക്കോട് താലൂക്ക് പരിധിയിൽ 4 സർവെയർ തസ്തികകളാണ് നിലവിലുള്ളത്. ആയതിൽ 1 തസ്തിക ഒഴിവുണ്ട്. ടി ഒഴിവ് 31-05-2024-ലെ റിട്ടയർമെന്റ് ഒഴിവാണ്.

(ബി) തർക്കമുള്ള അതിരുകൾ അടയാളപ്പെടുത്തി നൽകുന്നതിലുള്ള കാലതാമസംമൂലം ഭരണാനുമതിയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് പ്രതിസന്ധി സൃഷ്ടിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

അത്തരം പരാതികൾ വരികയാണെങ്കിൽ ഉചിതമായ നടപടി സ്വീകരിച്ച് പ്രതിസന്ധികൾ മാറ്റാൻ ശ്രമിക്കുന്നതാണ്.

**സർവെ നടത്തി അതിരുകൾ തിട്ടപ്പെടുത്തുന്നതിന് നടപടി**

378 (1602) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഭൂമിയുടെ സർവെ നടത്തി അതിരുകൾ തിട്ടപ്പെടുത്തുന്നതിനായി എൽ.ആർ. തഹസിൽദാർമാർക്ക് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകൾക്ക് മുൻഗണന നൽകി തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഭൂമിയുടെ സർവെ നടത്തി അതിരുകൾ തിട്ടപ്പെടുത്തുന്നതിനായി എൽ.ആർ. തഹസിൽദാർമാർക്ക് സമർപ്പിക്കുന്ന അപേക്ഷകൾക്ക് മുൻഗണന നൽകി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൂച്ചാക്കൽ പോലീസ് സ്റ്റേഷന് സമീപത്തുള്ള പുറമ്പോക്ക് ഭൂമി**

379 (1603) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പാണാവള്ളി വില്ലേജിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷന് സമീപത്തുള്ള പുറമ്പോക്ക് ഭൂമി എത്രയാണെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിൽ അരൂർ മണ്ഡലത്തിൽ പാണാവള്ളി വില്ലേജിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷന് സമീപത്ത് സർവെ 61/1-ൽ 06.13 ആർസ് പുറമ്പോക്ക് ഭൂമിയുണ്ട്.

(ബി) പ്രസ്തുത ഭൂമി എത്ര പേർക്ക് പതിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പതിച്ചുനൽകാത്തതും സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്നതുമായ ഭൂമിയുടെ അളവ് വ്യക്തമാക്കുമോ?

വില്ലേജ് രേഖകൾ പ്രകാരം 2 പേർക്ക് പതിച്ചുനൽകിയ ഭൂമി കഴിച്ച് പാണാവള്ളി വില്ലേജിൽ സർവെ നം. 61/1-ൽ 06.13 ആർസ് പുറമ്പോക്ക് ഭൂമിയുണ്ട്. അതിൽ 0.94 ആർസ് വസ്തു ശ്രീമതി ബി. വിജയകുമാരി എന്നിവരും, 01.29 ആർസ് വസ്തു ശ്രീ. റ്റി. ഡി. പ്രകാശൻ എന്നിവരും അനധികൃതമായി കൈയേറി കെട്ടിടം നിർമ്മിക്കുകയും കൈവശം വയ്ക്കുകയും

ചെയ്തിട്ടുള്ളതാണ്. ബാക്കി സ്ഥലം ചമയങ്ങളൊന്നുമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയാണ്. ടി ഒഴിഞ്ഞുകിടക്കുന്ന സർവെ 61/1-ൽപ്പെട്ട 2.13 ആർസ് സ്ഥലം പൂച്ചാക്കൽ സബ് ട്രഷറി നിർമ്മാണത്തിനുവേണ്ടി ചേർത്തല താലൂക്ക് സർവെയർ മുഖാന്തരം അളന്നുതിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതും ടി സ്ഥലത്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

(സി) പ്രസ്തുത ഭൂമി അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പാണാവള്ളി വില്ലേജിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷനുസമീപം സർവ്വേ 61/1-ൽപ്പെട്ട പുറമ്പോക്ക് (വഴി) എന്നുകാണുന്ന വസ്തുവിൽ ശ്രീമതി വിജയകുമാരി, ശ്രീ. റ്റി. ഡി. പ്രകാശൻ എന്നീ കക്ഷികൾ അനധികൃതമായി ഭൂമി കൈയേറി കെട്ടിടം നിർമ്മിക്കുകയും കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ശ്രീമതി വിജയകുമാരി WP(C) 19722/23 നമ്പരായും, ശ്രീ. റ്റി. ഡി. പ്രകാശൻ WP(C) 28280/23 നമ്പരായും ബഹുമാനപ്പെട്ട

ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ 24-08-2023-ൽ വിധിയായിട്ടുള്ളതാണ്. ടി വിധി പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെടുന്നതിനനുസരിച്ച് സർവെ നടത്തുന്നതിന് സർവെയർമാരെ നിയോഗിക്കുന്നതിന് തഹസിൽദാർക്ക് നിർദേശം നൽകിയിട്ടുള്ളതും സർവെ നടത്തി കൈയേറ്റമുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം കക്ഷികളെ കേട്ട് നിയമാനുസൃത തുടർനടപടി സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD-ക്ക് നിർദേശം നൽകിയിട്ടുള്ളതുമാണ്.

**ഡിജിറ്റൽ സർവെയുടെ പുരോഗതി**

380 (1604) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഡിജിറ്റൽ സർവെ പുരോഗതി അറിയിക്കാമോ?

ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 167 വില്ലേജുകളുടെ സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 342731 ഹെക്ടർ സർവെ പുരോഗതി ആർജിച്ചിട്ടുണ്ട്. രണ്ടാംഘട്ടം തിരഞ്ഞെടുത്ത വില്ലേജുകളിൽ 8 വില്ലേജുകളുടെ സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള 87 വില്ലേജുകളിലായി 47573 ഹെക്ടർ സർവെ പുരോഗതി ആർജിച്ചിട്ടുണ്ട്.

(ബി) നാളിതുവരെ എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവെ പൂർത്തിയാക്കിയെന്നും മുഴുവൻ വില്ലേജുകളിലും ഫീൽഡ് വർക്ക് പൂർത്തിയാക്കുന്നതിന് എത്ര സമയമെടുക്കുമെന്നും അറിയിക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ല സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ പൂർത്തിയാക്കുന്നതിനുള്ള ബൃഹത്

പദ്ധതിയാണ് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. ഡിജിറ്റൽ സർവെയുടെ ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ 167 വില്ലേജുകളും, രണ്ടാം ഘട്ടത്തിൽനിന്ന് 8 വില്ലേജുകളും ചേർത്ത് ആകെ 175 വില്ലേജുകളിൽ ഫീൽഡ് സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചിട്ടുണ്ട്. 200 വില്ലേജുകളിലെ 9(2) ഈ മാസം പ്രസിദ്ധീകരിക്കും. എന്റെ ഭൂമി എന്ന പേരിലുള്ള ഇന്റഗ്രേറ്റഡ് പോർട്ടലും ഈ വില്ലേജുകളിൽ ഉടൻ ആരംഭിക്കാനാകും.

(സി) തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ വില്ലേജുകളിലാണ് ഡിജിറ്റൽ സർവെ പൂർത്തിയായതെന്നും ഏതൊക്കെ വില്ലേജുകളിലാണ് ആരംഭിച്ചിട്ടുള്ളതെന്നും താലൂക്ക് തിരിച്ച് അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിൽ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 23 വില്ലേജുകളിൽ 19 വില്ലേജിന്റെ ഡിജിറ്റൽ സർവെ ഫീൽഡ് ജോലികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചട്ടുണ്ട്. 4 വില്ലേജുകളുടെ ഫീൽഡ് ജോലി അന്തിമഘട്ടത്തിലാണ്. രണ്ടാം ഘട്ടത്തിലെ 5 വില്ലേജുകളുടെ ഫീൽഡ്

ജോലി ആരംഭിച്ചിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.+

**ഡിജിറ്റൽ സർവെയിലൂടെ തയ്യാറാക്കുന്ന വിവരങ്ങൾ**

381 (1605) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവെയിലൂടെ തയ്യാറാക്കുന്ന വിവരങ്ങൾ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താനാകുമെന്ന് അറിയിക്കാമോ?

ഡിജിറ്റൽ സർവെയിൽ WGS 84 (World Geodetic System 1984) എന്ന co-ordinate system-ത്തിലാണ് മാപ്പുകൾ തയ്യാറാക്കുന്നത്. പ്രസ്തുത മാപ്പുകളെ Base Map-ആയി ഉപയോഗിച്ച് മറ്റ് സർക്കാർ വകുപ്പുകൾക്ക് അവരുടേതായ ഡാറ്റകളും വിവരങ്ങളും ഉൾപ്പെടുത്താൻ കഴിയുന്നതാണ്.

(ബി) ഡിജിറ്റൽ സർവെയുടെ ഭാഗമായി ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ സംബന്ധിച്ച് പ്രത്യേക രേഖപ്പെടുത്തലുകൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിജിറ്റൽ സർവെയുടെ ഭാഗമായി തയ്യാറാക്കുന്ന Base Map-കളിൽ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ദുരന്ത നിവാരണ വകുപ്പിന് നടത്താൻ കഴിയുന്നതാണ്. ഡിജിറ്റൽ ലാൻഡ് സർവെയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള CORS സ്റ്റേഷനുകൾ സംസ്ഥാനത്ത് മുഴുവൻ നദീതീരങ്ങളിലും പ്രളയ സാധ്യത പ്രദേശങ്ങളിലും ഫ്ളഡ് ലെവൽ മാർക്കിങ്ങ് സർവെയും ഫ്ളഡ് ലെവൽ മാർക്കറുകളുടെ സ്ഥാപനവും കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എളുപ്പമാകും. നിലവിൽ സ്ഥാപിച്ചിട്ടുള്ള 121 ഫ്ളഡ് ലെവൽ മാർക്കറുകളിൽ ഭാവിയിൽ ഉണ്ടാകുന്ന പ്രളയത്തിന്റെ ഉയരം കൂടി കാലാകാലങ്ങളിൽ ശേഖരിച്ച് രേഖപ്പെടുത്താവുന്നതും അവയെ ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കി ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

**ഗുരുവായൂർ മണ്ഡലത്തിലെ സർവെ നടപടികൾ**

382 (1606) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭൂമിയുടെ സർവെ നടത്തുന്നതിനായി റവന്യൂ, സർവെ വകുപ്പുകൾക്ക് നൽകിയ അപേക്ഷകളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

**റവന്യൂ വകുപ്പ്**

ഗുരുവായൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റുവകുപ്പുകളും ഭൂമിയുടെ സർവെ നടത്താൻ സമർപ്പിച്ച അപേക്ഷകളിൽ, കേരള സർവെ അതിരടയാള നിയമം 1961 പ്രകാരം നോട്ടീസ് നൽകേണ്ടതില്ലാത്ത വിഷയമാണെങ്കിൽ സർക്കാർ അംഗീകൃത ലൈസൻസുള്ള സർവെയർമാരുടെ സേവനം ഉപയോഗപ്പെടുത്തി സർവെ പ്രവൃത്തികൾ നിർവ്വഹിക്കാവുന്നതാണെന്നും കേരള സർവെ അതിരടയാള നിയമം 1961 പ്രകാരം നോട്ടീസ് നൽകേണ്ട വിഷയമാണെങ്കിൽ ഫോറം നമ്പർ 10-ൽ അപേക്ഷ നൽകാവുന്നതാണെന്നും സൂചിപ്പിച്ച് മറുപടി നൽകിയിട്ടുള്ളതാണ്.

ഭൂമിയുടെ സർവെ നടത്തുന്നതിന് ലഭിച്ച 6 അപേക്ഷകളിൽ, 2

അപേക്ഷകളിൽ സ്ഥലം അളന്ന് സർവെയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും 4 അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി സർവെയർക്ക് നിർദേശം നൽകിയിട്ടുള്ളതുമാണ്.

**സർവെ വകുപ്പ്**

തൃശ്ശൂർ ജില്ലാ കളക്ടറുടെ കീഴിൽ വരുന്ന സ്പെഷ്യൽ സർവെ ജോലിയായ ചാവക്കാട് മൈനർ ഇറിഗേഷൻ സെക്ഷൻ പരിധിയിലെ എളവള്ളി പഞ്ചായത്തിലെ കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ ഇരുകരകളിലായി 22 കി.മീ. പുനർനിർണ്ണയം ചെയ്യുന്നതിന് ഗുരുവായൂർ നഗരസഭയിലെ വലിയ തോടിന്റെ കുറുക്കന്തറ പാലം മുതൽ ഇടപ്പുള്ളി പാലം വരെയുള്ള സ്ഥലം സർവെ നടത്തുന്നതിന് ഗുരുവായൂർ നഗരസഭയുടെ കത്ത് ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ ഇരുകരകളും പുനർനിർണ്ണയം ചെയ്യുന്നതിന് സർവെയർമാരെ നിയമിച്ചിട്ടുള്ളതും 5 കി.മീ ദൂരം സർവെ ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് 2022 നവംബർ മാസത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ ഡിജിറ്റൽ സർവെ പദ്ധതിയുടെ ഒന്നാം ഘട്ടം ആരംഭിച്ചതിനാൽ പ്രസ്തുത സർവെ

ജോലികൾക്കായി സർവെയർമാരെ നിയോഗിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്.

മേൽ സാഹചര്യത്തിൽ കേരള സർവെ അതിരടയാള നിയമം 1961 പ്രകാരം നോട്ടീസ് നൽകേണ്ടതില്ലാത്ത എല്ലാ സർവെ പ്രവൃത്തികളിലും മറ്റ് വകുപ്പുകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും പ്രസ്തുത വിഷയത്തിൽ സാങ്കേതിക യോഗ്യതയുള്ള ജീവനക്കാരുടെയും സർക്കാർ അംഗീകൃത ലൈസൻസ്ഡ് സർവെയർമാരുടെയും സേവനം ഉപയോഗപ്പെടുത്തി സർവെ പ്രവൃത്തികൾ നിർവ്വഹിക്കാൻ എല്ലാ വകുപ്പുകളിലെയും ജില്ലാതല ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ജില്ലാകളക്ടറുടെ 06-12-2022-ലെ സർക്കുലർ പ്രകാരം തുടർ നടപടി സ്വീകരിക്കാൻ ഗുരുവായൂർ നഗരസഭ സെക്രട്ടറിക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) ഗുരുവായൂർ മണ്ഡലത്തിൽ ഏതൊക്കെ സർക്കാർ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സർവെയർമാരെ

ഉപയോഗിച്ച് സ്വന്തമായി സർവെ നടത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിച്ച അപേക്ഷകളിന്മേൽ കേരള സർവെ അതിരടയാള നിയമം 1961 പ്രകാരം നോട്ടീസ് നൽകേണ്ടതില്ലാത്ത വിഷയമാണെങ്കിൽ സർക്കാർ അംഗീകൃത ലൈസൻസുള്ള സർവെയർമാരുടെ സേവനം ഉപയോഗപ്പെടുത്തി സർവെ പ്രവൃത്തികൾ നിർവഹിക്കാവുന്നതാണെന്ന് നിർദേശം നൽകിയിട്ടുള്ളതാണ്. 06-12-2022 തീയതിയിലെ DCTSR/8314/2021-B1 നമ്പർ സർക്കുലർ പ്രകാരം നടപടി സ്വീകരിക്കാൻ ഗുരുവായൂർ നഗരസഭ സെക്രട്ടറിക്കും തൃശ്ശൂർ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നിർദേശം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ സ്വകാര്യ സർവെയർമാരെ ഉപയോഗിച്ച് വകുപ്പുകൾ നടത്തിയ സർവെകൾക്ക് റവന്യൂ,

സർവെ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ അഞ്ഞൂർ-അവണൂർ റോഡിന്റെ സർവെക്കായി ലൈസൻസ്ഡ് സർവെയറെ നിയോഗിച്ച് സർവെ പൂർത്തീകരിച്ചിട്ടുള്ളതും ആയത് സർവെ വകുപ്പ് പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളതുമാണ്.

**ഡിജിറ്റൽ സർവെയുടെ പുരോഗതി**

383 (1607) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവെയുടെ പുരോഗതി അറിയിക്കാമോ?

ഡിജിറ്റൽ സർവെയുടെ ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ 167 വില്ലേജുകളും രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ ഉൾപ്പെട്ട 8 വില്ലേജുകളും ചേർത്ത് ആകെ 175 വില്ലേജുകളിൽ ഫീൽഡ് സർവെ പൂർത്തിയാക്കി 9(2) പ്രകാരമുള്ള

നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. ഈ മാസംതന്നെ ഒന്നാം ഘട്ടത്തിൽ ബാക്കിയുള്ള എല്ലാ വില്ലേജുകളുടെയും 9(2) പ്രസിദ്ധീകരിക്കും. ഇതിനോടൊപ്പം രണ്ടാം ഘട്ടത്തിലെ 200 വില്ലേജുകളുടെയും സർവെ വലിയ തോതിൽ പുരോഗമിക്കുന്നു. ഇതിനകം രണ്ട് ഘട്ടങ്ങളിലുമായി നാല് ലക്ഷം ഹെക്ടർ ഭൂമി സർവെ ചെയ്തുകഴിഞ്ഞു.

(ബി) എത്ര ജീവനക്കാരെയാണ് ഡിജിറ്റൽ സർവെയ്ക്കായി നിയോഗിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഡിജിറ്റൽ സർവെയ്ക്കായി സർവെയും ഭൂരേഖയും വകുപ്പിലെ 1593 ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1317 കരാർ സർവെയർമാരെയും 1953 കരാർ ഹെൽപ്പർമാരെയും നിയോഗിച്ചിട്ടുണ്ട്.

(സി) ഡിജിറ്റൽ സർവെ പരാതികൾ എവിടെയാണ് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ഡിജിറ്റൽ സർവെ പരാതികൾ "എന്റെ ഭൂമി" (https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ,

ബന്ധപ്പെട്ട വില്ലേജുകളിലെ ഡിജിറ്റൽ സർവെ ക്യാമ്പ് ഓഫീസുകളിലോ, ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, റീസർവെ സൂപ്രണ്ടുമാർ എന്നിവർക്കോ സമർപ്പിക്കാവുന്നതാണ്.

(ഡി) കൂടുതൽ വില്ലേജുകളിൽ ഡിജിറ്റൽ സർവെ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവെ ചെയ്തിട്ടുള്ള 116 വില്ലേജുകൾ ഒഴികെ 1550 വില്ലേജുകളുടെയും ഡിജിറ്റൽ സർവെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദ്യ രണ്ട് ഘട്ടത്തിലെ 400 വില്ലേജുകളിലാണ് സർവെ ആരംഭിച്ചത്. പ്രസ്തുത പ്രവൃത്തി വലിയ തോതിൽ പുരോഗമിച്ചുവരുന്നു. മൂന്നാം ഘട്ടത്തിലെ 200 വില്ലേജുകളിൽ സർവെ നടപടികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

**റീസർവെ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ നടപടി**

384 (1608) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീസർവെ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഡിജിറ്റൽ സർവെ നടപ്പിലാക്കിയ ആദ്യ 15 വില്ലേജുകളിൽ സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചപ്പോൾ 170305 ലാൻഡ് പാർസലുകളിലായി ആകെ 20,893 എണ്ണം (12.27%) ALC (Appeal and Land Complaints) പരാതികൾ ലഭിച്ചിരുന്നു. എന്നാൽ അവ സമയബന്ധിതമായി പരിഹരിക്കുകയും തുടർന്ന് ഇത്തരം പരാതികൾ ഗണ്യമായി കുറയ്ക്കാൻ ഉതകുംവിധമുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുകയും ചെയ്തിരുന്നു. പ്രധാനമായും വാർഡ് അടിസ്ഥാനത്തിൽ പ്രീ 9(2) ക്യാമ്പുകൾ നടപ്പിലാക്കിയതിനാൽ പരാതികൾ ഉള്ളവ അടിയന്തരമായിത്തന്നെ പരിഹരിക്കാൻ കഴിഞ്ഞിരുന്നു. കൂടാതെ വാർഡ്

തലത്തിൽ ലോക്കൽ വോളന്റിയർമാരെ ഉൾപ്പെടുത്തി 'സർവെ ജാഗ്രത സമിതികൾ' രൂപീകരിച്ച് സർവെ പരാതികൾ പരിഹരിക്കാൻ വേണ്ട നടപടികൾ ഏറ്റവും കാര്യക്ഷമമായി വകുപ്പ് കൈക്കൊണ്ടു. അതിലുപരിയായി സർവെ നടത്തുന്ന അവസരത്തിൽത്തന്നെ ഭൂ ഉടമയെ സർവെ ചെയ്ത റെക്കോർഡുകൾ കാണിച്ച് ബോധ്യപ്പെടുത്തിയാണ് ഡിജിറ്റൽ സർവെ നടപടികൾ മുന്നോട്ടുപോകുന്നത്. ഇത്തരം നടപടികൾ സ്വീകരിച്ചതിനുശേഷം 9(2) പ്രസിദ്ധീകരിച്ച 167 വില്ലേജുകളിൽ 4,558 ALC പരാതികൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത് (0.2% മാത്രം). ആയതുകൂടി പരിഹരിച്ചതിനുശേഷമാണ് അന്തിമമായി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുക. ഇത്തരത്തിൽ ഡിജിറ്റൽ സർവെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഡിജിറ്റൽ സർവെയ്ക്ക് മുൻപുള്ള റീസർവെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി റീസർവെ ഹെഡിൽനിന്നും

എൽ.ആർ.എം ജോലികൾ നിർവ്വഹിക്കുന്നതിനായി സർവെയർമാരെ പരാതികളുടെ എണ്ണത്തിനനുസരിച്ച് താലൂക്കുകളിൽ നിയോഗിച്ചിട്ടുള്ളതും പ്രസ്തുത സർവെയർമാരുടെ സർവെ ജോലികൾ വിശകലനം ചെയ്ത് കൃത്യമായ പുരോഗതി ഉറപ്പുവരുത്തുന്നതിനായി ഹെഡ് സർവെയർമാർക്ക് നിർദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ എൽ.ആർ.എം ജോലികൾ എല്ലാ ആഴ്ചകളിലും സർവെ ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം ചെയ്യുന്നുമുണ്ട്.

**മഞ്ചേരി വില്ലേജിലെ റീസർവെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി**

385 (1609) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി വില്ലേജിൽ റീസർവെയ്ക്ക് ശേഷമുള്ള അപാകതകൾ പരിഹരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മഞ്ചേരി വില്ലേജിൽ റീസർവെ അപാകതകൾ പരിഹരിക്കുന്നതിനുള്ള 60 അപേക്ഷകൾ മാത്രമാണ് നിലവിൽ ബാക്കിയുള്ളത്. ടി അപേക്ഷകൾ

നിലവിൽ ലഭ്യമായ സർവെയർമാരുടെ സേവനം വിനിയോഗിച്ചുകൊണ്ട് അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനം**

386 (1610) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് റവന്യൂ ടവറിന്റെ ദൈനംദിന പരിപാലനം, ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 18-07-2022-ന് ചേർന്ന യോഗത്തിന്റെ തീരുമാനങ്ങളിലെ എതെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ?

ടി യോഗ തീരുമാന പ്രകാരം റവന്യൂ ടവറിന്റെ ദൈനംദിന പരിപാലനത്തിനായി കാർത്തികപ്പള്ളി തഹസിൽദാരെ എസ്റ്റേറ്റ് ഓഫീസറാക്കി നിയമിച്ച് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് - കായംകുളം, പി.ഡബ്ല്യൂ.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്ത് വിഭാഗം) - ആലപ്പുഴ, പി.ഡബ്ല്യൂ.ഡി. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ

വിഭാഗം) - ആലപ്പുഴ, അസി. എക്സി. എഞ്ചിനീയർ വാട്ടർ അതോറിറ്റി, ഫയർ സ്റ്റേഷൻ ഓഫീസർ-ഹരിപ്പാട് എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ ആദ്യ യോഗം 10-02-2023-ന് ചേരുകയും ചെയ്തു. റവന്യൂ ടവറിൽ ലിഫ്റ്റ്, കുടിവെള്ളം, വൈദ്യുതി, സെക്യൂരിറ്റി, ക്ലീനിംഗ് എന്നിവയ്ക്കുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാൽ അത് സ്വരൂപിക്കുന്നതിനുള്ള നടപടികൾ ചർച്ച ചെയ്യുകയും മാസചെലവുകൾ ക്രോഡീകരിച്ച് ആവശ്യമുള്ള തുകയ്ക്കുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കമ്മിറ്റി തീരുമാനമെടുത്തിട്ടുമുണ്ട്. ടി റവന്യൂ ടവറിലെ ജീവനക്കാർ ചേർന്ന് രൂപീകരിച്ച HEART എന്ന കൂട്ടായ്മ മാസശമ്പളത്തിൽനിന്നും ഒരു വിഹിതം പൊതു അക്കൗണ്ടിലേക്ക് മാറ്റി അതിൽനിന്നും 16000/- രൂപ പ്രതിമാസ ശമ്പളം നൽകി ഒരു സെക്യൂരിറ്റിയെ നിയമിച്ചിട്ടുണ്ട്.

റവന്യൂ ടവറിലെ ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതും റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിലെ സ്വീപ്പർമാരെക്കൊണ്ട് അതത് നിലകൾ വൃത്തിയാക്കുകയും കോമൺ ഏരിയ ക്ലീൻ ചെയ്തുവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത യോഗത്തിന്റെ തീരുമാനപ്രകാരം ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനത്തിനായി കാർത്തികപ്പള്ളി തഹൽസിദാറിനെ എസ്റ്റേറ്റ് ഓഫീസറാക്കി നിയമിച്ച് പി.ഡബ്ല്യൂ.ഡി. നിരത്ത്/ഇലക്ട്രിക്കൽ വിഭാഗം, പോലീസ്, അഗ്നിശമന സേന, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

18-07-2022-ലെ യോഗ തീരുമാന പ്രകാരം റവന്യൂ ടവറിന്റെ പ്രവർത്തനത്തിനായി കാർത്തികപ്പള്ളി തഹസിൽദാറെ എസ്റ്റേറ്റ് ആഫീസറായി നിയമിച്ച് വിവിധ വകുപ്പ് ഉദ്യോഗസ്ഥരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ആദ്യ യോഗം 10-02-2023-ന് ചേരുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മേൽപ്പറഞ്ഞ യോഗത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് റവന്യൂ ടവറിന്റെ ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഹരിപ്പാട് റവന്യൂ ടവർ സ്ഥിതി ചെയ്യുന്ന ഭൂമി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് പട്ടയം നൽകിയിട്ടുള്ളതും നിലവിൽ ബോർഡിന്റെ കൈവശാവകാശത്തിലുമാണ്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നിർമ്മാണം പൂർത്തിയാക്കുന്നതിനായി ചെലവായ തുകയുടെ ഫൈനൽ റീഇമ്പേഴ്സ്മെന്റ് ക്ലെയിം ആയി 2,60,63,016/- രൂപ ബോർഡിന് അനുവദിച്ച് റവന്യൂ ടവർ കെട്ടിടം സർക്കാർ ഏറ്റെടുക്കണമെന്ന ബോർഡ് സെക്രട്ടറിയുടെ അപേക്ഷ സർക്കാർ പരിഗണനയിലാണ്.

(ഡി) ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തന പോരായ്മകൾ പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഹരിപ്പാട് റവന്യൂ ടവറിന്റെ പരിപാലന ചെലവിലേക്കായി പ്രത്യേക ഫണ്ട് ലഭ്യമല്ലാത്തതിനാൽ ജീവനക്കാരുടെ കൂട്ടായ്മ ഫണ്ട് സമാഹരിച്ച് ലിഫ്റ്റ് മെയിന്റനൻസ്, ഇലക്ട്രിക്കൽ പ്ലംബിംഗ് വർക്കുകൾ, സെക്യൂരിറ്റി

നിയമനം, സേഫ്റ്റി ടാങ്ക് ക്ലീനിംഗ് തുടങ്ങിയവ നടത്തിവരുന്നു. ടി സമുച്ചയവും സ്ഥലവും റവന്യൂ വകുപ്പിന് കൈമാറി പ്രത്യേക പരിപാലന ഫണ്ട് അനുവദിച്ചും മാലിന്യം സംസ്കരിക്കാൻ ഇൻസിനറേറ്റർ, എയറോബിക് യൂണിറ്റ് തുടങ്ങിയവ സ്ഥാപിച്ചും പാർക്കിംഗ്/സുരക്ഷാ ക്രമീകരണങ്ങൾക്കായി സെക്യൂരിറ്റി സ്റ്റാഫിനെ നിയോഗിച്ചും ലിഫ്റ്റ് പരിപാലനത്തിനായി എ.എം.സി. പുതുക്കിയും ഏഴ് നിലകളിലായി ഇരുപതിൽപ്പരം ഓഫീസുകൾ പ്രവർത്തിക്കുന്ന റവന്യൂ ടവറിന്റെ പ്രവർത്തനം സുഗമമാക്കാവുന്നതാണ്.

**ഗൃഹശ്രീ ഭവന പദ്ധതി**

387 (1611) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ ഭവന പദ്ധതി വഴി 2022-2023 വർഷത്തിൽ സംസ്ഥാനത്ത് എത്ര ഭവനങ്ങൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഗൃഹശ്രീ ഭവന പദ്ധതി വഴി 2022-2023 വർഷത്തിൽ നിർമ്മിച്ച് നൽകിയ ഭവനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) മെഡിക്കൽ കോളേജുകളിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും താമസസൗകര്യമൊരുക്കുന്ന ആശ്വാസ് വാടക ഭവന പദ്ധതി പ്രകാരം ഈ സർക്കാർ വന്നശേഷം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ആശ്വാസ് വാടക വീട് പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ആശ്വാസ് വാടക വീട് പദ്ധതി, തൃശ്ശൂർ മെഡിക്കൽ കോളേജ്</u>

2 നിലകളിലായി 75 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് 06-01-2024 തീയതിയിൽ ഉദ്ഘാടനം ചെയ്തു.

<u>ആശ്വാസ് വാടക വീട് പദ്ധതി, ആലപ്പുഴ മെഡിക്കൽ കോളേജ്</u>

3 നിലകളിലായി 106 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 60% നിർമ്മാണം പൂർത്തിയായി.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശ്വാസ് വാടക വീട് പദ്ധതി, കണ്ണൂർ മെഡിക്കൽ കോളേജ്

3 നിലകളിലായി 106 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 75% നിർമ്മാണം പൂർത്തീകരിച്ചു.

ആശ്വാസ് വാടക വീട് പദ്ധതി, കോട്ടയം മെഡിക്കൽ കോളേജ്

3 നിലകളിലായി 106 കിടക്കകളുള്ള കെട്ടിട പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭൂമി ബോർഡിന് താൽക്കാലികമായി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ആശ്വാസ് വാടക വീട് പദ്ധതി, ഇടുക്കി മെഡിക്കൽ കോളേജ്

പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭൂമി ബോർഡിന് താൽക്കാലികമായി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി എവിടെയെല്ലാം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ആലപ്പുഴ, കണ്ണൂർ എന്നിവിടങ്ങളിൽ പദ്ധതി പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**കോന്നി മണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ**

388 (1612) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടി ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കോന്നി മെഡിക്കൽ കോളേജിൽ ചികിത്സതേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി ഹൗസിംഗ് ബോർഡ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന

പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീകാരവും ഭരണാനുമതിയും നൽകിയിരുന്നു. ടി പദ്ധതിയിലൂടെ 3 നിലകളായി 82 പേർക്ക് താമസ സൗകര്യം ലഭ്യമാകുന്ന കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിച്ചത്. എന്നാൽ കോന്നി മെഡിക്കൽ കോളേജിന് സമീപം സ്ഥലം ലഭ്യമല്ലാത്തതിനാൽ ടി പദ്ധതി തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന കാർഷിക കോളേജിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നടപ്പിലാക്കുന്നതിനുള്ള സാധ്യത തേടിയെങ്കിലും ഭൂമി ലഭ്യമായില്ല. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി) കോന്നി മണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ലക്ഷം വീട് കോളനികളിലെ ഇരട്ടവീടുകൾ ഒറ്റ വീടാക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ?

2024-25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ "എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി-നവയുഗം" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് മൂന്ന് കോടി രൂപയും, "എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി-

സുവർണ്ണ ഭവനം" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഏഴ് കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പ്രകാരം ലക്ഷം വീട് കോളനികളിലെ നിലവിൽ ജീർണ്ണാവസ്ഥയിലുള്ള വീടുകൾ പുനർനിർമ്മിക്കുന്നതിനും ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. അതിൻപ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പുവർഷത്തെ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി കോന്നി മണ്ഡലത്തിലെ ലക്ഷം വീട് കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

**ഭവന നിർമ്മാണ പദ്ധതികൾ**

389 (1613) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഭവന നിർമ്മാണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന നിലവിൽ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

**1. ആശ്വാസ് വാടക വീട് പദ്ധതി**

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസ സൗകര്യം ലഭിക്കുന്നതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പിലാക്കുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ ആകെ 75 കിടക്കകളുള്ള 2 നില കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ആകെ 106 കിടക്കകളുള്ള 3 നില കെട്ടിടം, കണ്ണൂർ ജില്ലയിൽ 106 പേർക്ക് താമസസൗകര്യം ലഭ്യമാക്കുന്ന 3 നിലകളുള്ള കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

**2. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് പദ്ധതി:**

സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് കൈമാറുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ഘട്ടം-IV ആയി കാസർഗോഡ്, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലായി ആകെ 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിക്കും ഘട്ടം-V ആയി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിലായി ആകെ 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിക്കും ഭരണാനുമതി നല്കിയിരുന്നു. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**3. ബോർഡിന്റെ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് പദ്ധതി, കോഴിക്കോട്**

കോഴിക്കോട് മെഡിക്കൽ കോളേജിനുസമീപം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 3 നിലകളിലായി 1392.11 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നു. 12 ഫ്ലാറ്റുകൾ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്.

**4. ദുർബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി**

കേരളത്തിലെ സാധാരണ ജനങ്ങളെ പാർപ്പിട മേഖലയിലെ സ്വകാര്യ സംരംഭകരുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനും "എല്ലാവർക്കും സുരക്ഷിത ഭവനം" എന്ന കേരള സർക്കാരിന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുമായി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആവിഷ്ക്കരിക്കുന്ന നൂതന പദ്ധതിയാണിത്. പദ്ധതി പ്രദേശം ഉൾപ്പെടുന്ന പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ദുർബല വിഭാഗത്തിൽപ്പെട്ട സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്ത വ്യക്തികൾക്ക് കുറഞ്ഞ ചെലവിൽ വീട് ലഭ്യമാകുന്ന പദ്ധതിയാണിത്. 2020-21 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മുക്കം (കോഴിക്കോട്), പട്ടുവം (കണ്ണൂർ), തൃക്കൈപ്പെറ്റ (വയനാട്) എന്നീ സ്ഥലങ്ങളിൽ 1290 ലക്ഷം രൂപ ചെലവാക്കി യഥാക്രമം 36 ഫ്ലാറ്റുകൾ, 36 ഫ്ലാറ്റുകൾ, 11 വീടുകൾ എന്നിവ നിർമ്മിച്ച് ഉപഭോക്താക്കൾക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്.

**5. പാരസ്പര്യം ഫ്ലാറ്റ്സ് നിർമ്മാണ പദ്ധതി**

i. പാരസ്പര്യം ഫ്ലാറ്റ്സ് നിർമ്മാണ പദ്ധതി, അമ്പല നഗർ, തിരുവനന്തപുരം-തിരുവനന്തപുരം ജില്ലയിൽ കവടിയാർ വില്ലേജിൽ

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 13 നിലകളിലായി ആകെ 88 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയാണിത്. ടി പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

ii. തൃക്കാക്കര കൊമേഴ്സ്യൽ-കം-റസിഡൻഷ്യൽ പദ്ധതി, എറണാകുളം - എറണാകുളം ജില്ലയിൽ വാഴക്കാല വില്ലേജിൽ ബോർഡ് നടപ്പിലാക്കിയിട്ടുള്ള സാറ്റ്ലൈറ്റ് ടൗൺഷിപ്പ് പദ്ധതി പ്രദേശത്തുള്ള ഭൂമിയിൽ 4 നിലകളുള്ള ഒരു കൊമേഴ്സ്യൽ-കം-റസിഡൻഷ്യൽ കോംപ്ലക്സ് നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. 9.10 കോടി രൂപ ചെലവുവരുന്ന ടി പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരണഘട്ടത്തിലാണ്.

**6. ഗൃഹശ്രീ പദ്ധതി**

സ്വന്തമായി 2 സെന്റ് /3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS) വിഭാഗം/താഴ്ന്ന വരുമാന (LIG) വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ സ്പോൺസറും ഗുണഭോക്താവും ഓരോ ലക്ഷം രൂപ

വീതം ബോർഡിൽ നിക്ഷേപിക്കുമ്പോൾ 83.ച.മീറ്റർ വീട് നിർമ്മാണത്തിനായി 3 ലക്ഷം രൂപ കേരള സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണ് ഗൃഹശ്രീ പദ്ധതി.

**7. ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം**

കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള റവന്യൂ വകുപ്പിൽനിന്നോ പഞ്ചായത്തിൽനിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ വാർഷിക വരുമാനം 3-12 ലക്ഷം രൂപ വരെയുള്ള താഴ്ന്ന/ ഇടത്തരം വരുമാന വിഭാഗത്തിൽപ്പെട്ടവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 100 മുതൽ 160 ച.മീ. വരെ വിസ്തീർണമുള്ള വീട് നിർമ്മിക്കുന്നതിന് ദേശസാൽകൃത/ഷെഡ്യൂൾ ബാങ്ക് (RBI യുടെ നിയന്ത്രണത്തിലുള്ള)/ സർക്കാർ അംഗീകൃത സഹകരണ ബാങ്കിൽനിന്നും ബോർഡ് അംഗീകരിച്ച നിബന്ധനകൾക്ക് വിധേയമായി തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് തവണകളായി വായ്പാത്തുക ലഭിക്കുന്നതിനോടൊപ്പം ബോർഡിൽനിന്നും ആനുപാതികമായി

സബ്സിഡി തുക അനുവദിക്കുന്നതാണ്. സർക്കാർ സബ്സിഡി പരമാവധി 3 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു.

**8. സർക്കാർ / അർധസർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പദ്ധതി**

സർക്കാർ/അർധസർക്കാർ (സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ) സ്ഥപനങ്ങളിലെ കുറഞ്ഞത് 10 വർഷത്തെ സേവനം ബാക്കിയുള്ള ജീവനക്കാർക്കായി സ്വന്തം പേരിലോ ഭാര്യ/ ഭർത്താവ്/പ്രായപൂർത്തിയാകാത്ത മക്കൾ എന്നിവരുടെ പേരിലോ സ്വന്തമായി വാസയോഗ്യമായ ഭവനമില്ലാത്തവരും നഗരപ്രദേശങ്ങളിൽ വാഹന ഗതാഗതയോഗ്യമായ കുറഞ്ഞത് 4 സെന്റ് ഭൂമി ഉള്ളവർക്കും ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 8 സെന്റ് ഭൂമിയെങ്കിലുമുള്ള ജീവനക്കാർക്ക് കെട്ടിടത്തിന്റെ അടങ്കൽ തുകയുടെ 85% കണക്കാക്കി പരമാവധി 40 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണ് സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പദ്ധതി.

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് നിർമ്മിച്ചുനൽകിയ വീടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തിൽ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് വീടുകൾ നിർമ്മിച്ച് പൂർത്തീകരിച്ച് നല്കിയിട്ടില്ല.

**മട്ടന്നൂർ മണ്ഡലത്തിലെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണ പദ്ധതി**

390 (1614) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയുടെ പ്രവൃത്തി പുരോഗതി വ്യക്തമാക്കാമോ?

മട്ടന്നൂർ മണ്ഡലത്തിൽ ബോർഡ് നിർമ്മിക്കാനുദ്ദേശിക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിക്ക് അംഗീകാരവും ഭരണാനുമതിയും നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ശക്തി പദ്ധതിയുടെ

കീഴിലെ 'സഖി നിവാസ്' പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗരേഖയിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി സർക്കാർ ഭൂമിയിൽ നടപ്പിലാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമി ബോർഡിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭൂമി ബോർഡിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിലെ വരുമാനം**

391 (1615) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവിലയിൽ കഴിഞ്ഞ വർഷത്തെ ബജറ്റിലുണ്ടായ വർധനവ് എത്രയാണെന്ന് അറിയിക്കുമോ; ന്യായവില വർധനവിലൂടെ കഴിഞ്ഞ വർഷം സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ എത്ര വരുമാനം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ എത്ര രജിസ്ട്രേഷൻ നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഭൂമിയുടെ ന്യായവിലയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2023-2024) 20% വർധനവാണുണ്ടായത്. ന്യായവില വർധിപ്പിച്ചതിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ എത്ര വരുമാനം ലഭിച്ചെന്ന് പ്രത്യേകം കണക്ക് സൂക്ഷിച്ചിട്ടില്ല. 2023–24 സാമ്പത്തിക വർഷത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 3819.8753 കോടി രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ 1399.4642 കോടി രൂപയും കൂടി ആകെ 5219.3395 കോടി രൂപയാണ് വരുമാനം ലഭിച്ചത്. 8,86,065 ആധാര രജിസ്ട്രേഷനുകളാണ് പ്രസ്തുത കാലയളവിൽ നടന്നിട്ടുള്ളത്.

(ബി) 2022-2023 സാമ്പത്തിക വർഷം ഈ ഇനത്തിൽ എന്ത് തുക പിരിച്ചെടുക്കാൻ സാധിച്ചുവെന്നും എത്ര രജിസ്ട്രേഷൻ ഈ കാലയളവിൽ നടന്നുവെന്നും വ്യക്തമാക്കാമോ?

2022-2023 സാമ്പത്തിക വർഷം 10,36,863 രജിസ്ട്രേഷനുകളാണ് നടന്നത്. സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 4,138.5966 കോടി രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ 1,523.5212 കോടി രൂപയുംകൂടി ആകെ 5,662.1178 കോടി രൂപയാണ് വരുമാനം ലഭിച്ചത്.

**മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

392 (1616) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഇലക്ട്രിക്കൽ വർക്ക് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക് വർക്കുകളും ക്യാബിൻ വർക്കുകളും പൂർത്തിയാകാനുണ്ട്. സെപ്റ്റംബർ മാസത്തോടുകൂടി പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചാത്തന്നൂർ മണ്ഡലത്തിലെ സ്മാർട്ട് രജിസ്ട്രേഷൻ ഓഫീസുകൾ**

393 (1617) **ശ്രീ. ജി. എസ്. ജയലാൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് ഓഫീസുകളാക്കി മാറ്റുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷൻ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ സംയുക്തമായി സന്ദർശനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യേണ്ട

സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് വർക്കുകൾ തീരുമാനിക്കുകയും ആയതിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിനോടാവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത ജോലികളുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് 13-06-2024-ന് ലഭിച്ച പ്രാഥമികമായ എസ്റ്റിമേറ്റ്/റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് ഓഫീസുകളാക്കി മാറ്റുന്നതിന് ഓരോ ഓഫീസുകളിലും ആവശ്യമായിട്ടുള്ള സാങ്കേതികോപകരണങ്ങൾ, മറ്റ് സാങ്കേതിക സൗകര്യങ്ങൾ വർധിപ്പിക്കൽ, ഭൗതിക കാര്യങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ തുടങ്ങിയവ സംബന്ധിച്ച തിട്ടപ്പെടുത്തലുകൾ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. റിപ്പോർട്ട് പ്രകാരമുള്ള അബ്സ്ട്രാക്ട് എസ്റ്റിമേറ്റിൽ സിവിൽ വർക്കുകൾക്ക് ചാത്തന്നൂർ സബ് രജിസ്ട്രാർ ഓഫീസിനായി 5,93,879.43/- രൂപയും പരവൂർ സബ് രജിസ്ട്രാർ ഓഫീസിനായി 1,91,393.78/- രൂപയും

പൂയപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിനായി 2,82,443.26/- രൂപയും ഇലക്ട്രിക്കൽ വർക്കിന് ചാത്തന്നൂർ സബ് രജിസ്ട്രാർ ഓഫീസിനായി 3,00,000/- രൂപയും പരവൂർ സബ് രജിസ്ട്രാർ ഓഫീസിനായി 2,50,000/- രൂപയും പൂയപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിനായി 4,00,000/- രൂപയും ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നുള്ള വർക്കുകൾക്ക് ചാത്തന്നൂർ സബ് രജിസ്ട്രാർ ഓഫീസിനായി 4,45,000/- രൂപയും പരവൂർ സബ് രജിസ്ട്രാർ ഓഫീസിനായി 4,60,000/- രൂപയും പൂയപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിനായി 4,48,000/- രൂപയും അപ്രകാരം മൂന്ന് സബ് രജിസ്ട്രാർ ഓഫീസുകളുടെയും നവീകരണപ്രവർത്തനങ്ങൾക്ക് ആകെ 33,70,716.47/- രൂപയുമാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

കമ്പ്യൂട്ടർ ₹44,000/-, യുപിഎസ് ₹1,50,000/-, സ്കാനർ ₹55,000/- എന്ന നിരക്കിൽ ഓരോ ഓഫീസുകൾക്കും ആവശ്യമായ ഉപകരണങ്ങൾ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് വാങ്ങി നൽകുന്നത് പരിഗണിക്കുന്നതുമാണ്.

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ**

394 (1618) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്നും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഉണ്ട് ;

അരീക്കോട്, എടക്കര, എടപ്പാൾ, കരുവാരക്കുണ്ട്, എടവണ്ണ, മേലാറ്റൂർ, മോങ്ങം, മൂർക്കനാട്, പരപ്പനങ്ങാടി, തിരൂർ, വാഴക്കാട്, വേങ്ങര, വണ്ടൂർ എന്നീ 13 ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. അരീക്കോട്, കരുവാരക്കുണ്ട് എന്നീ ഓഫീസുകൾക്ക് സ്വകാര്യ വ്യക്തികളിൽനിന്നും ഭൂമി ദാനമായി സർക്കാരിലേക്ക് വിട്ടുതരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മേലാറ്റൂർ, എടക്കര, തിരൂർ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് ദാനമായി ലഭിച്ച ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള

പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന നടപടിയും മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന് റിവൈസ്ഡ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിയും പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വണ്ടൂർ സബ് രജിസ്ട്രാർ ഓഫീസിന് പഴയ കെട്ടിടം നിന്ന സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എടപ്പാൾ, മോങ്ങം, വാഴക്കാട്, വേങ്ങര എന്നീ ഓഫീസുകൾക്ക് പൊതുജനങ്ങളിൽനിന്നോ റവന്യൂ വകുപ്പിൽനിന്നോ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**(ബി) സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടക കുടിശ്ശികയിനത്തിൽ സർക്കാർ നൽകാനുള്ള തുകയുടെ വിശദാംശം നൽകാമോ; അത് എന്നത്തേയ്ക്ക് നൽകുമെന്ന് അറിയിക്കുമോ?**

രജിസ്ട്രേഷൻ വകുപ്പിൽ, സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടക കുടിശ്ശികയിനത്തിൽ സർക്കാർ നൽകാനുള്ള, 2024 മേയ് 31 വരെയുള്ള വാടക കുടിശ്ശിക, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട്

ചെയ്തതനുസരിച്ച് 6,51,45,137/- (ആറ് കോടി അമ്പത്തിയൊന്ന് ലക്ഷത്തി നാല്പത്തി അയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തിയേഴ് രൂപ) രൂപയും മലപ്പുറം ജില്ലയിലെ മാത്രം വാടക കുടിശ്ശിക 93,90,052/- (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി അമ്പത്തിരണ്ട് രൂപ) രൂപയുമാണ്. വാടക നിർണ്ണയിക്കുന്നതിനും കുടിശ്ശിക അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മലപ്പുറം മണ്ഡലത്തിലെ മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഓഫീസ് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ടി ഓഫീസിന് സ്വന്തമായി കെട്ടിടം

നിർമ്മിക്കുന്നതിനുള്ള അനുയോജ്യമായ ഭൂമി പൊതുജനങ്ങളിൽനിന്നോ റവന്യൂ വകുപ്പിൽനിന്നോ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**എടക്കര സബ് രജിസ്ട്രാർ ഓഫീസിലെ സബ് രജിസ്ട്രാർ തസ്തിക**

395 (1619) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടക്കര സബ് രജിസ്ട്രാർ ഓഫീസിൽ നിലവിൽ സബ് രജിസ്ട്രാറായി സേവനം അനുഷ്ഠിക്കുന്നത് ആരാണെന്ന് അറിയിക്കാമോ; അദ്ദേഹം പ്രസ്തുത ഓഫീസിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നയാളാണോ; എങ്കിൽ ഏത് കാലയളവിലാണെന്നും എത്രകാലം പ്രസ്തുത തസ്തികയിൽ തുടർന്നുവെന്നും അറിയിക്കാമോ?

നിലവിൽ എടക്കര സബ് രജിസ്ട്രാറായി സേവനം അനുഷ്ഠിക്കുന്നത് ശ്രീ. പി. ജി. ബാബുവാണ്. ടിയാൾ 06-08-2018 മുതൽ 06-11-2019 വരെ ടി ഓഫീസിൽ ഹെഡ് ക്ലർക്കായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ എടക്കര സബ് രജിസ്ട്രാർ ഓഫീസിൽ ഹെഡ് ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന കാലത്ത് സബ് രജിസ്ട്രാറുടെ അധിക ചുമതലകൾ നിർവഹിച്ചിട്ടുണ്ടോ; എങ്കിൽ വർഷവും കാലയളവും വിശദമാക്കാമോ?

ഉണ്ട്.

8-8-2018 മുതൽ 20-08-2018 വരെ, 22-8-2018 മുതൽ 28-8-2018 വരെ, 22-9-2018, 1-10-2018, 16-10-2018, 5-11-2018, 19-11-2018, 1-12-2018, 4-12-2018, 14-12-2018 മുതൽ 15-12-2018 വരെ, 20-12-2018, 24-12-2018 മുതൽ 27-12-2018 വരെ, 31-12-2018, 1-1-2019, 14-2-2019 മുതൽ 16-2-2019 വരെ, 21-2-2019, 5-3-2019 മുതൽ 11-3-2019, 13-3-2019 മുതൽ 16-3-2019 വരെ, 30-4-2019, 10-5-2019, 17-5-2019 മുതൽ 18-5-2019 വരെ, 20-5-2019, 1-7-2019, 2-7-2019,

8-7-2019, 29-7-2019, 1-8-2019, 7-8-2019 മുതൽ 14-8-2019 വരെ, 24-8-2019, 30-8-2019, 6-9-2019, 11-10-2019, 26-10-2019.

(സി) പ്രസ്തുത ഉദ്യോഗസ്ഥൻ സബ് രജിസ്ട്രാറുടെ അധിക ചുമതല വഹിച്ചിരുന്ന കാലയളവിൽ രജിസ്ട്രേഷനുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ കാലയളവിൽ നടത്തിയ രജിസ്ട്രേഷനുകളുടെ വിവരങ്ങൾ, വാങ്ങിയ ആൾ, വില്പന നടത്തിയ ആൾ, വസ്തുവിന്റെ വിവരം, ആധാരം രജിസ്റ്റർ ചെയ്ത തീയതി, ആധാരം രജിസ്ട്രേഷൻ നമ്പർ എന്നിവ സഹിതം ലഭ്യമാക്കാമോ?

ഉണ്ട്. വിവരങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധമായി ചേർക്കുന്നു.+

(ഡി) 2023 ജനുവരി 1 മുതൽ 2024 മെയ് 31 വരെയുള്ള കാലയളവിൽ എടക്കര സബ് രജിസ്ട്രാർ ഓഫീസിൽ കോടതികളിൽ കേസുണ്ടായിരുന്ന ഏതെങ്കിലും വസ്തുവിന്റെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ വസ്തുവിന്റെ വിവരം, ആധാരം രജിസ്റ്റർ ചെയ്ത തീയതി, രജിസ്ട്രേഷൻ നമ്പർ, വസ്തു വാങ്ങിയ ആൾ എന്നിവയുടെ പൂർണ്ണ വിവരങ്ങളും ആധാരങ്ങളുടെ പകർപ്പുകളും ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത ഉദ്യോഗസ്ഥൻ മലപ്പുറം ജില്ലയിലെ എടക്കര, പാലക്കാട് ജില്ലയിലെ കൊടുവായൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ സബ് രജിസ്ട്രാറായിരിക്കെ ഏതെങ്കിലും വസ്തുവിന്റെ രജിസ്ട്രേഷൻ നടത്തിയത് സംബന്ധിച്ച് രേഖാമൂലം പരാതികളോ ആക്ഷേപങ്ങളോ രജിസ്ട്രേഷൻ വകുപ്പിൽ ലഭിക്കുകയോ അതുപ്രകാരം ആക്ഷേപമുള്ള വസ്തുവിന്റെ രജിസ്ട്രേഷൻ നടത്തി നൽകരുതെന്ന് അറിയിക്കുകയോ ചെയ്തിട്ടുണ്ടോ?

പരാതികളോ ആക്ഷേപങ്ങളോ ലഭിച്ചിട്ടില്ല.

(എഫ്) എങ്കിൽ പരാതിക്കാരായിട്ടുള്ളവരുടെ പേരും മേൽവിലാസവും മൊബൈൽ നമ്പരുകളും പരാതികളുടെ പകർപ്പും ലഭ്യമാക്കാമോ?

ബാധകമല്ല.

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

396 (1620) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുഴൽമന്ദം സബ് രജിസ്ട്രാറാഫീസിന്റെ പുതിയ കെട്ടിടനിർമ്മാണം കോടതിയുടെ സ്റ്റേമൂലം നീണ്ടുപോയതിനാൽ നിർമ്മാണപ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പിൻവാങ്ങിയതിനാൽ പുതിയ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽനിന്നും റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് പുതിയ കരാർ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

റീകാസ്റ്റ് എസ്റ്റിമേറ്റിന് കിഫ്ബിയുടെ റിവൈസ്ഡ് ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മാവേലിക്കര സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

397 (1621) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കാലപ്പഴക്കത്തിന്റെ അസൗകര്യങ്ങൾ ഏറെയുള്ള പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) മാവേലിക്കര സബ് രജിസ്ട്രാർ ഓഫീസ് നിലവിൽ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനനുയോജ്യമായ കെട്ടിടം നിർമ്മിക്കാൻ മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള സ്ഥലസൗകര്യമില്ലെന്ന് പൊതുമരാമത്ത് വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതിനാൽ ടി ഓഫീസിന് മതിയായ സൗകര്യങ്ങളോടുകൂടിയ

കെട്ടിടം നിർമ്മിക്കാൻ അനുയോജ്യമായ ഭൂമി കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**തിരുവനന്തപുരം മ്യൂസിയം ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി**

398 (1622) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മ്യൂസിയവും കോമ്പൗണ്ടും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മ്യൂസിയം മൃഗശാല വകുപ്പിൽ തിരുവനന്തപുരം മ്യൂസിയങ്ങളിലും പരിസരത്തുമായി ഭിന്നശേഷിക്കാരായ പൊതുജനങ്ങൾക്കുവേണ്ടി നിരവധി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മ്യൂസിയം പരിസരത്തെ ബൊട്ടാണിക്കൽ ഗാർഡനിൽ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്ക് മാത്രമായി മുപ്പത് ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ബാരിയർ ഫ്രീ പാർക്ക് സ്ഥാപിച്ചു. കൂടാതെ മ്യൂസിയം പരിസരത്ത് ഭിന്നശേഷിക്കാർക്കായി സ്പെഷ്യൽ ടോയ്‌ലറ്റുകൾ, വാഹന

പാർക്കിംഗിനായി പ്രത്യേക സൗകര്യങ്ങൾ, പ്രത്യേക ഇരിപ്പിടങ്ങൾ, കുടിവെള്ള പ്ലാന്റുകൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ മ്യൂസിയങ്ങളിൽ റാമ്പ്, വീൽ ചെയർ, ലിഫ്റ്റ്, സ്റ്റെയർ ലിഫ്റ്റ് സംവിധാനങ്ങളും നേപ്പിയർ മ്യൂസിയത്തിൽ ഭിന്നശേഷിക്കാർക്കായി "ബാരിയർ ഫ്രീ മ്യൂസിയവും" നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മ്യൂസിയം കോമ്പൗണ്ടിലുള്ള മൃഗശാലയ്ക്കകത്ത് 7, 10 എന്നിങ്ങനെ സീറ്റുകളുള്ള 6 ബാറ്ററി കാറുകളും ഉള്ളതാണ്.

(ബി) ഭിന്നശേഷി കലാകാരന്മാരുടെ കലാസൃഷ്ടികളുടെ പ്രദർശനവും വിപണനവും സാധ്യമാക്കുന്നതിന് മ്യൂസിയം വകുപ്പിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഭിന്നശേഷി കലാകാരന്മാരുടെ കലാസൃഷ്ടികളുടെ പ്രദർശനവും വിപണനവും സാധ്യമാക്കുന്നതിന് നിലവിൽ മ്യൂസിയം വകുപ്പിൽ പദ്ധതികൾ ഒന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം**

399 (1623) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ പുതിയതായി സ്ഥാപിക്കുന്ന തെയ്യം മ്യൂസിയത്തിനായി സർക്കാർ നോഡൽ ഏജൻസിയായ M/s. കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന 7,96,27,309/- രൂപയുടെ DPR തയ്യാറാക്കി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതികമായ ചില കാരണങ്ങളാൽ സമയബന്ധിതമായി ടി പദ്ധതി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ടി പദ്ധതി നടപ്പിലാക്കുന്നതിന് മറ്റൊരു അംഗീകൃത ഏജൻസിയായ M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോടിനെ ചുമതലപ്പെടുത്തുകയും തുടർന്ന് 14

കോടി രൂപയുടെ പുതിയ DPR തയ്യാറാക്കി ടി ഏജൻസി നൽകുകയും ചെയ്തു. ഈ DPR സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം**

400 (1624) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള കെട്ടിടം റവന്യൂ വകുപ്പിൽനിന്നും കൈമാറി ലഭിക്കുകയും മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ പുരാവസ്തു വകുപ്പ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചാലക്കുടിയിൽ ട്രാംവെ മ്യൂസിയം സ്ഥാപിക്കുന്നതിന് തയ്യാറാക്കി സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റ്, നിലവിൽ INTERACTIVE MUSEUM OF CULTURAL

HISTORY OF KERALA എന്ന നോഡൽ ഏജൻസി പുതുക്കി പുരാവസ്തുവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ പൂർത്തീകരിച്ചോയെന്ന് അറിയിക്കുമോ?

മ്യൂസിയം സജ്ജീകരിക്കേണ്ട കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ പുരാവസ്തുവകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ട്രാംവേ റെയിൽ മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ട്രാംവേ റെയിൽ മ്യൂസിയം യാഥാർത്ഥ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**കോന്നി പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണം**

401 (1625) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിലെ കോന്നി ആനത്താവളത്തിൽ പുരാവസ്തു വകുപ്പ് അനുവദിച്ച പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കോന്നി ആനത്താവളത്തിൽ പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും വനം വകുപ്പ് പുരാവസ്തുവകുപ്പിന് കൈമാറിയ കെട്ടിടങ്ങളിൽ ഒരെണ്ണം മ്യൂസിയം സജ്ജീകരണത്തിന് യോഗ്യമല്ലാത്തതിനാൽ പ്രസ്തുത കെട്ടിടം വനം വകുപ്പിന് തിരികെ നൽകുന്നതിനും പകരം മറ്റൊരു കെട്ടിടം വനം വകുപ്പ് വിട്ടുനൽകുന്നതിനും തീരുമാനിച്ചിരുന്നു.

വനം വകുപ്പിന്റെ കൈവശമുള്ള ചെറുകിട വനവിഭവ സംസ്കരണ യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടം പുനരുദ്ധാരണം നടത്തിയത് നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് ഫണ്ടുകൂടി വിനിയോഗിച്ചാകയാൽ കെട്ടിടം വിട്ടുനൽകുന്നതിന് കേന്ദ്ര സർക്കാരിന്റെകൂടി അനുമതി ആവശ്യമാണെന്ന് കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് കെട്ടിടം വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സാംസ്കാരികകാര്യ, വനം, പുരാവസ്തുവകുപ്പുകളുടെയും, മ്യൂസിയം സജ്ജീകരണ നോഡൽ ഏജൻസിയായിരുന്ന കേരളം മ്യൂസിയത്തിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിന് സിന്തറ്റിക്ക് ട്രാക്ക് പണിയുന്നതിനുള്ള സ്ഥല കൈമാറ്റം**

402 (1626) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിന് സിന്തറ്റിക്ക് ട്രാക്ക് പണിയുന്നതിന് മ്യൂസിയം വകുപ്പിന്റെ സ്ഥലം പരസ്പരം കൈമാറുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിന് സിന്തറ്റിക്ക് ട്രാക്ക് പണിയുന്നതിന് മ്യൂസിയം മൃഗശാല വകുപ്പിന്റെ സ്ഥലം വിട്ടുനൽകണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ വകുപ്പ് തലത്തിൽ കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

**മടിയൻകൂലോം ക്ഷേത്രത്തിലെ ദാരുശില്പങ്ങളുടെയും കൊത്തുപണികളുടെയും സംരക്ഷണം**

403 (1627) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ മടിയൻകൂലോം ക്ഷേത്രത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള ദാരുശില്പങ്ങളും കൊത്തുപണികളും സംരക്ഷണമില്ലാതെ നാശത്തിന്റെ വക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ അജാനൂർ വില്ലേജിലെ മടിയൻകൂലോം ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനായി പുരാവസ്തു വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കോട്ടയം തൃക്കൈക്കുന്ന് മഹാദേവ ക്ഷേത്രത്തിലെ ചുമർ ശില്പഭംഗി സംരക്ഷണം**

404 (1628) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ ദേവസ്വം വകുപ്പിന്റെ കീഴിലുള്ള കോട്ടയം തൃക്കൈക്കുന്ന് മഹാദേവ ക്ഷേത്രത്തിലെ ചുമർ ശില്പഭംഗി സംരക്ഷിക്കുന്നതിന് ആർക്കിയോളജി വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കൂത്തുപറമ്പ് മണ്ഡലത്തിൽ ദേവസ്വം വകുപ്പിന് കീഴിലുള്ള തൃക്കൈക്കുന്ന് മഹാദേവ ക്ഷേത്രം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടാത്തതിനാൽ വകുപ്പിന്റെ സാങ്കേതിക നിർദേശത്തിൽ

ദേവസ്വം വകുപ്പിനുതന്നെ സംരക്ഷണ പ്രവൃത്തികൾ നിർവഹിക്കാവുന്നതാണ്.

(ബി) പഴശ്ശി രാജാവിന്റെ ചരിത്രവുമായി ബന്ധപ്പെട്ട പ്രസ്തുത ക്ഷേത്രവും കോവിലകവും വലിയ ക്ഷേത്രച്ചിറയുമെല്ലാം ബന്ധപ്പെടുത്തി ഒരു പുരാവസ്തു ശില്പ പഠന കേന്ദ്രവും മ്യൂസിയവും സ്ഥാപിക്കുന്ന വിഷയം പരിശോധിക്കുമോ; വിശദമാക്കുമോ?

ഈ വിഷയത്തിൽ നിലവിൽ സർക്കാർ മുമ്പാകെ നിർദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**പുരാവസ്തു കേന്ദ്രമേഖലകളിൽ താമസിക്കുന്നവരുടെ ഭവനനിർമ്മാണത്തിന് പ്രത്യേക അനുമതി**

405 (1629) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ വേലൂർ അർണോസ് പാതിരി സ്മാരകത്തിൽ പുരാവസ്തു വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്?

കുന്നംകുളം മണ്ഡലത്തിലുള്ള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വേലൂർ അർണോസ് പാതിരി ഭവനത്തിൽ 2015-16 സാമ്പത്തിക വർഷത്തിലും സെന്റ് ഫ്രാൻസിസ് ഫൊറോനാ പള്ളിയിൽ 2018-19 സാമ്പത്തിക വർഷത്തിലും വകുപ്പ് സംരക്ഷണ പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്.

(ബി) പുരാവസ്തു കേന്ദ്രങ്ങളായി പ്രഖ്യാപിച്ച മേഖലകളിൽ താമസിക്കുന്ന നിർധനരായവരുടെ ഭവനനിർമ്മാണത്തിനും വീട് അറ്റകുറ്റപ്പണി ചെയ്യുന്നതിനുമുള്ള അപേക്ഷകൾക്ക് വകുപ്പിൽനിന്നും അനുമതി ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവർക്ക് പ്രത്യേക അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) സംസ്ഥാന പുരാവസ്തുവകുപ്പിന്റെ സംരക്ഷിതസ്മാരകങ്ങളിൽ തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിന് ചുറ്റുമുള്ള കോട്ടമതിലുകളുടെയും കോട്ടവാതിലുകളുടെയും ഇരുവശത്തും മൂന്ന് മീറ്റർ പരിധിയിൽ നിർമ്മാണപ്രവൃത്തികൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതൊഴികെ മറ്റ് സ്മാരകങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ്, നിരോധിത, നിയന്ത്രിത മേഖലകൾ പ്രഖ്യാപിച്ചിട്ടില്ല. നിരോധിത, നിയന്ത്രിത മേഖലകൾ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും സംരക്ഷിത സ്മാരകങ്ങളുടെ സമീപ പ്രദേശങ്ങളിൽ നിർമ്മാണാനുമതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭിക്കുന്ന അപേക്ഷകൾ വകുപ്പ് സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 1231, 1303, 1342 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരം ലഭ്യമായിട്ടില്ല.)